KKTM GOVT. COLLEGE,
PULLUT, KODUNGALLUR

# KKTM COGNIZANCE

A PEER- REVIEWED, MULTIDISCIPLINARY
RESEARCH JOURNAL

FEBRUARY 2024
ISSN 2456-4168

# KKTM Cognizance

## A Peer-reviewed, Multidisciplinary Research Journal- 2024

K K T M GOVT. COLLEGE, PULLUT P. O.
KODUNGALLUR, THRISSUR

**KKTM Cognizance**
A Peer- reviewed, Multidisciplinary
Research Journal
**VOL. II ISSUE II**

Published in India by
Principal, K K T M Govt. College,
Pullut P. O, Thrissur, Kerala - 680 663
email: cognizancekktm@gmail.com

Published in February 2024
ISSN 2456-4168

Design & Layout
Yacob Thomas

Printing
K T Digital House, Mukkam, Kozhikode

Free and private circulation only

**Statement about Ownership and other particulars of KKTM Cognizance:**

A Peer Reviewed, Multidisciplinary Research Journal
Place of Publication : K K T M Govt. College, Pullut
Periodicity of Publication : Annual
Name of Printer & Publisher : Dr Bindu Sharmila T K
Nationality : Indian
Address : K K T M Govt. College, Pullut P. O.,
Thrissur District, Kerala-680663
Name and address of the owner :
Principal,
K K T M Govt. College, Pullut P. O.,
Thrissur District, Kerala-680663

# EDITORIAL BOARD

## Managing Editor:

**Dr. Bindu Sharmila T K**
Principal
KKTM Government College, Pullut P. O.,
Kodungallur.

## Chief Editor

**Dr. Yacob Thomas**
Assistant Professor
Department of Malayalam
KKTM Government College, Pullut P. O.,
Kodungallur.

## Members:

**Dr. Muhamed Basheer K K**
Assistant Professor
Department of Malayalam
KKTM Government College, Pullut P. O.,
Kodungallur.

**Dr. Sabna K S**
Assistant Professor
Department of Mathematics
KKTM Government College, Pullut P. O.,
Kodungallur.

**Dr. Finosh G Thankam**
Assistant Professor
Tissue Engineering and Regenerative Medicine
Department of Translational Research
Western University of Health Sciences
Pomona, CA-91766

**Prof. A M M Mustafa**
Professor in Business Economics,
Department of Management,
South Eastern University of Sri Lanka.

**Dr. Doris Padmini Selvaratnam**
Associate Professor
Faculty of Economics and Management
Universiti Kebangsaan Malaysia, 43600
Bangi, Selangor, Malaysia

**Dr. E. K Narayanan**
Professor of Mathematics
NE 16, Indian Institute of Science,
Bangalore- 560012

**Dr. Sherin B S**
Associate Professor,
Department of Comparative Literature and India Studies,
The English and Foreign Languages University,
Hyderabad.

**Dr. Sreesha Sasi**
Associate Professor,
Department of Chemistry,
Maharajas College, Ernakulam

**Dr. Suresh V N**
Professor of Commerce,
CHMKM Govt Arts & Science College,
Koduvally, Kozhikode.

**Dr. Saifudheen Kunju.S**
Guest Faculty,
JBAS Centre for Islamic Studies,
University of Madras, Chennai

# Editorial

Amidst significant shifts in academia, driven by the rise of post-human studies, post-modernism and advancements in artificial intelligence, the discourse around the knowledge society in Kerala is shaping scholarly debates. Against this backdrop of academic discourse, we are delighted to announce the publication of this year's edition of KKTM COGNIZANCE, the multi-disciplinary, peer-reviewed research journal of KKTM Government College. It is a platform for scholars, researchers, and practitioners from diverse backgrounds to interact, exchange ideas, and contribute to advancing knowledge. By bringing together individuals with diverse expertise, the journal encourages interdisciplinary collaboration, fostering new avenues of research and addressing global challenges. At the core of KKTM Cognizance lies a dedication to encouraging interdisciplinary discourse. Whether it involves the intersection of science and technology, the amalgamation of social sciences and humanities, or the blending of art and innovation, our journal aims to investigate the synergies arising from the convergence of diverse fields.

This issue features 43 interdisciplinary studies spanning humanities and sciences, marking a milestone as our most extensive compilation to date. The articles are categorized into six key areas central to Kerala's academic discourse. The subaltern perspective explores themes of caste and marginalization, bridging literary discussions with contemporary debates. Disciplines like Power, Ideology, Politics, and Contemporary Analytics and Politics delve into power dynamics and gender relations within cultural contexts. The rigorous examination of marginalization in Kerala's academic landscape is a promising development. Sections on Text and Narration, and Literariness and Writers, offer insights into diverse literary issues. This issue includes a singular scientific study, enriching the interdisciplinary dialogue.

We extend our heartfelt gratitude to the peer reviewers, editorial board members, authors, journal committee, and all individuals involved in the intricate publication process. Their unwavering commitment and tireless efforts have played a crucial role in shaping the success and ongoing excellence of our esteemed journal.

This edition is dedicated to fostering broader engagement within the academic community, facilitating a journey of discovery, innovation, and transformative change.

**Dr. Yacob Thomas**
**Chief Editor**

**Dr. Bindu Sharmila T. K.**
**Principal & Managing Editor**

You are free to:
Share — copy and redistribute the material in any medium or format
Adapt — remix, transform, and build upon the material for any purpose, even commercially.

The licensor cannot revoke these freedoms as long as you follow the license terms.
Under the following terms:
Attribution — You must give appropriate credit, provide a link to the license, and indicate if changes were made. You may do so in any reasonable manner, but not in any way that suggests the licensor endorses you or your use.

No additional restrictions — You may not apply legal terms or technological measures that legally restrict others from doing anything the license permits.
Notices:
You do not have to comply with the license for elements of the material in the public domain or where your use is permitted by an applicable exception or limitation.
No warranties are given. The license may not give you all of the permissions necessary for your intended use.
For example, other rights such as publicity, privacy, or moral rights may limit how you use the material.

# The Panel of Peer-reviewers


Dr. Raheena K K
Associate Professor
Department of English
Govt.Arts and Science College
Mankada.

Dr. Aiswarya S. Babu
Associate Professor
Department of English
Pondicherry University
Puducherry

Dr. Shaji E M
Associate Professor
Department of Zoology
KKTM Government College ,Pullut

Dr. Gangadevi M
Assistant Professor
Department of Malayalam
Govt.College for Women
Thiruvananthapuram

Dr. Shereena Rani G. B.
Assistant Professor
Department of Malayalam
University College
Thiruvananthapuram

Dr. Sreevidya Vattarambath
Associate Professor
Department of History
Government College,Malappuram

Dr. P K Sujathan
Assistant Professor
Department of Economics
Govt.Victoria College ,Palakkad

Dr. Yacob Thomas
Assistant Professor
Department of Malayalam
KKTM Government College,
Pullut,Kodungallur

Dr. Surya Aravindakshan
Associate Professor
Department of Political Science
Maharajas College, Ernakulam

Dr. Krishna Aravind
Assistant professor
Department of Malayalam
P.M Govt College,
Chalakkudy

Dr. Sreeja.J S
Assistant professor
Department of Malayalam
Govt. College, Nedumangad.

Dr. Nimmi A P
Assistant Professor
Department of Malayalam
CHMKM Govt. College
Koduvally

# Contents


## I Subaltern Perspective

15 Tribal Language and Learning Crisis in Kerala
Dr. Beena Krishnan S. K.

20 അനുഷ്ഠാനങ്ങളിലെ ജാതീയത :
പുലയർ നടത്തുന്ന മകര ചൊവ്വവേലയെ മുൻനിർത്തിയുള്ള പഠനം
സൗമ്യ മോഹനൻ

27 ദലിത് ഫെമിനിസം മലയാളചെറുകഥയിൽ- ഡോ. സൂസന്ന പി. ദാസ്

36 അംബേദ്കർ-ഗാന്ധി സംവാദത്തിലെ സ്ഥലപരമായ സംഘർഷങ്ങൾ:
അശ്വതി പി.

43 ബഹിഷ്കൃതരുടെ ജീവിതസാധാരണതകൾ എസ്. ജോസഫിന്റെ കവിതയിൽ
ഡോ. ആശാ മത്തായി

51 കീഴാളകർതൃത്വനിർമ്മിതി 'മീൻകാരി'യിൽ- ഡോ. ധന്യ പി.ഡി.

58 അറിയപ്പെടാത്ത റാവുളൻ : പി.കെ കരിയന്റെ ആത്മചരിതത്തിലൂടെ
ഹല്ലീലു റഹ്മാൻ വി.എം.

62 ജാതിയുടെ തച്ചുശാസ്ത്രം- ആതിര ഐ. റ്റി.

72 കീഴാളസ്ത്രീ ആത്മകഥകളും സ്വത്വബോധവും- ലിസി ജോസഫ്

## II Text and Narration

79 A Hermeneutical Approach to Arundhati Roy's T*he Ministry of Utmost Happiness*- Husna Hasan C A

84 Narrative Identity in A. Revathy's *The Truth About Me:A Hijra Life Story* - Honey Sabu

89 Casting Boundaries and Blurring Lines: Analysing Modernist and Postmodernist Tendencies in Jennifer Egan's *The Keep*- Arya N

95 മഹാഭാരതത്തിലെ ശാപകഥകൾ: ആഖ്യാനവും രാഷ്ട്രീയവും
അതുൽ കെ . എസ്.

99 ഒറ്റക്കാലൻകാക്ക : ആധുനികതയുടെ സംഘർഷങ്ങൾ- സലീന എസ്.

## III Contemporaneity and Politics


105 ജനപ്രിയനോവൽ സിനിമയാകുമ്പോൾ: വേലിയിൽ നിന്ന് കോട്ടയം കുഞ്ഞച്ചനിലേക്ക്- ആസിഫ് എം.

117 ആത്മകഥയിലെ ആത്മവും അപരവും : തോപ്പിൽഭാസിയുടെ 'ഒളിവിലെ ഓർമ്മകൾ' മുൻനിർത്തിയുള്ള പഠനം-
രഞ്ജിത് വി.

125 ഭിന്നശേഷി ആഖ്യാനം : ഒരു തെരുവിന്റെ കഥയിൽ
ഡോ. ഷീജ ഐ

131 Cyberpunk and Post- Modern Ethos: A Study of William Gibson's *Neuromancer* - Roshima Uday

136 സമൂഹമാധ്യമസ്വാധീനം കെ രേഖയുടെ 'നാൽക്കാലിയിൽ'
മായ ജി. കൃഷ്ണൻ

142 2020-ലെ ദേശീയവിദ്യാഭ്യാസ നയവും കേരളത്തിലെ ഉന്നതവിദ്യാഭ്യാസത്തിന്റെ ഭാവിയും- ഡോ. മുഹമ്മദ് ബഷീർ കെ. കെ.

149 രാഷ്ട്രീയവും ചരിത്രവും : പി. എൻ. ഗോപീകൃഷ്ണനിൽ കവിതപ്പെടുമ്പോൾ
ഡോ. അഞ്ജന വി. ആർ.

156 DIASPORA AND FOODWAYS: FOOD AS A CONDUIT FOR CULTURE AND MEMORY IN ESTHER DAVID'S *BOOK OF RACHEL*
Jeslin Mery John, Dr. Asha Susan Jacob

162 മലയാളം അച്ചടിയും യൂണിക്കോഡ് ഫോണ്ടുകളും
ഡോ. നിസാർ അഹമ്മദ് കെ.

169 ഉത്തരാധുനികതയുടെ സൗന്ദര്യശാസ്ത്രം സമുദ്രശിലയിൽ- സുമ ബി.

177 ജനകീയതയും പ്രണയവും കാല്പനികതയും മാപ്പിളപ്പാട്ടുകളിൽ
ഡോ. ദീപ എസ്. എസ്.

185 വിശുദ്ധീകരണത്തിന്റെ അവസ്ഥാന്തരങ്ങൾ ചുരുളിയിൽ
അശ്വതി പി. എസ്.

191 ഡാൻസും സ്ക്രീൻഡാൻസും: ഒരു സാമാന്യവായന- ശ്രീലക്ഷ്മി എം.

## IV Power, Ideology, Politics

199 Concept of Historical Objectivity and its Changing Dimensions: an Overview
Dr. Harikrishnan G

209 തടവും അന്യവത്കരണവും : 'മുന്നറിയിപ്പി'ന്റെ ലാക്ഷണികവായന- അഭിഷേക് പി

216 Ideological Evolution of the Muslim Brotherhood Movement – An Overview
Dr. Unnikrishnan G.

223 കുടുംബവ്യവസ്ഥിതിയും സ്ത്രീസ്വത്വവും ധന്യാരാജിന്റെ കഥകളിൽ- അന്ന ജോയി

234 Increasing Involvement of Rural Women in Private Jobs with special reference to Kumbalangi- Granes P. Joshy

241 അധികാരവിനിമയം സാഹിത്യത്തിൽ: 'കയറി'നെ അടിസ്ഥാനമാക്കിയുള്ള പഠനം- ഡോ. ബീന കെ.

250 അധീശത്വം : തുളുഭാഷയിലും സംസ്കാരത്തിലും- വനജ കെ. വി.

258 പ്രകൃതിദർശനം ഒ.എൻ.വി.കുറുപ്പിന്റെ ചലച്ചിത്രഗാനങ്ങളിൽ- ദിവ്യ രാജ്

## V Science and Technology

267 SEA WRACK: A MARINE MACRO COMMUNITY
Sany Mary Benjamin, Dr.Rejitha V, Dr. Anit M Thomas, Uma Surendran

## VI Literariness and Writers

277 വള്ളത്തോൾക്കമ്പനിയും കുറ്റിപ്പുറത്ത് കേശവൻനായരും- ഡോ. സ്വപ്ന സി. കൊമ്പാത്ത്

285 കേരളദഖ്നി-മലയാളം നാടൻ ഭാഷാനിഘണ്ടുവിന് ഒരു ആമുഖം
ഷഹാനാഷിരിൻ പി.പി

293 എം.ടിയുടെ കഥകളിലെ സഞ്ചാരങ്ങൾ : ഓർമ്മയുടെ ആഖ്യാനങ്ങൾ
ഡോ. മിജോയ് ജോസ്

300 ബയോഗ്രഫിക്കൽ ക്രിട്ടിസിസവും പി. കെ ബാലകൃഷ്ണനും
ഡോ. ജെൻസി കെ. എ.

307 വീക്ഷണസ്ഥാനവും പാത്രസൃഷ്ടിയും : എം.ടി.യുടെ ബാലാഖ്യാനങ്ങളിൽ
സൗമ്യ മേലേപുരക്കൽ

314 യാത്രാവിവരണങ്ങളിലെ വൈജ്ഞാനികമേഖലകൾ - അജയ് ലാൽ എം.

321 വിവർത്തനവും വൈജ്ഞാനികസാഹിത്യവും- ഗ്രീഷ്മ വി.

# I

# Subaltern Perspective

# Tribal Language and Learning Crisis in Kerala

**Dr. Beena Krishnan S. K.**
Associate Professor, Government College, Nedumangad

**Abstract**

No one exactly knows how the concept of language came about. The system of language might started after our ancestors settled in an area in groups. The origin of the language may be from the struggles of time. Kerala is one of the most linguistically diverse state. It is indicated that there are about thirty-two Gotra groups here. Each tribe also has its own unique language patterns. However, because they live in Kerala, the tribal people are forced to say Malayalam as their mother tongue. This article point's language and life faced by the tribal's in general.

**Keywords**
Learning Crisis , Hypothesis , Language Crisis , Self Conflict , The Game and the Matter , Thoughts

## Tribal Language and Learning Crisis in Kerala

Sign language was used in the early days to express basic human emotions. But this was not enough to make a complete and perfect concept. Man enters the wonderful world of language when vocabulary is created by combining sign language with voice. Languages become a medium of communication as soon as he settles in an area with permanent work. Caste is divided on the basis of occupation. Therefore, it can be assumed that the language was used as a caste language in early times. Linguists who study dialects do not give too much importance to caste language. It may be said that there is a slight influence of caste language on any language and researchers should come forward for caste language studies. Caste language is also the mirror of a culture and it is not a myth and it is a legacy lying at the bottom of our culture.

## The Concept of Thaimozhi

People are socially, culturally and biologically governed by their unique language. Mother tongue controls their thoughts and other discourses. Among the thirty-two Gotra groups in Kerala, each has its own unique language. Many of them are mixed in nature. Tribal languages are closely related to languages like Tamil, Tulu, Kannada. But the communication language of tribal groups like Irula, Muduga, Kurumba is different from the standardized language. Many words have very different meanings. Tribal language has no script. But this language has an independent existence. It has its own set of stories, songs, proverbs and even grammar rules but they have not been given right to mention the name of their own language in place of their mother tongue. These tribal people are forced to speak Malayalam as their mother tongue, since they live in Kerala.

## Language Crisis - Learning and Survival

The language problems faced by tribal students in their studies have been noticed by the general public. As a result, some remedial efforts have been made. There have been interventions to throw light on this issue, both in literature and films. One of them is "Thaimozhi" by Sindhu Sajan. Palakkad District Panchayat has made it into a film titled, Aggedu Nayaga (Mother tongue). It was directed by Sindhu Sajan herself. The language crisis faced by the teachers and students of the schools working in the tribal area has been accurately expressed in it. Students who come for school admission are asked general questions like their name, parents name, class and also Mother tongue. The children were unable to answer the question on their mother tongue, but the school authorities didn't wait for their answers and recorded it as Malayalam. From then on the language crisis related to learning begins. In Scene One, the school clerk asks a child named Maheswari about her mother tongue and the child and her mother remain silent. When the clerk angrily asks what language is spoken in your house, the mother replies that it is " Irula Bhasha". But the clerk writes Malayalam without even pretending to hear it. There are similar instance in other scenes as well. In the third scene, the clerk is similarly angry with a child named Velli about mother tongue. This leaves Velli very confused and as he couldn't share it with anyone else, he communicates with a tree by the river in Muduga, Attappadi.

He started talking to the tree::"Eeh mathrubhashanath sona enatho? Naanu aa kayithathellame paakkee...Enakk onthume therakkale..maheshwaridh kuredhi irulanaya thane peshkadthu? Enthttumu na avalath naya malayalanth enjjthi tharu? Vanchimu kademu ore appanath ammanath pille, dhe pinnenthkku avarathu randaluthu naya bere bere? Huhu nee nodu, onth tamuzhmu, onth malayalam ithenakk icha? " ( What does this mother tongue mean? I looked at the paper and didn't understand anything. In Maheswari's house they speak in Irula language don’t they? Then why did they write that their mother tongue is Malayalam? Aren't Vanchi and Kada the children of the same father and mother? Then why do they both have different mother tongues? One is Tamil and the other is Malayalam.. What is this? )

## Tribal Culture and Customs

The houses in the tribal village of Attappadi are built of mud blocks and thatched with grass. The houses are facing each other. Adivasi musical instruments like perai and ovil are hung on the roof of a house. There are also wooden brooms and grass brooms. Everything is setup to accurately reflect the living conditions of the tribals. The unique goats known as "Attappadi Black" are tied up next to the sheepcote adjacent to the house and the local chicken can also be seen calmly clucking in the yard. A morning in the tribal village is very beautifully put through words here. An old tribal woman prepares food in a clay pot in the common space between the houses. Taking the pot, the old woman is inviting the children to eat. A bamboo mat is spread on the Mloor. She calls children in Irula language,

" Vaay pullakale, vaay pullakale, puttu panniyirukku, thinkavayi pullakale nee vari, pallikkeeda poykiri, vaay pullakale, oodi vaayi, oodi vaayi ( Come children.. come children.. food has been prepared, come to eat..then go to the school.. come fast..)

Children come running from many houses hearing the invitation of the grandmother. The children arrived quickly with clay plates and sit on the bamboo mat. Grandmother serves food and children rush to eat. Inside the pot there is Ragikkalli and Dagu, the favourite dishes of the tribals. ( A dish made with Ragi and Dagu means leafy greens). She serves food by humming a tribal song called,

" Kakkedage pankitalane, karenade nadunanu vankidalen".

It is a vividly evocative scene in a rural setting.

## Game and Matter

According to the new educational method, learning is progressed through games. Teachers use many methods for improving the skills of students. There are plenty of laughter and thought provoking moments here. Teachers teach tribal children a game called "Kulam kara" on the occasion of entrance festival. Teachers instruct children to stand in a circle in a beautifully decorated school yard.The teacher's place is in the middle of the children. The teacher instructed them to jump inside the circle when she say "kulam" and when they hear "kara" they should jump to the back. But despite repealing it many times, the children make mistakes and the teacher is furious. In the tribal language the word "kara" means water. The teacher was not aware of this and considered it as the children's lack of attention. There is another context that demonstrates the confusion associated with the game. The teacher invites the children outside to sit in "vattam" and play. Hearing this children come out with their bowls. Seeing this, the teacher asked the children to put the bowl back as it was not time to eat. All the children come out with the bowls again when the word "vattam" is used. The teacher gets angry and decides to end the game. Actually she didn't understand the fact that in the tribal language vattam means “bowl”. Another day, the teacher asked the children to bring "kappa". The teacher was happy when she opened some of the children's bowls. The teacher asked Velli, who came late whether he has brought the "kappa". The child take out his bowl and gives it to the teacher. When she opens the bowl, a frog jumps into her face. Screaming in fear, the teacher kicks Velli out of class. Here again, the language is the problem. The tribal word "kappa" means “frog”.

## Conflict of Teachers

Linguistics problems faced by the teachers in the schools working in the tribal area should also be considered. Lack of training often makes it difficult to communicate with the students. The occurrence of opposite meanings between language create problems for both children and teachers. This is clear from their conversations. Teachers Mind it very difficult to teach tribal children because they cannot understand what they are saying. Since they use different languages, the despairing meaning in creates confusion. The helplessness of teachers is also shown here.

## Thoughts of Velli

Velli is a character who experience extreme mental conflict in the work "Thaimozhi". From the time of school admission to the situation where he is expelled from the school, he experiences grief. He consoles himself by interacting with the river, the wind, and even the sky. The headmaster dismisses him by saying that he should bring his father and then only he will be allowed to come to school. Velli's distressing words to the sky are enough to break anyone's heart.

"Appayillathe enakk pallikkodakke poyakamatte. Naanini enkirith orappane kide suve? Appanthy peru kekkakkulle aa teacherinth nikathathu? Teachere enikk setham koodi pidikka. Teachere naanu ammanth ninaithiranthu.. oohh..naan ini pallikkoodakke pokamatte.." (I can't go to school without my father. Where will I Mind him? Why did that teacher laugh when he asked my father's name? I didn't like the teacher. I considered her as my mother. Ooh..I will never go to school anymore. )

Velli's name is removed from the attendance list and lunch register. And a remark is the name has been removed due to long absence. After that the teacher realizes the truth from the school cook that Velli has no parents. The teacher gets upset thinking that it is because of her that such a situation has happened to a poor child. And she remembered all about the tribal languages and the words the students used to say. There is a lot of meaning differences between the tribal language and Malayalam. Velli brought the frog due to a misunderstanding and that he was beaten, all this made the teacher very upset. This is the context in which the mental conflicts of the teacher are accurately reflected. Later, we can see the scenes of the teacher leaving in search of Velli, feeling guilty. Every sight along the way arousing curiosity to the teacher, but the fear of travelling alone is expressed as well. The journey continues with the sun setting under Malleshwaran mudi, which is the symbol of Attappadi.

During the journey, the teacher asks the old people she meets on the way where the Velli's house is. They express their disgust thinking that it is a government representative who has come.

"Velliyem theriyathu areem theriyathu..namukku oru koda vellam thekayakku ethani kashtappedunnath? Nee governmentithi vanthirikk thaane..Ithinale oru naayuthe pesi po...velliye nee thanne poyi penanth kandpidi poyi...poyi..vanthirukkath velliyem thedukkond".

( Do you know how much we suffer here without getting a pot of water? You are

from the government, aren't you? First make a decision about it. Go and Mind Velli by yourself.. go away from here.)

The difficulties they are facing due to water scarcity is evident here.
A girl tells the teacher who reaches the tribal village that Velli's house is in Kottamala village and she will show it to her. There the teacher meets Velli and he helps her to cross the bridge. The teacher pampers him lovingly. The relationship between the teacher and student is beautifully portrayed here.

The tribal people were ignorant of the outside world. Their language and heritage have always been completely different. Their ignorance has always been exploited by the outside world. They try to make fun of them in public and slay them on TV shows.

In most countries, it is compulsory for those who come to study to learn the local language first. But in India, there is no such compulsion and in this situation we have to look at the condition of tribal students who cannot study in their mother tongue. Untrained teachers add to the problem. India's linguistic diversity is another reason. Each state has its own mother tongue and sectional sub dialects. And bringing them under a single system is difficult given the fact that regional differences are also taken into account. However, children should be given the opportunity to study in their mother tongue. Mother tongue is essential for expressing one's thoughts and feelings. Many people drop out of school because they can't overcome this crisis. It is up to the public to resolve this crisis and let us hope that there will be efforts to do so.

## Works Citied and Consulted

1.Balakrishnan P.K., Jaathi vyavasthithiyum keralacharitravum- ( D.C.Books, 1983)
2. Gireesh P.M., Keralathile aacharabhasha - ( Kerala Bhasha Institute, 1994)
3. Koshi K.A. Dr.Bhashayum Bhashantharanavum, D.C.Books, 1994.
4. Sajan, Sindhu Thaimozhi, (Kerala State Children's Literature Institute, 2017

beena.s.krishnan@gmail.com

# അനുഷ്ഠാനങ്ങളിലെ ജാതീയത : പുലയർ നടത്തുന്ന മകര ചൊവ്വവേലയെ മുൻനിർത്തിയുള്ള പഠനം

**സൗമ്യ മോഹനൻ**
ഗവേഷക, കെ കെ ടി എം ഗവൺമെന്റ് കോളേജ്
പുല്ലൂറ്റ്, കൊടുങ്ങല്ലൂർ

**പ്രബന്ധസംഗ്രഹം**

തൃശ്ശൂർ ജില്ലയിലെ നൈതലക്കാവ് ക്ഷേത്രത്തിൽ പുലയർ നടത്തിവരുന്ന മകര ചൊവ്വ വേല എന്ന അനുഷ്ഠാനത്തിൽ മറ്റു ജാതിസമൂഹങ്ങൾ പങ്കെടുക്കുകയോ, ക്ഷേത്രത്തിനകത്തേയ്ക്ക് വേലയെ പ്രവേശിപ്പിക്കുകയോ ചെയ്യാറില്ല.സമൂഹത്തിൽ ഇപ്പോഴും നിലനിൽക്കുന്ന ജാതിവിവേചനത്തേയും തൊട്ടുകൂടായ്മയേയും മകരചൊവ്വ വേലയെ കേന്ദ്രീകരിച്ച് വിശകലനം ചെയ്യുന്നു.

**താക്കോൽവാക്കുകൾ**
ജാതീയത, ക്ഷേത്രകേന്ദ്രീകൃതം, ദളിതർ, മകരചൊവ്വ

**ആമുഖം**

**ആ**ധുനിക ഇന്ത്യയിൽ ജാതീയത ഇല്ലാതായിയെന്നും സാമൂഹ്യനീതി ഉറപ്പായെന്നുമുള്ള പൊതുബോധം നിർമ്മിച്ചെടുക്കാനുള്ള ശ്രമത്തിലാണ് രാജ്യത്തെ ബ്രാഹ്മണിക് - പുരുഷമേധാവിത്വ സവർണ്ണ സമൂഹം. ശ്രേണീകൃതമായ സാമൂഹ്യ ഉച്ചനീചത്വത്തിലൂടെ ജാതിയും, അയിത്തവും ഇപ്പോഴും നിലനിൽക്കുന്ന ഒരു യാഥാർത്ഥ്യമാണ്. അധസ്ഥിതരെ തുല്യമായും, സാമൂഹികമായും, സാംസ്കാരികമായും അംഗീകരിക്കാത്ത സാമൂഹ്യ വിഭജന വ്യവഹാരമായി വേണം ഇതിനെ കാണാൻ. മാത്രമല്ല ഈയൊരു അവസ്ഥ അനുഭവിക്കുന്നവരെ സമൂഹത്തിന്റെ വിവിധ മേഖലകളിൽ സൂക്ഷ്മമായും സ്ഥൂലമായും നമുക്ക് കാണാൻ കഴിയും.

ക്ഷേത്ര കേന്ദ്രിതമായി നടക്കുന്ന ആചാരാനുഷ്ഠാനങ്ങളിൽ വർണ ജാതി വ്യവസ്ഥയുടെ

ISSN 2456-4168

ഉച്ചനീചത്വങ്ങൾ വളരെ വ്യക്തമാണ്. സവർണ്ണ ഹിന്ദുമതം ഹിന്ദുക്കളല്ലാത്ത ദളിതരേയും ഗോത്രവർഗ്ഗങ്ങളേയും ഹിന്ദുമതത്തിൽ ഉൾപ്പെടുത്തുകയും, നിലനിർത്താൻ ശ്രമിക്കുകയും ചെയ്യുമ്പോഴും ജാതി വ്യവസ്ഥയിലധിഷ്ഠിതമായ ഉച്ചനീചത്വങ്ങൾ നിലനിർത്താനുള്ള ശ്രമങ്ങൾ കൂടി തുടരുന്നു. ആർട്ടിക്കിൾ പതിനേഴ് പ്രകാരം ഇന്ത്യയിൽ തൊട്ടുകൂടായ്മ അയിത്തം എന്നിവ നിരോധിച്ചിരിക്കുന്നു എങ്കിലും ഭാരതത്തിലെങ്ങും എന്ന പോലെ കേരളത്തിലിന്നും തുടരുന്നു. പ്രധാനമായും ക്ഷേത്രങ്ങളിലെ ആചാരാനുഷ്ഠാനങ്ങളിലാണ് പ്രധാനമായും ഇത് തുടർന്നു വരുന്നത്. തൃശ്ശൂർ ജില്ലയിലെ നൈതലക്കാവ് ക്ഷേത്രത്തിൽ പുലയർ നടത്തിവരുന്ന മകര ചൊവ്വ വേല എന്ന അനുഷ്ഠാനത്തിൽ മറ്റു ജാതി സമൂഹങ്ങൾ പങ്കെടുക്കുകയോ, ക്ഷേത്രത്തിനകത്തേയ്ക്ക് വേലയെ പ്രവേശിപ്പിക്കുകയോ ചെയ്യാറില്ല.സമൂഹത്തിൽ ഇപ്പോഴും നിലനിൽക്കുന്ന ജാതിവിവേചനത്തേയും തൊട്ടുകൂടായ്മയേയും മകര ചൊവ്വ വേലയെ കേന്ദ്രീകരിച്ച് പഠിക്കുകയാണ് പ്രബന്ധത്തിൻ്റെ ലക്ഷ്യം. പ്രബന്ധരചനയ്ക്കായി സംസ്കര പഠനത്തിൻ്റേയും ഫോക് ലോർ പഠനത്തിൻ്റേയും രീതി ശാസ്ത്രങ്ങൾ പ്രയോജനപ്പെടുത്തുന്നു.

**മകര ചൊവ്വ വേല – അനുഷ്ഠാനം**

അനുഷ്ഠാനം എന്ന പദത്തിന് ആചരണം, പ്രവൃത്തി, മറ്റൊന്നിനെ അനുസരിച്ചുള്ള പ്രവർത്തനം, ശാസ്ത്ര വിഷയകമായ കർമ്മം ചെയ്യൽ എന്നിങ്ങനെയാണ് ശബ്ദതാരാവലിയിൽ കൊടുത്തിരിക്കുന്ന അർത്ഥം. ആചാരം എന്ന ശബ്ദത്തിന് നാട്ടുനടപ്പ്, കീഴ് വഴക്കം, പരമ്പരാഗതമായി ആദരിച്ചുപോരുന്ന നിയമം, നടപടിക്രമം, മര്യാദ, ചടങ്ങ് എന്നിങ്ങനെയും അർത്ഥം നൽകിയിരിക്കുന്നു. ആചാരാനുഷ്ഠാനങ്ങളുടെ ഏറ്റവും വലിയ പ്രത്യേകത അതിൻ്റെ സാമൂഹികതയാണ്.മറ്റൊരർത്ഥത്തിൽ പറഞ്ഞാൽ ആചാരങ്ങളും അനുഷ്ഠാനങ്ങളുമാണ് സമൂഹത്തെ രൂപപ്പെടുത്തുന്നത്. റാഡ് ക്ലിഫ് ബ്രൗണിൻ്റെ അഭിപ്രായത്തിൽ (structure in Primitive society P.154)" അനുഷ്ഠാനങ്ങൾ ഒരു സമൂഹത്തെ ഏകീകരിക്കുകയും അതുവഴി അതിന് കെട്ടുറപ്പുണ്ടാക്കുകയും ചെയ്യുന്നു.അതോടൊപ്പം വ്യക്തിപരമായ വികാരങ്ങളുടെ സ്ഥാനത്ത് സമൂഹ വികാരങ്ങളെ പ്രതിഷ്ഠിക്കുന്നു. സമൂഹ ഘടനയെ ആസ്പദമാക്കിയുള്ള വികാരങ്ങളെ നിയന്ത്രിക്കുകയും നിലനിർത്തുകയും ഒരു തലമുറയിൽ നിന്ന് മറ്റൊന്നിലേയ്ക്ക് പ്രസരിക്കുകയും ചെയ്യുകയെന്നതാണ് അനുഷ്ഠാനങ്ങളുടെ സാമൂഹിക ധർമ്മം".

ക്ഷേത്രകേന്ദ്രിതമായ ആചാരങ്ങളും അനുഷ്ഠാനങ്ങളും ചേർന്നതാണ് നാം നിലനിൽക്കുന്ന സമൂഹത്തിന്റെ സാംസ്കാരികപരിസരം. കേരളത്തിലെ ക്ഷേത്രങ്ങളിൽ സവർണ്ണവും അവർണ്ണവും ആയിട്ടുള്ള നിരവധി ആചാരാനുഷ്ഠാനങ്ങൾ നടന്നുവരാറുണ്ട് പ്രധാനമായും കാവ് ക്ഷേത്രമായി പരിണമിച്ച ക്ഷേത്രങ്ങളിലാണ് അവകാശ അധികാരങ്ങളുടെ ഭാഗമായുള്ള ഇത്തരം അനുഷ്ഠാനങ്ങൾ കണ്ടുവരാറുള്ളത്.കൊടുങ്ങല്ലൂരിലെ അശ്വതി നാളിലെ കാവുതീണ്ടലും ഭരണി നാളിലെ കാവുതീണ്ടലും മേല്പറഞ്ഞ രീതിയിൽ നടക്കുന്ന ആചാരാനുഷ്ഠാനമാണ്. കേരളത്തിലെ ക്ഷേത്രങ്ങളിൽ കാർഷിക വൃത്തിയുമായി ബന്ധപ്പെട്ട് നിരവധി ആചാരാനുഷ്ഠാനങ്ങൾ നടത്തിവരുന്നു. അവയിൽ പ്രധാനപ്പെട്ട ഒരു അനുഷ്ഠാനമാണ് മകര ചൊവ്വ വേല മഹോത്സവം. പ്രധാനമായും ഭഗവതി ക്ഷേത്രങ്ങളിലാണ് മകര ചൊവ്വ വേല നടത്തി വരുന്നത്. തൃശ്ശൂർ ജില്ലയിലെ പല ഭഗവതിക്കാവുകളിലും മകര ചൊവ്വ ദിവസം മകര ചൊവ്വവേല നടത്താറുണ്ട്.ചെമ്പൂത്ര ദേവിയുടെ വേല മകര ചൊവ്വ വേല മഹോത്സവമായിട്ടാണ് അറിയപ്പെടുന്നത്. മകരമാസത്തിലെ ആദ്യത്തെ ചൊവ്വാഴ്ചയാണ് മകര ചൊവ്വ വേലയായി ആചരിക്കുന്നത്. മകര ചൊവ്വയുടെ അന്ന് വേല ,പറ പുറപ്പാട് എന്നിങ്ങനെ ക്ഷേത്ര കേന്ദ്രിതമായ പല വിധ ആചാരാനുഷ്ഠാനങ്ങൾ ക്ഷേത്രങ്ങളിൽ നടന്നുവരുന്നു.

ഫ്യൂഡൽകാലഘട്ടത്തിലെ സമ്പദവ്യവസ്ഥയുടെ അടിസ്ഥാനമായിരുന്ന നെല്ലിൻ്റെ വിതരണവിനിമയത്തെ സൂചിപ്പിക്കുന്ന തരത്തിലുള്ള ആചാരാനുഷ്ഠാനങ്ങളാണ് മകര ചൊവ്വ പോലെ ക്ഷേത്ര കേന്ദ്രിതമായി നടത്തി വരുന്ന ആചാരാനുഷ്ഠാനങ്ങളിൽ പ്രകടമാക്കുന്നത് . ക്ഷേത്രത്തിൻ്റെ നടത്തിപ്പിനാവശ്യമായ നെല്ല് സംഭരിക്കുന്നതിനായി ദേശത്തേയ്ക്ക് പറയെടുപ്പിനായി പോകുന്ന ദൈവങ്ങളും, തങ്ങളുടെ ദൈവത്തിനായുള്ള നെല്ലുമായി വരുന്ന

സവർണ്ണരും അവർണ്ണരുമായിട്ടുള്ള ഭക്തജനങ്ങളാണ് ഈ അനുഷ്ഠാനങ്ങളിലെ മുഖ്യ പങ്കാളികൾ. ഇവിടെ കൈമാറ്റം ചെയ്യപ്പെടുന്ന വസ്തു നെല്ലാണ്. ക്ഷേത്രത്തിലേയ്ക്കാവശ്യമായ സമ്പത്തിന്റെ ക്രയവിക്രയങ്ങൾ ഇത്തരം ആചാരാനുഷ്ഠാനങ്ങളെ കേന്ദ്രീകരിച്ചാണ് ഇന്നും നടന്നു വരുന്നു.

**നൈതലക്കാവ് ഭഗവതി ക്ഷേത്രത്തിലെ മകര ചൊവ്വ വേല**

തൃശ്ശൂർ ജില്ലയിലെ കോലഴി ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന പ്രസിദ്ധ ക്ഷേത്രമാണ് നൈതലക്കാവ് ക്ഷേത്രം. ഒരു വർഷത്തിൽ നിരവധി ആചാരാനുഷ്ഠാനങ്ങൾ ക്ഷേത്ര കേന്ദ്രിതമായി നൈതലക്കാവ് ഭഗവതി ക്ഷേത്രത്തിൽ നടന്നുവരുന്നു.ക്ഷേത്രത്തിലെ പ്രധാന ആഘോഷം ധനുമാസത്തിലെ വേലയാണ്. ഇതു കൂടാതെ പരമ്പരാഗതമായി ലഭിച്ച അധികാര അവകാശങ്ങളുടെ പേരിലും നിരവധി ആചാര അനുഷ്ഠാനങ്ങൾ ക്ഷേത്രത്തിൽ നടക്കാറുണ്ട്. ഇത് മുഖ്യമായും അവർണ്ണ സമുദായത്തിൻ്റെ നേതൃത്വത്തിലാണ് നടന്നു വരുന്നത്.അവയിൽ പ്രധാനപ്പെട്ടവയാണ് ധനുമാസത്തിലെ വേല നാളിൽ പറയർ നടത്തുന്ന പാക്കനാർ വേലയും, മകരമാസത്തിലെ ആദ്യത്തെ ചൊവ്വാഴ്ച പുലയർ നടത്തുന്ന മകര ചൊവ്വ വേലയും. നൈതലക്കാവ് ഭഗവതി ദേശ പറയ്ക്കായി പുറപ്പെടുന്നത് മകര ചൊവ്വയുടെ അന്ന് ആണ്. ക്ഷേത്രത്തിൻ്റെ തട്ടകമായ ദേശങ്ങളിലാണ് പറയെടുപ്പ് നടത്തുന്നത്.ദേവിയുടെ അധികാരത്തിൽ വരുന്ന സാങ്കല്പിക ഭൂപ്രദേശത്തെയാണ് തട്ടകം എന്ന സംജ്ഞ കൊണ്ട് അർത്ഥമാക്കുന്നത്.എല്ലാ ദിവസവും രാവിലെ ക്ഷേത്രത്തിൽ ദേവിയ്ക്കായി നടത്തി വരുന്ന പതിവ് പൂജയ്ക്കു ശേഷം, അന്നേ ദിവസം പകൽ ശീവേലി കഴിഞ്ഞാൽ ദേശത്തെ ആദ്യ പറയെടുക്കാനായി ചെറുവള്ളി ഇല്ലത്തേയ്ക്ക് പുറപ്പെടുന്നു. അന്ന് അവിടെ മാത്രമാണ് പറയെടുപ്പ് നടക്കുന്നത്.ക്ഷേത്രം ജീവനക്കാർ പറയെടുപ്പിനു ശേഷം തിടമ്പ് ഇല്ലത്ത് ഇറക്കുന്നു. ഉച്ചയ്ക്ക് ശേഷം ദേവി ക്ഷേത്രത്തിലേയ്ക്ക് തിരിച്ചെത്തുന്നു.തുടർന്നുള്ള ദിവസങ്ങളിൽ ക്ഷേത്ര തട്ടകത്തിലെ മറ്റ് വീടുകളിൽ നിന്നും പറയെടുക്കുന്നു.

മകരചൊവ്വയുടെ അന്ന് രാത്രി ദേവിയ്ക്കുള്ള നെല്ലുമായി ദേശത്തെ പുലയർ ക്ഷേത്രത്തിൻ്റെ വടക്കേ നടയിൽ എത്തുന്ന ഒരു ചടങ്ങുണ്ട്.ക്ഷേത്രം ആരംഭിച്ച കാലം മുതൽ ഈ ആചാരം ഉണ്ട് എന്നാണ് വാമൊഴികളിൽ നിന്നും മനസ്സിലാക്കാൻ സാധിച്ചത്.പുലയരുടെ നെല്ലുമായുള്ള വരവിനു പിന്നിൽ ദേശത്ത് ഒരു ഐതിഹ്യം നിലനിൽക്കുന്നുണ്ട്. "തൻ്റെ കരിങ്കുട്ടികൾ മകര ചൊവ്വയ്ക്ക് വേലയുമായി എന്നെ കാണാൻ വരും. അന്ന് വടക്കേ നടയിൽ ഞാൻ അവരെ കാത്തു നിൽക്കും". അന്നേ ദിവസം വടക്കേ നട വാതിൽ അടയ്ക്കരുത് എന്നും ദേവി കല്പനയിലൂടെ അറിയിച്ചതായാണ് വിശ്വാസം. ഈ ഒരു ഐതിഹ്യത്തിൽ നിന്നാണ് മകര ചൊവ്വ വേലയുടെ ആരംഭം. ജാതിവ്യവസ്ഥ ശക്തമായിരുന്ന ഒരു കാലഘട്ടത്തിൽ സവർണ്ണർക്ക് മാത്രമാണ് ക്ഷേത്രആചാരങ്ങളിൽ പങ്കാളിത്തം ഉണ്ടായിരുന്നത് എന്ന കാര്യം ചരിത്ര വസ്തുതയാണ്.ഈ കാലഘട്ടത്തിൽ പുലയരുടെ വീടുകളിൽ പറയെടുപ്പ് നടന്നിരിക്കാനുള്ള സാധ്യതയും വിരളമാണ്. എന്നാൽ ക്ഷേത്രം ഒരു പരമാധികാര സ്ഥാപനമായി ഒരു സമൂഹത്തിൽ പ്രവർത്തിക്കുകയും അതിനെ ജനങ്ങൾ അംഗീകരിക്കുകയും ചെയ്യുന്നു.പുലയർ തങ്ങളുടെ വിഹിതം ക്ഷേത്രത്തിലേക്ക് എത്തിച്ചിരുന്നതിനു പിന്നിലും ഈ വസ്തുതയാണ് നിലനിൽക്കുന്നത്.

**നൈതലക്കാവിന്റെ സാമൂഹികപരിസരവും മകര ചൊവ്വ വേലയും**

കുറ്റൂർ, പാമ്പൂർ, ആട്ടോർ എന്നീ മൂന്ന് ദേശങ്ങളും ദേശവാസികളും ഉൾപ്പെടുന്നതാണ് നൈതലക്കാവിൻ്റെ തട്ടകം.ക്ഷേത്ര കേന്ദ്രിതമായി നടക്കുന്ന എല്ലാ ആചാര അനുഷ്ഠാനങ്ങളിലും ദേശവാസികളുടെ പങ്കാളിത്തം ജാതിഭേദമെന്യേ ഉണ്ടാകാറുണ്ട്. സവർണ്ണാധിപത്യം പ്രത്യക്ഷത്തിലും പരോക്ഷത്തിലും നടപ്പിലുള്ള ഒരു ക്ഷേത്രമാണ് നൈതലക്കാവ് ഭഗവതി ക്ഷേത്രം. അത് കൊണ്ട് തന്നെ സാമൂഹികമായി പിന്നോക്കം നിൽക്കുന്ന അവർണ്ണ സമൂഹങ്ങളുടെ ആചാര അനുഷ്ഠാനങ്ങൾക്ക് ക്ഷേത്രത്തിലെ മറ്റ് അനുഷ്ഠാനങ്ങളേക്കാൾ ക്ഷേത്രത്തിലും, തട്ടക നിവാസികൾക്കുള്ളിലും സ്വീകാര്യത ലഭിക്കാറില്ല. പ്രധാനമായും ധനുമാസത്തിലെ വേലനാൾ നടക്കുന്ന പാക്കനാർ വേലയും, മകരമാസത്തിലെ മകരചൊവ്വയിൽ

നടക്കുന്ന മകര ചൊവ്വ വേലയുമാണ് ക്ഷേത്രവുമായി ബന്ധമുള്ള ദളിത് സമൂഹങ്ങളുടെ അനുഷ്ഠാനങ്ങൾ. ആദ്യകാലങ്ങളിൽ പുലയർ വളരെ ലളിതമായി നടത്തി വന്നിരുന്ന ഒരു അനുഷ്ഠാനമാണ് ഇന്ന് മകര ചൊവ്വ മഹോത്സവമായി മാറിയിട്ടുള്ളത്.തൃശ്ശൂർ പട്ടണത്തിനോട് ചേർന്ന് കിടക്കുന്ന ഗ്രാമമായതിനാൽ നഗരവികസനത്തിൻ്റെ പ്രതിഫലനങ്ങൾ കുറ്റൂർ ഗ്രാമത്തിലും ക്ഷേത്രത്തിലും കാണാം. രണ്ടായിരത്തി അഞ്ച് മുതൽ നടന്നു വന്നിട്ടുള്ള ക്ഷേത്രവികസനം ( ക്ഷേത്രത്തിൻ്റെ ഭൗതിക ഘടനയിൽ വന്നിട്ടുള്ള മാറ്റങ്ങൾ ) ഇവ വ്യക്തമാക്കുന്നവയാണ്. ക്ഷേത്രത്തിൻ്റെ ഭൗതികമായ മാറ്റങ്ങൾ ക്ഷേത്രആചാര അനുഷ്ഠാനങ്ങളിലും നിരവധി മാറ്റങ്ങൾ കൊണ്ടു വന്നിട്ടുണ്ട്. ഈ മാറ്റങ്ങൾ പുലയ സമുദായാംഗങ്ങൾ നടത്തി വരുന്ന മകര ചൊവ്വ വേലയിലും പ്രകടമാണ്.

"അനുഷ്ഠാനങ്ങൾ,ചടങ്ങുകൾ, ഉത്സവങ്ങൾ തുടങ്ങിയവയിലൂടെ സാമൂഹിക ജീവിതമേഖല പ്രവർത്തനക്ഷമമാക്കുകയും സാമൂഹികാനുഭവങ്ങൾ പ്രത്യക്ഷമാവുകയും ചെയ്യുന്നു " എന്ന് പ്രശസ്ത സാമൂഹ്യ ശാസ്ത്രജ്ഞനായ എമിൽ ദുർഖീം (The Elementary forms of Religiouslife) എന്ന പുസ്തകത്തിൽ അഭിപ്രായപ്പെട്ടിട്ടുണ്ട്. നൈതലക്കാവ് ഭഗവതി ക്ഷേത്രത്തിൽ നടക്കുന്ന മറ്റ് അനുഷ്ഠാനങ്ങളിലെ സാമൂഹിക പങ്കാളിത്തം ദളിതർ നടത്തുന്ന മകര ചൊവ്വ വേലയിൽ ലഭിക്കാറില്ല. മറ്റു ജാതി സമൂഹങ്ങളിലെ വ്യക്തികൾ കുടുംബ സമതമോ അല്ലാതെയോ വേലയിൽ ഇപ്പോഴും പങ്കെടുക്കാറില്ല.ഇതിനു കാരണം മകര ചൊവ്വ വേല നടത്തുന്നത് ദളിത് വിഭാഗങ്ങൾ ആണ് എന്നുള്ളതാണ്.അതു പോലെ തന്നെ വേലയുമായി വരുന്ന സമയത്ത് ഇവർക്ക് ക്ഷേത്രത്തിലേയ്ക്ക് പ്രവേശനാനുമതിയും ഇല്ല.ക്ഷേത്ര കേന്ദ്രിതമായ ആചാരാനുഷ്ഠാനങ്ങളുടേയും വിശ്വാസത്തിന്റെയും ഭാഗമായി മകര ചൊവ്വ വേല നടത്തേണ്ടത് ക്ഷേത്രത്തിന്റെയും വിശ്വാസികളുടേയും ആവശ്യമായി നിലനിൽക്കേ തന്നെ രാജ്യത്തെ ജനങ്ങൾക്ക് ഭരണഘടന നൽകുന്ന എല്ലാ അവകാശങ്ങളും മകര ചൊവ്വ വേല നടത്തുന്ന സമൂഹത്തിൽ റദ്ദ് ചെയ്യപ്പെടുന്നു. ആധുനികസമൂഹത്തിൽ ഇന്നും ദളിതർ സാമൂഹികമായ പുറന്തള്ളലുകൾക്ക് പല വിധത്തിൽ വിധേയരാകുന്നുണ്ട്. അതിനൊരു തെളിവാണ് നൈതലക്കാവിലെ മകര ചൊവ്വ വേല.ആയിരത്തി തൊള്ളായിരത്തി മുപ്പത്തി ആറിലെ ക്ഷേത്രപ്രവേശന വിളംബരത്തിനു ശേഷം എല്ലാ ജാതി വിഭാഗങ്ങൾക്കും ക്ഷേത്രത്തിലേയ്ക്ക് പ്രവേശിക്കാം എന്നിരിക്കെയും ഭരണഘടന നൽകുന്ന എല്ലാ അവകാശങ്ങളേയും റദ്ദ് ചെയ്തു കൊണ്ട് വേലയുമായി വരുന്ന പുലയർക്ക് ആചാര അനുഷ്ഠാനത്തിൻ്റെ പേരിൽ ഇന്നും പ്രവേശനാനുമതി നിഷേധിക്കപ്പെടുന്നത്.

മകര ചൊവ്വ വേലയ്ക്ക് വിശ്വാസപരമായ പ്രാധാന്യം സമൂഹത്തിൽ നിലനിൽക്കുന്നതിനാൽ ഇന്നും ഇത്തരത്തിൽ ഒരാചാരം ക്ഷേത്രത്തിൽ തുടരേണ്ടത് ക്ഷേത്രത്തിന്റെയും ക്ഷേത്ര കേന്ദ്രിതമായ വിശ്വാസി സമൂഹത്തിൻ്റേയും ആവശ്യമാണ്. മകര ചൊവ്വ വേല എല്ലാ വർഷവും നടത്തുന്നതിനായി ഒരു ചെറിയ തുക ക്ഷേത്രത്തിൽ നിന്ന് ഇവർക്ക് അനുവദിച്ചു കൊടുക്കുന്നത് ഇതിനാലാണ്. " ധനുമാസത്തിലെ നൈതലക്കാവ് ഭഗവതി വേലയിലെ ആചാരാനുഷ്ഠാനങ്ങളിലും ആഘോഷങ്ങളിലും ലഭ്യമാകുന്ന സാമൂഹ്യ പങ്കാളിത്തം മകര ചൊവ്വ വേലയ്ക്ക് കിട്ടാറില്ല. ഇതിനു കാരണം ഇത് പുലയ സമുദായം നടത്തുന്നു എന്നതു തന്നെയാണ്. സാമ്പത്തികമായും സാമൂഹികമായും പുറത്താക്കപ്പെട്ട ഒരു ജനതയെ ആധുനിക കാലഘട്ടത്തിലും അതുപോലെ നിലനിർത്താൻ സവർണ്ണ സമൂഹം ശ്രമിച്ചു കൊണ്ടേയിരിക്കുന്നു.ഇതിനെ അതിജീവിക്കാനും മറികടക്കാനും, എതിർപ്പുകളെ പ്രതിരോധിക്കാനുമുള്ള ദളിതരുടെ നിരന്തര ശ്രമത്തിൻ്റെ ഭാഗമായാണ് മകര ചൊവ്വ വേല ഇന്ന് മഹോത്സവമായി മാറിയതിന് പിന്നിലുള്ളത്.

പടിഞ്ഞാറ്റു മുറിയിലുള്ള പുലയരുടെ അധിവാസ കേന്ദ്രത്തിൽ നിന്നാണ് ക്ഷേത്രത്തിലേയ്ക്ക് വേല പുറപ്പെടുന്നത്.പുലയ കുടുംബത്തിലെ ഏറ്റവും മുതിർന്ന പുരുഷൻ്റെ നേതൃത്വത്തിലാണ് വേലയുടെ അനുഷ്ഠാന കർമ്മങ്ങൾ നടക്കുന്നത്. കുടുംബ ദൈവങ്ങൾക്കും, പരേതാത്മാക്കൾക്കും വെള്ളം കൊടുക്കുക എന്ന കർമ്മംചെയ്തതിനു ശേഷം തട്ടകത്തമ്മയ്ക്ക് നൽകാനുള്ള നെല്ലിൻ്റെ വിഹിതവുമായി ഇവർ കാവിലേയ്ക്കു പുറപ്പെടുന്നു. ഇവരുടെ തന്നെ സ്ത്രീകൾ താലവുമായി ഇവരെ

അനുഗമിക്കുന്നു. ക്ഷേത്രത്തിൻ്റെ വടക്കേ നടയിൽ എത്തുന്ന ഇവർ നെല്ല് പറയിൽ അളന്ന് ചൊരിയുന്നു.ക്ഷേത്രത്തിലെ കോമരം നെല്ല് വാളുകൊണ്ട് തൊട്ട് അകത്തേയ്ക്ക് എടുക്കുന്നു. ദേവിയുടെ പ്രതിപുരുഷനാണ് കോമരം എന്ന വിശ്വാസം നിലനിൽക്കുന്നതിനാൽ, നെല്ല് ദേവി സ്വീകരിച്ചതായി ഇവർ വിശ്വസിക്കുന്നു. ക്ഷേത്രത്തിനകത്തേയ്ക്ക് വേലയ്ക്ക് പ്രവേശനാനുമതി ഇല്ലാത്തതിനാൽ പുറത്ത് നിന്ന് ദേവിയെ വണങ്ങി ഇവർ തിരിച്ച് പോരുന്നു.. ഇത്രയുമാണ് മകര ചൊവ്വയിലെ അനുഷ്ഠാനപരമായ ചടങ്ങുകൾ.

സാമൂഹികമാറ്റങ്ങൾക്കനുസൃതമായ കൂട്ടി ചേർക്കലുകൾ മകര ചൊവ്വ വേലയിലും നടന്നിട്ടുണ്ട്. ആദ്യകാലങ്ങളിൽ കുടുംബ ദൈവങ്ങൾക്കുള്ള പൂജകളിൽ മദ്യവും മാംസവും ഉപയോഗിച്ചിരുന്നു. എന്നാൽ ഇന്ന് മകര ചൊവ്വ വേല അനുഷ്ഠാനത്തിൽ മദ്യം, മാംസം എന്നിവ ഉപേക്ഷിക്കുകയും തികച്ചും ബ്രാഹ്മണികമായ പൂജാവിധികൾ അനുഷ്ഠിച്ച് വരികയും ചെയ്യുന്നു. ജാതിപരമായ അവശതകളെയും, സാമൂഹികമായ പുറന്തള്ളലുകളേയും മറികടക്കാൻ പ്രാകൃത ആചാരാനുഷ്ഠാനങ്ങൾ നിരാകരിക്കുന്നതിലൂടെ സാധിക്കും എന്ന അവർണ്ണരുടെ ബോധമാണ് ഇതിന് പിന്നിൽ പ്രവർത്തിക്കുന്നത്. പ്രശസ്ത സാമൂഹ്യശാസ്ത്രജ്ഞനായ എം. എൻ. ശ്രീനിവാസൻ നടത്തിയ 'സംസ്കൃതവത്കരണ'ത്തിന്റെ വിശകലനത്തിൽ ദളിതർ സവർണ്ണരെ അനുകരിക്കുന്നതിലൂടെ ലക്ഷ്യമാക്കുന്ന സാമൂഹിക ഉന്നമനത്തെ പറ്റി പറയുന്നുണ്ട്. 'ആധുനിക കേരളം' എന്ന പുസ്തകത്തിൽ കെ.കെ.എൻ കുറുപ്പ് തിയ സമുദായത്തെ കുറിച്ച് പറയുന്നത് ഇപ്രകാരമാണ് 'തീയരുടെ ഒരു വിഭാഗം വിദ്യാഭ്യാസപരമായും ബുദ്ധിപരമായും ഏറ്റവും വലിയ വളർച്ച നേടുകയും മറുഭാഗത്ത് സമൂഹത്തിന്റെ ജാതീയമായ അവശതകളനുഭവിക്കുകയും ചെയ്യുന്നു.. അതിനാൽ ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ തീയരിൽപ്പെട്ട ഉദ്യോഗസ്ഥ വിഭാഗം സാമൂഹികവും ജാതീയവുമായ തങ്ങളുടെ സ്ഥിതിയിൽ മാറ്റം വരുത്തുവാൻ പരിശ്രമിച്ചു. ജാതി നിയമങ്ങൾക്കനുസരിച്ച് ബ്രാഹ്മണ ക്ഷേത്രത്തിൽ അവർക്ക് പ്രവേശനമുണ്ടായിരുന്നില്ല. അവരുടെ ആരാധനകൾ കള്ള്, രക്തം തുടങ്ങിയവയുടെ അർപ്പണത്തോടെയായിരുന്നു. സമുദായത്തിൻ്റെ ഈ സ്ഥിതിവിശേഷത്തിൽ മാറ്റങ്ങൾ വരുത്തുവാൻ അവരാഗ്രഹിക്കുകയും അവരുടെ അത്തരം പ്രവർത്തനങ്ങൾ ബ്രാഹ്മണീകരിക്കപ്പെട്ട ഹിന്ദുധർമ്മത്തിലേക്ക് നയിക്കുന്നതിനുള്ള ഒരു പ്രസ്ഥാനമായി മാറുകയും ചെയ്തു." (കെ. കെ. എൻ. കുറുപ്പ് (1955), ആധുനിക കേരളം: ചരിത്ര ഗവേഷണ പ്രബന്ധങ്ങൾ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, പേജ് 25 ) ". സാമൂഹികവും ജാതിപരവുമായ പിന്നോക്കാവസ്ഥയെ മറികടക്കാൻ കൂടിയാണ് മകര ചൊവ്വയുടെ അനുഷ്ഠാനങ്ങളിൽ നിന്നും മദ്യം, മാംസം എന്നിവ നിവേദിക്കുന്നത് ഒഴിവാക്കിയിട്ടുള്ളത് എന്ന് മേല്പറഞ്ഞ വിശകലനത്തിൽ നിന്നും ബോധ്യമാകും.

രണ്ടായിരത്തി അഞ്ച് മുതൽ ആണ് മകര ചൊവ്വ വേല, മകര ചൊവ്വ വേല മഹോത്സവമായി ആചരിക്കാൻ ആരംഭിച്ചത്. തെയ്യം, തിറ, നാടൻ കലാരൂപങ്ങൾ ,ആന എഴുന്നള്ളിപ്പ് തുടങ്ങി നിരവധി ഘടകങ്ങൾ മകര ചൊവ്വ വേലയെ ഗംഭീരമാക്കി .ആചാരങ്ങളെല്ലാം സമൂഹനിർമ്മിതി ആയതിനാൽ കാലാനുസൃതമായ മാറ്റങ്ങൾ അവയിൽ അനിവാര്യമാണ്.കാലികമായ ഈ മാറ്റങ്ങൾ സമൂഹം ഉൾക്കൊള്ളുമ്പോൾ അവയ്ക്ക് വ്യത്യസ്ത അർത്ഥങ്ങൾ ഉണ്ടാവുകയും സാമൂഹികമായ പുതിയ പ്രതിഫലനങ്ങൾ ലഭ്യമാവുകയും ചെയ്യും. ഇന്ന് വേലയിൽ അനുഷ്ഠാനത്തേക്കാൾ പ്രാധാന്യം ആഘോഷങ്ങൾക്കാണ്." അനുഷ്ഠാനങ്ങൾ,ചടങ്ങുകൾ, ഉത്സവങ്ങൾ തുടങ്ങിയവയിലൂടെ സാമൂഹിക ജീവിതമേഖല പ്രവർത്തനക്ഷമമാക്കുകയും, സാമൂഹികാനുഭവങ്ങൾ പ്രത്യക്ഷമാവുകയും ചെയ്യുന്നു ( എമിൽ ദുർഖീം (The Elementary forms of Religious life) എന്ന പുസ്തകത്തിൽ പറയുന്ന വാക്കുകൾ ഈ സന്ദർഭത്തിൽ പ്രസക്തമാണ്.

പുലയരുടെ മാത്രം ആചാരമായി ഒതുങ്ങി നിന്നിരുന്ന മകര ചൊവ്വ വേല തുക നിവാസികളുടെ കൂടി സാമ്പത്തിക സഹായത്താൽ നടത്തുന്ന രീതിയിലേക്ക് ഇന്ന് മാറി. ആഘോഷങ്ങൾ ഗംഭീരമായപ്പോൾ അതിനാവശ്യമായ സാമ്പത്തിക സ്രോതസ്സ് കണ്ടെത്തേണ്ടി വരുന്നു.സാമ്പത്തികമായ മെച്ചപ്പെടലിലൂടെ ഉത്സവാഘോഷങ്ങൾ ഗംഭീരമായപ്പോൾ സവർണ്ണരുടെ പങ്കാളിത്തം വർദ്ധിക്കുമെന്നും ഇതൊരു സവർണ്ണാവർണ്ണ ഭേദമില്ലാത്ത

കൂട്ടായ്മയുടെ ഫലം സൃഷ്ടിക്കുമെന്നും പുലയ സമുദായം കരുതി.എന്നാൽ സാമ്പത്തിക സഹായമല്ലാതെ ഈ ആഘോഷങ്ങളിൽ ഇപ്പോഴും സവർണ്ണ കുടുംബങ്ങൾ പ്രത്യക്ഷത്തിൽ പങ്കെടുക്കാറില്ല. ഉത്സവങ്ങളുടെ ഉദ്ഗ്രഥനാത്മക വ്യക്തികളെ സമൂഹത്തിലേയ്ക്ക് അടുപ്പിക്കും എന്നും സാംസ്കാരികവും സാമൂഹികവുമായ ഉന്നമനത്തിന് ഉത്സവങ്ങളിലൂടെയുള്ള സാമൂഹിക കൂട്ടായ്മകൾക്ക് സാധിക്കും എന്നും എമിൽ ദുർഖീം അഭിപ്രായപ്പെട്ടിട്ടുണ്ട് .എന്നാൽ ഈ നിരീക്ഷണത്തെ നിരാകരിക്കുന്ന വിധത്തിലാണ് നൈതലക്കാവിലെ മകര ചൊവ്വ വേല ഇന്നും ആചരിച്ച് വരുന്നത്. ഇതിന് പിന്നിൽ പ്രവർത്തിക്കുന്ന സാമൂഹിക തത്ത്വം ജാതീയമായ അസമത്വം തന്നെയാണ്.ഇതിന്റെ പ്രകടമായ തെളിവാണ് തൃശ്ശൂർ ജില്ലയിലെ നൈതലക്കാവ് ഭഗവതി ക്ഷേത്രത്തിൽ പുലയർ നടത്തിവരുന്ന  മകരചൊവ്വ വേല മഹോത്സവം.

**നിഗമനങ്ങൾ**

കേരളത്തിലെ മിക്ക ഭഗവതിക്കാവുകളിലേയും ആചാരാനുഷ്ഠാനങ്ങളിൽ സവർണ്ണ അവർണ്ണ ഭേദം കാണാം. സവർണ്ണരുടെ ആചാരാനുഷ്ഠാനങ്ങളിൽ എല്ലാ ജാതി വിഭാഗങ്ങളും പങ്കെടുക്കുമ്പോൾ മകര ചൊവ്വ പോലുള്ള അനുഷ്ഠാനങ്ങൾ അവർണ്ണരുടെ മാത്രം ഉത്സവമായി നില നിൽക്കുന്നു. ജാതീയമായ അസമത്വം ക്ഷേത്രആചാരങ്ങളിൽ ഇന്നും നിലനിൽക്കുന്നതിന് ഒരു പ്രത്യക്ഷ ഉദാഹരണമാണ് നൈതലക്കാവ് ഭഗവതി ക്ഷേത്രത്തിൽ പുലയർ നടത്തുന്ന മകര ചൊവ്വ വേല. കേരളത്തിലെ ജാതി വ്യവസ്ഥയുടെ ഒരു പരിച്ഛേദം എന്ന നിലയിൽ മകരചൊവ്വയെ പരിശോധിക്കുമ്പോൾ സവർണ്ണ സമൂഹത്തിന് അവർണ്ണരോടുള്ള ജാതീയമായ വേർത്തിരിവ് വ്യക്തമാണ്. നൈതലക്കാവിലെ മകരചൊവ്വയിൽ സാമ്പത്തികമായി സഹായം നൽകുന്നു എന്നല്ലാതെ സാമൂഹികമായ പ്രാതിനിത്യവും പങ്കാളിത്തവും സവർണ്ണർ നൽകുന്നില്ല. അവർണ്ണർ തങ്ങളുടെ തനതായ ആചാര അനുഷ്ഠാനങ്ങൾ ഉപേക്ഷിക്കുന്നതിലൂടെ ലക്ഷ്യമാക്കുന്ന ജാതീയ വിമോചനം നേടിയെടുക്കാൻ ഇന്നും സാധിച്ചിട്ടില്ല എന്ന് തെളിയിക്കുന്നതാണ് നൈതലക്കാവിലെ മകര ചൊവ്വ വേലയിലൂടെ വ്യക്തമാകുന്നത്.

**സഹായകഗ്രന്ഥങ്ങൾ**


1.. ജാതി വ്യവസ്ഥ: പഠനങ്ങൾ - എം.ഗംഗാധരൻ
2. ദലിത് പ്രത്യയശാസ്ത്രം ചരിത്രം സാഹിത്യം സൗന്ദര്യ ശാസ്ത്രം - കെ കെ എസ് ദാസ്
3. സംസ്കാരപഠനം ചരിത്രം സിദ്ധാന്തം പ്രയോഗം - വള്ളത്തോൾ വിദ്യാപീഠം
4. ദളിത് വൈജ്ഞാനികത - കെ.വി.ശശി
5. സംസ്കാരപഠനത്തിന്റെ പുതുവഴികൾ - എഡിറ്റർ ഡോ. ഷിബ.എം.കുര്യൻ
6. അനുഷ്ഠാനം കാലം സമൂഹം - ദിനേശൻ വടക്കിനിയിൽ
7. താക്കോൽ വാക്കുകൾ - എഡിറ്റർ അജു കെ.നാരായണൻ
8. ജാതി വ്യവസ്ഥിതിയും കേരള ചരിത്രവും - പി.കെ ബാലകൃഷ്ണൻ
9. ഫോക് ലോർ വീക്ഷണവും പ്രസക്തിയും - ഡോ.കുമാരൻ വയലേരി
10.നായർ മേധാവിത്വത്തിന്റെ പതനം - റോബിൻ ജെഫ്രി
11. മിത്ത് ചരിത്രം സമൂഹം - രാജൻ ഗുരുക്കൾ
12. ആധുനിക കേരളം - കെ.കെ.എൻ കുറുപ്പ്
13. കാവും സമൂഹവും - ഇ. ദിനേശൻ
11. Structure in primitive society - റാഡ് ക്ലിഫ് ബ്രൗൺ
12. The Elementary forms of Religious life - എമിൽ ദുർഖീം
13. Re_thinking History - ജെൻകിൻസ്


**ആവേദകർ**

1. തങ്കമണി (65) - തുപ്പിലിശ്ശേരി വീട്
2. രാജൻ (55) - ചെമ്മങ്ങാട്ട് വീട്
3. ശോഭ (50)-
4.തങ്കമണി (60) - മരാശാരി വീട്

5. കല്യാണി (57) - കുട്ടാല വീട്
6.ഉണ്ണികൃഷ്ണൻ (63) - പൊട്ടത്ത് വീട്
7. മനോജ്(49) - കണ്ണ പറവിൽ വീട്
8. പരമേശ്വരൻ കുറുപ്പ് (97) കല്ലാറ്റ് വീട്
9. പുഷ്കരൻ (55) -തേനാരി വീട്
10. ജദാർദ്ദനൻ (70) - പുതുക്കുളങ്ങര വീട്

ചിത്രങ്ങൾ യഥാക്രമം - മകര ചൊവ്വ വേലയുമായി ബന്ധപ്പെട്ട് നടക്കുന്ന തെയ്യകോലങ്ങൾ ( ആദ്യത്തെ 1, 2, 3 ചിത്രങ്ങൾ), പടിഞ്ഞാറ്റു മുറിയിൽ നിന്ന് പുറപ്പെടുന്ന താലം







soumyamanoj2008@gmail.com

# ദലിത് ഫെമിനിസം മലയാളചെറുകഥയിൽ

**ഡോ. സൂസന്ന പി ദാസ്**
അസിസ്റ്റന്റ് പ്രൊഫസർ മലയാള**വിഭാഗം**,
ഗവ. കോളജ് നെടുമങ്ങാട്

**പ്രബന്ധസംഗ്രഹം**

സ്ത്രീവാദപ്രസ്ഥാനങ്ങളിൽ പ്രധാനപ്പെട്ട ദളിത്ഫെമിനിസത്തിന്റെ സാധ്യതകൾ ഉപയോഗിച്ചുകൊണ്ട് മലയാളത്തിലെ വ്യത്യസ്ത കാലഘട്ടത്തിലെ മൂന്നുകഥകളെ പഠനവിധേയമാക്കുകയാണ് പ്രബന്ധത്തിന്റെ ലക്ഷ്യം. മലയാളചെറുകഥയിലെ ഇത്തരത്തിലുള്ള ദളിത് സ്ത്രീവാദരചനകളിലൂടെ ദളിത് സ്ത്രീയവസ്ഥകളിൽ എന്തൊക്കെ സ്വാധീനം ചെലുത്താൻ സാധിച്ചുവെന്ന വിലയിരുത്തൽ കൂടിയാണ് ഈ പഠനം .

**താക്കോൽവാക്കുകൾ**

ഫെമിനിസം, ദളിത് ഫെമിനിസം , ദളിത് സ്ത്രീത്വം , പാർശ്വവൽക്കരണം, ലിംഗപദവി

**സ്ത്രീ**വാദപ്രസ്ഥാനങ്ങളുടെ മൂന്നാംതരംഗം 1990കളിലാണ് ആരംഭിക്കുന്നത് . ലിംഗപദവി, വർഗ്ഗം, വംശം എന്നിവയുടെയെല്ലാം സൂക്ഷ്മരാഷ്ട്രീയത്തിൽ കേന്ദ്രീകരിച്ചുള്ള ചിന്തകളാണ് ഈ കാലഘട്ടത്തിന്റെ സവിശേഷത. മൂന്നാംതരംഗത്തിൽ ഉദ്ഭവിച്ചവയാണ് കറുത്ത സ്ത്രീവാദം (Black Feminism) ദളിത് സ്ത്രീവാദം (Dalit Feminism)എന്നിവ. സ്ത്രീ എന്ന മാറ്റിനിർത്തലിനൊപ്പം ജാതിയുടെ വേർതിരിവ് കൂടെ ആകുമ്പോൾ മനുഷ്യന്റെ ജീവിതചിത്രം മാറിമറിയുന്നു. ദാരിദ്ര്യം,വിദ്യാഭ്യാസമില്ലായ്മ, പാർശ്വവൽക്കരണം എന്നിവയാണ് ദളിത് സ്ത്രീകൾ അനുഭവിക്കുന്ന പ്രശ്നങ്ങൾ. ഈയൊരു സാഹചര്യത്തിൽ 'ദളിത് സ്ത്രീത്വം' എന്ന പദത്തിന് പ്രസക്തിയേറുന്നു. മലയാളസാഹിത്യത്തിൽ ദളിത് ഫെമിനിസത്തെക്കുറിച്ച് വിശാലമായ പഠനങ്ങൾ ഒന്നും ഉണ്ടായിട്ടില്ല. സാഹിത്യത്തിൽ ഏറ്റവും സംവേദനക്ഷമമായ കഥാസാഹിത്യ ത്തിലെ ചില കഥകളിലൂടെ മലയാളത്തിലെ ദളിത് ഫെമിനിസം ഇവിടെ പഠന വിധേയമാക്കുന്നു.

പി.വത്സലയുടെ 'പേമ്പി ' സാറാജോസഫിന്റെ 'തായ്കുലം'. കെ. രേഖയുടെ 'വില്ലുവണ്ടി' എന്നീ കഥകളാണ് പഠനത്തിനായി തെരെഞ്ഞെടുത്തിരിക്കുന്നത്. ഈ കഥകളിൽ ദളിത് ഫെമിനിസം എങ്ങനെയൊക്കെ ആവിഷ്ക്കരിക്കപ്പെട്ടിരിക്കുന്നു എന്നും, ദളിതരായ സ്ത്രീകൾ

ദളിത് ഫെമിനിസത്തിന്റെ സാധ്യതകൾ ഉപയോഗിച്ച് മുന്നോട്ട് വരാൻ കഥകളിലൂടെ എത്രത്തോളം ശ്രമിച്ചിട്ടുണ്ട് എന്നതും പ്രബന്ധത്തിന്റെ അന്വേഷണ വിഷയമാണ്.

**സ്ത്രീവാദചിന്ത**

സ്ത്രീവാദചിന്ത ഉടലെടുക്കാനുള്ള കാരണം സ്ത്രീ സാമൂഹിക ഇടങ്ങളിൽ നിന്നും മാറ്റിനിർത്തപ്പെട്ടതാണ്. ലിംഗസമത്വം ആണ് ഫെമിനിസത്തിന്റെ അടിസ്ഥാന ദർശനം. ലേബലുകളുടെ പരിധിക്ക് പുറത്ത് സ്വതന്ത്രമായി നിലനിൽക്കുകയാണ് സ്ത്രീയുടെ ആവശ്യം (അരികുവൽക്കരിക്കപ്പെട്ട ഏതൊരു വ്യക്തിയുടെയും) കീഴടങ്ങലുകൾക്ക് വഴങ്ങാത്ത വ്യക്തിത്വത്തിലേക്ക് എത്തുക എന്നതാണ് ഓരോ സ്ത്രീവാദിയുടെയും ലക്ഷ്യം. ലിംഗപരമായ വേർതിരിവ് ജീവശാസ്ത്രപരവും പ്രകൃതിദത്തവുമാണെന്ന ബോധം മനുഷ്യന് ഉണ്ടായാൽ തന്നെ സമൂഹത്തിൽ മാറ്റം കൊണ്ടുവരാൻ സാധിക്കും. ലിംഗപരമായ വേർതിരിവിന്റെ അടിസ്ഥാനത്തിൽ സ്ത്രീ നേരിടുന്ന പാർശ്വവൽക്കരണം പുരുഷാധിപത്യസൃഷ്ടിയാണെന്നുള്ള തിരിച്ചറിവാണ് സ്ത്രീവാദത്തിലേക്ക് നയിക്കുന്നത്. സ്ത്രീ സ്ത്രീയായി ജനിക്കുകയല്ല പരിണമിക്കുകയാണ് എന്ന സിമോൺ ദ ബുവ്വയുടെ നിരീക്ഷണം നമുക്ക് ഓർക്കാം.

ഫെമിനിസ്റ്റ് എന്ന വാക്ക് ആദ്യമായി ഉപയോഗിച്ചത് 1995 ഏപ്രിൽ 25 ലെ അത്തെന്വം എന്ന ആനുകാലികത്തിലാണ്. തുല്യത, വ്യക്തിസ്വാതന്ത്ര്യം, നീതി ബോധം തുടങ്ങിയ മൂല്യങ്ങൾക്ക് ഊന്നൽ നൽകിയ ഉദാരസ്ത്രീവാദം (Liberal Feminism) സാമൂഹിക ചൂഷണങ്ങൾ, സ്ത്രീ പുരുഷബന്ധങ്ങളിലെ മേൽക്കോയ്മയുടെ രാഷ്ട്രീയം, ലൈംഗികത എന്നിവയെല്ലാം വിശകലന വിധേയമാക്കുന്ന മാർക്സിയൻ ചിന്തകളോട് ആഭിമുഖ്യം പുലർത്തുന്ന സോഷ്യലിസ്റ്റ് സ്ത്രീവാദം (Socialist Feminism), സാമൂഹിക ചൂഷണങ്ങൾക്കും അടിച്ചമർത്തലുകൾക്കും എതിരെ നിലകൊള്ളുന്ന മാർക്സിസ്റ്റ് സ്ത്രീവാദം (MarxistFeminism), കുടുംബത്തിലും സമൂഹത്തിലുമുള്ള പുരുഷ കേന്ദ്രമായ നിയമങ്ങളെയും അധികാരത്തെയും എതിർക്കുന്ന മൗലികസ്ത്രീവാദം (Radical Feminism), സ്ത്രീയും പ്രകൃതിയും ഒരുപോലെ പുരുഷന്റെ ചൂഷണത്തിന് വിധേയമാകുന്നു എന്ന തിരിച്ചറിവിൽ നിന്നുണ്ടായ പാരിസ്ഥിതിക സ്ത്രീവാദം (Eco Feminism). ഇതിൽ നിന്ന് വ്യത്യസ്തമായി വംശീയ വിവേചനത്തിനെതിരെ അമേരിക്കയിൽ രൂപം കൊണ്ടതാണ് കറുത്ത സ്ത്രീവാദം (Black Feminism). കറുത്തവരായ സ്ത്രീകൾ അനുഭവിക്കുന്ന വിവേചനം, മധ്യവർഗ സമൂഹത്തിലെ വെള്ളക്കാരായ സ്ത്രീകൾ, സ്ത്രീകളുടെ പൊതുപരിപാടികളിൽനിന്ന് കറുത്തവരെ ഒഴിവാക്കിയിരുന്നു. ഒരേസമയം ലിംഗഭേദത്തിന്റെയും വംശീയതയുടെയും ചൂഷണങ്ങൾ സ്ത്രീകൾ അനുഭവിക്കേണ്ടതായി വന്നു. 1973 ൽ ന്യൂയോർക്ക് ആസ്ഥാനമായി അവർക്ക് സംഘടനയും(NBF0) നിലവിൽ വന്നു.

**ദളിത് ഫെമിനിസം ചരിത്രം**

ജാതി, ലിംഗപരമായ പങ്ക് എന്നിവയെ ചോദ്യംചെയ്യുന്ന ഒരു ഫെമിനിസ്റ്റ് വീക്ഷണമാണ് ദളിത് ഫെമിനിസം (Dalit Feminism). ബംഗ്ലാദേശ്, നേപ്പാൾ, പാകിസ്ഥാൻ, ഇന്ത്യ എന്നിവിടങ്ങളിലാണ് പലതരം വെല്ലുവിളികൾ നേരിടുന്ന ദളിത് സ്ത്രീകൾ ഉള്ളത്. ദാരിദ്ര്യം, വിദ്യാഭ്യാസമില്ലായ്മ, പാർശ്വവൽക്കരണം എന്നിവ അനുഭവിക്കുന്നവരാണ് ദളിതർ. ദളിത് ഫെമിനിസ്റ്റുകൾ ലിംഗഭേദം, ജാതി എന്നിവ അടിസ്ഥാനമാക്കി ദളിത് സ്ത്രീകളുടെ തുല്യ അവകാശങ്ങൾക്കായി വാദിക്കുന്നവരാണ് . സ്ത്രീകളെ മുഖ്യധാരയിലേക്ക് കൊണ്ടുവരാൻ ദളിത് ഫെമിനിസ്റ്റുകൾ ശ്രമിക്കുന്നു. നേപ്പാളിൽ 2013ൽ നടത്തിയ ഒരു പഠനത്തിൽ 50.6% ദളിത് സ്ത്രീകളും ശാരീരികവും ലൈംഗികവുമായ അതിക്രമങ്ങൾ നേരിടുന്നതായി കണ്ടെത്തി. പല രാജ്യങ്ങളിലും ദളിത് സ്ത്രീകളെ തട്ടിക്കൊണ്ടു പോകുകയും നിർബന്ധിത മതപരിവർത്തനത്തിന് വിധേയമാക്കുകയും ചെയ്യുന്നു. ഇന്ത്യയിലെ ഫെമിനിസ്റ്റ് പ്രസ്ഥാനവും ദളിത് സ്ത്രീകൾ അഭിമുഖീകരിക്കുന്ന ജാതി പ്രശ്നങ്ങളെ എങ്ങനെ നോക്കിക്കാണുന്നു എന്നത് ചിന്തനീയമാണ് .ഫെമിനിസ്റ്റുകൾ എല്ലാ സ്ത്രീകളും ഒന്നുപോലെ ആണെന്നാണ് കരുതുന്നത്. ദളിത് ഫെമിനിസ്റ്റുകളുടെ വാദം ജാതിയും ലിംഗവും പരസ്പരവിരുദ്ധമായ രണ്ട് വിഭാഗങ്ങളായി കാണാതെ ഇന്റർസെക്ഷണലായി വിഭാവനം ചെയ്യണമെന്നാണ്. ഡൽഹി, ഹേഗ് തുടങ്ങിയിടങ്ങളിലൊക്കെ

സ്ത്രീകൾ സമ്മേളിക്കുകയും അതിക്രമങ്ങൾ ക്കെതിരെ അഭിസംബോധന ചെയ്യുകയും ചെയ്തു. 'ദളിത് സ്ത്രീത്വം ' എന്ന ആശയം ഇതിലൂടെയാണ് രൂപപ്പെട്ടത്. പലയിടങ്ങളിൽ തൊഴിലെടുക്കുന്ന ആദിവാസി സ്ത്രീകൾ, പാടത്തും പറമ്പിലും തുച്ഛമായ ശമ്പളത്തിന് തൊഴിലെടുക്കുന്നവർ, വ്യവസായമേഖലയിൽ തൊഴിൽ ചെയ്യുന്ന സ്ത്രീകൾ എന്നിങ്ങനെ സ്ത്രീയെന്ന പരിഗണന പോലും ലഭിക്കാതെ വിവേചനത്തിനും പീഡനത്തിനും വിധേയരാകുന്ന ദളിതരായ സ്ത്രീകളുടെ പ്രശ്നങ്ങളെ ദലിത് ഫെമിനിസത്തിൽ ഉൾപ്പെടുത്തി പഠനം നിർവഹിക്കുകയാണ് ഈ പ്രബന്ധത്തിന്റെ ലക്ഷ്യം.

സാഹിത്യം മനുഷ്യന്റെ ജീവിതാഖ്യാനങ്ങളുടെ നേർക്കാഴ്ചകളാണ്. സമൂഹത്തിന്റെ, വായനക്കാരുടെ ഇടയിലേക്ക് ആഴത്തിൽ ഇറങ്ങിച്ചെല്ലാൻ കഴിയുന്നതിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്ന ഒരു സാഹിത്യരൂപമാണ് കഥാസാഹിത്യം. മലയാളകഥാസാഹിത്യത്തിലെ ചില കഥകളെ ആശ്രയിച്ചാണ് ഈ പഠനം നിർവഹിക്കുന്നത്. പി.വത്സലയുടെ 'പേമ്പി', സാറാ ജോസഫിന്റെ 'തായ്കുലം', കെ. രേഖയുടെ 'വില്ലുവണ്ടി' എന്നീ കഥകളെ അടിസ്ഥാനമാക്കിയാണ് ഈ പഠനം .

**പെൺമയും ഉടൽവിഛേദവും – പേമ്പി**

സ്ത്രൈണബോധത്തിൽ നിന്നുദിച്ചുയരുന്നവയാണ് പി. വത്സലയുടെ കഥകൾ. സ്ത്രീയും പ്രകൃതിയും ഒന്നാണെന്ന ആത്യന്തിക ബോധം വായനക്കാരിൽ എത്തിക്കാൻ കഴിയുന്ന നിരവധി കഥകൾ വത്സല എഴുതിയിട്ടുണ്ട് .പേമ്പി, മണ്ടകത്തിലെ ദേവി, തടവ് , ഭഗവതിയുടെ കഥ വീണ്ടും, കണ്ണി, ശത്രു, അകത്തേക്കു മാത്രം പഴുതുള്ള അറകൾ എന്നിങ്ങനെ ഉദാഹരണം. ജാതീയമായും ലിംഗപരമായും പാർശ്വവൽക്കരണത്തിന് വിധേയമാകുന്ന സ്ത്രീജീവിതങ്ങൾക്ക് വയനാട്ടിലെ കറുത്ത മണ്ണിന്റെ മണമാണ് ഉള്ളത്. സ്വന്തം സ്വത്വമോ അവകാശ ങ്ങളോ ഇല്ലാത്ത, ചോദ്യം ചെയ്യപ്പെടാൻ വിധിക്കപ്പെട്ടവർ, ചൂഷണത്തിന് വിധേയ മാകുന്ന ഭൂമിയുടെ വിധേയത്വം തന്നെയാണ് പെണ്ണിനും സമൂഹം ചാർത്തി കൊടുക്കുന്നത്. അത്തരം കഥകളും നോവലും പി. വത്സലയുടെ തൂലികയിൽ വളരെ ഭദ്രമാണ്. യാഥാർത്ഥ്യത്തിലേക്ക് ഇറങ്ങിച്ചെല്ലാൻ കഴിയുന്ന തീവ്രവും അനുഭവ വേദ്യവുമായ കഥകളാണ് വത്സലയുടേത്.

പേമ്പി എന്ന കഥയിലേക്കു കടക്കുമ്പോൾ 'ഉടുക്കാനും തേയ്ക്കാനും തരാത്തൊരു നായരെ നിനക്കെന്തിനാടി' എന്ന നായർ തറവാട്ടിലെ അമ്മാവന്റെ ചോദ്യത്തിൽ നിന്നും രക്ഷപ്പെടാനായി വയനാടൻ കാടുകളിലേക്ക് അഭയം തേടിയെത്തിയ വ്യക്തിയാണിതിലെ ഗോപാലൻനായരെന്ന നായക കഥാപാത്രം. വയനാട്ടിലെ ജന്മിയായ നേത്യാരമ്മയുടെ കൃഷിസ്ഥലത്തെ കാവൽക്കാരനായി പുറപ്പെടുന്ന ഗോപാലൻ നായർക്ക് വെപ്പാട്ടിയായി അവർ പറഞ്ഞയച്ചതാണ് പേമ്പിയെ. 14 വയസ്സുള്ള പേമ്പി എന്ന ആദിവാസി പെൺകുട്ടി അന്നു മുതൽ തന്റെ തമ്പ്രാന് വിധേയ യായിരുന്നു, കർഷകന് കൃഷിഭൂമിപോലെ. ഗോപാലൻ നായർ ഭാര്യയെയും (മീനാക്ഷി) മകനെയും കാണാനായി പതിനാറുവർഷത്തിനുള്ളിൽ ഒരിക്കൽപ്പോലും ഈ കാടുവിട്ട് നാട്ടിലേക്ക് പോയിട്ടില്ല. എന്നാൽ അയാളുടെ സംസാര ത്തിനിടയിലെപ്പോഴും താനിവിടെ സ്ഥിരക്കാരനൊന്നുമല്ലല്ലോ എന്ന് ഉച്ചത്തിൽ ആവർത്തിച്ച് പറഞ്ഞുകൊണ്ടിരുന്നു. ഇത് പേമ്പിയ്ക്ക് കൊടുക്കുന്ന ഒരു സൂചന കൂടിയായിരുന്നു. തന്നിൽ ഒരവകാശവും സ്ഥാപിക്കാൻ പേമ്പിയെന്ന പെണ്ണിന് സാധ്യത കൊടുക്കരുതെന്ന ഒരു മുൻകരുതലായിരുന്നു ഗോപാലൻനായരുടെ ഈ വാക്കുകളിൽ തെളിയുന്നത്. എന്നാൽ കഥാഗതിയെ മാറ്റിമറിച്ചുകൊണ്ട് പെട്ടെന്നൊരു ദിവസം നാട്ടിലേക്ക് പോകാൻ ഗോപാലൻ നായർ തയ്യാറെടുക്കുന്നു. താൻ പോയിക്കഴിഞ്ഞാൽ മറ്റൊരു കാവൽക്കാരൻ ഇവിടെ എത്തുമെന്നും അയാളിൽ നിന്നും പേമ്പിയെ രക്ഷപ്പെടു ത്താനായി നേത്യാരമ്മയുടെ അടുത്തെത്തിക്കണമെന്നും ഗോപാലൻ നായർ തീരുമാനിക്കുന്നു. എന്നാൽ പിറ്റേദിവസം അയാൾ ഉണരുന്നതിന് മുൻപു തന്നെ പേമ്പി കാടിനുള്ളിൽ അപ്രത്യക്ഷയായി. പേമ്പി തന്നെ വിട്ടുപോയി, താൻ പേമ്പിയെയല്ല എന്നോർത്ത് ഗോപാലൻ നായർ നടുങ്ങുന്നു. ഇതാണ് പേമ്പി എന്ന കഥയുടെ രത്നച്ചുരുക്കം.

കഥയിൽ നിശ്ശബ്ദ സാന്നിധ്യമായി കടന്നുവരുന്ന പേമ്പി തന്നെയാണ് കഥയെ മുന്നോട്ടു നയിക്കുന്നത്. ജാതീയമായും ലിംഗപരമായും പാർശ്വവൽക്കരണത്തിന് വിധേയമായ പേമ്പി

യുടെ ജീവിതവ്യഥകൾക്ക് വയനാട്ടിലെ കറുത്തമണ്ണിന്റെ മണമാണുള്ളത്. ഗോപാലൻനായർക്ക് വെപ്പാട്ടിയോ വേലക്കാരിയോ അരിവെപ്പുകാരിയോ ആയി എത്തുന്ന പേമ്പി അന്ന മുതൽ തമ്പ്രാന്റെ ഇഷ്ടങ്ങൾക്കൊത്ത് നിന്നുകൊടുക്കുന്ന വെറുമൊരു അടിയാത്തിയായി മാറുന്നു. ഒരു കഷണം പുകയില കൊണ്ടു വിലയ്ക്കു വാങ്ങാവുന്ന അടിയാത്തിപ്പെണ്ണുങ്ങളുടെ പ്രതിനിധിയാണ് പേമ്പിയും. അവൾക്ക് സ്വത്വമോ (identity) അവകാശങ്ങളോ ഇല്ല. ചോദ്യം ചെയ്യാനല്ല, ചെയ്യപ്പെടാനാണവൾ വിധിക്കപ്പെട്ടിരിക്കുന്നത്.

'നാളെ എന്നൊരവസ്ഥ ഇവൾക്കും തനിക്കും ഇടയിലില്ല. അതറിഞ്ഞു ജീവിച്ചോട്ടെ' എന്ന ഗോപാലൻനായരുടെ വാക്കുകൾ പുരുഷൻ ഒരു പെണ്ണിനു വച്ചു നീട്ടുന്ന ചില ഔദാര്യങ്ങളിൽ ഒന്നു മാത്രമായി പരിണമിക്കുന്നു. പതിനാറു കൊല്ലം കൂടെ കഴിഞ്ഞ, എല്ലാം സഹിച്ച പേമ്പി തന്റെ ആരുമല്ല എന്ന തിരിച്ചറിവിലേക്ക് ഗോപാലൻ നായർ എത്തുന്നു. കാട്ടിനുള്ളിൽ കുടുങ്ങിക്കിടക്കുന്ന പുഷ്ടിയേറിയ കറുത്ത മണ്ണുപോലെ വളഞ്ഞുനിൽക്കുന്ന കാടുപോലെ, ചുറ്റിയടിക്കുന്ന തണുത്ത കാറ്റുപോലെ, ചോലവെള്ളം പോലെ ഉപേക്ഷിക്കപ്പെടേണ്ടവളാണ് പെണ്ണ് എന്ന പുരുഷബോധത്തിലേക്ക് ഗോപാലൻ നായർ എത്തിച്ചേരുന്നു. അതിനുള്ള നിരവധി സൂചനകൾ കഥയിൽ കാണാം. തനിക്കായി വലിയ ചെമ്പു നിറയെ വെള്ളം ചൂടായി കിടക്കുമ്പോഴും ഐസു പോലെ തണുത്ത വെള്ളത്തിൽ കുളിച്ചും മറ്റടിയാത്തികൾ ക്കൊപ്പം അവൾക്ക് കൃത്യമായി പച്ച നെല്ലളന്നുകൊടുത്തും പത്തായത്തിന്റെ താക്കോൽ ഒരിക്കലും അവളെ ഏല്പിക്കാതെയും തനിക്കു വേണ്ട നെല്ല് അന്നന്ന് കൃത്യമായി അളന്ന് മുറത്തിലിട്ടുകൊടുത്തും വിശന്നിരുന്നിട്ടും പുറമെ ഉണ്ടുവെന്ന് കള്ളം പറഞ്ഞും അയാൾ അകലം പാലിച്ചിരുന്നു. പേമ്പി തന്റെ ആരുമല്ല എന്ന് തന്നെത്തന്നെ വിശ്വസിപ്പിക്കാനും സമൂഹത്തെ ബോധ്യപ്പെടുത്താനും ശ്രദ്ധിച്ചിരുന്നു. പുരുഷാധിപത്യം എന്ന പുറംമോടി നഷ്ടപ്പെടുമോ എന്ന് ഗോപാലൻനായർ കഥയിലുടനീളം ഭയപ്പെടുന്നതും കാണാം.

വയനാടിന്റെ മണ്ണിൽ മനുഷ്യനനുഭവിക്കുന്ന കീഴാളത്വത്തിന്റെ സഹനം പേമ്പി എന്ന കഥയിലും പി.വത്സല ഭംഗിയായി അവതരിപ്പിച്ചിരിക്കുന്നു. യജമാനൻ കല്പിക്കുന്നു, കീഴാളൻ അനുസരിക്കുന്നു. നേത്യാരമ്മയുടെ കല്പന അനുസരിക്കാൻ വിധിക്കപ്പെട്ട ആദിവാസി വർഗ്ഗപ്രതിനിധികളാണിവർ. പിന്നീടുള്ള പേമ്പിയുടെ ജീവിതം തന്റെ തമ്പ്രാനു വേണ്ടിയായിരുന്നു. വിളവെടുത്തു കഴിഞ്ഞാൽ മണ്ണിനെ മറക്കുന്ന കുടിയേറ്റക്കാരൻ പെണ്ണിനെയും വേണ്ടാന്നു വയ്ക്കുന്നു. എന്നാൽ ഇവിടെ പേമ്പി നിശ്ശബ്ദമായെങ്കിലും ശക്തമായി തന്നെ പ്രതികരിക്കുന്നു. പായ മൂലയിൽ ചുരുട്ടി വച്ച്, പലപ്പോഴായി ഗോപാലൻ നായർ കൊടുത്ത ചില്ലറ നാണയങ്ങൾ പൊതിയാക്കി വച്ച്, അയാൾ സമ്മാനിച്ച പുതിയ സാരി കടലാസിൽ ഭംഗിയായി ചുരുട്ടി വച്ച് എല്ലാത്തിലുമുപരി ജീവനായി കരുതിയ ഒരുറുപ്പിക ത്താലി ഭദ്രമായി സൂക്ഷിച്ചു വച്ച് അയാൾക്കും മുമ്പെ അവൾ അയാളെ ഉപേക്ഷിക്കുന്നു. കണ്ണകിയെപ്പോലെ പുരം ചുട്ടെരിച്ചല്ല, മാധവിയെപ്പോലെ കാടിനെ വരിച്ചാണവൾ പ്രതിഷേധിച്ചത്. സ്ത്രീയും പ്രകൃതിയും ഒന്നാണെന്ന ഇക്കോഫെമിനിസത്തിന്റെ വഴികളിലൂടെയും പേമ്പി എന്ന കഥ സഞ്ചരിക്കുന്നു. ഒരു കീഴാളസ്ത്രീയുടെ ഇത്തരമൊരു പ്രതിഷേധം കാലഘട്ടത്തെ നടുക്കുന്ന ഒന്നുതന്നെയാണ്. ഗോപാലൻനായരുടെ നിസ്സഹായവസ്ഥ സമൂഹം അനുഭവിക്കുന്ന നിസ്സഹായത തന്നെയാണ്. അടിച്ചമർത്തലുകൾക്ക് ഒരു മറുപുറം ഉണ്ടെന്നും അധികാരവ്യവസ്ഥയ്ക്ക് അടിയറവു പറയേണ്ടി വരുമെന്നും ഒരു ചിന്ത മുന്നോട്ടുവയ്ക്കുന്നു പേമ്പി എന്ന കഥ.

ഒരു കഷണം പുകയില കൊണ്ട് വിലയ്ക്കു വാങ്ങാവുന്നതല്ല അദിവാസിപ്പെണ്ണിന്റെ ജീവിതമെന്ന് പേമ്പി തിരിച്ചറിഞ്ഞിരുന്നു. തന്റെ ജീവിതം മറ്റൊരാൾ തീറെഴുതേണ്ടതല്ലെന്ന ബോധത്തിലേക്ക് പേമ്പി എത്തുന്നു. ഗോപാലൻ നായരെ സ്വന്തം ജീവനുതുല്യം അവൾ സ്നേഹിച്ചിട്ടുണ്ടാകണം. ഇനിയൊരു പുരുഷന് തന്നിൽ അവകാശം സ്ഥാപിക്കാനാവസരം കൊടുക്കാൻ പാടില്ലായെന്ന സ്വത്വസംഘർഷം അവളിൽ ഉടലെടുത്തതിന്റെ പരിണിതഫലമാകണം കാട്ടിലേക്ക് മറയാൻ അവളെ പ്രേരിപ്പിച്ചത്. അത് ചിലപ്പോൾ മരണബോധം തന്നെയാവാം. എഴുത്തുകാരി അതിനുള്ള ചില സൂചനകളും കഥയിൽ ബാക്കി നിർത്തുന്നുണ്ട്. പേമ്പി എന്ന കഥ കീഴാളത്വത്തിനെതിരെയും അധികാരവർഗ്ഗത്തിനെതിരെയും നടത്തുന്ന ശക്തമായ

പ്രതിഷേധമായി മാറുന്നു. പ്രകൃതിയും പെണ്ണും ഒന്നാകുന്ന, ശക്തമായ ഭാഷയിലവതരിപ്പിക്കപ്പെട്ട ഒരു ദളിത് ഫെമിനിസ്റ്റ് കഥയാണ് പേമ്പി.

**ഉടലും ഉയിരും കത്തിയടർന്നു പോയ ജീവിതങ്ങൾ: തായ്ക്കുലം**

പെണ്ണായി ജനിച്ചതിൽ ഞാൻ ഏറെ അഭിമാനിക്കുന്നു എന്നു പറഞ്ഞ എഴുത്തുകാരിയാണ് സാറാ ജോസഫ്. അടിച്ചമർത്തപ്പെട്ട സ്ത്രീ സമൂഹത്തെ വെളിച്ചത്തിന്റെ പാതയിലേക്ക് കൊണ്ടുവരാനാണ് സാറാ ജോസഫ് ശ്രമിച്ചത്. സ്ത്രീവിരുദ്ധതയെ മറികടക്കാനാണ് സാറാ ജോസഫ് തന്റെ കഥകളിലൂടെ ശ്രമിച്ചത്. സാറാ ജോസഫ് രാമായണത്തെ മുൻനിർത്തി എഴുതിയ സ്ത്രീപക്ഷകഥകളാണ് അശോക, കാന്താരതാരകം, തായ്ക്കുലം എന്നിവ. ശൂർപണഖയെ കേന്ദ്ര കഥാപാത്രമായി അവതരിപ്പിച്ചിരിക്കുന്നതാണ് തായ്കുലം എന്ന കഥ .

രാമന്റെ വനവാസകാലത്ത് കാട്ടിൽ വച്ച് രാമലക്ഷ്മണന്മാരെ സീതയോടൊപ്പം ശൂർപ്പണഖ കാണുകയും രാമനിൽ അനുരക്തയാകുകയും ചെയ്യുന്നു. രാമനോട് വിവാഹാഭ്യർത്ഥന നടത്തിയെങ്കിലും രാമനത് നിരസിച്ച് ലക്ഷ്മണനെ സമീപിക്കാൻ പറഞ്ഞ് ഒഴിഞ്ഞുമാറുകയാണ്. ജ്യേഷ്ഠ സേവ മാത്രമാണ് തന്റെ നിയോഗം എന്നുപറഞ്ഞ ലക്ഷ്മണനും അതിൽ നിന്ന് പിന്മാറുന്നു .പരിഹാസം മനസ്സിലാക്കാത്ത ശൂർപ്പണഖ വീണ്ടും അവരെ സമീപിക്കുകയും സീതാക്രമണത്തിന് മുതിരുന്ന ശൂർപ്പണഖയെ ലക്ഷ്മണൻ അംഗവിച്ഛേദം വരുത്തുന്നതുമാണ് രാമായണ കഥ. അതിനുശേഷം ഉള്ള ശൂർപ്പണഖയുടെ രോഷമാർന്ന വികാരപ്രകടനങ്ങളാണ് തായ്ക്കുലം എന്ന കഥയ്ക്ക് ആധാരം.

കണ്ണുകളിൽ ജ്വലിക്കുന്ന രോഷാഗ്നിയുമായി, ഒരു പോരാളിയെ പോലെ നഖങ്ങളിൽനിന്നും മിന്നലും തീയും പാറിപ്പിച്ചു കൊണ്ടാണ് ശൂർപണഖയുടെ വരവ്. തങ്ങളുടെ കുലത്തെ കുറിച്ച് പറയുമ്പോൾ അവൾക്കെന്നും അഭിമാനമാണ്. രാവണൻ കടൽ ഇരമ്പുന്ന പോലെ ഉച്ചത്തിൽ ഒന്ന് ശബ്ദം ഉണ്ടാക്കിയാൽ തന്നെ കാട് ഇളകും. ആ രാക്ഷസകുലത്തിൽപ്പെട്ട ശൂർപണഖയെയാണ് രാമലക്ഷ്മണന്മാർ മൂക്കും മുലയും ചെത്തി അവളുടെ കുലത്തെ തന്നെ അപമാനിച്ചു വിട്ടത് . ആ കോപമാണ് അവൾ കാട്ടിലും, പൂങ്കാവനത്തിലും നദിയിലും ഒക്കെ പോകുമ്പോൾ പ്രകടിപ്പിക്കുന്നത്. അടങ്ങാത്ത കോപത്തോടെ നഖങ്ങൾ പാറക്കെട്ടിൽ ഉരച്ച് കിതച്ച് അവളുടെ ശരീരം അനങ്ങുമ്പോൾ അവൾക്ക് വല്ലാത്ത വേദന അനുഭവപ്പെട്ടു. മുലകൾ നൊന്തു വിങ്ങുന്നു. മാറത്തെ മൂടികെട്ടിയ മുറിവിലേക്ക് അവൾ തുറിച്ചു നോക്കി. പച്ചമരുന്നിന്റെ അടരുകൾക്കു താഴെ ശൂന്യമായ ഒരിടം പോലെ തോന്നി. ആ വേദനയിൽ അവൾ ഒരു പുൽത്തണ്ട് വലിച്ചൊടിക്കുകയും കാൽകീഴിൽ ഇരുന്ന മുയൽ കുഞ്ഞിനെ തട്ടിത്തെറിപ്പിക്കുകയും ചെയ്യുന്നു. അവർ അവളുടെ കുലത്തിന്റെ വേരുകളാണ് അറുത്തിട്ടത്. അനേകം തലമുറകളെ പാലൂട്ടിയ തന്റെ കറുത്തിരുണ്ട് മനോജ്ഞമായ മുലകളെ അവൾ വേദനയോടെ ഓർക്കുന്നു. തന്നിലെ സ്ത്രീയെയും അമ്മയെയും കൊല്ലാനായി വാളുയർത്തിയ രണ്ടു പുരുഷന്മാർക്ക് മാപ്പു കൊടുക്കാൻ അവൾക്കാവില്ല. ഇത്തരമൊരു നീച പ്രവർത്തി രാവണനെ പ്പോലൊരു വീരൻ ഒരിക്കലും ചെയ്യുകയില്ല എന്ന് അവൾക്ക് ഉറപ്പുണ്ട്. ഇന്ത കാനകത്തില് ഒരാണും ഒരു പെണ്ണിനോടും ഈ കൊടുമ കാട്ടിയിട്ടില്ല. പെണ്ണ് കാമം കൊണ്ട് ഉലർന്ന് വരുമ്പോൾ ആവതില്ലെങ്കിൽ ഉടപ്പിറന്നവൾക്കു ചേർന്ന വാക്കു പറഞ്ഞ് വേറൊരു ഇടം ചൂണ്ടി വിടും. തായ്യേന്നി തരിശാക്കാൻ രാവണ പെരുമാൾ വാളെടുത്തിട്ടില്ല. പെണ്ണിന്റെ വടിവും കൊലവും കെട്ടുത്തി ഇന്റെ കുലത്തിലാരും വീരൻ ആയിട്ടില്ല.

പ്രണയാഭ്യർത്ഥന നടത്തിയതിന് മറുപടിയായി അടുത്ത തലമുറയെ പാലൂട്ടാനുള്ള മുലകൾ ഛേദിച്ചതിന്റെ രോഷാഗ്നിയാണ് തായ്ക്കുലം എന്ന കഥ. ശൂർപ്പണഖ തെണ്ടകവനത്തിൽ നിൽക്കുമ്പോൾ ശക്തിശാലിയായ രാക്ഷസിയായ അയോമുഖിയെ കാണുന്നു. രാമലക്ഷ്മണന്മാർ അവളുടെയും മൂക്കും മുലയും ഛേദിച്ചു ,ലക്ഷ്മണനോട് പ്രേമം അഭ്യർത്ഥിച്ചതിനാൽ. മാറിലും മൂക്കിലും നിന്ന് രക്തം ചീറ്റിച്ച് അവളും അലമുറയിട്ട് കരയുന്നു. അവളെ വലിച്ചെടുത്ത് മുഖത്തോട് മുഖം നോക്കി നിന്നപ്പോൾ കുലത്തിന്റെ മാനം നഷ്ടമായതായി ശൂർപ്പണഖയ്ക്ക് അനു

ഭവപ്പെട്ടു. ഉടലും പെണ്ണത്തവും നഷ്ടപ്പെട്ട രണ്ട് പെണ്ണുങ്ങൾ – അവരുടെ കോപം ആളിക്കത്തുകയാണ്. ശൂർപ്പണഖയും അയോമുഖിയും ഭൂമിയിലെ മുഴുവൻ സ്ത്രീകളുടെയും പ്രതിനിധിയാണ്. മൂക്ക് ഛേദിക്കപ്പെട്ട അവൾ കാടിന്റെ ഗന്ധം പിടിച്ചെടുക്കാൻ ശ്രമിക്കുന്നു. അതൊരു ചെമ്പകപ്പൂവിന്റെ ഗന്ധമാണെന്ന് തിരിച്ചറിയുന്നു. ബന്ധങ്ങളുടെ പ്രകൃതിയിൽ നിന്ന് താൻ തീർത്തും അന്യയാക്കപ്പെട്ടിട്ടില്ല എന്ന തിരിച്ചറിവ് ശൂർപണഖയെ ധീരയാക്കി. ഭയാനകമായ ഇരുട്ടിൽ ശൂർപ്പണഖ ആയുധപ്പുരയുടെ മുറ്റത്ത് അയോമുഖിയെ തിരഞ്ഞ് നടന്ന ശൂർപ്പണഖയ്ക്ക് താങ്ങാവുന്നത് അയോമുഖി തന്നെയാണ് . ആയുധപ്പുരയുടെ മുറ്റത്ത് അവർ രണ്ടുപേരും മിണ്ടാതെ കുറെ നേരം ഇരുന്നു. കുറച്ചുനേരം കഴിഞ്ഞപ്പോൾ അയോമുഖി പതുക്കെ പറയാൻ തുടങ്ങി.

ലങ്ക മുടിഞ്ഞു!ചൂരിയൻകെട്ടു
ചാർമക്കളത്തീല് മാറ്റലര്ടെ മീതെ
കോടലിടിപോലെ വെട്ടിയ രാവണപ്പെരുമാളും
അവന്റെ ചന്തിരവട്ടുക്കുടേം
തെറിച്ച് പോയി......

അയോമുഖി ഇത് പറഞ്ഞപ്പോൾ ശൂർപ്പണഖ ഒന്നും മിണ്ടിയില്ല. അവളെ വിലക്കിയതും ഇല്ല. ഇതെല്ലാം കേട്ട് ശൂർപ്പണഖ നിന്ന് വിറയ്ക്കാൻ തുടങ്ങി. ആര്യവർഗത്തിന്റെ നീതിയില്ലായ്മ കഥയിൽ ചോദ്യം ചെയ്യപ്പെടുന്നു. ദ്രാവിഡ വർഗ്ഗത്തിൽ ആരും ഇത്തരത്തിൽ പ്രതികരിക്കില്ല എന്ന് ശൂർപ്പണഖയ്ക്ക് ഉറപ്പുണ്ട്. സീത എവിടെ എന്ന ശൂർപ്പണഖയുടെ ചോദ്യത്തിന്, രഹസ്യം പോലെ പതിഞ്ഞ സ്വരത്തിൽ അയോമുഖി പറഞ്ഞു അവരവളുടെ മൂക്കും മുലയും അരിഞ്ഞില്ല, രാവണപെരുമാളുടെ പൂങ്കാവനത്തിലെ അഴുതും പയന്നും നാള് കഴിച്ചേന് കനലാഴി കൂട്ടി അതിൽ ചാടാൻ പറഞ്ഞു. അയോമുഖിയുടെ വാക്കുകൾ കേട്ട് ശൂർപ്പണഖ പൊട്ടിച്ചിരിക്കുന്നു. ആര്യവർഗ്ഗം, ദ്രാവിഡവർഗ്ഗം ആരായാൽ എന്ത്? സ്ത്രീയുടെ നേർക്ക് പുരുഷന്റെ സമീപനം എന്താണെന്ന് ഈ കഥ സ്പഷ്ടമായി തെളിയിക്കുന്നു.

**ചരിത്രം തിരസ്കരിച്ചവരുടെ ഉയിരെഴുത്തുകൾ വില്ലുവണ്ടി**

ജാതിബോധം മനുഷ്യമനസ്സിനെ തേച്ചാലും മായ്ച്ചാലും ഒഴിയാത്ത ബാധയായി കീഴടക്കിയിരിക്കുന്നു. എന്തു വേണ്ട എന്ന് വ്യക്തിയോ സമൂഹമോ മുറവിളി കൂട്ടുമ്പോഴും അതിരുകളെ ഭേദിച്ച് തിരതള്ളി വരുന്ന ഒന്നായി മാറുന്നു. തിരസ്കരിക്കപ്പെട്ടവരുടെ അല്ലെങ്കിൽ പാർശ്വവൽക്കരിക്കപ്പെട്ടവരുടെ കൂട്ടത്തിൽ സ്ത്രീയും ജാതിയും പരസ്പര പൂരകങ്ങളാണ്. അത്തരം സാഹചര്യത്തിലെ സമകാലിക കഥകൾ എടുത്താൽ ഇത്തരമൊരു വിഷയം കൈകാര്യം ചെയ്യുന്ന മികച്ച കഥകളിലൊന്നാണ് കെ. രേഖയുടെ വില്ലുവണ്ടി . സമകാലിക സ്ത്രീ എഴുത്തുകാരിൽ സ്ത്രീജീവിതത്തെ സൂക്ഷ്മമായി അവതരിപ്പിച്ച എഴുത്തുകാരിയാണ് കെ. രേഖ .കീഴാളത്വവും സ്ത്രീ ചിന്തയും അവതരിപ്പിക്കപ്പെടുന്ന മറ്റു കഥകൾക്കൊപ്പം നിൽക്കാൻ കെല്പുള്ള കഥയും കഥാനായികയും ആണ് ഈ കഥയിലേത്. ഡിപ്പാർട്ട്മെൻറ് ഓഫ് മാനേജ്മെൻറ് സ്റ്റഡീസിലെ ഡോ. വെങ്കിടേശ്വരൻ സുബ്രഹ്മണ്യരുടെ റിട്ടയർമെൻറ് ഫംഗ്ഷനുമായി ബന്ധപ്പെട്ട് 20 വർഷം മുമ്പ് പഠിച്ചിരുന്ന വിദ്യാർത്ഥികൾ അധ്യാപകന് ഒരു യാത്രയയപ്പ് നൽകുന്നു .അതിൽ പങ്കെടുക്കാൻ വന്ന വിദ്യാർത്ഥികളുടെ ഓരോരുത്തരുടെയും സ്റ്റാറ്റസ് നിർണയിക്കുന്നത് അവരുടെ കാറിന്റെയും അതിന്റെ വിലയുടെയും അടിസ്ഥാന ത്തിലാണ്. ബെൻസിന്റെയും ബി.എം.ഡബ്ല്യുവിന്റെയും പല പല മോഡലുകൾ. റിട്ടയേർഡ് ആകുന്ന വെങ്കിടിസാറിന് ശിഷ്യർ സമ്മാനിച്ചത് അലങ്കരിച്ച സെഡാൻ കാർ ആയിരുന്നു.

മാനേജ്മെൻറ് സ്റ്റഡീസിന്റെ അഡ്മിഷൻ സമയത്ത് ഉമാബാലൻ എന്ന പെൺകുട്ടിയും ഇല്യാസും മാത്രം വെള്ളത്തിലെ പാഴിലപോലെ മാനേജ്മെൻറ് സ്റ്റഡിക്ക് എത്തിച്ചേർന്നവരാണ്. മാനേജ്മെൻറ് മേഖല വിട്ടുപോയ ഉമാ ബാലൻ ഇന്ന് ബ്ലോക്ക് പഞ്ചായത്ത് മെമ്പറായാണ് തിരിച്ചുവരുന്നത്. തിരിച്ചുവരവ് മറ്റെല്ലാ സഹപാഠികളും നേടിയ സാമ്പത്തിക ഭദ്രതയോടെയോ ബിസിനസ് തന്ത്രങ്ങളോട് കൂടിയോ അല്ല, മറിച്ച് തീവ്രമായ അനുഭവമേഖലയിൽ നിന്നും തിരിച്ചറിവിന്റെ ലോകത്തേക്കാണ്. തീവ്രാനുഭവത്തിൽ നിന്നും കയറി വന്ന

ഉമാബാലൻ എന്ന ഉമ നിയമം കൊണ്ടുതന്നെ പോരാട്ടം നടത്തുന്നത് കഥയിൽ കാണാം. നേരിട്ട ചൂഷണങ്ങൾക്കും പൊള്ളത്തരങ്ങൾക്കും നേരെ മറുചോദ്യത്തിന്റെ സൂചിമുന കൊണ്ട് നേരിടാനുള്ള ആർജ്ജവം നേടി തിരിച്ചുവരുന്നയിടത്തു നിന്നാണ് കഥ ആരംഭിക്കുന്നത്.

തന്റെ നേർക്ക് നിയന്ത്രണമേർപ്പെടുത്തുമ്പോൾ നിയമമുണ്ടോ എന്ന് ചോദ്യം എറിയുന്ന, തന്റെ സമൂഹം തനിക്കുനേരെ ചൂണ്ടിയ വിരൽ സമൂഹത്തിന് നേരെ ചൂണ്ടുമ്പോൾ ആത്മവിശ്വാസം ലഭിച്ചവളായി മാറുന്ന നായിക. കോളേജിനും പരിസരത്തിനും 20 കൊല്ലം കൊണ്ട് ഉണ്ടായ മാറ്റത്തെ വിലയിരുത്തുന്നിടത്തെ സൂക്ഷ്മത ശ്രദ്ധേയമാണ്. ആരുടെ മുന്നിലും തലകുനിക്കാത്ത നിവർന്ന് നിന്ന് തന്റെ അഭിപ്രായം പറയുന്ന ഉമാബാലനെയാണ് 20 വർഷത്തിനുശേഷം നമ്മൾ കഥയിൽ കാണുന്നത്. ദിവസം മുഴുവൻ പൂത്തുനിൽക്കാൻ ചന്ദനലേപം തേയ്ക്കുമ്പോൾ ആത്മവിശ്വാസം പരിമളകാന്തിയായി പരിണമിക്കുന്നു. വെങ്കിടി സാറിന്റെ റിട്ടയർമെൻറ് ഫംഗ്ഷനുള്ള ക്ഷണക്കത്ത് കയ്യിൽ കിട്ടിയപ്പോൾ അമ്പരന്നുപോയി. വലിയ വലിയ ഉയരങ്ങൾ കീഴടക്കിയ പൂർവ്വ വിദ്യാർത്ഥികൾ കോഴ്സിൽ തോറ്റു തുരുമ്പിച്ചു പോയവരെ എങ്ങനെ ഓർമിക്കാനാണ്. ജീവിതത്തിന്റെ ഒരു ഘട്ടം പിന്നിട്ടാൽ വിജയിക്കുന്ന വർക്കാണ് ഭയം .തോൽക്കുന്നവർക്ക് പ്രതീക്ഷയില്ലായ്മയുടെ ഒരു അലസസുഖമാണ്. ഒരുകൂട്ടം മിട്ടുക്കർക്കിടയിൽ ഉമയും ഇല്യാസും മാത്രമായിരുന്നു ആത്മാവില്ലാതെ ഒഴുകി നടന്നവർ. സാറേ ഇതൊക്കെ ഉള്ളതാണോ നിങ്ങൾ ഈ പറഞ്ഞതൊക്കെ സത്യമാണോ എന്ന് ചോദ്യവുമായി എങ്ങോട്ടോ ഇറങ്ങി പോയവനാണ് ഇല്യാസ്. സാരി വിടർത്തിയിട്ട് അരമതിലിന്റെ ചുമരിൽ ചാരി കാലുകൾ നീട്ടിയിരുന്ന ഉമ, ഒതുക്കക്കുറവ് ഉണ്ടെങ്കിലും അങ്ങനെ ഇരിക്കണമെന്നവൾ  ഉറപ്പിച്ചു. വലുതാകാനുള്ള ഒരവസരവും കളയരുത് എന്ന ഭർത്താവ് അരവിന്ദന്റെ നിർദേശത്തെ ഉമ തിരുത്തുന്നു. ഇത് ചെറുതാകാനുള്ള അവസരമാണ്. പഠിക്കുന്ന കാലത്ത് ക്ലാസിലും താമസസ്ഥലത്തും ഉമ ഒറ്റയ്ക്കായിരുന്നു. കൂടെയുള്ള ഇംഗ്ലീഷ് അറിയുന്നവരുടെ മുന്നിൽ ഇംഗ്ലീഷ് അറിയാത്തവൾ എന്ന ലേബലിൽ ഉമ ഒതുങ്ങി. ഉമയുടെ മകൻ പറയുന്നത് അമ്മയ്ക്ക് അറിയാതിരുന്നത് ഇംഗ്ലീഷ് അല്ല, കോൺഫിഡൻസ് ആണ് എന്ന്.

ഒടുവിൽ വെങ്കിടി സാറിന്റെ പ്രസംഗത്തിനിടയിൽ ഉമാ ബാലൻ മുതൽ അമേരിക്കയിലെ ഏറ്റവും ശക്തനായ ഇന്ത്യക്കാരൻ ജീവൻ മാത്യൂസ് കോശി  വരെ ഇവിടെ എത്തിയിരിക്കുന്നു. 'ഉമ' മുതൽ എന്ന പ്രയോഗത്തിൽ അവൾ ചുരുങ്ങി കൺമുന്നിൽ ഇരിക്കുന്നവന്റെ വിശപ്പിലേക്ക് ഇല മണ്ണിൽ കുഴിച്ചിട്ട് കഞ്ഞി വിളമ്പുന്ന ആനന്ദം എന്നാണ് ഈ സന്ദർഭത്തെ ഉമ വിലയിരുത്തിയത്. ജാതിയും സ്ത്രീയും എന്ന മാറ്റി നിർത്തലിന്റെ അധിക്ഷേപം നേരിട്ടനുഭവിക്കുന്നു ഉമ. ഉയർന്ന ജാതിയുടെ ജനിതകം പേറുന്നവരെ വിദ്യ അഭ്യസിപ്പിക്കാനാണ് വെങ്കിടി സാറിന് ഇഷ്ടം .പഴയ രജിസ്റ്ററിൽ നോക്കി ആൽഫബെറ്റ് ക്രമത്തിൽ പ്രസംഗിക്കാൻ വിളിച്ചപ്പോൾ ഉമ പറയുന്നു, അത് വേണ്ട സാർ ആ ക്രമത്തിൽ വിളിച്ചാൽ ഞാൻ പതിവുപോലെ അവസാനമാകും പതിവ് വിട്ട് മാറിക്കൂടെ? പറ്റില്ല പതിവിൻ പടി പോട്ടെ. ലോകം കീഴടക്കി വരുന്നവരാണ് ഇവരെല്ലാം ലോകത്തിനു കീഴടങ്ങി കഴിയുന്നവർ കാത്തിരുന്നേ മതിയാകു എന്ന് പറയുന്നത് മര്യാദയല്ല എന്ന് ഉമ സൂചിപ്പിക്കുന്നു. നീ സ്ത്രീയും ഒപ്പം കീഴാളത്തം പേറുന്നവളുമാണെന്ന സൂചന കഥയിലുണ്ട്. നീ സ്മാർട്ട് ആയല്ലോ, പഴയ പേടിത്തൊണ്ടി അല്ല എന്ന പരാമർശം  സ്ത്രീ സ്മാർട്ട് ആകാൻ പാടില്ല എന്ന സാമൂഹികബോധം നോബിൾ ജോസിലൂടെ കഥയിൽ പ്രതിഫലിക്കുന്നു. സഹ പാഠികളിൽ അജിത്താണ് എന്തെങ്കിലും ഒരു മമത ഉമയോട് കാണിക്കുന്നത്.എന്നാൽ കഥാന്ത്യത്തിൽ അജിത്ത് രാജ എന്ന അജിത്ത് രക്തം ഛർദിച്ച് കുഴഞ്ഞു വീഴുമ്പോൾ രക്ഷിക്കാൻ ആരും വരുന്നില്ല .

നിങ്ങളൊക്കെ എന്തൊരു മനുഷ്യരാണെടോ? വെങ്കിടി സാർ ഉൾപ്പെടെ നിങ്ങ ളൊക്കെ. എന്നേ മരിച്ചു കഴിഞ്ഞിരിക്കുന്ന സ്നേഹവും സന്തോഷവും സന്മനസ്സുമാണ് ജീവിതത്തിന്റെ മാനദണ്ഡമെങ്കിൽ നിങ്ങളൊക്കെ എത്ര ഭീകരമായ പരാജയമാണെന്ന് ഉമ ഉപസംഹരിക്കുന്നു. എന്നെങ്കിലും ജീവിതത്തിൽ അവസരം കിട്ടുമ്പോൾ നിങ്ങൾക്കിടയിൽ മണ്ടനെപ്പോലെ ജീവിച്ച അതിബുദ്ധിമാനെ  കണ്ടെത്താൻ  ശ്രമിക്ക ണമെന്ന് അവൾ പറയുന്നു. വിലപിടിപ്പുള്ള കാറിൽ വന്ന സഹപാഠികളെ കണ്ടപ്പോഴല്ല മറിച്ച് ഒരുപറ്റം ആടുകളെ മേച്ച് കൊണ്ട് ഒരു

കുന്നിൻ പുറത്ത് മലർന്ന കിടക്കുന്ന ആട്ടിടയനെ സങ്കൽപ്പിച്ചപ്പോഴാണ് ഉള്ളിലൊരു തണുപ്പ് ഉമയ്ക്ക് തോന്നിയത്. അവൾ ഒറ്റയ്ക്കല്ല എന്ന ബോധ്യം അവളുടെ നിലനില്പിന്റെ, അതിജീവനത്തിന്റെ രാസവിദ്യയായി മാറുന്നു.

വില്ലുവണ്ടി എന്ന കഥയ്ക്ക് ചരിത്രത്തെ മാറ്റിനിർത്തി സഞ്ചരിക്കാനാവില്ല . ജാതി നിയമങ്ങൾ കർശനമായി പാലിക്കപ്പെട്ടിരുന്ന തിരുവിതാംകൂറിൽ 1886 ൽഎല്ലാ ജാതി മതസ്ഥർക്കും ഉപയോഗിക്കാനായി രാജവീഥി തുറന്നു കൊടുക്കപ്പെട്ടുവെങ്കിലും സമൂഹം അതിനനുവദിച്ചില്ല. ഒരു പ്രദേശത്ത് ജനിച്ച് അവിടെത്തന്നെ ജീവിച്ച് പുറത്തേക്ക് പോകാതെ മരിക്കുന്ന നിശ്ചല സമൂഹമായിരുന്നു തിരുവിതാംകൂറിലേത്. ചെറുപ്പം മുതലേ അസമത്വം അനുഭവിച്ചിരുന്ന അയ്യങ്കാളി ഒരു കാളവണ്ടി വാങ്ങി മുണ്ടും മേൽ മുണ്ടും വെള്ള ബനിയനും തലപ്പാവും പൊതുവീഥിയിലൂടെയാത്ര നടത്തി. അതാണ് 1893 ലെ ചരിത്ര പ്രസിദ്ധമായ വില്ലുവണ്ടി സമരം. ഈയൊരവസ്ഥയിൽ നിന്നും ഒട്ടും മുന്നോട്ടു പോയിട്ടില്ല എന്ന് കെ. രേഖയുടെ വില്ലുവണ്ടി എന്ന കഥ തെളിയിക്കുന്നു. കണ്ണുകളാണ് മനുഷ്യനിലെ മാറ്റമില്ലാത്ത ഒരു തിരിച്ചറിയൽ രേഖ - നോട്ടത്തിന്റെ അടയാളം ഉയർത്തികാട്ടി കണ്ണു പറയും ഞാനിതാ ഇവിടെ ഒരു മാറ്റവുമില്ലാതെ നിൽപ്പുണ്ട്. ചരിത്രം പോലെ ആരും ഒരു പടി പോലും മാറിയിട്ടില്ല എന്ന ബോധ്യം ഉമാബാലനുണ്ടാകുന്നിടത്ത് അവൾ ഒറ്റയ്ക്കല്ലാന്ന് തോന്നി കഥ അവസാനിക്കുന്നു.

പാർശ്വവൽക്കരണം ഒരുവിധത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ ലോകസമൂഹ ത്തിൽ നിലനില്ക്കുന്ന ഒരു വ്യവസ്ഥയാണ്. അതിൽ സ്ത്രീ നേരിടുന്ന പ്രശ്നങ്ങൾ നിരവധിയാണ്. ചർച്ചകളും സംവാദങ്ങളും സർവ്വേയും ഗവേഷണങ്ങളും നടക്കുന്നുവെങ്കിലും ഉത്തരം കിട്ടാത്ത ഒരു ചോദ്യമായി സ്ത്രീ പ്രശ്നങ്ങൾ നിലനിൽക്കുന്നു. പാർശ്വവൽക്കരണം ഒന്നിലൊതുങ്ങാതെ പല തരത്തിൽ മനുഷ്യ ജീവിതത്തെ തകിടം മറിക്കുന്ന കാഴ്ചയാണ് ദളിത് ഫെമിനിസത്തിനു സംഭവിച്ചത്. സ്ത്രീ എന്ന മാറ്റി നിർത്തലിനൊപ്പം ജാതീയമായ കീഴ്പ്പെടുത്തൽ കൂടിയാകുമ്പോൾ പ്രശ്നം സങ്കീർണമാവുകയാണ്. ഈയൊരു പ്രശ്നത്തെ ദളിത് ഫെമിനിസം കൈകാര്യം ചെയ്യുന്നു. മലയാള കഥാസാഹിത്യത്തിലെ മൂന്ന് കഥകളാണ് ഈ പഠനത്തിന് വിഷയമാക്കിയത്. വത്സലയുടെ പേമ്പി,സാറാ ജോസഫിന്റെ തായ്കുലം, കെ. രേഖയുടെ വില്ലുവണ്ടി എന്നിവ. മൂന്നു കഥകളിലെയും സ്ത്രീകൾ ഒരുതരത്തിൽ അല്ലെങ്കിൽ മറ്റൊരു തരത്തിൽ ചൂഷണം അനുഭവിച്ചവരാണ്. പേമ്പിയും ശൂർപ്പണഖയും ഉമാ ബാലനും നേരിട്ട തീവ്രാനുഭവങ്ങളിൽ നിന്നും പുറത്ത് കടക്കാൻ അവരവരുടേതായ ശ്രമം നടത്തുന്നുണ്ട്.

അനുസരിക്കാൻ വിധിക്കപ്പെട്ട കീഴാളവർഗ്ഗപ്രതിനിധിയാണ് പി.വത്സലയുടെ പേമ്പി. അവൾക്ക് സ്വത്വമോ അവകാശങ്ങളോ ഇല്ല. ചോദ്യം ചെയ്യാനല്ല, ചെയ്യപ്പെടാനാണവൾ വിധിക്കപ്പെട്ടിരിക്കുന്നത്. ചൂഷണത്തിന് വിധേയമാകുന്ന ഭൂമിയുടെ വിധേയത്വം തന്നെയാണ് പെണ്ണിനും.ഒരു കഷണം പുകയില കൊണ്ട് വിലയ്ക്കു വാങ്ങാവുന്നതല്ല അദിവാസിപ്പെണ്ണിന്റെ ജീവിതമെന്ന് പേമ്പി തിരിച്ചറിഞ്ഞിരുന്നു. തന്റെ ജീവിതം മറ്റൊരാൾ തീരെഴുതേണ്ടതല്ലെന്ന ബോധത്തിലേക്ക് പേമ്പി എത്തുന്നു. ഇനിയൊരു പുരുഷന് തന്നിൽ അവകാശം സ്ഥാപിക്കാനാവസരം കൊടുക്കാൻ പാടില്ലായെന്ന സ്വത്വ സംഘർഷം അവളിൽ ഉടലെടുത്തതിന്റെ പരിണതഫലമാകണം കാട്ടിലേക്ക് മറയാൻ അവളെ പ്രേരിപ്പിച്ചത്.

ശൂർപ്പണഖയെ കേന്ദ്ര കഥാപാത്രമാക്കിഅവതരിപ്പിച്ച കഥയാണ് തായ്കുലം . തന്റെ കുലത്തിന്റെ വേരറുക്കുകയാണ് തന്നോട് പുരുഷൻ ചെയ്തതെന്ന് ശൂർപ്പണഖ യ്ക്കറിയാം. ആര്യവർഗത്തിന്റെ നീതിയില്ലായ്മ കഥയിൽ ചോദ്യം ചെയ്യപ്പെടുമ്പോഴും സീതയ്ക്കും അതിൽ നിന്നും മുക്തിയില്ലായെന്ന സത്യം ശൂർപ്പണഖ തിരിച്ചറിയുന്നു. അവിടെയാണ് സ്ത്രീയായതിന്റെ പേരിൽ തനിക്കഭിമുഖീകരിക്കേണ്ടി വന്ന ശാരീരിക പീഡനത്തേയും മാനസിക സംഘർഷത്തേയും ശൂർപണഖ പുളയുന്ന വേദനയോടെ സമീപിച്ചത്. ശൂർപ്പണഖ, അയോമുഖി അവരെക്കൂടാതെ സീതയെയും പരാമർശിച്ചു കൊണ്ടാണ് സാറാ ജോസഫ് തായ്കുലം അവസാനിപ്പിക്കുന്നത്.

കാലമെത്ര പുരോഗമിച്ചാലും നവോത്ഥാനവും നവോത്ഥാന നായകരും കടന്നു വന്നാലും മാറ്റമില്ലാതെ തുടരുന്ന ഉറച്ചു പോയ ചില വ്യവസ്ഥകളെ തുടച്ചുനീക്കാൻ ഒരാൾക്കും കഴിയി

ല്ലെന്നതിന്റെ ദൃഷ്ടാന്തമാണ് കെ. രേഖയുടെ വില്ലുവണ്ടി എന്ന കഥ. കഥയിലെ നായിക ഉമാബാലൻ ജീവിതത്തിലെ തീവ്രാനുഭവങ്ങളിൽ നിന്നും പലതും പഠിച്ചെടുത്തവളാണ്. വിദ്യാഭ്യാസം നേടിയാലും തൊഴിൽ നേടിയാലും തന്നിലെ കീഴാള ത്തത്തെ കുഴികുത്തി ഇലയിൽ വിളമ്പാൻ തന്നെയാണ് ഇപ്പോഴും ശ്രമിക്കുന്നതെന്ന തിരിച്ചറിവ് ഉമാബാലനുണ്ടാകുന്നു. ദളിതരായ സ്ത്രീകൾ അനുഭവിക്കുന്ന ദുരവസ്ഥകൾ മൂന്നുകഥകളിലും വളരെ അനുഭവവേദ്യമായി തന്നെ അവതരിപ്പിച്ചിരിക്കുന്നു.

## ഗ്രന്ഥസൂചി

1 ജയകൃഷ്ണൻ എൻ., പെണ്ണെഴുത്ത്, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2002.
2. മിനി പ്രസാദ്, പെൺകഥകളുടെ ഫെമിനിസ്റ്റ് വായന, പബ്ലിഷേഴ്സ് കോഴിക്കോട് 2015
3. മേരി റീമ, സാഹിത്യചരിത്രങ്ങളും സ്ത്രീകളും സിദ്ധാന്തവും പ്രയോഗവും കേരള ബുക്ക് ട്രസ്റ്റ്, 2015
4. വത്സല പി, എന്റെ പ്രിയപ്പെട്ട കഥകൾ, ഡിസി ബുക്സ്, കോട്ടയം, 2008
5. സിമോൺ ഡി ബുവ, സെക്കൻഡ് സെക്സ് നാഷണൽ ബുക്സ് സ്റ്റാൾ, വിവർത്തനം - മുഞ്ഞിനാട് പത്മകുമാർ 2018

susannashibu@gmail.com

# അംബേദ്കർ–ഗാന്ധി സംവാദത്തിലെ സ്ഥലപരമായ സംഘർഷങ്ങൾ

**അശ്വതി പി.**
ഗവേഷക, മലയാളവിഭാഗം
ശ്രീ ശങ്കരാചാര്യ സംസ്കൃതസർവ്വകലാശാല, കാലടി

**പ്രബന്ധസംഗ്രഹം**

ദേശീയതലത്തിൽ ഹിന്ദുത്വപ്രചരണങ്ങളുടെ ഭാഗമായി അരികുവൽക്കരണങ്ങളെ ന്യായീകരിക്കുന്ന ചരിത്രങ്ങൾ വീണ്ടെടുക്കപ്പെടുമ്പോൾ അംബേദ്കറുടെ വിചാരധാരകൾ അതിനോട് ധൈഷണികമായി കലഹിക്കുന്നുണ്ട്. ഇന്ത്യയുടെ സാംസ്കാരിക ബഹുത്വവും പലമകളും തിരസ്കരിക്കപ്പെടുകയും ഏകത്വത്തെ സംബന്ധിച്ച ചർച്ചകൾ മേൽക്കൈ നേടുകയും ചെയ്യുന്ന ചരിത്ര സന്ദർഭത്തിലേയ്ക്ക് അംബേദ്കറുടെ അനുഭവമൂല്യമുള്ള ബൗദ്ധികവിചാരങ്ങൾ പ്രതിരോധാത്മകമായി സ്ഥാനപ്പെടുന്നുണ്ട്. ഈ പ്രബന്ധത്തിൽ അംബേദ്കർ- ഗാന്ധി സംവാദങ്ങളിലെ ഗ്രാമ-നഗരങ്ങളെക്കുറിച്ചുള്ള ആലോചനകളെ സ്ഥലപരമായി വിശകലനം ചെയ്യുന്നു. ഗ്രാമങ്ങളെയും നഗരങ്ങളെയും സംബന്ധിച്ച ഗാന്ധിയുടെയും അംബേദ്കറിന്റെയും വീക്ഷണങ്ങൾ ദേശീയപ്രസ്ഥാനത്തിന്റെ ഭാഗമായി ഉണ്ടായിവന്നിട്ടുള്ള ദേശസങ്കല്പത്തിലെ ജാതിമേധാവിത്വത്തെ വെളിവാക്കുന്നുണ്ട്. ദലിത് ബഹുജനങ്ങളുടെ കർതൃത്വത്തെയും അനുഭവമണ്ഡലങ്ങളെയും അത് പ്രശ്നവൽക്കരിക്കുന്നു. അംബേദ്കർ,ഗോപാൽ ഗുരു,ലഫബ്രെ,സോജ എന്നിവരുടെ ചിന്താധാരകളിലെ സ്ഥലപരികല്പനകളെ മുൻനിർത്തിയാണ് ഗാന്ധി-അംബേദ്കർ സംവാദത്തിലെ സ്ഥലപരമായ സംഘർഷങ്ങളെക്കുറിച്ച് അന്വേഷിക്കുന്നത്. ജാതികേന്ദ്രിതമായ സ്ഥലഭാവനകൾ ഉണ്ടാക്കിയെടുക്കുന്ന വ്യതിരിക്തമായ അനുഭവമണ്ഡലങ്ങൾ സാമാന്യവൽക്കരിക്കപ്പെട്ട ഇന്ത്യയുടെ രാഷ്ട്രബോധത്തെ ചോദ്യം ചെയ്യുന്നുണ്ട്. മാത്രമല്ല അസ്പൃശ്യത സാമൂഹികവും സ്ഥലപരവുമായ നിർമ്മിതി കൂടിയാണെന്ന് ഗ്രാമ-നഗര സംവാദങ്ങൾ സാക്ഷ്യപ്പെടുത്തുന്നുണ്ട്.

**താക്കോൽവാക്കുകൾ:**
ഗ്രാമം,നഗരം, അംബേദ്കറിസം, സ്ഥലഭാവന/ഇടം,അരികുവൽക്കരണം, ജാതിയുടെ സ്ഥലപരത, അനുഭവം, സ്ഥലസംഘർഷങ്ങൾ

**ആമുഖം**

നൂറ്റാണ്ടുകളായി ജാതീയമായി അരികുവൽക്കരിക്കപ്പെട്ട ജനസമൂഹങ്ങൾ ആധുനികമായ ലോകബോധത്തിലും വ്യവസ്ഥാപരമായി തന്നെ ഒഴിവാക്കപ്പെട്ടു. ഇതിനെതിരെ ജാതിയോടും അതിനോടനുബന്ധിച്ചുള്ള ഭൂമിശാസ്ത്രപരമായ ഒറ്റപ്പെടുത്തലുകളോടും സാമ്പത്തികവും

സാംസ്കാരികവും സാമൂഹ്യവുമായ പുറന്തള്ളലുകളോടും പലമട്ടിൽ കലഹിച്ചുകൊണ്ടാണ് ദലിത് വിമോചനപ്രസ്ഥാനങ്ങൾ വികസിച്ചു വന്നത്. ഇതിന്റെ പ്രത്യയശാസ്ത്രപരമായ അടിത്തറ അംബേദ്കറിസമാണ്. കൂടാതെ വർത്തമാനകാലത്തെ ദലിത് ബൗദ്ധികലോകം ജാതിപ്രശ്നങ്ങളെ കാര്യക്ഷമമായി അഭിസംബോധന ചെയ്യാൻ കഴിയുന്ന വിധത്തിൽ പ്രത്യയശാസ്ത്രപരിസരങ്ങളുടെ നിരന്തരമായ പുതുക്കലുകളിൽ സവിശേഷമായ ശ്രദ്ധ കാണിക്കുന്നുണ്ട്. അതിന്റെ ഭാഗമായി അംബേദ്കറുടെ ധൈഷണിക ഇടപെടലുകൾ ഏറെ ഗഹനമായി ആലോചിക്കപ്പെടുന്നുണ്ട്. അത്തരത്തിൽ സ്ഥലപരമായി പുനർവിചിന്തനം ചെയ്യപ്പെട്ട ഒന്നാണ് ഗാന്ധി-അംബേദ്കർ സംവാദത്തിലെ ഗ്രാമ-നഗരങ്ങളെ സംബന്ധിച്ച ചർച്ചകൾ. ദലിതരുടെ രാഷ്ട്രീയ കർതൃത്വത്തെയും സമൂഹത്തിലെ സ്ഥലപരമായ സ്ഥാനപ്പെടലുകളെയും പാർശ്വവൽക്കരണത്തിന്റെ അനുഭവമണ്ഡലങ്ങളെയും ഇതിന്റെ പശ്ചാത്തലത്തിൽ നോക്കിക്കാണേണ്ടതുണ്ട്.

## ഇന്ത്യയിലെ അയിത്തവും അകലവും

ഇന്ത്യ ആദ്യമായി കോളനീകരിക്കപ്പെട്ടത് ആത്മീയഫാഷിസ്റ്റുകളായ ബ്രാഹ്മണരാലാണ്. ചാതുർവർണ്യത്തിലൂന്നിയ സാമൂഹ്യസംവിധാനത്തെ നടപ്പിൽ വരുത്തുകയും ധൈഷണികമായ പരിവേഷം ചാർത്തി വേദപുരാണങ്ങളിലൂടെ അതിന് ചരിത്രവും ന്യായവും കല്പിക്കുകയും ചെയ്തു. നൂറ്റാണ്ടുകളോളം ജാതികേന്ദ്രിതമായ വിഭജന യുക്തികൾ അറിവിലും അധികാരത്തിലും ദൈനംദിന വ്യവഹാരങ്ങളിലുമുൾപ്പെടെ ആന്തരികവൽക്കരിക്കപ്പെട്ടു (Internalisation). എന്നാൽ ഇന്ത്യൻ സമൂഹത്തിലെ സാമൂഹ്യവിവേചനത്തിന്റെ സവിശേഷയുക്തിയായ ജാതിയെ മതാത്മകമായ ചട്ടക്കൂടിൽ പ്രതിഷ്ഠിക്കുന്നത് ബ്രിട്ടീഷ് ഭരണമാണ്. പക്ഷേ ജാതിഹിന്ദുക്കൾ ഒരു ഘട്ടത്തിലും ദലിതരെ ഉൾക്കൊണ്ടിരുന്നില്ല. പക്ഷേ ഹിന്ദുമതം ന്യൂനപക്ഷങ്ങളായി ചുരുങ്ങാതിരിക്കാൻ വേണ്ടിയാണ് ഭൂരിപക്ഷങ്ങളെ ഔദ്യോഗികമായി ഉൾക്കൊണ്ടുവെന്ന പ്രഖ്യാപനം നടന്നതെന്ന് പല ചരിത്രഘട്ടങ്ങളും തെളിയിക്കുന്നു. അതിന്റെ മറുപുറത്ത് ജാതി യാതൊരു പ്രതിബന്ധങ്ങളുമില്ലാതെ അതിന്റെ ഭ്രഷ്ടുകളെ നിരുപാധികം തുടരുകയും ചെയ്തു. സാമൂഹ്യ-രാഷ്ട്രീയ തലങ്ങളിൽ അധികാരം നിലനിർത്താൻ അനിവാര്യമായൊരു സന്ധി ചെയ്യലെന്നതിനപ്പുറം ഗാന്ധിജി വിഭാവനം ചെയ്ത പരിഷ്കരണമൊന്നും അതിനുള്ളിൽ നടപ്പായില്ല. മാത്രമല്ല ജാതിയെ പ്രയോജനപ്പെടുത്തുന്ന മനുഷ്യസമൂഹങ്ങൾ ഏത് വിധേനയും അതിനെ നിലനിർത്താനുള്ള പരിശ്രമങ്ങൾ എല്ലാക്കാലത്തും നടത്തിപ്പോന്നിട്ടുണ്ട്. അതിന്റെ തിക്തഫലങ്ങൾ അനുഭവിച്ചവരാവട്ടെ കാലങ്ങളായുള്ള തിരസ്കാരത്തെ നിഷേധിച്ചുകൊണ്ട് അതിനെ പ്രതിരോധിക്കാൻ നടത്തിയ ശ്രമങ്ങൾക്കും സുദീർഘമായ ചരിത്രത്തുടർച്ചകളുണ്ട്.

ചരിത്രപരമായി നടന്നുപോന്നിട്ടുള്ള സാമൂഹിക ബഹിഷ്കരണത്തിന്റെ അടിസ്ഥാന തത്വം അകലമാണ്. അതാവട്ടെ ജാതിയുടെ ശ്രേണീബദ്ധമായ വ്യവസ്ഥിതിയ്ക്കകത്താണ് നിർണയിക്കപ്പെടുന്നത്. വിഭവം, അധികാരം, ആത്മാഭിമാനപരമായ ജീവിതം എന്നിവയിൽ നിന്നുള്ള അകറ്റിനിർത്തലാണ് പാർശ്വവൽരണമെന്ന വിശദീകരണം വളരെ പ്രധാനമാണ്. പൊതുഇടത്തെ സങ്കോചമില്ലാതെ അഭിമുഖീകരിക്കാനുള്ള അവകാശം നേടിയെടുക്കാൻ ദലിതർ ഇന്നും പോരാടുകയാണ്. വേദപ്രമാണങ്ങൾ കൊണ്ട് ഇത്തരം പുറന്തള്ളലുകൾക്ക് നീതിയും ന്യായവും ആധികാരികതയും കൽപ്പിക്കുന്നു. അതിന്റെ പ്രയോഗങ്ങളാൽ സമ്പന്നമാണ് ഹിന്ദുമതം. യാഥാസ്ഥിതികമായ വിശ്വാസങ്ങളല്ല പ്രയോഗങ്ങളാണ് ഹിന്ദുമതമെന്ന് സുവിര ജയ്സ്വാളിനെ ഉദ്ധരിച്ചുകൊണ്ട് ഐജാസ് അഹമ്മദ് പ്രസ്താവിക്കുന്നത് ഈ സന്ദർഭത്തോട് ചേർത്ത് വായിക്കേണ്ടതാണ്. അതിന്റെ പ്രത്യക്ഷീകരണമാണ് മതപ്രമാണങ്ങളിലെ ഭാവനാത്മക ദേശങ്ങൾ. ജാതി സാമൂഹ്യമായ നിർമ്മിതി മാത്രമല്ല പ്രയോഗത്തിന്റെ അടിസ്ഥാനത്തിൽ അതൊരു സ്ഥലപരമായ നിർമ്മിതി കൂടിയാണെന്ന് അപ്പോഴാണ് ബോധ്യപ്പെടുന്നത്. അടിസ്ഥാനപരമായി ഇന്ത്യയെന്ന രാഷ്ട്രഭാവന തന്നെ അതിന്റെ പലമകളെ തിരസ്കരിച്ചുകൊണ്ട് തികച്ചും ബ്രാഹ്മണിക്കലായി ഉയർന്നു വന്ന ഒരാശയമാണ്.ഇന്ത്യൻ പണ്ഡിതനും രാഷ്ട്രീയ നേതാവും ദലിത് ചിന്തകനുമായ ഡോ.ബി.ആർ അംബേദ്കർ തന്റെ ജീവിതകാലം മുഴുവൻ ഇതിനോട് സമരം ചെയ്തിട്ടുണ്ടെന്നത് മറ്റൊരു വസ്തുത.ഇങ്ങനെയാണ് ദേശീയതലത്തിൽ ജാതിയും ജാതിയുടെ അകലങ്ങളും

പ്രശ്നവൽക്കരിക്കപ്പെട്ടത്.

ദേശരാഷ്ട്രസങ്കൽപ്പത്തിലെ ഗ്രാമ-നഗര സംഘർഷങ്ങൾ പുരാണേതിഹാസങ്ങളിലെ ഭാവനാത്മകമായ ഇടങ്ങളെ ചരിത്രത്തിലേയ്ക്കും അതുവഴി പൊതുസമൂഹത്തിന്റെ ബോധ്യങ്ങളിലേയ്ക്കും പുനസൃഷ്ടിക്കാനുള്ള ശ്രമം തികച്ചും ബ്രാഹ്മണിക്കലായ മൂല്യവ്യവസ്ഥയെ രാഷ്ട്രീയത്തിലൂടെ സാക്ഷാത്കരിക്കുന്നതിന്റെ ഭാഗമാണ്. ഭൂതകാല ഭാവനകളിലെ ഇത്തരം ഇടങ്ങൾ രാഷ്ട്രീയ പ്രസ്ഥാനങ്ങൾ ഈയടുത്ത കാലം വരെ കാര്യക്ഷമമായി പ്രയോജനപ്പെടുത്തിയ ആയുധം കൂടിയാണ്. ദേശം അതിന്റെ ഭൂതകാലത്തെ അളവറ്റ് സ്മരിക്കുന്നത് അപകടകരമായ ഒരു മതാത്മക പ്രവണതയാണ്. അത് ഇന്ത്യയെന്ന രാഷ്ട്രത്തെ ദേശീയപ്രസ്ഥാനങ്ങൾ സ്വപ്നം കണ്ടിരുന്ന കാലം മുതൽക്ക് തുടങ്ങിയതാണെന്ന് അംബേദ്കറുടെ രാഷ്ട്രീയജീവിതം തെളിയിക്കുന്നു.

ജാതിയെ സംബന്ധിച്ച സ്ഥലപരമായ ആലോചനകളുടെ ആരംഭം 1935 കൾക്ക് ശേഷമുള്ള അംബേദ്കറുടെ ധൈഷണിക വ്യവഹാരങ്ങളിൽ നിന്നും കണ്ടെടുക്കാൻ സാധിക്കും. സ്ഥലഭാവന എന്നത് ഭൗതികവും ഭാവനാത്മകവും സാമൂഹ്യബന്ധങ്ങളുമെല്ലാം ചേർന്നുള്ള പരികല്പനയാണ്. സ്ഥലം/ ഇടം/സ്ഥലഭാവന എന്നിങ്ങനെയുള്ള പദങ്ങൾ ഈ ആശയത്തെ പ്രതിനിധീകരിക്കുന്നു. അമൂർത്തമായ സ്ഥലഭാവനയെ ഇടമെന്നും മൂർത്തമായതിനെ സ്ഥലമെന്നും വേർതിരിച്ച് മനസിലാക്കാൻ സാധിക്കും. സ്ഥലഭാവന എന്നതിന്റെ വിവക്ഷ ഒരേസമയം യാഥാർത്ഥ്യവും ഭാവനയും ഉൾച്ചേർന്നത് എന്നാണ്. സ്ഥലം സാമൂഹ്യ ഘടനയുമായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്ന ഒരു ഘടകമാണ്. അതിന്റെ ആശയപരമായ അടിത്തറയാവട്ടെ ജാതിയുമായിരുന്നു. ഇന്ത്യൻ സമൂഹത്തിൽ തൊട്ടുകൂടായ്മയുടെ തുടർച്ചയും മറുപുറത്ത് അതിൽ നിന്നുള്ള വിമോചനവും സാധ്യമാക്കുന്നതിൽ സ്ഥലപരമായ സ്വാധീനം വ്യക്തമാണ്. Ambedkar believed that a small locus with tightly knit social and commercial associations, such as the Indian village, facilitated the ongoing differentiation of the population into two distinct groups, touchables and Untouchables. This social and spatial segregation perpetuated the practice of untouchability while preventing the growth of an inclusive nationalism. However, a bigger and more crowded setting, such as the city, not only complicated the observance of social divisions, but also benefited the dissemination of a corporate feeling of 'oneness' among individuals which, according to Ambedkar, was a condition for the birth of nationalism (Jesus Franasco Chaires Garca, 2014 p. 37-38). അതായത് കർക്കശമായ നിയന്ത്രണങ്ങൾക്കകത്ത് പരിമിതമായ സാമൂഹ്യ -വാണിജ്യ വ്യവഹാരങ്ങളുള്ള അടഞ്ഞ വ്യവസ്ഥിതികൾ പരിപാലിച്ചുപോരുന്ന ഇന്ത്യൻ ഗ്രാമങ്ങൾ സാമൂഹ്യവും സ്ഥലപരവുമായ ജാതി തരംതിരുവുകളുടെ പ്രബലകേന്ദ്രങ്ങളായിരുന്നുവെന്ന് അംബേദ്കർ തിരിച്ചറിയുന്നുണ്ട്. അവയാണ് തൊട്ടുകൂടാത്തവരെയും തൊട്ടുകൂടുന്നവരെയും സൃഷ്ടിച്ചത്. എന്നാൽ നഗരങ്ങൾ അത്തരത്തിലുള്ള വിവേചനങ്ങളെ ഗ്രാമങ്ങളെയപേക്ഷിച്ച് ദുർബലമായ വിധത്തിലാണ് കൈകാര്യം ചെയ്തിരുന്നതെന്ന് പറയാം. നാഗരികത സൃഷ്ടിക്കുന്ന അന്യവൽക്കരണവും വിവേചനവും പൂർണ്ണമായും ജാതിപദവിയെ മാനദണ്ഡമാക്കിയല്ല (എന്നിരുന്നാലും ആത്യന്തികമായി നഗരവൽക്കരണത്തിന്റെ പ്രത്യാഘാതങ്ങൾ ഏറെയും അനുഭവിച്ചത് ദലിത് സമൂഹങ്ങളാണ് എന്നത് മറ്റൊരു വശമാണ്). അതുകൊണ്ടു തന്നെ ദേശീയതയുടെ ഏകത്വത്തിലേയ്ക്ക് കടന്നു നിൽക്കാൻ നഗരങ്ങൾക്ക് എളുപ്പം സാധിച്ചു. ദേശീയതലത്തിലുണ്ടായ മാറ്റങ്ങൾ,പ്രത്യേകിച്ചും ജാതിവിരുദ്ധമായ ഇടപെടലുകൾ സ്വാശീകരിക്കുന്നതിൽ കാര്യക്ഷമത കുറഞ്ഞ ഗ്രാമപ്രദേശങ്ങൾ സർവതലസ്പർശിയായ രാഷ്ട്രഭാവനയ്ക്ക് വിലങ്ങുതടിയായി നിലകൊണ്ടു. കോളോണിയ ലിസത്തിനെതിരെയുള്ള സ്വാതന്ത്ര്യസമരത്തിന്റെ പ്രത്യയശാസ്ത്ര പരിസരം അടിസ്ഥാനപരമായി മതവ്യവഹാരങ്ങളിലുള്ള മാതൃകാപരമായ ഹൈന്ദവരാഷ്ട്രമെന്ന സവർണ്ണദേശഭാവനയെ മുനിർത്തിയുള്ളതായിരുന്നു. കൊളോണിയൽ വിരുദ്ധമായിരിക്കുമ്പോഴും ജാതിമുക്തമാവാൻ കഴിയാത്ത വിധത്തിലുള്ള രാഷ്ട്രഭാവനയുടെ യുക്തിയെ ആദ്യം ചോദ്യംചെയ്തതും അംബേദ്കറാണ്. ഗാന്ധി, നെഹ്റു, അംബേദ്കർ എന്നിവർ വിഭാവനം ചെയ്ത ദേശരാഷ്ട്രഭാവനകൾ വ്യത്യസ്തമാണ്. ഗാന്ധി വേദകാല ഗ്രാമങ്ങളുടെ ആധുനികരൂപത്തെ ഇന്ത്യയുടെ രാഷ്ട്രീയ മാതൃകയാക്കി.

അതിനു വിപരീതമായി നെഹ്റു ആധുനിക ദേശരാഷ്ട്ര ജനാധിപത്യമാണ് ഉത്തമമെന്നു വിശ്വസിക്കുകയും ചെയ്തപ്പോൾ ഇത് രണ്ടിൽ നിന്നും വ്യത്യസ്തമായി കുറേക്കൂടി ബഹുദർശനപരമായ സമീപനമാണ് അംബേദ്കർ വിഭാവനം ചെയ്തിരുന്നത്. ഗാന്ധിയുടെ വേദഗ്രാമങ്ങൾ എന്ന പ്രയോഗം ഇന്ത്യയുടെ സ്ഥലഭാവനയെ പ്രശ്നവൽക്കരിക്കുന്നുണ്ട്. ഇത് അരികുവൽക്കരിക്കപ്പെട്ട ജനതയെ ഇന്ത്യയെന്ന രാഷ്ട്രസങ്കല്പത്തിന്റെ പുറത്ത് സ്ഥാനപ്പെടുത്തുകയും അവരുടെ സാമൂഹ്യാനുഭവങ്ങളെ തള്ളിക്കളയുകയും ചെയ്യുന്ന സമീപനമാണ്. ഗാന്ധിയുടെ ഈ നിലപാടിനോട് വിയോജിച്ചുകൊണ്ടാണ് അംബേദ്കർ ഒരേസമയം കൊളോണിയൽ വിരുദ്ധതയുടെയും അതേസമയം ഹിന്ദുമതത്തിലെ വർണ്ണാശ്രമധർമ്മങ്ങളുടെയും കൂടി വിരുദ്ധതയുൾകൊള്ളുന്ന ദേശരാഷ്ട്രസങ്കല്പത്തിന് പ്രാധാന്യം കൊടുത്തത്.

വൈദേശികർക്കെതിരെ ഒറ്റക്കെട്ടായി പോരാടുന്ന ഇന്ത്യയെന്ന രാഷ്ട്രത്തെ അടയാളപ്പെടുത്തുന്ന ജനസമൂഹങ്ങൾ ഉണ്ടെന്നിരിക്കെ അതിന്റെ ബഹുസ്വരമായ പാരമ്പര്യത്തെ അംഗീകരിക്കുന്ന ഭാവനാത്മകമായ ഇടം, ജാതീയമായ മുൻവിധികളെ കൈവിട്ടു കളഞ്ഞ ഒന്നായിരുന്നില്ല. ഭാരതീയ പാരമ്പര്യം എന്നു അവകാശപ്പെടുന്ന ദേശീയബോധം തന്നെ അംബേദ്കറെ സംബന്ധിച്ച് ജാതിപീഡകളുടെ ഹിംസാത്മകമായ ചരിത്രമായിരുന്നു. ഈ വിധത്തിൽ അദ്ദേഹത്തിന്റെ ധൈഷണികവും രാഷ്ട്രീയവുമായ ഇടപെടലുകൾ ഇന്ത്യയുടെ രാഷ്ട്രഭാവനയിൽ പലമട്ടിൽ സ്ഥാനപ്പെടാതെ പോയ ദലിത് സമൂഹത്തിന്റെ സാമൂഹ്യവും രാഷ്ട്രീയവുമായ കർതൃത്വത്തെ വീണ്ടെടുക്കാനുള്ള സമരം കൂടിയായിരുന്നു. ദലിത് കർതൃത്വത്തെ രൂപപ്പെടുത്തുന്നതിൽ സാമൂഹികവും സാമ്പത്തികവും ശാരീരികവും സ്ഥലപരവുമായ ഘടകങ്ങൾക്കെലാം ഒരുപോലെ സ്വാധീനമുണ്ട്. അതിനെ സംബന്ധിച്ച നിരവധി പഠനങ്ങളും ഉണ്ടായിട്ടുണ്ട്.

ഗ്രാമങ്ങളെ സംബന്ധിച്ച ഗാന്ധി-അംബേദ്കർ സംവാദങ്ങൾ ജാതിയതയിലൂന്നിയ സ്ഥലവിചിന്തനത്തിന്റെ പ്രാഥമികമായ സൂചനകൾ ഉൾവഹിക്കുന്നുണ്ട്. ഇത് ഉത്തരാധുനിക സ്ഥലസിദ്ധാന്തങ്ങളിലേയ്ക്കുള്ള ഒരു പ്രവേശികയാണെന്ന് പറയാൻ സാധിക്കും. ഗ്രാമങ്ങളെ ആദർശവൽക്കരിക്കുകയും ഭാരതത്തിന്റെ സംസ്കാരികസ്വത്വത്തിന്റെ ഭാഗമായി കാണുകയും ചെയ്ത ഗാന്ധി സ്വാനുഭവങ്ങളിൽ നിന്നാണ് അത്തരമൊരു വീക്ഷണം രൂപപ്പെടുത്തിയത്. വൈശ്യരായ ഗാന്ധിയൻ കുടുംബത്തിന്റെ സാമൂഹ്യ സാഹചര്യമാണ് ഗ്രാമനുഭവങ്ങളെ ഉദാത്തമാക്കുന്നത്. കാല്പനികമായ ഭൂതകാലാഭിമുഖ്യത്തോടെയാണ് ഗ്രാമം സമാധാനവും ഐക്യവും പുലർത്തുന്ന ഇടങ്ങളാണെന്ന വീക്ഷണം ഹിന്ദ് സ്വരാജിൽ അദ്ദേഹം അവതരിപ്പിച്ചത്. സ്വയംപര്യാപ്തതയുള്ളതെന്ന് വിലയിരുത്തപ്പെട്ട ഇന്ത്യൻ ഗ്രാമീണ മേഖലകൾക്കകത്തെ ചൂഷണാത്മകമായ വ്യവസ്ഥയെയും അടിച്ചമർത്തലുകളെയും വിവേചിച്ചറിയാൻ ദേശീയ നേതാവായിരിക്കെ ഗാന്ധിക്ക് കഴിഞ്ഞില്ല എന്നതാണ് അംബേദ്കറുമായുള്ള വിയോജിപ്പിന്റെ അടിസ്ഥാനം[9]. മാത്രമല്ല കൊളോണിയൽ ജീവിതരീതികൾക്ക് രാഷ്ട്രീയവും സാമ്പത്തികവുമായ ബദലുകളെന്ന നിലയിലാണ് ജാതിബന്ധങ്ങളാൽ സങ്കീർണ്ണമായ ഗ്രാമങ്ങളുടെ ഭാവനാത്മക ഭൂമിക ആധുനിക ഇന്ത്യയുടെ രാഷ്ട്രസങ്കല്പങ്ങളിലേയ്ക്ക് കുടിയേറിയത്. ഗാന്ധിയൻ വ്യവഹാരങ്ങളിൽ ഗ്രാമമെന്നത് ഭൗതികവും ശൂന്യവുമായ സ്ഥലമെന്നതിനപ്പുറം ഹെൻറി ലഫബ്രെ പ്രസ്താവിച്ചത് പോലെ സ്ഥലത്തിന്റെ പ്രതിനിധാനമായി( Represenation of space) മാറുകയും ചെയ്യുന്നു. ഒപ്പം രാഷ്ട്രീയ ഉള്ളടക്കമുള്ള സാമൂഹ്യ നിർമ്മിതിയായിത്തീരുകയും ചെയ്യുന്നു. ഏതെങ്കിലുമൊരു പ്രത്യേക പ്രദേശത്തെ മാതൃകയെന്നോണം ചൂണ്ടിക്കാണിച്ചല്ല ഗാന്ധി ഇന്ത്യയുടെ മഹത്തായ പാരമ്പര്യമുൾക്കൊള്ളുന്ന ഗ്രാമങ്ങളെക്കുറിച്ച് ആലോചിക്കുന്നത്. മറിച്ച് സ്ഥലത്തിലേയ്ക്കും ഭൂതഭാവികാലങ്ങളിലേയ്ക്കും അതിനെ ദീർഘിപ്പിച്ചതിലൂടെ ഗ്രാമത്തെ കൊളോണിയൽ വിരുദ്ധ പ്രതീകമായി അദ്ദേഹം പ്രതിഷ്ഠിച്ചു. ഈ ഭാവനാത്മക ദേശം പ്രബലരായ ജാതിഹിന്ദുക്കളുടെ അനുഭവമണ്ഡലത്തിൽ നിന്നും ഊറിക്കൂടിയ ഒന്നാണ്. അതുകൊണ്ട് തന്നെ ഇന്ത്യൻ ഗ്രാമമെന്ന ഗാന്ധിയൻ ചിന്തകളിലെ സവിശേഷ സ്ഥലം അരികുവൽക്കരിക്കപ്പെട്ട മനുഷ്യസമൂഹങ്ങളുടെ അഭാവം കൊണ്ട് ഏകാധിപത്യപരമായ രാഷ്ട്രീയ യുക്തിയും വിവേചന ചരിത്രത്തെ മറച്ചുപിടിച്ച ആധിപത്യത്തിന്റെ പ്രതീകവും കൂടിയാണ്. ഇതിനെതിരെയാണ് ലക്ഷോപലക്ഷം അരികുവൽക്കരിക്കപ്പെട്ട മനുഷ്യരുടെ രാഷ്ട്രീയവും സാമൂഹ്യവുമായ പ്രാതിനിധ്യങ്ങൾക്കായുള്ള ആവശ്യമുന്നയിച്ചുകൊണ്ട് 1924നു ശേഷം അംബേദ്കർ

കടന്നുവരുന്നത്.

**അംബേദ്കർ – ദലിത് പ്രതിനിധ്യത്തിന്റെ ഇടങ്ങൾ**

ഗാന്ധിയൻ ചിന്തകളിലെ നഗര വിമർശനം ആധുനികതയുടെ ന്യായരഹിതമായ ചൂഷണത്തെക്കുറിച്ച് പലതവണ ആവർത്തിച്ച ആശങ്കകൾ എന്ന നിലയിൽ മാത്രമേ അംബേദ്കർ കണ്ടിരുന്നുള്ളൂ. അതിന്റെ പ്രധാന കാരണം സാമൂഹ്യനീതി ഒരിക്കലും ആലോചനയിൽ വന്നിട്ടില്ലാത്ത ഹിന്ദുത്വഭരണത്തിന്റെ ശക്തികേന്ദ്രങ്ങളായിരുന്ന ഗ്രാമങ്ങളിലെ സാമൂഹ്യസംവിധാനം മനുഷ്യാധ്വാനത്തെ പരമാവധി പിഴിഞ്ഞെടുക്കുന്ന തരത്തിലാണ് പ്രവർത്തിച്ചത്. മാത്രമല്ല ജീവിത നിലവാരം വർദ്ധിപ്പിക്കാനും വിദ്യാഭ്യാസവും സമ്പത്തും ഭൗതികമായ സുഖസൗകര്യങ്ങളുമടക്കം ആർജ്ജിക്കാനുള്ള ത്വരയാണ് ഉപരിവർഗ്ഗജനതയെ നഗരങ്ങളിലേയ്ക്ക് ആകർഷിച്ചത്. എന്നാൽ ഈ അധീശവർഗ്ഗം അനുഭവിച്ച ഗ്രാമീണ ഭൂതകാലത്തിന്റെ സ്വത്വസംഘർഷം മതാത്മകവും ജാതീയവുമായ ജീവിതപരിസരത്തിന്റെയും അതിനകത്തുണ്ടായിരുന്ന പ്രത്യേകാനുകൂല്യങ്ങളുടെയും അഭാവത്തിൽ നിന്നും ഉടലെടുത്തതാണ്. അവശിഷ്ട ജനതയെന്ന നിലയിൽ സ്ഥാനപ്പെടുമ്പോഴും ദലിത് ബഹുജനങ്ങൾക്ക് നഗരങ്ങൾ സാമൂഹികമായ സ്വാതന്ത്ര്യം നൽകുകയും പരിമിതമായ സ്ഥലലഭ്യത ജാതീയമായ അകലങ്ങളെ അപ്രസക്തമാക്കുകയും ചെയ്തു. സ്ഥലപരമായ വേർതിരിവുകളോട് കൂടിയ സാമൂഹ്യ വിവേചനം ഗ്രാമ-നഗരങ്ങളിൽ തുല്യ അനുപാതത്തിൽ ആയിരുന്നില്ല എന്നതാണ് ഉപരിവർഗ്ഗത്തിന്റെയും ദലിത് സമൂഹത്തിന്റെയും സ്ഥലഭാവനകളെ വ്യത്യസ്തമായി സ്ഥാനപ്പെടുത്തുന്നത്.

സാമൂഹ്യ രാഷ്ട്രീയ വ്യവഹാരങ്ങളിൽ ദലിത് അനുഭവങ്ങളെ തിരസ്കരിക്കുന്ന ഗാന്ധിയുടെ ദേശഭാവനയെ അംബേദ്കർ നിരാകരിക്കുകയും പ്രാതിനിധ്യത്തിന്റെ ഇടങ്ങളെ (Spaces of representation) വീണ്ടെടുക്കാൻ പരിശ്രമിക്കുകയും ചെയ്തു. അതിന്റെ ഫലമാണ് ഇന്ത്യയിലെ ഗ്രാമങ്ങൾ തൊട്ടുകൂടായ്മയുടെ പ്രഭവകേന്ദ്രങ്ങളാണെന്നും അവ നിലനിർത്തുന്ന ജാതിയുടെ സ്ഥലപരമായ പ്രയോഗങ്ങൾ(Spatial Practices) ഭൂരിപക്ഷം വരുന്ന ദലിതരെ മനുഷ്യരെന്ന പ്രാഥമിക പരിഗണന പോലും നൽകാതെ പീഡിപ്പിക്കുന്നുണ്ടെന്നുമുള്ള മറുപാഠം ചരിത്രത്തിന്റെ ഭാഗമായത്. സാമൂഹ്യവ്യവഹാരങ്ങളുടെ നാൽക്കവലയായി ഹെൻറി ലഫബ്രെ അനുദിനജീവിതത്തെ അടയാളപ്പെടുത്തുന്നുണ്ട്. അത് ദൈനംദിന ജീവിതാനുഭവങ്ങളെ രാഷ്ട്രീയവൽക്കരിക്കുകയും സാമൂഹ്യ പ്രസക്തിയുള്ളതാക്കി തീർക്കുകയും ചെയ്യുന്നു. ഇത്തരമൊരു സൈദ്ധാന്തിക അടിത്തറ പരുവപ്പെടുന്നതിന് മുൻപ് തന്നെ അംബേദ്കർ കീഴിലൊതുക്കപ്പെട്ടവരുടെ അനുദിനജീവിത പരികല്പനകളുടെ ചരിത്രപരതയെക്കുറിച്ചും വിവേചനത്തിന്റെ അനുഭവമണ്ഡലത്തെ പ്രശ്നവൽക്കരിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും ചിന്തിച്ചതിനാലാണ് ഗാന്ധിയൻ ഗ്രാമസങ്കല്പങ്ങളുമായി വിമർശനാത്മകമായി സംവദിക്കാൻ സാധിച്ചത് . അത് കേവലം ബൗദ്ധികമായൊരു പ്രവർത്തിയുടെ ഭാഗം മാത്രമല്ല മറിച്ച് ദലിത് സമൂഹത്തിലെ ഒരംഗമെന്ന നിലയിലുള്ള അംബേദ്കറുടെ ഗ്രാമജീവിതം കൂടി അതിൽ ഇടപെടുന്നുണ്ട്. സ്ഥലപരം എന്നതിനപ്പുറം രാഷ്ട്രീയവും ഭാവുകത്വപരവുമായ വ്യതിയാനങ്ങളെ അടയാളപ്പെടുത്തുന്ന ഇന്ത്യൻ ഗ്രാമങ്ങൾ ജാതിവിവേചനത്തിന്റെ രാഷ്ട്രീയം ഉൾവഹിക്കുന്നവയാണ് . സമഗ്രതയിലെ ഈ സൂക്ഷ്മതയാണ് ഇന്ത്യൻ പാരമ്പര്യം എന്ന സവർണ പക്ഷപാതിത്വമുള്ള ഏകത്വത്തെ നിരാകരിക്കാൻ അംബേദ്കറെ പ്രേരിപ്പിച്ചത്. ദലിത് കർതൃത്വത്തെ മുൻനിർത്തിയുള്ള രാഷ്ട്രീയ ബദലുകളെ വട്ടമേശ സമ്മേളനമടക്കമുള്ള സുപ്രധാന ഘട്ടങ്ങളിൽ പൊതുപ്രശ്നമായി ഉയർത്തിക്കൊണ്ടുവരാൻ അദ്ദേഹം കഴിവതും ശ്രമിച്ചത് ബ്രാഹ്മണിക്കലായ മൂല്യവ്യവസ്ഥ ദേശീയരാഷ്ട്രീയത്തിൽ ചെലുത്തിയ സ്വാധീനത്തെക്കുറിച്ച് ബോധ്യമുള്ളതുകൊണ്ടാണ്. അംബേദ്കറുടെ ധൈഷണിക വ്യവഹാരങ്ങളിൽ ജായീതയെക്കുറിച്ചുള്ള സ്ഥലപരമായ ആലോചന കൃത്യമായി കണ്ടെടുക്കാൻ സാധിക്കും. മാത്രമല്ല അതിന്റെ തുടർച്ചയാണ് ലെഫെബ്രെയിലും സോജയിലും കാണാൻ സാധിക്കുന്നതെന്ന് നിസംശയം പറയാം.

“ഗാന്ധി എവിടെയാണോ അവിടെയാണ് രാജ്യത്തിന്റെ തലസ്ഥാനം” എന്ന നെഹ്റുവിന്റേയും, “ഗാന്ധിജി എനിക്കൊരു മാതൃഭൂമിയില്ല” എന്ന അംബേദ്കറിന്റെയും വാക്കുകൾ ഉദ്ധരിച്ചാണ് ഗോപാൽ ഗുരു അനുഭവമൂല്യമുള്ള സ്ഥലഭാവനയുടെ വ്യതിരിക്തതകളെ ചർച്ചക്കെടുക്കുന്നത്16.

അംബേദ്കറുടെ ജാതീയതയുടെ സ്ഥലപരമായ ആലോചനകളെ അദ്ദേഹം ഏറെ മുന്നോട്ട് കൊണ്ടുപോവുന്നുണ്ട്. അനുഭവത്തിൽ തറഞ്ഞു നിൽക്കുന്ന ഇടങ്ങളാണ് ചിന്തകളെയും അതിന്റെ ആശയവൽക്കരണത്തിന്റെയും സ്രോതസ്സായി വർത്തിക്കുന്നത്. അതിനാൽ ജ്ഞാനശാസ്ത്രപരമായൊരു സാധുത അവകാശപ്പെടാനും അനുഭവങ്ങളിലൂടെ രൂപപ്പെട്ടു വരുന്ന സ്ഥലഭാവനകൾക്ക് സാധിക്കും. എന്നാൽ അതല്ലാതെ ആദർശാത്മകമോ തീർത്തും ഭൗതികമോ ആയ ഇടങ്ങളിൽ നിന്നും ആശയങ്ങളും അറിവും രൂപപ്പെട്ടുമെങ്കിലും അതിന്റെ സാധുത വിശകലന വിധേയമാക്കപ്പെടേണ്ടതുണ്ട്. കാരണം സാർവ്വലൗകികമായ (Universal) അത്തരം ചിന്തകളുടെ ഏറ്റവും വലിയ പോരായ്മ അവ പ്രതിഫലിപ്പിക്കുന്നത് സങ്കീർണ്ണമായ സവിശേഷ ഇടങ്ങളിലെ പ്രത്യേക യാഥാർത്ഥ്യങ്ങളെ മാത്രമാണ്. ജാതിയുടെ പക്ഷപാതിത്വങ്ങൾ ഇന്ത്യയുടെ സാമൂഹിക ഇടങ്ങളിൽ ഗുപ്തമായിരിക്കുന്ന അനുഭവങ്ങളെ ചിതറിക്കുന്നുണ്ട്(Fragmented Experiential Sapce). അതിനാൽ ജാതീയമായ പ്രശ്നങ്ങൾ ഇത്തരം സാർവ്വലൗകിക വീക്ഷണങ്ങൾക്ക് വഴങ്ങാത്തതിന്റെ കാരണവും അനുഭവപരമായ ചിതറൽ തന്നെയാണ്. ഇന്ത്യയിലെ ഞങ്ങളുടെ ഗ്രാമങ്ങൾ വിഭജിക്കപ്പെട്ടിരിക്കുന്നത് അയിത്തത്തിന്റെ അതിർവരമ്പുകൾ കൊണ്ടായിരുന്നു എന്ന ഓംപ്രകാശ് വാല്മീകിയുടെ വാക്കുകൾ ഉദ്ധരിച്ചുകൊണ്ട് വേദനയുടെ ഭൂപടങ്ങൾകൊണ്ട് അതൊരു ഭാവനാത്മകമായ പൊതുദലിത് സമൂഹത്തെ ഇന്ത്യയില ങ്ങോളമിങ്ങോളം സൃഷ്ടിക്കുന്നുണ്ടെന്നും അത് മറ്റൊരിന്ത്യയുടെ അനുഭവഭൂപടം നിർമ്മിക്കുന്നുവെന്നും പ്രദീപൻ പാമ്പിരിക്കുന്ന് നിരീക്ഷിക്കുന്നുണ്ട്. ഇത്തരത്തിൽ അനുഭവപരമായ തലത്തിൽ നിന്നുകൊണ്ട് ദലിത് വിമോചനത്തിനുതകുന്ന രാഷ്ട്രത്തെ വിഭാവനം ചെയ്തിടത്ത് നിന്നുമാണ് ദേശീയ നേതൃത്വത്തോടുള്ള അംബേദ്കറുടെ ആശയപരമായ സംഘർഷങ്ങൾ ഉടലെടുത്തത്. ഈ നിർണ്ണായകമായ രാഷ്ട്രീയ വ്യതിചലനങ്ങളുടെ അടിസ്ഥാനമായി വർത്തിച്ചത് അനുഭവനിഷ്ഠമായ ഇടങ്ങളായിരുന്നു.

ആധിപത്യത്തിന്റെ തുടർച്ചയ്ക്ക് അനുകൂലമായ സാഹചര്യങ്ങൾ ഉണ്ടെങ്കിൽ മാത്രമേ ജാതിയെപ്പോലെ ഹിംസാത്മകമായ പീഡനവ്യവസ്ഥയുടെ നിർവ്വാഹകർക്ക് യാതനാപൂർണ്ണമായ അനുഭവങ്ങൾ സൃഷ്ടിക്കാൻ സാധിക്കുകയുള്ളൂ. ഉപരിവർഗ്ഗത്തെ സംബന്ധിച്ച് അനുഭവമെന്നത് അധികാരത്തുടർച്ചയ്ക്ക് വേണ്ടിയുള്ള രാഷ്ട്രീയ അവസ്ഥയായി നിലനിൽക്കുകയും സൈദ്ധാന്തികർക്ക് സിദ്ധാന്തവൽക്കരണത്തിനുള്ള മാധ്യമമായി (Tool) വർത്തിക്കുകയും ചെയ്യുന്നു. ദേശീയ പ്രസ്ഥാനത്തിൽ തന്നെ വളരെ വിമർശനാത്മകമായ പ്രാതിനിധ്യത്തിൻ്റെ ഇടങ്ങളിലാണ് അംബേദ്കറിസം നിലയുറപ്പിക്കുന്നത്. അത് അക്കാലത്ത് വലിയ വിമർശനങ്ങൾക്ക് വഴിയൊരുക്കി. എന്നാൽ വർഗീയ രാഷ്ട്രീയത്തിന് വേരുകളുള്ള ഈ ഘട്ടത്തിൽ ദേശീയ തലത്തിൽ ശ്രദ്ധിക്കപ്പെട്ട ചിന്താവ്യതിയാനത്തിന്റെ വേരുകൾ ജാതിയുടെ രാഷ്ട്രീയത്തെയാണ് വെളിവാക്കുന്നത്. ഇടങ്ങളിൽ തറഞ്ഞുനിൽക്കുന്ന അനുഭവങ്ങളിലാണ് ഉത്തരാധുനികതയുടെ ചിന്താപരിസരം സവിശേഷമായ ശ്രദ്ധ പുലർത്തുന്നത്.

## ഉപസംഹാരം

ഗാന്ധി-അംബേദ്കർ സംവാദം രാഷ്ട്രഭാവനയിലെ ദലിത് കർതൃത്വത്തെ പ്രശ്നവൽക്കരിക്കുകയും മുഖ്യധാരയിലേക്കുള്ള പോരാട്ടത്തെ ചരിത്രപരമായി അടയാളപ്പെടുത്തുകയും ചെയ്യുന്ന ഒന്നാണ്. അതിൽ തന്നെ ഗ്രാമ-നഗരങ്ങളെക്കുറിച്ചുള്ള ചർച്ചകൾ ദലിത് സമൂഹത്തിന്റെ അനുഭവമണ്ഡലങ്ങൾക്ക് ദൃശ്യത നൽകിയ ഒന്നാണ്. ഇന്ത്യൻ ഗ്രാമങ്ങളെന്ന സ്ഥലബിംബത്തെ ദേശീയതലത്തിൽ കൊളോണിയൽ ഭരണത്തിന് എതിരായി സ്ഥാനപ്പെടുത്തിയത് ജാതിയുടെ സ്ഥലപരമായ പ്രശ്നത്തെയും ചിതറിയ അനുഭവങ്ങളെയും പരിഗണിക്കാതെയാണ്. ഗ്രാമസങ്കല്പത്തിലൂടെ ആദർശാത്മകമായ ഭൂതകാലം രാഷ്ട്രീയ ഉപകരണമായി മാറിയത് രാഷ്ട്രഭാവനയിൽ ആധിപത്യം പുലർത്തിയ ഉപരിവർഗത്തിന്റെ താല്പര്യത്തെ വെളിവാക്കുന്നുണ്ട്. അംബേദ്കറുടെ ധൈഷണിക വ്യവഹാരങ്ങൾ ജാതീയമായി അരികുവൽക്കരിക്കപ്പെട്ട ജനസമൂഹങ്ങളുടെ രാഷ്ട്രീയ കർതൃത്വത്തെ ഉറപ്പിച്ചെടുക്കുന്നതിനുള്ള സവിശേഷ ശ്രമമാണ്. അതിന്റെ ഭാഗമായി ജാതിയുടെ സ്ഥലപരമായ ഉള്ളടക്കത്തെയും അദ്ദേഹം ചർച്ച ചെയ്യുന്നത് ഗ്രാമങ്ങളുടെ ആദർശവത്കരണത്തെ ചോദ്യം ചെയ്തുകൊണ്ടാണ്. മാത്രമല്ല ചരിത്രത്തിൽ

ദലിത് പ്രതിനിധ്യത്തിന്റെ ഇടങ്ങളെ സൃഷ്ടിച്ചെടുക്കുന്നതും അനുഭവപരമായ ചിതറലുകൾ ദേശഭാവനയിൽ ഇടപെടുന്നതും ഇത്തരം സ്ഥലപരമായ ചർച്ചകളിലൂടെയാണ്.

### ഗ്രന്ഥസൂചി


- അംബേദ്കർ ബി ആർ, ജാതി നിർമ്മൂലനം, നാരായണൻ ടി. കെ (വിവ), അദർ ബുക്സ് ,കോഴിക്കോട് ,2022
- അംബേദ്കർ ബി ആർ, ജാതി ഉന്മൂലനം വ്യാഖ്യാന വിമർശനക്കുറിപ്പുകൾ സഹിതം, അരുന്ധതി റോയി (അവതാരിക ), ആനന്ദ് എസ്. (വ്യാഖ്യാനക്കുറിപ്പുകൾ), ബിജുരാജ് ആർ.കെ. (വിവ) ഡിസി ബുക്സ് കോട്ടയം, 2021( sixth edition)
- അജയ് ശേഖർ എസ്, ഡോക്ടർ ബി ആർ അംബേദ്കർ സാഹിത്യപ്രവർത്തക സഹകരണസംഘം ,കോട്ടയം ,2015
- പ്രദീപൻ പാമ്പിരിക്കുന്ന്,സുനിൽ പി ഇളയിടം&കെ.എം. അനിൽ(സമാഹരണം,ആമുഖം), കേരള സാഹിത്യ അക്കാദമി,തൃശ്ശൂർ,2020
- ഐജാസ് അഹമ്മദ്/ വിജയ് പ്രഷാദ്,അംബേദ്കർ ഉൾക്കാഴ്ചയുള്ള വിമർശകൻ,മാതൃഭൂമി ആഴ്ചപ്പതിപ്പ്,മെയ് 9,2021
- മാത്യു സാം, അനുദിനജീവിത പരികല്പനകളും സമൂഹവും; ഹെൻറി ലഫേബ്വേവിന്റെ ചിന്താപദ്ധതിയെ മുൻനിർത്തിയുള്ള അന്വേഷണം, സമീക്ഷ,സോഷ്യോളജി ഗവേഷണ ജേർണൽ,വാല്യം 5,2021-2022
- മീര വേലായുധൻ/ കെ.പി സേതുനാഥ്,കായൽ സമ്മേളനവും ഹിന്ദുത്വവും ,മാതൃഭൂമി ആഴ്ചപതിപ്പ്,ഫെബ്രുവരി 23,2014
- ശ്രീകുമാർ ടി.ടി,അംബേദ്കർ നീതിരാഷ്ട്രീയത്തിന്റെ ആഗോള ദാർശനികൻ,മാതൃഭൂമി ആഴ്ചപ്പതിപ്പ്,മെയ് 9,2021
- Mary Douglas,Purity and Danger: An Analysis of Pollution and Taboo,Routledge,UK,1966
- Arjun Dangle(Edi),Poisoned Bread:Translations from Modern Marati Dalit Literature,Orient Longman,Mumbai
- Soja,Edward,Thirdspace: Journeys to Los Angeles and Other Real-and-Imagined Places,BlackWell Publishers,UK 1996,P 65
- Homi K. Bhabha,The Location of Culture,Routledge,UK,1994
- Guru and S. Sarukkai (Eds.), The cracked mirror: an Indian debate on experience and theory, Oxford/New York: Oxford University Press,2017
- Gandhi M.K, Navajivan Publishing House, Ahmedabad,(Online Publication | www.mkgandhi.org), 1933
- Henri Lefebvre,Donald Nicholson-Smith(Trans),The production of Space,Blackwell,UK,1991
- Jesus Francisco Chaiirez Garza,Touching space: Ambedkar on the spatial features of untouchability, Contemporary South Asia ,Routledge,Vol 22,Issue 1, 2014


### പ്രഭാഷണം


- മാതൃഭൂമി അക്ഷരോത്സവത്തിൽ സണ്ണി എം. കപിക്കാടാണ് വ്യവസ്ഥാപരമായ പുറന്തള്ളൽ/ അരികുവൽക്കരണം എന്ന ആശയം പ്രയോഗിക്കുന്നത്.' അകത്തില്ല പുറത്തുണ്ട് ' ,MBIFL Jan 30-Feb 2, 2020


aswathyananthan2022@gmail.com

# ബഹിഷ്കൃതരുടെ ജീവിതസാധാരണതകൾ എസ്. ജോസഫിന്റെ കവിതയിൽ

**ഡോ. ആശാ മത്തായി**
അസിസ്റ്റന്റ് പ്രൊഫസർ, മലയാളവിഭാഗം, മാർ അത്തനേഷ്യസ് കോളേജ് (ഓട്ടോണോമസ്), കോതമംഗലം

**പ്രബന്ധസംഗ്രഹം**

കാവ്യചരിത്രത്തിൽ ഇല്ലാതെപോയ പല നാട്ടിടവഴികളും അവിടത്തെ ആളുകളും കവിതയിൽ വന്നുചേരുന്നതിന്റെ സൂചനകളാണ് ഉത്തരാധുനിക സാഹിത്യാനുഭവം. പണിയാളുകളുടെ ഭൂപ്രദേശം, ചരിത്രത്തിലും സംസ്കാരത്തിലും വീണ്ടെടുക്കുന്നവയാണ് എസ്. ജോസഫിന്റെ കവിതകൾ. എസ്. ജോസഫിന്റെ കവിതകളിൽ ബഹിഷ്കൃതസ്വത്വത്തിന്റെയും അതു തീർക്കുന്ന പ്രതിരോധത്തിന്റെയും അടയാളങ്ങളാണുള്ളത്. പൊതുസമ്മതിയുള്ള മാനക, വരേണ്യഭാഷാ വഴക്കങ്ങൾ ഒഴിവാക്കി പകരം നാട്ടുശൈലിയും ഭാഷാപ്രയോഗങ്ങളും എസ്. ജോസഫിന്റെ കവിതയിൽ നിറയുന്നതുകാണാം. തൊഴിൽ, അരികുജീവിതപരിസരങ്ങൾ, ഭൂപ്രദേശം, എഴുത്ത്, ഭാഷ എന്നീ ഘടകങ്ങളെ മുൻനിറുത്തി എസ്. ജോസഫിന്റെ കവിതയിലെ ബഹിഷ്കൃതരുടെ ജീവിതസാധാരണതകളുടെ പൊരുൾ തിരയുകയാണ് പ്രബന്ധലക്ഷ്യം. കീഴാളത , ദൈനംദിനത്വം എന്നീ സംസ്കാരസങ്കല്പനങ്ങൾ ഇതിനായി ഉപയോഗിക്കുന്നു.

**താക്കോൽവാക്കുകൾ**

കീഴാളത, ദൈനംദിനത്വം , കവിതയിലെ തൊഴിൽക്കൂട്ടങ്ങൾ, ഭൂപ്രദേശം, അരികുജീവിതപരിസരങ്ങൾ

**അ**റിയപ്പെടാതെ പോകുന്ന ആളുകളും ഇടങ്ങളും ചരിത്രത്തിലേക്ക് കടന്നുവരുന്നതിന്റെ സൂചനകളാണ് ഉത്തരാധുനിക സാഹിത്യാനുഭവം. ആധുനികത കാണാതെപോയ ചെറുതുകളുടെ ബഹുലതയാണ് ഉത്തരാധുനികഘട്ടത്തിൽ സാഹിത്യം ആവിഷ്കരിച്ചത്. 1990-കൾക്ക് ഒടുവിൽ കീഴാളപരിപ്രേക്ഷ്യവും പ്രാദേശികവഴക്കങ്ങളും ആധുനികോത്തര മലയാളകവിതയിൽ പുതുതായി വന്നതോടെ, കൂടുതൽ സ്വതന്ത്രവും ജനാധിപത്യപരവുമായ ബോധ്യങ്ങളുടേതായി മലയാളകവിത. സ്വത്വരാഷ്ട്രീയം അവ അടയാളപ്പെടുത്തി.

മുഖ്യധാരാമലയാളകവിതാരീതിയിൽനിന്നുള്ള പുതുകവിതയുടെ പ്രകടമായ വ്യത്യാസങ്ങളിലൊന്ന് ഗദ്യത്തിലേക്കുള്ള മാറ്റമാണ്. പദ്യസാഹിത്യത്തിന്റെ വരേണ്യാധിപത്യത്തെ ഗദ്യ

ത്തിലൂടെ പ്രതിരോധിക്കാൻ പുതുകവിതകൾക്ക് കഴിഞ്ഞു. പദ്യരൂപത്തിലുള്ള സവർണ്ണസാഹിത്യത്തെ രാഷ്ട്രീയമായി പിൻതള്ളാൻ ഇന്ത്യൻ ദളിത് കവികൾ ബോധപൂർവ്വം പരിശ്രമിച്ചു. മാനകഭാഷയിലൂടെ ആവിഷ്കരിച്ചാൽ പുറത്താക്കപ്പെടുന്ന അനുഭവങ്ങളുടെ വലിയ പ്രദേശങ്ങൾ വീണ്ടെടുക്കാൻ പുതുകവിത ശ്രമിച്ചു.

എസ്. ജോസഫിന്റെ കവിതകളിൽ കീഴാളസ്വത്വത്തിന്റെയും അതു തീർക്കുന്ന പ്രതിരോധത്തിന്റെയും അടയാളങ്ങളാണുള്ളത്. എസ്. ജോസഫിന്റെ കവിതകളിൽ ബഹിഷ്കൃതരുടെ സ്ഥലരാശികൾ, തൊഴിലിടങ്ങൾ എന്നിവ ചരിത്രത്തിലും സംസ്കാരത്തിലും വീണ്ടെടുക്കുമ്പോൾ അവ ജൈവഭൂപടങ്ങളായി പരിണമിക്കുന്നു. മുമ്പില്ലാത്ത വിധം തൊഴിൽക്കൂട്ടങ്ങളുടെ ജീവിതം കവിതയിൽ അടയാളപ്പെടുത്തുന്നു. കാവ്യചരിത്രത്തിൽ ഇല്ലാതെപോയ പല നാട്ടിടവഴികളും അവിടത്തെ ആളുകളും കവിതയിൽ വന്നുചേരുന്നുണ്ട്. പൊതുസമ്മതിയുള്ള മാനക, വരേണ്യഭാഷാ വഴക്കങ്ങൾ ഒഴിവാക്കി പകരം നാട്ടുശൈലിയും ഭാഷാപ്രയോഗങ്ങളും എസ്. ജോസഫിന്റെ കവിതയിൽ നിറയുന്നതുകാണാം. തൊഴിൽ, അരികുജീവിതപരിസരങ്ങൾ, ഭൂപ്രദേശം, എഴുത്ത്, ഭാഷ എന്നീ ഘടകങ്ങളെ മുൻനിറുത്തി എസ്. ജോസഫിന്റെ കവിതയിലെ ബഹിഷ്കൃതരുടെ ജീവിതസാധാരണതകളുടെ പൊരുൾ തിരയുകയാണ് പ്രബന്ധലക്ഷ്യം. കീഴാളത , ദൈനംദിനത്വം എന്നീ സംസ്കാരസങ്കല്പനങ്ങൾ ഇതിനായി ഉപയോഗിക്കുന്നു.

**തൊഴിൽ**

എസ്. ജോസഫിന്റെ കവിത ഉപരിവർഗ്ഗജീവിതത്തിന്റെ അനുഭവങ്ങളല്ല അവതരിപ്പിക്കുന്നത് മറിച്ച് അലക്കുകാർ, പനവെട്ടുകാർ, തോണിക്കാർ, വീട്ടുപണിക്കാർ, മേസ്തിരി, പിച്ചക്കാർ, വേശ്യ, തേയിലത്തോട്ടത്തിലെ പണിക്കാർ, കാളപൂട്ടുകാർ, മീൻകാർ, കൊട്ടനെയ്യുന്നവർ, കുഴിവെട്ടുകാർ, വീട്ടുപണിക്കാർ തുടങ്ങിയ തൊഴിൽവർഗ്ഗത്തിന്റേതാണ്. പ്രാന്തവൽക്കരിക്കപ്പെടുന്ന അനേകം തൊഴിൽക്കൂട്ടങ്ങൾ ചരിത്രത്തിന്റെ നേർക്ക് ചില ചോദ്യങ്ങൾ കവിതയിലൂടെ ഉയർത്തുന്നു. വീട്ടുപണിക്കാർ പാടുന്നു എന്ന കവിതയിൽ, കല്ലുപൊട്ടിച്ചു മാളോർക്ക് ഒരുപാടു വീടുകൾ പണിതുനൽകിയവരുടെ വീടുകളാണ് കവി കാട്ടിത്തരുന്നത്.

" ഞങ്ങൾ നിർമ്മിച്ച വീടുകൾ ഞങ്ങളെ
കൊഞ്ഞനം കുത്തി നിൽക്കുന്നു, ഞങ്ങടെ
ചാക്കുതുന്നിയ വാതിലിന്നുള്ളിലൂ
ടോർത്തു നിൽക്കുന്ന കുട്ടികൾ, ഭാര്യമാർ"(2000:13)

പണിതു നൽകിയ വലിയ വീടുകൾ വീട്ടുപണിക്കാരെ കൊഞ്ഞനം കുത്തുമ്പോൾ , സമൂഹത്തിന്റെ അടിത്തട്ടിലുള്ളവർ മേലാളരിൽനിന്നു നേരിട്ട വിവേചനങ്ങൾ കൂടിയാണ് കവിത കാട്ടിത്തരുന്നത്. വീട്ടുപണിക്കാരുടെ ദാരിദ്ര്യവും, വീടിന്റെ ശോചനീയാവസ്ഥയും ചൂണ്ടിക്കാട്ടി അധ്വാനിക്കുന്നവരുടെ നിസ്സഹായത ചരിത്രത്തിന്റെ നെറികേടാണെന്നു കവിത പറയുന്നു.

കാവ്യഭാഷ സാധാരണജീവിതത്തിന്റേതാകണം എന്ന വേർഡ്സ്വർത്തിന്റെ[1] വാക്കുകൾ ഓർമ്മപ്പെടുത്തുന്നതാണ് മേസ്തിരി എന്ന കവിതയിലെ വരികൾ. ദൈനംദിനത്വം എന്ന സംസ്കാരസങ്കല്പനത്തോട് ഇതിനെ ചേർത്തു വായിക്കേണ്ടതുണ്ട്. നിത്യജീവിതത്തിന്റെ സമഗ്രതയുമായി ബന്ധപ്പെട്ട സാംസ്കാരിക പരികല്പനയാണ് ദൈനംദിനത്വം. എല്ലാ വിഭാഗങ്ങളുടെയും ജീവിതവ്യാപാരങ്ങൾ അതിൽ പരിഗണന നേടുന്നു എസ്. ജോസഫിന്റെ കവിതയിൽ പണിയാളരുടെ നിത്യജീവിതത്തിന്റെ സംഘർഷങ്ങളും സാമൂഹ്യപ്രതിഷേധവും അതിസാധാരണതകളിലൂടെ അവതരിപ്പിക്കുന്നതു തിരിച്ചറിയാം.

മീൻപിടുത്തം എന്ന കവിതയിൽ,

"പോയ വേനലിൽ ഇടച്ചേരി
ത്തോട്ടിൽ വടികൊണ്ട്
പള്ളത്തി പിടിക്കുന്ന ഒരാളെക്കണ്ടു
വടികാണുമ്പോൾ മീനുകൾ ചേറിൽ പതുങ്ങും
അയാൾ അപ്പോൾ കൈകൊണ്ടതിനെ പിടിക്കും" (2017:56). പാടാനറിയില്ലെങ്കിലും എന്ന

കവിതയിൽ പ്രാന്തവൽക്കരിക്കപ്പെടുന്ന തൊഴിൽക്കൂട്ടങ്ങൾ ചരിത്രത്തിന്റെ മുഖ്യധാരയിലേക്ക് കടന്നുവന്ന് അവരുടെ ഇടം വീണ്ടെടുക്കുന്നു.

"ശരിക്കുള്ള ശില്പികൾ ആശാരി
തട്ടാൻ, കൊല്ലൻ, മേസ്തിരി
എന്നിവരൊക്കെയാണെന്ന് തോന്നാറുണ്ട്
കുശവന്റെ കലം ഗ്യാലറിയിൽ വച്ചാൽ രസകരമായിരിക്കും" (2017:13).

ചരിത്രത്തിൽനിന്ന് ഒഴിവാക്കപ്പെട്ടവരുടെ ജീവിതവൃത്തികൾ ആവിഷ്കരിക്കുന്ന കവിതകളാണ് ജീവിതം ഇങ്ങനെയും, അരം, കുന്നിലെ വീട് തുടങ്ങിയവ. ജീവിതം ഇങ്ങനെയും എന്ന കവിതയിൽ കവി ആവശ്യപ്പെടുന്നു: "കാട്ടുവഴിയിലൂടെ കല്ലിൽ ചവിട്ടിനടന്ന് ഈറ്റ വെട്ടാൻ പോകുക, മരുന്നു പറിക്കുന്ന ഒരമ്മയോടൊപ്പം ഭൂമിയുടെ മണങ്ങളിൽ ഇറങ്ങുക"(2003:53) എന്ന്.

അരം എന്ന കവിതയിലെത്തുമ്പോൾ നിത്യവൃത്തിയും ജീവനോപാധികളും മാറ്റമില്ലാതെ പിന്തുടരുന്നവർക്കൊപ്പം കവിയും തന്റെ വേരുകൾ തിരയുകയാണ്:

"ഒട്ടലുകൾ തേടി ഉൾപ്രദേശങ്ങളിലൂടെ അലഞ്ഞ
കൊട്ടനെയ്ത്തുകാരനായിരുന്ന അമ്മയുടെ ആങ്ങള.
വിരൽ മുറിയുന്ന ഒരു അരം ഒട്ടലിനുണ്ട്
വിരലിൽ തുണിചുറ്റി അമ്മാവൻ കൊട്ടനെയ്തു
എന്റെ വിരലുകൾ ഈ ഒട്ടൽപ്പാടങ്ങളിൽ ഇന്ന് ആ അരം തേടുന്നു"(2017:19).

കുന്നിലെ വീട് എന്ന കവിത കുന്നിലെ ഓല വീടിനെക്കുറിച്ചും, അതിൽ താമസിച്ചിരുന്നവരെക്കുറിച്ചും ഇങ്ങനെ ചിലത് വെളിപ്പെടുത്തുന്നു:

"കുന്നിൽ
ഓലവീട് തനിച്ച്
ഇങ്ങ് തിണ്ണയിലിരുന്ന് നോക്കുമ്പോൾ
ഇരുട്ടിൽ കത്തുന്ന പാട്ടവിളക്കാണത്
അവിടെ താമസിച്ചവർ
എലി പിടിച്ചും തെങ്ങുകേറിയും ജീവിച്ചു"(2017:32).

പ്രത്യക്ഷത്തിൽ അതിസാധാരണവും താരതമ്യേന അപ്രധാനവുമായി തോന്നാമെങ്കിലും ചരിത്രത്തിലെ വിടവുകളും സാമൂഹ്യസാംസ്കാരികമണ്ഡലത്തിലെ ഒഴിവാക്കലുകളും പരിഹരിക്കാൻ പര്യാപ്തമാണ് കവിതയിൽ ആവിഷ്കരിക്കുന്ന ദൈനംദിനതത്വത്തിന്റെ അടയാളങ്ങൾ.

**അരികുജീവിതപരിസരങ്ങൾ**

അടിസ്ഥാനജനവിഭാഗങ്ങളുടെ ജീവിതപരിസരങ്ങളാണ്(അരികു ജീവിതങ്ങളാണ്) എസ്. ജോസഫിന്റെ കവിതയിലെ ഇടങ്ങൾ. റേഷൻ കാർഡില്ലാത്തവർക്ക് ആധാരം ഇല്ല എന്നും കരം കെട്ടിയ രസീത് ഇല്ല എന്നും അവർക്ക് സ്ക്കൂളോ, പള്ളിയോ, അമ്പലമോ, പാർട്ടിയോ ഇല്ല എന്നും ഓർമ്മപ്പെടുത്തുന്ന കവി, ബഹിഷ്കൃതസമൂഹത്തിന്റെ ദൈനംദിനജീവിതത്തിന്റെ സാധാരണതകളിലൂടെയാണ് ചരിത്രവസ്തുതകളെ അപഹസിക്കുന്നത്. ജോസഫിന്റെ കവിതകളോട് വായനക്കാർക്ക് പൊതുവെ തോന്നുന്ന അടുപ്പം കവിതകളിലെ അതിസാധാരണത്വത്തെ പി.പി. രവീന്ദ്രൻ ചൂണ്ടിക്കാട്ടുന്നുണ്ട്(ജോസഫ് എസ്. 2021: 23).

അടിസ്ഥാനജനവിഭാഗത്തിന്റെ ജീവിതസാധാരണതകൾ സ്വാഭാവികതയോടെ പകർത്താൻ കവിയ്ക്ക് സാധിക്കുന്നതിന് തെളിവാണ് കറുത്തകല്ല്. അമ്മ റേഷനും പയറുമായ് വരുമ്പോൾ പൊടിയുന്ന മഴ വിശപ്പിനു മീതെയാണെന്ന് പറയുന്നതിലൂടെ കൊച്ചു വിവരങ്ങൾ തീക്ഷ്ണാനുഭവങ്ങളെ വിനിമയം ചെയ്യാൻ കഴിയുന്നവയാണെന്ന് കവി തെളിയിച്ചിരിക്കുന്നു. കവിതാഭാഗം നോക്കാം:

"മകരപ്പാടങ്ങൾ കടന്ന്
പണിയിടങ്ങളലിൽ നിന്നോ
തലയിൽ റേഷനും പയറുമായ് ദൂരെ

കവലയിൽ നിന്നോ അമ്മ വരുന്നു.
വിശപ്പിനു മീതെ പൊടിമഴ"(2000:36).

അതിസാധാരണങ്ങളിലൂടെയാണ് ദൈനംദിനജീവിതത്തെ ആകെ ചൂഴ്ന്നു നിൽക്കുന്ന ഭീതികൾ. ഓരോന്നും അവതരിപ്പിക്കുന്നത്. വയലിൽ എന്ന കവിതയിൽ ഇപ്രകാരം വായിക്കാം:

"കപ്പത്തലപ്പിളകും പറമ്പുകൾ
മലയ്ക്കുമേളിലുണ്ട് മുഴുത്തൊരുണ്ടക്കല്ല്
അടുത്തവീട്ടിലമ്മ കൊച്ചിനെയുറക്കുന്നു
ഉറക്കെ പാട്ടുകേൾക്കാം"(2005:32).

ഉറക്കുപാട്ടിന്റെ സാന്ധ്യം ജീവിതസാധാരണതയിൽനിന്ന് കണ്ടെത്തുമ്പോഴും മലയ്ക്കു മേളിലുള്ള ഉണ്ടക്കല്ല് ജീവിതത്തിൽ നിറയ്ക്കുന്ന ഭീതിയാണ് കവിതയിൽ മുഴങ്ങുന്നത്.

"താഴെ മണ്ണ് എടുക്കുന്ന യന്ത്രം
തിട്ടയിൽ മൺപൊടി മൂടി ഒരു കൊച്ചു വീട്.
പാളം ഇരട്ടിപ്പിക്കുന്നതോടെ യാത്ര എളുപ്പമാകും.
മൺതിട്ടയിലിരുന്ന് പൊടിമൂടിയ വീടിന്റെ
മൺതിട്ടയിൽനിന്ന മനുഷ്യരുടെ കാര്യം പ്രയാസമാകും"(2013:4).

എളുപ്പങ്ങൾ പ്രയാസങ്ങൾ എന്ന കവിയിലെ വരികളാണിവ. വികസനത്തിലൂടെ സാധ്യമായ എളുപ്പങ്ങൾ വികസനത്തിന്റെ പേരിൽ കുടിയിറക്കപ്പെട്ടവന്റെ ആകുലതകൾക്കൊപ്പം ചേർത്തുവായിക്കേണ്ടതാണെന്ന് കവി ഓർമ്മപ്പെടുത്തുന്നു.

കോളേജിന്റെ ചുമരിൽ എന്ന കവിത, വംശനാശഭീഷണി നേരിടുന്ന തന്റെ വംശത്തെക്കുറിച്ചുള്ളതാണ്. കോളേജിന്റെ ചുമരിൽ വംശനാശം നടന്നുവെന്ന് കരുതിയ ചില നാട്ടുമീനുകളെ കണ്ടെത്തിയതായ പത്രവാർത്ത മുറിച്ചൊട്ടിച്ചുവെച്ചിരിക്കുന്നതായും അതൊട്ടിച്ച കുട്ടികൾ മൊത്തം കുട്ടികൾക്കിടയിൽ മാഞ്ഞതായും കവി നമുക്ക് പറഞ്ഞുതരുന്നു.

"ദിവസവും നടന്നുപോകെ
ഇടനാഴി തിരിയുമ്പോൾ
വംശനാശ ഭീഷണി നേരിടുന്ന
എന്റെ വംശത്തെയോർത്ത്
ആരും കാണാതെ
ഞാൻ കരയുന്നു(2013:39)

മനഞ്ഞിൽ എന്ന കവിതയാകട്ടെ വംശനാശം വന്നതിന്റെ പേരിൽ പട്ടികയിൽപെടുത്തുന്നതിന്റെ ഔചിത്യം ചോദ്യം ചെയ്യുന്നതാണ്.

"വംശനാശം വരുന്ന മൃഗങ്ങൾ, പക്ഷികൾ
മനുഷ്യർ ഭാഷകൾ പ്രസ്ഥാനങ്ങൾ
എന്നിവയ്ക്കെല്ലാം ഒരു പട്ടികയുണ്ട് (2013:52)

പണിയാളരുടെ ജീവിതദുരിതങ്ങളും അനിശ്ചിതത്വവും തീക്ഷ്ണയോടെ സാന്ദ്രമായി അവതരിപ്പിക്കുമ്പോൾ അനുദിനത്വം എന്ന സംസ്കാരസങ്കല്പനത്തോട് കവിതയ്ക്ക് കൂടുതൽ ചാർച്ചയുണ്ട് എന്ന് വ്യക്തമാണ്. വ്യക്തിയുടെ ദൈനംദിനജീവിതത്തിലെ അപ്രധാന സംഭവങ്ങൾക്കു സംസ്കാരത്തിൽ ലഭിക്കുന്ന പ്രാധാന്യം എന്ന നിലയിൽ സൈദ്ധാന്തികർ ഈ വാക്ക് ഉപയോഗിക്കുന്നു[2].

**ഭൂപ്രദേശം**

മലയാളകവിതയിൽ അപരിചിതമായിരുന്ന ചില പ്രദേശങ്ങളും അവിടുത്തെ ഭൂപ്രകൃതിയുടെ സവിശേഷതകളും എസ്. ജോസഫിന്റെ കവിതയിൽ നിറയുന്നു. നാട്ടകങ്ങളിലും ഇടവഴികളിലും ഉൾപ്രദേശങ്ങളിലും ഊടുവഴികളും ഉള്ള അനുദിനജീവിതം കണ്ടെത്താനാണ് കവി ശ്രമിക്കുന്നത്. സ്വന്തമായ ചില ദേശങ്ങളെ കവിതയിലൂടെ വീണ്ടെടുത്ത കവിയാണ് എസ്. ജോസഫ് " എന്ന മനോജ് കുറൂറിന്റെ നിരീക്ഷണം (2013:7) ഇവിടെ ഓർക്കാവുന്നതാണ്.

"എലിമാളങ്ങൾ പോലെ ഉൾവഴികൾ തിരിയുന്ന
ഒരു കവിതയെഴുതാൻ കഴിഞ്ഞെങ്കിൽ"(2013:31)

എന്ന് പക്ഷികളും മൃഗങ്ങളും എന്ന കവിതയിൽ അദ്ദേഹം പറയുന്നുണ്ട്.

കാവ്യചരിത്രത്തിലെയും സാമൂഹ്യചരിത്രത്തിലെയും കാണായിടങ്ങളും ഉൾവഴികളും അന്വേഷിക്കുന്ന കവിയാണ് അദ്ദേഹം. അരികുകളിലാക്കപ്പെടുന്നവരുടെ ഇടങ്ങളിലേക്ക് തുറക്കുന്ന കവിതയായി ജോസഫിന്റെ കവിത മാറുന്നു. കവിത, പ്രാദേശികതയുടെ സാംസ്കാരികഭൂപടത്തിലാണ് ബഹിഷ്കൃതരുടെ ജീവിതം അടയാളപ്പെടുത്തുന്നത്. സ്വന്തം നാട്, തോട്, വഴികൾ എന്നിവയ്ക്കൊപ്പം സ്വന്തം ആളുകളും സൂക്ഷ്മതകളോടെ കവിതയാകുന്നു. ഓലവീടും കയ്യാലയും ശീമക്കൊന്നയും, പശുവും, പറപ്പയും, തുമ്പിയും, സ്കൂൾകുട്ടികളും എല്ലാം ഉള്ള നാട്ടുവഴികൾ സ്വാഭാവികതയോടെ വായനക്കാർക്കു മുമ്പിലെത്തുന്ന വരികളാണ് എസ്. ജോസഫിന്റേത്.

"ഗ്രാമത്തിലൊരു തോടിന്റെ
കരയിൽ കയ്യാല കെട്ടിയ
പറമ്പിന്റെയേറ്റമുയർന്ന തിട്ടയിൽ
പിറന്ന വീടിരിക്കുന്നു"(2005:26)

"കവിതയ്ക്ക് ഒരു പാരമ്പര്യമുണ്ടെങ്കിൽ അത് മലഞ്ചെരുവിൽ കുമ്പളം കയറിക്കിടക്കുന്ന പുളിക്കരികിൽ പിറന്ന വീടിരിക്കുന്നവരുടെ പാരമ്പര്യമാണ്. മുമ്പ് കിണറില്ലാത്തവരുടെയും ഇപ്പോൾ കിണറുണ്ടായിട്ടും വെള്ളമില്ലാത്തവരുടെയും എന്നുതുടങ്ങി ഇല്ലാത്തവരുടെ ലോകമാണത് (2005:9) എന്ന് പ്രദീപൻ പാമ്പിരികുന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്.

നാട്ടുമൊഴികളിലൂടെയും പ്രയോഗങ്ങളിലൂടെയും ഭൗതികസ്ഥലത്തെക്കുറിച്ചുള്ള സൂചന നൽകാൻ കവിതയ്ക്കു കഴിഞ്ഞേക്കാം. എന്നാൽ അവയെല്ലാം സവിശേഷ ജീവിതവ്യാപാരങ്ങളുള്ള ജനതയുടെ ആവാസകേന്ദ്രങ്ങളായി മനസ്സിലാക്കുമ്പോൾ ഭൂമിശാസ്ത്രപരമായ ഭൗതിക പരിസരത്തിൽനിന്നും പ്രാദേശിക വഴക്കങ്ങളുടെ ഭാഷാമണ്ഡലത്തിൽനിന്നും അതു വളരുകയും കവിതയിൽ സ്വത്വത്തെ വീണ്ടെടുക്കാനുള്ള ഉപാധിയായി മാറുകയും ചെയ്യുന്നു. അതിനാൽ കവിതയിലെ ഭൂപ്രദേശം, ജൈവിക സാംസ്കാരിക മണ്ഡലം എന്ന നിലയിൽ പരിഗണിക്കേണ്ടതാണ്. കുന്ന്, പുൽമേട്, കാട്ടുപൊന്ത, മൺപുറ്റുകൾ, മൺവഴികൾ , പാടം, തോടുകൾ, പുഴ കടൽതീരം, എന്നിവ ചേരുന്ന ഭൂപ്രദേശത്തെ മലയാളകാവ്യഭൂപടത്തിൽ ജോസഫിന്റെ കവിത വരച്ചുവയ്ക്കുന്നു. ഓടമരം, ഒട്ടലുകൾ, കരിമരുത്, പുന്ന, കാഞ്ഞിരം, ചൂണ്ടപ്പന, കുടമ്പുളി, കശുമാവിൻ തോട്ടങ്ങൾ, താന്നിമരം, മാവ്, തേൻവരിക്ക, കപ്പ, തോട്ടുതഴ , പൊനയുന്ന പാമ്പ്, കീരി, കുളക്കോഴി, മോതിരവളയൻ, കാട്ടുമുയൽ, കുറുക്കൻ, പന്നി, കാക്ക, പച്ചിലക്കുടുക്ക, കരികിലാം പിടകൾ, പനന്തത്ത, മൈനകൾ, ചില്ലോൻ, ആരോൻ, കാരി, മഞ്ഞക്കൂരി, വാള, ഞൗണിക്ക തുടങ്ങിയ സസ്യജന്തുലോകവും സൂക്ഷ്മമായി അടയാളപ്പെടുന്നുണ്ട്. മനുഷ്യന്റെ ഉപഭോഗതാല്പര്യങ്ങൾ ഭൂപ്രകൃതിയിൽ വരുന്ന മാറ്റങ്ങളോടുള്ള രൂക്ഷമായ പ്രതിഷേധവും കവി അവതരിപ്പിക്കുന്നു. ആഴങ്ങൾ അടച്ചിട്ട പുഴയിൽ, ഒരു പുഴയും മുഴുവൻ മീനുകളെയും വിട്ടുതരില്ല എന്ന് പറയുമ്പോൾ, ആർക്കും എളുപ്പത്തിൽ കീഴടക്കാവുന്ന വിഭവങ്ങളുടെ കലവറയാണ് പ്രകൃതി എന്ന ആധുനികതയുടെ അധികാരചിന്തയാണ് പരിഹസിക്കപ്പെടുന്നത്.

സമാനമായി ,

"കുന്നെടുത്തവൻ ഒരു
കുഴിയായി വെന്തുരുകണം
മണ്ണുവിറ്റുനേടിയവ
ഒരുപിടി മണ്ണാകണം"(2013:48). എന്ന് 'പെങ്ങൾ 'എന്ന കവിതയിൽ വായിക്കാം.

അതുവരെ മലയാള കവിതയിൽ ആവിഷ്കരിക്കാത്ത നാട്ടുഭാഷയിലൂടെയും, ഭൂപ്രകൃതിയിലൂടെയും അതിസാധാരണജീവിതം അടയാളപ്പെട്ടപ്പോൾ അരികുകളിലേക്കുള്ള മലയാളകവിതയുടെ അകലം കുറഞ്ഞുവന്നു.

എഴുത്ത്

സർഗ്ഗരചനയുമായി ബന്ധപ്പെട്ട എസ്. ജോസഫ് കവിതയിലെ സൂചനകൾ സംസ്കാരപഠനത്തിലെ അനുദിനത്വം എന്ന താക്കോൽ വാക്കിനോടുള്ള ആഭിമുഖ്യം ഉറപ്പിക്കുന്നു. സ്വന്തം, കുറേ വരികൾ, ഓർക്കാപ്പുറത്ത് എന്നീ കവിതകൾ പരിശോധിക്കാം.

"തോട്ടുകരയിലൂടെ പിന്നെയും ഞാൻ പോയി
തോടൊരു പുഴയിൽ അലിയുന്നു
പുഴയോടൊപ്പം ഞാൻ പോയില്ല

തോട്ടുകളുടെ കവിമാത്രമാണ് ഞാൻ
കുഞ്ഞുകവി" (2013:28)

സാധാരണതകളിലൂടെ പിറക്കുന്ന കവിതയെക്കുറിച്ച് ഇങ്ങനെ വായിക്കാം.

"നാമെല്ലാം എത്ര സാധാരണക്കാരാണ് അല്ലേ
അസാധാരണമായ കാര്യങ്ങൾ ചെയ്യാൻ ശ്രമിക്കുന്നു"(2005:21).

പല കവിതകൾ എന്ന കവിതയിലെത്തുമ്പോൾ കാളപൂട്ടുകാരന്റേതു കൂടിയാവണം കവിത എന്ന നിലപാട് ശക്തമാകുന്നുണ്ട്.

കാളപൂട്ടുകാരന്റെ കവിത
"ചപ്പും ചവറും ചാണകവുമിട്ട്
ഞൗരിയടിച്ച് അയാൾ മടങ്ങുന്നു"(2005:40)

കവിതയിലെ പരമ്പരാഗത, വരേണ്യബോധ്യങ്ങളെയും സൂചകങ്ങളെയും വിമർശിച്ചുകൊണ്ട് പ്രാദേശികവും കീഴാളവുമായ ചിഹ്നങ്ങളിലൂടെ കവിതയിൽ തന്റേതുകൂടിയായ പാരമ്പര്യത്തെ കവി ചേർക്കുന്നു.

കവിതയിൽ എന്ന് പേരുള്ള കവിത പരിശോധിക്കാം.

"പടം പൊഴിച്ച്
പുതിയൊരു തിളക്കത്തിൽ
കയ്യാലമേലും മറ്റും ഇഴഞ്ഞുപോകുന്ന
പാമ്പിനെപ്പോലെ
പഴയപൊരുളുകൾ വെടിഞ്ഞ്
പുതിയൊരു പൊരുൾ നേടാൻ
കവിതയ്ക്കാകുമോ" (2017:55)

എന്നു കവി ചോദിക്കുന്നു.

ഓരങ്ങളിലുള്ള ദൈനംദിന ജീവിതവ്യാപാരങ്ങളെ സാധാരണതയോടും സ്വാഭാവികതയോടുംകൂടെ അവതരിപ്പിക്കുന്ന കവി, കാവ്യാവിഷ്കാരത്തിൽ മുമ്പുണ്ടായിരുന്ന പാതകൾ വെടിയാനും പുതിയ പൊരുൾ തിരയാനും ശ്രമിക്കുന്നുണ്ട്.

**ഭാഷ**

നിരന്തരം പുതുക്കപ്പെടുന്ന വ്യവഹാരമാണ് കവിത. ബഹിഷ്കൃതരുടെ ഇടങ്ങളും ജീവിതവും അവതരിപ്പിക്കാൻ തനതു പ്രാദേശികഭാഷയുടെ സ്വതന്ത്രവും മൗലികവുമായ പ്രയോഗങ്ങളാണ് കവിതയിൽ എസ്. ജോസഫ് ഉപയോഗിക്കുന്നത്. കാവ്യഭാഷയെ പുതുക്കുന്നതിന്റെ പ്രധാന ഉപാധിയായി സാധാരണ ഭാഷാവ്യവഹാരങ്ങളുടെ ഉപയോഗത്തെ എൻ. അജയകുമാർ കണ്ടെത്തുന്നു.(2008)

"വ്യാകരണത്തിന്റെ വടികൊണ്ടു
തല്ലിനുർക്കാത്ത നേർമൊഴിച്ചന്തങ്ങളെ
ക്കൊണ്ടുചെറുമരങ്ങൾ നാട്ടുന്നു"(2013:76)

എന്നിങ്ങനെ ഇതിനെക്കുറിച്ച് കവി വ്യക്തമാക്കുന്നു. നാട്ടുമൊഴിയുടെ ചുട്ടെഴുത്തുകളാണ് ജോസഫിന്റെ കവിതയുടെ മൗലികത. കാവ്യമീമാംസയിൽ ധ്വനിക്കുള്ള വരേണ്യമൂല്യത്തെ തിരുത്താൻ സാധാരണജനതയുടെ ജീവൽ ഭാഷയിലൂടെ കവി നടത്തുന്ന ശ്രമമാണ് ധ്വനി എന്ന കവിതയിലുള്ളത്. താൻ പ്രയോഗിച്ചിട്ടുള്ള വലിയ ധ്വനി ഏതെന്ന് കവി വെളിപ്പെടുത്തുന്നു. അതിങ്ങനെയാണ്:

"പോക്കെടമില്ല അല്ലേ എന്ന വാക്യമാണ്
ഞാൻ പ്രയോഗിച്ചിട്ടുള്ള ഏറ്റവും വലിയ ധ്വനി
കവിതയിലായാലും ജീവിതത്തിലായാലും" (2005:22)

കവിതയുടെ വരേണ്യജീവിതഭാഷാവ്യവഹാരങ്ങളെ തിരുത്തുന്നതിന് ഗ്രാമ്യവും സാധാരണവുമായ ഭാഷയാണ് കവി ഉപയോഗിക്കുന്നത്. പുതുകവിതയുടെ ലളിതമായ അവതരണത്തെക്കുറിച്ച് വളരെ നിസംഗമായോ സുതാര്യമായോ അനുഭവപ്പെട്ടേക്കാം എന്ന് കവിതന്നെ അഭിപ്രായപ്പെടുന്നുണ്ടെങ്കിലും അത് നിലവിലുണ്ടായിരുന്ന കാവ്യഭാഷയുടെ അധികാര ബോധ്യങ്ങളെ ചിതറിച്ചു എന്നതാണ് വസ്തുത.

വടക്കൻ യാത്രകൾ എന്ന കവിതയിൽ
കഴിഞ്ഞ വേനയ്ക്ക് ഒരു വെറകുപെരയുണ്ടാക്കി (2005:44)
മറ്റൊരു വേനയ്ക്ക് തോടിന്റെ കരേ വെച്ച്
അവളുടെ കെട്ടിയോനെക്കണ്ടു (2005:36)
ഒതറിച്ച കാല്പാടുകൾ കൂട്ടിവരച്ചാൽ കിട്ടുന്നത്
ഒരു പേടിച്ച മൃഗം (2005:45)

കയ്യാലയും കുത്തുകല്ലും തോട്ടുതഴയും തെകത്തുകപ്പേം മൊളകു പൊട്ടിച്ചതും, മാത്രമല്ല ചേലാകം, മച്ചിങ്ങ, ളളിമാനം, ചായൻതെങ്ങ് എന്നിങ്ങനെ നിരവധി വാക്കുകൾ ഭൂപ്രകൃതിയുടെയും, പ്രാദേശികഭാഷയുടെയും സവിശേഷതകളെക്കൂടിയാണ് അവതരിപ്പിക്കുന്നത്.

നാട്ടുമൊഴിയിലൂടെ പരമ്പരാഗത കാവ്യഭാഷയും അതിസാധാരണത്വം നിറഞ്ഞ അനുദിന ജീവിതത്തിലൂടെ കോയ്മകളുടെ സവിശേഷതകളും എസ്. ജോസഫിന്റെ കവിത പ്രശ്നവൽക്കരിച്ചു. ദൈനംദിനജീവിതവൃത്തികളിലൂടെയും അതിസാധാരണ ജീവിതാനുഭവങ്ങളിലൂടെയും ലളിതമായ പദഘടനയും ശൈലിയും ഉപയോഗിച്ച് നിലവിലെ കാവ്യരീതികൾക്കു എസ്. ജോസഫിന്റെ കവിത ബദലുകൾ തീർത്തു.

"കൊയ്തുകിട്ടിയ നെല്ല് വറുത്തുകുത്തി
അത്താഴം കഴിച്ചത്
ഓർക്കുന്നുണ്ടോ?
കോവൽകണ്ടത്തിൽ മറഞ്ഞുനിന്ന് കുളിച്ച
നിലാവുള്ള രാത്രികൾ" (2013:71)

മുമ്പ് ചർച്ചചെയ്തതുപോലെ പരമ്പരാഗത വരേണ്യകാവ്യബോധങ്ങളെ മാറ്റിനിർത്തിക്കൊണ്ട് പുതുകവിതയിൽ ചേക്കേറിയ നാട്ടുമൊഴികൾ ഓരോന്നും അതുരൂപപ്പെടുന്ന ജീവിതവ്യാപാരങ്ങളുടെ, അനുഭവങ്ങളുടെ ഇടത്തെക്കൂടി പ്രതിനിധാനം ചെയ്യുന്നു. ഓരോ വാക്കും രൂപം കൊണ്ട ജീവിതപരിസരങ്ങളിലേക്ക് നമ്മെ കൂട്ടിക്കൊണ്ടുപോകും. അരികിടങ്ങളിൽനിന്ന് വാക്കുകൾ സാമൂഹിക സാംസ്കാരിക മണ്ഡലത്തിൽ തിരിച്ചെത്തുമ്പോൾ അരികുജീവിതാനുഭവങ്ങളുടെ പ്രതിനിധാനം പൂർണ്ണമാകുന്നു. ആ അർത്ഥത്തിൽ കവിതയെക്കുറിച്ചുള്ള പാരമ്പര്യബോധ്യങ്ങൾക്കെതിരാണ് പുതുകവിത. പുതുകവിത സാധാരണതകളിലൂടെ അവതരിപ്പിക്കുന്ന അനുദിനവൃത്തികൾ മുഖ്യധാരാജീവിതത്തിന് അപരിചിതമായവയാണ്. അരികുകളിലെ യാഥാർഥ്യങ്ങളെ മുമ്പില്ലാത്തവിധം സ്വാഭാവികതയോടും സൂക്ഷ്മതയോടുംകൂടി അവതരിപ്പിക്കുന്നിടത്ത് പുതുകവിത വിജയിക്കുന്നു. തേൻതുള്ളി വരിക്കച്ചുളകൾ എന്ന കവിതയിൽ അത്താഴം കഴിക്കാൻ നെല്ല് വറുത്തു കുത്തിയവരുടെയും കോവൽക്കണ്ടത്തിൽ മറഞ്ഞുനിന്ന് കുളിച്ചവരുടെയും ജീവിതം സ്വാഭാവികതയോടെ എത്തുമ്പോൾ അനുദിനജീവിതത്തിന്റെ അതിസാധാരണതകൾ ആലങ്കാരങ്ങളില്ലാതെ കവിതയായിമാറുകയാണ്.

പാടം എന്ന കവിതയിലാകട്ടെ നാട്ടുജീവിതത്തിന്റെ യാഥാർത്ഥ്യങ്ങളാണ് ലളിതമായി കവിതയിലെത്തുന്നത്. കീരിയും പാമ്പും, ശലഭങ്ങളും ഞൗണിക്കയും വേർത്ത കച്ചിതൻ മണമുള്ള കാറ്റും ആരോനും കുളക്കോഴിയൊച്ചയുമവിടെയുണ്ട്. അനുദിനജീവിതത്തിന്റെ സ്വാഭാവികാവതരണമായി കവിത മാറുന്നതുകൊണ്ടാണ് വടക്കൻ യാത്രകൾ എന്ന കവിതയിൽ കവിത എഴുതുന്ന ഇടവും ഇടയും സൂക്ഷ്മമായി പരാമർശിക്കാൻ കവിക്കാകുന്നത്.

"മരത്തണലിൽ തള്ളപ്പൂച്ച ഉറങ്ങുന്ന
അവിടെയിരുന്നാണ് ഈ കവിതയെഴുതിയത്"(2013:54)

എന്ന കവിതയിലെ സൂചന, യഥാർത്ഥ ജീവിതത്തിന്റെ അത്രതന്നെ യഥാർത്ഥമായ അവതരണമെന്ന തോന്നലുണ്ടാക്കാൻ പര്യാപ്തമാണ്. മാത്രമല്ല ആധുനികതയുടെ ബിംബാവലികൾ, അനുദിന ജീവിതവ്യാപാരങ്ങൾ അനായാസമായി ആവിഷ്ക്കരിക്കുന്ന സംഭാഷണത്തിന്റെയോ പ്രാദേശികമൊഴിയുടെയോ രൂപത്തിൽ കവിതയിൽ നിവീകരിക്കപ്പെട്ടു.

നാട്ടുമനുഷ്യരുടെ സാധാരണജീവിതവും നാട്ടുവഴികളിലെ ജീവിതവൃത്തികളും കവിതയാകേണ്ടതാണെന്ന തിരിച്ചറിവാണ് അനുദിനത്വത്തിന്റെ സാധാരണതകളിലേക്ക് സൂക്ഷ്മ

സഞ്ചാരം നടത്താൻ കവിയെ നിർബന്ധിക്കുന്നത്. ചരിത്രത്തിലെ വിടവുകളും ഒഴിവാക്കലുകളും പരിഹരിക്കാൻ കവിതയിൽ ആവിഷ്കരിക്കുന്ന ദൈനംദിനത്വത്തിന്റെ അടയാളങ്ങൾ പര്യാപ്തമാണ്. കവിതയിലെ ഭൂപ്രദേശം, സ്വത്വത്തെ വീണ്ടെടുക്കാൻ സഹായിക്കുന്ന ജൈവിക സാംസ്കാരിക മണ്ഡലമായി മാറിത്തീരുന്നു. സാധാരണക്കാരന്റെ നിത്യജീവിത്തിന്റേതു കൂടിയാകാൻ കവിതയുടെ ഭാഷ തയ്യാറെടുക്കുന്നുവെന്ന് കാട്ടിത്തരുന്നവയാണ് കവിതകൾ. ഒപ്പം ജീവിതസങ്കീർണ്ണതകളെ ആവിഷ്കരിക്കാൻ ലളിതവും സുപരിചിതവുമായ വാക്കുകൾ തെരഞ്ഞെടുക്കുന്നതിനു പിന്നിൽ പരമ്പരാഗത കാവ്യധാരയിൽനിന്നുള്ള ചുവടുമാറ്റം കാണാം. അതീവ സാധാരണമായ പറച്ചിലുകളിലൂടെ ജീവിതയാതനകളും വെല്ലുവിളികളും സാന്ദ്രമാക്കി വയ്ക്കുന്നിടത്താണ് വായനക്കാരുമായി ജോസഫിന്റെ കവിത വൈകാരികബന്ധം സ്ഥാപിക്കുന്നത്.

**കുറിപ്പുകൾ**

1. Wordsworth in the Preface to Lyrical Ballads says: "The principle object than proposed in these poems was to choose incidents and situations from common life and to relate or describe them throughout as far as possible in a selection of language really used by man and at the same time to throw over them a certain colouring of imagination, whereby the ordinary themes should be presented in the mind in an unusual manner"(Mansuri Sana, 2020:736)

2."ഭൂതകാലത്തിലെ ഗംഭീരവും ഘോഷപൂർണവുമായ സംഭവങ്ങൾ മാത്രമല്ല,വർത്തമാനകാലത്തെ അതിസാധാരണമായ ദൈനംദിന സംഭവങ്ങളും വ്യക്ത്യാനുഭവത്തെ ആഗതമായി സ്പർശിക്കും എന്നതാണ് നിത്യവൃത്തി സിദ്ധാന്തത്തിന്റെ കാതൽ" (പി.പി രവീന്ദ്രൻ., 2017:202)

**ഗ്രന്ഥസൂചി**


1. അജയകുമാർ എൻ., 2008 കവിതയുടെ വഴികൾ, വള്ളത്തോൾ വിദ്യാപീഠം, ശുകപുരം
2. അജയകുമാർ എൻ., 2014, ഉണ്ണിലും തുരുമ്പിലും, സമകാലിക മലയാളകവിത, ഭൂമിമലയാളം, യു.സി. കോളേജ്, ആലുവ.
3. രവീന്ദ്രൻ പി.പി., 2017, നിത്യവൃത്തി, താക്കോൽ വാക്കുകൾ, ഭൂമി മലയാളം, യു.സി. കോളേജ്, ആലുവ.
4.ജോസഫ് എസ്., 2005, ഐഡന്റിറ്റി കാർഡ് , ഡി.സി.ബി. കോട്ടയം
5. ജോസഫ് എസ്., 2013 ചന്ദ്രനോടൊപ്പം, ഡി.സി.ബി., കോട്ടയം.
6. ജോസഫ് എസ്., 2017 മഞ്ഞപറന്നാൽ, ഡി.സി.ബി., കോട്ടയം.
7.ജോസഫ് എസ്., 2021 ഓർഫ്യൂസ്, ഡിസിബി കോട്ടയം.
8 ജോസഫ് എസ്. 2014 പുതുകവിതയിലെ പ്രതിരോധം, ഭൂമി മലയാളം സമകാലിക മലയാളകവിത, യു.സി. കോളേജ്, ആലുവ.
12. Mansuri Sana .,2020 'Preface to Lyrical Ballads: Manifesto of Romanticism' Vol.7,No.4,Pg 734-736, https://www.ijrar.org/papers/IJRAR19L2098.pdf
9. http://en.m.wikipedia.org/wiki/Henri_Lefebvre
10. https://sites.ualberta.ca/~rshields/f/lefedl.html
11.https://chisineu.files.wordpress.com/2012/08/lefebvre-henri-the-critique-of-everyday-life-vol-1.pdf


aashamathai@gmail.com

# കീഴാളകർത്തൃത്വനിർമ്മിതി 'മീൻകാരി'യിൽ

**ഡോ. ധന്യ പി. ഡി.**
അസിസ്റ്റന്റ് പ്രൊഫസർ
മലയാളവിഭാഗം, കെ കെ ടി എം ഗവ.കോളേജ്, പുല്ലൂറ്റ്

**പ്രബന്ധസംഗ്രഹം**

കർത്തൃത്വപരവും പ്രതിനിധാനപരവുമായ മുൻകാലസങ്കല്പനങ്ങളെ പുതിയ ചിന്താപദ്ധതികൾ പുനഃസൃഷ്ടിക്കുന്നു. ആഖ്യാനത്തിന്റെ ഓരോ ഘടകങ്ങളും ഇന്ന് പ്രശ്നവല്ക്കരണങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുന്നു. സംസ്കാരത്തെക്കുറിച്ചും കീഴാളതയെക്കുറിച്ചുംമറ്റും ഉയർന്നുവന്നിട്ടുള്ള പുതിയ ചിന്താപദ്ധതികളുടെ വെളിച്ചത്തിൽ തീരദേശസംസ്കാരം പ്രമേയമാകുന്ന മീൻകാരി എന്ന ചെറുകഥയെ വിശകലനം ചെയ്യുകയാണ് ഈ ലേഖനത്തിൽ.

**താക്കോൽവാക്കുകൾ**

കീഴാളകർത്തൃത്വനിർമ്മിതി, സംസ്കാരം, രക്ഷകപുരുഷസങ്കല്പം, കീഴാളസ്ത്രീലൈംഗികത, ലിംഗരാഷ്ട്രീയം

മലയാളത്തിലെ സാഹിത്യസാംസ്കാരികകാഴ്ചപ്പാടുകളെ രൂപപ്പെടുത്തുന്നതിൽ പുരോഗമനസാഹിത്യപ്രസ്ഥാനം അനിഷേധ്യമായ പങ്കുവഹിച്ചിട്ടുണ്ട്. മനുഷ്യസമൂഹത്തിന്റെ നന്മയെയും മാനവികതയെയുംകുറിച്ചുള്ള ചിന്തകളാണ് അത് മുന്നോട്ടുവച്ചത്. കേവലമായ സാഹിത്യവിചിന്തനം എന്നതിനപ്പുറത്തേക്ക് സാമൂഹികവികസനത്തിനുതകുന്ന പ്രത്യയശാസ്ത്രം അവതരിപ്പിച്ചു. ഇക്കാലത്തെ സാഹിത്യസാംസ്കാരിക ഇടപെടലുകൾ സമൂഹത്തിൽ ക്രിയാത്മകവും ഗുണപരവുമായ സംവാദങ്ങൾക്ക് വഴിതെളിയിക്കുകയുണ്ടായി. മനുഷ്യനെക്കുറിച്ചുള്ള ചിന്തകളും ആകുലതകളും രൂക്ഷമായ ഘട്ടത്തിൽ അതിനെതിരെയുള്ള സർഗാത്മക പ്രതിരോധത്തിന്റെ മാർഗ്ഗമായി സാഹിത്യം മാറി. പുരോഗമനസാഹിത്യപ്രസ്ഥാനം അതിന്റെ ആരംഭഘട്ടം മുതൽതന്നെ, സാഹിത്യം സമൂഹത്തിൽ കാര്യമായ ഇടപെടലുകൾ നടത്തുന്നവയാകണം എന്ന ലക്ഷ്യം പുലർത്തിയിരുന്നു. വിനോദത്തിനുവേണ്ടി സാഹിത്യരചന നടത്തുന്ന രീതി തമസ്കരിക്കപ്പെട്ടു.

ലോകരാജ്യങ്ങൾ വളരെ നിർണായകമായ ദശാസന്ധിയിലൂടെ കടന്നുപോകുന്ന കാലഘട്ടം കൂടിയായിരുന്നു പുരോഗമനസാഹിത്യ പ്രസ്ഥാനത്തിന്റെ പ്രാരംഭഘട്ടം. ആഗോളതലത്തിൽതന്നെ രൂപപ്പെട്ട അധികാരവ്യവസ്ഥകൾ, സാമ്പത്തിക മാന്ദ്യം, യുദ്ധസമാനമായ അന്തരീക്ഷം, 1917-ലെ റഷ്യൻ വിപ്ലവത്തിന്റെ അലയൊലികൾ, അധിനിവേശരാജ്യങ്ങൾ സൃഷ്ടി

ച്ച പ്രതിസന്ധികൾ തുടങ്ങി നിരവധിയായ ചരിത്രമുഹൂർത്തങ്ങളെ ലോകം അഭിമുഖീകരിക്കുന്ന വേളയിൽ, ലാവണ്യാധിഷ്ഠിത സാഹിത്യവ്യവഹാരത്തിന്റെ ഉദ്ദേശശുദ്ധി ചോദ്യം ചെയ്യപ്പെട്ടു. ചരിത്രത്തെ പുനർനിർവ്വചിക്കാൻ പര്യാപ്തമായ സാഹിത്യ-സാംസ്കാരിക ഉള്ളടക്കം പുരോഗമനസാഹിത്യത്തിന്റെ സവിശേഷതയായി മാറി.

വ്യവസ്ഥാപിതമായ സാഹിത്യസങ്കൽപങ്ങൾ ഫ്യൂഡൽ സാമൂഹികാവസ്ഥയെ പുനരാവിഷ്കരിക്കുന്നവയായിരുന്നു. അതിനാൽ ചൂഷിതർക്കും മർദ്ദിതർക്കുമൊപ്പമാണ് പുരോഗമനസാഹിത്യപ്രസ്ഥാനം നിലയുറപ്പിച്ചത്. "പുരോഗമനസാഹിത്യപ്രസ്ഥാനം-തുടക്കത്തിൽ ജീവൽസാഹിത്യ പ്രസ്ഥാനം - അതിന്റെ പ്രാരംഭഘട്ടം മുതൽ വ്യക്തമായ ലക്ഷ്യത്തോടു കൂടിയാവണം സർഗാത്മക കൃതികൾ രചിക്കപ്പെടേണ്ടതെന്ന നിലപാടാണ് പുലർത്തിയത്. രാജ്യത്തെ കർഷകർ, കർഷകത്തൊഴിലാളികൾ തുടങ്ങിയ വിപ്ലവ മുന്നണിയെ പ്രചോദിപ്പിക്കുന്ന വിധത്തിലായിരിക്കണം കൃതികളുടെ ഉള്ളടക്കം രൂപപ്പെടുത്തേണ്ടത്. അത് ദരിദ്രന്റെ പക്ഷത്തും ചൂഷണത്തിന്റെ എതിർ പക്ഷത്തും നിലയുറപ്പിച്ചാവണം വികസിപ്പിക്കേണ്ടത് എന്ന കാര്യത്തിലും തർക്കമില്ല. വിപ്ലവത്തിന്റെ ചാലകശക്തിയായി വിഭാവനം ചെയ്യപ്പെട്ട സാഹിത്യം, സൗന്ദര്യപക്ഷത്തുനിന്ന് പൂർണമായും വിമോചിക്കപ്പെടണം എന്നും വിലയിരുത്തപ്പെട്ടു." (സന്തോഷ്,ഒ.കെ.,2012:47) സമൂഹത്തിൽ നിലനിൽക്കുന്ന അനാചാരങ്ങൾക്കും അസമത്വങ്ങൾക്കും എതിരായി പ്രചരണം നടത്തുക എന്ന ലക്ഷ്യമാണ് പുരോഗമന സാഹിത്യത്തിനുണ്ടായിരുന്നത്. നീതിയിലധിഷ്ഠിതമായ ഒരു പുത്തൻ സാമൂഹിക സ്ഥിതിയാണ് ഇതിലൂടെ ലക്ഷ്യം വെച്ചത്. സാമൂഹികപ്രതിബദ്ധതയുള്ള സാഹിത്യമായിരുന്നു പുരോഗമനസാഹിത്യ പ്രസ്ഥാനത്തിന്റേത് എന്ന് പൊതുവേ പറയാം.

സൗന്ദര്യാധിഷ്ഠമായ സാഹിത്യമെന്ന ചിന്തയെ അപ്പാടെ തള്ളുകയും സമൂഹത്തിലുണ്ടാകേണ്ടുന്ന ഗുണപരമായ മാറ്റങ്ങളെ കുറിച്ച് ബോധ്യപ്പെടുത്തുകയുമാണ് പുരോഗമനസാഹിത്യപ്രസ്ഥാനം ചെയ്തത്. ദളിത്- കീഴാള പക്ഷ രാഷ്ട്രീയം സാഹിത്യത്തിൽ രൂപപ്പെടുന്നത് ഈ കാലഘട്ടത്തിലാണ്. അക്കാലംവരെ സാഹിത്യം വിനോദത്തിനുള്ള ഉപാധി മാത്രമായിരുന്നു. സവർണ ഫ്യൂഡലിസ്റ്റ് മാടമ്പിമാരുടെ നേരമ്പോക്കിനുള്ള മാർഗ്ഗമായിരുന്നു അത്. സാഹിത്യത്തിന്റെ നിർമാതാക്കളും മുഖ്യ പ്രയോക്താക്കളും സവർണ്ണ വിഭാഗമായിരുന്നു. പ്രമേയത്തിന്റെ കേന്ദ്രമായി ദളിത് - കീഴാള ജീവിതങ്ങൾ മാറുന്നത് പുരോഗമന സാഹിത്യത്തിന്റെ കാലത്താണ്. വരേണ്യസാഹിത്യത്തിന്റെ മാമൂലുകളെ നിഷേധിച്ച് കീഴാളപക്ഷ രാഷ്ട്രീയത്തെ പ്രമേയകേന്ദ്രത്തിലേക്ക് കൊണ്ടുവന്നു. തകഴി, ബഷീർ, ദേവ്, പൊറ്റക്കാട്, കാരൂർ തുടങ്ങിയവരെല്ലാം ഇത്തരം വേറിട്ട രചനാരീതി സ്വീകരിച്ചവരായിരുന്നു.

സമൂഹത്തിലെ മധ്യവർഗത്തിന്റെ കഥകൾ ഋജുവായ ഭാഷയിൽ അവതരിപ്പിച്ച സാഹിത്യകാരനായിരുന്നു കാരൂർ. നിത്യജീവിതത്തിൽ കണ്ടെത്താവുന്ന സാധാരണ കഥാപാത്രങ്ങളും ജീവിതമുഹൂർത്തങ്ങളുമാണ് അദ്ദേഹത്തിന്റെ രചനയിൽ മുന്തിനിന്നത്. "തികച്ചും വ്യത്യസ്തമായ ജീവിതാനുഭവങ്ങളെ ആവിഷ്കരിക്കുന്ന വലിയ കഥകൾ എഴുതാൻ കാരൂരിന് കഴിഞ്ഞത് പ്രാദേശികവും ഗ്രാമ്യവും ആയ ജീവിതത്തിന്റെ സീമിതവൃത്തത്തിനപ്പുറമുള്ള സാമൂഹ്യ സംഘർഷ മേഖലകളെ പറ്റിയുള്ള ഉള്ളറിവുകൾ നിരീക്ഷണങ്ങളിലൂടെയും അപഗ്രഥനത്തിലൂടെയും സ്വാംശീകരിച്ചതിനാലാണ്" (രാമകൃഷ്ണൻ,ഇ.വി.,1999:10). സമകാലികരായ എഴുത്തുകാർ ഏറെയൊന്നും ശ്രദ്ധ പതിപ്പിക്കാത്ത ഒരു ജീവിതമേഖലയിൽ നിന്നാണ് കാരൂർ 'മീൻകാരി' എന്ന കഥയ്ക്കുള്ള ബീജം കണ്ടെത്തിയിരിക്കുന്നത്. പാർശ്വവത്കരിക്കപ്പെട്ട മുക്കുവജനതയുടെ ജീവിതം ആഖ്യാനം ചെയ്യുന്ന ഈ ചെറുകഥ മുന്നോട്ടുവയ്ക്കുന്ന പ്രത്യയശാസ്ത്രവിവക്ഷകളെ പ്രശ്നവൽക്കരിക്കുകയാണ് വരും ഭാഗങ്ങളിൽ.

**കീഴാളസ്വത്വവും വൃത്തിബോധവും**

സമൂഹത്തിന്റെ ഓരങ്ങളിലേക്ക് തള്ളപ്പെട്ട കീഴാളരുടെ ജീവിതം സാഹിത്യത്തിന് വിഷയമാകുമ്പോഴെല്ലാം അത് കഥപറച്ചിലിന്റെ രീതിയിലും ആഖ്യാന തന്ത്രത്തിലുമെല്ലാം പുതു

ശീലങ്ങളെയും വ്യത്യസ്ത സമീപന പദ്ധതികളെയും ആവശ്യപ്പെടുന്നുണ്ട്. ഓരപ്പെട്ടവരുടെ ജീവിതം അവർതന്നെ പകർത്തുന്ന രീതികൾ സമീപകാലത്താണ് പ്രാമുഖ്യം നേടിയത്. അനുഭവതീക്ഷ്ണത ഇത്തരം കൃതികളിൽ മുന്തിനില്ക്കും. ഇന്നത്തെ ദളിത് എഴുത്തുകൾ ഇതിനുദാഹരണമാണ്. എന്നാൽ, കീഴാളജീവിതങ്ങളെ സവർണ്ണപുരുഷ പ്രത്യയശാസ്ത്രത്തിന്റെ വീക്ഷണകോണിലൂടെ നോക്കിക്കാണുന്ന സമീപനമാണ് മിക്ക രചനകളും സ്വീകരിക്കുന്നത്. കീഴാളജനതയുടെ ഉന്നമനവും നവോത്ഥാനവും ലക്ഷ്യമാക്കിയും ഫ്യൂഡൽ വ്യവസ്ഥയുടെ വിച്ഛേദം ഉന്നംവെച്ചും എഴുതപ്പെട്ട പുരോഗമനസാഹിത്യപ്രസ്ഥാനത്തിലെ ഭൂരിഭാഗം കൃതികളും ഈ ഗണത്തിൽ വരുന്നവയാണ്. ഇത്തരം കൃതികൾ ഉൾവഹിക്കുന്ന ജാതി-വർഗ്ഗ-ലിംഗക്കോയ്മകളെ ആധുനികാനന്തരകാല പഠനങ്ങൾ പ്രശ്നവത്കരിച്ചിട്ടുണ്ട്.

പാർശ്വവൽക്കരിക്കപ്പെട്ട ഒരു ജനതയുടെ ജീവിതമാണ് മുക്കുവഗ്രാമ പശ്ചാത്തലത്തിൽ കാരൂർ അവതരിപ്പിക്കുന്നതെങ്കിലും തീരദേശജനതയെക്കുറിച്ച് പുറം സമൂഹം പുലർത്തുന്ന ധാരണകളെയാണ് ഈ കഥയും പിൻപറ്റുന്നത്. അപരിഷ്കൃതരെന്നും വൃത്തിഹീനമായ ജോലിചെയ്യുന്നവരെന്നുമെല്ലാം പുറംലോകം മുക്കുവരെ പരിഹസിക്കാറുണ്ട്. കഥയിലെ ആഖ്യാതാവിന് മുക്കുവരോട് തോന്നുന്ന മന:സ്ഥിതി അതിന് തെളിവാണ്. താഴ്ന്ന ജാതിക്കാരായ അവർ തീരെ വൃത്തിഹീനമായ സാഹചര്യത്തിലാണ് കഴിയുന്നതെന്ന് അയാൾ അടിവരയിടുന്നു. മീൻ വിൽക്കാൻ പോകുന്ന ഒരു മുക്കുവസ്ത്രീയെ കാണുന്ന മാത്രയിൽതന്നെ ആധുനികമായ 'വൃത്തി ബോധ'മില്ലാത്ത സ്ത്രീയാണ് അവരെന്ന് അയാൾ ചിന്തിക്കുന്നു. "ആരോഗ്യമുള്ള യുവതിയെന്നുള്ളതൊഴിച്ച് ഒരു പുഞ്ചിരി കൊടുക്കാനോ മേടിക്കാനോഉള്ള യോഗ്യതയൊന്നും ആ പെൺകോലത്തിനില്ല. അഴുക്കുപുരണ്ട ചേലയും പാറിപ്പറക്കുന്ന മുടിയും പുളിങ്കുരുപോലുള്ള പല്ലുകളും" (1999:147). സൗഹൃദം സ്ഥാപിക്കാനോ ഇടപഴകാനോ തക്ക 'പരിഷ്കാര'മൊന്നും മീൻകാരിക്കില്ല എന്ന് ആഖ്യാതാവ് കണ്ടെത്തുന്നു. വൃത്തിഹീനമായ അന്തരീക്ഷത്തിൽ പുലരുന്നവരാണ് കടലോരനിവാസികളെന്ന ധാരണ ദൃഢമൂലമായതിനാലാണ് ഇത്തരമൊരു ചിന്ത കടന്നുവരുന്നത്. ചെയ്യുന്ന തൊഴിലിനെയും ജാതിസ്വത്വത്തെയും വൃത്തിബോധത്തെയും തമ്മിൽ ബന്ധിപ്പിച്ചു കാണുന്ന രീതിയാണ് കഥ മുന്നോട്ടുവയ്ക്കുന്നത്.

ആഖ്യാതാവിന്റെ കാഴ്ചപ്പാടിൽ സത്യമുണ്ടെന്ന് അയാളുടെ സ്നേഹിതനും സാക്ഷ്യപ്പെടുത്തുന്നു. സ്നേഹിതൻ മുക്കുവഗ്രാമത്തിൽ പോയിട്ടുണ്ട്; അവിടുത്തെ ജീവിതക്രമങ്ങൾ മനസ്സിലാക്കിയിട്ടുണ്ട്. അതുകൊണ്ട് തന്നെ അവരെക്കുറിച്ച് ആഖ്യാതാവിന്റെ സ്നേഹിതൻ പറയുന്നതിൽ സത്യമുണ്ടെന്ന് വരുന്നു. "അവളുടെ ഗ്രാമം അത്ര അകലെയല്ല. ചിരട്ട കമഴ്ത്തിയത് പോലെയുള്ള മൺകുടിലുകൾ. എന്തു വൃത്തികേട്! മനുഷ്യൻ കഴിവുള്ളിടത്തോളം വൃത്തിയായ വേഷത്തിലേ വീടിനു പുറത്തിറങ്ങുകയുള്ളൂ. അവളുടെ വേഷം കണ്ടില്ലേ? അതിൽ നിന്നു കുടിലിലെ സ്ഥിതി ഊഹിക്കരുതോ നിങ്ങൾക്ക്? ദാരിദ്ര്യവും വൃത്തികേടും മാത്രമല്ല എല്ലാത്തരം ചീത്തത്തരങ്ങളും അടിഞ്ഞുകൂടിയിരിക്കുകയാണാ ഗ്രാമത്തിൽ" (1999:149). ഇവിടെ ദാരിദ്ര്യവും വൃത്തിബോധവും തമ്മിൽ ബന്ധപ്പെടുത്തിയാണ് കഥാകൃത്ത് ചിന്തിക്കുന്നത്. കീഴാളജീവിതങ്ങൾ വൃത്തിഹീനമാണ് എന്ന കാഴ്ചപ്പാട് കഥ മുന്നോട്ടുവെക്കുന്നു.

ദാരിദ്ര്യവും വൃത്തികേടും നീക്കുന്നതിലൂടെ മാത്രമേ കീഴാളരെ പരിഷ്കൃതരാക്കാൻ കഴിയൂ എന്ന ചിന്തയാണ് കഥയിലുടനീളം പ്രവർത്തിക്കുന്നത്. കർതൃസ്ഥാനത്തേക്ക് സ്വയം അവരോധിക്കുന്ന സവർണ്ണപുരുഷൻ ആദ്യം 'വൃത്തിഹീനമായ' അന്തരീക്ഷത്തിൽനിന്ന് അവരെ മുക്തരാക്കാനാണ് ശ്രമിക്കുന്നത്. അവരുടെ കുടിലുകളും വേഷവിധാനവും ജീവിതരീതിയും വൃത്തിഹീനമായിരുന്നുവെന്ന് കഥയിൽ പരാമർശമുണ്ട്. സാമൂഹിക അംഗീകാരം നേടാനുള്ള മാർഗങ്ങളായി വിദ്യ, വസ്ത്രം, വൃത്തി എന്നീ ഘടകങ്ങളാണ് ജാതി ഭേദമെന്യേ എല്ലാ നവോത്ഥാന പ്രവർത്തകരും ചൂണ്ടിക്കാണിച്ചതെന്ന് ഡോ. സജിത കെ.ആർ. നിരീക്ഷിക്കുന്നു(2016:12). വീടും വസ്ത്രവും ഭക്ഷണവും ശരീരപ്രകൃതിയും ജാതിയെ ദൃശ്യമാക്കുന്നു. അതുകൊണ്ടുതന്നെ ഇവ വൃത്തിയായും ശുചിയായും വയ്ക്കുന്നതിലൂടെ സമൂഹഘടന കീഴാളർക്ക് നിഷേധിച്ചതിനെയെല്ലാം തിരിച്ചുപിടിക്കാമെന്ന് ആധുനിക മൂല്യവ്യവസ്ഥിതി പഠിപ്പിക്കുന്നു. ആധുനികത വൃത്തിയാകാൻ ഉപദേശിച്ചത് കീഴാളരോട് മാത്രമായിരുന്നില്ല,സകല മനുഷ്യകുലത്തോടുമായിരു

ന്നു. പക്ഷേ, സമൂഹഘടനയിൽ താഴ്ന്ന തൊഴിൽ ചെയ്യുന്നവരും കീഴാളരും കറുത്തവരും മാത്രമാണ് വൃത്തിഹീനരെന്ന പൊതുബോധം ഇതുമായി ബന്ധപ്പെട്ട് രൂപപ്പെട്ടു. "വൃത്തിയാകേണ്ടവർ ദളിതരോ കീഴാളരോ ആണ് എന്നുമാത്രമായി ചുരുക്കപ്പെട്ടു. കേരളത്തിൽ, ഇന്ത്യയിൽ മറ്റെങ്ങുമില്ലാത്ത വിധം നവോത്ഥാന ആശയങ്ങൾ വേരോടാനുള്ള കാരണം ദളിതർ ഉൾപ്പെടെയുള്ള ഓരോ ജാതിക്കും തങ്ങൾ ആധുനീകരിക്കപ്പെടേണ്ടവരാണ്, വൃത്തിയാവേണ്ടവരാണ് എന്ന ബോധം വന്നതാണ്. അതിനു നവോത്ഥാനസാഹിത്യം സാക്ഷിയാണ്" (സജിത കെ.ആർ.,2016:13). കീഴാളമനുഷ്യരെ 'മാലിന്യ'ങ്ങളിൽനിന്ന് അകറ്റി നിറുത്താനുള്ള ശ്രമങ്ങൾ കാരൂരിന്റെ 'മീൻകാരി'യിലും കാണാം.

കീഴാളരുടെ ജീവിതങ്ങളെ നവീകരിക്കുകഎന്ന ഉദ്ദേശ്യത്തോടുകൂടി എഴുതപ്പെട്ട നവോത്ഥാന നോവലുകൾ, കീഴാളത പ്രാകൃതവും മലിനവും രോഗാതുരവുമാണെന്ന ബോധം ഉൾക്കൊണ്ടിട്ടുണ്ടെന്ന് പ്രദീപൻ പാമ്പിരിക്കുന്ന് സൂചിപ്പിക്കുന്നുണ്ട് (2001:26). 'മീൻകാരി'യിൽ കാരൂരും ഇത്തരം ബോധ്യങ്ങളെയാണ് പിന്താങ്ങുന്നത്. "രോഗവും ദാരിദ്ര്യവും നീക്കുകയും ആധുനിക വിദ്യാഭ്യാസം നൽകുകയും ചെയ്താൽ തീരുന്നവയാണ് കീഴാളരുടെ പ്രശ്നങ്ങൾ എന്നൊരു സന്ദേശം, നവോത്ഥാനകൃതികൾ മുന്നോട്ടു വെക്കുന്നുണ്ട്. ആധുനികതയുടെ സ്വത്വമാണ് പരിഷ്കൃത സ്വത്വമെന്നും കീഴാളരെ അതിലേക്ക് സ്നാനം ചെയ്യിക്കുകയാണ് പ്രബുദ്ധരുടെ കർത്തവ്യമെന്നുമുള്ള ചുമതലാഭാരവും ഇതിൽ കാണാം" (സോമലാൽ,ടി.എം.,2016;46). തൊഴിൽമേഖലയും സാമൂഹ്യബന്ധങ്ങളും നവീകരിക്കുന്നതിലൂടെ മാത്രമേ ഇത്തരമൊരു മാറ്റം സാധ്യമാവുകയുള്ളൂ എന്ന് കഥ തിരിച്ചറിയുന്നു. അതുകൊണ്ടുതന്നെ മുക്കുവരെ 'പരിഷ്കൃത' ജീവിതസാഹചര്യങ്ങളിലേക്ക് പരിവർത്തിപ്പിക്കാനുള്ള ശ്രമങ്ങളാണ് പിന്നീട് നടത്തുന്നത്.

**രക്ഷകപുരുഷസങ്കല്പം**

'നാളെയെപ്പറ്റി വിചാരമില്ലാതെ' കിട്ടുന്നതുകൊണ്ട് അന്നന്നു കഴിയുന്ന മുക്കുവജനതയുടെ ജീവിതരീതി അത്രകണ്ട് നല്ലതല്ലെന്നും ആധുനിക ജീവിതരീതിയിലേക്ക് അവരെ മാറ്റിയെടുക്കണമെന്നും 'നാളെയെപ്പറ്റി വിചാരമുണ്ടാക്കണ'മെന്നും കഥ ചിന്തിക്കുന്നുണ്ട്. ഈ അവസ്ഥയിലേക്ക് മുക്കുവ സമുദായാംഗങ്ങളെ മാറ്റിയെടുക്കാൻ പുറംസമൂഹത്തിൽനിന്ന് ഒരാളാണ് എത്തുന്നതെന്നത് കഥ പ്രക്ഷേപിപ്പിക്കുന്ന പ്രത്യയശാസ്ത്രവിവക്ഷകൾ വെളിച്ചത്തു കൊണ്ടുവരുന്നുണ്ട്. സ്വയം കർതൃശേഷിയില്ലാത്ത ഒരുകൂട്ടം മനുഷ്യരാണ് കടപ്പുറത്തുള്ളത് എന്ന് ഏകപക്ഷീയമായി വിധി കൽപ്പിക്കപ്പെടുന്നു. പിന്നീട് കഥ അവരുടെ സ്വത്വത്തെ അപനിർമിക്കാനും ആധുനികീകരിക്കാനുമുള്ള ബദൽ മാർഗങ്ങളെ തേടുന്നു.

ആധുനിക ജ്ഞാനപദ്ധതികൾ സൃഷ്ടിച്ചെടുക്കുന്ന പുതുവ്യാവഹാരികപരിസരത്തെയും മൂല്യബോധത്തെയും പിൻപറ്റുക എന്നതന്ത്രം സ്വീകരിച്ചുകൊണ്ട് കഥ സാമ്പ്രദായിക കടലോര ജീവിതത്തെ പുനർനിർമ്മിക്കുന്നു. ഇതിനുള്ള കാര്യപ്രാപ്തി തദ്ദേശവാസികൾക്കില്ലെന്നും അവർ നിലനിൽക്കുന്ന വ്യവസ്ഥിതിയെ സ്വാംശീകരിച്ചും അനുസരിച്ചും കഴിഞ്ഞുകൂടുന്നവരാണെന്നും കഥ പറഞ്ഞുവയ്ക്കുന്നു. സാമൂഹ്യമാറ്റം നടത്താൻ ആധുനിക സവർണ്ണ പുരുഷനാലേ സാധിക്കൂ. കടലോരത്തുള്ളവർ പരിവർത്തിപ്പിക്കപ്പെടേണ്ടവരാണ്. കീഴാളജനതയുടെ കർതൃസ്ഥാനത്തേക്ക് ആധുനിക ലോകബോധത്തെ പ്രതിനിധാനം ചെയ്യുന്ന സവർണ്ണപുരുഷൻ ഒരു അധികാരസ്ഥാപനമെന്ന നിലയിൽ കടന്നുവരുന്നു. ഇവിടെ കീഴാളന് അഭിപ്രായങ്ങളും തെരഞ്ഞെടുപ്പുകളും അനുവദിക്കപ്പെടുന്നില്ല. സമൂഹത്തിൽ അധീശത്വം നേടുന്ന മൂല്യബോധത്തിലേക്ക് പരുവപ്പെടുക മാത്രമാണ് അവർക്ക് മുന്നിലുള്ള വഴി.

'വിദ്യാഭ്യാസവും ലോകവിവരവും കുറഞ്ഞ' മുക്കുവ സമുദായത്തിന്റെ പുനരുദ്ധാരണത്തിന് പുറത്തുനിന്നുള്ള ഇടപെടലുകൾ ആവശ്യമാണെന്ന കാഴ്ചപ്പാട് മുക്കുവരുടെ ജീവിതത്തെ ആകമാനം ബാധിക്കുന്ന ഒരു സ്വത്വപ്രതിസന്ധിയാണ്. ഏറ്റവും വൃത്തിഹീനമെന്ന് വിലയിരുത്തിക്കൊണ്ടാണ് കഥയിലെ ആഖ്യാതാവും സ്നേഹിതനും മുക്കുവഗ്രാമത്തിന്റെ പരിഷ്കാരത്തിനായി ഇറങ്ങിത്തിരിക്കുന്നത്. കഠിനമായ അധ്വാനികളാണെങ്കിലും ഇടനിലക്കാർ പലപ്പോഴും

ISSN 2456-4168

അവരുടെ നിസ്സഹായാവസ്ഥ മുതലെടുക്കുന്നു. ചെയ്യുന്ന ജോലിയുടെ കൂലി കൃത്യമായി കണക്കുപറഞ്ഞ് വാങ്ങാനറിയാത്ത അവർക്ക് മത്സ്യം പലപ്പോഴും ഇടനിലക്കാരൻ പറയുന്ന തുച്ഛമായ വിലയ്ക്ക് വിറ്റഴിക്കേണ്ടിവരുന്നു. ഇതിൽനിന്നെല്ലാം ഒരു മോചനം നേടാൻ കഥ അവതരിപ്പിക്കുന്ന ബദൽ മാർഗമാണ് ആധുനികനായ രക്ഷകപുരുഷൻ. "മുക്കുവഗ്രാമത്തിൽ കള്ളിന്റെ കളിയേറ്റും കാണാം. കഞ്ചാവിനും അവിടെ മാന്യസ്ഥാനമുണ്ട്. എന്നാലും അവരോടെനിക്കിഷ്ടം തോന്നി. കള്ളവും കൗശലവും കുറയുന്ന കൂട്ടരാണവർ. ജീവിതത്തിന്റെ വിലയറിഞ്ഞുകൂടാ. നാളെയെപ്പറ്റി വിചാരമില്ല. എങ്ങനെ ജീവിക്കണമെന്നറിഞ്ഞുകൂടാ. അവരൊക്കെ യോജിച്ചാൽ, കുറേശ്ശെ മിച്ചം വെച്ചാൽ ഒരു വള്ളവും വലയും ഉണ്ടാക്കാൻ കഴിയുമെന്നാണെന്റെ തോന്നൽ. വലയിൽ കിട്ടുന്നത് തങ്ങൾക്കാണെന്ന ബോധ്യം വന്നാൽ അവരുടെ മുഖത്ത് സന്തോഷം താനെ വരും" (1999:149,150)എന്ന് ആഖ്യാതാവ് ചിന്തിക്കുകയും മുക്കുവരുടെ ജീവിതരീതികൾ തികച്ചും ആധുനികമായ മറ്റൊരു ലോകബോധത്തിലേക്ക് സംക്രമിപ്പിക്കുകയും ചെയ്യുന്നു. അതിലൂടെ ആ സമുദായത്തിന് പുരോഗതി മാത്രമാണ് ഉണ്ടായതെന്ന് അടിവരയിടുന്നു. സമുദായത്തനിമയെ തകർക്കുന്ന അപകടകരമായൊരു നിലയാണ് ഇതിലൂടെ സംജാതമാകുന്നത്.

ഓരോ സമുദായത്തിനും അതിന്റേതായ സവിശേഷതകളുണ്ട്. തീരദേശത്ത് മത്സ്യബന്ധനവും അനുബന്ധ തൊഴിലുകളുമായി കഴിയുന്ന മുക്കുവ സമുദായാംഗങ്ങളും അവരുടേതായ സംസ്കാരിക സൂചകങ്ങളെ കാത്തുസൂക്ഷിക്കുന്നവരാണ്. എന്നാൽ, കഥ അവരുടെ തനിമയെയും തൊഴിൽ സാഹചര്യത്തെയും ജാതിയെയും വൃത്തിബോധവുമായി ബന്ധപ്പെടുത്തി മനസ്സിലാക്കുകയും അവ പരിഷ്കരിക്കപ്പെടേണ്ടതാണെന്ന ധാരണ സ്വരൂപിക്കുകയും ചെയ്യുന്നു. ഇതിനായി ഒരു 'രക്ഷകനെ' കഥ നിർമ്മിച്ചിരിക്കുന്നു. നവോത്ഥാന സാഹിത്യകൃതികളിലെല്ലാം തന്നെ ഇത്തരത്തിൽ ഒരു 'സമുദായ പരിഷ്കർത്താവി'ന്റെ സാന്നിധ്യം കണ്ടെത്താവുന്നതായി ജെ. ദേവിക നിരീക്ഷിക്കുന്നുണ്ട്. "മലയാളത്തിൽ പലവിധ സമുദായതന്മകളെ ഉറപ്പിക്കാനുതകുന്ന സാഹിത്യരചനകളുടെ നീണ്ട പാരമ്പര്യം തന്നെയുണ്ട്. 'ഇന്ദുലേഖ' മുതൽ 'കൊച്ചരേത്തി' വരെ ഏറിയോ കുറഞ്ഞോ ആധുനിക സമുദായ പരിഷ്കരണശ്രമങ്ങളുടെ പ്രത്യയശാസ്ത്ര ഉപകരണങ്ങൾ ഉപയോഗിച്ചാണ് അവ രചിക്കപ്പെട്ടിട്ടുള്ളത്. സമുദായസത്തയെ നേരിട്ടോ അല്ലാത്തതോ ആയ രീതിയിൽ പറഞ്ഞുറപ്പിക്കാൻ ശ്രമിക്കുന്ന ഈ കൃതികളിൽ സമുദായ പരിഷ്കർത്താവായ പുരുഷന്റെ പ്രത്യക്ഷമോ പരോക്ഷമോ ആയ സാന്നിധ്യം മിക്കപ്പോഴും കാണാനാവും. സമുദായാംഗമായ ഒരു സ്ത്രീയെ മുഖ്യ കഥാപാത്രമാക്കി, അവരുടെ ജീവിതയാത്രയിലൂടെ അവർ നേരിടുന്ന പ്രതിസന്ധികൾ, നടത്തുന്ന സമരങ്ങൾ മുതലായവയിലൂടെ സമുദായത്തിന്റെ സ്വയം നിർവചനം, സ്വന്തമിടം തേടൽ എന്നിവയെ അവതരിപ്പിക്കാനുള്ള ശ്രമം ഇവയിൽ പലതിലുമുണ്ട്. എന്നാൽ സ്ത്രീരൂപത്തിനു പിന്നിൽ പ്രവർത്തിക്കുന്ന, പലപ്പോഴും അദൃശ്യമായ സമുദായ പരിഷ്കരണക്കൈ ഉയർന്ന നിലവാരം നേടിയെടുത്ത സമുദായാംഗമായ പുരുഷന്റേതു തന്നെ" (2015:92,93). സവർണ്ണ സമുദായത്തെ ചിത്രീകരിക്കുന്ന കൃതികളിലെല്ലാം സമുദായാംഗമായ പുരുഷൻ തന്നെ സമുദായത്തിന്റെ ഉന്നമനത്തിനായി പ്രവർത്തിക്കുമ്പോൾ, കീഴാളസമുദായങ്ങൾക്ക് അത്തരമൊരു നില കൈവരിക്കാനാവുന്നില്ല. കീഴാള സാമുദായികപുരോഗതിക്ക് പുറത്തുനിന്നുള്ള സവർണ്ണപുരുഷ ഇടപെടലുകൾ ആവശ്യമായിവരുന്നു.

കീഴാളരായ മുക്കുവരുടെയിടയിൽ പ്രവർത്തിക്കുന്നത് പുരോഹിതനാകുന്നതിനേക്കാൾ രസകരമായ ഒരു ജോലിയായിട്ടാണ് 'മീൻകാരി'യിൽ അവതരിപ്പിക്കപ്പെടുന്നത്. ആധുനികസവർണ്ണപുരുഷൻ ഏറ്റെടുക്കുന്ന 'രക്ഷക' സ്ഥാനം വിജയം കൈവരിക്കുകയും മുക്കുവസമുദായമാകെ ആധുനികതയിലേയ്ക്ക് പരിവർത്തിപ്പിക്കപ്പെടുകയും ചെയ്തുവെന്ന് കഥ സ്ഥാപിക്കുന്നുണ്ട്. "ആ ഗ്രാമത്തിന്റെ സ്ഥിതിയാകെ മാറി. മീൻപിടുത്തക്കാരുടെ മുഖത്തൊരു സന്തോഷം കാണുന്നില്ലേ? അവരിപ്പോൾ വള്ളത്തിന്റെയും ഒരു വലയുടെയും ഉടമസ്ഥരാണ്. അധ്വാനത്തിന്റെ ഫലം അവർക്കുതന്നെ കിട്ടുമെന്നായപ്പോൾ അവരൊക്കെ നന്നായിത്തുടങ്ങി, സാമ്പത്തികമായും പെരുമാറ്റത്തിലും" (1999:151). ഇവിടെ സമ്പത്ത് അവരുടെ സ്വഭാവത്തിൽപോലും മാറ്റങ്ങൾ കൊണ്ടുവന്നെന്ന് കഥാകൃത്ത് സൂചിപ്പിക്കുന്നു. കൂടുതൽ പണം സമ്പാദിക്കുന്നതിനനുസരിച്ച് ആധുനികസ്വത്വത്തിലേക്ക് പരിവർത്തിപ്പിക്കപ്പെടാൻ കീഴാളർ നിർബന്ധിതരാ

കുമെന്നതിന്റെ സൂചനയാണ് ഇതെല്ലാം.

**കീഴാളസ്ത്രീയവസ്ഥകൾ**

മുക്കുവസമുദായത്തിലെ എല്ലാ മേഖലകളും മാറ്റത്തിന് വിധേയമാകുമ്പോഴും സ്ത്രീകളെ കുറിച്ചുള്ള സങ്കല്പങ്ങൾ കഥ അതേപടി നിലനിർത്തുന്നു. ഇത്തരം സങ്കല്പങ്ങളെല്ലാം തന്നെ സ്ത്രീയുടെ ലൈംഗികതയുമായി ബന്ധപ്പെട്ടതാണെന്നതാണ് ശ്രദ്ധാർഹമായ വസ്തുത. സ്ത്രീയുടെ കുടുംബേതര ലൈംഗികതയ്ക്ക് 'കുച്ചുവിലങ്ങിടുക' എന്ന ലക്ഷ്യത്തോടെ പടച്ചുവിടപ്പെട്ട ആചാരവിശ്വാസങ്ങളെ 'മീൻകാരി'യും പിന്താങ്ങുന്നുണ്ട്. "മുക്കുവരുടെ ഗ്രാമമാണത്; കടലിൽ പോകുന്നവരുടെ. മരണത്തോടാണവർ കളിക്കുന്നത്. അവർക്ക് ധൈര്യം നൽകുന്നത് ഒരു സത്യത്തിലുള്ള വിശ്വാസമാണ്. പെണ്ണുങ്ങൾ പിഴച്ചാൽ, ഗ്രാമം അശുദ്ധമായാൽ, വലയിടാൻ പോകുന്ന വള്ളം കടലിൽ താഴും" (1999:149). 'കീഴാളവും' 'വൃത്തിഹീന'വുമായ മുക്കുവഗ്രാമത്തെ 'പരിഷ്കൃതഗ്രാമ'മാക്കി മാറ്റി സ്ഥാപിക്കുമ്പോഴും പെണ്ണിനെ സംബന്ധിച്ച കാഴ്ചപ്പാടുകൾ തിരുത്താൻ കഥ തയ്യാറാവുന്നില്ല.

സ്ത്രീ എന്നും കുടുംബമെന്ന സ്ഥാപനത്തിനകത്ത് തളച്ചിടപ്പെടേണ്ടവളാണെന്ന ധാരണ 'മീൻകാരി'യിലും പ്രവർത്തിക്കുന്നു. മുക്കുവസമുദായത്തെ പരിഷ്കരിക്കാനായി പുറം സമൂഹത്തിൽനിന്ന് വരുന്ന സവർണ്ണപുരുഷനിലൂടെ മീൻകാരി പരിഷ്കരിക്കപ്പെടുന്നു. എന്നാൽ 'സദാചാരബോധം' കൈവെടിയാൻ അവൾ തയ്യാറാവുന്നില്ല. പുരുഷന്റെ സഹായത്താൽ മാത്രം സ്ത്രീക്ക് സാധ്യമാവുന്ന ഉയർന്ന ജീവിതരീതിയിലേക്കാണ് ഇവിടെ മീൻകാരി മാറ്റപ്പെടുന്നത്. സ്ത്രീയുടെ ലൈംഗികസ്വാതന്ത്ര്യമെന്നത് പുരുഷാധിപത്യ വ്യവസ്ഥിതിക്ക് അംഗീകരിക്കാനാവാത്തതിനാൽ ജൈവികചോദനകളെ സദാചാരസങ്കൽപങ്ങളുടെ തടവിൽ കെട്ടിയിടാൻ തന്നെയാണ് കഥ ശ്രമിക്കുന്നത്.

മുക്കുവരുടെ ജീവിതം കേന്ദ്രീകരിച്ച് രചിക്കപ്പെട്ട 'മീൻകാരി' എന്ന കാരൂർക്കഥ മുന്നോട്ടുവയ്ക്കുന്ന കീഴാളപക്ഷ രാഷ്ട്രീയത്തിന്റെയും കീഴാളസ്ത്രീയോട് പുലർത്തുന്ന സമീപനരീതികളുടെയും പ്രശ്നവല്ക്കരണമാണ് പ്രബന്ധത്തിൽ നടത്തിയത്. നവോത്ഥാന സങ്കല്പങ്ങളും മൂല്യബോധവും ഉൾച്ചേർത്തുകൊണ്ട് ആഖ്യാനപരിസരം രൂപപ്പെടുത്തിയിരിക്കുന്നുവെന്ന് പ്രഥമദൃഷ്ട്യാ തോന്നുന്ന ഈ കൃതി ഉൾവഹിക്കുന്ന കീഴാള രാഷ്ട്രീയം പക്ഷേ, സവർണ്ണക്കോയ്മയുടെ സാമൂഹിക ക്രമങ്ങളെ സാധൂകരിക്കുന്നതാണ്. കീഴാളരുടെ സാംസ്കാരികത്തനിമകളെ കണക്കിലെടുക്കാതെ, അവരെയും മുഖ്യധാരാസാമൂഹ്യശ്രേണിക്കകത്തേക്ക് കണ്ണിചേർക്കാനുള്ള ശ്രമങ്ങളാണ് കഥ നടത്തുന്നത്. ആധുനികമായ ലോകബോധത്തിനൊപ്പിച്ച് പരുവപ്പെടുന്നതാണ് യഥാർത്ഥ പരിഷ്കാരമെന്ന ആശയത്തിന് കഥ ഊന്നൽ നൽകുന്നു.

സമുദായ നവോത്ഥാനത്തിന് സമാനമായി സ്ത്രീശാക്തീകരണം സംഭവിക്കുന്നുണ്ട്. എന്നാൽ, പുരുഷന്റെ ഇടപെടലുകളിലൂടെ മാത്രമാണ് ഇത് സാധ്യമാവുന്നത്. പുരുഷാധിപത്യക്രമത്തിൽ ഊന്നിയ ഒരു വ്യവസ്ഥിതിയിൽ, സ്ത്രീയുടെ ലൈംഗികസ്വാതന്ത്ര്യം പോലും സദാചാരനിയമങ്ങളുടെ തടവിലിടപ്പെടുന്ന കാഴ്ചയും കഥയിലുണ്ട്. പെണ്ണ് 'പിഴച്ചാൽ' ഗ്രാമം അശുദ്ധമാകുമെന്നും കടലിൽ പോകുന്ന വള്ളം തിരികെ വരില്ലെന്നുമുള്ള അന്ധവിശ്വാസങ്ങളെ തികച്ചും സ്വാഭാവികമെന്ന പോലെ കൈകാര്യം ചെയ്യുന്നിടത്താണ് കഥയിലെ ലിംഗരാഷ്ട്രീയത്തിന്റെ വിവക്ഷകൾ സങ്കീർണമാകുന്നത്. പുരുഷൻ അനുവദിക്കുന്നിടത്തോളം മാത്രം സ്വാതന്ത്ര്യം സ്ത്രീക്ക് കൽപ്പിച്ചു നൽകുന്ന പുരുഷയുക്തിയാണ് കഥയിൽ പ്രവർത്തിക്കുന്നത്. കീഴാളസമുദായങ്ങളുടെ ഉണർവിന് സവർണ്ണ പുരുഷന്റെ ഇടപെടലുകൾ അത്യന്താപേക്ഷിതമാണെന്ന് 'മീൻകാരി' പറഞ്ഞുവയ്ക്കുന്നു. സമുദായ പരിഷ്കർത്താവായ സവർണ്ണപുരുഷന്റെ ഇടപെടലുകളിലൂടെ മാത്രമേ മുക്കുവഗ്രാമത്തിൽ പരിഷ്കാരം കടന്നുവരൂ എന്ന് സ്ഥാപിക്കുന്നതിലൂടെ കഥയുടെ സവർണ്ണരാഷ്ട്രീയം വെളിച്ചത്തുവരുന്നുണ്ട്.

**ഗ്രന്ഥസൂചി**

അയ്യപ്പപ്പണിക്കർ 2011 'മലയാളനോവലിലെ തകഴിവഴി' തകഴിയുടെ നോവലുകൾ (ശിവശങ്കരപ്പിള്ള തകഴി) ഡിസി ബുക്സ് കോട്ടയം

ഉഷാകുമാരി 2012 'ശരീരം, ലൈംഗികത, സദാചാരം', തകഴി കാലഭൂപടങ്ങൾ (ഷാജി ജേക്കബ് (എഡി.)) കൈരളി ബുക്സ് കണ്ണൂർ

കേശവൻ എൻ ആർ 1990 ധീവരചരിത്രാവലോകനം കൊച്ചി

ഗീത പി 2019 അതിർത്തികളിലെ അശരീരികൾ, സമയം പബ്ലിക്കേഷൻസ്, കണ്ണൂർ

ദേവിക ജെ 2011 കുലസ്ത്രീയും ചന്തപ്പെണ്ണും ഉണ്ടായതെങ്ങനെ? സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ് , തിരുവനന്തപുരം

ദേവിക ജെ 2015 'പൂട്ട് കണ്ടെത്തേണ്ടുന്ന താക്കോലുകൾ' ജീവിച്ചിരിക്കുന്നവർക്ക് വേണ്ടിയുള്ള ഒപ്പീസ് (ജോണി മിറാൻഡ), പൂർണ്ണ പബ്ലിക്കേഷൻസ് കോഴിക്കോട്

നീലകണ്ഠപിള്ള കാരൂർ 1999(1954) കഥ എസ് പി സി എസ് കോട്ടയം

പ്രദീപൻ പാമ്പിരിക്കുന്ന് 2001 ലോകമറിയാത്ത നിഷ്കളങ്കയായ ദളിത് പെൺകുട്ടിയുടെ സ്വത്വ പ്രതിസന്ധി മാധ്യമം

പ്രദീപൻ പാമ്പിരിക്കുന്ന് 2011 'രണ്ടിടങ്ങഴിയുടെ ലാവണ്യശാസ്ത്രം' തകഴികാല ഭൂപടങ്ങൾ (ഷാജി ജേക്കബ് (എഡി.)) കൈരളി ബുക്സ് കണ്ണൂർ

രവീന്ദ്രൻ പി പി 2002 സംസ്കാര പഠനത്തിനൊരാമുഖം ഡിസി ബുക്സ് കോട്ടയം

രാമകൃഷ്ണൻ ഇ വി 1999 'പഠനം' കഥ (കാരൂർ) എസ് പി സി എസ് കോട്ടയം

സന്തോഷ് ഒ കെ 2012 ജാതിയും വർഗ്ഗവും തകഴിയുടെ കൃതികളിൽ വിജ്ഞാനകൈരളി ഏപ്രിൽ

സജിത കെ ആർ 2016 'മൗലികതയുടെ വിചാരങ്ങൾ' കാവ്യനീതികൾ കാല സമ്മതങ്ങൾ (സോമലാൽ ടി എം) മൈത്രി ബുക്സ് തിരുവനന്തപുരം

സോമലാൽ ടി എം 2016 കാവ്യനീതികൾ കാലസമ്മതങ്ങൾ മൈത്രി ബുക്സ് തിരുവനന്തപുരം

pddhanya87@gmail.com

# അറിയപ്പെടാത്ത റാവുളൻ : പി. കെ കരിയന്റെ ആത്മചരിതത്തിലൂടെ

**ഹല്ലീല്ല റഹ്മാൻ വി. എം.**
അസി.പ്രൊഫസർ, മലയാളവിഭാഗം
ആർ. എൽ. വി. ഗവ: കോളേജ് ഓഫ് മ്യൂസിക്
& ഫൈൻ ആർട്സ്, തൃപ്പൂണിത്തുറ

**പ്രബന്ധസംഗ്രഹം**

പി കെ കരിയന്റെ ആത്മകഥയായ 'ഒരു റാവുളന്റെ ജീവിതപുസ്തകം 'എന്ന കൃതിയെ ബദൽരാഷ്ട്രീയവീക്ഷണത്തിൽ വിലയിരുത്തുകയാണിവിടെ. ഭൂമിയ്ക്കും ജീവിക്കാനുള്ള അവകാശത്തിനും വേണ്ടി ആദിവാസികൾ നടത്തിയ നിരവധി സമരങ്ങൾ കേരളചരിത്രത്തിൽ രേഖപ്പെടുത്തപ്പെട്ടിരിക്കുന്നു. സാമൂഹികമായ അവസരനഷ്ടത്തിന്റെ ഏറ്റവും കടുത്ത യാതനകൾ പേറുന്നതും തദ്ദേശീയജനത ആയിരിക്കും. ആദിവാസികൾ ആത്മകഥയെഴുതുമ്പോൾ മുഖ്യധാരയുടെ അവഗണനയ്ക്കെതിരായ പോരാട്ടം അതിൽ നിറയുന്നു.വയനാട്ടിലെ റാവുള ഗോത്രത്തിന്റെ സംസ്കാരവും സമരങ്ങളും കരിയന്റെ ആത്മകഥയിലും നിറഞ്ഞുനിൽക്കുന്നു.

**താക്കോൽവാക്കുകൾ**
ആദിവാസി, ആത്മകഥ, വംശീയത, പ്രാദേശികത , സ്വത്വം, നക്സലിസം

**ച**രിത്രം വായിക്കേണ്ടത് അടിത്തട്ടിന്റെ തെളിമയിൽ നിന്നാണെന്നുള്ള നവവിചാരത്തിന് ഏറെ പ്രാധാന്യമുണ്ട്. മേൽത്തട്ടിൽ വിരാജിക്കുന്ന വരേണ്യവിഭാഗത്തിന്റെ ഓർമ്മകളും അനുഭവലോകങ്ങളുമാണോ യഥാർത്ഥചരിത്രം .മഹാഖ്യാനത്തിന്റെ പർവതസമാനരൂപങ്ങളിലേക്ക് ചരിത്രം നീങ്ങുമ്പോൾ അതിനെ പ്രതിരോധിച്ച് കൊണ്ട് കീഴാളജീവിതത്തിൻറെ അടരുകൾ തിളങ്ങുന്നത് സന്തോഷകരമാണ്. കേരളത്തിലെ ആദ്യകാല ആദിവാസി രാഷ്ട്രീയത്തടവുകാരിൽ ഒരാളും ഗദ്ദിക ആചാര്യനും സാമൂഹ്യപ്രവർത്തകനുമായിരുന്ന പികെ കരിയന്റെ ആത്മഭാഷണമാണ് ഒരു റാവുള ന്റെ ജീവിതപുസ്തകം. ഫസീല മെഹറാണ് കെട്ടെഴുത്തിലൂടെ ഈ പുസ്തകം രൂപപ്പെടുത്തിയത്. വയനാട്ടിലെ ആദിവാസിവിഭാഗമായ റാവുളഗോത്രത്തിന്റെ സാംസ്കാരികജീവിതവും പോരാട്ടങ്ങളും അടയാളപ്പെടുത്തുന്ന കൃതിയാണിത്.

ആത്മചരിതത്തെ ആവിഷ്കരിക്കുന്ന രചന എന്നതിനപ്പുറം ബദൽരാഷ്ട്രീയബോധത്തെ

രൂപപ്പെടുത്തുന്ന കൃതിയെന്ന തലമാണ് ഒരു റാവുളന്റെ ജീവിതപുസ്തകത്തെ വ്യത്യസ്തമാക്കു ന്നത്.അരികുകളിലേക്ക് മാറ്റിനിർത്തപ്പെട്ട, അപരവൽക്കരിക്കപ്പെട്ട ആദിവാസിജീവിത ത്തിൻറെ നന്മകളെയും തന്മകളെയും കണ്ടെത്താനുള്ള ശ്രമമാണിവിടെ കാണാനാവുക. മുഖ്യ ധാര ചരിത്രകഥനങ്ങൾക്കിടയിൽ നിശ്ശബ്ദമാക്കപ്പെട്ട കീഴാളജനതയുടെ ഒച്ചകളെ ശരിയായ മുഴക്കത്തോടെ ഈ കൃതിയിൽ ആവിഷ്കരിക്കുന്നു

മണ്ണുമായും പ്രകൃതിയുമായും ഇണങ്ങിച്ചേർന്ന ജീവിതമാണ് ആദിവാസികൾ നയിക്കുന്നത്. ഉടലിനും ഉയിരിനുമപ്പുറത്തുള്ള അപരഘടകമായി അവർ പ്രകൃതിയെ കാണുന്നില്ല.റാവുളരു ടെ മനുഷ്യോല്പത്തികഥയിൽ മനുഷ്യരെ സൃഷ്ടിക്കാൻ അനുയോജ്യമായ അസംസ്കൃതവസ്തുവേ ത് എന്നൊരു കുഴപ്പംപിടിച്ച പ്രശ്നം ദേവന്മാർക്കിടയിൽ ചർച്ചയായതിനെപ്പറ്റി പറയുന്നുണ്ട് തന്മയത്വത്തോടെ സൃഷ്ടി നടത്താൻ മണ്ണാണ് ഉത്തമമെന്ന് ദേവന്മാർ കണ്ടെത്തിയത്രേ.പല തരം മണ്ണിനങ്ങളിൽ ഏറ്റവും ഉത്തമമായത് ചിതൽമണ്ണാണെന്നും അവർ തീരുമാനിക്കുന്നു. സെമിറ്റിക് മതങ്ങളിലെ മനുഷ്യാ നീ മണ്ണാകുന്നു എന്ന സങ്കല്പത്തിൽ നിന്നും തികച്ചും വ്യത്യ സ്തമായാണ് റാവുളവിഭാഗത്തിൻറെ ഉല്പത്തികഥയിൽ മണ്ണ് പ്രമേയമായി വരുന്നത് .അത് പ്രകൃതിയുമായി ഇണങ്ങി ജീവിക്കുന്നവന്റെ , മണ്ണിൽ ചവിട്ടിനിൽക്കുന്നവന്റെ അവബോധ ത്തിൽ നിന്നും രൂപപ്പെടുന്ന മിത്താണ്.മാത്രവുമല്ല ദേശത്തിനനുസരിച്ചും ഗോത്രവിഭാഗങ്ങൾ ക്കനുസരിച്ചും മിത്തുകളിൽ പലതരം വ്യതിയാനങ്ങളും കാണാം.

ചെറുപ്പത്തിൽ തന്നെ മാതാപിതാക്കളെ നഷ്ടപ്പെട്ടതിനാൽ അമ്മാവനും ഗദ്ദിക ആചാര്യ നുമായിരുന്ന പി കെ കാളന്റെ സംരക്ഷണയിലാണ് കരിയൻ വളർന്നത്.മാമൻ തന്ന തടിയാ ണിതെന്ന് അദ്ദേഹം സ്വന്തം ഉടലിനെ വിശേഷിപ്പിക്കുന്നു.ഗദ്ദിക എന്ന ഗോത്രകലയെ പൊ തുസമൂഹത്തിലെത്തിക്കുന്നതിനും ആദിവാസിസമുദായത്തിന്റെ ഉന്നമനത്തിനും വേണ്ടി പ്രവർ ത്തിച്ചയാളാണ് അമ്മാവനായ പി കെ കാളൻ.ആദിവാസിജീവിതവും സംസ്കാരവും പല സന്ദർ ഭങ്ങളിലായി ഈ കൃതിയിൽ വെളിപ്പെടുന്നുണ്ട്. അവരുടെ പാട്ടുകൾ, വിവാഹം, ഭക്ഷണരീ തികൾ, ഗൃഹനിർമ്മാണം, ആരാധനക്രമം, ദൈവസങ്കല്പം, പ്രകൃതിബോധം ,വൈദ്യം, മിത്തു കൾ, ഗോത്രനിയമങ്ങൾ തുടങ്ങിയ പല ഘടകങ്ങളും ഈ കൃതിയിൽ നിന്നും ഇഴപിരിച്ചെടു ത്തു വായിക്കാം.

1951 ലാണ് കരിയന്റെ ജനനം.കുഞ്ഞു ജനിച്ചാൽ റാവുളവിഭാഗക്കാർ ആണാണോ പെണ്ണാ ണോ എന്നു പറയില്ല. അതിഥികളായി വരുന്നവർക്കു വേണ്ടി പ്രത്യേകതരം സൂചന വീടിൻ റെ മുന്നിൽത്തന്നെയുണ്ടാകും. വീടിൻറെ വാതിൽക്കലെത്തിയാൽ കാര്യം മനസ്സിലാവും. ആൺകുട്ടിയാണെങ്കിൽ ചെറിയൊരു അമ്പും വില്ലും പെൺകുട്ടിയാണെങ്കിൽ ഒരു കുഞ്ഞു തൊ ട്ടിലും വാതിൽക്കൽ കെട്ടിത്തൂക്കും. അതു കാണുമ്പോൾ കുട്ടി ആണാണോ പെണ്ണാണോ എന്ന് ആളുകൾക്ക് മനസ്സിലാകും. പ്രസവം നടന്നയുടനെ ചെയ്യുന്ന ആചാരമാണിത്.

കരിയന് ആറുമാസം പ്രായമുള്ളപ്പോഴാണ് അച്ഛൻ മരിക്കുന്നത്. കാട്ടിലെ മലകയറിയ പ്പോൾ ബാധകൂടിയതാണെന്നാണ് എല്ലാവരും പറഞ്ഞത് .വേണ്ടത്ര ചികിത്സാസൗകര്യങ്ങൾ ലഭിക്കാതെ അദ്ദേഹം മരിക്കുന്നു. മരണത്തിന്റെ ചടങ്ങുകളെക്കുറിച്ച് വിശദീകരിക്കുമ്പോൾ വിധവയായ അമ്മ ആചരിക്കേണ്ട പുലയെക്കുറിച്ച് വ്യക്തമാക്കുന്നു. കൂട്ടം എന്നാണ് വലിയ പുലയെ വിളിക്കുന്നത് .ഭർത്താവ് മരിച്ച സ്ത്രീ ഒരു വർഷക്കാലം പുലയാചരിക്കണം, ഒരു കൊ ല്ലത്തേക്ക് പുറത്തിറങ്ങി നടക്കാനോ എണ്ണ തേയ്ക്കാനോ കുളിക്കാനോ നാലാളുകളോട് വർ ത്തമാനം പറയാനോ അനുവാദമില്ല. പുതിയ കാലഘട്ടത്തിൽ ഇത്തരം സമ്പ്രദായങ്ങൾക്ക് മാറ്റം വന്നതായും കരിയൻ വ്യക്തമാക്കുന്നു.

തൃശ്ശിലേരിയാണ് കരിയന്റെ നാട്. തൃശ്ശിലേരി ഒരു സങ്കല്പമാണെന്നാണ് കരിയന്റെ വിശ്വാ സം. പഞ്ചായത്തിന്റെ അതിർത്തികൾക്കപ്പുറം റാവുളസമുദായം ചിതറിക്കിടക്കുന്ന വിശാല ഭൂമികയായി തൃശ്ശിലേരി നിറയുന്നു.ആദിവാസി മേഖലയിലേക്കുള്ള കുടിയേറ്റത്തിന്റെ ചരിത്ര സന്ദർഭങ്ങൾ ആത്മചരിതത്തിൽ വെളിപ്പെടുന്നു. കുടിയേറ്റം സൃഷ്ടിച്ച മാറ്റങ്ങളും പ്രശ്നങ്ങളും

സൂക്ഷ്മമായി ആവിഷ്കരിക്കപ്പെടുന്നു.ദേശത്ത് സ്കൂൾ വന്നത് കുടിയേറ്റശ്രമങ്ങൾക്കു ശേഷമാണ്. റാവുള സമുദായത്തിൽപ്പെട്ട നിരവധി കുട്ടികൾക്ക് വിദ്യാഭ്യാസത്തിന്റെ പാത തുറന്നിടുന്നതിനും കുടിയേറ്റം സഹായകരമായി.

ജന്മിമാർ , കുടിയേറ്റക്കാർ ,ആദിവാസികൾ എന്നിങ്ങനെ മൂന്നുവിഭാഗങ്ങളാണ് തൃശ്ശിലേരിയിലുള്ളത്. ജന്മിമാരും കുടിയേറി വന്നവരാണെന്നാണ് റാവുളസമുദായത്തിലെ കാരണവന്മാർ പുതുതലമുറയ്ക്ക് പഠിപ്പിച്ചു കൊടുക്കുന്നത്. ആദിവാസിവിഭാഗങ്ങളുടെ അധ്വാനത്തെ ചൂഷണം ചെയ്തു ജീവിക്കുകയായിരുന്ന ജന്മിമാർ. അവരെ എതിർക്കാൻ ആദിവാസികൾക്ക് ഭയമായിരുന്നെങ്കിലും കുടിയേറ്റക്കാർ ജന്മിമാരുടെ ഭീഷണികളെ വകവെച്ചില്ല.കുടിയേറ്റക്കാരിൽ അധികവും ക്രിസ്തുമതവിശ്വാസികളായിരുന്നു. ആദിവാസികളുടെ ഭക്ഷണശീലത്തിലേക്ക് കപ്പ കൊണ്ടുവന്നത് അവരാണെന്നാണ് കരിയൻ വ്യക്തമാക്കുന്നത്. അതുവരെ അരി, മുത്താറി, തിന, ചേമ്പ്, ചേന എന്നിവയൊക്കെയായിരുന്നു ആദിവാസികളുടെ മുഖ്യഭക്ഷ്യവസ്തുക്കൾ.

ഹൈസ്കൂൾ ക്ലാസിൽ പഠിച്ചുകൊണ്ടിരിക്കുമ്പോഴാണ് കരിയൻ ആദ്യമായി വർഗീസിനെ കാണുന്നത്. വർഗീസും അദ്ദേഹത്തിന്റെ ആശയങ്ങളുമാണ് കരിയന്റെ ജീവിതം മാറ്റിമറിക്കുന്നത്. ജന്മിമാരുടെ ചൂഷണത്തിനെതിരായി നക്സലൈറ്റ് വർഗീസ് ആദിവാസികളായ തൊഴിലാളികളെ സംഘടിപ്പിച്ചു.അടിമപ്പണിയിൽ നിന്നുള്ള മോചനത്തിനും മെച്ചപ്പെട്ട ജീവിതത്തിനും ആളുകൾ ആഗ്രഹിച്ചു. മതിയായ കൂലിയ്ക്ക് വേണ്ടിയുള്ള സമരമാണ് വർഗീസിന്റെ നേതൃത്വത്തിൽ ആദ്യം നടക്കുന്നത്. സമരം വിജയിച്ചതോടെ തൊഴിലാളികൾക്ക് കൂലി വർദ്ധിപ്പിച്ചു കിട്ടി. അതോടെ വർഗീസിനെ ഊരുകളിലുള്ളവർക്ക് ഇഷ്ടമായി. തലശ്ശേരി -പുൽപ്പള്ളി ആക്രമണത്തിനു ശേഷം ഒളിവിലായിരുന്ന വർഗീസിനെ ഒരു ജീവി പോലുമറിയാതെ സൂക്ഷിച്ചതും ആദിവാസി ഊരുകളാണ്. പാഠമില്ലെങ്കിൽ പാടത്തേക്കില്ല എന്ന അയ്യങ്കാളിയുടെ കർഷകസമരത്തെ ഓർമിപ്പിക്കുന്ന തരത്തിൽ ജന്മിമാർക്കെതിരേ വർഗീസിന്റെ നേതൃത്വത്തിൽ കൂലിസമരം നടന്നു. ഒടുവിൽ ജന്മിമാർ തോറ്റു പിന്മാറേണ്ടിവന്നു.

പെരുമൻ എന്ന സ്ഥാനപ്പേരാണ് വർഗീസിന് ഊരിലുള്ളവർ സമ്മാനിച്ചത്, ഊരിലെ ഏറ്റവും പ്രധാനപ്പെട്ട വ്യക്തിയെയാണ് പെരുമൻ എന്ന് ബഹുമാനത്തോടെ വിളിക്കുക. വർഗീസാവട്ടെ യുവാവായിരിക്കുമ്പോൾ തന്നെ പെരുമൻ എന്ന സ്ഥാനപ്പേരിന് അർഹനായി. നൂക്ക എന്ന് ആദിവാസികൾ വിളിക്കുന്ന കഞ്ഞി അവർക്കൊപ്പം ഭക്ഷിച്ച് അവർക്കൊപ്പം ഉണ്ടും ഉറങ്ങിയും ജീവിച്ചയാളാണ് വർഗീസ് . 1970 ഫെബ്രുവരി 9 ന് രാത്രിയിലാണ് തിരുനെല്ലി -തൃശ്ശിലേരി സംഭവം നടക്കുന്നത്. വർഗീസിന്റെ നേതൃത്വത്തിൽ ആറു ജന്മിമാരുടെ വീടുകളാണ് ആക്രമിക്കപ്പെട്ടത് തൃശ്ശിലേരിയിലെ ജന്മിയായ വാസുദേവ അഡിഗയെയും തിരുനെല്ലിയിലെ കച്ചവടക്കാരനായിരുന്ന ചേക്കുവിനെയും നക്സലൈറ്റുകൾ കൊന്നു.ആക്രമണം നടത്തിയ ശേഷം സംഘം കാട്ടിലേക്ക് കയറി .പിന്നീട് ഓരോരുത്തരായി പിടിയിലായി.സംഭവം കഴിഞ്ഞ് ദിവസങ്ങൾക്കുശേഷമാണ് വർഗീസ് പിടിക്കപ്പെടുന്നതും വെടിയേറ്റ് കൊല്ലപ്പെടുന്നതും. വർഗീസിന്റെ മരണവാർത്ത അറിഞ്ഞപ്പോൾ ഊരിലുള്ളവർ രണ്ടു ദിവസം ഭക്ഷണം കഴിച്ചില്ല.വർഗീസിനു വേണ്ടി അവർ പുല ആചരിക്കുകയും ചെയ്തു. അതിനു മുമ്പോ ശേഷമോ റാവുളസമുദായത്തിലല്ലാത്ത വേറൊരാൾക്കും വേണ്ടി പുല നടത്തിയിട്ടില്ലെന്ന് കരിയൻ വ്യക്തമാക്കുന്നു. വർഗീസ് അവർക്ക് സ്വന്തം സഹോദരനെപ്പോലെയായിരുന്നു. മൂപ്പരില്ലായിരുന്നെങ്കിൽ ആദിവാസിജീവിതത്തിൽ യാതൊരു മാറ്റവും ഉണ്ടാവില്ലെന്ന് കരിയൻ വ്യക്തമാക്കുന്നു. വർഗീസിന്റെ നേതൃത്വത്തിൽ നടന്ന നക്സലൈറ്റ് ആക്രമണങ്ങളുടെ പേരിൽ കരിയനും പ്രതിയാക്കപ്പെട്ടു.യഥാർത്ഥത്തിൽ അദ്ദേഹം അത്തരമൊരു ആക്രമണത്തിൽ പങ്കെടുത്തിരുന്നില്ല.ഏഴുവർഷത്തോളം അദ്ദേഹത്തിന് ജയിൽശിക്ഷ അനുഭവിയ്ക്കേണ്ടി വന്നു. വർഷങ്ങളുടെ ജയിൽവാസത്തിനും വൈകിവന്ന വിചാരണയ്ക്കും ശേഷം വിട്ടയച്ചപ്പോഴും കരിയൻ മാർക്സിസ്റ്റും സഖാവുമായി തുടർന്നു. സ്വസമുദായത്തിനും ഗോത്രവിഭാഗങ്ങൾക്കും വേണ്ടി പ്രവർത്തിക്കണമെന്നും അതു തന്റെ കടമയാണെന്ന് ഉറച്ചുവിശ്വസിക്കുകയും തന്നാലാവുന്ന പ്രവർത്തനങ്ങൾക്ക് നേതൃത്വംകൊടുക്കുകയും ചെയ്തു.

നക്സലിസത്തിന്റെ ഉൻമൂലനസിദ്ധാന്തത്തിൽ അദ്ദേഹം ഒരിക്കലും വിശ്വസിച്ചിരുന്നില്ല. ജയിലിലായിരിക്കേ കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ, മൂലധനം ഉൾപ്പെടെയുള്ള കൃതികൾ വായിക്കുമ്പോഴും അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ഒരു മാറ്റവും വന്നുമില്ല. ആളുകളെ കൊന്നത് ശരിയായില്ല എന്ന പക്ഷക്കാരനാണദ്ദേഹം. കൊലയിലൂടെ ഒരു വിപ്ലവവും വിജയിക്കില്ല. ഭരണകൂടത്തിന്റെ തെറ്റായ നയങ്ങളോട് ജനാധിപത്യമായ രീതിയിലാണ് പൊരുതേണ്ടതെന്ന് അദ്ദേഹം വ്യക്തമാക്കുന്നു.

2020 ലാണ് കരിയൻ ജീവിതത്തിൽ നിന്നു വിടവാങ്ങുന്നത്. ചരിത്രവും വിപ്ലവവും ഇഴചേർന്ന ബ്രഹ്മഗിരിയുടെ താഴ്‌വരയിൽ, തൃശ്ശിലേരിയുടെ മണ്ണിൽ സഫലജീവിതം പൂർത്തിയാക്കി ആ റാവുളൻ നിത്യനിദ്രയിലാണ്ടു. ഒളിച്ചുവയ്ക്കാനോ മറച്ചുവയ്ക്കാനോ കരിയന് ഒന്നുമില്ല. ജീവിതം അദ്ദേഹത്തിന് തുറന്ന പുസ്തകമാണ്. കരിയന്റെ ആത്മഭാഷണരൂപത്തിലാണ് ഈ കൃതി എഴുതിയിരിക്കുന്നത്. സംസാരഭാഷയിൽ ജീവിതകഥ പറയുമ്പോൾ അച്ചടിഭാഷയുടേതായ കൃത്രിമത്വം ഇല്ലാതാവുകയും അനുവാചക ഹൃദയങ്ങളിലേക്ക് എളുപ്പം പ്രവേശിക്കുകയും ചെയ്യും. നക്സലൈറ്റുകളെക്കുറിച്ചും വയനാട്ടിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ വളർച്ചയെക്കുറിച്ചുമുള്ള സത്യസന്ധമായ വിവരണവും കൃതിയിലുണ്ട്. വർഗീസിനെക്കുറിച്ച് പല പുസ്തകങ്ങൾ പുറത്തുവന്നിട്ടുണ്ടെങ്കിലും ഇത്ര അടുത്തുനിന്നും അതിഭാവുകത്വമില്ലാതെയും എഴുതപ്പെട്ട വിവരണങ്ങൾ കുറവാണ്.അരികുവത്കരിക്കപ്പെട്ട കുറേ മനുഷ്യരും അവരുടെ സംസ്കാരവും വയനാടിന്റെ മണ്ണിൽ ജീവിച്ചിരുന്നുവെന്ന് നാളെ ലോകം അറിയേണ്ടതുണ്ട്. ഒരു റാവുളന്റെ ജീവിത പുസ്തകം അത്തരമൊരു ആഗ്രഹത്തിന്റെ സാഫല്യമാണ്. അടിത്തട്ടിൽ ജീവിക്കുന്നവരുടെ ചരിത്രങ്ങളും വിലപ്പെട്ടതാണെന്ന വിശ്വാസത്തിന്റെ ഉറച്ച പ്രഖ്യാപനം.

**ഗ്രന്ഥസൂചി**

1. കരിയൻ പി.കെ., ഫസീല മെഹർ , ഒരു റാവുളന്റെ ജീവിതപുസ്തകം,,മാതൃഭൂമി ബുക്സ്,2023 .
2. ജോണി ഒ.കെ., വയനാട് രേഖകൾ, ഒലീവ് പബ്ലിക്കേഷൻസ്, കോഴിക്കോട്, 2001
3. കുമാരൻ വയലേരി, കുറിച്യരുടെ ജീവിതവും സംസ്കാരവും, കറന്റ് ബുക്സ്,1996
4. വിഷ്ണുനമ്പൂതിരി എം.വി. ഫോക് ലോർ നിഘണ്ടു, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2000
5. കുമാരൻ വയലേരി, ആദിവാസി പുരാവൃത്തം, ഡി സി ബുക്സ്, 2007

haleelrahman38@gmail.com

# ജാതിയുടെ തച്ചുശാസ്ത്രം

**ആതിര ഐ. റ്റി.**
ഗവേഷക, മലയാളവിഭാഗം, യു സി കോളേജ്, ആലുവ

**പ്രബന്ധസംഗ്രഹം**

സാഹിത്യം , ചരിത്രം , വൈജ്ഞാനിക മണ്ഡലം എന്നു തുടങ്ങിയ സമസ്ത മേഖലകളെയും ഇപ്പോഴും നിയന്ത്രിക്കുന്ന ഒന്നാണ് ജാതിവ്യവസ്ഥ . മുഖ്യധാരാഎഴുത്തുകൾ കാണാത്ത ദളിത് ജീവിത ദർശനങ്ങൾ , അവസ്ഥകൾ അവതരിപ്പിക്കുന്നു എന്നതുകൊണ്ട് ശ്രദ്ധേയമാണ് ദളിത് സാഹിത്യം. സി അയ്യപ്പന്റെ തച്ചുശാപം എന്ന കഥയിൽ ജാതിയെ അടിസ്ഥാനമാക്കിയുള്ള ഉച്ചയനീചത്വം ദളിതന്റെ ജനനത്തെയും ജീവിതത്തെയും പാർപ്പിടത്തെയും മറ്റ് ഭൗതീക സഹചര്യങ്ങളെയും എങ്ങനെ ബാധിക്കുന്നു എന്നു ചർച്ചചെയ്യുന്നു. പ്രശ്നവത്കരിക്കുന്നു . ഇന്ന് സർവ്വസ്വീകാര്യമായ ഒന്നാണ് വാസ്തുവിദ്യ . ഇതിന്റെ അടിസ്ഥാനം ബ്രാഹ്മണിക്കൽ വേദസംസ്കാരമാണ് . തച്ചുശാപം എന്ന കഥയിൽ ആവിഷ്കരിക്കുന്ന വാസ്തു – അനുബന്ധ ഘടകങ്ങൾ എന്നിവയെ ദളിത് സാമൂഹിക അവസ്ഥയോട് ബന്ധപ്പെടുത്തി പഠിക്കുകയാണ് പ്രബന്ധത്തിൽ ചെയ്യുന്നത് .

**താക്കോൽവാക്കുകൾ**

വൈജ്ഞാനികമണ്ഡലവും ബ്രാഹ്മണിക്കൽ അധീനതയും, ദളിത് ജീവിതവും സാമൂഹവും, വാസ്തുവിദ്യ

മലയാളസാഹിത്യം അതിന്റെ ഭൂതകാലമാതൃകകളെ തിരുത്തിക്കൊണ്ട് പുതിയൊരു എഴുത്തുശൈലി പ്രകടിപ്പിച്ചതിൽ ദളിത് സാഹിത്യത്തിന് വലിയ പങ്കാണുള്ളത്. ദളിത് സാഹിത്യരംഗത്ത് ചുരുക്കം ചില ആഖ്യാനങ്ങൾ കൊണ്ട് തന്നെ ശ്രദ്ധേയനായ എഴുത്തുകാരനാണ് സി അയ്യപ്പൻ. "പൊതുബോധത്തിന്റെ ആലസ്യങ്ങളെ എപ്പോഴും ആക്രമിച്ചുകൊണ്ടിരിക്കുന്നതും സാമൂഹിക അവസ്ഥകളുടെ സങ്കീർണതകളെ മനസ്സിലാക്കുന്നതിന് ഉപയുക്തമായ സൂക്ഷ്മഭാഷയും രാഷ്ട്രീയബോധവും കൊണ്ട് വേറിട്ട് നിൽക്കുന്നവയാണ് സി അയ്യപ്പന്റെ കഥകൾ" എന്നാണ് ടി ടി ശ്രീകുമാർ (സി അയ്യപ്പൻ കഥകൾ സമ്പൂർണം, 2018) അഭിപ്രായപ്പെടുന്നത്. അയ്യപ്പന്റെ മൂന്ന് കഥാസമാഹാരങ്ങളാണ് പുറത്തിറങ്ങിയിട്ടുള്ളത്. 1986ൽ സാഹിത്യപ്രവർത്തക സഹകരണ സംഘം പ്രസിദ്ധീകരിച്ച ഉച്ചയുറക്കത്തിലെ സ്വപ്നങ്ങൾ, 2003 ഇൽ ഡിസി ബുക്സ് പ്രസിദ്ധീകരിച്ച ഞണ്ടുകൾ. 2008, 2018 വർഷങ്ങളിൽ മനോരമ പെൻകിൻ പുറത്തിറക്കിയ അയ്യപ്പന്റെ കഥകൾ സമ്പൂർണം, സമ്പൂർണ്ണം രണ്ടാം പതിപ്പ് എന്നിവ. സമ്പൂർണ്ണ കഥകൾ അടങ്ങിയ കഥാസമാഹാരത്തിൽ 'മറ്റു കഥകൾ' എന്ന തലക്കെട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്ന എട്ടുകഥകളിൽ ഒന്നാണ് തച്ചുശാപം.

വൈക്കോൽ മേഞ്ഞ വീട്ടിൽ നിന്നും ഓടുമേഞ്ഞ വീട് പണിത് താമസം മാറുന്ന നായകന്റെ കുട്ടിക്കാലം. ഓടുമേഞ്ഞ വീടിന് ചോർച്ചയുണ്ട്. വളർന്നു വലുതായപ്പോൾ ഒരു കോൺക്രീറ്റ് വീട് അയാൾ പണിയുന്നു. അപ്പോഴും 'ചോർച്ച' എന്ന പ്രശ്നം അയാളെ പിന്തുടരുന്നു. ഒടുവിൽ, ആ വീട് തകർന്നുവീണ് അയാൾ മരിക്കുന്നു. ഇത്രയുമാണ് കഥയുടെ സംഗ്രഹം. കേരളത്തിന്റെ സാമൂഹിക രംഗത്ത് ഇന്നും നിലനിൽക്കുന്ന ജാതി ക്രമം-വ്യവഹാരം, വേദ സംസ്കാരത്തിന്റെ സ്വാധീനം, വാസ്തുശാസ്ത്രം എന്നിവ ദളിതരിൽ ഉണ്ടാക്കുന്ന സംഘർഷങ്ങൾ അവർ നേരിടേണ്ടിവരുന്ന സാമൂഹ്യ അസമത്വങ്ങൾ, സാമ്പത്തിക പിന്നോക്കാവസ്ഥ ഇവയൊക്കെ കഥയിൽ നിന്ന് കണ്ടെത്താവുന്നതാണ്.

നാടോടിയായിരുന്ന ആദിമമനുഷ്യനെ സ്ഥിരമായി ഒരിടത്ത് താമസിക്കാൻ പ്രേരിപ്പിച്ച ഘടകം കൃഷിയായിരുന്നു. മനുഷ്യൻ കൈവരിച്ച സാമൂഹിക വികാസത്തിന്റെ ഫലമാണ്, ആദ്യകാലങ്ങളിൽ ഗുഹകളിലും പിന്നീട് ഇന്ന് നാം കാണുന്ന തരത്തിലുള്ള വീടുകളിലേക്കും അവർ പരിവർത്തനപ്പെട്ടത് . വീട് നെ ശബ്ദതാരാവലി നിർവചിക്കുന്നത് ; ഭവനം , പാർപ്പിടം , കുടുംബം എന്നാണ് ( ശ്രീകണ്ഠേശ്വരം , 2014,1796). ഇംഗ്ലീഷിൽ House , Home എന്നീ പദങ്ങൾ ഉപയോഗിക്കുന്നു. "വീടിനെക്കുറിച്ച് ആധികാരിക പഠനം നടത്തിയ സോണ്ടേഴ്സിൻറെയും വില്യംസിന്റെയും അഭിപ്രായത്തിൽ വിവിധ സൈദ്ധാന്തികർ വീടിനെ നിർണയിക്കുന്നതും നിർവചിക്കുന്നതും വിവിധ കാഴ്ചപ്പാടുകളോടെയാണ്. സ്ത്രീപക്ഷ ചിന്തകർക്ക് വീട് സ്വാശ്രയത്തിന്റെയും അധികാരഘടകങ്ങളെ വെല്ലുവിളിക്കുന്നതിനുള്ള ഒരിടം. സോഷ്യലിസ്റ്റുകൾ സാമൂഹിക ജീവിതത്തിന് ഉതകുന്ന ഒരു ലോകക്രമത്തെ നിർമ്മിച്ചെടുക്കുന്ന സ്ഥലമെന്ന നിലയിലാണ് വീടിനെ കാണുന്നത്"( ഹരികുമാർ എൻ, 2014, 4). നരവംശശാസ്ത്രപരമായി വീട് മനുഷ്യരാശിയുടെ പുരോഗതിയുടെ നാഴികക്കല്ലാണ് .

**തച്ചുശാപവും ദളിതന്റെ ജനനവും – കെട്ടുകഥ**

ബ്രഹ്മാവിന് വിശ്വകർമ്മാവ് എന്ന ഒരു പര്യായം കൂടിയുണ്ട് . ലോകത്തിലെ സകല ജീവജാലങ്ങളുടെയും പ്രകൃതിയുടെയും സ്രഷ്ടാവ് എന്ന വിശേഷണം പുരാണ ഇതിഹാസങ്ങളിൽ ബ്രഹ്മാവിന് നല്കുന്നു. ഇന്ത്യൻ സാമൂഹികചരിത്രം കാലാകാലമായി അനേകം അധിനിവേശങ്ങൾക്കു സാക്ഷ്യംവഹിച്ചു എങ്കിലും ബ്രഹ്മണിക്കൽ - ഹിന്ദു ആധിപത്യം സമൂഹത്തിൽ ചെലുത്തിയ സ്വാധീനം മറ്റൊരു അധിനിവേശത്തിലും ഉണ്ടായിട്ടില്ല . ബ്രഹ്മാവിന്റെ ശരീരത്തിൽ നിന്നുമാണ് മനുഷ്യൻ ജനിച്ചത് എന്ന വിശ്വാസത്തെ പരിഗണിച്ച് നോക്കിയാൽ പോലും ദളിതൻ പുറത്താണ്. പെരുംത്തച്ചനായ ബ്രഹ്മാവിന് സൃഷ്ടിയിൽ തോന്നിയ തമാശയാണ് ദളിതർ എന്നു ഏറ്റവും നിഷ്കളങ്കമായി പറയാം . പെരുംതച്ചനായ ബ്രഹ്മാവിന്റെ തച്ചു ദോഷമാണ് ദളിതരുടെ ജനനം. ഇതിഹാസങ്ങളെയും പുരണങ്ങളെയും ഏറ്റവും ഉൽകൃഷ്ടം എന്നു കരുതുന്ന സംസ്കാരമാണ് ഇന്നും നമ്മുടെ സാമൂഹിക സാമ്പത്തിക വ്യവസ്ഥ നയിക്കുന്നത്. മനുഷ്യൻ ദൈവത്തെ രക്ഷിക്കാൻ തമ്മിലടിക്കും . അത്രത്തോളം ബുദ്ധിശൂന്യത കടന്നു കൂടിയ സംസ്കാരമാണ് ഇവിടെയുള്ളത്. ഇതിൽ ദളിതന്റെ സ്ഥാനം എവിടെയാണ് എന്നത് അധികം അന്വേഷിക്കാതെ കണ്ടെത്താൻ സാധിക്കും. തച്ചുശാപം എന്ന കഥ മുന്നോട്ട് വയ്ക്കുന്ന ചരിത്രപരമായ സമൂഹികപരമായ വെല്ലുവിളി ദളിതന്റെ ജനനത്തെ അത് സൂചിപ്പിക്കുന്നു എന്നതാണ് .

“മെഡിറ്ററേനിയൻ വംശജരുടെയും ആസ്ട്രോയിഡ് വംശജരുടെയും സങ്കരമാണ് ദ്രാവിഡർ എന്ന് ആധുനിക നരവംശശാസ്ത്രം സിദ്ധാന്തിക്കുന്നു” ( പ്രദീപൻ പാമ്പിരിക്കുന്ന് 2007. 38) . ബിസി 1500 നടുത്തായി തെക്കൻ യൂറോപ്പിൽ നിന്നും വടക്കൻ യൂറോപ്പിൽ നിന്നും ആണ് ആര്യന്മാരുടെ ആഗമനം ഇന്ത്യൻ സംസ്കാരത്തിന് മേലുള്ള ആര്യ /ബ്രാഹ്മണിക്കൽ വ്യവസ്ഥയുടെ ശേഷിപ്പാണ് ഇത്. ഇതിന്റെ അടിസ്ഥാനം അധികാരമാണ് (കടന്നുകയറ്റം, ആധിപത്യം ).

**വർണവും ക്രമവും**

നൂറ്റാണ്ടുകൾക്ക് മുൻപേ ഇന്ത്യയിൽ ഉണ്ടായ ആര്യാധിനിവേശവും അതിന്റെ സ്വാധീനവും പ്രാദേശിക ജനവിഭാഗങ്ങളിൽ വലിയ മാറ്റങ്ങൾക്ക് ഇടയാക്കിയപ്പോൾ ജാതിവ്യവസ്ഥ

മാത്രമല്ല രൂപപ്പെട്ടത്; മറിച്ച്, ഭൗതികമായും ആത്മീയമായും ജനജീവിതത്തിന് പരിണാമങ്ങൾ ഉണ്ടായി. ജാതിവ്യവസ്ഥ സൃഷ്ടിച്ച ജാതി വിവേചനങ്ങളും മനുഷ്യനെ പലതട്ടുകളായി തരംതിരിക്കുക മാത്രമല്ല ചെയ്തത് ഭൗതിക ഘടകങ്ങളായ വീട്(പാർപ്പിടം ) സ്വത്ത്,ഭൂമി, ഭക്ഷണം,വസ്ത്രം, ധനം എന്നിങ്ങനെ എല്ലാത്തിനും ജാതി അടിസ്ഥാനത്തിൽ അളക്കപ്പെട്ടു. ദളിതർ എന്നത് ജാതിവ്യവസ്ഥയ്ക്ക് വെളിയിലുള്ള വിഭാഗങ്ങളാണ്. പുരുഷസൂക്തമാണ് (1)ജാതിവ്യവസ്ഥയുടെ അടിസ്ഥാന സൂത്രമായി പരിഗണിക്കുന്നത്. നാല് വർണ്ണങ്ങളെ കുറിച്ചാണ് ഇതിൽ പരാമർശം ഉള്ളത് . അഞ്ചാമത്തെ വിഭാഗമായ പഞ്ചമർ/ ദളിത്/ അസുരർ ചാതുർവർണ്യ വ്യവസ്ഥയ്ക്ക് വെളിയിലുള്ളവരാണ്. താഴെ തട്ടിലുള്ള / ദളിതർക്ക് മേൽ ആധിപത്യം സ്ഥാപിക്കാൻ ; വേദങ്ങൾ കൊണ്ടുള്ള സാധൂകരണം ചെയ്യുക , സംസ്കൃത ശ്ലോകങ്ങൾ ചൊല്ലുകയൊക്കെയാണ് അവർ കണ്ടെത്തിയ മാർഗം . അവർ ചെയ്യുന്ന എല്ലാ പ്രവർത്തികൾക്കും മതപരമായ ന്യായീകരണങ്ങൾ നിരത്തി . ബ്രാഹ്മണ- ക്ഷത്രീയ -വൈശ്യർ തുടങ്ങിയ മൂന്നു വിഭാഗങ്ങൾക്കും ശൂദ്രർക്ക്, ഭാഗികമായും സമൂഹത്തിൽ സ്ഥാനമാനങ്ങൾ ലഭിച്ചപ്പോൾ ദളിതർ പാർശ്വവൽക്കരിക്കപ്പെട്ടു.

**വാസ്തുവിദ്യ**

ആര്യന്മാർ ധാരാളം വൈജ്ഞാനിക ശാഖകൾക്ക് പ്രചാരം കൊടുത്തു. അതിൽ പ്രധാനപ്പെട്ടതാണ് വാസ്തുവിദ്യ. പദോല്പത്തിപരമായി 'വാസ്തു' എന്ന വാക്കിന് ജനങ്ങൾ പാർക്കുന്ന സ്ഥലം എന്നാണ് അർത്ഥം. വാസ്തുശാസ്ത്രം എന്നാൽ പാർപ്പിടങ്ങളുമായി ബന്ധപ്പെട്ട ശാസ്ത്രം എന്ന പൊതുവായ ധാരണയുണ്ട്. “എല്ലാ ഭൗതിക വസ്തുക്കളും പഞ്ചഭൂതങ്ങളാൽ നിർമ്മിതമാണെന്ന് ഹൈന്ദവ പുരാണങ്ങളിൽ പറയുന്നു. ഹൈന്ദവാചാര പ്രകാരം സൃഷ്ടിയുടെ അധിപനായ ബ്രഹ്മാവിനാൽ നിർമ്മിക്കപ്പെട്ടതും, പരമശിവന്റെ തൃക്കണ്ണിൽനിന്നും;പൂണൂൽ,ഗ്രന്ഥം, കുട, ദണ്ഡ്, അഷ്ടഗന്ധം,കലശം, മുഴക്കോൽ, ചിത്രപ്പല്ല് എന്നിവയോടുകൂടി ജനിച്ച വിശ്വകർമ്മാവിന് ബ്രഹ്മാവ് ഉപദേശിച്ചു കൊടുത്തതാണ് വാസ്തുശാസ്ത്രം അഥവാ തച്ചുശാസ്ത്രം എന്ന് അറിയപ്പെടുന്നത്’ ” (വികിപീഡിയ -വാസ്തുശാസ്ത്രം ) വാസ്തുപുരുഷൻ (2) ഭൂമി മുഴുവനമായി വീണുകിടക്കുന്നു എന്ന വിശ്വാസംകൂടി ഇതിനോട്ടു ചേർന്നുനില്ക്കുന്നു.

വാസ്തുസിദ്ധാന്തങ്ങളെ സഹൃദയം അനുസരിക്കുന്ന പക്ഷം വീട്ടിൽ അഭിവൃത്തി ഉണ്ടാകുമെന്നു മാത്രമല്ല,കേവല ഭൗതികത ആധിപത്യം പുലർത്തുന്ന ഒരു ലോകത്തിൽ നിന്നും അതിവേഗം അപ്രത്യമായി കൊണ്ടിരിക്കുന്ന സ്നേഹം, സമാധാനം തുടങ്ങിയ സദ്ഗുണങ്ങളെ വീണ്ടെടുക്കാനും സാധിക്കും എന്നൊക്കെ ആളുകളെ പറഞ്ഞു വിശ്വസിപ്പിക്കാൻ അതിന്റെ ആദ്യകാല ഗുണഭോക്താക്കളായ പണ്ഡിതവിഭാഗങ്ങൾക്കു സാധിച്ചു . ഇത് വാസ്തുവുമായി ചുറ്റപ്പെട്ടുനിൽക്കുന്ന ഇന്ത്യൻ വിശ്വാസമാണ്. ജാതി – മത ഭേദമന്യേ ഇന്ത്യയിലൊട്ടാകെ സ്വീകാര്യമായ ഒന്നായി വാസ്തുവിദ്യ മാറി.

“ജ്യോതിശാസ്ത്ര(astronomy) ത്തിൽ നിന്നും വ്യതിരക്തമാണ് ജ്യോതിഷം അഥവാ ഫലജോതിഷം (astrology). ഗ്രഹങ്ങളുടെയും നക്ഷത്രങ്ങളുടെയും രാശിചക്രം സ്ഥിതി അനുസരിച്ച് അവ മനുഷ്യജീവിതത്തിലും പ്രകൃതിയിലും സ്വാധീനം ചെലുത്തും എന്ന എന്ന ധാരണയിൽ പല പ്രവചനം നടത്തുന്ന വിശ്വാസാധിഷ്ഠിത പദ്ധതിയാണ് ജോതിഷം. ആധുനിക ജ്യോതിശാസ്ത്രവുമായി താരതമ്യത്തിന് പോലും അർഹമല്ല ഇത്" എന്നാണ് ശ്യാംകുമാർ ടി എസ് പറയുന്നത് (2023 ജൂൺ 7,കേരളകൗമുദി). ഇന്ത്യൻ ജോതിഷം ജ്യോതിശാസ്ത്രത്തിന്റെയും ഫലജ്യോതിഷത്തിന്റെയും മിശ്രിതരൂപം ആയിരുന്നു എന്ന് ഈ ലേഖനത്തിൽ പറയുന്നുണ്ട്.

അടിസ്ഥാനപരമായി ജ്യോതിഷത്തിന്റെ ഭാഗമാണ് വാസ്തവിദ്യ.ഇത് ഇന്ത്യൻ ഹൈന്ദവ / വേദ പാരമ്പര്യത്തിനു ഫലജ്യോതിഷത്തോടും വാസ്തുവിദ്യയോടുമുള്ള ബന്ധത്തെ സൂചിപ്പിക്കുന്നു. എന്നാൽ ജ്യോതിഷ സിദ്ധാന്തങ്ങൾ /നിർവചനങ്ങൾ ബുദ്ധമതക്കാരാണ് വാസ്തുവിദ്യയുടെ ആചാര്യന്മാരെന്നും കപിലവസ്തുവിൽ നിന്നാണ് വാസ്തുവിദ്യ രൂപം കൊണ്ടത് എന്നും കരുതപ്പെടുന്നു (3) . ഇന്ത്യൻ വാസ്തുവിദ്യയുടെ ചരിത്രം പരിശോധിക്കുമ്പോൾ അതിന് നൂറ്റാ

ണ്ടുകളുടെ പഴക്കമുണ്ട്. മുസ്ലിം -ബുദ്ധ- ജൈന -പാശ്ചാത്യ വാസ്തുവിദ്യ യുടെ ശേഷിപ്പുകൾ ഇന്ത്യയിൽ ഇന്നും കാണാം . ഹൈന്ദവ വാസ്തുവിദ്യക്കാണ് ഇന്ന് പ്രാധാന്യം കൂടുതൽ. ആര്യാധിനിവേശത്തിനുശേഷം ഉണ്ടായിട്ടുള്ളതും ഇന്ന് ഒളിഞ്ഞും തെളിഞ്ഞും നിലനിൽക്കുന്നതുമായ ഹൈന്ദവ ചാതുർവർണ്യ വ്യവസ്ഥയുടെ തുടർക്കഥയായി ഇത് നിലനിൽക്കുന്നു. ചാതുർവർണ്യ വ്യവസ്ഥയോട് കൂറുപുലർത്തുന്നതും ജാതിവ്യവസ്ഥ നിലനിർത്തിക്കൊണ്ട് മുന്നോട്ടു പോകുന്നതുമായ ഒരു ഒരു ബ്രാഹ്മണിക് അജണ്ടയുടെ ലിഖിത /അലിഖിതരേഖയാണ് വാസ്തുവിദ്യ .

**തച്ചുശാപം**

ജാതിയും ജാതിവ്യവസ്ഥയും വരുത്തി തീർന്ന പാർശ്വവൽകൃത ജീവിതാവസ്ഥ എന്ന ഭൗതിക ഘടകത്തോടെ ചേർത്ത് അവതരിപ്പിക്കുകയാണ് ചെയ്യുന്നത് രേഖ രാജ് പറഞ്ഞതുപോലെ "ജാതിയുടെ സൂക്ഷ്മഭാവങ്ങളും അവ പ്രതിവർത്തിക്കുന്ന സൂക്ഷ്മ വ്യവഹാരങ്ങളും താരമമായ ഭാഷയിലൂടെ ആവിഷ്കരിക്കുന്നതിലും ഭക്തശ്രദ്ധനായിരുന്നു സി അയ്യപ്പൻ ." തച്ചുശാപം എന്ന കഥയിൽ വാസ്തുവിദ്യയുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന 'തച്ചുശാപം' എന്ന വിശ്വാസത്തെക്കുറിച്ച് സൂചന നൽകുന്നു . വാസ്തുവിദ്യപ്രകാരം ബ്രാഹ്മണശാപ 5 ത്തിന് തുല്യമാണ് തച്ചുശാപം . "ഒരു ഗൃഹം നിർമ്മിക്കുമ്പോൾ പ്രധാനമായും നാല് വിഭാഗം ആളുകളാണ് അതിൽ കാരകന്മാരായി ഉള്ളത്. സൂതഗ്രാഹി, തക്ഷകൻ, തച്ചൻ ,വർദ്ധഗി എന്നിങ്ങനെയും നാലു വിഭാഗം ആളുകളുടെ ആത്മസമർപ്പണമാണ് ഒരു ഗൃഹനിർമ്മിതിയിൽ നടക്കുന്നത് . ഇവർക്ക് ഗൃഹനാഥന്റെ ഭാഗത്തുനിന്നും ഏതെങ്കിലും തരത്തിലുള്ള അതൃപ്തി ഉണ്ടായാൽ അത് തച്ചുശാപത്തിൽ കലാശിക്കും . ഇവരെ വസ്ത്രം ,ധനം , ഭക്ഷണം എന്നിവ കൊണ്ട് സന്തോഷിപ്പിക്കാതിരിക്കുക, അവരുടെ മനസ്സിനെ വേദനിപ്പിക്കുന്ന വിധത്തിൽ എന്തെങ്കിലും സംഭവങ്ങൾ ഉണ്ടാക്കുക ഇതൊക്കെയാണ് തച്ചുശാപത്തിന് കാരണമാകുന്നത് . ബ്രാഹ്മണ ശാപത്തിന് തുല്യമാണ് തച്ചുശാപം . തച്ചുശാസ്ത്രപ്രകാരം നിർമിതിയുടെ കണക്ക് സ്ഥാനം മൂലം ഉണ്ടാകുന്ന ദോഷങ്ങൾക്ക് പരിഹാരം ഉണ്ട് എന്നാൽ തച്ചുശാപത്തിന് പരിഹാരം ഇല്ല" (സന്തോഷ് ആചാരി , വാസ്തുകാരൻ, 2022)

**വാസ്തുവിദ്യയും ജാതിയും**

വീടുമായി ബന്ധപ്പെട്ട സാമൂഹിക യാഥാർത്ഥ്യങ്ങളെ തച്ചുശാപം എന്ന കഥയിൽ കണ്ടെത്താം. വീടുകൾക്ക് ജാതിയുമായി ഏറെ ബന്ധമുണ്ട്. ആധുനികതയ്ക്ക് മുൻപ് വരെ കേരളത്തിൽ വീടുകൾ ഉണ്ടായിരുന്നില്ല. പകരം ഇല്ലവും കൂരയും കുപ്പയും ചാളയും തറവാടുമായിരുന്നു ഉണ്ടായിരുന്നത്. മനുഷ്യരുടെ വീടിന് പല പേരുകൾ ആയിരുന്നു ഉണ്ടായിരുന്നത്. ബ്രാഹ്മണരുടെ വീട് ഇല്ലവും ക്ഷത്രിയരുടെ വീട് കൊട്ടാരവും പറയന്റെയും പുലയന്റെയും മറ്റ് കീഴാളരുടെയും വീട് ചാളയും കുപ്പയും കൂരയുമായിരുന്നു. വീടിന്റെ ജാതി ഇന്ന് രസകരമായി തോന്നുന്നു എങ്കിലും ഭയാനകമായിരുന്ന ഒരു ഭൂതകാലത്തെ ഇത് ഓർമിപ്പിക്കുന്നു.






പാർപ്പിടം എന്ന സങ്കൽപ്പത്തിന് ഭാഷാപരമായി കൈവന്ന ജനായത്ത ശേഷിയാണ് ഇന്ന് നാം കാണുന്ന വീട് എന്ന പദം.

കർമ്മപരമായി ഓരോ വിഭാഗം ആളുകൾക്ക് ലഭിച്ചിരിക്കുന്ന സ്വീകാര്യതകളും അവകാശ

ങ്ങളും ഒറ്റനോട്ടത്തിൽ ഗുണം എന്ന തോന്നുമെങ്കിലും അത് ഒരു വിധത്തിൽ പറഞ്ഞാൽ മനുഷ്യന് ബാധ്യതയും അടിച്ചേൽപ്പിക്കലും മാറുന്ന ഒരു വിഭാഗം ആളുകൾ അധികാരികളും തന്ത്രജ്ഞരുമാകുമ്പോൾ ഒരു വിഭാഗം ആളുകൾ അവർക്ക് കീഴ്പ്പെട്ടു ജീവിക്കുന്ന ജാതിവ്യവസ്ഥയും അതുമൂലം ഉണ്ടാകുന്ന അനാചാരങ്ങൾക്കും മുഖ്യകാരണം ഇതുതന്നെയാണ് മനുഷ്യപുരത്തിന്റെ ജനനത്തെക്കുറിച്ച് പുരുഷസൂക്തം പറയുന്നത് ഇപ്രകാരമാണ്.

ദളിതർക്ക് ഇന്ന് അനുഭവിക്കേണ്ടിവരുന്ന അവഗണനകൾക്കും അതിക്രമങ്ങൾക്കും ന്യായമായി പറയുന്ന കാര്യങ്ങൾ ഒന്ന് പുരുഷസൂക്തവും അതുപോലെ ഉണ്ടായ ജാതി ശുദ്ധാശുദ്ധി സങ്കല്പങ്ങളിൽ അധിഷ്ഠിതമായ ജീവിതവിവാഹാരങ്ങളുമാണ് പെരുന്തച്ചനെ എന്ന് വിശേഷിക്കപ്പെടുന്ന ബ്രഹ്മാവിൽ എന്നുമുണ്ടായി അതിർത്തിയാണ് ദളിതരുടെ ജനനം( മനുസ്മൃതി അഥവാ ഹിന്ദു മിത്തോളജി ) എങ്കിൽ ദളിതൻ സാമൂഹികമായ സാമ്പത്തികമായി ഇന്ന് നേരിടുന്ന പ്രശ്നങ്ങൾ എന്തെങ്കിലും തച്ചന്മാരുടെ ശാപമാണ്. തച്ച ശാപം എന്നത് ഒരുവൻ തന്റെ കർമ്മം വഴി വന്നുചേരുന്ന ശാപമാണ് എന്ന കഥയിൽ ഓട്ടം എന്ന വീടിനുള്ളിലെ ചോർച്ച അത് പറയുവാൻ പണിതതച്ചന്റെ വീട്ടിൽ പോയി തിരിച്ചു വരുമ്പോൾ കഥാനായകന്റെ പിതാവ് പുറപ്പെടുവിക്കുന്ന ദീർഘ വിശ്വാസമെല്ലാം ദളിതർ നേരിടുന്ന അവർ ജന്മം കൊണ്ട് വരുത്തിവെച്ച അനേകങ്ങളായ തച്ചശാപത്തേ സ്മരിപ്പിക്കുന്നു. അയ്യപ്പൻ ഈ ദളിതാവസ്ഥയെ കഥയിൽ വ്യക്തമായ അവതരിപ്പിക്കുന്ന വേദ സംസ്കാരം ദളിതന്മേൽ ശുദ്ധി സമ്പത്ത് തൊഴിൽ സ്ഥാനം തുടങ്ങിയ പേരുകൾ വിളിച്ച പച്ചയായ ജാതി വ്യവസ്ഥയും അതുമൂലം ഉണ്ടായ പാർശ്വവൽക്കരണവും കഥയിൽ ദൃശ്യമാണ് എന്ന ഭവന പദ്ധതി എന്ന പേരിൽ ദളിതർക്ക് അനുവദിക്കുന്ന തുച്ഛമായ തുകയും അതുകൊണ്ട് പൂർത്തീകരിക്കാൻ ആവാത്ത ദളിത് ഗ്രഹങ്ങളും നിർമ്മിക്കപ്പെടുന്ന ദളിത് കോളനികളും ഇതിന് ഉദാഹരണമാണ് വിലകുറഞ്ഞതും ഏതെങ്കിലും തരത്തിൽ പോരായ്മകൾ ഉള്ളവയുമായ പ്രദേശങ്ങളിൽ വീട് പണിയാൻ അനുയോജ്യമല്ലാത്ത പാറക്കെട്ടുകൾ മൊട്ടക്കുന്ന് പാഠങ്ങൾ ചതിപ്പുകളാണ് ദളിതന്റെ വീടിരിക്കുന്ന പ്രദേശങ്ങൾ. ഇവിടെ ജാതിയുടെ ക്രൂരമുഖങ്ങളിൽ ഒന്നായ അജ്ഞത, സമ്പത്ത് ഇല്ലായ്മ എന്നീ കാരണങ്ങൾ ദളിത് ജീവിതത്തെ ഒരിക്കലും ഉയർന്നുവരാൻ അനുവദിക്കുന്നില്ല. വാസ്തുവിദ്യപ്രകാരം ഏറ്റവും ശ്രേഷ്ഠ കണക്കുകൾ, ദ്രവ്യം (നിർമ്മാണ സാമഗ്രികൾ ) , ഭൂമി എന്നിവ അടിസ്ഥാനത്തിൽ മികച്ചത് നാലുകെട്ടുകളാണ് . നിർമ്മിതിക്ക് ഉദാഹരണമായി വാസ്തുശാസ്ത്രം പറയുന്നത് മന/ ഇല്ലം എന്നിവയാണ്.

**ഭൂമി**

ആയുധബലത്തോടൊപ്പം പ്രകൃതി, ജ്യോതിഷ- വാസ്തുശാസ്ത്രം വിഷയങ്ങളിൽ ആര്യന്മാർക്ക് ഉണ്ടായിരുന്ന ജ്ഞാനം; ഉത്തമം എന്ന് വിശേഷിപ്പിക്കപ്പെടുന്നതും ജലം,വായു,ഭൂമി ,ദിക്ക് എന്നിവകൊണ്ട് സുരക്ഷിതവും അനുയോജ്യവുമായ ഭൂപ്രദേശങ്ങൾ കൈക്കലാക്കാൻ അവർക്ക് കൂടുതൽ സാഹചര്യമുണ്ടായി. ശേഷിച്ചത് ആവശ്യക്കാർ ഇല്ലാത്ത മുകളിൽ സൂചിപ്പിച്ച ഘടകങ്ങളുടെ കെട്ടുറപ്പ് ഇല്ലാത്തതുമായ പ്രദേശങ്ങളാണ്. ഇതാണ് ദളിതർക്ക് ലഭിച്ചത്. സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന പാർശ്വവൽകൃത വിഭാഗങ്ങൾ വനങ്ങളിലേക്ക് കുടിയേറുകയും ശേഷിച്ചവർ നാടിന്റെ വില കുറഞ്ഞ ഇടങ്ങളിൽ ഭൂപ്രദേശങ്ങളിൽ ഒളിച്ചുകഴിയുവാൻ നിർബന്ധിതരായി.

ഭൂപ്രകൃതിയെ കുറിച്ചുള്ള ശാസ്ത്രീയമായ ജ്ഞാനം, ബലം എന്നിവ ബ്രാഹ്മണർക്ക് ഭൂമി കയ്യടക്കാൻ സഹായകമായി. കേരളത്തിലെ ഭൂമിയിൽ അധികവും തലമുറകൾക്ക് മുൻപ് ബ്രാഹ്മണരുടെ അധീനതയിലുള്ളതായിരുന്നു. പരശുരാമനുമായി ബന്ധപ്പെട്ട് പ്രചാരമുള്ള കേരളോല്പത്തിക്കഥയും 2 അതിനെ സാധൂകരിക്കുവാൻ കാളിദാസന്റെ രഘുവംശത്തിലും (സർഗം IV, ശ്ലോകം 53 ) രാജേന്ദ്രചോളന്റെ (1012-1044) തീരുവാലങ്ങാട് ശാസങ്ങളിലും സൂചനയുണ്ട് എന്ന ശ്രീധരമേനോൻ എ (2022,25) രേഖപ്പെടുത്തിയിരിക്കുന്നു )

" ശ്വേതാ രക്ത കഥ പീത കൃഷ്ണ വർണ്ണനു പൂർവ്വത
സുഗന്ധ ബ്രാഹ്മണി ഭൂമി രക്ത ഗന്ധ തു ക്ഷത്രിയാ
മധു ഗന്ധ ഭവദ്വൈശ്വ മദ്യഗന്ധ ച ശൂദ്രണി

മധുര ബ്രാഹ്മണി ഭൂമി കഷായ ക്ഷത്രിയ മത
അമ്മ വൈശ്യ ഭാവിയിൽ ഭൂമി സ്ഥിക്തപ്രകീർത്തിതാ " 4

എന്ന ശ്ലോകം ഇതു സംബന്ധമായി നല്ല ഉദാഹരണമാണ് (മനുഷ്യാലയ വിധി 2003:09)

ഭൂമിയിൽ ജീവിക്കാനുള്ള മനുഷ്യന്റെ അവകാശത്തെ ജാതിയുടെ അടിസ്ഥാനത്തിൽ തരംതിരിക്കുന്നു. ഭൂമിയുടെ ജാതിയാണ് ഈ ശ്ലോകത്തിൽ പറയുന്നത്. സംഘകാലത്തിൽ ഭൂപ്രകൃതിയ്ക്ക് അടിസ്ഥാനമാക്കി തങ്ങൾക്കനുയോജ്യമായ പ്രദേശങ്ങൾ തൊഴിൽ അടിസ്ഥാനത്തിൽ വിഭജിച്ചിരുന്നു. എന്നാൽ ജനിച്ച വംശത്തിന്റെ അടിസ്ഥാനത്തിൽ മനുഷ്യനെ തരംതിരിക്കുന്ന ഈ ജാതി വ്യവസ്ഥയെ അംബേദ്കർ വിളിച്ചത് പ്രഹേളികയെന്നാണ് . "കറുപ്പ് നിറം , മദ്യത്തിന്റെ ഗന്ധം, കയ്പ്പുരസം ഈ വക ഗുണങ്ങളുള്ള ഭൂമി ശൂദ്രവർണ്ണത്തിൽപ്പെട്ടതാണ് . താമസജീവികൾക്ക് തമോമയപ്രദേശമാണ് അനുകൂലമെന്നുള്ളതുകൊണ്ട് ഇത് നിന്ദ്യമാണെങ്കിലും താമസന്മാർക്ക് അനുകൂലമാകുന്നു" (മനുഷ്യാലയ വിധി 2003:10 ) എന്ന പരാമർശം ശൂദ്രന്മാരെയോ താമസന്മാരെയോ (കറുത്തവൻ , ദളിതൻ ) ആണ് സൂചിപ്പിക്കുന്നത് . ദളിതന്റെ ഗൃഹം പണിയുന്ന ഭൂമിയുടെ തരം ഇതാണ് . പാറക്കെട്ടുകൾ നിറഞ്ഞതോ , ശ്മശാനഭൂമിയോ ചതുപ്പുനിലമോ ആയിരിക്കും ദളിതന് ലഭിക്കുക . ഭൂരഹിതർക്ക് ഭൂമിവാങ്ങാനും വീടുപ്പണിയനും സർക്കാർ നൽകുന്ന തുകയ്ക്കു കിട്ടുന്ന ഭൂമി മുൻപ് സൂചിപ്പിച്ചതുപോലെ ചതുപ്പയിലോ ശ്ലോകം പറയുന്നതുപോലെ തമോമയപ്രദേശമാണ് . ടൌണിന് നടുവിൽപ്പോലും ദളിതർ താമസിക്കുന്ന സ്ഥലത്തിന്ന് വിലക്കുറവുള്ളതുപോലെ ഭൂമിയുടെ ഘടനയും സ്വഭാവവും ജാതിയോട് ചേർന്നു നിലക്കുന്നു എന്നു കാണാം . തച്ചുശാപം കഥയിൽ ഇത് പരമർശിക്കുന്നില്ലെങ്കിലും സി അയ്യപ്പന്റെ മറ്റുകഥകളിൽ (നിരവത്തുകയ്യാണി , നേരം വെളുക്കുകയാണ് ) ഇത് കാണാവുന്നതാണ് .

**വൃക്ഷം / മരം /തടി**

" തച്ചുശാസ്ത്രം എന്നാൽ മരപ്പണിക്കുള്ള ഒരു പ്രമാണം . ഗൃഹങ്ങൾ മുതലായവ പണികഴിപ്പിക്കുന്നതിനെ സംബന്ധിച്ചുള്ള ശാസ്ത്രം" എന്നാണ് ശബ്ദതാരാവലി നിർവചിക്കുന്നത് ( ശ്രീകണ്ഠേശ്വരം ,2014, 991) . തച്ചപ്പണിക്കൻ (തച്ചൻ ), തച്ചവാടി (ആശാരിയുടെ പുര ), തച്ചവേല (തച്ചന്റെ തൊഴിൽ ), തച്ചാന്യം(തച്ചിനുള്ള ദിവസക്കൂലി , ഒരു തച്ചന് ഒരു ദിവസം കൊടുക്കേണ്ട കൂലി ), തച്ചിച്ചി (തച്ചന്റെ സ്ത്രീ ), തച്ച് (തച്ചന്റെ തൊഴിൽ , ആശാരിയുടെ ഒരു ദിവസത്തെ വേല ) തച്ചുകൊൽ (ആശാരിയുടെ അളവുകോൽ ), തച്ചുപണി , തച്ചുവേല (ആശാരിയുടെ വേല ,തടിയിൽ ചെയ്യുന്നത് ) തച്ചുവിരുത്തി (ഒരു ഭൂവുടമരീതി , ആശാരിമാർക്ക് കരമൊഴിവായി പതിച്ചുകൊടുത്തിരിക്കുന്ന സ്ഥലം ) എന്നിവയാണ് സമാനപദങ്ങൾ.

വാസ്തുശാസ്ത്രപ്രകാരം ഗൃഹനിർമ്മിതിയെ സ്വാധീനിക്കുന്ന മറ്റൊരു ഘടകമാണ് നിർമ്മാണദ്രവ്യങ്ങളുടെ ലഭ്യത. ഇതിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് ഗൃഹനിർമ്മാണത്തിന് ഉപയോഗിക്കുന്ന വൃക്ഷങ്ങളുടെ സ്വഭാവം. അവയുടെ ഗുണം, സ്വഭാവം എന്നിവയ്ക്ക് അധിഷ്ഠിതമായി നാലായി വിഭജിക്കപ്പെട്ടിരിക്കുന്നു.

തച്ചുശാസ്ത്രപ്രകാരം സർവ്വസാരം, അന്തസാരം , ബഹിസാരം ,നിസ്സാരം എന്നിവയാണ് നാലുതരം വൃക്ഷങ്ങൾ. അകത്തും പുറത്തും കാതലുള്ള വൃക്ഷങ്ങളാണ് സർവസാരം. ഉദാഹരണം; തെക്ക് , പുളി . അകത്തു കാതലുള്ള വൃക്ഷം ആണ് അന്ത സാരം . പ്ലാവ് ആഞ്ഞിലി മുതലായ ഉദാഹരണം . പുറത്തുകാതൽ ഉള്ള വൃക്ഷങ്ങൾ ആണ് ബഹിസാരം . കമുങ്ങ് , പന ഉദാഹരണം . മുരിങ്ങ മുതലായ പാഴ്മരങ്ങളെ നിസ്സാരം എന്ന വിഭാഗത്തിൽ പെടുന്നു . അവയ്ക്ക് കാതൽ ഇല്ല .

തച്ചുശാപം എന്ന കഥയിൽ നായകന്റെ ചെറുപ്പകാലത്ത് ഓടുമേഞ്ഞ വീട് നിർമ്മിക്കുമ്പോൾ കഴുക്കോലിനും ഉത്തരത്തിനും പാഴ് മരത്തിന്റെ ഗണത്തിൽപ്പെടുന്ന വിലകുറഞ്ഞ മരങ്ങളിൽ ഒന്നായ വറങ്ങ് എന്ന മരമാണ് ഉപയോഗിക്കുന്നത്. "വയ്ക്കോൽ മേഞ്ഞ .........ഉത്തരവും കഴുക്കോലുമുണ്ടാക്കി അടയ്ക്കാമരത്തിന്റെ പട്ടികയടിച്ച് ഓടിട്ട വീട്ടിലാണല്ലോ എന്ന അഭിമാനം ആദ്യമൊക്കെ അച്ഛനമ്മമാർക്കും സഹോദരങ്ങള്ക്കുമുണ്ടായിരുന്നു "( പുറം 206-207) . "പട്ടികകൾ വേണ്ടപ്പോലെ ഉറപ്പിക്കാതെ ഓടുമേഞ്ഞതുൾപ്പെടെയുള്ള പണിക്കുറ്റമാകാം ചോർച്ചയ്ക്ക് കാരണമെന്ന ചില നാട്ടുപ്രമാണിമാരുടെ വിദഗ്ധാഭിപ്രായം കേട്ടിട്ട് ഗൃഹനാഥനായ

അച്ഛൻ നാലഞ്ചു വീടുകൾക്കപ്പുറത്ത്തമസിക്കുന്ന ആശരിയോട് പരാതി പറയാൻ പോയത് നാലാം ക്ലാസ്സുകാരനായ ആയാൾക്ക് നല്ല ഓർമയുണ്ട്"(പുറം 207) . ഇവിടെ സൂചിപ്പിക്കുന്ന പണിക്കുറ്റത്തിന് കാരണം ആശാരിക്ക് എന്തെങ്കിലും അനിഷ്ടം ഉണ്ടായി എന്നുള്ളതും അത് തച്ചശാപത്തിന് കാരണമാണ് എന്നുള്ളതും മാത്രമല്ല മറിച്ച് , പണിസാധാനങ്ങളുടെ കുറവും സാമ്പത്തിക ബുദ്ധിമുട്ടും കൂടിയാണ് .

ഇതേ ഭാഗത്ത് ; ഉൽകൃഷ്ടമായ മറ്റു മരങ്ങളെ കുറിച്ച് വീട് പണിയുന്ന ആശാരി പറയുന്നുണ്ട് ; " പിന്നെ , ഉത്തരോം കഴുക്കോലും തേക്കും ഈട്ടിയുമായ്ര്ന്നല്ലോ . പട്ടികയാണെങ്കിൽ ആഞ്ഞിലിക്കാതലും . മച്ചിന്റെ കാര്യാണെങ്കി പറയാനുല്യാ. നാലുവെരൽ കട്ടീലല്ലേ മച്ചിട്ടിരിക്കണത് . അതും തെക്കും കാതലിൽ ! " (തച്ചശാപം ; 207) എന്ന ആശാരിയുടെ പറച്ചിൽ കളിയാക്കൽ മാത്രമല്ല ദളിതന് പ്രാപ്യമായ ഉറപ്പുള്ള പാർപ്പിടത്തിന്റെ സൂചനയുമാണ് . മറ്റൊരു കഥ സന്ദർഭം ഇങ്ങനെയാണ്: " എന്റെ ചോതിപ്പെലേനെ , തന്നോടൊന്നും ഓടിട്ട വീട്ടിൽ കിടക്കാൻ പറഞ്ഞിട്ടില്ലടോ ! വയ്ക്കോൽ മേഞ്ഞതാണെങ്കിലും ഒരു തുള്ളിവെള്ളം പോലും അകത്തു വീഴാത്തതെന്ന് താൻ പറഞ്ഞിട്ടുള്ള ആ ഒന്നാന്തരം മാടം പൊളിച്ചുകളയേണ്ട വല്ല കാര്യോണ്ടായിര്ന്നോ ?" എന്ന വാക്കുകളിൽ അനുകമ്പയും ഉപദേശവും മാത്രമല്ല ദളിതനുമേലുള്ള അടിച്ചേൽപ്പിക്കലും പ്രകടമാണ് . ഇത് ജാതിവ്യവസ്ഥയുടെ വശങ്ങളിൽ ഒന്നാണ്.

ആശാരിയോട് മറുത്തൊരു വാക്കുപറയാതെയുള്ള നായകന്റെ പിതാവിന്റെ നിൽപ്പ് ജാതി ഉറപ്പിച്ചെടുക്കുന്ന വ്യത്യസ്ത മനോഭാവമാണ് വ്യക്തമാക്കുന്നത് . ഉയർന്ന ജാതിക്കാരനോട് തഴന്നജാതിക്കാരന് തോന്നുന്ന വിധേയത്വം , ഭയം ഇവിടെ കാണാവുന്നതാണ് . സാമ്പത്തികമായി നില മെച്ചപ്പെട്ടാലും ഈ ഭയം ദളിതനെ വേട്ടയാടുന്നു . അതുകൊണ്ടാണ് ദളിതൻ അല്ലാത്ത ഒരാളെ കാണുമ്പോള് സാമാന്യം മെച്ചപ്പെട്ട ജീവിതസാഹചര്യം ഉണ്ടെങ്കിലും നായകന് സംസാരം മുട്ടിപ്പോകുന്നത് . കഥാഭാഗം : " ആർസിസി വർക്കും പിസിസി വർക്കും എന്താണെന്ന് പഠിപ്പിക്കുന്നതിന് ജയവേദി ഇരുന്ന കസേര ഉത്സാഹപൂർവ്വം അല്പം ഇടത്തോട്ട് തിരക്കി ഇട്ടപ്പോൾ പിന്നിലിരുന്ന് നെഞ്ചത്തേക്ക് തലയൊടിച്ചുറങ്ങുന്ന സൂപ്പർവൈസറെ നോക്കി അയാൾ ഒന്നു ചിരിക്കാൻ ഒരുങ്ങിയതാണ്. പകലുറങ്ങി ചെറുപ്പം പാഴാക്കുന്നവൻ എങ്ങനെ വീട് പണിയുടെ മേൽനോട്ടം വഹിക്കുമെന്ന് ആശങ്ക അയാളുടെ ചിരിയുടെ കഴുത്തുഞെരിച്ചു . നല്ലൊരു തുക മുൻകൂറായി കിട്ടിയതോടുകൂടി ജയവേദി ഇരുന്നെഴുന്നേറ്റവനെപ്പോലെ വലിയവനായി. അതുവരെ പുലിയായിരുന്നവൻ നനഞ്ഞുവിറയ്ക്കുന്ന ഒരെലിയായും രൂപാന്തര പ്രാപിച്ചു. ആർ സി സിയിൽ പെടുന്ന വാർക്ക പണിയെപ്പറ്റി ചില ചോദ്യങ്ങൾ അയാൾ ചോദിച്ചതോടെ മുതലാളി വർക്ക് സൈറ്റിൽ വരാതിരുന്നു സഹകരിക്കണമെന്ന് കോൺട്രാക്ടർ അഭ്യർത്ഥിച്ചു. എന്നിട്ടും ഇടിച്ചുകയറി വീടിന്റെ തട്ടുവാർക്കുന്നത് കാണാൻ എത്തിയ യുക്തിവാദിയായ അയാൾക്ക് ദൈവമില്ലെങ്കിലും ചെകുത്താനുണ്ടെന്ന് ജയവേദി ബോധ്യപ്പെടുത്തിക്കൊടുത്തു. അന്നുമുതലാണ് അച്ഛനെ രക്ഷിച്ച നെടുവീർപ്പ് തന്റെ തലയ്ക്കുമുകളിൽ തന്നെ വട്ടം ചുറ്റുന്നുണ്ടെന്ന് തോന്നൽ അയാൾക്ക് ഉണ്ടാക്കാൻ തുടങ്ങിയത്. അന്നേരമെല്ലാം അയാൾക്ക് എന്തുകൊണ്ടോ ആ പഴയ ആശാരിയെ ഓർമ്മവന്നു . ഒപ്പം ആ പരിഹാസക്കുത്തുകാരൻ തന്നെയാണോ കോൺട്രാക്ടറുടെ രൂപത്തിൽ തന്റെ മുന്നിലെത്തിയിരിക്കുന്നതെന്ന സംശയവും അയാൾക്കുണ്ടായി"( പുറം 208-209).

ചോരാത്ത കോൺക്രീറ്റ് വീട് നിർമിക്കാൻ നായകനാഗ്രഹിക്കുന്നു . അയാളുടെ ജീവിതലക്ഷ്യം അതാണ് . ദീർഘകാല സമ്പാദ്യം മുഴുവൻ ചേർത്ത് അയാൾ വീട് പണിയുന്നതിന് ഒരു കോൺട്രാക്ടറെ കാണുന്നു. പണിക്കാരോട് യാതൊരുവിധ ബന്ധക്കവിധം യാതൊരു സംഭവങ്ങൾക്കോ ഇടപെടുക്കാതെ വീട് പണിത് താക്കോൽ വാങ്ങി അയാൾ താമസം തുടങ്ങുന്നു. അവിടെയും ചോർച്ച അയാളെ പിന്തുടരുന്നു . കരാറുകാരന്റെ അഴിമതിയോ അതോ ദളിതനായ ഗ്രഹനാഥനോടുള്ള മുൻവിധിയും ആയിരിക്കും പുതിയ വീടിന്റെ ചോർച്ചയുടെ കാര്യം.

...യും ഒപ്പം പെരുംതച്ചന്റെ ഉളിയുടെ ഓർമ്മപ്പെടുത്തലും ഉണ്ടെന്ന് ആസ്വാദകന് തോന്നും . മുന്പ് സൂചിപ്പിച്ചതുപോലെ , പുരുഷസൂക്തത്തിൽ മനുഷ്യന്റെ ജന്മത്തെ കുറിച്ചുള്ള സൂചനയും ഉണ്ട്.

"അന്നേരമെല്ലാം അയാൾക്ക് എന്തുകൊണ്ടോ പഴയ ആശാരിയെ ഓർമ്മവന്നു . ഒപ്പം ആ

പരിഹാസക്കുത്തുകാരൻ തന്നെയാണോ കോൺട്രാക്ടറുടെ രൂപത്തിൽ തന്റെ മുന്നിൽ ഇരിക്കുന്നതെന്ന സംശയവും അയാൾക്കുണ്ടായി (പുറം 209) " എന്ന വാക്കുകളിൽ ദളിതനായ താൻ അനുഭവിക്കുന്ന സാമൂഹിക നിന്ദ , സാമ്പത്തികപരാധീനത, മുൻവിധി, കുറ്റവാളിയോട് പോലും ഉള്ള പെരുമാറ്റം എല്ലാ നായകൻ തിരിച്ചറിയുന്നു. തകർന്നുവീണ വീടിനടുത്ത് മരണപ്പെടുന്ന നായകൻ ജാതിയുടെ ക്രൂരതകൾക്ക് മാത്രമായി അനുദിനം ചൂഷണങ്ങൾക്കും ചൂട്ടെടുക്കലുകൾക്കും വിധേയരായിക്കൊണ്ടിരിക്കുന്ന അനേകം ദളിത് ജനതയുടെ പ്രതിനിധിയാണ്.

**നിഗമനം**

ഇന്ത്യൻ സാമൂഹിക – സാംസ്കാരിക രംഗം പ്രത്യക്ഷമായും പരോക്ഷമായും ജാതിവ്യവസ്ഥയും അത് നിയന്ത്രിക്കുന്ന മറ്റു വ്യവഹാര ക്രമങ്ങളും കൊണ്ടുനടക്കുന്നു എന്നതിനു സമകാലീക സംഭവങ്ങൾ ഉദാഹരണമാണ് . ജാതീക്രമങ്ങളാൽ ജീവിതത്തിന്റെ നാനാ തുറയിലുള്ള മനുഷ്യരും ദുരിതം അനുഭവിക്കുന്നു . ഇതിൽ ഏറ്റവും ചൂഷണം ചെയ്യപ്പെടുന്നത് ദളിതരാണ് . സാമൂഹിക അസമത്വങ്ങൾക്കൊപ്പം സാമ്പത്തിക അടിത്തറയില്ലാത്തതും ദളിത് ജീവിതം ദുഷ്കരമാക്കുന്നു . ചാന്ദ്രയാൻ വിക്ഷേപണത്തിൽ എത്തിനിൽക്കുന്ന ഇന്ത്യൻ ജ്യോതിശാസ്ത്രം , ജ്യോതിഷം പോലുള്ള ഹൈന്ദവവിശ്വാസത്തിൽ നിന്നും പുറത്തുകടക്കാൻ കഴിയതിരിക്കുമ്പോൾ ഗൃഹനിർമ്മിതിയുമായി ബന്ധപ്പെട്ടുനിൽക്കുന്ന വാസ്തുവിദ്യയിൽ നിന്നും മോചിതരാകുക എന്നത് കുറച്ചുകൂടി പ്രയാസപ്പെട്ട കാര്യമാണ് . ജ്യോതിഷത്തിന്റെ ഭാഗമായ വാസ്തുവിദ്യയും നിലനില്ക്കുന്നത് സനാതനധർമം അഥവാ ജാതിവ്യവസ്ഥയെ അടിസ്ഥാനമക്കിയാണ് . ഇന്ത്യൻ സാമൂഹിക സാഹചര്യത്തിൽ ചരിത്രാതീത കാലം മുതല് ദളിതർ നേരിടുന്ന ജാതിപ്രഹേളികയക്കെതിരെ സർഗാത്മകരംഗത്തുനിന്നുമുള്ള ദളിതന്റെ ചെറുത്തുനിൽപ്പാണ് ദളിത് സാഹിത്യത്തിലും ചെയ്യുന്നത്. സി അയ്യപ്പൻ തന്റെ കഥകളിലൂടെ ഭൂതകാലത്തെയും വർത്തമാനകാലത്തെയും പ്രശ്നവത്കരിക്കുന്നു. തച്ചുശാപം എന്ന കഥ ഇതിന് മികച്ച ഉദാഹരണമാണ് .

**അടിക്കുറിപ്പുകൾ**

1. പുരുഷസൂക്തം 11,12 ശ്ലോകങ്ങളിൽ
യത്പുരുഷം വ്യദധുഃ
കതിധാ വ്യകല്പയൻ
മുഖം കിമസ്യ കൗ ബാഹു
കാ ഊരു പാദാ ഉച്യതേ 11
ബ്രാഹ്മണോ/സ്യ മുഖമാസീദ്
ബാഹൂ രാജന്യഃ കൃതഃ
ഊരു തദസ്യ യദ്വൈശ്യം
പദ്ഭ്യാം ശൂദ്രോ അജായത 12

2 "ത്രേതായുഗത്തിൽ സർവ്വലോക വ്യാപിയായി പ്രത്യക്ഷപ്പെട്ട ഭൂതമാണ് വാസ്തുപുരുഷൻ എന്നാണ് ഹൈന്ദവ വിശ്വാസം. ശിവനും അന്ധകാരൻ എന്നു പേരായ രാക്ഷസനും തമ്മിലുണ്ടായ ഏറ്റുമുട്ടലിൽ, ശിവന്റെ ശരിരത്തിൽ നിന്നും ഉതിർന്നു വീണ വിയർപ്പു തുള്ളിയിൽ നിന്നുമാണ് വാസ്തു പുരുഷന്റെ ജനനം. ഇങ്ങനെ ജനിച്ച ഭൂതത്തിന്റെ പരാക്രമങ്ങൾ സഹിക്കാനാവാതെ ദേവന്മാർ ബ്രഹ്മാവിനെ പ്രത്യക്ഷപ്പെടുത്തുകയും; അദ്ദേഹത്തിന്റെ ആജ്ഞാനുസരണം ഭൂതത്തിനെ യുദ്ധത്തിൽ തോല്പിച്ച് ഭൂമിയിൽ എടുത്ത് എറിയുകയും ചെയ്തു." എന്നാണ് ഐതീഹ്യം .

3. വിഷ്ണുവിന്റെ അവതാരമായി പരശുരാമൻ അറേബ്യൻ കടലിനു നൽകിയ പാരിതോഷികമാണ് കേരളം . പരശുരാമൻ തന്റെ ആയുധമായ പരശു ഗോകർണത്തിൽ നിന്ന് കന്യാകുമാരിയിലേക്ക് കടലിനും മീതെ എറിഞ്ഞെന്നും, അത് ചെന്ന് വീണ ഭാഗം വരെയുള്ള കടൽ പിൻവാങ്ങിയെന്നും അങ്ങനെ ഉണ്ടായ ഭൂവിഭാഗം ഭാർഗവക്ഷേത്രം എന്നും വിളിക്കപ്പെടുന്നത് കേരളത്തിൽ ബ്രാഹ്മണർക്ക് ആധിപത്യം ലഭിക്കാൻ ചമച്ചതാണ് ഈ ഐതിഹ്യം .

4. ശുദ്രനിറം ,നല്ല ഗന്ധം , മധുര രസം ഈ ഗുണങ്ങളുള്ള ഭൂമി ബ്രാഹ്മണ വർണ്ണത്തിൽ

പെട്ടതാണ്. ഇത് അത്യുത്തമം ആണെങ്കിൽ ജീവിതത്തിൽ അനുകൂലമാണെന്നും അറിയണം രക്തത്തിന്റെ ഗന്ധം ചവർപ്പ് രസം ഈ ഗുണങ്ങളുള്ള ഭൂമി ശാസ്ത്രീയ വർണ്ണത്തിൽ പെട്ടതാണ് ഇതും ഉത്തമമാണെങ്കിലും രജോ ഗുണം മയങ്ങളായ അണുക്കളുടെ സന്നികർഷണം കൊണ്ടും രാജാക്കന്മാർക്ക് വിശേഷം അനുകൂലമാകുന്ന മഞ്ഞനിറം മധുവിന്റെ ബന്ധം പുളി രസം ഈ ഗുണങ്ങൾ ഉള്ള ഭൂമി വൈശ വർണ്ണത്തിൽ പെട്ടതാണ് ഇത് സാമാന്യ ഉത്തമവും സത്ത്ഗുണത്തിന്റെയും ഓണത്തിന്റെയും മിശ്രത്വം കൊണ്ട് പ്രായമേ ശുഭകരവുമാണ്.

5. ബ്രാഹ്മണശാപം ഏറ്റാൽ ദോഷത്തിനൊപ്പം നാശവും സംഭവിക്കുമെന്നാണ് വിശ്വാസം. ജാതിയും വർണ്ണവിവേചനവും നിലനിന്നിരുന്ന ഒരു കാലത്തിന്റെ സൃഷ്ടിയാണ് ബ്രാഹ്മണ ശാപം. മനുഷ്യനെ ജാതിയും മതവും പറഞ്ഞ് പല തട്ടുകളിലായി തിരിച്ചപ്പോൾ ഒരു വിഭാഗം പേർ അവരുടെ ആധിപത്യം നിലനിർത്താനും പൊതുസമൂഹത്തിൽ നിന്നും വ്യത്യസ്ഥത ലഭിക്കാനും ഉണ്ടാക്കിയെടുത്തതാണ് ബ്രാഹ്മണ ശാപം എന്ന വിശ്വാസവും വാക്കും. കീഴ്ജാതി മേൽജാതി വേർതിരിവിൽ ബ്രാഹ്മണ സമൂഹം മേൽത്തട്ടിൽ എത്തിയപ്പോൾ അവർക്കു താഴെയുള്ളവരെ നിയന്ത്രിക്കാനും അടക്കി വാഴാനും പല ആശയങ്ങൾ വേണ്ടിയിരുന്നു. ശരീരത്തിന്റെ നിറം, തൊഴിൽ, ജീവിതാവസ്ഥ എന്നിവ ആധാരമാക്കിയാണ് മനുഷ്യർക്കിടെയിൽ വേർതിരിവും തട്ടുകളുമുണ്ടായത്. ഇതിന്റെ ഒരു പ്രധാന ഭാഗമായിട്ടാണ് ബ്രാഹ്മണ ശാപം എന്ന ആശയവും ഉടലെടുത്തത്.

**ആധാരസൂചി**

പ്രബന്ധങ്ങൾ

1. ഹരികുമാർ എൻ, വീട്, യാത്ര എന്നീ പ്രമേയങ്ങൾ ആധുനിക മലയാളകവിതയിൽ, മഹാത്മാഗാന്ധി സർവകലാശാല,കോട്ടയം, 2014

**സഹായകഗ്രന്ഥങ്ങൾ**

1. അജയ് ശേഖർ, ചെറുചരിത്രങ്ങളും സി അയ്യപ്പന്റെ ചെറുകഥനത്തിന്റെ രാഷ്ട്രീയം, ഭാഷാപോഷിണി,2011, ഒക്ടോബർ
2. അയ്യപ്പൻ സി, സി അയ്യപ്പന്റെ കഥകൾ സമ്പൂർണ്ണം, ആമിബുക്സ്, കാലികറ്റ്, 2018
3.ആദിത്യ വർമ്മ ആർ, വാസ്തുകല,പ്രഭാത് ബുക്ക് ഹൗസ്, തിരുവനന്തപുരം, 2014
4.ഔസേപ്പ് പി വി,കേരളീയ വാസ്തുവിദ്യ പാരമ്പര്യം മാതൃഭൂമി ബുക്സ് കോഴിക്കോട് 2005
5. കൃഷ്ണൻകുട്ടി ഒർണ, പുലയരുടെ ചരിത്രം ഒരു പഠനം,സാഹിത്യപ്രവർത്തക സഹകരണ സംഘം നാഷണൽ ബുക്ക്സ്റ്റാൾ, കോട്ടയം,2019
6. കൃഷ്ണൻകുട്ടി ഒർണ, പറയർ കുലം ഗോത്രം സാമൂഹിക ജീവിതം,കേരള ഭാഷ ഇൻസ്റ്റിറ്റ്യൂട്ട്,തിരുവനന്തപുരം,2019
7.ചിന്നസ്വാമി എം എസ് , വാസ്തു നിത്യജീവിതത്തിൽ (മാർട്ടിൻ അഗസ്റ്റിൻ വിവർത്തനം), കറണ്ട് ബുക്സ് ,കോട്ടയം 2004
8.നിരഞ്ജൻ ബാബു ബി, (സദാശിവൻ എം പി (വിവ)) വാസ്തു ആധുനിക യുഗത്തിൽ, ഡി സി ബുക്സ്, കോട്ടയം,2007
9.പുരുഷോത്തമൻ കെ സി, ദളിത് സാഹിത്യ പ്രസ്ഥാനം, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ,2008
10. പ്രദീപൻ പാമ്പിരിക്കുന്ന് ,ദളിത് സൗന്ദര്യശാസ്ത്രം,ഡിസി ബുക്സ്, കോട്ടയം,2011
11.പ്രദീപൻ പാമ്പിരിക്കുന്ന്, ദളിത് പഠനം സ്വത്വം സംസ്കാരം സാഹിത്യം, കേരള ഭാഷ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2007
12.സുധാകരൻ കെ എം(എഡി), ഭൂതഭാവനയുടെ സൗന്ദര്യശാസ്ത്രം സി. അയ്യപ്പന്റെ കഥകളുടെ പഠനം, ശ്രീ ശങ്കരാ വിദ്യാപീഠം കോളേജ് മലയാളവിഭാഗവും കുന്നത്തുനാട് താലൂക്ക് ലൈബ്രറി കൗൺസിലും ചേർന്ന് പ്രസിദ്ധപ്പെടുത്തുന്നത്, വളയൻചിറങ്ങര, 2022
13. രവിചന്ദ്രൻ സി, വാസ്തു ലഹരി ചൂഷണത്തിന്റെ കന്നിമൂലകൾ, ഡിസി ബുക്സ് കോട്ടയം 2015

14.ശങ്കരൻ നമ്പൂതിരിപ്പാട് കാണിപ്പയ്യൂർ ,മനുഷ്യാലയചന്ദ്രിക, പഞ്ചാംഗം പുസ്തകശാല കുന്നംകുളം 2009

15. Puri B B, Vastu science for 21th century to enjoy the gift of nature new age books, Delhi

16. Ramachandra PN , An introduction to Vastu Shastra bhagyalakshmi stores, Bangalore, 1998

**Web address**

1 . https://www.hindudevotionalblog.com/2021/05/purusha-suktam-malayalam-lyrics.html

2. https://www.youtube.com/watch?v=Uasli0aCQOc

3. https://uptoword.com/en/feng-shui-meaning-in-malayalam

4.https://mgutheses.in/page/?q=T%201576&search = Dalit+&page=1&rad=all#15

5 https://www.youtube.com/watch?v=FHqWmrscbU0

6 https://malayalam.webdunia.com/article/special-prediction-malayalam/brahmana-shapam-118070900036_1.html

7 https://www.scribd.com/document/414843974/vASTU-sHASTRA-Wikipedia

athirait93@gmail.com

# കീഴാളസ്ത്രീ ആത്മകഥകളും സ്വത്വബോധവും

**ലിസി ജോസഫ്**
അസിസ്റ്റന്റ് പ്രൊഫസർ, മലയാളവിഭാഗം, ഗവ. കോളേജ്,
തൃപ്പൂണിത്തുറ

**പ്രബന്ധസംഗ്രഹം**

സാമൂഹിക പരിണാമ പ്രക്രിയയിൽ ദളിത് / കീഴാള സാഹിത്യത്തിന് നിർണായക പങ്കുണ്ട്. കാലക്രമമനുസരിച്ച് സാഹിത്യ- സാമൂഹിക രംഗങ്ങളിൽ മാറി മാറി വരുന്ന ജനജീവിതവും വികാസവും സ്വത്വബോധവും ഉൾക്കൊള്ളുന്നതാണ് കീഴാള സാഹിത്യം . അതിൽത്തന്നെ കീഴാള ആത്മകഥാ സാഹിത്യം ചരിത്രത്തിന്റെ പുനർനിർമ്മിതിയായി മാറുന്നു . കീഴാള ആത്മകഥകൾ അരികുവത്കരണത്തിന്റെ തലങ്ങൾ വ്യക്തമാക്കുകയും സാമൂഹിക-രാഷ്ട്രീയ- സാമ്പത്തിക ഇടപെടലുകളിലൂടെ വർണവെറിയുടെയും ജാതി മേൽക്കോയ്മയുടെയും വർത്തമാനകാലരാഷ്ട്രീയം പ്രകടമാക്കുന്ന കീഴാള ആത്മകഥകളിലെ പെൺ അത്മകഥ രചനകൾ ജീവിത പോരാട്ടം എന്നതിനപ്പുറം അവരുടെ രാഷ്ട്രീയ ജീവിതവും അതിജീവനവും സാമൂഹികപ്രശ്നങ്ങളും ആത്മാഖ്യാനങ്ങളിൽ രേഖപ്പെടുത്തുന്നു. അതിജീവനത്തിന്റെയും പ്രതിരോധത്തിന്റെയും ശബ്ദങ്ങളാണ് കീഴാള ആത്മകഥകൾ . കീഴാള അനുഭവങ്ങൾ വായനയുടെയും സംസ്കാരത്തിന്റെയും ഭാഗമാക്കി മാറ്റാൻ കീഴാള സ്ത്രീ ആത്മാഖ്യാനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്.

**താക്കോൽവാക്കുകൾ**
ആത്മാഖ്യാനം, പെണ്ണെഴുത്ത്, സ്വത്വനിർമ്മിതി, സ്ത്രീകർതൃത്വം
അതിജീവനാനുഭവം

**കീ**ഴാള ആത്മകഥകളിലെ പെൺസാന്നിദ്ധ്യത്തിന് രാഷ്ട്രീയം, സാമ്പത്തികം, ചരിത്രം, ജാതിവ്യവസ്ഥ തുടങ്ങിയ വിഷയങ്ങളിലേക്ക് വ്യാപിക്കാൻ കഴിഞ്ഞിട്ടുണ്ട്. സ്ഥാപിത നിയമവ്യവസ്ഥകൾക്ക് പുറത്താണ് കീഴാള ആത്മകഥാകാരികളുടെ സ്ഥാനം. കേവലം സ്ത്രീവിഷയങ്ങൾ മാത്രമല്ല അവർ കൈകാര്യം ചെയ്യുന്നത്. പകരം പുരുഷനും സ്ത്രീയും അധിവസിക്കുന്ന സാമൂഹ്യവ്യവസ്ഥകളിലെ പൊതു പ്രശ്നങ്ങളാണ് വിഷയമാക്കുന്നത്. അതിജീവനത്തിൻറെയും ഉയർത്തെഴുന്നേല്പിൻറെയും ഇടം കൂടിയാണ് കീഴാള ആത്മകഥകൾ. മനുഷ്യൻ എന്ന സമൂഹത്തെ ഗ്രസിക്കുന്ന മാരകമായ പ്രശ്നങ്ങളിലേക്ക് കീഴാള പെണ്ണെഴുത്തുകാർ കടന്നുചെല്ലുന്നു. അതിജീവനത്തിൻറെ ഉറച്ച പോരാട്ടങ്ങളുടെ ശബ്ദം കൂടിയാണ് ഇത്തരം എഴുത്തുകാർ.

ഒരു കാലഘട്ടത്തിൽ സാഹിത്യരചനകളുടെ കർതൃത്വം പുരുഷവിഭാഗങ്ങൾക്കായിരുന്നു. എന്നാൽ ഇങ്ങനെയുള്ള ആധിപത്യ മനോഭാവങ്ങളിൽ നിന്നുള്ള മോചനം പെൺ ആത്മക

ഥാ രചനയിൽ സാധ്യമാക്കി. നീറുന്ന അനുഭവങ്ങളുടെ കനലുകൾ കീഴാള ആത്മകഥകളിലൂടെ രേഖപ്പെടുത്തുകയാണ് ഈ എഴുത്തുകാരികൾ ചെയ്യുന്നത്. "ലിംഗകേന്ദ്രിത ഭാഷാഘടനയെ തകർക്കുന്ന എതിരെഴുത്ത് എന്ന നിലയ്ക്കാണ് സച്ചിദാനന്ദൻ പെണ്ണെഴുത്തിനെ അവതരിപ്പിച്ചത്" (ജെ. ദേവിക, മലയാളത്തിലെ തായ്കുലം, (ഷാജി ജേക്കബ് എഡി.) പു. 257)രോഷം, പ്രതിഷേധ പ്രകടനങ്ങൾ, അവകാശങ്ങൾക്കുവേണ്ടിയുള്ള പോരാട്ടം, പട്ടിണി, ചൂഷണങ്ങൾ എന്നിവയുടെ ഉൾക്കാമ്പ് കീഴാള ആത്മകഥകളിലെ പെണ്ണെഴുത്തിൽ പ്രതിഫലിക്കുന്നതായി കാണാം. പുരുഷാധിപത്യത്തെയും സവർണ്ണാധിപത്യത്തെയും വെല്ലുവിളിച്ചുകൊണ്ടാണ് കീഴാള സ്ത്രീകൾ  തൻറെ അനുഭവങ്ങൾ എഴുത്തിലൂടെ സാധ്യമാക്കുന്നത്.

സാമൂഹിക-സാമ്പത്തിക-രാഷ്ട്രീയ മേഖലകളിലെല്ലാം സമത്വം പ്രഖ്യാപിക്കുകയാണ് സ്ത്രീവിമോചന പ്രസ്ഥാനങ്ങൾ ചെയ്യുന്നത്. എല്ലാ ആധിപത്യങ്ങളെയും (സാമൂഹികം, രാഷ്ട്രീയം, മതം, വർഗ്ഗം, വർണം) തകർത്തുകൊണ്ട് തുല്യതയുള്ള പുതുസംസ്കാരത്തിന്റെ ഭാഗമാകാൻ പെണ്ണെഴുത്തുകാർ ശ്രമിക്കുന്നു. ജൈവപരമായ-സ്ത്രൈണ-ലൈംഗിക അടയാളപ്പെടുത്തലുകൾ കൂടിയാണ് കീഴാള ആത്മകഥകൾ. സ്ത്രീവാദം സൈദ്ധാന്തികതലത്തിലും പ്രായോഗികതലത്തിലും വികാസം പ്രാപിക്കേണ്ടത് ചരിത്രപരമായ ആവശ്യം കൂടിയാണ്. പെണ്ണെഴുത്തിൽ ബഹുമുഖ സ്ത്രീപ്രശ്നങ്ങളും സാമൂഹിക പ്രശ്നങ്ങളും അനാവരണം ചെയ്യുന്നു. ജാനുവിന്റെ ആത്മകഥ മാണിക്കംപെണ്ണ്-മറിയാമ്മ ചേട്ടത്തി, മയിലമ്മയുടെ ആത്മകഥ, ദയബായിയുടെ ആത്മകഥയായ പച്ചവിരൽ, രജനി പാലാമ്പറലിൻറെ ആ നെല്ലിമരം പുല്ലാണ് തുടങ്ങിയ രചനകൾ ഇതിന് ഉദാഹരണങ്ങളാണ്. സ്ത്രീകൾ സാഹിത്യരചനകളിലേയ്ക്ക് വരുമ്പോൾ അവരുടെ അവകാശ പ്രഖ്യാപനത്തിനു വേണ്ടിയുള്ള ഉപാധി എന്ന നിലയിലാണ് സാഹിത്യലോകം എഴുത്തുകാരികളെ വിലയിരുത്തുന്നത്. എന്നാൽ ആത്മകഥാഖ്യാനത്തിൽ ദേശീയവും ആഗോളതലത്തിലുള്ളതും വ്യക്തിപരവുമായ വിഷയങ്ങൾ ആവിഷ്കരിക്കുവാൻ കീഴാള എഴുത്തുകാരികൾക്ക് കഴിഞ്ഞു."വർണ്ണപരമായും വർഗ്ഗപരമായും അടിച്ചമർത്തപ്പെടുന്നവരുടെ സമ്പൂർണമായ വിമോചനമാണ് വുമണിസം ലക്ഷ്യമാക്കുന്നത്"(മാത്യു സുജാറാണി, 2008, 11.).

പുതിയതിന്റെ ഉത്ഭവത്തിന് പഴയതിന്റെ നിഷേധം അനിവാര്യമാണ്. കീഴാള എഴുത്തുകാർ മുഖ്യധാരയിലെത്തുന്നതുവരെ പഴയ മാമൂലുകളിലും നിയമവ്യവസ്ഥകളിലും ഞെങ്ങിഞെരുങ്ങി കഴിയുന്ന ഒരു അധ:സ്ഥിത വർഗ്ഗം മാത്രമായിരുന്നു. പഴയ വ്യവസ്ഥിതികളെ നിഷേധിച്ച് പുതിയതായി രൂപം കൊള്ളുന്ന എല്ലാ പ്രതിഭാസങ്ങളും വീണ്ടും പരിവർത്തനങ്ങൾക്ക് വിധേയമാകുന്നു. അടുത്ത ഘട്ടത്തിലേക്ക് കടക്കുമ്പോൾ അതിന്റെ അസ്തിത്വം തന്നെ ചോദ്യം ചെയ്യപ്പെടുകയോ സ്ഥിരപ്പെടുകയോ ചെയ്യുന്നു. അസ്തിത്വം കണ്ടെത്തുകയാണ് കീഴാള ആത്മകഥകളിലെ പെണ്ണെഴുത്തിലൂടെ സാധ്യമാകുന്നത്. നിലനിൽക്കുന്ന പുരുഷാധിപത്യ വ്യവസ്ഥിതിക്ക് അല്പം പോലും ഊനംതട്ടാതെ സ്ത്രീകളുടെ നിലയിൽ ചില പരിഷ്കാരങ്ങൾ വരുത്തുന്ന കടമയാണ് വിവിധ എഴുത്തുകളിൽ പ്രകടമാകുന്നത്. എന്നാൽ പച്ചയായ ജീവിതം തുറന്നെഴുതുവാൻ ഇന്ന് പാർശ്വവൽകൃത ജനവിഭാഗങ്ങൾക്ക് കഴിയുന്നുണ്ട്. സവർണ്ണ സ്ത്രീ എഴുത്തുകാർ സാമൂഹിക പ്രശ്നങ്ങൾക്കുപരി വ്യക്തിഗതമായ അനുഭവങ്ങൾക്കും പ്രവർത്തനങ്ങൾക്കും പ്രാധാന്യം കൊടുക്കുകയും ചെയ്യുന്നു. സമകാലിക ദലിത്-ആദിവാസി പ്രശ്നങ്ങൾ പൊതുസമൂഹത്തിൽ ചർച്ചകൾക്കും പ്രതിഷേധങ്ങൾക്കും കാരണമാകുന്നുണ്ടെങ്കിൽ മനുഷ്യവർഗ്ഗ പുരോഗതിക്ക് ദിശാബോധം നൽകാൻ  ഇത്തരം രചനകൾക്ക്  കഴിയുന്നു.

കേരളത്തിലെ കൃഷിവേലയുടെയും പാട്ടുകലയുടെയും ചരിത്രവും സംസ്കാരവുമാണ് മാണിക്കംപെണ്ണിൽ കാണുവാൻ കഴിയുന്നത്. ഇത്രയധികം പാട്ടുശേഖരണവും, പാട്ടറിവുകളും പാടത്ത് പണിയെടുക്കുന്ന കർഷകർക്ക് മാത്രമാണ് തനിമയോടെ അവതരിപ്പിക്കുവാൻ കഴിയുന്നത്. ജന്മി-കുടിയാൻ ഫ്യൂഡൽ വ്യവസ്ഥിതിയുടെ വ്യക്തമായ അനുഭവവും, നിരാകരണവുമെല്ലാം മാണിക്കംപെണ്ണിൽ കണ്ടെത്താൻ കഴിയുന്നു. പറയ ജാതിയിലുള്ളതാണെന്ന് ഉറക്കെ പ്രഖ്യാപിക്കാൻ മറിയാമ്മ ചേട്ടത്തിക്ക് കഴിഞ്ഞിരുന്നു. സ്വന്തമായി ഭാഷയുണ്ടാക്കി തൻറെ സമൂഹത്തെ സംരക്ഷിക്കാനുള്ള തന്മയത്വം നേടിയ പറയവിഭാഗം ഇതിലൂടെ അസ്തിത്വം കണ്ടെത്തുകയായിരുന്നു.

മണ്ണും പ്രകൃതിയും ലയിച്ചുചേർന്ന ജീവിതാവിഷ്കാരമാണ് ആദിവാസി ജനതയുടേത്. അവരുടെ ജീവിതവും ധനവും പ്രതാപവും നിലനിൽപ്പുമെല്ലാം മണ്ണുമായി ബന്ധപ്പെട്ടുകൊണ്ടിരിക്കുന്നതാണ്. ചൂഷക ജനതയുടെ മോചനം ലക്ഷ്യമാക്കി സി.കെ. ജാനു നയിച്ച ഭൂസമരം, മയിലമ്മ ആഗോള കുത്തക കമ്പനിക്കെതിരെ നടത്തിയ സമരം എന്നിവ പ്രത്യേകം പരാമർശമർഹിക്കുന്നു. ഈ രണ്ടു വ്യക്തികളും സ്വകാര്യ ആവശ്യങ്ങളുടെ മുന്നണിപ്പോരാളികളല്ല, മറിച്ച് ആഗോളതലത്തിൽ നേരിട്ടുകൊണ്ടിരിക്കുന്ന പ്രശ്നങ്ങളെ തങ്ങളുടെതാക്കി മാറ്റുകയായിരുന്നു. നിലനില്പിനു വേണ്ടിയുള്ള പോരാട്ട ഭൂമികയായിരുന്നു രണ്ടുപേരുടെയും സമരമുഖം. ഒരു കമ്പനിയുടെ ഉത്ഭവം ഒരു ജനവിഭാഗത്തിൻറെ നാശം കൊയ്തുകൊണ്ടായിരുന്നു. ഈ നാശത്തിൽ നിന്നുള്ള മോചനമാണ് മയിലമ്മയെപ്പോലുള്ള സമരനായികമാർ ലക്ഷ്യംവച്ചത്.

ഒരുകാലത്ത് പൊതുവിടങ്ങളിൽ നാലാൾക്കൊപ്പം നിന്ന് ചിന്തിക്കാനും പ്രവർത്തിക്കാനുമുള്ള കഴിവ് സ്ത്രീകൾക്കുണ്ടോ എന്ന ചോദ്യത്തിന് ഇത്തരം ആത്മകഥകൾ മറുപടി നൽകുന്നു. പൊതുയിടവും (മുഖ്യധാര) സംഘടനയുമില്ലാതെയുള്ള പോരാട്ടവീര്യങ്ങളുടെ കഥകളാണ് പെൺ ആത്മകഥാ സാഹിത്യം. മയിലമ്മയുടെ ആത്മകഥയിൽ "ആദിവാസിനെ എല്ലാവരുംകൂടി തോന്നിവാസി ആക്കികളഞ്ഞു" എന്നു പറയുന്നു. മണ്ണിനേയും വനത്തേയും ഒരുപോലെ കണ്ടിരുന്ന കാടിൻറെ അധിപതികളായിരുന്ന ജനതയെ ആരാണ് തോന്നിവാസികളാക്കിയത്? അടിസ്ഥാന ജനതയുടെ ഇങ്ങനെയുള്ള ചോദ്യങ്ങളുടെ മറുപടികൂടിയാണ് കീഴാള ആത്മകഥകൾ. കീഴാള ജനതയുടെ സംസ്കാരത്തിൻറെ നാവുകളായി ഇത്തരം ആത്മകഥകൾ മാറുന്നു. അവകാശപ്പെട്ട മണ്ണും വെള്ളവും കിട്ടാതെ അലഞ്ഞുഴലുന്ന കീഴാള ജനതക്ക് സ്വാതന്ത്ര്യം ഇന്നും അന്യമാണ്. ഭൂജല സമ്പത്തിനാൽ അനുഗ്രഹീതമായ ഒരു സ്ഥലമാണ് പ്ലാച്ചിമട. ഈ പ്രദേശത്താണ് ആഗോള കുത്തകകമ്പനികൾ ശീതള പാനീയങ്ങൾ വൻതോതിൽ ഉദ്പാദിപ്പിച്ച് തുടങ്ങിയത്. അനന്തരഫലമായി സമീപത്തെ നീരുറവകളെല്ലാം വിഷം നിറഞ്ഞതായി മാറി. ലഭ്യമായിരുന്ന കുടിവെള്ളവും നഷ്ടപ്പെട്ടു. ദേശീയ സമ്പത്തായ ഭൂജലം മനുഷ്യസമൂഹത്തിന് മുഴുവൻ അവകാശപ്പെട്ടതാണെന്നും ഈ ജലസമ്പത്ത് സ്വകാര്യ വ്യക്തികൾക്ക് മാത്രം അനുഭവിക്കാനുള്ളതല്ലെന്ന ഉറച്ച ശബ്ദമാണ് അക്ഷരാഭ്യാസമില്ലാത്ത മയിലമ്മയിലൂടെ ലോകമെമ്പാടും മുഴങ്ങിക്കേട്ടത്. ഒരു സാധാരണ ആദിവാസി സ്ത്രീയായി ജീവിച്ചു തീരേണ്ട ഈ സ്ത്രീത്വം ആഗോള പ്രശ്നത്തിനെതിരെ പ്രതിഷേധമുയർത്തി സ്വത്വബോധം കണ്ടെത്തുകയാണ് ചെയ്തത്.

ജീവിക്കാനും ജനിച്ച ഭൂമിയിൽ മരിക്കാനുമുള്ള പോരാട്ടങ്ങളോടൊപ്പം കിടപ്പാടത്തിനു വേണ്ടി, നിലനിൽപ്പിനു വേണ്ടി, ശ്മശാന ഭൂമിക്കുവേണ്ടി, സ്വന്തം കൃഷിഭൂമിയും ജീവിതസാഹചര്യങ്ങളും തിരിച്ചു പിടിക്കുന്നതിനു വേണ്ടിയുള്ള സമരങ്ങൾക്ക് സി.കെ. ജാനു നേതൃത്വം നൽകി. കേവലം സ്ത്രീ വിഷയങ്ങളിൽ മാത്രം ശ്രദ്ധയൂന്നുകയായിരുന്നില്ല, കീഴാള/ആദിവാസി ആത്മകഥാകൃത്തുക്കൾ ചെയ്തത്. വിനയയുടെ ആത്മകഥ സമൂഹത്തിൽ ഇന്നും നടമാടിക്കൊണ്ടിരിക്കുന്ന ആചാരക്രമങ്ങളുടെ പതിവ് രീതിയെ സധൈര്യം നേരിട്ടുകൊണ്ട് അസ്തിത്വം വെളിപ്പെടുത്തുകയാണ് ചെയ്തത്. ഔദ്യോഗിക ജീവിതത്തിൽ തൻറേതായ ഇടം കണ്ടെത്തുവാൻ വിനയക്ക് സാധിച്ചു. വെറുക്കപ്പെട്ട തൊഴിൽ എന്നതിലുപരി അവരുടെ അവകാശങ്ങൾക്കുവേണ്ടി പോരാടിയ ചരിത്രമാണ് നളിനി ജമീല തൻറെ ആത്മകഥയിൽ രേഖപ്പെടുത്തുന്നത്.

ലൈംഗികതൊഴിലാളികൾക്ക് സംരക്ഷണം ആവശ്യപ്പെട്ടുകൊണ്ട് സംഘടനകൾ രൂപീകരിക്കുവാൻ നളിനി ജമീലയ്ക്ക് കഴിഞ്ഞിട്ടുണ്ട്. സ്വന്തം നിലനിൽപിനായുള്ള ഞങ്ങളുടെ സംഘർഷം വ്യക്തികളെ ആശ്രയിച്ചു മാത്രം തുടങ്ങുകയോ നിർത്തുകയോ ചെയ്യാനാവുന്നതല്ല" എന്ന് നളിനി പറയുന്നു. (നളിനി ജമീല 2018, 96)ആ നെല്ലിമരം പുല്ലാണ് എന്ന രജനി പാലാമ്പറമ്പിലെ ആത്മകഥയിൽ ഒരു ദളിത് സ്ത്രീയുടെ അതിജീവനത്തിൻറെ അടരുകൾ എന്നതിലപ്പുറം രാഷ്ട്രീയവും സാമൂഹികവുമായ പ്രശ്നങ്ങൾ അനുഭവിക്കേണ്ടിവന്നതിൻറെ ചുവയും ചവർപ്പും അടയാളപ്പെടുത്തുന്നു. വാതായാനമില്ലാത്ത വീടും ചുറ്റുമറയില്ലാത്ത കക്കൂസും ദുർഗ

ന്ധം വമിക്കുന്ന തോട്ടുകളുമെല്ലാം വിധവയായി ജീവിക്കുന്ന സ്ത്രീയുടെ ദുരനുഭവങ്ങളെയെല്ലാം വ്യക്തമാക്കുന്ന ആത്മകഥകൂടിയാണിത്. "സാമൂഹികമായി കീഴ്ത്തലയിലുള്ളവരുടെ എഴുതപ്പെട്ട ജീവിതങ്ങൾ അവയിലെ വിധ്വംസകമായ വാക്കുകൾ കൊണ്ടു തകർത്തത്, കെട്ടിപ്പൊക്കിയ നമ്മുടെ നവോത്ഥാന നിർമിതികളെയാണ്" (രജനി പാലാമ്പറമ്പിൽ, 2021, 9).

ആഗോള പ്രശ്നങ്ങൾക്കെതിരെയും സാമുദായിക അവഗണനകൾക്കെതിരെയും പോരാടാൻ പാർശ്വവൽകൃത ജനവിഭാഗങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. സാഹിത്യപ്രവർത്തനങ്ങളുടെ മുഖ്യധാരയിൽ കീഴാള എഴുത്തും സ്ത്രീ കർതൃത്വവും പ്രവർത്തനമേഖലയുമെല്ലാം ശക്തിയാർജ്ജിച്ചിരിക്കുന്നു. പുരുഷകേന്ദ്രീകൃത എഴുത്തിൽനിന്നും ആഗോളതലത്തിലുള്ള പ്രശ്നങ്ങളാണ് ഇവർ തൂലികയിൽ പകർന്നത്. സ്ത്രീകളുടെ കേവല ശാരീരിക പ്രശ്നങ്ങളിൽ മാത്രം ഒതുങ്ങി നിൽക്കാതെ സമൂഹത്തിൻറെ പൊതുപ്രശ്നങ്ങൾ നേരിട്ടു അനുഭവിച്ച് മനസ്സിലാക്കിയ ശേഷമാണ് ഓരോ ആത്മകഥയും പിറന്നുവീണത്. സവർണ്ണ ആത്മകഥകൾ വ്യക്തിപരമായ പ്രവർത്തനങ്ങളിലും ജീവിത അനുഭവങ്ങളിലും സജീവമാകുമ്പോൾ ജീവന്മരണ പോരാട്ടത്തിലൂടെ തൻറെ സ്വത്വത്തെയും വംശത്തെയും ഗോത്രത്തെയും ജനതയെത്തന്നെയും നിലനിർത്തുവാൻ കീഴാള ആത്മകഥാകാരികൾക്ക് കഴിഞ്ഞിരിക്കുന്നു.

**സഹായകഗ്രന്ഥങ്ങൾ**


1. ജെയിംസ് ജാൻസി (ചീഫ് എഡിറ്റർ) 2008, ഫെമിനിസം ഒരു സംഘം ലേഖകർ, തിരുവനന്തപുരം: കേരള ഭാഷ ഇൻസ്റ്റിറ്റ്യൂട്ട്
2. പത്മകുമാർ മുഞ്ഞിനാട് (വിവ:) 2015, സെക്കൻറ് സെക്സ്, കോട്ടയം: പാപ്പിറസ് ബുക്സ്
3. ഭാസ്കരൻ(കേട്ടെഴുത്ത്) സി.കെ. ജാനുവിൻറെ ജീവിത കഥ, കോട്ടയം: ഡി.സി ബുക്സ്.
4. മാതൃ സുജാറാണി, 2008, വുമണിസം (സ്ത്രീ ചിന്തയും സിദ്ധാന്തവും, കണ്ണൂർ, കൈരളി ബുക്സ്.
5. രജനി പാലാമ്പറമ്പിൽ, 2021, ആ നെല്ലിമരം പുല്ലാണ്. ഗ്രീൻബെറി പബ്ളിക്കേഷൻ.
6. രജനി വി.എൻ, 2021, ആത്മം ആഖ്യാനം ആത്മകഥകളുടെ ചരിത്ര സഞ്ചാരവും വായനാജീവിതവും, കാലടി: ഒറ്റാൽ
7. രമാദേവി .പി, 2019, സ്ത്രീ ആത്മകഥ ജീവിതം എഴുത്ത് ചരിത്രം, തിരുവനന്തപുരം: കേരള ഭാഷ ഇൻസ്റ്റിറ്റ്യൂട്ട്
8. രേഖാ രാജ്, 2016, ദലിത് സ്ത്രീ ഇടപെടലുകൾ, കോട്ടയം: ഡി.സി.ബുക്ക്സ്
9. സംഗീത എം.കെ, എ.കെ. പ്രജിഷ, ശ്രീനാഥൻ എം, 2017, ഫെമിനിസ്റ്റ് നിഘണ്ടു, തിരൂർ: തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാല


gilcylis@gmail.com

# II
# Text and Narration

# A Hermeneutical Approach to Arundhati Roy's *The Ministry of Utmost Happiness*

**Husna Hasan C. A.**
Affiliation: Pondicherry University

## Abstract

The paper attempts to do a hermeneutical reading of Booker Prize-winning author Arundhati Roy's second novel *The Ministry of Utmost Happiness*. The novel is a reflection of contemporary Indian political reality and acts as a companion piece to Roy's non-fiction works published earlier. How fiction as a genre has compounded the effects of reading her essays is discussed in this paper. How the various elements of the novel, including the characters, setting, instances, and themes reflect the contemporary Indian scenario is also discussed.

**Keywords**

Indian politics, Fiction, Hermeneutics, Majoritarianism

Even a modest observation of Arundhati Roy's second novel *The Ministry of Utmost Happiness* leads us to the realisation that the novel is a guide to the contemporary Indian political scenario conveyed in the language of literature. A "Guernica" of incongruous characters, whose lives criss-cross in multiple ways, the novel portrays the terrifying picture of Indian reality. This novel is the much-awaited second novel of Arundhati Roy, published after a long gap of twenty years. The book draws many parallels from the author's experiences as an author and activist. It is a companion piece to the non-fiction essays she has written. While her essays were largely attempts at attracting public attention to address issues that needed immediate redressal, the novel acts as a condensed portrayal of her non-fiction works. Many terrible instances in Indian history that Roy had been a vocal critic of - the Gujarat riots, Babri Masjid demolition, Kashmir insurgency, the Naxal revolt, and the Bhopal gas tragedy find a voice in the novel.

Without digressing into facts and figures or the number of people displaced or

the casualties suffered, the author subtly portrays the events in a relatable and poignant manner. In a reading session at the CUNY Graduate centre, the author explains, “The truth is if you live in India, or in Kashmir, you will know that there's so much to be said, there's so much wilderness, there's so much Imagination that hasn't been enclosed, and that I think is what makes our battle so ferocious”. The Ministry of Utmost Happiness can be seen as an attempt at translating this wilderness and imagination into fiction.

Language as a limitation of one's perceivable reality can be subverted in the language of fiction. The novel does not follow a linear narrative rather is replete with different narrative perspectives that represent different status quo. The terrifying and awkward circumstances the clash of identities confer on a Muslim 'hijra' represents how an individual alienated on multiple levels struggles to identify herself with the rest of the community. "She knew there was a word for those like him – Hijra. Two words actually, Hijra and Kinnar. But two words do not make a language. Was it possible to live outside language?" (8).

In a landscape where forbidden language is silenced with draconian sedition laws, the authority that fiction holds over fake truths can be compared to chutzpah (pronounced hu:tz-pah) which is a relatively new term in Indian vocabulary popularised by Vishal Bardwaj’s 2014 film *Haider*, an adaptation of Shakespeare’s *Hamlet*. The protagonist originally uses the Finnish word to denote the confidence exhibited by an establishment to justify the unjustifiable atrocities to veil the real agenda behind it. As described in the movie, it is *chutzpah* when a juvenile seeks pardon from the judge in the court for acquitting him from patricide on the account that he is a *yatheem*. In Kashmiri vocabulary, the Arabic word yatheem holds more significance than the word “orphan”. As per Islamic religious beliefs, an orphan should never be considered a liability, on the contrary, being just with an orphan is considered an obligatory duty. In the movie, the *chutzpah* is used with reference to the Armed Forces Special Provisions Act (AFSPA), which incidentally also rhymes with it, where the government has given unquestionable authority to the army. The irony is that the physical torment and mental trauma the people of Kashmir have to go through is the result of a system originally established to protect them from exactly the same thing the system now perpetuates - terror.

In the dangerous times in which an author like Roy lives, especially after the murder of Gauri Lankesh and Govind Pansare, Roy symbolically earns bail and license at the same time when the mandatory disclaimer on the first page innocently guarantees that the novel is a work of fiction and any resemblance to any actual person, living or dead, events or locales is coincidental. The ripostes avoiding direct references get untangled as the story progresses from misfortune to misfortune in parallel to the series of events that have happened in the country, especially post-emergency. She writes, for instance, in the well-documented essay “democracy” (without a capital ‘D’), about the trauma of a woman caught in the 2002 pogrom in Gujarat. The riot was a retaliation to the Godhra massacre which in turn was a response to the Babri Masjid demolition which was the disturbingly successful manifestation of the divide-and-rule formula employed by the British in ruling India. "Last night

a friend from Baroda called. Weeping. It took her fifteen minutes to tell me what the matter was. It wasn't very complicated, only a friend of hers, Sayeeda, had been caught by a mob. Only that her stomach had been ripped open and stuffed with burning rags. Only that after she died someone carved 'OM' on her forehead"(265).

If not priorly informed, a naive reader would take the above extract for fiction. Even if adequately informed, the reader's account obtained from the news, peppered with statistics and opinionated pieces can only be a substitute for Roy's realistic depiction. The "Kashmiri-English -Language Dictionary" which a character in the story uses to teach young Kashmiri kids English language also brings out how disturbing the vocabulary of Kashmir is. Since language is a reflection of reality, "A" for "AK 47" has long replaced "A" for "Apple" in this honeymooner's paradise. By putting events in context, fiction can infuse life into lives that otherwise would have dwindled to just some numerical values in a government or NGO database. This is what the novel has aimed to achieve.

Any discussion on Indian democracy in contemporary times cannot avoid discussions on Hindu majoritarianism and the insecurity faced by Muslims and Dalits. Dayachand, in pursuit to avenge his father's death, who was lynched by a mob on the suspicion of obtaining a cow carcass, and Anjum, who was caught up in Gujarat during the 2002 riots exhibit the reactions of two similarly oppressed communities on account of being born to that community. Dilip converted to Islam, more because of devotion to Saddam Hussein's determined face even on the gallows, a quality he aimed to achieve. Anjum, who witnessed the violence of the Gujarat riots was spared only due to what she terms as "butcher's luck" (63). The exasperation of a yearning and protective foster mother who cannot conceive becomes evident when she teaches her adopted daughter to recite the Gayatri Mantra. It is a forewarning for all of us when she said by way of an explanation, "It's safer like this. Gujarat could come to Delhi any day." (48).

True enough, the 2019 Delhi anti-Muslim pogrom was a disaster in the making after the newly amended citizenship act that sought to revoke the citizenship status of Indian Muslims (Perrigo). As a precaution, 'she' even tried to change 'her' daughter's gender by cutting her hair and forcing her to wear boys' clothes, probably to give her more chances of survival if she has to confront the hyper-masculine ideologues in the future. It is not difficult to understand why Anjum decided to make her daughter a pretense Hindu. Things take an even nasty turn when she tries to make her daughter a pretense male too. This is more so because of the extent to which she had to choose between the two binaries (male/female) herself and she denying that choice to her daughter.

Sans any accolades, the novel is bound by a single quote at the back. "How to tell a shattered story? By slowly becoming everybody. No. By slowly becoming everything" (436). In a reading session, Roy explained that the quote was a reference to *Kathakali,* a classical dance form that has its origin in Kerala where the artist narrates a story by being not just "anybody" but also imitating "everything" (KODX Seattle 34:55-36:40). Like the art form, the author must have wanted a story that

does not necessitate continuity but allows the reader to start from where he/she wants and still feels like he/she is part of it. Significantly, Roy also clarifies the approach with which her novel should be read. One should think holistically, stripping off the human-centric psyche to understand the various elements of the novel in which not just humans but even insects play an important role. This is not the first time the author has drawn attention to the otherwise always-ignored creatures. She dedicates her first non-fiction, *The End of Imagination* that critiqued the nuclear test conducted in India by the Vajpayee government to the "marmots and files and everything else on earth that is threatened and terrorized by the human race. (2)" The last chapter of the novel titled "Guih Kyom" is a reference to a dung beetle and is the only character in the novel introduced in heroic proportions, so much so that one might wonder if it is actually god that the author is referring to. Before the Shaheen Bagh in Delhi that has now become a symbol of resistance and citizen conscience, the Jantar Mantar in Delhi held the same image. The venue plays a significant role in the book. People from different parts of the country go there in multitudes urging the government to pay heed to their demands. Decades of oppression and injustices force them out of their homes only to find them in this resistance ground along with other desperate and miserable individuals.

In the novel, amidst the din at this dissent ground, a baby who was "the colour of night" (116) appears. Like every other character in the novel, this little creature also acquires a mysterious prominence. Perhaps the baby, referred to by Roy as "the antithesis of Christ" is Roy's vision of a future that is imperfect but negotiable. The female baby, named Miss Udaya Jebeen, Udaya for her mother who was raped by upper-caste landlords in the forests of Baztar, and Jebeen, for the daughter of a Kashmiri whose death by the army was the reason why he turned to militancy, is a reminder of the genuine mistakes the government had made at two of the most disturbed areas in the country. This is how the novel ends: "But even he (the dung beetle) knew that things would turn out all right in the end. They would, because they had to. Because Miss Jebeen, Miss Udaya Jebeen, was come" (438). Since it is highly unlikely that a Booker prize winner's work contains erroneous grammar, one can only presume that she was insistent about the purposeful error to let the administration know about the radical path to be taken that might force them to rethink their notions about the established order. ("Miss Jebeen was come" is a phrase she has used elsewhere in the novel too to point out that there is hope yet for the "evil weevil world".)

One woman, three lovers, and Kashmir occupy the heart of the novel. Roy, who had to face sedition charges because of her views on Kashmir's fight for independence makes her stance clear by genuinely trying to portray the story from a bureaucrat's, left-liberal journalist's, and a Kashmiri militant's point of view. The fact that the bureaucrat, although not officially, is a 'reformed' man in the end about the Kashmir issue points out what the author expects the administration to understand. It is necessary to acknowledge the mishandled history of Kashmir which is largely overlooked. Musa, the militant says, "One day Kashmir will make India self-destruct. You may have blinded all of us, every one of us, with your pellet guns by then. But you will still have eyes to see what you have done to us. You're not destroying us.

You are constructing us. It's yourselves that you are destroying" (433 - 444). Unless there is an honest discussion on what Kashmir wants, this ticking time bomb at the juncture of two nuclear-equipped nations is going to be a concern for humanity at large.

From a hermeneutical vantage point, it is not possible to overlook the semblances that the author shares with the character S. Tilottama in persona and Dr. Azad Baratiya in ideology. While it is only natural that an author portrays a character that resembles him/her, Tilotamma, or Tilo as she is called needs special emphasis. While Tilo does not have to play an active role in any of the dissent voices heard in the novel, she has an endearing almost intoxicating influence on the other characters. Except for the baby that she wishes to adopt, she does not seem to have any compelling reasons strong enough to linger longer in the plot. Still, she chooses to be part of the struggles and lets that choice define her. Branded 'anti-national' and 'pro-Pakistani', the first non-expatriate Indian to win the coveted Man Booker Prize, and portrayed as the face of 'Brand India', Arundhati Roy herself was someone who had every reason and option to choose the glitz and glamour of an average Indian dream. The circumstances she was raised by - fatherless, with a formidable mother caught amidst family feuds; with her empathetic conscience, she became the country's harshest critic.

The Ministry of Utmost Happiness acquires all the more relevance at a time when the country is reeling under religious disharmony and exclusionary principles. Even the attempt of the authorities to brandish the face of the capital city given President Donald Trump's recent visit by driving away the slum dwellers has been described as "the summer grandma became a whore" (96) in the novel, referring to President Bush's visit years back. Although it has been two years since the novel's publication, the emotion one feels while reading the book only gets aggravated, considering the circumstances that led to the emotions are still as ripe as ever. One who reads Roy's essays along with her novel understands why the visceral anger laced throughout the book is justified, and one who views the news along with it understands why that anger is not borne out of mere paranoia.

## Works cited

**Primary Source**

Roy, Arundhati. *The Ministry of Utmost Happiness*. Penguin Random House India, 2017.

**Secondary Sources**

KODX Seattle. "Arundhati Roy - The Ministry of Utmost Happiness" *YouTube*, 28 Jun. 2017, w*ww.youtube.com/watch?v=8pPCBF4YMcI*. Accessed 9 Oct. 2018.

Perrigo, Billy. "India's Government Wants to Block Some Muslims From Citizenship. Here's What to Know About a Controversial New Bill." *Time*, 2019, https://time.com/5746688/india-citizenship-amendment-bill/. Accessed 30 Nov 2020

Roy, Arundhati. "democracy". The Algebra of Infinite Justice. 2nd ed. Penguin Books, 2002.

Roy, Arundhati. Interview by Amy Goodman. *DEMOCRACY NOW*!, 3 May, 2018. www.democracynow.org/2018/5/3/arundhati_roys_latest_novel_takes_on. Accessed 12 Oct. 2018.

Roy, Arundhati. "The End of Imagination". The Algebra of Infinite Justice. 2nd ed. Penguin Books, 2002.

husnahassanca@gmail.com

# Narrative Identity in A. Revathy's *The Truth About Me: A Hijra Life Story*

**Honey Sabu**
Assistant Professor, Dept. of English, K.K.T.M Govt. College Pullut
& Research Scholar, Dept. of English, Maharaja's College, Ernakulam

**Abstract**

Hijras being the most marginalized and stigmatized communities in India, this paper proposes to examine how A. Revathy evolves purpose and meaning in her individual life and how far the cultural and social milieu within which she is situated configure her 'self 'into an 'identity' which engages with her social positioning. The narrative identity which evolves in the autobiography The Truth About Me: A Hijra Life Story is a complex interplay of individual agency and social context. The paper explores how the internalization of the mythical narratives on hijras and their being embedded in the structures of mainstream Indian Culture affect A. Revathy's attempt to create a valid transgender identity for herself in her life-story.

**Keywords:**
Narrative Identity, Transgender, Self-narrative, Mythical narrative

Life Stories are internalized and evolving narratives of the self that portray how a person understands who he or she is, was, and may become in the future. According to Singer this internalized and evolving story provides the person with a "narrative identity" -(437). It provides an individual life with unity, purpose and meaning. "The story of a person's own self is central in providing meaning and identity to individuals." (Polkinhorne146). The way in which, the self, constructs this identity is often linked with the social and cultural space within which one is located. The conceptualization of one's self evolves from an adaptation of plots from one's cultural stock of stories and myths. Polkinghorne believes that self-narratives are "adaptations of plots from the literary and oral stories produced by one's culture…These stories provide people

with exemplary plots that can be used to configure the events in their own lives."(147) People living in modern societies give meaning to their lives by constructing and internalizing self-defining stories.

Katherine Nelson also believes that the function of self-stories is related to "the social and cultural milieu within which they are situated, and the alternative resources available within the milieu for understanding self and society." (125)

McAdams clearly states that life stories are more than recapitulations of past events and episodes. He emphasizes their defining character. "Our narrative identities are the stories we live by." (McAdams, Josselson, &Lieblich 4)

Myths and rituals are integral to the Indian psyche. In India, the hijra community is one of the most marginalized, economically, socio-politically and geographically. They find it difficult to get employment, official recognition in their feminine identities, or protection from various forms of violence committed against them. Treated as outcastes, the life of a hijra in India is not easy as the only source of livelihood is demanding money from shops, in trains, in traffic signals or doing sex work Usually, hijras live together in strict hierarchical familial homes, the oppressive conditions of which are described in detail in A.Revathy's The Truth About Me: A Hijra Life Story.A. Revathy is a well-known activist working with Sangama, a Bangalore based NGO for sexual minorities facing oppression. Her autobiography is one of the first life narratives by an Indian transgender.

Born Doraiswamy in an uppercaste Gounder family of five with three brothers and a sister, she had a 'double-storeyed pucca house' and 'a lot of attention and affection' (2) from both her parents. The family owned two Lorries and five acres of dry land. She had every opportunity to lead a normal life if her sexuality was not deviant. She had fond memories of her childhood when her father returning home late offered her a ball of rice saying, "Little one, my love, won't you wake up?" (3). When she was only ten, boys at school started teasing her calling 'Number 9' and 'female boy (4). She spent her childhood years with growing unease as she tried to negotiate his body's incongruity with her inner desires and natural talents. She felt a woman trapped in a male body. She wanted to be considered a woman by society. But even her family tried physical violence to make her conform to the norm.

In her mid-teens she met a group of like-minded people who introduced her to a group of visiting hijras. She stole her mother's earrings and ran away from home unable to bear the constant torments from her family and neighbours. She was accepted into a hijra household in Delhi where the guru or head accepted her as a chela or disciple or mistress. The guru arranged to have her 'nirvaana' or the removal of the male sexual organs. Christened Revathy by her guru, she became the full-fledged member of the hijra community. Revathy had hoped that once she turned into a woman, she would be at peace with herself. But life in the sordid house hold was tough. There were constant quarrels with the gurubais or fellow disciples who were sexually and economically exploited by the guru. There were threats and violence from strangers. She took to doing 'badai' work, singing and dancing at people's houses on the occasion of a marriage or child birth and blessing them. But what she earned was meagre. She joined a group of fellow hijras who went from shop to shop

asking for money where she felt constantly harassed and insulted.

When she longed for sexual fulfillment, she changed the hijra household of which she was a member and took to sex work in Bombay. In that hijra house hold sex work was not forbidden like the former. But she had to suffer abuse at the hands of fellow hijras, their gurus, drunken men as well as the police. Merely two months into the trade she discovered the horror and violence of her choice. She longed to return to her home. She entered her town the first time as a woman clad in a sari. "Look! I'm not a man, don't call me 'dai'. My name is Revathy and that's what you should call me from now on."(113)She told them emphatically. Her family desperately accused her of being in a disguise to deliberately disparage the family honour. She burst out:

Disguise? Costume? What're you all accusing me of? What I'm wearing now is real, true. Everything that happened before, the clothes I wore, the life I led, the way I had to be- that was when I was in disguise, when I wore a costume. Whatever you say, Whatever anyone thinks, I shall remain what I am now.(114)

Her mother pleaded with her telling, "If you were to go into the village wearing a sari, the world will talk ill of not only you, but of me along with you. It is bound to ask, "What sort of woman is that who has raised her son this way?" She desperately pleaded with him to give up that dress. Her brother intervened to say "Amma! Why must you plead with him? Let me get out my knife and cut his hair, and land him a blow or two. He'll have no choice but to come around and dress like a man!"(116) Her father had a tone of resignation when he said, "Look, we tried our best. We beat him, cut his hair, shaved his head. He would not be deterred. He has not been with a woman or had a child-none of that has happened. It seems this is his destiny. Who can change what has been ordained?" (116)

For a considerable period, she lived with her family, sister and relatives. There were mixed responses. Some were kind, some considered her close to God and for some others, she was a thing to be looked and laughed at, an oddity, a comic figure. Her mother often said: "You'll be fed as long as we are alive. You are safe until then. But what'll happen to you after we die? I fear for your future."(127) She soon realized that once she had money all other things would fall into place- respect, consideration. She went back to the hijra household of her nani which she had abandoned to join the one in Bombay. Nani again took her to the naik's house and accepted her as chela. She was put into hijra sex work or 'danda'. In the course of time, instead of entrusting all her earnings to nani, she learned to save for herself and also took to drinking. When she returned to the village the second time, it did not raise many eyebrows. She went looking for work, in STD booths, grocery shops, textile shops. Most often the reply was "If we're to employ you, you'd be the ruin of all the boys here." (161) She had to face ostracism everywhere.

There are several myths and beliefs circulating in the hijra community. One such story recounted in Revathy's autobiography is as follows. It is believed that when Rama went off on exile for fourteen years, his subjects came to see him off into the forest. Unable to bear grief, they accompanied him to the forest's edge and would

have gone further into the forest when he dissuaded them telling, "All of you, men, women and children, go back to your houses. I'll complete my fourteen years of exile and return to rule over you."(45) So everyone left, men, women and children, but a group of people stayed back and there they remained at the forest rim for fourteen years till Rama came back. Astonished Rama asked them who they were. They replied, "Swamy! We belong neither to mankind nor to womankind. You said then that men, women and children ought to return to the city. But you did not ask us to go. Bound by your wishes, we remained here."(45) Rama was astounded and moved by their devotion and granted them a boon. "Whatever you speak will be true. Your words will come true."(45) Since then people have believed that a hijra's word will come true and think of them as godly beings. They think that it is good to start the day by seeing a hijra. Those who run businesses believe that the day will go well for them if they give hijras money and earn their blessings.

In India the institution of family is far more rooted than the highly individualized western societies. In spite of the problematic gender which ostracized her from the mainstream society, her constant endeavour was to belong. All along the text we find passages testifying to this great need to belong. I wondered often about my parents and brothers.Did they think of me? What did they imagine had happened to me? May be my mother was not well, and had gone searching for me. But I knew it was no use missing home. I couldn't go back. Could I? I had pierced my ears and nose and could not expect to go home like that. And even if I did, surely they would not accept me as a woman.(48)

Even in the parallel society of hijras there is a desperate attempt to replicate the structure of the elaborate system of family relationships of the mainstream Indian Culture. Hijras have their gurubais, chelas, nanis, daughters, etc. Taking in a chela or Guru or changing into another hijra household is all subject to the decision of the council of elders called the 'jamat'.

The act of writing an autobiography itself is an attempt at visibility and constructing an identity. Revathy views herself as an individual who was born a male and wanted to live her life as a woman. As a hijra she gets pushed into the fringes of society. Her aim as expressed in the preface is to introduce to the readers the lives of hijras, their distinct culture, and their dreams and desires. She hopes that by publishing her life story, larger changes can be achieved. She says, "I hope this book of mine will make people see that hijras are capable of more than just begging and sex work. I do not seek sympathy from society or the government. I seek to show that we hijras do have the right to live in this society" (vi) The narrative identity of A.Revathy which emerges in The Truth about me:A Hijra Lifestory is a complex interplay between individual agency and social context. The mythical narratives internalized by the hijras are attempts to organize a fragmented and diffuse life into a coherent whole. But in adopting the mythical conceptualization of hijras as valid, the self- narrative, which could have debated and disputed the moral basis of the social order in which the self is disadvantageously positioned, emerges as a silenced voice.

**Works Cited**

McAdams, D.P., Josselson, R., & Lieblich, A. Introduction. In D.P. McAdams, R. Josselson, & A. Lieblich (Eds.), *Identity and Story: Creating Self in Narrative*. American Psychological Association,2006.

Nelson, Katherine. "*Self and Social Functions: Individual Autobiographical Memory and Collective Narrative*." Memory 11.2 .2003.125-136.

Polkinghorne, Donald E. "*Narrative and Self-Concept." Journal of Narrative and Life History* 1 1991.135-153.

Revathy, A. *The Truth About Me: A Hijra Life Story*. Trans. V. Geetha. Penguin, 2010.

Singer, J.A." *Narrative Identity and Meaning Making across the Adult Lifespan: An Introduction*." Journal of Personality.72.3.2004.437-459

elangavu76@gmail.com

# Casting Boundaries and Blurring Lines: Analysing Modernist and Postmodernist Tendencies in Jennifer Egan's *The Keep*

**Arya N.**
UJRF Research Scholar, Postgraduate and Research Department of English, St. Thomas College, Kozhencherry

**Abstract:**
The current investigation "Casting Boundaries and Blurring Lines: Analysing Modernist and Postmodernist Tendencies in Jennifer Egan's The Keep" attempts to probe the relationship between the two movements modernism and postmodernism. With special reference to the representative work by Egan, the enquiry thus looks forward to examining the novel which will clearly indicate the dual preoccupation of the novelist. This provides the impetus for surveying the phases in which these two movements converge and diverge. The analysis also helps to increase the sensitivity towards both these conditions that have left an impact on the understanding of the humans of their universe and helps endeavour of a critique of modernism and postmodernism, with an acknowledgement on their take on real/unreal boundaries, metafiction, self- reflexivity, technology, gothicism, culture, and a sense of the past. It is hoped the treatment of modernism and postmodernism with their diverse ramifications will result in an appreciation of the complexity and genius of Jennifer Egan and establish her as an important contemporary American writer.

**Keywords:**
Gothicism, Metafiction, Modernism, Postmodernism, Self-reflexivity, Technology, Culture.

The current investigation "Casting Boundaries and Blurring Lines: Analysing Modernist and Postmodernist Tendencies in Jennifer Egan's The Keep" attempts to probe the relationship between modernism and postmodernism in general and its manifestation in the select novel of Egan. By identifying these elements, one can see how the author utilises features of both modernism and postmodernism to bring up innovative narration in her writing. Her dual preoccupation provides the impetus for surveying the phases in which these two movements converge and diverge. The

analysis also helps to increase the sensitivity towards both these conditions that have left an impact on the understanding of the humans of their world and universe and helps endeavour of a critique of modernism and postmodernism, with an acknowledgement on their take on literary conventions of both the theories, real/ unreal boundaries, metafiction, self-reflexivity, gothicism, culture and a sense of the past. It is hoped the treatment of modernism and postmodernism with their diverse ramifications will result in an appreciation of the complexity and genius of Jennifer Egan and establish her as an important contemporary American writer.

As a reaction against realism and romanticism, modernism appeared in the first half of the twentieth century. Challenging modernism, postmodernism arose in the second half of the twentieth century. Around the turn of the millennium, meta-modernism, also known by the name neo-modernism or hyper-modernism, emerged. Egan's novel selected for analysis reflects the traits of all these schools of thoughts as they have only slight differences between each other. But the impact these movements made is remarkable in its own way as it promoted fresh beginnings and innovative ways of thinking. Though each philosophy carries its own distinct traits, sometimes they might overlap, but none of them is isolated from the other. Egan's novel can be seen to scale the heights of neo-postmodernism or meta-modernism, because her novel is framed in such a way so as not to be known under one single label. This tendency is what we can be termed as meta-modernism or hyper-modernism.

Exceptionally intelligent and challenging is Egan's style of writing in *The Keep*, where she weaves various themes around a shameful secret which is revealed in course of the novel. Beginning with the personal traumas of the characters, the narrative touches upon the themes of imagination verses reality, and absurdity with parallel accounts on the modern culture's perilous addiction with technology. The concept of reality is problematized as imagination mingles with eerie secrets, and the work creates a tremendously complex and expansive reading experience.

The backdrop of the novel is a dilapidated castle somewhere in Eastern Europe. The central characters of the novel are Danny and Howard, two childhood cousins. Howard, once a bond trader desires to transform the castle he owns into a sizable hotel where guests can rediscover their lost imaginations. Danny's story is however distinct. He had accomplished nothing in life, his job was ruined, and had run into trouble. Danny was astounded by his cousin's wealth and development when the two finally reunited at the castle after a protracted absence.

Danny is reluctant to go with Howard's request to assist him in his new venture, because he had a haunting, troubling past with Howard. Years ago, while playing the fantasy game, 'Terminal Zeus', which they had invented, Danny left Howard in a dark cave and he was lost for three days. Unfortunately, this childhood prank had a very bad ending. The traumatic experience robbed off Howard's normalcy and he turned to drugs and was sent to reform school. This incident separated them forever, paving way for never ending enmity between the two.

Danny now having no contacts with the outer world had to squeeze himself into

the strange space of the castle- a labyrinthine maze, too dangerous with sundry confusing rooms and doors. A wave of shock ran through Danny's spine when he met some students busy doing the renovation works of the castle, assigned to them by Howard, who literally had no clue about why they are doing it for. Later, Danny met an old baroness inside the keep of the castle, accompanied by a young, attractive nanny. Howard and Danny, realising that the castle is a complicated trap, attempted a way out, but they never could achieve the purpose. They turned pessimistic and extremely paranoic. Finally, to escape the sheer meaninglessness of their life, to protect themselves from the clench of their mental downfall, they started enacting the events of their childhood.

A new character Ray too appears amidst the story. He is a student attending a writing workshop conducted by a young lady named Holly inside the castle. Because of his admiration for this teacher, Ray was sincerely attempting to create a novel. In the end, it is revealed that Howard and Danny were fictional characters in Ray's novel and that the writing workshop was held in a facility where Ray was an inmate who had committed a crime. This fact appears postmodern in its intent as the postmodern fictions erase the boundary between the real and the fictional, posing serious "questions about the relationship between fiction and reality" (Waugh 2).

As far as the critics are concerned, being non-fictional or fictional the narrator and characters are important factors of a story. They are given freedom to bring alternate realities to catalyse the development of the story in comprehensive terms. But he or she need not be true persons as is the case of Danny and Howard, instead they are fictional souls existing inside the fictional world of the story. That is, while modernist texts strive at a semblance of realism, postmodern works are more centred around magical realism.

Even though the most extensively used narrative perspective in literature is the omniscient point of view, the modernists spoke of the inner self of the characters with the aid of stream of consciousness technique, a feature "typical of modernism" (Nicol 19) while traditional narratives were always limited to the point of view of a single, authoritarian voice. The present novel *The Keep* has this feature sprinkled here and there, but it also embraces another most favoured and prominent narrative technique. That is, the use of multiple narrators at a time which enhances the experience of the reader while attempting to present the so called 'real' view of events from plural perspectives. There are many instances in the novel where one can easily identify how multiple narrators compete to gain the attention of the readers. The opening chapter narrated by an unnamed omniscient, third person provides a splendid picture of Danny traversing the path to the castle. However, Danny's thoughts of the castle and the tediousness of the journey is suddenly interrupted by the narrator Ray. The final chapter is told entirely from the point of view of Holly.

Initiated by enlightenment, modernism has encouraged an invincible faith in the universal, objective, absolute truth. Whereas postmodernism believes that there is no single representation of reality and there is no single truth. To put it in another way, postmodernists are very adamant in their claim that truth is linguistically or

socially constructed and are many sided. With this, one can arrive at a conclusion that the reliability of the narrator(s) is seriously challenged in the select novel as he disperses contradictory truths. Egan playfully includes this challenge and intermingles the modernist and postmodernist narrative techniques which baffle the readers to some extent.

A slice of the conversation between Rafe (the childhood friend of Danny and Howie) as remembered by the old Danny is another example. This kind of shuffling and blending of narration is done by the author with a view to deconstruct the existing fixities and finalities in traditional fiction. Rather than sustaining the focalisation only through the third person narrator, the postmodern narrative reports thoughts in isolation, summarises conversations, gives direct speech or offers the inside view. In short, the readers find themselves yoked to multiple narrators, and their distance with the book seems to be controlled by the subtle shifts in point of views between layers of represented voices and thoughts.

The second storyline of Ray, as examined earlier incorporated in the novel suggests ‘metafictionality’, which is a prerequisite of postmodern literature, a feature that is rarely seen in modernism. This element in the novel of Egan, through the writing of Ray surprisingly reminds the readers that they are reading a work of fiction indeed. Traditional literature sometimes conceals its identity, but this novel reveals its true self and displays its process of construction. The ‘self- reflexive’ nature of the novel is thus brought into attention easily.

Egan also inserts a telephonic conversation in the second chapter of the novel which takes place between Danny and Howard. Danny enquires Howard about the exact location of the castle to which Howard replies that he does not know the location properly. In addition, there are also instances where the third person narrator pops up suddenly asking direct questions to the readers. This self-reflexive strategy is also seen as a postmodern convention in metafiction. As a result, the narrative voice adopts a tone of irony, and often slips into recognisable voice of a character.

Another fundamental premise of postmodernism is its rejection of reality. Postmodernism, instead of deconstructing the possibility of a stable, permanent reality has revolutionised the very concept of truth. It thwarts the depths. The reality as presented by postmodernism has only a surface, and no depth. Howard’s intention to transform the castle into a spiritual retreat sounds absurd and awkward. Danny too is sceptical of Howard’s intention. The students working there for the renovation of the castle are M B A graduates. They are doing it only for credits and there is another batch of students from a catering group. The language of the students as well as the one used by the locals Danny meets there was completely alien to him. Danny was told about the castle which could not be found on any maps, and which was located on some fluid geographical area that could fall under the German and Czech rule.

The narrative through leaps and bounds carries the readers to the childhood of Howard, Danny, and Rafe. Danny’s recollection of the memories of the past is an explicit attempt to recapture the past in present. Past and present mingle and the

oscillation from one to the other helps the readers to go beyond the time–space constraints. Gradually Danny starts doubting the reality and the credibility of his current situation. When the readers finally get to know that the young girl whom Danny saw with the baroness was just a hallucination, it allows the dream element of the story to be highlighted. But are they ‘really’ real? The question thus encountered calls into attention the magic realist elements in the novel. A platform where the authors bring in magical and fantasy elements. The result is a distortion effect, an illusion in the fibre of the prose which forces the reader to question the nature of reality.

"Howard: Think about medieval times, Danny, like when this castle was built. People where constantly seeing ghosts. Having visions-they thought Christ was sitting with them at the dinner table, they thought angels and devils were flying around. We don’t see those things anymore. Why? Was all that stuff happening before and then it stopped. Unlikely. Was everyone nuts in medieval times? Doubtful? But their imaginations were more active. Their inner lives were richer and weird.

There was no pause in Howard’s talking. (Egan 77-78)

In another context, Howard reacts in an interesting manner:

Howard: You know how I think of this? The Imagination Pool. You dive in and bang- your imagination is released: it’s yours again, not Hollywood’s, not the networks of Lifetime TV or Vanity Fair or whatever crap video game you are addicted to. You make it up, you tell the story, and then you are free. You can do anything you want. He turned to Danny. The Imagination Pool. What do you think? (83-84)".

The above-mentioned instances from the narrative pinpoint death of originality, another hallmark of postmodernism which is unequivocally evident in the novel considered here. All the characters behave as if they have lost touch with the reality of their lives which implies that they have lost the capacity to discriminate between the real and the artificial. Howard imagining a spiritual retreat is an exemplary manifestation of a postmodern man who lost all the continuity, coherence and meaning of life. He wants to fly away from the stark realities of life.

The Postmodern era corresponds to the age of nuclear and electronic technologies and consumer capitalism. The globalised world had become dehumanised, and it wipes out individual and national identities. When Howard makes it clear that his intention is to make the castle a paradise free of all technologies, the readers can notice the growing turmoil of Danny. His life appears to be vacant without his mobile phone and his aim to set up a satellite dish atop the tower is ridiculed by Howard and his wife. He becomes increasingly paranoid in the absence of technology. Postmodernism focuses not only on the contemporary culture, but also the technological consciousness of the era. In every sense, postmodernism is culture specific – it grows out of a specific culture and evolves into new dimensions of other variegated cultures. Its evolution out of the mass culture endows it a kaleidoscopic plurality and deconstructs the perspectives of culture, literature and art (Vallath 125).

Egan extensively applies metaphors to symbolically convey some abstract yet significant views. Her castle depicted in the story has a plethora of symbols. The castle itself is a huge symbol of the human mindscape, with so many dungeons and

dark recesses. The fears, the insecurities and faithlessness make it bizarre and unbearable. Tortured by the never-ending thoughts, man cannot get out of the trap of his or her own mind. Guilt of the past actions transform them into self- destructive individuals. It conveys the idea that man is a prisoner of his own thoughts, feelings, and fears, while Danny and Howard stand for the humanity in general. Ray, the prisoner is also a metaphoric reflection of the same. The use of imageries is also remarkably commendable, as there are many tunnels, stairways, windows, towers, through which characters enter and exit.

Egan shows that gothic convention can be incorporated in the postmodern literature as well. In The Keep, she does this by subverting reality and playing with fluid time and space. Egan conveys that in the twenty first century, people have detached themselves from each other and they have become too attached to the interactive methods that do not require face to face communication. By this, reality is distanced and often put into question. The term gothic usually refers to unfamiliar, dilapidated castles and settings. Egan's description of the castle and its surroundings serves the purpose; however, the characters also achieve a 'gothic shade' at some instances. The truth of the existence of the character Danny is questioned when Ray comes to the scene. Though Egan's metafictional elements enhance the eeriness of the novel, the essence of Gothicism is mainly visible in Danny's experiences. The past traumas, its memories, the fear of the future together induce the gothic feelings.

Finally, it is worth mentioning that it is very difficult to draw fixed boundaries between these two modes of cultural sensibility. As Ihab Hasan points out, it is impossible to claim everything as before or after modernism and postmodernism. The writers are very comfortable in fixing their footings in diverse genres as this will open the possibility of giving rise to new forms and genres. Adapting themselves to the new ages and generations, they create new forms. Hence, a continuity between the two modes and the new mode adopted by Egan is visible in the novel discussed here. However, sometimes they are very clear, brilliant departures to convey a new insight. As modernism looks forward to postmodernism for an improved world view, postmodernism harks back to modernism and the meta-modernist. Such hyper-modernist tendencies of Egan's works try to surpass their limitations. Thus, the innovative methods as put forward by Egan are appreciative of the techniques of the past; to be more precise, her fiction rescues what is valuable in the past and integrates these factors into the present and the future. They complement, define and ironically deny one another. The select work synthesizes the best qualities of both the schools of thoughts, modernism, and postmodernism. The qualities of both the movements continue to live through this amalgamated new mode thereby resulting in the fascinating fictional form and substance of Jennifer Egan's novel.

## Works Cited

Egan, Jennifer. *The Keep*. Corsair, 2018.

Nicol, Brian. *The Cambridge Introduction to Postmodern Fiction*. Cambridge University Press, 2008.

Vallath, Kalyani. *A Companion to Literary History & Literary Theory*. Bodhi Tree Books, 2017.

Waugh, Patricia. Metafiction: *The Theory and Practice of Self-Conscious Fiction.* Routledge, 1984.

aryan2020r@stthomascollege,info

# മഹാഭാരതത്തിലെ ശാപകഥകൾ: ആഖ്യാനവും രാഷ്ട്രീയവും

**അതുൽ കെ. എസ്.**
ഗവേഷകൻ, മലയാളം– കേരളപഠനവിഭാഗം,
കാലിക്കറ്റ് യൂണിവേഴ്സിറ്റി

**പ്രബന്ധസംഗ്രഹം**

മഹാഭാരതത്തിലെ പ്രധാനപ്പെട്ട ഏതാനും ശാപങ്ങളെ വിശദമായി പരിശോധിച്ച് ആഖ്യാനത്തിൽ അവയുടെ സ്ഥാനവും ഇടപെടലുകളും വിശകലനം ചെയ്തുകൊണ്ട് ശാപങ്ങൾ അനുഷ്ഠിക്കുന്ന രാഷ്ട്രീയധർമ്മമെന്തെന്ന് കണ്ടെത്താനാണ് ഈ പഠനത്തിൽ ശ്രമിച്ചിരിക്കുന്നത്. അതിനായി സാമൂഹികരാഷ്ട്രീയപരവും ചരിത്രപരവുമായ ഘടകങ്ങളെ വിശകലനം ചെയ്യുകയല്ല, മറിച്ച് സാഹിതീയവും ആഖ്യാനപരവുമായ ഘടകങ്ങളെ ആശ്രയിക്കുയാണ് ചെയ്തിട്ടുള്ളത്.

**താക്കോൽവാക്കുകൾ**

ശാപം, ആഖ്യാനം, ബ്രാഹ്മണ്യം

**ഇ**ന്ത്യൻസാഹിത്യത്തിൽ ആഴത്തിൽ വേരുകളുള്ള ആഖ്യാനരൂപമാണ് മഹാഭാരതം. സാഹിത്യം, ദൃശ്യകല, ചിത്രകല, ശില്പകല തുടങ്ങി അനവധി രൂപങ്ങളിൽ പല മാനങ്ങളിൽ ഇന്നും ഏറെ പ്രാധാന്യത്തോടെ ഭാരതം ആവിഷ്കരിക്കപ്പെടുകയും ചർച്ചചെയ്യപ്പെടുകയും ചെയ്യുന്നത് അതിന്റെ സമകാലികവും സർവ്വകാലികവുമായ പ്രസക്തിയെ സൂചിപ്പിക്കുന്നു. ഒട്ടനവധി വസ്തുതകൾ, ചരിതങ്ങൾ, കഥകൾ, കല്പനകൾ എന്നിവ പലതരത്തിൽ ഇടകലരുന്ന സങ്കീർണ്ണമായ ഒരാഖ്യാനമാണ് മഹാഭാരതം. നിരവധി അടരുകളിലായി വ്യത്യസ്തകാലങ്ങളിലൂടെ പടർന്നുപന്തലിച്ച ഈ ഇതിഹാസരൂപത്തിൽ മുഖ്യസംഭവങ്ങളും അത്രതന്നെ ഉപകഥകളും മറ്റുകഥാഖ്യാനങ്ങളും ഇഴചേർന്നിരിക്കുന്നു. അക്കൂട്ടത്തിൽ വേറിട്ടുനില്ക്കുന്ന ഒന്നാണ് ശാപവരകഥകൾ. ആഖ്യാനത്തിന് അതിഭൗതികമായ ഒരു മാന്ത്രികലം നല്കുന്നതിൽ ഇവ പ്രധാനമായ പങ്കുവഹിക്കുന്നുണ്ട്. വ്യാസമഹാഭാരതത്തിനു വിദ്വാൻ പ്രകാശം തയ്യാറാക്കിയ ഗദ്യ പരിഭാഷയാണ് പഠനത്തിന് ആധാരമായി സ്വീകരിച്ചിരിക്കുന്ന മഹാഭാരതപാഠം.

ശാപകഥകൾ ലോകത്തെവിടെയും കഥാഖ്യാനത്തിന്റ ഒരു രീതിയായി കണ്ടുവരുന്നുണ്ട്. ഭാരതീയമായ രമായണമഹാഭാരതാദി കഥകളിലോ സമാനമായ ഗ്രീക്ക് പുരാണങ്ങളിലോ മാത്രമല്ല ആധുനികവും അധുനികോത്തരവുമായ ആഖ്യാനങ്ങളിലും സിനിമപോലുള്ള താരതമ്യേന പുതിയ കഥാവതരണങ്ങളിലും ശാപമോ ശാപസമാനമായ സംഗതികളോ കണ്ടുവരുന്നു. ശാപകഥകൾക്ക് കഥാഖ്യാനങ്ങളിൽ നിർണ്ണായകമായ സ്വാധീനമുണ്ടെന്നാണ് ഇതിൽ നിന്നു വ്യക്തമാകുന്നത്. ബൃഹത്തായ മഹാഭാരതകഥലോകത്തിന്റെ ആവിഷ്കാരത്തിൽ ആഖ്യാ

നതന്ത്രമെന്ന നിലയിൽ പ്രയോഗിച്ചിട്ടുള്ള ശാപകഥകളെ വിശകലനം ചെയ്യുകയും അവ അബോധമായി പ്രസരിപ്പിയ്ക്കുന്ന രാഷ്ട്രീയത്തെ കണ്ടെത്തുകയുമാണ് പഠനലക്ഷ്യം. മഹാഭാരതത്തിലെ ശാപകഥകൾ: ആഖ്യാനവും രാഷ്ട്രീയവും എന്ന ഈ പഠനത്തിലെ പ്രധാനപ്പെട്ട നിരീക്ഷണങ്ങളും നിഗമനങ്ങളും താഴെ ക്രോഡീകരിയ്ക്കുന്നു.

ശാപം അതേൽക്കുന്ന കഥാപാത്രത്തിന്റെ ഒരു കഴിവിനെ തുടർജീവിതത്തിൽ ദുർബ്ബലപ്പെടുത്തുന്ന ഒന്നായാണ് കഥയിൽ പ്രവർത്തിയ്ക്കുന്നത്. വരമാകട്ടെ അത് ലഭിയ്ക്കുന്നയാളുടെ ചില ദൗർബ്ബല്യങ്ങളെ പരിഹരിച്ചുകൊണ്ട് തുടർജീവിതത്തിൽ അസാധാരണമായ ഒരു കഴിവ് നല്കി ശക്തിപ്പെടുത്തുന്നു. ശാപം നല്കുന്ന ദൗർബ്ബല്യം ഫലത്തിൽ എതിരാളിയ്ക്ക് ശക്തിനല്കുന്നതിനാൽ അത് വരം പോലെ പ്രവർത്തിയ്ക്കുന്നു. തിരിച്ച്, ലഭിക്കുന്ന വരം ഒരർത്ഥത്തിൽ എതിരാളിയെ ദുർബ്ബലപ്പെടുത്തുന്നതിനാൽ അവിടെ ശാപം പോലെയും പ്രവർത്തിയ്ക്കുന്നു, ശാപവും വരവും വ്യത്യസ്തതരത്തിലാണെങ്കിലും ഫലത്തിൽ ഒരേ ധർമ്മം അനുഷ്ഠിയ്ക്കുന്നു എന്നു പറയാം. കഥാപാത്രത്തിന്റെ ശക്തിയെ നിയന്ത്രിയ്ക്കുന്നതിനാൽ ശാപങ്ങളും വരങ്ങളും കഥാസംഭവങ്ങളിൽ നിർണ്ണായകമായ രീതിയിൽ ഇടപെടുന്നു. അതിനാൽത്തന്നെ കഥാവതരണത്തിൽ അവയ്ക്ക് വലിയ സ്ഥാനമുണ്ട്. അത്തരം ഇടപെടലുകളെ സ്വാഭാവം അനുസരിച്ച് ഇതിവൃത്തത്തിലോ ആഖ്യാനത്തിലോ ഇടപെടുന്ന ശാപങ്ങളെന്നും അവയിൽ കാര്യമായ രീതിയിൽ ഇടപെടാതെ കടന്നുപോകുന്ന ശാപങ്ങളെന്നും പ്രധാനമായും രണ്ടായി തിരിയ്ക്കാം.

മഹാഭാരതം ഇന്നെത്തിനിൽക്കുന്ന രൂപത്തിന്റെ ആഖ്യാനതലത്തിൽ കഥയിൽ കാര്യമായ വഴിത്തിരിവ് സൃഷ്ടിയ്ക്കുന്നത് മിയ്ക്കപ്പോഴും അപ്രതീക്ഷിതമായി വന്നുഭവിയ്ക്കുന്ന ചില ശാപങ്ങളിലൂടെയാണ്. അതിനാൽ ആഖ്യാനതന്ത്രം എന്ന നിലയിൽ ശാപങ്ങൾക്ക് വലിയ പ്രസക്തിയുണ്ട്. ശാപങ്ങൾ ഇതിവൃത്തത്തിൽ വേരുകളുള്ളവയെന്നും ഇല്ലാത്തവയെന്നും രണ്ടുതരമുണ്ട്. അതേപോലെ സംഭവങ്ങളെ പ്രവചിയ്ക്കുന്നവയെന്നും അല്ലാത്തവയെന്നും അവയെ തരം തിരിക്കാം. പാണ്ഡു, കർണ്ണൻ, ദുര്യോധനൻ, കൃഷ്ണൻ, പരീക്ഷിത്ത് എന്നിവർക്കു ലഭിയ്ക്കുന്ന ശാപങ്ങൾ മരണത്തെ സൂചിപ്പിയ്ക്കുന്നവയും അതിനാൽത്തന്നെ സംഭവപ്രവചനങ്ങളുമാണ്. അതേസമയം കർണ്ണന് ലഭിയ്ക്കുന്ന ശാപം മരണത്തെ സൂചിപ്പിയ്ക്കുന്നുവെങ്കിലും അത്തരമൊരു ശാപം ഉണ്ടായിരുന്നു എന്ന് ആഖ്യാനം ചെയ്യുന്നത് കർണ്ണന്റെ മരണശേഷം മാത്രമാണ്. അതിനാൽ അതിന്റെ പ്രവചനസ്വഭാവം റദ്ദായിപ്പോകുന്നു.

മരിയ്ക്കട്ടെ എന്ന് ശപിയ്ക്കുന്നവയാണ് പ്രധാനമായും കഥാന്ത്യപ്രവചനം നടത്തുന്നതെന്നതിനാൽ അവയ്ക്ക് ശാപമോക്ഷത്തിനുള്ള സാദ്ധ്യത വിരളമാണ്. കഥാന്ത്യത്തെ മുൻകൂട്ടി കാണാത്ത ശാപങ്ങൾ ശാപനിമിഷം മുതൽ പ്രവർത്തനിരതമാകുന്നവയാണ്. ശാപഫലമായി ഉളവാകുന്ന അവസ്ഥ പിന്നീടങ്ങോളം അതേ നിലയിൽ തുടരുന്നു. അതിനാൽത്തന്നെ അവയ്ക്ക് ശാപമോക്ഷം പ്രായോഗികവുമല്ല. കാരണം കഥാന്ത്യത്തിലല്ല അതുവരെയുള്ള ജീവിതത്തിലാണ് ശാപം പ്രവർത്തിയ്ക്കുന്നത്. യയാതിയ്ക്ക് അകാലമായ ജരാനരകൾ ലഭിക്കുന്ന ശാപം ഇതിന് മാതൃകയാണ്.

സംഭവപ്രവചനം കഥാഖ്യാനത്തിന്റെ ആകാംക്ഷപൂർത്തിയെ ദുർബ്ബലപ്പെടുത്തുമെങ്കിലും മഹാഭാരതകഥയുടെ സാരസംഗ്രഹം സുപ്രാധാനസംഭവങ്ങളുടെ കാലക്രമം ദീക്ഷിച്ചുകൊണ്ടുതന്നെ ആദ്യത്തെ അദ്ധ്യായമായ അനുക്രമണികാപർവ്വത്തിൽ വെളിപ്പെടുത്തുന്നുണ്ട്. അതിനാൽ ശാപകഥകൾ ശക്തിദൗർബ്ബല്യങ്ങൾ തമ്മിലുള്ള മത്സരത്തെ സജീവമാക്കിക്കൊണ്ട് അത് നിർവ്വഹിയ്ക്കപ്പെടുന്നതെങ്ങനെയെന്ന അനുമാനങ്ങൾ ഉണർത്തി പുതുയൊരുതരം ആകാംക്ഷയെ കല്പിയ്ക്കുകയാണ് ചെയ്യുന്നത്. കർണ്ണശാപത്തിൽ മരണാനന്തരം കർണ്ണനെ മഹത്വപ്പെടുന്നതിന്റെ ഭാഗമായാണ് ശാപവൃത്താന്തം വെളിവാക്കുന്നത്. അത് ആഖ്യാനതന്ത്രമായിട്ടാണ് സ്വീകരിച്ചിരിയ്ക്കുന്നത്. ഏൽക്കുന്നയാൾക്ക് വരമായിത്തീരുന്ന ശാപങ്ങൾ, അപൂർവ്വമാണെങ്കിലും, മഹാഭാരതത്തിൽ കാണുന്നുണ്ട് എന്നാണ് ഉർവ്വശീശാപം തെളിയിയ്ക്കുന്നത്.

പാണ്ഡു, പരീക്ഷിത്ത് എന്നിവർക്കുകിട്ടുന്ന ശാപങ്ങൾ ആഖ്യാനത്തിൽ നിർണ്ണായകമാണ്.

അതിൽ പാണ്ഡുശാപം ഇതിവൃത്തത്തിൽത്തന്നെ വേരുള്ളതാണ്. പരീക്ഷിത്തിന് കിട്ടിയ ശാപം ആഖ്യാനപരിസമാപ്തിയ്ക്കുവേണ്ടി സന്നിവേശിപ്പിച്ചതാണ്. പാണ്ഡുശാപം കഥാസംഘർഷങ്ങളുടെ ആരംഭബിന്ദുവും പരീക്ഷിത്തിന്റെ മരണം അതിന്റെ സമാപനബിന്ദുവും ആണ്. പരീക്ഷിത്തിന്റെ ശാപം പൂർവ്വകാലത്തെ ചില ശാപങ്ങളുടെ നിർവ്വഹണം നടത്തുകയും മഹാഭാരതകാഥാഖ്യാനത്തിന് സർപ്പസത്രവേദിയൊരുക്കുകയും ചെയ്യുന്നു. ആഖ്യാനത്തിലെ ചാക്രികത ഉറപ്പിയ്ക്കുന്ന ഒന്നാണ് ഈ തന്ത്രം. മേൽപ്പറഞ്ഞ രണ്ടെണ്ണം ഒഴികെ ബാക്കിയെല്ലാം ഇതിവൃത്തബന്ധിയല്ലാത്തവയാണ്. അതിനാൽത്തന്നെ അവ പ്രക്ഷിപ്തങ്ങളാകാനാണ് കൂടുതൽ സാദ്ധ്യത.

ശപിക്കപ്പെടുന്നവരെല്ലാം  കഥയിലെ സുപ്രധാനകഥാപാത്രങ്ങളാണ്. ശപിക്കുന്നവരിൽ സുപ്രധാനകഥാപാത്രങ്ങൾ ഗാന്ധാരിയും കൃഷ്ണനും മാത്രമാണ്. ഗാന്ധാരിശാപം ഒരു വൈകാരികവിക്ഷോഭമാണെങ്കിലും കൃഷ്ണൻ ഇനി മുപ്പത്താറ് വർഷം കൂടിയേ ജീവിയ്ക്കൂ എന്നു കൃത്യമായി പ്രവചിയ്ക്കുന്നത് അതിന്റെ സ്വാഭാവികതെ ഇല്ലാതാക്കിക്കളയുന്നു. മാത്രമല്ല മൗസലപർവ്വത്തിലെ ശാപമാണ് ഫലത്തിൽ കൃഷ്ണവധം പ്രവചിക്കുന്നത് എന്നും കാണാം. ഗാന്ധാരിയുടെ ശാപം പ്രക്ഷിപ്തമാകാനുള്ള സാദ്ധ്യതയെയാണ് ഇത് ഉറപ്പിയ്ക്കുന്നത്. ദ്രൗണിയുടെ നേരെയുള്ള കൃഷ്ണന്റെ ശാപത്തേയും ഒരു പ്രാക്ക് മാത്രമായി മനസ്സിലാക്കാം. അതിനെ ശാപത്തിന്റെ തലത്തിലേയ്ക്ക് മാറ്റുന്നത് തത്സമയം വ്യാസൻ നടത്തുന്ന ഇടപെടലാണ്. അതിൽപ്പിന്നീട് എന്തു സംഭവിച്ചു എന്നു വിശദമാക്കിയിട്ടുമില്ല. ഗാന്ധാരീശാപത്തിലേതെന്നപോലെയുള്ള വികാരവിക്ഷോഭം ഇവിടേയും കാണാം.

മറ്റുള്ള ശാപകഥളിൽ ശപിക്കുന്നവർ ശാപസന്ദർഭത്തിൽ മാത്രം കടന്നുവരുന്നവരാണ്. അവർ മിക്കവാറും മഹർഷികളുമാണ്. തങ്ങളെ വിലവെയ്ക്കുന്നില്ലെന്നോ അനാദരിയ്ക്കുന്നുവെന്നോ മഹർഷിമാർക്ക് തോന്നുന്ന മാത്രയിൽ നിസ്സാരമായ വീഴ്ചകൾക്കുപോലും ശപിച്ചുകളയുക എന്ന തന്ത്രമാണ് മഹർഷിമാർ പയറ്റുന്നത്.  ശാപകാരണമാകുന്ന പ്രകോപനങ്ങളെ പരിശോധിച്ചാൽ ഈ ധൃതിയില്ലെങ്കിൽ ചിലപ്പോൾ ശാപമേ സാദ്ധ്യമല്ലാതെപോകും എന്ന മട്ടിലാണ് വീഴ്ചകളുടെ ഗൗരവം. മഹർഷിമാരുടെ ശാപങ്ങളിൽ കിന്ദമശാപം മാത്രമേ ഇതിവൃത്തവുമായി നേരിട്ട് ബന്ധപ്പെടുന്നുള്ളൂ. അതാകട്ടെ  മാനായി വേഷം മാറി ഇണചേരുന്ന സമയത്ത് അമ്പേറ്റതിന്റെ കോപത്തിലാണ് ഉണ്ടാകുന്നത്. ശപിക്കുന്നത് ഇണചേരാൻ  സാദ്ധ്യമാകാതെ പോകട്ടെ എന്നുമാണ്. പുത്രവിയോഗകാരണമായതിനാൽ ദശരഥന് തീരാത്തപുത്രവിയോഗവ്യഥ നല്കിയതുപോലെ ഒരു വിഷയപ്പൊരുത്തം ഈ ശാപത്തിനു കാണുന്നുമുണ്ട്.

പരീക്ഷിത്തിനു ലഭിക്കുന്ന ശാപം ഇല്ലെങ്കിൽ കഥാസമാപ്തിയും കഥാരംഭവും ഇത്ര സുഗമമാകില്ല എന്നതിനാൽ അതിനെ ഇതിവൃത്തബന്ധിയായോ ആഖ്യാനതന്ത്രമായോ വിലയിരുത്താം. പരീക്ഷിത്തിന്റെ ജനനവും മരണവും മാത്രമേ കഥയിൽ പരാമർശിക്കുന്നുള്ളൂ എന്നതും കഥാവിരാമത്തിന്റെ സൂചനയായി എടുക്കാം. പരശുരമാന്റെ ശാപം ഫലത്തിൽ ശാപമായി പരിഗണിക്കാൻ കഴിയില്ല. അത് ശാപമാണെങ്കിൽ ഫലിച്ചുകഴിഞ്ഞശേഷം മാത്രം വെളിവാക്കപ്പെടുന്ന ഒന്നാണത്. പതിവു ശാപങ്ങളുടെ പ്രവചനാത്മകത അതിൽ ഒട്ടുമില്ലെന്നർത്ഥം. ഇതിവൃത്തത്തിലോ കഥാഗതിയിലോ അത് നേരിട്ട് ഇടപെടുന്നുമില്ല. അതിനാൽ അതും പ്രക്ഷിപ്തമാകാനാണ് സാദ്ധ്യത. കിന്ദമമഹർഷിയുടെ ശാപം ഇതിവൃത്തസഹജവും ശൃംഗിയുടെ ശാപം ആഖ്യാനഘടനാപരവും കൃഷ്ണന്റെയും ഗാന്ധാരിയുടെയും ശാപം കഥാപ്രവാഹത്തിലെ ചില മഹാസംഘർഷങ്ങളുടെ പ്രകടനവുമാണ്. അതേസമയം മറ്റു ശാപങ്ങൾ എപ്പോഴെല്ലാമോ ആരെല്ലാമോ കൂട്ടിച്ചേർത്തതാകാനാണ് സാദ്ധ്യത. മറ്റു മഹർഷിമാരുടെ ശാപങ്ങൾ അകാരണവും അയുക്തികവും അതിനാൽത്തന്നെ അവിദഗ്ദ്ധമായ കൂട്ടിച്ചേർക്കലുമാണ്. കർണ്ണന് ലഭിക്കുന്ന ബ്രാഹ്മണശാപവും അങ്ങനെതന്നെ.

ആഖ്യാതാവായ വ്യാസൻ മഹർഷിമാരെ മഹനീയരായ വ്യക്തികളായാണ് മഹാഭാരതകഥയിൽ സന്നിവേശിപ്പിച്ചിരിക്കുന്നത്. പിൽക്കാലത്താകും ആ നിരയിൽ  ബ്രാഹ്മണരും ഇടം നേടുന്നത്. രണ്ടുകൂട്ടരുമാണ് അയുക്തികമായ ശാപങ്ങൾ നടത്തുന്നത്. അവരെ പ്രീതി

പ്പെടുത്തിയില്ലെങ്കിൽ ഏതു നിമിഷവും ഏതു നിസ്സാരകാര്യത്തിന്റെയും പേരിൽ ജീവിതം ഗതിമുട്ടിപ്പോകാം എന്നാണവയുടെ സന്ദേശം. ആ പ്രതീതി കഥയ്ക്കുപുറത്തേയ്ക്കുകൂടി പകർത്തുന്നുണ്ട് പ്രക്ഷിപ്തങ്ങളായേക്കാവുന്ന ഈ ശാപകഥകൾ. ഈ കഥാപ്രചരണത്തിലൂടെ മെച്ചം കിട്ടുന്നത് മഹർഷിമാർക്കും ബ്രാഹ്മണർക്കുമാണ്. മഹർഷിമാർ ബ്രാഹ്മണരാണോ എന്നു തീർച്ചപ്പെടുത്താൻ നിർവ്വാഹമൊന്നുമില്ല. അതേസമയം അവരെല്ലാം ബ്രാഹ്മണരായിരിക്കും എന്ന ഒരു പൊതുബോധം ഇന്ന് നിലനില്ക്കുന്നുണ്ടുതാനും. മഹർഷിമാരുടെ തപോബലം എന്ന ശാപശക്തിയെ ബ്രാഹ്മണരുടെ ജാതിശക്തിയായി ഉറപ്പിച്ചെടുക്കുന്ന ഒരു ചരിത്രഘട്ടത്തെയാണ് ശാപകഥകളുടെ കൂട്ടിച്ചേർപ്പിന്റെ ഘട്ടമായി കരുതാവുന്നത്.

ശാപകഥകൾ പ്രക്ഷിപ്തമാണെന്നത് ആഖ്യാനപരമായ ഒരു സംഗതിയാണ്. എന്നാൽ അത്തരം കഥകളിൽ തപശ്ശക്തിയും പാതിവ്രത്യവുമെല്ലാം മൂല്യവ്യവസ്ഥയുടെ ഉന്നതശ്രേണികളിൽ സ്ഥാനം പിടിക്കുന്നു എന്ന രാഷ്ട്രീയത്തെ അത് പ്രചരിപ്പിച്ചുറപ്പിക്കുന്നു. തപശ്ശക്തിയില്ലെങ്കിലും ബ്രാഹ്മണ്യംതന്നെ ശപിക്കാൻ ശേഷിയുള്ള ശക്തിയാണെന്ന ശാപകഥകൾ ഉറപ്പിക്കുന്നു. ചാതുർവർണ്യത്തിന്റെ ഉപജ്ഞാതാവ് താനാണെന്ന ഗീതാകാരന്റെ പ്രസ്താവനയും ഈ ബ്രാഹ്മണശാക്തീകരണത്തെ സാധൂകരിക്കുന്നു. ചാതുർവർണ്യവ്യവസ്ഥയുടെ ഉയർന്ന പടവിൽ ബ്രാഹ്മണനെ പ്രതിഷ്ഠിയ്ക്കുകയെന്ന് ഗീതയിൽ വാച്യമായിത്തന്നെ പറയുന്ന അജണ്ട ശാപകഥകളിലൂടെ, കഥാഗതിയിൽ നുഴഞ്ഞുകയറിക്കൊണ്ട് വൈകാരിമായി സ്ഥാപിച്ചെടുക്കുന്ന ഒരു രാഷ്ട്രീയധർമ്മം പരിഗണിച്ചാലും ഇവ പ്രക്ഷിപ്തങ്ങളാണെന്ന് കരുതാം. എല്ലാ ബ്രാഹ്മണരും മഹർഷിമാരും, എല്ലാ മഹർഷിമാരും ബ്രാഹ്മണരും അല്ല. എന്നിട്ടും തപശ്ശക്തി, മഹർഷി എന്നെല്ലാം കേൾക്കുമ്പോൾ അവർ ബ്രാഹ്മണരാണെന്ന പ്രതീതിയുണ്ടാകുന്നു. അത്തരമൊരു സമവാക്യത്തെ അബോധമായിത്തന്നെ ഉറപ്പിക്കാൻ ശാപകഥകളിലൂടെയും അല്ലാതെയും തുടരുന്ന ഇടപെടലുകൾക്ക് കഴിഞ്ഞു എന്നാണ് വിചാരിയ്ക്കേണ്ടത്. കുലത്തൊഴിലായി ഈശ്വരാരാധനയും പൗരോഹിത്യവും സ്വീകരിച്ചുകൊണ്ട് ദൈവങ്ങൾക്കും മനുഷ്യർക്കും ഇടയിൽ സ്ഥാപിച്ചെടുത്ത മാധ്യസ്ഥതയാവണം ദൈവികശക്തിയകളുടെ വിളയാട്ടമായ ശാപങ്ങളുടെ വക്താക്കളായ മഹർഷിമാരെ ബ്രാഹ്മണരായി കല്പിക്കുന്നതിന്റെ ഇടപ്പടവ്. സ്വതവേ സംയമം ശീലിച്ച ക്ഷമാശീലരായ മുനിമാരെ ക്ഷിപ്രകോപികളും ശപിയ്ക്കുന്നവരുമാക്കിയതുതന്നെ ബ്രാഹ്മണികമായ ഇടപെടലാവാം. അതുവഴി അപാരസിദ്ധികളുള്ളവരെന്ന് മഹർഷിമാരെ വിശേഷിപ്പിയ്ക്കുകയും അതുറപ്പിച്ചെടുക്കുകയും ക്രമേണ മഹർഷിമാരത്രയും വേദജ്ഞരാണെന്ന പ്രതീതിയുണ്ടാക്കുകയും മെല്ലെ അവരെ ബ്രാഹ്മണരെന്ന പ്രതീതിയിൽ നിലനിർത്തുകയും ചെയ്യുക എന്നതാവാം അതിന്റെ പരിണാമഗതി.

ശാപംകൊണ്ട് യാദവകുലത്തിന് വംശനാശം വരുത്താൻ ഗാന്ധാരയെ പ്രാപ്തയാക്കുന്നത് പാതിവ്രത്യശക്തിയാണ്. പാണ്ഡവമാതാവായാലും പത്നിയായാലും ഒന്നിൽക്കൂടുതൽ പുരുഷന്മാരുടെ കുഞ്ഞുങ്ങളെ പ്രസവിച്ചവരാണെന്നിരിക്കേ നായകപക്ഷത്തിന് പാതിവ്രത്യത്തിന്റെ ബലം നൽകാതിരിയ്ക്കുകയും പ്രതിനായകപക്ഷത്തുള്ള ഒരാൾക്കു അത് നല്കുകയും ചെയ്തുവെന്നത് വിശ്വസനീയമല്ല. ഈ അവിശ്വസനീയതയെ പരിഹരിക്കാൻ വേണ്ടിയാവണം മൗസലപർവ്വം എഴുതി ചേർത്തത് . പാതിവ്രത്യം എന്ന ബലം മഹാഭാരതത്തിന് ഒട്ടും ഇണങ്ങുന്നതല്ല. ഏകപത്നീവ്രതമോ ഏകപതീവ്രതമോ അതിന്റെ ആദർശമേയല്ല. അത് കൂട്ടിച്ചേർത്തതാകനേ തരമുള്ളൂ. അതായത് ബ്രാഹ്മണമഹത്വത്തോടൊപ്പം പാതിവ്രത്യംപോലുള്ള സ്ത്രീവിരുദ്ധമായ ചില മൂല്യസങ്കല്പങ്ങളും ശാപകഥകളിലൂടെ സ്ഥാപിച്ചെടുക്കുന്നുണ്ട് എന്നർത്ഥം. ശാപകഥകൾ ആഖ്യാനപരമായായലും അല്ലെങ്കിലും അത്തരം പഴതകളിലൂടെ മഹർഷിമാരെയും ബ്രാഹ്മണരെയും പതിവ്രതകളെയും ശാപശക്തിയുള്ളവരായി ഉയർത്തുകയും രാജാധികാരം മാത്രമല്ല ദൈവമഹത്വംപോലും അതിന്റെ മുന്നിൽ നിസ്സഹായവും നിഷ്ക്രിയവും ആണെന്ന ഉറപ്പിക്കുകയും ചെയ്യുന്ന പ്രക്ഷിപ്തമായ ശാപകഥകൾ ബ്രാഹ്മണാധിപത്യത്തിന്റെ ഇടപെടലുകളെയാണ് കാണിക്കുന്നത്.

athulsudhakaran.dev@gmail.com

# ഒറ്റക്കാലൻകാക്ക : ആധുനികതയുടെ സംഘർഷങ്ങൾ

**സലീന എസ്.**
അസിസ്റ്റന്റ് പ്രൊഫസർ, ഗവ. വിക്ടോറിയ കോളജ്, പാലക്കാട്

**പ്രബന്ധസംഗ്രഹം**
ആധുനികാനന്തര സാമൂഹ്യജീവിതത്തിന്റെ കാഴ്ചപ്പാടുകൾ ആധുനികീകരണകാല സമീപനരീതികളിൽനിന്ന് വ്യത്യസ്തമാണ്. ആധുനികതയുടെ യുക്തികളെയും സ്ഥാപനങ്ങളെയും ആധുനികാനന്തര പൊതുതലം പ്രശ്നവൽക്കരിക്കുന്നുണ്ട്. പ്രബുദ്ധതാപരമായ ആധുനികതയുടെ മൂല്യബോധങ്ങളുടെ തിരസ്കാരം ആധുനികാനന്തരതയുടെ പ്രധാന സവിശേഷതയാണ്. ഈ നിലയിൽ വി. ജെ. ജയിംസിന്റെ ഒറ്റക്കാലൻകാക്ക എന്ന ലഘു നോവലിനെ വായിക്കാനുള്ള ശ്രമമാണ് പ്രബന്ധത്തിൽ നടത്തുന്നത്.

**താക്കോൽവാക്കുകൾ**
സംവേദനീയത, ജൈവികത, അജൈവികത

പ്രബുദ്ധതാപരമായ ആധുനികത എന്നത് മനുഷ്യകേന്ദ്രിതത്വം, പ്രകൃതിചൂഷണം, ജന്തു നശീകരണം തുടങ്ങിയ സവിശേഷതലങ്ങളെ ആസ്പദിച്ചുകൊണ്ടുള്ള മൂല്യബോധത്തിന്റെ അടിത്തറയിൽ രൂപപ്പെട്ടതാണ്. ഭരണകൂടത്തെ സ്വാധീനിച്ചിരുന്ന ക്രൈസ്തവ മതസങ്കൽപ്പങ്ങൾ പ്രകൃതിചൂഷണത്തിന്റെ ഉപാധികൂടിയായി മാറിയെന്ന് ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്. വ്യവസ്ഥാപിത ക്രൈസ്തവ മതബോധത്തിനുള്ളിൽ നിന്ന് പുറത്തുനിൽക്കുന്ന ചില വ്യക്തിമനസ്സുകളിലൂടെ പ്രകൃതിസ്നേഹത്തിന്റെയും ജന്തുസ്നേഹത്തിന്റെയും വീണ്ടെടുപ്പ് നടത്തുകയാണ് ഒറ്റക്കാലൻകാക്ക എന്ന ലഘുനോവലിലൂടെ വി. ജെ. ജയിംസ്. അദ്ദേഹത്തിന്റെ മറ്റു നോവലുകളിൽ നിന്ന് വ്യത്യസ്തമായ ഘടനയാണ് നോവലിനുള്ളതെങ്കിലും മനുഷ്യമനസിന്റെ നിഗൂഢതയിലൂടെയുള്ള സഞ്ചാരം വി. ജെ. ജയിംസിന്റെ നോവലുകളുടെ സാമാന്യസ്വഭാവമായി കാണാം. പ്രകൃതിയിലെ ജൈവികതയെയും അജൈവികതയെയും ഇണക്കിച്ചേർത്തുകൊണ്ടുള്ള ഇതിവൃത്തശില്പമാണ് 'ഒറ്റക്കാലൻകാക്ക' എന്ന നോവലിനുള്ളത്.

**ജൈവിക ഇടങ്ങൾ**

ഗ്രാമാന്തരീക്ഷമാണ് മനുഷ്യനും ജന്തുക്കളും പ്രകൃതിയും തമ്മിലുള്ള സമരസപ്പെടലിന്റെ സ്ഥലരാശിയായി നോവലിൽ കടന്നുവരുന്നത്. ഒറ്റക്കാലൻകാക്ക മനുഷ്യന്റെ അശ്രദ്ധമായ

ഇടപെടൽ കാരണം അംഗവൈകല്യം സംഭവിച്ച പക്ഷിയാണ്. പ്രകൃതിയുടെയും ജീവജാലങ്ങളുടെയും സന്തുലിതാവസ്ഥ നഷ്ടപ്പെടുത്തുന്ന, നിസ്സാരമെന്ന് തോന്നാവുന്ന മാനുഷിക ഇടപെടലുകളിലൂടെ ജീവിതതുലനം അസാധ്യമായ, ജീവികളുടെ രൂപകമാണ് ഇവിടെ ഒറ്റക്കാലൻകാക്ക. നോവലിലെ ചില ഭാഗങ്ങളിൽ മാത്രം പ്രത്യക്ഷപ്പെടുന്ന ഒറ്റക്കാലൻകാക്ക നോവലിന്റെ പ്രമേയശിൽപത്തോട് ഇഴചേരത്തക്കവിധമാണ് നിബന്ധിച്ചിട്ടുള്ളത്. നോവലിലെ കേന്ദ്രകഥാപാത്രമായ സൈമണിന്റെ മനോഭാവവുമായി കണ്ണിചേർത്തുകൊണ്ടാണ് ഇത് സാധ്യമാക്കിയിരിക്കുന്നത്.

നന്മകളാൽ സമൃദ്ധമായ നാട്ടിൻപുറം എന്ന ദേശഭാവനയിൽ നിന്നാണ് നോവൽ ആരംഭിക്കുന്നത്. നന്മ എന്നത് മനുഷ്യന്റെ പ്രകൃത്യനുസാരിയായ ഇടപെടലുകളുടെ ബോധ്യത്തിൽ നിന്നുകൂടി ഉടലെടുക്കുന്ന ബിംബമാണ്. ബാല്യത്തിന്റെ അശ്രദ്ധമായ ഇടപെടൽ കാരണം അംഗഭംഗം സംഭവിച്ച ഒറ്റക്കാലൻകാക്ക ദേശത്തിന്റെ മുഴുവൻ സഹാനുഭൂതിയ്ക്ക് കാരണമാകുന്നുണ്ട്. ഒറ്റക്കാലൻകാക്കയോടൊപ്പം ഇതരജീവികളോടുള്ള സ്നേഹവും പരിചരണവും ഈനോവലിൽ ഉൾച്ചേരുന്നു. ഈനിലയിൽ പ്രകൃതിയും മനുഷ്യനും അധികാരവിധേയഭാവമില്ലാതെ പെരുമാറുന്ന ഇടമായാണ് നോവലിന്റെ ഗ്രാമദേശഭൂമിക വിഭാവനംചെയ്തിട്ടുള്ളത്.

ആധുനികയുഗത്തിലെ പ്രധാന തത്വചിന്താപദ്ധതികളായ യുക്തിവാദം, അനുഭവവാദം എന്നിവയുടെ തുടർച്ചയായി രൂപംകൊണ്ട യൂറോപ്യൻ ശാസ്ത്രയുഗത്തിൽ, പ്രപഞ്ചമെന്നത് വിഷയം (object) എന്നനിലയിലും മനുഷ്യൻ വിഷയി (subject) എന്ന നിലയിലുമാണ് പരിഗണിക്കപ്പെട്ടിരുന്നത്. നവോത്ഥാന ശാസ്ത്രജ്ഞനായ ഫ്രാൻസിസ് ബേക്കൺ മനുഷ്യശക്തിയിലൂടെ പ്രകൃതിയെ കീഴടക്കാനാകുമെന്ന് വാദിച്ചു. ആധുനികതയുടെ ജ്ഞാനരൂപങ്ങളായ ശാസ്ത്രവും യുക്തിയും മനുഷ്യനെ പ്രകൃതിയിൽനിന്നും അന്യവൽക്കരിച്ചു. ഈമട്ടിലുള്ള മനുഷ്യകേന്ദ്രിതമായ യൂറോപ്യൻ ശാസ്ത്രചിന്തയോടുള്ള പ്രതിലോമകരമായ ഇടപെടലുകളിലൂടെയാണ് ഈനോവലിലെ പ്രകൃതി –മനുഷ്യതലം രൂപപ്പെടുത്തിയിരിക്കുന്നത്.

സൈമണിന് ജന്തുസ്നേഹം സഹജമായിരുന്നു. അതുൾക്കൊള്ളാൻ കഴിയാത്തവർ അവനെ പരിഹസിക്കുന്നുമുണ്ട്. തുലനാവസ്ഥയിൽ നിൽക്കാൻ കഴിയാതെ ചാഞ്ചാടിക്കൊണ്ടിരുന്ന ഒറ്റക്കാലൻകാക്കയെ, സ്കൂൾവിദ്യാഭ്യാസത്തിനപ്പുറം നേടാൻ നഗരത്തിലേയ്ക്കു പോവേണ്ടിവരുന്ന, നഗരത്തിലെ ശരിതെറ്റുകൾ വിവേചിച്ചറിയാൻ കഴിവില്ലാത്ത കുട്ടികളോടാണ് നോവലിസ്റ്റ് താരതമ്യം ചെയ്യുന്നത്. ഗ്രാമത്തിൽ വിശുദ്ധി മാത്രം ഉള്ളതുകൊണ്ട് തെരഞ്ഞെടുക്കലുകൾ പ്രശ്നമാകാറില്ലെന്നും എന്നാൽ നഗരത്തിൽ ശരിതെറ്റുകൾ കൂടിക്കലർന്നു കിടക്കുന്നതുകൊണ്ട് തെരഞ്ഞെടുക്കലുകൾക്ക് വലിയപ്രാധാന്യം ഉണ്ടെന്നും ഇവിടെ സൂചിതമാകുന്നുണ്ട്. ഈനിലയിൽ ഗ്രാമം /നഗരം, വിശുദ്ധി/ നന്മ എന്നീ ദ്വന്ദ്വങ്ങളിലൂടെ ആധുനികതയുടെ ജ്ഞാനനിർമ്മിതികളെയും ശാസ്ത്രബോധങ്ങളെയും നോവൽ പ്രശ്നവൽക്കരിക്കുന്നു.

നഗരജീവിതത്തിന്റെ സാംസ്കാരിക അടയാളങ്ങൾ അധികമൊന്നും ഏൽക്കാത്ത ജനങ്ങളാണ് ഗ്രാമത്തിലുള്ളത്. വികസനത്തിന്റെയും ഭൗതിക നേട്ടങ്ങളുടെയും പരിമിതികൾ ഉണ്ടെങ്കിലും ഗ്രാമം ആത്മീയമൂല്യങ്ങളുടെ കൂടി ഉത്പന്നമാണിവിടെ. കിറുക്കന്റെ വീട് പോലെയാണ് നഗരം എന്നാണ് നോവലിലെ പരാമർശം. മന്ദത /വേഗത എന്നീ ദ്വന്ദ്വങ്ങളിലൂടെ ഗ്രാമനഗര ജീവിതങ്ങളുടെ ചലനാത്മകതയും അടയാളപ്പെടുത്തുന്നുണ്ട്. പുകപടലങ്ങളും ശബ്ദകോലാഹലങ്ങളും നിറഞ്ഞ നഗരത്തോട് സൈമണിന് ഭയമാണ് തോന്നുന്നത്.

സഹജീവികളോടുള്ള കരുണയും ജന്തുജാലങ്ങളോടുള്ള സഹാനുഭൂതിയും പ്രകൃതിയോടുള്ള സ്നേഹവുമാണ് സൈമണിന്റെ ആത്മീയാനുഭൂതിയെ ഗ്രാമപശ്ചാത്തലത്തിൽ രൂപപ്പെടുത്തിയത്. നഗരത്തിലെത്തിയ സൈമണിൽ നിന്ന് പലകാരണങ്ങളാൽ ഇത്തരം ആത്മബോധങ്ങൾ മെല്ലെ അടർന്നുപോകുന്നതായികാണാം. നഗരത്തിൽ വച്ച് സ്വന്തമാക്കിയ പേനയും ഗോപുരത്തിന്റെ ഉള്ളറകളെക്കുറിച്ചുള്ള ആകാംക്ഷകളും ചേർന്ന് അവനിലെ ആത്മസത്തയെ പുനർനിർമിക്കുന്നു. കോളേജിൽ ആദ്യമായി എത്തിയ സൈമണിന് വളപ്പിനുള്ളിലെ മരങ്ങൾ

ആശ്വാസം നൽകുന്ന കാഴ്ചകളായിരുന്നു. ഗ്രാമനന്മകളെക്കുറിച്ചുള്ള ഓർമ്മപ്പെടുത്തലുകളായി വൃക്ഷങ്ങൾ ഇവിടെ മാറുന്നു. അതേസമയം തന്നെ ഗ്രാമത്തിലെ ക്ലാസ്റൂമുകൾക്ക് വൃത്തിയും സൗകര്യവും കുറവായിരുന്നു എന്ന ചിന്തയും സൈമണിൽ ഇടംപിടിക്കുന്നുണ്ട്. ഭൗതിക സാഹചര്യങ്ങളാൽ നിലനിൽക്കുന്ന വികസനസങ്കല്പനങ്ങൾ രൂപപ്പെടുത്തുന്ന ഗ്രാമ-നഗര കാഴ്ചകളുടെ നേർചിത്രമാണിത്. അവസാന പരീക്ഷയും കഴിഞ്ഞ് തിരികെ വീട്ടിലെത്തുന്ന സൈമൺ അമ്മയുടെ കാത്തിരിപ്പിനെയും പിതാവിന്റെ അന്ത്യസമ്മാനത്തെയും മറന്നിരുന്നു. എല്ലാ മാനുഷിക നന്മകളിൽ നിന്നും സഹജീവികളിൽ നിന്നും അകന്നുകൊണ്ട് വെളിച്ചം കയറാത്ത മുറിക്കുള്ളിൽ ഒതുങ്ങുകയാണ് സൈമൺ. നാഗരിക ജീവിതത്തിലെ അനുഭവങ്ങൾ സൈമണിലെ എല്ലാ നൈതിക മൂല്യങ്ങളെയും പ്രകൃതി സ്നേഹത്തെയും ചോർത്തിക്കളയുന്നതായി കാണാം.

**അജൈവികതയുടെ ഇടങ്ങൾ**

അചേതനവസ്തുക്കളും മനുഷ്യമനസ്സും തമ്മിലുള്ള സംവേദനീയത നോവലിന്റെ പ്രധാന സവിശേഷതയാണ്. ഇതുതന്നെയാണ് നോവലിലെ അതീതാനുഭവതലവും. നഗരത്തിലെ മഹാഗോപുരത്തിന്റെ ഉള്ളറകളും ദാർശനികമായാണ് വ്യാഖ്യാനിക്കപ്പെടുന്നത്. ഗോപുരത്തിന് നിഗൂഢവും ഭ്രമാത്മകവുമായ നിലനിൽപ്പാണ് നോവലിൽ അവസാനം വരെ പിന്തുടരുന്നത്. രണ്ട് അചേതനവസ്തുക്കളെ (ഗോപുരം, പേന) വ്യക്തിമനസ്സുകളുമായി സമന്വയിപ്പിച്ചുകൊണ്ടുള്ള ദർശനപരതയാണ് നോവലിന്റെ വിഷയം. അറിവുരീതികളുമായി നിരന്തരം ഇടപെടുന്ന പേനയുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന അസാധാരണ സംഭവങ്ങൾ വ്യക്തിയെ നിർണയിക്കുന്ന സവിശേഷഘടകമായി നിലകൊള്ളുന്നു. സ്ഥൂലശരീരവും സൂക്ഷ്മമായ ബോധാനുഭവവും ചേർത്തു വേണം മനുഷ്യനെ പഠിക്കേണ്ടതെന്നും ഇന്ദ്രിയപരമായ പ്രത്യക്ഷാനുഭവവും സംവേദനപ്രധാനമായ ശാരീരികാനുഭവങ്ങളും ചേർന്നാണ് മനുഷ്യൻ രൂപപ്പെട്ടിരിക്കുന്നതെന്നും വില്യം ജയിംസ് (The Principles of Psychology)നിരീക്ഷിക്കുന്നുണ്ട്. ഈ നിലയിൽ പരിസ്ഥിതിബോധവും ജഡവസ്തുക്കളുമായുള്ള സംവേദനീയതയുമാണ് സൈമണിന്റെ വ്യക്തിസത്തയെ രൂപപ്പെടുത്തിയിരിക്കുന്നതെന്നു പറയാം. സൈമണിന്റെ വൈകാരികതലങ്ങളുമായും ജ്ഞാനരീതികളുമായും പേന സചേതനപരമായി ഇടപെടുന്നുണ്ട്. ഇന്ദ്രിയപരമായി സൈമൺ പേനയോട് പ്രതികരിക്കുന്നുമുണ്ട്.

ഗ്രാമത്തിലെ സാമൂഹിക സാഹചര്യങ്ങളുടെ നിർമ്മിതിയായ സൈമണിൽ നഗരജീവിതം മാറ്റങ്ങൾ വരുത്തുന്നു. അതിന്റെ ആദ്യ അടയാളമാണ് പിതാവ് സമ്മാനിച്ച സ്വർണപ്പേന മറവിയിലേയ്ക്കു പിന്തള്ളപ്പെടുന്നത്. അത് സൈമണിൽ സൃഷ്ടിച്ച അരക്ഷിതബോധം ചെറുതല്ല. ബോധപൂർവമല്ലാത്ത ഈ മറവി പിന്നീട് ബോധപൂർവമായ തിരസ്കാരമായി മാറുന്നതായികാണാം. താത്കാലിക ആവശ്യത്തിന് വേണ്ടി വാങ്ങുന്ന പേനയാണ് പിന്നീടങ്ങോട്ട് അവന്റെ മനോഘടനയെ നിർണ്ണയിക്കുന്നത്. നഗരത്തിന്റെ ഭൗതികസാഹചര്യങ്ങൾക്ക് ചേരാത്ത ഒരിടത്തു നിന്നുമാണ് പേന വാങ്ങിയതും. സൈമൺ വാങ്ങിയ പുതിയ പേന കാഴ്ചയിൽ അനാകർഷകമായിരുന്നു. കറുത്തുമെലിഞ്ഞ നീചകുലജാതൻ എന്നാണ് പേന വിശേഷിപ്പിക്കപ്പെടുന്നത്. അതുമായി വളരെ വേഗം മാനസിക പൊരുത്തത്തിൽ എത്തിച്ചേരുന്ന സൈമണിന്റെ പേനയെക്കുറിച്ചുള്ള നിലപാടും നോട്ടവും അതനുസരിച്ച് പരിവർത്തിതമാകുന്നു. ളുലിക എന്ന പേര് പേനയ്ക്ക് നൽകിക്കൊണ്ട് ശരീരം കൊണ്ട് പ്രതികരിക്കാൻ കഴിയുന്ന അവസ്ഥയിൽ സൈമൺ എത്തിച്ചേരുന്നു.

പേനയുടെ ചരിത്രത്തെക്കുറിച്ച് അറിഞ്ഞപ്പോൾ സൈമണിന്റെ ചിന്തകളും അതിനോട് ശക്തമായി പ്രതികരിക്കുന്നുണ്ട്. കലാലയത്തിലെ മഹാഗോപുരവും അതിലെ നാഴികമണിയും വിശുദ്ധന്റെ പ്രതിമയും സൈമണിന്റെ പ്രപഞ്ചബോധവുമായി സൂക്ഷ്മതലത്തിൽ ഇടപെടുന്നതായി കാണാം. ഗോപുരമുകളിൽ അപ്രത്യക്ഷനായ കുട്ടിയുടെ കയ്യിൽ നിന്നും താഴെ വീണുപോയ പേനയാണ് അതെന്ന തിരിച്ചറിവ് ളുലികയുമായുള്ള ആത്മബന്ധം കൂടുതൽ തീവ്രതരമാക്കുന്നു. ഗോപുരമുകളിൽ കയറാൻ കടുത്ത അഭിനിവേശം ഉണ്ടായിരുന്ന സൈമണിന് ളുലികയുടെ സാന്നിധ്യത്തിലൂടെ അത് അനുഭവിക്കാൻ കഴിഞ്ഞിട്ടുണ്ടാകണം. അതുകൊണ്ടാണ് ളുലിക നഷ്ടപ്പെട്ടുവെന്നറിഞ്ഞ സൈമണിൽ കടുത്ത വിഷാദാത്മകത ഉണ്ടാകുന്നത്.

പിന്നീട് ഗ്രാമത്തിൽ തിരികെയെത്തിയ സൈമൺ പ്രകൃതിയിൽ നിന്നും ചുറ്റുമുള്ള മനുഷ്യരിൽ നിന്നും പ്രകാശത്തിൽ നിന്നും അകലുന്നു. പരീക്ഷയുടെ റിസൾട്ട് അറിയാൻ കലാലയത്തിൽ തിരികെയെത്തിയ സൈമൺ അപ്രത്യക്ഷനാകുന്നതാണ് നോവലിന്റെ അവസാന ഭാഗം. പല കാലങ്ങളിൽ പല മനുഷ്യരെ പല രീതിയിൽ വിഭ്രമിപ്പിച്ചിട്ടുള്ള ഗോപുരമുകളിലേക്കാണ് സൈമൺ പോയതെന്ന സൂചനയോടൊപ്പം സൈമണിന്റെ പിതാവ് കാണാനാഗ്രഹിച്ച സമത്വസുന്ദരലോകത്തിന്റെ തുടർച്ചകൾ കൂടി നിലനിർത്താൻ നോവലിസ്റ്റ് ശ്രമിക്കുന്നുണ്ട്. നഗരത്തിലെത്തുന്ന ഒറ്റക്കാലൻകാക്കയും തിരികെ ലഭിക്കപ്പെടുന്ന ഗുളികയും വായനക്കാരിൽ ചില ചോദ്യങ്ങൾ അവശേഷിപ്പിക്കുന്നുമുണ്ട്.

ഗോപുരരഹസ്യങ്ങളെ കുറിച്ചുള്ള വ്യത്യസ്തചിന്തകൾ നോവലിൽ സൂചിപ്പിക്കുന്നുണ്ട്. ചൂഷണരഹിതസമൂഹത്തിനും സമത്വസുന്ദരലോകത്തിനും വേണ്ടി പ്രവർത്തിക്കുകയും തീവ്രമായി ആഗ്രഹിക്കുകയും അതിന്റെ സഞ്ചാരവഴികളിൽ വച്ച് വധിക്കപ്പെടുകയും ചെയ്ത സൈമണിന്റെ പിതാവ് അത്തരം ഒരു ലോകത്തിന്റെ കാഴ്ചയാണ് ഗോപുരമുകളിൽ നിന്ന് കാണാൻ ആഗ്രഹിക്കുന്നത്. ഗോപുരരഹസ്യങ്ങളെ ഭാരതീയ വേദാന്ത ചിന്തയിലൂടെയാണ് ശാസ്ത്രാധ്യാപകനായ സദാനന്ദൻ വ്യാഖ്യാനിക്കാൻ ശ്രമിക്കുന്നത്. ഈമട്ടിൽ മാർക്സിയൻ ഹ്യൂമനിസം, മതാത്മക ആത്മീയത എന്നിങ്ങനെ വ്യത്യസ്തരീതികളിൽ നിരീക്ഷിക്കപ്പെടുന്ന ഗോപുരം നിഗൂഢതയോടെ നിലനിർത്തപ്പെടുന്നു. അതായത് നഗരത്തിലെ അറിവിടത്തിൽ നിലകൊള്ളുന്ന ഗോപുരവും അതിനോട് ബന്ധപ്പെട്ട പേനയും സൈമണിന്റെ ആധുനിക ജ്ഞാനബോധത്തെ റദ്ദ്ചെയ്തുകൊണ്ട് പ്രപഞ്ചബോധത്തെക്കുറിച്ചുള്ള നിഗൂഢതകളിലേയ്ക്കാണ് നയിക്കുന്നത്. ഇത്തരത്തിൽ ആധുനികതയുടെ ജ്ഞാനയുക്തികളെയും മൂല്യബോധങ്ങളെയും അതീതാനുഭവങ്ങളിലൂടെ മറികടക്കാനുള്ള ആവിഷ്കാരതന്ത്രം നോവലിൽ കാണാം.

### ഗ്രന്ഥസൂചി


1. ആധുനികാനന്തര മലയാളനോവൽ, ഷാജിജേക്കബ്, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2018
2. ആധുനികതയുടെ കുറ്റസമ്മതം, പി. പവിത്രൻ, ഇൻസൈറ്റ്പബ്ലിക്ക, 2023
3. ആർഷജ്ഞാനം, നാലപ്പാട്ട് നാരായണമേനോൻ, മാതൃഭൂമി ബുക്സ്, 2014
4. ഒറ്റക്കാലൻകാക്ക, വി.ജെ. ജയിംസ്, ഡി സി ബുക്സ്, 2017
5. ദമിതം, സുനിൽ പി ഇളയിടം, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2009


saleenamalayalam@gmail.com

# III

# Contemporaneity and Politics

# ജനപ്രിയനോവൽ സിനിമയാകുമ്പോൾ: വേലിയിൽ നിന്ന് കോട്ടയം കുഞ്ഞച്ചനിലേക്ക്

**ആസിഫ് എം.**
ഗവേഷകൻ, മലയാള-കേരളപഠനവിഭാഗം
കോഴിക്കോട് സർവ്വകലാശാല

**പ്രബന്ധസംഗ്രഹം**

ജനപ്രിയസാഹിത്യത്തിൽ മലയാളത്തിലെ അഗ്രഗണ്യനായി അറിയപ്പെടുന്നത് മുട്ടത്തുവർക്കിയാണ്. സാധാരണ വായനക്കാരുടെ പ്രീതി നേടിയ നോവലിസ്റ്റാണ് വർക്കി. മധ്യകേരളത്തിലെ സാധാരണക്കാരായ ജനങ്ങളുടെ ജീവിതം അവലംബിച്ച് നൂറിലധികം നോവലുകൾ എഴുതിയ അദ്ദേഹത്തിന്റെ മിക്ക രചനകളും സിനിമകളായി വെള്ളിത്തിരയിൽ എത്തുകയും ചെയ്തിട്ടുണ്ട്. വർക്കിയുടെ നോവലുകൾ സമൂഹത്തിൽ നേടിയെടുത്ത ജനപ്രീതിയാണ് അവയുടെ ചലച്ചിത്രാനുകല്പനത്തിന്റെ പിറവിക്ക് കാരണം. മലയാളസിനിമയും സാഹിത്യവും തമ്മിലുള്ള ബന്ധം അന്വേഷിക്കുന്ന ഏതൊരാൾക്കും വർക്കിയുടെ നോവലുകൾ ആസ്പദമാക്കി വാണിജ്യവിജയം നേടിയ സിനിമകളെ അവഗണിക്കാൻ സാധിക്കില്ല. ഈ പ്രബന്ധത്തിൽ വർക്കിയുടെ നോവലുകളെ ആസ്പദമാക്കി വന്ന സിനിമകളിൽ പ്രധാനപ്പെട്ട 'വേലി' എന്ന നോവലും അതിന്റെ അനുകല്പനമായിട്ടുള്ള 'കോട്ടയം കുഞ്ഞച്ചൻ' എന്ന സിനിമയും അനുകല്പനസിദ്ധാന്തങ്ങളുടെ അടിസ്ഥാനത്തിൽ അപഗ്രഥിക്കാനാണ് ശ്രമിക്കുന്നത്.

**താക്കോൽവാക്കുകൾ:**
ജനപ്രിയസംസ്കാരം, ജനപ്രിയസാഹിത്യം, അനുകല്പനം, compression, updating,

### ജനപ്രിയസാഹിത്യത്തിന്റെ വഴികൾ:

**കൊ**ളോണിയൽ ആധുനികത സൃഷ്ടിച്ച സാംസ്കാരിക നവോത്ഥാനത്തിന്റെ ഭാഗമാണ് അച്ചടി കേന്ദ്രിതമായ പത്രമാസികകളും പുസ്തകങ്ങളും അവ സൃഷ്ടിച്ച വായനയുടെ സാംസ്കാരിക അനുഭവങ്ങളും മലയാളിയുടെ ജീവിതത്തിന്റെ ഭാഗമാകുന്നത്. ആനുകാലിക പ്രസിദ്ധീകരണങ്ങളുടെ പ്രചരണം, ഗ്രന്ഥശാലാസംഘത്തിന്റെ പ്രവർത്തനങ്ങൾ, ഗ്രാമീണവായനശാലകളുടെ ഉദയം എന്നിവയാണ് മലയാളത്തിൽ/കേരളത്തിൽ മുഖ്യമായും ജനപ്രിയസാഹിത്യത്തിന്റെ ഉദയത്തിന് കാരണമായത്. ജനപ്രിയസാഹിത്യത്തിന് ഒപ്പം തന്നെ ജനപ്രിയസിനിമയും ഇവിടെ പ്രചരിക്കപ്പെടുന്നുണ്ടായിരുന്നു. എല്ലാ കലകളിലും ലളിതവും ഗൗരവവുമായ ഭിന്നധാരകൾ കാണാം. ഒന്ന് ജനപ്രിയകലയും മറ്റൊന്ന് വരേണ്യകലയുമാണ്. ദൃശ്യ കലകളിലും ശ്രാവ്യകലകളിലും ഈ വ്യത്യാസം കാണാം.

ആധുനികതയുടെ കാലത്ത് തന്നെ ഉയർന്ന കല, താണകല എന്നിങ്ങനെ തരംതിരിവുകൾ ഉണ്ടായിരുന്നു. ഉയർന്നകല ജനപ്രിയ കലയിൽ നിന്ന് ഭിന്നമാണെന്നും ആധുനികതയുടെ വക്താക്കൾ വിശ്വസിച്ചു. ആധുനികതയുടെ പരിസരത്തിൽ നോക്കുമ്പോൾ കലയിലായാലും സാഹിത്യത്തിലായാലും ക്ലാസിക്കൽ, ജനകീയം, ജനപ്രിയം എന്നീ ഗുണങ്ങളെല്ലാം വേർതിരിക്കാൻ പറ്റാത്ത വിധം കൂടിച്ചേർന്നാണ് നിലകൊള്ളുന്നത്.

സവിശേഷമായ ചരിത്രസന്ദർഭത്തിലും സാംസ്കാരിക സ്വഭാവത്തിലും സാമൂഹിക പശ്ചാത്തലത്തിലും പ്രത്യയശാസ്ത്ര പരിസരത്തിലും ഉൽപാദന വിതരണ ഉപഭോഗരീതികളിലും നിന്നാണ് സംസ്കാരചിന്തകളിൽ ജനപ്രിയസംസ്കാരം എന്ന സങ്കല്പനം കടന്നുവരുന്നത്. ജനപ്രിയ സംസ്കാരത്തിന്റെയും കലകളുടെയും വികാസം പ്രാഥമികമായും 'ബഹുജനം' എന്ന സങ്കൽപത്തിൽ അധിഷ്ഠിതമാണ്. ജനസാമാന്യത്തിന്റെ സംസ്കാരം എന്ന അർത്ഥത്തിലാണ് ജനപ്രിയസംസ്കാരം എന്ന പദം പ്രയോഗിക്കപ്പെടാറുള്ളത്. "ഒരു സമൂഹത്തിലെ ജനങ്ങൾ പൊതുവേ പങ്കുവെക്കുന്ന മൂല്യങ്ങളുടെയും ആചാരങ്ങളുടെയും വിശ്വാസങ്ങളുടെയും ഇതര പ്രതീകാത്മകവൃത്തികളുടെയും സമുച്ചയം ആണ് ജനപ്രിയസംസ്കാരം".1 ജനങ്ങളിൽ നിന്ന് രൂപപ്പെടുന്നതാണ് ജനപ്രിയസംസ്കാരം. അത് വിപണിസംസ്കാരമാണെന്നും അഭിപ്രായമുണ്ട്. ജനപ്രിയ സംസ്കാരത്തിന്റെ രാഷ്ട്രീയവും സാമ്പത്തികശാസ്ത്രവും പ്രത്യാശാസ്ത്രവും പഠനവിധേയമാക്കിയത് ഫ്രാങ്ക്ഫർട്ട് ചിന്തകന്മാരായിരുന്നു. ജനപ്രിയസാഹിത്യത്തെ കുറിച്ച് ചർച്ച ചെയ്യുമ്പോൾ ജനപ്രിയ സംസ്കാരവും പരാമർശിക്കാതെ പോവാൻ നിർവാഹമില്ല.

മലയാളത്തിലെ സാഹിത്യപണ്ഡിതമാരും നിരൂപകരും വേണ്ടത്ര പരിഗണിക്കാതെ പോയ വിഭാഗമാണ് ജനപ്രിയ സാഹിത്യത്തിന്റെ മേഖല. ഇരുപതാം നൂറ്റാണ്ടിലെ രണ്ടാം പകുതിയോടെ ശക്തമാകുകയും 1990 കളോടെ കളം വിടുകയും ചെയ്ത ജനപ്രിയസാഹിത്യത്തെ ആ കാലത്ത് തന്നെ വരേണ്യം-ജനപ്രിയമെന്ന പരികല്പനങ്ങൾ അടിസ്ഥാനപ്പെടുത്തിയാണ് നിരൂപകർ വിലയിരുത്തിയത്. ജനപ്രിയസാഹിത്യം എന്ന സങ്കൽപ്പനം സൗന്ദര്യശാസ്ത്രപരവും സാമൂഹ്യശാസ്ത്രപരവുമായ വിവക്ഷകൾ നിറഞ്ഞതാണ്. അതിനാൽ അതിലളിതം എന്ന് തോന്നാവുന്ന ഈ ആശയം സങ്കീർണ്ണവുമാണ്. മലയാളത്തിലെ ജനപ്രിയ സാഹിത്യത്തിന്റെ ചരിത്രം മലയാള പത്രമാസികളുടെ വികാസചരിത്രവുമായി ബന്ധപ്പെട്ട് നിലകൊള്ളുന്നു.

ഒരു സാക്ഷരന്റെ മാനസിക നിലവാരത്തിന് അനുയോജ്യമായ വിധത്തിലാണ് ജനപ്രിയ സാഹിത്യം രൂപപ്പെടുത്തിയിരിക്കുന്നത്. മനുഷ്യമനസ്സുകളിലെ മൃദുലവികാരങ്ങളെ ഉണർത്തി ഭാവനയിൽ ചാലിച്ച് വാമൊഴിയുടെ സാംസ്കാരിക വകഭേദങ്ങളിലൂടെ അവതരിപ്പിക്കുമ്പോൾ അവ നവസാക്ഷര മനസ്സുകളിൽ കൊടുങ്കാറ്റുയർത്തുന്നു. സ്നേഹം, ദുഃഖം, പ്രേമം, സാമ്പത്തിക തകർച്ച, ജാതി, മതം, വർഗ്ഗവ്യത്യാസങ്ങൾ എന്നി അനവധി വിഷയങ്ങൾ ജനപ്രിയ സാഹിത്യത്തിന്റെ ഉള്ളടക്കങ്ങളാണ്. ജീവിതത്തിന്റെ സങ്കീർണതകളെ ഒരുതരത്തിലും സ്പർശിക്കാത്ത യാഥാർത്ഥ്യത്തിന്റെയും അനുഭവത്തിന്റെയും ഉപരിതലങ്ങളെ നോക്കിക്കാണാൻ മാത്രം കെൽപ്പുള്ള ജനകീയ സംസ്കാരത്തിന്റെ ഉൽപ്പന്നമായാണ് ജനപ്രിയ സാഹിത്യം രൂപപ്പെട്ടതെന്ന് ഫ്രാങ്ക്ഫർട്ട്ചിന്തകർ നിരീക്ഷിച്ചിട്ടുണ്ട്.

**അനുകല്പന സങ്കല്പങ്ങൾ :**

നിലനിൽക്കുന്ന ഒരു സാഹിത്യകൃതിയെ തിരക്കഥയാക്കി ചലച്ചിത്രമാക്കി പരിവർത്തിപ്പിക്കുന്ന പ്രക്രിയയാണ് അനുകല്പനം /അനുരൂപണം /അനുവർത്തനം (Adaptation) . ചെറുകഥയും നോവലും നാടകവും കവിതയും ഇതിഹാസങ്ങളും ഒക്കെ ഇങ്ങനെ ചലച്ചിത്രമായി പരിവർത്തിച്ചിട്ടുണ്ട്. ഈ പ്രക്രിയയ്ക്ക് ചലച്ചിത്രത്തിന്റെ തുടക്കകാലത്തോളം പഴക്കമുണ്ട്. ചലച്ചിത്ര നിർമ്മിതിക്കു വേണ്ട അസംസ്കൃതവസ്തുക്കളുടെ, പ്രമേയേതിവൃത്തങ്ങളുടെ അക്ഷയ ഖനിയായി സാഹിത്യലോകം ചലച്ചിത്രത്തിനു മുമ്പിൽ നിന്നു. സിനിമ ആവോളം അത് സ്വീകരിക്കുകയും ചെയ്തു.

ഒരു സാഹിത്യകൃതിയെ മറ്റൊരു രൂപത്തിലേക്ക് സംഗീതമോ ദൃശ്യമോ ഒക്കെയാക്കി മാറ്റിപ്പണിയുന്ന പ്രക്രിയയാണ് അനുകല്പനം. കവിതയെ ഉപജീവിച്ച് ചിത്രം വരയ്ക്കുന്നതും ശില്പത്തെ മുൻനിർത്തി സിംഫണി ഒരുക്കുന്നതും അനുകല്പനമാണ്. ഒരു ചിഹ്നവ്യവസ്ഥയിൽ നിന്നും മറ്റൊരു ചിഹ്നവ്യവസ്ഥയിലേക്കുള്ള മാറ്റമാണ് യഥാർത്ഥത്തിൽ ഇവിടെ നടക്കുന്നത്. സാഹിത്യത്തിന്റെ ചിഹ്നവ്യവസ്ഥ ചലച്ചിത്രത്തിന്റെ ചിഹ്നവ്യവസ്ഥയിലേക്ക് മാറുന്നു സാഹിത്യകൃതിയുടെ വായനയിൽ നിന്നും രൂപംകൊള്ളുന്ന പാഠത്തെ സാർത്ഥകമായ ചലച്ചിത്രചിഹ്നങ്ങളിലൂടെ ആവിഷ്കരിക്കുമ്പോയാണ് അനുകല്പനം മികവുറ്റതാകുന്നത്.

ദൃശ്യങ്ങളുടെ ചേരുവയാണ് സിനിമയിൽ ഉള്ളത്. സാഹിത്യമാകട്ടെ വാക്കുകളും വാക്യങ്ങളും ചേർന്നതാണ്. സിനിമ എല്ലാം നേരിട്ടു കാണിക്കുന്നു, കേൾപ്പിക്കുന്നു. സിനിമയും സാഹിത്യവും രണ്ടുതരം ഭാഷയാണ് ഉപയോഗിക്കുന്നത്. സാഹിത്യം ശബ്ദാർത്ഥമേളനമായ ഭാഷ ഉപയോഗിക്കുമ്പോൾ സിനിമ ദൃശ്യഭാഷ ഉപയോഗിക്കുന്നു. സാഹിത്യം ഒരു വ്യക്തിയുടെ സൃഷ്ടിയാണെങ്കിൽ സിനിമ ഒരു കൂട്ടായ്മയുടെ സൃഷ്ടിയാണ്. സമഗ്രതയുടെ കലയാണ് സിനിമയെന്ന് സൂസൻ സൊണ്ടാഗിനെ പോലുള്ളവർ പറഞ്ഞുവെച്ചിട്ടുണ്ട്. സിനിമയെയും സാഹിത്യത്തെയും ഒന്നിപ്പിക്കുന്ന ഒരു ഘടകം ഇവ രണ്ടും കഥ പറയുന്ന കലകളാണ് (Narrative Art) എന്നതാണ്. സാഹിത്യകൃതിയെ അതേപടി തിരക്കഥയിലേക്ക് സന്നിവേശിപ്പിക്കുന്ന പ്രവണതയല്ല അനുകല്പനം. സാഹിത്യകൃതിയിൽ നിന്ന് ഭിന്നമായി കൂട്ടിച്ചേർക്കലുകളും ഒഴിവാക്കലുകളും സിനിമയിൽ ഉണ്ടാവും. ഒരുതരം പുനഃക്രമീകരണമാണ് ഇവിടെ നടക്കുന്നത്. സാഹിത്യത്തിൽ നിന്നും ചലച്ചിത്രത്തിലേക്ക് മാറ്റപ്പെടുന്ന കൃതികൾ മൂലകൃതിയുടെ പദാനപദദൃശ്യവൽക്കരണം ആകണമെന്നും മൂലകൃതിയിൽ ഇല്ലാത്ത സംഭവങ്ങളോ കഥാപാത്രങ്ങളോ അനുകല്പനകർത്താവ് സൃഷ്ടിക്കാൻ പാടില്ലെന്നുമുള്ള ധാരണകൾ തിരുത്തിക്കുറിക്കപ്പെട്ടു കഴിഞ്ഞിരിക്കുന്നു. ഓരോ അനുകല്പനവും ഒരു പുനർനിർമാണവും പുതിയ ഭാഷ്യവുമാണ്.

അനുകല്പനം എന്ന സങ്കൽപ്പത്തോട് അനുകൂലിച്ചും പ്രതികൂലിച്ചും നിരവധി അഭിപ്രായങ്ങൾ ഉയർന്നു വന്നിട്ടുണ്ട്. അതിൽ തന്നെ മൗലികതയുടെ പ്രശ്നമാണ് എല്ലാകാലത്തും ചർച്ചയായിട്ടുള്ളത്. മറ്റൊരു കലാകാരന്റെ ഭാവനയിൽ വിരിഞ്ഞ ഒരു കലാസൃഷ്ടി ചലച്ചിത്രകാരന്റെ കയ്യിൽ എത്തുമ്പോൾ മൗലികത നഷ്ടപ്പെട്ട ഒന്നായി മാറുന്നു എന്ന തർക്കം എല്ലാകാലത്തും ഉണ്ടായിട്ടുണ്ട്. 'സാഹിത്യവും സിനിമയും തമ്മിലുള്ള കൂട്ടുകെട്ട് അസ്വാഭാവികവും ഇരുമാധ്യമങ്ങൾക്കും ഹാനികരവുമാണ്'2 (വിർജീനിയ വൂൾഫ്) 'നോവലിൽ നിന്നും ഒരു സിനിമ അനുകല്പനം ചെയ്യാൻ ഞാൻ ഇഷ്ടപ്പെടുന്നില്ല. തണുത്ത ഭക്ഷണം ചൂടാക്കി കഴിക്കും പോലെയാണത്'3 (അലൻ റെനെ). ഇത്തരത്തിൽ അനവധി അഭിപ്രായങ്ങൾ ചലച്ചിത്രാനുകല്പനവുമായി ബന്ധപ്പെട്ട് ഉയർന്നു വന്നിട്ടുണ്ട്.

സാഹിത്യകൃതിയുടെ ജനപ്രിയത, സാമൂഹ്യപ്രസക്തി, പുതിയ പ്രമേയം, കഥാപാത്രങ്ങൾ, സാഹിത്യകൃതികളുടെ ദൃശ്യരൂപം, വാണിജ്യ ലക്ഷ്യങ്ങൾ, എന്നിങ്ങനെ അനവധി കാര്യങ്ങളാണ് ഒരു സാഹിത്യകൃതിയെ സിനിമയാക്കാൻ ചലച്ചിത്ര സംവിധായകനെ പ്രേരിപ്പിക്കുന്നത്. അനുകല്പനം തന്നെ പലവിധമുണ്ട്. ബ്രയാൻ മക്ഫെർലൈൻ, ഡെയ്മർ ചാറ്റ്മാൻ എന്നീ സൈദ്ധാന്തികർ അഞ്ചുതരം അനുകല്പന രൂപങ്ങളെ പറ്റി പറയുന്നുണ്ട്. സങ്കോചിപ്പിക്കൽ (Compression), വിപുലനം (Expansion), സമകാലവത്കരണം (Updating), തിരുത്തൽ (Correction), പുതുവൽക്കരണം (Superimpossion) . ഇതിൽ ഏതെങ്കിലും ഒരു രീതിയാണ് ഒരു സാഹിത്യകൃതി സിനിമയാക്കുമ്പോൾ ചലച്ചിത്രകാരന്മാർ സ്വീകരിക്കുന്നത്.

സാഹിത്യകൃതികൾ സിനിമയായ കൂട്ടത്തിൽ എടുത്തു പറയേണ്ടവയാണ് മുട്ടത്തുവർക്കിയുടെ രചനകൾ ആസ്പദമാക്കി പുറത്തുവന്ന സിനിമകൾ. ഏകദേശം അമ്പതിലധികം സിനിമകൾ ഇദ്ദേഹത്തിന്റെ  നോവലുകളുടെ അനുകല്പനങ്ങളായി പുറത്തുണ്ട്. ജനപ്രിയ നോവൽ രംഗത്ത് മലയാളഭാഷ കണ്ട ഏറ്റവും ശ്രദ്ധേയനായ എഴുത്തുകാരനാണ്  വർക്കി. മധ്യതിരുവിതാംകൂറിലെ പ്രകൃതിസൗന്ദര്യത്തിന്റെ പശ്ചാത്തലത്തിൽ മണ്ണിനോടും ദുർവിധികളോടും പടവെട്ടി ജീവിക്കുന്ന ഇടത്തരക്കാർക്കിടയിലെ പ്രണയവും പൊരുത്തക്കേടുകളും ദുരന്തങ്ങളും വി

കാരസാന്ദ്രമായ ഭാഷയിൽ അദ്ദേഹം സാഹിത്യത്തിലേക്ക് പകർത്തി. മുട്ടത്തുവർക്കിയുടെ നോവലുകളിൽ 1957-ൽഇറങ്ങിയ 'പാടാത്ത പൈങ്കിളി' ആയിരുന്നു ആദ്യമായി സിനിമയായത്. അദ്ദേഹംതന്നെയാണ് സിനിമയ്ക്ക് തിരക്കഥ, സംഭാഷണം രചിച്ചത്. മുട്ടത്തുവർക്കിയുടെ കഥകൾ സിനിമകളാക്കിയപ്പോൾ ഭൂരിഭാഗം സിനിമകൾക്കും തിരക്കഥ, സംഭാഷണം രചിച്ചത് അദ്ദേഹം തന്നെയാണ്. ഏഴു സിനിമകൾ പി. സുബ്രഹ്മണ്യവും അഞ്ചെണ്ണം കെ. എസ്. സേതുമാധവനും സംവിധാനം ചെയ്തു. മിക്കതും വൻവിജയങ്ങളായതോടെ കുഞ്ചാക്കോ, എം. കൃഷ്ണൻ നായർ, ശശികുമാർ, എ. ബി രാജ് തുടങ്ങിയവരെല്ലാം മുട്ടത്തു വർക്കിയുടെ കഥകൾ തേടിയെത്തി. പാടാത്ത പൈങ്കിളി, ഒരു കുടയും കുഞ്ഞുപെങ്ങളും, ഇണപ്രാവുകൾ, മറിയക്കുട്ടി, കരകാണാക്കടൽ, മയിലാടുംകുന്ന്, വെളുത്തകത്രീന, അക്കരപ്പച്ച, അഴകുള്ള സെലീന, പട്ടുതൂവാല, ലോറാ നീ എവിടെ, പഞ്ചായത്ത് വിളക്ക് തുടങ്ങിയവ അദ്ദേഹത്തിന്റെ സിനിമയായ രചനകളിൽ ചിലതാണ്. ഈ പ്രബന്ധത്തിന്റെ തുടർഭാഗങ്ങളിൽ മുട്ടത്ത് വർക്കിയുടെ 'വേലി' എന്ന നോവലിനെ ആസ്പദമാക്കി 1990 - ൽ സുരേഷ് ബാബു സംവിധാനം ചെയ്ത 'കോട്ടയം കുഞ്ഞച്ചൻ' എന്ന സിനിമയെ അനുകല്പനസങ്കൽപ്പനങ്ങളുടെ അടിസ്ഥാനത്തിൽ വിശദീകരിക്കാനാണ് ശ്രമിക്കുന്നത്.

**നോവലും സിനിമയും : വേലിയിൽ നിന്നും കോട്ടയം കുഞ്ഞച്ചനിലേക്ക്**

ഒരു സാഹിത്യകാരന്റെ രചനയുടെ അനുകല്പനം ഒരിക്കൽ വിജയിച്ചാൽ പിന്നീട് ആ സാഹിത്യകാരന്റെ രചനകൾ അധികരിച്ച് സിനിമകൾ നിർമ്മിക്കുന്ന പ്രവണത മലയാളത്തിൽ കാണാം. പ്രചാരം ലഭിച്ച സാഹിത്യരചനകൾ സിനിമയാക്കുന്നതിലൂടെ ലഭിക്കുന്ന സ്വീകാര്യതയും പ്രശസ്തിയുമാണ് സംവിധായകൻ ലക്ഷ്യം വെക്കുന്നത്. ആധുനിക കച്ചവട വിപണിയുടെ ഒരു കലോൽപന്നമായി സിനിമ മാറിയതിനാൽ ഇത്തരത്തിലുള്ള വാണിജ്യപരമായ ലാഭേച്ഛകളും അനുകല്പന ശ്രമങ്ങളിൽ കാണാൻ സാധിക്കും. ചലച്ചിത്രകാരൻ ഒരു കഥ തിരഞ്ഞെടുക്കുന്നത് സാഹിത്യം എന്ന നിലയിൽ അതിന്റെ മേന്മ കണ്ടാണ്. ചിലപ്പോൾ, കഥയിലെ സാഹിത്യാംശത്തേക്കാൾ അതിന്റെ ചലച്ചിത്ര സാധ്യതകളാവാം സംവിധായകൻ കണക്കിലെടുക്കുക.

മുട്ടത്തുവർക്കിയുടെ നോവലുകൾ സിനിമയായപ്പോൾ ലഭിച്ച സ്വീകാര്യതയാണ് 1970 ൽ പ്രസിദ്ധീകരിച്ച അദ്ദേഹത്തിന്റെ 'വേലി' എന്ന നോവൽ 1990-ൽ വർക്കിയുടെ മരണശേഷം 'കോട്ടയം കുഞ്ഞച്ചൻ' എന്ന പേരിൽ സിനിമയാക്കാൻ ടി. എസ് സുരേഷ് ബാബുവിനെ പ്രേരിപ്പിച്ചത്. വർക്കിയുടെ നോവലിനെ ആസ്പദമാക്കി പുറത്തിറങ്ങിയ അവസാന അനുകല്പന ചിത്രമായിരുന്നു കോട്ടയം കുഞ്ഞച്ചൻ. ചിത്രം തീയേറ്ററുകളിൽ സൂപ്പർഹിറ്റാവുകയും മമ്മൂട്ടി അവതരിപ്പിച്ച കോട്ടയം കുഞ്ഞച്ചൻ എന്ന കഥാപാത്രം അദ്ദേഹത്തിന്റെ ഏറ്റവും ശ്രദ്ധേയ കഥാപാത്രമായി തീരുകയും ചെയ്തു.

മുട്ടത്തുവർക്കിയുടെ കഥയ്ക്ക് തിരക്കഥാരൂപം തയ്യാറാക്കിയത് പ്രശസ്ത തിരക്കഥാകൃത്ത് ഡെന്നീസ് ജോസഫാണ്. സുനിത പ്രൊഡക്ഷൻസിന്റെ ബാനറിൽ എം. മണിയാണ് ചിത്രം നിർമ്മിച്ചത്. ഹൃദയവനിയിലെ ഗായികയോ, ഈ നീലരാവിൽ, മഞ്ഞണിഞ്ഞ മാമലകൾ തുടങ്ങിയ ശ്രദ്ധേയ ഗാനങ്ങൾ ഈ ചിത്രത്തിലുണ്ട്. മമ്മൂട്ടി (കുഞ്ഞച്ചൻ) രഞ്ജിനി (മോളികുട്ടി) ഇന്നസെന്റ് (മിഖായേൽ) കെപിഎസി ലളിത (ഏലിയാമ്മ) സുകുമാരൻ (ഉപ്പുകണ്ടം കോര) ജോസ് പ്രകാശ് (പള്ളീലച്ചൻ) പ്രതാപചന്ദ്രൻ (കാഞ്ഞിരപ്പള്ളി പാപ്പൻ) ബാബു ആന്റണി (ജിമ്മി പാപ്പൻ) കുതിരവട്ടം പപ്പു (കുഴിയിൽകൊച്ച്) ജഗതി ശ്രീകുമാർ (കോനായിൽ കൊച്ചാപ്പി) മാള അരവിന്ദൻ (അന്ത്രു) സൈനുദ്ദീൻ (പാപ്പി) ഗണേഷ് കുമാർ (ഉപ്പുകണ്ടം മാത്തൻ) ബൈജു (ബോസ്കോ) ഉഷ (സൂസി) കുഞ്ചൻ (കുട്ടിയപ്പൻ) രവി വള്ളത്തോൾ (കുഴിയിൽ ജോയി) അടൂർ ഭവാനി (മരം കേറി മറിയാമ്മ) യദുകൃഷ്ണൻ (കുട്ടപ്പൻ) കൃഷ്ണൻകുട്ടി നായർ (പച്ചക്കുളം വാസു) എന്നിങ്ങനെ 1980-90 കാലഘട്ടങ്ങളിൽ മലയാള സിനിമയിൽ തിളങ്ങി എന്ന ജനപ്രിയ താരങ്ങൾ ഈ സിനിമയിൽ മുട്ടത്തുവർക്കിയുടെ കഥാപാത്രങ്ങളായി അണിനിരക്കുന്നു.

1980 കൾ വരെയുള്ള കച്ചവടസിനിമകളുടെ പ്രധാന ന്യൂനത സിനിമയുടെ ഭാഷയും വ്യാക

രണവും അവ പുലർത്തുന്നില്ല എന്നതായിരുന്നു. എന്നാൽ എൺപതുകൾ കഴിഞ്ഞതോടെ മുഖ്യധാര സിനിമ ഈ പരിമിതിയിൽ നിന്നും മോചിക്കപ്പെട്ടു. തൊണ്ണൂറുകളോടുകൂടി കച്ചവട സിനിമയിൽ വലിയ മാറ്റങ്ങൾ തുടങ്ങി. വീഡിയോ വിപ്ലവം മലയാള സിനിമയ്ക്ക് നൽകിയ ഏറ്റവും വലിയ സംഭാവന സംവിധായകർക്ക് ഉണ്ടായ ബോധവൽക്കരണത്തിലൂടെ യഥാർത്ഥ സിനിമ ഭാഷയിൽ സംവദിക്കാൻ വഴിയൊരുക്കി എന്നതാണ്. ഷോട്ടുകൾ രംഗസ്വഭാവത്തിൽ നിന്ന് വിമുക്തമാകുകയും കൂടുതൽ ചലച്ചിത്രപരമായി തീരുകയും ചെയ്തു. ഷോട്ടുകളുടെ വിന്യാസരീതി ചടുലമാവുകയും ഷോട്ടുകൾക്കകത്തെ ചലനത്തിന് തീവ്രതയേറുകയും ചെയ്തു. ആക്ഷൻ കോമഡി സിനിമകൾ കൂടുതൽ പുറത്തിറങ്ങി. താരങ്ങളും താരസംഘടനകളും ഫാൻസ് അസോസിയേഷനുകളും രൂപപ്പെടാൻ തുടങ്ങി. മലയാള സിനിമയിൽ പുതിയ നായകത്വങ്ങൾ വിഗ്രഹവൽക്കരിക്കപ്പെട്ടു. പ്രേക്ഷകരെ തൃപ്തിപ്പെടുത്തുന്ന തരത്തിൽ കച്ചവട കേന്ദ്രിതമായ താരനായകന്മാരുടെ ചിത്രമാണ് അക്കാലത്ത് കൂടുതൽ പുറത്തുവന്നത്. മുട്ടത്തുവർക്കിയുടെ വേലി എന്ന നോവലിനെ ആസ്പദമാക്കി മമ്മൂട്ടിയെ പോലുള്ള ഒരു താരത്തെ വെച്ച് കോട്ടയം കുഞ്ഞച്ചൻ പോലെ ഒരു ജനപ്രിയ ചിത്രം സംവിധാനം ചെയ്യാൻ സുരേഷ് ബാബുവിനെ പ്രേരിപ്പിച്ചതും ഈ ഘടകങ്ങളെല്ലാം തന്നെയാണ്.

27 അധ്യായങ്ങളായിട്ടാണ് വർക്കി വേലി എന്ന നോവൽ എഴുതിയിട്ടുള്ളത്. ഓരോ അധ്യായത്തിനും ഓരോ ശീർഷകവും നൽകിയിട്ടുണ്ട്. മധ്യകേരളത്തിലെ ഓടാങ്കര എന്ന ഗ്രാമത്തിലാണ് കഥ നടക്കുന്നത്. ദൈവഭക്തനും ശാന്തശീലനുമായ മിഖായേൽ ചേട്ടൻ, തന്റേടിയെങ്കിലും സ്നേഹമയിയും പതിഭക്തയുമായ ഭാര്യ ഏലിയാമ്മ, തങ്ങളുടെതായ സ്വപ്നലോകത്ത് പാറിപ്പറിക്കാൻ മോഹിക്കുന്ന ഗ്രാമീണകന്യകകളായ പെൺമക്കൾ മോളിക്കുട്ടിയും സൂസിയും, മകൻ കുട്ടപ്പൻ. ഓടാങ്കരയിലെ മാതൃകാകുടുംബമായിരുന്നു അവരുടേത്. അയൽക്കാരനായ പണക്കാരൻ കാഞ്ഞിരപ്പള്ളി പാപ്പൻ അവരെ പലതരത്തിലും ദ്രോഹിക്കുന്നു. അയാളുമായുള്ള അതിർത്തി തർക്കത്തിൽ വാശിക്കാരിയായ ഏലിയാമ്മ ഉയർത്തിയ വേലി പല ദുരന്തങ്ങൾക്കും കാരണമാകുന്നു. മോളിക്കുട്ടിക്ക് അവളുടെ ഹൃദയനാഥനായ ജോയിയെ നഷ്ടപ്പെടുന്നു. ഇതിനിടയിൽ കോട്ടയം കുഞ്ഞച്ചൻ എന്ന റൗഡിയെ കൂടെ താമസിപ്പിക്കേണ്ട സാഹചര്യവും ആ കുടുംബത്തിന് ഉണ്ടായി. പാപ്പനെതിരെ കുഞ്ഞച്ചന്റെ പേശീബലമായിരുന്നു അവർക്ക് സഹായം. ഒടുവിൽ കുഞ്ഞച്ചൻ മോളിക്കുട്ടിയെ വിവാഹം കഴിക്കുന്നു. മിഖായേൽ ചേട്ടൻ മരിക്കുന്നു. ഏലിയാമ്മയും പാപ്പനും തമ്മിലുള്ള തർക്കം തീരുന്നു. ഇരുവീടുകൾക്കും മധ്യത്തിൽ കെട്ടിയിരിക്കുന്ന വേലി അവർ പൊളിക്കുന്നതോടെ നോവൽ മംഗളകരമായി കലാശിക്കുന്നു.

ജനപ്രിയനോവലിന്റെ പൊതുസവിശേഷതകൾ വേലിയിൽ ഉണ്ട്. മധ്യതിരുവിതാംകൂറിലെ ഹൈറേഞ്ച് പ്രദേശത്തിന്റെ ഭൂമിശാസ്ത്രവും ക്രൈസ്തവസമുദായവും നാണ്യവിളകളുടെ കൃഷിയുമായി ബന്ധപ്പെട്ട സാമ്പത്തിക പശ്ചാത്തലവും വർക്കിയുടെ മിക്ക നോവലുകളിലും എന്ന പോലെ വേലിയിലും ആവർത്തിക്കുന്നുണ്ട്. നിഷ്കളങ്കമായ വായനയിൽ ഗ്രാമജീവിതത്തിന്റെ പച്ചയായ ചിത്രീകരണമാണ് ഈ നോവൽ. വേലി എന്ന പ്രതീകത്തെ നോവലിന്റെ കേന്ദ്രബിന്ദുവായി പ്രതിഷ്ഠിച്ചു കൊണ്ട് കേരളീയ ഗ്രാമജീവിതത്തിന്റെ യഥാർത്ഥ ചിത്രീകരണമാണ് നോവൽ നിർവഹിക്കുന്നത് എന്ന ധാരണ ഉണ്ടാക്കാൻ വർക്കിക്ക് കഴിയുന്നു. ഇവിടത്തെ ജീവിതയാഥാർത്ഥ്യം രണ്ടു കുടുംബങ്ങളുടെ പരസ്പരവൈരത്തിന്റെ അതിഭാവുകമായ ആവിഷ്കരണമാണ്. കഥാതന്തുവിന്റെ ഫോർമുലയുമായി ഭൗതിക ഭൂമിശാസ്ത്രത്തിന് ദൃഢമായി ബന്ധമൊന്നുമില്ല. അച്ഛൻ, അമ്മ, മകൾ കാമുകൻ, ശത്രു തുടങ്ങിയ ധർമികൾ മാത്രമാണ് നോവലിലെ കഥാപാത്രങ്ങൾ.

വൈവിധ്യമുള്ള കഥാപാത്രങ്ങൾ മുട്ടത്തുവർക്കിയുടെ മറ്റു നോവലുകളിൽ എന്നപോലെ വേലിയിലും കാണാം. നോവലിലെ ഭൂരിഭാഗം കഥാപാത്രങ്ങളെയും സിനിമയിൽ അത് പോലെ തന്നെ നിലനിർത്തിയിട്ടുണ്ട്. ചില കഥാപാത്രങ്ങളെ സംവിധായകൻ സിനിമയിൽ ഒഴിവാക്കിയതായി കാണാം. ഇരുപതിലധികം അധ്യായങ്ങളുള്ള ഒരു നോവൽ രണ്ടു മണിക്കൂർ മാത്രമുള്ള സിനിമയാക്കുമ്പോൾ കഥാപാത്ര ബാഹുല്യം പലപ്പോഴും പ്രശ്നം സൃഷ്ടിക്കും. അതി

നാൽ തന്നെ പ്രധാനപ്പെട്ട കഥാപാത്രങ്ങൾ മാത്രം അനുകല്പന സിനിമയിലേക്ക് സ്വീകരിക്കേണ്ടി വരും. വർക്കിയുടെ വേലി എന്ന നോവൽ അതുപോലെ ചലച്ചിത്രമാക്കുകയല്ല സംവിധായകൻ ചെയ്തിരിക്കുന്നത്. മൂലകഥയും ചില കഥാപാത്രങ്ങളും കഥാസന്ദർഭങ്ങളും മാത്രം സിനിമയ്ക്ക് അനുയോജ്യമായ രീതിയിൽ സ്വീകരിച്ചിരിക്കുന്നു. നോവലിലെ ഭൂരിഭാഗം ഭാഗങ്ങളും അതോടൊപ്പം പുതിയ കഥാ പരിസരങ്ങളും സിനിമയിൽ കൂട്ടിച്ചേർക്കുകയും ചെയ്തിട്ടുണ്ട്. വർക്കിയുടെ കഥാപാത്രങ്ങൾക്ക് അനുയോജ്യരായിട്ടുള്ള അഭിനേതാക്കളെ തന്നെയാണ് സംവിധായകൻ തിരഞ്ഞെടുത്തിരിക്കുന്നത്. വേലി കെട്ടിയതിന്റെ പേരിൽ ഏലിയാമ്മയും പാപ്പനും തമ്മിൽ തെറ്റുകയും നോവലിന്റെ ഒടുവിൽ പിണക്കം മാറി അവർ ഒന്നിക്കുകയും ചെയ്യുന്നു. എന്നാൽ സിനിമയിൽ പാപ്പനെ അവസാനം പോലീസ് അറസ്റ്റ് ചെയ്തു കൊണ്ട് പോകുന്ന രീതിയിലാണ് ചിത്രീകരിച്ചിരിക്കുന്നത്. നോവലിൽ ഇല്ലാത്ത ജിമ്മി എന്ന കഥാപാത്രത്തെ വില്ലനായി സിനിമയിൽ സംവിധായകൻ അവതരിപ്പിക്കുകയും ചെയ്യുന്നുണ്ട്. ഹൃദയാഘാതത്താലാണ് മിഖായേൽ എന്ന കഥാപാത്രം നോവലിൽ മരണപ്പെടുന്നത്. എന്നാൽ സിനിമയിൽ ജിമ്മി മിഖായലിനെയും ഏലിയാമ്മയുടെ സഹോദരങ്ങളേയും കൊല്ലുന്നതായി ചിത്രീകരിച്ചുകൊണ്ട് സിനിമയുടെ അവസാനം നോവലിൽ നിന്നും തികച്ചും വ്യത്യസ്തമാക്കി, ആക്ഷൻ വയലൻസ് രംഗങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകി സിനിമാറ്റിക്കാക്കിത്തീർത്തിട്ടുണ്ട്. നോവലിൽ ഇല്ലാത്ത ആക്ഷൻ-ഹാസ്യരംഗങ്ങളും അധികമായി സിനിമയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിനുവേണ്ടി കുതിരവട്ടം പപ്പു, ജഗതി ശ്രീകുമാർ, മാള അരവിന്ദൻ, സൈനുദ്ദീൻ, കുഞ്ചൻ കൃഷ്ണൻകുട്ടി നായർ എന്നിങ്ങനെയുള്ള ഹാസ്യതാരങ്ങളെ സംവിധായകൻ ഉപയോഗിക്കുന്നു.

സിനിമയിൽ കോട്ടയം കുഞ്ഞച്ചൻ എന്ന കഥാപാത്രത്തെ അവതരിപ്പിച്ചത് മമ്മൂട്ടിയാണ്. നോവലിന്റെ പേര് 'വേലി' എന്നായിരുന്നു, എന്നാൽ സിനിമയായപ്പോൾ അത് 'കോട്ടയം കുഞ്ഞച്ചൻ' എന്നായി മാറി. പേരിൽ തന്നെ സിനിമയുടെ കച്ചവടതന്ത്രം തെളിയുന്നു. വേലി എന്ന സാധാരണ പേരിൽ നിന്നും എന്തുകൊണ്ടും ആകർഷകമാണ് കോട്ടയം കുഞ്ഞച്ചൻ എന്ന നായക കേന്ദ്രിതമായ പേര്. മാത്രമല്ല നോവലിൽ വില്ലൻ സ്ഥാനത്ത് ഒതുങ്ങിയിരുന്ന കുഞ്ഞച്ചൻ എന്ന കഥാപാത്രം സിനിമയിലേക്ക് എത്തുമ്പോൾ നായകസ്ഥാനത്തേക്ക് അവരോധിക്കപ്പെടുന്നു. മമ്മൂട്ടിയുടെ അഭിനയജീവിതത്തിലെ തന്നെ ശ്രദ്ധേയമായ കഥാപാത്രങ്ങൾ ഒന്നായിരുന്നു കുഞ്ഞച്ചൻ എന്ന കോട്ടയം ക്രിസ്ത്യാനിയുടെ അച്ചായൻ വേഷം. കറുത്ത കണ്ണടയും സിൽക്ക് ജുബ്ബയും തോളിൽ ഒരു മുണ്ടും ധരിച്ച് 'ജോഷി ചതിച്ചാശാനേ' എന്ന് പറഞ്ഞ കുഞ്ഞച്ചനെ മലയാളിക്ക് ഒരിക്കലും മറക്കാനാവില്ല. ഒരു നോവലിലെ കഥാപാത്രം ആ നോവലിനേക്കാൾ ജനപ്രിയമാകുന്ന കാഴ്ച പിന്നീട് നാം കാണുകയുണ്ടായി.

കോട്ടയം കുഞ്ഞച്ചൻ എന്ന കഥാപാത്രമായി മമ്മൂട്ടിയെ പോലുള്ള ഒരു ജനപ്രിയ താരത്തെ തിരഞ്ഞെടുത്തതിലും കാരണങ്ങളുണ്ട്. തൊണ്ണൂറുകളിലാണ് മമ്മൂട്ടി എന്ന നടൻ താര പദവിയിലേക്ക് ഉയർന്നുവന്നത്. മമ്മൂട്ടിയെ താരപദവിയിലേക്ക് എത്തിച്ചതിന് പിന്നിലും അദ്ദേഹത്തിന് കിട്ടിക്കൊണ്ടിരിക്കുന്ന ജനപ്രീയതയ്ക്ക് പിന്നിലുമുള്ള കാരണങ്ങൾ അന്വേഷിക്കേണ്ടതുണ്ട്. മലയാളിയുടെ ആൺ സങ്കല്പത്തിന്റെ രണ്ടുവശങ്ങളായിട്ടാണ് മമ്മൂട്ടിയും മോഹൻലാലും പലപ്പോഴും വായിക്കപ്പെടുന്നത്. മമ്മൂട്ടിയെ Phallic ഹീറോയായി കാണുന്ന പഠനങ്ങൾ ഉണ്ട്. പക്വതയും അധികാരഭാവവും കലർന്ന പൗരുഷമാണ് മമ്മൂട്ടി കാഴ്ചവെക്കുന്നത്. പൗരുഷത്തിന്റെ ഗൗരവം, ശരീരം, മീശ, കനമേറിയ ശബ്ദം എന്നിവ കടം വാങ്ങിക്കൊണ്ടാണ് മമ്മൂട്ടി എൺപതുകളിലെയും തൊണ്ണൂറുകളിലെയും ഗ്ലാമർ താരമാകുന്നത്. മമ്മൂട്ടിയുടെ താര വ്യക്തിത്വത്തെ ബിപിൻ ചന്ദ്രൻ ഇങ്ങനെ വിലയിരുത്തുന്നു "സാമൂഹ്യാനീതികൾക്കെതിരെ പ്രതികരിക്കുന്നയാൾ, ശക്തനായ കുടുംബനാഥൻ, നിയമപാലകൻ, ആന്റിഹീറോ, രക്ഷാകർത്താവ്, റോൾ മോഡലായ ഭർത്താവ് എന്നിങ്ങനെ ഇമേജുകളും താൻ അവതരിപ്പിച്ച കഥാപാത്രങ്ങളിലൂടെ മമ്മൂട്ടി നേടിയെടുത്തു. ഏതുകാലത്തെയുമെന്നതുപോലെ പ്രേക്ഷകാവബോധത്തെ തൃപ്തിപ്പെടുത്തുന്നതിലൂടെയാണ് മമ്മൂട്ടി എന്ന താരവും നിലനിൽക്കുന്നത്"4 (2007:21) . 'അസാധാരണത്വം, പൂർണ്ണത എന്നിവയെ കുറിക്കുന്ന ഐഡിയൽ സ്വത്വത്തെയാണ് മമ്മൂട്ടി പ്രതിനിധാനം ചെയ്യുന്നത്' (ഫിലിപ്പ്&ഒസെല്ല) ; 'പൗരുഷത്തിന്റെ ഏകാന്തതയിൽ വിഹരിക്കു

ന്ന അധികാര -പിതൃരൂപമാണ് മമ്മൂട്ടി'5 (സി. എസ് വെങ്കിടേശ്വരൻ) ; 'സ്ത്രീ -പുരുഷസമവാക്യങ്ങൾ മാറിക്കൊണ്ടിരുന്ന കേരള സമൂഹത്തിൽ സ്ത്രീയെ നിലക്കനിറുത്തുന്ന ശക്തനായ പുരുഷനെയാണ് മമ്മൂട്ടി അവതരിപ്പിച്ചുപോന്നത്'6 (കെ. ഗോപിനാഥൻ, പി. എസ് രാധാകൃഷ്ണൻ.) ഈ നിരീക്ഷണങ്ങളെല്ലാം സൂചിപ്പിക്കുന്നത് ലോകത്തെ, സമൂഹത്തെ നയിക്കുന്ന, നിയന്ത്രിക്കുന്ന അതിന്മേൽ ആധിപത്യം ഉറപ്പിക്കുന്ന ഒരു നായകരൂപമാണ് മമ്മൂട്ടിയുടേത് എന്നാണ്. മമ്മൂട്ടി എന്ന താരസ്വരൂപം കൂടുതൽ അടുത്തുനിൽക്കുന്നത് പൗരുഷത്തോടും അധികാര സ്വരൂപങ്ങളോടും അതിനായക -പിതൃരൂപങ്ങളോടുമാണ്. മമ്മൂട്ടിയുടെ ഏറ്റവും മികച്ച കഥാപാത്രങ്ങൾ കുടുംബം, സമുദായം, സമൂഹം, ദേശം തുടങ്ങിയവയുടെ അധികാരമായി ബന്ധപ്പെട്ടതാണ്. നോവലിൽ തന്നെ കോട്ടയം കുഞ്ഞച്ചൻ എന്ന കഥാപാത്രത്തെ മുട്ടത്തുവർക്കി അവതരിപ്പിക്കുന്നത് ഇങ്ങനെയാണ് 'ഒരു സിനിമാനടന്റെ പോലെ സുഭഗനായ ഒരു ഇരുപത്തെട്ടുകാരൻ, മുഖത്ത് അരമുക്കാൽ ഇഞ്ചോളം മീശ വളർത്തിയിരിക്കുന്നു, വെളുത്തു ചുവന്ന ദൃഢപേശിയുള്ള ശരീരം, വിരിവുള്ള നെഞ്ചിൽ നിബിഡമായി വളർന്നുനിൽക്കുന്ന രോമങ്ങൾ തുറന്നിട്ടിരിക്കുന്ന ഷർട്ടിന്റെ വിടവിലൂടെ കാണാം'7. (1970:98-99) ഈ ആണത്തത്തെ പ്രതിനിധീകരിക്കുന്ന കഥാപാത്രം തന്നെയാണ് മമ്മൂട്ടി സ്ക്രീനിൽ അവതരിപ്പിച്ചത്. ടെറിലിൻ ഹാഫ്ഷർട്ടും അലക്കിതേച്ച ഡബ്ബിൽ വേഷ്ടിയും സ്വർണ്ണ ഫ്രെയിമുള്ള കൂളിംഗ് ഗ്ലാസും വെച്ച് നോവലിൽ കാണുന്ന അതേ കുഞ്ഞച്ചനെ നമുക്ക് സിനിമയിലും കാണാം. നോവലിൽ കുഞ്ഞച്ചനെ കുറിച്ച് വർക്കി ചില സൂചനകൾ തരുന്നുണ്ട്. കുഞ്ഞച്ചൻ ഒരു ഓട്ടോ വർക്ക്ഷോപ്പ്മെക്കാനിക്ക് ഡ്രൈവിംഗ് സ്കൂൾ നടത്തുന്നവനാണ്. ജമീല എന്ന മുസ്ലിം യുവതിയെ തട്ടിക്കൊണ്ടുപോയി രജിസ്റ്റർ വിവാഹം കഴിക്കുകയും പിന്നീട് ഉപേക്ഷിക്കുകയും അഞ്ചാറു മാസം ജയിലിൽ കിടക്കുകയും (രണ്ടുപേരെ കൊന്നതിന്) പിന്നീട് ഒരു ഈഴവത്തി പെണ്ണിനെ കൂടെ താമസിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കുഞ്ഞച്ചന്റെ ജോലി അതുപോലെ സിനിമയിലും നിലനിർത്തിയിട്ടുണ്ട്. ജയിലിൽ നിന്ന് ഇറങ്ങുന്ന കുഞ്ഞച്ചനെ സിനിമയിൽ കാണാം. എന്നാൽ അയാളുടെ ഭൂതകാലം സിനിമ മറച്ചു വെക്കുകയും വില്ലനായ അയാളെ നായക പദവിയിലേക്ക് ഉയർത്തുകയും ആദർശവത്ക്കരിക്കുകയും ചെയ്യുന്നു. ഇത്തരം ആദർശവൽക്കരണമാണ് കോട്ടയം കുഞ്ഞച്ചൻ എന്ന കഥാപാത്രത്തെ പ്രേക്ഷകർക്ക് പ്രിയങ്കരനാക്കി മാറ്റിയത്.

വേലി എന്ന നോവലിനെ ശ്രദ്ധേയമാക്കുന്ന ഒരു പ്രധാന ഘടകം ഇതിവൃത്തത്തോട് ചേർന്ന് മുട്ടത്തുവർക്കി ഉപയോഗിച്ചിരിക്കുന്ന പഴഞ്ചൊല്ലുകളുടെ ഉപയോഗമാണ്. ഓരോ കഥാസന്ദർഭത്തിനും ഉചിതവും അനുയോജ്യവുമായ അനവധി ചൊല്ലുകൾ കഥാഖ്യാനത്തോട് ചേർന്ന് കാണാം. ചക്കിന് വെച്ചത് കൊക്കിന്കൊണ്ടു (പു. 14) കുത്തംകെട്ടവന്റെ ചെലവും കുന്തക്കാരന്റെ വരവും ( 25) അളമുട്ടിയാൽ പാമ്പും തിരഞ്ഞുകൊത്തും (40) പട പേടിച്ച് പന്തളത്ത് ചെന്നപോലെ (100) പാമ്പ് കടിച്ചവന്റെ തലയിൽ ഇടിവെട്ടിയ പോലെ (148) ഒഴുക്കുനീറ്റിൽ അഴുക്ക നീരില്ല (169) പിള്ളമനസ്സിൽ കള്ളമുണ്ടോ (199) ഉപ്പുതിന്നോരു വെള്ളം കുടിച്ചോളും (260) ഇത്തരത്തിൽ കഥാസന്ദർഭത്തോട് ചേർന്ന് നിന്ന് ആഖ്യാനത്തിനു മിഴിവ് നൽകുന്ന ചൊല്ലുകളുടെ സമൃദ്ധമായ ഉപയോഗം നോവൽ സിനിമയാക്കിയപ്പോൾ ഉപയോഗിച്ചതായി കാണുന്നില്ല. അനുകൽപ്പനത്തിൽ ഇതൊക്കെ ചോർന്നു പോകുന്നതായിട്ടാണ് കാണുന്നത്. അതുപോലെ നോവൽ സിനിമയായപ്പോൾ ചോർന്നുപോയ ഒന്നാണ് വർക്കി ഉപയോഗിച്ച വാമൊഴി നാട്ടുഭാഷാപദങ്ങൾ. വെങ്കതി (നുണ) കൃതിച്ച് (വീണ്ടും) ചുറുക്കെ (വേഗത്തിൽ) തേറുക (ആശ്വാസപ്പെടുക) പാങ്ങ് (കഴിവ്) ചഞ്ചലിപ്പ് (പേടി) പതിത്തം (വീഴ്ച്ച) മൂച്ച് (കാഠിന്യം) കുരണ്ടി (ഇരിക്കാനുള്ള പലക) പിണി (കെട്ട്) എന്നിങ്ങനെ നോവലിന് സൗന്ദര്യം നൽകുന്ന വർക്കിയുടെ കൃതികളിലെ സാമുദായികനാട്ടുഭാഷാപദങ്ങൾ സിനിമയിൽ ഒരിടത്തുംഉപയോഗിച്ചു കാണുന്നില്ല.

വേലി എന്ന നോവൽ കോട്ടയം കുഞ്ഞച്ചനായപ്പോൾ ആ സിനിമയുടെ വിപണിവിജയത്തിന് ഏറെ സഹായകമായത് കഥാപാത്രങ്ങൾ ഉപയോഗിച്ച പ്രാദേശിക - വാമൊഴിഭാഷാപ്രയോഗമായിരുന്നു. നോവലിൽ ഉള്ളതിനേക്കാൾ സമർത്ഥമായി സിനിമയിൽ പ്രാദേശിക ഭാഷാപ്രയോഗം ഉപയോഗപ്പെടുത്തിയിട്ടുണ്ട്. പ്രത്യേകിച്ച് മമ്മൂട്ടി അവതരിപ്പിച്ച കുഞ്ഞച്ചൻ എന്ന കഥാപാത്രത്തിന്റെ സംഭാഷണ ഭാഷയാണ് കാണികൾ കൂടുതൽ ഏറ്റെടുത്തത്. കോ

ട്ടയം ജില്ലയിലെ പ്രത്യേകിച്ച് കുമരകം, ചങ്ങനാശ്ശേരി, ഏറ്റുമാനൂർ പ്രദേശങ്ങളിലെ സംഭാഷണഭാഷയാണ് സിനിമയിൽ ഉപയോഗപ്പെടുത്തിയിട്ടുള്ളത്. കറകളഞ്ഞ കോട്ടയം ഭാഷ സംസാരിക്കുന്ന ചില കഥാപാത്രങ്ങൾക്കിടയിൽ നായകന്റെ പേരിന് വിശേഷണമായി കോട്ടയം എന്ന സ്ഥലനാമം കൂടി ചേർക്കുമ്പോൾ ഈ സിനിമയുടെ പിന്നിൽ പ്രവർത്തിച്ചവർക്ക് പക്ഷേ വിപണിയിലധിഷ്ഠിതമായ ഒരു കാഴ്ചപ്പാടും കൂടി ഉണ്ടായിരുന്നിരിക്കണം.

മീനച്ചിൽ, മണിമല, മൂവാറ്റുപുഴ എന്നീ നദികൾ ഒഴുകുന്ന മലയോര മേഖലകൾ കൊണ്ട് സമ്പന്നമായ ഒരു ജില്ലയിലെ കാർഷികവൃത്തിക്കുമേൽക്കൈയുള്ള ജനതയുടെ നാട്ടുഭാഷ അതേപടി പകർത്തുന്ന കഥാപാത്രങ്ങൾ കോട്ടയം കുഞ്ഞച്ചനിൽ നിരവധിയുണ്ട്. ഏലിയാമ്മച്ചേട്ടത്തിയും മിഖായേലും കോരയും ഇക്കൂട്ടത്തിൽപ്പെടുന്നു. നാണ്യവിളകളുടെ നാട്ടിൽ ഒരു ശരാശരി റബ്ബർ അച്ചായന്റെ സംഭാഷണ പ്രകൃതം ഈ കഥാപാത്രങ്ങളിൽ ആരോപിക്കാൻ സാധിക്കും. കല്യാണാലോചനയുമായി ചെറുക്കനെ കളിയാക്കി പിന്തിരിപ്പിച്ച കുഞ്ഞച്ചനോടുള്ള ഏലിയാമ്മയുടെ പരിഭവവും ശകാരവും തന്നെ ഉദാഹരണം. "എനിക്കാ കോട്ടയം കൊഞ്ഞാണനോട് രണ്ട് വർത്തമാനം ചോദിക്കാതെന്റെ ചൊറിച്ചിൽ മാറത്തില്ല... കുഞ്ഞച്ചോ അവിടെനിന്നേ ; അല്ലാ നീയിതെന്നാ കാട്ടായമാ കുഞ്ഞച്ചാ കാണിച്ചത്?". ഇത്തരം തനി കോട്ടയം ഭാഷ മാത്രം പറഞ്ഞുതീർക്കുന്നതല്ല ഈ സിനിമയുടെ വാമൊഴിപ്പെരുമ. കഥാപാത്രത്തിന്റെ തട്ടകമറിഞ്ഞു ഭാഷ പ്രയോഗിക്കുന്നതിലെ വൈദഗ്ധ്യം മമ്മൂട്ടിയോളം പ്രകടിപ്പിച്ച മറ്റൊരു നടനും മലയാളിൽ ഉണ്ടായിട്ടില്ല. ജോഷിയുടെ 'സംഘം' എന്ന സിനിമ ഈ ശൈലിയുടെ ആദ്യ വിജയപരീക്ഷണമാണ്. കോട്ടയത്തുകാരൻ അച്ചായന്റെ കുസൃതിത്തരമുള്ള ഭാഷ കൊണ്ടാണ് 'സംഘത്തിലെ' മമ്മൂട്ടിയെ പ്രേക്ഷകർ സ്വീകരിച്ചതെങ്കിൽ കാഞ്ഞിരപ്പള്ളിക്കാരനായ 'കൂടെവിടെ'യിലെ കോട്ടയം ഭാഷ അത്രയേറെ പ്രകടനപരമല്ല. കോട്ടയം കുഞ്ഞച്ചനിലെ അച്ചായൻ റോളും വാമൊഴിഭാഷയും സൂപ്പർഹിറ്റായതോടെ അത്തരത്തിലുള്ള നിരവധി വേഷങ്ങൾ പിൽക്കാലത്ത് മമ്മൂട്ടിയെ തേടി വരികയുണ്ടായി. സംഘം, മറവത്തൂർ കനവ്, എഴുപുന്നതരകൻ, കിഴക്കൻ പത്രോസ്, നസ്രാണി, തോപ്പിൽ ജോപ്പൻ എന്നിങ്ങനെ അനവധി ഉദാഹരണങ്ങൾ.

സംഘത്തിലും നസ്രാണിയിലും മമ്മൂട്ടി അവതരിപ്പിച്ച കഥാപാത്രങ്ങളിൽ നിന്നും കോട്ടയം കുഞ്ഞച്ചനെ വിഭിന്നനാക്കുന്നത് വാമൊഴിയിൽ മമ്മൂട്ടി പ്രകടിപ്പിക്കുന്ന അസാമാന്യമായ കഴിവാണ്. കുഞ്ഞച്ചനടക്കം കലാപത്രങ്ങളെ അച്ചായൻ ഭാഷ സംസാരിക്കുന്നതായിരുന്നു മുട്ടത്തുവർക്കിയുടെ നോവൽ. സാഹിത്യരചനയിൽ ചന്തുമേനോനും മറ്റും അനുവർത്തിച്ച പ്രാദേശികഭാഷാവഴക്കം ഒരിടവേളക്ക് ശേഷം തിരിച്ചുപിടിച്ച മുട്ടത്തുവർക്കികൃതികളുടെ മണവും ഗുണവും തന്നെയായിരുന്നു വേലിയിലും പ്രകടമായത്. മധ്യകേരളത്തിലെ ക്രിസ്ത്യാനിവിഭാഗത്തിന്റെ വാമൊഴിവഴക്കങ്ങൾ മുട്ടത്തുവർക്കി സ്വീകരിച്ച പോലെ കോട്ടയം കുഞ്ഞച്ചൻ എന്ന സിനിമയിലേക്കും ആവിഷ്കരിക്കുകയായിരുന്നു. ജന്മംകൊണ്ട് കോട്ടയത്തുകാരനായ മമ്മൂട്ടിയുടെ അനായാസമായ ഭാഷാപ്രയോഗനൈപുണ്യവും കൂടിച്ചേർന്നതോടെ കോട്ടയം കുഞ്ഞച്ചൻ ജനങ്ങളുടെ പ്രിയപ്പെട്ട കഥാപാത്രമായി മാറി. കോട്ടയം ജില്ലയിലെ ഏറ്റുമാനൂർ സ്വദേശിയായ തിരക്കഥാകൃത്ത് ഡെന്നിസ് ജോസഫ് തീർത്തും പരിചിതമായ ഒരു വാമൊഴി വഴക്കത്തിനകത്തു നിന്നുകൊണ്ടാണ് ഈ സിനിമയിലെ കഥാപാത്രങ്ങൾക്ക് സംഭാഷണം രചിച്ചത്. പ്രാദേശികഭാഷാവിനിമയം പരിചിതമാക്കുന്നതിൽ കോട്ടയം കുഞ്ഞച്ചൻ നേടിയത് അസൂയാവാഹമായ വിജയമായിരുന്നു. ചലച്ചിത്രത്തിന്റെ ജയ പരാജയങ്ങളെ കുറിച്ചുള്ള മുൻവിധികളെയെല്ലാം അപ്രസക്തമാക്കിയതിന് പ്രധാന കാരണം മമ്മൂട്ടിയുടെ താരസാന്നിധ്യം തന്നെയാണ്.

കഥാപാത്രങ്ങളെ സൂക്ഷ്മമായി വർണ്ണിക്കുന്ന രീതി വർക്കിയുടെ മറ്റു നോവലുകളിലേത് പോലെ വേലിയിലും കാണാം. ഏലിയാമ്മ എന്ന കഥാപാത്രത്തെ വർക്കി വർണ്ണിക്കുന്നത് ഇങ്ങനെയാണ് :ഏലിയാമ്മ സുന്ദരിയാണ്, വെളുത്ത് ചെമന്നിരിക്കുന്നു. തഴച്ചതലമുടി, ആ താടിയും മുറുക്കിചെമപ്പിച്ച ചുണ്ടുകളും, നീണ്ട മൂക്കും കറുത്ത കണ്ണുകളും. അധികം പൊക്കമില്ല, നല്ല ആരോഗ്യം, കാതുകളിൽ ചെമന്ന കല്ലുകൾ ; ഇടത്തെ ചെവിയുടെ അടിഭാഗത്തോടടുത്തുള്ള

കറുത്ത മറുക് ഒരഴകു തന്നെ. കഴുത്തിൽ കൊന്തയും വെന്തിങ്ങയുമുണ്ട്;അവയുടെ ഇടയിൽ കൂടി ഒരു കയർപിരിയൻ സ്വർണ്ണമിന്നുമാല തിളങ്ങുന്നു. നേർത്ത അരക്കൈയൻ ചട്ടയും; പൂക്കുല ഞൊറിച്ചിലിട്ടുടുത്തിരിക്കുന്ന കച്ചമുറിയും; കോടിനിറം; കളയാതെ അലക്കിതേച്ച കസവ്നേരിയത് കൊണ്ടുള്ള ഡാവണിയും കയ്യിൽ ലേഡീസ് അമ്പ്രല്ലായും; പാദങ്ങളിൽ പ്ലാസ്റ്റിക്കുകൊണ്ടുള്ള ചെമന്നവള്ളിച്ചെരുപ്പും; അരയന്നപ്പിടപോലത്തെ നടത്തവും ആരെയും ആകർഷിക്കാൻ പോരുന്ന മാദകമായ പുഞ്ചിരിയും'8 (1970:17) ഇത്തരത്തിലുള്ള കൃത്യമായ വിശദമായ കഥാപാത്ര വർണ്ണനകൾ സിനിമാ സംവിധായകരെ സംബന്ധിച്ചിടത്തോളം ഉചിതമായ താരങ്ങളെ തിരഞ്ഞെടുക്കാൻ സഹായിക്കും. സിനിമയിൽ ഏലിയാമ്മ എന്ന കഥാപാത്രത്തെ അവതരിപ്പിച്ച കെ. പി. എസി ലളിതയുടെ അഭിനയം വർക്കി അവതരിപ്പിച്ച നോവലിലെ കഥാപാത്രത്തിന് ഇണങ്ങുന്നതായിരുന്നു.

നോവലിൽ അക്ഷരങ്ങളിൽ എഴുതിവെച്ച കാര്യം കാണികളുടെ മനസ്സിൽ ദൃശ്യങ്ങളിലൂടെ നിർമ്മിച്ചെടുക്കുക എന്നൊരു ദൗത്യം ചലച്ചിത്രകാരനുണ്ട്. വർക്കിയുടെ മിക്ക രചനങ്ങളിലും പ്രകൃതിയുടെ ആലങ്കാരികവർണ്ണനകൾ കാണാൻ സാധിക്കും. ജനപ്രിയനോവലുകളിൽ ഒഴിച്ചുകൂടാനാവാത്ത ഒന്നാണ് ഇത്തരം വർണ്ണനകൾ. ഓടാങ്കര എന്ന മധ്യതിരുവിതാംകൂറിലെ ഗ്രാമത്തിലാണ് കഥ നടക്കുന്നത്. വേലി എന്ന നോവലിൽ വർക്കി ഉപയോഗിച്ചിട്ടുള്ള ചില വർണ്ണനകൾ നോക്കാം:'ഗ്രാമീണരുടെ മനസ്സുപോലെതന്നെ ആകാശവും തെളിഞ്ഞു പ്രകാശിച്ച കാലം. തുലാവർഷത്തിലെ കെട്ടതികളെല്ലാം കഴിഞ്ഞു തെളിഞ്ഞ പ്രകൃതി. കടിഞ്ഞൂൽപ്രസവം കഴിഞ്ഞ് അരിഷ്ടങ്ങളും ലേഹ്യങ്ങളും കഴിച്ച്, മുക്കൂട്ടുകുഴമ്പ്പുരട്ടി താളിതേച്ചു കുളിച്ചു തൊണ്ണൂറ്റു ദിവസം കഴിഞ്ഞു കണ്ണുകിട്ടാതിരിക്കാൻ വെളിച്ചെണ്ണക്കരി പുരട്ടിയ കണ്ണുകളോടുകൂടിയ യുവതിയെപ്പോലെ നയനമോഹനമായിരുന്നു. അനാഥ കുഞ്ഞുങ്ങളെപ്പോലെ നീലാകാശത്തിൽ അങ്ങിങ്ങായി നറുങ്ങു മേഘങ്ങൾ ഉറക്കം തൂങ്ങുന്നു. ഓടാങ്കര പാടശേഖരത്തിൽ കട്ടക്കാവടക്കന്റെയും തവളക്കണ്ണന്റെയും തെക്കനാര്യന്റെയും ഞാറുകൾ ഒരടികിളർന്നു. ആ പച്ചക്കായലിൽ കാറ്റടിക്കുമ്പോൾ നെല്ലോലകളുടെ കല്ലോലകൾ കാണും'9 (1970:167) . ഇത്തരത്തിലുള്ള ഗ്രാമീണ പ്രകൃതിവർണകൾ നോവലിലുടനീളം കാണാം. വായനക്കാരുടെ മനസ്സിൽ പതിയുന്ന തരത്തിലുള്ള ഇത്തരം വർണ്ണനകൾ സിനിമയിലേക്ക് വരുമ്പോൾ കാണികളെ ആകർഷിക്കുന്ന തരത്തിൽ ദൃശ്യവത്ക്കരിക്കേണ്ട ചുമതല സംവിധായകനുണ്ട്. 'കോട്ടയം കുഞ്ഞച്ചൻ' എന്ന സിനിമ തുടങ്ങുന്നത് കഥ നടക്കുന്ന ഗ്രാമത്തെ (ഓടാഞ്ചിറ) വർണിച്ചുകൊണ്ടാണ്. ചുനക്കര രാമൻകുട്ടി എഴുതി, യേശുദാസ് ആലപിച്ച ആ ഗാനം ഇങ്ങനെയാണ് :

ഓ... ഓ.. ഓ...
മഞ്ഞണിഞ്ഞ മാമലകൾ
തെന്നിവരും തേൻ പുഴകൾ പാടുന്നു
ഓ... ഓ... ഓ.. പാടുന്ന (2)
പൊന്നിലഞ്ഞി കാവുകളും പൊന്നാര്യൻ പാടങ്ങളും
പൊയ്കകൾ മലർവനികളും നിന്നാടുന്നു ഓ... (മഞ്ഞണിഞ്ഞ...)
ശാന്തി തൻ സങ്കീർത്തനങ്ങൾ മൂളുന്ന കാട്ടു മൈനകൾ
സുരലോക സൗന്ദര്യം കതിർ വീശുന്ന ഇന്നീ നാടിതിൽ
വളരുന്ന ശാന്തിയായ് പടരുന്ന കാന്തിയായ്
അഴകിന്റെ ഭാഗമായ് ഉണരുന്ന ഗ്രാമമേ
കാട്ടുകൾ മേട്ടുകൾ തോട്ടുകൾ ഉള്ളൊരു നാടാണു
ഹൊയ്യാരെ ഹൊയ്യാ ഓ... ഓ (2) (മഞ്ഞണിഞ്ഞ...)
നാടിതിൻ സമ്പൽ സമൃദ്ധി പോറ്റുന്നു
പേരായ് സോദരർ
നാനാമതസ്ഥരൊന്നായ് വാഴുന്നു എങ്ങും മോദമായ്
നിറമെഴും ഐശ്വര്യം പുലരുന്ന വാസമേ
കലയുടെ നിലയമേ കഥകളി ദേശമേ
ഏലവും തേയിലേം ഗ്രാമ്പൂം വളരുന്ന നാടാണു
ഓ.. ഹൊയ്യാരെ ഹൊയ്യ ഓ... ഹൊയ്യാരെ ഹൊയ്യാ (മഞ്ഞണിഞ്ഞ...)

ഈ ഗാനത്തിന്റെ വരികൾക്ക് അനുസരിച്ച് പാൻഷോട്ട്10, മീഡിയംഷോട്ട്11, ലോങ്ങ് ഷോട്ട്12 എന്നിവ ഉൾപ്പെടുത്തിക്കൊണ്ടുള്ള ചിത്രീകരണം തന്നെയാണ് ഗാനരംഗത്ത് കാണുന്നത്. ഓടാങ്കര എന്ന ഗ്രാമവും അവിടുത്തെ ജനജീവിതവും കാടും പാടവും മലകളും പക്ഷികളും പുഴയും കൃഷിയും തെങ്ങിൻതോപ്പും ക്രിസ്ത്യൻ പള്ളിയും അമ്പലവും വളരെ മനോഹരമായി ക്യാമറ ഒപ്പിയെടുത്തിരിക്കുന്നു. കോട്ടയം ജില്ലയിലാണ് കഥ നടക്കുന്നതെങ്കിലും ചിത്രീകരണം നടത്തിയിരിക്കുന്നത് തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകരക്കടുത്തുള്ള അമ്പൂരി എന്ന ഗ്രാമത്തിലാണ്. റബ്ബർ, കുരുമുളക് തോട്ടങ്ങൾ, വലിയ പള്ളികൾ, നടപ്പാതകൾ ഇല്ലാത്ത റോഡുകൾ തുടങ്ങിയ സവിശേഷതകളുള്ള കോട്ടയത്തെ ഒരു ഗ്രാമം തന്നെയായിരുന്നു ഈ സ്ഥലം. ചിത്രത്തിലെ തന്നെ 'ഈ നീലരാവിൽ സ്നേഹാർദ്രനായി ഞാൻ' എന്ന യേശുദാസ് ആലപിച്ച ഗാനം കഥാന്തരീക്ഷത്തെ കാല്പനികവും സജീവവുമാക്കുന്നു. യേശുദാസും സിന്ധുവും ചേർന്ന് ആലപിക്കുന്ന 'യവനകഥയിലെ നായികയോ' എന്ന ഗാനം പ്രണയത്തിന്റെ വിഭിന്ന ഭാവങ്ങൾ ആവിഷ്കരിക്കുന്നു. ചിത്രത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള മൂന്ന്ഗാനങ്ങളും സൂപ്പർ ഹിറ്റായി മാറുകയുണ്ടായി. സിനിമയുടെ ഉള്ളടക്കമായി തന്നെ നിൽക്കുന്നവയാണ് ചലച്ചിത്രഗാനങ്ങൾ. സിനിമയെന്ന കലാരൂപത്തെ ഭാവപരമായും രൂപപരമായും വാണിജ്യപരമായും നിർണയിക്കുന്നതിൽ ചലച്ചിത്രഗാനങ്ങൾക്കുള്ള പങ്ക് ശ്രദ്ധേയമാണ്. കോട്ടയം കുഞ്ഞച്ചൻ എന്ന സിനിമ ജനപ്രിയമായിത്തീരുന്നതിൽ അതിലെ ഗാനങ്ങൾ വഹിച്ച പങ്കും അവഗണിക്കാനാവില്ല.

ക്യാമറയുടെ ചലനം, ക്യാമറാദൂരം, കാഴ്ചകോണുകൾ, വർണ്ണം, വെളിച്ചവിധാനം, സംഗീതം, പശ്ചാത്തലസംഗീതം, ശബ്ദവൈചിത്ര്യങ്ങൾ എഡിറ്റിംഗ്, വസ്ത്രാലങ്കാരം എന്നിങ്ങനെ അനവധി ഘടകങ്ങൾ ചലച്ചിത്രപഠനത്തിന് പരിഗണിക്കാവുന്നതാണ്. ആനന്ദക്കുട്ടനാണ് സിനിമയുടെ ഛായാഗ്രഹണംനിർവഹിച്ചിരിക്കുന്നത്. കോട്ടയം കുഞ്ഞച്ചനെ ആദ്യമായി കാണിക്കുന്ന സീൻ തന്നെ ചിത്രികരിച്ചിരിക്കുന്നത് Tilt Up shot13 ൽ ആണ്. കാലിൽ നിന്നും ക്യാമറ Tilt ചെയ്ത് മുഖം അനാവരണംചെയ്യുന്ന രീതിയിലാണ് ഇത് ചിത്രീകരിച്ചിരിക്കുന്നത്. നായകന്റെ അതിനായകത്വം വെളിപ്പെടുത്തുന്ന മട്ടിലുള്ള സീൻ കൂടിയാണ്. ജയിലിൽ നിന്ന് തിരിച്ചെത്തിയ കുഞ്ഞച്ചൻ മുതലാളിയുടെ ഗുണ്ടാസംഘങ്ങളുമായി ഏറ്റുമുട്ടിയ ശേഷം അദ്ദേഹത്തെ പോലിസ് അറസ്റ്റ് ചെയ്തു കൊണ്ടുപോകുന്ന സീനിൽ Dissolve Effect14 മനോഹരമായി ഉപയോഗപ്പെടുത്തിയിരിക്കുന്നു. ഇൻഡോർ സീനുകൾ അധികവും static shot15ൽ ആണ് എടുത്തിരിക്കുന്നത്. പീതാംബരനാണ് വസ്ത്രാലങ്കാരം ഒരുക്കിയിരിക്കുന്നത്. കഥാപാത്രങ്ങൾക്കും കഥാസന്ദർഭത്തിനും അനുയോജ്യമായ വസ്ത്രാലങ്കാരമാണ് ചിത്രത്തിൽ ഉപയോഗിച്ചിരിക്കുന്നത്. ക്രിസ്ത്യൻ പശ്ചാത്തലത്തിൽ നടക്കുന്ന കഥയായതിനാൽ ഏലിയാമ്മ എന്ന കഥാപാത്രത്തിന് ചട്ടയും മുണ്ടും പോലെയുള്ള ക്രിസ്തീയവേഷങ്ങൾ നൽകിയിരിക്കുന്നു. അതേസമയം പരിഷ്കാരിയായ കുട്ടപ്പൻ (കുഞ്ചൻ) ബഹുവർണ്ണത്തിലുള്ള ഷർട്ടും പാന്റും ധരിച്ചാണ് സിനിമയിൽ പ്രത്യക്ഷപ്പെടുന്നത്. മുസ്ലിം കഥാപാത്രങ്ങൾ (അന്ത്രു - മാള അരവിന്ദൻ) തുണിയും കഴുത്തിൽ ഒരു തുവാലയും പച്ചബെൽറ്റും ധരിച്ചാണ് പ്രത്യക്ഷപ്പെടുന്നത്. ചലച്ചിത്രത്തിൽ ദൃശ്യപഥത്തോടൊപ്പം ചേർന്നിരിക്കുന്ന ശബ്ദപഥത്തിൽ ദൃശ്യാനുഭവങ്ങളെ വിശ്വസനീയമാക്കുന്നതും അതിലെ വൈകാരികാംശളെ പൊലിപ്പിക്കുന്നതതുമായ പലതരം ശബ്ദങ്ങളാണുള്ളത്. പശ്ചാത്തലസംഗീതം ദൃശ്യത്തിന്റെ വൈകാരികതലത്തെ സജീവമാക്കുന്നതോടൊപ്പം ആഖ്യാനത്തിലെ വിവിധ ഘടകങ്ങളെയും സ്ഥലപരമായ പ്രത്യേകതകളെയും ഉറപ്പിക്കാൻ സഹായിക്കുന്നു. ഈ സിനിമയിൽ സ്ഥിരം ആക്ഷൻ രംഗങ്ങളിൽ കേൾക്കുന്ന ഡിഷ്യം ഡിഷ്യം പോലുള്ള സൗണ്ട് എഫക്ടുകൾ ഉപയോഗിച്ചിരിക്കുന്നു. വൈകാരിക രംഗങ്ങളിൽ അനുയോജ്യമായ പശ്ചാത്തലസംഗീതവും ഉപയോഗിച്ചതായി കാണാം.

ട്രാജിക്ക് ആയ ഒരു നോവലിനെ കോമിക് ആയി സമീപിക്കുന്ന രീതിയാണ് കോട്ടയം കുഞ്ഞച്ചനിൽ കാണുന്നത്. നോവലിലെ ഒരു മൈനർ കഥാപാത്രത്തെ വികസിപ്പിച്ച് അയാളെ കേന്ദ്രീകരിച്ച കഥ ആഖ്യാനം ചെയ്തിരിക്കുന്നു. നോവലിലെ മിക്ക സന്ദർഭങ്ങളും സിനിമയിൽ വളരെ സിനിമാറ്റിക്കായിട്ടാണ് അവതരിപ്പിച്ചിട്ടുള്ളത്. കഥാപാത്ര നിർമ്മിതികളും കഥാപാരിസരവും ഡയലോഗ് ഡെലിവറിയും ഒക്കെയാണ് ഈ സിനിമയെ ഇന്നും ജനങ്ങൾക്ക്

പ്രിയങ്കരമാക്കി തീർക്കുന്നത്.

ഡെയ്മർ ചാറ്റ്മാനും ബ്രയാൻ മക്ഫർലൈനും അനുകല്പനത്തിന് നൽകിയിട്ടുള്ള അഞ്ചു തരത്തിലുള്ള തരംതിരിവിൽ സങ്കോചിപ്പിക്കൽ (Compression), സമകാലവത്ക്കരണം (Updating) എന്നീ സങ്കേതങ്ങളോടടുത്തു നിൽക്കുന്നതാണ് കോട്ടയം കുഞ്ഞച്ചൻ എന്ന സിനിമ. വർക്കിയുടെ നോവൽ 350ൽ അധികം പേജുകൾ വരുന്ന ഒരു കൃതിയാണ്. ഇത്തരമൊരു രചന രണ്ടുമണിക്കൂർ മാത്രമുള്ള സിനിമയാക്കി മാറ്റുമ്പോൾ കഥാഗതിയിലും കഥാപാത്രങ്ങളിലും അഴിച്ചു പണികൾ നടത്തേണ്ടി വരും. ചില കഥാപാത്രങ്ങളെയും കഥാസന്ദർഭങ്ങളെയും ഒഴിവാക്കേണ്ടിവരും. ഇതാണ് 'സങ്കോച്ചിപ്പിക്കൽ' എന്ന പ്രക്രിയ. വർക്കിയുടെ വേലി എന്ന നോവലിലെ മൂലകഥയെയും ചില കഥാപാത്രങ്ങളെയും സ്വീകരിച്ചുകൊണ്ട് പ്രേക്ഷകരെ അംഗീകരിച്ചുകൊണ്ട് കാലത്തിനനുസരിച്ച് മാറ്റങ്ങൾ വരുത്തിയാണ് ടി. എസ് സുരേഷ് ബാബു കോട്ടയം കുഞ്ഞച്ചൻ എന്ന ചിത്രം ഒരുക്കിയിരിക്കുന്നത്. 1970 ൽ ഇറങ്ങിയ നോവൽ 1990 ൽ സിനിമയായപ്പോൾ കാലോചിതമായ മാറ്റങ്ങൾ കൂട്ടിച്ചേർക്കാൻ സംവിധായകൻ ശ്രമിച്ചിട്ടുണ്ട്. അനുകല്പനത്തിൽ 'സമകാലവൽക്കരണം' എന്ന പ്രക്രിയയായിട്ടാണ് ഇത് അറിയപ്പെടുന്നത്.

**കുറിപ്പുകൾ:**

1. പി. പി രവീന്ദ്രൻ, ഉദ്ധരണം, സംസ്കാര പഠനം ഒരു ആമുഖം, ഡി. സി. ബുക്ക്സ് കോട്ടയം 2003, പുറം 62.
2. Joy Gould Boyum, Double Exposure: Fiction in to Film, Seagull Books, Calcutta1989, p. 14.
3. ibid
4. ബിപിൻ ചന്ദ്രൻ, ഉദ്ധരണം, മമ്മൂട്ടി:കാഴ്ചയും വായനയും, ഡിസി ബുക്സ് കോട്ടയം 2014, പുറം 21.
5. സി. എസ് വെങ്കിടേശ്വരൻ, ഉദ്ധരണം, ഉടലിന്റെ താരസഞ്ചാരങ്ങൾ, ഡി സി ബുക്സ്, കോട്ടയം 2011, പുറം16-17.
6. പി. എസ് രാധാകൃഷ്ണൻ, ഉദ്ധരണം, താരപദവിയുടെ വിവക്ഷകൾ, മലയാളം വാരിക 2005, ലക്കം;9 പുറം 51-58.
7. മുട്ടത്തുവർക്കി, ഉദ്ധരണം, വേലി, നാഷണൽ ബുക്സ് കോട്ടയം 1970, പുറം98 -99.
8. അതേ പുസ്തകം : പുറം - 17.
9. അതേ പുസ്തകം : പുറം167.
10. പാൻഷോട്ട് (തിരശ്ചീന ദൃശ്യം): ക്യാമറ തിരശ്ചീനതലത്തിൽ സഞ്ചരിക്കുകയും ദൃശ്യങ്ങളെ വലത്തുനിന്ന് ഇടത്തോട്ടോ തിരിച്ചോ കാണിക്കുകയും ചെയ്യുന്നതാണ് പാൻ. ഉറപ്പിച്ചു വെച്ച ട്രൈപോഡിലായിരിക്കും ക്യാമറ. അത് ഇരുവശത്തേക്കും തിരിയുക മാത്രം ചെയ്യുന്നു.
11. മീഡിയം ഷോട്ട് (മധ്യദൃശ്യം): ക്ലോസപ്പിനോളം അടുക്കാത്തതും എന്നാൽ ഒരു കഥാപാത്രത്തിന്റെ സ്വഭാവം വ്യക്തമായി കാണിക്കാൻ ഉതകുന്നതുമായ ഫോക്കൽദൂരമാണ് ഇവിടെ ഉപയോഗിക്കുന്നത്.
12. ലോങ്ഷോട്ട് (വിദൂരദൃശ്യം): നിൽക്കുന്ന കഥാപാത്രം സ്ക്രീനിന്റെ തന്നെ ഉയരത്തിൽ പ്രത്യക്ഷപ്പെടുന്ന ഷോട്ടാണിത്. ക്യാമറയും വസ്തുവും തമ്മിലുള്ള ദൂരം എപ്പോഴും ഇതിന് ആനുപാതികമായിരിക്കും. ലൊക്കേഷൻ ഇതിൽ വ്യക്തമായിരിക്കും.
13. Tilt Up: ഒരു പ്രതലത്തിൽ ക്യാമറ ഉറപ്പിച്ചു നിർത്തിയ ശേഷം മുകളിലേക്കും താഴേക്കും ചലിപ്പിക്കുന്നതിനെയാണ് ടിൽറ്റ് എന്ന് പറയുന്നത്. ലംബമായ തലത്തിലുള്ള ഈ ചലനം ഒരു സ്ഥലത്തെയോ വ്യക്തിയോ അളന്നു കുറിക്കുന്ന പ്രതീതി നൽകും.
14. Dissolve (ലയനം): ലയനം എന്നത് രണ്ട് ഷോട്ടുകൾക്കിടക്കുള്ള കൂടിച്ചേരലാണ്. അവിടെ ആദ്യ ഷോട്ടിലുള്ള ഇമേജ് രണ്ടാമത്തെ ഷോട്ടിലെ ഇമേജുമായി കൂടിക്കലരുകയും രണ്ടാമത്തേത് പിന്നീട് വ്യക്തമാവുകയും ചെയ്യുന്നു.
15. Static Shot: ക്യാമറ ചലനം തീരെ ഇല്ലാത്ത ഒരുതരം ഷോട്ടാണിത്. സ്ഥിരമായി ക്യാമറ ചലനരഹിതമായി തുടരുന്നു. കഥാപാത്രങ്ങളെയും പ്രവർത്തനങ്ങളെയും കൂടുതൽ ശ്രദ്ധേയവും ശക്തവുമാക്കാൻ ഇത്തരം ഷോട്ടുകൾ സഹായിക്കുന്നു. കഥ നടക്കുന്ന പ്രദേശ

ത്തെ കൂടുതൽ മനസ്സിലാക്കാൻ പ്രേക്ഷകരെ ഇത് സഹായിക്കും.

**സഹായകഗ്രന്ഥങ്ങൾ :**


1. ജിതേഷ്. ടി. സിനിമയുടെ വ്യാകരണം. ഒലീവ് പബ്ലിക്കേഷൻസ്, കോഴിക്കോട് 2009.
2. ബിപിൻ ചന്ദ്രൻ (എഡി) . മമ്മൂട്ടി :കാഴ്ചയും വായനയും. ഡിസി ബുക്ക്സ് കോട്ടയം, 2014.
3. മധു ഇറവങ്കര. മലയാള സിനിമയും സാഹിത്യവും. ഡിസി ബുക്ക്സ് കോട്ടയം, 1999.
4. രവീന്ദ്രൻ, പി. പി. സംസ്കാരപഠനം ഒരു ആമുഖം. നാഷണൽ ബുക്ക്സ് കോട്ടയം, 2013.
5. വർക്കി, മുട്ടത്ത്. നാഷണൽ ബുക്ക്സ് കോട്ടയം, 1970.
6. ശ്രീകുമാർ, എ. ജി (എഡി) . ജനപ്രിയസാഹിത്യം മലയാളത്തിൽ. നാഷണൽ ബുക്ക്സ് കോട്ടയം, 2014.
7. ഷാജി ജേക്കബ്. ജനപ്രിയസംസ്കാരം : ചരിത്രവും സിദ്ധാന്തവും. മാതൃഭൂമി ബുക്ക്സ് കോഴിക്കോട്, 2009.
8. Andrew Dudley. Adaptation, Film Adaptation edited and Introduced nu James Naremore, London. The Athkond Press. 2000.
9. Bluestone, George. Novels in to Film. Baltimore. The John Hopkins Press, 1957.
10. Story, John. Cultural Theory and Popular Culture - An introduction. Pearson, 2001.

**മാസികകൾ :**

1. ആശയസമന്വയം വാരിക, ജനപ്രിയസാഹിത്യസംവാദം, ജൂലൈ, 1999.
2. സാംസ്കാരികവികാരം മാസിക, മുട്ടത്തുവർക്കി പതിപ്പ്, നവംബർ, 2002.
3. സാഹിത്യലോകം മുട്ടത്തുവർക്കി പതിപ്പ്, ഡിസംബർ, 2013.

**ഇന്റർനെറ്റ് :**

"കോട്ടയം കുഞ്ഞച്ചൻ". യൂട്യൂബ്. Musiczonemovies. 2016, സെപ്റ്റംബർ 30.
ലിങ്ക് : https://youtu. be/kzndKRk-R-U?si=3W0JrbwYyOBHCdEV


assifmandodan@gmail.com

# ആത്മകഥയിലെ ആത്മവും അപരവും : തോപ്പിൽഭാസിയുടെ 'ഒളിവിലെ ഓർമ്മകൾ' മുൻനിർത്തിയുള്ള പഠനം

**രഞ്ജിത് വി.**
ഗവേഷകൻ, മലയാളവിഭാഗം
കേരള കേന്ദ്ര സർവകലാശാല, കാസർഗോഡ്

**പ്രബന്ധസംഗ്രഹം:**
ആത്മകഥകൾ കേവലം വ്യക്തിയുടെ ജീവിതാഖ്യാനമല്ലെന്നും ഒരു കാലഘട്ടത്തിന്റെ സ്മൃതികളെയാണ് ആത്മകഥ ഉൾക്കൊള്ളുന്നതെന്നും ആധുനിക ആത്മകഥാപഠനങ്ങൾ തെളിയിക്കുന്നു. വ്യക്തിജീവിതത്തിന്റെ അവതരണത്തിലൂടെ താൻ ജീവിച്ച കാലഘട്ടത്തെയും രാഷ്ട്രീയ സാമൂഹിക സാഹചര്യങ്ങളെയും അടയാളപ്പെടുത്താനാണ് ആത്മകഥാകാരൻ ശ്രമിക്കുന്നത്. തോപ്പിൽഭാസിയുടെ ഒളിവിലെ ഓർമ്മകൾ എന്ന ആത്മകഥയെ മുൻനിർത്തി വ്യക്തിത്വയെ രൂപപ്പെടുത്തുന്നതിൽ അപരത്തിന്റെ ഇടപെടലുകളെ കുറിച്ച് അന്വേഷിക്കുകയാണ് ഈ പ്രബന്ധത്തിലൂടെ ചെയ്യുന്നത്.

**താക്കോൽവാക്കുകൾ :**
ആത്മം, അപരം, സ്വത്വം, പ്രതിനിധാനം, പ്രത്യയശാസ്ത്രം, ജീവിതമെഴുത്ത്

**ആ**ധുനികസാഹിത്യ ജനുസുകളിലെ ഏറ്റവും ജനപ്രിയമായ സാഹിത്യ വ്യവഹാരമാണ് ആത്മകഥ. "ഒരാൾ സ്വന്തം ജീവിതത്തെക്കുറിച്ച് സ്വയം എഴുതുന്ന കഥയാണ് ആത്മകഥ" എന്നതാണ് ആത്മകഥയുടെ പ്രാഥമിക നിർവചനം"( A Dictionary of Literary terms and Literary Theory, 1998 : 63). ലോക സാഹിത്യത്തിലെ ആദ്യകാല ആത്മകഥകളെല്ലാം തന്നെ വ്യക്തി കേന്ദ്രീകൃതവും കുമ്പസാരപരവുമാണ്. ക്ലാസിക്കൽ കാലഘട്ടത്തിലാണ് പ്രഥമവ്യക്തി (ആത്മം) ആത്മകഥയിലെ ആഖ്യാനകേന്ദ്രമായി സ്ഥിരപ്പെടുന്നത്. എന്നാൽ കൊളോണിയൽ ആധുനികതയ്ക്കുശേഷം ആത്മകഥാ രചനയ്ക്കകത്ത് വലിയ രീതിയിലുള്ള വൈവിധ്യവൽക്കരണം രൂപപ്പെടുകയുണ്ടായി. കൃത്യമായ നിർവചനങ്ങളിൽ ഒതുക്കി നിർത്താൻ സാധിക്കാത്ത ഒരു സാഹിത്യപ്രരൂപമായി ആത്മകഥ പരിവർത്തനം ചെയ്യപ്പെട്ടു. സമകാലിക അക്കാദമിക പഠനങ്ങളിൽ ജീവിതമെഴുത്ത്(Life Writing) എന്ന ജ്ഞാനമണ്ഡലത്തിന് കീഴിലാണ് ആത്മകഥാ സാഹിത്യം പരിഗണിച്ചു പോരുന്നത്.

ആത്മകഥാകാരൻ/കാരി ജീവിക്കുന്ന കാലം അയാളെ/അവളെ വലിയ രീതിയിൽ

സ്വാധീനിക്കുകയും ആത്മകഥയുടെ രൂപത്തെ നിർണയിക്കുന്ന അബോധഘടനയായി നില നിൽക്കുകയും ചെയ്യുന്നു. ആത്മകഥ ഒരു വ്യക്തിയുടെ മാത്രമല്ല, ആ വ്യക്തി ജീവിച്ച കാലഘട്ടത്തിന്റെ കൂടി അടയാളപ്പെടുത്തലാണ്. അതുകൊണ്ടാണ് "സാഹിത്യകാരന്മാരുടെ അവനവനെ കുറിച്ചുള്ള കൃതികളുടെ ഒരു ലൈബ്രറി മനുഷ്യവംശത്തിനുള്ള ഏറ്റവും വലിയ സംഭാവനയായിരിക്കും" (ജോർജ് മിഷ്, 1950 : 2) എന്ന് ജോർജ്ജ് മിഷ് അഭിപ്രായപ്പെട്ടത്. ആത്മകഥ ഉൾപ്പെടെയുള്ള "എല്ലാ സാഹിത്യ രൂപങ്ങളും സാംസ്കാരിക നിർമ്മിതിയാണ്. അതുകൊണ്ടുതന്നെ അതിനൊരു മാതൃകാ രൂപമായി നിലനിൽക്കുവാൻ കഴിയില്ല. സമൂഹത്തിന്റെ സമ്മർദ്ദങ്ങളെയും നിരാസങ്ങളെയും ചുറ്റിപ്പറ്റിയാണ് സാഹിത്യരൂപങ്ങളുടെ സ്വഭാവം നിർണയിക്കപ്പെടുന്നത്" (സിലെസ്റ്റി ഷെൻകം, 1988: 14). ഇത്തരത്തിൽ സമൂഹത്തിന്റെ സമ്മർദ്ദങ്ങളും നിരാസങ്ങളും പ്രത്യയശാസ്ത്രവും ആത്മകഥയുടെ രൂപത്തെയും ഭാവത്തെയും രൂപപ്പെടുത്തുന്നതായി കാണാം.

"ഏതെങ്കിലും ഒരു മണ്ഡലത്തിൽ അംഗീകാരം നേടാൻ കഴിഞ്ഞിട്ടുള്ള ഒരു വ്യക്തി തന്റെ ജീവിതവും പ്രവർത്തനങ്ങളും സമൂഹത്തിന് മാർഗദർശകമായിത്തീരും എന്ന വിശ്വാസത്തോടെ ജീവിതാനുഭവങ്ങൾ സോദ്ദേശ്യമായി ആവിഷ്കരിക്കുമ്പോഴാണ് ആത്മകഥ ഉടലെടുക്കുന്നത്. ആത്മകഥാകാരൻ താൻ എഴുതാൻ ഉദ്ദേശിക്കുന്ന ജീവിതം അതിന്റെ സമഗ്രതയിൽ വീക്ഷിക്കുന്നതോടൊപ്പം അതിന്റെ ഏകതാനത കൃത്യമായ രീതിയിൽ നോക്കിക്കാണുന്നു" (വിജയാലയം ജയകുമാർ, 2015: 218) . ഇത് ആത്മകഥയെ സംബന്ധിച്ച പരമ്പരാഗതമായ കാഴ്ചപ്പാടാണ്. പുതിയ കാലത്ത് ആത്മകഥ എഴുതുന്നതിന് ഏതെങ്കിലും മണ്ഡലത്തിലെ അംഗീകാരമോ പ്രശസ്തിയോ ഒന്നും ആവിശ്യമില്ല. ആത്മകഥാകാരന് വായനക്കാരിൽ കൗതുകം ഉണർത്താൻ തക്കതായ അനുഭവമുണ്ടായിരിക്കുക എന്നത് മാത്രമാണ് പ്രധാനം.

സാഹിത്യരൂപങ്ങൾ സാംസ്കാരിക നിർമ്മിതിയാണ്. ആഖ്യാനരൂപം കൊണ്ടുവരുന്ന അസ്ഥിരതകളെയും വ്യത്യാസങ്ങളെയും ഇല്ലാതാക്കാനുതകും വിധം ഞാൻ എന്ന യാഥാർത്ഥ്യത്തെ സ്ഥാനപ്പെടുത്താനുള്ള ഒരിടമായി ആത്മകഥയെ കാണുന്ന ആത്മകഥാ പഠിതാക്കളുണ്ട്. ആത്മകഥയെന്നത് സത്യസന്ധമായ ഒരാവിഷ്കരണ മാധ്യമം എന്ന നിലയിലല്ല, എഴുത്തുകാരന്റെ നിർമ്മിതി എന്ന നിലയ്ക്ക് നോക്കികാണുക എന്നതാണ് ആത്മകഥാ പഠനത്തിലെ ആധുനിക പ്രവണത. ആത്മകഥയെ സംബന്ധിച്ച ആധുനിക പഠനങ്ങളിലാണ് ആത്മം, അപരം, സ്വത്വം, കർതൃത്വം, പ്രതിനിധാനം തുടങ്ങിയ സംവർഗ്ഗങ്ങൾ പ്രശ്നവൽക്കരിക്കപ്പെടുന്നത്. ആത്മകഥ ആത്മത്തിൽ കേന്ദ്രീകരിക്കുന്നതാണെന്ന പരമ്പരാഗത ധാരണകളിൽ നിന്ന് ഭിന്നമായി ആത്മകഥയിൽ പ്രത്യക്ഷപ്പെടുന്ന അപരത്തെക്കുറിച്ചുള്ള പഠനങ്ങളിൽ ആത്മകതാ പഠനം ശ്രദ്ധ കേന്ദ്രീകരിക്കുകയുണ്ടായി. ഞാൻ മൂടിവെയ്ക്കപ്പെട്ട് പരോക്ഷ ഭാക്ഷണം (Indirect Speech) നടത്തുന്ന വ്യക്ത്യഖ്യാനമായി ആത്മകഥ മാറുന്നത് ഇങ്ങനെയാണ്.

ആത്മകഥയിലെ ആത്മത്തിന്റെയും അപരത്തിന്റെയും സാന്നിധ്യവും അസാന്നിധ്യവും വ്യക്തി, കാലം, പ്രത്യശാസ്ത്രം തുടങ്ങിയവയ്ക്കനുസരിച്ച് ഏറ്റക്കുറച്ചിലുകൾ സംഭവിക്കാം. ആത്മകഥാകാരന്റെ ആത്മത്തെയും സ്വത്വത്തെയും നിർണയിക്കുന്നതിൽ അപര സാന്നിധ്യങ്ങളുടെ ഇടപെടലുകൾ വളരെ വലുതാണെന്ന് ആത്മകഥാ പഠനങ്ങൾ തെളിയിക്കുന്നുണ്ട്. "ത്വരിതമായി മുന്നേറിക്കൊണ്ടിരിക്കുന്ന സമൂഹം അതിലെ ഒരു ബിന്ദു മാത്രമായ ഒരു സവിശേഷ വ്യക്തിയെ എങ്ങനെയെല്ലാം മാറ്റി തീർക്കുന്നുവെന്നും മാറ്റപ്പെടുന്ന ആ വ്യക്തി സമൂഹത്തിന്റെ മാറ്റത്തിൽ എന്തെന്ത് സംഭാവനകൾ നൽകുന്നുവെന്നും ആ വ്യക്തി തന്നെ ആത്മനിഷ്ഠമാണെന്ന് തുറന്നു സമ്മതിച്ചു കൊണ്ടുള്ള ഒരു സമീപനത്തോടെ വിവരിക്കുന്നതാണ് ആത്മകഥ (ചെറുകാട്, 2010: 8) എന്ന ഇ.എം.എസിന്റെ നിർവചനം എപ്രകാരമാണ് സമൂഹം വ്യക്തിയെ രൂപപ്പെടുത്തുന്നതെന്ന് വ്യക്തമാക്കുന്നുണ്ട്. സാമൂഹികമായ ഇടപെടലുകളിലൂടെയും ഇതര വ്യക്തികളുമായുള്ള സമ്പർക്കങ്ങളിലൂടെയും ഒരു വ്യക്തിയുടെ ആത്മവും സ്വത്വവും എപ്രകാരമാണ് നിർമ്മിക്കപ്പെടുന്നതെന്ന് ആത്മകഥാ വിശകലനങ്ങളിലൂടെ മനസ്സിലാക്കാവുന്നതാണ്.

ആത്മകഥ വ്യക്തിയുടെ/ ആത്മകഥാകാരന്റെ ജീവിതത്തിന്റെ അന്തർധാരകൾ രൂപം

കൊണ്ട പുറംലോകത്തിന്റെ ഓർമ്മകളും കൂടിച്ചേരുന്ന ഒന്നാണ് (Sturrock John, 1993:10). എങ്ങനെയാണ് തന്റെ വ്യക്തിത്വം രൂപപ്പെട്ടതെന്ന് സ്ഥാപിക്കുന്നതിനായി ഇതര വ്യക്തികളെയും സാമൂഹിക അനുഭവങ്ങളെയും ആത്മകഥാകാരൻ പലപ്പോഴും ഉപയോഗപ്പെടുത്താറുണ്ട്. ആത്മകഥയിൽ പ്രത്യക്ഷപ്പെടുന്ന ആത്മകഥാകാരന്റെ/കാരിയുടെ സാന്നിധ്യമാണ് ആത്മമെന്ന പദം സൂചിപ്പിക്കുന്നത്. ആത്മത്തിൽ നിന്ന് വിഭിന്നമായ സാന്നിധ്യങ്ങളെയാണ് അപരം പ്രതിനിധീകരിക്കുന്നത്. മലയാളത്തിലെ ഒട്ടുമിക്ക ആത്മകഥകളും ആത്മകഥാകാരന്റെ ആത്മത്തിൽ കേന്ദ്രീകരിക്കപ്പെടുമ്പോഴും (ധാരാളം ആത്മകഥകളുടെ പേരുകൾ വ്യക്തിയിലാണ് കേന്ദ്രീകരിക്കപ്പെടുന്നത് - ഞാൻ, എന്റെ വഴിത്തിരിവുകൾ, എന്റെ കഥ, എന്റെ സഞ്ചാരപഥങ്ങൾ,എന്റെ സ്മരണകൾ,എന്റെ കുതിപ്പും കിതപ്പും) ആ വ്യക്തി ജീവിച്ച കാലഘട്ടത്തിന്റെയും സമൂഹത്തിന്റെയും ചരിത്രാഖ്യാനം കൂടിയായി ആത്മകഥകൾ മാറുന്നുണ്ട്. കേരള ചരിത്രത്തിലെ ഏറെ ശ്രദ്ധേയമായ ഒരു കാലഘട്ടത്തിൽ ജീവിച്ച തോപ്പിൽഭാസിയുടെ ഒളിവിലെ ഓർമ്മകൾ എന്ന ആത്മകഥയെ മുൻനിർത്തി ആത്മകഥാകാരന്റെ ആത്മത്തെ രൂപപ്പെടുത്തുന്നതിൽ സമൂഹവും ചുറ്റപാടുകളും എപ്രകാരമാണ് ഇടപെട്ടതെന്ന് അന്വേഷിക്കുകയാണ് ഈ പ്രബന്ധത്തിലൂടെ ചെയ്യുന്നത്.

ആദ്യകാല കമ്മ്യൂണിസ്റ്റ് നേതാവും നാടകകൃത്തുമായ തോപ്പിൽഭാസിയുടെ ആത്മകഥയാണ് ഒളിവിലെ ഓർമ്മകൾ ( ഒളിവിലെ ഓർമ്മകൾ കൂടാതെ 'ഒളിവിലെ ഓർമ്മകൾക്ക് ശേഷം' എന്നൊരു ആത്മകഥ കൂടി അദ്ദേഹം എഴുതിയിട്ടുണ്ട്). തന്റെ 23 മുതൽ 28 വരെയുള്ള പ്രായത്തിനിടയിൽ വരുന്ന അഞ്ചുവർഷക്കാലത്തെ ഒളിവ് ജീവിതമാണ് ഒളിവിലെ ഓർമ്മകളുടെ പ്രതിപാദ്യ വിഷയം. ജീവിതാവസാനത്തിൽ പലരും കടന്നു ചെല്ലുന്ന ആത്മകഥാരചനയെന്ന സാഹസിക കൃത്യത്തിലേക്ക് മുപ്പത്തിനാലാം വയസ്സിൽ തന്നെ ഭാസി എത്തപ്പെടുകയുണ്ടായി. സ്വാതന്ത്ര്യ സമര പ്രസ്ഥാനങ്ങളും സാമൂഹിക പരിഷ്കരണ പ്രസ്ഥാനങ്ങളും ഇളക്കിമറിച്ച മധ്യതിരുവിതാംകൂറിന്റെ മണ്ണിലാണ് ഭാസി ജീവിച്ചത്. ആയതിനാൽ തന്നെ ഭാസിയുടെ അനുഭവങ്ങൾ വ്യക്തിഗത അനുഭവങ്ങളിൽ നിന്ന് ഒരു പടി കൂടി ഉയർന്നുനിൽക്കുന്ന സാമൂഹിക അനുഭവങ്ങളായി തീരുന്നു. അതിനാലാണ് ഒളിവിലെ ഓർമ്മകൾ ആത്മകഥയെന്നതിലുപരി ഒരു ചരിത്രരേഖയാണെന്ന് അവതാരികയിൽ ഒഎൻവി കുറുപ്പ് വാദിക്കുന്നത്. തന്റെ ജീവിതത്തിൽ സംഭവിച്ച അനിത സാധാരണമായ വൈരുദ്ധ്യത്തെ ആത്മകഥയുടെ ആദ്യഭാഗത്ത് തന്നെ ഭാസി സൂചിപ്പിക്കുന്നുണ്ട്. "ഞാനൊരു വൈദ്യനാകാൻ ശ്രമിച്ചു. ഞാനൊരു വിപ്ലവകാരിയായി.... ഒരു കോഴിയെ കൊല്ലുന്നതു കണ്ടാൽ കണ്ണടച്ച് കളയുന്ന ഞാൻ കൊല്ലാനും ചാകാനും കഠാരയും കൊണ്ട് നടന്നു. ഇടതു കൈയിൽ കഠാര വെച്ചുകൊണ്ട് വലതു കൈകൊണ്ട് ഞാൻ കഥയും നാടകവും എഴുതി. ഞാൻ പോലും വിചാരിച്ചില്ല, ഞാനെഴുതുമെന്ന്". ഇപ്രകാരം ഭാസിയുടെ ജീവിതത്തിൽ സംഭവിച്ച മാറ്റങ്ങൾക്ക് കാരണമായി തീർന്നത് അന്നത്തെ സാമൂഹികവും സാംസ്കാരികവും രാഷ്ട്രീയവുമായ സാഹചര്യങ്ങളാണ്. അതിനാൽ തന്നെ ഒളിവിലെ ഓർമ്മകളിൽ മുന്നിട്ടുനിൽക്കുന്നത് അപര ജീവിത ആഖ്യാനങ്ങളാണ്. "സാധാരണ ആത്മകഥകളുടേതല്ലാത്ത രൂപവും ഭാവവും ആ പുസ്തകത്തിനുണ്ട്" (തോപ്പിൽ ഭാസി, 2017: 8) എന്ന് മുഖവുരയിൽ ഭാസി സൂചിപ്പിക്കുന്നത് അതുകൊണ്ടാണ്.

വള്ളിക്കുന്ന ഒരൊന്നാന്തരം നായർ തറവാട്ടിലാണ് ഭാസി ജനിച്ചത്. " എന്റെ കാരണവന്മാർ കൊല്ലും കൊലയും അടക്കി വാണിരുന്നവരാണ്. ഞങ്ങളുടെ കുടുംബത്തിന്റെ തട്ടിൻപുറത്ത് ഒരാനച്ചങ്ങല കിടപ്പുണ്ട്. ഇപ്പോൾ സ്വത്തിനു മാത്രമെ ഞങ്ങൾക്ക് അല്പം കുറവ് വന്നിട്ടുള്ളു - എന്നാലും ഇരുന്ന് ഉണ്ണാൻ ഉള്ള വക ദൈവം സഹായിച്ച് ഞങ്ങൾക്ക് ഇപ്പോഴുമുണ്ട് (തോപ്പിൽ ഭാസി, 2017: 28) എന്ന് ഭാസി സൂചിപ്പിക്കുന്നുണ്ട്. കൂലിവേലക്കാരായ ഈഴവരെല്ലാം തമ്പുരാനെന്നും പാവപ്പെട്ട മുസ്ലീങ്ങളും ക്രിസ്ത്യാനികളും അങ്ങുന്നെ എന്നും വിളിക്കുന്ന ഒരു വ്യവസ്ഥിതിയുടെ പ്രതിനിധിയായിട്ടാണ് തോപ്പിൽ ഭാസ്കരൻ പിള്ള ജനിച്ചത്. ആരെയും യഥേഷ്ടം മർദ്ദിക്കാൻ സ്വാതന്ത്ര്യം ഉണ്ടായിരുന്ന വ്യവസ്ഥിതിയിൽ നിന്ന് തൊഴിലാളി പക്ഷത്തിലേക്കുള്ള ഭാസിയുടെ കൂറുമാറ്റത്തിൽ അദ്ദേഹത്തിന്റെ സുഹൃത്തുക്കളും സാമൂഹിക സാഹചര്യങ്ങളും വലിയ പങ്കുവഹിച്ചതായി കാണാം. ഭാസിയുടെ പരിവർത്തനത്തിൽ നിർണായകമായ ഇടപെടലുകൾ നടത്തിയത് ബാല്യകാല സുഹൃത്തും സന്തത സഹചാരിയുമാ

യിരുന്ന കാമ്പിശ്ശേരി കരുണാകരനാണ്. കാമ്പശ്ശേരിയിൽ നിന്നാണ് തൊഴിലാളി വർഗ്ഗ പ്രത്യയ ശാസ്ത്രത്തിന്റെ ബാലപാഠങ്ങൾ ഭാസി ഉൾക്കൊള്ളുന്നത്. "തിരുവനന്തപുരത്ത് പഠിക്കാൻ പോയതിൽ മിച്ചമായി കാമ്പിശ്ശേരിക്ക് കിട്ടിയ മാർക്സിസവും പീപ്പിൾസ് വാറും അസാരമസാരം തലയിൽ കയറ്റി കൊണ്ടാണ് ഞാൻ വൈദ്യം പഠിക്കാൻ അങ്ങോട്ട് പോയത്(തോപ്പിൽ ഭാസി, 2017: 24) എന്ന് ഭാസി തന്നെ അടയാളപ്പെടുത്തുന്നുണ്ട്. തിരുവനന്തപുരത്തെ വൈദ്യ പഠനവും അക്കാലത്തെ സമകാലിക രാഷ്ട്രീയ സാഹചര്യങ്ങളും ഭാസിയിലെ തൊഴിലാളി നേതാവിനെ കരു പിടിപ്പിക്കുന്നതിൽ നിർണായകമായ ഇടപെടൽ നടത്തിയിട്ടുണ്ട്. കോൺഗ്രസ് പാർട്ടിയിലൂടെയാണ് ഭാസി തന്റെ രാഷ്ട്രീയ ജീവിതം ആരംഭിക്കുന്നത്. പിന്നീട് കാമ്പശ്ശേരി കരുണാകരനും തോപ്പിൽ ഭാസിയും ഉൾപ്പെടുന്ന മധ്യ തിരുവിതാംകൂറിലെ ഒരു കൂട്ടം ചെറുപ്പക്കാർ കോൺഗ്രസ് നിലപാടുകളോട് തെറ്റിപ്പിരിഞ്ഞ് രാഷ്ട്രീയ പ്രവർത്തനങ്ങളിൽ നിന്ന് മാറിനിൽക്കുകയുണ്ടായി. കോൺഗ്രസിന്റെ രാഷ്ട്രീയ നയ മാറ്റങ്ങളും അധികാരത്തിലെത്തിയ പട്ടം താണുപിള്ളയുടെ നിലപാടുകളും (പുന്നപ്ര-വയലാർ തടവുകാരെ മോചിപ്പിക്കില്ലെന്ന നിലപാട്) യുവാക്കളെ കോൺഗ്രസ് രാഷ്ട്രീയത്തിൽ നിന്ന് അകറ്റുന്നതിന് കാരണമായി. കോൺഗ്രസും പ്രവർത്തകരും തമ്മിലുള്ള അഭിപ്രായ ഭിന്നത മനസ്സിലാക്കിയ കമ്മ്യൂണിസ്റ്റ് പാർട്ടി പ്രവർത്തകർ ഈ യുവാക്കളെ തങ്ങളുടെ പാർട്ടിയുമായി എടുപ്പിക്കാൻ ശ്രമം നടത്തി. അതിന് നേതൃത്വം നൽകിയത് പുതുപ്പള്ളി രാഘവൻപിള്ളയാണ്. പുതുപ്പള്ളി രാഘവൻപിള്ളയുടെ ഇടപെടലുകളാണ് തോപ്പിൽ ഭാസിയെ പാർട്ടിയുടെ സജീവ പ്രവർത്തകനാക്കി മാറ്റിയത്.

"ആത്മപ്രശംസ മിക്കപ്പോഴും ആത്മകഥാകാരനോടുള്ള ആരാധനയെ അസ്ഥാനത്താക്കുകയും അതിലടങ്ങിയിരിക്കുന്ന മൂല്യങ്ങളെ അപകടപ്പെടുത്തുകയും ചെയ്യും"(നടരാജ ഗുരു, 2010: 12). എന്നാൽ ഒളിവിലെ ഓർമ്മകളിൽ ആത്മപ്രശംസയോ മുഖം രൂപപ്പെടുത്തൽ പ്രവണതയോ കാണാനില്ല. ആത്മത്തേക്കാൾ കാലത്തിന്റെ പ്രതിനിധാനങ്ങൾ എന്ന നിലയിൽ പ്രത്യക്ഷപ്പെടുന്ന നിരവധിയായ അപര സാന്നിധ്യങ്ങളാണ് ഈ ഗ്രന്ഥത്തിൽ നിറഞ്ഞു നിൽക്കുന്നത്. "ആയിരത്തിത്തൊള്ളായിരത്തി നാൽപ്പത്തിയെട്ട് മുതൽ ഏതാണ്ട് നാലു കൊല്ലത്തിലേറെ ഒളിവിലും ആറുമാസത്തിലധികം ലോക്കപ്പിലുമായി ഞാൻ ജീവിക്കുകയുണ്ടായി. എന്നെപ്പോലെ അനേകായിരം പേർ അക്കാലത്ത് അങ്ങനെ ജീവിച്ചു"(തോപ്പിൽ ഭാസി, 2017: 18) വെന്ന് ആത്മകഥാകാരൻ സൂചിപ്പിക്കുന്നുണ്ട്. അതിനാൽ തന്നെ ഭാസി ഒളിവുകാലത്ത് അനുഭവിച്ച യാതനകളും ദുരിതങ്ങളും ഭാസിയുടെ മാത്രം അനുഭവങ്ങളല്ല, മറിച്ച് ആ കാലഘട്ടത്തിലെ ഒരുപറ്റം ചെറുപ്പക്കാരുടെ അനുഭവമായി വേണം പരിഗണിക്കാൻ. ജന്മി അടിയാൻ സമത്വം രൂപപ്പെടുത്തുന്നതിന് വേണ്ടിയും സാമൂഹിക- നവോത്ഥാന ആശയങ്ങൾ ഉയർത്തിക്കാട്ടുന്നതിനുമായി ഇറങ്ങിത്തിരിച്ച അന്നത്തെ യുവത്വം പോലീസിന്റെയും ഭരണകൂടത്തിന്റെയും മർദ്ദനോപാധികളാൽ നിരന്തരം വേട്ടയാടപ്പെട്ടതായി കാണാം. അത്തരം വേട്ടയാടലുകൾ കേവലം ഒരു വ്യക്തിയുടെ മാത്രം അനുഭവമല്ലെന്നും ഒരു സമൂഹത്തിന്റെയാകെ അനുഭവമാണെന്നും ചരിത്രം സാക്ഷ്യപ്പെടുത്തുന്നു. "ആയിരത്തിത്തൊള്ളായിരത്തി നാൽപ്പത്തിയെട്ടിനും അൻപതിനും ഇടയ്ക്കുള്ള എന്നെപ്പറ്റിയാണ് ഞാനിപ്പോൾ എഴുതുന്നത്. എന്നെപ്പറ്റിയെന്നു പറഞ്ഞാൽ ശരിയാവില്ല- എന്നെ ചുറ്റിപ്പറ്റിയാണ് ഞാനെഴുതുന്നത്"(തോപ്പിൽ ഭാസി, 2017: 19) എന്ന് ആത്മകഥാകാരൻ സൂചിപ്പിക്കുന്നുണ്ട്. ഒളിവിലെ ഓർമ്മകൾ ഒരു വ്യക്തിയുടെ കഥയല്ലെന്നും ഒരു കാലഘട്ടത്തിന്റെ സാമൂഹികവും രാഷ്ട്രീയവുമായ ചരിത്രമാണ് ആത്മകഥയിൽ അനാവരണം ചെയ്യപ്പെടുന്നതെന്നാണ് ഭാസിയുടെ വാക്കുകളിൽ നിന്ന് വ്യക്തമാകുന്നത്. തന്നെ ചുറ്റിപ്പറ്റി നിൽക്കുന്ന കൊച്ചു കൊച്ചു കഥകളിലൂടെയും ആഖ്യാനങ്ങളിലൂടെയും തന്റെ ചുറ്റുമുള്ള മനുഷ്യരെ അടയാളപ്പെടുത്താനുള്ള ശ്രമം ആത്മകഥയിലുടനീളം കാണാം. താനുമായി ബന്ധപ്പെട്ട അനുഭവങ്ങളെ മാത്രമല്ല, കേട്ടുകേൾവികളെയും മറ്റുള്ളവരിൽ നിന്ന് മനസ്സിലാക്കിയ യാഥാർത്ഥ്യങ്ങളെയും ഒളിവിലെ ഓർമ്മകളിൽ ഗ്രന്ഥകർത്താവ് അടയാളപ്പെടുത്തുന്നു. ഭാസി വ്യക്തികളെ വെറുതെയങ്ങ് അവതരിപ്പിച്ചു പോവുകയല്ല, അവരുടെ തൂലികാ ചിത്രം വരച്ചിടാനുള്ള ശ്രമം കൂടി നടത്തുന്നുണ്ട്. "ഞാൻ അദ്ദേഹത്തെ ഒടുവിൽ കണ്ട അവസരത്തിൽ നിബിഢമായ തലമുടിയും ചെവിക്ക് ഒരിഞ്ചു താഴെയെത്തുന്ന കൃതാവുമുണ്ടായിരുന്നു. ഇപ്പോൾ കഷണ്ടി ബാധിച്ചിരിക്കുന്നു. കൃതാവില്ല. തലമുടിയും മീശയും പറ്റെ

വെട്ടിച്ചിട്ടുണ്ട്. ശരീരം മുൻപിലത്തേതിലും പുഷ്ട്ടിപ്പെട്ടിരിക്കുകയാണ്. പണ്ടേ തന്നെ വിരിഞ്ഞ മാറും, ഒതുങ്ങിയ അരയും ഉറച്ച ഉടലും ഉയർന്ന തോളുമുള്ള അദ്ദേഹം..." (തോപ്പിൽ ഭാസി, 2017: 30). ഇങ്ങനെ നീണ്ടുപോകുന്ന ശങ്കരനാരായണൻ തമ്പിയെ കുറിച്ചുള്ള വിവരണം. "അയാൾക്ക് അറുപതിനുമേൽ പ്രായം വരും. അതിൽ 52 കൊല്ലമെങ്കിലും ചുമട് ചുമ്മുകയും തുമ്പ വെട്ടുകയും ചെയ്ത മനുഷ്യനാണ്. എനിക്ക് നല്ലപോലറിയാം. അതുകൊണ്ടുതന്നെ പുഴുങ്ങിയുണക്കിയ ചെമ്മീൻ പോലെ ആ ശരീരം കുനിപ്പോയി"(തോപ്പിൽ ഭാസി, 2017: 30) എന്ന കുഞ്ഞാലി പുലയനെ കുറിച്ചുള്ള ആഖ്യാനവും ഏതാനും ചില ഉദാഹരണങ്ങൾ മാത്രമാണ്. തന്റെ ചുറ്റിലുമുള്ള മനുഷ്യരെ അവരുടെ ജാതിസ്വത്വങ്ങൾക്ക് അതീതമായി മനുഷ്യൻ എന്ന മാനവിക പരിഗണന നൽകി തോപ്പിൽ ഭാസി അടയാളപ്പെടുത്തുന്നുണ്ട്. ഭാസിയുടെ വ്യക്തിത്വത്തെ രൂപപ്പെടുത്തിയ ഇടതുപക്ഷ ആശയങ്ങളും ആ കാലഘട്ടത്തിന്റെ നവോത്ഥാന മൂല്യങ്ങളുമാവാം വലിപ്പച്ചെറുപ്പമില്ലാതെ മനുഷ്യനെ പരിഗണിക്കാൻ ഭാസിയെ പ്രാപ്തനാക്കിയത് എന്ന് വേണം കരുതാൻ.

സാമൂഹികവും രാഷ്ട്രീയവുമായി തികഞ്ഞ അരാജകത്വം നിലനിന്ന കാലഘട്ടത്തിലാണ് തോപ്പിൽ ഭാസി തന്റെ ഒളിവ് ജീവിതം നയിക്കുന്നത്. ജന്മിത്തത്തിന്റെ പകപോക്കൽ സമീപനങ്ങൾ കർഷകരെയും അടിയാളന്മാരെയും വേട്ടയാടിയപ്പോൾ ജയിലറകൾ കൊലക്കളങ്ങയി തീർന്നു. നിസാരമായ തെറ്റുകൾക്ക് പോലും അതിഭീകരമായ മർദ്ദനങ്ങൾ പോലീസിന്റെ ഭാഗത്തുനിന്നുണ്ടായി. ഇടതുപക്ഷ പ്രവർത്തകരെ ശത്രുപക്ഷത്ത് നിർത്തിയാണ് പോലീസും ഇതര ഭരണസംവിധാനങ്ങളും ആ കാലഘട്ടത്തിൽ പ്രവർത്തിച്ചത്. ഒളിവിൽ കഴിയുന്ന നേതാക്കളെ ലഭിച്ചില്ലെങ്കിൽ അവർക്ക് അഭയം കൊടുക്കുന്ന ആളുകളെയും സാധാരണക്കാരായ ആളുകളെയും ഭീകരമായി മർദ്ദിക്കാനും അസഭ്യവർഷം നടത്താനും പോലീസ് തയ്യാറാവുന്ന നിരവധി കാഴ്ചകൾ ഒളിവിലെ ഓർമ്മകളിൽ കാണാം. സ്ത്രീകളോട് വളരെ മോശമായി പെരുമാറുകയും പലപ്പോഴും ലൈംഗികമായി ഉപയോഗപ്പെടുത്തുകയും ചെയ്യുന്ന സമീപനമാണ് പോലീസ് സ്വീകരിച്ചത്. "യൂണിഫോറമിട്ട ആ ജന്തു ആ സ്ത്രീയെ വലിച്ചിഴച്ച കൊണ്ടുപോയി. എന്നിട്ട് ആ കുഞ്ഞിന്റെ അമ്മയെ അയാൾ..... ക്ഷമിക്കുക. ഇത്രയും പറഞ്ഞു ഞാൻ അവസാനിപ്പിക്കുന്നു"(തോപ്പിൽ ഭാസി, 2017: 130) എന്ന് പോലീസിന്റെ താന്തോന്നി തരത്തെ ഭാസി അടയാളപ്പെടുത്തുന്നു. "ആ കുഞ്ഞിന്റെ പിതാവിനെ -പായിക്കാട്ടു ഗോപാലപിള്ളയെ- കുറെ നാളുകൾക്കു ശേഷം അറസ്റ്റു ചെയ്തു. പിടിച്ച് ആറുമാസം കഴിയുന്നതിനു മുമ്പ് ലോക്കപ്പിലിട്ട് തല്ലിച്ചതച്ച് അവർ അദ്ദേഹത്തെ കൊന്നു.....സ്ത്രീത്വത്തിന്റെയും മാതൃത്വത്തിന്റെയും നേരെയുള്ള കടന്നാക്രമണം ശൂരനാട്ട് മാത്രമല്ല സംഭവിച്ചത്. അക്കാലത്ത് മറ്റെത്രയോ സ്ഥലങ്ങളിൽ സംഭവിച്ചു....(തോപ്പിൽ ഭാസി, 2017: 130) എന്ന് ഭാസി കൂട്ടിച്ചേർക്കുന്നു. "എറണാകുളത്ത് ഫിലോമിന എന്നൊരു സ്ത്രീയുടെ നേരെ നടന്ന ഹീന പ്രവർത്തികൾ അക്കാലത്ത് പത്രങ്ങളിൽ വന്നതാണ്. ആ അമ്മയെയും പ്രായമായ അവരുടെ മകനെയും അഭിമുഖരായി കെട്ടി നിർത്തി. രണ്ടുപേരെയും നഗ്നരാക്കി. എന്നിട്ട്...(തോപ്പിൽ ഭാസി, 2017: 130) തുടർന്നുള്ള എഴുത്തുകാരന്റെ മൗനം അക്കാലത്തെ പോലീസ് ഭീകരത എത്ര മാത്രമായിരുന്നുവെന്ന് വെളിവാക്കുന്നു. ഭാസി ആത്മകഥയിൽ ഉദ്ധരിച്ചിട്ടുള്ള പല കഥകളും സ്വാനുഭവത്തിൽ നിന്നുള്ളവയല്ലെന്നും കേട്ടുകേൾവികളാണെന്നും ഒറ്റ വായനയിൽ തന്നെ വായനക്കാരന് ബോധ്യമാകും. ആത്മത്തിന് പ്രാധാന്യം നൽകേണ്ട ആത്മകഥയിൽ അപരത്തിന് പ്രാധാന്യം നൽകാൻ അദ്ദേഹം തയ്യാറായത് ആ കാലഘട്ടത്തിലെ ജീവിതം ഭാവി തലമുറ കൂടി അറിയേണ്ടതുണ്ടെന്ന ലക്ഷ്യത്തോടെയാകാം. ഇത്തരം സാമൂഹിക രാഷ്ട്രീയ സാംസ്കാരിക സാഹചര്യങ്ങളിലാണ് തോപ്പിൽ ഭാസി ജീവിക്കുകയും രാഷ്ട്രീയ പ്രവർത്തനം നടത്തുകയും ചെയ്തത്. ഇത്തരം സാഹചര്യങ്ങൾ ആത്മകഥാകാരനെ സ്വത്വത്തെ നിർണയിക്കുന്നതിൽ ഏറെ ഇടപെടലുകൾ നടത്തിയതായി കാണാം.

പുരുഷമനസ് ബുദ്ധിശക്തിക്കും സ്ത്രീ മനസ്സ് വൈകാരികതയ്ക്കുമാണ് പ്രാധാന്യം നൽകുന്നതെന്ന് ജോർജ് ഹെൻട്രി ലിവോസ് അഭിപ്രായപ്പെടുന്നുണ്ട്. എന്നാൽ തോപ്പിൽ ഭാസിയെ സംബന്ധിച്ച് ഈ അഭിപ്രായം ഒരു തരത്തിലും യോജിക്കുന്നതല്ല. വൈകാരികമായ ധാരാളം അനുഭവങ്ങൾ തോപ്പിൽഭാസിയുടെ ആത്മകഥയിൽ നിറഞ്ഞുനിൽക്കുന്നുണ്ട്. ആ കാല

ഘട്ടത്തിലെ ആൺ ആത്മകഥകളിൽ വളരെ വിരളമായി മാത്രമേ സ്ത്രീ ജീവിതങ്ങൾ പ്രത്യക്ഷപ്പെട്ടു കാണുന്നുള്ളൂ. എന്നാൽ, തന്റെ ചുറ്റുമുള്ള, താനുമായി ഇടപഴകിയ നിരവധിയായ സ്ത്രീകളെ ഭാസി തന്റെ ആത്മകഥയിൽ അടയാളപ്പെടുത്തുന്നുണ്ട്. ഒളിവ് സമയത്ത് താൻ എത്തപ്പെട്ട ഒരു ഷെൽട്ടറിലെ ഏഴ് വയസ്സ് മാത്രം പ്രായം ചെന്ന പെൺകുട്ടിയുമായുള്ള അനുഭവം ഒളിവിലെ ഓർമ്മകളിൽ കാണാം. "ചുറുചുറുക്കുള്ള ഒരു പെൺകുട്ടി ഒരു പൊട്ട മണ്ണെണ്ണ വിളക്ക് കത്തിച്ചു കൊണ്ടുവെച്ചു. അവൾക്ക് ഏഴ് വയസ്സ് പ്രായം കാണും. ഇതിനിടയിൽ ഗോപാലൻ പുറകിലിരുന്ന് അവരുടെ തലയിലൊന്നു 'ഞോടി'. അവൾ പെട്ടെന്ന് തിരിഞ്ഞുനോക്കി...." (തോപ്പിൽ ഭാസി, 2017: 54) ഇങ്ങനെ നീളുന്ന ആ കൊച്ചു മിടുക്കിമായുള്ള അനുഭവം വളരെ വൈകാരികമായിട്ടാണ് ആത്മകഥാകാരൻ അവതരിപ്പിച്ചിരിക്കുന്നത്. ഇത്തരത്തിലുള്ള ധാരാളം വൈകാരിക മുഹൂർത്തങ്ങൾ ആത്മകഥയിലുണ്ട്. സുന്ദരിയായ പെൺകുട്ടിയുമായി ഇടപെട്ട ഒരു അനുഭവം ഭാസി അവതരിപ്പിക്കുന്നുണ്ട്. "അവൾ കുനിഞ്ഞിരുന്ന് ഒരു ഊറിയ പുഞ്ചിരിയോടെ നഖം കൊണ്ട് അലക്ഷ്യമായി പായിൽ എഴുതി. എന്നിട്ട്,തെല്ലു നാണത്തോടെ, ഒരു തഴ വലിച്ചെടുത്തു. സുന്ദരമായ അവളുടെ പല്ലുകളിൽ രണ്ടെണ്ണത്തിന്റെ തലപ്പു മാത്രം തൊടുമാറ് അധരം വിടർത്തി കടിച്ചുകൊണ്ട് അവൾ കണ്ണുകൾ മേലോട്ടുയർത്തി എന്നെയൊന്നു നോക്കി. ഹോ -! മനുഷ്യനെ ഭ്രാന്തു പിടിപ്പിക്കാൻ ഈ പെണ്ണുങ്ങൾ എന്തെല്ലാം പഠിച്ചു വച്ചിരിക്കുന്നപ്പ! (തോപ്പിൽ ഭാസി, 2017: 92). ഇങ്ങനെ തന്റെ ചുറ്റുമുള്ള, താൻ ഇടപഴകിയ ധാരാളം മനുഷ്യരെ ചിലപ്പോൾ ഒറ്റവാക്കിൽ, ചിലപ്പോൾ ഒരു വാചകത്തിൽ, ചില ഘട്ടങ്ങളിൽ മൂന്നും നാലും പുറങ്ങളെടുത്ത് അവതരിപ്പിക്കുന്നുണ്ട്. "ഒരു വരി കൊണ്ട് മുതൽ രണ്ട് പേജുകൾ ഉപയോഗിച്ച് വരെ പ്രശസ്തരും അപ്രശസ്തരുമായ ഒട്ടനവധിയാളുകളുടെ ഏകദേശ രൂപങ്ങൾ ഞാൻ ഇതിൽ വരച്ചിട്ടുണ്ട്. ഇനിയും ചിലരുടെ ചിത്രങ്ങൾ വരയ്ക്കാൻ ഞാൻ ഉദ്ദേശിച്ചിട്ടുണ്ട്. ഞാൻ തോറ്റിട്ടില്ലെന്നും തോൽക്കുകയില്ലെന്നുമാണ് എന്റെ വിനീതമായ വിശ്വാസം (തോപ്പിൽ ഭാസി, 2017: 96) എന്ന് ആത്മകഥാകാരൻ തന്നെ തന്റെ ലക്ഷ്യം അടയാളപ്പെടുത്തുന്നുണ്ട്.

തന്റെ ചുറ്റുമുള്ള മനുഷ്യരെപ്പോലെ തന്നെ സ്വന്തം കുടുംബാംഗങ്ങളും ഭാസിയുടെ ഓർമ്മകളിൽ കടന്നുവരുന്നുണ്ട്. ഭാസിയുടെ ഒളിവ് ജീവിതം സമ്മാനിച്ച ദുരിതങ്ങൾ എപ്രകാരമാണ് സ്വന്തം കുടുംബത്തിന്റെ തലയിൽ വന്നു പതിച്ചതെന്ന് ഭാസി ആത്മകഥയുടെ വിവിധ ഭാഗങ്ങളിൽ അടയാളപ്പെടുത്തുന്നു. ഒളിവ് ജീവിതം ആരംഭിച്ച ഘട്ടം മുതൽക്ക് തന്നെ ഭാസിയുടെ വീട് പോലീസുകാർക്ക് ഒരിടത്താവളമായി മാറിക്കഴിഞ്ഞിരുന്നു. പ്രായമായ പിതാവ് ഉൾപ്പെടെയുള്ള ആൺ പ്രജകളെ ശാരീരികമായി കടന്നാക്രമിക്കാനും സ്ത്രീകളെ തെറിവാക്കുകൾ കൊണ്ട് അഭിഷേകം നടത്താനും തയ്യാറായ നിരവധി പോലീസ് അനുഭവങ്ങൾ ഒളിവിലെ ഓർമ്മകളിൽ കാണാം. ഇങ്ങനെ നിരന്തരമായി കുടുംബം വേട്ടയാടപ്പെടുന്ന ഘട്ടത്തിലും തന്റെ ആദർശത്തിൽ നിന്ന് പിന്തിരിയാൻ തോപ്പിൽ ഭാസി തയ്യാറായില്ല. ഭാസിയെ പിടികിട്ടാത്ത ഘട്ടത്തിൽ ആ കുടുംബത്തിലെ എല്ലാ ആളുകളെയും വീട്ടിൽ നിന്ന് ഇറക്കിവിട്ട് സ്ഥാപനജംഗമ വസ്തുക്കൾ തല്ലിതകർത്തപ്പോഴും ഭാസി പതറിയിരുന്നില്ല. താനും തന്റെ രാഷ്ട്രീയ പാർട്ടിയും മുന്നോട്ടുവെക്കുന്ന ലക്ഷ്യപ്രാപ്തിക്കായ് ഏതറ്റം വരെയും മുന്നോട്ട് പോവാൻ അന്നത്തെ സാമൂഹിക സാഹചര്യം ഭാസിയെ പ്രാപ്തനാക്കിയിരുന്നു. വിവാഹം ചെയ്ത പെൺകുട്ടിയോടൊപ്പം മധുര നിമിഷങ്ങൾ പങ്കുവെക്കാൻ പോലും സാധിക്കാതെ, സ്വന്തം കുഞ്ഞിന്റെ മുഖം ഒരു നോക്ക് കാണാൻ സാധിക്കാതെ തന്റെ രാഷ്ട്രീയ ആദർശത്തിന് വേണ്ടി ജീവിതം തന്നെ മാറ്റിവച്ച ആദർശശാലിയായ രാഷ്ട്രീയ പ്രവർത്തകനെ രൂപപ്പെടുത്തുന്നതിൽ കാമ്പശ്ശേരി കരുണാകരന്റെയും പുതുപ്പള്ളി രാഘവൻപിള്ള, എം.എൻ ഗോവിന്ദൻ നായർ തുടങ്ങിയവരുടെയും ഇടപെടലുകൾ ഏറെ വലുതാണ്.

ഒളിവിലെ ഓർമ്മകൾ എന്ന ആത്മകഥയിൽ ഭാസിയോടൊപ്പം തന്നെ തിളക്കമാണെന്ന് നിൽക്കുന്ന മൂന്നു വ്യക്തികളാണ് കാമ്പിശേരിയും പുതുപ്പള്ളിയും എമ്മനും.എം എൻ ഗോവിന്ദൻ നായരെ കുറിച്ച് ദീർഘമായ വർണ്ണന തന്നെ ഭാസി നടത്തുന്നുണ്ട്. "എമ്മെൻ ഈ കുറിപ്പിലെ പ്രധാന കഥാപാത്രങ്ങളിൽ ഒരാളാണ്. അതുകൊണ്ട് ശരീര വർണ്ണന ഇവിടെ നടത്തിക്കളയാം. ആദ്യമായി പഴയ ശരീരത്തെയും അതോടു ബന്ധപ്പെടുത്തി പുതിയ ശരീരത്തെയും

വർണ്ണിക്കാം. മുകളിലത്തെ വഴിയിലെ പല്ലുകളിൽ മുൻനിരക്കാരെല്ലാം മുകളിലോട്ടും, താഴത്തെ വരിയിലേത്- താഴോട്ടെന്നും വിചാരിച്ചു കളയരുത്. ആ നീതിയും കാട്ടിയിട്ടില്ല. അവയ്ക്കു തോന്നിയതുപോലെ ഇടത്തോട്ടും വലത്തോട്ടുമൊക്കെ വളർന്നുനിൽക്കുന്ന ദന്തസൗന്ദര്യത്തിൽ നിന്നൽഭുതമാകുന്ന അനിതര സാധാരണമായ വദനസൗകുമാര്യം! പോരാത്തതിനെന്നവണ്ണം വായ് സദാസമയവും കോളാമ്പിയാണ്...."(തോപ്പിൽ ഭാസി, 2017: 76). ഇപ്രകാരം എം എൻ ഗോവിന്ദൻ നായരുടെ ശരീര വർണന നടത്തുന്ന ആത്മകഥാകൃത്ത് തുടർന്ന് അദ്ദേഹത്തിന്റെ വ്യക്തിത്വത്തെ അനാവരണം ചെയ്യാൻ ശ്രമം നടത്തുന്നു. അക്കാലത്തെ തൊഴിലാളി വർഗ്ഗ പ്രസ്ഥാനത്തിന്റെ സജീവ സാന്നിധ്യമായിരുന്നു എം എൻ ഗോവിന്ദൻ നായർ. സ്വന്തം ജീവൻ പോലും നഷ്ടപ്പെടുത്തിയാണെങ്കിലും തൊഴിലാളി വർഗ്ഗ വിമോചനം സാധ്യമാക്കണമെന്ന് അദ്ദേഹം അടിയുറച്ച് വിശ്വസിച്ചു. ജയിൽവാസം അനുഭവിക്കുന്ന ഘട്ടത്തിൽ പോലും ജയിലിന് പുറത്ത് രാഷ്ട്രീയ സാമൂഹിക സാഹചര്യങ്ങൾ അദ്ദേഹത്തെ ആകുലപ്പെടുത്തുകയുണ്ടായി. എം എൻ ജയിലിൽ കഴിയുന്ന ഘട്ടത്തിലാണ് താൻ ക്ഷയരോഗബാധിതനാണെന്ന് തിരിച്ചറിയുന്നത്. കടുത്ത ക്ഷയരോഗമാണ് തനിക്ക് ബാധിച്ചിരിക്കുന്നതെന്നും ഇനി അതിൽ നിന്നും മോചനമില്ലെന്നും അദ്ദേഹം അന്ന് തീർത്തും വിശ്വസിച്ചിരുന്നു. അങ്ങനെ മരണം മുന്നിൽ കാണുന്ന ഘട്ടത്തിലാണ് ഏതുവിധേനയും ജയിൽ ചാടി പാർട്ടിയുടെ പോരാട്ടങ്ങളിൽ പങ്കെടുക്കണമെന്ന് അദ്ദേഹം ഉറപ്പിക്കുന്നത്. എന്നാൽ പാർട്ടിയുടെ നിലപാട് വ്യത്യസ്തമായിരുന്നു. ആരോഗ്യനില ഏറെ അപകടത്തിലായ അദ്ദേഹം ജയിൽ ചാടുന്നത് അദ്ദേഹത്തിന് ആരോഗ്യത്തെ താരമായി ബാധിക്കുമെന്ന് പാർട്ടി വിലയിരുത്തുകയും അതിൽനിന്ന് പിന്തിരിയാൻ ആവശ്യപ്പെടുകയും ചെയ്തു. എന്നാൽ തന്റെ ഉറച്ച തീരുമാനത്തിൽ നിന്ന് പിന്തിരിയാൻ അദ്ദേഹം തയ്യാറായില്ല. ഏതു വിധേനയും പുറത്തിറങ്ങി തന്നാലാവുന്നത് ചെയ്യണമെന്ന ദൃഢനിശ്ചയം അദ്ദേഹത്തിന് ഉണ്ടായിരുന്നു. ഇത്തരത്തിൽ ഒരു കറകളഞ്ഞ രാഷ്ട്രീയപ്രവർത്തകനായി ഒളിവിലെ ഓർമ്മകളിൽ എം എൻ ഗോവിന്ദൻ നായർ നിറഞ്ഞുനിൽക്കുന്നു.

തന്റെ ബാല്യകാല സുഹൃത്തും സന്തത സഹചാരിയുമായ കാമ്പിശേരിയെ കുറിച്ചുള്ള ഓർമ്മകളും ഭാസി അടയാളപ്പെടുത്തുന്നുണ്ട്. മധ്യതിരുവിതാംകൂറിലെ നാല് താലൂക്കുകൾ ഉൾപ്പെട്ട ഡിസിസിയുടെ സെക്രട്ടറിയായി രാഷ്ട്രീയ പ്രവർത്തനം നടത്തിയ കാമ്പിശേരി പിന്നീട് ഇടതുപക്ഷ പ്രസ്ഥാനങ്ങളിലേക്ക് ആകർഷിക്കപ്പെടുകയുണ്ടായി. 1942ൽ സംസ്കൃത കോളേജിൽ പഠിച്ചുകൊണ്ടിരിക്കുന്ന കാലഘട്ടത്തിൽ തിരുവനന്തപുരം ആർട്സ് കോളേജ് മായി ബന്ധപ്പെട്ട് അറസ്റ്റിലാവുകയും പഠനം പാതിവഴിയിൽ ഉപേക്ഷിക്കുകയും ചെയ്തു. ഇടതുപക്ഷ പ്രസ്ഥാനങ്ങളിൽ ആകൃഷ്ടനായി നാട്ടിൽ തിരിച്ചെത്തിയ കാമ്പിശേരി തോപ്പിൽ ഭാസിയെ ഏറെ സ്വാധീനിച്ചതായി ആത്മകഥയിൽ നിന്ന് വ്യക്തമാകുന്നുണ്ട്. തോപ്പിൽഭാസിയുടെ രാഷ്ട്രീയ ഗുരു എന്ന് വേണമെങ്കിൽ വിളിക്കാവുന്ന വ്യക്തിയാണ് പുതുപ്പള്ളി രാഘവൻ. കോൺഗ്രസുമായി അകൽച്ചയിലായ ചെറുപ്പക്കാരെ ഇടതുപക്ഷ പ്രസ്ഥാനങ്ങളുമായി ചേർത്തുനിർത്താൻ പുതുപ്പള്ളി നിരന്തരമായ ശ്രമങ്ങൾ നടത്തിയിരുന്നു. പുതുപ്പള്ളിയും ഭാസിയും തമ്മിൽ ആദ്യഘട്ട മുതൽ തന്നെ ആക്ഷേപരമായ സംഘടനങ്ങൾ നിലനിന്നിരുന്നു. തോറ്റുകൊടുക്കാൻ താല്പര്യമില്ലാത്ത ഇരുവരുടെയും പ്രകൃതം വാക് പോരുകളിൽ വരെ എത്തിനിൽക്കുന്ന കാഴ്ചകൾ ആത്മകഥയിൽ കാണാം.ഭാസിയെ പരിഹസിക്കാൻ കിട്ടുന്ന ഒരവസരവും പുതുപ്പള്ളി പാഴാക്കിയിരുന്നില്ല. "പുതുപ്പള്ളി പിന്നെ രണ്ടു പ്രാവശ്യം കൂടി എന്നെ കാണാൻ വന്നു. ഈ മൂന്നുപ്രാവശ്യവും ഞങ്ങൾ തമ്മിൽ കുറെയേറെ തർക്കങ്ങളും വാദപ്രതിവാദങ്ങളും നടത്തിയാണ് പിരിഞ്ഞത്. വാസ്തവത്തിൽ ഒരു കാര്യം ഉള്ള കാര്യത്തിന് അല്ല തർക്കിച്ചത്. രോഗം വേറെയായിരുന്നു"(തോപ്പിൽ ഭാസി, 2017: 28). കമ്മ്യൂണിസത്തിൽ അഗാധമായ അറിവുണ്ടെന്ന് വിശ്വസിച്ചിരുന്ന പുതുപ്പള്ളി ഒരിക്കലും തോൽവി സമ്മതിക്കാൻ തയ്യാറായില്ല. അതിനേക്കാൾ വലിയ വാശിക്കാരനായിരുന്നു ഭാസിയും. ഇരുവരുടെയും ആശയപരമായ ചർച്ചകൾ ഭാസിയിൽ പ്രത്യയശാസ്ത്രപരമായ അടിത്തറ രൂപപ്പെടുന്നതിന് ഏറെ സഹായകരമായിട്ടുണ്ട്. തന്റെ രാഷ്ട്രീയ ജീവിതത്തിലെ ഒരു സഹയാത്രികൻ എന്ന നിലയിലാണ് പുതുപ്പള്ളിയെ തോപ്പിൽഭാസി ഒളിവിൽ ഓർമ്മകളിൽ അടയാളപ്പെടുത്തുന്നത്. മുകളിൽ പറഞ്ഞ മൂന്ന് വ്യക്തികൾ മാത്രമല്ല അറിയുന്നവരും അറിയപ്പെടാത്തവരുമായ നിരവധി ചെറുതും

വലുതുമായ വ്യക്തികൾ തോപ്പിൽഭാസിയുടെ ആത്മകഥയിൽ കടന്നുവരുന്നുണ്ട്.

"ആകെക്കൂടി ഇന്നത്തെ മുറയ്ക്ക് വായിക്കുമ്പോൾ കൂട്ടുകറിയുടെ ഒരു സ്വാദുണ്ടായിരിക്കും ഇതിനെന്നു ഞാനിപ്പോൾ കരുതുകയാണ് (തോപ്പിൽ ഭാസി, 2017 :303) എന്ന് ആത്മകഥയുടെ അവസാനഭാഗത്ത് ഭാസി സൂചിപ്പിക്കുന്നുണ്ട്. താൻ മാത്രമല്ല തന്റെ ചുറ്റുപാടുകളും ചുറ്റുമുള്ള മനുഷ്യരും ഈ ആത്മകഥയുടെ ഭാഗമായതിനാലാവാം ഇത്തരമൊരു നിരീക്ഷണം ഭാസി മുന്നോട്ടുവയ്ക്കുന്നത്. ആത്മകഥയിലെ ആത്മത്തെയും അപരത്തെയും നിർണയിക്കുന്നതിൽ ആത്മകഥാകാരന്റെ കാലവും കർമ്മ മണ്ഡലവും പ്രത്യയശാസ്ത്ര അഭിമുഖ്യങ്ങളും വലിയ പങ്കുവഹിക്കുന്നതായി ഒളിവിലെ ഓർമ്മകൾ ആത്മകഥയിൽ നിന്നും ബോധ്യമാകും. തന്റെ ചുറ്റിലുമുള്ള ആളുകളെ വലിപ്പച്ചെറുപ്പമില്ലാതെ ജാതിഭേദം നോക്കാതെ തന്റെ ആത്മകഥയിൽ പരിഗണിച്ചത് അദ്ദേഹത്തിന്റെ രാഷ്ട്രീയ അവബോധം തന്നെയാണ്. ആത്മകഥകൾ കേവലം വ്യക്തിയുടെ മാത്രം കഥയല്ലെന്നും ഒരു കാലഘട്ടത്തിന്റെ കഥയാണെന്നും ബോധ്യമാക്കുന്ന ഉത്തമ ദൃഷ്ടാന്തമാണ് തോപ്പിൽ ഭാസിയുടെ ഒളിവിൽ ഓർമ്മകൾ.

**ഗ്രന്ഥസൂചി**

1) A Dictionary of Literary terms and Literary Theory, 1998
2) George Misch, A History of Autobiography in Antiquity, Routledge, London, 1950
3) Sturrock John, The Language of Autobiography,Cambridge University Press, 1993.
4) തോപ്പിൽ ഭാസി, ഒളിവിലെ ഓർമ്മകൾ, പ്രബതം ബുക്സ്, തിരുവനന്തപുരം, 2017
5) നടരാജ ഗുരു, നടരാജ ഗുരുവിന്റെ ആത്മകഥ ഭാഗം 1, നാരായണ ഗുരുകുല പബ്ലിക്കേഷൻ,2010
6) വിജയാലയം ജയകുമാർ,ആത്മകഥാ സാഹിത്യം മലയാളത്തിൽ, നാഷണൽ ബുക്ക്സ്റ്റാൾ കോട്ടയം,1982

renjith751996@gmail.com

# ഭിന്നശേഷി ആഖ്യാനം : ഒരു തെരുവിന്റെ കഥയിൽ

**ഡോ. ഷീജ ഐ.**
അസിസ്റ്റന്റ് പ്രൊഫസർ, മലയാള വിഭാഗം,
എൻ. എസ്. എസ്. വനിതാ കോളജ്., തിരുവനന്തപുരം

**പ്രബന്ധസംഗ്രഹം:**
തെരുവ് ഭിന്നശേഷിയിടം എന്ന നിലയിൽ പരിഗണിക്കപ്പെടാവുന്ന നോവലാണ് എസ്. കെ.പൊറ്റക്കാടിന്റെ ഒരു തെരുവിന്റെ കഥ.വൈകല്യബാധിതരുടെ സ്വത്വത്തെ അടയാളപ്പെടുത്തുന്ന ആഖ്യാനവും പ്രമേയഘടനയിലെ വ്യതിരിക്തതയും നോവലിനെ വ്യത്യസ്തമാക്കുന്നു. തെരുവ് ഭിന്നശേഷി ഇടം എന്നനിലയിൽ സ്വത്വപ്രകാശനം സാധ്യമാകുന്നത് എപ്രകാരമെന്ന് കഥാപാത്രവിശകലനത്തിലൂടെ തെളിയിക്കുകയാണ് ഈ പഠനം.

**താക്കോൽവാക്കുകൾ :**
ഭിന്നശേഷി ആഖ്യാനം, രോഗാതുരത, അനാഥത്വം, സ്വത്വപ്രകാശനം, സാമൂഹ്യവിവേചനം

**സാ**മൂഹ്യമായ വിവിധ പരിഗണനകളുടെ അടിസ്ഥാനത്തിലാണ് ഓരോ വ്യക്തിയും സമൂഹമെന്ന സ്ഥാപനത്തിന്റെ ഭാഗമാകുന്നത്. ഒരു സമൂഹത്തിൽ വ്യക്തി എങ്ങനെ അടയാളപ്പെടുന്നു എന്നതിനെ ആശ്രയിച്ചാണ് അയാളുടെ സാമൂഹ്യമൂല്യം നിർണയിക്കപ്പെടുന്നത്.ഒരാളുടെ ജാതി, മതം, സാമ്പത്തിക പദവി, ലിംഗം എന്നീ സ്ഥാനനിർണയ ഉപാധികൾ പോലെത്തന്നെ അയാളുടെ ശാരീരിക- മാനസിക നിലയ്ക്കും പ്രാധാന്യമുണ്ട്.സമൂഹത്തിന്റെ മുഖ്യധാരയിൽ ഇന്നും നിലനിൽക്കുന്ന പരമ്പരാഗത സവിശേഷ സൗന്ദര്യസങ്കല്പങ്ങളുടെ നിലയിലേക്ക് ഉയരാൻ കഴിയാത്തവർ പലപ്പോഴും പാർശ്വവൽക്കരിക്കപ്പെടാറുണ്ട്. ഭിന്നമായ ശാരീരിക മനോനിലകളുള്ളവരെ വൈകല്യബാധിതർ എന്ന നിലയിലാണ് പൊതുസമൂഹം വിലയിരുത്തുന്നത്. സാമ്പ്രദായിക സമൂഹം വൈകല്യ ബാധിതരെന്നു കണക്കാക്കുന്നവരുടെ സ്വത്വത്തെ അടയാളപ്പെടുത്താൻ ഇന്ന് ഭിന്നശേഷിയുള്ളവർ എന്ന പ്രയോഗം വഴി സാധിക്കുന്നുണ്ട്. ഇത് സാമൂഹ്യ വിവേചനങ്ങളുടെ സാംസ്കാരിക തലങ്ങളെ അറിയാൻ തുടങ്ങിയതുമുതൽ കടന്നുകൂടിയ മാറ്റമാണ്. 'ഏതെങ്കിലും വിധത്തിലുള്ള അസുഖങ്ങളാലോ അപകടത്താലോ ജനിതക തകരാറുകളാലോ താൽക്കാലികമായോ സ്ഥിരമായോ മനുഷ്യശേഷിക്ക് സംഭവിക്കുന്ന അഭാവത്തെയോ പരിമിതിയേയോ വൈകല്യമെന്നു വിളിക്കാ'മെന്നതാണ് ആർ. എസ്.പാണ്ഡേയുടെ വൈദ്യശാസ്ത്ര സംബന്ധമായ നിരീക്ഷണം.

ISSN 2456-4168

കേരളീയ സാമൂഹ്യ സാഹചര്യങ്ങളിൽ വേറിട്ട മാനദണ്ഡങ്ങളാണ് ഭിന്നശേഷി നിലവാര സൂചികയായി നിലനിർത്തിയിരിക്കുന്നത്. സാമൂഹ്യമാതൃക വൈകല്യങ്ങളെ പൂർണമായും സാമൂഹനിർമ്മിതിയായിത്തന്നെ കാണുന്നു. 'ഒരു സവിശേഷസാഹചര്യത്തിനകത്തുള്ള വ്യക്തിയിൽ നിന്ന് പ്രതീക്ഷിക്കുന്ന പ്രവർത്തിയോ കടമയോ വേണ്ടവിധം പ്രകടിപ്പിക്കാൻ കഴിവില്ലാതാകുന്ന പരിമിതിയാണ് വൈകല്യ'മെന്ന് നാഗി രേഖപ്പെടുത്തിയിട്ടുണ്ട്.ഇത് ഒരാളുടെ സാമൂഹ്യനിലവാരത്തെ അസന്തുലിതപ്പെടുത്തുന്ന ശാരീരിക-മാനസിക പ്രകടനശേഷിയുടെ ന്യൂനതയായാണ് സമൂഹം വ്യാഖ്യാനിക്കുന്നത്. സമൂഹം പലപ്പോഴും വ്യക്തികളെ തരംതിരിക്കുന്നത് സാജാത്യ വൈജാത്യങ്ങൾ ഉപയോഗിച്ചാണല്ലോ, 'ഒരുവ്യക്തിക്ക് അയാളുടെ പ്രധാനജീവിതവൃത്തികളിൽനിന്ന് ഏതെങ്കിലും ശാരീരികവും മാനസികവുമായ ദൗർബല്യങ്ങൾ പരിമിതപ്പെടുത്തുന്നുവെങ്കിൽ അയാളെ വൈകല്യമുള്ള ആളായി കണക്കാക്കാ'മെന്ന ടോണി ബെന്നറ്റിന്റെ നിരീക്ഷണം ഇവിടെ പ്രസക്തമാണ്.ജന്മനാലുള്ള ശാരീരിക വൈകല്യങ്ങളെ പാപകർമ്മങ്ങൾ ചെയ്ത വ്യക്തികൾക്കുള്ള ശാപമായി പരിഗണിച്ചിരുന്ന മതസമൂഹവും ജനവിഭാഗങ്ങളും ഇന്നും നമുക്കിടയിലുണ്ട്. വൈകല്യം ബാധിച്ചവരെ ദുശ്ശകുനങ്ങളായി കാണുന്ന വിശ്വാസവും അധികാരവും സ്വത്തും കൈകാര്യം ചെയ്യുന്നതിൽനിന്നും അവരെ വിലക്കുന്ന പ്രവണതയും കുടുംബത്തിൽനിന്നും അതുവഴി സമൂഹത്തിൽ നിന്നുമുള്ള പാർശ്വവൽക്കരണത്തിന്റെ പ്രത്യക്ഷവഴിയാണ്. ഇത്തരത്തിൽ മാറ്റിനിർത്തപ്പെട്ട ഒരു വിഭാഗത്തിന്റെ,വൈകല്യബാധിതരുടെ വ്യതിരിക്തമായ ജീവിതം ആവിഷ്കരിച്ച നോവലാണ് എസ് കെ പൊറ്റക്കാടിന്റെ 'ഒരു തെരുവിന്റെ കഥ'. ഭിന്നശേഷി കഥാപാത്രങ്ങൾ നിറഞ്ഞ തെരുവ് അസ്തിത്വമായി മാറുന്ന ഒരു കൂട്ടം സാധാരണക്കാരുടെ സ്വപ്നങ്ങളുടെയും ജീവിതത്തിന്റെയും പകർപ്പില്ലാത്ത ആവിഷ്കാരമാണിത്. ഇവരുടെ അതിജീവനത്തിന്റെ ഇടം കൂടിയാണ് നോവലിലെ തെരുവ്. ജീവിതത്തിന്റെ പാതിവഴിയിൽ ഉപേക്ഷിക്കപ്പെട്ടവരാണ് നോവലിലെ ഭൂരിഭാഗം കഥാപാത്രങ്ങളും.

**തെരുവ് ഭിന്നശേഷി ഇടം**

ഉടലഴകിന്റെ മാനദണ്ഡങ്ങളെന്ന് സമൂഹം നിശ്ചയിക്കപ്പെട്ട ശാരീരിക ഭാഷയിൽ നിന്ന് വ്യത്യസ്തരായിരിക്കണം ഭിന്നശേഷിക്കാരെന്ന് ഓരോ എഴുത്തുകാരനും ബോധ്യമുണ്ട്. അതിനു തെളിവാണ് തെരുവിന്റെ കഥയിലെ കഥാപാത്രങ്ങൾ.നോവലിലെ ആദ്യ അധ്യായം തുടങ്ങുന്നതുതന്നെ മകരമാസത്തിലെ രാത്രിയുടെ അവസാനയാമത്തിൽ തെരുവിലെ ഒരു കടയുടെ കോലായിൽ തീകായുന്ന 'മനുഷ്യക്കോലങ്ങളെ' കുറിച്ച് പരാമർശിച്ചുകൊണ്ടാണ്.അതിൽ പ്രധാനികൾ കൂനൻകണാരനും ഞൊണ്ടിപ്പറങ്ങോടനും പെരിക്കാലൻഅന്ത്രുവും വരത്തൻ അപ്പുനായരുമൊക്കെയാണ്. തെരുവിലെ ജീവിതങ്ങൾ അടിയുന്നത് പട്ടണത്തിന്റെ അകന്ന മൂലയിലെ ഒരു ചെളിപ്രദേശത്താണ്. 'ആൾപ്പാർപ്പ് അതിക്രമിച്ച് മുൻസിപ്പാലിറ്റിയുടെ ഭാഗമായി മാറിയ' ഉപ്പ് രസംകലർന്ന ആ ചെളിപ്രദേശത്ത് കനത്ത വേനലിൽപ്പോലും ഉറവും നനവുമാണ്.അവിടെ കുറെ ചെറ്റപ്പുരകളാണ്. പുലയരും കൂലിപ്പണിക്കാരും കുടിപ്പാർക്കുന്ന ഇടം.

1960ൽ പുറത്തുവന്ന ഈ നോവലിന്റെ കഥ പ്രമേയഘടന കൊണ്ടും എഴുത്തുശൈലി കൊണ്ടും വ്യത്യസ്തമാണ്. നാല്പത്തിയെട്ട് അധ്യായങ്ങളുള്ള നോവലിൽ ഭാവനഭൂപടത്തിൽ അദ്ദേഹം കണ്ട ഒരു തെരുവിനെ സാക്ഷിയാക്കി ഒരു സമൂഹത്തിന്റെ കഥ പറയുകയായിരുന്നു. തെരുവിൽ വന്നുപോകുന്ന കഥാപാത്രങ്ങളെല്ലാം തന്നെ തെരുവുമായി ഏതെങ്കിലും തരത്തിൽ ബന്ധപ്പെട്ടിരിക്കും. ശാരീരിക മാനസിക വൈകല്യങ്ങളുടെ പരിധിയിൽ ഉൾപ്പെടാത്തവരും തെരുവിന്റെ ഭാഗമാണ്. സാമൂഹ്യചട്ടങ്ങൾക്ക് വിരുദ്ധമായ വിലക്കപ്പെട്ട ജീവിതം നയിക്കുന്ന വേശ്യകൾ സ്വവർഗലൈംഗിക പങ്കാളികൾ തുടങ്ങി "അംഗീകൃതബന്ധ"ങ്ങളുടെ വെളിയിൽ നിൽക്കുന്നവരൊക്കെ വൈകല്യം ബാധിച്ചവരെന്ന നിലയിൽ തെരുവിന്റെ കഥയുടെ ഭാഗമാണ്. കൂടാതെ സാമ്പത്തികം, കുടുംബം, അംഗീകാരം, എന്നിവലഭിക്കാത്ത സാധാരണക്കാരും ഈ തെരുവിന്റെ ഭാഗമാണ്.ഒരു കുടുംബത്തിന്റെയോ സംഭവത്തിന്റെയോ ആദിമധ്യാന്തപ്പൊരുത്തമുള്ള കഥയല്ല ഈ നോവലിൽ അവതരിപ്പിച്ചിരിക്കുന്നത്. 'ഇതിലെ കഥാപാത്രങ്ങളെല്ലാം രക്തവും മാംസവുമുള്ള മനുഷ്യജീവിതങ്ങളായിരുന്നു' എന്ന് നോവലിന്റെ ആമുഖത്തിൽ എസ്. കെ. പറയുന്നുണ്ട്. 'സമുദായത്തിന്റെ ബാഹ്യമണ്ഡലത്തിൽ തങ്ങളുടേ

തായ ലഘുപ്രകാശമോ വികൃതഛായയോ വീഴ്ത്തി അന്തർധാനം ചെയ്യുവരാണ് ഈ കഥാപാത്ര ങ്ങൾ. തികഞ്ഞ വ്യക്തിയെന്ന നിലവാരപ്പലകയുടെ അടിസ്ഥാനത്തിൽ ഓരോ വ്യക്തിയും വിലയിരുത്തപ്പെടാറുണ്ട്. എന്നാൽ അപൂർണ്ണത എന്തെന്ന് തിരിച്ചറിയപ്പെടാനാകാതെ വരി കയും സ്വന്തം സിദ്ധികളെയും ശേഷികളെയും തിരിച്ചറിയാനാകാതെ സാംസ്കാരിക വിനിമ യത്തിൽ ഏത് സ്വന്തം സ്വീകരിച്ചാലാണ് താൻ ഉൾക്കൊള്ളുന്നത് എന്ന സ്വത്വപ്രതിസന്ധി ഉള്ളവരാണ് തെരുവിന്റെ കഥയിലെ മിക്കകഥാപാത്രങ്ങളും.

ശബ്ദ -ഗന്ധശേഷികൾ കൊണ്ട് നമ്മെ വിസ്മയിപ്പിക്കുന്ന കഥാപാത്രമാണ് അന്ധനായ മുരുകൻ. 'ബാഹ്യലോകത്തിലെ നിറങ്ങളോ രൂപങ്ങളോ പ്രകാശങ്ങളോ അവന്റെ മസ്തിഷ്കമ ണ്ഡലത്തിന് അജ്ഞാതമാണ്. ഗന്ധങ്ങളുടെയും ശബ്ദങ്ങളുടെയും അപൂർവ സ്പർശനങ്ങളുടെ യും സ്വപ്നാംശം അവന്റെ മസ്തിഷ്കം ഇടയ്ക്കിടെ വിസർജ്ജിച്ചുകൊണ്ടിരുന്നു'. ഓട്ടുകമ്പനിയിൽ നിന്നുള്ള ഹുങ്കാനാദം, പോലീസിന്റെ താവളത്തിൽനിന്നുള്ള ബ്യൂഗിൾ, തീവണ്ടി പുറപ്പെടുന്ന ശബ്ദം, ചട്ടക്കാരൻ സായ്‌വിന്റെ ബംഗ്ലാവിലെ പട്ടിയുടെ കുര, മഹാത്മാഗാന്ധി കീ ജയ് വി ളി, പാത്രത്തിൽ നാണയം വീഴുന്ന ശബ്ദം, തെരുവിൽ പുതുതായിവന്ന മോട്ടോർകാറിന്റെ ശബ്ദം, ഇങ്ങനെ നീണ്ടുപോകുന്ന ഒറ്റയായും സമ്മിശ്രമായും മുരുകന്റെ തലച്ചോറിൽ പതിയു ന്ന ശബ്ദസഞ്ചയങ്ങൾ. ഇതിൽ അവനെ അലോസരപ്പെടുത്തുന്ന ശബ്ദങ്ങളും ഭയപ്പെടുത്തുന്ന ശബ്ദങ്ങളും ഉണ്ടായിരുന്നു.

ജീവിതപ്രതിബോധനത്തിൽ അവൻ ആശ്രയിച്ച മറ്റൊരുപാധി ഗന്ധങ്ങളായിരുന്നു. 'വി യർപ്പിന്റെ നാറ്റഭേദങ്ങളും അത്തറിന്റെ സൗരഭ്യവുംകൊണ്ട് അവൻ ആളുകളെ വേർതിരിച്ച റിയും'. തെരുവിലൂടെ നീങ്ങുമ്പോൾ ഏത് പീടികയുടെ മുന്നിലാണെന്ന് പരിസരഗന്ധം കൊ ണ്ട് അവന് പറയുവാൻസാധിക്കും. പഴക്കച്ചവടക്കാരൻ കുമാരന്റെകട, ചന്തുകുഞ്ഞൻ മുതലാ ളിയുടെ അപ്പക്കൂട്, യൂസഫിന്റെ ചെരുപ്പ്കട, പലവ്യഞ്ജനകട, മുട്ടനാടിന്റെ ഗന്ധമുള്ള പട്ടാ ണിസായിപ്പിന്റെ കട, സോഡാ ഫാക്ടറി, ഹോട്ടൽ, മെഡിക്കൽ ഷാപ്പ്, ജൗളിക്കട എന്നിങ്ങ നെ ഗന്ധഭേദങ്ങൾ കൊണ്ട് പരിസരത്തെ അറിയാൻ മുരുകൻ ശീലിച്ചു. ഒരു രാത്രിയിലെ വി കാരസാന്ദ്രതയിൽ അനുഭവിച്ച, അവനെ മദംപിടിപ്പിച്ച കസ്തൂരി ഗന്ധവും അവന്റെ ബോധമ ണ്ഡലത്തിൽ ഒരു ഗന്ധവിസ്മയമായി തന്നെ കരുതിവച്ചു. തെരുവിൽ മൂടിപ്പുതച്ചു കിടന്നുറങ്ങു ന്ന ഏത് ചങ്ങാതിയെയും കൂർക്കംവലിയുടെ സ്വരഭേദം കൊണ്ട് തിരിച്ചറിയാൻ കഴിയുന്ന ഞൊണ്ടിപ്പറങ്ങോടനും കെസുപാട്ടുകൾ പാടുന്ന പെരിക്കാലനന്ത്രുവും പീടികയുടെ കോലാ യും മുറ്റവും അടിച്ചു വൃത്തിയാക്കുന്ന 'പാതിപൊട്ടനും കാൽകിറുക്കനും കാൽ വിദൂഷകനുമായ തെരുവിലെ മമ്മതും ഭിന്നവ്യക്തിത്വത്താൽ ശോഭിക്കുന്ന തെരുവിലെ അത്ഭുതങ്ങളാണ്.

**കഥാപാത്രനിർമ്മിതിയും ആഖ്യാനത്തിലെ വ്യതിരിക്തതയും**

നിലവിലെ ആഖ്യാന സമ്പ്രദായങ്ങളിൽ നിന്ന് വ്യത്യസ്തമായി അഥാപാത്രങ്ങളുടെ സൂക്ഷ്മ സ്വഭാവ ചിത്രീകരണത്തിന് പ്രാധാന്യം നൽകുന്ന കൃതിയാണ് എസ്കെയുടെ തെരുവിന്റെ കഥ. കഥ ആരംഭിക്കുന്നത് തന്നെ തെരുവിലെ ഭിന്നശേഷിക്കാരായ കഥാപാത്രങ്ങളുടെ വിവരണ ത്തോടെയാണ്. ഭിന്നശേഷി അടയാളങ്ങളാലോ ഇരട്ടപ്പേരുകളിലോ അറിയപ്പെടുന്ന കഥാ പാത്രങ്ങളാണ് നോവലിൽ കൂടുതൽ പേരും കൂനൻ കണാരൻ, നൊണ്ടിപ്പറങ്ങോടൻ, ഇറച്ചി ക്കണ്ടം മൊയ്തീൻ, സാൻഡോകറുപ്പൻ, പൂച്ചക്കണ്ണൻ അതുമാൻ,തത്തക്കയ്യൻ ചന്തു, പെരിക്കാ ലൻ അന്ത്രു തുടങ്ങിയവർ ഇവരിൽ ചിലർമാത്രം നോവലിൽ എല്ലാ കഥാപാത്രങ്ങൾക്കും തങ്ങ ളുടേതായ വ്യക്തിത്വമുണ്ട്. കേന്ദ്രകഥാപാത്രമായോ നായകഥാപാത്രമായോ വേർതിരിച്ചു പറ യാവുന്ന കഥാപാത്രങ്ങൾ ഒന്നും തന്നെയില്ല. തെരുവ് തന്നെയാണ് നോവലിലെ പ്രധാനക ഥാപാത്രം. കുടുംബത്തിൽ വൈകല്യബാധിതരായ വ്യക്തികൾക്ക് കിട്ടേണ്ട പരിചരണവും ശ്രദ്ധയും കിട്ടാതെ വന്നപ്പോൾ തെരുവിലേക്ക് ചേക്കേറിയതാണീ കഥാപാത്രങ്ങളിൽ പല രും ഇവരുടെ കുടുംബത്തെക്കുറിച്ചോ അവർ എവിടെനിന്ന് വന്നു എന്നതിനെക്കുറിച്ചോ നോ വലിൽ പരാമർശിക്കുന്നില്ല. കാരണം ഇപ്പോൾ അവർ ജീവിക്കുന്ന ഇടം തെരുവാണ്. അവി ടത്തെ കടത്തിണ്ണകളിലും വരാന്തകളിലുമാണ് അവർ അന്തിയുറങ്ങുന്നത്.

തെരുവിലെ ഓരോ കഥാപാത്രങ്ങളും വ്യത്യസ്തരാണ് തെരുവിലെ പീടികക്കാരുടെയെല്ലാം പൊതുചങ്ങാതിയാണ് മമ്മത്. തെരുവിന് ചിലപ്പോഴൊക്കെ സ്വല്പം നേരംപോക്ക് സമ്മാനിക്കുന്നത് മമ്മതാണ്. 'മമ്മതിന്റെ രീതികളും വർത്തമാനങ്ങളും കണ്ടാൽ ആ തെരുവ് സ്വന്തപിച്ച കാലംമുതൽ താൻ അവിടുത്തെ സ്ഥിരാവകാശിയാണെന്ന മട്ടാണ്'. ഒരു വശത്തേക്ക് കോടി ചാടിച്ചാടി കൊണ്ടുള്ള നടത്തം, കൊഞ്ചിച്ചുകൊണ്ടുള്ള സംസാരം, കുറഞ്ഞൊരു കൂനമുണ്ട്.... തമ്മിൽ പൊരുത്തപ്പെടാത്ത മുരടിച്ചകാലുകൾ അകത്തി വച്ച്, ഒരു നടരാജനൃത്തത്തിന് തിടുക്കം കൂട്ടുന്നതുപോലെ നിൽക്കുന്ന കൈകൾ വിറപ്പിച്ച് കഴുത്ത് കുനിച്ച്, വായ ഒരു വശത്തേക്ക് വലിച്ചു നീട്ടി, വലതു കണ്ണിറുക്കി കുമ്പയും കുലുക്കി മമ്മത് പ്രാഞ്ചി പ്രാഞ്ചി പോകുന്നത് നേരമ്പോക്കുള്ളൊരു കാഴ്ചയാണ്.എന്നിങ്ങനെ നീണ്ടുപോകുന്ന മമ്മതിനെക്കുറിച്ചുള്ള വിവരണം. മമ്മത് ഉപ്പേരി തിന്നുന്നത് തെരുവിലുള്ളവർക്ക് വിസ്മയക്കാഴ്ചയാണ്. അത് കാണാനായി ചങ്ങാതികളെല്ലാരും തിരക്കിട്ടെത്താറുണ്ട്. 'മമ്മത് മടിയിലെ കടലാസ് പൊതിയിൽ നിന്ന് ഒരു കഷണം വറുത്തകായ തട്ടാൻ കൊടിൽ കൊണ്ട് സ്വർണക്കട്ട ഇറുക്കിയെടുക്കുന്നപോലെ എടുത്ത് മെല്ലെ വായുടെ വലത്തേയറ്റത്തേക്കിടുന്നു.' 'ഇനിയാണ് കളി' എന്നു പറഞ്ഞ് കൂനൻ കാണാരൻ കാഴ്ചക്കാരെ ഹരം പിടിപ്പിക്കുന്നത് കാണാം. താടിയെല്ലുകളും വറുത്തുപ്പേരിയും തമ്മിൽ കൂട്ടിമുട്ടിക്കാനുള്ള സാഹസികതയെ സമരാവേശത്തോടെ ഏറ്റെടുക്കുകയാണ് മമ്മത്. മമ്മദിന്റെ ഉപ്പേരി ഭഞ്ജനപ്രദർശനം വളരെ കൃത്യതയോടെയും സൂക്ഷ്മതയോടെയുമാണ് നോവലിസ്റ്റ് ആവിഷ്കരിച്ചിരിക്കുന്നത്.

ശിശുപ്രായത്തിൽ തന്നെ വസൂരി വന്ന രണ്ട് കണ്ണും നഷ്ടപ്പെട്ട മുരുകൻ നോവലിൽ ആദ്യന്തം നിറഞ്ഞുനിൽക്കുന്ന കഥാപാത്രമാണ്. അമ്മ കാളി മുരുകനെയും കൊണ്ട് തെണ്ടിയാണ് ജീവിതം നയിക്കുന്നത്. ആ വകയിൽ കാളി കുറേ രൂപ സമ്പാദിച്ചു. 'കാളിയുടെ കയ്യിൽ നല്ല കോളുണ്ടെന്നറിഞ്ഞ് 'അവരുടെ ജീവിതത്തിലേക്ക് കടന്നുവന്നയാളാണ് കുഞ്ഞാപ്പു. കുഞ്ഞാപ്പുവിന്റെ വരവോടെ കാളിയുടെ ഇരക്കൽ അവസാനിച്ചു ഒപ്പം മുരുകന്റെ തെരുവുജീവിതവും. കാളിയുടെ കയ്യിലെ സമ്പാദ്യം കുറേശ്ശെയായി നഷ്ടപ്പെട്ടു. കരച്ചിൽ ഉള്ളിലടക്കിപ്പിടിച്ചുകൊണ്ട് മുരുകൻ കുടിലിൽ തടവുകാരനെപ്പോലെ കഴിഞ്ഞു. രണ്ടുകൊല്ലംകൊണ്ട് കാളിയുടെ സമ്പാദ്യം മുഴുവൻ അവസാനിച്ചപ്പോൾ അവൾക്കൊരു ഗുഹ്യരോഗവും സമ്മാനിച്ച് കുഞ്ഞാപ്പു എങ്ങോ പോയിക്കളഞ്ഞു അതോടെ ഒരർത്ഥത്തിൽ കാളിയും മകനും സ്വതന്ത്രരാകുന്നു, തെരുവിലെ ചൂഷണവും കബളിപ്പിക്കലും കാളിയിൽ അവസാനിക്കുന്നില്ല മുരുകൻ തെണ്ടിക്കിട്ടിയ പണം കൊണ്ട് പലപ്പോഴായി വാങ്ങി മരച്ചുവട്ടിൽ ഒളിപ്പിച്ചിരുന്ന സ്വർണപ്പണ്ടങ്ങൾ പട്ടാളക്കാരൻ കുട്ടപ്പൻ കട്ടെടുക്കുന്നതോടെ കബളിപ്പിക്കൽ പൂർണ്ണതയിലെത്തുകയാണ്. തനിക്ക് നഷ്ടപ്പെട്ട സ്വർണ്ണപണ്ടത്തെ ഓർത്ത്, താൻ കബളിപ്പിക്കപ്പെട്ടതോർത്ത്, മുരുകൻ ചങ്കുപൊട്ടി മരിക്കുന്നു. തെരുവിലെ ചൂഷണങ്ങൾക്ക് വിധേയരാകുന്നവരുടെ ഒരു പ്രതീകം മാത്രമാണ് കാളിയും മുരുകനും.

കടപ്പുറത്തെ കസ്റ്റംസ് ആപ്പീസിലെ ഗുദാം ക്ലാർക്കാണ് ഓമഞ്ചി എന്ന് വിളിക്കുന്ന ലാസർ. ചീനച്ചട്ടി വലിപ്പത്തിലുള്ള കുമ്പയും ഇടതുകാലിലെ ഇരുന്നാഴി വണ്ണത്തിലുള്ള മന്തുമാണ് മൂപ്പരുടെ പ്രത്യേകത. ലാസറിന് രണ്ട് പരിഹാസപ്പേരുകൾ ഉണ്ടായിരുന്നു ഓന്തെന്നും മന്ത് കാൽ ജി എന്നും . 'തെരുവിലെ അഭിനവപാണിനി' തത്തക്കയ്യൻ ഈ രണ്ടുപേരുകളും സൂത്രത്തിൽ ചേർത്ത് ഓമഞ്ചി എന്നാക്കി. ഓമഞ്ചിയുടെ പ്രിയപ്പെട്ട പ്രഭാതഭക്ഷണമായ പച്ചിലയുപ്പേരിക്കുള്ള വക തെരഞ്ഞുപിടിക്കുന്ന ജോലി തെരുവ്പിള്ളേർക്കാണ്. കുന്നിൻപുറത്തെ ഓടിട്ടവീട്ടിലാണ് ഓമഞ്ചിയുടെ താമസം. ഓമഞ്ചിയുടെ വിനോദം റോസാച്ചെടികളുടെസംരക്ഷണം ആണെങ്കിലും അയാളുടെ ഡയറിക്കുറിപ്പുകൾ പരിശോധിച്ചാലറിയാം രസകരമായ കണക്കുകൾ, കൂട്ടത്തിൽ ഗ്രാമീണപെൺകുട്ടികളെ വീട്ടുവേലക്കെന്നു പറഞ്ഞു കൊണ്ടുവന്ന് ലൈംഗിക കരിഞ്ചന്ത നടത്തുന്ന കുഞ്ഞിപ്പെരച്ചന്റെ ഒരു സ്വകാര്യകക്ഷികൂടിയാണ് ഓമഞ്ചി.

'നിർദ്ധനതയാണ് സമൂഹനേരിടുന്ന ഏറ്റവും വലിയ വൈകല്യമായി കാണേണ്ടതെ'ന്ന് മിഷേൽ ഫൂക്കോ അഭിപ്രായപ്പെട്ടിട്ടുണ്ട്. അത്തരത്തിൽ സാമ്പത്തിക പരാധീനതകളാൽ തെരുവിൽ എത്തപ്പെട്ട് ഭിന്നശേഷിക്കാരോടൊപ്പം ജീവിക്കുന്ന കൃഷ്ണക്കുറിപ്പിനെപോലുള്ള

കഥാപാത്രങ്ങളും തെരുവിന്റെ കഥയെ സംബന്ധിച്ച് പാർശ്വവൽക്കരിക്കപ്പെട്ടവരാണ്. നോവലിൽ ആദ്യന്തമുള്ള കഥാപാത്രമാണ് കൃഷ്ണക്കുറുപ്പ് . ഭാര്യ ഒരു കള്ളുചെത്തുകാരന്റെ കൂടെ ഒളിച്ചോടിയതിൽപ്പിന്നെ പത്രംവിറ്റുകിട്ടുന്ന തുച്ഛമായ പണംകൊണ്ട് തന്റെ മകളുടെ ഭാവി മാത്രം കരുതി ജീവിക്കുന്ന കൃഷ്ണക്കുറുപ്പ് തെരുവിലെ ഒരു അഭിവാജ്യഘടകമാണ്. രാധയ്ക്ക് ഫീസ് കൊടുക്കാൻ, അവൾക്ക് പുസ്തകം വാങ്ങാൻ, അവൾക്കു നിറമുള്ളപാവാട വാങ്ങാൻ. ഒക്കെയാണ് അയാൾ തെരുവിലൂടനീളം പത്രവുമായി അലയുന്നത്. പലപ്പോഴും അതൊന്നും സാധിച്ചുകൊടുക്കാൻ അയാൾക്ക് കഴിഞ്ഞിട്ടില്ല. ഓമഞ്ചിയുടെ പ്രിയപ്പെട്ട കൂട്ടുകാരിയായിരുന്നു രാധ. അവളെ പത്താംക്ലാസ്സ് വരെ പഠിപ്പിച്ചു ട്രെയിനിങ്ങും കഴിഞ്ഞ് സ്കൂൾടീച്ചറാക്കണം എന്നായിരുന്നു അയാളുടെ ആഗ്രഹം. എന്നാൽ ചികിത്സിക്കാൻ പണമില്ലാതെ പനിപിടിച്ചു മരിക്കുന്ന രാധയെയാണ് കഥാന്ത്യത്തിൽക്കാണുന്നത്. പനി തലച്ചോറിനെ ബാധിച്ചു എന്നു വാസു ഡോക്ടർ പറയുമ്പോൾ നിസ്സഹായനായി ഒരുപോള കണ്ണടയ്ക്കാതെ അവൾക്കരികിലിരിക്കാൻ മാത്രമേ കുറുപ്പിന് കഴിയുന്നുള്ളൂ. പിറ്റേന്ന് പുലർച്ചെ രാധ മരിച്ചു. സമ്പത്ത് ജീവിതത്തിലെ അടിസ്ഥാനഘടകമാണെന്ന് ചിന്തിച്ച് അതിനുവേണ്ടി രാപകലില്ലാതെ കഷ്ടപ്പെട്ടിട്ടും അവരുടെ സ്വപ്നങ്ങൾ തകർന്നടിയുകയാണ്.

തെരുവിലെ സാമാന്യം ഭേദപ്പെട്ട ഒരു ഇംഗ്ലീഷ് വൈദ്യനാണ് വാസു ഡോക്ടർ. വെളുത്ത കൊമ്പൻ മീശയും സദാ ചുണ്ടിലെരിയുന്ന സിഗരറ്റും ഉള്ളതുകൊണ്ട് വായിൽ മൂന്ന് കൊമ്പുള്ള ഡോക്ടർ എന്നാണ് അയാൾ അറിയപ്പെടുന്നത്. സ്ഥിരമായി വയറ്റിലൊരു വേദനയുള്ളത് കാരണം ഡോക്ടർക്ക് ഇഷ്ടഭക്ഷണങ്ങൾ ഒന്നും കഴിക്കാനാവില്ല, ആ കുറവ് നികത്തുന്നത് തന്റെ ചങ്ങാതിമാരിൽ നല്ല തീറ്റക്കാരനെന്ന് ബോധ്യമുള്ള തത്തക്കിട്ടൻ, ഗൗളി അനന്തൻ, ഗോപി റൈറ്റർ, ഇവരിലാരെയെങ്കിലും ആഴ്ചയിലൊരിക്കൽ ഹോട്ടലിൽ കൊണ്ടുപോയി നന്നായി സൽക്കരിച്ച് അവർ കഴിക്കുന്നത് നോക്കിയിരുന്നാണ്. നഗരത്തിലെ വലിയ മുതലാളിമാർക്ക് സ്വകാര്യചികിത്സനടത്തി അദ്ദേഹം ധാരാളം പണംസമ്പാദിക്കുന്നുണ്ടെങ്കിലും. അത് ആസ്വദിക്കാനാകാതെ, നല്ല ഭക്ഷണംകഴിക്കാനാകാതെ പൊടിയരിക്കഞ്ഞിയും ബാർലിവെള്ളവും ഒക്കെയായി ജീവിതം തള്ളിനീക്കേണ്ട അവസ്ഥയാണ് വാസു ഡോക്ടർക്കുള്ളത്. സമ്പത്ത് ജീവിതത്തിൽ സന്തോഷമോ സമാധാനമോ സംതൃപ്തിയോ നേടിത്തരുന്നില്ല എന്നതിന്റെ സാക്ഷ്യപത്രമായി വാസു ഡോക്ടറുടെ ജീവിതം നോവലിസ്റ്റ് അവതരിപ്പിക്കുന്നു.

രോഗാതുരതയുടെയും വൈകല്യങ്ങളുടെയും മാനദണ്ഡം സാമ്പത്തിക വ്യവഹാരവുമായി ബന്ധപ്പെട്ടിരിക്കുന്നു എന്ന് തെരുവിന്റെ കഥയിലെ ചിലകഥാപാത്രങ്ങൾ തെളിയിക്കുന്നുണ്ട്. സവിശേഷമായ സാമൂഹ്യഘടന നിമിത്തം സാമൂഹ്യ - സാമ്പത്തിക വിഭവങ്ങൾ കൈകാര്യം ചെയ്യുന്നവരും അധികാരമുള്ളവരും തങ്ങൾക്ക് വിധേയരായി നിൽക്കുന്ന സാധാരണക്കാരിൽ അധികാരത്തിന്റെ ധാർഷ്ട്യം കാണിക്കുന്ന രംഗങ്ങളും നോവലിസ്റ്റ് ചിത്രീകരിക്കുന്നുണ്ട്. പെരിക്കാലൻ അന്ത്രുവിന്റെ പോലീസ് അറസ്റ്റ് അത്തരത്തിൽ ശ്രദ്ധിക്കപ്പെടേണ്ടതാണ്. ചെട്ട്യാരുടെ പീടികത്തിണ്ണയിൽ കിടന്നുറങ്ങിയ അന്ത്രു ഉറക്കമുണർന്നുനോക്കുമ്പോൾ കീശയിൽ ഒരുകെട്ട് നോട്ട് . കിനാവല്ലെന്ന് തിരിച്ചറിഞ്ഞപ്പോൾ അവൻ അതും കൊണ്ട് അവൻ ഏറെ ആഗ്രഹിച്ച കുപ്പായം തുന്നിച്ചു. അതിട്ട് രാജാവിനെപ്പോലെ, സിനിമയിലെ നായകനെപ്പോലെ നിൽക്കുമ്പോഴാണ് പോലീസ്അറസ്റ്റ്. ആയിടയ്ക്ക് നടന്ന ഒരു മോഷണക്കുറ്റം അന്ത്രുവിന് ഏറ്റെടുക്കേണ്ടി വന്നു. ചോദ്യം ചെയ്യലിനിടയിൽ സ്വകാര്യഭാഗങ്ങളിൽ മൊട്ടുസൂചിതറച്ചാണ് അന്ത്രുവിനെക്കൊണ്ടത് സമ്മതിപ്പിച്ചത്. രാത്രികാലങ്ങളിൽ തെരുവ്കുട്ടികളുടെ കീശയിൽ പണം തിരുകിവയ്ക്കുക സുധാകരൻ മുതലാളിക്ക് തോന്നിയ ഒരു കുസൃതി മാത്രമാണെന്ന സത്യം അയാളിൽ മാത്രം അവശേഷിച്ചു. തെരുവിൽ കിടന്നുറങ്ങുന്ന കുട്ടികൾ ഉറക്കമുണർന്ന് നോക്കുമ്പോൾ കീശനിറയെ നോട്ടുകെട്ടുകൾ കാണുന്നു. അത് കാണുമ്പോൾ അവർക്കുണ്ടാകുന്ന സന്തോഷത്തിലൂടെ ജീവിതത്തിൽ ഒരിക്കലും മറക്കാനാവാത്ത ഒരു ഉത്സവത്തെ അവന് സമ്മാനിക്കാൻ ശ്രമിച്ചെങ്കിലും അത് അന്ത്രുവിന്റെ പോലീസ് അറസ്റ്റിലാണ് കൊണ്ടെത്തിച്ചത്. ഭിന്നശേഷിക്കാരൻ ആയ തെരുവുതെണ്ടിയുടെ നേരിന് എന്ത് വിലയാണ് അധികാരവർഗ്ഗം കൽപ്പിക്കുന്നത്. അവർ മോഷ്ടാക്കളും നേര്പറയാത്തവരുമാണെന്ന് സമൂഹം മുദ്രകുത്തിക്കഴിഞ്ഞു. അതോടെ ഭിന്നശേഷിക്കാരന് തങ്ങളുടെ തങ്ങളുടെ സത്യസന്ധത തെളിയി

ക്കാനുള്ള അവസരം നിഷേധിക്കപ്പെട്ട് തരംതാഴ്ത്തപ്പെടുകയാണ്.

കാഴ്ചയും കാഴ്ചപ്പാടും തമ്മിലുള്ള അന്തരം ഗൂഢമായി വെളിപ്പെടുത്തുന്ന ചില സ്ത്രീകഥാപാത്രങ്ങളാണ് തെരുവിന്റെ കഥയിലെ മറ്റൊരു സവിശേഷത.ഒരേ തെരുവിൽ തന്നെ പലതട്ടുകളിലുള്ള ജീവിതാവസ്ഥകളെ പ്രതിനിധീകരിക്കുന്ന സ്ത്രീ കഥാപാത്രങ്ങളുണ്ട്. ആയിഷയെയും ആമിനയെയും കുഞ്ഞിപ്പാത്തുവിനെയും കാലുറപ്പ്യകദീശയെയും കുഞ്ഞീവി ഉമ്മയെയും പോലുള്ള സ്ത്രീകളും ദേവതാ സങ്കല്പത്തിൽ മഹത്വവൽക്കരിക്കപ്പെടുന്ന മാലിനിമേനോനെ പോലുള്ള സ്ത്രീകഥാപാത്രങ്ങളുമുണ്ട്. കുറച്ചുകാലമായി ബീരാന്റെ മാത്രം സ്വന്തമായ ആമിന തെരുവിൽ പയറ്റിത്തെളിഞ്ഞ ഒരു പ്രൗഢയാണ്. ആമിനയുടെ കയ്യിൽ പലപ്പോഴും ഒരു പായക്കെട്ട് ഉണ്ടാകും. പൂച്ചക്കണ്ണൻ അതുമാൻ അതിനെ പണ്ടാരക്കെട്ടെന്നാണ് പറയുന്നത്. ആമിനയുടെ പണ്ടാരക്കെട്ടിന്റെ ഉള്ളടക്കം കണ്ടവർ ചുരുക്കമാണ്. വളരെനാളത്തെ പരിശ്രമങ്ങൾക്ക് ശേഷം പെരിക്കാലൻ അന്ത്രു ആ രഹസ്യം കണ്ടുപിടിച്ചു. ആ കഥ തെരുവിലെ മറ്റ് ചങ്ങാതിമാരെയും വിവരിച്ചുകേൾപ്പിക്കുന്നുണ്ട്.തെരുവിലെ മറ്റൊരു സുന്ദരിയാണ് ആയിശ. 'ആയിഷയെ കണ്ടാൽ ഒരു തെരുവ് വേശ്യയാണെന്ന് തോന്നുകയില്ല'. തന്റെ പുയ്യാപ്ലയെപ്പറ്റി കെസ്സ് പാട്ടുകൾ പാടുന്ന അന്ത്രുനെ ആയിശയ്ക്ക് ഒരുപാട് ഇഷ്ടമാണ്.തെരുവിലെ സൗന്ദര്യറാണിയാണ് കുഞ്ഞിപ്പാത്തു. അവളുടെ പകൽക്കിനാവുകളിലെ രാജകുമാരനാണ് അബു. അബു അവളോടൊപ്പം ഉറങ്ങിയ രാത്രിക്കുശേഷം കുറെ നാളത്തേക്ക് അയാളെ കണ്ടിട്ടില്ല. അയാളെ അന്വേഷിച്ചുനടപ്പാണ് തെരുവുകൾതോറും കുഞ്ഞിപ്പാത്തു. ഹുസൈൻ മാസ്റ്ററുടെ മായാമൻസിലെ അടുക്കളക്കാരിയാണ് കുഞ്ഞീവി ഉമ്മ. കുറുപ്പിന്റെ സ്വകാര്യസ്വപ്നം.സാഹചര്യങ്ങളുടെ സമ്മർദ്ദംകൊണ്ട് തെരുവിലെ അഴുക്കുചാലിലേക്ക് വലിച്ചെറിയപ്പെട്ടവരാണ് ആയിശമാരും ആമിനമാരുമെക്കെ.

ശരീരം, വേഷം, ഭാഷാശൈലി, ചലനം, എന്നിവ വരച്ചിടുന്നതിനൊപ്പം തന്നെ ഓരോ കഥാപാത്രത്തിന്റെയും ചിന്തകളും സമൂഹം അവരെ നോക്കിക്കാണുന്നവിധവും അടയാളപ്പെടുത്താൻ പൊറ്റക്കാടിന് സാധിച്ചിട്ടുണ്ട്. കഥാപാത്രങ്ങളുടെ ശാരീരികആഖ്യാനത്തിലൂടെയാണ് ഭിന്നശേഷി വായനക്കാരൻ തിരിച്ചറിയപ്പെടുന്നത്. ഭിന്നശേഷിക്കാരന് സമൂഹം വലിയ പരിഗണനയൊന്നും നൽകാതിരുന്ന കാലത്ത് അവർക്കുവേണ്ടി അവർ തന്നെ കണ്ടെത്തിയ ഇടമായിരുന്നു തെരുവ്. ഭിന്നശേഷിക്കാരൻ രണ്ടാംകിടക്കാരൻ ആണെന്ന സാധാരണ ചിന്തയിലാണ് പലപ്പോഴും പൊട്ടൻ, കൂനൻ, വിക്കൻ, ഞൊണ്ടി, തുടങ്ങിയ പദങ്ങൾ സമൂഹം ഏറ്റെടുക്കുന്നത്. ഇതിൽ സഹതാപത്തേക്കാളുപരി ഇകഴ്ത്തലാണ് കാണുന്നത്. സമൂഹത്തിലെ ചില പ്രമുഖരായ വ്യക്തിത്വങ്ങളും കഥാപാത്രങ്ങളായി നോവലിൽ കടന്നുവരുന്നുണ്ട്. സമൂഹത്തിന്റെ മുന്നിൽ വൈകല്യബാധിതരല്ലെങ്കിലും സ്വഭാവത്തിലെങ്കിലും വൈകല്യംബാധിച്ചവരാണ് ഇവർ ഓരോരുത്തരും. നോവലിൽ അംഗവൈകല്യംബാധിച്ച വ്യക്തികൾ പരസ്പരം ആപേര് പറഞ്ഞാണ് വിളിക്കുന്നത്. (കൂനൻ, ഞൊണ്ടി, പെരിക്കാലൻ, പൂച്ചക്കണ്ണൻ) അവരെസംബന്ധിച്ച് അതൊരു തരംതാഴ്ത്തലല്ല മറിച്ച് സ്വത്വപ്രകാശനമാണ് . രോഗാതുരത, ശാരീരിക മാനസിക വൈകല്യങ്ങൾ,സാമ്പത്തിക പരാധീനതകൾ,അനാഥത്വം, ഒറ്റപ്പെടൽ തുടങ്ങിയ പ്രതിസന്ധികൾ സൃഷ്ടിക്കുന്ന ജീവിത സാഹചര്യങ്ങളെ ഒരു തെരുവിന്റെ ഫ്രയിമിൽ വ്യതിരിക്തമായി അവതരിപ്പിക്കുകയാണ് കഥാകൃത്ത് ചെയ്യുന്നത്.ഭിന്നശേഷിക്കാരുടെ സ്വാതന്ത്ര്യ പ്രഖ്യാപനം തന്നെയാണ്ഇവിടെ നോവലിന്റെ സമവാക്യം.

**സഹായകഗ്രന്ഥങ്ങൾ**

1 Perspectives in Disability and Rehabilitation,1995,Vikas publishing, R.S Pandey

2. The disabled in developing societies 1981,Saad Z Nagi

3.New keywords A revised vocabulary of culture and society.2005, Tonny Bennet, Lawrence Grossberg,Meaghan Morris

4. Power (Ed) James D Fabin(Trans: Robert Hurly and others),Michael Foucault

5. ഒരു തെരുവിന്റെ കഥ 2021,എസ്.കെ.പൊറ്റക്കാട്

6. പത്തൊൻപതാം നൂറ്റാണ്ടിലെ കേരളം 2000,പി.ഭാസ്കരനുണ്ണി.

drsheejagkurup@gmail.com

# Cyberpunk and Post- Modern Ethos: A Study of William Gibson's *Neuromancer*

**Roshima Uday**
Research Scholar
Govt. Victoria College, Palakkad

**Abstract**

Science fiction and posthumanism are interconnected discourses that question the identity of humans and whether being human should limit our moral imperatives. The idea can be supported with Donna Haraway's notion that "the boundary between science fiction and social reality is an optical illusion" as stated in here influential work *A Cyborg Manifesto* (1). Examples of the posthuman in science fiction (SF) range from the enthusiastic embrace of augmented embodiment post the limits of the human form, through mediations on how we might imagine a world post the anthropocentric values of humanism, to fearful depictions of how contemporary technoscientific regimes of genetic modification, neural mapping, nanotechnology and more are fundamentally changing humanity. The present paper tries to examine the cultural imaginaries shaped by posthumanism in *Neuromancer*, a Cyberpunk fiction by William Gibson where the future is presented as torn between technology oriented and biologically modified humans.

**Keywords:**
Science fiction, Cyberpunk, Post Modernism, Post Humanism, Hyperreality, Subjectivity

In a highly modernised society, we see the uprising of science and technology as the next super powers, it is in this situation that the significance of Science Fiction (SF) gets more prioritised. The present work tries to analyse a pioneering work of William Gibson, *Neuromancer* in the light of science fiction and its specific sub genres specially Cyberpunk where the text mainly highlights body invasion (electrical implants, bodily augmentations, genetic engineering) and mind invasion (mind-

machine interfaces, artificial intelligences, separation of body and mind). It is these technological advancements that associate with post-modernity and produce even more complications on modern subjectivity. Post- Modern theorists consider the subject to be fragmented without an essential core of identity and therefore constantly moving away from fixity. Post-modernism thus explores the idea of identity as performance that is infinitely mutable rather than being based on some essential nature. The detailed analysis of the novel proves that there are many implications of Posthuman instincts within the work. Posthumanism, though it is an undesirable and unacceptable concept for us, the work proves how Posthumanism is a reality. This fact therefore justifies the visible effect of Cyberpunk genre in the novel.

The narrative strategy which most of the science fiction novels employs is that of cyberspace where it represents an unthinkably complex world. Fredric Jameson has called it as "the incapacity of our minds, at least at present, to map the great global multinational and decentred communicational network in which we find ourselves caught as individual subjects" (44). The term 'Cyberpunk' is coined by Bruce Sterling in his short story 'Cyberpunk', which was published in 'Amazing Stories' magazine in 1983. Writers of the genre include Bruce Sterling, Lexis Shiner, Rudy Rucker, Pat Cadigan and William Gibson.

William Gibson is an American-Canadian Science Fictionist and essayist. He was the leader of Cyberpunk movement. His works are mainly about near future world, which explores science, cybernetics and technology. The Guardian described Gibson as "probably the most important novelist of the past two decades," whereas the Sydney Morning Herald called him the "noir prophet" of cyberpunk. *Neuromancer* is Gibson's one of the most acclaimed works written in the year 1981. It became the first novel to win the Nebula, the Hugo, and Philip K. Dick Award for paperback original, an unprecedented achievement described by the Mail & Guardian as "the sci-fi" writer's version of winning the Goncourt, Booker and Pulitzer Prizes in the same year". Later, *Neuromancer* was added to his Sprawl Trilogy and became an important science fiction subgenre called as Steampunk. The two sequels to *Neuromancer*- Count Zero and Mona Lisa Overdrive- are more complex extrapolations from the same bases. The three make up Gibson's famous trilogy. The plots are complicated and interwoven: (Clute 120). In the 1990s, Gibson composed the Bridge trilogy of novels, which explored the sociological developments of near-future urban environments, post-industrial society and late capitalism. Through his short story *Burning Chrome* he introduced the term 'cyberspace' which became popular through *Neuromancer*. The portion of *Neuromancer* usually quoted in this respect is: "A graphic representation of data abstractor from banks of every computer in the human system. Unthinkable complexity. Lines of light ranged in the nonplace of the mind, clusters and constellations of data. Like city lights, receding" (Gibson 69).

Cyberpunk is an avant-garde art form that seeks to understand the cyberspace and explore its effect on the technologically advanced society. Same features parallels with post-modern fiction. The more technology tries to liberate us the more it confines us. Gibson has portrayed this aspect very evidently in *Neuromancer.* Cyberspace allows the protagonist Case the ability to be free of the "meat" of his body and all

the bad stuff of the world like disease, overpopulation, and violence. But the threat of flat lining also confines him and threatens to trap him in cyberspace forever. Molly's technological modifications free her from her previous life as a squatter, but what she had to do to get those modifications confine her to constant guilt about the past. Another dimension of ontological question explored cyberpunk fiction is multiple belonging and dispersal of subjective. Some of these human/non-human dimensions explored in Neuromancer are the artificial implants, genetic engineering, holographic presentation of human beings' images, personality construct, and so on Ratz, the bartender with his artificial body parts; Johnny with the chip in his head lending it to store data; Molly with her body enhancement parts; the yakuza clone which kills Johnny; the holographic presentation of Molly by Riviera; and Flatline, a ROM construct presents some of the ontological questions of dispersal of subjective. In cyberspace there is not only flow of information but flow of money. It is a kind of new urban space similar to the workspace of the industrial period. Cyberspace is inevitably associated with the corporate hegemony and economic activity. Case, the protagonist, by jacking himself to the cyberspace penetrates the "bright walls of corporate systems, opening windows into rich fields of data" (5). Case, the hacker, infiltrates the ICE which protects data and prevents unauthorized access, and steals information from the data bank.

Postmodernism is not only an academic trend. It is the historical era within which it produces its ideas, to change the actual rather than theoretical world. Just as the aesthetic styles and discriminations of modernism responded to the historical experience of modernity, post modernism expresses those changes that have taken place in postmodernity. The term describes a time in the engines of modernity changed gear, as imperialism gave, decolonization; women entered the workforce; industrialism supplemented with post-industrial technologies; and me capitalism turned into more mobile finance capitalism. The features of postmodern aesthetic production turn out, then, to also be features historical change in this period, as the decentralization and dispersal modern regimes and ideas coincide. Neuromancer makes one speculate about experience and reality. Postmodern philosophers like Lyotard warns against the dehumanising effects of contemporary techno- science. In fact, Baudrillard argued, reality was already a simulation, in the sense that human experience already consisted entirely of symbolic representations of reality provided by our minds. On the feminist front, Donna Haraway considers adoption of cyborg identity really challenges gender stereotypes.

*Neuromancer* can be considered post-modern because it pushes the limits of decency, portrays marginalized people, does not assume a single explanation or point-of-view is privileged and transcends the genre or style in which it assumed to be written. In *Neuromancer* we could see a world of total urbanization in which nature has been in some way destroyed or over-run which is called as ecocide. As in Bladerunner, nature in *Neuromancer* gets relegated to "off-world," in this case to the completely artificial. The opening lines of the novel, "The sky above the was the colour of television tuned to a dead channel" (3), depicts how human beings are captured in the hallucinations of the technological world. This particular contributes to what Fredric Jameson calls the future anterior aspect of cyberpunk, the "will have

been"; that is, in this future, technology is so much a part of culture that even machinery that, from our perspective, seems advanced is represented as already obsolete. This tendency could perhaps be read as an allegorical commentary on the planned obsolescence of our own technologies. A related issue is the more generally "retro" aspect of Neuromancer's future. One place we mov see this aspect of cyberpunk is in Julius Deane's office (12-13).

Case had never seen him wear the same suit twice, although his wardrobe seemed to consist entirely of meticulous reconstructions of garments of the previous century... His offices were located in a warehouse behind Ninsei, part of which seemed to have been sparsely decorated, years before, with a random collection of European furniture, as though Deane had once intended to use the place as his home. (12)

Thus, we may conclude saying that in today's world any technological advancement has direct impact on the society we live in we have to accommodate the fast-growing technological advancements for instance, the use of communication devices like cell phone, email and internet chatting has changed the way we have our social interaction. Cyberpunk is an avant-garde art form that understands these contemporary technological innovations and their implications on the human race. It seeks to understand the cyberspace and its features and then explore its effect on cyber society. This feature of cyberpunk has close parallels with the postmodern fiction. They both explore the problems like the role of multinationals, the crisis of subjectivity, the impact of technology (especially computers, information technology and genetic engineering), on society and the individual, etc. After progressing through the major features of SF and Postmodernism, we can thus say that *Neuromancer* can be classified as a Cyberpunk where it openly questions how technology will change what it means to be human. The work remains open to redefinition and transformation in future as the postmodern element in it calls for continual renegotiation and disruption of subjective identity.

**Bibliography**

Bould, Mark et al. *The Routledge Companion to Science Fiction*. Routledge, 2015.

Christie, John. "Of AIs and Others: William Gibson's Transit". *Fiction 2000: Cyberpunk and the Future of Narrative.* Ed. George Slusser and Tom Shippey. U of Georgia P, 1992. pp 171-82.

…"Science Fiction and the Postmodern: The Recent Fiction of William Gibson and John Crowley". *Fictional Space*. Ed. Tom Shippey. Oxford Humanties Press, 1990. pp 178-90.

Clute, John. *Science Fiction: The Illustrated Encyclopedia*. Dorling Kindersley, 1995.

Csicsery Ronay, Istvan, Jr. "The Sentimental Futurist: Cybernetics and Art in William Gibson's *Neuromancer*". *Critique*. Vol 33, No.3, (Spring 1992): pp 221-41.

Dick, Philip K. *Do Androids Dream of Electric Sheep*? Weidenfield and Nicolson,2012.

Dick, Philip K. *The Man in the High Castle.* Vintage Books, 1992.

Gibson, William. *Neuromancer*. Penguin Group, 1984.

Haraway, Donna J. "A Cyborg Manifesto: Science, Technology, and Socialist-Feminism in the Late Twentieth Century". *Simians Cyborgs and Women*: *The Reinvention of Nature*. Routledge, 1991, pp 149-181.

Hassan, Ihab. "Prometheus as Performer: Towards A Posthumanist Culture?". *The Georgia Review*, Vol 31, No. 4, 1997, pp 830-850, www.jstor.org/stable/ 41397536? seq=1#page_scan_tab_contents. Accessed 17 March 2019.

Jefferies, Richard. *After London*: Large Print. 2018 ed. CreateSpace Independent Publishing Platform, 1885.

Lamkin, Matt. " BioSci-Fi: *Do Androis Dream of Electric Sheep?*, Philip K. Dick, 1968". SLS BLOGS. 1 November 2012.//law.stanford.edu/2012/11/01/ lawandbiosciences -2012-11-01-biosci-fi-do-androids-dream-of-electric-sheep-philip-k-dick-1968. Accessed 12 January 2019.

Seed, David. *Science Fiction: A Very Short Introduction.* U Oxford Press, 2011.

WolfTiger, Theo. "*Do Androids Dream of Electric Sheep?* by Philip K. Dick- rivew". *The Guardian,* 7April2015. www.google.com/amp/s/amp. theguardian.com/ childrens-books-site/2015/apr/07/review- do-androids-dream-of-electric-sheep-philip-k-dick. Accessed February 2019.

roshima.uday@gmail.com

# സമൂഹമാധ്യമസ്വാധീനം കെ രേഖയുടെ 'നാൽക്കാലിയിൽ'

**മായ ജി. കൃഷ്ണൻ**
ഗവേഷക, മാഹാത്മാഗാന്ധി കോളേജ്, തിരുവനന്തപുരം

**പ്രബന്ധസംഗ്രഹം**

പുത്തൻകാലത്തിന്റെ ആശയവിനിമയമാധ്യമമാണ് സമൂഹമാധ്യമങ്ങൾ (Social media). ജനപ്രിയ ആശയവിനിമയമാധ്യമമായ സമൂഹമാധ്യമങ്ങൾ മനുഷ്യ ജീവിത വ്യവഹാരങ്ങളിൽ ഒട്ടനവധി മാറ്റങ്ങൾ സൃഷ്ടിച്ചു. ഈ മാറ്റം പുതുകാല കഥാകൃത്തുക്കളുടെ രചനകളിൽ വായിച്ചെടുക്കാൻ കഴിയും. സമൂഹമാധ്യമങ്ങളും അവ വ്യക്തിയിൽ ചെലുത്തുന്ന സ്വാധീനവും സമകാലിക മലയാള ചെറുകഥകളുടെ മുഖ്യ ആഖ്യാനപരിസരമാണ്. വ്യക്തിയിലെ സൂക്ഷ്മതലങ്ങളെയും ജീവിതാവസ്ഥകളെയും ആവിഷ്കരിക്കുന്ന കെ. രേഖയുടെ നാൽക്കാലി എന്ന ചെറുകഥയെ മുൻനിർത്തിയാണ് പഠനം നടത്തിയിട്ടുള്ളത്. സൈബർമനശാസ്ത്രത്തെ അവലംബമാക്കി സമൂഹമാധ്യമസ്വാധീനം വ്യക്തികളിൽ സൃഷ്ടിക്കുന്ന പരിവർത്തനങ്ങളെ അന്വേഷിക്കുവാനാണ് ഈ പ്രബന്ധം ശ്രമിക്കുന്നത്.

**താക്കോൽവാക്കുകൾ:**
സമൂഹമാധ്യമങ്ങൾ, സൈബർസ്പേസ്, സൈബർ മനശാസ്ത്രം, സൈബർ വ്യക്തിത്വം

**ആമുഖം**

നവമാധ്യമങ്ങൾ അചിന്ത്യമെന്ന തലത്തിൽ അവ നമ്മുടെ ജീവിതത്തിന്റെ സമസ്തമേഖലകളിലും സ്വാധീനം ചെലുത്തിയിരിക്കുന്നു. കമ്പ്യൂട്ടർ അനുബന്ധ മാധ്യമങ്ങൾ, ഇന്റർനെറ്റ്, മൊബൈൽഫോൺ എന്നിവ നവമാധ്യമങ്ങൾ എന്നറിയപ്പെടുന്നു. നവമാധ്യമങ്ങളുടെ പ്രധാനലക്ഷ്യം ആശയവിനിമയമാണ്. നവമാധ്യമങ്ങളുടെ ആശയവിനിമയരൂപങ്ങളെ സാമൂഹ്യമാധ്യമങ്ങൾ എന്ന് വിളിക്കുന്നു. വേഗത, കൃത്യത,സൂക്ഷ്മത എന്നീ സവിശേഷതകളാൽ ജനപ്രിയമാധ്യമമായ സമൂഹമാധ്യമങ്ങളെ സ്വന്തം വ്യക്തിത്വത്തെ കപടതയുടെ മുഖംമൂടിയണിഞ്ഞ് പ്രദർശിപ്പിക്കുവാനുള്ള മുഖ്യഇടമായും ഉപയോഗിക്കുന്നു. സമൂഹത്തിലെന്ന പോലെ സാഹിത്യത്തിലും ഈ മാധ്യമസ്വാധീനം പ്രകടമാണ്. ചെറുകഥയുടെ രൂപഘടന, പ്രമേയം എന്നിവയിൽ മാറ്റങ്ങൾ കൊണ്ടുവരാൻ സമൂഹമാധ്യമങ്ങൾക്കായി. സമൂഹമാധ്യമങ്ങൾ വ്യക്തിയിൽ സൃഷ്ടിക്കുന്ന പരിവർത്തനങ്ങളെ 'നാൽക്കാലി' എന്ന ചെറുകഥയിൽ സൂക്ഷ്മമായി ആവിഷ്കരിച്ചിരിച്ചിരിക്കുന്നു. നാൽക്കാലിയിലെ കഥാപാത്രങ്ങളെ വിശകലനം ചെയ്ത് സൈബറിടത്തിലെ വ്യക്തിത്വ പരിവർത്തനങ്ങളെ പഠനവിധേയമാക്കുവാനുള്ള ശ്രമവും ഈ പ്രബന്ധം ലക്ഷ്യമാക്കുന്നു.

**സമൂഹമാധ്യമങ്ങൾ**

പൊതുതാല്പര്യത്തിന്റെ അടിസ്ഥാനത്തിൽ രൂപപ്പെടുന്ന ഓൺലൈൻ സമൂഹങ്ങളിലെ അംഗങ്ങൾ പരസ്പരം ബന്ധപ്പെടുന്നതിനും വിവരങ്ങൾ കൈമാറുന്നതിനും പ്രയോജനപ്പെടുത്തുന്ന വെബ്സൈറ്റുകളെയാണ് സമൂഹ മാധ്യമങ്ങൾ അഥവാ സമൂഹശൃംഖലാ സൈറ്റുകൾ എന്ന് വിളിക്കുന്നത്[1]. പൊതുവിവരം സുഹൃത്തുക്കളുടെ വിവരങ്ങൾ എന്നിവ കൈമാറുന്ന സങ്കേതമായ സിക്സ് ഡിഗ്രീസ്.കോം എന്ന സൈറ്റാണ് ലോകത്തിലെ ആദ്യത്തെ സോഷ്യൽ നെറ്റ് വർക്കായി കരുതുന്നത്. ഹൈസ്കൂൾ, കോളേജ്തല സുഹൃത്തുക്കളെ ഉൾപ്പെടുത്തുന്ന ക്ലാസ് മേറ്റ്.കോം എന്ന സൈറ്റ് പിന്നീട് രൂപം കൊണ്ടു. കാലാനുസൃതമായ മാറ്റങ്ങൾ സമൂഹമാധ്യമങ്ങളിലും ഉണ്ടായി. നിരന്തരം പുതുക്കപ്പെടുന്ന സമകാലിക സോഷ്യൽ നെറ്റ്വർക്ക് വ്യക്തിപരമായി ഇടപെടാവുന്ന സാങ്കേതികതയിൽ ഊന്നൽ നല്കുന്ന പൊതു സംവാദസ്ഥലമാണ്. ഈ പൊതു ഇടത്തിൽ ആണ് പൂർണ്ണമോ ഭാഗികമോ ആയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ സുഹൃത്ത്ബന്ധം സ്ഥാപിക്കുകയും അവരുമായുള്ള നിരന്തരം ഇടപെടലിലൂടെ സാങ്കല്പികമായ ഒരു സംവാദ സ്ഥലത്തെയും സമൂഹത്തെയും സൃഷ്ടിക്കുന്നത്. എല്ലാ സൈബർ സാമൂഹിക മാധ്യമങ്ങളും ഇത്തരത്തിൽ നിലകൊള്ളുന്നു.

ഏത് സമയത്തും എവിടെവെച്ചും ഉള്ളടക്ക നിർമ്മിതിയും പങ്കാളിത്ത വിനിമയവും സൃഷ്ടിക്കുവാൻ കഴിയുന്ന സാംസ്കാരിക അന്തരീക്ഷമായതുകൊണ്ട് സമൂഹമാധ്യമങ്ങൾ ജനപ്രിയമായി. സന്തോഷം, സങ്കടം, അറിവ്, അനുഭവം എന്നിവ പങ്കുവെയ്ക്കുവാൻ യുവതലമുറ മുഖ്യമായും ആശ്രയിക്കുന്നതും സമൂഹമാധ്യമങ്ങളെയാണ്. ഇവ ഒരേ സമയം ഉപകാരപ്രദവും അത്രത്തോളം തന്നെ അപകടകരവുമാണ്. ഓരോ വ്യക്തിക്കും തങ്ങളുടെ അഭിരുചി പ്രകടിപ്പിക്കുവാനും, കച്ചവടസാധ്യത പ്രയോജനപ്പെടുത്തുവാനും, സൗഹൃദം പങ്കുവയ്ക്കുവാനും, ആശയങ്ങൾ, മൂല്യങ്ങൾ എന്നിവയ്ക്കായി ഒത്തുചേരുവാനുള്ള ഇടമായും ഇവ മാറി. അതിർത്തികൾ ഇല്ലാത്ത സമൂഹം എന്ന ആശയം സമൂഹമാധ്യമങ്ങൾ നല്കുന്നു. മനുഷ്യജീവിതത്തിൽ പുത്തൻ മാറ്റങ്ങൾ ഉണ്ടാക്കുവാനും വ്യക്തിയെ പുതിയൊരു ഇടത്തേക്ക് കൊണ്ടുപോകുവാനും സമൂഹമാധ്യമങ്ങൾക്ക് കഴിയുന്നു. ഇന്റർനെറ്റ് മൊബൈൽഫോൺ എന്നിവ സൃഷ്ടിക്കുന്ന ഈ പൊതു ഇടത്തെ സൈബറിടം അഥവാ സൈബർസ്പേയ്സ് എന്നു വിളിക്കുന്നു.

**സൈബർസ്പേയ്സ്**

കമ്പ്യൂട്ടറിൽ പ്രത്യക്ഷപ്പെടുന്ന അയഥാർത്ഥമായ ഒരു സ്ഥലത്തിന്റെ പ്രത്യക്ഷീകരണത്തെയാണ് സൈബർസ്പേയ്സ് എന്നതുകൊണ്ടർത്ഥമാക്കുന്നത്. വില്യംഗിബ്സൺ ആണ് ആദ്യമായി ഈ പദം പ്രയോഗിച്ചത്. ഓൺലൈൻ ആശയ വിനിമയം സൃഷ്ടിച്ച ഭൂമികയാണ് ഈ സൈബറിടം സ്ഥല - സമയ സങ്കല്പങ്ങളെ ഇല്ലാതാക്കാൻ ഇവയ്ക്ക് സാധിക്കുന്നു. പരസ്പരം ബന്ധപ്പെടുത്തിയിട്ടുള്ള കമ്പ്യൂട്ടറുകൾ സൃഷ്ടിക്കുന്ന സാങ്കല്പികവും എന്നാൽ പരസ്പരബന്ധുത സാധ്യവുമായ സ്ഥലമാണ് സൈബർ സ്പേയ്സ് അഥവാ വെർച്വൽ സ്പേയ്സ് എന്നു പറയാം. കമ്പ്യൂട്ടർ കൊണ്ട് ബന്ധപ്പെടുന്ന വ്യക്തികളും ഗ്രൂപ്പുകളും ജീവിക്കുന്ന ലോകമാണത്. പുതിയതരം സ്വത്വങ്ങളെയാണ് സൈബർ സംസ്കാരം സൃഷ്ടിക്കുന്നത്. ഒപ്പം പുതിയ സാംസ്കാരിക രൂപങ്ങളും പ്രതീതി യാഥാർത്ഥ്യത്തിന്റെ മണ്ഡലം നിർമ്മിക്കുന്നു, ഇന്ററാക് ടിവിറ്റി എന്ന സംജ്ഞ കൊണ്ട് വിവക്ഷിക്കപ്പെടുന്ന ദ്വിതല സംവേദനത്തിലൂടെ സൃഷ്ടിക്കപ്പെടുന്ന പുതിയ കർത്തൃത്വങ്ങളാണ് സൈബർസ്പേസിലേത്. ഈ വിനിമയ രീതിയുടെ മാധ്യമമാണ് ഇന്റർനെറ്റ്[2] എന്ന് പി.കെ രാജശേഖരൻ അഭിപ്രായപ്പെടുന്നു. ലോകത്തിലെ വിനിമയ സംവിധാനങ്ങളും കമ്പ്യൂട്ടറുകളും ചേർന്ന് സൃഷ്ടിക്കുകയും നിലനിർത്തുകയും ചെയ്യുന്ന ഒരു പുതിയ ലോകം, സമാന്തരലോകം എന്നാണ് മൈക്കൽ ബെനഡിക്ട് സൈബറിടത്തെ നിർവചിക്കുന്നത്[3].സൈബറിടത്തക്കുറിച്ച് വ്യത്യസ്ത നിർവ്വചനങ്ങൾ ഉണ്ടെങ്കിലും നാം എവിടെ നില്ക്കുന്നു എന്നും ചുറ്റും നിൽക്കുന്നവർ ആരെന്നോ ആശങ്കപ്പെടാത്ത ഒരു ലോകമായി സൈബർ സ്പേസ് നിലകൊള്ളുന്നു എന്ന് മനസ്സിലാക്കാൻ കഴിയും സൈബറിടം നൽകുന്ന ഈ സവിശേഷതയാണ് സമൂഹമാധ്യമത്തിൽ ചെലവിടുന്ന ഓരോ വ്യക്തിക്കും അവരവരുടെ ഇഷ്ടമുള്ള

ഇടത്തിൽ ഏത് സ്വത്വം സ്വീകരിക്കുവാനുള്ള സ്വാതന്ത്ര്യം അഥവാ സാധ്യത നല്കുന്നത്.
യഥാർത്ഥ സ്വത്വം വെളിപ്പെടുത്തണമെന്ന് യാതൊരു നിബന്ധനയും ഇല്ലാത്ത ഈ ഇടത്തിൽ സുഹൃത്തുക്കളെ തിരഞ്ഞെടുക്കുക, ബന്ധങ്ങൾ നിലനിർത്തുക എന്നിവയ്ക്കുള്ള പൂർണ്ണ സ്വാതന്ത്ര്യം ഉപയോക്താക്കൾക്കായിരിക്കും. അതുകൊണ്ട് തന്നെ ഉപയോക്താവ് തിരഞ്ഞെടുക്കുന്ന ആളുകളും അയാളുടെ ചിന്തകൾ, താത്പര്യങ്ങൾ എന്നിവയ്ക്കനുസൃതമായ ഒരു ലോകമാകും സമൂഹമാധ്യമങ്ങൾ പ്രദാനം ചെയ്യുന്നത്. ഈ സ്വതന്ത്ര്യമായ ഇടം വ്യക്തിത്വത്തെ സ്വാധീനിക്കുന്നു.

**സൈബറിടത്തിലെ വ്യക്തിത്വം**

ഒരു വ്യക്തി എങ്ങനെ ചിന്തിക്കുന്നു, അനുഭവിക്കുന്നു, പെരുമാറുന്നു എന്നതാണ് വ്യക്തിത്വം ഒരു വ്യക്തി അയാളുടെ പരിതസ്ഥിതിയുമായി എങ്ങനെ പെരുമാറുന്നു എന്നത് വ്യക്തിത്വത്തെ സ്വാധീനിക്കുന്ന ഘടകമാണ്. കൃത്യമായ നിർവ്വചനത്തിൽ ഒതുക്കാൻ കഴിയില്ല എങ്കിലും പൊതുവിൽ വ്യക്തിത്വം എന്നാൽ ഒരാളുടെ പ്രത്യേകതകളുടെ അഥവാ സ്വഭാവ സവിശേഷതകളുടെ ആകെ തുകയാണ്. സൈബറിടവുമായി നിരന്തരം ബന്ധപ്പെട്ടിരിക്കുന്നു വർത്തമാനകാല മനുഷ്യജീവിതം. സൈബറിടത്തിലെ ഒരു വ്യക്തിയുടെ വ്യക്തിത്വത്തെ അളക്കുവാൻ പ്രയാസമാണ്. യഥാർത്ഥ ലോകത്തേക്കാൾ സുരക്ഷിതമാണ് സൈബറിടം എന്ന തെറ്റായ ധാരണയും, മുഖാമുഖമുള്ള സംഭാഷണകുറവും വ്യക്തികൾക്ക് യഥാർത്ഥലോകത്ത് ചെയ്യാൻ മടിയുള്ള പല പ്രവൃത്തികളും ചെയ്യാൻ ഉള്ള ധൈര്യം നല്കുന്നു. സംസാരിക്കുന്ന ഭാഷ, മനോഭാവം ആഗ്രഹങ്ങൾ, വ്യക്തിത്വങ്ങൾ, വൈകാരികത എന്നിവ എല്ലാം ഈ ലോകത്ത് മാറിമറിയുന്നു. സൈബർ ലോകത്ത് നിരന്തരം ചിലവിടുന്ന ഒരു വ്യക്തി സ്വയം അറിയാതെ തന്നെ മറ്റൊരു ലോക ജീവിതത്തിനുവേണ്ടി രൂപാന്തരം പ്രാപിക്കുന്നു.

മനുഷ്യൻ ഒരു സമൂഹജീവിയാണ് അതിനാൽ ഇന്ദ്രിയങ്ങളിലൂടെ കണ്ടും കേട്ടും അറിഞ്ഞും, മുഖഭാവങ്ങൾ, ശരീരഭാഷ എന്നിവയിലൂടെയാണ് പരസ്പരം മനസ്സിലാക്കുന്നതും സഹജീവിയെ അറിയുന്നതും. എന്നാൽ ഡിജിറ്റൽ ലോകത്ത് ഇത്തരം ഇടപെടലുകളും ഇന്ദ്രിയ സാധ്യതകളും പരിമിതമാണ്. അതുകൊണ്ട് തന്നെ ഭൗതീക സാഹചര്യങ്ങളുടെ അഭാവത്തിൽ മറ്റുള്ള വ്യക്തികളെ കുറിച്ച് മനസ്സിലാക്കുന്ന കാര്യങ്ങൾ ശരിയാവണമെന്നില്ല. മാത്രമല്ല തെറ്റിദ്ധരിക്കപ്പെടാവുന്ന സാഹചര്യങ്ങൾ കൂടുതലാണ് എങ്കിലും മുഖാമുഖ ഭാഷണത്തെക്കാൾ ആത്മവിശ്വാസവും ധൈര്യവും സമൂഹമാധ്യമങ്ങളിലെ വിനിമയത്തിൽ വ്യക്തിക്ക് ലഭിക്കുന്നു. പൊതു സമൂഹം വിലക്കുന്ന അഥവാ മാറ്റിനിർത്തിയ പല ചിന്തകളും താല്പര്യങ്ങളും സമൂഹമാധ്യമങ്ങളിൽ പ്രത്യക്ഷപ്പെടുന്നു. സമൂഹമാധ്യമങ്ങളുടെ സവിശേഷതകളെ ഉൾകൊണ്ട് നിരന്തരം അതിൽ വ്യവഹരിക്കുന്ന വ്യക്തി ക്രമേണ വ്യത്യസ്ത വ്യക്തിത്വത്തിന് ഉടമയാകുന്നു. സൈബറിടത്തിൽ നിരന്തരം രൂപം പ്രാപിക്കുന്ന വ്യക്തി വിവേചനാധികാരം തകരാറിലായി. ലഹരിയ്ക്കടിമ പ്പെട്ടതുപോലുള്ള ധൈര്യം ഉണ്ടാകുകയും ചെയ്യുന്നു. സൈബർ മനശാസ്ത്രം ഇത്തരം പെരുമാറ്റത്തെ Online disinhibition Effect എന്ന് വിളിക്കുന്നു[4].

സാങ്കേതികവിദ്യയുടെ സംസ്കാരം പ്രത്യേകിച്ച് വെർച്വൽ റിയാലിറ്റി, ഇന്റർനെറ്റ്, സെൽ ഫോണുകൾ, സോഷ്യൽ മീഡിയ എന്നിവ മനുഷ്യമനസ്സിലും. പെരുമാറ്റത്തിലും മാറ്റങ്ങൾ സൃഷ്ടിച്ചു. സൈബറിടത്തിലെ വ്യക്തിയുടെ മാറ്റങ്ങളെ അടിസ്ഥാനമാക്കി രൂപം കൊണ്ട മനശാസ്ത്രശാഖയാണ് സൈബർ മനശാസ്ത്രം (Cyber Psychology). ഇന്റർനെറ്റ് സാങ്കേതിക വിദ്യകളുടേയും വിവരവിനിമയ സമ്പ്രദായങ്ങളുടെയും അടിസ്ഥാനത്തിൽ മനുഷ്യമനസ്സുകളെയും അവയുടെ വ്യവഹാരത്തെക്കുറിച്ചും പഠിക്കുന്ന മനശാസ്ത്രശാഖയെയാണ് സൈബർ മനശാസ്ത്രം എന്ന പറയുന്നത്[5]. ഓൺലൈൻ മാധ്യമങ്ങളുടെ നിരന്തര സംസർഗ്ഗ ഫലമായി ഉണ്ടാകുന്ന വ്യക്തി വികാസത്തെ ഈ ശാസ്ത്രശാഖ പഠനവിധേയമാക്കുന്നു. ഇന്റർനെറ്റിലൂടെ വളരുന്ന സംസ്സർഗ്ഗം, സാങ്കേതികവിദ്യയോടുള്ള അമിതാസക്തി, സാമൂഹിക സുരക്ഷ, സാമൂഹികമാധ്യമ ഭീഷണി എന്നിവ എല്ലാം ഈ ശാസ്ത്രശാഖയുടെ പഠനപരിധിയിൽ വരുന്നവയാണ്.

ഓൺലൈനിൽ ഒരു വ്യക്തി ചിലവഴിക്കുമ്പോൾ അയാൾ യഥാർത്ഥസ്വത്വത്തിൽ നിന്നും

വ്യത്യസ്തമായ വ്യക്തിത്വം പ്രകടമാക്കുകയും സമൂഹമാധ്യമസംസർഗ്ഗം അഥവാ ഓൺലൈൻ ബന്ധം ഉണ്ടാകുകയും ചെയ്യുന്നു. സമൂഹമാധ്യമങ്ങൾ വ്യക്തിയിൽ മാറ്റങ്ങൾ ഉണ്ടാക്കുന്നു. വ്യക്തികളിൽ ഉണ്ടാകുന്ന ഇത്തരം പരിവർത്തനങ്ങൾ മലയാളചെറുകഥയുടെ ആഖ്യാനവിഷയമാണ്. സൈബർ സംസ്കാരം പ്രതിഫലിക്കുന്ന വർത്തമാനകാല ചെറുകഥകൾ വളരെ സൂക്ഷ്മവും വിമർശനാത്മകവുമായി സൈബറിടങ്ങളിലെ വ്യക്തിത്വപരിവർത്തനങ്ങളെ ആവിഷ്കരിക്കുന്നു. ആദ്യകാല സൈബർ പ്രമേയ കഥകളിൽ നിന്നും ഭിന്നമായി സമകാലികകഥകൾ പുതുഇടത്തിന്റെ അനന്തസാധ്യതകളും, വെല്ലുവിളികളും ആശങ്കകളും അവതരിപ്പിക്കുന്നതോടൊപ്പം സൈബറിടത്തിലെ വ്യക്തിത്വ പരിമാണങ്ങളെ അടയാളപ്പെടുത്തുകയും ചെയ്യുന്നു. സമൂഹമാധ്യമങ്ങൾ വ്യക്തിയുടെ ജീവിതത്തിലും മനസ്സിലും വരുത്താവുന്ന പരിവർത്തനങ്ങളെ കൃത്യമായി പ്രതിപാദിക്കുന്ന കഥയാണ് കെ.രേഖയുടെ 'നാൽക്കാലി'

**നാൽക്കാലി**

സമൂഹമാധ്യമം വ്യക്തികളിൽ ചെലുത്തുന്ന സ്വാധീനത്തെയും പരിവർത്തനത്തെയും സൂക്ഷ്മമായി ആവിഷ്കരിക്കുന്ന കഥയാണ് കെ.രേഖയുടെ 'നാൽക്കാലി'. ശെൽവപുരത്തെ പൂങ്കൊടിയുടെയും അവളുടെ ചാറ്റ്റൂമിലെ നിത്യസന്ദർശകനായ ആന്റണിന്റെയും കഥയാണിതിൽ പറയുന്നത്. ലണ്ടനിലെ തിരക്കുള്ള അച്ഛനമ്മമാരെ പറ്റി ആന്റണിനോട് വാചാലയാകുന്ന പൂങ്കൊടിയെ ആണ് കഥാരംഭത്തിൽ കാണാൻ കഴിയുന്നത്. പോളിയോ ബാധിച്ച് തളർന്ന കാലുള്ള, പെരിയാർ ക്ലബുകാരുടെ സാഹായത്താൽ പഠിക്കുകയും, കമ്പ്യൂട്ടർ സെന്ററിൽ ജോലി ലഭിക്കുകയും ചെയ്ത പൂങ്കൊടിയാണ് ഈ കഥയിലെ കേന്ദ്രകഥാപാത്രം. മദ്യപാനിയായ അപ്പ, അമ്മ, ഭർത്താവുപേക്ഷിച്ച രണ്ടുകുട്ടികളുടെ അമ്മയായ അക്ക, എന്നിവരടങ്ങുന്ന ഇല്ലായ്മകളും, വേദനകളും, ചീത്തവിളികളും നിറഞ്ഞ പൂങ്കൊടിയുടെ യഥാർത്ഥ ജീവിതത്തിന് ആശ്വാസമാകുന്നതും ശോഭപകരുന്നതും ആന്റണിയുമായുള്ള സൗഹൃദ ചാറ്റിംങ് ആണ്. ചാറ്റിംങ് റൂമിൽ പൂങ്കൊടി അർച്ചനയായി മാറുന്നു. സൈബറിടത്തിൽ സ്വയം സൃഷ്ടിച്ച സാങ്കല്പികലോകം തകരാതിരിക്കാൻ ഇരയെ പിടിക്കാൻ വലതീർക്കുന്ന എട്ടുകാലിയെ പോലെ രൂപാന്തരം പ്രാപിക്കുന്ന ഇരുകാലുകളും തളർന്ന പൂങ്കൊടിയെ ആണ് തുടർന്നുള്ള കഥാസന്ദർഭങ്ങളിൽ കാണുന്നത്.

പൂങ്കൊടി എന്ന യഥാർത്ഥ്യത്തെയും അവൾ സൃഷ്ടിച്ച അയഥാർത്ഥ ലോകത്തെയും പരസ്പരം ബന്ധിപ്പിച്ചാണ് കഥ പുരോഗമിക്കുന്നത്. സൈബറിടത്തിൽ നിരന്തരം വാപൃതരാകുന്ന വ്യക്തികൾ സ്വയം അറിയാതെ തന്നെ മറ്റൊരു വ്യക്തിത്വത്തിന് ഉടമയാകുകയും വിവേചനാധികാരം നഷ്ടമാകുകയും ചെയ്യുമെന്ന് സൈബർ മനശാസ്ത്രം പ്രതിപാദിക്കുന്നു. ആന്റണുമായുള്ള ബന്ധം നിലനിർത്താൻ അർച്ചനയായി രൂപാന്തരം പ്രാപിച്ച പൂങ്കൊടി സിനിമ പോസ്റ്ററിലെ യുവനടിയുടെ ചിത്രം സ്വന്തം ഫോട്ടോ ആയി അയയ്ക്കുന്നു.

"വംശങ്ങളുടെ നിറഭേദങ്ങളിൽ തളർന്നു വളർന്ന ഒരുവനെ കൂടുതൽ കബളിപ്പിക്കയല്ലേ എന്ന് ഒരു നിമിഷം തോന്നലുണ്ടായെങ്കിലും പിന്നെ എന്തുകൊണ്ടൊക്കെയോ അവളതു മറന്നു. അവൻ കൂടുതൽ നിറങ്ങളും മണങ്ങളുമുള്ള സമ്മാനങ്ങളയച്ചു. ഓരോന്ന് കൈയിലെത്തുമ്പോഴും അതൊന്നും അന്യനായ ഒരാളുടേതാണെന്നു തോന്നിയില്ല. എട്ടുകാലിയുടെ വലകളിലേക്ക് കുസൃതിയോടെ വന്നു വീഴുന്നവ പൂങ്കൊടി ന്യായീകരിച്ചു"[6].

സൈബറിടം നല്കുന്ന സ്വാതന്ത്ര്യത്തിൽ യഥാർത്ഥ സ്വത്വത്തെ മറച്ചുവച്ച് സമ്മാനങ്ങൾ കൈപ്പറ്റുന്ന പൂങ്കൊടിയിൽ ദ്വന്ദസ്വത്വം വെളിവാകുന്ന കഥാസന്ദർഭമാണിത്.

"ആന്റണിനെ വലിച്ചടുപ്പിക്കുന്ന എട്ടുകാലുള്ള ഒരു ജീവിയാണെന്ന് ആ സമയം അവൾ വിശ്വസിക്കുന്നത്"[7]

"എട്ടുകാലിയുടെ നേർത്ത സ്നേഹവലകളിൽ ചാടി കളിക്കുന്ന ആന്റണിന്റെ മനസ്സിന്റെ ട്രിപ്പീസുകളി എത്ര നോക്കിയിരുന്നാലും മതിവരില്ല"[8]

ഈ കഥാസന്ദർഭങ്ങളിലൂടെ മനസ്സിന്റെ ട്രപ്പീസുകളിയുടെ ഇടമാണ് സൈബറിടം എന്ന് കഥാകാരി സൂചിപ്പിക്കുന്നു. അതോടൊപ്പം എട്ടുകാലി ഇരയെ പിടിക്കാൻ വലതീർക്കുന്ന പോലെ നെറ്റ്‌വർക്ക് ലോകവും ഇരയെ വീഴ്ത്താനുള്ള കെണികൾ നിറഞ്ഞതാണെന്ന ഓർമ്മപ്പെടു

ത്തലും കഥാകൃത്ത് നടത്തുന്നു.

സമൂഹമാധ്യമസൃഷ്ടിയായ അയഥാർത്ഥലോകത്തിൽ വിശ്വസിച്ച് മാനസികവും സാമ്പത്തികവുമായി വഞ്ചിതരായ അനേകം പേരുടെ പ്രതീകമാണ് 'ആന്റണി'. ദേശം, വംശം, വർണ്ണം എന്നിവയാൽ കാലങ്ങളായി ജീവിതത്തിന്റെ ഇരുളിൽപ്പെട്ട ജനതയുടെ പ്രതിനിധിയായ ആന്റണിന് സൈബറിടം പ്രത്യാശ നല്കുന്ന ഇടമാണ്. സൈബ റിടത്തിലൂടെ പരിചയപ്പെട്ട പൂങ്കൊടിയുടെ വാക്കുകളിൽ വിശ്വസിച്ച് അവളോടൊപ്പമുള്ള ജീവിതം സ്വപ്നം കാണുകയും പ്രണയിക്കുകയും ചെയ്ത ആന്റണി, സൈബറിടത്തിൽ ഇരയാക്കപ്പെട്ടവനായി മാറുന്നു.

" എന്റെ സ്വപ്നങ്ങൾ ഇപ്പോൾ നിന്നെ ചുറ്റിപ്പറ്റിയാണ്"[9]

"നീയെനിക്ക് നിന്റെ ഒരു ചിത്രം തരൂ. ഈ സങ്കല്പയാത്രയിൽ ഇനിയെങ്കിലും അതുകിട്ടിയില്ലെങ്കിൽ എനിക്ക് ഭ്രാന്തുപിടിക്കും എത്ര നാളായി ഞാനിതു ചോദി ക്കുന്നു"[10]

ആന്റണിന്റെ സന്ദേശത്തിൽ പൂങ്കൊടിയോടുള്ള പ്രണയത്തിനപ്പുറം സൈബറിടം ഒരു വ്യക്തിയിൽ സൃഷ്ടിക്കുന്ന മാനസികവിഭ്രാന്താവസ്ഥയെയും കണ്ടെത്താനാവും. സൈബറിടത്തിനപ്പുറമുള്ള യഥാർത്ഥലോകത്തെ തിരിച്ചറിയുന്നവരായി ആന്റണിം പൂങ്കൊടിയും മാറുന്നതാണ് തുടർന്നുള്ള കഥാസന്ദർഭങ്ങളിൽ കാണാൻ കഴിയുന്നത്. ആന്റണി നല്കിയ സമ്മാനങ്ങളിൽ പൂങ്കൊടിയുടെ കുടുംബം മെച്ചപ്പെടുന്നു. എന്നാൽ ആന്റണി എന്ന യാഥാർത്ഥ്യത്തെ നേരിടേണ്ടി വന്നപ്പോൾ അവൾ മാനസികമായി തളരുന്നു. പോളിയോ ബാധിച്ച തളർന്നകാലുകളിലും, ചീത്തവിളികളിലും, മുരുകനുമായുള്ള ദാമ്പത്യത്തിലും തളരാതെ പുഞ്ചിരിയോടെ നേരിട്ട പൂങ്കൊടി മാനസികമായി തളർന്ന് വിഷക്കായ തിന്ന് ആത്മഹത്യയ്ക്ക് ശ്രമിക്കുന്നു. സമൂഹമാധ്യമങ്ങളുടെ ഉപയോഗഫലമായി വ്യക്തികളിൽ ഉണ്ടാകുന്ന നിരാശ ഉത്കണ്ഠ, ആത്മഹത്യാശ്രമം തുടങ്ങി മനസ്സിന്റെ വ്യത്യസ്ത അവസ്ഥകളെല്ലാം പൂങ്കൊടിയിൽ ദർശിക്കാം.

തളർന്ന കാലുകളോടെ ചേറിന്റെ ഗന്ധത്തോടെ ആന്റണി സ്നേഹിച്ചിരുന്നെങ്കിൽ എന്ന് നിരാശപ്പെടുകയും, ആന്റണിമായുള്ള ഓൺലൈൻ ബന്ധം നഷ്ടമാകുമെന്ന് ഉത്കണ്ഠപ്പെടുകയും, കുറച്ചു സൗന്ദര്യം തനിക്ക് വേണമായിരുന്നെന്ന് ആകുല പ്പെടുകയും ചെയ്യുന്ന പൂങ്കൊടി സങ്കീർണ്ണമായ മാനസികാവസ്ഥകളിലൂടെ കടന്നുപോകുന്നത് കഥയിലുടനീളം കാണാൻ കഴിയും. ആന്റണിന്റെ പരാതിയിൽ പണം തട്ടിപ്പ് കേസിൽ ജയിലിലാകുന്ന പൂങ്കൊടി പരാതി പിൻവലിച്ചതിനാൽ ജയിൽ മോചിതയായെങ്കിലും നിരവധി നഷ്ടങ്ങളാണ് സാമ്പത്തികമായും, മാനസികമായും അനുഭവിക്കേണ്ടി വന്നത്. വിശന്നുകരഞ്ഞ് കളിക്കാൻ പോയി ചോലയിൽ വീണ് മുങ്ങി മരിച്ച അക്കയുടെ ഇളയമകന്റെ മരണം പൂങ്കൊടിയുടെ തകർച്ചയെ അതിന്റെ പാരമ്യത്തിൽ എത്തിക്കുന്നു. വിശന്നു മരിച്ച അവനെ സ്നേഹിക്കാത്തതിൽ കുറ്റബോധം തോന്നുന്ന പൂങ്കൊടി ചുറ്റുമുള്ള യാഥാർത്ഥ്യങ്ങളെ ഉൾക്കൊള്ളുന്നു. വ്യക്തിത്വം വെളിപ്പെടുത്തി ആന്റണിന് മറുപടി കത്ത് സ്വന്തം കൈപ്പടയിൽ എഴുതുന്നിടത്ത് കഥ അവസാനിക്കുന്നു.

ചാറ്റ്റൂമിലെ ആന്റണിനോടുള്ള പൂങ്കൊടിയുടെ ചാറ്റിംങിൽ ആരംഭിക്കുന്നകഥ അവസാനിക്കുന്നത് പേരും, വിലാസവും വെച്ച് പൂങ്കൊടി മറുപടികത്ത് അയയ്ക്കുന്നിടത്താണ്. കഥാരംഭത്തിലും അവസാനത്തിലുമുള്ള ആശയവിനിമയ മാധ്യമത്തിലെ ഈ വ്യതിയാനം പൂങ്കൊടിയുടെ വ്യക്തിത്വത്തിലും പ്രകടമാണ്. സ്വന്തം വ്യക്തിത്വത്തെ മറച്ച് വെച്ച് സൈബറിടത്തിൽ വാചാലയാകുന്ന പൂങ്കൊടിയെ അല്ല കഥാവസാനത്തിൽ കാണുന്നത്. ജീവിതയാഥാർത്ഥ്യങ്ങളെ നേരിടാനുള്ള മാനസികശക്തി നേടുന്നു. സൈബറിടത്തിൽ സൃഷ്ടിക്കപ്പെടുന്ന സാങ്കല്പിക ലോകത്തിനപ്പുറമുള്ള യഥാർത്ഥലോകത്തെ തിരിച്ചറിയുന്നവരായി ആന്റണിം പൂങ്കൊടിയും മാറുന്നു.

**ഉപസംഹാരം**

ഓൺലൈൻ ആശയവിനിമയ ഭൂമികയായ സൈബറിടം വ്യക്തികളിൽ വരുത്തുന്ന പരിവർത്തനങ്ങളെ പൂങ്കൊടി, ആന്റണി എന്നീ കഥാപാത്രങ്ങളിലൂടെ അവതരിപ്പിക്കുന്ന 'നാൽക്കാലി' യിൽ സമൂഹമാധ്യമസ്വാധീനത്തിന്റെ എല്ലാ തലങ്ങളും ഉൾക്കൊള്ളുന്നു. സൈബറിടത്തിൽ ഇരയാക്കപ്പെടുന്നവന്റെ മാനസികാവസ്ഥയെ ആന്റണിലും, വ്യക്തിയിൽ സമൂഹമാ

ധ്യമം വരുത്തുന്ന പരിവർത്തനങ്ങളെ പൂങ്കൊടിയിലും കൃത്യമായി ആവിഷ്കരിക്കുവാൻ കഥാകൃത്തിന് കഴിഞ്ഞിട്ടുണ്ട്. സൈബറിടത്തിലെ വ്യാജവ്യക്തിത്വം, ദ്വന്ദസ്വത്വം, സ്വത്വസംഘർഷം, യാഥാർത്ഥ്യത്തെ വിസ്മരിക്കൽ, യാഥാർത്ഥവും, പ്രതീതിയാഥാർത്ഥ്യവുമായ ജീവിതമാണ് സമൂഹ മാധ്യമങ്ങൾ പ്രദാനം ചെയ്യുന്നത് തുടങ്ങി സൈബറിടത്തിലെ വ്യക്തിയുടെ സാധ്യതകളെയും വെല്ലുവിളികളെയും തകർച്ചയെയും അടയാളപ്പെടുത്തുന്ന കഥയായി നാൽക്കാലി മാറുന്നു. സമൂഹമാധ്യമസ്വാധീനഫലമായി വ്യക്തികളിൽ ഉണ്ടാകുന്ന പരിവർത്തനങ്ങളുടെ സാമൂഹികവും - മാനസികവും- സാമ്പത്തികവും ആയ എല്ലാ തലങ്ങളും ഉൾക്കൊള്ളുന്ന ഉത്തമ കലാസൃഷ്ടിയാണ് ' നാൽക്കാലി'.

**കുറിപ്പുകൾ**

1. http//dictionary.reference.com/browse/social network
2. പി.കെ. രാജശേഖരൻ, ഏകാന്തനഗരങ്ങൾ, പുറം, 166.
3. സുനീത ടി.വി, ഡോ, സൈബറിടവും സംസ്കാരവും, സൈബർ കഥകളിലെ സ്ത്രീ, പുറം, 36.
4. റോബിൻ കെ. മാത്യു, സൈബർ പരകായപ്രവേശം സൈബർ മനശാസ്ത്രം, പുറം, 6.
5. enwikipedia.org/wiki/cyberpsychology
6. കെ.രേഖ, രേഖയുടെ കഥകൾ, പുറം, 162.
7. ടി പുറം, 160.
8. ടി പുറം, 160.
9. ടി പുറം, 161.
10. ടി പുറം, 161.

**സഹായകഗ്രന്ഥങ്ങൾ**

1. ബിന്ദു, സചിവോത്തമപുരം, ഡോ, മൊബൈൽഫോൺ സംസ്കാര നിർമ്മിതിയുടെ നവമാധ്യമം, കേരളഭാഷ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2017.
2. ജോസ് കെ. മാനുവൽ, ഡോ, നവമാധ്യമങ്ങൾ-ഭാഷ സഹിത്യം സംസ്കാരം, നാഷണൽ ബുക്ക് സ്റ്റാൾ, കോട്ടയം, 2014.
3. രാജശേഖരൻ പി.കെ, ഏകാന്തനഗരങ്ങൾ, ഡി.സി ബുക്സ്, കോട്ടയം, 2007.
4. രേഖ.കെ, രേഖയുടെ കഥകൾ,കറന്റ് ബുക്സ് തൃശ്ശൂർ, 2012.
5, സുനീത ടി.വി, ഡോ, സൈബർ കഥകളിലെ സ്ത്രീ, കേരളഭാഷ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2015.
6. റോബിൻ കെ.മാത്യു, സൈബർ പരകായപ്രവേശം, സൈബർ മനശാസ്ത്രം,2022.
7. en.wikipedia.org/wiki/cyber psychology
8. en.wikipedia.org/wiki/cyber psychology # social media and cyber psychological behavior

mgkranni@gmail.com

# 2020-ലെ ദേശീയവിദ്യാഭ്യാസ നയവും കേരളത്തിലെ ഉന്നതവിദ്യാഭ്യാസത്തിന്റെ ഭാവിയും

ഡോ. മുഹമ്മദ് ബഷീർ കെ. കെ.
അസി. പ്രൊഫസർ, കെ. കെ. ടി. എം. ഗവ. കോളേജ്, പുല്ലൂറ്റ്

**പ്രബന്ധസംഗ്രഹം**

2020ലെ ദേശീയവിദ്യാഭ്യാസ നയം നടപ്പിലാക്കി കൊണ്ടിരിക്കുന്ന പരിവർത്തന ദശയിലാണ് രാജ്യത്തിന്റെ വിദ്യാഭ്യാസമേഖല നിലക്കൊള്ളുന്നത്. 34 വർഷങ്ങൾക്കുശേഷം കേന്ദ്രസർക്കാർ കൊണ്ടുവരുന്ന ഈ പുതിയ വിദ്യാഭ്യാസനയം രാജ്യത്തിന്റെ വിദ്യാഭ്യാസമേഖലയെ ഘടനാപരമായിത്തന്നെ ഉടച്ചുവാർക്കുന്നുവെന്നത് വരാനിരിക്കുന്ന മാറ്റങ്ങളുടെ ഫലങ്ങളെ സങ്കീർണ്ണമാക്കുകയും പ്രത്യാശകളോടൊപ്പം ആശങ്കകളെയും വർദ്ധിപ്പിക്കുകയും ചെയ്യുന്നു. ഉന്നതവിദ്യാഭ്യാസ മേഖലയിൽ പ്രവർത്തിക്കുന്ന അധ്യാപകൻ എന്ന നിലയിൽ ദേശീയ വിദ്യാഭ്യാസ നയം 2020 ഉന്നതവിദ്യാഭ്യാസ മേഖലയിൽ മുന്നോട്ടുവെയ്ക്കുന്ന നിർദ്ദേശങ്ങൾ ഈ മേഖലയിൽ ഉണ്ടാക്കാനിടയുള്ള പ്രത്യാഘാതങ്ങളെ വിശകലനം ചെയ്യാനാണ് ഈ പ്രബന്ധത്തിൽ ശ്രമിക്കുന്നത്.

**താക്കോൽവാക്കുകൾ**

ബഹുസ്വരവികാസ ചരിത്രം - നാലുവർഷ ഡിഗ്രി- കോർവിഷയം-ഫൗണ്ടേഷൻ കോഴ്സുകൾ -ക്ലസ്റ്റർ കോളേജ്- കോൺസ്റ്റിട്യൂഷൻ കോളേജ്

49 കേന്ദ്രസർവകലാശാലകളും 411 സ്റ്റേറ്റ് സർവകലാശാലകളും 121 ഡീംഡ് സർവ്വകലാശാലകളും 282 സ്വകാര്യ സർവകലാശാലകളും 50000 കോളേജുകളും ഉൾപ്പെടുന്ന ലോകത്തെ ബൃഹത്തായ മൂന്നാമത്തെ വിദ്യാഭ്യാസസംവിധാനമാണ് ഇന്ത്യയിലേത്.

കോവിഡാനന്തരകാലത്ത് വിദ്യാഭ്യാസമേഖലയിൽ കണ്ടുവരുന്ന പുതിയ പ്രവണതകളും കേന്ദ്രസർക്കാരിന്റെ തന്നെ ഉദാര-മൂലധന കേന്ദ്രീകൃത കോർപ്പറേറ്റ് താല്പര്യങ്ങളോടെയുള്ള സമീപനങ്ങളും ഉന്നതവിദ്യാഭ്യാസ മേഖലയിൽ സൃഷ്ടിക്കുന്ന ഫലങ്ങളെക്കൂടി ചേർത്തു വായിച്ചാൽ മാത്രമേ ഈ മേഖലയുടെ വരുംകാലത്തെ സംബന്ധിച്ച നിഗമനങ്ങൾക്ക് കൃത്യത വരൂ.10+2 +5 എന്ന 17 വർഷം കൊണ്ട് പൂർത്തിയാവുന്ന പി.ജി. പഠന പാറ്റേണിൽനിന്ന് 5+ 3+ 3 +4+ 4 എന്ന 19 വർഷം കൊണ്ട് പൂർത്തിയാവുന്ന പി.ജി. പഠന പാറ്റേണിലേക്ക് ഇന്ത്യയിലെ വിദ്യാഭ്യാസ മേഖല മാറുകയാണ്. എന്തുകൊണ്ട് ഇത്തരം ഒരു ഘടന? എന്നതിന്റെ മന:ശ്ശാസ്ത്ര, സാമൂഹ്യശാസ്ത്ര, ബോധനപരമായ സൈദ്ധാന്തിക നിലപാടുകൾ ഒന്നും വിശദീകരിക്കപ്പെട്ടിട്ടില്ലെങ്കിലും ഇതൊരു ആഗോളമാറ്റവും ഘടനയുമാണ് എന്നതിനാൽ വിദ്യാഭ്യാസത്തെ ചരക്കായി വിഭാവനം ചെയ്യുകയും അതിന്റെ കയറ്റുമതിയും ഇറക്കുമതിയും ചലനാത്മകതയും പുതിയ ലക്ഷ്യങ്ങളാവുകയും ചെയ്യുന്ന സമകാലത്ത് ഇന്ത്യക്കോ കേരളത്തിനോ മാത്ര

മായി ഈ ഘടനാപരമായ മാറ്റത്തിന് പുറന്തിതിരിഞ്ഞു നിൽക്കാനാവില്ല. പ്രാചീനഇന്ത്യയിൽനിന്ന് ആധുനിക ഇന്ത്യയിലേക്കുള്ള ക്രമാനുഗതവും അനുസ്യൂതവും ബഹുസ്വരവുമായ വികാസത്തിന്റെ ചരിത്രത്തെ അതിന്റെ സാകല്യത്തിൽ കാണാതെ പ്രാചീന ഇന്ത്യാചരിത്രത്തെ മാത്രം ഉദാത്തീകരിക്കുന്നതും മാതൃകയാക്കി എടുത്തു കാണിക്കുന്നതും പ്രത്യയശാസ്ത്രപരമാണ്.

### നാലുവർഷ ഡിഗ്രി പ്രോഗ്രാമുകളിലേക്കുള്ള മാറ്റം – വെല്ലുവിളികൾ

മനുഷ്യായുസ്സിന്റെ ദീർഘകാലം വിദ്യാഭ്യാസത്തിനുവേണ്ടി മാറ്റിവയ്ക്കുന്ന പഴയ ശീലങ്ങളോട് പുതിയ തലമുറയ്ക്ക് വലിയ പ്രതിപത്തിയില്ല. ഉയർന്ന വേതനം ലഭിക്കുന്ന ജോലിയിലേക്ക് കുറഞ്ഞ കാലം കൊണ്ടു എത്തിച്ചേരാനാണ് അവർ ആഗ്രഹിക്കുന്നത്. അതോടൊപ്പം പഠനകാലവും തൊഴിൽകാലവും ആസ്വാദ്യകരമായും ഉല്ലാസകരമായും ചെലവഴിക്കാൻ അവർ ആഗ്രഹിക്കുന്നു. പരമ്പരാഗത മൂല്യസങ്കൽപ്പങ്ങൾ പിൻപറ്റുന്ന സദാചാര നിഷ്ഠമായ ഭാരതത്തിലെയും കേരളത്തിലെയും ക്യാമ്പസുകളോട് അവർക്ക് വലിയ താല്പര്യമില്ലാത്തതുകൊണ്ടു തന്നെയാണ് പുറത്തുപോയി പഠിക്കാൻ കഴിയുന്നവർ പുറത്തേക്കൊഴുകുന്നത്. അതിനു കഴിയാത്തവർ ആർട്സ് ആൻഡ് സയൻസ് കോളേജുകളിലെ ദീർഘകാല കോഴ്സുകളെ കയ്യൊഴിഞ്ഞ് ഹ്രസ്വകാല പ്രഫഷണൽ കോഴ്സുകൾ തിരഞ്ഞെടുക്കുകയും ചെയ്യുന്നു. 2022 ൽ 6.46 ലക്ഷം വിദ്യാർഥികളാണ് ഇന്ത്യയിൽനിന്ന് വിദേശത്തേക്ക് പഠിക്കാൻ പോയിട്ടുള്ളത്. കേരളത്തിൽനിന്ന് വർഷം 35000 വിദ്യാർത്ഥികൾ പുറത്തേക്ക് പോകുന്നതായി കണക്കുകൾ വ്യക്തമാക്കുന്നു. 2022 മാർച്ചിലെ കണക്കുപ്രകാരം ഈയൊരൊറ്റ വർഷം കേരളത്തിലെ ബാങ്കുകൾ നൽകിയ വിദ്യാഭ്യാസ വായ്പ 11061 കോടിയാണെന്നത് കേരളത്തിലെ കുടുംബങ്ങളുടെ കടബാധ്യതയിലേക്കും അത് നമ്മുടെ സാമ്പത്തിക മേഖലയിൽ ഉണ്ടാക്കാവുന്ന പ്രത്യാഘാതങ്ങളിലേക്കും ഉള്ള പഠനസൂചികയാണ്. 2022 – 23 വർഷത്തിൽ കേരളത്തിലെ സർവ്വകലാശാലകളിൽ 74580 സീറ്റും ഗവൺമെന്റ് – ഏയ്ഡഡ് കോളേജുകളിൽ 14500 സീറ്റും ഒഴിഞ്ഞുകിടക്കുന്നു. ഈ പശ്ചാത്തലത്തിൽ നാലുവർഷഡിഗ്രി കോഴ്സുകൾ എന്നത് പുതിയ തലമുറയ്ക്ക് എത്രത്തോളം ആകർഷകമാണ് എന്നതാണ് പ്രസക്തമായ ചോദ്യം. സൗഹൃദങ്ങളെയും ആൺ–പെൺ ബന്ധങ്ങളെയും നൃത്ത- സംഗീത വിനോദ പരിപാടികളെയും പൂർണമനസ്സോടെ ഉൾക്കൊള്ളുന്ന സാമൂഹിക മാറ്റവും കലാലയ അന്തരീക്ഷവും യാഥാർത്ഥ്യമാവുമ്പോഴേ പുതുതലമുറ പൂർണമനസ്സോടെ നമ്മുടെ ക്യാമ്പസുകളെ സ്വീകരിക്കൂ.

### താല്പര്യങ്ങളിലെ വൈരുദ്ധ്യം

ദൃഢമായ കുടുംബസംവിധാനവും മക്കൾക്കു വേണ്ടി ജീവിക്കുന്ന രക്ഷിതാക്കളും ഒരു ഭാഗത്തും സ്വന്തമായി തീരുമാനങ്ങളെടുത്ത് സ്വതന്ത്രമായി ജീവിക്കാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികളുടെ കൗമാരമനസ്സ് മറ്റൊരു ഭാഗത്തും നിൽക്കുന്ന വൈരുദ്ധ്യമാണ് പുതിയ തലമുറ രക്ഷിതാക്കളുടെ നോട്ടപ്പാടുകളിൽ നിന്ന് അകലെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ തിരഞ്ഞെടുക്കുന്നതിലേക്ക് നയിക്കുന്ന പരോക്ഷ പ്രേരണ. നിലവിലെ യു.ജി. കോളേജുകൾ നാലുവർഷ ഡിഗ്രി കോഴ്സുകളിലേക്കു മാറുമ്പോൾ കുട്ടികളുടെ എണ്ണത്തിലും വർഷത്തിലും ഉണ്ടാകുന്ന വർധനയ്ക്ക് ആനുപാതികമായി സ്ഥാപനങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തിയിട്ടില്ല എന്നതാണ് മറ്റൊരു പ്രധാന വെല്ലുവിളി. നിലവിലെ ലാബ്, ലൈബ്രറി, ക്ലാസ്സുറിസൗകര്യം, സെമിനാർ ഹാൾ, കമ്പ്യൂട്ടറുകൾ, ഇൻഫോലാബ്, ജിംനേഷ്യം, ഓഡിറ്റോറിയം എന്നിവയെല്ലാം നാലുവർഷ ഡിഗ്രിക്ക് ആനുപാതികമായല്ല നിലനിൽക്കുന്നതകുന്നതിനാൽ അടുത്ത മൂന്ന് വർഷം ഭൗതിക സാഹചര്യ വികസനത്തിൽ ശ്രദ്ധ ചെലുത്തേണ്ടിവരും.

### നിയമനരീതിയിലെ മാറ്റം

വിദ്യാഭ്യാസ മേഖലയിൽ പരിവർത്തനങ്ങൾ വരുത്തുന്നുണ്ടെന്നല്ലാതെ ജി.ഡി.പി.യിൽ നിന്ന് നീക്കിവെക്കുന്ന പദ്ധതിവിഹിതം ഇപ്പോഴും തൃപ്തികരമല്ല. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സ്ഥിരധ്യാപക നിയമനങ്ങൾക്ക് പകരം കരാർ നിയമനമാണ് (Tenure Track

Appointment) മുന്നോട്ടുവെച്ചിരിക്കുന്നത്. ഇതും ബിരുദപഠനത്തിന്റെ ഗുണമേന്മയെ ബാധിക്കുന്ന കാര്യമാണ്.

**നാലാംവർഷ ഗവേഷണം**

നാലുവർഷ ബിരുദതലത്തിലെ നാലാംവർഷം ഗവേഷണ പ്രവർത്തനത്തിന് ഊന്നൽ കൊടുക്കണമെന്നാണ് വ്യവസ്ഥ. സർക്കാർ -എയ്ഡഡ് മേഖലയിൽ ഗവേഷക ഗൈഡുമാരായി പ്രവർത്തിക്കുന്ന ഡോക്ടറേറ്റ് ഉള്ള അധ്യാപകരുടെ എണ്ണം 10 മുതൽ 15 ശതമാനം മാത്രമാണ് എന്നതിനാൽ 80% സ്ഥാപനങ്ങളിലും ഗവേഷണ പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പിൽ വരുത്താൻ പരിമിതികൾ ഉണ്ട്.

ഇന്ത്യയിൽ പിഎച്ച്ഡി. കോഴ്സുകൾ ഉള്ള കോളേജുകളുടെ എണ്ണം കേവലം 2.7% മാത്രമാണുള്ളതെന്ന യാഥാർത്ഥ്യം ഉൾക്കൊള്ളാത്തതാണ് ഈ നിർദ്ദേശം.[1] അധ്യാപനത്തെയും ഗവേഷണത്തെയും വേറിട്ടതായിക്കാണാതെ അവയെ ഉദ്ഗ്രഥിതിക്കുന്നുവെന്നത് എൻ.ഇ.പി. 2020 ന്റെ സവിശേഷതയാണ്.

**അധ്യാപക പരിശീലനത്തിന്റെ അഭാവം**

നാലുവർഷ ഡിഗ്രി പ്രോഗ്രാമുകളിലേക്ക് അധ്യാപകരെ സജ്ജരാക്കാൻ ഫലപ്രദമായ പരിശീലനം ആവശ്യമാണ്. സ്കൂൾതലത്തിൽ ഏതൊരു മാറ്റവും അധ്യാപക പരിശീലനങ്ങളിലൂടെ നടപ്പിലാക്കുന്നതിനാൽ അവിടെ മാറ്റങ്ങൾ ക്ലാസ് മുറിയിൽ പ്രതിഫലിക്കുന്നുണ്ട്. ഉന്നതവിദ്യാഭ്യാസ മേഖലയിൽ ഇതിന്റെ തുടർച്ച ഉണ്ടാകുന്നില്ലെങ്കിൽ മാറ്റങ്ങളുടെ ഗുണഫലങ്ങൾ ക്ലാസ് മുറിയിൽ യാഥാർത്ഥ്യമാവില്ല.

**ബോർഡ് ഓഫ് സ്റ്റഡീസ് അംഗങ്ങളുടെ പ്രാധാന്യം**

സംസ്ഥാനത്തെ ബിരുദ കോഴ്സ് 2020ലെ പുതിയ വിദ്യാഭ്യാസ നയത്തിന് അനുസരിച്ചും ശ്യാം ബി മേനോൻ കമ്മീഷൻ റിപ്പോർട്ടിനനുസരിച്ചും ഘടനാപരമായി ഉടച്ചു വാർക്കുന്നതിന്റെ പ്രഥമവും പ്രധാനവുമായ ഉത്തരവാദിത്വം അതാത് ബോർഡ് ഓഫ് സ്റ്റഡീസ് അംഗങ്ങളിൽ നിക്ഷിപ്തമാണ്. കോഴ്സുകളെ തൊഴിലധിഷ്ഠിതമാക്കുക, പുതുതലമുറക്കും പൊതുസമൂഹത്തിനും ആകർഷകമാക്കുക, ഗുണമേന്മയുള്ള പാഠ്യപദ്ധതി ആവിഷ്കരിക്കുക, നാലാം വർഷ ഗവേഷണ പ്രവർത്തനങ്ങളെ ഫലപ്രദമാക്കാനുള്ള ക്രിയാത്മക നിർദ്ദേശങ്ങളും പദ്ധതികളും ആവിഷ്കരിക്കുക തുടങ്ങി നല്ല അറിവും കാഴ്ചപ്പാടും വൈദഗ്ധ്യവും സമയവും ആവശ്യമുള്ള ഉത്തരവാദിത്തമാണ് അവർക്ക് നിർവഹിക്കാനുള്ളത്. ദൗർഭാഗ്യകരമെന്നു പറയട്ടെ ബോർഡ് അംഗങ്ങളുടെ തിരഞ്ഞെടുപ്പ് അധ്യാപകരുടെ അക്കാദമിക നേട്ടങ്ങളുടെയും യോഗ്യതകളുടെയും അടിസ്ഥാനത്തിലല്ലെന്നതിനാൽ നിലവിലെ ബോർഡംഗങ്ങൾക്ക് ഈ നിർണായകഘട്ടത്തെ എങ്ങനെ അഭിമുഖീകരിക്കാൻ കഴിയും എന്നത് മറ്റൊരു പ്രശ്നമാണ്. ദീർഘകാലത്തേക്കുള്ള നിക്ഷേപമെന്നതിൽനിന്ന് വിദ്യാഭ്യാസം ഹ്രസ്വകാലത്തെ കമ്പോളാവശ്യങ്ങൾ തൃപ്തിപ്പെടുത്തുന്ന, നിരന്തരം നവീകരിക്കപ്പെടേണ്ട വെല്ലുവിളിയുയർത്തുന്ന സാഹചര്യമാണ് അധ്യാപകർക്കും വിദ്യാർത്ഥികൾക്കും പ്രോഗ്രാമുകൾക്കും ഇനി അഭിമുഖീകരിക്കേണ്ടി വരിക. അക്കാദമിക ബോഡികളിലെ വ്യവസായികളുടെ സാന്നിധ്യം ഇതിന്റെ ഗതിവേഗം വർദ്ധിപ്പിക്കും.

**മൂല്യനിർണയം**

സ്കൂൾ പാഠ്യപദ്ധതിയിൽ കേരളം വർഷങ്ങൾക്കു മുമ്പേ നടപ്പിലാക്കിയ സ്റ്റുഡൻസ് ഇവാലുവേഷൻ (Peer Evaluation) ന്റെ തുടർച്ച ഉന്നതവിദ്യാഭ്യാസ മേഖലയിലും ഉണ്ടാകുന്നുവെന്നത് മൂല്യനിർണയ പ്രക്രിയകളെ കൂടുതൽ സമഗ്രമാക്കാൻ നല്ലതാണ്. അകം - പുറം വിലയിരുത്തലുകളുടെ സ്കോറുകളുടെ അനുപാതം 30 മുതൽ 40 ശതമാനം എന്നത് ഗുണപരമായ മാറ്റമാണ്. ബാഹ്യപരീക്ഷയുടെ വർദ്ധിച്ചുവരുന്ന പ്രാധാന്യം കുറച്ചാൽ മാത്രമേ പരീക്ഷയെ കേന്ദ്രീകരിച്ചു മാത്രം നിലകൊള്ളുന്ന ഇന്നത്തെ വിദ്യാഭ്യാസസ്ഥാപനങ്ങളെ വിദ്യാഭ്യാസത്തിന്റെ സമഗ്രവികാസം എന്ന ലക്ഷ്യത്തിലേക്ക് പരിവർത്തിപ്പിക്കാനാവൂ.

**ആഴത്തിൽനിന്ന് പരപ്പിലേക്ക്**

നാലുവർഷ ബിരുദ പ്രോഗ്രാമിലെ ഒന്ന് രണ്ട് മൂന്ന് സെമസ്റ്ററുകൾ ഫൗണ്ടേഷൻ കോഴ്സുകൾക്ക് മാറ്റിവെച്ച് പിന്നീട് ബഹുവൈജ്ഞാനിക വിഷയങ്ങളും തൊഴിൽ നൈപുണി കോഴ്സുകളും കഴിഞ്ഞ് സവിശേഷ വൈദഗ്ധ്യം നേടേണ്ട തെരഞ്ഞെടുത്ത വിഷയത്തിനു ലഭിക്കുന്ന സമയവും സ്കോറും ക്രെഡിറ്റും 25 മുതൽ 30 ശതമാനം ആയിരിക്കും എന്നത് മറ്റൊരു പ്രശ്നമാണ്. തിരഞ്ഞെടുത്ത വിഷയമേഖലയിലെ അറിവും ആഴവും ഊന്നലും ബഹുവൈജ്ഞാനികമായി ചിതറിപ്പോകുന്നതിനാൽ ശിഥിലമാവും. ആഴം കുറയും പരപ്പ് കൂടും. ആഴം കുറയും എന്നത് രണ്ട് രീതിയിൽ പ്രശ്നങ്ങൾ സൃഷ്ടിക്കും. നാലാംവർഷത്തെ ഗവേഷണ പ്രവർത്തനത്തിന് അടിസ്ഥാനമായി വർത്തിക്കേണ്ട വിഷയധാരണകളുടെ മുന്നറിവിലെ കുറവ് ഏറ്റെടുക്കുന്ന ഗവേഷണ പ്രവർത്തനത്തിന്റെ ഗുണമേന്മയെ പ്രതികൂലമായി ബാധിക്കും. അതുപോലെ കോർവിഷയത്തിന്റെ അടിസ്ഥാനത്തിൽ തിരഞ്ഞെടുക്കപ്പെടുന്ന തൊഴിൽമേഖലയിലെ പ്രകടനത്തെയും പ്രതികൂലമായി ബാധിക്കും.

**കലാകായിക പ്രവർത്തനങ്ങൾക്ക് ക്രെഡിറ്റ്**

എൻ. ഇ. പി. 2020ലെ വളരെ ശ്രദ്ധേയമായ നിർദ്ദേശമാണിത്. ഉന്നതവിദ്യാഭ്യാസ മേഖലയിലെ യൂണിവേഴ്സിറ്റികളും ആർട്സ് ആൻഡ് സയൻസ് കോളേജുകളും കേവലം പരീക്ഷ നടത്താനും പരീക്ഷയ്ക്കൊരുങ്ങാനും പരീക്ഷ എഴുതിക്കാനുമുള്ള സ്ഥാപനങ്ങളായി തരംതാണിരിക്കുന്ന ഈ ഘട്ടത്തിൽ ക്യാമ്പസുകളുടെ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന സർഗ്ഗാത്മകതയെയും ധൈഷണിക സംവാദങ്ങളെയും വീണ്ടെടുക്കാനുള്ള മാർഗമായി ഈ മാറ്റം നിലകൊള്ളും.

**ഭാഷാവിഷയങ്ങളോടുള്ള സമീപനം**

സ്കൂൾതലത്തിൽ മാതൃഭാഷയ്ക്ക് നൽകിയ പ്രാധാന്യത്തിന്റെ ഗുണപരമായ തുടർച്ച ഉന്നത വിദ്യാഭ്യാസ ഘട്ടത്തിൽ ഭാഷാവിഷയങ്ങളോട് കാണിക്കുന്നില്ല. ഭാഷാ പഠനത്തെ രണ്ടു സെമസ്റ്ററിലേക്ക് ചുരുക്കുക വഴി അവയെ രണ്ടാംതരമാക്കി ന്യൂനീകരിച്ചുവെന്നത് വസ്തുതയാണ്. നല്ല കുടുംബ-സാമൂഹ്യ ജീവിതത്തിനും നല്ല തൊഴിൽ ജീവിതത്തിനും ഭാഷാ-സാഹിത്യ വിഷയങ്ങളുടെ പഠനം വഴി ഉണ്ടാകുന്ന സംസ്കരണവും മറ്റഭിലഷണീയ വർത്തനവ്യതിയാനങ്ങളും ഈ നയം പരിഗണിച്ചിട്ടില്ലെന്നത് റിപ്പോർട്ടിന്റെ വലിയ പരിമിതിയായി നിലനിൽക്കുന്നു. ഭാഷാധ്യാപകരുടെ വർക്കലോഡിനും നിലനിൽപ്പിനും ഈ നിർദ്ദേശം ഉയർത്തുന്ന വെല്ലുവിളി മറികടക്കാൻ സാർത്ഥകമായ ഇടപെടലുകൾ ആവശ്യമായി വരും. അധ്യാപകർക്ക് സ്വന്തമായി കോഴ്സുകൾ ആവിഷ്കരിച്ച് നിലനിൽക്കാം എന്ന യുക്തി താഴെത്തട്ട് മുതൽ പ്രാവർത്തികമാവുമെന്ന് കരുതാൻ പ്രയാസമുണ്ട്. പ്രൊഫഷണൽ - സാങ്കേതിക വിദ്യാഭ്യാസകേന്ദ്രങ്ങൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിൽ ഭാഷാ- മാനവിക വിഷയങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് വിഷയാന്തര പഠന സ്വഭാവത്തിലേക്കു വരുന്നത് കൂടുതൽ ധാർമികതയും വിമർശനാത്മക ചിന്തയും യുക്തിസഹമായ നിലപാടുകളുമുള്ള തലമുറയെ രൂപപ്പെടുത്താൻ സഹായകമാകും. ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ ഇന്ത്യയെ രൂപപ്പെടുത്താനുള്ള യുവതയുടെ അടിസ്ഥാന സ്വഭാവ സവിശേഷതകളായി എൻ.ഇ.പി. 2000 വിഭാവനം ചെയ്യുന്നത് സർഗ്ഗാത്മകത, ചിന്താശേഷി, ധാർമികത, ഭരണഘടനാപരമായ മൂല്യങ്ങൾ, ശാസ്ത്രീയ അഭിരുചി, സേവന മനോഭാവം, നല്ല പെരുമാറ്റം എന്നിവയാണ്.

**തൊഴിലധിഷ്ഠിത കോഴ്സുകളും നൈപുണീ വികാസവും**

ഏതു തൊഴിലിലും സാമാന്യമായി ശോഭിക്കാവുന്ന അടിസ്ഥാനശേഷികൾ വികസിപ്പിച്ചുകൊണ്ട് വിദ്യാർഥിയുടെ സമഗ്ര വികാസം ആത്യന്തിക ലക്ഷ്യമാക്കി പ്രവർത്തിച്ച ആർട്സ് ആൻഡ് സയൻസ് കോളേജുകൾക്ക് കമ്പോളത്തിന് ആവശ്യമായ തൊഴിലാളികളെ സമയാസമയം ലഭ്യമാക്കി കൊടുക്കുക എന്ന ജോലി കൂടി ഇനി നിർവഹിക്കേണ്ടിവരും. കമ്പോളവും കമ്പോളാവശ്യവും അതിനനുസൃതമായ തൊഴിൽ നൈപുണിയും നിരന്തരമായി മാറിക്കൊണ്ടിരിക്കുന്ന ഒന്നാണെന്നതിനാൽ അതിനനുസൃതമായി കോഴ്സുകളും നിരന്തരം നവീ

കരിക്കേണ്ടതായി വരുമെന്നത് വലിയ വെല്ലുവിളിയാണ്. പുതിയ അറിവുകളെ യാതൊരു പിന്തുണസംവിധാനവും ഇല്ലാതെ നിലനിൽക്കുന്ന സ്ഥിരം അധ്യാപകർക്ക് സ്വയം സ്വാംശീകരിക്കാനും നവീകരിക്കാനും എത്രത്തോളം കഴിയുമെന്നതും മറ്റൊരു ആശങ്കയാണ്.

**അർഹതയുള്ളവയുടെ അതിജീവനവും നിലനില്പിനായുള്ള പോരാട്ടവും**

വിദ്യാഭ്യാസത്തിന്റെ ചരക്കുവൽക്കരണവും വാണിജ്യവൽക്കരണവും ഒഴിവാക്കാനാവാത്ത പ്രവർത്തി എന്ന നിലയിൽ സ്വാംശീകരിക്കപ്പെടുകയും അംഗീകരിക്കപ്പെടുകയും ചെയ്യുന്നുണ്ടെന്നതിന്റെ തെളിവാണ് കമ്പോള വാണിജ്യ മേഖലയിലെ സാങ്കേതിക സംജ്ഞകൾ പ്രത്യക്ഷമായിത്തന്നെ റിപ്പോർട്ടിൽ ഇടംനേടുന്നത്. 'Premium Education at affordable cost'2 എന്നും 'Basket of Courses'3, 'Value added Courses' എന്നുമുള്ള റിപ്പോർട്ടിലെ പദ-വാക്യങ്ങൾ ഈ നിഗമനത്തെ സാധൂകരിക്കുന്നതാണ്. ഇന്ത്യയെ വിശ്വഗുരുവാക്കുക അഥവാ 'Super Global Power' ആക്കുക എന്നത് ആത്യന്തിക ലക്ഷ്യമായി കമ്മീഷൻ വിഭാവനം ചെയ്യുന്നു. ഗുണമേന്മയുള്ള ചരക്കുകൾക്ക് ഉയർന്ന വിലയെന്ന- പൊതു സമ്മതിയുള്ള ന്യായം വിദ്യാഭ്യാസമേഖലയിൽ പ്രാവർത്തികമാക്കുമ്പോൾ ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള വിടവ് വർദ്ധിക്കുകയും പാവപ്പെട്ടവന്റെ അതിജീവന സാധ്യതകൾ ഇല്ലാതാവുകയും ചെയ്യും.

സ്ഥിരത, സുരക്ഷിതത്വം, ഉയർന്നവേതനം തുടങ്ങിയ കോളേജധ്യാപകരുടെ അധ്യാപന വൃത്തിയുടെ ആകർഷക ഘടകങ്ങൾ ഇല്ലാതാവുകയും നിലനിൽപ്പിനായി പൊരുതുകയും വരുന്നത് അതിലേക്കായി സമയവും അധ്വാനവും കൊടുക്കേണ്ടിവരുന്നത് സൃഷ്ടിക്കുന്ന അരക്ഷിതാവസ്ഥ വലുതാണ്. അധ്യാപകരിൽ അത് സ്ട്രസ് ഉണ്ടാക്കുകയും ചെയ്യും. വിദ്യാർഥികളിലും ക്ലാസ് മുറികളിലും പഠന -ഗവേഷണങ്ങളിലുമായി ചെലവഴിക്കപ്പെടേണ്ട സമയം പാഴാകുന്നത് ഈ മേഖലയിലെ ഗുണമേന്മയെ പരിമിതപ്പെടുത്തും.

അധ്യാപകന്റെ ജോലിഭാരം അഞ്ചു പ്രവൃത്തിദിനങ്ങളിൽനിന്ന് ആറിലേക്കും രണ്ടുമാസ വേനലവധിക്കാലത്തു നിന്നും അവധിരഹിത അധ്യയന വർഷത്തിലേക്കും മാറാനുള്ള സാധ്യത നിലനിൽക്കുന്നു. ഓരോ സെമസ്റ്ററിലേക്കും ഓരോ കോഴ്സുകൾ രൂപകൽപ്പന ചെയ്തും നിരന്തരം നവീകരിച്ചും സ്വയം പഠിച്ചും അതിജീവനത്തിന്റെയും നിലനില്പിന്റെയും സംഘർഷങ്ങളും സമ്മർദ്ദങ്ങളും ഏറ്റുവാങ്ങി ജ്ഞാനോല്പാദന സാധ്യതകളിൽനിന്നും സർഗാത്മക -സമൂഹോന്മുഖ പ്രവർത്തനങ്ങളിൽനിന്നും പിൻവാങ്ങിക്കഴിയേണ്ടിവരുന്ന അനാകർഷക മായ തൊഴിലായി കോളേജ് അധ്യാപകവൃത്തി പരിണമിക്കും. dignified Teacher life എന്നത് കടലാസിൽ താത്ത്വികമായി അവശേഷിക്കുമ്പോഴും പ്രായോഗികമായി സംഭവിക്കുക മറിച്ചായിരിക്കും. സർവ്വകലാശാലകളിലെയും എയ്ഡഡ് സ്ഥാപനങ്ങളിലെയും നിയമനം കെ. ഇ. എഫ്. ആർ. ബി. വഴിയാകുമെന്ന നിർദ്ദേശം ഈ മേഖലയിലെ ഗുണമേന്മ വർദ്ധിപ്പിക്കുന്ന ക്രിയാത്മക നിർദ്ദേശമായി കാണാവുന്നതാണ്.

NEP യാഥാർത്ഥ്യമാകുന്നതോടെ NAAC അക്രഡിറ്റേഷനുമായി ബന്ധപ്പെട്ട സൂചകങ്ങളും മാറും. ആഗോളമായി ഒരേ ഘടന സാർവത്രികമാക്കുന്നതും ക്രെഡിറ്റുകൾ ട്രാൻസ്ഫർ ചെയ്യാനും ആർക്കും എവിടെയും ഒരേസമയം പഠിക്കാൻ കഴിയുന്ന തൊക്കെയുമുള്ള വ്യവസ്ഥകൾ വിഭാവനം ചെയ്യപ്പെടുന്നതിന്റെയും രാഷ്ട്രീയം തിരിച്ചറിയപ്പെടേണ്ടതുണ്ട്. അറിവിനെ ചരക്കായി നിർവ്വചിച്ച് അതിനെ ലാഭമുണ്ടാക്കാനുള്ള ഉപാധിയാക്കുന്ന മൂലധന മുതലാളിത്ത ശക്തികൾക്ക് രാജ്യത്തിന് അതിർവരമ്പുകളില്ലാതെ അനായാസം എവിടെയും വിഹരിക്കുന്നതിനുള്ള സാഹചര്യവും സംവിധാനങ്ങളുമാണ് ഓരോ ഭരണകൂടങ്ങളും അതാതിടങ്ങളിൽ ഒരുക്കി കൊടുക്കുന്നത്. അതിനനുകൂലമായി നിലകൊള്ളുന്നതാണ് അക്രഡിറ്റേഷൻ സ്ഥാപനങ്ങളുടെ സൂചകങ്ങൾ. ആഗോള വിദ്യാർത്ഥിസമൂഹത്തിന് സ്ഥാപനങ്ങളുടെ തിരഞ്ഞെടുപ്പ് അനായാസമാക്കാനുള്ള അടയാളമായി NAAC നൽകുന്ന ഗ്രേഡിംഗ് സഹായകമാവും എന്നുള്ള ലക്ഷ്യമാണ് ഇതിലൂടെ നിറവേറ്റപ്പെടുന്നത്. ഉയർന്ന മൂലധനം ഉള്ള സ്ഥാപനങ്ങൾക്കു മാത്രമേ ഉയർന്ന ഗ്രേഡ് ലഭ്യമാവൂ എന്നത് നിലനിൽക്കുന്ന യാഥാർത്ഥ്യമാണല്ലോ. നാഷണൽ

അക്കാഡമിക് ബാങ്ക് വഴി എവിടെനിന്നും ക്രെഡിറ്റുകൾ നേടാമെന്നും നിലനിർത്താമെന്നും കൈമാറ്റം ചെയ്യാമെന്നുമുള്ള വ്യവസ്ഥ വിപണി മൂലധന താല്പര്യത്തെ സംരക്ഷിക്കുന്ന പ്രധാന പരിഷ്കരണമാണ്. IUCTAS - ഇന്റർ യൂണിവേഴ്സിറ്റി ക്രെഡിറ്റ് ട്രാൻസ്ഫർ ആൻഡ് അക്കു മുലേഷൻ സിസ്റ്റം സർവകലാശാലയും ഉന്നത വിദ്യാഭ്യാസ സ്ഥാപനത്തിനുമിടയിൽ ക്രെഡി റ്റുകളുടെ വിനിമയം സുഗമമാക്കുന്നതിനും ഉറപ്പുവരുത്തുന്നതിനുള്ള സംവിധാനമായി നിലകൊള്ളും.

ഒരർത്ഥത്തിൽ 2020ലെ ദേശീയ വിദ്യാഭ്യാസ നയം വിദ്യാർത്ഥികൾക്ക് നൽകുന്നുവെന്ന് പറയപ്പെടുന്ന എല്ലാ സ്വാതന്ത്ര്യത്തിന്റെയും തിരഞ്ഞെടുപ്പുകളുടെയും യഥാർത്ഥ ഗുണഭോക്താവ് മുതലാളിത്ത മൂലധന ശക്തികളാണ് എന്നത് സുവ്യക്തമാണ്. അഥവാ വിദ്യാർത്ഥികളുടെ സ്വാതന്ത്ര്യം, തിരഞ്ഞെടുപ്പ് എന്നുള്ളത് കേവലം ഒരു മറ മാത്രമാണ്, അതുമറയാക്കി കച്ചവട താൽപര്യങ്ങൾ തന്നെയാണ് അവയ്ക്ക് പിന്നിൽ ഒളിപ്പിച്ചിരിക്കുന്നത്. ക്ലാസ് ട്യൂട്ടർ, സ്വന്തംവിദ്യാർഥി, സ്വന്തം സ്ഥാപനം, ഏതെങ്കിലും യൂണിവേഴ്സിറ്റിക്ക് കീഴിലെ പഠനം, സ്വന്തം ക്യാമ്പസ്, സ്വന്തം അധ്യാപകർ, സ്വന്തം ഡിപ്പാർട്ട്മെന്റ് എന്നിവയെല്ലാം പഴങ്കഥയാവും ഒരേസമയം ഇന്ത്യക്കകത്തോ പുറത്തോ പല സ്ഥാപനങ്ങളിലായി പഠിക്കുന്ന വിദ്യാർത്ഥികളും പഠിപ്പിക്കുന്ന അധ്യാപകരും ഉണ്ടാകുന്ന, പല സർവകലാശാലകളിൽ നിന്നായി ക്രെഡിറ്റുകൾ സമ്പാദിക്കുന്ന, ക്യാമ്പസോ അധ്യാപകനെയോ നേരിട്ട് കണ്ടിട്ടില്ലാത്തപഠനവും ചേർന്ന; പാതി യാഥാർത്ഥ്യവും പാതി പ്രതീതി യാഥാർത്ഥ്യവും ആവുന്ന കാല്പനിക-സുന്ദര-വിദ്യാഭ്യാസകാലമാണ് യാഥാർത്ഥ്യമായിക്കൊണ്ടിരിക്കുന്നത്. സ്വകാര്യകല്പിതസർവകലാശാലകളെ സർക്കാർസർവ്വകലാശാലകൾക്കു തുല്യമാക്കുന്നതിലൂടെ സ്വകാര്യമേഖല ശക്തിപ്പെടുകയും അത് ഫീസ് വർദ്ധനയ്ക്ക് കാരണമാവുകയും ചെയ്യും. ഗുണമേന്മയുള്ള ഉന്നത വിദ്യാഭ്യാസമെന്നത് പണക്കാരനു വില കൊടുത്തു വാങ്ങാവുന്നതും അവർക്കുമാത്രം ലഭ്യമാകുന്നതുമായ വിഭവമായി അഥവാ ചരക്കായി പരിമിതപ്പെടുന്നതോടൊപ്പം ഇല്ലാത്തവരെ ഒന്നു കൂടി പാർശ്വവൽക്കരിക്കുന്നതിനു കാരണമാവുകയും ചെയ്യും.

**സമ്മർ ഫാസ്റ്റ് ട്രാക്ക് സെമസ്റ്റർ സംവിധാനം**

സമ്മർ ഫാസ്റ്റ് ട്രാക്ക് സെമസ്റ്റർ സംവിധാനം നല്ല ഒരു ആശയമാണ്. കഴിവുള്ള വിദ്യാർത്ഥികൾക്ക് അതിവേഗം ക്രെഡിറ്റ് സമ്പാദിച്ച് മുന്നേറാനും ഏതെങ്കിലും വിദ്യാർത്ഥികൾക്ക് എന്തെങ്കിലും കാരണത്താൽ ക്രെഡിറ്റ് നേടാൻ കഴിയാതെ പോയാൽ അത് വീണ്ടെടുക്കാനും ഈ സംവിധാനം വഴി സാധിക്കും. സർവ്വകലാശാലകളുടെ അഫിലിയേഷൻ സംവിധാനം നിർത്തലാക്കുകയും കോളേജുകൾ സ്വയംഭരണ സ്ഥാപനങ്ങളായി മാറുകയും ചെയ്യേണ്ട അടിയന്തര സാഹചര്യം NEP 2020 സൃഷ്ടിക്കുന്നുവെന്നതിനാൽ ആയിരത്തിൽ താഴെ മാത്രം കുട്ടികൾ പഠിക്കുന്ന കലാലയങ്ങൾക്ക് നിലനില്പിനായി 3000 വിദ്യാർത്ഥികളെ സമ്പാദിക്കുക എന്ന വലിയ ലക്ഷ്യം സാധിച്ചെടുക്കുക ഏറെക്കുറെ അസാധ്യം തന്നെയാണ്. 3000ത്തിലധികം വിദ്യാർഥികൾ പഠിക്കുന്ന കോളേജുകൾ ഇന്ത്യയിൽ കേവലം 4% മാത്രമാണെന്നും 16.6% കോളേജുകളിൽ കുട്ടികളുടെ എണ്ണം കേവലം നൂറിൽ താഴെ മാത്രമാണെന്ന വസ്തുതയും തിരിച്ചറിയേണ്ടതുണ്ട്.4ഫലത്തിൽ ചെറിയ കോളേജുകൾ ഇല്ലാതാവുക തന്നെ ചെയ്യും. ക്ലസ്റ്റർ കോളേജ്- കോൺസ്റ്റിട്യൂഷൻ കോളേജ് തുടങ്ങിയ സങ്കല്പനങ്ങൾ താത്ത്വികമായി സ്വാഗതാർഹമാണ്. വിഭവങ്ങൾ പങ്കുവയ്ക്കപ്പെടുമെന്നും ബഹുവിഷയ സമീപനം യാഥാർത്ഥ്യമാക്കാനുള്ള സാധ്യതകൾ കൂടുമെന്നുള്ളതും ഇതിന്റെ ഗുണപരമായ വശങ്ങളാണെങ്കിലും ഇത് ഫീൽഡിൽ യാഥാർത്ഥ്യമാക്കിയെടുക്കുക എന്നത് അത്ര എളുപ്പമല്ല. സ്വകാര്യ സ്ഥാപനങ്ങളും സ്വയംഭരണ സ്ഥാപനങ്ങളും അവരുടെ വിഭവങ്ങൾ പങ്കുവെക്കാൻ എത്രത്തോളം താല്പര്യപ്പെടുമെന്നത് സംശയകരമാണ്. വിദ്യാർത്ഥിക്ക് അവന്റെ പഠനവേഗമനുസരിച്ച് മുന്നേറാനുള്ള അവസരം അഭികാമ്യമാണെങ്കിലും ഇത് അനാവശ്യ മത്സരത്തിലേക്കും വിഷാദത്തിലേക്കും നിരാശയിലേക്കും സമ്മർദ്ദത്തിലേക്കും വിദ്യാർഥികളെ നയിക്കാനിടയുണ്ട്.

യു.ജി.സി.യുടെ കരിക്കുലം ഫ്രെയിം വർക്കിൽ 40% സ്കോർ MOOC വഴി ആർജ്ജിക്കാനാണ് ശുപാർശ ചെയ്യുന്നത്. താത്വികമായി ഗ്ലോബൽ പ്ലസ് ലോക്കൽ എന്നും നാഷണൽ ആസ്പിറേഷൻസ് പ്ലസ് ലോക്കൽ സ്പെസിഫിക്കേഷൻസ് എന്നുമൊക്കെ പറയുന്നുണ്ടെങ്കിലും പ്രായോഗികമായി റിപ്പോർട്ട് ഫെഡറലിസത്തിനും കൺകറന്റ് ലിസ്റ്റിന്റെ കാഴ്ചപ്പാടുകൾക്കും

എതിരാണ്. പാഠ്യപദ്ധതി, അധ്യാപനം, ഗവേഷണം, മൂല്യനിർണയം തുടങ്ങിയവയെല്ലാം തന്നെ കേന്ദ്രസർക്കാർ പുതുതായി രൂപീകരിക്കുന്ന സ്ഥാപനങ്ങൾക്ക് കീഴിലാക്കുക വഴി ഉന്നത വിദ്യാഭ്യാസമെന്നത് കേന്ദ്ര വിദ്യാഭ്യാസ വകുപ്പിലേക്ക് ഫലത്തിൽ ഏകീകരിക്കപ്പെടും. സംസ്ഥാനങ്ങളുടെ ചെലവിൽ കേന്ദ്രനയം മാത്രം നടപ്പിലാവും. എജ്യുക്കേഷൻ കമ്മീഷൻ ഓഫ് ഇന്ത്യ എന്ന വലിയ സ്ഥാപനത്തിന് കീഴിലേക്ക് എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും കണ്ണി ചേർക്കപ്പെടുകയും അതിന്റെ തന്നെ അനുബന്ധ സ്ഥാപനങ്ങളായ NRF – National Research Foundation ഗവേഷണ മാനദണ്ഡങ്ങൾ നിശ്ചയിക്കുകയും NHERC - National Higher Education Regulatory Council ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾക്കാവശ്യമായ മാനദണ്ഡങ്ങൾ നിശ്ചയിക്കുകയും ചെയ്യുന്നതിലൂടെ എല്ലാ തലങ്ങളിലും ഉള്ള കേന്ദ്രീകരണം യാഥാർത്ഥ്യമാകും. ഇന്ത്യ പോലെ സാംസ്കാരിക വൈവിധ്യം നിലനിൽക്കുന്ന ബഹുസ്വര സമൂഹത്തിൽ തദ്ദേശീയമായ ചരിത്രം, സംസ്കാരം, ജ്ഞാനം എന്നിവ വിദ്യാഭ്യാസത്തിലൂടെ വിനിമയം ചെയ്യപ്പെടാത്ത സാഹചര്യം ഉണ്ടാവുകയെന്നത് ആത്മഹത്യാപരമാണ്.

**കുറിപ്പുകൾ**

1. Only 2.7% Colleges run Ph.D. programme and 35.04% Colleges run Post Graduate Level programmes.( All India Survey on Higher Education, P. 1, Ministry of Education, Department of Higher Education, Government of India, New Delhi, 2020.)

2. Pera 12.8, P.39, National Education Policy 2020, Ministry of Human Resource Development, Government of India.

3. These are the courses meant for the personality development and perspective building and developing self awareness of a graduate student.

(Kerala State Higher Education Curriculum Framework for Under Graduate Programmes, Kerala State Curriculum Committee for Higher Education, The Kerala State Higher Education Council, May-2023, P.27).

4. 16.6% of the Colleges are having enrolment less than 100 and only 4% Colleges have enrolment more than 3000. .( All India Survey on Higher Education, P.II, Ministry of Education, Department of Higher Education, Government of India, New Delhi, 2020.)

**Referance**

Papiasengupta, Nep2020andthe Language in Education Policy in IndiaEconomic and Political weekly,vol.56, Issue No. 43, 23 Oct, 2021

Parul Rishi, Academic Bureacratisation and NEP 2020, Economic and Political weekly, Vol. 58, Issue No. 33, 19 August, 2023.

Sudarshu Bhushan, Four Year Under Graduate Programme – Boon or Bane of the NEP 2020, Economic and Political weekly, vol 58, Issue No 8, 25 February 2023.

Rabbani Attar, In Defence of the Affiliated College System, Economic and Political weekly, vol. 58, Issue No. 34, Aug 2023

Malish C.M., Are Colleges Ready for Degrees with Research?, Economic and Political weekly,vol. 58, Issue No. 11, 18 March, 2023.

Commission for reforms in Higher Education, 2022, Department of Higher Education, Government of Kerala, July 2022.

Kerala State Higher Education Curriculum Framework for Under Graduate Programmes, Kerala State Curriculum Committee for Higher Education, The Kerala State Higher Education Council, May-2023.

National Education Policy 2020, Ministry of Human Resource Development, Government of India.

muhamedbasheerkk@yahoo.co.in

# രാഷ്ട്രീയവും ചരിത്രവും : പി. എൻ.ഗോപീകൃഷ്ണനിൽ കവിതപ്പെടുമ്പോൾ

**ഡോ. അഞ്ജന വി. ആർ.**
അസോ. പ്രൊഫസർ, മലയാളവിഭാഗം, ഗവ. കോളേജ് ചിറ്റൂർ

**പ്രബന്ധസംഗ്രഹം**

കവിത കാലത്തിന്റെ നേർക്ക് പിടിച്ച കണ്ണാടിയാണെന്ന തത്വത്തിലേക്കാണ് എല്ലാക്കാലത്തെയും രാഷ്ട്രീയകവിതകൾ ചെന്നെത്തി നിൽക്കുന്നത് . കവികൾ കാലഘട്ടത്തോട് നിരന്തരമായി കലഹിക്കുമ്പോഴും കാലത്തിന്റെ ചിലഗുണപരമായ മാറ്റങ്ങളെ അംഗീകരിക്കുകയും ചെയ്യുന്നു. ആ കവിതകൾക്ക് മുഖ്യധാരാചരിത്രവും തമസ്കരിക്കപ്പെട്ട ചരിത്രവും വിഷയമാവുന്നു. അതിലൂടെ കാലഘട്ടത്തിന്റെ സമകാലികയാഥാർത്ഥ്യങ്ങളിലേയ്ക്ക് പുതുകവിതകൾ,കവികൾ കടന്നു ചെല്ലുന്നു. ആ കവിതകൾ ചുരുണ്ട് കുറുകിയ ജനതയെ വിളിച്ചുണർത്തി മുഷ്ടികളാക്കുന്നതായി ശ്രീ.പി.എൻ. ഗോപീകൃഷ്ണൻ തന്റെ കവിതകളിലൂടെ പ്രസ്താവിക്കുന്നു.

**താക്കോൽവാക്കുകൾ**

ദേശീയത-അടിയന്തരാവസ്ഥ- ഫാസിസം-വംശഹത്യകൾ-ഇസ്ലാമോഫോബിയ

'**വി**ടർന്നപീലികൾ ചുരുട്ടികെട്ടി ഒരു ചൂലാക്കി ഞങ്ങൾക്ക് തന്നിട്ട് സ്വപ്നകാലത്തിന്റെ മയിൽ യാത്രയായി' എന്ന് കെ.ജി.എസ് എഴുതിയത് കാൽപനികതയുടെ ലോലഭാവങ്ങളിൽ നിന്ന് കവിതയ്ക്ക് ഗൌരവമേറിയ രാഷ്ട്രീയസമസ്യകൾ ഉൾക്കൊള്ളേണ്ടി വരുന്നു എന്നതിനാലാവാം. മലയാളകവിതാസാഹിത്യചരിത്രം പരിശോധിക്കുമ്പോൾ പ്രാചീനകാലകാവ്യങ്ങൾ മുതൽ രാഷ്ട്രവും രാജാവും പരാമർശിതമാകുന്നുണ്ട് . എന്നാൽ  അവയൊക്കെ ദേശസ്നേഹപരമോ രാജാവിനോടുള്ള ഭക്തിയോ വിധേയത്വമോ ഒക്കെയായി മാത്രമായിരുന്നു. ക്ലാസിക് നിയോക്ലാസിക് ഘട്ടങ്ങളിലും സ്ഥിതി വ്യത്യസ്തമല്ല. ചെറിയ ചിലമാറ്റങ്ങൾ പ്രത്യക്ഷപ്പെട്ടത് നവോത്ഥാനഘട്ടത്തിലായിരുന്നു. കവികൾ തങ്ങളുടെ സ്വത്വപ്രകാശനത്തോടൊപ്പം രാഷ്ട്രീയപരവും സാമ്രാജ്യത്വപരവുമായ വിമർശനങ്ങൾ കൂടി വളരെ താത്വികമായി കവിതകളിലേയ്ക്ക് ആവാഹിക്കാൻ തുടങ്ങി. അപ്പൊഴും രാജഭക്തിയുടെയും ദേശീയതയുടെയും അടിയൊഴുക്കുണ്ടായിരുന്നു. അറുപതുകൾക്ക് ശേഷം കവിതയ്ക്ക് ആധുനികമായ മുഖം കൈവന്നു. അതിന്റെ ഫലമായി തികച്ചും നീതിയുക്തമായി ചിന്തിക്കാനും നട്ടെല്ലുറപ്പോടെ പ്രതിക

രിക്കാനും തുടങ്ങി. പൊളിറ്റിക്സ് പ്രമേയപരമായിത്തന്നെ കവിതകളിലേക്കു കടന്നു വരുന്നതും ഈ സമയത്തു തന്നെ. എഴുപതുകളിൽ അടിയന്തരാവസ്ഥയോടനുബന്ധിച്ച് കല, സാഹിത്യം,പത്രപ്രവർത്തനം എന്നുവേണ്ട സകലതും വിലക്കപ്പെട്ടിരുന്നപ്പോൾ പോലും കാലത്തോട് കൃത്യമായി പ്രതികരിക്കുന്ന നെഞ്ചുറപ്പുള്ള ചിലകവിതകൾ പ്രത്യക്ഷപ്പെട്ടിരുന്നു. എമർജൻസിക്ക് പോലും തടുക്കാനാവാത്തത്രയും പ്രതികരണശേഷിതന്നെയാണ് സമകാലികകവികളിലും കാണുന്നത് .

രാജ്യത്തെ രാഷ്ട്രീയാനുഭവങ്ങളോടും പ്രശ്നങ്ങളോടും ഉള്ള പ്രതികരണം എന്ന നിലയിലാണ് സമകാലിക കവിതയിൽ രാഷ്ട്രീയം പ്രത്യക്ഷപ്പെടുന്നത് .അവ ചെറുരൂപങ്ങളിൽ അടച്ചുവയ്ക്കപ്പെട്ട സ്ഫോടകവസ്തുക്കളാണ് . കുറച്ച് വരികളിലൂടെ ആഴത്തിൽ ചിന്തിപ്പിക്കത്തക്ക തരത്തിൽ ആ കവിതകൾ കുറുകവിതകൾ ആയിരിക്കുമ്പോഴും കുറിക്കുകൊള്ളുന്നവയുമായിരിക്കുന്നു. ആ കവിതകൾക്ക് മുഖ്യധാരാചരിത്രവും തമസ്കരിക്കപ്പെട്ട ചരിത്രവും വിഷയമാവുന്നു. അതിലൂടെ കാലഘട്ടത്തിന്റെ സമകാലികയാഥാർത്ഥ്യങ്ങളിലേയ്ക്ക് പുതുകവിതകൾ,കവികൾ കടന്നു ചെല്ലുന്നു. പവിത്രൻ തീക്കുനി,കെ.ജി.എസ്., വീരാൻകുട്ടി, എസ് .ജോസഫ് , പി.എൻ. ഗോപീകൃഷ്ണൻ എന്നിങ്ങനെ പോകുന്നു ആ നിര. മലയാളത്തിലുണ്ടായ രാഷ്ട്രീയ കവിതകളുടെ ചരിത്രം പരിശോധിക്കുമ്പോൾ ഇക്കാര്യം വ്യക്തമാവുന്നുണ്ട് . കവികൾ കാലഘട്ടത്തോട് നിരന്തരമായി കലഹിക്കുമ്പോഴും കാലത്തിന്റെ ചിലഗുണപരമായ മാറ്റങ്ങളെ അംഗീകരിക്കുകയും ചെയ്യുന്നു. ‘എന്താണു സമകാലികത? (‘What is Contemporary?’ What is an Apparatus? എന്ന പുസ്തകത്തിൽ) എന്ന ലേഖനത്തിൽ ജോർജിയോ അഗംബെൻ സമകാലികതയെപ്പറ്റി ആഴത്തിൽ ചിന്തിച്ചിട്ടുണ്ട് . തന്റെ കാലത്തോടു തികച്ചും ചേർന്നു പോകുന്ന ഒരാൾക്ക് സമകാലികനാകാൻ കഴിയില്ലെന്നും കാലത്തോട്ട് വിമർശനാത്മകമായ സമീപനം സ്വീകരിക്കാനാവുന്ന അകലം പാലിക്കാൻ കഴിയുമ്പോഴാണ് ഒരാൾ സമകാലികനാകുന്നെതന്നും ഉള്ള ആശയം അദ്ദേഹത്തിന്റെ വാദഗതികളിൽ അടങ്ങിയിട്ടുണ്ട്. കാലത്തിന്റെ വെളിച്ചം കൊണ്ട് അന്ധരാക്കപ്പെട്ടവരല്ല സമകാലികർ. അതിന് അനുവദിക്കാതെ ആ വെളിച്ചത്തിലെ നിഴലുകളെ കാണാൻ, അവ്യക്തത മനസ്സിലാക്കാൻ കഴിയുന്നവരാണ് . സ്വന്തം കാലത്തുനിന്നു വരുന്ന അന്ധകാരത്തിന്റെ രേഖകളാൽ ബാധിക്കപ്പെടുന്നവനാണു സമകാലികനെന്നും അഗംബെൻ പറയുന്നു.’[1]അങ്ങനെയെങ്കിൽ പി.എൻ. ഗോപീകൃഷ്ണൻ തികച്ചും ഒരു സമകാ ലികനാണ് . "ശ്രീനാരായണഗുരു മുതൽ ഇങ്ങോട്ടുള്ള കവികളുടെ കാര്യം പരിശോധിച്ചാൽ ആരാണ് രാഷ്ട്രീയവിചാരത്തിൽ നിന്നും മാറിനിന്നിട്ടുള്ളത് ? കുമാരനാശാൻ, ചങ്ങമ്പുഴ, വൈലോപ്പിള്ളി, ഇടശ്ശേരി, അയ്യപ്പപ്പണിക്കർ, കക്കാട്, ആറ്റൂർ... എഴുപതുകൾ എത്തുമ്പോൾ കെ ജി എസ് , സച്ചിദാനന്ദൻ, കടമ്മനിട്ട, ബാലചന്ദ്രൻ ചുള്ളിക്കാട് , എ. അയ്യപ്പൻ... നമ്മുടെ സ്ത്രീ കവിത ഇന്ത്യയിലെ മറ്റിടങ്ങളിലെ സ്ത്രീ കവിതയിൽ നിന്ന് വ്യതിരിക്തമാകുന്നതുപോലും രാഷ്ട്രീയ ധ്വനികൾ കൊണ്ടാണ് . ബാലാമണിയമ്മ വീട്ടുവേലയുടെ രാഷ്ട്രീയം തെരഞ്ഞു.”[2] ഇവിടെ നിന്നും പി.എൻ. ഗോപീകൃഷ്ണനിലെത്തുമ്പോൾ 'മുഴുവൻ ശരീരവും പരിഹാസ്യമായി കീഴടങ്ങുമ്പോൾ അത് വെളിയിൽ ചുരുണ്ട് മുറുകി ഒരു പുതിയ തലച്ചോറ് പോലെ പ്രത്യക്ഷപ്പെടുന്ന മുഷ്ടി'കളാകുന്നു ആ കവിതകൾ. പരിഹാസ്യരായി കീഴടങ്ങേണ്ടി വരുന്ന ചിന്താശേഷിയുള്ള ജനത ചുരുണ്ട് കുറുകിയെങ്കിലും മുറുകി എണീറ്റ് തളരാതെ പൊരുതുന്നത് കവി കാണുന്നു. ആ സമരം തന്നെയാണ് അദ്ദേഹത്തിന്റെ കവിതകൾ.

### പി. എൻ.ഗോപീകൃഷ്ണന്റെ രാഷ്ട്രീയകവിതകൾ

മടിയരുടെ മാനിഫെസ്റ്റോ, ഇടിക്കാലൂരി പനമ്പട്ടടി, എന്റെ ജീവിതത്തിലെ ഏറ്റവും ആദ്യത്തെ സ്ത്രീ ഏറ്റവും അവസാനത്തെ സ്ത്രീയോട് പറയുന്നത് , ബിരിയാണിയും മറ്റു കവിതകളും തുടങ്ങി അദ്ദേഹത്തിന്റേതായ നാല് സമാഹാരങ്ങളിലെ കവിതകളിലെ മുഖ്യ ആകർഷണം രാഷ്ട്രീയപരമായ കാഴ്ചപ്പാട് തന്നെയാണ് . വർത്തമാനകാല രാഷ്ട്രീയസാഹചര്യങ്ങളോട് കൃത്യമായി സംവദിക്കുന്ന കവിതകളാണവ. ഫാസിസത്തോടുള്ള കടുത്ത വിരോധം തന്നെയാണ് മിക്ക കവിതകളുടെയും അന്തർധാര.

**മതവർഗ്ഗീയത**

ഫാസിസത്തിന്റെ പര്യായങ്ങളിലൊന്ന് ഏകാധിപത്യമാണ് . മതഏകാധിപത്യം ലക്ഷ്യം വയ്ക്കുന്ന ഒരു കൂട്ടം ജനങ്ങൾ രൂപപ്പെട്ട് വരുന്നതിലെ ആകുലതകൾ കവി പങ്കുവയ്ക്കുന്നു. വൈവിധ്യങ്ങളുടെ ഇന്ത്യയെ, ഭാരതത്തിന്റെ മതനിരപേക്ഷതയെ പാടെ ഇല്ലാതാക്കിക്കൊണ്ട് പാഞ്ഞ് കയറുന്ന വർഗ്ഗീയതയ്ക്കെതിരെയാണ് 'രാമനും കൃഷ്ണനും' നിലകൊള്ളുന്നത് . തോളോട്ട് തോൾ ചേർന്ന് നിൽക്കേണ്ട മതങ്ങൾ വെറുതെ തമ്മിൽ തല്ലുന്നു.ആരുടെയൊക്കെയോ കളിപ്പാവയാവുന്ന വിശ്വാസികൾ. മുസ്ലീങ്ങളുടെ പൂർവ്വികർ ഹിന്ദുക്കളായിരുന്നു എന്നൊരു സൂചന കൂടി കവിത തരുന്നു. രാമൻ പൊന്നാനിയിൽ പോയി തൊപ്പിയിട്ടത് ഉദാഹരണം.ഇതേ ആശയം തന്നെയാണ് 'ചൈനീസ് മത'ത്തിലും കാണുന്നത് . എല്ലാ മതങ്ങളുടെയും പെർഫോമൻസ് ഒന്നു തന്നെ,വീഴുന്ന രക്തത്തിന്റെ നിറവും ഒന്നു തന്നെ.അതുപോലെ വാട്സാപ്പിൽ വരുന്ന ദൈവനാമങ്ങൾ ഷെയർ ചെയ്താൽ കിട്ടും എന്ന് പറയപ്പെടുന്ന ആശ്ചര്യജനകമായ സംഗതിയെ കളിയാക്കുകയാണ് 'അനന്തമായ മോക്ഷം'.അന്ധവിശ്വാസങ്ങളിലൂടെ ഒരു അടഞ്ഞ ജനതയെ ഉണ്ടാക്കിത്തീർക്കാനുള്ള പുറപ്പാടായിപ്പോലും ഇതിനെ കാണാവുന്നതാണ് .അത്ര ഉദാസീനമായി തള്ളിക്കളയേണ്ടുന്ന ഒന്നല്ല ഇത്തരം ഫോർവേഡഡ് മെസേജുകൾ.

ഹിന്ദു വർഗ്ഗീയതയെ എതിർക്കുന്നവർ പാകിസ്ഥാനിലേയ്ക്ക് പോകേണ്ടവരും മുസ്ലിം നാമധാരികൾ പ്രത്യേകമായി ദേശസ്നേഹം തെളിയിക്കേണ്ടവരും ആകുന്ന ഇക്കാലത്ത് വളരെ പ്രസക്തമായ കവിതയാണ് 'അസ്സലും പകർപ്പും'. നിമിഷനേരത്തേയ്ക്കാണെങ്കിൽ പോലും ഒരു പരോപകാരിയെ മുസ്ലിം ആയതുകൊണ്ടുമാത്രം സംശയിച്ച നായകൻ. ബാങ്കുകാർ സൈനുദീനെ സംശയിച്ചപ്പോൾ എന്റെ കൂട്ടുകാരനാണ് ഇവിടെ കൂർക്കഞ്ചേരിയിലാണ് വീട് എന്നുപറയാൻ ഭാഷവരാത്തത് ഉള്ളിലൊരു ഹിന്ദു ഉണർന്നതുകൊണ്ടാവാം. പഴയ അതേ എല്ലിൻകൂട്ടിൽ നിറഞ്ഞിരിക്കാൻ പാകത്തിന് നമ്മുടെ ഉള്ളിലൊരു കപടമതേതരവാദി ഒളിഞ്ഞിരിക്കുന്നുണ്ട് എന്നതാണ് സത്യം.

ഗുജറാത്ത് വംശഹത്യയുടെ ചിത്രങ്ങൾ ഒരൊറ്റ വാക്കിലൂടെ മുന്നിലേക്കിട്ടു തരുന്നു 'ഗർഭിണികളി'ൽ. "വർഗ്ഗീയവാദി കത്തി താഴ്ത്തി ഒന്നാക്കുന്നു ഗർഭിണികൾ". അവർ ഗർഭിണി കളെ ഭയക്കുന്നു എങ്കിൽ അടുത്ത തലമുറയെ, വംശവികാസത്തെ ഭയക്കുന്നു എന്നർത്ഥം. ലോകം അനീതികളിൽ കത്തി നിൽക്കുമ്പോൾ പോലും ഒന്നും മിണ്ടാതിരിക്കുന്ന ഒരു ജനതയെ കക്കാട് പോത്ത് എന്നാണ് വിളിച്ചതെങ്കിൽ പി.എൻ.ഗോപീകൃഷ്ണൻ അവർ ഉറക്കത്തിൽ സംസാരിക്കുന്നവരാണ് എന്ന് വിലയിരുത്തുന്നു '41% പെണ്ണുങ്ങളും 37%ആണുങ്ങളും ഉറക്കത്തിൽ സംസാരിക്കുന്നു'-ൽ. സ്വന്തം ജനതയെ കൊന്ന് തിന്നുന്ന നന്ദി ഗ്രാമങ്ങൾ,ഉറക്കമില്ലാത്ത പാലസ്തീൻ എന്നിങ്ങനെ വർഗ്ഗീയതയുടെ വിഷം പുരണ്ട ദിനങ്ങളെ ചേർത്തുവച്ച് കൊണ്ട് പ്രതികരിക്കാൻ മറന്ന ജനതയെ അവതരിപ്പിക്കുന്നു. അവർ വായതുറക്കുന്നത് ഗർഭപാത്രത്തിലോ ശവകുടീരത്തിലോ ആവും എന്നൂഹിക്കുന്നു.

**ഭക്ഷണത്തിലെ രാഷ്ട്രീയം**

ഭക്ഷണത്തിലെ ശുദ്ധാശുദ്ധങ്ങളെ തീരുമാനിക്കുന്നത് മനുഷ്യശരീരത്തെ പ്രതിയാണ് . വെജ് , നോൺ വെജ് എന്നതിരിവിൽ വെജ്ജിനോട് മാത്രം ശുദ്ധ എന്ന് ചേർക്കുന്നതിൽ തന്നെ ചില ഹിഡൺ അജണ്ടകൾ ഉള്ളതായി കാണാം. മാംസഭക്ഷണം അശുദ്ധമെന്നൊരു ധ്വനിയും ഇതിൽ ഉണ്ട് . വെജിറ്റേറിയനിസം ഒരു ജീവിതശൈലി എന്നതിലുപരി രാഷ്ട്രീയമായ അടിച്ചേൽപ്പിക്കൽ ആവുമ്പോളാണ് ഫാസിസ്റ്റ് നിലപാടുകൾ അത്രമേൽ കടന്നുകയറിയിരിക്കുന്നു എന്ന് ബോധ്യമാവുന്നത് . 'ബിരിയാണി/ഒരു സസ്യേതര രാഷ്ട്രീയ കവിത'- ഭക്ഷണത്തിലെ രാഷ്ട്രീയം ചർച്ച ചെയ്യുന്നു. ബിരിയാണി വെറും ഭക്ഷണമല്ല അത് ഓരോ പ്രദേശത്തെയും അടയാളപ്പെടുത്തുന്ന ഒന്നാണ് . വൈവിധ്യപൂർണ്ണവും രുചിഭേദങ്ങളോട്ടു കൂടിയതുമായ ബിരിയാണിയോടാണ് ചരിത്രത്തെ കവി ഉപമിക്കുന്നത് എന്നാൽ ചരിത്ര നിഷേധികൾ തിരിച്ചും മറിച്ചുമിടുന്ന ചപ്പാത്തിയായി മാത്രമേ ചരിത്രത്തെ കാണുന്നുള്ളൂ. പലയിടത്തും പലരുചിയിൽ കാണപ്പെടുന്ന ബിരിയാണി ഒന്നുതന്നെ, ഗുണം കൊണ്ടും ഉപയോഗം കൊ

ണ്ടും ഒന്നു തന്നെ എന്നത് നാനാത്വത്തിൽ ഏകത്വത്തെ ഓർമ്മിപ്പിക്കുന്നു.

ബിരിയാണി ഒരു മനുഷ്യത്തീറ്റ മാത്രമായിരുന്നില്ല.
അതൊരു രാജ്യമായിരുന്നു.
ഭൂഖണ്ഡങ്ങളിൽ നിന്ന് ഭൂഖണ്ഡങ്ങളിലേയ്ക്ക്
വ്യാപിക്കുന്ന അസ്ഥിര രാജ്യം[3]

ദാദ്രിയിൽ ബീഫ് സൂക്ഷിച്ചതിന് അഖ്‌ലാക്കിനെ വർഗ്ഗീയവാദികൾ കൊന്ന സംഭവത്തെ അടിസ്ഥാനമാക്കി എഴുതിയ 'ഇരട്ടക്കവിതകളി'ൽ ആദ്യകവിത ഫുട്ബാൾ കളിക്കാരൻ ആര്യൻറോബിനെക്കുറിച്ച് പറയുന്നു. ഒപ്പം ആര്യൻ എന്ന പേരും ഹിറ്റ്ലറും പരാമർശവിധേയമാകുന്നു. ഫുട്ബാൾ കളിയിലെ ഹിറ്റ്ലറായാണ് ആര്യനെ കാണുന്നത് . എന്നാൽ ഇന്ത്യയിൽ ഹിറ്റ്ലർ പിറന്നത് ഫുട്ബാൾ കളിക്കാരനായല്ല ആൾക്കൂട്ടമായാണ് . മുസ്ലിങ്ങളേയും ദളിതരെയും തെരഞ്ഞ് കൊല്ലുന്ന ആൾക്കൂട്ടങ്ങളെ ഹിറ്റ്ലറായി തന്നെയാണ് കാണേണ്ടത് . അതിനാൽ നാം ഭാവിയുടെ വലയം കാക്കുന്ന ഗോളിക്കവികളാകേണ്ടിയിരിക്കുന്നു എന്നാണ് ആഹ്വാനം ചെയ്യുന്നത്.

ഒരു രാജ്യം
രണ്ടായിപ്പിരിഞ്ഞ് ഫൈനൽ കളിക്കുമ്പോൾ
കളിക്കാർ അങ്ങോട്ടുമിങ്ങോട്ടും
കൂറുമാറിക്കൊണ്ടിരിക്കുമ്പോൾ
റഫറിയും കൂറു മാറുമ്പോൾ,
നമുക്ക്
വീണ്ടും കവികളാകേണ്ടി വരും
നാലുവരി നാലുവരി എഴുതി
ഗോളടിക്കാൻ കാത്തുനിൽക്കുന്ന
മുൻനിരക്കവികളല്ല
പിന്നിലേക്ക് പിന്നിലേക്കിറങ്ങി
ഭാവിയുടെ വലയം കാക്കുന്ന
ഗോളിക്കവികൾ "[4].

**തീവ്രവാദം**

തീവ്രവാദം എന്ന വാക്ക് പാകിസ്ഥാൻതീവ്രവാദികളിലും ഇസ്ലാമിക് സ്റ്റേറ്റ് തീവ്രവാദികളിലും മാത്രമായി ഒതുക്കിയിരിക്കുന്ന ഇക്കാലത്ത് മണിപ്പൂരിലും ഗുജറാത്തിലും ഉത്തർപ്രദേശിലും ഒക്കെ നടന്നത് , നടന്നുകൊണ്ടിരിക്കുന്നത് തീവ്രവാദം തന്നെ എന്ന് ഈ കവിതകൾ പറയുന്നു. മണിപ്പൂർ ഇന്നനുഭവിക്കുന്ന അരക്ഷിതാവസ്ഥയുമായി ചേർത്ത് വായിക്കാവുന്ന കവിതയാണ് 'മേരികോം'. ഉൾഫ തീവ്രവാദികളാലും പട്ടാളമേധാവിത്വത്തിനാലും പൊറുതിമുട്ടുന്ന മണിപ്പൂരിന്റെ സ്ഥിതിയാണ് 'മേരികോമി'ന്റെ രാഷ്ട്രീയം. മേരികോം ജയിക്കേണ്ടത് മണിപ്പൂരിന്റെ ആവശ്യമാണ് .

ബൂട്ടുകൾ പരത്തിയ മണിപ്പൂരിനെ
ചുരുട്ടിയെടുത്ത് തലച്ചോറാക്കാൻ[5] ഈ ജയം അനിവാര്യമാണെന്ന് പറയുന്നു. മെയ്തി കുകി വിഭാഗത്തിൽപ്പെട്ട ജനതകൾ തമ്മിലുള്ള ശത്രുതയായി അവതരിപ്പിക്കപ്പെട്ട മണിപ്പൂർകലാപം.

ഇഴപിരിക്കുമ്പോൾ അതിലെ ഫാസിസ്റ്റ്, കോർപ്പറേറ്റ് താൽപ്പര്യങ്ങൾ തെളിഞ്ഞുവരുന്നതായി കാണാം. 'മെയ്തേയ് വിഭാഗത്തിലെ പ്രബലരായ ചെറു ന്യൂനപക്ഷത്തിന്റെ ആവശ്യത്തെ പൊതുവിൽ മെയ്തേയ് സമൂഹത്തിന്റെ വിഷയമായി അവതരിപ്പിക്കുകയും ഗോത്രവിഭാഗങ്ങ ളോടുള്ള വിദ്വേഷമായി അത് മാറ്റുകയും ചെയ്യുന്ന സോഷ്യൽ എഞ്ചിനീയറിംഗിലൂടെ കലാപത്തെ ജ്വലിപ്പിച്ചുനിർത്താൻ ആർ എസ് എസ് .നേതൃത്വം നൽകുന്ന സംഘപരിവാർ സംഘടനകൾ ശ്രമിച്ചുകൊണ്ടിരിക്കുന്നു.'6 ഈ പ്രശ്നങ്ങൾക്കും മുമ്പേ പി എൻ ഗോപീകൃഷ്ണൻ അത് തിരിച്ചറിഞ്ഞി രിക്കുന്നു.

യുദ്ധമാണ്
അവൾ അവിടെ പൊരുതിക്കൊണ്ടിരി ക്കുന്നത്

ISSN 2456-4168

മുഷ്ടികൊണ്ടല്ല,
ഉടലുകൊണ്ട് .
വിശപ്പുകൊണ്ട് , മരണംകൊണ്ട് .
തല്ലിക്കൊന്നാലും ചാകാത്ത
ഉയിരിന്റെ നീതികൊണ്ട് [7]

യുദ്ധവും കലാപങ്ങളും ക്രൂരമായി ബാധിക്കുന്നത് എന്നും സ്ത്രീകളെയും കുട്ടികളെയുമാണ് . അതുകൊണ്ട് തന്നെ മേരികോമിന്റെ മുഷ്ടി ചെറുത്തുനിൽപ്പിന്റേതായി കവികാണുന്നു.

ഈ മുഷ്ടി
ശർമിള എഴുതാതെപോയ കവിതകൾക്ക്.
ഇത്
നഗ്നരായ വീട്ടമ്മമാർ ജയിക്കാതെ പോയ അങ്കത്തിന് [8]

2012 ൽ എഴുതപ്പെട്ടതെങ്കിലും ഇന്നും ഈ വരികൾ പ്രസക്തമാകുന്നുണ്ടെങ്കിൽ ഒരിഞ്ചുപോലും പ്രശ്നങ്ങൾക്ക് അറുതിയില്ലെന്നല്ലേ?

അക്രമരാഷ്ട്രീയത്തിന്റെ ഇരയാണ് 'പിടികിട്ടാപ്പുള്ളി'. നേതാക്കൾക്ക് വേണ്ടി കൊല്ലാനും ചാവാനും നടക്കുന്ന രാഷ്ട്രീയഗുണ്ടയുടെ ഏറ്റുപറച്ചിലാണീ കവിത.

വായ്ത്തല ഞാനായിരുന്നു
പിടി അവരായിരുന്നുവെന്നോ?
വിരലടയാളം എന്റേത് ,
വാക്കടയാളം അവരുടേതെന്നോ?
പ്രയോഗം ഞാൻ,
ആദർശം അവരെന്നോ? [9]

ഇങ്ങനെ താൻ പറയേണ്ടുന്നതിനെ ഒളിച്ചുവയ്ക്കേണ്ടി വരുന്നു. ഇതിനായി രുന്നു പണ്ട് സംഘടിച്ചതും സഹിച്ചതും ത്യജിച്ചതും ചോരവീഴ്ത്തിയതും സ്വാതന്ത്ര്യം എന്ന് മുറവിളി കൂട്ടിയതും എന്ന് പുച്ഛിക്കുന്ന പിടികിട്ടാപുള്ളിയെയാണ് അവസാനം കാണുന്നത് . രാഷ്ട്രീയത്തെ അക്രമരാഷ്ട്രീയമാവാൻ അനുവദിച്ച നേതാക്കൻമാർക്കെതിരെയാണ് കവിയുടെ ചൂണ്ടുവിരൽ. ഒപ്പം മനുഷ്യന്റെ തീവ്രവാദപരമായ ചിന്താഗതിയാണ് ഈ രാഷ്ട്രീയക്കൊലകളിലേയ്ക്കും നയിക്കുന്നത് എന്ന് കൂടി ധ്വനിക്കുന്നു.

**സമകാലരാഷ്ട്രീയസ്ഥിതി**

രാഷ്ട്രീയത്തിലെ നയതന്ത്രങ്ങൾ രാഷ്ട്രത്തിന് വേണ്ടിയുള്ളതാവണം അല്ലാതെ സ്വന്തം കീശവീർപ്പിക്കാനാകരുത് . ഭരണപരമായ കാര്യങ്ങളിൽ കുതന്ത്രങ്ങൾ മെനഞ്ഞ് നാട്ടുമുടിക്കുന്ന ഭരണാധികാരികളെ ഓർക്കാൻ പോന്നതാണ് 'സാങ്കേതിക ഉപദേഷ്ടാവ്'. ആഗോളീകരണകാലത്ത് സ്വന്തം ദേഹം, തൊലി, ഭാഷ എന്നിയിലുള്ള അപകർഷത ഏറിവരുന്നതായി കാണുന്നു 'അവയവച്ചന്ത'യിൽ. അവയവങ്ങൾ പരിഷ്കരിച്ച് മാറ്റി പുതിയവ വയ്ക്കാം മാറാം പുതിയയുഗം സൃഷ്ടിക്കാം എങ്കിലും

നമ്മളിലുള്ള വർണ്ണങ്ങളൊക്കെ
നമ്മളല്ലാതെയാരു വിടർത്താൻ[10] എന്ന് ചോദിക്കുന്നിടത്ത് സ്വത്വബോധം തെളിയുന്നു. എത്രമാറിയാലും നമ്മെ നാമാക്കുന്നതെന്തോ നമ്മുടെ കാലിന്നടിയിലുണ്ട് . ആഗോളവൽക്കരണത്തിന്റെ രാഷ്ട്രീയസാഹചര്യത്തിലെ സ്വയം തിരിച്ചറിവാണിത് . 'പാതാളത്തിൽ നിന്ന് 'കേരളത്തിന്റെ പ്രബുദ്ധതയെ ചോദ്യം ചെയ്യുന്നു. കൂട്ട ആത്മഹത്യയിൽ പെട്ട ഒരു കുഞ്ഞിന്റെ ചോദ്യങ്ങളായാണ് കവിത പുരോഗമിക്കുന്നത്. അനാഥരാക്കപ്പെടുന്ന കുഞ്ഞുങ്ങൾക്ക് കേരളത്തിൽ സ്ഥാനമില്ല. ബുദ്ധിയും വിവരവുമുണ്ടായിട്ട് കാര്യമില്ല. കോരിക്കൊടുക്കാനും വാരിയെടുക്കാനും കഴിവില്ലാത്ത കേരളീയതയ്ക്കു നേരെയാണ് കുഞ്ഞിന്റെ ആക്ഷേപം. 'അൽപ്പൻമാരുടെ ഭൂരിപക്ഷ'ത്തിൽ മീനിന്റെ ഭാഷയിലൂടെ അൽപ്പന്മാരായ, കാലുനക്കികളായ രാഷ്ട്രീയക്കാരെ വിമർശിക്കുന്നു. അശാസ്ത്രീയമായവികസനം ഗ്രാമഭംഗികളെ കാർന്നു തിന്നുന്നു, രാഷ്ട്രീയപ്പാർട്ടികൾ ഉദാസീന മായി ഇവയെ കാണുന്നു,അർഹതപ്പെട്ടിടത്ത് വേണ്ടസമയത്ത് അല്ല വികസനത്തിന്റെ വരവ് എന്നിങ്ങനെ വികസനത്തെ കീശ വീർ

പ്പിക്കാനുള്ള ഉപാധി മാത്രമായി കാണുന്ന രാഷ്ട്രീയക്കാർക്ക് നേരെ യാണ് 'അതേ അതല്ലാതെ'.

രോഹിത് വെമുല മരിച്ച ദിനങ്ങളിൽ എഴുതിയ'അധികാരിയുടെ അനുശോചനം'എത്ര ഉദാസീനമായാണ് അധികാരിവർഗ്ഗം ദളിത് പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതെന്ന് വിശദമാക്കുന്നു. പേരുപോലും മറന്നുപോകത്തക്ക ഉദാസീനത. രാജ്യത്തെ ഉടച്ചുവാർക്കാൻ വന്നവർ അസംബന്ധപ്രഭാഷണങ്ങളിലും നയതന്ത്രബന്ധങ്ങളുടെ പേരിൽ വിദേശപര്യടനത്തിലും അഭിരമിക്കുമ്പോൾ ആഭ്യന്തരപ്രശ്നങ്ങളിൽ പെട്ട് രാജ്യം നട്ടം തിരിയുന്നു. ദളിത് പ്രശ്നങ്ങളെ മനഃപൂർവ്വമായിത്തന്നെ അവഗണിക്കുന്നു.

അനുശോചനം അങ്ങനെയാണ്
തലതൊട്ട് താഴോട്ട്
കൊല അങ്ങനെയല്ല
മണ്ണുതൊട്ട് മേലോട്ട് [11]

വെമുല മരിച്ചതല്ല സമകാലിക ഇന്ത്യൻ സാഹചര്യം കൊന്നതാണ് എന്ന് തന്നെ പറഞ്ഞു. രണ്ട് സുഹൃത്തുക്കളുടെ പിണക്കം പോലെ പരസ്പരം സഹായിച്ചിരുന്ന രണ്ട് രാജ്യങ്ങളുടെ പിണക്കത്തെ കാണുന്ന 'അപ്പോൾ കോയ'. ആര് താഴണം ആര് ഉയരണം എന്ന ദേശീയപ്രശ്നത്തിന് മേൽ ബന്ധങ്ങൾ എത്തിനിൽക്കുന്നു. പഴയകാല നക്സലൈറ്റ് പ്രവർത്തകനും പിൽക്കാല സാംസ്കാരിക പ്രവർത്തകനും പിന്നീട് ഭ്രാന്തനും ആയിപ്പോയ സിദ്ദിക്കിനെ മുൻനിർത്തി 'എറിയാട്ടെ സിദ്ദിക്ക് ' എഴുതുമ്പോൾ പ്രതികരിച്ചവരെ, പ്രവർത്തിച്ചവരെ സമൂഹം വിലയിരുത്തുന്ന രീതിയാണ് ഉൾക്കൊണ്ടിരിക്കുന്നത്. സിദ്ദിക്കിന്റെ കാട്ടുപിടിച്ച ചിന്തകൾ പോലുള്ള എഴുത്തിലൂടെ ഒരു വിപ്ലവകാരിയുടെ പതനം വ്യക്തമാക്കുന്നു.

വിപ്ലവകാരികൾ
ആദർശം കൊണ്ട് ലാമിനേറ്റ് ചെയ്താലും
മരണം
ഒരു ബൂർഷ്വാ എടപാടാണ് [12]

ഇടിക്കാലൂരി പനമ്പട്ടടി,മടിയരുടെ മാനിഫെസ്റ്റോ,എന്റെ ജീവിതത്തിലെ ഏറ്റവും ആദ്യത്തെ സ്ത്രീ ഏറ്റവും അവസാനത്തെ സ്ത്രീയോട് പറയുന്നത് , ബിരിയാണി തുടങ്ങിയ നാല് സമാഹാരങ്ങളിലൂടെ കടന്നു പോകുമ്പോൾ കവിത്വത്തിന്റെ നിരന്തരമായ ശുദ്ധീകരണം കാണാം. ആറ്റികുറുക്കിയ ഹൈക്കു മട്ടിലുള്ള കവിതകളിൽ തുടങ്ങി നീണ്ട കവിതകളിലേയ്ക്കുള്ള ക്രമാനുബദ്ധമായ വളർച്ചയാണത് . രാഷ്ട്രീയം പോലുള്ള മുൻനിരപ്രമേയങ്ങളെ കൂടാതെ ചരിത്രസംഭവങ്ങളും ചരിത്രപുരുഷൻമാരും വിഷയമാവുന്നുണ്ട് എങ്കിലും പ്രധാന്യം സമകാലരാഷ്ട്രീയ അവസ്ഥകൾക്കാണ് . അദ്ദേഹം പറയുന്നുണ്ട് "കവി എന്നാൽ സ്ഥല കാലങ്ങൾക്കതീതമായ ഒരു വ്യക്തിത്വമല്ല. കാവ്യഭാഷ എന്നത് പോലും സ്ഥല കാലങ്ങളുടെ സവിശേഷമായ വിശദീകരണമോ ചൂണ്ടിക്കാട്ടലോ ആണ് . പുതിയ കവിതയുടെ വ്യാകരണം ഈ സ്ഥലകാലങ്ങളുടെ സാന്നിധ്യമാണ്; ഭാഷാവ്യാകരണം അല്ല. എന്നെ സംബന്ധിച്ചിടത്തോളം മലയാള കവിതയ്ക്ക് ഒരു രാഷ്ട്രീയപാരമ്പര്യം ഉണ്ട് എന്ന തിരിച്ചറിവ് പ്രധാനപ്പെട്ടതാണ് "[13]. മടിയരുടെ മാനിഫെസ്റ്റോ'യിൽ നിന്ന് ബിരിയാണിയിൽ എത്തുമ്പോൾ ഈ രാഷ്ട്രീയ ആഭിമുഖ്യംകൂടിവരുന്നതായാണ് കാണുന്നത്.ആദ്യ സമാഹാരത്തിലെ കാവ്യാത്മക ഗദ്യത്തെക്കാൾ പരുക്കൻ യാഥാർത്ഥ്യത്തിനു മേൽ പരുക്കൻ ഗദ്യമുപയോഗിച്ചുകൊണ്ടാണ് ആ സത്യങ്ങളെ അവതരിപ്പിച്ചത് . അദ്ദേഹത്തന്റെ രാഷ്ട്രീയത്തെ നീതിയുടെ രാഷ്ട്രീയമെന്നുവിളിക്കാം. നീതിക്കുവേണ്ടി നിലകൊള്ളുന്നവയാണ് അവ. 'ഇരുപതാംനൂറ്റാണ്ടിൽ കവിതയിൽ സംഭവിച്ച പ്രധാനപ്പെട്ട ഒരു മാറ്റം, നീതി വലിയൊരു സൌന്ദര്യമായി കവിതയിൽ പ്രകാശിപ്പിക്കപ്പെട്ടു എന്നതാണ് .നൈതികത കവിതയുടെ പ്രശ്നമായി. നീതിക്കുവേണ്ടിയുള്ള ആളലും സങ്കടപ്പെടലും കലഹവുമൊക്കെ കവിതയിൽ രേഖപ്പെടുത്താൻ തുടങ്ങി. അതായത് , സംഘടനാപ്രശ്നമോ തെരഞ്ഞെടുപ്പ് രാഷ്ട്രീയമോ ഒന്നുമല്ല, കവിതയുടെ രാഷ്ട്രീയം. അത് ആഴത്തിലെ നൈതികപ്രശ്നമാണ്'14.വാക്കുകൾ ഉൾക്കൊള്ളുന്ന അർത്ഥത്തെക്കാൾ കവിത്വം കൊണ്ടെത്തിക്കുന്ന തലങ്ങൾ തിരിച്ചുവരാനാവാത്തവിധം ആസ്വാദകനെ എത്തിക്കുന്നത് മറ്റൊരു ലോകത്താണ് . കവിയുടെ വാക്കുകൾ തന്നെ കടമെടുത്താൽ വാക്കുകളുടെ വെളിവ് കേവല വൈകാരികതയുടെയും പാണ്ഡിത്യത്തിന്റെയും ധൈഷണികതയുടെയും അപ്പുറമുള്ള ആത്മീയതയിലേയ്ക്ക് പോ

കണേ എന്ന് പരിശ്രമിച്ചിട്ടുണ്ട്

.

**കുറിപ്പുകൾ**

1.നാം നെമ്മ നേരിടും നേരം, കവിതകൾ, കെ.ജി.എസ് ,എൻ അജയകുമാർ(വായന),സായാഹ്ന ഫൌണ്ടേഷൻ, 2020, പുറം 4

2. നല്ല കവിതയിൽ ചരിത്രത്തിന്റെ മണ്ണ് രുചിക്കും,അഭിമുഖം,,പി. എൻ.ഗോപീകൃഷ്ണൻ-ശ്രീജിത് ദിവാകരൻ,ദേശാഭിമാനി,29ജനുവരി 2021,പുറം 18

3.ബിരിയാണിയും മറ്റ് കവിതകളും,ഡി.സി. ബുക്സ് ,കോട്ടയം,ഒന്നാം പതിപ്പ് ,2017,പുറം 46

4.അതേ പുസ്തകം, പുറം 66

5.എന്റെ ജീവിതത്തിലെ ഏറ്റവും ആദ്യത്തെ സ്ത്രീ ഏറ്റവും അവസാനത്തെ സ്ത്രീയോട് പറയുന്നത് , മാതൃഭൂമി ബുക്സ് ,കോഴിക്കോട് ,ഒന്നാം പതിപ്പ് , 2017,പുറം 57

6.മെയ്തി V/s കുകി കുടിപ്പക എന്ന പ്രചാരണം: മറച്ചുവക്കപ്പെടുന്ന യാഥാർഥ്യങ്ങൾ- കെ സഹദേവൻ, ട്രൂ കോപ്പി തിങ്ക് 23 Jul 2023.

7.എന്റെ ജീവിതത്തിലെ ഏറ്റവും ആദ്യത്തെ സ്ത്രീ ഏറ്റവുംഅവസാനത്തെ സ്ത്രീയോട് പറയുന്നത് , മാതൃഭൂമി ബുക്സ് ,കോഴിക്കോട് ,ഒന്നാം പതിപ്പ് , 2017,പുറം 56

8. അതേ പുസ്തകം,പുറം 57

9. അതേ പുസ്തകം,പുറം 31

10. മടിയരുടെ മാനിഫെസ്റ്റോ-കറന്റ് ബുക്സ് ,തൃശ്ശൂർ,ഒന്നാം പതിപ്പ് ,2006,പുറം 42

11. എന്റെ ജീവിതത്തിലെ ഏറ്റവും ആദ്യത്തെസ്ത്രീ ഏറ്റവും അവസാനത്തെ സ്ത്രീയോട് പറയുന്നത് , പി. എൻ.ഗോപീകൃഷ്ണൻ,മാതൃഭൂമി ബുക്സ് ,കോഴിക്കോട്,ഒന്നാം പതിപ്പ്, 2017,പുറം 90

12. ബിരിയാണിയും മറ്റ് കവിതകളും,ഡി.സി. ബുക്സ് ,കോട്ടയം,ഒന്നാം പതിപ്പ് ,2017,പുറം 11

13. നല്ല കവിതയിൽ ചരിത്രത്തിന്റെ മണ്ണ് രുചിക്കും,അഭിമുഖം,,പി. എൻ.ഗോപീകൃഷ്ണൻ-ശ്രീജിത് ദിവാകരൻ,ദേശാഭിമാനി,29ജനുവരി 2021

14.എന്റെ ജീവിതത്തിലെ ഏറ്റവും ആദ്യത്തെസ്ത്രീ ഏറ്റവും അവസാനത്തെസ്ത്രീയോട് പറയുന്നത് , പി. എൻ.ഗോപീകൃഷ്ണൻ,മാതൃഭൂമി ബുക്സ് ,കോഴിക്കോട്,ഒന്നാം പതിപ്പ്, 2017,പുറം 115

**ഗ്രന്ഥകാരസൂചി**

1. ഗോപീകൃഷ്ണൻ പി. എൻ. .ബിരിയാണിയും മറ്റ് കവിതകളും,ഡി.സി. ബുക്സ് ,കോട്ടയം,ഒന്നാം പതിപ്പ് ,2017

2. " മടിയരുടെ മാനിഫെസ്റ്റോ-കറന്റ് ബുക്സ് ,തൃശ്ശൂർ,ഒന്നാം പതിപ്പ് , 2006

3. " ഇടിക്കാലൂരി പനമ്പട്ടടി, മാതൃഭൂമി ബുക്സ് ,കോഴിക്കോട്,ഒന്നാം പതിപ്പ്, 2012

4. " എന്റെ ജീവിതത്തിലെ ഏറ്റവും ആദ്യത്തെ സ്ത്രീ ഏറ്റവും അവസാനത്തെ സ്ത്രീയോട് പറയുന്നത്,മാതൃഭൂമി ബുക്സ് , കോഴിക്കോട്, ഒന്നാം പതിപ്പ്, 2017

**ലേഖനസൂചി**

1. നാം നെമ്മ നേരിടും നേരം, കവിതകൾ, കെ.ജി.എസ്,എൻ അജയകുമാർ(വായന),സായാഹ്ന ഫൌണ്ടേഷൻ,2020

2. നല്ല കവിതയിൽ ചരിത്രത്തിന്റെ മണ്ണ് രുചിക്കും,അഭിമുഖം,പി. എൻ.ഗോപീകൃഷ്ണൻ-ശ്രീജിത് ദിവാകരൻ,ദേശാഭിമാനി,29ജനുവരി 2021

3. മെയ്തി V/s കുകി കുടിപ്പക എന്ന പ്രചാരണം: മറച്ചുവക്കപ്പെടുന്ന യാഥാർഥ്യങ്ങൾ- കെ സഹദേവൻ, ട്രൂ കോപ്പി തിങ്ക് 23 Jul 2023

anjanamalayalam@gmail.com

# DIASPORA AND FOODWAYS: FOOD AS A CONDUIT FOR CULTURE AND MEMORY IN ESTHER DAVID'S *BOOK OF RACHEL*

**Author 1 (Corresponding Author):**
**Jeslin Mery John**
Research Scholar, Department of English, St. Thomas College, Kozhencherry
**Author 2 (Co-author):**
**Dr. Asha Susan Jacob**
Principal, Bishop Speechly College for Advanced Studies, Kottayam

**Abstract**

Food is not customarily deliberated in critical circles with the attention it rightly deserves. However, the discourse of food studies can provide valuable insights into the dynamics of culture. As food is often a cultural symbol, a profound analysis of a community's codes and modes of consumption opens a window onto its history and culture. For a diasporic community, encoded within the peculiar dietary habits and culinary practices are the unique identity markers and cultural memory of the community. The dishes associated with India's minuscule Jewish community reflect the ethnocultural characteristics of the group. Esther David's novel *Book of Rachel* documents the food culture of this community with unparalleled dexterity. The paper seeks to analyse how food habits become a repertoire of cultural codes in connection with the Jewish diaspora of India. It also examines the interconnection between food, cultural identity and memory through the close reading of the novel.

**Keywords:**
Culture, Diaspora, Ethnicity, Food, Identity, Memory

Food, besides catering to the basic functional role of satiating hunger, does enhance the flavour and effervescence of human life in myriad ways. As food is interwoven with all aspects of human life, it follows that food is intimately bound up with culture as well. To be sure, the foodways, food choices and food patterns of a particular group of people inhabiting a distinctive locale are conditioned by a set of factors ranging from the climatic conditions to the nature of crops cultivated in that region. The leverage of culture is quite conspicuous, even in an individual's penchant for a specific dish. As taste is a cultural product, "what in one locale is considered a tasty morsel, in another can be rejected as disgusting" (Montanari 61). As Linda Civitello succinctly puts it in *Cuisine and Culture*, "taste is determined by culture, anatomy and genetics" (xvi). Inscribed by symbolic and metaphorical connotations, food and its underlying semiotics form an interesting area of study. In view of the intense connection between food and culture, the present paper scrutinises how food acts as a conduit for the transference of ethnocultural traits and cultural memory among the diasporic population, with a focus on the Jewish diaspora of India in particular.

The potency of food as a cultural metaphor and identity marker has been explicated substantively by many influential theorists. The structuralists like Claude Lévi-Strauss and Mary Douglas have emphasised how food acts as a form of communication or behavioural code (Lévi-Strauss 21, Douglas 29). In "Toward a Psychosociology of Contemporary Food Consumption," Roland Barthes considers food as "a system of communication, a body of images, a protocol of usages, situations and behavior" (14). Food Studies has now grown as an important field within Cultural Studies. Just as culture shapes the food patterns of a group, food practices also influence culture. Even a cursory glance at the gastronomy of a specific group would open a window onto its ethnocultural world.

Food often acts as a stimulant evoking powerful sensory emotion. It plays a pivotal role in the transmission of the cultural memory of an ethnic group. The culinary legacy handed down by ancestors is deemed sacred and valuable, forming a cardinal marker of the group's collective identity. As it is central to their ontology, the loss of this food heritage is something they dread. When this group moves to another place as a diaspora, they inevitably bring with them their culinary inheritance to the hostland in order to retain their tie with the land they have left behind. They feel a sense of belonging and experience reconnecting to their homeland when they indulge in replicating their culinary and dietary practices.

Esther David's Sahitya Academy award-winning novel, *Book of Rachel* (2006), acts as an ethnographic and historiographic documentation of the Bene Israel Jews settled in the Southwestern part of India, specifically the Konkan region of Maharashtra. The Bene Israel Jews are believed to have been the descendants of the Jews shipwrecked on the Konkan coast in 175 BCE when they were fleeing from the persecutions in Palestine (Egorova 83). Though they retained their ethnocultural purity and identity to a great extent, they mixed well with the surrounding cultures, adopting many of their characteristics. The novel narrates the story of the eponymous character Rachel, the "last surviving Jew of Danda" (David 6). Each chapter of the novel details a Bene Israel recipe connected intrinsically to the novel's plot. As the dish and the storyline

are exquisitely wedded together in an indissoluble manner, the novel arouses affective and sensory stimulations in the readers. The paper aims to demonstrate how food becomes a cultural symbol in the novel and also how food becomes a complex site where identity, culture and memory intersect.

Rachel lives alone in her house in the coastal village of Danda after the death of her husband Aaron; her children are settled in Israel. Her daily routine revolves around cleaning the old synagogue adjacent to her house. When she serves as the "unofficial caretaker" of this synagogue (though it is non-functional), she inadvertently becomes the custodian of the Indian Jewish cultural heritage itself (David 27). How she protects the synagogue from being sold and torn down forms the major plot of the novel. While narrating her life story, the Bene Israel recipes she concocts become an important part. The novel, in fact, opens like a traditional cookbook stating the ingredients and methods of preparation of delicious Jewish dishes.

In the religious sphere also, food manifests as an important cultural denominator. "Food is an almost universal way to communicate with the divine," says Paul Fieldhouse (xxiv). Offering food to appease deities is a common aspect of many religions. Judaism clearly stipulates the rules regarding what can be eaten and what cannot be eaten to maintain purity and avoid defiling the body, and these regulations are termed *Kashrut.* Food prepared according to the directions of the Jewish law (i.e., kosher food) is only fit for consumption. For instance, mixing milk and meat is prohibited; likewise, fish with scales are only considered edible. Rachel strictly observes the *kashrut* in all the food she prepares, be it the Sabbath dinner or the Passover seder table. She buys only kosher meat from Hassaji Daniel and prepares special food for the occasions like festivals and high holidays to honour their sanctity and to commemorate the historical event linked to it. To honour Purim, the festival related to Queen Esther, she makes *Puranpol*i. Similarly, *Birda* is a dish made on the ninth of Ab (fifth month in the Hebrew calendar). Hence admittedly, such food is encoded by cultural codes and metaphors.

David E. Sutton, in *Remembrance of Repasts*, observes that "ritual is a key site where food and memory come together" (19). Here food becomes a medium to commemorate certain historical events stored in the group's cultural memory so as to reiterate their continued relevance in the present. In this process of memorialisation, food translates as a site which bears symbolic connotations. In other words, as Pierre Nora puts it, food becomes a *lieux de mémoire* or a site of memory "where [cultural] memory crystallises and secretes itself" (7). To cite an example, each food item in the Passover seder table is connected to the Jewish history of deliverance from Egyptian bondage. The matzo bread they use symbolises poverty; similarly, the bitter herbs remind them of the misery and hardships they endured in Egypt (David 44, 46). For the Passover, Rachel prepares *sheera* and explains to Judah, the young lawyer who helps her in the legal battle related to the synagogue, its symbolic relevance: "This is in memory of the mortar we used when we were slaves and were making the pyramids in Egypt" (54).

As Fieldhouse points out, "Jewish cuisine is a synthesis of diverse traditions,

reflecting the influence of the historic, geographic and cultural milieus in which Jews have lived" (317). The fusion of Indo-Jewish cuisine is patently a characteristic feature of the Bene Israel group. Maina Chawla Singh contends that one of the chief traits of the group is their "spicy kosher food" (97). The food culture of the homeland and hostland are blended to near perfection, giving rise to a unique hybrid dish bearing the texture, tang and aroma of both cultures. For instance, instead of dairy products, coconut milk is used as an alternative ingredient in their cooking to overcome the *kashrut* restrictions (David 11). A similar collocation of both cultures is also evident in the *malida* ceremony, which is another ritual where food occupies a central position. The *malida* platter, offered to the Prophet Elijah as a token of paying gratitude for some wish fulfilment, consists of a variety of fruits, flaked rice and other garnishments in the typical Indian way.

Apart from collective memory, personal memory is also triggered in the process of preparing and consuming food. Rachel is reminded of her son Jacob whenever she makes methi, as he has an insatiable craving for it. Because of that, she even used to call him "methi-mad" (David 82). When the family in Israel gather together for Passover, Rachel's daughter Zephra prepares the Indian matzo and *sheera*. When Zephra asks for the recipe from Rachel, she explains the reason, "I am bored of eating this factory-made stuff. Just feeling homesick for your food" (49). This points to how the members of an ethnic group carry their traditional food wherever they go to battle the feelings of gustatory nostalgia.

From time immemorial, food is an ineluctable part of all celebrations, festivities and joyful occasions. Rachel has an ardent passion for cooking, and when she is brimming with happiness, she expresses her jubilation through her culinary skills. Though she makes simple recipes when she is alone in the house, she cooks elaborate dishes when her children are around. When her first grandchild is born, she prepares chicken *kesari* and invites the neighbourhood women for lunch. *Pedas* are also distributed to the neighbouring houses to share the happiness of the occasion. For festive times, she prepares dishes like *chauli* beans and mince cutlets. When Zephra arrives from Israel, Rachel prepares delicious fish alberos as an expression of her cheerfulness.

The role of food as a socialising agent cannot be overlooked. Arjun Appadurai aptly remarks, "Feasting is the great mark of social solidarity, as fasting is the mark of asceticism or piety" (11). On a Passover evening, Rachel is reminded of the euphoric memories of the bygone days when a thriving Jewish community was there. The collective preparation of the Indian matzo bread was indeed a socialising occasion for them. The women who gathered at the synagogue singing *kirtans* as they rolled and roasted the bread to distribute among the entire community seemed like a distant memory for Rachel. The *malida* ceremony that Zephra arranges in the synagogue also becomes a social event as most of the villagers partake in the sumptuous traditional dinner that follows the ritual. However, it is to be noted that along with solidifying people, food also "demarcates a boundary of separation from those who do not share the same food rules or practices and do not belong to the group" (Fieldhouse xxiv).

Through *Book of Rachel*, David emphasises how food strengthens relationships. Rachel concocts a special bombil recipe for Judah to pacify his anger, and it works amazingly. The novelist seems to suggest that food is a panacea for overcoming all the hatred and bitterness between people. Rachel makes recipes like besan *laddoos* for Judah, and such dishes connect him more to the family. She vividly remembers how she had once gained Aaron's love through her signature dish *Puranpolis* when he was about to break their engagement. She testifies that they "bring love and happiness" (David 121). She also discloses the secret of her happy married life: the way to Aaron's heart was "through his stomach" (121). Zephra also feels attracted to Judah when she eats Rachel's *puranpolis* and wonders whether they were "made with an aphrodisiac" (123).

Interestingly, for Rachel, food serves as a solution to most of the problems she faces. A simple example would be how food plays its own part in averting the possible destruction of the synagogue. Kavitha cajoles her husband into reconsidering the purchase of the land around the synagogue by giving him his favourite dish *bombils.* Rachel had prepared the *bombils* with so much love: "she had put her heart and soul into the fish, hoping that it would speak to Satish Chinoy" (David 134). Also, the ice between Chinoy and Judah breaks over the lunch meeting between them: "The conversation over onion soup and garlic bread had been difficult, but as they moved to the fish, the tension had eased, and by the time they reached the cheese soufflé they had become good friends" (156). On another occasion, the roasted goat tongues, which Rachel specially made for her son Jacob lighten his anxieties and gives him the courage to propose to Ilana.

Those who cook reflect their emotions, subjectivity and mood through the food they make. As the novel ends, Zephra and Judah decide to get married, and as Zephra goes back to Israel, Rachel makes *chik cha halwa* for the couple as a mark of initiating new beginnings. While packing the coconut puris for her children in Israel, she mixes all her motherly warmth, affection and blessings along with them, and it is to be hoped that when they eat them, the food will communicate those latent unuttered and ineffable feelings with which they were contrived.

In the novel, Rachel functions not only as the custodian of the synagogue but also of the ethnic food heritage. She safeguards the culinary inheritance with reverence and is happy to pass it down to her children. Overall, *Book of Rachel* suggests that culinary practice is not as simple as it seems; the process essentially encapsulates complex layers of meaning. The cooking of traditional food invariably connects a community to the spatial realities– the homeland and the hostland– by acting as a conduit between memory and culture. Only through intensive efforts can the cultural codes encoded in the food be decoded. Hence, the novel presents food as a cultural symbol and as a complicated site where meaningful interactions between culture and memory take place.

## Works Cited

Appadurai, Arjun. "How to Make a National Cuisine: Cookbooks in Contemporary India." *Comparative Studies in Society and History*, vol. 30, no. 1, 1988, pp. 3–24.

*JSTOR*, www.jstor.org/stable/179020.

Barthes, Roland. "Toward a Psychosociology of Contemporary Food Consumption." *Food and Culture: A Reader*, 4th ed., edited by Carole Counihan et al.,Routledge, 2019, pp. 13–20.

David, Esther. *Book of Rachel*. Penguin Viking, 2006.

Douglas, Mary. "Deciphering a Meal." *Food and Culture: A Reader*, 4th ed., edited by Carole Counihan et al., Routledge, 2019, pp. 29-47.

Egorova, Yulia. *Jews and India: Perceptions and Image*. Manohar, 2017.

Fieldhouse, Paul. *Food, Feasts, and Faith: An Encyclopedia of Food Culture in World Religions*. ABC-CLIO, 2017.

Lévi-Strauss. "The Culinary Triangle." *Food and Culture: A Reader*, 4th ed., edited by Carole Counihan et al., Routledge, 2019, pp. 21-28.

Linda, Civitello. *Cuisine and Culture: A History of Food and People*. 2nd ed., Wiley, 2008.

Montanari, Massimo. *Food is Culture*. Translated by Albert Sonnenfeld, Columbia UP, 2006.

Nora, Pierre. "Between Memory and History: Les Lieux de Mémoire." *Representations*, no. 26, Spring 1989, pp. 7–24. *JSTOR*, www.jstor.org/stable/2928520.

Singh, Maina Chawla. *Being Indian, Being Israeli: Migration, Ethnicity and Gender in the Jewish Homeland*. Manohar, 2014.

Sutton, David E. *Remembrance of Repasts: An Anthology of Food and Memory.* Berg, 2001.

jeslinmery@gmail.com

# മലയാളം അച്ചടിയും യൂണിക്കോഡ് ഫോണ്ടുകളും

**ഡോ. നിസാർ അഹമ്മദ് കെ.**
അസി. പ്രൊഫസർ, മലയാള വിഭാഗം, ഗവ. കോളേജ് മലപ്പുറം

**പ്രബന്ധസംഗ്രഹം**

മലയാളലിപികൾ ആദ്യമായി അച്ചടിച്ചത് യൂറോപ്പിലാണ്. ഇവിടെയെത്തിയ മിഷനറിമാരാണ് രണ്ടുനൂറ്റാണ്ടുമുമ്പ് മലയാളലിപികൾക്ക് അച്ചുനിർമ്മിച്ച് അച്ചടിയാരംഭിച്ചത്. കഴിഞ്ഞ രണ്ടുനൂറ്റാണ്ടിനിടയിൽ അച്ചടി സാങ്കേതികവിദ്യയിൽ വലിയ പുരോഗതിയുണ്ടായി. ലോഹനിർമ്മിത അച്ചുകളിൽനിന്ന് ഓഫ്സെറ്റ് അച്ചടിയിലേക്കും അതിൽനിന്ന് കമ്പ്യൂട്ടറധിഷ്ഠിത അച്ചടിയിലേക്കും അച്ചടി സാങ്കേതികത പരിണമിച്ചു. ഡി.ടി.പിയിൽ തുടങ്ങി ഇ പ്രസാധനത്തിലെത്തി നിൽക്കുകയാണ് മലയാളം അച്ചടി. യൂണിക്കോഡ് ഫോണ്ടുകൾ മലയാളം അച്ചടിയുടെ വളർച്ചയിലും വ്യാപ്തിയിലും ചെലുത്തിയ സ്വാധീനമാണ് ഈ പഠനത്തിലെ പ്രതിപാദ്യം. മലയാളത്തിലെ പ്രധാന യൂണിക്കോഡ് ഫോണ്ടുകളുടെ സവിശേഷതകളും അവയുടെ പ്രയോഗ സാധ്യതകളും വിശകലനം ചെയ്യുന്നു.

**താക്കോൽവാക്കുകൾ**

മലയാള ലിപി- അച്ചടി- ഡി.ടി.പി- ഫോണ്ട് എൻകോഡിങ്- യൂണിക്കോഡ്- സ്വതന്ത്ര മലയാളം കമ്പ്യൂട്ടിങ്

## മലയാളലിപികൾ അച്ചടിയിൽ

മലയാളലിപികൾ ആദ്യമായി അച്ചടിച്ചത് ഹോർത്തൂസ് മലബാറിക്കസ് എന്ന ഗ്രന്ഥത്തിലാണ്. 1678-ൽ ഹോളണ്ടിന്റെ തലസ്ഥാനമായ ആംസ്റ്റർഡാമിലാണ് ഈ ഗ്രന്ഥം അച്ചടിച്ചത്. കേരളത്തിലെ 600-ഓളം സസ്യലതാദികളുടെ ഔഷധ ഗുണത്തെ കുറിച്ചാണ് ലാറ്റിൻ ഭാഷയിലുള്ള ഈ ഗ്രന്ഥത്തിൽ പ്രതിപാദിക്കുന്നത്. അന്നത്തെ കൊച്ചിയിലെ ഡച്ച് ഗവർണർ ആയിരുന്ന ഹെൻട്രിക് വാൻറീഡ് ആണ് ഇതിന്റെ അച്ചടിക്ക് മുൻകൈയെടുത്തത്. ലാറ്റിൻ ഭാഷയിലുള്ള വിവരണത്തിനിടയിൽ സസ്യലതാദികളുടെ ചിത്രങ്ങളോടൊപ്പം നൽകിയ പേരുകളും ഗ്രന്ഥത്തിന്റെ ഒന്നാം വാല്യത്തിന്റെ തുടക്കത്തിൽ കാണുന്ന ഗ്രന്ഥലിപിയിലും കോലെഴുതിലുമുള്ള രണ്ട് സാക്ഷ്യപത്രങ്ങളുമാണ് ഹോർത്തൂസ് മലബാറിക്കസിൽ മലയാളം അച്ചടിയായി കാണുന്നത്. വാസ്തവത്തിൽ ഇതിനെ അച്ചടിയെന്ന് പറയാനാവുമോ എന്നത് സംശയമാണ്. അക്കാലത്തെ മലയാളം കൈയെഴുത്തിന്റെ നേർപകർപ്പാണ് ഈ കൃതിയിൽ കാണുന്നത്. കൈയെഴുത്തിനെ മാതൃകയാക്കി മുദ്രണം ചെയ്ത ലിപിരൂപങ്ങളാണ് ഹോർത്തൂസ് മലബാറിക്കസിലുള്ളത്. ഓരോ ലിപിക്കും അച്ചുകൾ നിർമ്മിച്ചുള്ള അച്ചടിയാ

യിരുന്നില്ല ഇത്. അതിനാൽതന്നെ അക്കാലത്തെ ലാറ്റിൻ അച്ചുരൂപങ്ങളുടെ മിഴിവ് മലയാളലിപികളുടെ അച്ചടിയിൽ പ്രകടമല്ല.

ഹോർത്തുസ് മലബാറിക്കസിനുശേഷം പിന്നീട് മലയാളം അച്ചടി നടന്നത് 1772-ൽ ഇറ്റലിയുടെ തലസ്ഥാനമായ റോമിലാണ്. ഫാദർ ക്ലമന്റ് പിയാനിയോസ് എന്ന മിഷനറി റോമിൽ അച്ചടിച്ച സംക്ഷേപ വേദാർത്ഥമാണ് പൂർണ്ണമായും മലയാളത്തിൽ അച്ചടിച്ച ആദ്യ മലയാള കൃതി. മലയാള ലിപികൾക്ക് സ്വതന്ത്രമായ അച്ചുരൂപങ്ങൾ തീർത്ത് അച്ചടി നിർവഹിച്ച ഗ്രന്ഥംകൂടിയാണ് സംക്ഷേപ വേദാർത്ഥം. മലയാളം അച്ചടിക്കാനായി 1128 അച്ചുകൾ ആവശ്യമാണെന്ന് സംക്ഷേപവേദാർത്ഥത്തിന് തൊട്ടുമുമ്പ് അച്ചടിച്ച 'ആൽഫബെറ്റം ഗ്രന്ഥോനിക്കോ മലബാറിക്കം സീവേ സംസ്കൃതോനിക്കം' എന്ന ലാറ്റിനിലുള്ള മലയാള വ്യാകരണ കൃതിയിൽ ക്ലമന്റ് സാക്ഷ്യപ്പെടുത്തുന്നുണ്ട്. മലയാളത്തിന്റെ സമഗ്രമായ ലിപി സഞ്ചയം തിരിച്ചറിയാനും അച്ചടിയാവശ്യാർത്ഥം അവ പട്ടികപ്പെടുത്താനും സാധിച്ച ആദ്യ വ്യക്തിയാണ് ക്ലമന്റ് പിയാനിയോസ്. ഇതിനാൽ ക്ലമന്റിനെ  മലയാളം ടൈപ്പോഗ്രഫിയുടെ പിതാവെന്ന് വിശേഷിപ്പിക്കാറുണ്ട്.

ഇന്ത്യയിൽ ആദ്യമായി മലയാളം അച്ചടിച്ചത് ബോംബെയിലെ കുറിയർ പ്രസ്സിലാണ്. റോബർട്ട് ഡ്രുമ്മണ്ട് രചിച്ച് 1799-ൽ അച്ചടിച്ച വ്യാകരണ കൃതിയായ 'ഗ്രാമർ ഓഫ് ദി മലബാർ ലാംഗ്വേജ്'' ആണ് ഇന്ത്യയിൽ മലയാളം അച്ചടിച്ച ആദ്യ ഗ്രന്ഥം. മിഷനറി പ്രവർത്തനത്തിന്റെ ഭാഗമായിട്ടായിരുന്നു ഈ അച്ചടി. മലയാളത്തിലെ ആദ്യ ബൈബിൾ അച്ചടി 1811-ൽ കുറിയർ പ്രസ്സിൽനിന്ന് അച്ചടിച്ച ബൈബിളാണ്. ഫിലിപ്പോസ് റമ്പാൻ, ക്ളോഡിയസ് ബുക്കാനൻ എന്നീ മിഷനറിമാരാണ് ബൈബിൾ മലയാളത്തിലേക്ക് വിവർത്തനം ചെയ്തു അച്ചടിച്ചത്. ഇതിന് ശേഷമാണ് കേരളത്തിൽ മലയാളം അച്ചടിക്ക് തുടക്കമാവുന്നത്.

1821-ൽ ചർച്ച് മിഷൻ സൊസൈറ്റിയുടെ ഭാഗമായി കേരളത്തിൽ എത്തിയ ബെഞ്ചമിൻ ബെയ്‌ലി കോട്ടയത്ത് മലയാളം അച്ചടിക്ക് തുടക്കമിടുന്നത്. 1824-ൽ ബെയ്‌ലി അച്ചടിച്ച 'ചെറുപൈതങ്ങൾക്ക് ഉപകാരാർത്ഥം ഇംക്ലീശിൽനിന്ന് പരിഭാഷപ്പെടുത്തിയ കഥകൾ' ആണ് ബെയ്‌ലി മലയാളത്തിൽ അച്ചടിച്ച ആദ്യ കൃതി. ഈ പുസ്തകം അച്ചടിക്കാനായി ബെയ്‌ലിക്ക് മലയാളം അച്ചുകൾ നിർമ്മിച്ചുകൊടുത്തത് മദ്രാസിലെ സെൻറ് ജോർജ് ടൈപ്പ് ഫൗണ്ടറിക്കാരാണ്. അവർ നിർമ്മിച്ച മലയാളം അച്ചുകൾക്ക് ചില ന്യൂനതകൾ ഉണ്ടായിരുന്നു. ഇതിന്റെ കുഴപ്പങ്ങൾ ഈ അച്ചുകൾ ഉപയോഗിച്ച് അച്ചടിച്ച 'ചെറുപൈതങ്ങൾക്ക് ഉപകാരാർത്ഥം ഇംക്ലീശിൽനിന്ന് പരിഭാഷപ്പെടുത്തിയ കഥകൾ' എന്ന കൃതിയുടെ അച്ചടിയിൽ കാണാവുന്നതാണ്. സാവയവ പൊരുത്തമില്ലാത്തതും ചതുര വടിവിലുള്ളതും വലിപ്പക്കൂടുതലുള്ളതുമായ അച്ചുകളായിരുന്നു അവ.  ബെയ്‌ലി സെന്റ് ജോർജ് ടൈപ്പ് ഫൗണ്ടറിക്കാരുടെ മലയാളം അച്ചുകളിൽ തൃപ്തനായിരുന്നില്ല. അതിനാൽ പിന്നീട് മലയാളം അച്ചടിക്കാനായി അദ്ദേഹം ഈ അച്ചുകൾ ഉപയോഗിച്ചതായി കാണുന്നില്ല. സ്വന്തമായി മലയാളം അച്ചുകൾ നിർമ്മിക്കാനായി അദ്ദേഹം ഒരുക്കങ്ങൾ ആരംഭിച്ചു. മലയാളം അക്ഷരമാലയെ കുറിച്ചും ലിപിവിന്യാസ വ്യവസ്ഥയെക്കുറിച്ചും സമയമെടുത്ത് പഠിച്ച് മനസ്സിലാക്കിയതിനുശേഷം ബെയ്‌ലി സ്വന്തമായി കോട്ടയത്ത് ഒരു അച്ച്  നിർമ്മാണശാല സ്ഥാപിച്ചു. മലയാളലിപികളെ അച്ചടിക്കുവേണ്ടി ശാസ്ത്രീയമായി ചിട്ടപ്പെടുത്താനും ആവശ്യമായ പരിഷ്കരണങ്ങൾ വരുത്താനും ബെയ്‌ലി ശ്രദ്ധിച്ചു. ലിപികളുടെ സൗന്ദര്യത്തിൽ ശ്രദ്ധിച്ച ബെയ്‌ലി മലയാളം അച്ചടിക്കാനായി വടിവൊത്ത ഉരുണ്ട മലയാളം അച്ചുകൾ നിർമിച്ചു. താൻ നിർമ്മിച്ച മലയാളം അച്ചുകളും ഇംഗ്ലണ്ടിൽനിന്ന് ലഭിച്ച അച്ചടിയന്ത്രവും ഉപയോഗിച്ച് 182-ൽ കോട്ടയം സി.എം.എസ് പ്രസ്സിൽവെച്ച് ബെയ്‌ലി ബൈബിൾ പുതിയനിയമം വിവർത്തനം ചെയ്ത് മലയാളത്തിൽ അച്ചടിച്ചു. മലയാള ലിപികൾക്ക് അച്ചടിയിലൂടെ തനതായ രൂപവും ഭാവവും അസ്ഥിത്വവും നൽകിയത് ബെഞ്ചമിൻ ബെയ്‌ലിയാണ്. ഇതിനാലാണ് മലയാളം അച്ചടിയുടെ പിതാവെന്ന വിശേഷണത്തിന് ബെയ്‌ലി അർഹനാവുന്നത്.

ബെയ്‌ലി നിർമ്മിച്ച അച്ചുകൾ ഉപയോഗിച്ച് ഒട്ടേറെ മലയാള ഗ്രന്ഥങ്ങളും പത്രമാസികക

ളും പാഠപുസ്തകങ്ങളും സി.എം.എസ്. പ്രസ്സിൽനിന്ന് അദ്ദേഹം അച്ചടിക്കുകയുണ്ടായി. പിന്നീട് ഹെർമൻ ഗുണ്ടർട്ട് ഉൾപ്പെടെയുള്ള ബാസൽ മിഷൻ സൊസൈറ്റി പ്രവർത്തകർക്ക് മലയാളം അച്ചടിക്ക് മാതൃകയായത് ബെയ്‌ലി നിർമ്മിച്ച അച്ചുകളാണ്. ബെയ്‌ലിയുടെ അച്ചുകളിൽ ഉണ്ടായിരുന്ന ചെറിയ ന്യൂനതകൾ ഗുണ്ടർട്ട് പരിഹരിക്കുകയുണ്ടായി. ബെഞ്ചമിൻ ബെയ്‌ലി രൂപപ്പെടുത്തിയ മലയാളം അച്ചുകൾ ഘടനയിൽ കാര്യമായ മാറ്റങ്ങൾ ഇല്ലാതെ 1970-ലെ ടൈപ്പ് റൈറ്റർ ലിപിപരിഷ്കരണം വരെ മലയാളം അച്ചടിയിൽ നിലനിന്നു.

ബെയ്‌ലിയുടെ ലോഹനിർമ്മിത അച്ചുകൾക്ക് പിന്നീട് കാര്യമായ രൂപമാറ്റം വന്നത് അച്ചടിയുടെ ഡിജിറ്റൽ രൂപമായി വന്ന കമ്പ്യൂട്ടർ അധിഷ്ഠിത അച്ചടിയിലാണ്. 1980-കൾക്ക് ശേഷമാണ് കമ്പ്യൂട്ടർ അധിഷ്ഠിത മലയാളം അച്ചടിക്ക് തുടക്കമാവുന്നത്. ആദ്യകാലത്ത് പത്രസ്ഥാപനങ്ങളും വൻകിട പ്രസാധകരുമാണ് കമ്പ്യൂട്ടറധിഷ്ഠിത അച്ചടിയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തിയത്. ലിനോ ടൈപ്പ്- മിനി ഓഫ്സെറ്റ് അച്ചടിക്കുള്ള ടൈപ്പ് സെറ്റിങ്ങിനും ഫോട്ടോ കമ്പോസിങ്ങിനുമായി കമ്പ്യൂട്ടർ ആദ്യമായി ഉപയോഗിച്ചുതുടങ്ങി. പിന്നീടാണ് കമ്പ്യൂട്ടർ അധിഷ്ഠിത അച്ചടിയുടെ ജനകീയ രൂപമായ ഡി.ടി.പിക്ക് തുടക്കമാകുന്നത്. അച്ചടിയുടെ ജനകീയ രൂപമായിരുന്ന ഡി.ടി.പി എങ്കിലും കമ്പ്യൂട്ടറധിഷ്ഠിത മലയാളം അച്ചടി അക്കാലത്ത് വെല്ലുവിളികൾ നിറഞ്ഞതായിരുന്നു. കമ്പ്യൂട്ടർ പ്രചാരത്തിൽ എത്തുന്നതിന് തൊട്ടുമുമ്പ് അല്പകാലം മാത്രം നിലനിന്ന മലയാളം ടൈപ്പ് റൈറ്ററിനുവേണ്ടി പരിഷ്കരിച്ച ലിപിയാണ് കമ്പ്യൂട്ടറിൽ അച്ചടിക്കായി ആദ്യം ഉപയോഗിച്ചത്. ബെഞ്ചമിൻ ബെയ്‌ലി അച്ചടിക്കായി ചിട്ടപ്പെടുത്തിയ 900 അച്ചുകളിൽനിന്ന് ടൈപ്പ് റൈറ്റർ ലിപിപരിഷ്കരണത്തിൽ മലയാളം അച്ചുകളുടെ എണ്ണം 90-ആയി ചുരുങ്ങിയിരുന്നു. ഈ അച്ചുകൾ തന്നെയാണ് പ്രാരംഭഘട്ടത്തിൽ കമ്പ്യൂട്ടർ അച്ചടിയിലൂടെ പുറത്തുവന്നത്. കമ്പ്യൂട്ടറിന്റെ പ്രോഗ്രാമുകളും സോഫ്റ്റ്‌വെയറുകളും ടെക്സ്റ്റ് എഡിറ്ററുകളും വേഡ് പ്രൊസസ്സറുകളും കീബോർഡുമെല്ലാം ഇംഗ്ലീഷിനുവേണ്ടി ചിട്ടപ്പെടുത്തിയവയായിരുന്നു. ഇവയിൽ അധികമായി ചില സാങ്കേതിക സംവിധാനങ്ങൾ സന്നിവേശിപ്പിച്ചാണ് അന്ന് മലയാളം അച്ചടി സാധ്യമാക്കിയത്. മലയാളത്തിലെ സമഗ്ര ലിപിസഞ്ചയം കമ്പ്യൂട്ടറിൽ ഉപയോഗിക്കാനുള്ള സാങ്കേതിക ബുദ്ധിമുട്ടുകൾ കാരണമാണ് അന്ന് ടൈപ്പ് റൈറ്റർ ലിപികൾതന്നെ കംപ്യൂട്ടറിലും ഉപയോഗിച്ചത്. ഇംഗ്ലീഷ് കീബോർഡിൽ മലയാളം വേഗത്തിൽ ടൈപ്പ് ചെയ്യുന്നതും അന്ന് വെല്ലുവിളിയായിരുന്നു. ഇതിന്റെയൊക്കെ എല്ലാ പരിമിതികളും അക്കാലത്തെ കംപ്യൂട്ടറധിഷ്ഠിത മലയാളം അച്ചടിക്കുണ്ടായിരുന്നു.

**മലയാളം ഫോണ്ടുകളും യൂണിക്കോഡ് എൻകോഡിങ്ങും**

അച്ചടിക്കാനും ഡിജിറ്റൽ പ്രതലത്തിൽ വിനിമയം ചെയ്യാനും സാധിക്കുന്ന, പ്രത്യേക രൂപത്തിലും വലിപ്പത്തിലുമുള്ള ലിപിമാതൃകകളാണ് ഫോണ്ട് എന്നറിയപ്പെടുന്നത്. കമ്പ്യൂട്ടറധിഷ്ഠിത അച്ചടി സാധ്യമായതോടെയാണ് മലയാളം ഫോണ്ടുകളുടെ രൂപകല്പനയ്ക്കായി വ്യക്തികളും സർക്കാർ- സ്വകാര്യ സ്ഥാപനങ്ങളും മുന്നോട്ടുവരുന്നത്. മലയാളം ഡി.ടി.പി ആരംഭിക്കുന്ന കാലത്ത് സി.ഡാക് നിർമ്മിച്ച എം.എൽ- ടി.ടി രേവതി, എം.എൽ- ടി.ടി കാർത്തിക തുടങ്ങിയ മലയാളം ഫോണ്ടുകളാണ് പ്രചാരത്തിലുണ്ടായിരുന്നത്. ഇന്നും ഡി.ടി.പിയിലും പുസ്തകപ്രസാധനമേഖലയിലും കൂടുതലായി ഉപയോഗിക്കുന്നത് ഈ ഫോണ്ടുകൾ തന്നെയാണ്. മലയാളഭാഷ വെബ് പ്രസാധനത്തിന്റെയും സൈബർ വ്യവഹാരത്തിന്റെയും മേഖലയിലേക്ക് പ്രവേശിച്ചപ്പോഴാണ് ഈ ഫോണ്ടുകൾ അപര്യാപ്തമായിവന്നത്. മേൽപറഞ്ഞ രേവതി, കാർത്തിക ഫോണ്ടുകൾ യൂണിക്കോഡ് എൻകോഡിങ് വ്യവസ്ഥ ആധാരമാക്കിയുള്ളവയായിരുന്നില്ല. അക്കാലത്ത് ഇതൊരു പ്രധാന പരിമിതിയായിരുന്നു. ഇൻർനെറ്റിൽ വിനിമയം ചെയ്യുന്നതിന് യൂണിക്കോഡ് ഫോണ്ടുകളായിരുന്നു ആവശ്യം.

ഫോണ്ടുകളുടെ എൻകോഡിങ്ങുമായി ബന്ധപ്പെട്ട സാങ്കേതിക വെല്ലുവിളികൾ നിലനിന്നിരുന്നു. ഓരോ ഫോണ്ട് ഡെവലപ്പർമാരും അവരവരുടെ രീതിക്കനുസരിച്ചാണ് മലയാളലിപികൾ കമ്പ്യൂട്ടറിലേക്ക് എൻകോഡ് ചെയ്തിരുന്നത്. അതിനാൽതന്നെ ഒരു ഫോണ്ടിൽ തയ്യാറാക്കിയ പ്രമാണങ്ങൾ അതേ ഫോണ്ടുള്ള കമ്പ്യൂട്ടറുകളിൽ മാത്രമാണ് എൻകോഡ് ചെയ്ത് വി

നിമയം ചെയ്യാൻ സാധിച്ചിരുന്നത്. കമ്പ്യൂട്ടറുകളിലെ ഡാറ്റയോടൊപ്പം അത് തയ്യാറാക്കിയ ഫോണ്ട് കൂടി വിനിമയം ചെയ്യേണ്ട സാഹചര്യമാണ് അന്ന് ഉണ്ടായിരുന്നത്. അമേരിക്കൻ സ്റ്റാൻഡേർഡ് കോഡ് ഫോർ ഇൻഫർമേഷൻ ഇൻറർചേഞ്ച് (ASCII) മാതൃകയിൽ ഇന്ത്യൻ ഭാഷകളുടെ ഉപയോഗത്തിനായി സി. ഡാക്ക് തയ്യാറാക്കിയ ഫോണ്ടുകളാണ് അക്കാലഘട്ടത്തിൽ പ്രചാരത്തിലു ണ്ടായിരുന്നത്. വ്യത്യസ്ത എൻകോഡിങ് സമ്പ്രദായങ്ങളെ ആധാരമാക്കി രൂപപ്പെടുത്തിയ ഫോണ്ടുകൾ വിവരവിനിമയത്തിൽ വലിയ പ്രതിസന്ധികൾക്കും പരിമിതികൾക്കും കാരണമായി. രണ്ടായിരമാണ്ടോടെ  കമ്പ്യൂട്ടറുകളെ പരസ്പരം ബന്ധിപ്പിച്ചുള്ള ഇൻറർനെറ്റ് വിവരവിനിമയ സാങ്കേതികവിദ്യ പ്രചാരത്തിൽവന്നു. ഇൻറർനെറ്റ് വഴി ബന്ധിപ്പിക്കപ്പെടുന്ന കമ്പ്യൂട്ടറുകളിലെയും സർവ്വറുകളിലെയും വിവരങ്ങൾ ഇംഗ്ലീഷിൽ അനായാസം വിനിമയം ചെയ്യാൻ സാധിച്ചപ്പോൾ മലയാളം പോലുള്ള പ്രാദേശിക ഭാഷകളെ സംബന്ധിച്ചിടത്തോളം ഫോണ്ടുകളുടെ എൻകോഡിങ് വലിയ പ്രതിബന്ധമായി.

ഫോണ്ടുകളുടെ എൻകോഡിങ്ങിലുള്ള പരിമിതികൾക്ക് പരിഹാരമായത് യൂണികോഡ് എൻകോഡിങ് സമ്പ്രദായത്തോടെയാണ്. ലോകത്തുള്ള എല്ലാ ഭാഷകളിലെയും  ഓരോ ലിപിക്കും സ്വതന്ത്രവും ഏകീകൃതവുമായ കോഡ് പോയിന്റ് നൽകി ചിട്ടപ്പെടുത്തുക എന്ന ആശയത്തിൽ നിന്നാണ് യൂണികോഡ് എന്ന സങ്കല്പം രൂപപ്പെടുന്നത്. യൂണികോഡിന് എത്ര ലിപികളെയും ഉൾക്കൊള്ളാൻ സാധിക്കും. യൂണികോഡ് എൻകോഡിങ് വ്യവസ്ഥ ആധാരമാക്കി രൂപപ്പെടുത്തിയ ഫോണ്ടുകളിലുള്ള ഡാറ്റ പരിമിതികളില്ലാതെ വിനിമയം ചെയ്യാൻ സാധിക്കും. വിവരവിനിമയത്തിന്റെ വലിയ തരംഗം ഉണ്ടാക്കാൻ യൂണികോഡിന് സാധിച്ചു. ലോകത്തെ കമ്പ്യൂട്ടർ- ഐ.ടി സ്ഥാപനങ്ങളും ഭാഷാ- സാങ്കേതിക വിദഗ്ധരും അടങ്ങുന്ന സമിതിയാണ് യൂണികോഡ് കൺസോർഷ്യം.  യൂണികോഡിന് ഓരോ വർഷവും പുതിയ പുതിയ പതിപ്പുകൾ വരുന്നു. കൂടുതൽ ഭാഷകളും ലിപികളും യൂണികോഡ് എൻകോഡിങ് വ്യവസ്ഥയിലേക്ക് കൂട്ടിച്ചേർക്കപ്പെടുന്നു. നിലവിലുള്ള ഭാഷകളിലെ ലിപികളുടെ എൻകോഡിങ്ങിലെ പോരായ്മകൾ പരിഹരിച്ചുവരുന്നു. ഭാഷയിലെ ലിപികളുടെ പരിമിതികൾ മറികടക്കാൻ യൂണികോഡിന് സാധിച്ചു.

മലയാളത്തിന്റെ സമഗ്ര ലിപിസഞ്ചയം ഇന്ന് യൂണികോഡിന്റെ ഭാഗമായിരിക്കുന്നു. മലയാളത്തിലെ എല്ലാ കൂട്ടക്ഷരങ്ങളും ഏതെങ്കിലും കാലഘട്ടത്തിൽ എഴുത്തിലും അച്ചടിയിലും നിലനിന്നിരുന്ന പ്രാഗ് ലിപിരൂപങ്ങളും മലയാള അക്കങ്ങളുമെല്ലാം യൂണികോഡിലുണ്ട്. യൂണികോഡ് എൻകോഡിങ് പരിമിതികൾ ഇല്ലാത്ത വിവരവിനിമയത്തിനും ഭാഷകൾ തമ്മിലുള്ള പരസ്പരബന്ധത്തിനും വഴി തുറന്നു. 2001- ലാണ് മലയാളത്തിൽ ആദ്യമായി അജയ്ലാൽ തൂലിക എന്ന യൂണികോഡ് ഫോണ്ട് രൂപപ്പെടുത്തുന്നത്. അജയ്ലാൽ മലയാളം യൂണിക്കോഡ് ഫോണ്ട് രൂപകല്പനയ്ക്ക് തുടക്കം കുറിച്ചെങ്കിലും പിന്നീട് ഈ മേഖലയിൽ ഗണ്യമായ സംഭാവനകൾ നൽകിയത് രചന അക്ഷരവേദി, സ്വതന്ത്ര മലയാളം കമ്പ്യൂട്ടിങ് എന്നീ രണ്ട് സന്നദ്ധ സേവനസംഘങ്ങളാണ്. ഇതിൽ രചന അക്ഷരവേദി നിർമ്മിച്ച് ചില ഫോണ്ടുകളുടെ തുടർപരിപാലനവും മേൽനോട്ടവും നിർവ്വഹിച്ചുവരുന്നത് സ്വതന്ത്ര മലയാളം കമ്പ്യൂട്ടിങ് ആണ്. ബ്ലോഗുകളിലും വെബ്സൈറ്റുകളിലും  സോഷ്യൽ നെറ്റ്‌വർക്കിങ് സൈറ്റുകളിലും ഇ. പ്രസാധനത്തിലും മലയാളഭാഷയുടെ വ്യവഹാരത്തിലും വിവരവിനിമയത്തിലും കുതിപ്പേകിയ പ്രധാന യൂണിക്കോഡ് ഫോണ്ടുകളുടെ സ്വഭാവസവിശേഷതകൾ താഴെ വിവരിക്കുന്നു.

**രചന**

1999-ൽ കേരള സർവ്വകലാശാലാ ലെക്സിക്കൺ പഠനവിഭാഗത്തിലെ ആർ. ചിത്രജകുമാർ, എൻ. ഗംഗാധരൻ, പീച്ചി വനഗവേഷണകേന്ദ്രത്തിലെ കെ.എച്ച്. ഹുസൈൻ തുടങ്ങിയവർ ചേർന്ന് രൂപീകരിച്ച സന്നദ്ധ ഭാഷാ കമ്പ്യൂട്ടിങ് സംഘമാണ് രചന അക്ഷരവേദി. ആസ്കി എൻകോഡിങ് വ്യവസ്ഥ നിലവിലിരുന്ന കാലഘട്ടത്തിൽ രൂപീകൃതമായ രചന അക്ഷരവേദിക്ക് അക്കാലത്തുതന്നെ മലയാളത്തിലെ മുഴുവൻ കൂട്ടക്ഷരലിപികളെയും എൻകോഡ് ചെയ്യാൻ സാധിച്ചു. രചന അക്ഷരവേദിയുടെ ഈ മുന്നേറ്റമാണ് പിന്നീട് മലയാളലിപികളുടെ യൂണിക്കോഡ് എൻകോഡിങ്ങിന് അടിത്തറയൊരുക്കിയത്.

ബെഞ്ചമിൻ ബെയ്‌ലി കോട്ടയം സി.എം.എസ് അച്ചടിശാലയിൽ മലയാളം അച്ചടി ആരംഭിച്ചതുമുതൽ അന്നുവരെ നിലവിലുണ്ടായിരുന്ന എല്ലാ മലയാളലിപികളെയും ഉൾപ്പെടുത്തി രചന അക്ഷരവേദി പ്രവർത്തകനായ കെ.എച്ച്. ഹുസൈൻ രൂപകല്പനചെയ്ത യൂണിക്കോഡ് ഫോണ്ടാണ് രചന. 1200-ലധികം ലിപിരൂപങ്ങളുള്ള രചന നിലവിൽ മലയാളത്തിൽ ഏറ്റവുമധികം കൂട്ടക്ഷരലിപിരൂപങ്ങൾ ലഭ്യമായ ഫോണ്ടാണ്. റഗുലർ, ബോൾഡ് ഫോണ്ട് പതിപ്പുകൾ രചനയ്ക്കുണ്ട്. രചന ഫോണ്ടിൽ ആദ്യമായി അച്ചടിച്ചത് നിത്യചൈതന്യയതിയുടെ 'തുമ്പപ്പൂ മുതൽ സൂര്യൻവരെ' എന്ന കൃതിയാണ്. സായാഹ്ന ഫൗണ്ടേഷൻ വെബ് പ്രസാധനത്തിനും പുരാ രേഖകളുടെ ഡിജിറ്റലൈസേഷനും ഉപയോഗിക്കുന്നത് രചന ഫോണ്ടാണ്. ഓപ്പൺ സോഴ്സിൽ ലഭ്യമായ ഫോണ്ടായതിനാൽ അച്ചടിമേഖലയിലും സൈബർ ഇടങ്ങളിലും വ്യാപകമായി ഉപയോഗിക്കുന്ന മലയാളം ഫോണ്ടാണ് രചന. പ്രാചീന കൃതികളുടെ ഡിജിറ്റലൈസേഷന് ആവശ്യമായ ലിപിരൂപങ്ങളെല്ലാം ഉൾക്കൊള്ളുന്ന വിധത്തിലണ് രചന ഫോണ്ട് രൂപകല്പന ചെയ്തിട്ടുള്ളത്. രണ്ട് ദശാബ്ദം മുമ്പ് രൂപകല്പനചെയ്ത രചന ഫോണ്ടിന്റെ പരിഷ്കരിച്ച പതിപ്പ് ആർ.ഐ.ടി രചന എന്ന പേരിൽ 2022-ൽ രചന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൈപ്പോഗ്രഫി പുറത്തിറക്കിയിട്ടുണ്ട്.

**മീര**

രചന അക്ഷരവേദി പ്രവർത്തകനായ കെ.എച്ച്. ഹുസൈൻ തയ്യാറാക്കിയ ട്രൂടൈപ്പ് റെഗുലർ യൂണിക്കോഡ് ഫോണ്ടാണ് മീര (2007). ഓപ്പൺ ഫോണ്ട് ലൈസൻസുള്ള മീരയിൽ മലയാളത്തിൽ നിലവിലുണ്ടായിരുന്ന ഒട്ടുമിക്ക കൂട്ടക്ഷരങ്ങളും ലഭ്യമാണ്. ആയിരത്തിലധികം മലയാളലിപി ചിത്രീകരണങ്ങൾ (GLYPH) മീരയിലുണ്ട്. മലയാളം ലിനക്സ് പ്ലാറ്റ് ഫോമിലും വെബ് പ്രസാധനത്തിലും ഏറ്റവും കൂടുതൽ ഉപയോഗിക്കുന്ന ഫോണ്ടാണ് മീര. ഭരണഭാഷ മലയാളമായതിനുശേഷം സർക്കാർ രേഖകൾ അച്ചടിക്കാനായി ഉപയോഗിച്ചുവരുന്നത് മീര ഫോണ്ടാണ്. മാതൃഭൂമി ദിനപത്രത്തിന്റെ ഓൺലൈൻ എഡിഷനിൽ മീര ഫോണ്ട് ഉപയോഗിക്കുന്നുണ്ട്.

**ചിലങ്ക**

മലയാളം കൈയെഴുത്ത് ലിപിരൂപങ്ങളെ അനുകരിച്ചുകൊണ്ട് സ്വതന്ത്ര മലയാളം കമ്പ്യൂട്ടിങ് സന്നദ്ധ പ്രവർത്തകനായ സന്തോഷ് തോട്ടിങ്ങൽ 2014-ൽ പുറത്തിറക്കിയ യൂണിക്കോഡ് ഫോണ്ടാണ് ചിലങ്ക. കൈയെഴുത്തുലിപി മാതൃകയിലുള്ള ഫോണ്ടാണെങ്കിലും ഇത് ഒരു വ്യക്തിയുടെ കൈയെഴുത്ത് ലിപിയുടെ അനുകരണമല്ല. നിരവധി പേരുടെ കൈയെഴുത്ത് ലിപിരൂപങ്ങൾ നിരീക്ഷിച്ചുകൊണ്ട് സന്തോഷ് തോട്ടിങ്ങൽ രൂപകല്പനചെയ്ത ഫോണ്ടാണ്. കൈയെഴുത്ത് മാതൃകയിലുള്ള മലയാളലിപിരൂപങ്ങളുടെ അച്ചടിക്കും വെബ് പ്രസാധനത്തിനും ചിലങ്ക ഫോണ്ട് സഹായകമാണ്.

**ദ്യുതി**

ഹിരൺ വേണുഗോപാൽ പുറത്തിറക്കിയ ഓർണമെന്റൽ മലയാളം ഫോണ്ടാണ് ദ്യുതി. അച്ചടിയിൽ തലക്കെട്ടുകൾക്ക് അനുയോജ്യമായ ഫോണ്ടാണിത്. രചന, മീര ഫോണ്ടുകളിൽ തയ്യാറാക്കിയ ലേഖകങ്ങളുടെ തലവാചകങ്ങൾക്കും തലക്കെട്ടിനും അനുയോജ്യമായ വിധത്തിലാണ് ദ്യുതി ഫോണ്ടിന്റെ രൂപകല്പന.

**ഗായത്രി**

പോസ്റ്റർ നിർമ്മാണം, തലക്കെട്ട്, തലവാചകങ്ങൾ എന്നിവയ്ക്ക് അനുയോജ്യമായ യൂണിക്കോഡ് ഫോണ്ടാണ് ഗായത്രി. റെഗുലർ, തിൻ, ബോൾഡ് രൂപങ്ങളിൽ ലഭ്യമായ മലയാളം യൂണിക്കോഡ് ഫോണ്ടാണ് ഗായത്രി. ബിനോയ് ഡൊമെനിക് ആണ് ഗായത്രി ഫോണ്ട് രൂപകല്പന ചെയ്തത്. ഗായത്രി ഫോണ്ട് നിർമ്മാണത്തിനാവശ്യമായ സാമ്പത്തിക സഹായം നൽകിയത് കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ടാണ്. സന്തോഷ് തോട്ടിങ്ങൽ, കാവ്യ മനോഹർ എന്നിവരാണ് ഗായത്രിയുടെ നിർമ്മാണത്തിനാവശ്യമായ സാങ്കേതിക സഹായം നൽകിയത്. ആയിരത്തിൽപരം മലയാളലിപിരൂപങ്ങൾ ഗായത്രിയിൽ ലഭ്യമാണ്.

**കരുണ**

രചന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൈപ്പോഗ്രഫി പുറത്തിറക്കിയ ലിബറെ ഫോണ്ടാണ് കരുണ. തലക്കെട്ടുകൾക്കും പോസ്റ്റർ ഡിസൈനിങ്ങിനും അനുയോജ്യമായ ഡിസ്‌പ്ലേ ടൈപ്പ്ഫേസ് ഫോണ്ടാണിത്. 2022-ൽ കരുണ ഫോണ്ട് വികസിപ്പിച്ചത് കെ.എച്ച്. ഹുസൈനും രൂപകൽപന ചെയ്തത് പ്രശസ്ത കാലിഗ്രാഫർ നാരായണ ഭട്ടതിരിയുമാണ്. കേരളത്തിലെ പ്രശസ്ത ചിത്രകാരനും കലാസംവിധായകനുമായ സി.എൻ കരുണാകരന്റെ വരകളിൽനിന്ന് പ്രചോദനമുൾക്കൊണ്ടാണ് നാരായണഭട്ടതിരി കരുണ ഫോണ്ട് വികസിപ്പിച്ചത്. ഇദ്ദേഹത്തിന്റെ സ്മരണാർത്ഥമാണ് ഫോണ്ടിന് 'കരുണ' എന്ന പേര്. 1960-കളിൽ മലയാളം കവർ ഡിസൈനിങ്ങിലും തലക്കെട്ടുകളിലും പുതുമകൾ കൊണ്ടുവന്നത് സി.എൻ. കരുണാകരനാണ്. അരനൂറ്റാണ്ടിനുശേഷം നാരായണ ഭട്ടതിരി കരുണ ഫോണ്ടിലൂടെ കരുണാകരന്റെ ലിപിരൂപങ്ങൾക്ക് ഡിജിറ്റൽ സ്വഭാവം പകർന്നുനൽകി. ഈ ഡിസൈനിങ്ങിൽ വെറുമൊരു പകർത്തലല്ല നമുക്ക് കാണാനാവുക. കരുണാകരൻ മലയാളലിപിരൂപങ്ങൾ സ്വതന്ത്രമായി ഡിസൈൻ ചെയ്തതുപോലെ, കരുണാകരന്റെ ലിപിരൂപങ്ങൾ ഭട്ടതിരിയും സ്വതന്ത്രമായി പുനരാവിഷ്കരിച്ചു. മലയാളത്തിലെ ഏറ്റവും ശ്രദ്ധേയമായ കാലിഗ്രാഫി ഫോണ്ടായി കരുണ അറിയപ്പെടുന്നു.

**നൂപുരം ഫോണ്ടുകൾ**

വ്യത്യസ്ത ആവശ്യങ്ങൾ മുന്നിൽകണ്ട് സ്വതന്ത്ര മലയാളം കമ്പ്യൂട്ടിങ് സംഘത്തിലെ സന്തോഷ് തോട്ടിങ്ങൽ രൂപകല്പന ചെയ്ത ഒരു കൂട്ടം യൂണിക്കോഡ് ഫോണ്ടുകളാണ് നൂപുരം ഫോണ്ടുകൾ. നൂപുരം സീരീസിലെ എല്ലാ ഫോണ്ടുകളും കൈയെഴുത്ത് ലിപിരൂപങ്ങളുടെ മാതൃകയിലുള്ളതാണ്. പുസ്തകങ്ങളുടെയോ മറ്റ് പ്രമാണങ്ങളുടേയോ മുഖ്യമായ അച്ചടി ഉദ്ദേശിച്ച് രൂപപ്പെടുത്തിയതല്ല നൂപുരം ഫോണ്ടുകൾ. പുസ്തകങ്ങളുടെയും ആനുകാലികങ്ങളുടെയും കവർ പേജുകൾ, പോസ്റ്റർ, ബാനർ, സിനിമാ ടൈറ്റിലുകൾ എന്നിവയുടെ ഡിസൈനിങ്ങിനും വേഡ് ആർട്ടിനും അനുയോജ്യമായവയാണ് നൂപുരം ഫോണ്ടുകൾ.

'നൂപുരം കളർ' എന്ന ഫോണ്ട് ലിപികളുടെ ത്രിമാന രൂപത്തിന്റെ പ്രതീതി നൽകുന്നതും വലിയ സൈസിൽപോലും വ്യക്തവും മിഴിവാർന്നതുമായ ലിപിരൂപം സാധ്യമാകുന്നതുമായ ഫോണ്ടാണ്.

'നൂപുരം ആരോസ്' കൈയെഴുത്തിന്റെ രേഖീയക്രമം മനസ്സിലാക്കാൻ സഹായകമായ ഫോണ്ടാണ്. ഓരോ ലിപിരൂപത്തിന്റെയും എഴുത്ത് ഏത് ക്രമത്തിൽ തുടങ്ങണമെന്നത് ഫോണ്ടിന്റെ നടുവിലുള്ള അമ്പ് വരകളിലൂടെ കാണിച്ചിരിക്കുന്നു. മലയാളംപോലെ അക്ഷരമെഴുത്ത് പഠനം അൽപം വിഷമകരമായ ഭാഷകളിൽ കുട്ടികളുടെ എഴുത്ത് അഭ്യസനത്തിന് നൂപുരം ആരോസ് ഫോണ്ട് സഹായകമാണ്. പ്രൈമറി ക്ലാസുകളിലെ പാഠപുസ്തകത്തിലെ അക്ഷരമെഴുത്ത് പരിശീലനത്തിനായി ഈ ഫോണ്ട് ഉപകരിക്കും. മലയാളത്തിൽ ഈ രൂപത്തിൽ ലഭ്യമായ ഏക യൂണിക്കോഡ് ഫോണ്ടാണ് നൂപുരം ആരോസ്. ഇതുപോലെ കുട്ടികളുടെ കൈയെഴുത്ത് പരിശീലനത്തിനായി കുത്തുകൾകൊണ്ട് ലിപിരൂപങ്ങൾ ചിത്രീകരിച്ചിരിക്കുന്ന ഫോണ്ടാണ് നൂപുരം ഡോട്ട്സ്. ഇതുപയോഗിച്ച് കോപ്പിയെഴുത്തുപോലെ വിദ്യാർത്ഥികൾക്ക് ലിപിരൂപങ്ങൾ എഴുതിപ്പഠിക്കാം.

കൂറ്റൻ പരസ്യബോർഡുകൾ, ഡിസ്‌പ്ലേ ബോർഡുകൾ എന്നിവയിൽ മിഴിവോടെ ഉപയോഗിക്കാനാവുന്ന കൈയെഴുത്ത് ലിപിരൂപങ്ങളുള്ള ഫോണ്ടാണ് 'നൂപുരം ഡിസ്‌പ്ലെ'. ഫോണ്ട് എത്ര വലിപ്പം കൂട്ടി ഉപയോഗിച്ചാലും വ്യക്തതയോടെയും കൃത്യതയോടെയും അക്ഷരവടിവോടെയും കാണാനാകുമെന്നതാണ് നൂപുരം ഡിസ്‌പ്ലെ ഫോണ്ടിന്റെ പ്രത്യേകത.

മലയാളത്തിൽ ഇനിയും കാര്യമായ പുരോഗതി കൈവരിക്കാനാവാത്ത കാലിഗ്രാഫിക്ക് അനുയോജ്യമായ ലിപിമാതൃകകളാണ് 'നൂപുരം കാലിഗ്രാഫി' ഫോണ്ടിലുള്ളത്. ലിപികളുടെ സൗന്ദര്യാവിഷ്കരണത്തിലധിഷ്ഠിതമായ കാലിഗ്രഫി, പോസ്റ്റർ/ബാനർ എഴുത്തുകളിലൂടെയും ചുമരെഴുത്തുകളിലൂടെയുമാണ് മലയാളത്തിൽ സജീവമാകുന്നത്. പുസ്തകങ്ങളുടെയും ആനുകാലികങ്ങളുടെയും പുറംചട്ടകളും സിനിമാ പോസ്റ്ററുകളും പരസ്യചിത്രങ്ങളുമൊക്കെ ആദ്യകാ

ലത്ത് വരച്ചുണ്ടാക്കുകയാണ് ചെയ്തിരുന്നത്. ഇന്ന് വിവിധ ഡിസൈനിങ്/ അനിമേഷൻ പ്രോഗ്രാമുകളുടെ സഹായത്തോടെയാണ് ഇവയെല്ലാം തയ്യാറാക്കുന്നത്. എന്നാൽ ഇംഗ്ലീഷിലും മറ്റുഭാഷകളിലുമുള്ളതുപോലെ കാലിഗ്രാഫിക്കനുയോജ്യമായ ഫോണ്ടുകൾ മലയാളത്തിൽ വിരളമാണ്. 'നൂപുരം കാലിഗ്രാഫി' ഫോണ്ട് യൂണിക്കോഡ് ആയതിനാൽ സൈബർ ഇടങ്ങളിലും വെബ് പ്രസാധനത്തിലും സുഗമമായി ഉപയോഗിക്കാനാവും.

ഇതിലുപരി മറ്റനേകം യൂണിക്കോഡ് മലയാളം ഫോണ്ടുകളും ഇന്ന് വ്യവഹാരത്തിലുണ്ട്. അവയോരോന്നും വ്യത്യസ്തമായ ധർമ്മങ്ങൾ മുന്നിൽകണ്ട് രൂപകല്പന ചെയ്യുന്നവയാണ്. മൊബൈൽ കമ്പ്യൂട്ടിങ്ങിലും ആൻഡ്രോയിഡ് പ്ലാറ്റ്ഫോമുകളിലും കൂടുതലായി ഉപയോഗിക്കുന്നവയാണ് ഗൂഗിളിന്റെ നോട്ടോ സാൻസ്, നോട്ടോ സെരിഫ് മലയാളം ഫോണ്ടുകൾ. കെവിൻ സിജി സ്വന്തം കൈയക്ഷര രൂപങ്ങൾക്ക് ഡിജിറ്റൽ സ്വഭാവം നൽകിയതാണ് കറുമ്പി ഫോണ്ട്. കെ.എച്ച് ഹുസൈൻ രൂപകല്പന ചെയ്ത കെ.എച്ച്. ഹുസൈൻ രൂപകല്പന ചെയ്ത ആലങ്കാരിക ഫോണ്ടുകളാണ് കേരളീയം, ഉറൂബ് എന്നിവ. സന്തോഷ് തോട്ടിങ്ങൽ രൂപകല്നചെയ്ത വിവിധോദ്ദേശ്യ മലയാളം യൂണിക്കോഡ് ഫോണ്ടാണ് മഞ്ജരി. റെഗുലർ, തിൻ, ബോൾഡ് എന്നിങ്ങനെ മൂന്ന് വകഭേദങ്ങളിൽ മഞ്ജരി ഫോണ്ട് ലഭ്യമാണ്. കെവിൻ സിജി രൂപകല്പന ചെയ്ത അഞ്ജലി ഓൾഡ് ലിപി, സുരേഷ് പിയുടെ സുറുമ എന്നിവയും ശ്രദ്ധേയമായ മലയാളം ഫോണ്ടുകളാണ്. രചന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൈപ്പോഗ്രഫി വികസിപ്പിച്ച സുന്ദർ, ടി.എൻ. ജോയ്, കൈയക്ഷര മാതൃകയിലുള്ള എഴുത്ത് ഫോണ്ട്, പന്മന, കരുണ എന്നിവ ഏറ്റവും നൂതനമായ മലയാളം യൂണിക്കോഡ് ഫോണ്ടുകളാണ്.

**ആധാരസൂചി**

1. വാക്കിലെ ലോകങ്ങൾ: അച്ചടിമലയാളത്തിന്റെ 200 വർഷങ്ങൾ- ബാബു ചെറിയാൻ(എഡി.), എസ്.പി.സി.എസ് & ബി.ബി.എഫ്, കോട്ടയം, 2021
2. മലയാളം: ഭാഷ ലിപി കമ്പ്യൂട്ടിങ്- ഡോ. നിസാർ അഹമ്മദ്, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2022
3. ഹുസൈൻ കെ.എച്ച്, യൂണിക്കോഡ് കാലം (സായാഹ്ന ഫൗണ്ടേഷൻ, 2017)
4. https://unicode.org
5. https://smc.org.in
6. https://rachana.org.in/

knisarahammedk@gmail.com

# ഉത്തരാധുനികതയുടെ സൗന്ദര്യശാസ്ത്രം സമുദ്രശിലയിൽ

**സുമ ബി.**
**ഗവേഷക, എം. ജി. കോളേജ്, തിരുവനന്തപുരം**

**പ്രബന്ധസംഗ്രഹം**

ആധുനികതയെ മറികടന്നുവന്ന ഉത്തരാധുനികത നമ്മുടെ മാറിയകാലത്തെയും സമൂഹത്തെയും അടയാളപ്പെടുത്തുന്നു. ജീവിതത്തെ സമഗ്രമായി ആവിഷ്കരിക്കാൻ കഴിയുന്ന ബൃഹദ്പരിസരമുള്ള നോവലിൽ ഓരോ കാലഘട്ടത്തിലെയും മാറ്റങ്ങൾ കണ്ടെത്താനാകും. ഉത്തരാധുനിക പ്രവണത മലയാളനോവലിൽ എങ്ങനെയെല്ലാം അടയാളപ്പെടുത്തി എന്ന അന്വേഷണവും സമുദ്രശില എന്ന നോവലിനെ അടിസ്ഥാനമാക്കി ഉത്തരാധുനിക പ്രവണതയെ പഠിക്കുന്നു.

**താക്കോൽവാക്കുകൾ**

ഉത്തരാധുനികത, നവമാധ്യമം, ആഖ്യാനം, പച്ചയുടെരാഷ്ട്രീയം, സ്ത്രീ സ്വത്വനിർമ്മിതി, സാങ്കേതികത.

ഉത്തരാധുനികസമൂഹത്തെ അഭിമുഖീകരിക്കുകയും അതു സൃഷ്ടിക്കുന്ന സങ്കീർണതകളും പ്രതിസന്ധികളും ആവിഷ്കരിക്കാൻ ശ്രമിക്കുന്ന സാഹിത്യമാണ് ഉത്തരാധുനിക സാഹിത്യം. ചരിത്രപരമായ പുതിയ അവസ്ഥ എന്ന നിലയിൽ സാമ്പത്തികവും രാഷ്ട്രീയവും സാമൂഹികവും സാംസ്കാരികവുമായ ചില വസ്തുതകളുമായി ഇത് ഗാഢം ബന്ധപ്പെട്ടിരിക്കുന്നു. ആഗോളവല്കരണം, വിവരസാങ്കേതികവിദ്യ, ബഹുരാഷ്ട്രമുതലാളിത്തം, സാമ്പത്തികമൂലധനവ്യവസ്ഥ, ഉപഭോഗസംസ്കാരം, ഇവയെല്ലാം ഉത്തരാധുനികതയെ സ്വാധീനിച്ച ഘടകങ്ങളാണ്. ടെലിവിഷൻ, വീഡിയോ, ഇന്റർനെറ്റ്, വെബ്സൈറ്റ് തുടങ്ങിയ വിനിമയമാധ്യമത്തിലൂടെ ധാരണകൾ പൊളിച്ചെഴുതിയ സമൂഹമാണ് ഉത്തരാധുനിക സമൂഹം. ആഖ്യാനത്തിലും ഭാഷയിലും പുതുമ പുലർത്തിക്കൊണ്ട് സമകാലിക ലോകയാഥാർത്ഥ്യങ്ങളെക്കുറിച്ച് ഉൾക്കാഴ്ച പകർന്നു തരുന്നവയാണ് ഉത്തരാധുനിക മലയാളനോവലുകൾ.

## ഉത്തരാധുനിക മലയാളനോവലുകൾ

1980കളോടെ മലയാളനോവലുകളിൽ ആധുനികതയിൽ നിന്ന് വ്യത്യസ്തമായ ഭാവുകത്വവ്യതിയാനം കാണാം. ആധുനികതയിലെ ശ്രദ്ധേയമായ നോവലുകൾ എഴുതിയ മുകുന്ദനും ആനന്ദും അതിനു വിരുദ്ധമായ രചനാരീതി സ്വീകരിച്ചു. ഇത് ഉത്തരാധുനികത ഭാവുകത്വ

ത്തിന് നാന്ദികുറിച്ചു. ഉത്തരാധുനികത ആഖ്യാന സവിശേഷതയോടൊപ്പം ഉത്തരാധുനികത ഭൗതിക പരിസരത്തെ പ്രതിഫലിപ്പിക്കുന്ന സാഹിത്യകൃതികളും ആവിർഭവിച്ചു. ചരിത്രം, പുരാവൃത്തം, ആത്മകഥ, ഭൂമിശാസ്ത്രം, നരവംശശാസ്ത്രം, കുറ്റാന്വേഷണം, ശാസ്ത്രം, തത്വചിന്ത തുടങ്ങി വ്യത്യസ്ത ജ്ഞാനമേഖലകളെ കൂട്ടുപിടിച്ചുകൊണ്ടുള്ള നോവൽ രചനയ്ക്ക് പ്രസക്തി കൈവന്നു. അതികഥാതന്ത്രങ്ങളുടേയും മിശ്രരചനയുടേയും സാധ്യതകൾ രചനകളിൽ ഇടംനേടി. സാർവ്വലൗകികവീക്ഷണത്തോടെയുള്ള ഹ്യൂമനിസവും മാർക്സിസവും പോലുള്ള ബൃഹദാഖ്യാനങ്ങളിലുള്ള വിശ്വാസം നഷ്ടപ്പെടുകയും സ്ത്രീവാദം, പരിസ്ഥിതിവാദം, ദളിത് വാദം തുടങ്ങിയ ലഘു ആഖ്യാനങ്ങളിലൂടെ മാറിയ കാലത്തെ നേരിടുകയും ആഘോഷിക്കുകയും ചെയ്യുന്നു. ആധുനികോത്തര ജീവിതാവസ്ഥയിൽ ഒറ്റപ്പെടുകയും തിരസ്കരിക്കപ്പെടുകയും ചെയ്യുന്നവരുടെ ഭാഷ സ്വീകരിക്കുന്നത് രചനയുടെ പ്രത്യേകതയാണ്. ഡോക്യുമെന്ററി സ്വഭാവം പല നോവലുകളിലും കാണാം. പഠിപ്പിക്കാൻ വേണ്ടി നിയോഗിക്കപ്പെടുന്ന കഥാപാത്രങ്ങളും ഉദാഹരണങ്ങളുടെ രൂപത്തിൽ പ്രത്യക്ഷപ്പെടുന്ന ഉപാഖ്യാനങ്ങളും വാച്യമായ വസ്തുതാവിവരണങ്ങളും ചർച്ചകളും നോവലിന്റെ കലാത്മകതയെ വലിയൊരളവോളം ബാധിക്കുന്നു. ബോധപൂർവ്വമായ കരകൗശലം എഴുത്തിന്റെ സ്പൊണ്ടേയിനിറ്റിയെ തകർക്കുകയും നോവലിന്റെ ശില്പത്തെ നിർണയിക്കുകയും ചെയ്യുന്നു. സൈബർസംസ്കാരം ഒരാശയവിനിമയ മാർഗമെന്ന നില വിട്ട് പ്രതീതിയാഥാർത്ഥ്യങ്ങളിലൂടെയുള്ള പ്രലോഭനമായി മാറുന്നു. പ്രാദേശിക ചരിത്രങ്ങളെ ഫിക്ഷണലയിസ് ചെയ്തു വീണ്ടെടുക്കുന്നത് ഉത്തരാധുനികത പ്രവണതകളിലൊന്നാണ്. ചരിത്രത്തിലെ നേരിനെ പൊളിച്ചെഴുതുന്നവയാണ് ഉത്തരാധുനിക ചരിത്ര നോവലുകൾ. ചരിത്രം അവതരിപ്പിച്ച സത്യത്തെ പുനർ വിചാരണ നടത്തി എന്താണോ മറച്ചുവയ്ക്കാൻ ശ്രമിക്കുന്നത് അതിനെ മറ നീക്കി അവതരിപ്പിക്കാൻ ശ്രമിക്കുന്നത് കാണാം. പി.കെ രാജശേഖരന്റെ ഉത്തരാധുനിക നോവൽ എന്ന ലേഖനത്തിലെ നിരീക്ഷണം ശ്രദ്ധേയമാണ്. ഇതിവൃത്തത്തിന്റെ ആഖ്യാനവും അതിനുവേണ്ടി യുക്തമായ രൂപഘടന സ്വീകരിക്കലും എന്ന നിർമാണ പ്രശ്നമാണ് സമകാലിക നോവലിസ്റ്റിനെ അലട്ടുന്നത് . വിനിമയ സാങ്കേതികവിദ്യയിലെ വിസ്ഫോടനങ്ങളുടെ പശ്ചാത്തലത്തിലാണ്, സ്ഥലകാലത്തിന്റെയും ജൈവസാങ്കേതിക വിദ്യയുടെയും പരിസ്ഥിതി ദുരന്തഭീഷണിയുടെയും പശ്ചാത്തലത്തിലാണ് നോവലിസ്റ്റ് യാഥാർത്ഥ്യങ്ങളെ അഭിമുഖീകരിക്കുന്നത്. ഈ നേരിടലുകൾ നോവലിസ്റ്റിനെ യാഥാർത്ഥ്യങ്ങളുടെ അനന്തസാധ്യതകൾക്കു മുന്നിൽ കൊണ്ടുവന്നു നിർത്തിയിരിക്കുന്നു എന്നദ്ദേഹം പറയുന്നു. ചരിത്രാഭിമുഖ്യം, ലിംഗനീതിക്കുവേണ്ടിയുള്ള പോരാട്ടങ്ങൾ, പാരിസ്ഥിതിക അവബോധം, തിരസ്കൃത ജീവിതമുന്നേറ്റം, പിറന്ന നാട്ടിൽ നിന്നകന്നവരുടെ വിഹ്വലതകൾ, ശാസ്ത്രത്തിന്റെയും നവമാധ്യമത്തിന്റേയും നിത്യജീവിതത്തിലേക്കുള്ള കടന്നു കയറ്റം, നഗരവല്ക്കരണം, കുടുംബഘടനയിലെ മാറ്റം ഇവയെല്ലാം ഉത്തരാധുനിക സാഹിത്യ സവിശേഷതകളാണ്.

എല്ലാ സാഹിത്യവിഭാഗങ്ങളിലും ഉത്തരാധുനികതയുടെ സ്വരം വേർതിരിക്കപ്പെട്ടിട്ടുള്ളതായി അയ്യപ്പപ്പണിക്കർ തിരിച്ചറിയുന്നു. ധർമപുരാണം മുതലുള്ള ഒ.വി. വിജയനും ഭാസ്കര പട്ടേലരുടെ സക്കറിയ യും ആദിത്യനും രാധയും രചിച്ച എം.മുകുന്ദനും ഹിഗ്വിറ്റ യുടെ എൻ. എസ്. മാധവനും പാണ്ഡവപുരം എഴുതിയ സേതുവും മുടിത്തെയ്യമുറയുന്നു എഴുതിയ സാറാ ജോസഫും ആര്യവർത്തനത്തിന്റെ രചയിതാവായ ചന്ദ്രമതിയും മറ്റും കലാസാഹിത്യരംഗത്തെ ഉത്തരാധുനികരാണ്. ആധുനികതയുടെ രചനാസങ്കേതങ്ങളെ നിരാകരിച്ചുകൊണ്ട് പരീക്ഷണമെന്നുതോന്നുന്ന തരത്തിൽ ധാരാളം നോവലുകൾ ഉണ്ടായി. ഒ. വി. വിജയന്റെ ഖസാക്കിന്റെ ഇതിഹാസം, മധുരംഗായതി , എം. മുകുന്ദന്റെ ആദിത്യനും രാധയും മറ്റു ചിലരും , ഒരു ദളിത് യുവതിയുടെ കഥനകഥ , കേശവന്റെ വിലാപങ്ങൾ നൃത്തം , പുലയപ്പാട്ട് , പ്രവാസം , കെ. ജെ. ബേബിയുടെ മാവേലി മന്റം, ബസ് പൂർക്കാന , സി.വി ബാലകൃഷ്ണന്റെ ആയുസ്സിന്റെ പുസ്തകം , സി. ആർ. പരമേശ്വരന്റെ പ്രകൃതി നിയമം ആനന്ദിന്റെ പരിണാമത്തിന്റെ ഭൂതങ്ങൾ , അഭയാര്ത്ഥികൾ , കെ. രഘുനാഥന്റെ ഭൂമിയുടെ പൊക്കിൾ , ശബ്ദായമൗനം , കെ. പി. രാമനുണ്ണിയുടെ സൂഫി പറഞ്ഞകഥ , ജി. ആർ. ഇന്ദുഗോപന്റെ മണൽ ജീവികൾ , ഐസ്, എൻ. എസ്. മാധവന്റെ ലന്തൻബത്തേരിയിലെ ലുത്തിനിയകൾ , വി. ജെ. ജയിംസിന്റെ ചോരശാസ്ത്രം , നിരീശ്വരൻ , അംബികാസുതൻമങ്ങാടിന്റെ മരക്കാപ്പിലെ തെയ്യങ്ങൾ , എൻ മകജെ , ടി.ഡി രാമകൃഷ്ണന്റെ ഫ്രാൻസിസ് ഇട്ടിക്കോര ,

ആൽഫ , സുഗന്ധി എന്ന ആണ്ടാൾ ദേവനായകി , പച്ചമഞ്ഞച്ചുവപ്പ്, ബെന്യാമിന്റെ മഞ്ഞ വെയിൽ മരണങ്ങൾ , കെ. ആർ. മീരയുടെ ആരാച്ചാർ , യു.കെ കുമാരന്റെ തക്ഷൻകുന്ന് സ്വരൂപം , ടി.പി. രാജീവിന്റെ കെ. ടി. എൻ. കോട്ടൂർ എഴുത്തും ജീവിതവും , സുസ്മേഷ് ചന്ദ്രോത്തിന്റെ പേപ്പർലോഡ്ജ് , എൻ. പ്രഭാകരന്റെ ക്ഷൗരം , സി. എസ്. ചന്ദ്രികയുടെ പിറ തുടങ്ങി ധാരാളം നോവലുകളിൽ ഉത്തരാധുനികതയുടെ സവിശേഷതകൾ കാണാം.

ഉത്തരാധുനിക മലയാളനോവലുകളിൽ ചരിത്രത്തെ പുതിയരീതിയിൽ അടയാളപ്പെടുത്തുന്നത് കാണാം. പൂർവ്വ നിർമ്മിതവും വ്യവസ്ഥാപിതവുമായ ചരിത്രത്തെ വിട്ട് ചുറ്റും കാണുന്ന പ്രശ്നങ്ങളോട് കലഹിച്ചും സന്ധിചെയ്തും ജീവിക്കുന്ന സാധാരണക്കാരുടെ ചരിത്രമാണ് ഉത്തരാധുനിക എഴുത്തുകാർ ശ്രദ്ധിച്ചത്. എൻ.എസ്. മാധവന്റെ ലന്തൻബത്തേരിയിലെ ലുത്തീനിയ യിൽ എങ്ങനെ ജൈവസമൂഹങ്ങൾ വിഘടിതമാകുന്നു എന്നും അവരുടെ സ്മരണകളും പുരാവൃത്തങ്ങളും അവർക്കന്യമാകുന്നുവെന്നും അന്വേഷിക്കുന്നു. സുഭാഷ്ചന്ദ്രന്റെ മനുഷ്യന് ഒരാമുഖത്തിൽ നൂറുവർഷം കൊണ്ട് മലയാളസമൂഹത്തിനുണ്ടായ പരിണതിയെ കുടുംബകഥയുടെ പശ്ചാത്തലത്തിൽ പറയുന്നു. യു.കെ കുമാരന്റെ തക്ഷൻകുന്ന് സ്വരൂപ ത്തിൽ നഷ്ടമായ ഒരു കാലഘട്ടത്തിന്റെ കേരളീയത പുനരുജ്ജീവിപ്പിക്കുന്നു. യു. എ. ഖാദറിന്റെ മേശവിളക്ക് ഇടതുപക്ഷ പ്രസ്ഥാനത്തിന്റെ ആദ്യകാലചരിത്രം പറയുന്നു. ആനന്ദിന്റെ പരിണാമത്തിന്റെ ഭൂത ങ്ങളിൽ മുംബൈ എന്ന മെട്രോനഗരത്തിന്റെ പശ്ചാത്തലത്തിൽ നിന്നുകൊണ്ട് ബോംബെയുടെ ഭൂതകാലത്തിലേക്കുള്ള യാത്രയാണ്. ടി.ഡി രാമകൃഷ്ണന്റെ ഫ്രാൻസിസ് ഇട്ടിക്കോര നാട്ടുചരിത്രം, പുരാവൃത്തം, ഗണിതം തുടങ്ങി വിപുലമായ മേഖലകളെ ഇഴചേർത്തുകൊണ്ടുള്ള ആഖ്യാനമാണ്. സുഗന്ധി എന്ന ആണ്ടാൾ ദേവനായകി യിൽ ആധുനിക ചരിത്രവും പ്രാചീന ചരിത്രവും ഇടകലർത്തി സങ്കല്പയാഥാർത്ഥ്യങ്ങളുടെ ഭ്രമിക സൃഷ്ടിക്കുകയാണ്. ബെന്യാമിന്റെ മഞ്ഞവെയിൽ മരണങ്ങ ളിൽ കേരളത്തെയും ഡീഗോഗാർഷ്യയെയും ചരിത്രത്തിലൂടെയും കല്പിത ചരിത്രത്തിലൂടെയും ബന്ധിപ്പിക്കുന്നു. നോവലിന്റെയും ജീവചരിത്രത്തിന്റെയും ഘടന സമാന്തരമായ രേഖകളിലൂടെ വരയ്ക്കുകയാണ് കെ.ടി. എൻ. കോട്ടൂർ, എഴുത്തും ജീവിതവും എന്ന നോവലിൽ ടി.പി രാജീവൻ.

മാധ്യമലോകം പ്രമേയമാകുന്ന നോവലാണ് സി.വി ബാലകൃഷ്ണന്റെ ദിശ . നവ മാധ്യമങ്ങളുടെ അതീതയാഥാർഥ്യങ്ങളിൽ ഭ്രമിച്ച് യാഥാർഥ്യങ്ങളെ തിരിച്ചറിയാനാകാതെ പോകുന്ന നിഷ്കളങ്ക ബുദ്ധിയെക്കുറിച്ചുള്ളതാണ് പാതിരാ വൻകര . സൈബർ പശ്ചാത്തലത്തിൽ വിവിധ പ്രശ്നങ്ങളും മനുഷ്യജീവിതങ്ങളും കേന്ദ്രമാക്കിയ നോവലുകളാണ് എം.മുകുന്ദന്റെ നൃത്തം , സി.രാധാകൃഷ്ണന്റെ ഉള്ളിലുള്ളത് , മധുപാലിന്റെ ഫേസ്ബുക്ക് , രാഹുൽ രാജിന്റെ ഒരു ഫേസ്ബുക്ക് പ്രണയ കഥ , ജീവൻ ജോബ് തോമസ്സിന്റെ നിദ്രാമോഷണം , അമലിന്റെ വ്യസനസമുച്ചയം , പ്രവീൺചന്ദ്രന്റെ അപൂർണതയുടെ പുസ്തകം ഇവയിലെല്ലാം പുതുമകളെ ആഘോഷമാക്കുന്ന തലമുറയെ കാണാം. പ്രവാസികളുടെ വിഹ്വലതകൾ അടയാളപ്പെടുത്തിയ നോവലുകളാണ് എം.മുകുന്ദന്റെ പ്രവാസം , ബെന്യാമിന്റെ അൽ അറേബ്യൻ നോവൽ ഫാക്ടറി , മുല്ലപ്പൂനിറമുള്ള രാപ്പകൽ , സാദിഖ് കാവിലിന്റെ ഔട്ട്പാസ് ഗൾഫ് ജീവിതത്തിലെ സങ്കീർണതകളെ വൈവിധ്യത്തോടെ അവതരിപ്പിക്കുന്നു.

സാങ്കേതികതയുടേയും ശാസ്ത്രീയതയുടേയും വെളിച്ചം നോവലിൽ കാണാം. ഇ.പി ശ്രീകുമാറിന്റെ മാറാമുദ്രയിൽ 2049 ലെ ജീവിതാവസ്ഥ വിവരിക്കുന്നു. മലയാളത്തിലെ ആദ്യ സമ്പൂർണ സയൻസ് ഫിക്ഷൻ നോവലാണ്. ജി.ആർ. ഇന്ദുഗോപന്റെ ഐസ്-1960, രണ്ട് ആത്മാർത്ഥ സുഹൃത്തുക്കൾ ബദ്ധവൈരികളായിത്തീരുന്ന കഥയെ ശാസ്ത്രത്തിന്റെ കൂട്ടുപിടിച്ച് ഐസ്-1960 എന്ന കൃതിയിൽ പറയുന്നു. ടി.ഡി. രാമകൃഷ്ണന്റെ ആൽഫ , സി.രാധാകൃഷ്ണന്റെ സ്പന്ദമാപിനികളെ നന്ദി ഇവയിലൊക്കെ ശാസ്ത്രത്തിന്റെ സ്വാധീനം കാണാം.

പച്ചയുടെ രാഷ്ട്രീയം ഉത്തരാധുനികതയുടെ പൊതു പ്രവണതകളിൽ ഉൾപ്പെടുന്നതാണ്. പാരിസ്ഥിതിക ദുരന്തത്തിലേക്ക് വെളിച്ചം വീശുന്നതാണ് അംബികാസുതൻ മാങ്ങാടിന്റെ എൻമകജെ . സോണിയറഫീക്കിന്റെ ഹെർബേറിയ ത്തിൽ വിദേശത്തുനിന്നും സ്വദേശത്തെത്തു

മ്പോൾ നഷ്ടമായിപ്പോയ പ്രകൃതിയെ തിരിച്ചുപിടിക്കുന്നതാണ് പ്രതിപാദ്യം. കെ.വാസുവിന്റെ ചാവുതുള്ളലിൽ ആഴത്തിൽ അമർത്തപ്പെട്ട വിത്ത് മുളപൊട്ടാൻ സമയമെടുത്തേക്കാം പക്ഷെ മുളപൊട്ടുക തന്നെ ചെയ്യും എന്ന വാചകം നമ്മെ ചിന്തിപ്പിക്കുന്നു. പ്രദീപൻ പാമ്പിരിക്കുന്നിന്റെ എരി രാഘവൻ അത്തോളി ചോരപ്പരിശം , പി.എ. ഉത്തമന്റെ ചാവൊലി, എൻ.പ്രഭാകരന്റെ ക്ഷൗരം , വിനോയ് തോമസ്സിന്റെ കരിക്കോട്ടക്കരി , അശോകൻ ചരിവിലിന്റെ കറപ്പൻ എന്നിവയൊക്കെ ശക്തമായ ദളിത് ആക്ടിവിസത്തിന്റെ ശക്തമായ ആഖ്യാനങ്ങളാണ്.

സ്ത്രീസ്വത്വനിർമ്മിതിയുടെ ഉത്തരാധുനികപാഠങ്ങൾ എം.മുകുന്ദന്റെ ദളിത് യുവതിയുടെ കദനകഥ , സാറാജോസഫിന്റെ ആലാഹയുടെ പെൺമക്കൾ , മാറ്റാത്തി , ആളോഹരി ആനന്ദം , സി.എസ് ചന്ദ്രികയുടെ പിറ സേതുവിന്റെ അടയാളങ്ങൾ എന്നീ നോവലുകളിൽ കാണാം. ആധുനികാനന്തര നോവലുകളിൽ ഗേ, ലെസ്ബിയൻ, ബൈസെക്ഷ്വൽ, ട്രാൻസ്ജെൻഡർ വിഷയങ്ങൾ നോവലുകളിൽ പ്രമേയമാകുന്നു. കെ. ദിലീപ്കുമാറിന്റെ ബുധസംക്രമം സ്ത്രീയുടെയും പുരുഷന്റെയും മാനസികാവസ്ഥയിലൂടെ സഞ്ചരിക്കുന്ന ഉഭയലിംഗപരനായ ഒരുവന്റെ അതിസങ്കീർണ ജീവിതകഥ പറയുന്നു. സംഗീതശ്രീനിവാസന്റെ ആസിഡ്, ലിസിയുടെ വിലാപ്പുറങ്ങൾ എന്നിവ പ്രധാന നോവലുകളാണ്.

എഴുത്തിലെ സംഘർഷങ്ങളും പ്രമേയമാകുന്ന മെറ്റാഫിക്ഷനാണ് ശ്രീകണ്ഠൻ കരിക്കകത്തിന്റെ അ എന്ന നോവൽ അജയ് പി.മാങ്ങാടിന്റെ സൂസന്നയുടെ ഗ്രന്ഥപുര എന്ന നോവലിൽ അനേകം എഴുത്തുകാരും അവരുടെ നോവലുകളും കഥയും കവിതയും അനുഭവവുമെല്ലാം ഓരോ കാൻവാസിൽ വരച്ചുവച്ചിരിക്കുന്നു. സാഹിത്യത്തെ സംബന്ധിച്ചിടത്തോളം ദർശനം കഥയുടെയും തീവ്രനൈരാശ്യത്തിന്റെയും ലൈംഗികതയുടെയും ലോകത്തു നിന്ന് രാഷ്ട്രീയത്തിന്റെയും അധികാരത്തിന്റെയും ലോകത്തേക്കുള്ള കൂടുമാറ്റമാണ് ഉത്തരാധുനികത. ആധുനികാനാന്തര നോവലുകളിൽ വർത്തമാന കാലത്തെ അതിശക്തമായി കൃതികളിൽ അവതരിപ്പിക്കുന്നു. പുതിയ കാലത്തെ അടയാളപ്പെടുത്താനും അതിനുവേണ്ടി ആഖ്യാനതന്ത്രങ്ങൾ മെനയുവാനും ഉത്തരാധുനിക നോവൽ രചിയിതാക്കൾക്കു കഴിയുന്നുണ്ട്.

**ഉത്തരാധുനികതയും സമുദ്രശിലയും**

മലയാളത്തിലെ ഉത്തരാധുനിക എഴുത്തുകാരിൽ ശ്രദ്ധേയനാണ് സുഭാഷ് ചന്ദ്രൻ. അദ്ദേഹത്തിന്റെ സമുദ്രശില എന്ന നോവലിൽ വ്യാസൻ എഴുതിയ മഹത്തായ മഹാഭാരതകഥയിൽ നിന്ന് ഒരു പ്രണയത്തിന്റെ പേരിൽ വേർപിരിഞ്ഞുപോയ അംബയുടെ ജീവിതത്തെ സഹസ്രാബ്ദങ്ങൾക്കുശേഷം പൂരിപ്പിക്കുന്ന തരത്തിലാണ് നോവൽ രചിച്ചിരിക്കുന്നത്. പരിത്യജിക്കപ്പെട്ട പുരാണത്തിലെ അംബ മുതൽ ഇന്നോളമുള്ള സ്ത്രീത്വത്തിന്റെ പ്രതീകമായി അംബയെ മുന്നിൽ നിർത്തുന്നു. നാല്പതു വയസ്സ് പിന്നിട്ട അനാരോഗ്യവതിയായ, സുന്ദരിയല്ലാത്ത, സ്വന്തമായി ജോലിയില്ലാത്ത, ഭർത്താവിനാലും കാമുകനാലും കുടുംബത്തിനാലും കാലം കൊണ്ട് പരിത്യജിക്കപ്പെട്ട, ഏക ആശ്രയമായ ആൺകുട്ടി സ്വന്തം കാര്യം പോലും ചെയ്യാൻ കെല്പില്ലാത്ത, ഒരു വ്യക്തിക്കും ഏറ്റെടുക്കാൻ നിർവ്വാഹമില്ലാത്ത കഥാപാത്രമാണ് അംബ. മലയാളത്തിന്റെ മഴക്കാലമായ ഇടവം, മിഥുനം, കർക്കിടകമാസങ്ങളിലായാണ് നോവലിനാസ്പദമായ കഥ നടക്കുന്നത്. 2018 ലെ മഹാപ്രളയവും നോവലിനു വിഷയമാകുന്നുണ്ട്.

ഉത്തരാധുനികതയിൽ വിജയകരമായി തീർന്ന ആഖ്യാനതന്ത്രമാണ് നോവലിൽ ഉപശീർഷകങ്ങൾ നൽകൽ , സമുദ്രശിലയിൽ സൃഷ്ടി, സ്ഥിതി, സംഹാരം എന്നീ മൂന്നു ഭാഗങ്ങളിലായി ഒമ്പതു അധ്യായങ്ങൾ വീതമുണ്ട്. അനുബന്ധമായി നോവലിൽ പ്രസക്തമായ ചില സംഭവങ്ങളുടെ ചിത്രങ്ങൾ സഹിതം ചേർത്തിട്ടുമുണ്ട്. അംബ വായിച്ച മാതൃഭൂമി യാത്രാമാസികയുടെ കവർപേജ്, ഫ്രിദാ കാലോയുടെ റിവേറ ആൻഡ് ഐ എന്ന പ്രശസ്തമായ സെൽഫ് പോർട്രയറ്റിനെ മാതൃകയാക്കി അംബ വരച്ച ആത്മച്ഛായ, മാഹിക്കാരന് ഫൈസൽ ദുബായിൽ വച്ച് പകർത്തിയ ദേവരാജൻ മാസ്റ്ററുടെ ഫോട്ടോ, അനീസ് ബഷീറും കുടുംബവും സുഭാ

ഷ് ചന്ദ്രന്റെ വീട്ടിലെത്തിപ്പോൾ എടുത്ത സെൽഫി, റഷ്യൻ യാത്രാവിവരണം എന്ന മട്ടിൽ സോഫിയ ആന്റണി എഴുതിയ സാങ്കല്പികരചനയുടെ ആദ്യപുറം തുടങ്ങിയവ യാഥാർത്ഥ്യത്തേക്കാൾ യഥാർത്ഥമായി ഒരെഴുത്തുകാരന് തോന്നുന്ന സർഗ്ഗാത്മകവും മായികവും ആയ പുതിയ ആഖ്യാനഭ്രമിക സൃഷ്ടിച്ചതിന്റെ ഫലമായി സമുദ്രശില നിലനിൽക്കുന്നു.

ഉത്തരാധുനിക എഴുത്തുകാർക്ക് എഴുത്ത് എളുപ്പമുള്ള കാര്യമല്ല. വളരെ സങ്കീർണ്ണമായ അനുഭവങ്ങളും അറിവുകളും വച്ചു മാറുന്ന കാഴ്ച കാണാനാകും. ഒരു കേന്ദ്രീകൃതചട്ടക്കൂടോ ഒത്തൊരുമിപ്പിച്ചു നിറുത്തുന്ന തത്വങ്ങളോ ഇല്ലാത്ത അതിസങ്കീർണത, വൈരുദ്ധ്യം തുടങ്ങിയവ നോവലിലുടനീളം പ്രതിഫലിക്കുന്നുണ്ട്. പ്രമേയസ്വീകാര്യത്തിലും ആഖ്യാനരീതിയിലും നോവലിസ്റ്റ് പരീക്ഷണോന്മുഖനാകുന്നു. കാര്യകാരണബന്ധത്തെ അടിസ്ഥാനമാക്കുന്നതും പ്രാപഞ്ചിക നിയമങ്ങൾക്ക് വിധേയപ്പെടുന്നതുമായ ആഖ്യാനരീതിയെ മറികടന്നുകൊണ്ട് സംഭവ്യത (Probability) യാദൃശ്ചികത (Randomness) എന്നിവയിലൂടെ ആഖ്യാനത്തിൽ നിയമങ്ങൾ കടന്നുവരുന്നു. എഴുത്തുഭാഷയുടെ വിഗ്രഹമാനകം ഉത്തരാധുനികതയിൽ ചോദ്യം ചെയ്യപ്പെടുന്നു. എല്ലാവിധ ഭാഷാഗൗരവങ്ങളെയും ഇല്ലായ്മ ചെയ്തുകൊണ്ട് ഭാഷയുടെ സാധ്യതകൾ വീണ്ടെടുക്കാനുള്ള ശ്രമം ഉണ്ടായിവരുന്നു. ഭാഷ ഒരു കളിയാണ് (Language is a game) എന്ന സങ്കല്പം ഉത്തരാധുനികതയുടെ സവിശേഷതയാണ്. അങ്ങനെ ഭാഷയും സമൂഹവും തമ്മിലുള്ള ബന്ധത്തിന്റെ സൂക്ഷ്മതയിലേക്ക് ഉത്തരാധുനിക കല ചെന്നെത്തുന്നു. ആഖ്യാനരീതിയിലെ പാരമ്പര്യ വിച്ഛേദം സമുദ്രശിലയിൽ തെളിഞ്ഞുകാണാം. ഘടനാപരമായ പ്രമാണികതത്വങ്ങളെ ഉല്ലംഘിച്ച് നിരവധി വ്യത്യസ്ത സ്വരങ്ങളുടെ ബഹുഘടനയായി ആഖ്യാനം മാറുന്നു. കോൺസൻട്രേഷൻ എന്ന അച്ചടക്കം കാണാനാകില്ല. ഘടനാപരമായ ശകലിതാവസ്ഥ നോവലിൽ ഉടനീളം കാണാം. പാശ്ചാത്യവിമർശകർ ഫ്രാഗ് മെന്റഡ് എന്ന പദം ശകലിതാവസ്ഥയ്ക്കു പകരം ഉപയോഗിച്ചു. യഥാർത്ഥ ജീവിതത്തിൽ നിന്ന് ഫിക്ഷനിലേക്കും ഫിക്ഷനിൽ നിന്ന് യഥാർത്ഥജീവിതത്തിലേക്കും കയറിയിറങ്ങുന്ന കാഴ്ച സുലഭമാണ്. ആഖ്യാനത്തിന്റെ വർത്തമാനകാലത്തിൽ ഭൂതവർത്തമാനഭാവികൾ കൂടിക്കുഴയുന്നതും കാണാം. കാലം തെറ്റിച്ച് കഥ പറയാനുള്ള ശക്തി ദൈവത്തിനില്ല. ഈ ഒരേയൊരു കഴിവിന്റെ പേരിൽ നോവലെഴുത്തുകാരെ ദൈവവും ആരാധിക്കുന്നു എന്ന് സുഭാഷ് ചന്ദ്രൻ സമുദ്രശിലയിൽ പറയുന്നു. പത്രവാർത്തകളും ഓർമ്മക്കുറിപ്പുകളും വാക്കുകളുടെ നിഷ്പത്തിയും നോവലിൽ ഇടം പിടിക്കുന്നു. പ്രളയത്തിലേക്ക് സ്ഥാനകയറ്റം കിട്ടിയ വെള്ളപ്പൊക്കം തുടർന്ന് രക്ഷാപ്രവർത്തനത്തിനെത്തിയ സാഹസികരായ സേനാംഗങ്ങൾ, വള്ളങ്ങളുമായെത്തിയ മത്സ്യബന്ധനതൊഴിലാളികൾ, നവവധു പ്രസവിച്ചു, നിപ എന്ന പഴംതീനി വവ്വാൽ പകർത്തുന്ന പനി തുടങ്ങിയ കേരളത്തിൽ 2018 കാലഘട്ടത്തിൽ ഉണ്ടായ പത്രവാർത്തകൾ നോവലിന് പശ്ചാത്തലമാകുന്നു. സോഫിയ ആന്റണിയുടെ യാത്രാവിവരണവും അനീസ് ബഷീറിന്റെ ഓർമ്മക്കുറിപ്പും നോവലിൽ ഇടംപിടിക്കുന്നുണ്ട്. കരിമ്പ് എന്ന പദനിഷ്പത്തി, ക കട്ടപ്പമുള്ള പദാർത്ഥങ്ങളെ ദ്യോതിപ്പിക്കുന്നത്, രി അണപ്പല്ലിൽ ഫലകങ്ങൾക്കിടയിൽ ഞെരിഞ്ഞുനാരുകളായി പിരിയുമ്പോഴുള്ള ശബ്ദം, ഇമ്പമുള്ള മധുരച്ചാറ് നാവിൽ തട്ടുമ്പോൾ ഇമ്പത്താൽ വിടരുന്ന മ്പ് ഇവയൊക്കെ നോവലിൽ വിവരിക്കുന്നു. സാഹിത്യം/ സാഹിത്യേതരം എന്ന വേർതിരിവ് ഇല്ലാതാവുകയും സാഹിതീയത (Literariness) എന്നത് പ്രശ്നമല്ലാതാവുകയും ചെയ്യുന്നു. ചരിത്രം/ സംസ്കാരം തുടങ്ങിയവ പുതിയ അർത്ഥതലത്തിൽ നോവലിൽ കടന്നുവരുന്നു. ദേശഭാഷ, വംശീയത, ഗോത്രപരത തുടങ്ങിയ തനിമകളെയും കർത്തൃത്വങ്ങളെയും ഉച്ചാടനം ചെയ്യുന്ന അധിനിവേശതന്ത്രങ്ങളെ എതിർത്തു തോല്പിക്കാൻ നോവലിസ്റ്റ് സാഹിത്യകൃതികളിലൂടെ ബാധ്യസ്ഥനാകുന്നു. അങ്ങനെ സാഹിത്യകൃതികൾ ചരിത്രനിർമ്മിതിയുടെയും ചരിത്രവായനയുടെയും ഉത്തരാധുനിക പാഠങ്ങൾ സൃഷ്ടിക്കുന്നു. 19ആം നൂറ്റാണ്ടിൽ സഹ്യപർവതസാനുക്കളിൽ സ്വർണ്ണം മോഹിച്ചെത്തിയ നാല്പത്തിയൊന്നു ബ്രിട്ടീഷ് കമ്പനികളുടെയും വയനാടിന്റെ സ്വർണഖനന ചരിത്രവും സമുദ്രശിലയിൽ വിവരിക്കുന്നുണ്ട്.

അതികഥ (Meta Fiction), ഹിസ്റ്റോറിയോഗ്രാഫിക് മെറ്റാഫിക്ഷൻ, മിശ്രരചന (Pastiche), ഹാസ്യാനുകരണം (Parody), വിരുദ്ധോക്തി, കളിമട്ട് (Playfulness), ശിഥിലനം (Fragmentation), നൈരന്തര്യഭംഗം എന്നീ രചനാതന്ത്രങ്ങൾ ഉത്തരാധുനികതയിൽ കാണാനാകും. അതികഥ

പ്രധാന ആഖ്യാനസങ്കേതമായി സമുദ്രശിലയിൽ നിറഞ്ഞു നില്ക്കുന്നു. കഥയുടെ അസ്ഥിത്വത്തെ അനുവാചകന്റെ ശ്രദ്ധയിലേക്ക് കൊണ്ടുവരുന്നതാണ് അതികഥ. കഥയുടെ വിഷയം കഥ തന്നെയാണ്. കഥയേത് കഥയ്ക്കുള്ളിലെ കഥയേത് എന്ന് മനസ്സിലാക്കാനാകാത്ത ഊരാക്കുടുക്കിൽ വായനക്കാർ അകപ്പെടുന്നു. നോവലിലെ കഥാപാത്രങ്ങളും നോവലിസ്റ്റും ജീവിതത്തിലെ കഥാപാത്രങ്ങളോടൊപ്പം പ്രത്യക്ഷപ്പെടുന്നു. സുഭാഷ്ചന്ദ്രന് ഈ നോവലിൽ എഴുത്തുകാരനായ കഥാപാത്രമായി പ്രത്യക്ഷപ്പെടുന്നുണ്ട്. വിചിത്രമായ സങ്കല്പങ്ങൾ സൃഷ്ടിക്കുകയും വാസ്തവത്തേക്കാൾ വാസ്തവികമായി അതിനെ മനസ്സിൽ കൊണ്ടു നടക്കുകയും ചെയ്യുന്ന മനോനിലയാണ് തന്റേതെന്ന് നോവലിസ്റ്റ് പറയുന്നു. എഴുത്തുകാരന്റെ ഉള്ളിലെ എഴുത്തിനെക്കുറിച്ചുള്ള ചിന്താധാരകൾ നോവലിൽ പലയിടങ്ങളിലും കടന്നുവരുന്നുണ്ട്. എപ്പോഴാണ് എഴുതുന്നതെന്ന് ഒരെഴുത്തുകാരനോട് ചോദിക്കുന്നത്, എപ്പോഴാണ് വളരുന്നതെന്ന് മരത്തോട് ചോദിക്കുന്നത്, പോലെയാണ് എന്ന് സമുദ്രശിലയിൽ പറയുന്നുണ്ട്. സൃഷ്ടിയാണ് പ്രധാനം സ്രഷ്ടാവല്ല എന്നും അദ്ദേഹം നോവലിൽ ഊന്നിപറയുന്നു. വായനക്കാരെ നോവലിസ്റ്റ് വിമർശിക്കുന്നതിങ്ങനെയാണ്. നിങ്ങൾക്ക് വേഗം പുറങ്ങൾ മറിക്കണം, പുസ്തകം വായിച്ചുതീർത്തെന്നു വരുത്തിയിട്ട് എഴുത്തുകാരനെ പുകഴ്ത്താനോ, ഇകഴ്ത്താനോ കച്ചകൾ കെട്ടണം തന്റെ എഴുത്തിന്റെ സ്വാതന്ത്ര്യത്തെക്കുറിച്ച് നോവലിസ്റ്റ് പറയുന്നതിപ്രകാരമാണ് താൻ ഉള്ളത് ഉള്ളതുപോലെ പറയും, ആഗ്രഹിക്കുന്നത് ചെയ്യും, നിങ്ങൾ പൊറുത്താലും പൊറുത്തില്ലെങ്കിലും ദൈവസങ്കല്പ ത്തിന് നോവലിസ്റ്റ് നല്കുന്ന നിർവചനം പണ്ടെങ്ങോ മൺമറഞ്ഞു പോയ ഒരു പാവം കഥാകൃത്തിന് നല്കുന്ന ആദരമായാണ് . എഴുത്തുകാരുടെ സങ്കല്പങ്ങൾക്ക് സത്യത്തിന്റെയും സൗന്ദര്യത്തിന്റെയും അധികമാനമുണ്ടെന്നും പ്രളയവും ഭൂകമ്പവും പോലുള്ള പ്രതിഭാസങ്ങൾ പോലും എഴുത്തുകാരന്റെ വരുതിക്കു നില്ക്കുമെന്നദ്ദേഹം പറയുന്നു. ചുരുക്കത്തിൽ അതികഥയുടെ മാസ്മരികലോകം സമുദ്രശിലയിൽ ഇതൾവിരിയുന്നുണ്ട് എന്നതിൽ സംശയമില്ല. വ്യത്യസ്തകൃതികളുടെ ഇതിവൃത്തങ്ങളെ സ്വാംശീകരിക്കുന്ന പാസ്റ്റിഷ് സങ്കേതവും നോവലിൽ കാണാം.

രചന രചയിതാവിൽ നിന്ന് സ്വതന്ത്രമായിത്തീരുകയും വായനക്കാരിലൂടെ ജീവിക്കുകയും ചെയ്യണം എന്നുള്ളത് സുഭാഷ്ചന്ദ്രന്റെയും രചനോദ്ദേശ്യമാണ്. നോവൽ വായനക്കാരുടെ പൂരിപ്പിക്കലിലൂടെ സംഭവിക്കേണ്ടുന്ന ഒന്നാണ്. അതിൽ നോവലിസ്റ്റിന് സ്ഥാനമില്ല. രചയിതാവ് അപ്രസക്തമാകുന്ന സന്ദർഭങ്ങളും സമുദ്രശിലയിൽ കാണാം.

തിരസ്കൃത സ്വത്വങ്ങളുടെ ഉയിർത്തെഴുന്നേല്പ്പിനെ അംഗീകരിച്ചുകൊണ്ട് ദലിത്, പരിസ്ഥിതി, സ്ത്രൈണാനുഭവം എന്നീ സാഹിത്യധാരകളെ ഉത്തരാധുനികസാഹിത്യം മുന്നോട്ടുവയ്ക്കുന്നു. സമുദ്രശിലയിൽ സുഭാഷ് ചന്ദ്രൻ എന്ന എഴുത്തുകാരൻ തന്നിലെ സ്ത്രൈണത ഉണർത്തി അക്ഷരങ്ങളിലേക്ക് പകരുകയാണ് ചെയ്തത്. സ്ത്രീയാണ് പുരുഷനേക്കാൾ വലിയ മനുഷ്യൻ എന്ന് നോവലിസ്റ്റ് പറയുന്നു. സ്നേഹത്തിനുവേണ്ടി ഏതു തീയിലുമെരിയാൻ സന്നദ്ധമായ സ്ത്രീത്വത്തെ നോവലിലുടനീളം കാണാം. ശരീരത്തിനപ്പുറത്തുള്ള ഒരു സ്ത്രീയെ നോവലിൽ അനുഭവവേദ്യമാക്കിത്തരുന്നു. അംബയും നോവലിസ്റ്റും അത്ഭുതകരമായ വിധത്തിൽ രണ്ടു ശരീരത്തിലേയ്ക്ക് പകുത്തുപോയ ഒരൊറ്റ പ്രാണനാണ്. എന്നിലെ പുരുഷഭാവമാണ് നീ എന്നതുപോലെ നിന്നിലെ സ്ത്രീഭാവമാണ് ഞാൻ. നിന്റെ മഷിയിലൂടെ അനശ്വരയായിത്തീരുകയെന്നത് എന്റെ സന്തോഷമാണ് എന്ന് അംബയിലൂടെ എഴുത്തുകാരൻ പറയുന്നു. വെള്ളിയാങ്കല്ല് അംബയ്ക്ക് അതിജീവനരഹസ്യമാണ്. പരമമായ ഏകാന്തതയിൽ തന്നെ സ്നേഹിക്കുന്ന ഒരു യഥാർത്ഥ പുരുഷനുമൊത്ത് ഒരിത്തിരി നേരം ആ ഇത്തിരി നേരത്തിലാണ് അവളുടെ ജീവിതത്തിലെ മുഴുവൻ സ്വപ്നങ്ങളും സങ്കല്പവും നിറഞ്ഞു നില്ക്കുന്നത്. ഇണയ്ക്ക് അസുഖം വന്നാൽ സന്തതിയ്ക്ക് അസുഖം വന്നാൽ സുഖം എന്ന ഉപാധിയ്ക്ക് ഭംഗം വന്നതായി ഖേദിക്കുന്ന അതിനിന്ദ്യമായ സ്നേഹരാഹിത്യത്തെക്കുറിച്ചുള്ള സ്ത്രീപക്ഷചിന്തകൾ സമുദ്രശിലയിൽ കാണാം.

ഇലക്ട്രോണിക് സാങ്കേതികവിദ്യയുടെ ഫലമായുണ്ടായ മാധ്യമങ്ങളും ഇന്റർനെറ്റ് ശൃംഖലകളും ചേർന്ന് സൃഷ്ടിക്കുന്ന സൈബർസംസ്കാരം ഉത്തരാധുനികതയുടെ സവിശേഷതയാണ്. സൈബർ സ്പെയ്സ് (Cyber space) പ്രതീതി യാഥാർത്ഥ്യ(Virtual Reality) എന്നീ പദങ്ങൾ

ഇതുമായി ബന്ധപ്പെട്ട് ചർച്ച ചെയ്തു കാണുന്നു. കമ്പ്യൂട്ടർ നെറ്റ് വർക്കിൽ സ്ഥിതിചെയ്യുന്ന പ്രതീതിയായ ഒരിടം ആണ് സൈബർ സ്പെയ്സ് . ഒരു ഇന്റർനെറ്റ് മെറ്റഫർ എന്ന നില യിൽ ചർച്ച ചെയ്യുന്ന പ്രസ്തുത പദം കനേഡിയൻ ശാസ്ത്രകഥാകാരനായ വില്യം ഗിബ്സൺ 1982ൽ തന്റെ ബേണിംഗ് ക്രോം (Burning chrome) എന്ന കഥയിലും ന്യൂറോ മാൻസർ (Neuro Mancer, 1984) എന്ന ശാസ്ത്രനോവലിലും പ്രയോഗിച്ചിട്ടുണ്ട്. കമ്പ്യൂട്ടറുകൾ തമ്മിൽ ബന്ധിപ്പി ച്ചുള്ള മാധ്യമവിനിമയരീതിയിലൂടെ യാഥാർത്ഥ്യവും പ്രതീതിയാഥാർത്ഥ്യവും ഉളവാകുന്നു. ഇങ്ങനെയൊരു സംവിധാനത്തിൽ പരസ്പരം ബന്ധപ്പെടുന്നവരുടെ സ്ഥാനമോ ഭൗതികസ്വ ത്വമോ പ്രസക്തമല്ലാതെ വരുന്നു. അവർ തങ്ങളുടെ വ്യക്തിത്വം മറച്ചു പിടിക്കുന്നു. ദേശരാഷ്ട്ര ങ്ങളുടെ പരിധികളും പരിമിതികളും ഇവിടെ പ്രശ്നമാകുന്നില്ല. ഇന്റർനെറ്റ് മുഖേനയും കമ്പ്യൂട്ടർ ശൃംഖലകൾ വഴിയും മൊബൈൽ ഫോണിലൂടെയും രൂപപ്പെടുന്ന ആഗോളപരിസരം അയ ഥാർത്ഥ്യമായ യാഥാർത്ഥ്യത്തെ സൃഷ്ടിക്കുന്നു. ഇതിനെ വെർച്ച്വൽ റിയാലിറ്റി (പ്രതീതി യാ ഥാർത്ഥ്യം) എന്നു വിശേഷിപ്പിക്കുന്നു. പ്രതീതിയാഥാർത്ഥ്യത്തിന്റെയും സൈബർ സംസ്കാര ത്തിന്റെയും കടന്നുകറ്റം ജീവിതത്തിൽ സൃഷ്ടിക്കുന്ന പ്രത്യാഘാതങ്ങളും അതുമായി ബന്ധപ്പെ ട്ട അനുഭവങ്ങളും ഉത്തരാധുനിക പ്രവണതകളായാണ് കണക്കാക്കുന്നത്. സെറിബ്രൽ പാർ സി വിത്ത് ഓട്ടിസ്റ്റിക് ഡിസോർഡർ എന്ന രോഗത്തിനടമയായ അംബയുടെ മകന് അന ന്തപത്മനാഭൻ സൈബർ രതിശാലയായ ഈഡിപ്പസി ഡോട്ട് കോം നിരന്തരം കാണുന്നു എന്നു തിരിച്ചറിഞ്ഞ അംബയുടെ നടുക്കം അറിവുകളെല്ലാം വിരൽത്തുമ്പിൽ എന്ന അത്ഭുത ത്തിൽ നിന്ന് അറിയുക എന്ന വേദനയിലേക്ക് നാം എത്തപ്പെട്ടതിന്റെ തെളിവാണ്. വീട്ടി ലിരിക്കുന്ന കുഞ്ഞുങ്ങളിലേക്കുപോലും ലോകത്തിന്റെ മുഴുവൻ അഴുക്കുകളും വന്നിടിയുവാനുള്ള എല്ലാ സാധ്യതകളും നിലനില്ക്കുന്ന കാലത്താണ് നാം ജീവിക്കുന്നതെന്ന് നോവലിസ്റ്റ് കാട്ടി തരുന്നു. നോവലിസ്റ്റിന് അംബ അയയ്ക്കുന്ന മെയിലുകള് നോവലില് പ്രതീതിയഥാർത്ഥ്യത്തി ന്റെ അന്തരീക്ഷം സൃഷ്ടിക്കുന്നു.

പില്ക്കാല മുതലാളിത്തത്തിന്റെ സൃഷ്ടിയായ ഉത്തരാധുനികസമൂഹം കമ്പോളാധിഷ്ഠിതമാണ്. വിപണികേന്ദ്രീകൃതമായ കാഴ്ചപ്പാടുകൾക്കനുസൃതമായി മനുഷ്യനേട്ടങ്ങളെയെല്ലാം പരിവർ ത്തനപ്പെടുത്തുന്ന കാലഘട്ടത്തിന് നോവലിലെ സാമൂഹികാന്തരീക്ഷം തെളിവാണ്.

**ഉപദർശനം**

ഉത്തരാധുനികനോവൽ അനുഭവിക്കുന്ന കാലത്തിന്റെ ചില സൂചനകളെ പിടിച്ചെടു ക്കുകയും അതിനെ എഴുത്തിന്റെ മെറ്റഫർ ആയി ഉപയോഗിക്കുകയും ജീവിതത്തിന്റെ, അനു ഭവത്തിന്റെ എല്ലാ സൂചനകളെയും കട്ട് ചെയ്ത് ആഖ്യാനത്തിന്റെ പ്രതലത്തിൽ പോസ്റ്റ് ചെയ്യു കയുമാണ് ഇന്നത്തെ എഴുത്തുകാർ ചെയ്യുന്നത്. ആദിമധ്യാന്തപൊരുത്തമുള്ള നോവൽ സങ്ക ല്പത്തെ വെല്ലുവിളിക്കുന്ന ഉത്തരാധുനിക നോവലുകൾ ചരിത്രവും ജീവചരിത്രവും സിനിമയും അപസർപ്പകഘടകങ്ങളും ഫോട്ടോഗ്രാഫിയും പത്രവാർത്തകളും വൈജ്ഞാനികാന്വേഷ ണങ്ങളും ഡോക്യുമെന്ററികളും പരസ്യങ്ങളും ഭൂപടങ്ങളും ചേർന്നു സൃഷ്ടിക്കുന്ന സവിശേഷ മായ ഒരു കൊളാഷായി മാറിയിരിക്കുന്നു. നോവലിനുള്ളിലെ നോവലും നോവലിനുള്ളിലെ ആത്മകഥയും നോവലിനുള്ളിലെ നാടകവും ഇന്ന് സുലഭമാണ്. ഉത്തരാധുനിക നോവലിന് ഉത്തമനിദർശനമാണ് സുഭാഷ്ചന്ദ്രന്റെ സമുദ്രശില .

**ഗ്രന്ഥസൂചി**


1. അപ്പൻ. കെ.പി, 1987, ഉത്തരാധുനികത വർത്തമാനവും വംശാവലിയും, ഡി.സി. ബുക്സ്, കോട്ടയം
2. ഇ. വി. രാമകൃഷ്ണൻ, 2018, മലയാള നോവലിന്റെ ദേശകാലങ്ങൾ, മാതൃഭൂമി ബുക്സ്.
3. എഡിറ്റർ - പി.കെ. രാജശേഖരൻ, 2002, ഭാവനാതീതം മലയാളത്തിലെ സൈബർ കഥ കൾ, ഡി.സി. ബുക്സ്.

4. എഡിറ്റേഴ്സ് - ഡോ: കുമാർ. ജെ, ഡോ: കെ. ഷിജൂ, 2016, ആധുനികാനന്തരമലയാള നോവൽ, മാളൂബൻ പ്രസിദ്ധീകരണം.
5. ഡോ: കെ. ശ്രീകുമാർ, 2017, നവനോവൽ വസന്തം, പൂർണ പബ്ലിക്കേഷൻ.
6. ഷാജി ജേക്കബ്, 2018, ആധുനികാന്തരമലയാള നോവൽ, വിപണി, കല, പ്രത്യയശാസ്ത്രം, കേരള ഭാഷ ഇൻസ്റ്റിറ്റ്യൂട്ട്.
7. സുഭാഷ്ചന്ദ്രൻ, 2019, സമുദ്രശില, മാതൃഭൂമി ബുക്സ്.

sumaadwaid@gmail.com

# ജനകീയതയും പ്രണയവും കാല്പനികതയും മാപ്പിളപ്പാട്ടുകളിൽ

**ഡോ. ദീപ എസ്. എസ്.**
അസിസ്റ്റന്റ് പ്രൊഫസർ, മലയാളവിഭാഗം,
ഗവൺമെന്റ് കോളേജ്, നെടുമങ്ങാട്

**പ്രബന്ധസംഗ്രഹം**

മലയാളസാഹിത്യത്തിന്റെ പരീക്ഷണാത്മകവും സവിശേഷവുമായ ആവിഷ്കാരമാണ് മാപ്പിളപ്പാട്ടുകൾ. ഒരു കാലഘട്ടത്തിന്റെ സാമൂഹിക സാംസ്കാരിക സ്പന്ദനങ്ങളുടെ ചരിത്രം വിസ്തൃതിയിൽ ആവാതെ പിടിച്ചുനിർത്തിയത് മാപ്പിളപ്പാട്ടുകളാണ്. പുരോഗമനാത്മകവും ക്രിയാത്മകവുമായ ഒരു സാമൂഹികപരിസരം സൃഷ്ടിക്കുന്നതിൽ അവ വഹിച്ച പങ്ക് നിസ്തർക്കമാണ്. മാപ്പിളപ്പാട്ടുകൾ കേരളീയർക്ക് സുപരിചിതമാണ്, അവ ഏറെ ജനപ്രിയത കൈവരിച്ചിരിക്കുന്നു. മാപ്പിളപ്പാട്ട് എന്ന ഗാനശാഖയുടെ ഉത്ഭവത്തെക്കുറിച്ചും മലയാള സാഹിത്യത്തിൽ മാപ്പിളപ്പാട്ടിന്റെ സ്ഥാനത്തെക്കുറിച്ചും കേരളത്തിന്റെ ചരിത്രത്തിലും സംസ്കാരത്തിലും ഭാഷയിലും മാപ്പിളപ്പാട്ടിന്റെ സ്വാധീനത്തെക്കുറിച്ചുമുള്ള വിശകലനമാണ് ഈ പഠനം. മാപ്പിളപ്പാട്ടിന്റെ ജനകീയവത്കരണം കൂടി ലേഖനത്തിൽ പ്രതിപാദ്യമാകുന്നു.

**താക്കോൽവാക്കുകൾ**

ജനകീയം, ഭാഷാവഴക്കം, ഗാനാത്മകത, കാല്പനികത, പ്രാസനിബദ്ധം, ഇശലുകൾ, ദൃശ്യപരത

**ച**രിത്രബോധവും സാമൂഹിക അനുഭവങ്ങളും ചേർന്ന് മനുഷ്യനിൽ രൂപപ്പെടുന്ന സവിശേഷമായ സാംസ്കാരിക അനുഭവമാണ് മാപ്പിളപ്പാട്ട് എന്ന കലാരൂപം പ്രദാനം ചെയ്യുന്നത്. പ്രത്യേകിച്ച് കേരളത്തിലെ മുസ്ലീങ്ങളുടെ അനുഭവങ്ങളെ ഭാവനാത്മകമായി സംഗീതാത്മകമായി ആവിഷ്കരിക്കുന്നവയാണ് മാപ്പിളപ്പാട്ടുകൾ. ഭാഷയും സംസ്കാരജീവിതവും അറിവും നിഷേധിക്കപ്പെട്ട, കേരളത്തിന്റെ പൊതുമണ്ഡലത്തിൽ വേണ്ടത്ര ദൃശ്യപരത ലഭിക്കാത്ത, ഒരു ജനവർഗ്ഗത്തിന്റെ-മുസ്ലിം മധ്യവർഗ്ഗത്തിന്റെയും കീഴാളവർഗ്ഗത്തിന്റെയും ജൈവസംസ്കാരത്തെ സാഹിത്യത്തിലേക്ക് കൂട്ടിക്കൊണ്ടുവന്ന് പ്രതിഷ്ഠിക്കുകയാണ് മാപ്പിളപ്പാട്ട് രചയിതാക്കൾ ചെയ്തത്. പരിമിതമായ ബോധമണ്ഡലവും വൈകാരികഘടനയിലും കാഴ്ചപ്പാടിലും ആവിഷ്കരിച്ച് അനശ്വരമാക്കിതീർത്തതിൽ മാപ്പിളപ്പാട്ട് രചയിതാക്കളുടെ സ്ഥാനം വളരെ പ്രധാനപ്പെട്ടതാണ്. ഒരധ്വാനവർഗ്ഗ സമൂഹത്തിന്റെ ആശയാഭിലാഷങ്ങളുടെയും ഭഗ്നപ്രതീക്ഷകളുടെ

യും പ്രതിനിധീകരണം മാപ്പിളപ്പാട്ട് സാഹിത്യത്തിന്റെ ഒരന്തർധാരയായി കാണാൻ കഴിയും.

**ജനകീയതയും സാഹിത്യവും**

ജനങ്ങളെ സംബന്ധിച്ചതാണ് ജനകീയത (ശബ്ദതാരാവലി - ശ്രീകണ്ഠേശ്വരം പദ്മനാഭ പിള്ള). ജനസമൂഹത്തിന്റെ പ്രതീക്ഷകളും ആഗ്രഹങ്ങളും അനുഭവലോകങ്ങളും സാഹിത്യ കൃതികളിൽ ആവിഷ്കരിക്കുമ്പോഴാണ് ജനകീയസാഹിത്യം ഉടലെടുക്കുന്നത്. വാക്കുകളിലൂടെയും ശബ്ദങ്ങളിലൂടെയും സമകാല സംസ്കാര നിരീക്ഷണങ്ങളിലൂടയും ആത്യന്തികമായി സമന്വയിച്ചെത്തുന്ന സാഹിത്യത്തിന്റെ ബഹുതലത്തിലുള്ള പ്രചാരണം വഴി ജനകീയത സംഭവിക്കുന്നു. ജനകീയതയെ പ്രത്യയശാസ്ത്രപരമായല്ല മനസ്സിലാക്കേണ്ടത് ജനപ്രിയതയിലൂടെ മനസ്സി ലാക്കണം. അത് വസ്തുനിഷ്ഠവും ആത്മനിഷ്ഠവുമാണ്. പച്ചയായ ജീവിതാനു ഭവങ്ങളെ ഭാഷയിലൂടെ സംവേദനം ചെയ്യുമ്പോഴാണ് ജനകീയമാകുന്നത്. കേട്ടും വായിച്ചും എളുപ്പത്തിൽ ഹൃദിസ്ഥമാക്കാം എന്നതായിരുന്നു ജനകീയതയുടെ ഒരു വിജയരഹസ്യം. മാപ്പിളപ്പാട്ടുകൾ അത്തരത്തിൽ പ്രചുര പ്രചാരങ്ങളായവയാണ്.

**മാപ്പിളപ്പാട്ടുകളുടെ വളർച്ചയും പ്രത്യയശാസ്ത്രവും**

കേരളക്കരയിൽ കച്ചവടത്തിനായി എത്തിച്ചേർന്ന അറബികൾ ഇസ്ലാം മതത്തിന്റെ വിത്ത് പാകിയതിനെത്തുടർന്നാണ് മതപ്രചരണത്തിനായി തദ്ദേശീയ ഭാഷയ്ക്ക് അനുയോജ്യമായ അറബിലിപികൾ ഉപയോഗിച്ചു തുടങ്ങുന്നത്. ഇങ്ങനെ രൂപപ്പെട്ട അറബി മലയാളം ലിപി ഉപയോഗിച്ച് കേരളത്തിലെ മുസ്ലിം വിഭാഗങ്ങൾ അവരുടെ ആത്മാവിഷ്കാരങ്ങൾ അവതരിപ്പിച്ചതിലൂടെ അറബിമലയാള സാഹിത്യം ഉടലെടുത്തു.

അറബി മലയാളസാഹിത്യത്തിലെ പദ്യശാഖയാണ് മാപ്പിളപ്പാട്ട്. മലയാളത്തിലെ ഏറ്റവും വിപുലമായ ഈ ഗാനശാഖയിൽ അതുണ്ടായ കാലത്തിന്റെ സ്പന്ദനങ്ങൾ കാണാം. മാപ്പിളമാരുടെ തനത് സംസ്കാരമുൾക്കൊള്ളുന്ന മാപ്പിളപ്പാട്ടുകൾ നാടോടിവിജ്ഞാനീയത്തിന് അമൂല്യമായ സമ്പത്താണ്. താളപ്രധാനവും പ്രാസനിബദ്ധവുമായ മാപ്പിളപ്പാട്ടുകളിൽ മുസ്ലീം ജനവിഭാഗത്തിന്റെ ആചാരാനുഷ്ഠാനങ്ങളും ജീവിതശൈലിയും സംസാരഭാഷയും ഇഴചേർന്നി രിക്കുന്നു. ഗാനാത്മ കതയാണ് മാപ്പിളപ്പാട്ടുകളുടെ സത്ത. ഇശലുകളാണ് ഈ ഗാനാത്മകതയുടെ അടിത്തറ. ദ്രാവിഡ കാവ്യസംസ്കാരത്തോടും അറബി നാടോടിഗാനങ്ങളോടും ബന്ധമുള്ള നിരവധി ഇശലുകൾ മാപ്പിളപ്പാട്ടുകിൽ കാണാൻ സാധിക്കുന്നുണ്ട്. ദ്രാവിഡവൃത്തത്തിലുള്ള ഗീതങ്ങളുടെ അനുകരണമാണ് മാപ്പിളപ്പാട്ടുകളെന്ന് അവയെ വിശകലനവിധേയമാക്കുമ്പോൾ കാണാം. പരിചമുട്ടുകളി, കോൽക്കളി, ഐവർകളി എന്നിവയുടെ സ്വാധീനം മാപ്പിളപ്പാട്ടുകളിൽ പ്രകടമാണ്. എന്നാൽ മാപ്പിളപ്പാട്ടുകൾക്ക് തനതായ ഈണമുണ്ടെന്നത് സ്പഷ്ടമാകുന്നു.

കമ്പി, കഴുത്ത്, വാൽകമ്പി, വാലുമ്മൽക്കമ്പി, എന്നിങ്ങനെയുള്ള പ്രാസ വ്യവസ്ഥ കൂടി മാപ്പിളപ്പാട്ടിനുണ്ട്, ഇതിന്റെയും അടിസ്ഥാനം ദ്രാവിഡപാരമ്പര്യം തന്നെയാണ്. കമ്പി-പാട്ടിലെ 'മോന' അഥവാ ആദ്യാക്ഷരപ്രാസവും കഴുത്ത്-നാലടിയിലും രണ്ടാമത്തെ അക്ഷരം സമാനമാവുക എന്നത് പാട്ടിലെ 'എതുക' (ദ്വിതിയാക്ഷര പ്രാസത്തിനുതുല്യം)യ്ക്ക് തുല്യവുമാണ്. വാൽകമ്പി അന്ത്യാക്ഷര പ്രാസവും, വാലുമ്മൽകമ്പി അന്താദിപ്രാസവുമാണ്. ഭാഷയിലെ പാട്ടുപാരമ്പര്യം മാപ്പിളപ്പാട്ടിന്റെ പാരമ്പര്യവുമായി ഇഴചേരുന്നതിന്റെ ദൃഷ്ടാന്തങ്ങളാണിവയൊക്കെയെന്ന് മനസ്സിലാക്കാം.

ഇരുപതാംനൂറ്റാണ്ടിന്റെ അർദ്ധശതകം വരെ വളരെ കുറഞ്ഞതോതിൽ മാത്രം സാക്ഷരതയുണ്ടായിരുന്ന കേരളത്തിൽ പ്രത്യേകിച്ച് മുസ്ലിംസമുദായത്തിൽ മാപ്പിളപ്പാട്ട് രചയിതാക്കളുടെ കൃതികളും വളരെ പരിമിതമായിരുന്നു. കേട്ടുപഠിക്കാൻ കഴിയുന്ന മാപ്പിളപ്പാട്ടുകൾ ജനപ്രിയ വിനോദോപാധികൾ ആയിരുന്നു. ഈ ജനകീയ സാഹിത്യത്തിന് സാമാന്യ ജനങ്ങളിലേക്ക് ഇറങ്ങിച്ചെന്ന് വലിയ ആസ്വാദകവൃന്ദത്തെ സൃഷ്ടിക്കാൻ കഴിഞ്ഞതും അതുകൊണ്ടാണ്. സാമാന്യ ജനജീവിതത്തെ ആവിഷ്കരിക്കുന്ന പ്രമേയ പരിചരണംകൊണ്ടും ആവിഷ്കാര രീതികൊണ്ടും ആദ്യകാലം മുതൽക്കേ മാപ്പിളപ്പാട്ടുകൾ ജനങ്ങളോട് അടുത്തു നിൽക്കുന്നവയാണ്.

നവോത്ഥാനസാഹിത്യത്തിനും സോഷ്യലിസ്റ്റ് റിയലിസത്തിനും സമാന്തരമായാണ് ജനപ്രിയസാഹിത്യമായ മാപ്പിളപ്പാട്ടുകൾ വ്യാപകമായിത്തീർന്നത്. മലയാളികളുടെ ആസ്വാദനപരതയെ പരിപോഷിപ്പിക്കുന്നതിനും വളർത്തുന്നതിനും മാപ്പിളപ്പാട്ടുകൾക്ക് വലിയ പങ്കുണ്ടാ യിരുന്നു. ഭൂമിശാസ്ത്രപരമായി നോക്കുമ്പോൾ കേരളത്തിലെ തീരപ്രദേശങ്ങളിലെയും മലബാറിലെയും തൊഴിലാളി ബഹുജനസംസ്കാരമാണ് മാപ്പിളപ്പാട്ടുകളെയും അതിന്റെ സാഹിത്യപരതയെയും സ്വാധീനിച്ചത്. എന്നാൽ അധ്വാനവർഗ്ഗത്തിന്റെ ഭാഗമായിരിക്കെത്തന്നെ, പൊതുധാരാ എഴുത്തുകാരാൽ അവഗണിക്കപ്പെട്ടുപോയ ഒരു ജനവിഭാഗത്തിന്റെ സംസ്കാരവും ജീവിതവും അനുഭവങ്ങളുമാണ് പൊതുവിൽ ആദ്യകാല മാപ്പിളപ്പാട്ടിന്റെ ആന്തരിക ഭൂപടത്തെ നിർണയിച്ചത്. തീരദേശ ജനവിഭാഗങ്ങളുടെയും ഇടനാടൻ കച്ചവട സമൂഹത്തിന്റെയും സ്വത്വാവിർഭാവങ്ങളായിരുന്നു എഴുപത്-എൺപതുകളിലെ മാപ്പിളപ്പാട്ട് സാഹിത്യം. മലബാറിലെയും മധ്യകേരളത്തിലെയും മുസ്ലിം ജീവിതം, കേരളത്തിൽ പുതുതായി രൂപപ്പെട്ടു വന്നുകൊണ്ടിരുന്ന മദ്ധ്യവർഗ്ഗസംസ്കാരം, ഭൂപരിഷ്കരണത്തെ തുടർന്ന് ഉദയംകൊണ്ട പുതിയ ഭൂവുടമകളും കീഴാളവർഗ്ഗങ്ങളും തമ്മിലുള്ള സംഘർഷസമന്വയങ്ങൾ, അനുകൂല സാഹചര്യങ്ങൾ കണ്ടെത്താൻവേണ്ടിയുള്ള ആപൽക്കരമായ ജീവിതത്വര, ജോലി തേടിയുള്ള പ്രവാസാന്വേഷണങ്ങൾ ഇതൊക്കെയായിരുന്ന എഴുപത്-എൺപതുകളിൽ വളർന്നുവന്ന ജനപ്രിയസാഹിത്യമായ മാപ്പിളപ്പാട്ടിന് പ്രചോദനമേകിയ സാമൂഹികസാഹചര്യങ്ങൾ. പൊതുവിൽ വരേണ്യജീവിത സംസ്കാരത്തിന്റെ ഭാഗമായി നിലനിന്നിരുന്ന മലയാളസാഹിത്യത്തിലേക്ക് മാപ്പിളപ്പാട്ട് സാഹിത്യം കടന്നുവന്നെങ്കിലും കേരളീയജീവിതത്തിന്റെ നേർക്കാഴ്ചയായി അവയെ വികസിപ്പിക്കാൻ കഴിഞ്ഞിരുന്നില്ല. പൊതുവിൽ കുലീന ജാതി സംസ്കാരത്തിന്റെ ഉപരി-മദ്ധ്യവർഗ്ഗ പൊങ്ങച്ചങ്ങളോ പ്രതിസന്ധികളോ ബൗദ്ധികസമസ്യകളോ ഒന്നും ആഴത്തിൽ ബാധിക്കാതെ കിടന്നിരുന്ന മദ്ധ്യകേരളത്തിലേയും മലബാറിലേയും മുസ്ലിം പിന്നാക്കവിഭാഗങ്ങളുടെ ജീവിതം വരേണ്യസാഹിത്യത്തിൽ പ്രതിനിധീകരിക്കപ്പെട്ടിരുന്നില്ല. അത്തരക്കാരുടെ ജീവിതമായിരുന്ന ആദ്യകാല മാപ്പിളപ്പാട്ടിലെ പ്രമേയം. കേവലാനന്ദത്തിന്റെയോ ദാർശനിക പ്രതിസന്ധികളുടെയോ മുഖാവരണമില്ലാതെ ജീവിച്ചിരുന്ന പ്രായോഗികമതികളുടെ ജീവിതവും അനുഭവങ്ങളുടെ ദർശനവും മാപ്പിള പ്പാട്ട് രചനകളുടെ പിന്നിലുണ്ടായിരുന്നു.

**പ്രണയവും കാല്പനികതയും**

ഭക്തിപ്രസ്ഥാനകാലഘട്ടത്തിൽ ഭക്തിയെ ഔഷധമായി മധ്യകാലസമൂഹം സങ്കൽപ്പിച്ചപ്പോൾ ആധുനിക മനുഷ്യൻ പ്രണയത്തെ ഒരു ഔഷധമായി സങ്കൽപ്പിച്ചു. പ്രണയവും ലൈംഗികതയും അത്രയൊന്നും നിഷിദ്ധമായ സമൂഹമായിരുന്നില്ല മധ്യകാലത്തിലേതെന്ന് ഫൂക്കോ നിരീക്ഷിച്ചിട്ടുണ്ട്. എന്നാൽ മുതലാളിത്തത്തിന്റെ ആവിർഭാവത്തോടെ ശക്തമായ ലൈംഗിക അടിച്ചമർത്തലുകളും സദാചാരനാട്യങ്ങളും ഉണ്ടായി. അതിനാൽ പലവിധേന അടിച്ചമർത്തപ്പെട്ട സ്വാഭാവിക ലൈംഗികഅഭിലാഷങ്ങളുടെ ഉദാത്തീകരണം എന്ന നിലയിലാണ് പ്രണയം എന്ന സങ്കല്പനം ആധുനികകാലത്ത് വ്യാപകമായി തീർന്നത്. കാല്പനിക പ്രസ്ഥാനം ഉണ്ടാകുന്നത് അങ്ങനെയാണ്. ലൈംഗികതയെ വിശദീകരിക്കുന്ന ഒരു കർമ്മശാസ്ത്രം പ്രണയം മുന്നോട്ടുവയ്ക്കുകയും,കാല്പനികതയുടെയും റൊമാൻസ് കൃതി കളുടെയും ഉദയം ഉണ്ടാവുകയും ചെയ്തത് ഈ പശ്ചാത്തലത്തിലാണ്. മാപ്പിളപ്പാട്ട് സാഹിത്യത്തിനും അതിൻറെ പ്രതിഫലനമുണ്ടായി. തീവ്രമായ പ്രണയത്തിന്റെ വിജയകരമായ പര്യവസാനമാണ് ബദറുൽ മുനീർ ഹുസ്നുൽ ജമാൽ അവതരിപ്പിക്കുന്നത്. കാൽപനികർ മുന്നോട്ട് വച്ച പ്ലേറ്റോണിക് പ്രണയസങ്കല്പത്തിന്റെ ഉത്തമ ഉദാഹരണമാണ് ഈ മാപ്പിളപ്പാട്ട് കൃതി. എന്നാൽ ഇതുപോലെ തീവ്രമായ ഒരു പ്രണയകാവ്യം മൊയീൻകുട്ടി വൈദ്യർ തുടർന്നെഴുതുകയുണ്ടായില്ല. ഇപ്രകാരം യുവതി പ്രണയസാഫല്യത്തിന് പോരാടുന്ന കാവ്യമെഴുതിയതിന് ശാസിക്കപ്പെടുന്ന അവസ്ഥ എഴുത്തുകാരന് വന്നുചേർന്നുവെന്ന് എം.എൻ. കാരശ്ശേരി ഒരു ലേഖനത്തിൽ (സ്വാതന്ത്ര്യത്തിന്റെ പാട്ടുകാരൻ) പ്രസ്താവിക്കുന്നുണ്ട് എന്നത് ശ്രദ്ധേയമാണ്. മുസ്ലിം മതദർശനത്തെയും അതിന്റെ പ്രത്യയശാസ്ത്രവിവക്ഷ കളേയും ഒരു പവിത്രസങ്കല്പമായി വീക്ഷിച്ച് മുസ്ലിം ജീവിതത്തെ ആവിഷ്കരിക്കാനിറങ്ങിപ്പുറപ്പെട്ട മോയിൻകുട്ടി വൈദ്യർക്കാകട്ടെ അംഗീകാരം

ലഭിച്ചതുമില്ല അദ്ദേഹത്തിന്റെ സാഹിത്യത്തിനും സാംസ്കാരിക പ്രവർത്തനത്തിന് എതിരെ ഏറ്റവും ശക്തമായ തരത്തിലുള്ള വെല്ലുവിളികൾ നേരിടേണ്ടിയും വന്നു. മോയിൻകുട്ടി വൈദ്യരുടെ മറ്റ് പ്രധാന കൃതികൾ ബദർപട, ഹിജറ എന്നീ മഹാകാവ്യങ്ങളും, കിളത്തിമാല, എലിപ്പട തുടങ്ങിയ ഖണ്ഡകാവ്യങ്ങളുമാണ്. ഭക്തി പ്രധാനമായ ഇതിവൃത്തത്തിൽനിന്നും പ്രണയത്തിലേക്കുള്ള മാറ്റം മാപ്പിളപ്പാട്ടുകളിൽ വന്നു തുടങ്ങിയത് മോയിൻകുട്ടി വൈദ്യരുടെ കൃതികളിലൂടെയാണ് എന്നത് ശ്രദ്ധേയമാണ്.

ടി. ഉബൈദാണ് മാപ്പിളപ്പാട്ടിനെ ഏറെ ജനകീയമാക്കിയത്. മുസ്ലീം ജനതയ്ക്കിടയിൽ മാത്രം പ്രചാരത്തിലുണ്ടായിരുന്ന മാപ്പിളപ്പാട്ടിനെ പൊതുസമൂഹത്തിലേക്കെത്തിച്ചത് ഉബൈദിന്റെ പ്രസംഗത്തിലൂടെയാണ്.പിന്നീട് ധാരാളം മാപ്പിളപ്പാട്ടുകൾ മത്സരങ്ങൾക്കായി രചിക്കുകയും കോൽക്കളി, ദഫ്മുട്ട് എന്നിവ ഏറെ ശ്രദ്ധിക്കപ്പെടുകയും ചെയ്യുകയുണ്ടായി. ചേറ്റുവ പരീക്കുട്ടി, ചാക്കീരി മൊയതീൻകുട്ടി, പുലിക്കോട്ടിൽ ഹൈദർ, നല്ലളം ബീരാൻ തുടങ്ങിയവർ മാപ്പിളപ്പാട്ട് സാഹിത്യത്തിന് കാര്യമായ സംഭാവനകൾ നൽകിയ പ്രമുഖരാണ്. ഒ. അബു, പുന്നയൂർക്കുളം വി. ബാപ്പു എന്നിവരും മാപ്പിളപ്പാട്ടിന്റെ മികവു വെളിച്ചത്തുകൊണ്ടുവരുന്നതിന് യത്നിച്ചവരാണ്. പി.കെ. ഹലീമ, വി. ആയിശക്കുട്ടി, കുണ്ടിൽ കുഞ്ഞാമിന തുടങ്ങിയ വനിതകളും പാട്ടുകൾ എഴുതി പ്രസിദ്ധരായവരാണ്.

1960കളിൽ മാപ്പിളപ്പാട്ടുകൾക്ക് വമ്പിച്ച പ്രചാരം നേടുകയും അവതരിപ്പിച്ചവരിൽ മാറ്റമുണ്ടാവുകയും ചെയ്തു. ഇത് അവതരിപ്പിക്കുന്നതിനായി പ്രത്യേകം ഗായകസംഘങ്ങളുണ്ടാവുകയും പ്രൊഫഷണൽ സ്വഭാവം കൈവരിക്കുകയും ചെയ്തു. താളാത്മകമായ പദമേളനവും ആപാദമധുരമായ ഗാനരീതിയുമുള്ള മാപ്പിളപ്പാട്ട് മലയാള സിനിമാഗാനശാഖക്കും കാര്യമായ സംഭാവനകൾ നൽകിയിട്ടുണ്ട്. മാപ്പിളപ്പാട്ടുകളെ ജനാധിപത്യവത്കരിക്കുന്നതിൽ വി.എം കുട്ടിയെപ്പോലുള്ളവർ വഹിച്ച പങ്ക് വളരെ വലുതാണ്. യുവജനോത്സവങ്ങളിലും ചാനലുകളുടെ സംഗീത പരിപാടികളിലും മുഖ്യയിനമായതോടെ കേരളത്തിലുടനീളം മാപ്പിളപ്പാട്ടുകൾ പ്രചരിക്കുകയും അങ്ങനെ മാപ്പിളപ്പാട്ടുകൾ മലയാളമനസ്സുകളിൽ നിറസ്സാന്നിധ്യമായി മാറുന്നുവെന്ന് നിസ്സംശയം പറയാനാകും.

**മാപ്പിളപ്പാട്ടിലെ ഭാഷാവഴക്കം ജനകീയതയും**

അറബി മലയാള ലിപിയിലാണ് മാപ്പിളപ്പാട്ടുകളുടെ രചന നിർവഹിച്ചിരിക്കുന്നത്. മാപ്പിളപ്പാട്ടിൽ കാണുന്ന ഭാഷ സങ്കരമായിരുന്നു. അറബി കൂടാതെ ഉറുദു, പേർഷ്യൻ, തമിഴ്, കന്നട, തുളു, തെലുങ്ക് ഭാഷകളും അവയിൽ കലർന്നിരുന്നു. ഇവ മലയാളവുമായി മാപ്പിളപ്പാട്ടുകളിൽ ഇഴചേർന്നു. ഇതിന്റെ ദുർഗ്രഹത ഒഴിവാക്കുന്നതിന് പള്ളിയിലും പൊതുസ്ഥലങ്ങളിലുമായി പടപ്പാട്ടുകൾ, കെസ്സു പാട്ടുകൾ എന്നിവയിലൂടെ മാപ്പിളപ്പാട്ടുകൾ പ്രചാരം നേടി. ഇവയുടെ ഇതിവൃത്തം മതാത്മകവും അനുഷ്ഠാനപരവുമായിരുന്നു.

മാപ്പിളപ്പാട്ടിന്റെ ഉത്ഭവകാലം പതിനേഴാംനൂറ്റാണ്ടാണെന്ന് കരുതപ്പെടുന്നു. കാലം കൃത്യമായി രേഖപ്പെടുത്തിയ, അറബി മലയാളസാഹിത്യത്തിലെ പ്രഥമ കൃതിയായ 'മുഹ്‌യുദ്ദീൻ മാല' കോഴിക്കോട് സ്വദേശിയായ ഖാസി മുഹമ്മദ്ദിന്റെ രചനയാണ്. അറബി മലയാളത്തിൽ വിരചിതമായ ആദ്യത്തെ മാപ്പിളപ്പാട്ട് കൃതിയും ഇതുതന്നെയാണ്. ക്രി.വ. 1077-1165 കാലയളവിൽ ബാഗ്ദാദിൽ ജീവിച്ച ശൈഖ് മുഹിയുദ്ദീൻ അബ്ദുൽ ഖാദിർ ജീലാനി എന്ന സൂഫി ശ്രേഷ്ഠന്റെ അപദാനങ്ങൾ വാഴ്ത്തുന്നതാണ് ഈ കാവ്യം. ഗഹനമായ ആശയങ്ങൾ അതീവ ലളിതമായ ഭാഷയിലും ഹൃദ്യമായ ഇശലിലും ആവിഷ്കരിച്ചിരിക്കുന്ന കൃതിയാണ് മുഹ്‌യുദ്ദീൻ മാല. ഇതിന്റെ ജനപ്രിയതയ്ക്ക് കാരണവും ഇതുതന്നെയാണ്.

"അറിവും നിലയും അതേതും ഇല്ലാത്തോർക്ക്
അറിവും നിലയും നിറയെ കൊടുത്തോവർ
നിലയും അറിവും അതൊക്കെയുംഉള്ളോരെ
നിലയും അറിവും പറിച്ചു കളഞ്ഞോവർ
നില ഏറെ കാട്ടി നടന്നോരു ശൈഖിനെ

നിലത്തിന്റെ താഴെ നടത്തിച്ച വച്ചോവർ
ഉണർച്ചയിൽ ഉണ്ടാകാൻ പോകുന്ന ദോഷത്തെ
ഉറക്കിൽ കനിവാക്കി കാട്ടിക്കൊടുത്തോവർ"1

ഇത്തരത്തിലുള്ള ജീവിതാവസ്ഥകൾ സാധാരണ വ്യവഹാരഭാഷയിൽ തന്നെ ആവിഷ്ക്കരിക്കാൻ കഴിയുന്നത് കവി വച്ചുപുലർത്തുന്ന സങ്കല്പങ്ങളുടെ പിൻബലത്താലാണ്. തെളിമയും ലാളിത്യവുമുള്ള നാടൻപദങ്ങളുടെ ചേരുവകളിലൂടെ സാധാരണക്കാരുടെ അനുഭവങ്ങളെ മാപ്പിളപ്പാട്ടുകളിലേക്ക് ആവഹിക്കുന്നു. ലളിതമായ ഭാഷയിൽ സാധാരണ ജീവിതങ്ങളെ വരച്ചിടുന്ന മാപ്പിളപ്പാട്ട് രചയിതാക്കൾ യാഥാസ്ഥിതിക ധാരണകളെതന്നെ തിരുത്തുകയാണ് ഉണ്ടായത്. മാപ്പിളപ്പാട്ടുകൾ സ്വാഭാവികജീവിതത്തിന്റെ പ്രത്യക്ഷവല്ക്കരണമാണെന്നും നിഗൂഢമായ അനുഭവാവിഷ്കാരമല്ലെന്നും ഈ പാട്ട് നമ്മെ ബോധ്യപ്പെടുത്തുന്നു.

1607 ൽ എഴുതപ്പെട്ട മുഹ്യുദ്ദീൻ മാലയ്ക്കുശേഷം 130 കൊല്ലങ്ങളോളം മറ്റു മാപ്പിളപ്പാട്ട് കൃതികളുണ്ടായതായി അറിവില്ല. കുഞ്ഞായിൻ മുസ്ലിയാരുടെ 'കപ്പപ്പാട്ട്' മാപ്പിളസാഹിത്യത്തിലെ ആദ്യകാലകൃതികളിൽ പ്രമുഖമാണ്. സാമൂതിരിപ്പാടിന്റെ കൊട്ടാരം വിദൂഷകനും മങ്ങാട്ടച്ചന്റെ സുഹൃത്തും തത്ത്വജ്ഞാനിയും ആയിരുന്ന മുസ്ലിയാർ പതിനെട്ടാംനൂറ്റാണ്ടിൽ ജീവിച്ചിരുന്നതായി കരുതപ്പെടുന്നു. മനുഷ്യശരീരത്തെ ജീവിതസാഗരത്തിൽ സഞ്ചരിക്കുന്ന ഒരു കപ്പലായി നിരൂപണം ചെയ്ത് എഴുതിയ കപ്പപ്പാട്ട് സുന്ദരമായ കാവ്യമാണ്.

'വാലോകം ഉണ്ടായി ഒരുവതും ഒന്നും
വാടാതെ കൊല്ലാശി നൂറെട്ടുവേറെ
യേലിൽ ഇരുഭാഗം ചിന്തയും രണ്ട്
യെന്നും നാലാറ് നൂറായിരം അഞ്ചൽ
വേലക്കളുടെമാർ മൂന്നാറിൽ മിഞ്ചും
വേറെ ഒരു പാതാറെണ്ണകിലുണ്ട്
ചൂളാതെ അമരപ്പണി ബിച്ചചൊൽവാൻ' 2

മനുഷ്യക്കപ്പൽ ശരിയായ മാർഗത്തിലൂടെ ചരിക്കാൻ അനിവാര്യമായ കർമ്മാനുഷ്ഠാനങ്ങളാണ് ഇതിൽ വിവരിക്കുന്നത്. പാട്ടിനുള്ളിൽ ഒളിപ്പിച്ചിരിക്കുന്ന അർത്ഥത്തിന്റെ നിഗൂഢതകളോ പ്രമേയത്തിന്റെ ദാർശനികമാനം നൽകുന്ന പൊള്ളയായ ചിന്താപരതയോ ഒന്നുമില്ലാതെ തന്നെ ഈ പാട്ട് സ്വയം വെളി പ്പെടുത്തുന്നു. നിത്യജീവിതത്തിലെ വ്യവഹാരങ്ങളാണ് ഈ ഭാഷയ്ക്ക് അടിസ്ഥാനം. കേരളീയമായ ജീവിതാവസ്ഥകളുടെ സന്നിവേശമാണ് മാപ്പിളപ്പാട്ടുകളിലെ ഭാഷയെ ജനജീവിതവുമായി ബന്ധപ്പെടുത്തുന്നത്.

'നൂൽമഹ്ദ് 'എന്ന കൃതിയാണ് ഇതിനുശേഷം രചിക്കപ്പെട്ടതായി കാണുന്നത്. മുസ്ലീം മതദർശനങ്ങളിലേക്ക് ആഴ്ന്നിറങ്ങുന്ന കൃതിയാണിത്. മാലപ്പാട്ടുകൾ (മുഹ്യുദ്ദീൻമാല), കത്തുപാട്ടുകൾ (മറിയക്കുട്ടിയുടെ കത്ത്,), ഒപ്പനപ്പാട്ടുകൾ (തശരീഫ് ), കിസ്സപ്പാട്ടുകൾ(ബദറുൽ മുനീർ), ലഘുകാവ്യങ്ങൾ (വെള്ളപ്പൊക്കമാല), പടപ്പാട്ടുകൾ, പ്രണയകാവ്യങ്ങൾ, കെസ്സുപ്പാട്ടുകൾ, കല്യാണപ്പാട്ടുകൾ തുടങ്ങി ഒട്ടേറെ പാട്ടുകൾ മാപ്പിളപ്പാട്ടു സാഹിത്യത്തിൽ ഉണ്ട്.

മാപ്പിളപ്പാട്ട് സാഹിത്യത്തിലെ കാളിദാസൻ എന്നറിയപ്പെടുന്ന മോയിൻകുട്ടി വൈദ്യരുടെ സംഭാവനകൾ ആണ് മാപ്പിളപ്പാട്ട് സാഹിത്യത്തിന് മിഴിവേകിയത്. അദ്ദേഹത്തിന്റെ ഏറ്റവും പ്രശസ്ത കൃതിയായ ബദറുൽ മുനീറും ഹുസ്നുൽ ജമാലും മലയാളസാഹിത്യത്തിൽ ചിരപ്രതിഷ്ഠ നേടിക്കൊണ്ട് ഒന്നരനൂറ്റാണ്ട് പിന്നിടുന്നത് മാപ്പിളപ്പാട്ട് എന്ന ഗാനശാഖയുടെ സ്വീകാര്യത യുടെയും സ്വാധീനത്തിന്റെയും ദൃഷ്ടാന്തമാണ്. ഈ കൃതിയിലെ പ്രണയജോഡികളെപ്പോലെ മലയാളസാഹിത്യത്തിൽ മറ്റൊരു ജോഡിയോ, ഇത്തരമൊരു പ്രണയകാവ്യം തന്നെയോ ഉണ്ടായിട്ടു ണ്ടോയെന്ന് സംശയിക്കുന്നവിധം അവ വേറിട്ടു നിൽക്കുന്നു. ബദറുൽ മുനീർ - ഹുസ്നുൽ ജമാൽ' ഒരു പേർസ്യൻ കഥയാണ്. പേർസ്യൻ ഭാഷയിൽ മുഈനുദ്ദീൻഷാ രചിച്ച കാവ്യത്തിലാണ് ഈ കഥ പ്രതിപാദിക്കപ്പെടുന്നത്. ഈ ഇതിവൃത്തത്തെ അടിസ്ഥാനമാക്കിയാണ് മൊയീൻ കുട്ടി വൈദ്യർ മാപ്പിളപ്പാട്ടിൽ ബദറുൽ മുനീർ ഹുസ്നുൽ ജമാൽ എന്ന കാവ്യം രചിച്ചത്. നിസാമുദ്ദീൻ എന്ന സുഹൃത്താണ് ഈ കഥ മൊയീൻ കുട്ടി വൈദ്യർക്കു പകർന്നു

നല്കിയത്.

"പൂമകളാനെ ഹുസ്നുൽ ജമാൽ
പുന്നാരത്താളം മികന്തെ ബീവി
ഹേമങ്ങൾ മെത്ത പണി ചിത്തിരം
ആഭരണക്കോവ അണിന്ത ബീവി
നാമങ്ങളെണ്ണിപ്പറഞ്ഞാൽ തീരാ.."3

എന്നീ വരികൾ മോയിൻകുട്ടി വൈദ്യരുടെ രചനാപാടവത്തിനും വർണനാ വൈദഗ്ധ്യത്തിനും ദൃഷ്ടാന്തമാണ്. തന്റെ സ്വതസിദ്ധമായ ശൈലിയിൽ വൈദ്യർ പാടിപ്പറഞ്ഞ ഈ പാട്ട് അച്ചടിച്ച് പ്രസിദ്ധപ്പെടുത്തുന്നതിന് എത്രയോ മുമ്പുതന്നെ അനുവാചകഹൃദയങ്ങളിൽ സ്ഥാനം നേടിയിരുന്നു. വാമൊഴിയായി സഹൃദയർ ഏറ്റുപാടിയ ഈ പ്രണയഗാഥ മാപ്പിളസാഹിത്യത്തിലെ അനശ്വരമായ മുതൽക്കൂട്ടാണ്.

മാപ്പിളപ്പാട്ടുകളുടെ ആസ്വാദനമൂല്യം ആദ്യകാലങ്ങളിൽ ചുരുങ്ങിപ്പോകാനുള്ള പ്രധാന കാരണം അറബി മലയാളലിപിയാണ്. ഭാഷാതലത്തിലുള്ള സാങ്കര്യമാണ് ആസ്വാദന ത്തിലെ മറ്റൊരു വിഷമവൃത്തം. പക്ഷേ ഈ പ്രതിബന്ധങ്ങളെ എല്ലാം മറികടന്ന മറ്റൊരു ആസ്വാദന തലം മാപ്പിളപ്പാട്ടുകൾക്കുണ്ട്. അത് പാട്ടുകളുടെ സംഗീതാത്മകതയാണ്. സംഗീത സൗന്ദര്യത്തെ പരമപ്രധാനമായി കണ്ടിരുന്ന വരാണ് മാപ്പിളപ്പാട്ട് രചയിതാക്കൾ. കാവ്യഭാഷയിലെ മറ്റെല്ലാ ഘടകങ്ങളും പാട്ടിന്റെ സംഗീതത്തിലേക്കാണ് സമന്വയിക്കപ്പെടുന്നത്. ഭാഷാതലത്തിലും വ്യാകരണതലത്തിലും വ്യാപകമായി കാണാവുന്ന സങ്കരസ്വഭാവം, കണിശമായ പ്രാസവ്യവസ്ഥകൾ തുടങ്ങിയ മാപ്പിളപ്പാട്ടുകളിലെ തനതു സവിശേഷതകളെല്ലാം സംഗീത മാധുരി എന്ന ഒരൊറ്റ ന്യായംകൊണ്ടാണ് സാധൂകരിക്കപ്പെടുന്നത്. ഇശലുകൾ ആളുകളെ ഇത്രയേറെ സ്പർശിക്കുകയും സമുദായഭേദം ഇല്ലാതെ അത് ഹൃദയഹാരിയായി തീരുകയും ചെയ്യുന്നത് അതുകൊണ്ടാണ്. പ്രണയം, യുദ്ധം, ശോകം, ഹാസ്യം തുടങ്ങിയവ ചിത്രീകരിക്കുവാൻ ഈ ഇശലുകൾക്ക് പ്രത്യേക സാമർത്ഥ്യം ഉണ്ട്. താളമാണ് മാപ്പിളപ്പാട്ടിന്റെ ജീവനും സാധ്യതയും. മാപ്പിളപ്പാട്ടുകളുടെ ഇടവും ഇടപെടലുകളും മറ്റേതൊരു സാഹിത്യജനുസ്സിൽ നിന്നും ഭിന്നമാകുന്നത് അതിന്റെ ഭാഷാപരമായ പ്രയോഗവൈചിത്ര്യം കൊണ്ടു കൂടിയാണ്. മാപ്പിളപ്പാട്ടുകൾ ഹൃദയത്തോടാണ് സംവദിക്കുന്നത്. മാനവികതയോട് ചേർത്തുനിർത്തുകയോ വിശാലതയിൽ ലോകത്തെ നോക്കിക്കാണാൻ പ്രേരിപ്പിക്കുകയോ ചെയ്യുന്നു.

ജീവിതത്തെ അതിന്റെ ആഴത്തിൽ ആവിഷ്കരിക്കുന്നു എന്നത് എടുത്തു പറയേണ്ട സവിശേഷതയാണ്. മനുഷ്യൻ എങ്ങനെയാണോ സമൂഹത്തിൽ ഇടപെടുന്നത് അതേ ഭാഷയും ശൈലിയും മാപ്പിളപ്പാട്ടുകളിൽ പകർത്താനാണ് മാപ്പിളപ്പാട്ട് രചയിതാക്കൾ ശ്രമിച്ചത്. പാട്ട് ജീവിതത്തിൽനിന്ന് വേറിട്ട ഒന്നല്ല എന്നവർ വ്യക്തമാക്കുന്നുണ്ട്. മാപ്പിളഭാഷയിലൂടെ അപൂർവനന്ദം അനുഭവിക്കുക മാത്രമല്ല അത് അനുവാചകനിലേക്ക് പകരുകകൂടി ചെയ്യുന്നു. ആലോചിച്ചുറപ്പിച്ച പദാവലികളാണ് കവികൾ പ്രയോഗിക്കുന്നത്. അതുണ്ടാക്കുന്ന അനുരണനത്തെക്കുറിച്ച് അവർക്ക് ബോധ്യമുണ്ട്. ആത്യന്തികമായി മാപ്പിളപ്പാട്ടിനെ ജീവിതത്തോട് അടുപ്പിക്കുക തന്നെയാണ്. അവർക്ക് ഭാഷ അച്ചിൽ വാർത്തെടുത്ത സ്ഥിരം കരുക്കൾ അല്ല; മറിച്ച് നിരന്തര പരിണാമത്തിൽ വിധേയമാക്കേണ്ട അസംസ്കൃത വസ്തുവാണ്. അതുകൊണ്ടുതന്നെ മാപ്പിളപ്പാട്ടുകളിലെ പ്രതിപാദ്യത്തിന് ഇണങ്ങുന്ന ഭാഷയും ചേരുവകളും ആണ് അവയെ ബലവത്താക്കുന്നത്. പാർശ്വവത്കൃതന്റെ പ്രശ്നങ്ങളെ അവരുടെ തന്നെ ഭാഷയിൽ പറയാനും അതിന്റെ ഹൃദയസ്പർശിത നിലനിർത്താനുമുള്ള ത്വരയുടെ ഭാഗമായിട്ട് വേണം ഇതിനെ കണക്കാക്കാൻ.

മാപ്പിളഭാഷയെ സാർത്ഥകമായി എങ്ങനെ ഉപയോഗിക്കാം എന്ന പരീക്ഷണത്തിന് മാപ്പിളപ്പാട്ടുകൾ വേദിയാവുകയായിരുന്നു.

'പവിഴപ്പൊൻ ചുണ്ടാലെ പൊൻചിരുത്തം
പഞ്ചവർണ്ണക്കിളി രാജ പൂമാൾ
പിരിശം ബദറുൽ മുനീറെ കൊള്ളെ

നെഞ്ചക്കടലിൽ തിളച്ച ഹുബ്ബ്
നേർശം പിരിയാതിരിക്കും ഹാലിൽ
നാമക്കരുത്തൻ ബദറുൽ മുനീർ
നാളുകം ഒത്തെ പുരുഷൻ ഇല്ലെ
താമരപൂക്കും മുഖത്തെ കണ്ടാൽ
തേനാർ ചിറക്കും പയക്കം കേട്ടാൽ'4

പുതുപദനിർമ്മിതിയിൽ കവികൾക്ക് പൂർവ്വമാതൃകകൾ ഇല്ലായിരുന്നു. വാമൊഴിയുടെ സൗന്ദര്യം മാപ്പിളപ്പാട്ടുകളെ കലർപ്പില്ലാത്ത അനുഭവമാക്കി മാറ്റുകയാണ് ഉണ്ടായത്. മാപ്പിളപ്പാട്ട് കൃതികളിൽ ചിലതെങ്കിലും കാലത്തെ അതിവർത്തിച്ച് നിൽക്കുന്നത് അതുകൊണ്ട് കൂടിയാണ്.

ആശയവിനിമയോപാധിയാണ് ഭാഷ എന്ന നിർവചനം സാമൂഹിക സാംസ്കാരികമണ്ഡലത്തിൽ സുപരിചിതമാണ്. ഭാഷയിലൂടെ ജീവിതം ജനകീയമായി മാറ്റപ്പെടുന്ന ഇടമാണ് മാപ്പിളപ്പാട്ടുകൾ. ഈ ഗാനശാഖ അധ്വാനവർഗ്ഗ മനുഷ്യജീവിതത്തിന്റെ അമർത്തി വയ്ക്കപ്പെട്ട / ദമിതമാക്കപ്പെട്ട അനുഭവങ്ങളും ആഹ്ലാദങ്ങളും കൃത്യമായി അടയാളപ്പെടുത്തുന്നവയാണ്. അവയിൽ ആചാരങ്ങളും ആഘോഷങ്ങളും ജീവിതവും സ്പന്ദിക്കുന്നു. ദ്രാവിഡ കാവ്യസംസ്കാരത്തോടും നാടോടി ഗാനങ്ങളോടുമുള്ള ബന്ധം മാപ്പിളപ്പാട്ടുകളിൽ ദൃശ്യമാണ്. ഈണവും താളവും അതിലെ സംഗീതാത്മകതയും ആണ് മാപ്പിളപ്പാട്ടുകളുടെ ജനപ്രീതിയ്ക്കുള്ള കാരണം. അതിൽ കാലഘട്ടത്തിന്റെ സ്പന്ദനങ്ങൾ അടങ്ങിയിരിക്കുന്നു എന്നതും ശ്രദ്ധേയം. ഉത്തരാധുനികാനന്തരകാലം അടിച്ചമർത്തപ്പെട്ടവയെയെല്ലാം പുനർനിർമ്മിക്കുകയും അവയിലെ ചരിത്രത്തെ വീണ്ടെടുക്കുകയും ചെയ്യുന്നുണ്ട്. മാപ്പിളപ്പാട്ടുകളുടെ ഭാഷയും കാവ്യസംസ്കാരവും എല്ലാം തന്നെ ഗവേഷണ സാധ്യതകളുടെ മേഖലയാണ്.

ജനകീയമായിരുന്ന ആ കല ഇടയ്ക്കുവെച്ച് കല്യാണാഘോഷങ്ങളിലും യുവജനോത്സവവേദികളിലുമായിചുരുക്കപ്പെട്ടിരുന്നു. അത്തരമൊരവസ്ഥയിൽനിന്നും ഇന്നത് പുനർജീവിതത്തിന്റെ ഇടങ്ങൾ അടയാളപ്പെടുത്തുകയാണ്. നമ്മുടെ നാടൻഗാനസാഹിതിയിൽ മാപ്പിളപ്പാട്ട് മാത്രമേ ഇപ്പോഴും സജീവമായി നിലനിൽക്കുന്നുള്ളൂ. പലതും ചരിത്രത്തിന്റെ ഭാഗമായി കഴിഞ്ഞപ്പോഴും മാപ്പിളപ്പാട്ടുകൾ ഇപ്പോഴും ഉൽപ്പാദനക്ഷമമായി നിലനിന്നുപോരുന്നു. പണ്ടത്തെപ്പോലെ ഇന്നും ഭാവങ്ങളും വികാരങ്ങളും ആശങ്കകളും സ്വപ്നങ്ങളും ആവിഷ്കരിക്കാൻ ആ ഗാനസാഹിതി പ്രാപ്തമാണ്.

**കുറിപ്പുകൾ:**

1. മുഹ്യുദ്ദീൻ മാല -ഖാസി മുഹമ്മദ്,എരുമേലി പരമേശ്വരൻ പിള്ള,മലയാള സാഹിത്യം കാലഘട്ടങ്ങളിലൂടെ :പുറം 95
2. കപ്പപ്പാട്ട്-കുഞ്ഞായിൻ മുസ്ലിയാർ, എരുമേലി പരമേശ്വരൻ പിള്ള,മലയാള സാഹിത്യം കാലഘട്ടങ്ങളിലൂടെ :പുറം 92
3. ബദറുൽ മുനീർ ഹുസ്നുൽ ജമാൽ-മോയിൻകുട്ടി വൈദ്യർ,എം എൻ കാരശ്ശേരി,മൊഴിഭേദങ്ങളും അറബിമലയാളവും (ലേഖനം)ഹയർ സെക്കന്ററി ഒന്നാം വർഷം മലയാളം പാഠപുസ്തകം, കേരള സർക്കാർ വിദ്യാഭ്യാസ വകുപ്പ്, 2006, പു:47
4. 'ബദറുൽ മുനീർ- ഹുസ്നുൽ ജമാൽ'- മോയിൻകുട്ടി വൈദ്യർ,എരുമേലി പരമേശ്വരൻ പിള്ള, മലയാള സാഹിത്യം കാലഘട്ടങ്ങളിലൂടെ :പുറം 94

**സഹായകഗ്രന്ഥങ്ങൾ:**

1. അഹമ്മദ് മൗലവി സി എൻ, മുഹമ്മദ് അബ്ദുൽ കരീം കെ കെ, മഹത്തായ മാപ്പിള സാഹിത്യ പാരമ്പര്യം, 1978
2. കാരശ്ശേരി എം.എൻ, മൊഴിഭേദങ്ങളും അറബിമലയാളവും (ലേഖനം), ഹയർ സെക്കൻഡറി ഒന്നാം വർഷം മലയാളം പാഠപുസ്തകം, കേരള സർക്കാർ വിദ്യാഭ്യാസ വകുപ്പ്, 2006
3. പദ്മനാഭപിള്ള ശ്രീകണ്ഠേശ്വരം, ശബ്ദതാരാവലി, സാഹിത്യപ്രവർത്തക സഹക

രണ സംഘം & നാഷണൽ ബുക്ക് സ്റ്റാൾ, കോട്ടയം 2010

4. പരമേശ്വരയ്യർ എസ്. ഉള്ളൂർ, കേരള സാഹിത്യചരിത്രം, ഭാഗം 1
5. പരമേശ്വരൻ പിള്ള എരുമേലി, മലയാള സാഹിത്യം കാലഘട്ടങ്ങളിലൂടെ, കറൻറ് ബുക്സ്, 2003
6. ശങ്കരപ്പിള്ള ജി., ശുദ്ധമലയാള ശാഖ, സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ, (ഡോ കെ. എം. ജോർജ്, എഡിറ്റർ), നാഷണൽ ബുക്ക് സ്റ്റാൾ, കോട്ടയം, 1958

deepasouparnika@gmail.com

# വിശുദ്ധീകരണത്തിന്റെ അവസ്ഥാന്തരങ്ങൾ ചുരുളിയിൽ

**അശ്വതി പി. എസ്.**
ഗവേഷക, മലയാളവിഭാഗം, യൂണിവേഴ്സിറ്റി കോളേജ്
തിരുവനന്തപുരം

**പ്രബന്ധസംഗ്രഹം**

ഭൗതികവും അതിഭൗതികവും അസ്വാഭാവികമെന്ന തോന്നിപ്പിക്കുന്നതുമായ അർത്ഥതലങ്ങൾ ഉൾക്കൊള്ളുന്ന ചലച്ചിത്രമാണ് ലിജോ ജോസ് പെല്ലിശ്ശേരി സംവിധാനം ചെയ്ത 'ചുരുളി'. വിനോയ് തോമസിന്റെ 'കളിഗെമിനാറിലെ കുറ്റവാളികൾ' എന്ന ചെറുകഥയുടെ ചലച്ചിത്രഭാഷ്യമാണ് ചുരുളി. എന്നാൽ, ചെറുകഥയുടെ കേവല ചട്ടക്കൂടിനപ്പുറം ചലച്ചിത്രാഖ്യാനത്തിന്റെ നിസീമമായ നിർമ്മാണതന്ത്രം പ്രയോഗിച്ച് പ്രമേയത്തിൽ അസാധാരണമായ ആവിഷ്കാരമാനങ്ങൾ തീർക്കാൻ ലിജോ ജോസ് പെല്ലിശ്ശേരിക്ക് കഴിഞ്ഞു. മിത്തും സയൻസ് ഫിക്ഷനും ആത്മീയശൂന്യതയും ഫോക്ലോറും കൂടി കലർന്ന ചലച്ചിത്രമായ ചുരുളിയെപ്പറ്റി നിരവധി നിരീക്ഷണങ്ങൾ ഉണ്ടാകുന്ന സാഹചര്യത്തിൽ ക്രിസ്ത്യൻ മിത്തോളജിയിൽ വരുന്ന 'ശുദ്ധീകരണ സ്ഥലം' അഥവാ 'പർഗേറ്ററി' (Purgatory) യുടെ അവതരണം ചുരുളി എന്ന ചലച്ചിത്രത്തിൽ എപ്രകാരമെന്ന് പരിശോധിക്കുകയാണ് ഈ പ്രബന്ധത്തിൽ.

**താക്കോൽവാക്കുകൾ**

ശുദ്ധീകരണസ്ഥലം ((Purgatory), ടൈം ലൂപ്, അന്യഗ്രഹജീവികൾ

**ആമുഖം**

**പു**തുകഥാകൃത്തുക്കളിൽ പ്രമേയപരമായി വ്യത്യസ്ത ശൈലി പരീക്ഷിക്കുന്ന സാഹിത്യകാരനാണ് വിനോയ് തോമസ്. അദ്ദേഹത്തിന്റെ 'മുള്ളരഞ്ഞാണം' എന്ന കഥാസമാഹാരത്തിലെ ചെറുകഥയാണ് കളിഗെമിനാറിലെ കുറ്റവാളികൾ. ഈ ചെറുകഥയിൽ നിന്നാണ് ചുരുളി എന്ന ലിജോ ജോസ് പെല്ലിശ്ശേരിയുടെ സിനിമ ഉയിർകൊള്ളുന്നത്. ഒരു ജനാധിപത്യ ഭരണകൂടത്തിൽ എഴുതപ്പെട്ട വ്യവസ്ഥകൾ നിലനിൽക്കെ നിയമപാലനത്തിന് ചുമതലപ്പെട്ടവർ ചെയ്യുന്ന കൊള്ളരുതായ്മകൾ കണ്ടില്ലെന്ന നടിക്കുന്ന സവിശേഷ സാഹചര്യത്തെ ചൂണ്ടിക്കാട്ടുകയാണ് കളിഗെമിനാറിലെ കുറ്റവാളികൾ എന്ന കഥ. ഒരു മലയോരഗ്രാമപശ്ചാത്തലത്തിൽ അധികാരമുള്ളവർക്കും ഇല്ലാത്തവർക്കും പെരുമാറ്റച്ചട്ടങ്ങൾ എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്ന എന്ന് വിനോയ് തോമസ് പറഞ്ഞുവെയ്ക്കുന്നു.

കഥ മുന്നോട്ട് വെയ്ക്കുന്നത് കുറ്റം/നിയമം എന്നീ ദ്വന്ദ്വങ്ങളുടെ ഇരുവശത്തും നിൽക്കാൻ നിയോഗിക്കപ്പെട്ട മനുഷ്യന്റെ സാമൂഹിക വ്യവസ്ഥയെക്കുറിച്ചുള്ള പ്രമേയമാണ്. അടിസ്ഥാപരമായി മനുഷ്യൻ ഒരു മൃഗമാണ്. അവനിൽ അന്തർലീനമായ മൃഗീയവാസനകൾ സാഹചര്യ

ങ്ങൾക്കനുസരിച്ച് വന്നു മറയുന്നതെങ്ങനെ എന്ന് യഥാതഥമായി പറഞ്ഞവസാനിപ്പിക്കുക യാണ് കഥാകാരൻ. മയിലാട്ടം കുറ്റിയിൽ ജോയ് എന്ന പ്രതിയെ അറസ്റ്റ് ചെയ്യുന്നതിന് ആന്റണി, ഷാജീവൻ എന്നീ കള്ളപേരുകളിൽ രണ്ട് പോലീസുകാർ കളിഗെമിനാറിൽ എത്തു ന്നതും തുടർന്ന് അവിടെ നടക്കുന്ന സംഭവവികാസങ്ങളുമാണ് കഥാസാരം.

കളിഗെമിനാറിലെ കുറ്റവാളികൾക്ക് ലിജോ ജോസ് പെല്ലിശ്ശേരിയുടെ ചുരുളിയിൽ എത്തു മ്പോൾ നിരവധി വ്യത്യാസങ്ങൾ കാണാൻ സാധിക്കും. പരമ്പരാഗത സിനിമാ സങ്കല്പങ്ങളെ നിരാകരിച്ചുകൊണ്ട് ചലച്ചിത്രാവിഷ്കാരത്തിൽ നവീന ആഖ്യാനമാതൃകകൾ പണിതെടുത്ത ഇരുത്തം വന്ന സംവിധായകന്റെ കരവിരുത് സ്പഷ്ടമാണ്. ടൈംലൂപ്, അന്യഗ്രഹ ജീവികളു ടെ സാന്നിധ്യം, സയൻസ് ഫിക്ഷൻ എന്നിങ്ങനെ ചുരുളിയെ പിൻപറ്റി നിരവധി നിരീക്ഷ ണങ്ങൾ ഉണ്ടാകുന്ന അവസരത്തിൽ സംവിധായകൻ മനഃപൂർവ്വമല്ലാതെ സംഭവിച്ചുപോയ ചലച്ചിത്രത്രയത്തെ(Trilogy)ക്കുറിച്ച് വെളിപ്പെടുത്തുകയുണ്ടായി (ടോക്കിയോ അന്താരാഷ്ട്ര ചല ച്ചിത്രമേളയുടെ ഭാഗമായി ചുരുളിയുടെ പ്രദർശനവേളയിൽ നടന്ന TIFF Talk Salon സംവാദം). ലിജോ ജോസ് പെല്ലിശ്ശേരിയുടെ ഈ.മ.യൗ., ജല്ലിക്കട്ട്, ചുരുളി എന്നീ സിനിമകൾ ഒരു ത്രയ ത്തിന്റെ ഭാഗമാണ്. ജീവിതം, മരണം, മരണത്തിനുശേഷം എന്നീ മൂന്ന് അവസ്ഥകളാണ് ഈ ത്രയത്തിന് ആധാരം. ആ ത്രയത്തിലെ അവസാന ചിത്രമാണ് ചുരുളി. മരണത്തിനുശേ ഷമുള്ള അവസ്ഥയെപ്പറ്റിയാണ് ചുരുളി പ്രേക്ഷകരുമായി സംവദിക്കുന്നത്.

മരണാനന്തരമെന്ത് എന്നത് ഈ ഭൂമിയിൽ ജീവിക്കുന്ന മനുഷ്യനെ സംബന്ധിച്ചിടത്തോ ളം അവ്യക്തമാണ്. വിവിധ മതസ്ഥർ അവരുടെ വിശ്വാസ-മത സംഹിതകളുടെ പാത പിൻ തുടർന്ന് പോരുന്നു. ശാസ്ത്രത്തിന് ഒരുപക്ഷേ പണ്ടെങ്ങോ പഠിച്ച പുല്ല്-പുൽച്ചാടി ആഹാര ശൃംഖലയുടെ ഭാഗമാണ് മനുഷ്യൻ. സൂക്ഷ്മാണുക്കളുടെ പ്രവർത്തനഫലമായി മണ്ണിൽ അലി ഞ്ഞുചേരുന്ന പ്രതിഭാസം. ചുരുളിയിൽ സംവിധായകൻ ക്രിസ്ത്യൻ മിത്തോളജിയിൽ വരുന്ന ശുദ്ധീകരണസ്ഥലം അഥവാ പർഗേറ്ററിയാണ് മരണത്തിനുശേഷമുള്ള അവസ്ഥ സാധൂകരി ക്കാൻ വേണ്ടി ഉപയോഗപ്പെടുത്തിയിരിക്കുന്നത്. ഒരു ശുദ്ധീകരണസ്ഥലമായി ചുരുളി പ്രവർ ത്തിക്കുന്നതെങ്ങനെ എന്നു പരിശോധിക്കാം.

**കളിഗെമിനാറിലെ കുറ്റവാളികളിൽ നിന്ന് ചുരുളിയിലേക്ക്**

എസ്. ഹരീഷിന്റെ തിരക്കഥയിൽ പുറത്തുവന്ന ചുരുളി എന്ന നിഗൂഢതകൾ നിറഞ്ഞ ഇട ത്തിന്റെ ഘടന വളരെയേറെ സങ്കീർണ്ണതയുള്ളതാണ്. അവിടേക്ക് വേഷം മാറി കള്ളപ്പേരു കളിൽ മൈലാട്ടുംകുറ്റി ജോയ് എന്ന പ്രതിയെ പിടിക്കാൻ വന്ന എ.എസ്.ഐ. ആന്റണി, ഷാ ജീവൻ എന്നീ നിയമപാലകരുടെ ചുരുളിയിലേക്കുള്ള യാത്രയിലാണ് ചലച്ചിത്രം ആരംഭിക്കു ന്നത്. ഇരുവരും ചുരുളി എന്ന ഇടത്തിൽ എത്തിയതിനുശേഷം അവിടെ അരങ്ങേറുന്ന പ്രശ്ന ങ്ങളാണ് ചുരുളി എന്ന ചലച്ചിത്രം. എന്നാൽ അതിനും മുമ്പേ സംവിധായകൻ കാഴ്ചക്കാരോ ട് പെരുമാടനെ പിടിച്ചുകെട്ടാൻ വന്ന തിരുമേനിയുടെ കഥ പറയുന്നുണ്ട്. ആളറിയാതെ താൻ പിടിക്കാൻ ചെന്ന മാടനെ കൂടെ ചുമന്ന് കാലങ്ങളായി നടക്കുന്ന തിരുമേനിയുടെ കഥ.

ചുരുളി പോലെ തന്നെ നിഗൂഢമാണ് അവിടുത്തെ മനുഷ്യരും. അവിടെ വസിക്കുന്നവർ കുറ്റ വാളികളാണ്. അവർ ഏതെങ്കിലും കുറ്റം ചെയ്ത് കള്ളപേരിൽ ചുരുളിയിൽ എത്തിപ്പെട്ടവരാ ണ്. അതുകൊണ്ടുതന്നെ അവർക്കെല്ലാം ഒന്നിൽ കൂടുതൽ പേരുകളുണ്ട്. പുറത്ത് സാധുക്കളെ ന്ന് തോന്നുന്ന അവിടുത്തെ മനുഷ്യർ ചുരുളിയിലേക്കുള്ള പാലം കടന്നു കഴിയുന്ന നിമിഷം മുതൽ അവരുടെ ശരീരഭാഷയും രീതികളും മാറുന്നു. കളിഗെമിനാറിലെ കുറ്റവാളികൾ അധി കം സങ്കീർണ്ണതകൾ ഒന്നും ഇല്ലാതെ യഥാതഥമായി ഐറണിയുടെ തന്ത്രപൂർവ്വമായ പ്രയോ ഗത്തിലൂടെ ശില്പഭദ്രമായി നിർമ്മിച്ചെടുത്തിരിക്കുന്ന ഒരു ചെറുകഥയാണ്. എന്നാൽ സിനിമ യിലേക്ക് വരുമ്പോൾ ക്ലൈമാക്സ് ഒഴികെയുള്ള കഥാസന്ദർഭങ്ങളും പശ്ചാത്തലവും ചെറുകഥ യ്ക്ക് സമാനമായിരിക്കുമ്പോഴും രേഖീയമായി പറഞ്ഞവസാനിപ്പിക്കുന്ന ചെറുകഥയുടെ രീതി സിനിമ പൊളിച്ചടുക്കുന്നു. ജോയിയെ അറസ്റ്റ് ചെയ്ത് ശുഭപര്യവസായി എന്ന് എഴുതിക്കാണി ക്കുകയല്ല സിനിമ ചെയ്യുന്നത്. എല്ലാ കാലത്തും ഷാജീവന്മാർ നിലനിൽക്കുന്നു എന്ന സൂചന

ടൈം ലൂപിലൂടെ പറയുന്നു.

ചുരുളിയുടെ തുടക്കത്തിൽ കല്പറ്റ നാരായണന്റെ 'സമയപ്രഭു' എന്ന കവിത 'The Lord of Time' എന്ന പേരിൽ ഇംഗ്ലീഷിൽ പരിഭാഷപ്പെടുത്തി കാണിക്കുന്നുണ്ട്. സിനിമയുടെ ചാക്രിക രൂപത്തിലുള്ള അവതരണം ഇതുമായി ബന്ധപ്പെട്ടു കിടക്കുന്നു. ആവർത്തനം എന്നത് കാലത്തിനകത്തെ സമയപ്രവാഹങ്ങളുടെ ചുഴിയാണ്. സമയപ്രഭു എന്ന കവിതയും തിരുമേനി - പെരുമാടൻ പുരാവൃത്തവും അതിന്റെ അനിമേറ്റഡ് ദൃശ്യാവിഷ്കാരത്തിലെ ചിഹ്നവ്യവസ്ഥകളും ചലച്ചിത്രത്തിലേക്ക് പ്രവേശിക്കാനുള്ള താക്കോൽ സൂചനകളാണ്.

**ശുദ്ധീകരണസ്ഥലം**

പലപ്പോഴും ഒരു സ്ഥലമായി സങ്കല്പിക്കപ്പെടുന്ന ശുദ്ധീകരണസ്ഥലം ഒരു സ്ഥലമല്ല. ക്രിസ്ത്യൻ വിശ്വാസപ്രകാരം മരണാനന്തരം വിശുദ്ധീകരിക്കാൻ ദൈവം മനുഷ്യാത്മാവിന് നൽകുന്ന അവസരത്തെയും അവസ്ഥയെയുമാണ് പരമ്പരാഗതമായി ശുദ്ധീകരണസ്ഥലം ((Purgatory) എന്നു പറയുന്നത്. ഈ ശുദ്ധീകരണത്തിൽ വിജയിക്കുന്നവരാണ് സ്വർഗ്ഗത്തിലേക്ക് പോകുന്നത്. ശുദ്ധീകരണസ്ഥലത്തെ സംബന്ധിച്ച് വിശുദ്ധഗ്രന്ഥമായ ബൈബിളിൽ പരാമർശമുണ്ട്. 2 മക്കാ 12:43-45;1 കോറി 3:12-15; മത്താ 5:26, 12:32 എന്നീ വചനങ്ങൾ ഇത് സാക്ഷ്യപ്പെടുത്തുന്നു.

ശുദ്ധീകരണസ്ഥലം ഉണ്ട് എന്നത് സഭയുടെ വിശ്വാസസത്യമാണ്. രണ്ടാം ലെയോൺസ് കൗൺസിൽ 1274-ൽ ശുദ്ധീകരണസ്ഥലത്തിലുള്ള വിശ്വാസം സഭയുടെ വിശ്വാസമായി പ്രഖ്യാപിച്ചു. 'പ്രവൃത്തിയാലോ ഉപേക്ഷയാലോ ചെയ്ത പാപങ്ങൾക്ക് പൂർണ്ണ പരിഹാരമനുഷ്ഠിക്കാതെ മരിക്കാനിടവരുന്നവർക്ക് മരണാനന്തരം ശുദ്ധീകരണ പരിഹാരങ്ങൾ അനുഷ്ഠിച്ച് വിശുദ്ധീകരിക്കപ്പെടാൻ ദൈവം അനുവാദം നൽകുന്നു' എന്നതാണ് കൗൺസിലിന്റെ പഠനം. 1336-ൽ ബനഡിക്ട് പന്ത്രണ്ടാമൻ പാപ്പയുടെ ബനഡിക്ടുസ് ദേവൂസ് എന്ന പ്രമാണരേഖയിലും ശുദ്ധീകരണ സ്ഥലമുണ്ടെന്ന് പരാമർശിക്കുന്നു. ശുദ്ധീകരണം എപ്രകാരം നടക്കുന്നു എന്നതിനെക്കുറിച്ചോ എത്രകാലം നീളുന്നു എന്നതിനെക്കുറിച്ചോ പ്രത്യേക പ്രബോധനങ്ങളൊന്നും നൽകിയിട്ടില്ല.

ക്രിസ്തീയസഭയിൽ സകല അംഗങ്ങളും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു എന്നതിനാൽ മരണശേഷവും ആ ബന്ധം തുടരുന്നു. ഈ വിശ്വാസത്തെ പുണ്യവാന്മാരുടെ ഐക്യം എന്നു പറയപ്പെടുന്നു. പരിശുദ്ധസഭയ്ക്ക് മൂന്ന് തലങ്ങളുണ്ട്. വിശുദ്ധജീവിതം നയിച്ച് സ്വർഗ്ഗത്തിലെത്തിയ പുണ്യാത്മാക്കളുടെ വിജയസഭയും, ഭൂമിയിൽ തീർത്ഥാടനം ചെയ്യുന്ന വിശ്വാസികളുടെ സമരസഭയും, മരണാനന്തരം ശുദ്ധീകരണസ്ഥലത്ത് വിശുദ്ധീകരണത്തിന് വിധേയമാകുന്നവരുടെ സഹനസഭയും ചേരുന്ന കൂട്ടായ്മയാണ് പുണ്യവാന്മാരുടെ ഐക്യം എന്ന പേരിൽ അറിയപ്പെടുന്നത്. വിജയസഭയിലെ പുണ്യാത്മാക്കൾ സഹനസഭയിലെയും സമരസഭയിലെയും സഹോദരങ്ങൾക്കുവേണ്ടി മധ്യസ്ഥസഹായം നൽകുന്നു. സഹനസഭയിലെ അംഗങ്ങളെ സമരസഭയിലെ അംഗങ്ങൾക്ക് പ്രാർത്ഥനയും പരിത്യാഗവും വഴി സഹായിക്കാം.

ശുദ്ധീകരണശാലയിൽ സംഭവിക്കുന്നത് എന്തെന്ന് പരിശോധിച്ചാൽ നാം മരിക്കുമ്പോൾ പ്രത്യേക അല്ലെങ്കിൽ വ്യക്തിഗത ന്യായവിധിക്ക് വിധേയരാകുന്നു. വേദപുസ്തകത്തിൽ മനുഷ്യന് ഒരു പ്രാവശ്യം മരിക്കുവാൻ കല്പിക്കപ്പെട്ടിരിക്കുന്നു. അതിനുശേഷം ന്യായവിധി വരുന്നു. ഈ പൊതുന്യായവിധിയിൽ നമ്മുടെ എല്ലാ പാപങ്ങളും പരസ്യമായി വെളിപ്പെടും. ഇവിടെ പ്രത്യക്ഷത്തിൽ ആത്മാവ് ശുദ്ധീകരിക്കപ്പെടുന്നു. എന്നാൽ പാപത്തിൽ നിന്നും അതിന്റെ ഫലങ്ങളിൽ നിന്നും പൂർണ്ണമായും മോചിതനാകാത്ത ആത്മാവ് ഒരു പരിധിവരെ അശുദ്ധനാണ്. സ്വർഗ്ഗത്തിൽ പ്രവേശിക്കാൻ അത് പര്യാപ്തമല്ല. ഈ സാഹചര്യത്തിൽ ആത്മാവിനെ പൂർണ്ണമായും ശുദ്ധീകരിക്കേണ്ടതുണ്ട്.

പാപത്തിന്റെ അവശേഷിക്കുന്ന അനന്തരഫലങ്ങളിൽ നിന്ന് ആത്മാവ് ശുദ്ധീകരിക്കപ്പെ

ടുന്നതിനുവേണ്ടി ശുദ്ധീകരണസ്ഥലം എന്ന അവസ്ഥയിലൂടെ കടന്നുപോകുന്നു. ഇവിടെ വിജയിച്ചവർ സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നു. 'അശുദ്ധമായി ഒന്നും സ്വർഗ്ഗത്തിൽ പ്രവേശിക്കുകയില്ല' എന്ന ആശയത്തെ കത്തോലിക്ക ദൈവശാസ്ത്രം ഗൗരവമായി കാണുന്നു. ശുദ്ധീകരിക്കപ്പെടാത്ത ഒരു ആത്മാവ് സ്വർഗ്ഗത്തിന് യോഗ്യമല്ലെന്ന് ഇതിൽനിന്ന് അനുമാനിക്കപ്പെടുന്നു.

**ചുരുളി ഒരു ശുദ്ധീകരണസ്ഥലം**

ചുരുളി എന്ന സ്ഥലത്ത് എത്തിപ്പെടുക വളരെ ശ്രമകരമായ ഒരു ദൗത്യമാണ്. വളവും തിരിവും കയറ്റിറക്കങ്ങളും നിറഞ്ഞ പാതയിലൂടെ ജീപ്പിൽ ശ്രമകരമായ ഒരു യാത്ര. അവിടെ എത്തിപ്പെട്ടാൽ നിഗൂഢത നിഴലിക്കുന്ന ഇരുട്ട് മൂടിയ വന്യത നിറഞ്ഞ ഒരു കൊടുംകാട്. അവിടെ അധിവസിക്കുന്ന ഏറ്റവും ക്രൂരമൃഗം ചുരുളിയിലെ മനുഷ്യാത്മാക്കളാണ്. അവരുടെ ഭാഷ തെറിയാണ്. ചുരുളിയിലേക്കുള്ള പാലം കടക്കുമ്പോൾ പുറത്ത് മാന്യന്മാരായ ചുരുളി നിവാസികളുടെ പെരുമാറ്റം മാറുന്നു. വ്യവസ്ഥാപിതമായ ഒരു സമൂഹത്തിലെ മനുഷ്യന്മാർക്കിടയിലെ സ്വാഭാവികമായ ഇടപെടലുകൾ അല്ലായിരുന്നു അത്. കാരണം ചുരുളിയിലെ ലോകത്തെ സംവിധായകൻ സൃഷ്ടിച്ചെടുത്തതാണ്. ജെയിംസ് കാമറൂൺ സംവിധാനം ചെയ്ത അവതാർ എന്ന ഹോളിവുഡ് സിനിമ പരിശോധിച്ചാൽ, സംവിധായകന് മറ്റൊരു ലോകത്തെ അവതരിപ്പിക്കണമെന്ന സാഹചര്യം ഉണ്ടായപ്പോൾ ഭാവനയും ഗ്രാഫിക്സും ഉപയോഗിച്ച് പാൻഡോറ എന്നൊരു സ്ഥലം സൃഷ്ടിച്ചു. അത്തരത്തിൽ ഒരു സിനിമാറ്റിക് യൂണിവേഴ്സ് സൃഷ്ടിച്ചാൽ മാത്രമേ വിശ്വസനീയമായി അവിടുത്തെ കഥ പറയാൻ സാധിക്കുക. ചുരുളിയിലെ ലോകത്തെ ലിജോ ജോസ് പെല്ലിശ്ശേരി സാങ്കല്പികമായി നിർമ്മിച്ചെടുത്തതാണ്. ഇതര ജീവികളില്ലാത്ത കാടിനെയും സാധാരണമല്ലാത്തവിധം ഉപയോഗിക്കപ്പെടുന്ന തെറിയുമാണ് ഇതിന് സംവിധായകൻ ഉപകരണങ്ങളാക്കുന്നത്.

ചുരുളി എന്ന സാങ്കല്പിക ദേശത്തെ ഭാഷ തെറിയാണ്. കാലവും സ്ഥലവുമില്ലാത്ത ശുദ്ധീകരണ സ്ഥലത്തിന്റെ ഇടത്തിൽ പ്രവേശിക്കുന്ന പാപികളുടെ ഭാഷ വയലൻസ് ഉല്പാദിപ്പിക്കുന്ന ഭാഷയാണ്. ചിത്രത്തിലെ ബിജ്ജു എന്ന കഥാപാത്രം അസഭ്യം കലർത്തി എന്തെങ്കിലും കൊള്ളരുതായ്മ കാണിക്കാതെ ആരെങ്കിലും ഇവിടെ വരുമോ എന്നു ഷാജീവനോട് ചോദിക്കുന്നുണ്ട്. ചുരുളിയിലെ മനുഷ്യർ എവിടെ നിന്നോ രക്ഷപ്പെട്ട് എത്തുന്നവരാണ്. എല്ലാവരും കുറ്റവാളികളും തെറ്റിന്റെ മാർഗ്ഗത്തിൽ സഞ്ചരിച്ചവരും. ഇങ്ങനെയുള്ളവർ അധിവസിക്കുന്ന ഇടത്തെ ഭാഷയും അങ്ങനെതന്നെ ആയിരിക്കും. സംഭാഷണത്തിൽ അസാധാരണമാം വിധത്തിൽ പ്രയോഗിക്കപ്പെടുന്ന തെറി കേൾക്കുന്ന ആദ്യനിമിഷം മുതൽ പ്രേക്ഷകന് താൻ ഒരു അയഥാർത്ഥ ലോകത്തിലാണെന്ന് മനസിലാകുന്നു. ഇത് ചുരുളിയെ പർഗേറ്ററിയുടേതായ ഒരു അവസ്ഥയിൽ എത്തിക്കുന്നു.

ചുരുളി സിനിമയുടെ ആകർഷകമായ ഘടകങ്ങളിൽ ഒന്നാണ് ചുരുളിയിലെ അന്യഗ്രഹജീവികളുടെ സാന്നിധ്യം. ചുരിളിയിലുള്ള എല്ലാ മനുഷ്യരും അന്യഗ്രഹ ജീവികളുടെ സ്വാധീനത്താൽ സ്ഥല-കാല-സമയബന്ധിതമല്ലാത്ത ഒരു ജീവിതമാണ് നയിക്കുന്നത്. അവർ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. സിനിമയിൽ പല സീനുകളിലും കഥാപാത്രങ്ങൾ പരസ്പരം കണ്ണുകൾ അടച്ചു തുറക്കുന്നത് കാണാം. ഇതുവഴി ഇവർ പരസ്പരം സന്ദേശങ്ങൾ കൈമാറുന്നു. മരണശേഷവും അന്യോന്യം ബന്ധപ്പെട്ടു കിടക്കുന്ന പുണ്യവാന്മാരുടെ ഐക്യമാണ് ചുരുളിയിലെ മനുഷ്യരെ ബന്ധിപ്പിച്ചുനിർത്തുന്നത്.

ചുരുളിയിലെ അന്യഗ്രഹജീവികളുടെ സാന്നിധ്യം പുണ്യവാന്മാരുടെ ഐക്യത്തിലെ വിജയസഭയിലെ പുണ്യാത്മാക്കളുടെ മധ്യസ്ഥസഹായമാണ്. കാരണം ചുരുളി നിവാസികൾ മരണാനന്തരം ശുദ്ധീകരണസ്ഥലമായ ചുരുളിയിൽ എത്തിയ സഹനസഭയുടെ കൂട്ടായ്മയാണ്. വിജയസഭയിലെ പുണ്യാത്മാക്കളുടെ പ്രതീകമായ അന്യഗ്രഹ ജീവികൾ ചുരുളിയിലെ മനുഷ്യർക്ക് വേണ്ടി മധ്യസ്ഥസഹായം നൽകാൻ എത്തിയവരാണ്. ചിത്രത്തിൽ അന്യഗ്രഹജീവികളുടെ ചുരുളിയിലെ കേന്ദ്രം കപ്പക്കാരന്റെ വീടാണ്. സ്വർഗ്ഗത്തിലെത്തിയ പുണ്യാത്മാക്കളുടെ കൂട്ടമായ വിജയസഭയിലെ അംഗമാണ് കപ്പക്കാരൻ. ഈ കാരണത്താലാണ് കപ്പ

ക്കാരനെ കാണുന്ന അവസരങ്ങളിൽ ചുരുളിക്കാർ മൗനം പാലിക്കുന്നത്.

പുണ്യവാന്മാരുടെ ഐക്യത്തിലെ ഭൂമിയിൽ തീർത്ഥാടനം ചെയ്യുന്ന വിശ്വാസികളുടെ സമരസഭയിലെ അംഗമാണ് ഷാപ്പുകാരന്റെ മകളുടെ ആദ്യ കുറുബാനയ്ക്ക് പുറത്ത് നിന്ന് എത്തുന്ന പള്ളിവികാരി. സമരസഭയിലെ അംഗങ്ങൾക്ക് സഹനസഭയിലെ ആത്മാക്കൾക്കുവേണ്ടി പ്രാർത്ഥനയർപ്പിക്കാൻ കഴിയുന്നു. സമരസഭയിലെ അംഗമായ പള്ളിവികാരിയുടെ വരവോടെ ചുരുളിയിലെ കള്ള്ഷാപ്പ് പള്ളിയായി മാറുന്നു. ഒപ്പം അവിടത്തുകാർ വെള്ളവസ്ത്രം ധരിച്ച് വിശ്വാസികളാകുന്നു. അദ്ദേഹം 'ദൈവം നിങ്ങളെ വിശുദ്ധീകരിക്കുമാറാകട്ടെ' എന്നു പ്രാർത്ഥിക്കുന്നു. ഇതിനു പുറമെ പള്ളിയിൽ കോളാമ്പിയിൽ മുഴങ്ങുന്ന ക്രിസ്തീയഗാനത്തിൻറെ വരികൾ ശുദ്ധീകരണസ്ഥലത്ത് എത്തിയ താല്ക്കാലിക അന്തേവാസികൾ മാത്രമാണ് ചുരുളിക്കാർ എന്ന് സൂചിപ്പിക്കുന്നു.

വിശ്വാസമാം പടകിൽ യാത്ര ചെയ്യുമ്പോൾ
തണ്ടു വലിച്ചു നീ വലഞ്ഞീടുമ്പോൾ
ഭയപ്പെടേണ്ട കർത്തൻ കൂടെയുണ്ട്
അടുപ്പിക്കും സ്വർഗ്ഗീയ തുറമുഖത്ത്.
എൻറെ ദേശം ഇവിടെയല്ല
ഇവിടെ ഞാൻ പരദേശ വാസിയാണല്ലോ.....

ചുരുളിയുടെ പ്രദർശനത്തിനു ശേഷം ഏറ്റവും കൂടുതൽ ചർച്ച ചെയ്യപ്പെട്ട വിഷയങ്ങളിൽ ഒന്നാണ് ടൈം ലൂപ്. കാലങ്ങളായി ചാക്രികമായി ആവർത്തിച്ചുവരുന്ന വ്യവസ്ഥയുടെ ആവർത്തനമാണ് ചുരുളിയിലെ ടൈം ലൂപ്. അതിന്റെ തുടക്കവും ഒടുക്കവും ഒരു ലൂപ്പിൽ തന്നെയായിരിക്കും. എങ്കിലും അതിലെ ആളുകൾ വ്യത്യാസപ്പെടുന്നു. ചുരുളിയിൽ ആദ്യമായി എത്തുന്ന ഷാജീവൻ എന്ന കഥാപാത്രത്തെ ആ നാട്ടിലുള്ള പലരും അതിനുമുമ്പ് കണ്ടിട്ടുണ്ട്. ഷാപ്പുകാരൻ പലപ്പോഴും ഷാജീവനെ ജോർജ്ജ് എന്ന പേരിൽ വിളിക്കുന്നു. ചുരുളിയിലെത്തിയ ഷാജീവന് ഇവിടെ വന്നിട്ട് കുറേ കാലമായി എന്ന തോന്നലുണ്ടാവുകയും, അന്യഗ്രഹജീവികളെ സ്വപ്നം കാണുകയും ചെയ്യുന്നു. ഷാജീവൻ അന്വേഷിച്ചുവന്ന മൈലാട്ടുംകുറ്റി ജോയ് ചെയ്ത എല്ലാ കുറ്റകൃത്യങ്ങളും ഷാജീവൻ ചെയ്തിട്ടുണ്ട്. ഇത് ചുരുളിയിൽ വച്ച് ഷാജീവൻ ഓർത്തെടുക്കുന്നു. ശുദ്ധീകരണസ്ഥലത്ത് സംഭവിക്കുന്ന വ്യക്തിഗത ന്യായവിധിയിൽ ഷാജീവന്റെ എല്ലാ പാപങ്ങളും പരസ്യമായി വെളിപ്പെടുന്നതാണ് ചുരുളിയിലെ ഷാജീവന്റെ കുറ്റകൃത്യത്തിന്മേലുള്ള വെളിപാടുകൾ.

സിനിമയുടെ തുടക്കത്തിൽ പറയുന്ന തിരുമേനി-പെരുമാടൻ കഥയിലെ കാട്ടിലൂടെ യാത്ര ചെയ്യുന്ന ആന്റണിക്ക് വഴിയിൽ നിന്ന് കിട്ടുന്ന മാടനാണ് ഷാജീവൻ. പക്ഷെ, തന്നോടൊപ്പമുള്ള ഷാജീവൻ തന്നെയാണ് മാടൻ എന്ന് തിരിച്ചറിയാതെയാണ് ആന്റണി അയാളെ കൂടെ കൊണ്ടു നടക്കുന്നത്. ഇവർ അന്വേഷിക്കുന്ന ജോയ് ചെയ്തെന്നു പറയുന്ന എല്ലാ കുറ്റങ്ങളും ഷാജീവൻ ചെയ്യുന്നുണ്ട്. മേൽപ്പറഞ്ഞ സന്ദർഭങ്ങളിൽ നിന്ന് ടൈം ലൂപ്പുകൾ എന്താണെന്ന് മനസ്സിലാക്കാവുന്നതാണ്. സിനിമയിൽ ഷാജീവനോട് ഷാപ്പുകാരൻ പണ്ട് ചുരുളിയിൽ വാസു എന്നൊരാൾ ഉണ്ടായിരുന്നു എന്നും അയാളെ അന്വേഷിച്ച് രണ്ട് പോലീസുകാർ എത്തിയെന്നും, നാട്ടിലെ കപ്പക്കാരൻ വാസുവിനെ ഒറ്റി കൊടുത്തതാണെന്നും പറയുന്നുണ്ട്. ഈ സംഭാഷണം ആദ്യ ലൂപ്പിന്റെ സൂചനയാണ്. ഇങ്ങനെ പല ടൈം ലൂപ്പുകളിലായി കുറ്റകൃത്യങ്ങൾ ആവർത്തിക്കപ്പെടുന്നു. മുമ്പ് മറ്റൊരു ടൈം ലൂപ്പിൽ ഷാജീവനും തെറ്റ് ചെയ്തിരിക്കണം. അതിനുള്ള തെളിവാണ് നമ്പൂതിരി-മാടൻ കഥ പെങ്ങൾ തങ്ക ഷാജീവനോട് പറഞ്ഞാണ് ചുരുളി സിനിമയുടെ ആരംഭം. ഇത് ഭൂതകാലത്തിൽ നടന്നതാണ്. വർത്തമാനകാലത്തിൽ പെങ്ങൾ തങ്കയ്ക്കൊപ്പം ആന്റണിയാണ്.

സമയപ്രഭുവിന്റെ ഘടികാരത്തിലെ സമയം എണ്ണപ്പെട്ടു കഴിഞ്ഞാൽ കുറ്റവാളിയായ വ്യക്തികൾ മരണാനന്തരം പാപം ചെയ്ത ആത്മാവാണ്. ഈ പ്രതിഭാസം കാലചക്രം കറങ്ങുന്നതിനനുസരിച്ച് ആവർത്തിക്കപ്പെടുന്നു. പാപികൾ മരണാനന്തരം പാപങ്ങൾ ഏറ്റുപറഞ്ഞ് ശുദ്ധീകരണത്തിനുള്ള മാർഗ്ഗത്തിലേക്ക് കടക്കുന്നു.

ഭോഗാസക്തരായവർ (The laseivious), ഭക്ഷണത്തിനോട് ആർത്തിയുള്ളവർ (The gluttonous), ദുരാഗ്രഹി (The avaricious), അലസതയുള്ളവർ (Slothful) എന്നിവരടങ്ങുന്ന ഏറ്റവും വലിയ പാപികൾക്കുള്ള മൂന്നാമത്തെ ഘട്ടമായ Upper and Middle Purgatory ആയി ബന്ധപ്പെട്ടെടുത്ത ചലച്ചിത്രമാണ് ചുരുളി. ഇതിന്റെ അടിസ്ഥാനത്തിൽ നിരീക്ഷിക്കുമ്പോൾ മരണശേഷം ശുദ്ധീകരണസ്ഥലത്തേക്ക് എത്തുന്ന ആത്മാക്കളാണ് ആന്റണിയും ഷാജീവനും. അവരുടെ പാപങ്ങൾ പരസ്യപ്പെടുത്തുന്നതാണ് ചുരുളിയിൽ അവർ ചെയ്യുന്ന പ്രധാന കാര്യങ്ങൾ.

ചുരുളി കുറ്റം ചെയ്ത ആത്മാക്കളുടെ ഇടമാണ്. അവിടെ എത്തിപ്പെടുന്ന ആന്റണിയും ഷാജീവനും ശുദ്ധീകരണസ്ഥലത്തെ അഗ്നിയിലൂടെ കടന്നുപോകുന്നുണ്ട്. അവർ ചുരുളിയിൽ അനുഭവിക്കുന്ന പല കഷ്ടതകളും പാപപരിഹാരത്തിനു വേണ്ടിയുള്ള മാർഗ്ഗങ്ങളാണ്. ചലച്ചിത്രത്തിനൊടുവിൽ ജോയിയെ പിടിക്കാൻ ആന്റണിയും ഷാജീവനും വീട്ടിലെത്തുമ്പോൾ ആ വീട്ടിലെ സ്ത്രീ ശുദ്ധീകരണസ്ഥലത്ത് താൻ ചെയ്ത പാപങ്ങൾ ദൈവത്തിനും മറ്റുള്ളവർക്കും മുമ്പിൽ ഏറ്റുപറഞ്ഞ് പാപങ്ങൾ പരസ്യപ്പെടുത്തുന്നതിന്റെ സൂചനകൾ ഉൾക്കൊള്ളുന്ന വചനങ്ങൾ വായിക്കുന്നു. ഒടുവിൽ ജോയിയുമായി ജീപ്പിൽ പുറപ്പെടുമ്പോൾ പാപം ചെയ്യാത്തവരായി ആരുമില്ല എന്നും അവരുടെ പാപങ്ങൾ ശരിയായി കരുതി എല്ലാ പാപങ്ങളും ചെയ്യുന്നവരുടെ ഇടമായ ചുരുളിയല്ലേ സ്വർഗ്ഗം എന്നു പറയുന്നു. മരണം, കാലങ്ങളായി ആവർത്തിച്ചുവരുന്ന പാപങ്ങൾ, മരണാനന്തരമുള്ള ഏറ്റുപറച്ചിൽ എന്നിവയ്ക്കു വേദിയാകുന്ന ചുരുളിയിൽ നിന്ന് ഷാജീവനും ജോയിയും നരകത്തിലേക്കുള്ള ജീപ്പിലാണ് യാത്ര ചെയ്യുന്നത്. പാപങ്ങൾ ഏറ്റുപറഞ്ഞ് ശുദ്ധീകരണസ്ഥലമായ ചുരുളിയിൽ നിന്ന് സ്വർഗ്ഗകവാടം അവർക്കായി തുറക്കപ്പെടുന്നില്ല. എന്തെന്നാൽ അവർക്ക് പാപമോചനം ലഭിച്ച് വിശുദ്ധി ലഭിക്കുന്നില്ല. സമയപ്രഭുവിന്റെ ചക്രത്തിൽ കാലമെത്തിയവർ കുറ്റവാളികളാണെങ്കിൽ അവരെ കാത്ത് ചുരുളി നിൽക്കുന്നു.

**ഉപസംഹാരം**

പ്രേക്ഷകരിൽ ശുദ്ധീകരണസ്ഥലത്തിന്റെ അവസ്ഥയാണ് ചുരുളി എന്ന തോന്നൽ ഉളവാക്കാൻ സംവിധായകൻ മനഃപൂർവ്വം ചുരുളി ഭാഷയും, വന്യമായ നിഗൂഢതകളും പ്രയോജനപ്പെടുത്തുന്നു. ഇത് മനുഷ്യന് അപരിചിതമായ ഒരു ഇടമാണ് എന്ന ധാരണ ഉണ്ടാകുന്നു. കാണികളുടെ പല തരത്തിലുള്ള ആഖ്യാനമാതൃകകളിൽ പ്രധാന സ്ഥാനം പർഗേറ്ററിക്ക് ലഭിക്കുന്നുണ്ട്. ഈ നിരീക്ഷണത്തെ ഊട്ടി ഉറപ്പിക്കുന്നതാണ് സംവിധായകന്റെ ചലച്ചിത്രത്രയത്തെ സംബന്ധിച്ച വെളിപ്പെടുത്തൽ. സിനിമയിൽ പല രൂപങ്ങളിൽ ആവർത്തിച്ചുവരുന്ന ചുരുളി ചിഹ്നങ്ങൾ, സമയചക്രം എന്നിവ അനന്തമായി ആവർത്തിക്കുന്ന മരണം, മരണാനന്തരജീവിതം തുടങ്ങിയ പലതരം രഹസ്യങ്ങളിലേക്ക് കാണികളുടെ അനുഭൂതി മണ്ഡലത്തെ ഉണർത്തുന്നു.

**ആധാരസൂചി**

1. ചുരുളി (ഇന്ത്യ/മലയാളം/2021/114"), ലിജോ ജോസ് പെല്ലിശ്ശേരി (സംവിധാനം), മൂവി മൊണാസ്ട്രി, ചെമ്പോസ്കി മോഷൻ പിക്ച്ചേഴ്സ്.
2. നാരായണൻ കല്പ്പറ്റ, സമയപ്രഭു, മാതൃഭൂമി ബുക്സ്, കോഴിക്കോട്, 2021
3. വിനോയ് തോമസ്, മുള്ളരഞ്ഞാണം, ഡി.സി.ബുക്സ്, കോട്ടയം, 2021
4. ബൈബിൾ, ദ ബൈബിൾ സൊസൈറ്റി ഓഫ് ഇന്ത്യ, ബാംഗ്ലൂർ, 2012
5. Susan Tassone, Prayers, Promises and Devotions for the Holy Souls in Purgatory, Sunday Visitor Publishing Division, Our, 2012

**ഓൺലൈൻ സൂചിക**

1. https://www.onmanorama.com
2. https://www.filmcompanion.com
3. https://www.pravachakasabdam.com
4. https://www.thequint.com
5. https://www.thenewsminute.com

aswathypsb@gmail.com

# ഡാൻസും സ്ക്രീൻഡാൻസും; ഒരു സാമാന്യവായന

**ശ്രീലക്ഷ്മി എം.**
ഗവേഷക, മലയാളകേരളപഠനവിഭാഗം, കാലിക്കറ്റ്
സർവകലാശാല ക്യാമ്പസ്

**പ്രബന്ധസംഗ്രഹം**

വേദിയിലെ നൃത്തവും സിനിമയിലെ നൃത്തവും രണ്ടനുഭവങ്ങളാണെന്ന പറയുകയാണ് ഈ പഠനം. സിനിമയുടെ സങ്കേതങ്ങൾക്കകത്ത് എങ്ങനെ നൃത്തം പുതിയൊരന ുഭവമാകുന്നുവെന്ന് ഇവിടെ നിരീക്ഷിക്കുന്നു. അതിലൂടെ സ്ക്രീൻ ഡാൻസ് എന്നൊരു ജനുസ്സിന്റെ സാധ്യതകളിലേക്ക് സഞ്ചരിക്കുന്നു.

**താക്കോൽവാക്കുകൾ:**

നൃത്തം-നാട്യം-ശരീരം-മാധ്യമം-നൃത്യം-സ്ക്രീൻ ഡാൻസ്

**സ്ക്രീൻഡാൻസിന്റെ സാങ്കേതികത**

ദൃശ്യാവിഷ്കാരങ്ങളുടെ കൂട്ടത്തിൽ ഏറ്റവും ജനകീയവും ജനപ്രിയവുമായ കലയാണ് ചലച്ചിത്രം. ലോകസാധാരണമായ സംഭവങ്ങളെന്ന മട്ടിൽ യഥാതഥമായി ആവിഷ്കരിക്കാൻ ശ്രമിക്കുന്നതുകൊണ്ടുതന്നെ സിനിമയിലെ ശരീരാവിഷ്കാരങ്ങൾ, പ്രത്യേകിച്ചും നൃത്യരംഗങ്ങൾ ലോകധർമ്മിയോടാണ് ആഭിമുഖ്യം കാണിക്കുന്നത്. നാടകീയതയും അതിശയോക്തിയുമെല്ലാം ഉണ്ടാക്കിയെടുക്കാൻ ലൈറ്റിംങ്ങ്, ഫ്രെയിമിങ്ങ്, ക്യാമറാമൂവ്മെന്റ്, ഷോട്ടുകളുടെ വൈവിദ്ധ്യം, എഡിറ്റിങ്ങ് തുടങ്ങിയ സങ്കേതങ്ങളെയാണ് അത് ആശ്രയിക്കുന്നത്. അതിനാൽത്തന്നെ സിനിമ കണ്ണിനുമുന്നിൽ തെളിയുന്ന യാഥാർത്ഥ്യമെന്ന പ്രതീതിയുണ്ടാക്കുന്നു. സിനിമയുടെ വമ്പിച്ച ജനപ്രീതിക്ക് ഇത് കാരണമായിട്ടുണ്ട്. പ്രത്യേകിച്ച് പരിജ്ഞാനമോ പരിശീലനമോ ഇല്ലാതെ ആദ്യകാഴ്ചയിൽത്തന്നെ പ്രേക്ഷകരെ ആകർഷിക്കാനുള്ള അതിന്റെ വൈഭവം അനിതരസാധാരണമാണ്. അതുവരെ ഉണ്ടായിട്ടുള്ള കലകളെയെല്ലാം ഉൾക്കൊള്ളാൻ പാകത്തിൽ രൂപസംവിധാനമുള്ള, സാങ്കേതികവിദ്യകൊണ്ടുള്ള കലാവിഷ്കാരമാണത്. ചിത്രകലയും ശില്പകലയും സംഗീതകലയും മാത്രമല്ല നൃത്തകലയും നൃത്യകലയും നാടകകലയും വലിയ പരിധിവരെ സ്വാംശീകരിക്കാൻ സിനിമയ്ക്കു കഴിയും. നാടകത്തിന്റെ രംഗപരിമിതിയെ മറികടന്ന് വിശാലലോകത്തിന്റെ മേച്ചിൽപ്പുറങ്ങളിലേക്ക് കണ്ണയയ്ക്കുന്നതാണ് സിനിമയുടെ രീതിയെങ്കിലും നാടകത്തിന്റെ രംഗസ്ഥലത്തെ, അതിന്റെ പരിമിതിയെത്തന്നെ അതിന് ആവിഷ്കരിക്കാനാവും. നാടകം സംഭവങ്ങളുടെ യഥാർത്ഥകാലത്തെ

പിന്തുടരാൻ നിർബ്ബന്ധിക്കപ്പെടുന്നുണ്ടെങ്കിൽ സിനിമയ്ക്ക് അതിനെ സ്വന്തം ഇഷ്ടാനുസരണം വരുതിക്കു നിർത്താൻ കഴിയും. സ്ലോമോഷനിലും ഫാസ്റ്റ് മോഷനിലും സിനിമ യഥാർത്ഥകാലത്തെ ബോധപൂർവ്വം മാറ്റിമറിക്കുന്നുണ്ട്. അതായത് ക്യാമറയുടെ അകത്തെ ചലനംകൊണ്ടും ഒരു സംഭവത്തിന്റെതന്നെ വ്യത്യസ്തമായ ഷോട്ടുകൾ കൂട്ടിച്ചേർക്കുന്ന എഡിറ്റിങ്ങിലെ താളം കൊണ്ടും സിനിമയ്ക്ക് സ്വന്തമായ സംഭവകാലം ഉണ്ടാക്കാൻ കഴിയും. ഇങ്ങനെ സാങ്കേതിക മികവുള്ള കലയാണെങ്കിലും സിനിമകൾ ആവിഷ്കാരത്തിന് ശരീരത്തെ വളരെയേറെ ആശ്രയിക്കുന്നുണ്ട്. ആനിമേഷൻ വരുന്ന ഡിജിറ്റൽ കാലത്തിന് മുമ്പ് അത് ശരീരത്തിന്റെ, മനുഷ്യരുടെയും മനുഷ്യേതരരായ ജീവികളുടെയും വസ്തുക്കളുടെയും ബാഹ്യരൂപങ്ങളുടെ, ചിത്രങ്ങൾ മാത്രമാണ് ആവിഷ്കാരത്തിനുള്ള ഉപാധിയായി സ്വീകരിച്ചത്. അതായത് ഒരു ശരീരചലനത്തെയോ നിശ്ചലതയെയോ ഇമേജായി സ്വീകരിക്കുകയും ആ ചലനത്തിന്റെ സ്വാഭാവിക കാലത്തെ യഥേഷ്ടം പരിഷ്കരിക്കുകയും ചെയ്തുകൊണ്ടാണ് സിനിമ അതിന്റെ കലാവിഷ്കാര മാദ്ധ്യമം രൂപപ്പെടുത്തുന്നത്. നാടകവും നൃത്തവും ത്രിമാനമായ ശരീരത്തെ യഥാർത്ഥകാലത്തിൽ ആവിഷ്കരിക്കുമ്പോൾ  സിനിമയുടെ കാര്യത്തിൽ യഥാർത്ഥകാലം പ്രസക്തമല്ല. ഇങ്ങനെ സ്വന്തമായ സംഭവകാലം രൂപപ്പെടുത്താൻ സിനിമ ഉപയോഗിക്കുന്ന തന്ത്രങ്ങളിൽ പ്രധാനമാണ് എഡിറ്റിങ്ങ്. ഒരു ചലനത്തെ പല ഇമേജുകളാക്കി തുടർച്ച നഷ്ടപ്പെടാതെ കൂട്ടിച്ചേർക്കാൻ ഇത് സഹായിക്കുന്നു. കൈവിരലിന്റെ ചെറിയ വിറയലോ, അതിസൂക്ഷ്മമായ ഒരു ഇമയനക്കമോ എല്ലാം ഒരു ഭാവപ്രകടനത്തിനിടയിൽ അസാമാന്യമായ പ്രാധാന്യത്തോടെ ഇടകലർത്തി ഉപയോഗിക്കാൻ സിനിമയ്ക്കാവും. അത് എത്രവലുപ്പത്തിൽ കാണിക്കാമെന്നതും സിനിമയുടെ തെരഞ്ഞെടുപ്പിൽ പ്രധാനമാണ്. അതിനാൽത്തന്നെ ഭാവാഭിനയത്തിൽ സിനിമ അതീവ സൂക്ഷ്മത പുലർത്തുന്നു. അത് അഭിനേതാവ് ശരീരംകൊണ്ടു നടത്തുന്ന ആഖ്യാനമോ വ്യാഖ്യാനമോ എന്നതിലുപരി അത്തരം വ്യാഖ്യാനത്തിന്മേൽ എഡിറ്റിങ്ങിലൂടെ നടത്തുന്നതാണ്.  സാത്വികാഭിനയം എന്നറിയപ്പെടുന്ന കണ്ണീരണിയലും രോമാഞ്ചവും മറ്റും കൃത്രിമമായി സൃഷ്ടിക്കാൻ അതിനുകഴിയും. അഥവാ പരമ്പരാഗതമായ സാത്വികാഭിനയം സിനിമയെ സംബന്ധിച്ച് യാന്ത്രികാഭിനയം മാത്രമാണെന്നു പറയാം. കൈകാര്യം ചെയ്യുന്ന വിഷയത്തെ എത്ര അടുത്തുനിന്ന്, എത്ര വ്യത്യസ്തമായ വീക്ഷണകോണുകളിലൂടെ, എത്ര കൗശലത്തോടെ അവതരിപ്പിക്കാം എന്നത് സിനിമയുടെ ആവിഷ്കാരസ്വാതന്ത്ര്യമാണ്. സിനിമ സ്വാംശീകരിക്കാൻ ശ്രമിച്ചിട്ടുള്ള നിരവധി കലകളിൽ ഒന്നാണ് നൃത്തം. അനേകവിധം  നൃത്തങ്ങളുള്ളതിൽ ക്ലാസിക്കൽ പാരമ്പര്യത്തിലുള്ളവയെ മുൻനിർത്തിയുള്ളതാണ് ഈ ആലോചന.  വളരെക്കാലം മുമ്പ് ചിട്ടപ്പെടുത്തിയ നിയമങ്ങളെ അനുവർത്തിക്കുന്നതും മാറ്റങ്ങളെ വളരെ പതുക്കെ സ്വാംശീകരിക്കുന്നതുമായ നൃത്തകലയെ സിനിമ ഉൾക്കൊള്ളുമ്പോൾ ഇത്തരം സാങ്കേതിക സാധ്യതകളെല്ലാം അതിനുമേൽ പ്രയോഗിക്കുന്നു. സ്വാഭാവികമായും, അടിസ്ഥാനപരമായ മാനദണ്ഡങ്ങളിൽപ്പോലും ആവശ്യാനുസരണമുള്ള കൂട്ടിച്ചേർക്കലുകളും ഒഴിവാക്കലുകളും ഉണ്ടാവുന്നു.

**വേദിയും സ്ക്രീനും : അവതരണത്തിന്റെ മാനദണ്ഡങ്ങൾ**

ഒരു വേദിയിൽ, മുൻകൂട്ടി സ്ഥാപിക്കപ്പെട്ട വ്യവസ്ഥയ്ക്കുള്ളിൽനിന്നുകൊണ്ടാണ് നൃത്തത്തിലെ അവതാരകർ പ്രവർത്തിക്കുന്നത്. വേദിയും സദസ്സും തമ്മിലുള്ള നിയതമായ ദൂരം മിക്കവാറും അവസരങ്ങളിൽ അത് കാത്തുസൂക്ഷിക്കുന്നു. സിനിമയിൽപ്പോലും വേദിയെ ചിത്രീകരിക്കുന്ന രംഗങ്ങളിൽ ഈ ദൂരം അടയാളപ്പെടുത്തുന്നുണ്ട്(യവനിക, കമലദളം, നടൻ തുടങ്ങിയ സിനിമകളിലെ സ്റ്റേജ് രംഗങ്ങൾ ഉദാഹരണം). ആ സംവിധാനത്തിൽ ഓരോ ഇരിപ്പിടത്തിലെയും കാഴ്ചക്കാരന് ലഭിക്കുന്ന കാഴ്ചാനുഭവം വ്യത്യസ്തമാണ്. പ്രൊസീനിയത്തിലെ ഭാവഭേദങ്ങളെ അത് കാഴ്ചക്കാർക്ക് നൽകുന്നത് സമമായല്ല. ലൈറ്റിംഗിന്റെ  സവിശേഷതകളും ഇതിനെ സ്വാധീനിക്കുന്നുണ്ട്. ഇതുമായി താരതമ്യം ചെയ്യുമ്പോൾ സിനിമ കാഴ്ചയെ ഒരു നിശ്ചിത വീക്ഷണത്തിൽ ഉറപ്പിക്കുന്നു. ക്യാമറയുടെ കണ്ണ് കാഴ്ചക്കാരന്റെ കണ്ണാവുന്നു. ഇതിലൂടെ ആസ്വാദനത്തെ സൂക്ഷ്മമാക്കുക കൂടി ചെയ്യുന്നുണ്ട്. കാരണം നാടകത്തിലെ ശകുന്തള ദുഷ്യന്തനെ മാത്രം പ്രേമപൂർവ്വം നോക്കുമ്പോൾ സിനിമയിലെ ശകുന്തള പ്രേമപൂർവ്വം ഓരോ പ്രേക്ഷകനെയും, അയാളെമാത്രം, നോക്കുകയാണ് എന്ന പ്രതീതിയുണ്ടാക്കുന്നു. ഇത് സിനിമയുടെ സാങ്കേതികമികവാണ്. മറ്റു കലകളെ അപേക്ഷിച്ച്, ശരീരാഭിനയത്തിന്റെ സൂക്ഷ്മസാധ്യതകളെ

ഫലവത്തായി ഉപയോഗിക്കാൻ സിനിമയ്ക്ക് കഴിയുന്നതിന്റെ കാരണം സാങ്കേതികതയുടെ ഈ പിൻബലമാണ്.

## ശരീരമാധ്യമവും ആഖ്യാനതന്ത്രങ്ങളും

ദൃശ്യകലകളുടെ പൊതുസ്വഭാവമായി ശരീരംതന്നെ ആവിഷ്കാര മാദ്ധ്യമമാകുന്നതിനെ ചൂണ്ടിക്കാണിക്കാം. ചിത്രകലയിലും ശില്പകലയിലും മാദ്ധ്യമം ശിലയോ ചായങ്ങളോ ഒക്കെയാണെങ്കിലും ശരീരപ്രതിരൂപങ്ങളെയും അവ മുഖ്യമായ ആവിഷ്കാരോപാധിയാക്കുന്നുണ്ട്. അവതരണകലകളിലാകട്ടെ ശരീരത്തിന്റെ പ്രതിരൂപമല്ല, ശരീരം അതേപടിതന്നെ ആവിഷ്കാരമാദ്ധ്യമമാകുന്നു. ജീവിതത്തിലായാലും കലാവിഷ്കാരങ്ങളിലായാലും അഭിനയം എന്ന് പൊതുവിൽ പറയുന്നതെല്ലാം ഒരർത്ഥത്തിൽ ശരീരമെന്ന മാദ്ധ്യമംകൊണ്ടുള്ള ആവിഷ്കാരങ്ങളാണ്. രംഗാവതരണങ്ങളിൽ ഈ ശരീരപ്രകടനത്തോടൊപ്പം തരംപോലെ സംഗീതവും ചിത്രവും ഭാഷയും മറ്റും അതിനെ പൂരിപ്പിക്കുവാൻ ഉപയോഗിച്ചുപോരുന്നു. ഇന്ത്യൻകലാചിന്തകർ അഭിനയത്തിന് വാചികം, ആംഗികം, ആഹാര്യം, സാത്വികം എന്നിങ്ങനെ കല്പിച്ചിരിക്കുന്ന ഉപാധികൾ നാലും ശരീരത്തെ കേന്ദ്രീകരിച്ചുള്ളതാണ്. ആചാരപരമായ ആംഗ്യങ്ങൾ മുതൽ ആനിമേഷൻവരെ നീണ്ടുകിടക്കുന്ന സുദീർഘമായ ചരിത്രം അഭിനയപ്രധാനമായ ആവിഷ്കാരങ്ങൾക്കുണ്ട്. നാടകം, നൃത്തം തുടങ്ങിയവ പുരാതനകാലം മുതലേ ജനപ്രിയതയാർന്നവെങ്കിൽ സാങ്കേതികവിദ്യയുടെ വികാസത്തോടെ രൂപപ്പെട്ട സിനിമയെന്ന കല ഈ ദൃശ്യശ്രാവ്യസാദ്ധ്യതകളെ ഉപയോഗിച്ചുകൊണ്ട് ആധുനികയുഗത്തിന്റെ ജനപ്രിയകലാരൂപമായി മാറി.

മേൽപ്പറഞ്ഞ നാടകവും നൃത്തവും വേദികളിൽ തത്സമയം അവതരിപ്പിക്കപ്പെടുന്ന കലകളാണ്. പ്രത്യേക ആവശ്യങ്ങൾക്കായി ഇവ റെക്കോർഡ് ചെയ്ത് സൂക്ഷിക്കാമെങ്കിലും അവതരണം ഒറ്റത്തവണയിലാണ്. ഇടവേളകളില്ലാതെ. വീഡിയോ റെക്കോർഡ് ചെയ്യുമ്പോൾത്തന്നെ അത് സിനിമയുടെ കലാതന്ത്രത്തിലേക്കു മാറിക്കഴിഞ്ഞു. ഒരു പോയിന്റിൽനിന്നുള്ള അവിരാമമായ ഒറ്റഷോട്ടിൽ റെക്കോർഡ് ചെയ്താൽപ്പോലും അതു നൃത്തമല്ല, നൃത്തത്തിന്റെ ഇമേജ് മാത്രമാണ്. ഒരു രംഗത്തിന്റെതന്നെ വിവിധരീതികളിലുള്ള പതിപ്പുകൾ ചിത്രീകരിച്ചെടുക്കുകയും അതിൽ ഏറ്റവും ഉചിതമായവ മാത്രം സംയോജിപ്പിക്കുകയും ചെയ്താണ് സിനിമ യാഥാർത്ഥ്യമാവുന്നത്. ചിത്രീകരിച്ചുവെച്ച ഷോട്ടുകൾ ഉപയോഗിച്ച് ഒരു എഡിറ്റർക്ക് തികച്ചും വ്യത്യസ്തമായ ഒന്നിലധികം സീക്വൻസുകൾ ഉണ്ടാക്കാൻ കഴിയുമെന്നതാണ് അതിന്റെ പ്രത്യേകത. അതുകൊണ്ടാണ് നാടകവും നൃത്തവും സിനിമയും ദൃശ്യകലകളായിരിക്കുമ്പോൾത്തന്നെ സിനിമയെ  അവതരണകല എന്നതിൽനിന്നു മാറ്റി നോവൽ എന്ന പോലെ ഒരു ആഖ്യാനകലയെന്ന പദവിലേക്ക് പ്രതിഷ്ഠിക്കുന്നത്. ഇങ്ങനെ വ്യത്യസ്തമാകുമ്പോഴും ഇപ്പറഞ്ഞ മൂന്നിന്റേയും ആവിഷ്ക്കാരമാദ്ധ്യമം പ്രധാനമായും ശരീരമാണ്. നൃത്തത്തിലേയ്ക്കുവരുമ്പോൾ, സിനിമ തുടർച്ചയായി അതിന്റെ ഫോർമുലയിൽ നിലനിർത്തുന്ന ഒരു ചേരുവയാണത്. വാണിജ്യസിനിമയെന്നോ ആർട്ട് സിനിമയെന്നോ വ്യത്യാസമില്ലാതെ തിരനൃത്തം ഉപയോഗിക്കപ്പെടുന്നുണ്ട്. സ്ക്രീൻഡാൻസ് അത്രയൊന്നും പഠിക്കപ്പെട്ടിട്ടില്ലാത്ത, എന്നാൽ അനവധി സാധ്യതകളുള്ള ഒരു മേഖലയാണ്. ക്ലാസ്സിക് നൃത്തപാരമ്പര്യങ്ങളെ മുൻനിർത്തി തിരനൃത്തങ്ങളെ വായിക്കാൻ ശ്രമിക്കുന്നതിന് നൃത്ത - നൃത്യ - നാട്യങ്ങളുടെയും പ്രാചീനകലാരൂപങ്ങളുടെയും അടിസ്ഥാനപ്രമാണങ്ങളും രീതികളും മനസിലാക്കേണ്ടതുണ്ട്. അവയിൽ ചിലതിനെ ഈ ഭാഗത്ത് വിശദീകരിക്കാൻ ശ്രമിക്കുന്നു.

പൗരസ്ത്യനാട്യലക്ഷണഗ്രന്ഥങ്ങൾ ശരീരത്തെ ആധാരമാക്കിയുള്ള കലാ പ്രകടനങ്ങളെ പൊതുവെ നൃത്തം, നൃത്യം, നാട്യം എന്നിങ്ങനെ മൂന്നായിട്ടാണ് തിരിച്ചിരിക്കുന്നത്. നൃത്തം താളാത്മകമായ അംഗചലനമാണെങ്കിൽ അതോടൊപ്പം മുദ്രാഭിനയംകൂടി ചേരുന്നതാണ് നൃത്യം. നാട്യമാകട്ടെ താളാത്മകവും മുദ്രാധിഷ്ഠിതവുമായ ചലനങ്ങളോടൊപ്പം സവിശേഷമായ ഭാവങ്ങളെക്കൂടി വിശദമായി അവതരിപ്പിക്കുന്നു. അതായത് നാട്യത്തിൽ നൃത്യവും, നൃത്യത്തിൽ നൃത്തവും ഉള്ളടങ്ങിയിരിക്കുന്നു എന്ന നിലയിൽ  ഒരു ശ്രേണീകരണം നിഴലിക്കുന്നുണ്ട്. നൃത്തനൃത്യാദികൾ കലാപഠനത്തിന്റെ ക്ലിഷ്ടമായ ചിട്ടകൾ പാലിക്കുമ്പോഴും അവ ആസ്വാ

ദ്യകരമാകുന്നത് ജീവിതത്തെ അനുകരിക്കുന്നതിൽ പുലർത്തുന്ന താളാത്മകതയും മറ്റുമായ കലാതന്ത്രങ്ങൾ പാലിക്കുന്നതുകൊണ്ടാണ്. ജീവിതത്തിൽ സഹ്യമല്ലാത്ത സാഹചര്യങ്ങൾ പോലും കലയിൽ ആസ്വാദ്യകരമാകുന്നത് കലാത്മകതയുടെ ഈ രസതന്ത്രം കാരണമാണ്.

സാങ്കേതികാർത്ഥത്തിൽ നൃത്തവും നൃത്യവും തമ്മിലുള്ള വ്യതിരിക്തതയിലാണ് നൃത്തത്തിന്റെ അഭിനയസങ്കേതങ്ങൾ വ്യക്തമാവുന്നത്. നാട്യശാസ്ത്രാദികളായ ലക്ഷണഗ്രന്ഥങ്ങൾ പ്രധാനമായും ഊന്നുന്നത് നാട്യകലയിലാണ്. രംഗവേദിയിലെ അവതരണം എന്ന നിലയിൽ നാടകാദിരൂപകങ്ങളെയാണ് അത് പഠനവിധേയമാക്കുന്നത്. അതേ ഗ്രന്ഥങ്ങളെയാണ് പിന്നീട് നൃത്തത്തിന്റെ ലക്ഷണഗ്രന്ഥങ്ങളായി പരിഗണിച്ചത്. വിശാലാർത്ഥത്തിൽ നാടകത്തെ ലക്ഷണം ചെയ്യുമ്പോഴും അതിന്റെയൊരു ഭാഗമെന്ന നിലയ്ക്ക് നൃത്തകലയെ അവ ഉൾക്കൊണ്ടിരുന്നു.പിൽക്കാലത്ത് ദൃശ്യകലാപാരമ്പര്യങ്ങൾ വിവിധദിശകളിൽ വളരാൻ തുടങ്ങുകയും ഓരോന്നിനും അതിന്റേതായ ചിട്ടയും സ്വരൂപവും നിശ്ചയിക്കേണ്ടത് അത്യന്താപേക്ഷിതവുമായ ഘട്ടത്തിലാണ് നൃത്തത്തിന് സവിശേഷമായി ലക്ഷണങ്ങൾ കൽപ്പിക്കുന്ന അഭിനയദർപ്പണം(നന്ദികേശ്വരൻ), നൃത്യർത്തനാവലി(ജയസേനാപതി), സംഗീതരത്നാകരം(സാരംഗദേവൻ) തുടങ്ങിയ കൃതികൾ നിലവിൽ വന്നത്. രംഗാവതരണമെന്ന നിലയിൽ ഒട്ടേറെ സാമ്യങ്ങളുണ്ടെങ്കിലും പ്രകടനപരവും സാങ്കേതികവുമായ വ്യത്യാസങ്ങൾ നാടകാദികളും നൃത്തകലയും തമ്മിലുണ്ട്. ഈ സാമ്യവ്യത്യാസങ്ങളെക്കുറിച്ചുള്ള ആലോചന പിന്നീട് നൃത്തകലയിൽവന്ന നൂതനമായ മാറ്റങ്ങളെ പഠിക്കുന്നതിൽ വലിയ സംഭാവന നൽകുന്നു.

ഉദാഹരണത്തിന്, നാടകത്തിൽ കഥാപാത്രങ്ങളുടെ ശരീരസാന്നിധ്യം വളരെ പ്രധാനമാണ്. കഥാപാത്രങ്ങൾ പലരും വേദിയിൽ ഒരേസമയം പ്രത്യക്ഷപ്പെടുന്നു. ഓരോരുത്തരുടെയും വൈകാരികനിലയും അതിന്റെ സൂക്ഷ്മമായ പരിവർത്തനങ്ങളും ധാരമുറിയാതെ അവതരിപ്പിക്കാനാവുന്നു. ചുരുക്കം സന്ദർഭങ്ങളിലേ ശബ്ദരേഖ മാത്രമുപയോഗിച്ച് കഥാപാത്രങ്ങളെ അവതരിപ്പിക്കാറുള്ളൂ. നൃത്തത്തിൽ ഓരോ കഥാപാത്രത്തിനും ഓരോ ശരീരം എന്ന നിബന്ധനയില്ല. ഒരാൾ തന്നെ സന്ദർഭാനുസരണം പല കഥാപാത്രങ്ങളായി പകർന്നാടുകയാണ്. ചോദ്യമുന്നയിക്കുന്ന ആളുതന്നെ അടുത്ത നിമിഷം അതിനുത്തരം പറയുന്ന ആളായി മാറുന്നു. ഈ ഒറ്റയാൾപ്രകടനം കഠിനമായ അനുശീലനം ആവശ്യപ്പെടുന്നതാണ്. ഒരർത്ഥത്തിൽ വായ്പ്പാട്ടിലെ ഭാവാന്തരീക്ഷത്തെ ശരീരംകൊണ്ട് വ്യാഖ്യാനിക്കുന്നു എന്ന നിലയിൽ അതിൽ ഒന്നിലധികം ആഖ്യാനവും വ്യാഖ്യാനവും അടങ്ങിയിട്ടുണ്ട് എന്നു പറയാം.

നാടകങ്ങളിലെ ഭാവാവതരണം സ്ഥായീഭാവങ്ങൾക്ക് വളരെ പ്രാധാന്യം നൽകുന്നുണ്ട്. ഓരോ രസവും നിർദ്ദിഷ്ടമായ സ്ഥായീഭാവത്തിൽനിന്ന് ക്രമേണ ഉണർത്തി വളർത്തിക്കൊണ്ടുവരുന്നതിലാണ് നാടകാദികൾ ശ്രദ്ധ പതിപ്പിക്കുന്നത്. ധീരോദ്ധത, ധീരലളിതത്വം, ധീരപ്രശാന്തത തുടങ്ങിയവ നായകന്മാരുടെ ഗുണങ്ങളാണ്. തമോഗുണവും രജോഗുണവും പൊതുവേ പ്രതിനായകകഥാപാത്രങ്ങൾക്ക്. ശാന്തകരുണരസങ്ങൾ ഋഷീശ്വരർക്ക്. ഇത്തരത്തിൽ നിർദ്ദിഷ്ടമായ മേഖലയിലാണ് അഭിനേതാവ് വിഹരിക്കേണ്ടത്. അത് സാദ്ധ്യമാകുന്നത് ശരീരം മുഴുവനും ഭാവനിർമിതിയുടെ ഈ പ്രക്രിയയിൽ പ്രവർത്തിപ്പിച്ചുകൊണ്ടാണ്. നൃത്യത്തിൽ (നൃത്തം+ഭാവാഭിനയം) ഭാവങ്ങളുടെ അവതരണം വ്യത്യസ്തമാണ്. അംഗിരസത്തെ ക്രമേണ വികസിപ്പിച്ചുകൊണ്ടുവരുന്ന രീതിയല്ല അവ പിന്തുടരുന്നത്. ഭാവവൈവിധ്യങ്ങൾ നൊടിയിടയിൽ അവതരിപ്പിക്കുന്നതിലാണ് നൃത്തത്തിന് താല്പര്യം.

ബാഹ്യവസ്തുക്കളിലൂടെ സ്ഥലകാലസൂചനകൾ നൽകുന്ന രീതി നാടകവേദികൾക്കുണ്ട്. ഓരോ രംഗാവതരണവും വേറിട്ടതാകുന്നത് കഥാപാത്രങ്ങൾ മാറുന്നതുകൊണ്ടു മാത്രമല്ല, പശ്ചാത്തലത്തിലെ പ്രോപ്പർട്ടികൾ കൃത്യമായ ചില സൂചനകൾ നല്കുന്നതുകൊണ്ടുകൂടിയാണ്. ഈ രീതി നൃത്യകലയിൽ അപൂർവമാണ്. ശൈലീബദ്ധമായ ഒരേ ആഹാര്യരീതിയാണ് നൃത്യകല പിന്തുടരുന്നത് എന്നതാണ് മറ്റൊരു കാര്യം. നാടകാദികളെപ്പോലെ കഥാപാത്രങ്ങൾക്കനുസൃതമായ വസ്ത്രധാരണം, ചമയം, പ്രോപ്പർട്ടി തുടങ്ങിയവ ഉപയോഗിക്കുന്നത് നൃത്തനൃത്യാദികളുടെ രീതിയല്ല.

ഹസ്താഭിനയത്തിന്റെ ഉപയോഗം നൃത്യകലയുടെ സവിശേഷതയായി മാറിക്കഴിഞ്ഞിട്ടുണ്ട്. എല്ലാതരം ശരീരാഭിനയരീതികളും കൈകാലുകളുടെയും മറ്റ് അംഗപ്രത്യംഗങ്ങളുടെയും ചല നങ്ങൾ യഥേഷ്ടം ഉപയോഗിക്കുന്നുണ്ടെങ്കിലും ഹസ്തലക്ഷണദീപിക പോലുള്ള ലക്ഷണഗ്ര ന്ഥങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ള മുദ്രകളുടെ വിനിയോഗം നൃത്യത്തിന്റെ പ്രത്യേകതയാണ്.

**ഡാൻസും സ്ക്രീൻഡാൻസും**

ആശയങ്ങൾ സംവേദനം ചെയാൻ മനുഷ്യർ പ്രാക്തനകാലം മുതൽക്കേ സവിശേഷമായ മാധ്യമങ്ങൾ ഉപയോഗിച്ചിട്ടുണ്ട്. ചരിത്രാന്വേഷണത്തിന്റെ ഉപാദാനങ്ങളായി നാം സ്വീകരി ച്ചിട്ടുള്ള ലിഖിതങ്ങൾ, ചെപ്പേടുകൾ, ഗുഹാചിത്രങ്ങൾ, അവശിഷ്ടങ്ങൾ തുടങ്ങിയവയൊക്കെ അക്കാലത്തെ മനുഷ്യരുടെ ഏതെങ്കിലും തരത്തിലുള്ള ആശയവിനിമയങ്ങളായിരുന്നുവെന്ന ത് വ്യക്തമാണ്. തങ്ങളുടെ ജീവിതത്തോടും തീർത്തും പ്രാകൃതികമായ വിശ്വാസങ്ങളോടും അവർ നടത്തിയിരുന്ന സംവാദങ്ങളുടെ മാധ്യമീകരണമാണ് ഒരുതരത്തിൽ ഇവ. പിൽക്കാ ലത്ത് ചിത്രകലയിലേക്കും ശിൽപകലയിലേയ്ക്കും വസ്തുവിദ്യയിലേയ്ക്കുമൊക്കെ രൂപം മാറിയ മനുഷ്യരുടെ ആവിഷ്കാരകലകളിൽ പ്രധാനാബിംബമായിരുന്ന ശരീരങ്ങൾ. മനുഷ്യരുടെയും മനുഷ്യേതരരുടെയും ശരീരങ്ങൾ ചിത്രീകരിച്ചുകൊണ്ട് നിരവധി ആവിഷ്ക്കാരങ്ങൾ ലോകക ലയിൽ ഇടം നേടിയിട്ടുണ്ട്. അത് തുടരുന്നുമുണ്ട്. ചലനപ്രധാനമായ ആവിഷ്കാരങ്ങളിൽ, ഉദാ ഹരണത്തിന് നൃത്തം, ശരീരം തന്നെയാണ് ഈ സംവേദനത്തിന്റെ മാധ്യമം. കല്ലും മരവും നിറങ്ങളും പോലെ ഒരു ഭാവനയെ സംക്രമിപ്പിക്കാൻ ശരീരം ഒരു പ്രയോഗികമാധ്യമമാവുന്നു. നാടകം, നൃത്തം, അനുഷ്ഠാനകലകൾ, എന്തിന് സംഗീതാവതരണത്തിൽപ്പോലും ശരീരചല നങ്ങൾ അർത്ഥം വിനിമയം ചെയ്യുന്നുണ്ട്. അഭിനയകലകളെന്ന് വിപുലമായി പരിഗണി ച്ചാൽ മനുഷ്യശരീരത്തിന്റെ ചലനക്രമങ്ങളെ ചിട്ടപ്പെടുത്തിയും ശൈലീവൽക്കരിച്ചും ലക്ഷണ ങ്ങളുണ്ടാക്കിയും ആശയസംവേദനം നടത്തുന്ന കലകളുടെ വളർച്ച കണ്ടെത്താനാവും. അതി ന്റെ വർത്തമാനസാധ്യതകളിലൊന്നാണ് തിരനൃത്തം/സ്ക്രീൻഡാൻസ്. സിനിമയിലെ നൃത്തം ആശയവിനിമയത്തിനുപയോഗിക്കുന്ന മാധ്യമങ്ങളും അവയുടെ വിനിയോഗവും സവിശേഷ ശ്രദ്ധ അർഹിക്കുന്നതാണ്.

മുൻപ് പറഞ്ഞതുപോലെ, ചുരുങ്ങിയ സമയത്തിൽ അനേകം കാര്യങ്ങൾ അവതരിപ്പിക്കു ന്ന സിനിമയുടെ രീതിയിലേയ്ക്ക് പല കലാവിഷ്കാരങ്ങളും സ്വാംശീകരിക്കപ്പെടുന്നുണ്ട്. പ്രധാ നമായും ഗാനരംഗങ്ങളിൽ. സിനിമയിലെ നൃത്തം കേവലവിനോദത്തിനു മാത്രം വേണ്ടിയുള്ള തല്ല. സിനിമയുടെ ആഖ്യാനത്തിലേയ്ക്ക് കയറിച്ചെല്ലാനും കഥാഗതിയെത്തന്നെ മാറ്റിമറിക്കാ നും അതിന് കഴിയും.കമലദളം,രാജശില്പി,പകൽപ്പൂരം,കൊച്ചുകൊച്ചുസന്തോഷങ്ങൾ തുടങ്ങിയ സിനിമകളിലെ നൃത്തരംഗങ്ങൾ ഉദാഹരണം. കഥയിലെ അതുവരെ മറഞ്ഞുകിടന്ന ചില അം ശങ്ങളെ തുറന്നുകാട്ടുക (ഒരുമുറൈ വന്ത് പാർത്തായാ), സംഭവകാലത്തെ മുന്പോട്ടോ പിൻ പോട്ടോ ത്വരിതഗതിയിൽ നീക്കുക (ശിവകരഡമരുകലയമായി നാദം), ചില കഥാപാത്രങ്ങ ളെ, അല്ലെങ്കിൽ ഒരു പ്രത്യേകവികാരത്തെ പൊലിപ്പിച്ചെടുക്കുക (അംഗോപാംഗം സ്വരമുഖ രം), നായകൻ/നായികയുടെ നൈപുണ്യം രജിസ്റ്റർ ചെയ്യുക(പാർവതീ മനോഹരി), കഥയി ലെ പ്രണയത്തിന്റെ/രതിയുടെ പശ്ചാത്തലമായി വർത്തിക്കുക (അറിവിൻ നിലാവേ) തുട ങ്ങിയ വിവിധ ധർമങ്ങൾ സ്ക്രീൻഡാൻസ് ഏറ്റെടുക്കാറുണ്ട്. നൃത്തവും സ്ക്രീൻ ഡാൻസും രണ്ടുത രം മാനദണ്ഡങ്ങളെ പിന്തുടരുന്നതുകൊണ്ടുതന്നെ അവ തികച്ചും വിഭിന്നമായ ഐഡൻറിറ്റി കളിലേയ്ക്ക് മാറിയിട്ടുണ്ട്. വിവിധകാലങ്ങളിലെ സിനിമാ സങ്കേതങ്ങൾ, നൃത്തസംവിധായകർ, സിനിമാഗാനശാഖയുടെ വളർച്ച, കഥാഖ്യാനത്തിലുണ്ടായ പരിഷ്കാരങ്ങൾ തുടങ്ങിയവയെ ല്ലാം സ്ക്രീൻഡാൻസിന്റെ പ്ലേസിങ്ങിനെ സ്വാധീനിച്ചിട്ടുണ്ട്. \സ്ക്രീൻഡാൻസിനെ നൃത്തകല യിൽ നിന്ന് വേറിട്ട, അനന്യമായ ഒരു ആവിഷ്കാരമായി മാറ്റുന്നത് പ്രധാനമായും ഈ വസ്തുത കളാണ്.

• വേദിയിലെ നൃത്തം ഒറ്റ അവതരണമാണെങ്കിൽ തിരനൃത്തം ഘട്ടം ഘട്ടമായുള്ള അവ തരണങ്ങളുടെ സങ്കലനമാണ്. അതിനായി എഡിറ്റിംഗിന്റെ വിവിധവശങ്ങളെ സിനിമ ഉപ

യോഗിക്കുന്നു. വിവിധആംഗിളുകളിൽ ഷൂട്ട് ചെയ്തെടുത്ത നൃത്തസീക്വൻസുകളുടെ സങ്കലനമാണ് നാം കാണുന്ന നൃത്തം . പ്രൊസീനിയത്തിലെ അവതരണവുമായി വ്യത്യാസങ്ങളുണ്ടതിന്. പല വേഷങ്ങൾ, പല പശ്ചാത്തലങ്ങൾ, ഏത് നൃത്തമാണിത് എന്ന് വ്യക്തമാവാത്ത മട്ടിലുള്ള ജുഗൽബന്ദി അവതരണങ്ങൾ തുടങ്ങിയവ ഇങ്ങനെ സ്ക്രീൻഡാൻസിന്റെ സ്വാഭാവികതയാവുന്നു. ഒരുതരം പ്രിസ്ക്രൈബ്ഡ് (prescribed) ഡാൻസാണ് സ്ക്രീൻ ഡാൻസ് എന്നുപറയാം. തുടർച്ച എന്ന നൃത്തത്തിന്റെ സാമാന്യനിയമത്തെത്തന്നെ സാങ്കേതികമായി അപനിർമിക്കുന്നുണ്ട് ഇത്.

• അതുകൊണ്ടുതന്നെ ഏതാണ്ട് അസാധ്യമായ അടവുകളുടെ ചേർപ്പ് സ്ക്രീൻ ഡാൻസിൽ സാധ്യമാണ്. നൃത്തവേദിയിൽ നർത്തകിക്ക് / നർത്തകന് കൂട്ടിയിണക്കി അവതരിപ്പിക്കാൻ സാധ്യമല്ലാത്ത അടവുകൾ, ചലനങ്ങൾ തുടങ്ങിയവ സ്ക്രീൻഡാൻസിൽ അനായാസമെന്നോണം അവതരിപ്പിക്കപ്പെടും . മിക്ക സന്ദർഭങ്ങളിലും നൃത്തം ചെയ്യുന്നയാളുടെ നൈപുണ്യമായി ഈ ചേർപ്പുകൾ വ്യാഖ്യാനിക്കപ്പെടാം. മണിച്ചിത്രത്താഴിലെ (1993 -ഫാസിൽ ) "ഒരു മുറൈ വന്ത് പാർത്തായാ " എന്ന ഗാനത്തിലെ നൃത്താവതരണം നോക്കുക. ഗാനത്തിന്റെ 2.01 മുതൽ 2 .24 വരെയുള്ള ഭാഗം ശ്രദ്ധിക്കുക. കഠിനവും ഒറ്റ നിലയിൽ ചെയ്തുപൂർത്തീകരിക്കാനാവാത്തതുമായ അവതരണമാണ് ഇവിടെ , നാഗവല്ലി ശങ്കരൻതമ്പിയുടെ സദസ്സിലെത്തുന്ന രംഗത്തിൽ ദൃശ്യവൽക്കരിച്ചിരിക്കുന്നത്. ചാടിയുയർന്നും കരചരണങ്ങളുടെ വിനിയോഗം പരമാവധി ഉപയോഗപ്പെടുത്തിയും കാഴ്ചയുടെ ഭംഗിയെ പൊലിപ്പിക്കുന്ന ഈ രംഗം തുടർച്ചയായി കളിക്കാനാവില്ല എന്നത് സ്പഷ്ടമാണ്.

• വിവിധ ഷോട്ടുകൾ കൂട്ടിച്ചേർത്ത് പിന്നീട് തയ്യാറാക്കുന്നതിനാൽത്തന്നെ സ്ക്രീൻഡാൻസിൽ അനവധി തിരുത്തലുകൾ സാധ്യമാണ്. വേദിയിലെ നൃത്തത്തിൽ അത് സാധ്യമല്ല.

• വേദിയിലെ നൃത്തം ഓരോതവണയും സ്വയം പുതുക്കിക്കൊണ്ടിരിക്കുന്നു. സ്ക്രീൻഡാൻസ് ഒരിക്കൽ പൂർത്തീകരിച്ചാൽ പിന്നീട് മാറ്റങ്ങളുണ്ടാവുന്നില്ല. ഉദാഹരണത്തിന് 1993 ൽ പുറത്തിറങ്ങിയ മണിച്ചിത്രത്താഴിലെ നൃത്തം, എഴുതപ്പെട്ട പാഠം പോലെ സ്ഥിരമാണ്. ഒരു തരത്തിൽ അത് ദൃഢമായ ഒരു പാഠം തന്നെയാണ്. നൃത്താവിഷ്കാരങ്ങളുടെ അടിസ്ഥാനസ്വഭാവമായ ലോകധർമി, അവതാരകരുടെ മനോധർമവ്യവഹാരം പിന്നീട് അതിന്റെ ഭാഗമാകുന്നില്ല. പാഠാന്തരതകളില്ലാത്ത ഉറച്ച ആവിഷ്കാരമാവുന്നു അത്. അതേ ഗാനങ്ങളെ ഉപയോഗിച്ച് മറ്റു നൃത്തങ്ങൾ സംവിധാനം ചെയ്യുന്ന ട്രെൻഡ് ഉണ്ട്.പക്ഷെ അത് സിനിമാറ്റിക് ഡാൻസ് എന്ന് തികച്ചും വ്യത്യസ്തമായ ഒരിനമായിട്ടേ ഗണിക്കാനാവൂ (oru murai vanth parthaya ude matt languages le paattukal).

• കാണികളുടെ മുന്നിൽ ത്രിമാനദൃശ്യം അവതരിപ്പിക്കുന്ന നൃത്തത്തിൽനിന്നു വിഭിന്നമായി സ്ക്രീൻഡാൻസ് ശരീരത്തിന്റെ ദ്വിമാനദൃശ്യമാണ് പ്രദർശിപ്പിക്കുന്നത്. വേദിയിലെ നൃത്തം വീഡിയോ റെക്കോർഡ് ചെയ്താൽത്തന്നെ അത് ദ്വിമാനദൃശ്യമായി മാറിക്കഴിഞ്ഞു. സിനിമയിൽ അങ്ങനെയല്ല, ബോധപൂർവം ശരീരത്തിന്റെ ഇമേജിനെ (ത്രിമാനമെന്നു തോന്നിക്കും വിധം) മാത്രം ഉപയോഗിക്കുന്നു. തിരശീലയിൽ കാണുന്നതെല്ലാം യഥാർത്ഥമാണെന്ന പ്രതീതിയുണ്ടാക്കുകയാണല്ലോ സിനിമ ആദ്യന്തം ചെയ്യുന്നത്. ആദ്യകാലസിനിമകൾ പരിശോധിച്ചാൽ, വേദിയിലെ അവതരണത്തെ അതേപടി പകർത്തുംമട്ടിലുള്ള സ്ക്രീൻ ഡാൻസുകൾ കാണാം. ഒറ്റ നിലയിലാണ് അവതരണം. ഒറ്റ നിലയിൽ തന്നെയാണ് ചിത്രീകരണവും .ജീവിതനൗക(1951- കെ.വേമ്പു) യിലെ "ആനത്തലയോളം വെണ്ണതരാമെടാ" എന്ന ഗാനം ഇത് വ്യക്തമാക്കുന്നുണ്ട്.

• കഥാസന്ദർഭത്തിന്റെ സൂചനകൾ എന്നനിലയിലുള്ള പശ്ചാത്തല വിവരണങ്ങളും സാമഗ്രികളും സ്ക്രീൻഡാൻസിൽ ഉൾപ്പെടുന്നു. വേദിയിൽ ശരീരമാണ് നൃത്തത്തിന്റെ പ്രധാന മാധ്യമം. ഇക്കാരണംകൊണ്ടുതന്നെ സ്ക്രീൻഡാൻസിന് വേദിയുടെ പരിമിതികളെ അനായാസം മറികടക്കാൻ സാധിക്കുന്നു. നൃത്തം നടക്കുമ്പോൾ മാത്രം കാലദേശങ്ങൾ മാറിമറിയുന്നതായും സ്ഥലങ്ങൾ ഏത് ദേശത്തേയ്ക്കും പോയിവരുന്നതായുമുള്ള കാഴ്ച്ച മലയാളസിനിമയുടെ ആരംഭദശ മുതൽ കാണാവുന്നതാണ്. മലയാളിപ്രേക്ഷകരെ ഈ ലോജിക് പ്രശ്നങ്ങൾ തെല്ലും ബാധിക്കുന്നില്ലെന്നുള്ളതും ശ്രദ്ധേയമാണ്.

• സിനിമയിലെ നൃത്തം മിക്കവാറും ഗാനരംഗങ്ങളിലാണ് ഉപയോഗിക്കപ്പെടുന്നത്. ഒരു ഗാനത്തിന് കഥാസന്ദർഭത്തിലുള്ള സവിശേഷധർമ്മത്തിനോട് ചേർന്നുനിൽക്കുന്നതായിരി

ക്കും അതിലെ നൃത്തത്തിന്റെ സംവിധാനം. വേദിയിലെ നൃത്തം അത്രതന്നെ വാചികാംശത്തിനോട് ബാധ്യതപ്പെടുന്നില്ല.

• ഭരതനാട്യം, കുച്ചിപ്പുഡി, മോഹിനിയാട്ടം, കേരളനടനം തുടങ്ങി വിവിധ സമ്പ്രദായങ്ങൾ ക്ലാസിക്കൽ നൃത്തകലയിലുണ്ട്. ഇവയിലെ നിരവധി അവാന്തര വിഭാഗങ്ങളിൽ ഒന്നിനെയാണ് ഒരുസമയം നർത്തകർ വേദിയിൽ അവതരിപ്പിക്കുന്നത്. സ്ക്രീൻ ഡാൻസിലേക്ക് വരുമ്പോൾ പല സമ്പ്രദായങ്ങളിലെ പലതരം അടവുകൾ യോജിപ്പിച്ച് പുതിയൊരു സങ്കലനം നിർമ്മിക്കാൻ ശ്രമിക്കുന്നു.

ഇങ്ങനെ നൃത്തവും സ്ക്രീൻഡാൻസും തികച്ചും വ്യത്യസ്തമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് പ്രവർത്തിക്കുന്നത്. കലാവിഷ്കാരം എന്ന നിലയ്ക്ക് രണ്ടും ഏറ്റെടുക്കുന്ന ധർമ്മങ്ങൾ വിഭിന്നമാണ്. ക്ലാസിക്കൽ നൃത്തരൂപങ്ങൾ കൂടാതെ മറ്റു നൃത്തരീതികളെക്കൂടി പരിശോധിക്കുമ്പോൾ കുറേക്കൂടി സങ്കീർണ്ണമായ വ്യതിരിക്തതകൾ തെളിഞ്ഞുകിട്ടുന്നു. ചുരുക്കത്തിൽ സ്ക്രീൻഡാൻസ് സാമ്പ്രദായിക നൃത്തമല്ലാത്ത തനതായ ചിട്ടകളുള്ള ഒരാവിഷ്കാരമായി മാറിക്കൊണ്ടിരിക്കുകയാണ് എന്നുകാണാം.

**ഗ്രന്ഥസൂചി**


- എതിരവൻ കതിരവൻ, 2017, പാട്ടും നൃത്തവും: ഉൾക്കാഴ്ചകൾ വിചാരണകൾ, കൈരളി ബുക്സ്, കണ്ണൂർ.
- ഗുരു ഗോപാലകൃഷ്ണൻ, 2006, എന്റെ സിനിമാ അനുഭവങ്ങൾ, ദേവി ബുക്ക്സ്റ്റാൾ, കൊടുങ്ങല്ലൂർ.
- ജനാർദ്ദനൻ പി. ജി., 2004, നാട്യകല: സിദ്ധാന്തവും പ്രയോഗവും, മാതൃഭൂമി ബുക്സ്, കോഴിക്കോട്.
- രാജരാജവർമ എ. ആർ., 1902, ഭാഷാഭൂഷണം, ഡി സി ബുക്സ്, കോട്ടയം.
- രാജേന്ദ്രൻ സി., 2015, അഭിനയദർപ്പണം പഠനവും വിവർത്തനവും, കലാമണ്ഡലം, തൃശ്ശൂർ.
- വിജയഭാനു വി. കെ., പ്രൊഫസ്സർ, 1974, നൃത്യപ്രകാശിക, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
- Ananda coomaraswamy, Gopala Kristnayya Duggirala, 1917, Mirror Of Gesture, Harvard University press.


**ഇന്റർനെറ്റ് സ്രോതസ്സുകൾ**


https://malayalasangeetham.info
https://shodganga.inflibnet.ac.in
https://www.filmibeat.com/telugu/movies/chandramukhi.html
https://en.m.wikipedia.org/wiki/Apthamithrahttps://m3db.com/vocabulary11/taxonamy
www.corporationoftrivandrum.in
https://utharakalam.com/cinematic+dance++classical +dance+ajithkumar
https://ethiran. blogspot. com/2012/08/blogspot. in/
https://youtu.be/bAFkU33eHeHjY
https://youtu.be/902HoCO-298
https://youtu.be/cuCfGxPkf74


sreedance98@gmail.com

# IV
# POWER, IDEOLOGY, POLITICS

# Concept of Historical Objectivity and its Changing Dimensions: an Overview

**Dr, G Harikrishnan**
Asst. Professor, Dept. of History, KKTM Govt. College, Pullut

**Abstract:**

Question of objectivity has always been there at the heart of discussions regarding the philosophy and theory of historical knowledge. Ever since the nineteenth century situation marked by the formation of the academic discipline of history, there have been many shifts in the ways in which the concept of objectivity has been understood and talked of. These shifts have been conditioned by the influences of different paradigms as well as theoretical approaches. This paper seeks to make a recapitulation of the major changes in the concept of historical objectivity in relation to various historiographical situations such as the nineteenth century historicism, development of the social scientific historiography in the twentieth century, relativist approaches, linguistic theories and postmodern approaches. It argues that the position of total denial of objectivity by various postmodern linguistic theories is an extreme position. The notion of objectivity understood in the most liberal sense can still form the basis of historical narrative.

**Keywords:**

Objectivity in history- Historicism- Objective Empiricism- Historical Relativism-

## Introduction:

Conventionally, the notions of objectivity and truth formed the foundation on which the edifice of historical profession has been built. In general, historians practice their profession in the belief that their writings present an objective picture of the world. Since interpretation of the sources form the basis of historian's expositions about the past, there may be variations in historical explanations depending on the availability of sources and the perspectives with which and purposes for which they are approached. The multiplicity of explanations would often lead to debates among historians on different issues and themes relating to historical interest. Even when historians disagree among themselves on questions of historical plausibility's, adherence to the concern for objectivity has continued and still continues as the common sense of the scientific approach towards history[1].

**Objectivity as Neutrality: The Nineteenth Century Historiographical Context**

The eighteenth century enlightenment that spread in Europe accompanied by the industrial revolution generated a new situation that affected the thought processes and promoted new conceptualizations in the fields of science, philosophy, history and literature. Modern science which provided an ideal base for all learning assumed the status of an infallible, value-free, objective and neutral form of knowledge. There was a hope that it would ultimately break down the barriers of nationality, language, religion and race[2]. It was now asserted, that the methods used in the sciences could be applicable to various branches of human knowledge. During nineteenth century, this had remained as a common belief. Closely on the heals, came the positivist exhortation to apply the inductive methods used in the natural sciences to humanities as well, thus claiming a scientific status for the latter.

Ever since it came to be established at the center of historical profession, for a long time, the notion of objectivity has been identified as equivalent with the principles of neutrality or impartiality of the historian in handling the historical sources. "The objective historian's role is that of a neutral, or a disinterested judge; it must not degenerate into that of an advocate or, even worse, propagandist.[3]" To this grain, balance and evenhandedness must be the qualities of the conclusions derived by a historian. In order to ensure this, the historical profession has to be guarded from social pressures and political influences. Individual historians must also avoid their partisanship or bias so not as to prefer one set of conclusions rather than the other.

However, there are disagreements about conflating together the notions of objectivity and neutrality. It has been pointed out that, objectivity need not be equated with such values as passionlessness, indifference and neutrality. Further, it is also compatible with political commitment.[4]

The belief that there is a reality of the past and it is possible to historically capture

it has been ingrained in the dominant tradition of Western historiography.[5] Historical records, according to this tradition refer to real past and real human beings. This tradition believed in both the reality of the past and in the possibility of its mirror representation. Since there was a correspondence between the intentions and actions of the people, historians could comprehend the mental world of people in the past, that was the dominant mode of historical thought. The development of modern science added a new dimension to this.[6]

By far the dominant influence on historiography during the nineteenth century was the historicist trend which strove to explore the past in its own term through critically examining the sources. This trend emphasized that the facts are in the records or sources which the historians needed to discover. If historians were impartial, follow a scientific method and remove their personal instincts from the process of investigation, an objective account of the past would yield. To convey what actually happened was perceived as the responsibility of historians and for that there was to have an exhaustive collection of facts. To reconstruct what actually happened in the past, there lies the state of objectivity[7]. In fact, there was an enormous belief in the facts in the nineteenth and early decades of the twentieth century. It was thought that, once all facts were known, it was possible to write the ultimate history that could not be superseded.

## Concept of Objectivity and the Interpretative Regime:

It is evident that, in the nineteenth century historicist thinking, there was very little room for interpretation to play in the historical knowledge production enterprise. The writing of history was something simply related to unearthing documents and culling out facts from them. But even before the end of nineteenth century itself, limitations of the historicist tradition (the Rankean Tradition) became apparent. During the early twentieth century, when the focus of historical writings moved away from the political as in the familiar nineteenth century fashion to the various non-political aspects, historians started to look at the already available sources from new perspectives, and for different purposes. Naturally, emerged new historical explanations nullifying the earlier assumptions regarding the finality of historical accounts. The historicist tradition was also criticized for being too naive and too much concerned with individual facts instead of larger patterns. Moreover, it was also criticized for being narrowly political and being concerned with elite individuals.[8]

The new trends in the historiography in the 20th century focused on economy and society as opposed to political history and on common people as opposed to the elites. The most influential among them were the Marxist and Annale traditions. Despite the divergences, there were certain shared attributes between them and the 19th century historicist tradition. Both traditions believed that history could be written scientifically and objectively and that there was a direction in which the history was moving continuously.[9]Classical historicist traditions were replaced by social scientific historiography which was largely based on the rigorous use of quantification and the application of social theories in the quest for a new degree of objectivity. However, crisis in the orthodox notions of progress and loss of faith in the sciences' ability to

deliver it had exposed the paradoxes of the social science historiography. The fact that social scientific methods often deliver a history which was politically committed and methodologically contestable became all the more revealing.[10] Consequently, new trends emerged emphasizing human experiences, emotions, irrationalities and all sorts of things which were discarded by the social scientific approach to historiography. In place of a history that concentrated on quantitative averages, large trends and big groups, came micro history, the revival of narrative and the history of everyday life. Culture slowly replaced society as the key organizing concept of historian's material.[11] But, faith in the possibility of achieving objectivity employing scientific methods and practices remained influential in historiography. Objectivity in this context implied only the possibility of getting closer to what really happened in the past. The sharp division between history on the one hand and fictional imaginations on the other, was getting clearly stabilized among the professional historians.

## Objectivity and the Relativist Trend:

Notwithstanding the institutionalization of the historical discipline, there was a reorientation in the conceptualization of the notion of objectivity in 20th century. Stressing the peculiarity of historical epistemology, the limitations of adapting scientific methods into historical investigations were clearly pointed out. Historian's role in the making of the past was emphasized and all histories were declared to be contemporary ones. The idea of historical relativism began to replace objective empiricism as the fundament of historiography.[12] According to the relativist tradition, the past simply as past is wholly unknowable. History can never be completely objective or unbiased or strictly in accordance with facts. Interpretation of evidences form the essentiality of the reconstruction of history[13]. Each historian writes his/her own history which may or may not have things in common with others. In fact, the whole enterprise of history writing is more concerned with the present than with the past[14]. This is because, history is written by the people who are concerned about the present and there can be nothing wrong with it.

According to Collingwood, since the past in itself is nothing, the knowledge of the past in itself is not and cannot be the historian's goal. Historian's goal, as that of a thinking being is knowledge of the present, to that everything must return, round that everything must revolve. Thus, the present is, and should be historian's concern. Since all history is historian's idea about the past, all history is the history of thought[15].

Historians and social scientists are the products of their own times and their mental world is shaped by the ideas and politics of their contemporary world. They are driven by contemporary concerns and their viewing of the past is through the lensed of the present. It is difficult for them to be objective in the representation of the past. Their researches and presentations are always colored by their present concerns. Even the evidences they collect do not present the whole picture of the past because they are chosen according to their contemporary preoccupations and ideological bent[16].

Besides, there is the problem of constraints of evidences. The evidences bequeathed by the people in the past would be selective. Historian's picture is preselected and

predetermined not so much by accident as by people who were consciously or unconsciously imbued with a particular view and thought that the facts supporting such view are worth preserving. It is difficult to rely upon the evidences and be complacent about the facts because, facts of history never come to historians as pure since they do not and cannot exist in a pure form; they are always refracted through the minds of the recorder[17]. Thus, there are two levels at which the process of selection goes on; one by the contemporary recorder who decides what is worth recording and second by the historians who further narrows the selection by deciding what is worth presenting. Therefore, the past is doubly constructed[18].

Cultural relativism is another vantage point from which the conception of historical objectivity has been criticized. It has been argued that, historian's accounts of the past are colored by the ideas, concepts and language of their own societies. In other words, the cultural prejudices and social preoccupations of historians have their own inevitable influences on historical narratives. Since different cultures perceive the world differently, their descriptions of society including accounts of the past could not be alike. These descriptions are culturally determined. Therefore, the history produced by historians is shaped by the concepts/ believes of their own culture[19]. Besides, the theoretical framework that conceptualizes culture as a collection of construable signs and an assemblage of textual symbols and the insistence on exploring these collection of symbols through understanding the semiotic code make the notion of reality and therefor history insignificant[20]. If the imaginary is real and the real is imaginary, and there are no epistemological grounds to distinguish between them, then it is impossible to create an explanatory hierarchy that establishes a causal relationship between history and literature, life and thought and matter and meaning.

## Linguistic Theories and the Crisis of Objectivity:

With the advent of various linguistic theories, notion of historical objectivity has been criticized and thoroughly modified. The theory of structural linguistics holds that language instead of reality is constitutive of social meaning and human consciousness. Language is a close autonomous system and words in any language which may be called as signifiers refer to concepts which may be called signified and not to concrete things in the world. In other words, language does not refer to real things in the world. The relationship between the language and the world is arbitrary. Language creates meaning on its own and human thoughts are constituted by language[21]

Viewed in this light, the claim of historians to write about the reality of the past is fake. History written by historians is not about the past, but an inscription on the past pretending to be a likeness of it, masquerading as a collection of facts. In fact, historian's description of the past basically refers to a number of concepts about the past, and not the reality of the past. Objectivity in this perception is a product of the referential illusion. This illusion lies in the historian's belief that there is a past world to be discovered through meticulous research. In fact, the past, which the historian refer to is all their own creation[22]. The different paraphernalia of the historical profession such as footnotes, references, verbatim quotations etc. are all façade to

create a make belief world which the readers mightconsider real. In reality, like any discourse with realistic claim, the discourse of history is also based on the two-turn semantic schema- referent and signifier.

However, the most radical challenge to the practice of history came from the deconstruction theory. Deconstruction completely denied the possibility of human beings to comprehend reality outside the language system of which they are a part. Language does not refer to an external reality, but it is a self-contained system which has no relationship to reality. Even the author has no role to play in determining the meaning of the text. Moreover, the language itself has no logical and coherent pattern. Language is a system of arbitrary codification without any fixed meaning. Thus, the text contains several meanings which may be at variants with each other. The text is no longer a finished corpus of writings, some content enclosed in a book or its margins, but a differential network, a fabric of traces referring endlessly to something other than itself, to other differential traces. Thus, the text overruns all the limits assigned to it so far[23.]

Deconstruction proposes to reveal the hidden meaning in a text. However, deconstruction ultimately does not bring out any meaning from the text. It only shows the incapacity of language to refer to any reality outside its own boundaries. Behind the language of the text stands only more language, more texts, in an infinite regress in which the presents of the real is always deferred, never attainable. Since words in the language do not refer to any external reality, there can be no fixed meaning for the language. Again, since there can be infinite meaning in the text, venturing in historical writing become infeasible.

Deconstruction implies that, author can no longer be regarded as having control over the meaning of what they write. In the infinite play of signification that constitutes language, meaning of text changes every time it is red. Meaning is put into it by the readers and all meanings are in principle equally valid. Meaning cannot be found in the records from the past, it is merely put there, each time differently, and with equal validity by different historians. There may not be any consistency in the relation between the text of history and text of historians. The texts which survive from the past are as arbitrary in the signification as any other texts. Likewise, the meaning historians derive from them would also be arbitrary. Since there is nothing outside the text, history in the sense of furnishing a true knowledge of the past would collapse altogether. Facts and fiction become indistinguishable from one another.

## Postmodern Interventions:

Postmodern conceptualizations of history are closely related in point. Postmodern theorists in general attacked the philosophies, culture and politics engendered by the discourses of modernity[24.] According to postmodern conceptions, history is not a scientific exercise, but a literary one and the historical narratives are not scientific treatise, but verbal fiction. Past is presented before a historian in the form of several disjointed chronicles. It is the historian who creates out of it a meaningful story. It is not possible to find in the historical events a coherent narrative. At the most, they

offer elements of a story. Out of the available records or sources, historian prepares a coherent story by suppressing certain events and highlighting some others. This process become manifest by the fact that the same set of events may be construed as tragic, ironic or comic depending upon the political or other predilections of the historian[25].

Hayden White points out that, all the techniques of novel writing like selection of events, characterization and change in tone and point etc. are involved in historical reconstructions. Generalizations about the past are mere concepts constructed by historians for the purpose of writing history. They do not express any truths on the nature of socio- historical reality, they only reflect regularity in which how we have actually decided to conceptualize reality[26]. It has been argued that the historian's language creates an opacity which makes the knowledge of the past even more difficult. Just like their fictional counterparts, in historical narratives as well, language and the various tropes and figures of speech inherent in linguistic usages play an important role. The fictional stories invented by the writers and the narratives fashioned by historians do not differ from one another in essential respects because both are made out of language and are subject to the linguistic rules in the practice of rhetoric and the construction of narratives[27]. Historical narratives are imposed ones on the past rather than being founded on, constrained by or answerable to facts as disclosed by evidence. The tropes and literary genres employed by historians prefigure and determine the vision, interpretation and meaning of the facts. They also place historical narratives on the same category as the fictional discourses of the novelists and artists, so that it is difficult to distinguish between histories and fiction or to adjudicate between differing historical interpretations[28.]

Thus, the fundamentals of history writings are criticized in the wake of the postmodern theoretical interventions. The certainty and continuity attached to historical writing are thoroughly debunked, the inner working of historiography is put under scanner and its proclaimed nearness to truth is attacked. History writing itself is historicized and its roots in the Western culture is highlighted by the postmodern thinkers. It has been pointed out that there are basically two types of histories in conventional sense. One is the grand narrative history which visualizes that the human society is moving on in a certain direction, say for example towards a global capitalism or a global communist society and a more modest version of history which claims to rely only on facts and eschew any ideological orientation. These versions are respectively described in the theoretical vocabulary as upper-case history and lower-case history[29.]

Postmodernism rejects the notions such as the power of facts to represent reality, autonomy of facts independent of interpretations and historian's ability to record facts in quest of truth. It not only attacks the attribution of any essence to the past, but also criticizes the study of the past for its own sake. Both upper and lower versions of history writings are considered as ideological and situated in particular cultural formations. Both kinds of histories are just theories about the past without any claim to represent the truth. Both are the products of western modernity and represent the ways in which it conceptualize the past[30].

According to postmodernism, there is no historical truth, but what the historians make it out to be, no facts except what the historians interpret and no representable past except the historian's construct. In postmodernist view, history can be accepted as genuine knowledge, only if it sheds its claims to truth and hence to power and accepts its fragmentary character[31]. The only history possible is micro history. Ambiguity and gaps in historical narratives are essential and should be allowed to continue. All the same, any search for continuity, coherence and consistency in history should be abandoned[32]. It should also be acknowledged that all the documents and facts are nothing but texts and they are ideologically constructed too[33].

Postmodernism situates the origins of conventional historiography in the modern Europe's encounter with the other. The modern practice of history began with the European renaissance which prompted the Europeans to discover the other lands and people. In this quest, history served as a tool for posing the modern western self in opposition to the other whose history was supposed to be just beginning as a result of their encounter with Europe. Thus, the practice of history was employed not just to study the past, but to fashion it in terms of the criteria set by modern Europe[34.]

So far as the philosophy of history is concerned, postmodernism has unsettled several long-lasting notions. Postmodernist theory brought home the sentience that a simple correspondence theory of truth is not reliable[35]. It has become ever more pronounced that our knowledge of the world is mediated through our present concern, ideological commitments, cultural environment and intellectual atmosphere. The historians also accept that the sources are not unproblematic. They are suffused with levels of subjectivity which at times are alarming. Despite critical evaluations, it may not be possible to wipe away the various biases inherent in the historical sources. Similarly, it may be difficult to remove all culturally induced biases from historian's own thinking[36].

## Possibilities for Fresh Conceptualization:

Most historians now recognize that it is not possible to get a full picture of the past. Sources are varied and their interpretations are innumerable. In such a situation, any claim to represent the past in its fullness may become a hallow claim. Still, the total denial of objectivity would be an extreme position. The fact that total objectivity is not possible does not simply mean no objectivity is possible and any quest for objectivity is useless. Even though it may not be able to tell the whole truth of the past, tentative knowledge of the past can surely be reclaimed[37].

It has been pointed out that, even though historical narratives are historian's inventions, it may not be treated as entirely fictional. Narratives are a form of representation and in that sense, they are invented, still they can provide accurate information about many aspects. Narratives can provide accurate knowledge about the past in terms of the kinds of features they track, namely the ingredients of courses of events which include background conditions, causes and effects, social contexts, logic of situations, practical deliberations and ensuing actions[38]. The postmodern

assumption that history will remain at the level of fiction since it fails to provide a picture image of the past has to be criticized. It has been pointed out that the postmodern belief of considering only a mirror image of the past as fulfilling the truth condition for history is an extreme position. Such a position allows for knowledge only the possibility of being either a mirror image or a fiction. History in fact has to tread a dialectical middle ground by preserving the insights of each attitudes and prunes each of its excesses[39].

## Foot notes

1 1 Michael C. Coleman, "Response to a Postmodernist or a Historian's Critique of Postmodern Critiques of History" in American Studies in Scandinavia Vol.34, 2004, p.50

2 T. R. Venugopalan (ed.) History and Theory, Thrissur, 1997, pp.2-3

3 Peter Novick, That Noble Dream: Objectivity Question and the American Historical Profession, Cambridge, 1988, pp.1-2

4 Thomas L. Haskel, "Objectivity is not Neutrality: Rhetoric Vs Practice In Peter Novick's That Noble Dream" in

History and Theory Vol.29 No.2 May 1990, pp.129-157

5 G. R. Elton, The Practice of History, London, p.2

6 Ibid., pp.3-4

7 Arthur Marwick, The New Nature of History: Knowledge, Evidence and Language, pp.62-63

8 Peter Burke, History and Social Theory, New York, p.14

9 Kaya Ilmaz, "Postmodernist Approach to the Discipline of History" in Kocaeli Universitesi Sosyal Bilimler Institusu Dergisi (14)2007, p.179, Available on the Internet @ https://www.researchgate.net/publication/234136657_Postmodernist_Approach_to_the_Discipline of_History

10 Richard Evans, "From Historicism to Postmodernism: Historiography in the Twentieth Century" in History and Theory Vol. 41 No.1 February 2002, pp. 79-80

11. Ibid

12 Tommaso Pavone, A Critical Review of Peter Novick's That Noble Dream, Available on the Internet @

https://scholar.princeton.edu/sites/default/files/tpavone/files/novick-_that_noble_dream_critical_review.pdf

13 R. G. Colingwood, The Idea of History, Oxford, 1994, p.10

14 E. H. Carr, What is History, London, 1990, p.8

15 R. G. Collingwood, op.cit., p.485

16 E. H. Carr, op.cit., p.119

17 Ibid., p.22

18 Ibid., pp.23

19 Torn Rusen, "Some Theoretical Approaches to Inter-cultural Comparative Historiography" in History and Theory Vol.35 No.4 December 1996, pp.5-22

20 M. H. Abrams, op.cit., p.83

21 Peter Barry, Beginning Theory: an Introduction to Literary and Cultural Theory, Manchester, 2002, pp.41

22 Kaya Ilmaz, op.cit., p. 181

23 Andrew Edgar and Peter Sedgwick, Cultural Theory: the Key Thinkers, London, 2001, pp.49-51
24 Christopher Butler, Postmodernism: a Very Short Introduction, Oxford, 2002, pp. 6-7
25 Hayden White, Mega History: the Historical Imagination in Nineteenth Century Europe, London, 1974, p. 5
26 Kaya Yilmaz, op.cit., p. 178
27 Perez Zagorin, "History, the Referent and Narrative: Reflections on Postmodernism Now" in History and Theory Vol. 34 No. 1 February 1999, p. 14
28Ibid.
29 Ruben Valdes Miyares, "The Postmodern History Reader: Review" in Atlandis, Vol. 21 No. ½, June-December 1999, p. 165
30 Patrick Karl O'brion, "An Engagement with the Postmodern Foes, Literary Theorists and Friends on the Boarders with History" in The Guide to Historical Resources Issue 2 What is History, Available on the Internet @ https://www.history.ac.uk/ihr/Focus/Whatishistory/obrien.html
31Keith Jenkins, Rethinking History, London and New York, 2003, p. 69
32 Ibid., pp. 61-64
33 Ibid., p. 40
34 Kaya Yilmaz, op.cit., p. 182
35 Perez Zagorin, op.cit., p. 7
36 Keith Jenkins, op.cit., pp. 44-47
37 Michael C. Colman, op.cit., p. 48
38 Satish K. Bajaj, Recent Trends in Historiography, pp. 148-160
39 Michael C. Colman, op.cit.

harikrishnan.nadam@gmail.com

# തടവും അന്യവത്കരണവും : 'മുന്നറിയിപ്പി'ന്റെ ലാക്ഷണികവായന

**അഭിഷേക് പി.**
ഗവേഷകൻ, മലയാള – കേരളപഠനവിഭാഗം, കാലിക്കറ്റ് സർവ്വകലാശാല

**പ്രബന്ധസംഗ്രഹം**

കുറ്റവാളികളെ ശിക്ഷിക്കാനുള്ള ഒരിടം എന്ന നിലയ്ക്കോ, അവർക്ക് ശിക്ഷണം നൽകാനുള്ള ഒരു സംവിധാനം എന്ന നിലയിലോ തടവറയെ കാണാം. പ്രാചീന-മധ്യകാലങ്ങളിലും കുറ്റവാളികളെ തടവിലിടുന്ന ഏർപ്പാടുണ്ടായിരുന്നു. ഇത്തരം ജയിലുകളിൽ നിന്നും തീർത്തും വിഭിന്നമാണ് ആധുനികകാലത്തെ ജയിലുകൾ. തടവറയുടെ ബാഹ്യവും ആന്തരികവുമായ പരിണാമപ്രക്രിയയ്ക്ക് പിന്നിൽ അനവധി സാമൂഹികഘടകങ്ങൾ ഉപഗൂഹനം ചെയ്തിരിപ്പുണ്ട്. മുതലാളിത്ത സമൂഹത്തിലെ തടവറക്കാഴ്ചകളാണ് 'മുന്നറിയിപ്പ്' എന്ന മലയാളസിനിമ പങ്കുവെക്കുന്നത്. മുതലാളിത്ത ഉല്പാദനരീതി സൃഷ്ടിച്ച ഏറ്റവും വലിയ ഭീഷണിയായ 'അന്യവത്ക്കരണ'മാണ് ഈ സിനിമയുടെ കേന്ദ്രപ്രമേയം. യഥാർത്ഥ ഉല്പാദകന് ഉല്പന്നത്തിന്റെ മേലുള്ള ജൈവികാവകാശം നിഷേധിക്കപ്പെടുന്ന അവസ്ഥയാണ് അന്യവത്ക്കരണത്തിനടിസ്ഥാനം. മുന്നറിയിപ്പ് മുന്നോട്ടുവെക്കുന്ന അന്യവത്ക്കരണത്തിന്റെ വിവിധ തരം സംഘർഷങ്ങളെയും അനുല്പാദിപ്പിക്കുന്ന മുതലാളിത്ത വിനിമയങ്ങളെയും സംസ്കാരപഠനത്തിലൂന്നി വായിച്ചെടുക്കാനുള്ള ശ്രമമാണ് ഈ പ്രബന്ധം.

**താക്കോൽവാക്കുകൾ**
അധികാരം, അന്യവത്ക്കരണം, വ്യവഹാരം

**മുഖവുര**

**പ**ത്തൊമ്പതാംനൂറ്റാണ്ടിന്റെ അവസാനദശകങ്ങളിലാണ് മുതലാളിത്തം വലിയ തരത്തിൽ ലോകത്താകമാനം സ്വാധീനശക്തിയായിത്തീരുന്നത്. ബൗദ്ധികരംഗത്തും ഈ കുതിച്ചുചാട്ടം പ്രകടമായി. ചരിത്രം, വൈദ്യശാസ്ത്രം, സാമൂഹ്യശാസ്ത്രം, നരവംശശാസ്ത്രം മുതലായ വൈജ്ഞാനികമേഖലകൾ ഇക്കാലയളവിൽ വികസിച്ചുവന്നു. മുതലാളിത്തകേന്ദ്രിതമായ സമൂഹത്തിലെ അനവധി വ്യവഹാരങ്ങൾക്ക് പിന്നിലെ പ്രേരകശക്തിയാകാൻ ഈ നവജ്ഞാന സരണികൾക്ക് സാധിച്ചു. പ്രസ്തുത വ്യവഹാര – ജ്ഞാനമേഖലകളെ കൂട്ടിപിടിച്ചാണ് 'ശിക്ഷാശാസ്ത്രം' പുതിയ ഭാവുകത്വമായി വികസിക്കുന്നതും സമഗ്രമായൊരു പരിവർത്തനകാരകമായി പ്രതിഷ്ഠിക്കപ്പെടുന്നതും. പ്രാചീന – മധ്യയുഗങ്ങളിൽ കുറ്റവാളികൾക്ക് നൽകിയിരുന്നത് തീർത്തും കിരാതമായ ശിക്ഷകളായിരുന്നു. കുറ്റവാളികളുടെ ശരീരത്തിൽ നിന്നും അവയവ

ങ്ങൾ ഛേദിക്കുകയോ ചൂഴ്ന്നെടുക്കുകയോ ചെയ്യുക, മുറിവുകളിൽ തിളച്ച എണ്ണ ഒഴിക്കുക, ശരീരം കുതിരകളെ കൊണ്ട് വലിപ്പിക്കുക തുടങ്ങിയ ശിക്ഷാമുറകൾ അക്കാലത്ത് വ്യാപകമായി നടപ്പാക്കപ്പെട്ടിരുന്നു. ഇക്കാലത്തെ തടവറകളും അക്ഷരാർത്ഥത്തിൽ മർദ്ദകകേന്ദ്രങ്ങളായിരുന്നു. ഉദാഹരണമായി മനുസ്മൃതിയിൽ പറയുന്ന തടവറയുടെ സ്വഭാവം പരിശോധിക്കാം :

"ബന്ധനാനി ച സർവ്വാണി രാജമാർഗ്ഗേ നിവേശയേത്
ദുഃഖിതാ യത്ര ദൃശ്യേരൻ വികൃതാഃ പാപകാരിണഃ"

സാരം : രാജമാർഗ്ഗത്തിന് സമീപമായിരിക്കണം എല്ലാതരം ജയിലുകളും സ്ഥാപിക്കേണ്ടത്. ജയിലിനകത്ത് തടവുകാർ പലവിധ യാതനകൾ സഹിച്ചും അംഗവൈകല്യം അനുഭവിച്ചും മറ്റും നരകിക്കുന്നത് ജനങ്ങൾ കാണണം. (ഗോപിനാഥൻ നായർ : പു.423.)

തടവുകാരനുഭവിക്കുന്ന യാതനകൾ മറ്റുള്ളവർക്കൊരു പാഠമാകണമെന്ന് മനുവിന് നിർബന്ധമുണ്ടായിരുന്നു എന്നതിന് തെളിവാണ് ഈ പദ്യശകലം. കുറ്റകൃത്യം ചെയ്യുന്നതിൽ നിന്നും ആളുകളെ പിന്തിരിപ്പിക്കാനുള്ള എളുപ്പവഴി ദണ്ഡഭയമാണെന്നാണ് മനു മനസ്സിലാക്കിയിരുന്നതെന്ന് സ്പഷ്ടം. ഇവിടെ കുറ്റവാളികളുടെ മാനസികപരിവർത്തനം ലക്ഷ്യമാക്കി യാതൊരുവിധ പരിഷ്കരണശ്രമങ്ങളും നടപ്പിലാക്കുന്നില്ല. എന്നാൽ പത്തൊമ്പതാം നൂറ്റാണ്ടിലെ ആധുനികവത്കരണത്തോടുകൂടി തടവറകളിലെ പ്രാകൃതശിക്ഷാരീതികൾക്ക് ഏതാണ്ട് അന്ത്യമായി. ശാരീരികപീഡനം പതിയെ പതിയെ ദണ്ഡനീതിയുടെ ഭാഗമല്ല എന്ന അവസ്ഥ സംജാതമായി. കുറ്റവാളികളെ മാനസികമായി പരിവർത്തിപ്പിക്കാൻ, ദേഹോപദ്രവമേൽപ്പിച്ചുള്ള ശിക്ഷകളേക്കാൾ നല്ല മാർഗ്ഗം ശിക്ഷണമാണെന്ന് സമൂഹത്തിന് ബോധ്യമായി. ശാരീരികദണ്ഡനത്തിന് ബദലായി ശരീരത്തെ സദാസമയം നിരീക്ഷിക്കുക എന്ന ശിക്ഷണമാർഗ്ഗം ഉരുവം കൊണ്ടു.

**പാനോപ്റ്റിക്കോൺ എന്ന സാക്ഷി**

തത്വചിന്തകൻ, സാമ്പത്തികശാസ്ത്രജ്ഞൻ, നിയമജ്ഞൻ, നിയമപരിഷ്കർത്താവ് എന്നീ നിലകളിൽ പ്രശസ്തനായ ജെറമി ബെൻഥാം മുന്നോട്ടുവെച്ച ആശയമാണ് പാനോപ്റ്റിക്കോൺ (Panopticon). പാനോപ്റ്റിക്കോൺ എന്നത് ഒരു ജയിൽ വാസ്തുശില്പമാതൃകയാണ്. സർവ്വവും കാണുന്ന ഇടം (Pan – സർവ്വം ; Opticon – കാണുന്നതിനുള്ള ഇടം) എന്നാണ് ഈ ഗ്രീക്ക് വാക്കിന്റെ അർത്ഥം. വൃത്താകാരത്തിൽ നിർമ്മിച്ച ആറ് നിലകളുള്ള ഒരു ജയിൽ കെട്ടിടം ; അതിനൊത്ത മധ്യത്തിലായി ഉയർന്നുനിൽക്കുന്ന ഒരു നിരീക്ഷണഗോപുരം. ജയിൽ കെട്ടിടത്തിനകത്തെ ഓരോ തടവുമുറിയുടെയും പ്രവേശനകവാടം ഈ നിരീക്ഷണഗോപുരത്തിനഭിമുഖമായി സ്ഥിതിചെയ്യുന്നു. തടവുമുറിയുടെ മറുവശത്ത് വെളിച്ചം കടക്കാൻ പാകത്തിലൊരു ജനവാതിലുണ്ടാകും. നിരീക്ഷണഗോപുരത്തിൽ നിലയുറപ്പിച്ച ജയിൽ ഉദ്യോഗസ്ഥന്റെ നിരീക്ഷണത്തിലായിരിക്കും സദാസമയവും തടവുപുള്ളികൾ. തടവുപുള്ളികളുടെ ഓരോ ചലനവും ഈ നിരീക്ഷകന് വളരെ സൂക്ഷ്മമായി കാണാൻ സാധിക്കും വിധത്തിലാണ് ഗോപുരത്തിന്റെ ഘടന. ഈ നിരീക്ഷണഗോപുരം ജയിലിനകത്തെ ഓരോ തടവുപുള്ളിയ്ക്കും കാണാൻ സാധിക്കുമെങ്കിലും, അതിനകത്താരാണെന്നോ എന്താണെന്നോ ഒന്നും അവർക്ക് കാണാൻ കഴിയില്ല. പക്ഷേ തങ്ങളെ ഒരുപറ്റം/ഒരാൾ എല്ലായ്പ്പോഴും വീക്ഷിച്ചുകൊണ്ടിരിക്കുകയാണെന്നവർ ഉറച്ചുവിശ്വസിക്കുന്നു. തൽഫലമെന്നോണം അച്ചടക്കമുള്ളവരായി പെരുമാറാൻ തടവുപുള്ളികൾ നിർബന്ധിതരാകുന്നു. അക്കാലം വരെ നിലനിന്നിരുന്ന അധികാരസങ്കല്പത്തിന് ബദലായി ശിക്ഷണകേന്ദ്രിതമായ പുതിയൊരു അധികാരമാതൃക സ്ഥാപിക്കപ്പെട്ടു. കേവലം സമ്മർദ്ദശക്തി എന്ന നിലയിൽ മാത്രമല്ല ആധുനിക തടവറയ്ക്കുള്ളിൽ അധികാരം പ്രവർത്തിക്കുന്നത്. ഉല്പാദനക്ഷമതയുള്ള ഒരു ഭൗതികശക്തിയായാണ് അധികാരത്തെ ഫൂക്കോ വിവരിക്കുന്നത്. ആധുനികസമൂഹത്തിൽ അധികാരം എന്നത് കേവലം അടിച്ചമർത്തലല്ല. മുകളിൽ നിന്നും താഴേക്ക് പ്രയോഗിക്കുന്ന സമ്മർദ്ദശക്തിയായിട്ടല്ല അധികാരത്തെ കാണേണ്ടതെന്ന് ഫൂക്കോ പറയുന്നു . ഒരേ സമയം അനവധി കേന്ദ്രങ്ങളിൽ നിന്നും ഉദയം കൊള്ളുന്നതും ഉല്പാദനക്ഷമതയുള്ളതുമായ ശക്തിയാണ് അധികാരം എന്നാണ് ഫൂക്കോ പക്ഷം. അതായത് എല്ലാ വ്യവഹാരങ്ങളുടെയും ഉല്പാദനകേന്ദ്രമാണ് അധികാരം. അത്തരം ഉല്പാദനക്ഷമതയുള്ള അധികാര ഇടങ്ങളാണ് തടവറകൾ. കുറ്റവാളികളെ ശിക്ഷിക്കാനുള്ള ഇടമായി മാത്രമാണ് ആധുനികപൂർവ്വകാലത്ത് തടവറയെ കണ്ടിരുന്നത്, അവിടെ അധികാരത്തിന്റെ

അവരോഹണമാതൃകയാണ് പ്രവർത്തിക്കുന്നത്. എന്നാൽ ആധുനികോത്തരസമൂഹത്തിൽ കുറ്റവാളികൾക്ക് ശിക്ഷണം നൽകാനുള്ള ഇടമായാണ് തടവറകളെ കാണുന്നത്, അവിടെ അധികാരത്തിന്റെ ആരോഹണമാതൃകയാണ് പ്രവർത്തിക്കുന്നത്. അധികാരത്തിന്റെ ആരോഹണമാതൃകയെയാണ് ഫൂക്കോ പിൻപറ്റുന്നത്. "സമൂഹത്തിലെമ്പാടും ചിതറിക്കിടക്കുന്ന ലഘു വ്യവഹാരങ്ങളിൽ നിന്ന് തുടങ്ങി ഉന്നത കേന്ദ്രങ്ങളിൽ ചെന്നെത്തുന്ന ഒരു മാതൃകയാണ് ഫൂക്കോ അധികാരത്തിന് കല്പിക്കുന്നത്"(അനിൽ ചേലേമ്പ്ര : പു.20).

**മുന്നറിയിപ്പ് : പാഠസന്ദർഭം**

വേണു കഥയും സംവിധാനവും നിർവഹിച്ച് 2014 -ൽ പുറത്തിറങ്ങിയ മലയാളചലച്ചിത്രമാണ് 'മുന്നറിയിപ്പ്'. ഉണ്ണി.ആർ ആണ് തിരക്കഥ ഒരുക്കിയത്. ശിക്ഷാകാലാവധി കഴിഞ്ഞിട്ടും ജയിലിൽ തന്നെ കഴിയുന്ന ആളാണ് സി.കെ.രാഘവൻ (മമ്മൂട്ടി). ചിന്തയിലും എഴുത്തിലും ദാർശനികമാനങ്ങൾ വെച്ചുപുലർത്തുന്ന ആളാണിദ്ദേഹം. ജയിൽ സൂപ്രണ്ടായ രാമമൂർത്തി(നെടുമുടി വേണു)യുടെ ആത്മകഥ എഴുതാൻ വന്ന പത്രപ്രവർത്തകയാണ് അഞ്ജലി അറയ്ക്കൽ(അപർണ ഗോപിനാഥ്). രാമമൂർത്തിയുമായുള്ള കണ്ടുമുട്ടലിനിടയിൽ വെച്ച് യാദൃച്ഛികമായാണ് അഞ്ജലി, രാഘവനെ കാണുന്നത്. രാഘവനോട് അടുത്തിടപഴകുന്ന അഞ്ജലി അയാളുടെ സംസാരത്തിലെ ദാർശനികചിന്തകളിൽ ആകൃഷ്ടയാകുന്നു. രാഘവനെ കുറിച്ച് കൂടുതൽ കാര്യങ്ങളറിയാൻ അഞ്ജലി ശ്രമിക്കുന്നു. ഒരു മാസികയിലൂടെ രാഘവനെയും അയാളുടെ ചിന്തകളെയും പുറംലോകത്തിന് പരിചയപ്പെടുത്തുന്നത് അഞ്ജലിയാണ്. മാസികയിൽ വന്ന ആ ഫീച്ചർ കണ്ട് ആകൃഷ്ടരായ ഒരു കോർപ്പറേറ്റ് പ്രസാധകകമ്പനി അവരുടെ വിപണിലാഭത്തിന് വേണ്ടി രാഘവനെക്കുറിച്ചുള്ള പുസ്തകമിറക്കാൻ തയ്യാറാകുന്നു. രാഘവന്റെ ഭൂതകാലമറിയാനും അതെഴുതാനും അഞ്ജലിയെ അവർ ചുമതലപ്പെടുത്തുന്നു. അതിനായി അഞ്ജലി, ജയിലിൽ കഴിഞ്ഞിരുന്ന രാഘവനെ അവിടെ നിന്നും പുറത്തിറക്കി മറ്റൊരിടത്ത് പാർപ്പിക്കുന്നു. എന്നാൽ രാഘവന് ഒരക്ഷരം പോലും എഴുതാൻ കഴിയുന്നില്ല. കോർപ്പറേറ്റ് പ്രസാധകകമ്പനിയുമായി ഉണ്ടാക്കിയ കരാറിൽ നിശ്ചിത ദിവസത്തിനകം രാഘവന്റെ ഭൂതകാലജീവിതം എഴുതിക്കൊടുക്കാമെന്ന് അഞ്ജലി ഉറപ്പുനൽകിയിരുന്നു. ദിവസങ്ങൾ പിന്നിട്ടിട്ടും രാഘവൻ ഒന്നും എഴുതുന്നില്ല , അഞ്ജലിക്ക് ആത്മസംഘർഷം കൂടിവരുന്നു. അവളിൽ നിരാശാബോധം നിറയുന്നു. ഒടുവിൽ, കരാർ പ്രകാരമുള്ള തിയ്യതി അവസാനിക്കാൻ മൂന്നുദിവസം ബാക്കിയുള്ളപ്പോൾ അഞ്ജലി രാഘവനെ വിജനമായ ഒരിടത്തെ വീട്ടിൽ താമസിപ്പിക്കുന്നു. അഞ്ജലി തന്റെ ദൌത്യമുപേക്ഷിച്ച് രാഘവനെ അവസാനമായി കാണാൻ ചെല്ലുമ്പോൾ, രാഘവൻ കുറെയധികം കടലാസുകൾ അഞ്ജലിക്ക് കൈമാറുന്നു. അത് വായിച്ച് അഞ്ജലി അസ്വസ്ഥയാകുന്നു. അവിടെ വെച്ച് രാഘവൻ അഞ്ജലിയെ തലയ്ക്കടിച്ച് കൊലപ്പെടുത്തുകയും തിരിച്ച് ജയിലിലേക്ക് തന്നെ പോവുകയും ചെയ്യുന്നു.

**കമ്പോളം : വൈകാരികതയും ലാഭസൂത്രവാക്യങ്ങളും**

ലാഭകേന്ദ്രിതമായ കമ്പോളത്തിന്റെ കോർപ്പറേറ്റ് വിനിമയങ്ങളിലൊളിഞ്ഞിരിക്കുന്ന അപകടങ്ങളെ പ്രേക്ഷകർക്ക് മുന്നിൽ അവതരിപ്പിക്കുന്നുണ്ട് 'മുന്നറിയിപ്പ്'. തീർത്തും വ്യക്തികേന്ദ്രിതമായ ജൈവികചോദനകളെ വിപണികേന്ദ്രിതചരക്കാക്കി മാത്രം നോക്കിക്കാണുന്ന കോർപ്പറേറ്റ് മുതലാളിമാരുടെ ചൂഷണത്തിനിരയാകേണ്ടിവന്നവരാണ് രാഘവനും അഞ്ജലിയും. വ്യവസ്ഥാപിതമായ ജയിലിനകത്ത് രാഘവൻ കുറ്റക്കാരനാണ്. അയാളെ മാനസികമായി പരിവർത്തിപ്പിക്കുന്നതിനായി ഭരണകൂടം ഉപയോഗിക്കുന്ന ഉപാധികളിലൊന്നുമാത്രമാണ് ജയിൽ. അവിടെ അയാളുടെ ചിന്തയിലും പ്രായോഗികപെരുമാറ്റങ്ങളിലും 'സമയം' ഒരു ഘട്ടത്തിലും വിലങ്ങുതടിയാകുന്നില്ല. അതുകൊണ്ടാണ് 'എനിക്കിവിടെ സങ്കടങ്ങളൊന്നുമില്ലെ'ന്ന് അയാൾ ആവർത്തിക്കുന്നത്. ചലനാത്മകമായൊരു കാലബോധത്തിനകത്തെ ആന്തരസംഘർഷങ്ങൾ അയാൾ ജയിലിനകത്ത് അനുഭവിക്കുന്നില്ല. അയാളിലെ കാലബോധം മറ്റുള്ളവരിൽ നിന്നും തീർത്തും ഭിന്നമാണ്, അത് പതിഞ്ഞമട്ടിലുള്ളതാണ്. ജയിലിനകത്ത് അയാളുടെ കാലബോധത്തെ സ്വാധീനിക്കാനോ സമ്മർദ്ദത്തിലാക്കാനോ ആരും മുതിരുന്നില്ല. ആ അർത്ഥത്തിലയാൾ സ്വതന്ത്രനായ വ്യക്തിയാണ്. അതുകൊണ്ടുതന്നെ ജയിലിനുള്ളിൽ 'കുറ്റവാളി'ക്ക് ജൈവികമായൊരു കർത്തൃത്വമുണ്ട്.

രാഘവൻ മുതലാളിത്തത്തിന് പ്രിയങ്കരനാകുന്നത് അയാളിലെ ആത്മാംശത്തിന്റെ വിപണി സാധ്യതയാലാണ്. സമൂഹവും ഭരണകൂടവും ഒരുപോലെ അറിയാനാഗ്രഹിക്കുന്ന രാഘവന്റെ ഭൂതകാലത്തിലാണ് മുതലാളിത്തത്തിന്റെ നോട്ടം. 'കൊലപാതകി'യുടെ ഭൂതകാലം മുതലാളിത്തത്തിന് വിപണിസാധ്യതയേറിയ ഒരു ഉല്പന്നമാണ്. അതിനാലാണ് ഒരു കുത്തക മാധ്യമസ്ഥാപനം രാഘവന്റെ സ്വകാര്യജീവിതത്തെ പകർത്താൻ തയ്യാറാകുന്നത്. മുതലാളിത്തത്തിന്റെ കമ്പോളതന്ത്രങ്ങളിലൊന്നാണ് 'വൈകാരികത'. തീർത്തും ജൈവികവും വ്യക്ത്യധിഷ്ഠിതവുമായ വൈകാരികചോദനകളെ പരമാവധി ചൂഷണം ചെയ്താണ് മുതലാളിത്തം അതിന്റെ വാചകകസർത്തുകൾ ഉണഭോക്താക്കളിലേക്ക് കുത്തിവെക്കാറുള്ളത്. അമ്മയോടുള്ള ഓരോരുത്തരുടെയും ബന്ധമെന്നത് അനിർവചനീയമാണ്. ആ ബന്ധം തീർത്തും ജൈവികവും വൈകാരികവുമാണ്. അതാരും പറഞ്ഞ് പഠിപ്പിക്കേണ്ടതില്ല. ഇത് കോർപ്പറേറ്റുകൾക്ക് നന്നായിട്ടറിയാം. ഇത്തരം ആത്മബന്ധങ്ങളിലെ വൈകാരികതലങ്ങളെ ചൂഷണം ചെയ്ത്, അവയുടെ വിപണി സാധ്യതകളെ പരമാവധി ഉപയോഗപ്പെടുത്താൻ കോർപ്പറേറ്റുകൾ എക്കാലത്തും മുന്നിട്ടിറങ്ങാറുണ്ട്. അതിനാൽ തന്നെയാണ് അമ്മയുണ്ടാക്കുന്ന അച്ചാർ, അമ്മയുണ്ടാക്കുന്ന ഹെയർ ഓയിൽ, മുത്തശ്ശിയുണ്ടാക്കുന്ന കറിക്കൂട്ടുകൾ തുടങ്ങിയ വൈകാരിക ലേബലുകൾ ഇപ്പോഴും വിപണികളിൽ സജീവമാകുന്നത്. ഇതേ കമ്പോളയുക്തി തന്നെയാണ് രാഘവന്റെ ഭൂതകാലജീവിതത്തെ വില്പനചരക്കാക്കുന്നതിലൂടെ പ്രസാധകകമ്പനിയും ഉന്നം വെക്കുന്നത്. രാഘവന്റെ ഭൂതകാലജീവിതം പ്രമേയമാകുന്ന മാസിക പോലും അയാളെ അന്യവത്ക്കരിക്കുന്നതാണ്. മലയാളത്തിലല്ല ആ മാസിക പുറത്തിറങ്ങിയത്, ഇംഗ്ലീഷിലാണ്. രാഘവന് ഇംഗ്ലീഷ് ഒട്ടും വശമില്ല. തന്റെ ജീവിതവും ദർശനവും പ്രതിപാദിക്കുന്ന ആ പുസ്തകം പല തവണ രാഘവൻ തിരിച്ചും മറിച്ചും നോക്കുന്നുണ്ട്. സ്വന്തം ആത്മാംശം ഉള്ള സൃഷ്ടി ലോകം മുഴുവൻ സ്വീകാര്യമാകുമ്പോഴും, അതിന്റെ യഥാർത്ഥ ഉടമയായ രാഘവന് – ഉല്പാദകന് – ഉല്പന്നത്തിനുമേലുള്ള ജൈവികത നഷ്ടമാകുന്നു. കൃത്യമായ ആസൂത്രണത്തിലൂടെയാണ് രാഘവനെ വിപണിമൂല്യമുള്ള ചരക്കാക്കി മുതലാളിത്തം മാറ്റുന്നത്. അതിനായി അയാളെ സെലിബ്രിറ്റിയാക്കുകയും പിന്നീട് ഹീറോ ആയി അവരോധിക്കുകയും ചെയ്യുന്നു.

**'കാലം' : കെണിയും പ്രതിരോധവും**

എഴുത്തുമുറി എങ്ങനെ മറ്റൊരു തടവറയായിത്തീരുന്നുവെന്നും രാഘവൻ അവിടെയും ഏതൊക്കെ തരത്തിൽ അന്യവത്ക്കരിക്കപ്പെടുന്നുവെന്നും 'മുന്നറിയിപ്പ്' പ്രേക്ഷകർക്ക് കാണിച്ചുതരുന്നുണ്ട്. നിശ്ചലമായൊരു കാലബോധത്തിനകത്താണ് രാഘവന്റെ എല്ലാ ഇടപെടലുകളും പ്രവർത്തിക്കുന്നത്. അതൊരുതരത്തിൽ അന്യവത്ക്കരണത്തിനെതിരെയുള്ള അയാളുടെ പ്രതിരോധമാണ്. മുതലാളിത്തം സമയപരിധി വെച്ച് വിപണിവിനിമയങ്ങൾ കൈയ്യാളുമ്പോൾ ദ്രുതഗതിയിലുള്ള കാലബോധമാണ് അവിടെ സ്വാഭാവികമായും ഉരുവം കൊള്ളുക. എന്നാൽ രാഘവന്റെ നടപ്പിലും ഇരിപ്പിലും നോട്ടത്തിലും സംസാരത്തിലും, പതിഞ്ഞതും അതേ സമയം നിശ്ചലവുമായ കാലബോധമാണ് പ്രവർത്തിക്കുന്നത്. അതുകൊണ്ടാണ് താൻ ജയിലിലിലടക്കപ്പെട്ട ഇരുപത് വർഷക്കാലം നീണ്ട കാലയളവായി രാഘവന് തോന്നാത്തത്. എഴുത്തുമുറിയിൽ നിന്നും രാഘവനെ സ്വതന്ത്രനാക്കാൻ തയ്യാറാകാത്ത അഞ്ജലി, മുതലാളിത്തത്തിന്റെ കൈയ്യിലെ ഒരു ഉപകരണം മാത്രമാണ്. എഴുത്തുമുറിയിലെ ജനലഴികൾ സിനിമയിൽ പലകുറി പ്രത്യേകം എടുത്തുകാണിക്കുന്നുണ്ട്. ജയിലഴികൾക്ക് സമാനമായി കുത്തനെയുള്ള കമ്പികളാണ് ആ മുറിയിലെ ജനവാതിലുകൾക്കുള്ളത്. മനുഷ്യശരീരത്തെ തല മുതൽ പാദം വരെ ബന്ധനസ്ഥമാക്കുന്നുവെന്ന് ഈ രംഗങ്ങൾ പറയുന്നു. ജയിലിന് സമാനമായി രാഘവന് നിശ്ചിതസമയത്ത് ഭക്ഷണമെത്തിച്ചുകൊടുക്കാനും അവിടെ ആളുണ്ട്. രാത്രി ഭക്ഷണം വൈകുന്നേരം നേരത്തേ കൊടുക്കുകയും ചെയ്യും. എഴുത്തുമുറി രാഘവനെ സംബന്ധിച്ചിടത്തോളം 'യഥാർത്ഥജയിലാ'ണ്. ഭരണകൂടത്തിന്റെ ജയിലിൽ അയാൾ അനുഭവിക്കാത്ത 'അസ്വാതന്ത്ര്യം', എഴുത്തുമുറിയിൽ അയാൾക്ക് അഭിമുഖീകരിക്കേണ്ടിവരുന്നുണ്ട്. രാഘവനെ കണ്ട് ഓരോ തവണയും അഞ്ജലി എഴുത്തുമുറി വിട്ട് പുറത്തിറങ്ങുമ്പോൾ കതകടയ്ക്കാൻ പ്രത്യേകം ഓർമ്മപ്പെടുത്തുന്നുണ്ട്. ഒരിക്കൽ ഒരു കുട്ടിയോടൊത്ത് നഗരം ചുറ്റിയതിന്റെ പേരിൽ രാഘവനെ അഞ്ജലി ശകാരിക്കുന്നുമുണ്ട്. ഇത്തരത്തിൽ രാഘവനിലെ സ്വതന്ത്ര്യേച്ഛകളെ കൂച്ചുവിലങ്ങിട്ട് തളയ്ക്കാൻ അഞ്ജലി നിർബന്ധിതയാകുന്നത്, അവർക്ക് മുകളിലുള്ള 'കാലം'

തീരുന്നതുകൊണ്ടാണ്. അഞ്ജലിയെ പ്രതിരോധത്തിലാക്കുന്നത് ഈ കാലബോധമാണ്. അത് മുതലാളിത്തം അഞ്ജലിക്കുമേൽ ചെലുത്തുന്ന സമ്മർദ്ദശക്തിയാണ്.

രാഘവനെ അന്യവത്ക്കരിച്ച്, അയാളുടെ ആത്മാംശത്തെ വിറ്റ് കാശാക്കാനാണ് മുതലാളിത്തം ശ്രമിക്കുന്നത്. വിപണിമൂല്യമുള്ള രാഘവനിലെ ഭ്രതകാലത്തെയും അയാളുടെ സർഗ്ഗപരമായ കഴിവിനെയും കമ്പോളത്തിൽ ആദ്യമെത്തിക്കാനുള്ള വ്യഗ്രതയാണ് ഈ കോർപ്പറേറ്റ് സ്ഥാപനം കാണിക്കുന്നത്. അതുവഴി കമ്പോളസമൂഹത്തിൽ ലഭിക്കുന്ന സ്വീകാര്യതയും ഇടവുമാണ് അവർക്ക് പരമ പ്രധാനം. രാഘവനെ ചോദനയുള്ള ചരക്കാക്കി മാറ്റാൻ അവർ പരമാവധി ശ്രമിക്കുന്നു. എന്നാൽ, തന്റെ കാഴ്ചപ്പാടുകളെയും ഭ്രതകാലത്തെയും തന്നെത്തന്നെയും നിരന്തരം നിഗൂഢവത്ക്കരിച്ച് മുതലാളിത്തയുക്തിയെ രാഘവൻ പ്രതിരോധിക്കുന്നു. രാഘവൻ വളരെ കുറച്ചുമാത്രമേ സംസാരിക്കുന്നുള്ളൂ. ആ സംസാരവും ആർക്കും കൃത്യമായി മനസ്സിലാക്കാനോ വ്യാഖ്യാനിക്കാനോ കഴിയുന്നതുമല്ല. സിനിമയിലുടനീളം ഈയൊരു നിഗൂഢത കാണാം.  മുതലാളിത്തം എല്ലാത്തിനെയും തുറക്കാൻ ശ്രമിക്കുമ്പോൾ, രാഘവൻ തന്റെ ഉൺമയെ പുറത്താർക്കും വായിച്ചെടുക്കാൻ സാധിക്കാത്ത വിധത്തിൽ അടച്ചുപിടിയ്ക്കുന്നു. അയാൾ ഒരിക്കൽ പോലും സ്വയം ആവിഷ്ക്കരിക്കുന്നില്ല. രാഘവന്റെ ഈ 'രഹസ്യജീവിതദർശനം' സിനിമയുടെ ആഖ്യാനത്തിലും പ്രകടമാണ്.  ഇരുണ്ടമുറി, ഇരുണ്ടവെളിച്ചം, പതിഞ്ഞ സംഗീതം, സംഭാഷണത്തിലെ പൊരുത്തക്കേടുകൾ തുടങ്ങിയ സങ്കേതങ്ങൾ കൊണ്ട് സമ്പന്നമാണ് 'മുന്നറിയിപ്പ്'. സിനിമയിലുടനീളം ഇത്തരത്തിലുള്ള ആഖ്യാനതന്ത്രങ്ങൾ കാണാം. രാഘവനിലെ ദാർശനികത മുതലാളിത്തത്തിന് ആവശ്യമില്ല. അവർക്ക് വേണ്ടത് അതുവരെ അയാൾ ആരോടും വെളിപ്പെടുത്താത്ത അയാളുടെ സ്വകാര്യജീവിതമാണ്. അതിനായി രാഘവന് താമസിക്കാൻ മുറിയും കഴിയ്ക്കാൻ ഭക്ഷണവും മറ്റ് എല്ലാവിധ സൌകര്യങ്ങളും കൊടുത്ത് ഉപഭോഗപരതയ്ക്കകത്ത് അയാളെ ബോധപൂർവ്വം തളച്ചിടുന്നു. ഇവിടെ മനുഷ്യന്റെ ജൈവികതയെ നിഷേധിക്കുന്ന മുതലാളിത്തത്തിന്റെ മുഖം കാണാം. ഒരർത്ഥത്തിൽ രാഘവനിലെ ദാർശനികതയെ മുതലാളിത്തം ഭയക്കുന്നുണ്ട്. ദാർശനികത വിപണിസാധ്യയുള്ള ചരക്കല്ല എന്നതുതന്നെ കാരണം. മനുഷ്യജീവിതത്തിലെ വിവിധ ഘട്ടങ്ങളിലെ ആസക്തികളെക്കുറിച്ച് മാത്രമാണ് മുതലാളിത്തം സംസാരിക്കാറുള്ളത്. തൊലിവെളുക്കാനുള്ള സോപ്പ്, പ്രായം അറിയിക്കാതിരിക്കാനുള്ള ക്രീമുകൾ, ഹെയർ ഡയിംങ് എന്നിങ്ങനെ മനുഷ്യന്റെ ലൌകികജീവിതത്തെക്കുറിച്ചാണ് മുതലാളിത്തം ആശങ്കപ്പെടാറുള്ളത്. മരണബോധവും ദാർശനികചിന്തകളും കമ്പോളത്തിൽ വിറ്റഴിക്കപ്പെടാത്തവയാണ്. ലാഭത്തെ പ്രതികൂലമായി ബാധിക്കുന്നവയാണിവ രണ്ടും. അതിനാൽ തന്നെ രാഘവന്റെ ഉള്ളിലെ ദർശനപരമായ അംശങ്ങളെ മുതലാളിത്തം അവഗണിക്കുന്നു. രാഘവൻ അഞ്ജലിയോട് അങ്ങോട്ട് ആവശ്യപ്പെടുന്നത് ഒരേയൊരു കാര്യത്തിനാണ് ; ചൂല് വാങ്ങിത്തരുവാൻ. ഇതൊരു പ്രതീകമാണ്. തന്റെ ചുറ്റിലുമുള്ള, തനിക്ക് അസ്വസ്ഥതയുണ്ടാക്കുന്നവയെ മാറ്റി അവിടം വൃത്തിയാക്കുക എന്നത് രാഘവനെ സംബന്ധിച്ചിടത്തോളം ദർശനപരമായൊരു യുക്തിയാണ്. അത് മുതലാളിത്തത്തെ സർവ്വതലത്തിൽ പ്രതിരോധിക്കാൻ ശേഷിയുള്ളൊരായുധമാണ്.

രാംമൂർത്തിയുടെ ആത്മകഥ എഴുതാൻ തയ്യാറാകുന്നത് അഞ്ജലിയാണെങ്കിലും അവരുടെ പേര് ആ പുസ്തകത്തിലൊരിടത്തും അച്ചടിക്കില്ല. ഈ കാര്യം ആത്മകഥ എഴുതാൻ തുടങ്ങുന്നതിന് മുമ്പേ തന്നെ പ്രസാധകകമ്പനി പറഞ്ഞുറപ്പിക്കുന്നുണ്ട്. അതായത് അഞ്ജലിയ്ക്ക് – ഉല്പാദകയ്ക്ക് – തന്റെ അധ്വാനം കൊണ്ട് സൃഷ്ടിച്ച ഉല്പന്നത്തിന്റെ മേൽ യാതൊരു വിധ അവകാശങ്ങളും സ്ഥാപിച്ചെടുക്കാൻ കഴിയുന്നില്ല. 'മുന്നറിയിപ്പി'ൽ പ്രതിപാദിക്കുന്ന അന്യവത്ക്കരണത്തിന്റെ മറ്റൊരുദാഹരണമാണിത്. അഞ്ജലി കോർപ്പറേറ്റുകളുടെ തടവറയിലാണ്. നേരത്തെ സൂചിപ്പിച്ച 'കാലം' തന്നെയാണ് അവരുടെ ജീവിതത്തെയും സംഘർഷഭരിതമാക്കുന്നത്. മുതലാളിത്തം നിഷ്ക്കർഷിക്കുന്ന സമയവ്യവസ്ഥയ്ക്കകത്ത് എത്തിപ്പെടാനുള്ള തിടുക്കമാണ് അഞ്ജലിയെ നയിക്കുന്ന സമ്മർദ്ദശക്തി. ആ സമ്മർദ്ദത്തിന്റെ ഫലമാണ് രാഘവനോടുള്ള അഞ്ജലിയുടെ സ്തോഭജനകമായ പെരുമാറ്റം. ഉല്പാദകരിലെ ജൈവികത കാണാൻ മുതലാളിത്തം ഒരുക്കമല്ല. അതിനാൽ തന്നെ ഒരു തരത്തിലുള്ള എക്സ്ക്യൂസുകൾക്കും അവിടെ സ്ഥാനമില്ല. സമയത്തിന് ജോലി തീർക്കാത്തതിന് അഞ്ജലി പറയുന്ന  ഒരു ന്യായീകരണവും പുസ്തകപ്രസാ

ധകകമ്പനിക്ക് ഹിതമാകുന്നില്ല. റിസൾട്ടാണ് പരമപ്രധാനമെന്ന് നിരന്തരം ഉല്പാദകരെ പറഞ്ഞുപഠിപ്പിക്കും. 'ലെസ് ഇൻപുട്ട്, മാക്സിമം ഔട്ട്പുട്ട്' എന്ന സമവാക്യത്തിലേക്ക് ഉല്പാദകരെ കൊണ്ടുവന്നെത്തിക്കും. അതിനായി ഉല്പാദകർ എന്ത് ത്യാഗവും സഹിക്കണം. അഞ്ജലി അനുഭവിക്കുന്നതും ഇതുതന്നെയാണ്. അധ്വാനിക്കുന്നവർ എത്തരത്തിൽ, ഏത് സമയത്ത്, എങ്ങനെ അധ്വാനിക്കണമെന്ന് തീരുമാനിക്കാനുള്ള സ്വാഭാവികമായ അവകാശം പോലും ഉല്പാദകർക്കില്ല ; മറിച്ച് ആ അവകാശം ഉല്പാദകരിലെ അധ്വാനമൂല്യത്തെ വിപണിയിലെത്തിക്കുന്ന കോർപ്പറേറ്റുകളിൽ നിക്ഷിപ്തമാണ്. രാഘവനെപ്പറ്റി എഴുതിയതിന് ശേഷമാണ് അഞ്ജലി എന്ന മാധ്യമപ്രവർത്തക ശ്രദ്ധിക്കപ്പെടുന്നത്. അതുവരെ അവസരങ്ങൾക്കു വേണ്ടി അലഞ്ഞിരുന്ന അഞ്ജലിയെ, പ്രസാധകകമ്പനി അങ്ങോട്ടുചെന്ന് അവസരം കൊടുക്കുകയാണ് ചെയ്തത്. ആഗോളതലത്തിൽ തന്നെ മികച്ച പ്രസാധകകമ്പനിയാണത്, അതിനാൽ തന്നെ അഞ്ജലിയെ സംബന്ധിച്ചിടത്തോളം ആ അവസരം തനിക്കുള്ള 'സമ്മതി'യാണ്. ഈ സമ്മതിയാണ് അധികാരം സ്ഥാപിച്ചെടുക്കാനുള്ള ആദ്യത്തെ ചവിട്ടുപടി. അഞ്ജലിക്ക് മേലുള്ള നിയന്ത്രണത്തിന് ഈ സമ്മതി നിർമ്മിച്ചെടുക്കേണ്ടത് കോർപ്പറേറ്റുകളെ സംബന്ധിച്ചിടത്തോളം അത്യാവശ്യമാണ്. പുസ്തകമിറങ്ങുന്നതിന് മുമ്പേ അഞ്ജലിക്ക് നൽകുന്ന അഡ്വാൻസ് തുകയും – അതൊരു വലിയ സംഖ്യയാണ് – ഈ സമ്മതിക്കുവേണ്ടിയുള്ള മുന്നൊരുക്കമാണ്. കരാറിൽ ഒപ്പുവെക്കുന്നതോടെ മുതലാളിത്തമൊരുക്കിയ ചലനാത്മകമായ കാലബോധത്തിലേക്ക് അഞ്ജലി പ്രവേശിച്ചു. ആ കെണിയിൽ നിന്നും രക്ഷപ്പെടാനുള്ള ശ്രമങ്ങളൊക്കെ പാഴായിപ്പോകുന്നു. ഒടുവിൽ അഞ്ജലിയ്ക്ക് ജീവൻ വരെ നഷ്ടപ്പെടുന്നു. രാഘവനാണ് അഞ്ജലിയെ കൊലപ്പെടുത്തുന്നതെങ്കിലും, ആ കൊലപാതകത്തിന് പിന്നിലെ യഥാർത്ഥ കുറ്റവാളികൾ ആരാണെന്ന ചർച്ച ബാക്കിവെച്ചാണ് 'മുന്നറിയിപ്പ്' അവസാനിക്കുന്നത്. ഭരണകൂട-കോർപ്പറേറ്റ് വ്യവഹാരങ്ങൾ സൃഷ്ടിച്ച അന്യവത്ക്കരണത്തിന്റെ പിടിയിലകപ്പെട്ടവരാണ് രാഘവനും അഞ്ജലി അറയ്ക്കലും. നിയമത്തിന്റെ യുക്തിയിൽ താൻ കുറ്റകാരനാകുന്നു എന്നത് അയാളുടെ നീതിബോധത്തിന് അംഗീകരിക്കാൻ കഴിയുന്നില്ല. അതിനാലാണ് ഇരുപത് വർഷക്കാലം ജയിലിൽ കിടന്നിട്ടും അയാളിപ്പോഴും 'ഞാൻ ആരെയും കൊന്നിട്ടില്ല' എന്ന് ആവർത്തിച്ചുപറയുന്നത്. ഭരണകൂടവ്യവസ്ഥയ്ക്കകത്തും സമൂഹത്തിലും അന്യവത്ക്കരിക്കപ്പെട്ട രാഘവന് പുറംലോകവുമായി യാതൊരു വിധ ബന്ധവുമില്ല. പുറംലോകവുമായി അയാളുടെ ജൈവികബന്ധം വിച്ഛേദിക്കപ്പെട്ടതിനാലാണ് അയാളെ കാണാൻ ഒരു തവണ പോലും പുറത്തുനിന്നും ആരും വരാതിരുന്നത്. രാഘവൻ ഒരു തവണ പോലും പരോളിന് പുറത്തിറങ്ങിയിട്ടുമില്ല. അന്യവത്ക്കരണം സൃഷ്ടിച്ച ഇത്തരം ഒറ്റപ്പെടുത്തലുകളെ തന്റെ സ്വതന്ത്രചിന്തകളുടെ സജീവ ഇടപെടലുകൾ കൊണ്ടാണ് അയാൾ ജയിലിനകത്ത് അതിജീവിക്കാൻ ശ്രമിക്കുന്നത്.

വ്യവസ്ഥാപിതമായ ജയിലും എഴുത്തുമുറിയുമാണ് 'മുന്നറിയിപ്പി'ലെ തടവറകൾ. ഈ രണ്ടിടങ്ങളിലും രാഘവൻ ഏകാകിയാണ്. എങ്കിലും അയാളെ സദാസമയം നിരീക്ഷിക്കാൻ ഇവിടങ്ങളിൽ ആളുകളുണ്ട്. ഈ രണ്ടിടത്തും രാഘവനെ ശാരീരികമായി ഉപദ്രവിക്കുകയോ പീഡിപ്പിക്കുകയോ ചെയ്യുന്നില്ല. ഒറ്റപ്പെടലിന്റെ തീവ്രത സമ്മാനിച്ച വേദനയിൽ നിന്നും രക്ഷപ്പെടാൻ അയാൾ കണ്ടെത്തുന്ന വഴി സ്വന്തം ഭൂതകാലത്തെ അപരത്വമായി കല്പിച്ച് സ്വയം സംവദിക്കുക എന്നതാണ്. ആ സംവാദം തീർത്തും വ്യക്ത്യധിഷ്ഠിതവും സ്വകാര്യവുമാണ്. ജയിലിനകത്ത് സ്വാതന്ത്ര്യമനുഭവിക്കുന്നു എന്നയാൾ കരുതാൻ കാരണം അവിടെ ഈ സംവാദത്തെ തടസ്സപ്പെടുത്താൻ ആരുമില്ല എന്നതിനാലാണ്. കുറ്റവാളികൾ താനനുഭവിക്കുന്ന ശിക്ഷയെ സ്വയം സാധൂകരിയ്ക്കാൻ കാരണം ഈ ആത്മസംവാദമാണ്. ചെയ്ത തെറ്റിന്റെ വ്യാപ്തിയും അത് സമൂഹത്തിലുണ്ടാക്കിയ ആഴത്തിലുള്ള മുറിവും കുറ്റവാളിയിൽ കുറ്റബോധത്തിന്റെ വെളിച്ചം പകരുന്നു. അയാൾ പശ്ചാത്തപിക്കുന്നു. കുറ്റവാളി എന്ന ചാപ്പയിൽ നിന്നുമുള്ള വിടുതലിനായി ഓരോ കുറ്റവാളിയും ആഗ്രഹിക്കുന്നു. ജയിലിനകം പരിവർത്തന ഇടമായി അവർ കരുതുന്നു. ജയിലിനകത്തെ കുറ്റവാളിയെ സംബന്ധിച്ചിടത്തോളം ഒരു പുനർജന്മം സാധ്യമാണ് അഥവാ തടവറജീവിതം എന്നത് ഒരന്തരാളഘട്ടമാണ്. എന്നാൽ മുതലാളിത്തത്തിന്റെ എഴുത്തുമുറി അങ്ങനല്ല. രാഘവന്റെ ആത്മസംവാദങ്ങളെ തടസ്സപ്പെടുത്തുകയും നിയന്ത്രിക്കുകയും ചെയ്യുന്ന ഇടമാണത്. രാഘവന്റെ ഭൂതകാലത്തെ പുനരുല്പാദിപ്പിക്കാൻ ശ്രമിക്കുന്നതിലൂടെ കുറ്റവാളി എന്ന മുദ്ര കൂടുതൽ ശക്തമാവുകയാണ്. താൻ കുറ്റക്കാരനാണെന്ന ചിന്ത രാ

ഘലവനിലുണ്ടാക്കുന്നത് സ്വയം നവീകരണശ്രമങ്ങളല്ല, മറിച്ച് ആജീവനാന്തകുറ്റവാളി എന്ന ബോധമാണ്. ഇത്തരത്തിൽ ഭരണകൂടവും മുതലാളിത്തസമൂഹവും തീർക്കുന്ന എല്ലാതരത്തിലുമുള്ള അന്യവത്ക്കരണവും പ്രതിരോധിക്കപ്പെടേണ്ടതാണ്. രാഘവൻ തീർക്കുന്നത് അന്യവത്ക്കരണത്തിനെതിരെയുള്ള പ്രതിരോധമാണ്.


**സഹായകഗ്രന്ഥങ്ങൾ**

1. ഗോപിനാഥൻ നായർ, എൻ., മനസ്മൃതി, വിദ്യാരംഭം പബ്ളിഷേഴ്സ്, ആലപ്പുഴ, 1997.
2. ഭാസ്കരനുണ്ണി, പി., പത്തൊമ്പതാം നൂറ്റാണ്ടിലെ കേരളം, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ, 2012.
3. രവീന്ദ്രൻ, പി.പി., ഫൂക്കോ-വർത്തമാനത്തിന്റെ ചരിത്രം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം,2002.
4. രാമകൃഷ്ണൻ, മലയാറ്റൂർ., നമ്മുടെ ശിക്ഷാനിയമം, സാഹിത്യപരിഷത്ത് സഹകരണസംഘം, എറണാകുളം, 1958.
5. വേലായുധൻ പണിക്കശ്ശേരി., കേരളചരിത്രപഠനങ്ങൾ, കറന്റ് ബുക്സ്, കോട്ടയം, 2016.
6. സുബ്രഹ്മണ്യൻ, എൻ., സംഘകാലഭരണസംവിധാനം-സംഘം തമിഴരുടെ ഭരണവും സാമൂഹികജീവിതവും, ഡി സി ബുക്സ്, കോട്ടയം, 2003.

**ലേഖനം**

1. അനിൽ ചേലേമ്പ്ര., തടവും അന്യവൽക്കരണവും- ഫൂക്കോവിന്റെ തടവറ ചിന്തകൾ, ദേശാഭിമാനി വാരിക, ഒക്ടോബർ 2006.


abhishekchelari@gmail.com

# Ideological Evolution of the Muslim Brotherhood Movement – An Overview

**Dr. Unnikrishnan G.**
Asst. Professor, Dept. of Political Science, Govt. College, Ambalappuzha

**Abstract**

Muslim Brotherhood or the Society of Muslim Brothers is one of the most influential and oldest Islamic revivalist movements in West Asia. It was founded in 1928 in Egypt by a charismatic school-teacher, Hasan al-Banna in the backdrop of western imperialism and the dissolution of Ottoman Empire. It advocated a return to the Quran and Hadith as guidelines for a healthy modern Islamic society. Soon the Brotherhood movement became transnational and resolute to reassert Islam in every walk of life. The paper is an attempt to review the ideological evolution and transformation of the Muslim Brotherhood movement under the influence and interaction with the local, regional and international environment.

**Keywords:**

Muslim Brotherhood, Egypt, Sharia, Islamism, Hassan al-Banna

## Introduction

The Muslim Brotherhood movement also called ‘Muslim Brothers' or the 'Society of the Muslim Brothers' is an Islamic organization with a political approach to Islam. It is the Arab world's most influential organization of Sunni revivalist Islam and has been in existence longer than any other contemporary Islamist groups in the region. It is also the 'mother organization' of Muslim Brotherhood affiliates in Jordan, Palestine, Kuwait, Syria, Iraq, Sudan and Bahrain and serve as a model and a source of inspiration for Islamist movements across the world. The credo of Muslim Brotherhood is "Allah is our objective, Quran is our law, prophet is our leader, Jihad is our way and death for the sake of Allah is the highest of our aspirations” (Mitchell 1969:56). It considered Quran and Sunnah as the sole reference for ordering the family, community and State.

The two main objectives of Muslim Brotherhood are the introduction of 'Islamic Sharia' as the basis for controlling the affairs of State and society and the unification

of Islamic countries and their liberation from foreign imperialism. Further, since its inception in Egyptian politics, it have been involving in the politics and government very closely and earned the reputation of a 'State within a State' (Cleveland 2004:278). Moreover, despite its internal division and external difficulties, it has been consistently present throughout the political crisis that characterized Egypt since 1928 and also became instrumental in regime change and political transition. Finally, Muslim Brotherhood tries to Islamize Egyptian society through the promotion of religious law, values and morals and combined its preaching and political activism with social welfare.

## Ideological Evolution of the Muslim Brotherhood

The ideology of Muslim Brotherhood movement focused on individual and communal religious redemption in Muslim societies that are doomed according to it by Westernization and secularization. It also undertakes an intensive process of Islamist ideological indoctrination for educating its members in the values necessary for acquiring Islamic identity. The establishment of an 'Islamic State' constitute the vital component in the above strategy in which it will resurrect the 'Islamic caliphate' and lead Brothers towards the actualization of their Islamic identity and their salvation and empowerment. Muslim Brotherhood has two parallel understanding of Islamic identity in which one consider it as a static set of inherited religious attributes and essentialist cultural features that need to be guarded by the 'Islamic State' and the other consider it as a vibrant project of political, social, economic and cultural constructs that are yet to be achieved by the latter. Though they are contradictory understandings but both believed that Islamic State is the true representative of Islamic identity and has a key role to play in protecting and shaping that identity. Politics also constitute an important element in the Muslim Brotherhood's ideology as it shapes the social context that governs any possible individual salvation and it also understood to be part and parcel of the Islamic religious system, world view and manhaj (methodology of change) itself.

There were clearly two phases in the ideology of the Muslim Brotherhood movement. During the initial or first phase roughly from the beginning of the movement to 1970's, it was characterized as an 'anti- system' group and in the second phase from 1980's to Egyptian Spring it became a 'systemic one'. The ideas of Hassan al- Banna and Sayyid Qutb shaped the ideological thesis of the Muslim Brotherhood in the first phase. According to them, colonialism and the subsequent rule of Nasser corrupted the Egyptian society (as it was devoid of any religious undercurrents) and it also resulted in a low level of Islamic knowledge among the masses. As a result, the ideology of Muslim Brotherhood in its initial phase focused on filling the void caused by the absence of religious education in the society. It opposed the political, social and culture system of Egypt at that time as it was a Western oriented and an un-Islamic one. It also called for the replacement of the above system with one which would be in tune with the Islamic concepts and believed that it was possible only through 're-Islamisation' of Egyptian society (Lia 1998:487).

Due to its emphasis on re-Islamisation, ambiguity and vagueness dominated the

political ideology of the movement in the initial phase and it even considered the goal of the establishment of an ‘Islamic State’ only secondary to it (Abed-Kotob 1995:321).But, since 1980’s the ideological orientation of Muslim Brotherhood changed to a commitment to the current system (systemic one). The main reason for such a drastic change in its ideology was the increasing involvement of the movement in the civil and political sphere of Egypt and the pragmatism of the new leadership (El-Ghobashy 2005:378). Moreover such an ideological re- orientation helped the Muslim Brotherhood to gain significant electoral victories in the subsequent elections (particularly from 1980’s to 2000’s) and also put it in to a close contact and cooperation with the liberal- secular forces in the country.

In addition, it also began to adopt liberal-secular concepts in its ideology in the above phase. Wickham (2011) correctly mentioned about the above transformation in following words, “ideology of Muslim Brotherhood is not homogeneous and monolithic rather it is on a constant process of gradual and uneven evolution in which external and internal factors have a determining role. There existed deep divergence of political conception inside the movement’s own ranks and the group’s involvement in participatory politics resulted in a genuine ideological change among the group’s membership and leadership”. Finally, the ideological evolution of Muslim Brotherhood can be characterized as a journey from an anti-system to a systemic one and the above transformation is also evident in the attitude of the movement towards the following crucial issues.

### 1) Ideal State

The concept of ideal State is an important element in the ideology of Muslim Brotherhood. It evolved from the establishment of an ‘Islamic State’ to a ‘civil State’ as part of the broader ideological evolution of the movement from an anti- system to a systemic one (Gerges 2013). The concept of ‘Islamic State’ propounded by Muslim Brotherhood in the initial phase was distinguished by its will to see Sharia law implemented and did not gave much importance to the specific aspects of the above State (Pargeter 2010). According to al-Banna, Islamic State means a State based on Islam which will rule according to the principle of Shura (consultation) and it is not a ‘theocratic one’ because in it the authority of the ruler is derived from the people who choose him and not from God. Like al-Banna, Sayyid Qutb also put a strong emphasis on the compulsory character of the Shura between the ruler and the ruled in the Islamic State. According to him, the ruler must be elected by the community and he should also submit to God in order to be legitimate.

But since 1980’s, Muslim Brotherhood's conception of the ideal State changed to a ‘Civil State with an Islamic frame of reference’ (Al-Anani 2015:527). It means a State run by civilians through democratic and parliamentary means and also in tune with the ‘Islamic Sharia' and not opposed to it. Many scholars considered the above State as one similar to a ‘secular State’ and the only difference is that it is inclusive to Islam and did not reject its basic tenets. Egyptian Islamic scholar Ali Gomaa described it in following words, “the concept of civil State doesn’t contradict Islamic law but conforms to it and in Egypt, Civil State means a modern nationalistic State

that is compatible with Islamic provisions" (ibid). Further to him, Egypt did not import the civil State model from the West rather it has been in existence in the country for about 150 years and in it the constitution, parliament, administrative and judicial system all became consistent with Islamic Sharia.

In addition to this, the change in the Muslim Brotherhood's conception of the ideal State was also due to the influence of its second generation leaders who interacted with a variety of actors in the civil and political sphere. It was evident in the writings of leaders belong to the above generation and in the 'political platform' published by the movement in 1990, 2007 and in 2011, which contained many liberal-secular goals including the establishment of a 'Civil State'. In short, the change in the ideology of the Muslim Brotherhood with regard to the ideal State was more of the nature of 'precision' and 'political framing' and the first generation's emphasis on Sharia and Shura was not lost but rather it was specified and complemented by the second generation.

### 2) Political Parties and Political Pluralism

Muslim Brotherhood's attitude towards political parties and political pluralism was largely negative in the first phase of its ideological evolution. According to Hassan al-Banna, "the warring political parties diverted the country's energy from resisting the British" (Hoffmann 2011). Even though, the movement accepted the concept of elections (as it is based on the accepted practice of people choosing its leaders) in the above phase, it altogether rejected political parties and political pluralism. But since 1980's, Muslim Brotherhood officially changed its above stand and also formed a political party known as the 'Freedom and Justice Party' in the post- Mubarak phase. The cooperation with liberal- secular forces and its active involvement in the electoral politics of Egypt since 1980's was the major factor for the above change.

The prominent Islamic scholar Yusuf al- Qaradawi, justified the necessity of political parties and political pluralism by arguing that "they are now no longer playing the role of divisive politics as in the time of al- Banna and hence they are acceptable" (ibid). The acceptance of political parties and political pluralism is also evident in the official stand of the Muslim Brotherhood and in its publications since 1980's. For instance, the 'Reform Initiative' of the movement categorically asserted its support in favor of a "republican, parliamentary, constitutional and democratic political order in the framework of the principle of Islam" (Al-Anani 2015). Thus, the justification of people's selection of their leaders through elections was already there in the ideology of the Muslim Brotherhood during its formative phase, but the acceptance of political parties and political pluralism was a major feature in the second phase of its ideological evolution.

### 3) Sharia

Sharia constitutes another important element in the ideology of Muslim Brotherhood and it is central to its mission and political involvement. The movement in its initial phase gave utmost importance to the implementation of Sharia and considered it as

a necessary step for the Islamisation of Egyptian society and to stop the blind imitation of the West. Further, the movement prioritized the application of Sharia and Islamisation of society over and above the idea of creating an Islamic State in its initial phase. Hassan al-Banna defined Sharia as a derivative of Quran and Sunnah and also emphasized the irrelevancy of the Islamic jurisprudence of four madhhab (Lia 1998; 168).

But in the second phase of its ideological evolution, there occurred a shift in the focus of Muslim Brotherhood from the implementation of Sharia to a rapprochement between the movement's conception of Sharia and the Egyptian law. It also called for a re- framing of Sharia to make it more relevant to the important aspects of democratic life in a system of participatory politics and civil rule.

### 4) Religious Pluralism and the attitude towards Minorities

The attitude of Muslim Brotherhood towards religious pluralism and minorities remained consistent since its inception in Egyptian politics. Hassan al- Banna, put forwarded the official attitude of the movement by stating that "Muslims and non-Muslims share equal rights, duties and responsibilities in an Islamic State" (Wickham 2011:587). Further to him, "minorities should not be treated like dhimmi subject to jiziya tax. It is applicable to Copts also as they entered the State of Egypt with a contract of co- citizenship with Egyptian Muslims and not through conquest. Hence they are entitled to what we have and what we owe" (ibid).

In the second phase of its ideological evolution, Muslim Brotherhood's attitude towards minorities and religious pluralism became further specified and reframed in the context of its increased political participation. The 'Statement on Democracy' published by the movement in 1995 asserted that "Copts have same rights and duties as the Egyptian Muslims in the ideal State of the Muslim Brotherhood" (El-Ghobashy 2005). Abdul Fotouh, former member of the Muslim Brotherhood's Guidance Bureau stated that "it is important to stress that Muslims cannot practice their beliefs except by protecting non- Muslims among them and by preserving their rights of difference in religion" (ibid).

But the viewpoints contrary to the above statements were also made by some important Muslim Brotherhood leaders like Mohammed Habib and Mustafa Mashhur and they openly called for the "discrimination of Copts in the public life of Egypt" (Al-Anani 2015). Moreover, they also opined that Copts should be excluded from becoming presidential candidates and questioned their equal standing in the society. But Muslim Brotherhood leadership discarded the above opinions and reiterated its original commitment regarding the equality between Egyptian Muslims and Copts. In brief, Muslim Brotherhood followed a positive policy towards religious pluralism and equality of citizens belong to all faith since its inception in Egyptian politics and eventually it became more specified and reframed in the context of former's increased political participation.

### 5) Gender Issues and the role of the Women

Muslim Brotherhood's conception of women in society from its initial phase onwards centered on family and family job was considered as a 'noble job' for them.

It was clearly stated by the former Supreme Guide of the movement, al- Hudaybi. To him “women’s natural position in society is at home and they also has the choice to make use of their spare time in whichever way once home obligations were met” (Gerges 1999). On the role of women in politics, Muslim Brotherhood initially took a position that society needs to be “purged of corruption and the community should abide by religion and reason before women’s political rights recognized by Islam to be fully granted. Further to them, “under the current social and legislative circumstances, women’s political rights should be left in suspension until both men and women were became more educated (intellectually and spiritually) and became faithful adherents of the principle and practice of Islamic faith” (ibid).

In the second phase of its ideology, Muslim Brotherhood’s conception of the role of woman in society remained unchanged but its conception of women in politics underwent some important changes. Moreover, from 1990’s onwards, Brotherhood’s position papers and draft party platforms began to stress the point that woman have an equal place in politics as voters and candidates for public offices except for the highest executive office of the country (for which, some in the movement argued that it should be reserved for men while others argued that it must be open to women also). Moreover, in the above context that the women candidates of the movement like Jihan al-Halafawi and Wafa Ramadan ran for parliamentary and professional association elections in the 1990’s and 2000’s (Helbawy 2010:689).

Many scholars argued that Muslim Brotherhood made changes in the realm of women’s role in politics in order to secure their votes in a pragmatic political logic. Thus, the conception of Muslim Brotherhood regarding the role of women in society remained same throughout its history but with regard to their role in politics it was changed from ‘one which has important reservation to one which is more egalitarian and inclusive for women’ (ibid). Further, it should also note that, Muslim Brotherhood always considered women have such rights in politics throughout its history yet opted to restrict them during the initial phase under the pretext of “nature and the state of corruption in Egyptian society at that time” (Wickham 2011).

## Conclusion

In short, the above discussion made it clear that there were two phases in the ideology of Muslim Brotherhood movement in Egypt. The first phase was characterized by the rejection of existing system by the Muslim Brotherhood and the second phase witnessed a broader engagement and to a certain extent the embracement of the system by the movement. Further, throughout its first ideological phase the main aim of the movement was the Islamisation of society through the implementation of Sharia and criticized the existing system of Egypt as it were a Western oriented and un- Islamic one. But, since 1980’s its focus on the ‘Islamisation of society’ shifted to a strong engagement with the civil society and the political sphere of Egypt. Moreover, in the above phase it concentrated more on winning elections in the professional associations and in the parliamentary domain and also tried to tune its Islamic ideology with civic, republican, constitutional and democratic political ideas. Finally, a careful analysis of the ideology of Muslim Brotherhood reveals the fact that it did not change as much in ‘content’ but only in ‘tactics’ in which the main

objective of the movement in the second phase became acquiring power and then pursuing its policies (top to bottom) as opposed to its initial aim of changing the society first and then came to power (bottom to top).

## References

Abed- Kotob, Sana (1995), "The Accommodationists Speak: Goals and Strategies of the Muslim Brotherhood of Egypt", International Journal of Middle East Studies, 27.3: pp. 324-326.

Al- Anani, Khalil (2015), "Upended Path: Rise and Fall of Egypt's Muslim Brotherhood", Middle East Journal, 69.4: pp.527-528.

Cleveland, William (2004), A History of the Modern Middle East, Boulder (Co), West View Press.

El- Ghobashy, Mona (2005), "The Metamorphosis of the Egyptian Muslim Brothers," International Journal of Middle East Studies, 37.4: pp. 374-375.

Gerges, Fawaz (1999), America and Political Islam: Clash of Cultures or Clash of Interests? New York, Cambridge University Press.

Helbawy, Kamal (2010), "The Muslim Brotherhood in Egypt: Historical Evolution and Future Prospects", Hroub, Khaled (ed.), Political Islam: Context versus Ideology, London, London Middle East Institute

Hoffmann, Thorsten (11 June 2011), "The Muslim Brotherhood in Egypt: Pursuing Moderation within an Authoritarian Environment", Naval Post-Graduate School, 22 September 2014, https://Calhoun.nps.edu.

Lia, Brynjar (1998), The Society of the Muslim Brothers in Egypt: The Rise of an Islamic Mass Movement 1928-1942, UK, Ithaca Press.

Mitchell, Richard (1993), The Society of the Muslim Brothers, Oxford, Oxford University Press.

Pargeter, Alison (2010), The Muslim Brotherhood: The Burden of Tradition, London, Saqi Books.

Wickham, Carrie (2013), The Muslim Brotherhood: Evolution of an Islamist Movement, Princeton, Princeton University Press.

unnikrishnangokulam1987@gmail.com

# കുടുംബവ്യവസ്ഥിതിയും സ്ത്രീസ്വത്വവും ധന്യാരാജിന്റെ കഥകളിൽ

അന്ന ജോയി
ഗവേഷക, മലയാളവിഭാഗം, യൂണിവേഴ്സിറ്റി കോളേജ്,
തിരുവനന്തപുരം

**പ്രബന്ധസംഗ്രഹം**

സമൂഹത്തിന്റെ ഏറ്റവും ചെറിയ യൂണീറ്റാണ് കുടുംബം. പുരുഷകേന്ദ്രിതമായൊരു സാമൂഹികവ്യവസ്ഥിതിയുടെ ഉപരൂപകമായിട്ടാണ് പലപ്പോഴും കുടുംബം നിലനിൽക്കുന്നത്. സമൂഹത്തിലെന്നതുപോലെ കുടുംബത്തിനുള്ളിലും പരമാധികാരിയായ പുരുഷനും അനുസരിക്കുന്നവളായ സ്ത്രീയുമാണുള്ളത്. സ്ത്രീയെ കുടുംബത്തിന്റെ സ്വകാര്യലോകത്ത് ബന്ധിക്കുന്നതിനെതിരെയുള്ള കലാപങ്ങൾ സരസ്വതിയമ്മ മുതലിങ്ങോട്ടുള്ള സ്ത്രീപക്ഷ കഥാകാരികൾ പലപ്പോഴായി തങ്ങളുടെ രചനകളിലൂടെ നടത്തിയിട്ടുള്ളതാണ്. ഉത്തരാധുനിക ചെറുകഥാകൃത്തുക്കളിൽ ശ്രദ്ധേയയായ ധന്യാരാജും വാരാന്ത്യജീവിതം, പച്ചയുടെ ആൽബം എന്നീ സമാഹാരങ്ങളിലെ കഥകളിലൂടെ വ്യത്യസ്തങ്ങളായ കുടുംബപശ്ചാത്തലങ്ങളേയും അതിനുള്ളിൽ സ്ത്രീകൾ അനുഭവിക്കേണ്ടി വരുന്ന വിഭിന്നങ്ങളായ സ്ത്രീയവസ്ഥകളെയും പ്രശ്നവത്കരിക്കുന്നുണ്ട്. വാരാന്ത്യജീവിതം, എരിവ്, സിനോര, നിഴൽയുദ്ധം തുടങ്ങിയ കഥകളിലൂടെ പരമ്പരാഗതമായ കുടുംബവ്യവസ്ഥയ്ക്കുള്ളിൽ സ്ത്രീകൾക്കു നേരിടേണ്ടിവരുന്ന സ്വത്വപരവും കർത്തൃത്വപരവുമായ വെല്ലുവിളികളെയും അവയെ പൊളിച്ചെഴുതുന്നതിനായി അവർ നടത്തുന്ന ശ്രമങ്ങളേയും എപ്രകാരം അടയാളപ്പെടുത്തിയിരിക്കുന്നു എന്ന അന്വേഷണമാണ് ഈ പ്രബന്ധത്തിലൂടെ നടത്തുന്നത്.

**താക്കോൽവാക്കുകൾ**

വിമതലൈംഗികത, പിതൃകേന്ദ്രീകൃതവ്യവസ്ഥ (Patriarchal System), ബൃഹദാഖ്യാനം, ലിംഗനീതി (*Gender Justice*), സ്വത്വം *(Identity)*, ലിംഗം (*Sex*), ലിംഗപദവി (*Gender*)

## ആമുഖം

"A work of art is the social act of a solitary man" എന്ന് കലയെ (എഴുത്തിനെ) നിരീക്ഷിച്ചത് ഐറിഷ്കവിയായ ഡബ്ല്യു. ബി. യേറ്റ്സ് ആണ്. എഴുത്തുകാരുടെ ഏകാന്ത പ്രവർത്തനമെന്നതിനോടൊപ്പം സാമൂഹികമാനംകൂടി ഉൾക്കൊള്ളുന്ന ഒന്നാണ് സാഹിത്യം. അതിനാലാണ് സമൂഹത്തിനുനേരെ പിടിച്ചിരിക്കുന്ന കണ്ണാടിയെന്ന് സാഹിത്യത്തെ വിശേഷിപ്പിക്കുന്നത്. സമൂഹം കടന്നുപോവുന്ന പലതരത്തിലുള്ള വിഹ്വലതകളെയും

വീർപ്പുമുട്ടലുകളെയും പ്രത്യക്ഷമോ പരോക്ഷമോ ആയി പ്രതിഫലിപ്പിക്കുകയാണ് എല്ലാക്കാലത്തും സാഹിത്യം ചെയ്തുവരുന്നത്.

മറ്റേത് സാഹിത്യരൂപത്തേക്കാളും ചെറുകഥയിൽ ഇത്തരം സൂക്ഷ്മാഖ്യാനങ്ങൾ കൂടുതൽ വ്യക്തമായി പ്രത്യക്ഷപ്പെടുന്നതായി കാണാം. ബൃഹദാഖ്യാനങ്ങളുടെ പരന്നൊഴുകലുകളിൽ നിന്ന് വ്യത്യസ്തമായി ചെറുകഥ, കൈകാര്യം ചെയ്യുന്ന വിഷയവസ്തുവിനെ സൂക്ഷ്മമായും ഒതുക്കിയും അവതരിപ്പിക്കുന്നു. രൂപപരമായും പ്രമേയത്വപരമായും എല്ലാ സാഹിത്യരൂപങ്ങളിലും ഒട്ടനവധി പരീക്ഷണങ്ങൾ ഉത്തരാധുനികതയുടെ കാലത്ത് പ്രത്യക്ഷപ്പെടുന്നുണ്ട്. കേവലം ചെറുകഥയിൽ മാത്രമൊതുങ്ങുന്നതായിരുന്നില്ല അത്. നിലനിന്നിരുന്ന പ്രബലമാതൃകകളിൽ നിന്നെല്ലാം വ്യത്യസ്തമായി സവിശേഷമായൊരു ആവിഷ്കരണഭ്രമിക സൃഷ്ടിച്ച് പരമ്പരാഗതമായ വിഷയസങ്കൽപങ്ങളെയും രൂപഘടനകളെയും നിരാകരിക്കുകയോ പൊളിച്ചെഴുതുകയോ ചെയ്ത ഉത്തരാധുനികത, അതുവരെ മുഖ്യധാരാസാഹിത്യത്തിന്റെ വിഷയപരിധിക്കു വെളിയിലായിരുന്ന ഒരു ലോകബോധത്തെ അതിന്റെ എല്ലാത്തരം വ്യതിരിക്തതകളോടും വിശേഷതകളോടും കൂടെ സാഹിത്യത്തിന്റെ ഭാഗമാക്കി. തദ്ഫലമായി ദളിത്, സ്ത്രീ, വിമതലൈംഗികത, പരിസ്ഥിതി, എന്നിവയോടൊപ്പം ദേശം, സ്ഥലകാലങ്ങൾ, ആണവവിപത്ത്, സാങ്കേതികവിദ്യ, ഭീകരവാദം, ആഗോളവിപണി തുടങ്ങി അന്യവത്കരിക്കപ്പെടുകയും അവഗണിക്കപ്പെടുകയും ചെയ്തിരുന്ന അനേകം പ്രശ്നമേഖലകൾ കൂടി സാഹിത്യത്തിന്റെ ഭാഗമായി. ചെറുകഥയിലാണ് ഈ നവീനലോകദർശനത്തിന്റെ സാന്നിധ്യം ഏറ്റവും പ്രകടമായി കാണപ്പെട്ടത്.

ഇത്തരത്തിൽ ഉത്തരാധുനികചെറുകഥ കൈകാര്യം ചെയ്ത ബഹുസ്വരമായ ലോകബോധത്തിന്റെ പ്രതിഫലനം തന്റെ ചെറുകഥകളിലൂടെ സൂക്ഷ്മമായും കണിശമായും അവതരിപ്പിച്ച ചെറുകഥാകൃത്താണ് ധന്യാരാജ്. വാരാന്ത്യജീവിതം, പച്ചയുടെ ആൽബം എന്നീ കഥാസമാഹാരങ്ങളിലൂടെ ഉത്തരാധുനിക ചെറുകഥാലോകത്ത് തന്റേതായ എഴുത്തിടം ഉണ്ടാക്കിയെടുക്കാൻ അവർക്ക് സാധിച്ചു. നിശബ്ദരാക്കപ്പെടുകയും അരികുവൽക്കരിക്കപ്പെടുകയും ചെയ്ത അനേകം മനുഷ്യരുടെ ഉറക്കെപ്പറച്ചിലുകളുമായിട്ടാണ് ഉത്തരാധുനികത സാഹിത്യത്തിൽ വേരുറപ്പിക്കുന്നത്. അതിൽതന്നെ വ്യക്തി, കുടുംബം, മതം, സമൂഹം, ഭരണകൂടം തുടങ്ങിയ വ്യവസ്ഥാപിത സാമൂഹികസ്ഥാപനങ്ങളിൽ നിലനിന്നുപോന്നിരുന്ന പിതൃകേന്ദ്രീകൃത വ്യവസ്ഥയിലൂന്നിയ (*Patriarchal System*) അധികാരഘടനകളെ അപനിർമ്മിക്കുക, അവഗണിക്കപ്പെടുന്നതും അടിച്ചമർത്തപ്പെടുന്നതുമായ സ്ത്രൈണാനുഭവങ്ങളെ അവയുടെ എല്ലാവിധ വൈവിധ്യങ്ങളോടും സ്വാഭാവികതകളോടും കൂടെ പുനഃസൃഷ്ടിക്കുക എന്നീ ലക്ഷ്യങ്ങളെ മുൻനിർത്തി വികസിച്ചുവന്ന സ്ത്രീവാദപഠനങ്ങൾ സമൂഹത്തിലും സാഹിത്യത്തിലും നവീനമായ നിരവധി പൊളിച്ചെഴുത്തുകൾ നടത്തി. ഈ നവീനസരണിയുടെ ചുവടുപിടിച്ചാണ് ധന്യാരാജിന്റെ കഥകളെയും വായിച്ചെടുക്കേണ്ടത്. നിത്യജീവിതത്തിന്റെ അരികുകളിൽ നിന്നും ഒഴുക്കിൽ നിന്നും കണ്ടെടുത്ത കഥാപാത്രങ്ങളും അനുഭവങ്ങളുമാണ് അതിൽ ഉള്ളടങ്ങിയിരിക്കുന്നത്.

വാരാന്ത്യജീവിതം, പച്ചയുടെ ആൽബം എന്നീ കഥാസമാഹാരങ്ങളിലൂടെ സമൂഹത്തിന്റെ വിവിധ അടരുകളിൽ ജീവിക്കുന്ന, തീർത്തും വ്യത്യസ്തരായ, വ്യത്യസ്തങ്ങളായ ആഗ്രഹങ്ങളും അനുഭവങ്ങളും സൂക്ഷിക്കുന്ന ഒരുപറ്റം സ്ത്രീകളുടെ 'സാധാരണമായി' എണ്ണപ്പെട്ടു വന്നിരുന്ന ജീവിതങ്ങളെ ഭാവനയുടെ ഏച്ചുകെട്ടലുകളില്ലാതെ വായനക്കാർക്കുമുന്നിൽ അവതരിപ്പിക്കുവാനാണ് കഥാകാരി ശ്രമിക്കുന്നത്. പുറമേയ്ക്ക് ആദർശത്തിന്റെയും അതിവൈകാരികതയുടെയും പ്രകടനപരതയിലൂന്നിയതും എന്നാൽ ഉള്ളിൽ എല്ലാവിധ കപടമൂല്യങ്ങളുടെയും വിഴുപ്പ് ചുമക്കുകയും ചെയ്യുന്ന, ഉത്തരാധുനികതയുടെ പുതിയ സമവാക്യങ്ങളിൽ സങ്കീർണമാവുകയും ശിഥിലമാവുകയും ചെയ്യുന്ന മാനുഷിക മൂല്യങ്ങളെയും കുടുംബബന്ധങ്ങളെയും ഈ കഥകൾ പ്രശ്നവത്കരിക്കുന്നു.

സ്ത്രീയെ കുടുംബത്തിന്റെ സ്വകാര്യലോകത്ത് ബന്ധിക്കുന്നതിനെതിരെയുള്ള കലാപങ്ങൾ

സരസ്വതിയമ്മ മുതലിങ്ങോട്ടുള്ള സ്ത്രീപക്ഷകഥാകാരികളുടെ രചനകളിൽ കാണാവുന്നതാണ്. വാരാന്ത്യജീവിതം, പച്ചയുടെ ആൽബം എന്നീ സമാഹാരങ്ങളിലെ കഥകളിലൂടെ വ്യത്യസ്തങ്ങളായ കുടുംബപശ്ചാത്തലങ്ങളേയും അതിനുള്ളിൽ സ്ത്രീകൾ അനുഭവിക്കേണ്ടി വരുന്ന വിഭിന്നങ്ങളായ സ്ത്രീയവസ്ഥകളെയും ധന്യാരാജ് പ്രശ്നവത്കരിക്കുന്നു. വാരാന്ത്യജീവിതം, എരിവ്, സിനോര, നിഴൽയുദ്ധം തുടങ്ങിയ കഥകളിലൂടെ കുടുംബത്തിനുള്ളിലെ, അല്ലെങ്കിൽ കുടുംബമെന്ന വ്യവസ്ഥാപിത അധികാരശാലയ്ക്കുള്ളിൽ കാലങ്ങളായി അരങ്ങേറിക്കൊണ്ടിരിക്കുന്ന, അവഗണിക്കപ്പെട്ടുകൊണ്ടിരിക്കുന്ന വിവിധ പെണ്ണനുഭവങ്ങളെയും, നിലവിലെ പുരുഷകേന്ദ്രീകൃത സാമൂഹ്യവസ്ഥകളെയും, സവിശേഷാൽ പരമ്പരാഗതമായ കുടുംബസങ്കല്പങ്ങളെയും അട്ടിമറിച്ച് തന്റെ സ്വത്വം സ്ഥാപിച്ചെടുക്കാൻ അവർ നടത്തുന്ന ശ്രമങ്ങളെയും എപ്രകാരമാണ് സാധ്യമാക്കിയിരിക്കുന്നത് എന്ന അന്വേഷണമാണ് ഈ പഠനത്തിലൂടെ ലക്ഷ്യം വെക്കുന്നത്.

**കുടുംബം**

ഫാമിലിയ (*Familia*) എന്ന റോമൻപദത്തിൽ നിന്നാണ് ഫാമിലി (*Family* – കുടുംബം) എന്ന പദത്തിന്റെ ഉത്ഭവം. ആദ്യകാലത്ത് ഒരു ഉടമയുടെ കീഴിലുള്ള അടിമക്കൂട്ടത്തെ സൂചിപ്പിക്കുന്നതിന് വേണ്ടിയാണ് ഈ പദം ഉപയോഗിച്ചിരുന്നതെങ്കിൽ പിന്നീട് കൊല്ലിനും കൊലയ്ക്കും അധികാരമുള്ള സംഘത്തലവനും അയാളുടെ ഭാര്യയും മക്കളും അടിമകളും അടങ്ങുന്ന ഒരു സംഘത്തെയും സൂചിപ്പിക്കാൻ ഈ പദം സ്വീകരിക്കുകയുണ്ടായി[1]. സമൂഹത്തിൽ വ്യക്തിത്വമുള്ള (*Identity*) ഏറ്റവും ചെറിയ ഘടകമായി കുടുംബത്തെ കണക്കാക്കാം. സമൂഹവും കുടുംബവും തമ്മിൽ അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. "സമൂഹത്തിന്റെ സവിശേഷതകൾ നിർണ്ണയിക്കുന്നത് കുടുംബങ്ങളാണ്. ഒരു വ്യക്തി കുടുംബം എന്നനിലയിൽ അവന്റെ ബാധ്യതകൾ നിറവേറ്റുന്നതിൽ പരാജയപ്പെടുമ്പോൾ സമൂഹത്തിനും നാശം സംഭവിക്കുമെന്ന്"[2] സാമൂഹ്യശാസ്ത്രജ്ഞനായ ഗുഡേ നിരീക്ഷിക്കുന്നതും അതിനാലാണ്. സാമൂഹികമായ പല നിയമങ്ങളും ക്രമങ്ങളും രൂപപ്പെടുന്നതും നിലനിർത്തപ്പെടുന്നതും കുടുംബത്തിലൂടെ തന്നെയാണ്. ചുരുക്കത്തിൽ ഏതുകാലത്തായാലും ദേശത്തായാലും നിലനിന്നിരുന്ന ഭരണകൂടങ്ങളുടെ ചെറുരൂപങ്ങൾ എന്ന നിലയിലായിരുന്നു കുടുംബങ്ങളുടെ സ്ഥിതി. നീതിന്യായവ്യവസ്ഥ, പോലീസ്, പട്ടാളം തുടങ്ങി ഭരണകൂടത്തിന്റെ മർദ്ദനോപകരണങ്ങളിലൊന്നായി കുടുംബത്തെ മാറ്റിയെടുക്കാൻ അധികാരത്തിന് സാധിച്ചിട്ടുണ്ട്. പരമാധികാരിയായ കുടുംബനാഥൻ, അയാൾക്കു കീഴിൽ അനുസരിക്കുന്നവരായ കുടുംബാംഗങ്ങൾ എന്ന നിലയിലുള്ള അധികാരഘടന പിന്തുടർന്നുകൊണ്ടാണ് ആധുനികകുടുംബവും നിലനിൽക്കുന്നത്. ഈ അധികാരഘടനയാവട്ടെ കുടുംബത്തിനകത്തും പുറത്തും സ്ത്രീയുടെ നില രണ്ടാംകിടയാക്കി നിലനിർത്തുന്നതിനുള്ള എല്ലാവിധ രൂപകങ്ങളും ഉൾക്കൊള്ളുന്നതുമാണെന്നു കാണാം.

**സ്ത്രീസ്വത്വം**

"ഒരു വസ്തുവോ വ്യക്തിയോ എന്താണ് അല്ലെങ്കിൽ ആരാണ് എന്ന് നിർണ്ണയിക്കുന്ന സ്വഭാവസവിശേഷതകളെയാണ്" ഓക്സ്ഫോർഡ് നിഘണ്ടു സ്വത്വം (*Identity*)[3] എന്ന് നിർവചിക്കുന്നത്. ഒരു വ്യക്തിയെ സംബന്ധിച്ച് താൻ തന്നെയായിരിക്കുന്ന അവസ്ഥയാണ് സ്വത്വമെന്ന് പറയാം. സാമൂഹികമായ നിരവധി അധികാരശ്രേണികളുടെ ഇടപെടലുകൾ ഒരാളുടെ സ്വത്വരൂപീകരണത്തെ സ്വാധീനിക്കുന്നുണ്ട്. സ്വത്വബോധം ഏറ്റവുമധികം പ്രകടിപ്പിക്കുന്നതും സ്വത്വസ്ഥാപനത്തിനായി ഏറ്റവുമധികം ശ്രമിക്കുന്നതും മനുഷ്യരാണ്. അതിൽതന്നെ കാലങ്ങളോളം സാഹിത്യത്തിലും സമൂഹത്തിലും കർത്താവായി ഗണിക്കപ്പെട്ടിരുന്ന പുരുഷൻ, അറിവും അധികാരവും സമ്പത്തും സമന്വയിക്കുന്നതും പൂർണവുമായ ഒന്നായി പുരുഷസ്വത്വത്തെയും അവന്റെ മേധാവിത്വത്തെയും അധികാരത്തെയും അംഗീകരിക്കുന്നതും അനുസരിക്കുന്നതുമായ ഒന്നായി സ്ത്രീസ്വത്വത്തെയും നിർമ്മിച്ചെടുക്കുകയാണ് ഉണ്ടായത്.

സാഹിത്യത്തിലായാലും സമൂഹത്തിലായാലും പുരുഷന്റെ കാഴ്ചപ്പാടിലാണ് സ്ത്രീസ്വത്വം രൂപപ്പെട്ടിട്ടുള്ളത്. സ്ത്രീയെ അധമയും രണ്ടാംകിടയുമായി ഗണിക്കുന്ന ഈ സാമൂഹികക്രമം

സ്ത്രീകളെ തങ്ങളുടെ യഥാർത്ഥസ്വത്വം തിരിച്ചറിയുന്നതിൽനിന്ന് തടയുകയും കാലങ്ങളോളം പുരുഷനിർമ്മിതമായ സ്വത്വസങ്കല്പത്തിനുള്ളിൽ കുരുങ്ങിക്കിടക്കാൻ പ്രേരിപ്പിക്കുകയും ചെയ്തു. ആണത്തത്തെ നിർണയിക്കുന്ന ഘടകങ്ങളായി ഗണിക്കപ്പെടുന്ന പൗരുഷം, ധൈര്യം, ധാർഷ്ട്യം, മത്സരബുദ്ധി, നേതൃത്വപാടവം തുടങ്ങിയവ സമൂഹത്തിൽ പുരുഷന് ഉയർന്നസ്ഥാനം നൽകുന്നവയാകുമ്പോൾ അവയ്ക്കെതിരായ വിധേയത്വം, അച്ചടക്കം, സ്നേഹം, സഹനം, ത്യാഗശീലം, ക്ഷമ, അനുസരണശീലം തുടങ്ങി സ്ത്രീത്വത്തെ നിർണയിക്കുന്നതായി പറയപ്പെടുന്ന ഗുണങ്ങൾ സമൂഹത്തിൽ സ്ത്രീയുടെ സ്വത്വബോധത്തെ തമസ്കരിക്കുകയാണ് ചെയ്യുന്നതെന്ന് കാണാം. ചുരുക്കത്തിൽ പുരുഷനാൽ നിർമ്മിതമായ സ്ത്രീസ്വത്വം സ്ത്രീകളെ പൊതുഇടങ്ങളിൽ നിന്നെല്ലാം മാറ്റിനിർത്തുകയും കുടുംബമടക്കമുള്ള സ്വകാര്യയിടങ്ങളിൽ ബന്ധിക്കുകയും ചെയ്തു. ജീവശാസ്ത്രപരമായ ലിംഗവ്യത്യാസത്തിൽ (*Sex*) നിന്ന് ഭിന്നമായി, ലിംഗപദവി (*Gender*) എന്ന സാമൂഹികനിർമ്മിതിയായ പരികല്പനയെ അടിസ്ഥാനമാക്കിയാണ് കാലങ്ങളായി ഈ വിഭജനം സാധിച്ചുപോരുന്നത്. ലിംഗപദവിയെന്ന സമൂഹനിർമ്മിതപരികല്പന ലിംഗപദവി നിർണ്ണയത്തിൽ, പുരുഷനെ ഒന്നാംലിംഗവും സ്ത്രീയെ രണ്ടാംലിംഗവുമായി തരംതിരിക്കുന്നതുതന്നെ പുരുഷനിർമ്മിതമായ പുരുഷസ്വത്വത്തെയും സ്ത്രീസ്വത്വത്തെയും അടിസ്ഥാനമാക്കിയാണ്.

സമൂഹം, കുടുംബം, വ്യക്തി എന്നിങ്ങനെ സങ്കീർണവും ഭിന്നവുമായ നിലകളിൽ കെട്ടുപിണഞ്ഞു കിടക്കുന്ന സ്ത്രീസ്വത്വത്തെ തിരിച്ചറിയാനും, കാലങ്ങളോളം സ്ത്രീകളനുഭവിച്ചു വരുന്ന സ്വത്വപ്രതിസന്ധികളെ വേണ്ടവിധത്തിൽ അടയാളപ്പെടുത്താനും, സത്യസന്ധമായ രീതിയിൽ തങ്ങളുടെ സ്വത്വബോധത്തെ പുനരാവിഷ്കരിക്കാനുമുള്ള ശ്രമങ്ങളാണ് ലോകമെമ്പാടുമുള്ള സ്ത്രീവിമോചനവാദികൾ നടത്തി വരുന്നത്. സമൂഹത്തിലും കുടുംബത്തിനുള്ളിലും പുരുഷനാൽ നിർമ്മിതമായ സ്ത്രീസങ്കല്പനങ്ങളെ നിഷേധിക്കുകയും പകരം സമത്വത്തിലും സ്വാതന്ത്ര്യ ത്തിലുമൂന്നിയ, സ്വയം തിരിച്ചറിയുകയും സ്വന്തയിടം ഉണ്ടാക്കിയെടുക്കുകയും ചെയ്യുന്ന സ്ത്രീസ്വത്വാവിഷ്കാരങ്ങളെയാണ് സാഹിത്യത്തിലടക്കം അവർ മുന്നോട്ട് വെക്കുന്നത്.

### സ്ത്രീസ്വത്വവും കുടുംബവ്യവസ്ഥിതിയും

"മനുഷ്യർക്കിടയിൽ രൂപംകൊണ്ട ആദ്യ വൈരുദ്ധ്യം സ്ത്രീ – പുരുഷന്മാർക്കിടയിലെ വൈരുദ്ധ്യമാണെന്നും ആദ്യത്തെ വർഗചൂഷണം ലിംഗാധിപത്യത്തിലൂടെ പുരുഷൻ ഏൽപിച്ച ചൂഷണമാണെന്നും"[4] ഏംഗൽസ് നിരീക്ഷിക്കുന്നുണ്ട്. ലിംഗാധിപത്യത്തിന്റെ പ്രകടവും ശക്തവുമായ സാന്നിധ്യം ആദ്യം പ്രത്യക്ഷപ്പെടുന്ന സാമൂഹികസ്ഥാപനമാണ് കുടുംബം. സമൂഹത്തിന്റെ ഏറ്റവും ചെറിയ ഘടകമെന്ന നിലയിലാണ് കുടുംബത്തിന്റെ സ്ഥാനം. അതിനാൽതന്നെ സമൂഹത്തിൽ പാലിക്കപ്പെട്ടുവരുന്ന എല്ലാത്തരം അധികാരശ്രേണീകരണങ്ങളും കുടുംബത്തിനുള്ളിലും ബാധകമാവുന്നു. പുരുഷന്റെ പരമാധികാരവും സ്ത്രീയുടെ വിധേയത്വവുമാണ് അവിടെയുള്ളത്. പരമാധികാരിയായ ഒരാളെന്ന നിലയിൽ കുടുംബത്തിനുള്ളിൽ പുരുഷന്റെ സ്ഥാനം നിർണയിക്കപ്പെടുമ്പോൾ സ്ത്രീ അവനെ പരിചരിക്കേണ്ടവളും അനുസരിക്കേണ്ടവളുമായി മാറുന്നു. "സ്ത്രീയുടെ ഗാർഹികാടിമത്തത്തിലും സാമ്പത്തികാശ്രിതത്വത്തിലും കെട്ടിയുയർത്തപ്പെട്ട ഒന്നാണ് കുടുംബം"[5] എന്ന് മേരി ആലീസ് വാട്ട്സ് നിരീക്ഷിക്കുന്നത് ഈ അടിസ്ഥാനത്തിലാണ്.

ഒരു ലിംഗവിഭാഗം മറ്റൊന്നിനെ കീഴടക്കുന്ന നിലയിലാണ് കുടുംബബന്ധങ്ങൾ ചരിത്രത്തിലുടനീളം നിലനിൽക്കുന്നത്. പുരുഷന്റെ അധികാരവും സ്ത്രീയുടെ അടിമത്തവും വിധേയത്വവും കുടുംബത്തിന്റെ സഹജഗുണങ്ങളായിട്ടാണ് സമൂഹം കണക്കാക്കുന്നത്. കുടുംബത്തിനുള്ളിൽ സ്ത്രീയും പുരുഷനും തമ്മിലുള്ള ലിംഗപരമായ ഈ അധികാരശ്രേണി നിലനിർത്തിപ്പോരുന്നതിലൂടെ സമൂഹത്തിനുള്ളിൽ പുരുഷകേന്ദ്രിതമായ സാമൂഹികക്രമം തുടരാനും സമൂഹത്തിനാവുന്നു. കുടുംബത്തിനുള്ളിൽ പുരുഷാധികാരവ്യവസ്ഥയ്ക്കനുസൃതമായി വ്യക്തികളെ പാകപ്പെടുത്തിയെടുക്കുന്നതോടെ തന്റെ മേൽ അടിച്ചേല്പിച്ചിരിക്കുന്ന വിധേയത്വവും അപകർഷതാബോധവും സ്വാഭാവിക യഥാർത്ഥ്യങ്ങളായി സ്ത്രീകൾ വിശ്വസിക്കാൻ തുടങ്ങുന്നു.

എന്നാൽ വിദ്യാഭ്യാസം നേടിത്തുടങ്ങിയതോടെ സ്ത്രീകൾ തങ്ങളനുഭവിക്കുന്ന വിവേചനങ്ങളെ

തിരിച്ചറിയാനും അതിനെതിരെ പ്രതികരികരിക്കാനും പുരുഷകേന്ദ്രിതമായ എല്ലാത്തരം സാമൂഹിക സ്ഥാപനങ്ങളെയും പുനർനിർമ്മിക്കാനുമുള്ള ശ്രമങ്ങൾ ആരംഭിച്ചു. നൂതനാശയങ്ങളുമായുള്ള ഇടപെടൽ അവരുടെ ചിന്താശേഷിയെ വളർത്തുകയും സ്വത്വത്തിലും സ്വാതന്ത്ര്യത്തിലുമൂന്നിയ ഒരു സമൂഹനിർമ്മിതിയ്ക്കായി പ്രേരിപ്പിക്കുകയും ചെയ്തു. അത്തരത്തിൽ കാലങ്ങളായി സമൂഹം ഉറപ്പിച്ചുവെച്ച കുടുംബസങ്കല്പങ്ങളെയും അതിനുള്ളിലെ സ്ത്രീയുടെ കർത്തവ്യങ്ങളെയും പൊളിച്ചെഴുതാനുള്ള ശ്രമങ്ങൾക്ക് തന്റെ കഥകളെ ഒരു സാധ്യതയാക്കി മാറ്റുന്നുണ്ട് ധന്യാരാജ്. കുടുംബവ്യവസ്ഥിതിക്കുള്ളിലെ പരമ്പരാഗത സ്ത്രൈണസങ്കല്പങ്ങളെ പൊളിച്ചെഴുതുകയും തങ്ങളുടെതായ സ്വത്വനിർണ്ണയം നടത്തുകയും ചെയ്യുന്ന കഥാപാത്രങ്ങളെയാണ് തന്റെ കഥകളിലൂടെ ധന്യാരാജ് അവതരിപ്പിക്കുന്നത്.

**വാരാന്ത്യജീവിതം**

ഇരുപത്തിരണ്ട് വയസ്സുള്ള, ആദ്യശ്രമത്തിൽ തന്നെ എൽ.ഡി.സി ടെസ്റ്റ് പാസായതിന്റെ ത്രില്ലിൽ എം.എ പഠനം പോലും ഉപേക്ഷിച്ച് ജോലിയിൽ പ്രവേശിച്ച ജെസ്സിയും അൻപതിനോടടുത്ത് പ്രായമുള്ള, വീട്ടുകാരിൽനിന്നും നാട്ടുകാരിൽനിന്നും അകന്ന് തനിച്ചുതാമസിക്കുന്ന വിധവയും സുന്ദരിയുമായ ജെസ്സിയുടെ ആന്റി സെലീനയുമാണ് വാരാന്ത്യജീവിതം എന്നുതന്നെ പേരായ, സമാഹാരത്തിലെ ആദ്യകഥയിലെ കഥാപാത്രങ്ങൾ. കുലീനയും പരിഷ്കാരിയുമായ ഒരു സ്ത്രീ എന്നതിൽ നിന്ന് ദുരൂഹതകൾ നിറഞ്ഞ ഒരുവളിലേക്ക് കഥമുന്നേറുമ്പോൾ സെലീന മാറുന്നു. വാരാന്ത്യജീവിതത്തിലെ കുടുംബം പരമ്പരാഗത സങ്കല്പങ്ങൾക്കനുസരിച്ചുള്ള ഒന്നല്ല. ക്രൂരവും സ്വാർത്ഥവുമായ സ്നേഹത്തോടെ തന്നോടിടപെടുന്ന ഭർത്താവിനെ പതിനേഴ് കൊല്ലത്തോളം വലിയൊരു പട്ടിക്കൂട്ടിൽ ചങ്ങലയ്ക്കിടുന്ന ഭാര്യയാണ് ഇവിടെ സെലീന. പതിനേഴ് വർഷങ്ങൾക്കു ശേഷം ജെസ്സി ആ വീട്ടിലെത്തുന്നതോടുകൂടിയാണ് അവിടുത്തെ ദുരൂഹതകളുടെ ചുരുളഴിയുന്നതും സെലീനയുടെ സത്യം പുറത്തുവരുന്നതും. തന്റെ ജീവിതത്തെക്കുറിച്ചുള്ള തീരുമാനങ്ങൾ സ്വയം എടുക്കുകയും നടപ്പിലാക്കുകയും ചെയ്യുന്ന ഒരുവളായിട്ടാണ് ജെസ്സി കഥയിൽ പ്രത്യക്ഷപ്പെടുന്നത്. എന്നാൽ സെലീനയാവട്ടെ ഇരുപത്തിരണ്ടാം വയസ്സിൽ പപ്പയുടെ നിർബന്ധപ്രകാരം പഠനവും ഏഴ് വർഷമായുണ്ടായിരുന്ന പ്രണയവും അവസാനിപ്പിച്ച് പപ്പ പറഞ്ഞൊരാളെ വിവാഹം കഴിക്കേണ്ടി വന്ന ഒരുവളാണ്. വിവാഹം കഴിഞ്ഞിട്ടും അവളാഗ്രഹിച്ചതുപോലെ ഒരു ജീവിതം അവൾക്ക് ലഭിക്കുന്നില്ല.

"സിൻഡറല്ലക്കഥയിലെ നഷ്ടപ്പെട്ട ഒറ്റച്ചെരുപ്പുപോലെയാണെന്റെ ജീവിതവും. മറ്റേ ചെരിപ്പ് ഒരിക്കലും കണ്ട് കിട്ടില്ലെന്ന മാത്രം. ചെരുപ്പിനനുസരിച്ച് കാല് മുറിക്കുകയെന്ന ഒരേയൊരു മണ്ടത്തരം മാത്രമേ ഞാൻ ജീവിതത്തിൽ ചെയ്തിട്ടുള്ളൂ"[6] എന്ന തുറന്നുപറച്ചിലിൽ സെലീനയുടെ ജീവിതത്തെ വായിച്ചെടുക്കാം. ഇവിടെ കാണാതെ പോവുന്ന ചെരിപ്പ് അവളുടെ ആഗ്രഹപ്രകാരമുള്ള ജീവിതംതന്നെയാണ്. ആ ജീവിതം നഷ്ടപ്പെടുത്തി പപ്പ പറഞ്ഞ ഒന്നിലേക്ക് നിർബന്ധപൂർവ്വം തന്നെ തള്ളിക്കയറ്റാൻ ശ്രമിച്ചതിനെയാണ് ചെരിപ്പിനനുസരിച്ച് കാല് മുറിക്കുകയെന്ന ഉപമയിലൂടെ പറഞ്ഞുവെക്കുന്നത്. തനിക്ക് പാകമാവാത്ത, ഇഷ്ടമില്ലാത്ത ഒരു ജീവിതത്തിലേക്ക് തന്റെ ആഗ്രഹങ്ങളെയും വ്യക്തിത്വത്തെ തന്നെയും മുറിച്ചുമാറ്റി പാകപ്പെടുത്താൻ ശ്രമിക്കുന്ന രീതിയാണ് എല്ലാക്കാലത്തും സ്ത്രീകൾ ചെയ്യേണ്ടി വരുന്നത്.

എപ്പോഴും സ്നേഹത്തെപറ്റി മാത്രം ചിന്തിക്കുകയും പറയുകയും ചെയ്തു ഭർത്താവ് പക്ഷെ അതിനുപുറകിൽ വളരെ ക്രൂരമായ സ്വാർത്ഥതയുടെയും പകയുടെയും മറ്റൊരു സമുദ്രം തന്നെ ഒളിപ്പിച്ചുവെച്ചിട്ടുണ്ടെന്ന് തിരിച്ചറിയുമ്പോൾ അതിലും ക്രൂരമായി പ്രതികാരം ചെയ്യുന്ന ഒരുവളാവുകയാണ് സെലീന. പതിനേഴ് കൊല്ലത്തോളം വാഹനാപകടത്തിൽ മരണപ്പെട്ടുവെന്ന് ലോകം മുഴുവൻ വിശ്വസിച്ച ടോമിനെ പശുത്തൊഴുത്ത് പോലെ വിശാലമായൊരു പട്ടിക്കൂട്ടിൽ ചങ്ങലയ്ക്കിട്ട് ശിക്ഷിക്കുമ്പോഴും താനകപ്പെട്ടിരിക്കുന്ന, പാകമാവാത്ത ആ ചെരുപ്പിൽ നിന്നും തന്റെ കാലിനെ രക്ഷിക്കാൻ സെലീനയ്ക്കാവുന്നില്ല. പകരം ഭർത്താവിനൊപ്പം ആ ശിക്ഷയുടെ ഭാഗമാവുക എന്ന വിധി കൂടിയാണ് അവർ സ്വീകരിക്കുന്നത്. ഈ പതിനേഴുവർഷവും ഭർത്താവിന്റെ കാവൽക്കാരിയായിരിക്കുക എന്നതിൽക്കവിഞ്ഞ് താൻ സ്വപ്നം കണ്ടിരുന്നതുപോലെ

ഒരു ജീവിതത്തിലേക്ക് ജെസ്സിയെ കണ്ടുമുട്ടും വരെ സെലീന എത്തിപ്പെടുന്നില്ല.

നിലനിൽക്കുന്ന ഒന്നിനെ പൊളിക്കുന്നതിനോളംതന്നെ പ്രധാനപ്പെട്ടതാണ് കൂടുതൽ ജനാധിപത്യപരമായ മറ്റൊന്ന് നിർമിക്കാനാവുക എന്നതും. എന്നാൽ കുടുംബവ്യവസ്ഥ പോലുള്ള സാമൂഹികസ്ഥാപനങ്ങളുടെ കാര്യത്തിൽ അതെളുപ്പമല്ല. ചെരിപ്പിനനുസരിച്ച് കാല് മുറിക്കുന്ന സെലീനയ്ക്ക്, അത് മണ്ടത്തരമാണെന്ന് തിരിച്ചറിയാനാവുമ്പോഴും അതിൽനിന്ന് പുറത്തുകടക്കാൻ സാധിക്കുന്നില്ല. ഭർത്താവിന്റെ കാലിലെ ചങ്ങലയുടെ അദൃശ്യമായ ഒരു കണ്ണിയിൽ സ്വയമറിയാതെ കുരുങ്ങിക്കിടക്കുകയാണ് അവർ.

എന്നാൽ ജെസ്സിയാവട്ടെ തന്റെ കാലിനനുസരിച്ച് ചെരിപ്പ് കണ്ടെത്തുന്നവളാണ്. ഇരുപത്തിരണ്ടാം വയസ്സിൽ ജോലികിട്ടുമ്പോൾ എം. എ പഠനംപോലും വേണ്ടെന്ന് വെച്ച് ജോലിക്ക് പോവാൻ അവൾ തീരുമാനിക്കുന്നത് അവളുടെ മാത്രം താൽപര്യപ്രകാരമാണ്. സ്വയം തീരുമാനമെടുക്കാൻ പ്രാപ്തയായ അവളെ കണ്ടുമുട്ടുന്നതോടെ താൻ കുരുങ്ങിക്കിടക്കുന്ന ചങ്ങലയെ പറ്റി ചിന്തിക്കാനും തിരിച്ചറിയാനും സെലീന തയ്യാറാവുന്നു. മറ്റാരോടും പറയാത്ത രഹസ്യങ്ങൾ ജെസ്സിയോട് വെളിപ്പെടുത്തുകയും ഒടുവിൽ ടോമിനെ ചങ്ങലയിൽനിന്ന് മോചിപ്പിച്ച് പുറത്താക്കുന്നതോടെ അത്രയുംനാൾ താൻകൂടി ഭാഗമായിരുന്ന ശിക്ഷയിൽ നിന്ന് സെലീനയും പുറത്തുകടക്കുകുകയാണ്. പുരുഷാധികാരവ്യവസ്ഥിതിക്കെതിരായ കലാപം പലപ്പോഴും പുരുഷനെതിരെയാണെന്ന തരത്തിലുള്ള തെറ്റിദ്ധാരണ കണ്ടുവരാറുണ്ട്. വ്യക്തികേന്ദ്രിതമായ ആക്രമണങ്ങൾ ഒരിക്കലും സ്ത്രീവിമോചനാശയങ്ങൾക്കോ പ്രവർത്തനങ്ങൾക്കോ ശക്തിപകരില്ല. നിലനിൽക്കുന്ന വ്യവസ്ഥിതിയെ പൊളിക്കുക എന്നത് മാത്രമാണ് അതിനുള്ള വഴി. ഇവിടെ സെലീന സ്വീകരിക്കുന്ന വഴി ഒരിക്കലും അവളുടെ മോചനത്തിന് സഹായിക്കുന്നില്ല. എന്നാൽ ജെസ്സിയെ കാണുന്നതോട് കൂടി ടോമിനെ തുറന്നു വിടാനും പതിനേഴുവർഷത്തോളം സ്വയം അകപ്പെട്ടുകിടന്നിരുന്ന ഒന്നിൽ നിന്ന് പുറത്തുകടക്കാനും സെലീന തയ്യാറാവുന്നു. സ്വയംതിരിച്ചറിയുകയും സ്വത്വബോധത്തോടെ ജീവിക്കുകയും ചെയ്യുന്ന സ്ത്രീകൾ, തനിക്ക് ചുറ്റുമുള്ള സ്ത്രീകളെക്കൂടി അവർക്കു പാകമായ ജീവിതത്തിലേക്ക് കടക്കാനും സ്വയംതിരിച്ചറിഞ്ഞു ജീവിക്കാനും സഹായിക്കുന്നു.

**എരിവ്**

രുചികളൊന്നുമില്ലാതെ കേവലമായൊരുദാസീനതയോടെ തുടർന്നുപോരുന്ന തന്റെ ദാമ്പത്യജീവിതത്തിന്റെ മട്ടുപ്പും പൊള്ളത്തരവും എരിവ് കൂട്ടിയുണ്ടാക്കിയ അച്ചാറുകളിലൂടെ കുടഞ്ഞു കളയാൻ ശ്രമിക്കുന്ന വീട്ടമ്മയാണ് എരിവിലെ പൊന്നമ്മ. കോളേജിലെ അറിയപ്പെടുന്ന ബുദ്ധിജീവിയായ, അച്ചടിഭാഷയിൽ നിർത്തിനിർത്തി മാത്രം സംസാരിക്കുന്ന തോമാച്ചന്റെയും മനുഷ്യരെന്തിനാണ് എപ്പോഴും ഇത്ര ദുരൂഹമായും അസ്വാഭാവികമായും പെരുമാറുന്നത് എന്നാശ്ചര്യപ്പെടുന്ന, വലിയവായിൽ ചിരിക്കുകയും സംസാരിക്കുകയും ചെയ്യുന്ന, ശബ്ദങ്ങളെ ഇഷ്ടപ്പെടുന്ന പൊന്നമ്മയുടെയും ജീവിതമാണ് എരിവിലൂടെ കൈകാര്യം ചെയ്യുന്നത്.

വിവാഹത്തിനു ശേഷവും തോമാച്ചൻ അയാളായിത്തന്നെ തുടരുന്നുണ്ട്. എന്നാൽ പൊന്നമ്മയാകട്ടെ അതോടുകൂടി അവൾക്കുപോലുമറിയാത്ത മറ്റൊരാളിലേക്ക് പരിവർത്തനം ചെയ്യപ്പെടുകയാണ്. പൊന്നമ്മയുടെ ഉള്ളിൽ ഇത്രയധികം ശബ്ദങ്ങളുണ്ടെന്ന് തോമാച്ചൻ അത്ഭുതപ്പെടുന്നത് കുടുംബവീടുകളിലേക്കുള്ള അവരുടെ ഹ്രസ്വസന്ദർശനങ്ങളിലാണ്. കുടുംബം സ്ത്രീയ്ക്ക് അവളുടെ ശബ്ദങ്ങളെ അടക്കിവെക്കാനുള്ള ഇടമായിട്ടുകൂടിയാണ് സമൂഹത്തിൽ വ്യാഖ്യാനിക്കപ്പെടുന്നത്. എന്നാൽ പൊന്നമ്മയാകട്ടെ ആ വീടിനുള്ളിൽ തന്റെ ശബ്ദങ്ങളെ അടക്കിവെക്കുന്നത് തോമാച്ചനോടുള്ള പ്രതികാരമെന്ന നിലയിൽ കൂടിയാണ്. അയാൾക്ക് ഒരുതരത്തിലും വായിച്ചെടുക്കാൻ സാധിക്കാത്ത അത്ര സങ്കീർണമായൊരു പുസ്തകമായി സ്വയം മാറുകയാണ് അവൾ.

കഥയിൽ കടന്നുവരുന്ന ശക്തമായ രണ്ട് ബിംബങ്ങളാണ് അടുക്കളയും എരിവ് കൂടിയ

അച്ചാറും. വിവാഹം കഴിഞ്ഞ ശേഷം മനപ്പൂർവ്വം പൊന്നമ്മ ഉപേക്ഷിക്കാൻ ശ്രമിക്കുന്ന ഇടങ്ങളിൽ ഒന്നായിരുന്നു അടുക്കള. "ഒഴിവാക്കാനാവാത്ത ഒരു ശീലം പോലെ ദിവസവും രണ്ട് കറികളും ഒരു തോരനും എത്രയും പെട്ടെന്ന് തയ്യാറാക്കി അടുക്കളയിൽ നിന്ന് പുറത്തു കടന്നിരുന്ന"[7] പൊന്നമ്മ 32 വർഷങ്ങൾക്ക് ശേഷം അടുക്കളയെ തന്റെ ഇടമാക്കി മാറ്റിയെടുക്കുകയാണ്. പാകത്തിനുപോലും എരിവില്ലാതെ ഭക്ഷണമുണ്ടാക്കിയിരുന്ന ഒരുവളിൽനിന്ന് നാക്കിൽ വെക്കാൻ പറ്റാത്തത്ര എരിവോട് കൂടി അച്ചാറുകൾ നിർമ്മിക്കാൻ തുടങ്ങുന്ന ഒരുവളിലേക്കുള്ള മാറ്റം ബോധപൂർവ്വം തുടർന്നുപോന്നിരുന്ന ഒരു വ്യവസ്ഥിതിയോടുള്ള കലഹം കൂടിയാണ്. ആദ്യകാലങ്ങളിൽ പുറത്തുകടക്കേണ്ട ഒരിടമായി കണക്കാക്കിയിരുന്ന അടുക്കള പിന്നീട് തന്റെ പ്രതിഷേധത്തിനുള്ള ഇടമാക്കി മാറ്റുന്ന കാഴ്ചയാണ് കഥയിലുള്ളത്. ഇടത്തിന്റെ പുനർനിർമ്മാണം സാധ്യമാകേണ്ടത് തിരസ്കരിക്കുന്നതിലൂടെ മാത്രമല്ലെന്ന ആശയം ഇവിടെ ആവിഷ്കരിക്കപ്പെടുന്നു. ഒടുവിൽ ഭ്രാന്ത് പിടിച്ചതുപോലെ അച്ചാർ ഭരണികളൊരോന്നായി നിലത്തെറിഞ്ഞു പൊട്ടിക്കുന്ന പൊന്നമ്മ അത്രയുംനാൾ തന്റെയുള്ളിൽ അടക്കിവെച്ചിരുന്ന ശബ്ദങ്ങളെയാകെ പുറത്തേക്ക് ചിതറിക്കുകയാണ്.

സമൂഹത്തിലെ പൊതുഇടങ്ങളിൽ നിന്ന് മാറ്റിനിർത്തപ്പെടുന്ന സ്ത്രീകൾ, കുടുംബം എന്ന സ്വകാര്യഇടത്തിൽ 'പൊതു'വായ ഒന്ന് എന്നതരത്തിലാണ് കണക്കാക്കപ്പെടുന്നത്. കുടുംബത്തിനകത്തെ സ്ത്രീ, കുടുംബത്തിലെ മറ്റംഗങ്ങളുടെ ആവശ്യനിവർത്തിക്ക് എപ്പോഴും തയ്യാറായിരിക്കേണ്ട ഒരാളാണ്. സ്വന്തമായ ഒരിടമോ സ്വകാര്യതയോ അവൾക്ക് അനുവദിക്കപ്പെടുന്നില്ല. പൊന്നമ്മയുടെ അച്ചാറു നിർമ്മാണത്തെപ്പറ്റി അറിയുന്ന മകൻ സണ്ണി ആദ്യം അതിനെ ചിരിച്ചു തള്ളുന്നുണ്ടെങ്കിലും പിന്നീട് നാട്ടിലെത്തുമ്പോൾ സാധാരണ തന്നെ കാണാനെത്തുന്ന 'ബന്ധുക്കളുടെയും സുഹൃത്തുക്കളുടെയും ഇടയിൽ പലഹാരപ്പാത്രങ്ങളുമായി എല്ലാകാര്യങ്ങളും കണ്ടറിഞ്ഞ് ചെയ്തിരുന്ന അമ്മച്ചിയെ കാണാതാവുമ്പോൾ, അടുക്കളയിലൊഴിച്ച് വീട്ടിൽ എല്ലായിടത്തുമുണ്ടായിരുന്ന അമ്മയെ അന്വേഷിച്ച് പലതവണ അടുക്കളയിൽ പോവേണ്ടി വരുമ്പോൾ സണ്ണിക്ക്'[8] അമ്മച്ചിയുടെ അച്ചാറുണ്ടാക്കൽ അനാവശ്യവും അവസാനിപ്പിക്കേണ്ടതുമായി തോന്നിതുടങ്ങുകയാണ്.

പൊന്നമ്മ അച്ചാറുണ്ടാക്കുന്നത് താനകപ്പെട്ടിരിക്കുന്ന ദാമ്പത്യത്തോടും കുടുംബത്തോടുമുള്ള പ്രതിഷേധമെന്ന നിലയിലാണ്. നിൽനിൽപ്പിനുള്ള ആയുധമെന്ന നിലയിലാണ് എരിവുകൂടിയ അച്ചാറുകളെ പൊന്നമ്മ ആശ്രയിക്കുന്നത്. ബൗദ്ധികമായി മാത്രം ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന ഭർത്താവോ, ആവശ്യങ്ങൾക്കുമാത്രം അമ്മച്ചിയെ ആവശ്യമുള്ള മകനോ പൊന്നമ്മയെ മനസിലാക്കാനോ അവൾക്ക് വേണ്ടതെന്ത് എന്നന്വേഷിക്കാനോ തയ്യാറാവുന്നില്ല. നിറുത്താതെ സംസാരിക്കുകയും പൊട്ടിച്ചിരിക്കുകയും ചെയ്യുന്ന സാനിയയോട് പൊന്നമ്മയ്ക്ക് തോന്നുന്ന അടുപ്പം ഈ വർഷങ്ങളിൽ പൊന്നമ്മ നഷ്ടപ്പെടുത്തിക്കളഞ്ഞ അവളുടെതന്നെ സ്വത്വബോധത്തെ തിരിച്ചെടുക്കാനുള്ള ആഗ്രഹത്തിൽ നിന്നുണ്ടാവുന്നതാണ്. ഒടുവിൽ അച്ചാറുപാത്രങ്ങളെല്ലാം നിലത്തെറിഞ്ഞ് പൊട്ടിക്കുന്ന, അടുക്കളനിലത്തെ അച്ചാറുകറയെ തുടച്ചുമാറ്റാതെ പോവുന്ന പൊന്നമ്മ താനും ഇവിടെയുണ്ടെന്ന് ഉറക്കെ പറയുക കൂടിയാണ് ചെയ്യുന്നത്.

**സിനോര**

സിനോര, നിഴൽയുദ്ധം തുടങ്ങിയ കഥകളിലും ഒരനുഷ്ഠാനം പോലെ ആചരിച്ചു വരുന്ന കുടുംബബന്ധങ്ങളിലെ പൊള്ളത്തരങ്ങളെയും ദാമ്പത്യത്തിലെ കപടമായ മൂല്യങ്ങളെയും തിരിച്ചറിയുകയും അവയെ പൊളിച്ചെഴുതുകയും ചെയ്യുന്ന സ്ത്രീകളാണുള്ളത്. സിനോരയെന്ന കഥ മുന്നോട്ട് പോവുന്നത് വീട്ടുകാരിയിലൂടെയാണ്. അവരുടെ പേര് പരാമർശിച്ചു കാണുന്നില്ല. അച്ചടക്കവും അനുസരണയും സൂക്ഷ്മതയോടെയുള്ള പെരുമാറ്റവുമെല്ലാം കുടുംബത്തിനകത്തെ സ്ത്രീകൾക്ക് സമൂഹം സവിശേഷമായി കല്പിച്ചുകൊടുത്തിരിക്കുന്ന ഗുണങ്ങളാണ്. ജീവിതകാലം മുഴുവൻ ഈ ഗുണങ്ങളേല്ലാം അനുസരിച്ച് ജീവിച്ച അവർ, വളരെ ധാർഷ്ട്യത്തോടെ, അഹന്തയോടെയുള്ള ഉറച്ച ചുവടുവെപ്പുകളും മുൻധാരണകളെ അട്ടിമറിക്കുന്ന സംസാരരീതിയുമുള്ള,

ഭർത്താവിന്റെ കസിൻ കൂടിയായ സിനോരെയെ പരിചയപ്പെടുമ്പോൾ അത്രയും നാൾ അബോധപൂർവ്വം താൻ പെട്ടുകിടന്നിരുന്ന കൊക്കൂണിനെ പറ്റി തിരിച്ചറിയുകയാണ് സിനോര എന്ന കഥയിൽ.

നല്ല സ്ത്രീ, മോശം സ്ത്രീ എന്നുള്ള തിരിച്ചുമാറ്റൽ കാലാകാലങ്ങളായി സ്ത്രീകളെ അടക്കി നിർത്താനും നിയന്ത്രിക്കാനുമായി സമൂഹം കല്പിച്ചു നൽകിയിരിക്കുന്നവയാണ്. പുരുഷാധിപത്യ സമൂഹത്തിന്റെ നിലനില്പിനും വളർച്ചയ്ക്കുമായി അവർതന്നെ മെനഞ്ഞുണ്ടാക്കിയ ഗുണങ്ങളും സവിശേഷതകളുമാണ് നല്ല സ്ത്രീ കയ്യാളുന്നത്. ഇതിലൂടെ സ്ത്രീയുടെ അദ്ധ്വാനത്തെയും ലൈംഗികതയേയും പ്രത്യുല്പാദനശേഷിയേയും കീഴടക്കാനും സ്ത്രീക്കുമേൽ തന്റെ പരമാധികാരം നിലനിർത്തിപ്പോരാനും പുരുഷനാവുന്നു. ജീവിതത്തിൽ ഈ 'നല്ല സ്ത്രീ' ഗുണങ്ങളെല്ലാം പാലിച്ചിട്ടും ഭർത്താവായ പ്രദീപിനാൽ അവഗണിക്കപ്പെടുകയും പരിഹാസമേറ്റുവാങ്ങേണ്ടി വരികയും ചെയ്യുന്ന ഒരുവളാണ് കഥയിലെ വീട്ടുകാരി.

എന്നാൽ സിനോരയുടെ കൂസലില്ലാത്ത, മേധാവിത്വമുറപ്പിക്കുംപോലെയുള്ള ശരീരഭാഷയും സംസാരവുമാകട്ടെ പ്രദീപിൽ ആരാധനയാണ് ഉണ്ടാക്കുന്നത്. സിനോരയോട് പ്രദീപിനുള്ള ആരാധനയുടെ പൊള്ളത്തരം നഗരത്തിലെ തിരക്കുള്ള അഭിഭാഷകനായ മദ്ധ്യവയസ്കനെ വിവാഹം കഴിക്കാൻ തീരുമാനിച്ചുവെന്ന് സിനോര അറിയിക്കുമ്പോൾ അയാളുടെ മുഖത്തുണ്ടാവുന്ന നിസ്സഹായതയിൽ നിന്ന് വീട്ടുകാരിക്ക് മനസിലാവുന്നുണ്ട്. വിരസമായി ആവർത്തിക്കുന്ന ഒരുകൂട്ടം ദിനചര്യകൾ മാത്രമായി മാറിക്കഴിഞ്ഞ ഒന്നാണ് കഥയിലെ കുടുംബം. അഞ്ചുവർഷം നീണ്ടുനിന്ന ദാമ്പത്യത്തിനൊടുവിൽ സിനോരയുടെ വരവോട് കൂടിയാണ് ആത്മാർത്ഥത, അടുപ്പം തുടങ്ങി ദാമ്പത്യത്തിലുണ്ടാവേണ്ട മറ്റ് ചില ഘടകങ്ങളേക്കുറിച്ച് അവൾ ചിന്തിക്കുന്നത് പോലും. പ്രദീപിനും സിനോരയ്ക്കുമിടയിലുള്ള സംഭാഷണവേളകളിൽ ചായ കൊടുക്കാനും, അവളെ യാത്രയയക്കാനുമല്ലാതെ മറ്റൊന്നിനും വീട്ടുകാരി ഇടപെടുന്നില്ല.

സ്വയം അദൃശ്യവത്കരിക്കപ്പെട്ട നിലയിലാണ് അവർ നിലകൊള്ളുന്നത്. എന്നാൽ സിനോരയാകട്ടെ താനുണ്ട് എന്ന് ഉറപ്പോടും ആത്മവിശ്വാസത്തോടുംകൂടി വിളിച്ചു പറയുന്ന ഒരുവളാണ്. സിനോരയുമായി അധികം ഇടപെടാൻ അവസരം ലഭിക്കുന്നില്ലെങ്കിലും "എന്തൊരു വിഡ്ഢിത്തമാണത്! ജീവിതത്തിലെ സന്തോഷങ്ങളും സങ്കടങ്ങളുമെല്ലാം നമ്മുടെതന്നെ സൃഷ്ടിയല്ലേ"[9] എന്ന ചോദ്യത്തിലൂടെ അഞ്ചുവർഷത്തോളം മറ്റാർക്കോ വേണ്ടി സ്വയം നഷ്ടപ്പെടുത്തി ജീവിച്ച ജീവിതത്തെ അവൾ തിരിച്ചറിയുന്നുണ്ട്. കഥാവസാനം, അന്നോളം ഏറ്റവും സന്തോഷം നിറഞ്ഞതും പ്രശ്നങ്ങളലട്ടാത്തതുമായ ദിവസങ്ങളിൽ അണിയാനായി മാറ്റിവെച്ചിരുന്ന മഞ്ഞപ്പട്ടുസാരിയുടുത്ത് പ്രദീപിന്റെ പകച്ച കണ്ണുകൾക്ക് മുന്നിലൂടെ ദൃഢമായ, ധാർഷ്ട്യം നിറഞ്ഞ കാൽവെപ്പുകളോടെ സിനോരയുടെ വിവാഹത്തിന് പോകാനിറങ്ങുമ്പോൾ അത്രയുംനാൾ മറ്റാരോ പരുവപ്പെടുത്തിവെച്ച ഒന്നിലേക്ക് തന്നെ പകർത്തിവെച്ചുകൊണ്ടിരുന്ന ഒരുവളിൽനിന്ന്, സ്വയം തിരിച്ചറിയുകയും തന്റേതായ ഒന്നിനെ നിർമ്മിക്കാൻ ധൈര്യം കാണിക്കുകയും ചെയ്യുന്ന ഒരു സ്ത്രീയായി മാറുകയാണ് കഥയിലെ വീട്ടുകാരി.

**നിഴൽയുദ്ധം**

നിഴൽയുദ്ധം എന്ന കഥയിലും ഈ ദ്വന്ദം പ്രത്യക്ഷപ്പെടുന്നത് കാണാം. ഭർത്താവിന്റെ ആദ്യഭാര്യയായ മരിച്ചു പോയ സുനിതയോടുള്ള ജയശ്രീയുടെ വഴക്കുകൾ സത്യത്തിൽ അവളവളോട് തന്നെയുള്ളതാണ്. കുടുംബത്തിനുള്ളിലായാലും പുറത്തായാലും പുരുഷന്റെ ആവശ്യങ്ങൾ യഥാവിധം നടപ്പിലാക്കിക്കൊടുക്കേണ്ട, കുടുംബത്തിനുള്ളിൽ ഭർത്താവിനും മക്കൾക്കും വേണ്ടി മാത്രം ജീവിക്കേണ്ട ഒരാളാണ് സ്ത്രീയെന്നത് ഒരു പൊതുധാരണയാണ്. കുടുംബത്തിനുള്ളിലാവട്ടെ സ്ത്രീ എന്നത് സ്വന്തമായൊരു വ്യക്തിത്വമോ അസ്തിത്വമോ ഇല്ലാത്ത 'പൊതു' വസ്തു എന്ന നിലയിലാണ് കണക്കാക്കപ്പെടുന്നത്. പുരുഷനാഗ്രഹിക്കും പോലെ പെരുമാറുന്ന സ്ത്രീയാണ് ഉത്തമ സ്ത്രീയെന്ന ധാരണ സ്ത്രീകളെ കൊണ്ടുതന്നെ പ്രചരിപ്പിക്കാൻ സാധിക്കും വിധത്തിലാണ് പുരുഷാധിപത്യആശയവാദങ്ങൾ കുടുംബത്തിലടക്കം വേരോടി

യിരിക്കുന്നത്.

നിഴൽയുദ്ധം എന്ന കഥയിൽ പേര് പരാമർശിക്കുംപോലെ അവളവളോട് തന്നെയുള്ള ജയശ്രീയുടെ നിഴൽയുദ്ധങ്ങളാണ് കാണാനാവുന്നത്. സുനിതയോടുള്ള (സുനിതയുടെ ഫോട്ടോ) വഴക്കുകളിലൂടെയും വാക്കേറ്റങ്ങളിലൂടെയും അവളവളോട് തന്നെയാണ് ജയശ്രീ കലഹിക്കുന്നത്. പ്രകാശിനും നന്ദുമോനും തന്നെയാണ് ഏറെ ഇഷ്ടമെന്ന് അഭിമാനത്തോടെ പറയുമ്പോഴും ആ വീട്ടിൽ അവരുടെ ആവശ്യങ്ങൾ യഥാവിധം നടപ്പിലാക്കി കൊടുക്കുന്നത് കൊണ്ടുമാത്രമാണ് ആ ഇഷ്ടം സാധ്യമാവുന്നത് എന്ന സത്യം കണ്ടില്ലെന്ന് നടിക്കുകയാണ് ജയശ്രീ.

എന്നാൽ സുനിതയും ജയശ്രീയും തമ്മിലുള്ള സംഭാഷണങ്ങളിലൂടെയാവട്ടെ സ്വയം തിരിച്ചറിയലിന്റെ പുതിയൊരു തലത്തിലേക്ക് ജയശ്രീ എത്തിപ്പെടുന്നുണ്ട്. "സുനിതയ്ക്ക് വേണ്ട വിധത്തിൽ സ്നേഹം പ്രകടിപ്പിക്കാൻ പോലും അറിയില്ലായിരുന്നു. പാവം"[10] എന്നുള്ള പ്രകാശിന്റെ വാക്കുകൾ ജയശ്രീയിൽ ഞെട്ടലുണ്ടാക്കുന്നു. കുടുംബത്തിനുള്ളിൽ എപ്പോഴും സ്ത്രീയുടെ സ്വത്വം നിർണയിക്കപ്പെടുന്നത് പുരുഷന്റെ താല്പര്യങ്ങൾക്കും ഇഷ്ടങ്ങൾക്കും അനുസരിച്ചാണ്. അവളെങ്ങനെ സ്നേഹിക്കണം എന്നതിനുപോലും കൃത്യമായ നിയമാവലികളുണ്ട്.

പ്രകാശിന് വേണ്ട വിധത്തിൽ സ്നേഹിക്കുന്നില്ല എന്നത് കൊണ്ടാണ് സുനിത അയാൾക്ക് മോശക്കാരിയാവുന്നത്. 'അവളുടെ അനാകർഷകമായ പെരുമാറ്റത്തെ പറ്റിയും, ഭംഗിയില്ലാത്ത രൂപത്തെപ്പറ്റിയും അക്കാലത്തെ ജീവിതത്തിന്റെ വിരസതയെ പറ്റിയും നിരർത്ഥകതയെപറ്റിയും"[11] ഒക്കെ ജയശ്രീയോട് സംസാരിക്കുന്ന പ്രകാശ് ഒരിക്കൽപോലും എന്തുകൊണ്ടായിരുന്നു അവളങ്ങനെ എന്ന് മനസിലാക്കാൻ ശ്രമിക്കുന്നില്ല. തന്നെ പരിചരിക്കുക എന്നതിനപ്പുറം സ്വന്തമായി വ്യക്തിത്വമുള്ള ഒരു വിഭാഗമാണ് സ്ത്രീകളെന്ന് മനസിലാക്കാൻ ആ വിധത്തിൽ അവരെ പരിഗണിക്കാൻ പലപ്പോഴും കുടുംബമോ സമൂഹമോ തയ്യാറാവാറില്ല. അത്തരത്തിൽ മനസിലാക്കപ്പെടാതെ പോയ ഒരുവളാണ് സുനിതയും.

ഒടുവിൽ കട്ടിലിനടിയിൽ നിന്നും സുനിതയുടെ ഫോട്ടോ വലിച്ചെടുത്ത് ഡൈനിങ് ഹാളിൽ തന്നെ തൂക്കിയിടുമ്പോൾ, സാരിത്തുമ്പുകൊണ്ട് ഫോട്ടോയിലെ പൊടി തുടച്ചുകളഞ്ഞ് സുനിതയുടെ നെറ്റിയിലും കവിളിലും ചുണ്ടുകളിലും ഉമ്മവെക്കുമ്പോൾ, അന്നോളം മറ്റാരും കാണാതെ പോയ, തൊടാതെ പോയ ഒരുവളെ കണ്ടെടുക്കുക കൂടിയാണ് ജയശ്രീ. മറ്റൊരാൾക്കും ദൃശ്യപ്പെടാതെ പോയ ഒന്നിനെ തിരിച്ചറിയുകയും മനസിലാക്കുകയുമാണവിടെ. ധന്യാരാജിന്റെ കഥകളിലെങ്ങും ഈ കണ്ടെടുക്കലിന്റെ സാന്നിധ്യം കാണാനാവും. ആണധികാര കുടുംബവ്യവസ്ഥിതിയിൽ സ്ത്രീകൾ നേരിട്ടിരുന്ന അദൃശ്യവത്കരണത്തെ അത്തരം കണ്ടെടുക്കലുകളിലൂടെയാണ് കഥാകാരി പ്രശ്നവത്കരിക്കുന്നത്. കാണപ്പെടാതെയും മനസിലാക്കപ്പെടാതെയും പോകുന്ന ഇടം തങ്ങളുടേത് കൂടിയാണെന്ന തിരിച്ചറിവിൽ ഉറപ്പോടും നിശ്ചയദാർഢ്യത്തോടും കൂടി പ്രതികരിക്കുന്ന സ്ത്രീകളാണ് അവിടെയുള്ളത്.

**ഉപസംഹാരം**

പ്രകടമായ സൈദ്ധാന്തികവാചകങ്ങളിലൂടെയല്ല മറിച്ച് പരോക്ഷവും ഏറെക്കുറെ നിശബ്ദവുമായ അനുഭവലോകങ്ങളുടെ ആവിഷ്കരണത്തിലൂടെയാണ് എഴുത്തുകാരി തന്റെ പെൺപക്ഷരാഷ്ട്രീയം വ്യക്തമാക്കുന്നതെന്ന് വാരാന്ത്യജീവിതം അടക്കമുള്ള കഥകളിലൂടെ തെളിയുന്നുണ്ട്. "സ്വപ്നലോകത്തേക്കാൾ യഥാർത്ഥലോകത്തിന്റെ വ്യഥകൾ പറയുന്ന കഥകളാണ്"[12] ധന്യാരാജിന്റേത്. കപടമായ ആദർശങ്ങളുടെയോ പൊള്ളയായ വൈകാരികതയുടെയോ ശീലുകളിൽ കോർത്തെടുക്കാതെ സ്വാഭാവികവും സൂക്ഷ്മവുമായ കഥാസന്ദർഭങ്ങളിലൂടെ പലപ്പോഴും തിരിച്ചറിയപ്പെടാതെ പോകുന്ന യഥാർത്ഥ ജീവിതസാഹചര്യങ്ങളെയാണ് അവ ചോദ്യം ചെയ്യുന്നത്. അനുസരിക്കുകയും മിണ്ടാതിരിക്കുകയും ചെയ്യുന്ന സ്ത്രീകളെ അവിടെ കാണാനാവില്ല. അതോടൊപ്പം കേവലമായ ശബ്ദമുയർത്തലുകളോ അനാവശ്യമായ ഉറക്കെപ്പറച്ചിലുകളോ കൊണ്ട് വായനക്കാരെ തെറ്റിദ്ധരിപ്പിക്കുന്നുമില്ല. മറിച്ച് തങ്ങളെ ഒരു

വ്യക്തിയായിപ്പോലും പരിഗണിക്കാത്ത പുരുഷമേധാവിത്വത്തിനെതിരെ സ്വന്തം സ്വത്വബോധമുയർത്തിപ്പിടിച്ചുകൊണ്ട് പ്രതികരിക്കുന്നവരാണ് അവർ.

അക്രമസ്വഭാവമുള്ള ഭാഷയ്ക്കും കഥാസന്ദർഭങ്ങൾക്കും പകരം സൂക്ഷ്മവും യാഥാർത്ഥ്യത്തിലൂന്നിയതുമായ ആഖ്യാനരീതിയാണ് കഥാകാരി പിന്തുടരുന്നത്. പുരുഷവിദ്വേഷമോ പുരുഷനിഷേധമോ അല്ല പകരം സ്ത്രീവാദം മുന്നോട്ട് വെക്കുന്ന ആശയം തുല്യനീതിയുടെതാണെന്നും അതിനുള്ള ശ്രമങ്ങൾ ആരംഭിക്കേണ്ടത് കുടുംബമെന്ന സാമൂഹികസ്ഥാപനത്തിൽ നിന്നാണെന്നും ഈ കഥകളിലൂടെ വ്യക്തമാവുന്നു. കുടുംബം ഉപേക്ഷിക്കുക എന്നത് അത് പിന്തുടരുന്ന അധികാരഘടനയെ ഇല്ലാതാക്കാൻ സഹായിക്കുകയില്ല മറിച്ച് കുടുംബത്തിനുള്ളിൽ നിന്നുകൊണ്ടുതന്നെ അതിനെ പൊളിച്ച് പണിയുകയാണ് വേണ്ടത്. സർവ്വാധികാരിയായ പുരുഷനും അനുസരിക്കുന്നവളായ സ്ത്രീയും എന്ന സാമ്പ്രദായിക കുടുംബമാതൃകയിലെ അടിസ്ഥാനശിലയെ പൊളിച്ചുമാറ്റുകയും തുല്യരായ രണ്ട് വ്യക്തികളുടെ സംരംഭം എന്ന നിലയിലേക്ക് അതിനെ മാറ്റുകയും ചെയ്യേണ്ടതുണ്ട്. അത്തരത്തിൽ പുതിയൊരു ആശയസംവാദത്തിനുള്ള സാധ്യതകൾ തുറന്നിടുന്ന കഥകളാണ് അവ.

വ്യവസ്ഥാപിതമൂല്യങ്ങളുടെ നിർബന്ധിതസൂക്ഷിപ്പുകാരായി സമൂഹം സ്ത്രീകളെ വാർത്തെടുക്കാൻ ശ്രമിക്കുമ്പോൾ അതിനെതിരെ പ്രതികരിക്കാനും തന്റെ സ്വത്വബോധത്തെ തിരിച്ചറിഞ്ഞ് അന്നോളമുണ്ടായിട്ടുള്ള വായനകളെയെല്ലാം പുനഃപാരായണം നടത്താനും സ്ത്രീകൾ തയ്യാറാവേണ്ടതിന്റെ ആവശ്യകതയെ ഈ കഥകളിലൂടെ കഥകാരി ഉറപ്പിക്കുന്നുണ്ട്. അതിലൂടെ സ്വയം ശക്തയാവുന്നതോടൊപ്പം ലിംഗവിവേചനത്തിലൂന്നിയ സാമൂഹികസ്ഥാപനങ്ങളെയെല്ലാം പുനർനിർമ്മിക്കുകയും ചെയ്യുകയെന്ന സ്ത്രീവിമോചനവാദത്തിന്റെ അടിസ്ഥാനാശയങ്ങളെ തന്നെയാണ് ധന്യാരാജും ആവിഷ്കരിക്കുന്നതെന്ന് ഉറപ്പിച്ചു പറയാനാവും.

**കുറിപ്പുകൾ**

1. The word familia did not originally signify the ideal of our modern Philistine, which is a compound of sentimentality and domestic discord. Among the Romans in the beginning, it did not even refer to the married couple and their children but to the slave alone. Famulus means household slave and familia signified the totality of slaves belonging to one individual. The expression was invented by the Romans to describe a new social organism, the head of which had under him, wife and children and a number of slaves, under Roman paternal power, with power of life and death over them all. Engles, The Origin of the family – Private Property and the State, p. 58
2. Society is a structure made up of families and that the peculiarities of a given society can be described by outlining its family relations: The earliest moral and ethical writings suggest that a society loses its strength if people fail in the family obligations. Willam J Goode, The family prentice, p. 1-2
3. The Oxford English Dictionary, p. 620-21
4. സോമൻ. പി, മാർക്സിസം, ലൈംഗികത, സ്ത്രീപക്ഷം,
5. The family system is built on the domestic enslavement and economic dependence of women. It is the institution that perpetuates the special oppression of women as a sex. Mary Alice Waters, Women and the Socialist Revolution, p. 11.
6. ധന്യാരാജ്, വാരാന്ത്യജീവിതം, പുറം.12
7. അതേ പുസ്തകം, പുറം.33
8. അതേ പുസ്തകം, പുറം.34
9. അതേ പുസ്തകം, പുറം.56
10. അതേ പുസ്തകം, പുറം. 67
11. അതേ പുസ്തകം, പുറം. 59

12. ഗീത, പേറ്റുനോവും ഈറ്റുപുണ്യവും, പുറം.46

**ഗ്രന്ഥസൂചി**


1. ഗീത, പേറ്റുനോവും ഈറ്റുപുണ്യവും, മാതൃഭൂമി ബുക്സ്, കോഴിക്കോട്, 2005
2. ജയകൃഷ്ണൻ. എൻ, ഫെമിനിസം, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2011
3. ജോജി മടപ്പാട്ട്. ഡോ, ജോഷി വർഗീസ്. ഡോ, മലയാളത്തിലെ കഥാകാരികൾ, സാഹിത്യപ്രവർത്തക സഹകരണസംഘം, കോട്ടയം, 2012
4. ധന്യാരാജ്, വാരാന്ത്യജീവിതം, ഡി സി ബുക്സ്, കോട്ടയം, 2006
5. ധന്യാരാജ്, പച്ചയുടെ ആൽബം, മാതൃഭൂമി ബുക്സ്, കോഴിക്കോട്, 2010
6. രാമകൃഷ്ണൻ എം.കെ, സംസ്കാരപഠനം ചരിത്രം സിദ്ധാന്തം പ്രയോഗം, ഫെമിനിസങ്ങളും സാംസ്കാരിക പഠനമേഖലയും, മലയാളപഠനസംഘം, ശുകപുരം, 2007
7. വേണുഗോപാലൻ കെ.എം (എഡി.), കേരളം ലൈംഗികത ലിംഗനീതി, സൈൻബുക്സ്, തിരുവനന്തപുരം, 2006
8. ഷീജ ആർ. എസ്, ഡോ, സ്ത്രൈണതയുടെ ഭിന്നഭാവങ്ങൾ, സാഹിത്യപ്രവർത്തക സഹകരണസംഘം, തിരുവനന്തപുരം, 2014
9. സോമൻ. പി, മാർക്സിസം ലൈംഗികത സ്ത്രീപക്ഷം, കറന്റ് ബുക്സ്, കോട്ടയം, 2014
10. Friedrich Engles, The Origin of the family - Private Property and the State, 1983.
11. Mary Alice Waters, Women and the Socialist Revolution 1979.
12. The Oxford English Dictionary, Oxford University Press, New York, 1989
13. Willam J Goode, The family prentice – hall of India (Private) Limited, New Delhi, 1965


anna960516@gmail.com

# Increasing Involvement of Rural Women in Private Jobs with special reference to Kumbalangi

**Granes P. Joshy**
Post graduate student, IGNOU, New Delhi

**Abstract**

Women empowerment refers to making women powerful to make them capable of deciding for themselves. As the time evolved, women realized their powers and they are now redefined by their strengths, skills and abilities. According to International Labour Organization study, the participation of rural women in private sector is high compared to that of public sector. And this account for improving the quality of life, giving social and economic stability to lead a life of dignity. The study is conducted among the middle-class families of Kumbalangi. The role of women in maintaining economic stability of the family and how they are empowered through private jobs is projected through this study.

**Keywords:**
Women empowerment, private jobs, private sector, rural area, rural women

## Introduction

The study is held at Kumbalangi, the eco-tourism and farm tourism village destination in central Kerala, close to the port town of Cochin is the first model tourism village in India. Women empowerment and women employment are closely related and studied in the present scenario. Indian women are almost 50% of Indian population and they directly as well as indirectly contribute to the economy of the nation. It is high time to think about the economic contributions made by the rural women in private sector which is not established in an organizational framework like

that of enterprises and IT sector jobs. The employment structure of Kumbalangi has immensely changed over the past years which was culturally rooted in agriculture, fishing and coir making and they were replaced by various public and private sector jobs. The changing employment status of rural women from house maker in the ancient time to the income generator in today's society is focused in this study. Thus, the private sector empowers the socially and economically backward women in rural areas.

## Review of Literature

The study titled 'Female Labour Force Participation in Kerala: Problems and Prospects' conducted by Mazumdar, Sumith and Guruswamy, M. (2006) focuses on the trends and patterns of female workforce participation in Kerala during 1991 and 2001 which draws from the census data. The high rate of male laborers than that of female laborers reveals the disparity among workforce as the study shows. It also focuses on the female employment situation in the state and for this the demographic, economic and socio-cultural factors that have an influence in female workforce participation were given due importance. The effect of migration among the women workforce is studied and found that women in Kerala have greater mobility within the country compared to their male counterparts and female migrants were better educated than males.

The study titled 'Employment Generation from Rural Tourism: A Field Study of the Local Community at Kumbalangi in Kerala' by Dr. P.K., Manoj (2015) is focusing on the employment generation from the rural tourism, a field study which was held at Kumbalangi community, a rural tourism destination in the Ernakulam district in central Kerala. The study develops its dimension on the basis of tourism industry and the benefits of tourism in the economic and infrastructural development of a nation. The Kumbalangi project aims at the environment conservation, mangrove conservation, pokkali farming, Kalagraamam (The artists' village). The analysis of the Kumbalangi Tourism Project is done by emphasizing the involvement of local people in various tourist activities, the behavior of the tourists towards the local people and tourism benefits. The study also draws out various Governmental initiatives required as demanded by the local community for its further development.

The study conducted by Abraham, P. Roy (2011) on the title 'Development management through rural tourism: A Study with special reference to Kumbalangi Gramma Panchayath' emphasis the cautious implementation of tourism project so as to utilize its resources efficiently without any hindrance to its development. As the study says Kumbalangi tourism model is an endeavour that presents village life to the tourists with minimum investment in tourism and has acquired self-reliance in various aspects with the backing of support planning, capacity building, product development and packaging. The study also put forth suspicions about the future growth and sustainability of the village as tourism village destination and its impact on the lives of the natives. The study come up with a suggestion for resident participation in planning and implementation of the tourism project in Kumbalangi.

## Methodology

The research is exploratory in nature. The interview schedule was used to collect data from 30 native women of Kumbalangi who works in the outskirts of village in the private sector. The required respondents were found through snowball sampling technique. The interview schedule includes questions pertaining to the socio-economic profile, personal data and type of employment. An oral history interview was conducted with the native librarian Sri. T. P. George (Samatha library) to collect information regarding the life of ancient women in Kumbalangi. The secondary data were collected from different sources like books, journals and websites.

## Analysis and Interpretation of Data




Out of 30 respondents, 6 employees are aged between 30-40, 14 employees come under the age group 40-50 and 10 employees fall in the age group 50 and above.




Out of 30 respondents, 6 employees are aged between 30-40, 14 employees come under the age group 40-50 and 10 employees fall in the age group 50 and above. Among them, 11 employees chose the job of maid. Only one employee goes for computer related job. 8 employees go for catering job. 4 employees are working as sales girls in different companies. The remaining 6 employees are working in other

fields namely attender, housekeeping supervisor, K. G. Teacher, supervisor at food export company, petrol pump service and food serving at hotel.




The job is further classified as regular jobs and seasonal jobs. Among the 30 employees, 24 employees (80%) belong to the regular jobs and 6 employees (20%) belong to the seasonal jobs.




Considering the educational qualifications of the employees, 15 employees have got secondary education and 6 have acquired the higher secondary education. 5 employees got upper primary education. 3 employees have pursued diploma or degree. And the one who has only primary level education is of the age 57.



Among the 30 employees, 25 employees have debt and 5 employees have no debt. The debt here means debt incurred through housing loans, educational loans, vehicle loans and the loans incurred to meet their daily needs.







Among them the monthly income of 8 employees come below 5000 rupees and other's income lies in between 5000-14500 rupees. The employees having income below 5000 rupees are seasonal workers mainly those who go for catering job. Again 20 employees belong to BPL category and 10 employees belong to the APL category.

## Findings and Suggestions

1. From the data collected 80% of the respondents are above the age group of 40. The study chose the workers who work outside the village boundary and 90% of them depends the private bus to reach their job destination and the remaining 10% employees either go by two-wheeler of their husband or children or by van.

2. While studying the increasing involvement of rural women in private jobs, it is noted that they go for the respective job because of multiple reasons such as, no other jobs are made available considering their level of education and age, to pay off the debts which includes various kinds of loans, some are widow, some go to support their family. Inspite of the various miseries they say that they found enjoyment by going for jobs.

3. While studying the socio-economic profile of the employees the educational qualification, family income per month, salary, kind of job they are involved, age, APL and BPL category are analyzed and the majority of employees belong to the middle-class families.

4. The push factors for the respective job include the various debt incurred. The pull factors include the influence and involvement of Kudumbasree and their family support. The satisfaction level of the respondents by involving in the private jobs is found very high. The economic, mental and social satisfaction is kept up. 80% employees either have medical insurance or life insurance including both government and private insurance.

5. The effect of urbanization is a notable feature in the study because here city is the prime generator of employment. The rural women prefer cities for jobs that provide them better salary. This fashion denotes the curiosity and willingness to explore for better jobs to raise their standard of life which results in economic security. It also denotes the shift of work area from village to cities or rural to urban area.

The census of India 2001 and 2011 excludes the category of people who engage in the household activities for others. They are the paid workers, the daily wage people and sufficient attention should give to them. Kudumbasree and Win Society are the two main streams in which majority of women in Kumbalangi are actively involved. If they are provided with sufficient resources through these ventures, each home can be made a self-employed unit and thus we can ensure more involvement and economic stability within the village.

## Conclusion

The women empowerment is a worldwide hot topic which seeks the safe space for women's economic empowerment. Studies have been made in the realm of women's participation in private jobs signifying the role of education and literacy. Apart from the above factors the employees who work not on the basis of educational qualification also have a say in the economic development of the country. Their role is relevant. Among the 30 rural women, only 3 employees are involved in jobs that satisfy their educational qualification. The involvement of Kudumbasree is evident in their lives because 53% employees have savings in kudumbasree and providing resource and financial support for new business through kudumbasree will help the rural dwellers in making their house a self-employed unit and this will surely be appreciated by the rest of the employees.

When we compare the economic activities and jobs involved by the rural women of the ancient and modern Kumbalangi wide changes can be traced. Earlier women were not much engaged in regular jobs but some were engaged in agriculture, coir making, selling eatables like porichunda, curd, etc. and fishing within the village. And today they are engaged in many jobs and most of them are employed in cities. John Berchman Mannaly in 1998 in his book 'Kumbalangi Village in the Pages of History' has observed that the village is not suitable for huge industrial establishments as the village is so populous. As a suggestion he put forth the idea of small-scale cottage industry producing electronics, ready-made garments, umbrella, bag, book and floriculture. He found this more flourishing because of Nedumbassery International Airport under construction (now it is Cochin International Airport) and upcoming transport facilities through which the small-scale products can be exported. Thus, the vision of Dr. John Berchman Mannaly laid down what could be made to make Kumbalangi a prosperous village. Considering the willingness of women to work and earn can be channelised in this way without compromising their utility power so that they can establish the economic stability within their own village. The study clearly portrays how native women of Kumbalangi have established a well economic, social and mental development through the private jobs.

## References

1. Banerjee, Chandrajit. "What the private sector can do for India's economic growth." *World Economic Forum,* 1 Nov, 2019, weforum.org/agenda/2019/10/private-sector-investment-in-india/.

2. Mazumdar, Sumit and Guruswamy, M. "Female Labour Force Participation in Kerala: Problems and Prospects." 2006, https://paa2006.populationassociation.org.

3. Abraham, P. Roy. “Development management through rural tourism: A study with special reference to Kumbalangi Gramma Panchayath.” *Shodhganga*, June 2011, http://hdl.handle.net/10603/25829.

4. P. K., Manoj. “Employment Generation from Rural Tourism: A Field Study of The Local Community at Kumbalangi in Kerala.” *ResearchGate*, Dec 2015, https://www.researchgate.net/publication/290439648.

5. Berchman Mannaly, John. “Kumbalangi Village in the Pages of History.” Nemmara: Sonia Printers, 1998, p. 205.

6. Thomas, K. V., “Vilakku Marangal.” Kottayam: DC Books-Current Books, 2013, pp. 146-147.

granespjoshy@gmail.com

# അധികാര വിനിമയം സാഹിത്യത്തിൽ: ‘കയറി’നെ അടിസ്ഥാനമാക്കിയുള്ള പഠനം

**ഡോ. ബീന കെ.**
അസി. പ്രൊഫസർ, മലയാളവിഭാഗം
ഗവ. കോളജ് നെടുമങ്ങാട്

**പ്രബന്ധസംഗ്രഹം**

സാമൂഹികഘടനയിലെ അധികാരവിനിമയഘടകങ്ങൾ സാഹിത്യത്തിൽ പ്രതിഫലിക്കാറുണ്ട്. സമ്പത്ത്, ജാതി, തൊഴിൽ, വിദ്യാഭ്യാസം എന്നിവ എക്കാലവും സാമൂഹികാധികാരശ്രേണികളെ ഉല്പാദിപ്പിക്കുകയും നിലനിർത്തുകയും ചെയ്യുന്നുണ്ട്. തിരുവിതാംകൂറിൽ നടപ്പിലാക്കിയ ഭൂമികണ്ടെഴുത്ത് മുതൽ ആളോഹരിഭാഗം വരെയുള്ള ചരിത്രത്തിൻറെ സർഗ്ഗാത്മകാഖ്യാനമാണ് തകഴിയുടെ കയർ. മണ്ണിനുമേലുള്ള മനുഷ്യാധിപത്യം സാമൂഹികാധികാരമായി നിലനിൽക്കുകയും മറ്റെല്ലാ അധികാര വിനിമയങ്ങളും സാമ്പത്തികാധികാരത്തെ ആശ്രയിച്ച് രൂപപ്പെട്ടുകയും നിലനിൽക്കുകയും ചെയ്യുന്ന സാമൂഹികചരിത്രത്തെ കയർ എപ്രകാരം ആഖ്യാനം ചെയ്യുന്നുവെന്ന അന്വേഷണമാണ് പ്രബന്ധം. നവചരിത്രവാദത്തിന്റെ സൈദ്ധാന്തികതലങ്ങളെ പഠനത്തിനും ആശയരൂപീകരണത്തിനുമായി ഉപയോഗിച്ചിരിക്കുന്നു.

**താക്കോൽവാക്കുകൾ**

അധികാരവിനിമയം, സാമൂഹ്യഘടന, കണ്ടെഴുത്ത്, ആളോഹരിഭാഗം, ഭൂപരിഷ്കരണം, സാമ്പത്തികാധികാരവിനിമയം

**ത**കഴിശിവശങ്കരപ്പിള്ളയുടെ 'കയർ' പ്രസിദ്ധീകൃതമാകുന്നത് 1978-ലാണ്. ആഖ്യാനങ്ങളും ഉപാഖ്യാനങ്ങളുംകൊണ്ട് ഇതിഹാസസമാനമായി വർത്തിക്കുന്ന ഈ നോവൽ നിശ്ചിത വ്യക്തിയുടെയോ നിശ്ചിത കുടുംബത്തിന്റെയോ കഥയല്ല, കുട്ടനാടിനെ കേന്ദ്രീകരിച്ച് തിരുവിതാംകൂറിൻറെ ഇരുനൂറോളം വർഷത്തെ സാമൂഹ്യപരിണാമപ്രക്രിയയുടെ ഭാവസാന്ദ്രമായ ആവിഷ്കാരമാണ്. നാലുതലമുറകളുടെ ജീവിതം ആയിരത്തോളം കഥാപാത്രങ്ങളിലൂടെ നൂറ്റിമുപ്പത്തിയൊൻപത് അദ്ധ്യായങ്ങളിലായി ഈ നോവൽ ചിത്രീകരിക്കുന്നു. തിരുവിതാംകൂറിൽ ആദ്യമായി ആധുനികരീതിയിൽ നടത്തിയ 'ഭൂമി കണ്ടെഴുത്ത്' മുതൽ 1970 ലെ ഭൂപരിഷ്കരണനിയമം വരെയുള്ള സാമൂഹിക സാമ്പത്തിക സാംസ്കാരിക രാഷ്ട്രീയ ചലനങ്ങളെ കയർ സൂക്ഷ്മമായി

വിശകലനം ചെയ്യുന്നുണ്ട്. ഭൂമിയും മനുഷ്യനും തമ്മിലുള്ള ബന്ധം പശ്ചാത്തലമാക്കി രണ്ട് നൂറ്റാണ്ടുകാലം കൊണ്ട് മാനുഷികബന്ധങ്ങളിൽ വന്നുചേർന്ന പരിണാമങ്ങളെ നോവൽ പ്രതിഫലിപ്പിക്കുന്നു. ഭൂമിയും മനുഷ്യനുമായുള്ള ബന്ധത്തിന് കേരളത്തിലുണ്ടായ വളർച്ചയാണ് 'കയറി'ലെ പ്രതിപാദ്യം. പ്രമേയത്തെക്കുറിച്ച് നോവലിന്റെ മുഖവുരയിൽ തകഴി ഇങ്ങനെ രേഖപ്പെടുത്തുന്നു. "തിരുവിതാംകൂറിലെ ഒരു പ്രത്യേക പ്രദേശത്തിന്റെ ഒരു ഘട്ടം മുതൽ ഇന്നത്തെ ഭൂപരിഷ്കരണം നടപ്പാക്കുന്ന കാലംവരെയുള്ള ജീവിതത്തിന്റെ എല്ലാ ഭാവങ്ങളിലുമുള്ള പരിണാമപ്രക്രിയയാണ് ഈ പുസ്തകത്തിൽ എനിക്കു പറയാനുള്ളത്."[1] ഇരുനൂറ് വർഷം മുമ്പ് ഭൂമി അളന്ന് അതിരുതിരിച്ച് ഉടമാവകാശം നിർണ്ണയിക്കാൻ നിയമിക്കപ്പെട്ട ക്ലാസിപ്പേർ എന്ന ഉദ്യോഗസ്ഥൻ എത്തുന്നതുമുതൽ നക്സലൈറ്റ് പ്രസ്ഥാനംവരെ കേരളത്തിലുണ്ടായ സാമൂഹികചലനങ്ങൾ ക്രമാനുഗതമായി നോവലിൽ പ്രതിപാദിക്കുന്നുണ്ട്. കാലാനുസൃതമായ മാറ്റം കൈക്കൊള്ളുന്ന ഗ്രാമം തന്നെ നോവലിൽ നായകനാകുന്നു.

**കയർ – സാഹിത്യവും ചരിത്രവും**

പരിവർത്തനവിധേയമായിക്കൊണ്ടിരുന്ന ജനതയുടെ ജീവിതാനുഭവങ്ങളെ ആവിഷ്കരിക്കാൻ ശ്രമിച്ചപ്പോൾ സാഹിത്യത്തിന്റെ ലക്ഷണങ്ങളെ താൻ പരിഗണിച്ചിട്ടില്ലെന്ന് 'കയറി'ന്റെ മുഖവുരയിൽ തകഴി രേഖപ്പെടുത്തുന്നുണ്ട്. "നോവലിന്റെ നിയതമായ ലക്ഷണങ്ങൾ കയറിനില്ലായിരിക്കാം. മനുഷ്യന്റെ കഥ പറയുമ്പോൾ ലക്ഷണങ്ങൾ വേണമെന്ന് എനിക്ക് തോന്നിയിട്ടില്ല. ലക്ഷണയുക്തമാക്കാനുള്ള ശ്രമവും നടത്തിയിട്ടില്ല. ജീവിതം ലക്ഷണങ്ങളുടെ അളവുകോലിനകത്ത് ഒതുങ്ങുന്നതുമല്ല."[2] ഭൂവുടമവ്യവസ്ഥയിൽ വന്ന മാറ്റം സമൂഹത്തിൽ ഉളവാക്കിയ സാമ്പത്തിക സാമൂഹിക പ്രത്യാഘാതങ്ങളെയും സാംസ്കാരിക പരിവർത്തനങ്ങളേയും നോവൽ ആവിഷ്കരിക്കുന്നുണ്ട്.

കേരളീയ മനുഷ്യപ്രകൃതിയുടെ ഇരുനൂറുവർഷത്തെ ഒരു പരിച്ഛേദമാണ് 'കയർ'. വൈവിദ്ധ്യമാർന്ന വളരെയധികം ജീവിതങ്ങളെ ആയിരത്തോളം കഥാപാത്രങ്ങളിലൂടെ നോവലിൽ അവതരിപ്പിക്കുന്നു. തന്റെ അനുഭവമണ്ഡലങ്ങളിൽനിന്നും കണ്ടെടുക്കപ്പെട്ടവരാണ് മിക്ക കഥാപാത്രങ്ങളും. വക്കീൽ ജീവിതകാലത്തെ അനുഭവങ്ങൾ കയറിൻറെ രചനയ്ക്ക് പ്രചോദനമായതായി മുഖവുരയിൽ തകഴി വ്യക്തമാക്കിയിട്ടുണ്ട്. "ഒരു കുഴപ്പം പിടിച്ച കേസിൽ അമ്പലപ്പുഴ താലൂക്ക് കച്ചേരിയിലെ റിക്കാർഡുകൾ തിരയാനും ആവശ്യമായ കടലാസ് കണ്ടുപിടിക്കാനും പരമേശ്വരൻപിള്ള എന്നെ ചുമതലപ്പെടുത്തി. ഇന്നേക്ക് നൂറിൽ ചില്വാനം കൊല്ലങ്ങൾക്കു മുമ്പുനടന്ന ഒരു ഭൂപരിഷ്കരണത്തിൽപ്പെട്ട രേഖകളാണ് കണ്ടുപിടിക്കേണ്ടിയിരുന്നത്. രണ്ടു പ്രാവശ്യം കെട്ടിപ്പെറുക്കി സ്ഥലംമാറേണ്ടി വന്ന ഒന്നാണ് അമ്പലപ്പുഴ താലൂക്കു കച്ചേരി. പഴയ റിക്കാർഡുകളെല്ലാം കുഴഞ്ഞുമറിഞ്ഞുകിടക്കുകയായിരുന്നു. ഞാൻ അവിടെ വച്ചാണ് ക്ലാസിപ്പേരെ കണ്ടുമുട്ടിയത്. പഴയ തറവാടുകൾ പലതും എൻറെ കൺമുമ്പിൽ കണ്ടു. അവിടത്തെ പല കാരണവന്മാരും അനന്തിരവരും ആ ജീർണിച്ച രേഖകൾക്കിടയിൽ ജീവിക്കുന്നതു ഞാൻ കണ്ടു."[3]

**തിരുവിതാംകൂർ ഭൂപരിഷ്കരണം – ചരിത്രാഖ്യാനം**

ഭൂമിയോടുള്ള മനുഷ്യൻറെ അധികാരബന്ധം 'കയറി'ലെ ഇതിവൃത്തമായി പരിണമിക്കുന്നു. മണ്ണിനുമേലുള്ള അധികാരം അവന്റെ സാമൂഹികാധികാരം കൂടിയായിരുന്നു. ഭൂമി തരംതിരിച്ച് ഉടമസ്ഥാവകാശം നിശ്ചയിച്ചു നൽകാൻ രാജസേവകനായ ക്ലാസിപ്പേർ എത്തുന്നതോടെയാണ് നോവൽ ആരംഭിക്കുന്നത്. തിരുവിതാംകൂറിൽ ആദ്യമായി ആധുനികരീതിയിൽ നടപ്പാക്കിയ 'കണ്ടെഴുത്ത്' ആയിരുന്നു അത്. കണ്ടെഴുത്ത് പ്രകാരം അതുവരെയുണ്ടായിരുന്ന രാജഭോഗം അവസാനിക്കുകയും കരം പണമായി കൊടുക്കുകയും വേണം. ഭൂമിയിൽ വിളയുന്നതിൻറെ അംശമായിരുന്നു രാജഭോഗം. അതിനുമുൻപ് മാർത്താണ്ഡവർമ്മയുടെ കാലത്ത് തിരുവിതാംകൂറിൽ നടന്ന ഭൂമി സർവെയെക്കുറിച്ച് പി.ശങ്കുണ്ണിമേനോൻ രേഖപ്പെടുത്തിയിട്ടുണ്ട്. "കൊല്ലം 929 ൽ (1754) തിരുവിതാംകൂറിലെ ആദ്യത്തെ സർവെ പൂർത്തിയാക്കി. സർവെ നടത്തി നികുതി നിജപ്പെടുത്തുകയും പറമ്പുകളുടെയും നിലങ്ങളുടെയും ഉടമകൾക്ക് സ്ഥലങ്ങൾ രജിസ്റ്ററിൽ പതിച്ചു നൽകുകയും ചെയ്തു."[4] അന്ന് നികുതി പിരിവിനായി നിയോഗിക്കപ്പെട്ട

ഉദ്യോഗസ്ഥവൃന്ദത്തിന്റെ മേൽനോട്ടം വഹിച്ചത് രാമയ്യൻ ദളവയായിരുന്നു. മാർത്താണ്ഡവർമ്മയെത്തുടർന്ന് രാമവർമ്മ മഹാരാജാവ് ഭരിക്കുമ്പോഴാണ് തിരുവിതാംകൂറിലെ നികുതിപിരിവിനായി ഔദ്യോഗിക സംവിധാനം വ്യത്യസ്ത പദവികളിൽ ക്രമപ്പെടുത്തിയത്.

'കയറി'ൻറെ ആഖ്യാനകാലം 1970 ലെ ഭൂപരിഷ്കരണത്തിനു മുമ്പുള്ള ഇരുനൂറ് വർഷത്തോളമാണ്. എന്നാൽ ക്രിയാകാലം നൂറു വർഷമാണ്. തിരുവിതാംകൂറിൽ ഭൂമി ആധുനിക സ്വകാര്യസ്വത്തായി മാറുന്നത് 1886 ലെ വിളംബരപ്രകാരം നടത്തുന്ന കണ്ടെഴുത്തോടുകൂടിയാണ്. അതിനായി നിയോഗിക്കപ്പെടുന്ന രാജസേവകനാണ് ക്ലാസിപ്പേർ കൊച്ചുപിള്ള. അദ്ദേഹം ഭാര്യ കുഞ്ഞുലക്ഷ്മിയമ്മയുമൊത്ത് എരുമത്രമഠത്തിൽ താമസമായി. കരമൊഴിവാക്കാൻ ക്ലാസിപ്പേരെ ചെന്നു കാണുന്നവർ കൈക്കൂലിയായി പൊന്നും വെള്ളിയുമൊക്കെ കാഴ്ചവച്ചിരുന്നു. കാഴ്ചവയ്ക്കാത്തവർക്ക് കരിനിലവും മുട്ടിക്കാട്ടുമൊക്കെ വീതിച്ചുകൊടുത്തു. കണ്ടെഴുത്തു നടപടികളുടെ മേൽനോട്ട വിചാരണ നടത്താൻ സർവ്വാധികാര്യക്കാർ നാഗംപിള്ള തിരുവനന്തപുരത്തു നിന്നും എത്തിച്ചേരുന്നതോടെയാണ് കണ്ടെഴുത്തുമായി ബന്ധപ്പെട്ട തർക്കങ്ങളും മറ്റും ആരംഭിക്കുന്നത്. നാഗംപിള്ളയുടെ സഹായിയായി കൂടെക്കൂടിയതാണ് പരുത്തിക്കാട്ടിൽ ഔത്.

ക്ലാസിപ്പേരുടെ ഭാര്യ കുഞ്ഞുലക്ഷ്മി വിരൂപയാണ്. ക്ലാസിപ്പേർ സർവ്വാധികാര്യക്കാരനായിത്തീർന്നാൽ ധാരാളം പണവും ആഭരണങ്ങളും സമ്പാദിക്കാമെന്ന മോഹമാണ് കുഞ്ഞുലക്ഷ്മിയമ്മയ്ക്കുള്ളത്. ഗർഭിണിയായ കുഞ്ഞുലക്ഷ്മിയെ പരിചരിക്കാനെത്തുന്ന ശീലാന്തിപ്പിള്ളിൽ കല്യാണിയമ്മയിൽ ക്ലാസിപ്പേർക്ക് ജനിച്ച മകനാണ് കേശവൻ. കല്യാണിയമ്മയാൽ അപമാനിതനായ അമ്മാവൻ പരമു ആശാൻ കാശിക്കുപോയി. കേശവൻ വിദ്യാഭ്യാസം നേടി അദ്ധ്യാപകനായിത്തീരുന്നുവെങ്കിലും ഒടുവിൽ ലൗകികജീവിത വിരക്തി വന്ന് പരമു ആശാൻറെ പാത പിന്തുടർന്നു. കടുക്കാത്രുതേവിയെ പഠനകാലത്ത് പ്രണയിച്ചിരുന്നെങ്കിലും വിവാഹം കഴിക്കാൻ കേശവന് കഴിഞ്ഞില്ല. പിന്നീട് സംബന്ധക്കാരനാൽ ഉപേക്ഷിക്കപ്പെട്ട തേവി പട്ടിണിക്കോലമായ ഒരു കുഞ്ഞിനെ തോളിലിട്ട് കേശവൻറെ മുന്നിൽ പ്രത്യക്ഷപ്പെടുന്നു. കാശിക്കുപോകാൻ തയ്യാറായിനിന്ന കേശവൻ തേവിയോട് 'വിധിയാണത്' എന്നുമാത്രം പറഞ്ഞ് യാത്രതിരിക്കുന്നു.

നാട്ടിൽ പള്ളിക്കൂടം വന്നത് യാഥാസ്ഥിതികർക്ക് ഉൾക്കൊള്ളാനായില്ല. അയിത്തവും ജാതിചിന്തയും യാഥാസ്ഥിതിക മനോഭാവവും ചേർന്ന് പള്ളിക്കൂടത്തെ തകർത്തു. അദ്ധ്യാപകനായി ജോലി ചെയ്ത കേശവൻ അതുപേക്ഷിച്ച് പീരുക്കണ്ണിന്റെ കണക്കപ്പിള്ളയായി. ഗാന്ധിയനായ കുഞ്ഞൻനായരും അദ്ധ്യാപനം ഉപേക്ഷിച്ച് ഗാന്ധിയാശ്രമത്തിൽ പ്രഭാഷണവും ഭജനവുമായി കൂടി. ശിഥിലബന്ധങ്ങളും പവിത്രബന്ധങ്ങളും നോവലിൽ തകഴി അവതരിപ്പിക്കുന്നുണ്ട്. താൻ ആവിഷ്കരിച്ച ജീവിതങ്ങളെപ്പറ്റി നോവലിന്റെ മുഖവുരയിൽ തകഴി ഇങ്ങനെ എഴുതുന്നു: "പത്തിരുന്നൂറ്റമ്പതുകൊല്ലം ഈ പ്രദേശത്തു ജനിച്ചു ജീവിച്ചുമരിച്ച കുറെ മനുഷ്യരെ ഇതിൽ കാണാം. അവർ ആനന്ദിച്ചിരുന്നു; സങ്കടപ്പെട്ടിരുന്നു. അവരുടെ മോഹഭംഗങ്ങളും അവരുടെ നിരാശതയും വിജയങ്ങളും തോൽവികളും ദൗർബല്യങ്ങളും എല്ലാം അതാതു കാലത്തിന്റെ പശ്ചാത്തലത്തിൽ ആവിഷ്കരിക്കുവാൻ ഞാൻ ശ്രമിച്ചു.[5]

**ആളോഹരി ഭാഗം സ്വകാര്യ സ്വത്ത്, ദായക്രമം**

ആളോഹരിഭാഗവും മക്കത്തായത്തിന്റെ ഉദയവും പരസ്പരബന്ധിതമായാണ് സംഭവിക്കുന്നത്. ചേന്നാട്ടു കുഞ്ചു എന്ന കഥാപാത്രം ഈച്ചരപിള്ള വിചാരിപ്പുകാരുടെ മകൾ കുഞ്ഞിമാളുവിനെ വിവാഹം കഴിച്ച് മക്കളോടൊപ്പം താമസിക്കുന്നു. ചേന്നാട്ട് തറവാട്ടിലെ കാരണവരും മരുമക്കത്തായിയും ആയിരുന്ന കുഞ്ചുനായർ കാലക്രമത്തിൽ മക്കത്തായിയായിത്തീരുന്നു. രണ്ടു തലമുറകൾ തമ്മിൽ മുഖത്തോടുമുഖം നോക്കിനിൽക്കുന്ന സാഹചര്യം സമൂഹത്തിന്റെ പരിവർത്തനഘട്ടത്തെ അടയാളപ്പെടുത്തുന്നു. സമത്വത്തിനുവേണ്ടി വാദിച്ച സുരേന്ദ്രനും മണികണ്ഠനും സലീലും പാപ്പയും ഒക്കെ പുതിയ തലമുറയുടെ പ്രതിനിധികളായി നിലകൊള്ളുന്നു.

കമ്മ്യൂണിസ്റ്റ് ഭരണത്തിന്റെ ഉദയം, തൊഴിലാളിസംഘടനകളുടെ പ്രവർത്തനങ്ങൾ, തെരഞ്ഞെടുപ്പ്, വ്യാവസായികതയിലേക്കുള്ള സാമൂഹികമാറ്റം, ഭൂപരിഷ്കരണവുമായി ബന്ധപ്പെട്ട് സമൂഹത്തിൽ രൂപപ്പെട്ട പുതിയ തൊഴിൽസംസ്കാരം, വിദ്യാഭ്യാസ സമ്പ്രദായങ്ങളിൽ സംഭവിച്ച പരിണാമങ്ങൾ തുടങ്ങി സാംസ്കാരികവളർച്ചയ്ക്ക് വഴിതെളിച്ച വസ്തുതകൾ എല്ലാം തന്നെ 'കയറി'ന് വിഷയമാകുന്നുണ്ട്. കൂടാതെ രണ്ട് നൂറ്റാണ്ടുകാലം സമൂഹത്തെ സ്വാധീനിച്ചിരുന്ന നിരവധി ആചാരങ്ങൾ, അനുഷ്ഠാനങ്ങൾ, മിത്തുകൾ, വിശ്വാസങ്ങൾ, ഐതിഹ്യങ്ങൾ ഇവയെല്ലാം കഥാഖ്യാനരൂപത്തിൽ നോവലിൽ കാണുന്നു. പ്രാചീനകാല സ്മരണകളുടെ ആഖ്യാനംകൊണ്ട് പുരാണത്തിൻറെ ഛായയും 'കയറി'നുണ്ട്. ഈയൊരു മിശ്രണത്തെക്കുറിച്ച് ജി.ബാലചന്ദ്രൻ ഇങ്ങനെ അഭിപ്രായപ്പെടുന്നു: "കയറിന്റെ ഒന്നാംഭാഗത്തിൽ പഴമയുടെ സുഗന്ധം നിറഞ്ഞുനിൽക്കുന്നു. അതിൽ വർണ്ണിതമായ അന്തരീക്ഷംതന്നെ അപൂർവ്വമായ അനുഭവമാണ് പ്രദാനം ചെയ്യുന്നത്. എന്നാൽ പൂർവ്വഭാഗത്തെ അപേക്ഷിച്ച് കയറിന്റെ ഉത്തരഭാഗം ദുർബലമാണ്. കുറെ പിരിച്ചുകഴിയുമ്പോൾ കയറിനു ഭാരം കൂട്ടാൻ ഇത്തിരി മണ്ണുകൂട്ടിപ്പിരിക്കാറുണ്ട്. അതുപോലെ അനുഭവങ്ങളിൽ ഇത്തിരി സംഭവങ്ങൾ കൂട്ടിക്കൂട്ടിയാണ് രണ്ടാംഭാഗം രൂപപ്പെടുത്തിയത്."[6]

രണ്ട് നൂറ്റാണ്ടുകാലത്തെ മധ്യകാലകേരളത്തിന്റെ സാമൂഹ്യപരിണാമങ്ങളെ 'കയർ' ചിത്രീകരിക്കുന്നുണ്ട്. പഴയകാല രേഖകളുടെയും ജീവിതാനുഭവങ്ങളുടെയും പിൻബലത്തിൽ തകഴി നടത്തിയ കുട്ടനാടിന്റെ സാമൂഹിക ചിത്രണമാണിത്. ഭൂമിയും മനുഷ്യനും തമ്മിലുള്ള ബന്ധവും കാലാനുക്രമത്തിൽ അതിനുവന്നുചേർന്ന പരിണാമങ്ങളും നോവലിൻറെ മുഖ്യപ്രമേയമാണ്. കാർഷിക സംസ്കാരത്തിലെയും വ്യാവസായിക സംസ്കാരത്തിലെയും ഉല്പാദനബന്ധങ്ങളിൽ സംഭവിച്ച പരിവർത്തനങ്ങൾ നോവലിൽ അവതരിപ്പിക്കുന്നുണ്ട്. സാമൂഹിക സാംസ്കാരിക സാമ്പത്തിക രാഷ്ട്രീയ പരിവർത്തനങ്ങൾ മാനുഷികബന്ധങ്ങളിലും കുടുംബഘടനയിലും സാമൂഹിക പദവിയിലും വരുത്തിയ മാറ്റങ്ങളെ 'കയർ' വിശകലനം ചെയ്യുന്നുണ്ട്. ജാതി, സമ്പത്ത്, വിദ്യാഭ്യാസം എന്നിവ സാമൂഹികഘടനയിൽ ചെലുത്തിയ സ്വാധീനം നിരവധി കഥാപാത്രങ്ങളിലൂടെ ആഖ്യാനം ചെയ്യപ്പെടുന്നു. കരനാഥന്മാരായ പ്രമാണിമാരുടെ ജീവിതാവസ്ഥകളിലൂടെയും ജാതിപരമായ വിവേചനങ്ങൾ നേരിടുന്ന കഥാപാത്രങ്ങളിലൂടെയും ഇത് കൃത്യമായി പ്രതിഫലിപ്പിക്കുന്നു. സാമൂഹികഘടനയിൽ ഒരു വിഭാഗത്തിന് മേധാവിത്വവും അധികാരവും ഉണ്ടായിരുന്നത് ജാതിപരമായി സവർണത്വം കല്പിക്കപ്പെട്ടവർക്ക് മാത്രമായിരുന്നില്ല, മറിച്ച് സാമ്പത്തികമായി ആധിപത്യം നേടിയവർക്ക് കൂടിയായിരുന്നു. ജാതിപരമായ സവർണത എല്ലായ്പ്പോഴും സാമ്പത്തികാധികാരത്തോടൊപ്പം പരസ്പര പൂരകമായിത്തന്നെയാണ് സാമൂഹികഘടനയിൽ പ്രവർത്തിച്ചിരുന്നതെന്ന് കയറിലെ കഥാപാത്രങ്ങൾ സാക്ഷ്യപ്പെടുത്തുന്നു. ദൈർഘ്യമേറിയ ആഖ്യാനകാലമുള്ള കയറിന്റെ വിഷയ വൈപുല്യത്തെ എം.ആർ. ചന്ദ്രശേഖരൻ ഇങ്ങനെ നിരീക്ഷിക്കുന്നു. "ക്ലാസ്സിപ്പേരും കണ്ടെഴുത്തും" കൊണ്ടു തുടങ്ങി ആളോഹരി, തറവാടുകളുടെ തകർച്ച, മരുമക്കത്തായം, ഇംഗ്ലീഷ് വിദ്യാഭ്യാസം, താണജാതിക്കാരുടെ സ്കൂൾ പ്രവേശനം, ചോവക്കുട്ടിയുടെ പേര്, മേൽജാതി അദ്ധ്യാപകരുടെ കടുംപിടിത്തങ്ങൾ, മതംമാറ്റം, കാടുകയറ്റവും തോട്ടവും, കോൺഗ്രസ്സ്-കമ്മ്യൂണിസ്റ്റ് രാഷ്ട്രീയങ്ങൾ, പുലക്കുടിലുകളിലെ വർഗ്ഗബോധം, ഡീക്ലാസ് ചെയ്യൽ തുടങ്ങി ഈ നോഹയുടെ പെട്ടകത്തിലില്ലാത്തതൊന്നുമില്ല."[7]

മുഖ്യമായും നായർത്തറവാടുകളുടെ കഥയാണ് തകഴി അവതരിപ്പിച്ചത്. തറവാടിത്തത്തിന്റെ അളവുകോൽ ഭൂസ്വത്തായിരുന്നു. കാരണവരുടെ തീരുമാനങ്ങൾ തറവാട്ടംഗങ്ങൾ അംഗീകരിക്കുകയും അനുസരിക്കുകയും ചെയ്തിരുന്നു. കുടുംബത്തിലെ എല്ലാ അംഗങ്ങളുടെയും ഉപജീവനം തറവാട്ടുസ്വത്തുകൊണ്ടായിരുന്നു. കുടുംബവിഹിതം ആവശ്യപ്പെടാൻ അംഗങ്ങൾക്ക് അവകാശമില്ല. സ്വത്ത് കൈമാറാനോ ഭാഗംവയ്ക്കാനോ കാരണവർക്കുപോലും അധികാരമില്ല. തറവാട്ടിലെ മൂതിർന്ന സ്ത്രീയായിരിക്കും സ്വത്തിന്റെ അവകാശി. സ്വത്തവകാശി സ്ത്രീയാണെങ്കിലും സ്വത്തിന്റെ കൈകാര്യകർത്തൃത്വം കാരണവന്മാരിലായിരുന്നു. തുടർന്ന് അനന്തരവന്മാരിലേക്ക് അത് കൈമാറ്റം ചെയ്യുന്നു. സ്വത്തവകാശവും വംശവും സ്ത്രീവഴി മാത്രം കൈമാറ്റം ചെയ്യപ്പെടുന്നു. മരുമക്കത്തായത്തിൻറെ ഇത്തരം സവിശേഷതകളെല്ലാം പുലർത്തിപ്പോന്ന നായർത്തറവാടുകളായിരുന്ന കോടാന്ത്രയും ചീരട്ടയും കോന്നോത്തും മംഗലശ്ശേരിയും

മരുമക്കത്തായ കൂട്ടുകുടുംബത്തിൽ ഭരണകാര്യത്തിൽ സ്വാതന്ത്ര്യമുണ്ടായിരുന്ന സ്ത്രീ കാരണവരുടെ ഭാര്യയായ 'വല്യമ്മായി' ആയിരുന്നു. കുടുംബാംഗങ്ങളെ വല്യമ്മാവനുമായി ബന്ധിപ്പിക്കുന്ന കണ്ണിയാണ് വല്യമ്മായി. കുടുംബത്തിലെ പെൺകുട്ടികളുടെ കെട്ടുകല്യാണം, സംബന്ധം തുടങ്ങിയ കാര്യങ്ങളൊക്കെ കാരണവരുമായി ചർച്ചചെയ്യുന്നത് വല്യമ്മായി മുഖേന മാത്രമാണ്. എന്നാൽ കാരണവരുടെ മരണത്തോടെ ഭാര്യ സ്വന്തം തറവാട്ടിലേക്ക് മടങ്ങിപ്പൊയ്ക്കൊള്ളണമായിരുന്നു. അവർക്ക് ഒരാണ്ടത്തേയ്ക്കുള്ള ചെലവ് കൊടുത്തയയ്ക്കുന്നു. ഭരണകാര്യങ്ങളിൽ കാരണവന്മാർക്കു വന്നുചേർന്ന അനാസ്ഥയും അമ്മായിമാരുടെ അധികാര ദുർവിനിയോഗവും ഒക്കെച്ചേർന്ന് തറവാടിന്റെ കെട്ടുറപ്പിന് അയവുണ്ടായി. കാരണവരുടെ ആജ്ഞയനുസരിച്ച് പ്രവർത്തിക്കുന്ന ഇളമുറക്കാരായ അനന്തരവന്മാർക്ക് കാരണവരോടും മരുമക്കത്തായ വ്യവസ്ഥിതിയോടും അതൃപ്തിയുണ്ടായി. ആളോഹരിയ്ക്കുവേണ്ടിയുള്ള പ്രക്ഷോഭത്തിന് ഇളമുറക്കാരെ പ്രേരിപ്പിക്കുന്നതായിരുന്നു മന്നത്ത് പത്മനാഭന്റെയും ചങ്ങനാശ്ശേരി പരമേശ്വരൻ പിള്ളയുടെയും പ്രഭാഷണങ്ങൾ. മന്നത്തിന്റെ പ്രസംഗത്തിലെ ഒരു ഭാഗം ആത്മകഥയിൽ തകഴി രേഖപ്പെടുത്തുന്നു. "ഭർത്താവന്വേഷിക്കുന്ന വീട്ടിലേ ഐശ്വര്യമുള്ളൂ. നമ്മുടെ പെണ്ണുങ്ങളെ സ്വഭാവഗുണമുള്ളവരാക്കി നെറികു നിർത്തേണ്ടതുണ്ട്. അതിനു ഭർത്താക്കന്മാരെക്കൊണ്ട് ചെലവിനു കൊടുപ്പിക്കണം."[8] തറവാട്ടുബന്ധങ്ങൾ ശിഥിലമാകുകയും കാരണവരെ ഇളമുറക്കാർ ചോദ്യം ചെയ്തുതുടങ്ങുകയും ചെയ്തു. തറവാട്ടുശാഖകൾ തമ്മിൽ തർക്കങ്ങളും പിണക്കങ്ങളും സാധാരണമായി.

തറവാട്ടിനോട് മമതയില്ലാത്ത കാരണവന്മാർ ഭാര്യയുടെ പേരിൽ സ്വത്ത് സമ്പാദിച്ചുകൊടുത്തു. കൃഷിച്ചെലവിനു വകയില്ലാതെ കടംവാങ്ങിയും വസ്തു ഒറ്റിയായും തീറായും കൊടുത്തും തറവാടുകൾ ദരിദ്രമായിത്തുടങ്ങി. തകർന്നുതുടങ്ങിയതും തകർച്ച പൂർണ്ണമായതുമായ മരുമക്കത്തായത്തറവാടുകൾ 'കയറി'ൽ കാണാം. കോടാന്ത്ര അയ്യപ്പക്കുറുപ്പ് ഭാര്യയായ അകവൂർനാണിയുടെ പേരിൽ പതിനഞ്ചുപറക്കണ്ടം തീറെഴുതിവാങ്ങിയതും പല തറവാടുകളും മങ്കൊമ്പ് സ്വാമിക്ക് കടക്കാരായിത്തീർന്നതും നോവലിൽ വിവരിക്കുന്നു. നായന്മാരെ ചൂഷണംചെയ്ത് മങ്കൊമ്പ് സ്വാമി ധനികനായി. സ്വാമിയുടെ പറ്റുകാരിൽ പ്രമുഖരായ ക്രിസ്ത്യാനികൾ സാമ്പത്തികമായി വളർന്നു. കോന്നോത്ത്, ചീരട്ടത്തറവാടുകൾ തകർന്നു. തറവാട്ടംഗങ്ങൾ തമ്മിലുള്ള സ്പർദ്ധയും ഇതിനു കാരണമായിരുന്നു. കോടാന്ത്രശാഖ അന്യംനിൽക്കണമെന്ന് ആഗ്രഹിക്കുന്ന അകവൂർ നാണിയെ തകഴി അവതരിപ്പിക്കുന്നുണ്ട്. തറവാട് നിലനിർത്തണമെന്ന് ആഗ്രഹിച്ചിരുന്ന കാരണവന്മാർക്കും ഒരിക്കലും അതിനു കഴിയാതെ വന്നു. കടംവാങ്ങുന്നതിനോട് വിയോജിപ്പുള്ള ചേന്നാട്ട് കുഞ്ചുനായർ അത്യദ്ധ്വാനംചെയ്ത് തറവാടു പുലർത്തി. കുടുംബസംവിധാനത്തിലും ദായക്രമത്തിലും പൂർണമായ മാറ്റം വരുന്നത് ആളോഹരിഭാഗം വ്യവസ്ഥ ചെയ്യുന്നതോടുകൂടിയാണ്. സമുദായം പുലർത്തിയിരുന്ന ആചാരങ്ങളുടെ ലംഘനം സ്വന്തം ജീവിതത്തിലൂടെ ആദ്യം നടത്തിയത് ഈച്ചരപിള്ള വിചാരിപ്പുകാരാണ്. തന്റെ സംബന്ധം താൻ നിശ്ചയിച്ചതായി അമ്മാവനായ മാതുപിള്ളയെ അറിയിക്കുന്ന ഈച്ചരപിള്ള പരമുആശാൻറെ മകൾ ഉണ്ണാച്ചിയെ വിവാഹം ചെയ്തു. തികഞ്ഞ യാഥാസ്ഥിതികനല്ലാതിരുന്ന മാതുപിള്ള ഇതംഗീകരിക്കുകയും ചെയ്തു. ഇവരുടെ ദാമ്പത്യത്തെ നോവലിൽ ഇങ്ങനെ വിവരിക്കുന്നു. "ഉണ്ണാച്ചിയും ഏമാനുമായുള്ള ദാമ്പത്യബന്ധം നാട്ടിൽ മാതൃകയായിരുന്നു. അച്ചിയും നായരും എങ്ങനെ ജീവിക്കണം? ഒരു മാതൃകയേ ചൂണ്ടിക്കാണിക്കാനുള്ളൂ. ഈച്ചരപിള്ള ഏമാനും ഉണ്ണാച്ചിയമ്മയും."[9] ഈ മാതൃകാദമ്പതികളുടെ മകളായ കുഞ്ഞിമാളുവിനെയാണ് ധീരനായ ചേന്നാട്ട് കുഞ്ചുനായർ ഭാര്യയായി ചോദിക്കുന്നത്. നിലവിലുള്ള വ്യവസ്ഥകളെ ധിക്കരിച്ചുകൊണ്ട് പുതിയ കുടുംബവ്യവസ്ഥ രൂപപ്പെടുത്തുകയായിരുന്നു കുഞ്ചുനായർ. മരുമക്കത്തായവ്യവസ്ഥയുടെ അടിത്തറയിളക്കിയ സാമൂഹ്യ ചലനങ്ങളായിരുന്നു ഇവ. തന്റെ മകളെ ജീവിതകാലം മുഴുവൻ സംരക്ഷിക്കാമെന്നുള്ള ഉറപ്പുമാത്രമാണ് ഈച്ചരപിള്ള വിചാരിപ്പുകാർക്കാവശ്യമായിരുന്നത്. പുതിയൊരു കുടുംബക്രമവും ദാമ്പത്യവും നായർസമുദായത്തിൽ ഉടലെടുക്കുകയായിരുന്നു.

### സാമ്പത്തികാധികാരവും ദായക്രമ പരിണാമവും

ഭാര്യയും ഭർത്താവും മക്കളും ചേർന്ന കുടുംബം 'കയറി'ൽ ആവിഷ്കൃതമാകുന്നത് കുഞ്ചുനായരുടേയും കുഞ്ഞിമാളുവിൻറെയും ദാമ്പത്യം ആരംഭിക്കുന്നിടത്താണ്. കോയിപ്രത്ത് വീടുപണിത് താമസമാക്കിയ കുടുംബം പുതിയ മാതൃകയായിരുന്നു. വിപ്ലവകരമായി പുതിയ

കുടുംബവ്യവസ്ഥ സൃഷ്ടിക്കുന്നുവെങ്കിലും കുഞ്ഞുനായർ ആളോഹരിഭാഗത്തിന് എതിരാണ്. തറവാട്ടു നശിക്കുന്നതിനോട് കുഞ്ഞുനായർ പൂർണമായും വിയോജിക്കുന്നു. ചേന്നാട്ടു തറവാട്ടിൽ താൻ സമ്പാദിച്ച സ്വത്തുക്കളിൽ നിന്ന് പതിനഞ്ചിൽ ഒന്ന് ഓഹരി മാത്രം വാങ്ങി ഇറങ്ങിപ്പോരുന്നത് ദുഃഖത്തോടെയാണ്. മരുമക്കത്തായം തകർന്ന അവസ്ഥയിൽ ബാലനായിരുന്ന തകഴി തൻറെ കുടുംബത്തിനുണ്ടായ അവസ്ഥയിൽനിന്നുള്ള പുനരാഖ്യാനം എന്ന പോലെയാണ് കുഞ്ഞുനായരുടെ ജീവിതം ആവിഷ്കരിക്കുന്നത്. തകഴിയുടെ അച്ഛൻ ഒരു കറയറ്റ മരുമക്കത്തായി ആയിരുന്നു. തിരുവിതാംകൂറിൽ നായർ ആക്ട് പ്രാബല്യത്തിൽ വന്നപ്പോൾ സ്വന്തം തറവാട്ടിൽനിന്നും വെറും കൈയോടെ സ്വന്തം കുടുംബത്തിലേക്ക് മടങ്ങിവന്ന പ്രതാപിയായ കാരണവർ. തന്റെ പിതാവിൻറെ അവസ്ഥയെ തകഴി ആത്മകഥയിൽ ഇങ്ങനെ രേഖപ്പെടുത്തുന്നു. "ഈ കാലഘട്ടത്തിൽ വലിയമരുമക്കത്തായി ആയിരുന്ന അച്ഛന് എൻറെ വീട്ടിലേക്ക് കഞ്ഞികുടി മാറ്റേണ്ടിവന്നു. അച്ഛന് നല്ല സമ്പാദ്യമുണ്ടായിരുന്നു. പക്ഷേ ആ നിലവും പുരയിടവുമെല്ലാം തറവാട്ടുവകയായി തീർന്നു. അച്ഛൻറെ അനുജന്മാരും സഹോദരിയും കൂടി ഒന്നായി അച്ഛൻ പുറത്തുമായി."[10]

മരുമക്കത്തായത്തിന്റെ തകർച്ചയോടെ മാനുഷികബന്ധങ്ങളിൽ വലിയ പരിവർത്തനം സംഭവിച്ചു. ആളോഹരി വന്നതോടെ സഹോദരങ്ങൾ ഭാഗംവച്ച് പിരിഞ്ഞു. ഒരുമിച്ച് താമസിക്കാമെന്നു പറയുന്ന സഹോദരി കൊച്ചുനങ്ങയോട് കുഞ്ഞുനായർ പറയുന്നതിങ്ങനെയാണ്. "നിനക്കു ഞാനും ഞാൻ നിനക്കും ഭാരമാകും. നമ്മൾ മാത്രമാകും. അതൊന്നും വേണ്ട. നമുക്ക് പിരിയാം."[10] പെൺമക്കളോടൊപ്പം പാർക്കാൻ സഹോദരിയോട് കുഞ്ഞുനായർ ആവശ്യപ്പെടുന്നതിന് "ആരുടെ കൂടെ ആയാലു ഞാന് - ആർക്കും വേണ്ടാത്ത അധികപ്പറ്റ്. ഒരു മൂലയില് -വല്യമ്മയായിട്ടിരിക്കാം"[11] എന്നാണ് കൊച്ചുനങ്ങയുടെ മറുപടി. ആളോഹരി സഹോദരബന്ധങ്ങളിൽ ഏല്പിച്ച ആഘാതങ്ങൾ തീവ്രമായിരുന്നു. എന്നാൽ പുതുതായി രൂപപ്പെട്ട മക്കത്തായ കുടുംബത്തിലെ മക്കളുടെ സന്തോഷവും സുരക്ഷിതത്വവും കൂടി നോവലിൽ അവതരിപ്പിക്കുന്നുണ്ട്.

ഭൂസ്വത്തിനെപ്പോലെ ഒരുകാലത്ത് ജാതിയും മനുഷ്യന്റെ സാമൂഹികപദവിയെ നിർണ്ണയിച്ചിരുന്ന സാഹചര്യങ്ങളാണ് നോവലിൽ കൂടുതൽ ഭാഗത്തും കാണുന്നത്. ജാതീയതയും അസമത്വവും അയിത്തവും വിലക്ഷണാചാരങ്ങളും കൊണ്ട് സങ്കീർണ്ണമായിരുന്ന സാമൂഹ്യഘടനയെ ആവിഷ്കരിച്ചുകൊണ്ടാണ് നോവൽ ആരംഭിക്കുന്നതുതന്നെ. കഥാരംഭത്തിലെ ഒരു വാക്യമാണ് 'എരുമത്രുമഠം ആർക്കോ താമസത്തിനു കൊടുക്കാൻ പോകുന്നു. വാർത്ത കേട്ടപാതി കോടാന്ത്രു മൂത്താശാൻ അങ്ങോട്ടോടി"[11] എന്നത്. കരനാഥന്മാരിൽ ഒരാളായ കോടാന്ത്രു മൂത്താശാൻ ഓടിയതിന് കാരണം അന്നത്തെ ജാതിപരമായ സങ്കീർണ്ണതകളും സാമൂഹ്യഘടനയുമാണ്. എരുമത്രുമഠത്തിൽ ബ്രാഹ്മണനല്ലാതൊരാൾ താമസിച്ച കീഴ്വഴക്കമില്ല. അവിടെ താമസിക്കാനെത്തുന്ന രാജാവിൻറെ ഉദ്യോഗസ്ഥൻ ഒരിക്കലും ശൂദ്രനിൽതാണ ഒരു ജാതിക്കാരനായിരിക്കില്ല എന്ന കരുതലിലാണ് കരനാഥന്മാർ ക്ലാസിപ്പേർക്കു വേണ്ടി എരുമത്രുമഠം വെടിപ്പാക്കിക്കുന്നത്. സർവ്വാധികാര്യക്കാരായി എത്തുന്ന നാഗംപിള്ളയ്ക്ക് ഭക്ഷണമൊരുക്കുവാൻ ദേഹണ്ഡക്കാരനായ ശങ്കരനണ്ണാവിയെ കൊണ്ടുവരുന്നത് നാഗംപിള്ള ആഢ്യത്വമുള്ള നായരായിരിക്കുമെന്ന് ഉറപ്പിക്കുന്ന കരനാഥന്മാരാണ്. ഹിന്ദുമതത്തിലെ വിവിധ ജാതിയിൽപ്പെട്ട ജനങ്ങൾ അനുഭവിച്ചിരുന്ന സാമൂഹികപദവി സൂക്ഷ്മമായി നോവലിൽ ചിത്രീകരിക്കുന്നു. ബ്രാഹ്മണപൂജയും ബ്രാഹ്മണസംബന്ധവും തറവാട്ടിന്റെ പുണ്യമായി കണ്ടിരുന്ന നായർസമുദായം അവരുടെ കുടുംബസംവിധാനം തന്നെ ബ്രാഹ്മണസമുദായത്തിന്റെ സൗകര്യങ്ങൾക്ക് വിധേയമായി രൂപപ്പെടുത്തി. നായർസമുദായം പുലർത്തിപ്പോന്ന മരുമക്കത്തായ ദായക്രമവും കുടുംബവ്യവസ്ഥയും അതിനുദാഹരണമാണ്. ബ്രാഹ്മണശാപം തറവാട്ടു മുടിക്കുമെന്ന വിശ്വാസമാണ് നായർസമുദായം വച്ചുപുലർത്തിയത്. അവരുടെനമ്പൂതിരി വിധേയത്വമാണ് സംബന്ധവിവാഹരീതിക്കും ശിഥിലമായ ദാമ്പത്യക്രമത്തിനും കുടുംബഘടനയിലെ ദൃഢതയില്ലായ്മയ്ക്കും കാരണമായി നിലകൊണ്ടത്. ഭരണകൂടവുമായി ബന്ധപ്പെട്ട ഏതു തൊഴിലിനും ജാതിപരിഗണന അന്നുണ്ടായിരുന്നു. മഹാരാജാവിന്റെ ഉദ്യോഗസ്ഥരെല്ലാം തന്നെ നമ്പൂതിരിമാരോ നായന്മാരോ പരദേശി ബ്രാഹ്മണരോ ആയിരുന്നു. സൈനികബലം നൽകിയിരുന്നത്

നായർപടയാളികളായിരുന്നു. വിദ്യാഭ്യാസം ലഭിച്ചിരുന്ന സവർണ്ണർക്കു മാത്രമാണ് സാമൂഹികമായ ഉന്നതപദവികളുമുണ്ടായിരുന്നത്.

കുലമഹിമയോ, ധനമോ, തൊഴിലോ, ആൾബലമോ പരിഗണിക്കാതെ മനുഷ്യനെ ആദരിക്കുന്ന നിലയിലേക്ക് സമൂഹം കാലക്രമത്തിൽ പരിവർത്തനപ്പെടുന്നുണ്ടായിരുന്നു. പുതിയ സ്ഥാനികളായി കടന്നുവന്ന ഉപ്പംപറമ്പിൽ കുഞ്ഞൻപിള്ളയും മുക്കോലി പരമൻകർത്താവും ചൂതാരത്ത് ഇട്ടുണ്ണാനുമൊക്കെ ഈ കാലത്തിന്റെ പ്രതിനിധികളാണ്. ഉഴവുകാരനായ കുഞ്ഞൻപിള്ളയെ ദേവസ്വം മുതൽപ്പിടിക്കാരനാക്കിയത് വലിയൊരു മാറ്റമായിരുന്നു. രണ്ടു സ്ത്രീകൾക്ക് ജീവിതത്തിൽ പുടവ കൊടുക്കേണ്ടിവന്ന ഇട്ടുണ്ണാന് ദാമ്പത്യജീവിതത്തിന് യോഗമില്ലായിരുന്നു. രണ്ടു സ്ത്രീകളാലും തിരസ്കൃതനായിത്തീർന്ന ഇട്ടുണ്ണാന് മരുമക്കത്തായ വ്യവസ്ഥിതിയിലെ വിവാഹരീതിയോട് വിയോജിപ്പായിരുന്നു. ഇട്ടുണ്ണാന്റെ വാക്കുകളിൽ ദൃഢതയുള്ള ഒരു ദാമ്പത്യക്രമത്തോടുള്ള അഭിവാഞ്ഛ സ്ഫുരിക്കുന്നുണ്ട്. "പുടവ വാങ്ങിയാൽ നെറിവായിരിക്കണം. ഇഷ്ടമില്ലെങ്കിൽ അതങ്ങു പറയണം. രഹസ്യക്കാരൻ പാടില്ല."[12] നമ്പൂതിരിസംബന്ധമായിരുന്നു അഭികാമ്യമെങ്കിലും ചില നായർ മരുമക്കത്തായത്തറവാടുകൾ നായർസംബന്ധവും പുലർത്തിയിരുന്നു. അത്തരം സാഹചര്യങ്ങളിൽ അനുലോമവിവാഹം ആയിരുന്നു ആചാരം. ഉപജാതികളിൽത്തന്നെയുള്ള ഉച്ചനീചത്വ കല്പനയാണിതിനാധാരം. ഉപജാതികളിൽത്തന്നെ ഔന്നത്യം കല്പിക്കപ്പെട്ട ജാതിയായിരിക്കണം പുരുഷന്. കാലാന്തരത്തിൽ തിരുവിതാംകൂറിൽ നിലവിൽ വന്ന മരുമക്കത്തായ നിയമങ്ങളും വിവാഹനിയമങ്ങളും സമുദായത്തിന്റെ വിദ്യാഭ്യാസ പുരോഗതിയും ഇത്തരം ഉപജാതിപരമായ വിവേചനങ്ങൾക്ക് സമുദായം കല്പിച്ചിരുന്ന പ്രസക്തി നഷ്ടപ്പെടുത്തി. സാമൂഹ്യഘടനയെ നിർണ്ണയിക്കുന്നതിൽ ഭൂസ്വത്ത്, ജാതി എന്നിവയ്ക്കൊപ്പം വിദ്യാഭ്യാസവും തൊഴിലും സുപ്രധാന പങ്കുവഹിച്ചിരുന്നു. തൊഴിലുമായി ബന്ധപ്പെട്ട് നായർസമുദായം ആർജ്ജിച്ചിരുന്ന സാമൂഹികപദവി നോവലിൽ സൂക്ഷ്മമായി ആവിഷ്കരിക്കപ്പെടുന്നു.

**കയറി'ലെ സാമൂഹ്യഘടന -പരിണാമങ്ങൾ**

മരുമക്കത്തായ വ്യവസ്ഥിതിയിലുള്ള കൂട്ടുകുടുംബമാണ് നോവലിന്റെ ആദ്യഭാഗത്ത് പ്രത്യക്ഷപ്പെടുന്നത്. പതിനെട്ടാംനൂറ്റാണ്ടിലെ നായർസമുദായത്തിന്റെ തൊഴിൽപരമായ സാമൂഹികനില റോബിൻജെഫ്രി ഇങ്ങനെ വിശദീകരിക്കുന്നു: "തിരുവിതാംകൂറിൻറെ മിക്ക ഭാഗങ്ങളിലും നായന്മാരായിരുന്നു ഭൂവുടമകൾ. കൂടാതെ, നായന്മാർ അടിമകളുടെ ഉടമകളും ബ്രിട്ടീഷുകാരുടെ ആഗമനത്തിനുമുൻപ് നാട്ടിൽ നിയമസമാധാനം നിലനിർത്തുന്നതിന് ഉത്തരവാദപ്പെട്ടവരും കൂടിയായിരുന്നു. ഭരണകൂടത്തിൽ അറുപതു ശതമാനത്തിലധികം ഉദ്യോഗങ്ങൾ അവർ വഹിച്ചിരുന്നു."[12]തിരുവിതാംകൂറിന്റെ മിക്ക പ്രദേശങ്ങളിലും ഭൂവുടമകളായിരുന്ന നായന്മാർക്ക് ജന്മിമാരുടെ നിലയാണുണ്ടായിരുന്നത്. ജന്മിമാരുടെ പാട്ടക്കൃഷിക്കാരായ നായന്മാരും ഉണ്ടായിരുന്നു.

ഫ്യൂഡൽവ്യവസ്ഥിതിയിൽ നായർസമുദായം സ്വീകരിച്ചിരുന്ന പ്രധാനതൊഴിലുകൾ കൃഷിയും സൈനികസേവനവുമായിരുന്നു. ജന്മിയും പാട്ടക്കൃഷിക്കാരനും രാജസേവകൻമാരും ഉൾപ്പെട്ട നായർസമുദായം ഫ്യൂഡൽ വ്യവസ്ഥിതിയുടെ തകർച്ചയോടെയാണ് മറ്റു തൊഴിൽ മേഖലകളിലേക്കു മാറുന്നത്. ആളോഹരിഭാഗവും തറവാടുകളുടെ തകർച്ചയും തൊഴിൽപരമായ അനിശ്ചിതത്വത്തിലേക്ക് സമുദായത്തെ കൊണ്ടെത്തിക്കുന്നുണ്ട്. ഭൂപരിഷ്കരണത്തോടെ ഭൂസ്വത്തിന്മേൽ അധികാരം നഷ്ടപ്പെട്ട ജന്മിമാരും അനന്തര തലമുറകളും പിന്നീട് വാണിജ്യപരമായ തൊഴിലുകളും വിദ്യാസമ്പന്നരായ ചിലർ സർക്കാർ ഉദ്യോഗങ്ങളും സ്വീകരിക്കുന്നു. കാർഷികവിളകൾ വാണിജ്യാവശ്യങ്ങൾക്കായി ഉല്പാദിപ്പിച്ചുതുടങ്ങി. നായർ സമുദായത്തിലെ പഴയ ജന്മിമാരെല്ലാം അദ്ധ്വാനശീലരായ മറ്റു സമുദായങ്ങളുടെ സാമ്പത്തിക ഉന്നതിയും അതോടൊപ്പം കൈവന്ന സാമൂഹികപദവിയും നിസ്സംഗതയോടെ നോക്കിനിൽക്കുന്ന കാഴ്ച നോവലിലുണ്ട്. വട്ടത്ര പീലിയും മത്തായിയും കച്ചവടത്തിലൂടെയും തോട്ടം കൃഷിയിലൂടെയും ധനികരായി. വലിയ നായർത്തറവാടുകളുടെ പാടങ്ങൾ മുഴുവൻ ഇവർ പാട്ടത്തിനേറ്റു. കൃഷിക്കാർക്ക് കൂലി നെല്ലുമാറി പണമായി. ഫ്യൂഡൽവ്യവസ്ഥിതിയിലെ കാർഷികസംസ്കാരത്തിൽ

നിന്ന് മുതലാളിത്തത്തിന്റെ വാണിജ്യസംസ്കാരത്തിലേക്കും ഉപഭോഗസംസ്കാരത്തിലേക്കും സമൂഹം ദ്രുതഗതിയിൽ പരിണമിച്ചു. ഈ കാലഗതിയിൽപ്പെട്ട് തറവാടുകൾ പലതും ക്ഷയിച്ചു. നായർ സമുദായാംഗങ്ങൾ പലരും പുതിയ തൊഴിൽമേഖലകൾ തേടി. കാർഷികാടിത്തറയിലൂന്നിയതും മണ്ണിനോടുള്ള ഉറച്ച ബന്ധമുള്ളതുമായിരുന്ന 'കയറി'ലെ ആദ്യകാല തൊഴിൽസമൂഹം. ഫ്യൂഡലിസത്തിൽനിന്ന് മുതലാളിത്തത്തിലേക്കുള്ള പരിവർത്തനത്തിൽ പുതിയ തൊഴിൽ സംസ്കാരത്തിലേക്ക് നായർസമുദായം മാറുന്നത് 'കയർ' ചിത്രീകരിക്കുന്നു. കൃഷിയും സൈനികവൃത്തിയും അനുവർത്തിച്ചിരുന്ന സമുദായത്തിൻറെ തൊഴിൽ പരിവർത്തനം ഏറെയും ഇതുമായി ബന്ധപ്പെട്ടുതന്നെ നടക്കുന്നതായാണ് നോവലിലും വ്യക്തമാക്കുന്നത്. കാർഷികപാരമ്പര്യം പുതിയ ഉൽപാദനമേഖലകളിലേക്കും ഉപഭോഗസംസ്കൃതിയിലേക്കും പരിവർത്തനപ്പെടുന്നു. അതുപോലെ തൊഴിൽക്ഷാമം രൂക്ഷമായനുഭവിച്ച അനന്തര തലമുറ പട്ടാളത്തിലേക്ക് പോകാൻ താല്പര്യപ്പെടുന്നുണ്ട്. പട്ടാളത്തിൽപ്പോയി തിരികെവരാത്ത ഗൗരിയമ്മയുടെ മക്കളെയും മലയായിൽ സായ്പ്പിന്റെ തോട്ടം നോക്കുകാരനായ ഗോപാലകൃഷ്ണനെയും തകഴി അവതരിപ്പിക്കുന്നു. ഒപ്പം കമ്മ്യൂണിസ്റ്റായ സുരേന്ദ്രനും തൊഴിലന്വേഷിച്ച് നടക്കുന്ന വിദ്യാസമ്പന്നനായ മണികണ്ഠനും നക്സൽ അനുഭാവിയായിത്തീർന്ന സുരേന്ദ്രൻറെ മകൻ സലീലും ഉൾക്കൊള്ളുന്ന സമൂഹചിത്രം പുതിയ തൊഴിൽമണ്ഡലങ്ങളുടെ അപ്രാപ്യതയെയും അനിശ്ചിതത്വത്തെയും തീവ്രമായി ആവിഷ്കരിക്കുന്നുണ്ട്.

മരുമക്കത്തായ ദായക്രമ വ്യവസ്ഥിതി തകർന്നുതുടങ്ങുകയും ആളോഹരി ഭാഗം നിലവിൽ വരുകയും ചെയ്തപ്പോൾ നായർസമുദായത്തിലെ സ്ത്രീകളുടെ ജീവിതാവസ്ഥകളിലും സാമൂഹിക സാമ്പത്തിക സ്ഥിതികളിലും പരിവർത്തനങ്ങൾ വന്നു. മാനുഷികബന്ധങ്ങളിൽ മാറ്റങ്ങൾ വന്നു. ആളോഹരിക്ക് ഉടമയായ വ്യക്തികൾ കൂട്ടുകുടുംബവ്യവസ്ഥിതിയുടെ ബന്ധനങ്ങളിൽ നിന്നും വിമുക്തരായി. ഭാര്യയെന്ന നിലയിൽ മിക്ക സ്ത്രീകളും സംരക്ഷിക്കപ്പെട്ടു. ആളോഹരി ഭാഗം വന്ന കാലത്തെ സാമൂഹികമാറ്റങ്ങളിൽ ചിലത് തകഴി ആത്മകഥയിൽ രേഖപ്പെടുത്തിയിരിക്കുന്നു: "നായന്മാർ ആളോഹരി വാങ്ങി അപ്പോൾത്തന്നെ ഓഹരി കച്ചവടം ചെയ്ത് ഷർട്ടിടാനും ഭാര്യയ്ക്ക് റൗക്ക വാങ്ങിക്കാനും ആ പണം വിനിയോഗിച്ചു. ആ തകർച്ചയുടെ നടുക്ക് നിന്നു നോക്കിയപ്പോൾ പല പല എട്ടുകെട്ടുകളും പതിനാറുകെട്ടുകളും പൊളിച്ചുവിൽക്കുന്ന കാഴ്ച കാണാമായിരുന്നു."[13]

**സ്ത്രീ സ്വത്വാഖ്യാനം കയറിൽ**

തറവാട്ടുസ്വത്തോ സംരക്ഷകരോ ഇല്ലാതെ ദാരിദ്ര്യത്തിൻറെ പടുകുഴിയിലേക്കു വീണുപോയ സ്ത്രീകളെ 'കയറി'ൽ കാണാം. ചീരട്ടത്തറവാട് ഒഴിപ്പിക്കാനെത്തുന്ന പീരുക്കണ്ണിന്റെ മുന്നിലേക്ക് അസ്ഥികൂടങ്ങളെപ്പോലെ ഇറങ്ങിവന്ന പട്ടിണിക്കോലങ്ങളായ സ്ത്രീകളുടെയും കുഞ്ഞുങ്ങളുടെയും ദയനീയ ചിത്രം ആവിഷ്കരിക്കുന്നുണ്ട്. ഗുഹാജീവികളെപ്പോലെ തോന്നിച്ച ഇവരെ കണ്ട് നടുങ്ങിപ്പോയ പീരുക്കണ്ണ് 'ഞമ്മക്ക് ഈ വീട് നടത്തിത്തരണ്ട' എന്ന് സ്വയം പറഞ്ഞ് തിരികെപ്പോയി. വെറുമൊരു തുണിവാങ്ങുന്ന ലാഘവത്തോടെ പുടവവാങ്ങി സംബന്ധക്കാരനൊപ്പം ശയിച്ചിരുന്ന മരുമക്കത്തായ നായർസ്ത്രീ കെട്ടുറപ്പുള്ള ഏകഭാര്യ-ഏക ഭർതൃ ദാമ്പത്യത്തിലേക്കും മക്കത്തായത്തിലേക്കും ചുവടുമാറുന്ന വിപ്ലവകരമായ മാറ്റം 'കയറി'ൽ ഉണ്ട്. വംശം നിലനിർത്താൻവേണ്ടി മാത്രം പ്രസവിക്കാൻ ആഗ്രഹിക്കുകയും പെൺകുഞ്ഞുങ്ങളാണ് കുടുംബം നിലനിർത്തുന്നതെന്ന് വിശ്വസിക്കുകയും ചെയ്ത തറവാട്ടു സ്ത്രീകൾക്ക് പകരം ഭർതൃമതികളും ഭർതൃവിധേയരുമായ കുടുംബിനികളായ സ്ത്രീകൾ സ്ഥാനമുറപ്പിച്ചു. സ്ത്രീകളിൽത്തന്നെ പുതിയ സ്ത്രീസങ്കല്പവും സമത്വബോധവും രൂപപ്പെട്ടു. അദ്ധ്വാനിക്കുന്ന ജീവിതരീതിയോട് താല്പര്യവും കഴിവിനെ ആദരിക്കുന്ന മനോഭാവവും അവരിൽ വളർന്നുതുടങ്ങി. പുരുഷന്മാരോടിടപഴകാനും സമത്വബോധത്തോടെ പെരുമാറാനും പഠിച്ചു.

തിരുവിതാംകൂറിൽ ആദ്യമായി ആധുനികരീതിയിൽ നടത്തിയ ഭൂമി കണ്ടെഴുത്തുമുതൽ 1970-ലെ ഭൂപരിഷ്കരണനിയമം വരെയുള്ള സാമൂഹിക, സാമ്പത്തിക, സാംസ്കാരിക, രാഷ്ട്രീയചലനങ്ങളുടെ ആഖ്യാനമാണ് 'കയർ'. ചരിത്രത്തെക്കാൾ സൂക്ഷ്മമായി സമുദായപരിണാമത്തെ 'കയർ' വിവരിക്കുന്നുണ്ട്. ആളോഹരിഭാഗവും മക്കത്തായത്തിന്റെ

ഉദയവും പരസ്പരബന്ധിതമായി സംഭവിക്കുന്നതിനെയും സമുദായത്തിന്റെ കുടുംബഘടനയിൽ വന്ന പരിവർത്തനങ്ങളെയും വ്യക്തമാക്കാൻ നോവലിന്റെ ദീർഘമായ ആഖ്യാനകാലം സഹായകമാകുന്നു. സ്വത്തും അധികാരവും നഷ്ടപ്പെട്ട് അനാഥരായിത്തീർന്ന കോന്നോത്ത്, ചീരട്ട, കോടാന്ത്ര, മംഗലശ്ശേരി തുടങ്ങിയ നായർ മരുമക്കത്തായത്തറവാടുകളിലെ കാരണവന്മാരുടെ ജീവിതാവസ്ഥകളെയും പുതിയ അധികാരരൂപങ്ങളായ മുതലാളിവർഗ്ഗ പ്രതിനിധികളെയും പുതിയ സ്വത്തവകാശവ്യവസ്ഥകളെയും ഭൂപരിഷ്കരണനിയമങ്ങളെയും 'കയർ' വിശദീകരിക്കുന്നു. ആളോഹരി ഭാഗം വന്നതിന് ശേഷമുള്ള കാരണവരുടെ അവസ്ഥകൾ, പുതിയ പ്രസ്ഥാനങ്ങളുടെ ഉദയം, പുതിയ വിവാഹക്രമം, കുടുംബക്രമം, രാഷ്ട്രീയ പരിവർത്തനങ്ങൾ, ആധുനിക സമൂഹ രൂപീകരണം, സ്വതന്ത്രമായ പുതിയ തലമുറയുടെ സാംസ്കാരികമുന്നേറ്റങ്ങൾ, മക്കത്തായം, വിദ്യാഭ്യാസ സമ്പ്രദായം, പുതിയ തൊഴിൽ മണ്ഡലങ്ങൾ ഇവയെല്ലാം ചരിത്രഗ്രന്ഥങ്ങളേക്കാൾ സൂക്ഷ്മമായും സമഗ്രമായും ആഖ്യാനം ചെയ്യുന്ന സർഗ്ഗാത്മക സൃഷ്ടിയാണ് കയർ.

**കുറിപ്പുകൾ**

1. തകഴി ശിവകങ്കരപ്പിള്ള, കയർ, മുഖവുര.
2. അതേ പുസ്തകം, മുഖവുര
3. അതേപുസ്തകം, മുഖവുര
4. പി. ശങ്കുണ്ണിമേനോൻ, തിരുവിതാംകൂർ ചരിത്രം, പുറം 150
5. തകഴി ശിവശങ്കരപ്പിള്ള, കയർ, മുഖവുര.
6. ജി. ബാലചന്ദ്രൻ, തകഴിയുടെ സർഗ്ഗപഥങ്ങൾ, പുറം 142
7. തകഴി ശിവശങ്കരപ്പിള്ള, ആത്മകഥ, പുറം 55
8. തകഴി ശിവശങ്കരപ്പിള്ള , കയർ, പുറം 448.
9. തകഴി ശിവശങ്കരപ്പിള്ള, ആത്മകഥ, പുറം 80
10. തകഴി ശിവശങ്കരപ്പിള്ള കയർ, പുറം 580
11. അതേപുസ്തകം, പുറം 248
12. റോബിൻ ജെഫ്രി, നായർ മേധാവിത്വത്തിൻറെ പതനം, പുറം 21
13. തകഴി ശിവശങ്കരപ്പിള്ള, ആത്മകഥ, പുറം 158

**ഗ്രന്ഥസൂചി**

ഗണേഷ്,കെ.എൻ, 2015, കേരളത്തിന്റെ ഇന്നലെകൾ,

ബാലചന്ദ്രൻ,ജി.പ്രൊഫ, 2013,തകഴിയുടെ സർഗ്ഗപഥങ്ങൾ, കേരളസാഹിത്യ അക്കാദമി , തൃശ്ശൂർ

ശങ്കുണ്ണിമേനോൻ,പി. 2015,തിരുവിതാംകൂർ ചരിത്രം,കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

ശിവശങ്കരപ്പിള്ള, തകഴി, 2010, ആത്മകഥ, ഗ്രീൻ ബുക്ക്സ് തൃശ്ശൂർ

ശിവശങ്കരപ്പിള്ള, തകഴി, 2017, കയർ, ഡി.സി.ബുക്ക്സ്, കോട്ടയം.

റോബിൻ ജെഫ്രി, ഡോ. 1979, നായർ മേധാവിത്വത്തിന്റെ പതനം (വിവ.പുതുപ്പള്ളി രാഘവൻ, എം.എസ്.ചന്ദ്രശേഖര വാരിയർ),ഡി.സി.ബുക്ക്സ്, കോട്ടയം.

## English

Kapadia,K.M, 1966, *Marriage and Family in India*, Delhi, Oxford University Press.

Kosambi,D.D, 1985, *Introduction to the study of Indian History*, Bombay, Popular Prakasan.

Pillai,A.K.B, 1987, *The culture of Social Stratification /Sexism, the Nairs,* Massachusetts, Copley, Publishing group.

beenaanil9@gmail.com

# അധീശത്വം : തുളുഭാഷയിലും സംസ്കാരത്തിലും

**വനജ കെ. വി.**
ഗവേഷക, മലയാളവിഭാഗം, ശ്രീ ശങ്കരാചാര്യ സംസ്കൃത
സർവകലാശാല കാലടി.

**പ്രബന്ധസംഗ്രഹം**

ദക്ഷിണ കാനറ ജില്ലയും ഉടുപ്പിയും കാസർഗോഡും ഉൾപ്പെടുന്ന ഭൂപ്രദേശമാണ് തുളുനാട് എന്ന പേരിൽ ചരിത്രത്തിൽ ഇടം നേടിയത്. തുളു കേവലം ഭാഷ മാത്രമല്ല ഒരു സംസ്കാരവുമാണ്. തുളുനാടിന്റെ ചരിത്രത്തെ അന്വേഷിക്കുമ്പോൾ കന്നട മലയാള സംസ്കാരങ്ങൾ തുളുഭാഷയുടെയും സംസ്കാരത്തിന്റെയും മേൽ അധീശത്വം സ്ഥാപിച്ചതിനുള്ള കാരണങ്ങൾ ലഭ്യമാവുന്നതാണ്. തുളുഭാഷയുടെയും സംസ്കാരത്തിന്റെയും മേൽ നടന്നിട്ടുള്ള അധീശത്വ പ്രവർത്തനങ്ങൾക്കുള്ള ചില ഉദാഹരണങ്ങളുടെയും കാരണങ്ങളുടെയും സംക്ഷിപ്തമാണ് ഈ പ്രബന്ധം.

**താക്കോൽവാക്കുകൾ :**
അധീശത്വം, സാംസ്കാരികാധിനിവേശം, തുളുഭാഷ, സംസ്കാരം.

**ഭാ**ഷ ആശയവിനിമയത്തിനുള്ള ഉപാധി മാത്രമല്ല. അതൊരു സംസ്കാരവും കൂടിയാകുന്നു. ഒരു പ്രദേശത്തെ സാംസ്കാരിക മൂല്യങ്ങൾ, വിശ്വാസങ്ങൾ മുതലായവ ഭാഷയിലൂടെ സൂചിതമാകുന്നുണ്ട്. അതിനാൽ തന്നെ ഭാഷയെ പറ്റിയുള്ള പഠനം സംസ്കാരപഠനംകൂടിയാകുന്നു. ഒരു ജനതയെ അല്ലെങ്കിൽ ഒരു സംസ്കാരത്തെ നശിപ്പിക്കുവാനുള്ള ഉപാധിയാണ് ഭാഷയെ നശിപ്പിക്കുക എന്നത്. ഭാഷ അത് സംസാരിക്കുന്ന സാമൂഹികവിഭാഗത്തിന്റെ ചിന്തയും മൂല്യവും പ്രദർശിപ്പിക്കുന്നതിനാൽ ഭാഷയ്ക്കു മേലുള്ള സംഘർഷങ്ങൾ ജനങ്ങളുടെ മേലുള്ള സാംസ്കാരിക സംഘർഷമായി മാറും. ഭാഷയുടെ ഉന്മൂലനം പ്രാദേശിക ജ്ഞാനം, സാഹിത്യം, കല മുതലായവയുടെ അന്യവൽക്കരണത്തിനു കാരണമാകുന്നു. തുളുഭാഷയിലും സംസ്കാരത്തിലും സംഭവിച്ചതും മറ്റൊന്നല്ല. ചരിത്രപരമായി പരിശോധിക്കുമ്പോൾ തുളുനാട്ടിൽ വിവിധ കർണാടക രാജാക്കന്മാരുടെ അധിനിവേശം ഉണ്ടായിരുന്നതായി കാണാൻ സാധിക്കും. അയൽപക്ക പ്രദേശങ്ങളുമായും വിവിധ രാജ്യങ്ങളുമായുള്ള കച്ചവടബന്ധങ്ങളിലൂടെയും സംസ്കാരത്തിന്റെ സ്വാഭാവികമായുള്ള ആദാനപ്രദാനങ്ങളിലൂടെയും മാത്രമായിരുന്നില്ല തുളുവിൽ സാംസ്കാരികമിശ്രണംസംഭവിച്ചത്. ഭാഷയുടെയും സംസ്കാരത്തിന്റെയുംമേൽ ആധിപത്യപരമായ ബന്ധം സ്ഥാപിക്കാനും ഈ ചരിത്ര സാഹചര്യങ്ങൾ ഇടയാക്കിയിട്ടുണ്ട്.

ഭാഷകൾ തമ്മിൽ തുല്യനിലയിലുള്ള ബന്ധങ്ങളിലൂടെ കലരുന്നതും ഒരു ഭാഷ മറ്റൊരു ഭാഷയുടെ മേൽ രാഷ്ട്രീയാധിപത്യപരമായി ബന്ധപ്പെടുന്നതും രണ്ട് തരത്തിലാണ് പരിഗണി

ക്കേണ്ടത്. ഭാഷകൾ തമ്മിലുള്ള കൊടുക്കൽ വാങ്ങലുകൾ തുല്യനിലയിൽ നിൽക്കുകയും വളരുകയും ചെയ്യേണ്ടതാണ്. എന്നാൽ ഭാഷയ്ക്ക് മേലുള്ള ആധിപത്യപരമായ ബന്ധത്തിലൂടെ ആ ഭാഷയുടെ തകർച്ചയാണ് സംഭവിക്കുന്നത്. എല്ലാ ഭാഷയിലും ലോകവീക്ഷണത്തിന്റെ ഘടകങ്ങളുണ്ട്. ഓരോ വ്യക്തിയിലും ഈ ലോകവീക്ഷണം ഉൾച്ചേർന്നിരിക്കും. മനസ്സിന്റെ പ്രവർത്തനങ്ങളെല്ലാം ഭാഷയിലെ പദാവലിയെ അനുസരിച്ചിരിക്കും എന്നാണ് ഗ്രാംഷിയുടെ അഭിപ്രായം. കീഴാളരുടെ അനുഭവങ്ങളെ ആവിഷ്കരിക്കുവാൻ സമൂഹത്തിലെ പ്രബലമായ ഭാഷാപ്രയോഗങ്ങളിലൂടെ സാധ്യമാകാറില്ല. നാം ഉപയോഗിക്കുന്ന ഭാഷ വരേണ്യവർഗ്ഗത്തിന്റെ താല്പര്യങ്ങൾക്കനുസരിച്ച് രൂപപ്പെടുത്തിയതിനാലാണ് ഇത് സംഭവിക്കുന്നത്. തുളുഭാഷയുടെ സ്ഥിതിയും മറിച്ചല്ല. തുളുഭാഷ മറ്റു ഭാഷകളുടെ ആധിപത്യത്തിന് വിധേയമാകുന്നതോടൊപ്പം ഭാഷയ്ക്കകത്തും ഈ ആധിപത്യമനോഭാവം പുലർത്തുന്നുണ്ട്. ദളിത് തുളുവിനു മേൽ മാനകതുളുവും ബ്രാഹ്മണത്തുളുവും ആധിപത്യം നേടിയത് ഭാഷയെ പരിശോധിക്കുമ്പോൾ വ്യക്തമാകും.

**സ്ഥലനാമങ്ങളിലെ മാറ്റങ്ങൾ**

ഒരു ഭാഷയിലെ നാമങ്ങൾക്ക് ആ ഭാഷാ വ്യവഹരിക്കപ്പെടുന്ന ഭൂപ്രദേശവുമായി അവിടത്തെ സംസ്കാരവുമായി നേരിട്ട് ബന്ധമുണ്ട്. ചരിത്രസംഭവങ്ങൾ, വ്യക്തികൾ, സസ്യജന്തുജാലങ്ങൾ, ഐതിഹ്യങ്ങൾ, പാരിസ്ഥിതികമായ പ്രത്യേകതകൾ തുടങ്ങിയവയെല്ലാം സ്ഥലനാമങ്ങളായി മാറാറുണ്ട്. കാലക്രമത്തിൽ സ്ഥലനാമങ്ങൾക്ക് മാറ്റങ്ങളും സംഭവിക്കുന്നു. ഈ മാറ്റങ്ങളിലൂടെ സ്ഥലനാമങ്ങൾക്ക് വർത്തമാനകാലത്തെയും ഭൂതകാലത്തെയും വ്യക്തമാക്കുന്ന ഒരു സാംസ്കാരിക ചിഹ്നമായി പ്രവർത്തിക്കാൻ സാധിക്കുന്നുണ്ട്. ഓരോ സ്ഥലനാമവും ഭാഷയുടെയും സംസ്കാരത്തിന്റെയും പ്രത്യേകതകൾ ഉൾച്ചേർന്നവയാണ്. പുനർനാമകരണം എന്ന പ്രക്രിയ ഭാഷയുടെയും സംസ്കാരത്തിന്റെയും മേലുള്ള അധികാരപ്രയോഗമായി വരുന്ന സാഹചര്യമാണ് തുളുവിൽ കാണാൻ സാധിക്കുന്നത്.

കാസർഗോഡ് ജില്ലയുടെ സ്ഥലനാമങ്ങളിൽ മിക്കതും തുളുഭാഷയിലോ തുളു -മലയാള സങ്കരമോ തുളു -കന്നടസങ്കര ഭാഷയിലോ ഉള്ളവയാണ്. കാസർഗോഡ് എന്ന നാമം പോലും തുളുവിൽ നിന്നുമാണ് ഉദ്ഭവിച്ചത് എന്ന് വാദമുണ്ട്. 'കാസറ' എന്നാൽ കാഞ്ഞിരം എന്നാണ് അർത്ഥം. കാഞ്ഞിരമരങ്ങൾ തിങ്ങി വളരുന്ന കുന്ന് എന്ന നിലയിൽ കാസറഗുഡെ എന്ന നാമം ഉണ്ടാവുകയും പിന്നീട് അത് കാസർഗോഡ് ആയി മാറുകയുമായിരുന്നു എന്ന് ആവേദകരിൽ ചിലർ അഭിപ്രായപ്പെടുന്നു. വയലുകളും കുന്നുകളും നിറഞ്ഞ പ്രദേശമാണ് കാസറഗോഡ് അതിനാൽ തന്നെ വയൽ എന്ന അർത്ഥം വരുന്ന 'അട്ടക്ക' എന്ന പദവും കുന്ന് എന്നർത്ഥം വരുന്ന ഗുംപേ, ഗുഡെ എന്നീ പദങ്ങളും ജില്ലയിലെ സ്ഥലനാമങ്ങളിൽ ധാരാളം കാണാം.

കാസർ എന്നാൽ കാഞ്ഞിരമരം എന്നാണ് അർത്ഥം. കാഞ്ഞിരമരങ്ങൾ തിങ്ങിവളരുന്ന കുന്ന് എന്ന നിലയിൽ കാസർകോട് എന്ന നാമം ഉണ്ടായി എന്നും പിന്നീടത് കാസർഗോഡ് ആയി മാറുകയും ചെയ്തു എന്നും ചിലർ അഭിപ്രായപ്പെടുന്നു. 1555- 1600 കാലഘട്ടത്തിലെ അറബി സഞ്ചാരിയായ സൈനുദ്ദീൻ രചിച്ച തുഹാഫുതുൽ മുജാഹിദ്ദീൻ എന്ന ഗ്രന്ഥത്തിൽ കാസർഗോഡിനെ കാണംർ കുത്തു എന്നാണ് വിശേഷിപ്പിച്ചിരിക്കുന്നത് (ബാലൻ സി., 2008:161) ശ്രീധര കക്കില്ലായർ, കാഞ്ഞിരോട് എന്ന മലയാള പദത്തിൽ നിന്നാണ് കാസർഗോഡ് എന്ന പദം ഉണ്ടായത് എന്ന് വാദിക്കുന്നു. എന്നാൽ ബേക്കലം രാമനായക്ക് ആകട്ടെ കാട്ടുപോത്തുകൾ വിഹരിക്കുന്ന നാട് എന്ന അർത്ഥത്തിലാണ് കാസറഗോഡ് എന്ന പേരുണ്ടായതെന്നാണ് അഭിപ്രായപ്പെടുന്നത്. (ബാലൻ സി. 2008:161). കാങ്കോട് അഥവാ രണ്ട് കോട്ടകൾ ഉള്ള പ്രദേശം ആണ് കാസറഗോഡ് ആയി മാറിയത് എന്നാണ് ശ്രീനപ്പ ഹെഗ്ഡെ പറയുന്നത്. 'കോസറ ജനത' എന്ന അർത്ഥത്തിൽ കാസറഗോഡ് നാമം ഈ പ്രദേശത്തിന് ഉണ്ടായിരുന്നു എന്നും കരുതുന്നവരുണ്ട്. ചെന്തമിഴ് കൃതിയായ അകനാനൂറിൽ തുളുനാടെന്ന പരാമർശം ഉണ്ട്. തുളുനാട്ടിലെ നിവാസികളാണ് 'കോചർ ജനത' എന്ന് കൃതിയിൽ വ്യക്തമാക്കപ്പെട്ടിട്ടുണ്ട്.[1] അതിനാൽ കോചർ ജനതയുടെ പ്രദേശമാണ് കാസർഗോഡ് ആയതെന്നും പറയുന്നു. 'കൊസറാം കൊള്ളി 'എന്ന പ്രയോഗവും കാസർഗോഡിലെ മിക്ക ഭാഷകളിലും ഇന്നും കാണാം.

കാസർഗോഡ് കർണാടക അതിർത്തിയിലെ എൻമകജെ പഞ്ചായത്തിൽ ഉൾപ്പെടുന്ന സ്ഥലമാണ് മൈരേ. മയിലുകൾ വിഹരിക്കുന്ന പ്രദേശം എന്നാണ് ഈ പദത്തിന്റെ അർത്ഥം. തുളുവിൽ മൈർ എന്നാൽ മയിൽ എന്നാണ്. ഈ പദത്തെ മലയാളികളായ ഉദ്യോഗസ്ഥർ അശ്ലീല പദമായി വ്യാഖ്യാനിക്കുകയും പേരുമാറ്റുവാനുള്ള ഉദ്യമം നിയമപരമായി തന്നെ നടത്തുകയും ചെയ്തു. 2013ൽ കേരള സർക്കാർ മൈരേ വില്ലേജിനെ ഷേണി എന്ന് പുനർനാമകരണം ചെയ്തു.[2] മൈരേ ഗ്രാമത്തിന് തൊട്ടടുത്തുള്ള ഷേണി എന്ന പ്രദേശത്ത് കൊങ്കണി മാതൃഭാഷ ആയിട്ടുള്ളവരായതിനാൽ ഷേണി എന്ന പദം കൊങ്കിണി ഭാഷയിൽ നിന്നും വന്നതെന്ന് കരുതുന്നു. ചാണകം എന്നാണ് ഈ വാക്കിനർത്ഥം. തുളുവരുടെ പദങ്ങൾക്കുമേൽ മലയാളി ഉദ്യോഗസ്ഥർ നടത്തിയ ഈ പ്രവർത്തനം ഭാഷയ്ക്കുമേലുള്ള അധിനിവേശമായി കരുതേണ്ടിവരും.

ഔദ്യോഗികമായി സ്ഥലനാമങ്ങൾക്ക് മാറ്റങ്ങൾ വരുത്തിയത് കൊണ്ടും പ്രയോഗത്തിലൂടെ രൂപപ്പെടുകയും ഉറച്ചു പോവുകയും ചെയ്ത മാറ്റങ്ങൾ കൊണ്ടും കാസർഗോഡ് ജില്ലയിലെ പല പ്രദേശങ്ങളുടെയും പേരുകളും അതിന്റെ ചരിത്രവും സംശയമുളവാക്കുന്നു. എന്നാൽ ഈ മാറ്റങ്ങൾക്ക് കാരണം കണ്ടെത്തുക ശ്രമകരമാണ്.

സ്ഥലനാമങ്ങളിൽ വന്ന മാറ്റങ്ങൾ. ഉദാ.

| സ്ഥലനാമം | അർത്ഥം | ഇന്ന് പ്രയോഗിക്കുന്ന രീതി |
|---|---|---|
| മൈരേ | മയിലുകൾ നിറഞ്ഞ സ്ഥലം | ഷേണി |
| പഞ്ചിഗുഡെ | പന്നികൾ ഉള്ള കുന്ന് | പന്നി കുന്ന് |
| പഞ്ചിക്കൽ | പന്നി +കല്ല് | പന്നിക്കല്ല് |
| കാറഡുക്ക | കാറെ -കാട്, അടുക്ക -കുന്ന് | കാടകം |
| പിലിക്കുഞ്ചെ | പിലി -പുലി, കുഞ്ചെ -കുന്ന് | പുലിക്കുന്ന് |

നിത്യോപയോഗ പദങ്ങളിലും ബന്ധപദങ്ങളിലും വന്ന മാറ്റങ്ങൾ

സ്ഥലനാമങ്ങളിൽ മാത്രമല്ല നിത്യോപയോഗ പദങ്ങളിലും ധാരാളം മാറ്റങ്ങൾ സംഭവിച്ചിട്ടുണ്ട്. മലയാളം കന്നട ഇംഗ്ലീഷ് എന്നീ ഭാഷകളിൽ നിന്നുമാണ് പ്രധാനമായും പദങ്ങൾ കടന്നു കയറിയിട്ടുള്ളത്. പഠന മേഖലയായി തിരഞ്ഞെടുത്തത് മലയാളികൾ ധാരാളമുള്ള പ്രദേശമായതുകൊണ്ട് തന്നെ മലയാള പദങ്ങളാണ് കൂടുതലും കാണാൻ സാധിച്ചത്. ഉദാ :

| തുളുപദം | ഇന്ന് പ്രയോഗിക്കുന്ന രീതി | അർത്ഥം |
|---|---|---|
| ഹട്ട | ബാരി | വാരി |
| ഗഡിബിഡി | തെർക്ക് | തിരക്ക് |
| ബൊള്ളെ | പജങ്കി | പച്ചരി |
| കുർളി | ഉറിയക്കി | പൊരി (കന്നഡയിൽ ഹൊരിക്കി ) |
| മീപുണ ഗൊട്ടിക | കുളിമുറി /ബാത്റൂം | കുളിമുറി |
| നട്ടിക്കായി | പച്ചക്കറി /തരക്കായി | പച്ചക്കറി (കന്നഡയിൽ തരക്കായി ) |
| സരിഗെ | കമ്പി | കമ്പി |
| പുട്ടാ | ബാലെ | കുട്ടി, ബാലെ -കന്നഡയിൽ |
| ദുംപരിപുജി | നീണ്ടുജി | നീണ്ടുക |

തുളുസംസ്കാരത്തിന്റെ ഭാഗമല്ലാതിരുന്ന പല പദങ്ങളും തുളുവർ അതേപടി മറ്റൊരു ഭാഷ

യിൽ നിന്നും സ്വീകരിക്കുകയാണുണ്ടായത്. പഴയകാലത്ത് തുളുവരുടെ കൊപ്പ( വീട് )കളിൽ ഇല്ലാതിരുന്ന പല വസ്തുക്കളും ഇന്ന് അവരുടെ വീടുകളിൽ കാണാം എന്നാൽ അവയെ മാതൃഭാഷയിലേക്കു മാറ്റി വ്യവഹരിക്കുന്ന രീതി തുളുവരിൽ കണ്ടു വരുന്നില്ല. ഉദാ : ബെഡ്റൂം. പഴയകാലത്തെ തുളു വീടുകൾ ഒരു വരാന്ത(ചാവടി)യും അടുക്കള(അട്പ്പില)യും ഒറ്റമുറിയുമുള്ള വീടുകളായിരുന്നു. അതിനാൽ തന്നെ ഓരോ മുറിക്കും പ്രത്യേക പേരുകൾ ഇല്ലായിരുന്നു.

തുളുവർക്കിടയിൽ ബന്ധപദങ്ങൾ ധാരാളം കാണാം. ഒരു വാക്ക് സംസാരത്തിന്റെ ഉൽപ്പന്നമായതുകൊണ്ടുതന്നെ കുടുംബബന്ധങ്ങൾക്ക് തുളുവർ കൽപ്പിക്കുന്ന പ്രാധാന്യം ബന്ധപദങ്ങളിലൂടെ തിരിച്ചറിയാം.

അമ്മെ-അച്ഛൻ, അപ്പെ -അമ്മ, മിഗ്ഗെ - അനിയൻ, മിഗ്ഗി - അനിയത്തി, അക്ക -ചേച്ചി, അണ്ണെ - ചേട്ടൻ, സിന്തപ്പെ - ഇളയമ്മ, സിന്തയമ്മെ - ഇളയച്ഛൻ, നേലകപ്പെ - വല്യമ്മ, നേലകമ്മെ - വല്യച്ഛൻ, അജ്ജെ - അപ്പൂപ്പൻ, അജ്ജ് - അമ്മൂമ്മ, ബാവ - അളിയൻ, അത്തികെ -ചേട്ടത്തിയമ്മ, മൈത്തേദി - ഭർത്താവിന്റെ അനുജത്തി, മൈത്തുനെ -ഭർത്താവിന്റെ അനിയൻ, നൻകെ -ഭാര്യയുടെ ജ്യേഷ്ഠൻ. ബന്ധപദങ്ങളിലും ഇന്ന് മാറ്റം വന്നിട്ടുണ്ട് അമ്മയെ 'അപ്പെ' എന്നും അച്ഛനെ 'അമ്മെ' എന്നും വിരളമായേ ഉപയോഗിക്കുന്നുള്ളൂ. പകരം അമ്മ, അപ്പ എന്നിങ്ങനെ യഥാക്രമം ഉപയോഗിക്കുന്നു. മമ്മി, ഡാഡി/പപ്പ, ആന്റി, അങ്കിൾ തുടങ്ങിയ ഇംഗ്ലീഷ് പദങ്ങളും തുളുവർക്കിടയിൽ ഇന്ന് പ്രയോഗത്തിൽ ഉണ്ട്.

**അധീശത്വം തുളുലിപിയിൽ**

ലോകത്തിൽ ലിപിയില്ലാത്ത ഭാഷകൾ ധാരാളം ഉള്ളതിനാൽ തന്നെ ഒരു ഭാഷയുടെ നിലനിൽപ്പിന് ലിപിയെ അത്യന്താപേക്ഷിതമായി പരിഗണിക്കാനാവില്ല. ലിപിയും അച്ചടിയും ഭാഷകളെ ആധുനികമാക്കുന്നു. അച്ചടിക്കപ്പെടുന്ന ഭാഷകൾക്കുള്ള സ്വീകാര്യതയും ആധുനികതയുടെ രൂപവും അച്ചടിക്കപ്പെടാത്ത ഭാഷകൾക്കുണ്ടാവുക കുറവാണ്. തുളുവിന് ലിപിയുണ്ടോ എന്നത് നിരവധി ചർച്ചകളിലേക്ക് നയിച്ച സമസ്യയാണ്. ഒരു ഘട്ടം വരെ തുളുവിന് ലിപിയും സാഹിത്യവും ഇല്ല എന്നായിരുന്നു കരുതിയിരുന്നത്. ഡോ. ഗുരുരാജ ഭട്ട്, ഡോ.ബി എ. വിവേകറൈ തുടങ്ങിയവർ ഈ അഭിപ്രായത്തെ പിന്താങ്ങുന്നവരായിരുന്നു. "തുളുനാട് ഭരിച്ച ആളുപരും ഹൊയ്സാലരും മറ്റും കന്നഡക്കാരായിരുന്നു. കന്നഡ തന്നെ ഭരണഭാഷയായി... ശാസനങ്ങൾ മുഴുവൻ കന്നഡത്തിൽ വിരചിതങ്ങളായി. തുളുവിന് ഗ്രന്ഥരൂപത്തിൽ പ്രത്യക്ഷപ്പെടാൻ അവസരം ലഭിക്കാതെയും പോയി." (വിവേകറൈ ബി. എ. 1985:5)

തുളുവിന് ലിപിയുണ്ടായിരുന്നു എന്ന് പലർക്കും ഇന്നും അറിയില്ല. 1980 ഒക്ടോബർ 2 ന് ഉദയവാണി പത്രത്തിൽ ഡോ.കെ.വി.രമേശിന്റെ വിവരണത്തോടെ അനന്തപുരം ശാസനം പ്രസിദ്ധീകൃതമായതോടെ തുളുലിപിയുടെ അസ്ഥിത്വത്തെ പറ്റിയുള്ള ചർച്ചകൾക്ക് വ്യക്തത കൈവന്നു. തുളുഹസ്തലിഖിതഗ്രന്ഥസൂചി പ്രസിദ്ധീകൃതമായതോടെയാണ് തുളുവിൽ ഇത്രയധികം ഗ്രന്ഥങ്ങൾ ഉണ്ടായിരുന്നു എന്ന് പുറംലോകം അറിഞ്ഞത്. ഒരുകാലത്ത് തുളുവിന് സ്വന്തമായ ലിപിയും സാഹിത്യവും ഉണ്ടായിരുന്നു. പിന്നീട് അവ തമസ്കരിക്കപ്പെടുകയാണ് ഉണ്ടായത്. കന്നഡ രാജാക്കന്മാരുടെ അധിനിവേശത്തോടുകൂടി തുളുവിന് രാജാശ്രയം ലഭിക്കാതെ പോയി. ഔദ്യോഗിക ഭാഷയായി ഭരണാധികാരികൾ തുളു ഭാഷയോ ലിപിയോ ഉപയോഗിച്ചില്ല. ഇത് തുളുലിപിയുടെ നാശത്തിന് കാരണമായതാവാം എന്ന് അമൃത സോമേശ്വരർ അഭിപ്രായപ്പെടുന്നു.

തുളു അക്കാദമി മുൻ സെക്രട്ടറി പാൽത്താഡി രാമകൃഷ്ണ ആചാരി, തുളു ലെക്സിക്കൻ എഡിറ്റർ യു.പി. ഉപാധ്യായ തുടങ്ങിയവരും കർണാടക രാജാക്കന്മാരുടെ അധിനിവേശത്തേയാണ് തുളുലിപിയുടെ നാശനത്തിന് കാരണമായി കണക്കാക്കുന്നത്. ഭരണഭാഷ എന്ന നിലയിൽ കന്നഡ തുളുവിനു മേൽ അധികാരം സ്ഥാപിക്കുകയാണുണ്ടായത്. കന്നഡ ഭാഷാ സംസ്കാരങ്ങളുടെ മേൽക്കോയ്മ അംഗീകരിച്ചുകൊണ്ട് കഴിയുകയായിരുന്ന തുളുനാട്ടുകാർ സ്വഭാഷയെയും സാഹിത്യത്തെയും പ്രചരിപ്പിക്കാൻ ശ്രദ്ധിച്ചില്ല.

19 ആം നൂറ്റാണ്ടിൽ ക്രിസ്ത്യൻ മിഷനറിമാരുടെ പ്രവർത്തനങ്ങളുടെ ഫലമായി തുളുഭാഷ

കന്നഡ ലിപിയിൽ അച്ചടിച്ചു വന്നു. തുളു ഭാഷയ്ക്കും സാഹിത്യത്തിനുമുള്ള പ്രോത്സാഹനമായി മിഷനറി പ്രവർത്തനം മാറിയെങ്കിലും തുളു ലിപിയെ കുറിച്ചുള്ള സംശയങ്ങൾക്ക് ഇത് കാരണമായിട്ടുണ്ട്. തുളുഭാഷയിൽ വിരചിതമാകുന്ന കൃതികളെല്ലാം തന്നെ കന്നഡലിപിയിലാണ് അച്ചടിച്ചു പ്രസിദ്ധീകരിക്കുന്നത്.

**തുളുഭാഷയും 'ഭൂത' ശബ്ദവും**

തുവർക്ക് തെയ്യം എന്നാൽ സത്യമാണ്. നീതിക്കും സത്യത്തിനും വേണ്ടി മായകം പൂകിയ മനുഷ്യർ ദൈവങ്ങളായി മാറിയ കഥകളാണ് തുളു പാഡ്ദന(തോറ്റം )കളിൽ മിക്കവയും. എന്നാൽ ഇന്ന് തെയ്യത്തെ തുളുവർ 'ഭൂത' എന്നാണ് വ്യവഹരിക്കുന്നത്. മലയാളത്തിലെ തെയ്യം തുളുവിൽ ദെയ്യോ അഥവാ ദൈവ ആണ്. കന്നഡയിൽ ഭൂതം, ഭൂതാരാധന തുടങ്ങിയ പദങ്ങൾ കൊണ്ട് തെയ്യത്തെയും തെയ്യാരാധനയെയും കുറിക്കുമ്പോൾ ഇംഗ്ലീഷ് ഭാഷയിൽ അത് ഡെവിൾ (devil ) ഡെവിൾ വർഷിപ്പ്(devil worship ) എന്നാകുന്നു. ഇവ രണ്ടും ദൈവം എന്ന സങ്കല്പത്തെ പ്രതിനിധീകരിക്കുന്ന പദങ്ങളല്ല. തുളുവിലെ ദെയ്യോ ഭരണാധികാരികളുടെ ഭാഷയായ കന്നഡയിൽ എങ്ങനെ ഭൂത ആയി മാറി എന്നത് ഒരു പ്രശ്നമാണ്.

തുളു തെയ്യത്തെപ്പറ്റി ഗവേഷണം നടത്തിയ കെ.ചെന്നപ്പ ഗൗഡ തുളു, സംസ്കൃതം ഇംഗ്ലീഷ്, കന്നഡ തുടങ്ങിയ ഭാഷകളിലെ നിഘണ്ടുക്കൾ 'ഭൂത' ശബ്ദത്തിന് നൽകിയ അർത്ഥം പരിശോധിക്കുന്നുണ്ട്. അവയെല്ലാം തന്നെ 'ദോഷം ചെയ്യുന്ന ക്ഷുദ്ര ശക്തികൾ' എന്ന നിലയിലാണ് അർത്ഥം നൽകിയിരിക്കുന്നത്. തെയ്യത്തിന് തുളുവർ അവരുടെ ജീവിതത്തിൽ നൽകിയ സ്ഥാനം പരിഗണിക്കുമ്പോൾ ഭൂത എന്ന വാക്ക് തുളു തെയ്യങ്ങളെ അഭിസംബോധന ചെയ്യാൻ പര്യാപ്തമല്ല.

തുളു തോറ്റങ്ങളിലും ഉരിയാട്ടങ്ങളിലും ദെയ്യോ, ദെയ്യാംഗളു തുടങ്ങിയ പദങ്ങളേ കാണാറുള്ളൂ. തെയ്യങ്ങൾക്ക് ഭൂത എന്ന പേര് പിൽക്കാലത്ത് വന്നുപെട്ടതാകാനാണ് സാധ്യത. " തുളു ദൈവങ്ങളെ കർണാടക ഭരണകാലത്ത് ഭൂതം എന്ന് വിളിച്ചു വന്നു. ഇതര ഭാഷാ ലേഖകന്മാരും ഭൂത ശബ്ദം തന്നെ ഉപയോഗിച്ചു തുടങ്ങിയിരിക്കുകയാണ്. തുളു തോറ്റങ്ങളിൽ ദെയ്യോ, ദൈവ ആദി ശബ്ദങ്ങൾ മാത്രമേ കാണുന്നുള്ളൂവെന്ന് പ്രമുഖ ചരിത്ര പണ്ഡിതൻ മഞ്ചേശ്വരം ഗോവിന്ദ പൈ വളരെ പണ്ടുതന്നെ കണ്ടെത്തി രേഖപ്പെടുത്തിയിരിക്കുന്നു. വിജയനഗര ഭരണകാലത്തെ ശിലാശാസനങ്ങളിലും ദൈവ ശബ്ദമാണ് ഉപയോഗിച്ചിരിക്കുന്നതെന്ന് ഡോ. ചെന്നപ്പ ഗൗഡ രേഖപ്പെടുത്തുന്നു. ( രാഘവൻ സി., 2003 :231 ) ക്രിസ്തുവർഷം 1379ലെ കാന്തേശ്വര ശാസനത്തിലും 1400-1500 കളിലെ ശാസനങ്ങളിലും ദൈവോ എന്നാണ് തെയ്യത്തെ പരാമർശിച്ചു കാണുന്നതെന്ന് സി.രാഘവൻ അഭിപ്രായപ്പെട്ടിട്ടുണ്ട്.

ഭൂത ശബ്ദം കന്നട രാജാക്കന്മാരുടെ സംഭാവനയായിട്ടാണ് ചെന്നപ്പ ഗൗഡ കരുതുന്നത് വിജയനഗരസാമ്രാജ്യത്തിന്റെ തകർച്ചയോടെ ഇക്കേരിനായക്കന്മാർ തുളുവരെ ആക്രമിച്ചു കീഴടക്കി തുളുനാടിന്റെ രാഷ്ട്രീയ അധികാരം ലക്ഷ്യം വച്ചുള്ള ഇക്കേരി രാജാക്കന്മാരുടെ പ്രവർത്തനങ്ങൾ തുളുനാട്ടിലെ സാംസ്കാരിക സ്ഥാപനങ്ങളെ തകർത്തു. ഇതിനെ അതിജീവിച്ച പ്രതിഭാസമാണ് തെയ്യം. തുളുനാട്ടിൽ കടന്നുകയറ്റം നടത്തിയ രാജാക്കന്മാരുടെ സംഭാവനയായിരുന്നു തെയ്യത്തിനുള്ള 'ഭൂത' ശബ്ദം.

'ഭൂത' ശബ്ദം തുളു തന്നെയാണ് എന്നാണ് തുളുവരിൽ മിക്കവരും ഇന്ന് വിശ്വസിക്കുന്നത്. ആ പദത്തിന്റെ അർത്ഥം തെയ്യം എന്ന കലാരൂപം എന്നാണെന്നും അവർ കരുതുന്നു. തെയ്യം കലാകാരന്മാരായ ആവേദകർക്കും ഈ അഭിപ്രായം തന്നെയാണുള്ളത്.

പതിനേഴാം നൂറ്റാണ്ടിലെ ആക്രമകാരികളായ ഭരണാധികാരികളിൽ നിന്നും ലഭിച്ച ഭൂത ശബ്ദം തുളുവർ സ്വീകരിച്ചതിനു പിന്നിൽ ചരിത്രവും രാഷ്ട്രീയവുമായ പ്രശ്നങ്ങൾ നിലകൊള്ളുന്നുണ്ട് ഭാഷയിലൂടെ നശിപ്പിക്കുക എന്ന ആക്രമണ തന്ത്രത്തിന്റെ മറ്റൊരു പതിപ്പായി തെയ്യത്തിനു ലഭിച്ച ഭൂത ശബ്ദത്തെ കരുതാം.

**തെയ്യാവതരണത്തിലെ മാറ്റങ്ങൾ**

തുളു നാടിന്റെ വിശ്വാസങ്ങളിൽ ഏറെ പ്രാധാന്യമുള്ളതാണ് തെയ്യം. പ്രകൃതിയോടിണങ്ങി ജീവിക്കുന്ന തുളുവർ തെയ്യത്തിന്റെ ചടങ്ങുകളിലും പ്രകൃതിയുടെ താളം കണ്ടെത്തിയിരുന്നു. നാടോടി വഴക്കങ്ങളും നാട്ടുകഥകളുമായിരുന്നു തെയ്യത്തിന്റെ ആധാരം. കാസർഗോഡ് ജില്ലയിൽ കെട്ടിയാടുന്ന തെയ്യക്കോലങ്ങൾ രണ്ട് വിധമാണ്. 1. തുളുതെയ്യങ്ങൾ 2. മലയാളത്തെയ്യങ്ങൾ.

തുളു ഭാഷയിൽ തുളു സംസ്കാരത്തനിമയോടെ തുളുവിലെ ഗോത്ര വിഭാഗക്കാർ കെട്ടിയാടുന്ന തെയ്യങ്ങളാണ് തുളു തെയ്യങ്ങൾ. മലയാളികളായ കലാകാരന്മാർ കെട്ടിയാടുന്നതും മലയാളത്തിൽ തോറ്റം ചൊല്ലുകയും ഉരിയാട്ടം നടത്തുകയും ചെയ്യുന്ന തെയ്യങ്ങളാണ് മലയാളത്തെയ്യങ്ങൾ. തെയ്യങ്ങൾ വിവിധ മാറ്റങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുകയാണ്. ബ്രാഹ്മണാധിപത്യം തെയ്യങ്ങളിലേക്കും കടന്നു വന്നിട്ടുണ്ട്. തെയ്യങ്ങളുടെ ചടങ്ങുകൾക്ക് ആരംഭം കുറിക്കുന്നത് ഇന്ന് അതാത് നാട്ടിലെ ക്ഷേത്രപൂജാരിയുടെ നേതൃത്വത്തിലാണ്. ജാതിയെ എതിർക്കുവാൻ രൂപം കൊണ്ട തെയ്യങ്ങളിലേക്ക് ജാതി ഒരു അതീശത്വരൂപമായി കടന്നു വന്നിരിക്കുന്നു.

വിപണിയും തെയ്യങ്ങളെ കീഴടക്കിയിരിക്കുന്നു. ഇക്കാലത്ത് പ്രകൃതിയിൽ നിന്നും ലഭ്യമാകുന്ന വസ്തുക്കൾ കൊണ്ടു മാത്രമല്ല തെയ്യങ്ങൾക്ക് ചമയങ്ങൾ ഒരുക്കുന്നത്. വിവിധതരം പെയിന്റുകളുടെയും പ്ലാസ്റ്റിക് നാരുകളുടെയും ഉപയോഗം തുളു - മലയാള തെയ്യങ്ങളിൽ കണ്ടുവരുന്നു. ഓലക്കുടകൾക്ക് പകരം ശീല കുടകളും തുളു തെയ്യങ്ങൾ ഉപയോഗിക്കുന്നു.

ടൂറിസം വികസനരംഗത്തുണ്ടായ കുതിപ്പ് കേരളത്തിലെ കലകളെ സ്വാധീനിച്ചതിന്റെ ഫലമായി തെയ്യങ്ങളിലും അതിന്റെ മാറ്റങ്ങൾ പ്രകടമായി. തെയ്യങ്ങൾക്ക് അവതരണത്തിൽ ആകർഷണീയത വരുത്തുന്നതിന് തെയ്യക്കാർ ആധുനിക സൗകര്യങ്ങളെ കൂട്ടുപിടിച്ചു. കാഴ്ചക്കാരുടെ ആവശ്യങ്ങൾക്കനുസരിച്ച് മൈക്ക്, ലൈറ്റ് എന്നിവയും തെയ്യാവതരണത്തിന്റെ ഭാഗമായി.

' പിലിച്ചാമുടി' എന്ന തുളുതെയ്യത്തെ ഏറെക്കാലമായി 'പിലിച്ചാമുണ്ഡി' എന്ന് സംസ്കൃതീകരിച്ചാണ് വിളിക്കുന്നത്. തെയ്യ പേരിന് മാറ്റം വരുത്തിയതോടൊപ്പം ഉരിയാട്ടത്തിലും തെയ്യം സ്വയം ചാമുണ്ഡിയായി സംബോധന ചെയ്യുന്നതും അബോധമായി നടക്കുന്ന സാംസ്കാരിക വിധേയത്വമാണ്. തെയ്യങ്ങളെ ആര്യദൈവമാക്കി ആരാധിക്കുന്ന രീതിയാണ് ഇന്ന്. തെയ്യങ്ങൾ എല്ലാം തന്നെ ആര്യദൈവമോ ദൈവാംശമോ ആയി മാറിയിട്ടുണ്ട്. തോറ്റം പാട്ടുകളിൽ പറയുന്ന ഈ ഐതിഹ്യങ്ങൾ കാലാന്തരത്തിൽ വന്ന മാറ്റങ്ങളാണ്.

മൃഗങ്ങളെയും തെയ്യക്കോലമായി കെട്ടിയാടിക്കാറുണ്ട്. വൈദിക മതം തുളുനാടിനെ സ്വാധീനിച്ചപ്പോൾ ഈ തെയ്യങ്ങളെ മുഴവൻ ശൈവഗണങ്ങളുടെ കൂട്ടത്തിൽപ്പെടുത്തുകയും വൈദിക മതത്തിന്റെ പ്രാമാണ്യം അരക്കിട്ടുറപ്പിക്കാൻ പാകത്തിൽ പാഡ്ദണകൾ രചിക്കുകയുണ്ടായി എന്ന ചിന്നപ്പ ഗൗഡയുടെ അഭിപ്രായത്തെ സി. രാഘവൻ സൂചിപ്പിക്കുന്നുണ്ട്. (2003: 240)

തെയ്യാരാധനാരീതിയിൽ തുളുതെയ്യങ്ങൾ മലയാളത്തെയ്യങ്ങളെ അനുകരിക്കുവാനുള്ള ശ്രമം നടത്തുന്നുണ്ട്. കൂടുതൽ വർണ്ണാഭമായ ഉടുത്തു കെട്ടുകളും ചമയങ്ങളും ഉള്ള കോലത്തുനാട്ടിലെ തെയ്യങ്ങൾ തുളുനാടൻ തെയ്യങ്ങളെ സ്വാധീനിക്കുന്നു. കുരുത്തോലകൾ കൊണ്ട് ഉടുത്തു കെട്ടിയിരുന്ന ആട്ടിക്കലഞ്ചൻ( തുളുവരുടെ കർക്കിടക തെയ്യം) ആടിവേടന്മാ(മലയാളികളുടെ കർക്കടക തെയ്യം)രെ പോലെ ചുവന്ന തുണി ചുറ്റി കെട്ടിയാടിച്ചു വരുന്ന കാഴ്ചകൾ കാസറഗോഡിലെ ഗ്രാമങ്ങളിൽ കണ്ടുവരുന്നു. തെയ്യത്തിന്റെ അവതരണത്തിലും മാറ്റം കാണാം. ബാറടുക്ക, നെല്ലിക്കട്ട തുടങ്ങിയ ഭാഗങ്ങളിൽ വിഷ്ണുമൂർത്തി ഒറ്റക്കോലങ്ങളെ[3] അനുകരിച്ചാണ് നെരിപ്പോട് ഒരുക്കുന്നത്. പിലിച്ചാമുടിക്ക് ചെറിയ നെരിപ്പോടും വിഷ്ണുമൂർത്തിക്ക് വലിയ നെരിപ്പോടുമാണ് വേണ്ടതെന്ന് തോറ്റംപാട്ടിൽ തന്നെ പറയുന്നുണ്ട്. "മുതറട് മൂജി കൊള്ളി, ദലിയോട് പത്തുകൊള്ളി ദാവറ. " [4] ഇന്ന് നെരിപ്പോടിന്റെ ധാരാളിത്തം പിലിച്ചാമുടിക്ക് കാണാം.

തുളു തെയ്യങ്ങളുടെ വാദ്യോപകരണങ്ങളിൽ ചെണ്ട ഉപയോഗിച്ചിരുന്നില്ല. ദോല് എന്നറിയപ്പെടുന്ന ചെറിയ തുകൽ വാദ്യമായിരുന്നു ഉപയോഗിക്കാറ്. ചെണ്ടയുടെ മുഴക്കം ദോലിന് ഉണ്ടായിരിക്കുകയില്ല. ഇപ്പോൾ തുളു തെയ്യങ്ങളും ചെണ്ട ഉപയോഗിക്കുന്നുണ്ട്. തുളു തെയ്യങ്ങളുടെ കാഴ്ചക്കാരിൽ നല്ലൊരു ശതമാനവും മലയാളികളാണ്. ഭക്തരുടെ ആവശ്യങ്ങൾക്ക് ചിലപ്പോഴൊക്കെ മലയാളത്തിലും തുളുതെയ്യങ്ങൾ ഉരിയാട്ടം നടത്താറുണ്ട്. കാലഘട്ടത്തിനനുസരിച്ചുള്ള മാറ്റം ഫോക് ലോറിന്റെ പ്രത്യേകതയാണ്. അത്തരം തെരഞ്ഞെടുപ്പുകൾക്കിടയിലും ഒരു അബോധം പ്രവർത്തിക്കുന്നുണ്ട്. അതിനാൽ തന്നെ തുളു തെയ്യങ്ങളുടെ ഈ മാറ്റങ്ങൾ സാംസ്കാരിക മൂല്യത്തെ തിട്ടപ്പെടുത്തിയുള്ളതാണെന്ന് പറയുവാൻ സാധിക്കും.

ഒരു ജനതയുടെ ഭാഷ സ്വത്വത്തിന്റെ അടയാളമാണ്. അതിനാൽ ഭാഷയെ കുറിച്ചുള്ള ബോധം സ്വത്വത്തെ കുറിച്ചുള്ള ബോധം കൂടിയാകുന്നു.ഓരോ ഭാഷണ സമൂഹവും അതിന്റേതായ സ്വത്വം നിലനിർത്തുന്നുണ്ട്. ഒരു ഭാഷയിലെ പദങ്ങൾക്ക് സംസ്കാരവുമായി ബന്ധമുള്ളതിനാൽ വാക്കുകളുടെ നഷ്ടം സാംസ്കാരിക നഷ്ടമായി കരുതേണ്ടിവരും. വാക്കുകളിലൂടെ സംസ്കാരവും ലോക ബോധവുമാണ് കൈമാറ്റം ചെയ്യപ്പെടുന്നത്. ഭാഷകളിലൂടെ ലോകബോധം മർദ്ദിത സമൂഹത്തിലേക്ക് കടന്നുവരുന്നത് ഇപ്രകാരമാണ്.

സാംസ്കാരിക അധിനിവേശത്താൽ രൂപപ്പെട്ട അബോധമായ തിരഞ്ഞെടുപ്പുകളിലൂടെ തുളു ഭാഷയിലെ പദങ്ങൾ നഷ്ടമാവുകയും അതീശത്വഭാഷയിലെ പദങ്ങൾ പ്രയോഗത്തിൽ വരികയും ചെയ്തു. തുളുവിൻമേൽ ആധിപത്യം ചെലുത്തിയിരുന്നത് കന്നഡ, മലയാളം, ഇംഗ്ലീഷ് എന്നീ ഭാഷാ സംസ്കാരങ്ങളാണ്. സാംസ്കാരികമായ ഈ അധിനിവേശ സ്വഭാവം ഭാഷയിലൂടെ മാത്രമായിരുന്നില്ല പ്രകടമായത്.കലാരൂപങ്ങളിലും മറ്റു സാംസ്കാരിക രൂപങ്ങളിലും ഇത് കാണാൻ സാധിക്കും.

തുളു ഭാഷാഭേദങ്ങളിൽ മാനകീകരണം നടക്കുന്നുണ്ട്. തുളു വിഭാഗങ്ങളിൽ ഭൂരിഭാഗവും ദളിത് വിഭാഗം ആയിട്ടുകൂടി ബ്രാഹ്മണതുളുവിനും മധ്യവർഗ്ഗ തുളുവിനും ലഭിക്കുന്ന പ്രാധാന്യം ദളിത് തുളുവിന് ലഭിച്ചില്ല. ആകാശവാണിയിൽ സംപ്രേഷണം ചെയ്യുന്ന മംഗലാപുരത്തിനടുത്തുള്ള മധ്യവർഗ വിഭാഗത്തിന്റെ തുളുവാണ് മാനകതുളുവായി പരിണമിച്ചത്.

വിവിധ കർണാടക രാജാക്കന്മാരുടെ അധിനിവേശം, ബ്രിട്ടീഷ് ആധിപത്യം, സ്വാതന്ത്ര്യാനന്തരം ഇന്ത്യയിൽ ഉണ്ടായ ഭാഷാ സംസ്ഥാനങ്ങളുടെ രൂപീകരണം മുതലായവ തുളുഭാഷയുടെ ശോഷണത്തിന് കാരണമായ ചരിത്ര സംഭവങ്ങളായി കണക്കാക്കാം. കന്നഡ ഭാഷയോടുള്ള തുളുവരുടെ വിധേയത്വം, സ്വഭാഷാസംസ്കാരങ്ങളെ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയെ പറ്റി തിരിച്ചറിവില്ലായ്മ, മലയാളികളുടെ സാംസ്കാരികമായ കടന്നുകയറ്റം മുതലായവയും തുളു സംസ്കാരത്തിന്റെ ശോഷണത്തിന് കാരണമായി കരുതാവുന്നതാണ്.

**കുറിപ്പുകൾ**

1. അകനാന്നൂറ്, പാട്ട് 15. "എമ് വെങ്കാമ...ചെമ്മർ കോചർ... പീലിത്തോകൈക്കാവിറ്റുളുനാട്ടന..."
2. KERALA GAZETTE. KL/TV(N) 634/2012-14. 28 January 2013 No: 231
3. വിഷ്ണുമൂർത്തി തെയ്യം. നെരിപ്പോടിൽ വീഴുന്ന ചടങ്ങോട്ടു കൂടിയത്
4. ചെറിയവർക്ക് മൂന്നുകൊള്ളി വലിയവർക്ക് പത്തുകൊള്ളി വേണം

**ഗ്രന്ഥസൂചി**

1. കേശവകൃഷ്ണ കുഡുവ 1994, ദക്ഷിണ കന്നടയുടെ ചരിത്രം, കാർക്കളം
2. ഗണേഷ് കെ എൻ 2017, ചരിത്രവും സാംസ്കാരിക ചരിത്രവും, സംസ്കാരപഠനം ചരിത്രം സിദ്ധാന്തം പ്രയോഗം, വള്ളത്തോൾ വിദ്യാപീഠം, ശുകപുരം.
3. പവിത്രൻ പി. 2017, സംസ്കാര പഠനത്തിന്റെ മൂന്നാം ലോക വഴി, സംസ്കാരപഠനം ചരിത്രം സിദ്ധാന്തം പ്രയോഗം, വള്ളത്തോൾ വിദ്യാപീഠം, ശുകപുരം.

4. ബാലൻ സി. 2008 കാസർഗോഡ് ചരിത്രവും സമൂഹവും, ജില്ലാ പഞ്ചായത്ത് കാസർഗോഡ്.
5. „ 2019 കാസർഗോഡിന്റെ തുളു സംസ്കാരം, ജില്ലാ പഞ്ചായത്ത് കാസർഗോഡ്.
6. രാഘവൻ സി 2003. തുളുനാടും ഭാഷയും നാട്ടറിവും., കേരള ഭാഷ ഇൻസ്റ്റിറ്റ്യൂട്ട് തിരുവനന്തപുരം.
7. വിവേക റൈ ബി. എ. 1985, തുളുജനപദ സാഹിത്യ, കന്നഡ സാഹിത്യ പരിഷത്ത്

**ആവേദകസൂചി**

1.പത്മനാഭൻ ബ്ലാത്തൂർ ( റിട്ട. അദ്ധ്യാപകൻ ), കുമ്പള, കാസറഗോഡ്

2. ഡോ. രാധാകൃഷ്ണ ബെള്ളൂർ (52) (അസോസിയേറ്റ് പ്രൊഫസർ, കന്നഡ വിഭാഗം, കാസർഗോഡ് ഗവൺമെന്റ് കോളേജ്)

3. സുജിത് (29 ) - തുളു തെയ്യം കലാകാരൻ- മംഗല്പാടി, മംഗല്പാടി പി ഒ, ഉപ്പള വഴി, കാസറഗോഡ്.

4. ശ്രീവിജയൻ എൻ. ആർ.(30)- തുളു തെയ്യം കലാകാരൻ -ബന്തടുക്ക ഹൗസ്, ബന്തടുക്ക, ചെങ്കള വഴി, കാസറഗോഡ്

5. സുന്ദര ബാറടുക്ക (50) - തുളു കവി, സാംസ്കാരിക പ്രവർത്തകൻ - കനകപ്പാടി, ബാറഡുക്ക, ബദിയഡുക്ക, കാസറഗോഡ്

vanajakvelayudhan@gmail.com

# പ്രകൃതിദർശനം: ഒ.എൻ.വി.കുറുപ്പിന്റെ ചലച്ചിത്രഗാനങ്ങളിൽ

**ദിവ്യ രാജ്**
ഗവേഷക, എസ്. എൻ കോളേജ്, കൊല്ലം

**പ്രബന്ധസംഗ്രഹം**

ഇരുപതാംനൂറ്റാണ്ടിലെ ജനപ്രിയസംഗീതമാണ് ചലച്ചിത്രഗാനങ്ങൾ. ആധുനിക യുഗത്തിൻറെ കലയായ സിനിമയുടെ കലാമൂല്യം വർദ്ധിപ്പിക്കാൻ അതിലെ ഗാനങ്ങൾ സഹായിച്ചിട്ടുണ്ട്. പാട്ട് കേവലം വികാരത്തിൻറെ ഭാഗം മാത്രമല്ല, സാംസ്കാരികാംശം കൂടിയാണ്. കഥാസന്ദർഭം ആവശ്യപ്പെടുന്നവിധം പന്ത്രണ്ട് വരിയിലൊതുങ്ങുന്ന സ്വരശില്പം എന്നതിൽക്കവിഞ്ഞ് ഭാവനയും കാലികാംശവും സാഹിത്യസാംസ്കാരിക സവിശേഷതകളുമെല്ലാം ചേർത്ത് സൃഷ്ടിക്കപ്പെടുന്നവയാണവ. വിവിധവിഷയങ്ങളെ തന്മയത്വത്തോടെ പ്രതിപാദിച്ച ഗാനമേഖലയിൽ പ്രകൃതിയെ വ്യത്യസ്ത സങ്കല്പങ്ങളിൽ സൗന്ദര്യാത്മകമായി ആവിഷ്കരിച്ചിട്ടുണ്ട്. ഹരിതമാനസനായ പ്രശസ്തഗാനരചയിതാവ് ഒ.എൻ.വി.കുറുപ്പിൻറെ ഗാനങ്ങളിലെ പ്രകൃതിദർശനത്തെ കണ്ടെത്തി വിശകലനം ചെയ്യുകയാണ് ഈ പഠനത്തിലൂടെ ലക്ഷ്യമാക്കുന്നത്.

**താക്കോൽവാക്കുകൾ**

ജനപ്രിയം, ചലച്ചിത്രഗാനം, പ്രകൃതി, ഗൃഹാതുരത്വം

മനുഷ്യന്റെയും സകലജീവജാലങ്ങളുടെയും നിലനില്പിനാധാരമാണ് പ്രകൃതി. മണ്ണും പുഴകളും നദികളും കടലും കാടും മരങ്ങളും കിളികളുമെല്ലാം ഈ വിശാലമായ കാഴ്ചപ്പാടിൻറെ ഭാഗമാണ്. ഇവയുടെ പാരസ്പര്യത്തിൽ നിന്നുയിർക്കൊണ്ട ഒരു സംസ്കാരമാണ് നമുക്കുണ്ടായിരുന്നത്. പ്രകൃതിയും അതിലെ ഓരോ ഘടകവും മനുഷ്യനും തമ്മിലുള്ള ബന്ധത്തിന് ഊന്നൽ നല്കുകയും ഈ ബന്ധത്തിൻറെ ആന്തരികചോദനകളെ പ്രകാശിപ്പിക്കുകയും ചെയ്യുന്ന ദർശനമാണ് പ്രകൃതിദർശനം. പ്രകൃതിയെ അതിൻറെ സമസ്തസൗന്ദര്യത്തോടും കൂടി ആവിഷ്കരിക്കുക എന്നതും ഈ ദർശനത്തിൻറെ ലക്ഷ്യമാണ്. ശക്തിയുടെ ഇരയോ ചൂഷണത്തിൻറെ വിഷയമോ മനുഷ്യൻ എന്ന യജമാനന് വിധേയമോ അല്ലാത്ത ഒരു പ്രകൃതിയെ കണ്ടെത്താനും ആ പ്രകൃതിബിംബത്തെ ആധാരമാക്കി പുതിയൊരു ജീവിതരീതി അന്വേഷിക്കാനും(1) ഉതകുന്ന ദർശനമാണത്. ഈ ദർശനത്തിന് മൂർത്തരൂപം നൽകുന്നവയാണ് കവിയും ഗാനരചയിതാവും പ്രകൃതിസ്നേഹത്തിൻറെ വക്താവുമായ ഒ.എൻ.വി.കുറുപ്പിൻറെ ഗാനങ്ങൾ. പ്രകൃതി

യെ വ്യത്യസ്ത കാഴ്ചപ്പാടുകളിൽ വ്യാഖ്യാനിക്കാവുന്ന ആശയതലങ്ങൾ ഒ.എൻ.വി. ഗാനങ്ങളിൽ അന്തർലീനമായിട്ടുണ്ട്. അതിനെ ആഴത്തിൽ തൊട്ടറിഞ്ഞ കവിഭാവന അനുവാചകരിലേക്കും സംക്രമിച്ചതിന് നിരവധി ഉദാഹരണങ്ങൾ അദ്ദേഹത്തിന്റെ ഗാനങ്ങളിൽ കണ്ടെത്താവുന്നതാണ്.

കുട്ടിക്കാലം മുതൽക്കേ പ്രകൃതിനിരീക്ഷകനും പ്രകൃത്യാരാധകനുമായിരുന്ന ഒ.എൻ.വി.കുറുപ്പ്. പ്രകൃതിയോട് അങ്ങേയറ്റം ആദരവ് പുലർത്തിയ കവിയ്ക്ക് അവിടം ആത്യന്തികമായ അഭയസ്ഥാനമായിരുന്നു. രാധാമാധവം എന്ന ചിത്രത്തിനു വേണ്ടി രചിച്ച

പ്രകൃതീ സൗന്ദര്യവതീ നീയാം
അഭയം തിരയും പഥികൻ വരവായ്

ഹൃദയാഞ്ജലിയോടെ എന്ന ഗാനം അത് വ്യക്തമാക്കുന്നു. മനുഷ്യൻ തന്റെ സുഖവും സന്തോഷവും സമാധാനവും കണ്ടെത്തുന്നത് പ്രകൃതിയിലാണെന്ന ചിന്തയാണ് അതിനടിസ്ഥാനം. പ്രാപഞ്ചികസൗന്ദര്യം മുഴുവൻ പ്രകൃതിയിൽ ദർശിക്കാനാണ് കവിഭാവന താല്പര്യപ്പെടുന്നത്. പൂക്കളും കാടും മരങ്ങളും കടലും കിളികളും കാവ്യാത്മകശോഭയോടെയാണ് ആ ഗാനങ്ങളിൽ പ്രത്യക്ഷപ്പെടുന്നത്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

പാതിവിരിഞ്ഞൊരു പനിനീർപ്പൂവുമായി
വാതിലിൽ വന്നു നിൽക്കുന്നൊരു വസന്തം (നിശാഗന്ധി)

വയണപ്പൂ ചൂടുന്ന കാടേതോ
വാസന്തിപ്പൂ ചൂടുന്ന കാവേതോ (സ്വപ്നം)

ചന്ദനം കടഞ്ഞെടുത്ത
പാദുകങ്ങൾ ചാർത്തി
ചഞ്ചലിതപാദയായ്
ഓമനേ വരുമ്പോൾ
ഈ മരങ്ങൾ പൂചൊരിയാൻ
കാത്തുനിൽക്കും പോലെ
ഈ ഹരിതഛായകൾ
പാട്ടുപാടുംപോലെ (ലയം)

സരോവരം പൂചൂടി എൻ
സഖീ നിന്നേപ്പോലെ (മുഹൂർത്തങ്ങൾ)

മാടപ്രാവേ വാ ഒരു കൂട്ടുകൂട്ടാൻ വാ (മദനോത്സവം)

പ്രകൃതിസൗന്ദര്യത്തിൽ നിമഗ്നനായ കവി മനോഹരങ്ങളായ പ്രകൃതിദൃശ്യങ്ങളെ അനുഭവങ്ങളാക്കിപ്പരിവർത്തിപ്പിക്കും വിധമുള്ള ഗാനങ്ങൾ രചിച്ചുകാണുന്നുണ്ട്. സന്ധ്യ എന്ന പ്രകൃതിപ്രതിഭാസത്തെ മനോഹരഭാവനയിലൂടെ ആവിഷ്കരിക്കുകയാണ്.

വാതിൽപ്പഴുതിലൂടെൻമുന്നിൽ കുങ്കുമം
വാരിവിതറും ത്രിസന്ധ്യപോകേ (ഇടനാഴിയിൽ ഒരു കാലൊച്ച) എന്ന ഗാനത്തിൽ. കുങ്കുമവർണ്ണാഭമായ സന്ധ്യാകാശത്തെയാണ് കുങ്കുമം വാരിവിതറും ത്രിസന്ധ്യ എന്ന കൽപ്പനയിലൂടെ കവി സൂചിപ്പിക്കുന്നത്.

പ്രകൃതിയെയും അതിൻറെ സൂക്ഷ്മഭാവങ്ങളെയും ഗാനങ്ങളിൽ സന്നിവേശിപ്പിക്കുന്നതിൽ ഒ.എൻ.വി.കുറുപ്പ് വിജയിച്ചിട്ടുണ്ട്.

ഈറനാം വെൺനിലാവിൻ പൂമ്പുടവയഴിഞ്ഞൂ
ഈ നദിതൻ പുളിനങ്ങൾ
ചന്ദനക്കുളിരണിഞ്ഞു (നഖക്ഷതങ്ങൾ)

നിളയിൽ നീരാടാനിറങ്ങിയ നിലാവെന്ന പെൺകിടാവിൻറെ സൂക്ഷ്മചിത്രമാണ് ഗാനഭാഗത്ത് ഒ.എൻ.വി. വരച്ചുകാട്ടുന്നത്. പ്രകൃതിചിത്രങ്ങളിൽ അഭിരമിക്കുന്ന ജീവിതാനുഭവമാണ് കവിയെക്കൊണ്ട് ഇപ്രകാരം എഴുതിക്കുന്നത്. ഗാനം ദൃശ്യാനുഭൂതിയായി മാറുകയാണിവിടെ.

മലയാളിയുടെ കാല്പനികഭ്രമത്തെ ഫലപ്രദമായി പോഷിപ്പിച്ചത് ചലച്ചിത്രഗാനങ്ങളാണ്. നവകാല്പനികതയിലേക്കുള്ള മലയാളഗാനങ്ങളുടെ ചുവടുവെയ്പിനാണ് അതോടെ തുടക്കമായത്. ചങ്ങമ്പുഴയുടെ കാവ്യസങ്കല്പങ്ങളിലെ കാല്പനികഭാവനയെ ഏറെക്കുറെ ഗാനങ്ങളിലേക്ക് കൊണ്ടുവരാൻ ഒ.എൻ.വി.കുറുപ്പ് ശ്രമിച്ചിട്ടുണ്ട്. പ്രകൃതിയിലേക്ക് മടങ്ങുക എന്ന കാല്പനികചിന്തയെ സർവ്വാത്മനാ സ്വീകരിച്ച വ്യക്തിത്വമാണ് ഒ.എൻ.വി. പ്രകൃതിയോടിണങ്ങി നിൽക്കുന്ന സാധാരണജീവിതമാണ് അദ്ദേഹം ആഗ്രഹിച്ചത്. നാഗരികതയും വ്യവസായവൽക്കരണവും ചേർന്ന സൃഷ്ടിച്ച അസംതൃപ്തമായ ജീവിതം ഗ്രാമജീവിതത്തിൻറെ സ്വച്ഛശീതളിമയിലേക്ക് മടങ്ങാൻ അദ്ദേഹത്തിന് പ്രേരണ നല്കി.

എന്റെ ബാല്യകാലസ്മൃതികളിലെ ഗ്രാമം മരിച്ചുപോയി. ഒരു ക്യാമറകൊണ്ടും അതിൻറെ ചിത്രം ഇനി പകർത്താനാവില്ല. പുറംകാഴ്ചകൾമാത്രമല്ല, അന്നത്തെ മനുഷ്യബന്ധങ്ങൾ, മണ്ണും മരങ്ങളും മനുഷ്യരുമായുള്ള ബന്ധങ്ങൾ, സ്ഥായിയും സഞ്ചാരിയുമായ മാനസബന്ധങ്ങൾ ഒക്കെ മാറിപ്പോയിരിക്കുന്നു. ഇത് കാല്പനികദു:ഖമല്ല; നേര് നേരെ പറയുന്നതാണ്.(2) ഈ നഷ്ടബോധമാണ് പ്രകൃതിയെ ഗാനങ്ങളിലൂടെ വാഴ്ത്തിപ്പാടാൻ കവിയ്ക്ക് പ്രേരണയായത്.

ഗൃഹാതുരത്വം പകരുന്ന പ്രകൃതിബിംബങ്ങളുടെ മൂർത്താവിഷ്കാരമായി ചില ഒ.എൻ.വി.ഗാനങ്ങളെ വിലയിരുത്താം.

പ്രാവിണകൾ കുറുകുന്ന കോവിലിൽ വെച്ചോ
പാവലിനു നീർപകരും തൊടിയിൽ വെച്ചോ
ആദ്യം അന്നാദ്യം ഞാൻ കണ്ടു നിന്നെ (ചില്ല്)

മുത്തുപൊഴിയുന്ന പുത്തിലഞ്ഞിച്ചോട്ടിൽ
എത്തുന്ന പെൺകിടാവേ.. (ചൈതന്യം) തുടങ്ങിയവ ചില ഉദാഹരണങ്ങൾമാത്രം. പ്ലാവിലത്തളികയിൽ പാൽപ്പായസമുണ്ണാനും ചെങ്കദളിക്കുമ്പിൽ ചെറുതുമ്പിയായി തേനുണ്ണുവാനും കാറ്റിനോടു യാചിച്ച് മാമ്പഴം വീഴ്ത്തുവാനും തൊടികളിൽ കളിയാടാനും ഇലഞ്ഞിച്ചോട്ടിൽ മലർമുത്തുകോർക്കാനും (പവിത്രം) ആഗ്രഹിക്കുന്നത് വാസ്തവത്തിൽ ഒ.എൻ.വി.യുടെ കാല്പനികമനസ്സ് തന്നെയാണ്.

പ്രകൃതിസൗന്ദര്യകുതുകിയായ ഒ.എൻ.വി. മനോഹരമായ ചില ഇമേജറികളുടെ സാധ്യത കൂടി അതോടൊപ്പം ചേർത്തുവയ്ക്കാൻ ശ്രമിക്കുന്നുണ്ട്. അഞ്ജനക്കുളിർക്കൽപ്പടവു കയറിവരുന്ന അമ്പിളിയും ചുരുൾവെറ്റില തിന്നു തുടുത്ത പൊന്നുഷകന്യകളും രചയിതാവിൻറെ ഭാവനാസമ്പന്നതയിൽ വിടർന്ന ഇമേജറികളാണ്.

കാവ്യോചിതസങ്കല്പങ്ങളെ പ്രകൃതിയുമായി കൂട്ടിയിണക്കി ആലങ്കാരികബദ്ധമായി അവതരിപ്പിക്കുന്ന ഗാനസന്ദർഭങ്ങൾക്കുദാഹരണം ഒ.എൻ.വി.ഗാനങ്ങളിലുണ്ട്. അവ ചുവടെ ചേർക്കുന്നു.

ആത്മസുഗന്ധമൊളിപ്പിച്ചു വയ്ക്കാനാകാത്ത പൂവുപോലെ
കണിക്കൊന്നപോലെ കണ്ടുനിന്നെ കാതരേ

പ്രകൃതിയിൽനിന്നുയിർക്കൊണ്ടതാണ് അമ്മദൈവസങ്കല്പം. പ്രകൃതിപ്രതിഭാസങ്ങളെയും അമാനുഷികശക്തികളെയും ആരാധിച്ചിരുന്ന മനുഷ്യൻ പരിവർത്തനഘട്ടത്തിൽ ആരാ

ധനാമൂർത്തികൾക്ക് ബിംബാത്മകത്വം നൽകിയപ്പോൾ സ്ത്രീരൂപങ്ങളാണ് കൈക്കൊണ്ടത്. സൃഷ്ടിയും സ്ഥിതിയും നടത്തുകയും മനുഷ്യപ്രവൃത്തികളാൽ ചിലപ്പോൾ സംഹാരമൂർത്തിയാകുകയും ചെയ്യുന്ന പരിണാമം പ്രകൃതിയിൽ ദർശിക്കാം. പ്രസാദിപ്പിച്ചാൽ സന്തുഷ്ടയും നോവിച്ചാൽ കരാളരൂപിയുമാകുന്ന അമ്മ, ഒരേ സമയം ഭദ്രയും കാളിയുമാകുന്ന ഈ സങ്കല്പം പ്രകൃതിയല്ലെങ്കിൽ മറ്റെന്താണ ്(3) എന്ന ചോദ്യപ്രസ്താവന ഈ വീക്ഷണത്തെ ബലവത്താക്കുന്നു. ചുരുക്കത്തിൽ പ്രകൃതിയെത്തന്നെയാണ് അമ്മദൈവസങ്കല്പങ്ങളും പ്രതിനിധീകരിക്കുന്നത്. പ്രകൃതിയെ അല്ലെങ്കിൽ സ്ത്രീയെ ഉപാസിക്കുന്ന ഈ കാവ്യഭാവനയാണ്

കാവിലമ്മേ, അമ്മേ കാവിലമ്മേ!
കാളിയമ്മേ, അമ്മേ കാളിയമ്മേ
കളമെഴുതി കൈകൂപ്പി മുടിയാട്ടം തുള്ളുമീ
കന്യകളെ കൈക്കൊള്ളണമേ (കാവിലമ്മ) എന്ന കാളീപ്രകീർത്തനത്തിലും പ്രതിഫലിക്കുന്നത്. നന്മയും സമൃദ്ധിയും നൽകുന്ന കാവിലമ്മയെ സ്തുതിക്കുന്നതിലൂടെ പ്രകൃതിയെ ഉപാസിച്ചിരുന്ന ആർഷഭാരതസംസ്കാരത്തിൻറെ മഹത്വത്തെ പിന്തുടരാനാണ് ഒ.എൻ.വി.കുറുപ്പും ശ്രമിക്കുന്നത്.

ആദികാലംമുതൽക്കേ ചൂഷണത്തിനിരയാകുന്ന വിഭാഗങ്ങളെന്ന നിലയിൽ സ്ത്രീയും പ്രകൃതിയും സമാനത പുലർത്തിയിരുന്നു. കുടുംബത്തിൻറെ അടിസ്ഥാനം സ്ത്രീയാണെങ്കിൽ പ്രപഞ്ചത്തിൻറെ മൂലാധാരം പ്രകൃതിയാണ്. സൈലൻറ്വാലി പോലുള്ള പ്രകൃതിസംരക്ഷണപരിപാടികളുടെ ഭാഗമായി പ്രവർത്തിക്കുകയും സ്ത്രീവിമോചനത്തിൻറെ ആശയാവലികൾ സമൂഹത്തിലേക്കെത്തിക്കുവാൻ ശ്രമിക്കുകയും ചെയ്ത വ്യക്തിത്വമാണ് ഒ.എൻ.വി. കുറുപ്പ്. പരസ്പരപൂരകങ്ങളായ പ്രകൃതിയെയും സ്ത്രീയെയും ബന്ധപ്പെടുത്തി വ്യത്യസ്തഭാവനകൾ ഗാനരചയിതാവ് രൂപപ്പെടുത്തി. എന്റെ കടിഞ്ഞൂൽപ്രണയകഥയിലെ പെൺകൊടീ എന്നാരംഭിക്കുന്ന ഉൾക്കടലിലെ ഗാനത്തിൽ പെണ്ണിൻറെ അനുഭവങ്ങൾ പ്രകൃതിപ്രതിഭാസങ്ങളുമായി ബന്ധപ്പെടുത്തി ഗാനരചയിതാവ് ആവിഷ്കരിക്കുന്നു. വേനൽ അവളുടെ ചുടുനിശ്വാസധാരയാണ്, നിർവൃതിയാണ് പൂക്കാലം, ജലക്രീഡാലഹരിയാണ് വർഷം, അവളുടെ കുളിരാണ് ഹേമന്തത്തിലെ കുളിർമ്മ. ഇവിടെ പെണ്ണിലെ സൂക്ഷ്മഭാവങ്ങൾക്കും ഋതുഭേദങ്ങൾക്കും സമാനത കണ്ടെത്തുകയാണ് ഒ.എൻ.വി.കുറുപ്പിലെ കാവ്യഭാവന.

പ്രകൃതിയിലെ മനോഹരബിംബങ്ങളിൽ സ്ത്രീത്വം വിഭാവന ചെയ്യുന്ന നിരവധി ഒ.എൻ.വി .ഗാനങ്ങളുണ്ട്. അനിമിസം എന്ന് ആംഗലവിമർശകർ പേരിട്ടിട്ടുള്ള ഈ പ്രവണത പ്രകൃതിയിലെ വസ്തുക്കളിൽ മനുഷ്യത്വം അധ്യാരോപിക്കുന്ന കേവലവിനോദമല്ല. കവിഭാവന പ്രകൃതിയോട് അടുത്തുവരുമ്പോൾ സംഭവിക്കുന്ന ഒരു വൈകാരിക പ്രക്രിയയാണതെന്നു പറയാം .(4) കവി പ്രകൃതിയിൽ മുഗ്ധനായിത്തീരുമ്പോൾ സംഭവിക്കുന്ന ഒരു സ്വാഭാവികവൈകാരിക സമീപനമാണിതിനു നിദാനം. മനുഷ്യൻറെ വികാരങ്ങൾ പ്രകൃതിയിൽ കാണുമ്പോൾ പ്രകൃതി മനുഷ്യനൊപ്പം സന്തോഷിക്കുകയും വിഷാദിക്കുകയും ചെയ്യുന്നു. പുഴയെ അഴകുള്ള പെണ്ണായി കാണുന്നതും ( പുഴയോരഴകുള്ള പെണ്ണ് ..... - എൻറെ നന്ദിനിക്കുട്ടിക്ക്) മലയെ സ്ത്രീയായി, അമ്മയായി കാണുന്നതും ( തെന്മലയുടെ മുലചുരന്നേ.... - സർവ്വേക്കല്ല്) ഈ കാഴ്ചപ്പാടിൽത്തന്നെ.

പ്രകൃതിയേയും സ്ത്രീയേയും ഉപമിച്ചുകൊണ്ടുള്ള രചനാരീതിയ്ക്കടിസ്ഥാനം അവയുടെ സഹജസ്വഭാവങ്ങളാണ്. പാരിസ്ഥിതികഘടകമായ മണ്ണിനെ സ്ത്രീയുമായി ബന്ധപ്പെടുത്തി ഗാനരചന നടത്തിയ ഒ.എൻ.വി പുതുതലമുറയ്ക്കു ജന്മം നൽകുന്ന സ്ത്രീയുടെ മാതൃത്വസവിശേഷതയാണ് പുതുനാമ്പിന് പിറവികൊടുക്കുന്ന മണ്ണിലും സങ്കല്പിക്കുന്നത്.

ഈ മണ്ണ് നമ്മുടെ മണ്ണ് മണ്ണല്ലിതുപൊന്ന്
ഈ മണ്ണ് നല്ല മണ്ണൊരു കന്നിയിളംപെണ്ണ ് (പുറപ്പാട്) എന്ന ഗാനം ഇതിനുദാഹരണമാണ്. പ്രകൃതിയുടെയും പെണ്ണിൻറെയും ഉർവരതാ സ്വഭാവത്തെ മുൻനിർത്തി മണ്ണും

പെണ്ണും എന്നൊരു പ്രയോഗംതന്നെയുണ്ട്.

ഓരോ പ്രകൃതിഘടകവും നായികയോട് കുശലാന്വേഷണം നടത്തുന്ന കാഴ്ചയാണ്.
നിൻകഴൽതൊട്ടും മൺതരികളും
മംഗലനീലാകാശവും
കുശലംചോദിപ്പൂ നെറുകിൽ തഴുകി
കുളിർപകരും പനിനീർക്കാറ്റും (സുഖമോ ദേവി) എന്ന ഗാനഭാഗത്തുള്ളത്. നായികയുടെ പാദസ്പർശമേറ്റ മൺതരികളും ആകാശവും നെറുകയിൽ തഴുകി കുളിർപകരുന്ന പനിനീർക്കാറ്റുമെല്ലാം അവളോട് കുശലാന്വേഷണം നടത്തുന്നതായി ഗാനരചയിതാവെഴുതുന്നു. പ്രകൃതിയും സ്ത്രീയും തമ്മിലുള്ള പരസ്പര സ്നേഹത്തെയും സഹവർത്തിത്വത്തെയും പരാമർശിച്ചുകൊണ്ട് വസുധൈവകുടുംബകം എന്ന വേദാന്തചിന്തയെ വിളംബരം ചെയ്യുകയാണ് ഗാനരചയിതാവിൻറെ ലക്ഷ്യം.

മനുഷ്യവികാസത്തിന്റെ പരിണാമദശയിലുണ്ടായ ശാസ്ത്രപുരോഗതിയും ജീവിതാവസ്ഥകളിലുണ്ടായ വ്യതിയാനങ്ങളും പ്രകൃതിചൂഷണങ്ങളിലേക്ക് നയിച്ചു. ഉപഭോഗ സംസ്കാരം പ്രകൃതിയുടെ മുഖച്ഛായ തന്നെ മാറ്റിമറിച്ചു. പരിഷ്കാരത്തിൻറെയും വികസനത്തിൻറെയും പേരിൽ പ്രകൃതിയെ കടന്നാക്രമിക്കുന്ന മനുഷ്യൻറെ സമീപനം നിമിത്തം പ്രകൃതിയുടെ ഭംഗിയും സന്തുലിതാവസ്ഥയും കോട്ടംതട്ടാനിടയായി. ഭൂമിയുടെ നാഡീഞരമ്പുകളായ നദികളും പുഴകളും വറ്റിവരണ്ടു. അതിൻറെ ഭീതിദമായ ദൃശ്യവത്ക്കരണമാണ് അമ്മേ നിളാദേവീ.... (ഭൂമിഗീതം) എന്നാരംഭിക്കുന്ന ഒ.എൻ.വി.ഗാനം. നിളയുടെ പൂർവകാലസമൃദ്ധിയാണ് ഗാനത്തിൻറെ ആദ്യഭാഗത്തെ പ്രസ്താവ്യം. അമ്മയായി, ദേവിയായി നദിയെ കാണുന്നത് നമ്മുടെ സംസ്കാരത്തിൻറെ ഭാഗമാണ്. നിളയെന്ന അമ്മയുടെ മടിത്തട്ടിൽ നീന്തിത്തുടിച്ചതിൻറെ ഗൃഹാതുരസ്മരണ ഗാനത്തിൻറെ ആദ്യഭാഗത്ത് നിറയുന്നു. കുഞ്ചൻറെയും തുഞ്ചൻറെയും കാവ്യലോകത്തിൻറെ പശ്ചാത്തലമായതും കലയുടെ കേളീവിലാസമായതും നിളാതീരമാണ്. കലയും സംസ്കാരവും വളർന്നതും വികസിച്ചതും നിളയുടെ മടിത്തട്ടിലാണ്.

കാലാന്തരത്തിൽ നിളയ്ക്കുണ്ടായ ദയനീയാവസ്ഥയാണ്.

പിച്ച നടത്തിയൊരമ്മ ദരിദ്രയായ് പിച്ച യാചിപ്പൂ കുടിനീർ
ഇറക്കുവാൻ
നിൽപ്പുവിശക്കുന്ന മക്കളേ പോലവേ...
ദിക്കുകൾ നാലും വിഷാദമാർന്നിതാ

മനുഷ്യന്റെ ചൂഷണം നിളയുടെ സ്വാഭാവികതയെ തകർത്തെറിഞ്ഞു. വറ്റിവരണ്ട നദിയുടെ അവസ്ഥയിൽ ദിക്കുകൾ പോലും വിഷാദമൂകമായി. മക്കളെ പിച്ച നടത്തിയ അമ്മ, അതേ മക്കളുടെ പ്രവൃത്തികളാൽ കുടിനീരിനായി യാചിച്ചുനിൽക്കുന്ന അവസ്ഥയിലെത്തി. നിളാനദിയെ സംരക്ഷിക്കേണ്ടതിൻറെ ആവശ്യകതയാണ് കവി ഇവിടെ ഊന്നിപ്പറയുന്നത്. കേരളത്തിൻറെ നിളയും പേരാറും വരണ്ടുണങ്ങുമ്പോൾ നമ്മുടെ സംസ്കാരത്തിൻറെ വിശാലതടങ്ങളാണ് വന്ധ്യമാവുന്നതെന്ന തിരിച്ചറിവ് നമുക്കുണ്ടാവട്ടെ!(5) എന്ന് ഗാനരചയിതാവ് നമ്മെ ഓർമ്മപ്പെടുത്തുന്നു. പരമ്പരാഗത നാടോടി സംസ്കാരത്തിൻറെ നഷ്ടമാണ് ഇത്തരം ചൂഷണങ്ങളിലൂടെ സംഭവിച്ചത്. ക്രാന്തദർശിത്വമില്ലാത്ത മനുഷ്യചെയ്തികളാണ് അതിനു കാരണം. നമ്മുടെ മൂല്യബോധത്തിനേറ്റ തകർച്ച കൂടിയാണിത് സൂചിപ്പിക്കുന്നത്. നിള അമ്മയാണ്. പ്രകൃതിയെ സ്വാർത്ഥതാല്പര്യാർത്ഥം ഉപയോഗിക്കുകയും വരുതിയിൽ നിർത്താൻ ശ്രമിക്കുകയും ചെയ്ത മനുഷ്യസംസ്കാരം തന്നെയാണ് സ്ത്രീയെ അധീനയാക്കി നിർത്താൻ ശ്രമിക്കുന്ന പുരുഷമേധാവിത്വത്തിലും പ്രതിഫലിക്കുന്നത്. സ്ത്രീയും പ്രകൃതിയും വിധേയത്വത്തിൻറെ പ്രതീകങ്ങളായിത്തീരുന്നു. അവയുടെ മോചനം കവിയുടെ ആത്യന്തികസ്വപ്നമായിമാറുന്നു. കാലങ്ങൾക്കുമുമ്പേ ഭൂമിയ്ക്കു ചരമഗീതം പാടി ദീർഘദർശനം ചെയ്ത കവിഭാവനാണ് ഈ ഗാനത്തിലും വർത്തിക്കുന്നത്.

പരിസ്ഥിതിബോധത്തിലേക്ക് മനുഷ്യരെ നയിക്കാനുള്ള ഉണർത്തുപാട്ടുകളാണ് ഒ.എൻ.

വി.കുറുപ്പിൻറെ കവിതകളും ഗാനങ്ങളും. ആദിമമനുഷ്യൻറെ പ്രകൃതിസ്നേഹം പരിഷ്കാരത്തിൻ റെ പടവുകയറുന്ന ഇന്നത്തെ മനുഷ്യന് നഷ്ടമായിക്കൂടാ എന്ന നിർബന്ധം കവിയ്ക്കുണ്ടായിരു ന്നു. സസ്യജന്തുമനുഷ്യപ്രകൃതികളുടെ പരസ്പരാശ്രയത്വും ആഭിമുഖ്യവും കൈമോശം വരുത്ത രുതെന്ന് ഒ.എൻ.വി.യിലെ പ്രകൃതിസ്നേഹി ആഗ്രഹിച്ചിരുന്നു. പ്രകൃതിയെ അറിയാനും സ്നേഹി ക്കാനും അതിൻറെ സാരള്യവും സമൃദ്ധിയും വീണ്ടെടുക്കാനുമുള്ള ഉദ്ബോധനമാണ് പ്രകൃതി വിഷയകമായ ചലച്ചിത്രഗാനങ്ങളുടെ രചനയിലൂടെ ഒ.എൻ.വി.കുറുപ്പ് ലക്ഷ്യമാക്കുന്നത്.

ഗ്രന്ഥസൂചി


1. മധുസൂദനൻ, ജി. (എഡി), 2015, ഹരിതനിരൂപണം മലയാളത്തിൽ, തൃശ്ശൂർ, കറൻറ് ബുക്സ്.
2. ശെൽവമണി, കെ.ബി (എഡി) 2012, ഒ.എൻ.വി. പഠനം സംഭാഷണം ഓർമ്മ കോഴിക്കോട്, ഒലീവ് ബുക്സ്.്
3. ജാൻസി ജെയിംസ് (ഡോ.) (എഡി) 2000, ഫെമിനിസം, തിരുവനന്തപുരം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.
4. ഹൃദയകുമാരി, ബി. (2013), കാല്പനികത, കോഴിക്കോട,് മാതൃഭൂമി ബുക്സ്.
5. കുറുപ്പ് ഒ.എൻ.വി., (2015) പോക്കുവെയിൽ മണ്ണിലെഴുതിയത്, തിരുവനന്തപുരം, ചിന്ത പബ്ലിഷേഴ്സ്.


divyarajkylm@gmail.com

# V
# Science and Technology

# SEA WRACK: A MARINE MACRO COMMUNITY

**Sany Mary Benjamin**
Assistant Professor,
Department of Zoology, Baselius College,Kottayam
**Dr.Rejitha V**
Assistant Professor,
Department of Zoology, Baselius College,Kottayam
**Dr. Anit M Thomas**
Assistant Professor,
Department of Zoology, Baselius College,Kottayam
**Uma Surendran**
Assistant Professor,
Department of Zoology, Baselius College,Kottayam

## ABSTRACT

Sea wrack constitutes washed up marine flora on the shore and the accumulated vegetation on the surf zone. Though most of the floral components of the wrack are familiar and well-studied, the wrack ecosystem has its unique features. The formation of a wrack zone depends on numerous factors including wave action and the substratum of the shore. The wrack ecosystem can supplement the growth and development of marine and intertidal organisms. Wracks have an important role in the marine food chain too. Though wracks are treated as a bulk pollutant in a few commercialized beaches efforts to study and conserve the wrack ecosystem have been continuing around the globe.

**Keywords**

Sea wrack, Beach wrack, Wrack Bed, Surf zone, Breaker zone, Cobble beaches, Sea grass

## INTRODUCTION

Sea wrack also called beach wrack is a community in itself. This article exclusively focuses on the wrack beds of seashore and Surf zone (Breaker zone) composed of marine vegetation washed onto the shore with waves or tides. The term wrack zone refers to the coastal line where wrack is deposited on a beach. Sea wrack is a rich source of nourishment for organisms depending on it making it an integral part of the marine food chain. Sea wracks are considered a marine subsidy like bird guano (excrement from marine birds) by acting as a channel to transport nutrients from the ocean to the terrestrial ecosystem (Wickham et al., 2020). Dennert and co-workers (2023) have reported the effect of marine-derived nutrients on the wildflower traits in a coastal meta-ecosystem. They used rockweed, a usual component of sea wrack, in the study and found that rockweed along with salmon carcass caused an increase in the leaf area of silverweed, an increase in floral display size of Douglas' aster and Common Red Paintbrush and more seed production in Yarrow. A study on the composition and abundance of macroinvertebrates present in wrack has been conducted at the high latitudes of Alaska at Kachemak Bay. The study found secondary succession in settled as well as drifting wracks (Ulaski et al., 2023).

Wracks have a role in keeping the shore topography intact by providing a support structure for sand. Dune formation can be aided by beach wrack since the wrack can trap nourishment for dune plants (Hooton et al., 2016). Studies have shown that wracks are composed of benthic vegetation in the local marine habitat. This makes it possible for the investigators to have information on the phytobenthic community by studying the shore wrack (Suursaar et al., 2014). The composition of wracks in different locations varies according to the diversity in marine vegetation of these locations (Wickham et al., 2020).

Wrack accumulation patterns depend on many factors including near-shore hydrodynamics (wave action), buoyancy of the wrack as well as the type and geography of beaches (Suursaar et al., 2014; Hyndes et al., 2022). A scientific investigation conducted along a shoreline in British Columbia points out that cobble beaches (beaches made up of volcanic matter) accumulated more wrack (Orr et al., 2005).

Despite all the advantages, beach wrack has been treated as a menace in a few geographical localities with investigations still going on to alleviate this environmental problem utilizing morphological models and sustainable management strategies (Oldham et al., 2010; Pattiaratchi & Wijeratne, 2019).

## DONOR SPECIES

As mentioned earlier the wrack composition is dependent on the local marine vegetation. A study conducted at three locations of the Northern Baltic Sea (An extension of the Atlantic Ocean) shows that the algae *Fucus vesiculosus* was present abundantly in the accumulated wracks. The Seagrass *Posidonia oceanica* forms a major chunk of the beach cast along the Mediterranean coast of Egypt, which was initially considered a waste and hence periodically removed (Shabaka et al., 2021). In coastal British Columbia, a study on a total of 455 sites across 101 islands found

that the wrack was dominated by different species of algae including *Zostera marina*, *Fucus distichs, Macrocystis porifera, Nereocystis luetkeana* etc. (Wickham et al., 2020). The Geographe Bay in Western Australia attracts sea wrack chiefly comprising *Posidonia sinuosa* and *Amphibolis antartica.* Though this wrack system is short-lived, a study claimed that a portion of it is permanently accumulated in a few locations along the bay (Oldham et al., 2010). Reports based on a study along the coast of North Portugal (Guerrero-Meseguer et al., 2020) showed an accumulation of *Fucus* spp on its sandy beaches.

An article in a leading daily ("Seagrass Washes up on Kovalam Beach," 2021) speaks about sea grass washing up on Kovalam Beach in Trivandrum District of Kerala. Two species present in the cast, *Oceana serrulata and Syringodium isoetifolium* have been identified by experts.

The species composition of wracks depends on the substratum of the beach as shown in a work conducted along the Barkley Sound shoreline of British Columbia. In Cobble beaches, prominent species of the wrack are *Macrocystis integrifolia* while *Nereocystis luetkeana* dominated the gravel beach wrack. *Phyllospadix spp*. and *Enteromorpha spp*. were prominent in the wrack of *sandy beaches Ulva spp* has also been reported (Orr et al.,2005).

## WRACK FAUNA

A field trial conducted in Southern California (Michaud et al., 2019) showed that a group of four species of talitrid amphipods depended heavily on experimental kelp wrack patches for food and shelter. The invasive amphipod *Platorchestia platensis* has been observed in the wrack beds along some regions of Northwest European coast. The wrack beds in addition to other substrata have also helped in the secondary dispersal of these amphipods (Simpson, 2011).

A work conducted in Alaska shows more Coleopteran and Dipteran diversity associated with sea wracks compared to the bare sediment shore. (Ulaski et al., 2023). Beach wracks containing algae attracted more Coleopteran diversity when wracks were artificially added to an intertidal beach ecosystem in the North coast of Sao Paulo state, Brazil. The increased Coleopteran populations in these wracks were especially because of the algae *Phaleria testacea* (Laurino et al., 2023).

There are reports of fish population depending on wrack to complete their life cycle. Analysis of fish fauna in the surf zones of two sandy beaches of Shoalwater Bay and Hillarys shows that the abundance of two fish species (*Pelsatia humerals* and *Cnidoglanis macrocephalous*) increased with the growing wrack volume of both sites (Crawley et al., 2006). Bussotti and team (2022) focused on the fish habitats created by *Posidonia oceanica* deposits in the surf zone of three shores at three different locations along Sardinia Island located in the Mediterranean Sea. The study showed that seven taxa of fish used the wrack beds exclusively in these locations for food and shelter during a few phases in their life cycle. The fish population was numerically abundant in the wrack beds compared to the bare sand of the surf zone. *Diplodus sargus, D.vulgaris and Mullussur muletus* were the most abundant species.

Macro organisms depending on wracks comprised >37 % of the species present in a subset of 15 exposed Californian beaches. The wracks present in these ungroomed beaches received major input from giant kelps, making the intertidal species richness of these beaches primarily dependent on the kelp wrack. The population of two shore birds on these beaches, *Pluvialis squatarola* and *Charadrius alexandrines nivosus* increased with the standing crop of wrack and its invertebrate residents (Dugan et al., 2003). The arrival of migratory shore birds in Artic nesting areas often corresponds with the melting of ice that makes resources including food, available. The predatory birds relied on invertebrates residing in the wracks. Winters often lead to the freezing of these wracks which in turn diminishes the fauna in it and this has affected the avian population of the nesting grounds (Ely et al., 2018). Similarly, the population of Purple Sandpipers on the island of Helgoland (German Bight) depended on the abundance of kelp fly larvae residing on wracks on this island (Dierschke, 2004).

## WRACK CONSERVATION

Though sea wrack is considered a marine subsidy, the effect of accumulating wrack on the shore resulting in a gradual loss of shore integrity has been investigated too (Coastal Management, 2022). Piles of decomposing wrack can negatively impact marine tourism and will disrupt the free movement of shore animals. Along the coast of Southwestern Australia, discussions on effective measures to remove heaps of rotting wrack is ongoing. The inconvenience caused by beached wrack is intense in Jurien Bay boat harbour and Port Geographe, both located on this coast (Pattiaratchi & Wijeratne, 2019; Oldham et al., 2010) However, the conservation of sea wrack is important too. Rather than removing sea wrack like a bulk pollutant it will be wiser to invest in technologies that can utilize the wrack in a commercial way, for example microwave treatment of *Posidonia oceanica* wrack followed by fermentation with exogenous fibrolytic enzymes converted the wrack into digestible rumen feed (Abid et al., 2023). Utilizing sea wrack to reduce methane emissions in landfills and its use as a valuable fertilizer has been proven too (Svennevig, 2020). A project titled CONTRA undertaken by a consortium of Baltic countries is actively studying the value of sea wrack (Baltic Beach Wrack - Conversion of a Nuisance to a Resource and Asset - Interreg Baltic Sea Region, 2022)

## CONCLUSION

Throughout the review, it has been observed that very few investigations on sea wracks have been carried out in India. Around the globe, the importance of wrack in the sustenance of shore ecosystems is not downplayed, though a few studies focus on eliminating the excess wash- up of sea wracks on commercialized beaches. Wracks can provide valuable nourishment to sandy and rocky shores which can be otherwise very barren, which in turn makes flora and fauna flourish. It is high time resources should be invested in studying the valuable wrack ecosystem of Indian coasts too.

## REFERENCES:

Abid, K., Jabri, J., Yaich, H., Malek, A., Rekhis, J., & Kamoun, M. (2023). Conversion of *Posidonia oceanica* wastes into alternative feed for ruminants by

treatment with microwaves and exogenous fibrolytic enzymes produced by fermentation of *Trichoderma longibrachiatum*. Biomass Conversion and Biorefinery, 13(18), 16529–16536. https://doi.org/10.1007/s13399-023-03830-9

Baltic Beach Wrack - Conversion of a nuisance to a resource and asset - Interreg Baltic Sea Region. (2022, December 13). Interreg Baltic Sea Region. https://interreg-baltic.eu/project/contra/

Bussotti, S., Guidetti, P., & Rossi, F. (2022). *Posidonia oceanica* wrack beds as a fish habitat in the surf zone. Estuarine, Coastal and Shelf Science, 272, 107882. https://doi.org/10.1016/j.ecss.2022.107882

Crawley ,K.R., Hyndes ,G.A. ,& Ayvazian, S.G (2006) Influence of Different Volumes and Types of Detached Macrophytes on Fish Community Structure in Surf Zones of Sandy Beaches. Marine Ecology Progress Series, 307, 233–246.

Coastal management.(2022). City of Wanneroo. Retrieved May25, 2023, from https://www.wanneroo.wa.gov.au/info/20041/environment/236/coastal_management

Dennert, A. M., Elle, E., & Reynolds, J. D. (2023). Experimental addition of marine-derived nutrients affects wildflower traits in a coastal meta-ecosystem. Royal Society Open Science, 10(1). https://doi.org/10.1098/rsos.221008

Dierschke, V. (2004). Differential Departure of Wintering Adult and First-Year Purple Sandpipers *Calidris Maritima* from Helgoland (South-East North Sea). Wader Study Group Bulletin 105, 84-86.

Dugan, J. E., Hubbard, D. M., McCrary, M. D., & Pierson, M. O. (2003). The response of macrofauna communities and shorebirds to macrophyte wrack subsidies on exposed sandy beaches of southern California. Estuarine, Coastal and Shelf Science, 58, 25–40. https://doi.org/10.1016/s0272-7714(03)00045-3

Ely, C. R., McCaffery, B. J., & Gill, R. E. (2018). Shorebirds adjust spring arrival schedules with variable environmental conditions: Four decades of assessment on the Yukon–Kuskokwim Delta, Alaska. In W. D. Shuford, R. E. Gill, & C. M. Handel, Trends and Traditions: Avifaunal Change in Western North America (pp. 296–311). Western Field Ornithologists. https://doi.org/10.21199/SWB3.16

Guerrero-Meseguer, L., Veiga, P., & Rubal, M. (2020). Spatio-Temporal Variability of Anthropogenic and Natural Wrack Accumulations along the Driftline: Marine Litter Overcomes Wrack in the Northern Sandy Beaches of Portugal. Journal of Marine Science and Engineering, 8(12), 966. https://doi.org/10.3390/jmse8120966

Hooton, N., Miller, D., Department of Environmental Horticulture Florida, & UF/IFAS West Florida Research and Education Center, Milton. (2016). Building coastal dunes with sea oats and surrogate wrack. In UF IFAS Extension (No. WEC364). The Institute of Food and Agricultural Sciences (IFAS) University of Florida. Retrieved

May 25, 2023, from https://edis.ifas.ufl.edu/publication/UW409

Hyndes, G. A., Berdan, E. L., Duarte, C., Dugan, J. E., Emery, K. A., Hambäck, P. A., Henderson, C., Hubbard, D. M., Lastra, M., Mateo, M. A., Olds, A. D., & Schlacher, T. A. (2022). The role of inputs of marine wrack and carrion in sandy-beach ecosystems: a global review. Biological Reviews, 97(6), 2127–2161. https://doi.org/10.1111/brv.12886

Laurino, I. R. A., Lima, T. P., & Turra, A. (2023). Effects of natural and anthropogenic storm-stranded debris in upper-beach arthropods: Is wrack a prey hotspot for birds? Science of the Total Environment, 857, 159468. https://doi.org/10.1016/j.scitotenv.2022.159468

Michaud, K. M., Emery, K. A., Dugan, J. E., Hubbard, D. M., & Miller, R. J. (2019). Wrack resource use by intertidal consumers on sandy beaches. Estuarine, Coastal and Shelf Science, 221, 66–71. https://doi.org/10.1016/j.ecss.2019.03.014

Oldham, C., Mcmahon, K., & Pattiaratchi, C. (2010). Seagrass wrack dynamics in Geographe Bay, Western Australia. In Edith Cowan University. Department of Transport (WA). Retrieved May 26, 2023, from https://www.transport.wa.gov.au/mediaFiles/projects/PROJ-R-PortGeo-SeagrassWrack-Synopsis.pdf

Orr, M., Zimmer, M., Jelinski, D. E., & Mews, M. (2005). Wrack Deposition on Different Beach Types: Spatial and Temporal Variation in the Pattern of Subsidy. Ecology, 86(6), 1496–1507. http://www.jstor.org/stable/3450775

Pattiaratchi, C., & Wijeratne, S. (2019). Seagrass Wrack and Coastal Structures: Lessons from South-Western Australia. Coastal Structures, 622-631. https://doi.org/10.18451/978-3-939230-64-9_062

Seagrass washes up on Kovalam beach. (2021, December 6). The Hindu. Retrieved May 26, 2023, from https://www.thehindu.com/news/cities/Thiruvananthapuram/seagrass-washes-up-on-kovalam-beach/article37869263.ece

Shabaka, S., Khalil, M., El-Sikaily, A., & Youssef, N. A. (2021). *Posidonia oceanica* litter along the Mediterranean Coast of Egypt: Status and a preliminary assessment of nutrients and trace elements contents. Estuarine, Coastal and Shelf Science, 255, 107342. https://doi.org/10.1016/j.ecss.2021.107342

Simpson, R. (2011) 'The invasive biology of the talitrid amphipod *Platorchestia platensis* in Northwest Europe', The Plymouth Student Scientist, 4(2), 278-292.

Suursaar, Ü., Torn, K., Martin, G., Herkül, K., & Kullas, T. (2014). Formation and species composition of stormcast beach wrack in the Gulf of Riga, Baltic Sea **The study was supported by the EU Life+project MARMONI 'Innovative approaches for marine biodiversity monitoring and assessment of conservation status of nature values in the Baltic Sea', ESF grant No. 8980, Estonian target financed project

SF0180104s08 and Institutional research funding IUT2-20 of the Estonian Research Council. Oceanologia, 56(4), 673–695. https://doi.org/10.5697/oc.56-4.673

Svennevig, B. (2020, April 30). Sea wrack on the beach: Disgusting or valuable? SDU. Retrieved May25, 2023 from https://www.sdu.dk/en/om_sdu/institutter_centre/i_biologi/nyheder/opskyllet-tang-paa-stranden.

Ulaski, B. P., Sikes, D. S., & Konar, B. (2023). Beach-cast and drifting seaweed wrack is an important resource for marine and terrestrial macroinvertebrates in high latitudes. Marine Environmental Research, 187,105970. https://doi.org/10.1016/j.marenvres.2023.105970

Wickham, S., Shackelford, N., Darimont, C., Nijland, W., Reshitnyk, L., Reynolds, J., & Starzomski, B. (2020). Sea wrack delivery and accumulation on islands: Factors that mediate marine nutrient permeability. Marine Ecology Progress Series, 635, 37–54. https://doi.org/10.3354/meps13197

sanymarybenjamin@baselius.ac.in

# VI
# Literariness and Writers

# വള്ളത്തോൾക്കമ്പനിയും കുറ്റിപ്പുറത്ത് കേശവൻനായരും

**ഡോ. സ്വപ്ന സി. കൊമ്പാത്ത്**
അസി. പ്രൊഫസർ, സഹൃദയ കോളേജ് ഓഫ് അഡ്വാൻസ് സ്റ്റഡീസ്, കൊടകര

**പ്രബന്ധസംഗ്രഹം**

മലയാളകാവ്യപരിണാമത്തെ ആത്മാർത്ഥമായി സഹായിച്ച സാഹിത്യകൂട്ടായ്മയാണ് വള്ളത്തോൾസ്കൂൾ എന്ന പേരിൽ ഡോ. എം. ലീലാവതി വിശേഷിപ്പിക്കുന്ന സംഘം . വള്ളത്തോൾ നായകനായ ഈ കൂട്ടായ്മയിൽ കുറ്റിപ്പുറത്ത് കേശവൻ നായരും , കിട്ടുണ്ണി നായരും, വള്ളത്തോൾ ഗോപാലമേനോനും പള്ളിയത്തു കുട്ടികൃഷ്ണൻ നായരും സംഘാംഗങ്ങളായിരുന്നു. ഇവരിൽ പ്രമേയം, ആഖ്യാനം കൊണ്ടും മലയാളസാഹിത്യത്തിൽ തന്റേതായ ശൈലി രൂപീകരിച്ച കവിയാണ് കുറ്റിപ്പുറത്ത് കേശവൻ നായർ. .കേരളത്തിന്റെ പ്രകൃതിഭംഗി, ബന്ധങ്ങളുടെ ദൃഢത, ദേശീയത എന്നിവയിലൂന്നിയുള്ള രചനകളാണ് അദ്ദേഹത്തെ വ്യതിരിക്തനാക്കിയത്. സംസ്കൃതപാരമ്പര്യത്തിൽ നിന്ന് വ്യതിചലിക്കാൻ അദ്ദേഹം തയ്യാറായിരുന്നില്ല. വിവിധജാതി മതസ്ഥർ സാഹോദര്യത്തോടെ ജീവിക്കണമെന്ന വീക്ഷണമാണ് അദ്ദേഹം തന്റെ കവിതകളിൽ പുലർത്തിയിരുന്നത്.

**താക്കോൽവാക്കുകൾ**

വള്ളത്തോൾ സ്കൂൾ, ദേശീയത, കാല്പനികത, മാതൃഭാഷാ പ്രണയം, രചനാസംശുദ്ധി,

മലയാളസാഹിത്യത്തിൽ ആധുനീകരണത്തിന് നേതൃത്വം നൽകിയ കവിത്രയത്തിലെ പ്രമുഖനെന്നോ ദേശീയകവിയെന്നോ വള്ളത്തോളിനെ വിശേഷിപ്പിക്കുമ്പോഴും അവശേഷിക്കുന്ന ഒരു അപൂർണ്ണതയെ സ്വന്തം കവിത കൊണ്ട് പൂർണ്ണമാക്കിയ കവിയാണ് ഒ.എം.സി നമ്പൂതിരിപ്പാട്. 'മലയാളത്തിന്റെ അച്ഛൻ' എന്ന കവിതയിൽ,

"നീണ്ടകാലുകൾ നീട്ടി നീട്ടി വെച്ചദ്ദേഹം തൻ
നീണ്ട കൈകളും വീശിവീശിക്കൊണ്ടണയുമ്പോൾ
വാടാതെ നിന്നു തന്റെ പുഞ്ചിരി മാത്രം ചുണ്ടിൽ
ചൂടാലെത്രമേൽത്തന്നെ കഷണ്ടി വെന്തെന്നാലും !"

എന്ന വരികളിലൂടെ അച്ഛന്റെ കഠിനാധ്വാനമാണ് സൂചിപ്പിക്കപ്പെടുന്നത്.

തന്റെ ഭാഷാകുടുംബത്തിന്റെ ശ്രേയസ്സിന് വേണ്ടി അഹോരാത്രം കഷ്ടപ്പെടുന്ന , എന്നാലത് ഒരു ബാധ്യതയായി കരുതാതെ പൊള്ളുംചൂടിനെ ആത്മനിർവൃതിയാൽ തണുപ്പിച്ച് മുന്നോ

ട്ടു പോകുന്ന ആ അച്ഛന്റെ കഠിനാധ്വാനത്തെ മറികടന്നുകൊണ്ട് മക്കൾക്കും പേരക്കുട്ടികൾക്കും പിന്നീടുള്ള തലമുറകൾക്കും കടന്നുപോകാനാവില്ല എന്ന് പ്രമേയവൈവിദ്ധ്യം കൊണ്ടും രചനാവൈദഗ്ധ്യം കൊണ്ടും വള്ളത്തോൾക്കവിത ദിനംപ്രതി മലയാളകവിതയെ അതിശയിപ്പിച്ചു കൊണ്ടിരിക്കുന്നു.

കവിതയുടെ വിപുലമായ സാധ്യതകൾ ഏറ്റവുമാദ്യം പരീക്ഷിക്കപ്പെടുന്നത് വള്ളത്തോളിന്റെ കവിതകളിലാണെന്ന് നിസ്സംശയം പറയാം. നിയോക്ലാസിസത്തിന്റെ കെട്ടുവിട്ട് കാല്പനികതയുടെ ആകാശത്തിലേക്ക് പറക്കുമ്പോൾ ദേശീയതയും വിമോചനവും മാതൃഭാഷാപ്രണയവും മാനവികതയും ആ കവിതകൾക്ക് താളമായി. വള്ളത്തോളിനെ പോലെ കേരളീയ ജനജീവിതത്തെ അടയാളപ്പെടുത്തിയ കവികൾ വിരളമാണ്. എല്ലാ ജനവിഭാഗങ്ങളും ആ കവിതയുടെ ഭാഗമായി. രചനാസംശുദ്ധിയും ഉദാത്തതയുമാണ് വള്ളത്തോൾക്കവിതകളുടെ വ്യതിരിക്തത. ഋതുവിലാസം, ആരോഗ്യചിന്താമണി, ഗർഭരക്ഷാ ക്രമം തുടങ്ങിയവയിൽ നിന്ന് കേരള കാവ്യചരിത്രത്തിലെ നാഴികക്കല്ലായി മാറിയ സാഹിത്യമഞ്ജരിയെന്ന കാവ്യചേതസ്സിലേക്ക് കവി പരപക്വമാകുന്നത് വള്ളത്തോൾ ക്കമ്പനിയിലൂടെയാണ് .

**വള്ളത്തോൾക്കമ്പനി**

മലയാളകാവ്യപരിണാമത്തെ ആത്മാർത്ഥമായി സഹായിച്ച ഒരു സൗഹൃദ സാഹിത്യ പ്രതിഭാസമാണ് വള്ളത്തോൾക്കമ്പനി. "വള്ളത്തോൾസ്കൂൾ" എന്ന പ്രയോഗമാണ് 'മലയാള കവിതാസാഹിത്യചരിത്ര'ത്തിൽ ഡോ.എം.ലീലാവതി പ്രയോഗിച്ചിരിക്കുന്നത്." കുറ്റിപ്പുറത്തു കേശവൻനായർ (1882-1959), വള്ളത്തോൾ ഗോപാലമേനോൻ (1882 - 1939), കുറ്റിപ്പുറത്ത് കിട്ടുണ്ണിനായർ(1882-1959) മുതലായവർ വള്ളത്തോൾസ്കൂളിൽ പെട്ടവരെന്നറിയ പ്പെട്ടിരുന്ന കവികളായിരുന്നു. " (2011 : 225) എന്നാണ് ലീലാവതി ടീച്ചറുടെ പരാമർശം.1905 ൽ കേരള കല്പദ്രുമം പ്രസ്സിലെ മാനേജരായി വള്ളത്തോൾ തൃശ്ശൂരിൽ താമസിക്കുന്ന സമയത്താണ് വള്ളത്തോൾക്കമ്പനി സ്ഥാപിതമായതെന്നാണ് 'വള്ളത്തോൾ സാഹിത്യപ്രവേശിക'യിൽ ജി. കമലമ്മ അഭിപ്രായപ്പെടുന്നത് (2010 : 22). വള്ളത്തോൾ ഗോപാലമേനോനും കുറ്റിപ്പുറത്ത് കേശ വൻനായരുമാണ് കമ്പനിയിലെ മറ്റംഗങ്ങൾ എന്നാണ് കമലമ്മ നിരീക്ഷിക്കുന്നത്. 'വള്ളത്തോൾ കവിയും വ്യക്തിയും' എന്ന ഗ്രന്ഥത്തിൽ ചെമ്മനം ചാക്കോ വള്ളത്തോൾ ക്കമ്പനിയെ കുറിച്ച് വിശദാംശങ്ങൾ നൽകിയിട്ടുണ്ട്. "അസാധാരണമായ ജന്മവാസനയുടെ ഉടമയായി കവിയെ പരിഗണിക്കുന്ന" (1995:15) ചെമ്മനം ചാക്കോ ആയുർവേദപഠന കാലത്ത് ഗുരുവും അമ്മാവനുമായ വള്ളത്തോൾ രാമുണ്ണിമേനോന്റെ ശിഷ്യൻമാരായെത്തിയ കുറ്റിപ്പുറത്ത് കേശവൻനായരെയും കുറ്റിപ്പുറത്ത് കിട്ടുണ്ണിനായരെയും അഭ്യസിപ്പിക്കേണ്ട ചുമതല കൂടി ഏറ്റെടുത്തതായി പറയുന്നുണ്ട്.

"കവിത്വസിദ്ധിയിൽ അനുഗ്രഹീതരായ ഈ ജ്യേഷ്ഠാനുജന്മാർ വള്ളത്തോളിന്റെ കാവ്യജീവിതത്തിന് ആക്കം വർദ്ധിപ്പിച്ചു. കൂടിയാലോചിച്ചു പരിപാടികളുണ്ടാക്കി അവർ കാവ്യരചനയിലേർപ്പെട്ടു. വള്ളത്തോൾ ഗോപാലമേനോനും പള്ളിയത്തു കുട്ടികൃഷ്ണൻ നായരും കൂടി ആ സംഘത്തിൽ ചേർന്നു.ശ്ലോകം ചൊല്ലൽ, ദ്രുതശ്ലോകരചന, സമസ്യാപൂരണം എന്നിവയായിരുന്നു അവരുടെ പ്രധാന വിനോദങ്ങൾ. സംസ്കൃതപദ്യങ്ങൾ ഭാഷാന്തരം ചെയ്തു. എല്ലാ വിഷയങ്ങളെക്കുറിച്ചും സംസ്കൃതത്തിലും മലയാളത്തിലും ക്ഷിപ്രകവിതകളുണ്ടാക്കി. ഈ സംഘത്തിന്റെ നായകൻ വള്ളത്തോളായത് കൊണ്ട് സ്വാഭാവികമായും ഈ കൂട്ടുകെട്ടിന് വള്ളത്തോൾക്കമ്പനി എന്ന് പേരു വന്നു."

മലയാളകാവ്യപരിണാമത്തിന് കൃത്യമായ മാർഗനിർദ്ദേശം നൽകിയ ഒരു പ്രസ്ഥാനമായിത് മാറുന്ന കാഴ്ചയാണ് പിന്നീട് അനുഭവവേദ്യമായത്. സാഹിത്യപ്രവർത്തനങ്ങളിൽ മാത്രം ഒതുങ്ങി നിൽക്കുന്നതായിരുന്നില്ല വള്ളത്തോൾക്കമ്പനിയുടെ പ്രവർത്തനങ്ങൾ . വള്ളത്തോളിന്റെ അച്ഛൻ ദാമോദരൻ ഇളയതിന്റെ പ്രേരണ കൂടിയായപ്പോൾ നാടകങ്ങൾ ഗൃഹസദസ്സിലും പൊതുസദസ്സിലും അവർ അവതരിപ്പിച്ചു. (കംസവധം, ബാലധ്രുവചരിതം,ശാകുന്തളം , ഉത്തരരാമചരിതം).സാഹിത്യരംഗത്തു ചുവടുറപ്പിച്ചതിനു ശേഷം പരിഷ്കാരാഭിവർദ്ധിനി എന്നൊ

രു വിദ്യാർത്ഥിസമിതിക്കും അവർ നേതൃത്വം നൽകി. ചെറുപ്പക്കാർക്കിടയിൽ മാതൃഭാഷാസ്നേഹവും, സമുദായോദ്ധാരണതൃഷ്ണയും പുരോഗമന ചിന്തയും വളർത്തുകയായിരുന്ന സമിതിയുടെ ലക്ഷ്യം. കൂടാതെ സദാനന്ദസന്ദായിനി എന്നൊരു നാടകസംഘവും അവർ രൂപപ്പെടുത്തി.

"ആഖ്യാനത്തിലും ആവിഷ്കാരത്തിലും പ്രകടമായ വള്ളത്തോൾ മുദ്ര കൊണ്ടു നടക്കുകയും അതിനെ നിഷേധിക്കാതിരിക്കുകയും ചെയ്തവരാണ് ഈ വിഭാഗത്തിൽപ്പെട്ട കവികളെന്നഭിപ്രായപ്പെടുന്ന ഇ.എം. സുരജ, "നാലപ്പാട്ട് നാരായണമേനോൻ , കെ.കെ. രാജാ, ബാലാമണിയമ്മ, വെണ്ണിക്കുളം ഗോപാലക്കുറുപ്പ്, കുറ്റിപ്പുറത്ത് കേശവൻ നായർ, നാലാങ്കൽ കൃഷ്ണപ്പിള്ള എം.പി അപ്പൻ , മുതുകുളം പാർവതിയമ്മ, വള്ളത്തോൾ ഗോപാലമേനോൻ " എന്നിവരെല്ലാം വള്ളത്തോൾക്കമ്പനിക്കാരായിരുന്നുവെന്ന് പ്രസ്താവിക്കു ന്നുണ്ട്.ഇവരിൽ കാവ്യാനുശീലനം കൊണ്ട് വള്ളത്തോൾക്കവിതയുടെ ഭാവമാധുര്യത്തെ പിന്തുടർന്ന കവിയാണ് കുറ്റിപ്പുറത്ത് കേശവൻനായർ

**കുറ്റിപ്പുറത്ത് കേശവൻനായർ**

മലയാളത്തിന് ഗ്രാമവിശുദ്ധിയുടെ നറുമണം സമ്മാനിച്ച എഴുത്തുകാരനാണ് കുറ്റിപ്പുറത്ത് കേശവൻ നായർ. 1882 ആഗസറ്റ് 28ന് വള്ളത്തോൾ കൊച്ചുണ്ണി മേനോന്റെയും (മഹാകവിയുടെ അമ്മാവൻ) കുറ്റിപ്പുറത്തു വീട്ടിൽ മീനാക്ഷിയമ്മയുടെയും മകനായി തിരുവില്വാ മലയിൽ ജനിച്ച കേശവൻ നായർ സാമാന്യ വിദ്യാഭ്യാസത്തിന് ശേഷം ജ്യോതിഷം, വൈദ്യം എന്നിവ സ്വായത്തമാക്കി. വള്ളത്തോളിനൊപ്പം പ്രസാധനത്തിലും സജീവമായിരുന്ന കുറ്റിപ്പുറ ത്തിന് 1910 ജൂണിൽ കൊച്ചി ഗവ: ഹൈസ്കൂളിൽ മലയാളം പണ്ഡിറ്റായി ജോലി ലഭിച്ചു. 21 വർഷം അവിടെ ജോലി ചെയ്തതിന് ശേഷം 1931 ൽ എറണാകുളം മഹാരാജാസ് കോളേജിൽ അധ്യാപകനായി കയറി. 1937 ആഗസ്റ്റിൽ അദ്ദേഹം വിരമിച്ചു .

**കുറ്റിപ്പുറത്തിന്റെ കൃതികൾ**

തന്റെ വ്യുത്പത്തിയെയും പ്രത്യുല്പന്നമതിത്വത്തെയും കേശവൻനായർ വേണ്ടത്ര ഉപയോഗിച്ചില്ല എന്നൊരു പരാതി സാധാരണ വായനക്കാർക്കുണ്ടാകും. എണ്ണത്തിൽ വളരെ കുറവാണെങ്കിലും പ്രമേയം കൊണ്ടും ആഖ്യാനം കൊണ്ടും തന്റേതായ ഒരു ശൈലി നിലനിർത്തി മലയാളസാഹിത്യത്തിൽ ഒരു ഇടം നേടിയെടുക്കാൻ അദ്ദേഹത്തിന് സാധിച്ചിട്ടു ണ്ട്. 1921ൽ പുറത്തിറങ്ങിയ കാവ്യോപഹാരം (15 കവിതകൾ) 1936ൽ പ്രസിദ്ധീകരിച്ച നവ്യോപഹാരം (15 കവിതകൾ) , 1946ൽ പ്രസിദ്ധീകരിക്കപ്പെട്ട പ്രപഞ്ചം (8 കവിതകൾ), ഓണംകഴിഞ്ഞു (16 കവിതകൾ) എന്നിവയാണ് അദ്ദേഹത്തിന്റെ പ്രധാന കവിതാസമാഹാര ങ്ങൾ . കുറ്റിപ്പുറത്തിന്റെ കവിതകൾ എന്ന പേരിൽ നാഷണൽ ബുക്സ് അദ്ദേഹത്തിന്റെ കവിതകൾ സമാഹരിച്ചിട്ടുണ്ട്. ഇതു കൂടാതെ സുഭാഷിതങ്ങളും സംസ്കൃതപദ്യങ്ങളും കവിത ക്കുത്തുകളും കുട്ടകവിതകളും പഠനങ്ങളും അദ്ദേഹത്തിന്റേതായി പല കാലങ്ങളിൽ പ്രസി ദ്ധീകരിച്ചിട്ടുണ്ട്. പ്രതിമാനാടകം, അഭിജ്ഞാനശാകുന്തളം എന്നിവയുടെ വിവർത്തനങ്ങളും അദ്ദേഹത്തിന്റെ പ്രസിദ്ധീകൃതരചനകളാണ്.

**കുറ്റിപ്പുറത്ത് കേശവൻ നായരും മലയാളഭാഷാസാഹിത്യവും**

കുറ്റിപ്പുറത്ത് കേശവൻനായർ മലയാളഭാഷാസാഹിത്യരംഗത്ത് നിസ്തുലമായ സംഭാ വനകൾ നൽകിയിട്ടുള്ള വ്യക്തിയാണ്. അധ്യാപകൻ, കവി, സംഘാടകൻ എന്നീ നിലകളിലെല്ലാം ഭാഷയെയും സാഹിത്യത്തെയും അദ്ദേഹം അകമഴിഞ്ഞ് സേവിച്ചിട്ടുണ്ട് . തികഞ്ഞ ആത്മാർത്ഥതയും അർപ്പണബോധവും ഏറ്റെടുക്കുന്നതിനെയെല്ലാം മിന്നിത്തി ളങ്ങുന്നവയാക്കാൻ കവിയെ സഹായിച്ചിട്ടുണ്ട്. കുറ്റിപ്പുറത്ത് എന്ന കവി അല്ലെങ്കിൽ സാഹിത്യ കാരൻ എന്ന വിഷയം വിശദമായി തന്നെ പ്രതിപാദിക്കേണ്ടതാണ്.

ലഭ്യമായതും പരിമിതമായതുമായ ആദാനസാമഗ്രികളിൽ നിന്ന് ക്രോഡീകരിച്ച, സംഘാടകനെന്നും അധ്യാപകനെന്നുമുള്ള നിലയിൽ കുറ്റിപ്പുറത്തിന്റെ ഭാഷാസാഹിത്യസേവനങ്ങൾ: വള്ളത്തോൾ കേരളകല്പദ്രുമം മാനേജരായി തൃശ്ശൂർക്ക് പോയതോടെ പരിഷ്കാരാഭിവർദ്ധിനി സഭയുടെ മേൽനോട്ടം കുറ്റിപ്പുറത്തു കേശവൻ നായർക്കായി. നിശ്ചിത വിഷയങ്ങളെ ആസ്പദമാക്കിയുള്ള ഉപന്യാസം, പ്രസംഗം, കവിതാ പാരായണം, സംസ്കൃത കവിതകളുടെ മലയാള വിവർത്തനം, സമസ്യാപൂരണം എന്നിവയോടു കൂടിയ സാഹിത്യസമാജം കേശവൻ നായർ കൃത്യമായി നടത്തി വന്നു. രാമനുജൻ മാസികയുടെ ചുമതല വഹിച്ചിരുന്ന സമയത്ത് ആ മാസികയിലൂടെ പ്രസിദ്ധീകരിച്ചിരുന്ന രചനകളുടെ സൂക്ഷ്മപരിശോധന നിർവഹിച്ചിരുന്നത് കുറ്റിപ്പുറത്താണ്.

1906 ൽ കവനകൗമുദിയുടെ മാനേജർ സ്ഥാനം ലഭിച്ചത് കുറ്റിപ്പുറത്ത് നേരിട്ട വലിയ ഒരു വെല്ലുവിളിയായിരുന്നു. രചനകൾ മുഴുവനും കവിതാരൂപത്തിലായതിനാൽ അത് തുടക്കത്തിൽ തന്നെ നിലച്ചു പോകുമെന്ന് പലരും നിരീക്ഷിച്ചത്. പക്ഷേ കവനകൗമുദിയെ അതിന്റെ ബാലാരിഷ്ടതകളിൽ നിന്ന് മോചിപ്പിച്ച് പ്രൗഢമാക്കിയത് കുറ്റിപ്പുറത്താണ്. "കവനകൗമുദിക്ക് ഇങ്ങനെ അതി ഭംഗിയായി പ്രചരിപ്പാനും പ്രസിദ്ധി നേടുവാനും ഇടയായതിൽ അതിന്റെ മാനേജരും യഥാർത്ഥ വാസനാകവിയും യുവാ വും സരസനും ഉത്സാഹിയുമായ കുറ്റിപ്പുറത്തു കേശവൻ നായരുടെ നിരന്തര പരിശ്രമവും ഉണ്ടായിട്ടുണ്ടെന്നത് സുവിദിതമാണ്. കേശവൻ നായരെ മാനേജരായി ലഭിച്ചത് കൗമുദിയുടെ ഭാഗ്യം കൊണ്ടാണെന്ന് പന്തളം പല കുറിയും അസ്മാദൃശരോട് തുറന്നു പറഞ്ഞിട്ടുണ്ട്." കോയിപ്പിള്ളിൽ പരമേശ്വരക്കുറിപ്പിന്റെ ഈ അഭിപ്രായം അനിൽ വള്ളത്തോൾ തന്റെ കൃതിയിൽ ചേർത്തിട്ടുണ്ട്.

സാഹിത്യാധ്യാപകനെന്ന നിലയിൽ കുറ്റിപ്പുറത്ത് ഒരു മാതൃകയായിരുന്നുവെന്നാണ് പറഞ്ഞു കേട്ടിട്ടുള്ളത്. കാവ്യത്തിന്റെ സ്വരൂപം വിദ്യാർഥികളുടെ മനസ്സിൽ ഉറപ്പിക്കുന്നതിനാണ് അധ്യാപകൻ ഊന്നൽ നൽകേണ്ടതെന്ന് അദ്ദേഹം ഉറപ്പിച്ചു പറയുമായിരുന്നു. വൈലോപ്പിള്ളിയുടെ കാവ്യമാധുര്യത്തെ ഊട്ടിയുറപ്പിച്ച ഗുരുനാഥനായിരുന്നു കുറ്റിപ്പുറത്ത്.

മലയാളപദ്യസാഹിത്യത്തിലെ നാഴികക്കല്ലായ കൂട്ടുകവിതകളിൽ കുറ്റിപ്പുറത്ത് നൽകിയ സംഭാവനകൾ പ്രത്യേകം പരാമർശനീയമാണ്. സരള എന്ന നാലുസർഗ്ഗങ്ങളുള്ള കവിതയിൽ ഒന്നും രണ്ടും സർഗ്ഗങ്ങൾ ഉള്ളൂരും മൂന്നും നാലും സർഗ്ഗങ്ങൾ കുറ്റിപ്പുറവുമാണ് രചിച്ചിരിക്കുന്നത്. 'വിശാഖനിലെ ഒന്നും മൂന്നും സർഗങ്ങൾ കുറ്റിപ്പുറവും രണ്ടും നാലും പന്തളവുമാണ് രചിച്ചിരിക്കുന്നത്. ശകുന്തളയിലെ ഒന്നും രണ്ടും സർഗങ്ങൾ പന്തളവും മൂന്നും നാലും സർഗങ്ങൾ കുറ്റിപ്പുറവുമാണ് നിർവഹിച്ചിട്ടുള്ളത്. കുറ്റിപ്പുറത്ത് കേശവൻ നായർ, കുറ്റിപ്പുറത്ത് കിട്ടുണ്ണി നായർ, ഉള്ളൂർ, ചങ്ങരംകോത കൃഷ്ണൻ കർത്താവ് , വള്ളത്തോൾ ഗോപാല മേനോൻ , ഒടുവിൽ കുഞ്ഞുകൃഷ്ണ മേനോൻ , ചെങ്ങഴശ്ശേരി കൃഷ്ണപിള്ള, പന്തളം കേരളവർമ എന്നിവർ ചേർന്നാണ് ശ്രീമതി എന്ന കവിത രചിച്ചത്. ഉള്ളൂർ, പന്തളം, കുറ്റിപ്പുറത്ത് എന്നിവർ ചേർന്ന് രചിച്ച കൃതിയാണ് കലാവതി .

മലയാളകവിതയിലെ ശ്രദ്ധേയമായ നാഴികക്കല്ലുകളിലൊന്നാണ് മുക്തകങ്ങൾ . ധാരാളം മുക്തകങ്ങൾ കുറ്റിപ്പുറത്ത് മലയാളഭാഷയ്ക്ക് സമ്മാനിച്ചിട്ടുണ്ട്.

കൊണ്ടാടി നാനാവിചിന്തനതന്തുക്കൾ
കൊണ്ടാത്മഭാഷയെ വായ്പ്പിക്കായ്കിൽ
കേരളത്തിന്നീയിരുൾക്കുണ്ടിൽ നിന്നൊന്നു
കേറാൻ പിടിക്കയറെന്തുവേറെ?

എന്നു വള്ളത്തോൾ പാടിയതിനെ അക്ഷരംപ്രതി അനുസരിച്ച് മാതൃഭാഷയുടെ സാഹിത്യശേഖരത്തിലേക്ക് മഹനീയ മാതൃകകൾ സമ്മാനിച്ച കവിയാണ് കുറ്റിപ്പുറത്ത്. പ്രതിമാനാടകം, അഭിജ്ഞാന ശാകുന്തളം , ഭഗവദ് ഗീത എന്നിവയെല്ലാം അദ്ദേഹം മലയാളത്തിലേക്ക് പരിഭാഷ ചെയ്തു. ഇതിൽ ഭഗവദ് ഗീത കിളിപ്പാട്ടു രൂപത്തിലാണ് അദ്ദേഹം തർജ്ജമ ചെയ്തത്.

## കുറ്റിപ്പുറത്ത് കേശവൻ നായരും മലയാളകവിതാസാഹിത്യവും

മലയാളകവിതയിലെ അവിസ്മരണീയമായ പേരുകളിലൊന്നാണ് കുറ്റിപ്പുറത്ത് കേശവൻ നായരുടേത്. കേരള സാഹിത്യ അക്കാദമി പ്രസിദ്ധീകരിച്ച 'മലയാള കവിതാസാഹിത്യചരിത്ര'ത്തിൽ, ലീലാവതി ടീച്ചർ "നാട്ടിൻപുറത്തെ നന്മകളുടെ സൃഷ്ടി കൊണ്ടു മാത്രം അനശ്വരത നേടിയ കവിയാണദ്ദേഹം ' (2011 : 225) എന്ന് വിലയിരുത്തുന്നു. "കാവ്യോപഹാരം, നവ്യോപഹാരം മുതലായ ലഘുകാവ്യസമാഹാരങ്ങളുടെയും പ്രതിമാനാടകവിവർത്തന ത്തിന്റെയും കർത്താവായ കേശവൻ നായർ ഏറെ എഴുതിയില്ലെങ്കിലും എഴുതിയവയെക്കൊണ്ട് ശാശ്വതപ്രതിഷ്ഠ നേടി" എന്നാണ് ലീലാവതി ടീച്ചർ അദ്ദേഹത്തെ വിലയിരുത്തുന്നത്. 'ആധുനികമലയാളസാഹിത്യം പ്രസ്ഥാനങ്ങളിലൂടെ' എന്ന ഗ്രന്ഥത്തിൽ ഡി. ബെഞ്ചമിൻ തയ്യാറാക്കിയ കാല്പനികതയുടെ വികാസം എന്ന ഭാഗത്താണ് കുറ്റിപ്പുറത്ത് കേശവൻ നായരെ ഉൾക്കൊള്ളിച്ചിരിക്കുന്നത്. "വള്ളത്തോളിന്റെ കാവ്യപാരമ്പര്യം വ്രതനിഷ്ഠയോടെ പിന്തുടർന്ന കവി കുറ്റിപ്പുറത്ത് കേശവൻ നായരാണെന്ന് "ബഞ്ചമിൻ പ്രസ്താവിക്കുന്നു. കൂടാതെ വള്ളത്തോളിന്റെ സൗന്ദര്യാഭിനിവേശവും സൂക്ഷ്മമായ പ്രകൃതി വർണനാരീതിയും മലയാളത്തനിമ കാത്തുസൂക്ഷിക്കുന്ന കാവ്യഭാഷയും എല്ലാം ചേർന്ന ഒരുദാത്തമായ ലാളിത്യം അദ്ദേഹത്തിന്റെ രചനകൾക്കുണ്ട്. ഗ്രാമീണകന്യക ഈ പ്രത്യേകതകൾ പൂർണ്ണമായും ഉദാഹരിക്കുന്നുവെന്നാണ് ബെഞ്ചമിന്റെ നിരീക്ഷണം.

'എറണാകുളം മഹാരാജാസ് കോളേജിലെ സമാദരണീയമായ ജോലി, സാഹിത്യത്തിൽ കറകളഞ്ഞ പാണ്ഡിത്യം, തെളിഞ്ഞ നർമ്മബോധം, പണ്ഡിതന്മാരായ സുഹൃത്തുക്കൾ, സാഹിത്യപരിഷത്ത് പോലുള്ള സംഘടനകളുമായി അടുത്ത ബന്ധം. വൈലോപ്പിള്ളി യെപ്പോലുള്ള ശിഷ്യന്മാർ, ജി.ശങ്കരക്കുറുപ്പ്, പി.ശങ്കരൻ നമ്പ്യാർ തുടങ്ങിയവരെപ്പോലുള്ള സഹപ്രവർത്തകർ എന്നിട്ടും എന്തുകൊണ്ടാണ് കുറ്റിപ്പുറത്തു കേശവൻനായർ ഏറെക്കുറെ വിസ്മൃതനായത് " എന്നൊരു ചോദ്യം ഡോ. എസ്. കെ. വസന്തൻ ഉന്നയിക്കുന്നുണ്ട്. ഈ ചോദ്യം അദ്ദേഹം ഉന്നയിക്കുന്നത് കുറ്റിപ്പുറത്ത് കേശവൻ നായർ എന്ന അനിൽ വള്ള ത്തോളിന്റെ പുസ്തകത്തിന്റെ അവതാരികയിലാണ്. അത്തരം ഉത്തരമില്ലാ ചോദ്യങ്ങളുടെ പിന്നാലെ അലയുന്നതിൽ കാര്യമില്ലെന്നും പ്രശസ്തരായില്ലെങ്കിലും അത്തരം കവികളുടെ പുസ്തകങ്ങൾ പരിചയിക്കാതിരിക്കുമ്പോൾ നഷ്ടം സംഭവിക്കുന്നത് സാഹിത്യവിദ്യാർഥിക്കു തന്നെയാണെന്നും അദ്ദേഹം കൂട്ടിച്ചേർക്കുന്നുണ്ട്.

വള്ളത്തോൾക്കമ്പനിയിലെ ഉപനായകനായിരുന്നു കുറ്റിപ്പുറത്ത് കേശവൻനായർ എന്നു പറഞ്ഞാലത് അതിശയോക്തിയാവില്ല. " പ്രകൃതിവർണ്ണനയിലും ദേശീയതയിലും കാവ്യശൈലിയിലും വള്ളത്തോളിന്റെ പാത പിന്തുടർന്ന് ബഹുദൂരം മുന്നോട്ടു പോയ കവികളിൽ പ്രമുഖൻ കുറ്റിപ്പുറത്ത് കേശവൻനായരാണ്. നാലപ്പാട്ടു നാരായണമേനോൻ , വെണ്ണിക്കുളം ഗോപാലക്കുറുപ്പ്, കെ.കെ. രാജാ, ജി ശങ്കരക്കുറുപ്പ് , ബാലാമണിയമ്മ, വൈലോപ്പിള്ളി എന്നിവരും വള്ളത്തോൾ പ്രസ്ഥാനത്തിന്റെ തണൽ പറ്റി പുരോയാനം നിർവഹിച്ചവരാണെങ്കിലും കുറ്റിപ്പുറത്തിനെ പോലെ ഉപനായകത്വം അവകാശപ്പെടാനാവില്ല എന്ന് അനിൽ വള്ളത്തോൾ നിരീക്ഷിക്കുന്നു ' (പു .23). വള്ളത്തോൾക്കമ്പനി വിഭാവനം ചെയ്ത കാവ്യവിപ്ലവത്തെ സ്വരചനകളിലൂടെ പ്രാവർത്തികമാക്കാൻ കുറ്റിപ്പുറത്തിന് സാധിച്ചു. സ്വാനുഭവതീക്ഷ്ണമായ വള്ളത്തോൾ ശൈലി തന്നെയാണ് കുറ്റിപ്പുറത്തും പിന്തുടർന്നിരുന്നത്. അദ്ദേഹത്തിന്റെ കവിതകളുടെ പ്രധാന സവിശേഷതകളെ താഴെപ്പറയുംവിധത്തിൽ ക്രോഡീകരിക്കാം.

### 1 പ്രകൃതിയുടെ ഉപാസന

കാവ്യോപഹാരം, നവ്യോപഹാരം, പ്രപഞ്ചം, ഓണം കഴിഞ്ഞു എന്നീ സമാഹാരങ്ങളിലെ കവിതകളിൽ കേരളത്തിന്റെ പ്രകൃതി മനോഹാരിത വാക്കുകളിലൂടെ നൃത്തമാടുന്നതായി കാണാം. കവി എറണാകുളം നഗരത്തിൽ ജീവിക്കുമ്പോഴും മനസ്സു മുഴുവൻ നാട്ടിൽ പുറത്തിന്റെ സമൃദ്ധിയിൽ അഭിരമിച്ചിരുന്നുവെന്ന് 'ഭിക്ഷുവിന്റെ അലംഭാവം' വ്യക്തമാക്കുന്നു.

" ഫലമൂലഗണങ്ങൾ കിട്ടുമേ

പലഹാരത്തിനു പാതിരാവിലും
സുലഭം ജലവും , സുഖത്തൊടീ –
ലകിൽജ്ജീവിതമാർക്ക ദുഷ്കരം? (പു. 9)

പ്രകൃതിയും പ്രകൃതിയുടെ സൗന്ദര്യവും കഥാപാത്രതുല്യമായാണ് ആ കവിതകളിൽ ഇടം പിടിക്കുന്നത്

"ശ്രീലമാം വസന്തത്തിൻ സന്ധ്യയപ്പോൾ സ്വച്ഛ
നീലമാം വാനം പുക്ക പൂർണ്ണചന്ദ്രനെ നോക്കി
ഓമനക്കിടാവിനെ മടിയിൽക്കിടത്തിക്കൊ–
ണ്ടോമനിച്ചമ്മയേവം കൊഞ്ചുന്നു മധുരമായ് "(തങ്കത്തിന്റെ അമ്മ)

സൗന്ദര്യാരാധകനായ കവി ഈ ലോകം തന്നെ സൗന്ദര്യപൂരിതമാണെന്നാണ് വിശ്വസിച്ചത്. സ്വാനുഭവത്തിന്റെ പശ്ചാത്തലത്തിലതിന്റെ ഗരിമ ലളിതസുന്ദരമായ വാക്കുകളിലൂടെ മലയാളിക്കു പകരാൻ അദ്ദേഹം ശ്രമിച്ചു. 'കാശ്യപാശ്രമത്തിലെ പ്രഭാതം എന്ന കവിത കാളിദാസനെ വെല്ലുന്ന പ്രകൃതി വർണ്ണനകളാൽ സുന്ദരമാണ്.

"പരിമൃദുപവനൻ പരക്കെ വീശും
പരിമളധോരണിയാർന്നു, പാരിലപ്പോൾ
പരിചിയലിന കാശ്യപാശ്രമത്തിൻ -
പരിസരമേറെ മനോജ്ഞമായിരുന്നു.
ചില കിളികൾ ചിലച്ചിരിക്കവേ പ –
ച്ചിലകളിലും കുളിർ തെന്നലേറ്റുലഞ്ഞു,
മലർനിരയൊളി മഞ്ഞുതുള്ളി തൂകും
മലകളിൽ മഞ്ജുളകാന്തിയും വളർന്നു" എന്നിങ്ങനെ അനുവാചകഹൃദയങ്ങള ആനന്ദത്തിലാറാടിക്കുന്ന ധാരാളം സന്ദർഭങ്ങൾ ആ പ്രകൃത്യുപാസകന്റെ രചനയിലുണ്ട്. " പ്രകൃതിയിലെ സുന്ദര ഭാവങ്ങളെയും ചേതനാചേതന ങ്ങളെയും ആലങ്കാരികഭംഗിയോടെ ആവിഷ്കരിക്കുകയെന്നത് വള്ളത്തോൾ കമ്പനിയിൽ പെട്ട കവികളുടെ ആദ്യ കാല രചനാപരിശ്രമങ്ങളിൽ മുഖ്യമായിരുന്നുവല്ലോ ഇന്ദ്രിയ ഗോചരമയ സൗന്ദര്യമാസ്വദിച്ച് ആ അനുഭൂതികളെ അതേ മട്ടിൽ പകർത്തിവെക്കാനുള്ള നിരീക്ഷണകൗശലമാണവിടെ പ്രകടമായിരുന്നത്."(പു.76) എന്നാണ് കുറ്റിപ്പുറത്തിന്റെ കവിതകളിലെ പ്രകൃതിയെക്കുറിച്ച് ഡോ. അനിൽ വള്ളത്തോളിന്റെ നിരീക്ഷണം.

ഗ്രാമസൗന്ദര്യത്തിന്റെ ഹൃദയഹാരിത കൊണ്ട് അനുവാചകഹൃദയത്തെ കാലാതീതമായി ആനന്ദിപ്പിച്ചു കൊണ്ടിരിക്കുന്ന കവിതയാണ് ഗ്രാമീണകന്യക.

മാവും പിലാവും പുളിയും കരിമ്പും
തെങ്ങും ഫലം തിങ്ങുമിളം കവുങ്ങും
നിറഞ്ഞഹോ സസ്യലതാഢ്യമായ
വീടൊന്നിതാ മുന്നിൽ വിളങ്ങിടുന്നു ...ഹൃദയഹാരിയായ ഒരു വീട് നമുക്കു മുന്നിൽ തെളിയുന്നു. പ്രകൃതിയെ എത്ര വർണ്ണിച്ചാലും മതിയാവാത്ത ഒരു കവിയായിരുന്നു കുറ്റിപ്പുറത്ത് കേശവൻനായർ, അതോടൊപ്പം നഗരത്തിന്റെ പരിഷ്കാരങ്ങൾ പച്ചപ്പിലേക്ക് കടന്നാക്രമണം നടത്തുന്നതും കവിയെ ഭയപ്പെടുത്തുന്നു. എറണാകുളം മൈതാനം അതിന്നേറ്റവും മികച്ച ഉദാഹരണമാണ്. ഇത് പിൻകാല കവികളെ ധാരാളമായി സ്വാധീനിച്ചിട്ടുണ്ട്. "പിൽക്കാലത്ത് വൈലോപ്പിള്ളി യുഗപരിവർത്തനവും ഇടശ്ശേരി കുറ്റിപ്പുറം പാലവും രചിച്ചതിനു പിന്നിൽ ഈ മനോഭാവത്തിന്റെ ശക്തമായ പ്രേരണയുണ്ടെന്ന് " അനിൽ വള്ളത്തോൾ പ്രസ്താവിക്കുന്നു. ( പു. 85 ) .

പ്രകൃതിഭക്തൻമാർക്കു
സാഹിത്യപരിശ്രമം
വികൃതിയല്ലെന്നതു
കൊണ്ടുതാനറിഞ്ഞിടാം. (ധന്യം നിന്നവതാരം) എന്നു കവി തന്നെ പാടിയിട്ടുള്ളതിനേക്കാൾ കൂടുതൽ വിശദീകരണങ്ങൾ ഇക്കാര്യത്തിൽ ആവശ്യമില്ല.

**2.ബന്ധങ്ങളുടെ തീവ്രത**

പ്രകൃതിയെപോലെ തന്നെ ഊഷ്മളമായാണ് ഹൃദയബന്ധങ്ങളെ കുറ്റിപ്പുറത്ത് വാക്കുകളിലേക്കാവാഹിക്കുന്നത്.

"ഓമനിക്കിടാവിനെ മടിയിൽക്കിടത്തിക്കൊ-
ണ്ടോമനിച്ചമ്മയേവം കൊഞ്ചുന്ന മധുരമായ് " എന്നും,
" ആ നില കണ്ടു താനേ മാതാവു ചിരിക്കുന്നു.
പൂനിലാവൊളി ചിന്നും രാത്രിയും ചിരിക്കുന്നു
പൈതലിൻ പിതാവായ ധന്യനാം കവി ഞാനും
പ്രീതനായ് ദൃഢമിതു കണ്ടതു് ചിരിക്കുന്നു " എന്ന് തങ്കത്തിന്റെയമ്മയിലും,
"മേളിച്ച മേവുമൊരു കുഞ്ഞിനെയാണ്ടെടുത്തു
ലാളിച്ചിരുന്നിതൊരു വൃദ്ധപൂമാനൊരിക്കൽ " എന്ന് കിഴവനും കുട്ടിയിലും ലിംഗഭേദമില്ലാതെ വഴിഞ്ഞൊഴുക്കും വാത്സല്യം നമുക്ക് കണ്ടറിയാം.

ആനന്ദസ്വരത്തിങ്കൽ പദങ്ങൾ മുങ്ങിപ്പോയ
ഗാനം നിൻ ചിരി, കാണാപ്പൂവ്വിന്റെ സുഗന്ധമോ ?
എന്ന് പ്രിയയുടെ പുഞ്ചിരിയെ വർണ്ണിക്കുന്ന കാമുകനും
"ആഹ്ലാദവും വേലയുമക്കുമാരി –
യ്ക്കേറ്റുംവിധം സന്ധ്യലതാവിതാനം
പൂവിട്ടു കാണുന്ന ദിനങ്ങളെല്ലാ
മച്ഛന്റെ ജന്മർക്ഷദിനങ്ങൾ തന്നെ " എന്നു ചിന്തിക്കുന്ന ഗ്രാമീണകന്യകയും കുറ്റിപ്പുറത്തിന്റെ കവിതകളിലെ ഹൃദയബന്ധങ്ങളുടെ തീവ്രത വ്യക്തമാക്കുന്ന വാങ്മയ ചിത്രങ്ങളാണ്.

ലൗകികസുഖങ്ങൾ വെടിഞ്ഞ് ജനങ്ങളുടെ ദുഃഖമകറ്റാൻ ഇറങ്ങിത്തിരിച്ച ഗൗതമബുദ്ധൻ പോലും ബന്ധങ്ങളുടെ തീവ്രതയിൽ വലയുന്നുണ്ട്.

സുന്ദരാംഗിദയിതേ, നിനക്കുമെൻ
നന്ദനന്നുമടിമപ്പെടുന്ന ഞാൻ
മന്ദനായൊരപരാധിയാകിലും
വന്ദനീയചരിതേ , പൊറുക്ക നീ എന്ന് കേഴുന്നു.

**3.ദേശീയത**

ടാഗോറിന്റെ ദേശീയഗാനത്തിന്റെ വിവർത്തനമാണ് കുറ്റിപ്പുറത്തിന്റെ ദേശീയ ബോധത്തെ വ്യക്തമാക്കുന്ന പ്രഥമകൃതി. സ്വാതന്ത്ര്യാനന്തര കവിതകളിൽ അദ്ദേഹം വിമർശനാത്മ കതയോടെ പ്രതികരിച്ചിട്ടുണ്ട്. 1951 ൽ പ്രസിദ്ധീകരിച്ച സുദിനം എന്ന കവിതയും 1953 ൽ മാതൃഭൂമി റിപ്പബ്ലിക്ക് പതിപ്പിൽ പ്രസിദ്ധീകരിച്ച റിപ്പബ്ലിക്ക് എന്ന കവിതയും ഇതിനുദാഹരണങ്ങളാണ്. നായകനായ വള്ളത്തോളിനെ ഉപനായകനായ കുറ്റിപ്പുറത്തും ഗാന്ധിജിയെക്കുറിച്ച് കവിതയെഴുതിയിട്ടുണ്ട്.

മാതാവേ, മഹീദേവീ!
നിൻമക്കൾക്കകം പുക്ക
നേതാവായ് മഹാത്മജി
മേലിലും തുടർന്നുപോം. എന്ന് മാതൃഭൂമിയ്ക്കുറപ്പു നൽകുന്ന കവി
സ്വാതന്ത്ര്യഗീതിയിൽ ,
ആരുടെ നേതൃത്വത്തിൽ
നിന്നുടെയടിമത്ത
ഭാരത്തിയൊട്ടു നീക്കാൻ
നിന്മക്കൾ സമർത്ഥരായ് ,
ആ മഹാത്മാവിൻ നേർക്കു
നന്ദിയോടോർപ്പൂ ഭൂതി
ധാമമേ ! ഭവദീയ

സംസ്കാരപാരമ്പര്യം " എന്നത് ആവർത്തിക്കുകയും ചെയ്യുന്നു.
" അത്തലിന്നിടയാക്ക
മിന്നത്തെ നില വെടി –
ശാന്തിയും നൽകീട്ടുവാൻ
ഒത്തൊരു മട്ടിലെന്റെ
ഭാരതമുലകിന്നു
പുത്തനായൊരു ചിത്ര-
ശാലയായ് ഭവിക്കുമോ ? (ചിത്രശാല )എന്ന ആത്മാർത്ഥമായ പ്രാർത്ഥനയാണ് കവിയുടെ ദേശീയതാസങ്കല്പം.

**4.സാമൂഹികവീക്ഷണം**

വിവിധ ജാതിമതസ്ഥർ സാഹോദര്യത്തോടെ വാഴണമെന്ന ഒരു സാമൂഹികവീക്ഷണമാണ് അദ്ദേഹത്തിന്റെ കവിതകളിൽ നിറഞ്ഞു നിൽക്കുന്നത്.
നിന്നുടെ വിളിയൊച്ച കേട്ടു കൂടുമ്പോൾത്തന്നെ
ഹിന്ദുക്കൾ ബുദ്ധ ജൈന ശിഖന്മാർ പാരസികർ
എന്നല്ലാ മുസൽമാൻമാർ ക്രിസ്തീയരിവരെല്ലാ
മൊന്നൊഴിയാതെ പൂർവ്വ പശ്ചിമ ദിഗ്വാസികൾ
ഒന്നിച്ചു നിന്റെ ദിവ്യ സന്നിധൗ വന്നീടുന്നു
കുന്നിക്കും പ്രേമമേകീകരിച്ചു നിന്നീടുന്നു' എന്നാണ് പ്രഭാതഗീതത്തിൽ കവി പാടിയത്. എല്ലാ മതങ്ങളുടെയും സഹവർത്തിത്വമാണ് മാനവരാശിയുടെ നിലനില്പ് എന്നദ്ദേഹം തന്റെ രചന കളിലൂടെ വ്യക്തമാക്കാൻ അദ്ദേഹം ശ്രമിച്ചിട്ടുണ്ട്.
"ഹന്ത! നിൻ ബാധയേറ്റു
ഭാർഗ്ഗവരാമക്ഷോണി
യെന്തൊരു നിലയിലായ്
കിടന്നീടുന്നിതിന്നും ' എന്ന് ജാതി ഭൂതത്തോട് വിലപിക്കുന്ന കവിമനസ്സാണ് കുറ്റിപ്പുറത്തിന്റേത്.

കുറ്റിപ്പുറത്തിന്റെ കവിതകളിലെ നർമ്മബോധവും നാടകീയതയും ശ്രദ്ധേയമാണ്. ആ കവിതകളുടെ സ്ഥായീഭാവം പ്രസന്നതയാണ്. "കലകളുടെ സർവ പ്രധാനമായ ധർമം ഉല്ലാസകാരിതയാണെന്ന് ഞാൻ വിചാരിക്കുന്നുവെന്ന് " കവി തന്നെ അടയാള പ്പെടുത്തിയിട്ടുണ്ടെന്ന് മാതൃഭൂമി ആഴ്ചപതിപ്പിലെ ലേഖനമുദ്ധരിച്ചുകൊണ്ട് അനിൽ വള്ളത്തോൾ പ്രസ്താവിക്കുന്നുണ്ട്(പു.111). ഉത്സവങ്ങളുടെ ആഘോഷത്തിമിർപ്പ് ആ കവിതകളിൽ പലപ്പോഴും കടന്നുവരാറുണ്ട്. ഓണവും തിരുവാതിരയും പിറന്നാളുകളും സദ്യയുമെല്ലാം ആ കവിതയിൽ ഇടം പിടിക്കാറുണ്ട്.പ്രത്യുൽപ്പന്നമതിത്വമാണ് കുറ്റിപ്പുറത്തിന്റെ മഹനീയത.

കൈരളിയുടെ കഥയിൽ എൻ കൃഷ്ണപ്പിള്ള ഭാഷയുടെ മർമം മനസ്സിലാക്കിയ കുറ്റിപ്പുറത്തിന്റെ കവിതയെ "ഒരു കുളുർമ, ഒരു മാർദ്ദവം, ഒരു മാധുര്യം " (പു. 48 ) എന്നാണ് വിശേഷിപ്പിക്കുന്നത്. വർഷമായാലും വസന്തമായാലും കേരളീയപ്രകൃതിയെ മുഴുവൻ തന്റെ കവിതയിലേക്ക് ആവാഹിച്ചു. മലയാളകാവ്യസരണിയിലെ ഏറ്റവും ശ്രദ്ധേയമായ ഒരു പ്രസ്ഥാനത്തിന്റെ അമരക്കാരൻ എന്ന് പരിഗണിക്കേണ്ട വ്യക്തിയാണ് കുറ്റിപ്പുറം. കാവ്യഭാഷയെക്കുറിച്ച് വള്ളത്തോൾ മുന്നോട്ട് വെച്ച ആശയങ്ങളെ പ്രാവർത്തികമാക്കാൻ കൃത്യമായി മുന്നോട്ടിറങ്ങിയ വ്യക്തിയാണദ്ദേഹം. ഒരേ സമയം വെൺമണിപ്രസ്ഥാനത്തിന്റെ തുടർച്ചയും ഇടർച്ചയുമാകാൻ വള്ളത്തോൾ പ്രസ്ഥാനത്തിന് സാധിച്ചിരുന്നല്ലോ. ഇതിൽ കുറ്റിപ്പുറത്തിന്റെ പങ്ക് നിസ്സീമമാണ്. വള്ളത്തോൾ അവകാശപ്പെട്ട പ്രകരണശുദ്ധി ആദർശ ശുദ്ധിയോടെ അവതരിപ്പിച്ചുകൊണ്ടാണ് കുറ്റിപ്പുറത്ത് സഹൃദയഹൃദയങ്ങളിൽ പ്രതിഷ്ഠിതനായത്.

swapnackombath08@gmail.com

# കേരളദഖ്നി–മലയാളം നാടൻ ഭാഷാനിഘണ്ടുവിന് ഒരു ആമുഖം

**ഷഹാനാഷിരിൻ പി. പി.**
ഗവേഷക, മലയാള–കേരള–പഠനവിഭാഗം,
കോഴിക്കോട് സർവകലാശാല

**പ്രബന്ധസംഗ്രഹം**
നിരവധി ഭാഷാന്യൂനപക്ഷങ്ങൾ കേരളത്തിന്റെ ഭാഗമായിത്തീർന്നിട്ടുണ്ട്. കേരളസമൂഹത്തിൽ തിരിച്ചറിയാൻ വയ്യാത്ത വിധം ലയിച്ചുചേർന്ന ഭാഷാസമൂഹങ്ങളിലൊന്നാണ് ദഖ്നി സംസാരിക്കുന്ന 'ദഖ്നികൾ. അവരുടെ ഭാഷയെയും സംസ്കാരത്തെയും കുറിച്ചാണ് ഈ പഠനം.

**താക്കോൽവാക്കുകൾ**
ഭാഷാ ന്യൂനപക്ഷം, നിഘണ്ടു, കേരളദഖ്നി

**ആമുഖം**

**വൈ**വിധ്യസംസ്കാരങ്ങളുടെയും വൈവിധ്യഭാഷാജനവിഭാഗങ്ങളുടെയും നാടാണ് കേരളം.പല കാലങ്ങളിലായി പല ജനസമൂഹങ്ങളും കേരളമണ്ണിന്റെ ഭാഗമായിത്തീർന്നിട്ടുണ്ട്.നമ്മുടെ മലയാളഭാഷ ഒരു സങ്കരഭാഷയാണ്.പല സംസ്കാരങ്ങളുടെയും ഭാഷകളുടെയും സ്വാധീനത്തിന് കാരണമായി കേരളത്തിന്റെ സംസ്കാരത്തിലും ഭാഷയിലും നിരവധി മാറ്റങ്ങൾ വന്നിട്ടുണ്ട്. അങ്ങനെ വരുമ്പോൾ പല ജനവിഭാഗങ്ങൾ രൂപപ്പെടുത്തിയ വൈവിധ്യസംസ്കൃതിയാണ് കേരളത്തിന്റെ തനതു സംസ്കാരമെന്ന പറയാം. ധാരാളം ഭാഷാന്യൂനപക്ഷങ്ങൾ കേരളമണ്ണിന്റെ ഭാഗമായിത്തീർന്നിട്ടുണ്ട്. മലയാളം മാതൃഭാഷയായിട്ടുള്ള ജനതയ്ക്കു പുറമെ ഉറുദു, തമിഴ്, തുളു, തെലുങ്ക്, കൊങ്കിണി തുടങ്ങിയ ഭാഷകൾ മാതൃഭാഷയായിട്ടുള്ള ജനസമൂഹങ്ങളും കേരളസമൂഹത്തിൽ വസിക്കുന്നുണ്ട്. ഭാഷയുടെയും സ്വത്വത്തിന്റെയും നിലനിൽപിന്റെ അടിസ്ഥാനത്തിൽ ഭാഷാ ന്യൂനപക്ഷങ്ങൾ പലതരത്തിലുള്ള ആകുലതകൾ അനുഭവിക്കുന്നുണ്ട്.കേരളസമൂഹത്തിൽ തിരിച്ചറിയാൻ വയ്യാത്ത വിധം ലയിച്ചുചേർന്ന ഭാഷാസമൂഹങ്ങളിലൊന്നാണ് ദഖ്നി സംസാരിക്കുന്ന 'ദഖ്നികൾ'[1].'പാാണികൾ'[2]എന്നും ഇവർ അറിയപ്പെടുന്നു. ആചാരാനുഷ്ഠാനങ്ങളിൽ വ്യത്യസ്തത പുലർത്തുന്ന ഇവർ നൂറ്റാണ്ടുകളായി കേരള മണ്ണിൽ ജീവിച്ചുവരുന്നു.

**ദഖ്നിഉറുദുവിന്റെ ചരിത്രം**

ഡൽഹിയിലും ചുറ്റുവട്ടങ്ങളിലും പതിമൂന്നാം നൂറ്റാണ്ടിൽ സംസാരിക്കപ്പെട്ടിരുന്ന ഭാഷയിൽ

നിന്നുരുത്തിരിഞ്ഞ ഉറുദുവിൽ നിന്നും ഒട്ടേറെ വ്യതിയാനങ്ങൾ സംഭവിച്ച ഒരു വകഭേദം എന്ന നിലയ്ക്ക് ദഖ്നിഉറുദു വളരെയധികം പ്രാധാന്യമർഹിക്കുന്നു.

സുൽത്താൻ മുഹമ്മദ് ബിൻ തുഗ്ലക്ക് 1327 AD യിൽ തലസ്ഥാനം ഡൽഹിയിൽ നിന്നും ദേവഗിരിയിലേക്ക്(ഇപ്പോഴത്തെ ദൗലത്താബാദ് ) മാറ്റിയതിലൂടെയാണ് പതിമൂന്നാം നൂറ്റാണ്ടിൽ ഡൽഹിയിലും ചുറ്റുവട്ടങ്ങളിലും സംസാരിക്കപ്പെട്ടിരുന്ന ഭാഷാശൈലിയിൽ നിന്നും വേർപെട്ട് ഈ വകഭേദം ഡക്കാണിലേക്ക് വ്യാപിക്കുന്നത്.കാലക്രമേണ അത് ഡക്കാണിൽ തഴച്ചുവളർന്ന് ദഖ്നി എന്നോ ഡക്കാണി എന്നോ അറിയപ്പെട്ടു. ഈ ഭാഷ ഗുലാരി, ഗുജരി, സബാൻ-ഇ-ഹിന്ദി, ഹിന്ദ്വി,തുർക്ക്മാത എന്നിങ്ങനെയുള്ള പേരുകളിലും അറിയപ്പെടാൻ തുടങ്ങി.മുഹമ്മദ് ബിൻ തുഗ്ലക്കിന്റെ ഭരണം അധികനാൾ നീണ്ടുനിന്നില്ല. മാത്രവുമല്ല അദ്ദേഹം തലസ്ഥാനം 1337 AD-യിൽ തിരിച്ച് ഡൽഹിയിലേക്ക് മാറ്റുകയും ചെയ്തു. തുഗ്ലക്കാനന്തര കാലഘട്ടം ഡക്കാണിൽ പല സ്വതന്ത്ര രാജവംശങ്ങളുടെയും ഉദയത്തിന് സാക്ഷ്യം വഹിച്ചു.അത്തരത്തിലുയർന്നുവന്ന ആദ്യ രാജവംശമാണ് AD 1347 ൽ സ്ഥാപിതമായ ബഹ്മണി രാജവംശം. അവരുടെ തലസ്ഥാനം ആദ്യം ഗുൽബർഗയിലായിരുന്നു. പിന്നീടത് ബീഡാറിലേക്ക് മാറ്റി. രണ്ടാമത്തേത് AD 1490 ൽ സ്ഥാപിതമായ ആദിൽ ഷാഹി രാജവംശമായിരുന്നു. ബീജാപ്പൂർ ആയിരുന്നു അവരുടെ തലസ്ഥാനം.മൂന്നാമത്തേത് AD 1512 ൽ ഗോൽകൊണ്ടയിൽ സ്ഥാപിതമായ ഖുത്ബ്ഷാഹി രാജവംശമായിരുന്നു. ഈ രാജവംശങ്ങളെല്ലാം ദഖ്നിയ്ക്ക് നല്ലരീതിയിൽ സംരക്ഷണം കൊടുക്കുകയും നല്ലരീതിയിൽ തന്നെ സമ്പുഷ്ടമാക്കുകയും ചെയ്തു. ഈ രാജവംശങ്ങളുടെ തണലിലാണ് ദഖ്നി വേറിട്ട ഒരു സാഹിത്യഭാഷയായി വന്നതെന്ന്പറയാം.

ദഖ്നിയുടെ സാഹിത്യ ഉന്നതിയിലുള്ള കാലഘട്ടത്തിന്റെ സാഹിത്യമാണ് സൂഫിസാഹിത്യം.പല രാജാക്കന്മാരും ദഖ്നി കവികൾ കൂടിയായിരുന്നു.മുഹമ്മദ് ഖുലി ഖുത്ബ് ഷാ(ഖുത്ബ്ഷാഹിരാജവംശത്തിലെ നാലാമൻ), ഇബ്രാഹിം ആദിൽ ഷാ രണ്ടാമൻ (ആദിൽ ഷാഹി രാജവംശം)എന്നിവരാണ് അതിൽ പ്രധാനികൾ. രാജാക്കന്മാരെ കൂടാതെ വേറെയും കവികളുണ്ടായിരുന്നു. ഇവരുടെ രചനകളെല്ലാം പേർസോ-അറബിക് ലിപിയിലാണ് എഴുതപ്പെട്ടിട്ടുള്ളത്. അതിൽ ചിലത് പ്രസിദ്ധീകരിക്കപ്പെട്ടിട്ടുമുണ്ട്. പതിനാലാം നൂറ്റാണ്ടു മുതൽ ഡക്കാണിൽ ദഖ്നിരേഖകളിലുണ്ടെന്ന് പറയപ്പെടുന്നു.ദഖ്നിയിലെ ആദ്യ ഗദ്യകൃതി ഖ്വാജാ ബന്ദാനവാസ് ഗേസു ദാരസിന്റെ (1322 - 1 423 AD)' മിഹ്റാജുൽ ആഷിഖീൻ' ആണ്. ഡക്കാണിലെ രാജവംശങ്ങൾക്ക് പതിനേഴാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിലെ മുഗൾആക്രമണങ്ങൾക്ക് മുന്നിൽ പിടിച്ചു നിൽക്കുവാനായില്ല യഥാക്രമം AD 1685 ലും1686ലും ഔറംഗസേബ് ബീജാപൂരും ഗോൽ കൊണ്ടയും വികസിപ്പിച്ചതോടെ അവരും പൂർണ്ണമായും അപ്രത്യക്ഷരായി. ഇതോടെ ദഖ്നിയുടെ സാഹിത്യ വിഹായസ്സിലുള്ള ഉന്നതി കാലഘട്ടവും അവസാനിച്ചു.പിന്നീടുള്ള കാലഘട്ടത്തിൽ ഇന്നത്തേതുപോലെ അതൊരു സംസാരശൈലി മാത്രമായി അവശേഷിച്ചു (Mustafa, S, 2005: 2).

**കേരളത്തിലെ ദഖ്നികൾ**

അലി ആദിൽ ഷായുടെ ഡക്കാൻ സാമ്രാജ്യത്തിലെ പിന്മുറക്കാരാണ് കേരളത്തിലെ ദഖ്നികൾ.' ദഖ്നികളെന്ന പഠാണി മുസ്ലിംകൾ' എന്ന പേരിലാണ് പരപ്പിൽ മമ്മദ് കോയ ദഖ്നികളെ അഭിസംബോധന ചെയ്യുന്നത്. പതിനെട്ടാംനൂറ്റാണ്ടിന്റെ അവസാനകാലത്ത് ടിപ്പു സുൽത്താനോടൊപ്പം പടയാളികളായി വന്നവരും ഇവരിൽ ഉൾപ്പെടുന്നു. തിരുവനന്തപുരത്തെ പഠാണികളെക്കുറിച്ചാണ് ഇബ്രാഹി കുഞ്ഞ് പറയുന്നതെങ്കിൽ കോഴിക്കോട്ടെ പഠാണികളെക്കുറിച്ചാണ് മമ്മദ് കോയ പറയുന്നത്.

മാർത്താണ്ഡവർമ്മയുടെ വിശ്വസ്തസൈനികരായിരുന്ന തിരുവിതാംകൂർ ഭരണകാലത്തെ ദഖ്നികൾ.പതിനെട്ടാം നൂറ്റാണ്ടിന്റെ മധ്യത്തിൽ സ്വദേശമായ ഗോൽ കൊണ്ടയിൽ നിന്നും ഒരു കപ്പലിൽ സഹപാഠികളോടൊപ്പം ഹജ്ജിനായി പുറപ്പെടുകയും ഹജ്ജ് കഴിഞ്ഞ് തിരിച്ചുള്ള യാത്രയിൽ കാറ്റിലും കോളിലും പെട്ട് തലശ്ശേരിയിൽ കരപറ്റാനിടയാവുകയും ചെയ്ത ശൈഖ് മഹമൂദും സംഘവും ആദ്യകാല ദഖ്നിമുസ്ലിം കുടിയേറ്റക്കാരിൽപ്പെട്ട ഒരു പ്രമുഖസം

ഘലമാണെന്ന് 'കോഴിക്കോട്ടെ മുസ്ലിംകളുടെ ചരിത്ര'ത്തിൽ മമ്മദ് കോയ പ്രസ്താവിക്കുന്നു. അങ്ങനെ അവർ തലശ്ശേരിയിൽ സ്ഥിര താമസക്കാരാവുകയും ചെയ്തു . പിന്നീട് മലബാറിന്റെ പല ഭാഗങ്ങളിലേക്ക് വ്യാപിക്കുകയുമുണ്ടായി. മത പണ്ഡിതനും ജ്ഞാനിയുമായിരുന്ന ശൈഖ് മഹമൂദ് സിന്ധിലേയും ഗോൽ കൊണ്ടയിലേയും തന്റെ സ്വത്തുക്കളെല്ലാം ഉപേക്ഷിച്ച് തല ശ്ശേരിയിലെ ആലിഹാജി പള്ളിയിൽ ഖത്തീബായി അവിടെ സ്ഥിര താമസമാക്കി. അദ്ദേഹ ത്തെ ഖബറടക്കിയതും ഈ പള്ളിയങ്കണത്തിലാണ് (മമ്മദ് കോയ : 1994-).

2011-ലെ ഇന്ത്യാഗവൺമെന്റിന്റെ സെൻസസ് റിപ്പോർട്ട് അനുസരിച്ച്ഇന്ത്യയിലെ ഉറുദു ഭാ ഷകർ 62, 772,631 ആണ്. കേരളത്തിലേത് 51,492 ആണ്. കേരളത്തിലെ ഉറുദു ഭാഷകർ എന്നാൽ യഥാർത്ഥത്തിൽ ദഖ്നിഉറുദു ഭാഷകർതന്നെയാണ്.ആയതിനാൽ ദഖ്നിഉറുദു ഭാ ഷകരുടെ എണ്ണം തന്നെയാണ് 51,492 ഇതിൽ ധാരാളം പേരും കാസർക്കോട് വസിക്കുന്ന വരാണ്. കാലക്രമേണ കേരളത്തിന്റെ നാനാഭാഗങ്ങളിലേക്കും ദഖ്നികൾ വ്യാപിക്കുകയു ണ്ടായി.കണ്ണൂർ, കാസർക്കോട്,കോഴിക്കോട്,പാലക്കാട്,തൃശ്ശൂർ,എറണാകുളം,ആലപ്പുഴ,കൊ ല്ലം,തിരുവനന്തപുരംതുടങ്ങിയ സ്ഥലങ്ങളിൽ ദഖ്നികളുടെ പിൻഗാമികൾ ഇപ്പോഴും ജീവി ച്ചിരിപ്പുണ്ട്.

**ദഖ്നികളും ദ്വിഭാഷിത്വവും**

ആചാരാനുഷ്ഠാനങ്ങളിൽ വ്യത്യസ്തത പുലർത്തുന്ന ഇവരുടെ ഭാഷ ദഖ്നിയാണ്. മിക്കവാ റും പഠാണികൾ തനതു ഭാഷയോടൊപ്പം അവർ വസിക്കുന്ന സമൂഹത്തിലെ മുഖ്യഭാഷയും സ്വായത്തമാക്കിയാണ് ജീവിക്കുന്നത്. അതിനാൽ അവരെ ഇരട്ടമൊഴി(Diagossia)3ക്കാരാ യി കാണാവുന്നതാണ്.ദഖ്നികളെ ദ്വിഭാഷിക(bilingual)4ളുടെ കൂട്ടത്തിലും ഉൾപ്പെടുത്താവുന്ന താണ് . അവർ പൊതുസമൂഹവുമായുള്ള ആശയവിനിമയത്തിന് മലയാളവും സ്വന്തം സമുദാ യത്തിനകത്ത് ആശയവിനിമയത്തിന് ദഖ്നിഉറുദുവുമാണ് ഉപയോഗിക്കുന്നത്. സ്വന്തം ഭാ ഷയെ സംരക്ഷിക്കുവാനാണ് അവർ സ്വസമുദായത്തിനകത്ത് ദഖ്നി ഉപയോഗിക്കുന്നത്.ഭൂ രിപക്ഷമായ മലയാളികളുടെ ഇടയിൽ നൂറ്റാണ്ടുകളായി ജീവിച്ചു പോരുന്നവരാണ് ദഖ്നി കൾ.വീട്ടിൽ നിന്നും കുടുംബാന്തരീക്ഷത്തിൽ നിന്നും അവർ ദഖ്നി സ്വായത്തമാക്കുകയും ജീ വിതകാലം മുഴുവനും ഉപയോഗിക്കുകയും ചെയ്യുന്നു.എന്നിരുന്നാലും ഭൂരിപക്ഷ ഭാഷയായ മല യാളവുമായി നിരന്തരം സമ്പർക്കം പുലർത്തേണ്ടതു കാരണം അവർ പിന്നീട് മലയാളം സ്വാ യത്തമാക്കുന്നു. അതിനാൽ എല്ലാവരും ദ്വിഭാഷിത്വം ശീലിക്കുന്നു.

മാതൃഭാഷയിലെന്നപോലെ ഒന്നിലധികം ഭാഷകൾ കൈകാര്യം ചെയ്യാൻ കഴിയുന്ന ഭാ ഷാന്യൂനപക്ഷമാണ് കേരളത്തിലെ ദഖ്നികൾ. അവർ മലയാളം, ദഖ്നി എന്നീ ഭാഷകൾ ബുദ്ധിമുട്ടില്ലാതെ കൈകാര്യം ചെയ്യുന്നു.ബ്ലൂം ഫീൽഡ് ഇതിനെ മാതൃഭാഷാനിലവാരത്തിൽ രണ്ട് ഭാഷകൾ കൈകാര്യം ചെയ്യാൻ വ്യക്തിക്കുള്ള കഴിവ് എന്നരീതിയിലാണ് കാണുന്നത്. ഇന്ത്യ പോലെ നിരവധിഭാഷകർ ഒരുമിച്ചു ജീവിക്കുന്ന ദേശത്ത് ഇതിനുള്ള സാധ്യത അധി കമാണ്. ദ്വിഭാഷകരെക്കുറിച്ചുള്ള പഠനത്തിന്റെ സ്ഥാപകരിൽ ഒരാളായ ഉറിൽ വിൻ റീഹ് രണ്ട് ഭാഷകളെ മാറി മാറി ഉപയോഗിക്കുന്ന സമ്പ്രദായത്തെ ദ്വിഭാഷിത്വം എന്നും അപ്രകാ രം ഉപയോഗിക്കുന്നവരെ ദ്വിഭാഷികൾ എന്നും നിർവചിക്കുന്നു. പ്രാദേശികഭാഷ നഷ്ടപ്പെടാ തെ തന്നെ ഒരന്യഭാഷ സ്വായത്തമാക്കുന്നതാണ് ദ്വിഭാഷിത്വമെന്ന് ബ്ലൂംഫീൽഡ് പറയുന്നു. ഒരേ സമയം രണ്ടുഭാഷകൾക്കു മേൽ നിയന്ത്രണമുള്ളവസ്ഥയാണിത്.

**ദഖ്നിയുടെ ഭാഷാ സവിശേഷതകൾ**

ഒരു സമന്വയഭാഷ - നിരവധി വൈവിധ്യഭാഷകളുടെയും സംസ്കാരങ്ങളുടെയും വളരെ വ്യ ത്യസ്തമായ പാരമ്പര്യത്തനിമകൾ പുലർത്തുന്നതും സാഹിത്യസമ്പന്നവും അതേ സമയം കേര ളത്തിൽ വാമൊഴി രൂപത്തിൽ നിലനിൽക്കുന്നതുമായ ഭാഷയാണ് ദഖ്നി. ഇന്ത്യയുടെ ഡക്കാൺപ്രദേശത്ത് സാംസ്കാരികസങ്കലനത്തിലൂടെ വികാസംപ്രാപിച്ച ഭാഷയാണിത്. നമ്മു ടെ ഭാരതത്തിൽ വ്യത്യസ്ത സംസ്കൃതികൾ ലയിച്ചുചേർന്നുണ്ടായിത്തീർന്ന ജീവിതദർശനവും

ഭാഷയുമെല്ലാം അതിലുൾച്ചേർന്നിരിക്കുന്നു. ഹിന്ദി ,ഉറുദു , മറാത്തി, കൊങ്കണി, ഗുജറാത്തി, കന്നട, തെലുങ്ക് അറബിക് ,പേർഷ്യൻ, ടർക്കിഷ് , മലയാളം, തമിഴ് തുടങ്ങിയ പദങ്ങളും സമാനവ്യാകരണഘടനകളും ദഖ്നിയിൽ കാണാൻ സാധിക്കും.

ഉറുദുവിന്റെ ഭാഷയായിത്തീർന്ന ഒരു പ്രധാനവകഭേദമാണ് ദഖ്നി. ഡൽഹിയിലും സമീപ പ്രദേശങ്ങളിലും പതിമൂന്നാം നൂറ്റാണ്ടിൽ സംസാരിക്കപ്പെട്ടിരുന്ന ഉറുദുവിൽ നിന്നും ഒട്ടേറെ വ്യതിയാനങ്ങൾ സംഭവിച്ച ഒരു വകഭേദം എന്ന നിലയ്ക്ക് ഇത് വളരെയധികം പ്രാധാന്യമർഹിക്കുന്നു.ദഖ്നി എന്നത് ഗോത്രപരമായി ഇൻഡോ- യൂറോപ്യൻ ശാഖയിലെ ഇൻഡോ-ആര്യൻവിഭാഗത്തിലെ മധ്യശാഖയിൽപ്പെടുന്നു.ഡൽഹിയിലും ചുറ്റുവട്ടങ്ങളിലും സംസാരിച്ചു വന്നിരുന്ന ഒരു പൊതുഭാഷ (lingua-franca) യായിരുന്നു ഇത്. ഈ ലഘൂകൃതസങ്കരഭാഷ (pidgin ) പിന്നീട് തുഗ്ലക്ഭരണകാലത്ത് ഡൽഹിയിൽ നിന്നും ദേവഗിരിയിലേക്ക് തലസ്ഥാനം AD -1327 ൽ ഡക്കാണിലേക്ക് മാറ്റിയപ്പോൾ ഒരു ജനവിഭാഗത്തിന്റെ സ്വന്തം ഭാഷയിൽ സ്ഥിരപ്പെട്ടു. മാതൃഭാഷയായി തലമുറയിലേക്ക് പകർന്നു(ക്രിയോളീകരണം).ബഹ്മണി കാലഘട്ടത്തിൽ അവിടത്തെ സാഹിത്യഭാഷയായും മാറി. ഭരണത്തിലെ മാറ്റങ്ങൾ പിന്നീട് സംസാരഭാഷയായി മാത്രം ദഖ്നിയെ ഒതുക്കി നിർത്തി.

**ഭാഷാസമ്പർക്കവും ഭാഷാപരിണാമവും**

വ്യത്യസ്ത ഭാഷാസമൂഹങ്ങൾ തമ്മിൽ പല സാഹചര്യങ്ങളിലും സമ്പർക്കം ഉണ്ടാവാം. ഇതിന്റെ ഫലമായി ഭാഷയിൽ പരിണാമം സംഭവിക്കും. അതിന്റെ പല തലങ്ങളിൽ പരിണാമം സംഭവിക്കാം. ഒരു ഭാഷയിൽ, ആ ഭാഷയുടെ സ്വാഭാവിക സാഹചര്യത്തിൽ നിന്നും പുതിയ പദങ്ങൾ ഉണ്ടാവാം. അല്ലെങ്കിൽ ചരിത്രപരമോ,സാംസ്കാരികമോ ആയ കാരണങ്ങളാൽ അന്യഭാഷകളിൽ നിന്ന് സ്വീകരിച്ച പദങ്ങളോആവാം. വിജ്ഞാനശാഖകളിലെ സാങ്കേതിക പദങ്ങൾ അധികവും ഇംഗ്ലീഷ് വഴിയാണ് പല ഭാഷകളിലുമെത്തിയിട്ടുള്ളത്.

കേരളത്തിലെ ഭൂരിപക്ഷ ഭാഷയായ മലയാളം ഭാഷാ ന്യൂനപക്ഷമായ ദഖ്നികളുടെ വാമൊഴിയിൽ വളരെയധികം സ്വാധീനം ചെലുത്തിയിട്ടുണ്ട്. ഇതിൽ വ്യത്യസ്ത ഭാഷകൾ തമ്മിലാണ് സമ്പർക്കം വരുന്നത്. ഒരേ ഭാഷയുടെ തന്നെ പ്രാദേശിക ഭേദങ്ങൾ തമ്മിലല്ല. തികച്ചും വ്യത്യസ്തങ്ങളായ രണ്ട് ഭാഷകൾ തമ്മിലാണ് ഇവിടെ സമ്പർക്കത്തിലാവുന്നത്. സാം മോഹൻലാൽ (1982), ജെന്നിഫർ ബേയർ (1986)എന്നിവർ ബാംഗ്ലൂരിൽ കുടിയേറിയ തമിഴ് വംശജരെക്കുറിച്ച് പഠനങ്ങൾ നടത്തിയിട്ടുണ്ട് ( Mohanlal ,Sam 1982 Convergene and Language shift in a Linguistic Minority - A case study of Tamil in Banglore city Mysore : C. 1.1 L ). കേരളത്തിലെ കൊച്ചിൻ കൊങ്കിണിയിൽ മലയാളത്തിന്റെ സമാവേശത്തെക്കുറിച്ച് നടത്തിയ ശ്രീവത്സന്റെ പ്രബന്ധം ശ്രദ്ധേയമാണ് (sreevalsan,t.1999 linguistic convergence:Konkani -malayalam contact situation phd thesis,dept of Malayalam,Calicut university). ഉൽപത്തി പരമായി ബന്ധമുള്ള ഭാഷകളിൽ സാദൃശ്യങ്ങൾ കാണുന്നത് സ്വാഭാവികമാണ്.എന്നാൽ ഒരു പ്രത്യേക മേഖലയിൽസംസാരിക്കപ്പെട്ടുവരുന്നവയും ഭിന്നഭാഷാഗോത്രങ്ങളിൽ ചേരുന്നവയുമായ ഭാഷകൾക്കിടയിൽ യാദൃച്ഛികമെന്നു കരുതാൻ കഴിയാത്ത സ്വഭാവസാദൃശ്യങ്ങൾ കാണുന്നുവെങ്കിൽ അത് ശ്രദ്ധിക്കപ്പെടേണ്ട പ്രതിഭാസമായിത്തീരുന്നു. ഈ പ്രതിഭാസത്തെക്കുറിച്ച് ആദ്യം പ്രതിപാദിച്ചത് അമേരിക്കൻ നരവംശശാസ്ത്രജ്ഞനായ ഫ്രാൻസ് ബോസ് ആണ്. വടക്കെ അമേരിക്കയിലെ ചില ആദിവാസി ഭാഷകൾ വംശപരമായി വിജാതീയങ്ങളാണെങ്കിലും ശബ്ദ തലത്തിലും വ്യാകരണതലത്തിലും അവയിൽ ഒട്ടേറെ സാധർമ്മ്യങ്ങൾ ഉണ്ടെന്നും അതുകൊണ്ട് ആ ഭാഷകൾ പ്രയോഗത്തിലുള്ള പ്രദേശങ്ങളെ ഒരു ഭാഷാമേഖലയായി കരുതേണ്ടതാണെന്നും ബോസ് അഭിപ്രായപ്പെട്ടു. ഈ നിരീക്ഷണത്തിന്റെ വെളിച്ചത്തിൽ ഇന്ത്യയെയും ഒരു 'ഭാഷാമേഖല'യായി കരുതാമെന്ന് പ്രസിദ്ധ ദ്രാവിഡഭാഷാ ശാസ്ത്രപണ്ഡിതനായ എമിനൊ (India as a linguistic area ) ചൂണ്ടിക്കാണിച്ചു.ഇന്ത്യയിലെ ഭാഷകൾക്കിടയിൽ ചരിത്രാതീത കാലം മുതൽക്കെ ധാരാളം കൊള്ളക്കൊടുക്കലുകൾ നടന്നിട്ടുണ്ടായിരിക്കണം. അതിന്റെ ഫലമായി ദക്ഷിണേന്ത്യൻ ഭാരതീയ ഭാഷാ പ്രത്യേകതകളായിത്തീർന്നതിന്റെ അടിസ്ഥാനത്തിലാണ് ഇന്ത്യയെ ഒരു ഭാഷാമേഖല എന്ന് വിളിക്കാമെന്ന് പറയുന്നത്.

ഇങ്ങനെ വ്യത്യസ്ത ഗോത്രത്തിലുള്ള ഭാഷകൾ ഒരേ പ്രദേശത്ത്നിരന്തര സമ്പർക്കത്തിലേർപ്പെടുന്നതിന്റെ ഫലമായി ഭാവിയിൽ നിരവധി മാറ്റങ്ങൾ സംഭവിക്കുന്നു. ഇൻഡോ-ആര്യൻ ഗോത്രത്തിലുൾപ്പെടുന്ന ദഖ്നിയും ദ്രാവിഡ ഗോത്രത്തിലുൾപ്പെടുന്ന മലയാളവും തമ്മിലാണ് ഇവിടെ പരസ്പരസ്വാധിനമുണ്ടാകുന്നത്.

ധാരാളം പദങ്ങൾ മലയാളത്തിൽ പരകീയപദങ്ങളായി ദഖ്നി ഉറുദുവിൽ നിന്നും വന്നിട്ടുണ്ട്. ദഖ്നിഉറുദുവിൽ നിന്ന് ദ്രാവിഡത്തിലേക്ക് തിരിച്ചും കടന്നുകയറിയിട്ടുണ്ട്.ദഖ്നിയിലെ മുപ്പത് ശതമാനം വാക്കുകളും പ്രാദേശികഭാഷയിൽ നിന്നും എടുത്തതാണ്.കർണാടകയിൽ കന്നടവും തെലങ്കാനയിൽ തെലുങ്കും മഹാരാഷ്ട്രയിൽ മറാഠിയും തമിഴ്നാട്ടിൽ തമിഴും കേരളത്തിൽ മലയാളവും വാക്കുകൾ പദസമ്പത്തായി ദഖ്നി സ്വീകരിക്കുന്നു. മലയാളത്തിൽ നിന്നും സ്വീകരിച്ചപദങ്ങൾ ഉദാ: ചന്ത,വൈദ്യന്മാർ,പണയം ,റാണി.

**ദഖ്നിഉറുദുവിൽ ഉപയോഗിക്കുന്ന മലയാളരൂപങ്ങൾ**

ഉദാ:കയറ്റം

മേരാ ഘർ വൊ കയറ്റം കാ ഊപർ ഹെ- എന്റെ വീട് ആ കയറ്റത്തിന്റെ മുകളിലാണ്.

സംശയം

മൻ ജെ ഉസ്സെ സംശയം ഹെ- എനിക്ക് അവനെ സംശയമാണ്.

**ദഖ്നിഉറുദുവിൽ നിന്നും മലയാളത്തിലേക്കുവന്ന പദങ്ങൾ**

ദഖ്നി - മലയാളം

രുപ്യ – രൂപ

ബേപ്പാർ- വ്യാപാരം

ഖത്ത് – കത്ത്

ദാടി -താടി

മാഫ് – മാപ്പ്

കിസ്സ – കിസ

സാടി – സാരി

ബാഹി – ബാക്കി

വറാന്ത – വരാന്ത

തയാർ - തയ്യാർ

ദഖ്നി ഭാഷാഭേദങ്ങൾ - കേരളത്തിലെ പല ഭാഗങ്ങളിലും ചെറിയ ചില ഭേദങ്ങളോടെയാണ് ഭാഷ ഉപയോഗിച്ചുവരുന്നത്. ഉദാ പാത്രത്തിന് വടക്കൻകേരളത്തിൽ 'ബാസൻ' എന്നും മധ്യകേരളം മുതൽ ദക്ഷിണ കേരളം വരെ (തൃശ്ശൂർ-തിരുവനന്തപുരം)' ബർത്തർ ' ആണ് പറഞ്ഞു വരുന്നത്

ഭാഷാ നഷ്ടം – ഉദാ:കൺപോള, കൺപീലി എന്നീ വ്യത്യസ്ത പദങ്ങളെ കുറിക്കാൻ ഭാഷയിൽ 'പലക്ക് എന്ന പദം മാത്രമാണുള്ളത്.

പല പദങ്ങളെ കുറിക്കാൻ ഒരു പദം മാത്രമാവുന്ന അവസ്ഥയും കാലക്രമേണ പദം നഷ്ടപ്പെട്ട് മലയാള പദം തത്സ്ഥാനത്ത് സ്വീകരിക്കുന്നതും കാണാവുന്നതാണ്.

ബന്ധസൂചകപദങ്ങൾ ചിലത് കാലങ്ങളായി നിലനിന്നുപോകുന്നു. ഉദാ:പിതാവിനെക്കുറിക്കുന്ന'അബ്ബ്','ചേച്ചി'യെസൂചിപ്പിക്കുന്നദീദി.''ദീദി' എന്ന പദം മലയാളികളിലേക്കു കുടി കടന്നുകയറിയിട്ടുണ്ട്.

**ബോംബെദഖ്നിയിലേയും കേരളദഖ്നിയിലേയും സമാനലഘുരൂപങ്ങൾ**

| ഉറുദു | ബോംബെദഖ്നി | കേരളദഖ്നി | മലയാളം |
|---|---|---|---|
| സാത് | സംഗത്ത് | സംഗത്ത് | കൂടെ |
| പടോസി | പടോസ | പൊടസ് | അയൽക്കാർ |
| പഹലേ | പയിലേ | പയിലേ | പണ്ട് |
| കഹാനി | ഖാനി | കാനി | കഥ |
| ബഹുത് | ബോത് | ബോത് | വളരെ,കൂടുതൽ |

ദഖ്നിയുടെ 'ച്' രൂപങ്ങൾ (തനത്)

പയിലേയച്- ആദ്യമേ തന്നെ
ഏകീച്ച് - ഒന്നു തന്നെ
പോംച്നമേച്ച് - എത്തുമ്പോൾ തന്നെ
ഐസാച്- അതു തന്നെ
ഹകാര മാറ്റം
പഹലേ – പയിലേ
കഹാനി – കാനി
ബഹുത് -ബോത്
ബാഹർ - ബാർ
മഹീനേ-മയിനേ
**ദഖനിയുടെ'നക്കോ'(തനതു)രൂപങ്ങൾ**
ഉദാ: മർനാനക്കോ – മരിക്കണ്ട
ഖാനനക്കോ – തിന്നണ്ട
ജാനനക്കോ – പോവണ്ട
**മലയാളവുമായി സമാനത പുലർത്തുന്ന രൂപങ്ങൾ**
ഉദാ: മൈ ആത്തും - ഞാൻ വരും
മൈ ജാത്തും - ഞാൻ പോകും
മൈ ദേഖ്ത്തും - ഞാൻ നോക്കും.
ദ്രാവിഡ ഗോത്ര സ്വാധിനമുള്ള പദങ്ങൾ
ഉദാ: തമിഴ് - വേഗം, കന്നഡ-ബേഗി, ഉറുദു-ജൽദി,ദഖ്നി- ബേഗി , മലയാളം –വേഗം

വർത്തമാനകാലത്ത് ദഖ്നി എഴുത്ത് രൂപത്തിൽ കാണാറില്ല. ഇപ്പോൾ വാമൊഴി മാത്രമാണുള്ളത്.പഴഞ്ചൊല്ലുകൾ, ഐതിഹ്യകഥകൾ, പാട്ടുകൾ തുടങ്ങിയവയെല്ലാം ഈ ഭാഷ ഇപ്പോഴും സംരക്ഷിച്ചു വരുന്നു. ഉദാഹരണമായി

കുട്ടികൾ ഭക്ഷണം കഴിക്കാൻ വേണ്ടി അമ്മമാർ പാടുന്ന ഒരു ദഖ്നിപ്പാട്ട് താഴെ കൊടുക്കുന്നു.

"ചുടി ചുടി ഞാ ബൈട്ട്
ചുടി ചുടി ഞാ ബൈട്ട്
കാഉ കാഉ ഞാ ബൈട്ട്
ഖാന ഖാ പാനി പീ
ഔർ ഫുൾ .... ഉട് ജാ.."...

അർത്ഥം

" കിളിയേ കിളിയേ ഇവിടെയിരിക്ക്
കിളിയേ കിളിയേ ഇവിടെയിരിക്ക്
കാക്കേ കാക്ക ഇവിടെയിരിക്ക്
ഭക്ഷണവും വെള്ളവും ഭക്ഷിക്കു
പിന്നെ പറന്നു പോയിക്കോ"

"ഹരീ മിർച്ചീ തു ക്യാ കരീ
ബച്ചേ കാമൂ ജലാ ദാലി
ബച്ചാ മാംഗാ മിഠാ ഖാനാ
തു ദേതീ ഹേ പീഖാ ഖാനാ
ഹരീ മിർച്ചീ തു ക്യാ കരീ
ബച്ചേ കാമൂ ജലാ ദാലി"

അർത്ഥം

"പച്ചമുളകേ നീ എന്താണ് ചെയ്തത്,കുട്ടിയുടെ വായ പൊള്ളിച്ചില്ലേ,കുട്ടി മധുരച്ചോറ് ചോദിച്ചിട്ട് നീ കൊടുത്തതോ,ഉപ്പില്ലാത്ത ചോറല്ലേ."

ഹനഫീ വിഭാഗക്കാരായ ദഖ്നികൾ ഇവിടുത്തെ ഷാഫി വിഭാഗക്കാരുമായി ചേർന്നു പ്രവർത്തിച്ചു വരുന്നു. മതപരമായ ചര്യകൾ ഇവർ ഒത്തുചേർന്നാണ് നടത്താറുള്ളത്. എങ്കിലും കല്യാണാഘോഷങ്ങളിലും മറ്റു ചടങ്ങുകളിലും ഇപ്പോഴും ചില വ്യത്യാസങ്ങൾ കാണാൻ സാധിക്കും .എന്നാലും കേരളീയരിൽ നിന്നു സ്വീകരിച്ചവയുമുണ്ട്. പലതിനും തമിഴ്നാട്ടിലെ ചടങ്ങുകളുമായി സാമ്യം കാണാം. കോഴിക്കോട്ടെ പഠാണികളിൽ തമിഴ്നാട്ടിൽ നിന്നുള്ളവരും ഉൾപ്പെടുന്നു .സയ്യദ്, ശൈഖ്, മിയാൻ, ഖാൻ എന്നിങ്ങനെയുള്ള ഗോത്രങ്ങളിലായാണ് ദഖ്നി മുസ്ലിംകൾ അറിയപ്പെടുന്നത്. കേരളത്തിലെ ദഖ്നികൾ ഇവിടുത്തെ മാപ്പിളമുസ്ലിംകളുമായി ഇടചേർന്ന് കഴിഞ്ഞു വരുന്നു. അവരുമായി വിവാഹബന്ധമാക്കമുള്ള സാമൂഹ്യബന്ധങ്ങളും ഇക്കാലത്ത് പുലർത്തുന്നുണ്ട്. അതിനാൽ അവരുടെ സംസ്കാരത്തിൽ പാരമ്പര്യത്തിന്റെ അംശങ്ങൾ പലതും അറ്റുപോവാനും പുതിയ പലതും കൂടിച്ചേരാനും ഇടയായിട്ടുണ്ട്.

### ഉപസംഹാരം

ധാരാളം കൊള്ളക്കൊടുക്കലിലൂടെയാണ് ദഖ്നി രൂപപ്പെട്ടതും വികസിതമായതുമെന്ന് ചരിത്രം വിശകലനം ചെയ്യുന്നതിലൂടെ വ്യക്തമാണ്.ദ്രാവിഡ ഭാഷകളാൽ ചുറ്റപ്പെട്ടു കിടക്കുന്നതിനാൽ ദഖ്നി തനതു രീതിയിൽ ഒട്ടേറെ വ്യതിചലിച്ചു കഴിഞ്ഞിരിക്കുന്നു. ശബ്ദവ്യാകരണ അർത്ഥതലങ്ങളിൽ ഈ വ്യത്യാസം പ്രകടമാണ്.മലയാളവുമായി നീണ്ട കാലത്തെ സമ്പർക്കം മൂലമാണ് ദഖ്നി യിൽ ഇത്തരം വ്യതിയാനങ്ങൾ സംഭവിച്ചിട്ടുള്ളത്. ഇങ്ങനെ തീർത്തും വ്യത്യസ്തമായ ദഖ്നിയുടെ വാമൊഴിരൂപം കേരളത്തിൽ ഇന്നും നിലനിൽക്കുന്നു.യഥാർത്ഥത്തിലെ ഭാഷയുടെ തേജസ്സ് വാമൊഴിയിലൂടെയാണ് പ്രകടമാകുന്നത്.അവ ജീവസ്സുറ്റ രൂപങ്ങളാണ് വരമൊഴിയിലില്ലാത്തതിന്റെ പ്രസക്തി അവിടെയാണ്.പ്രയോഗ സാധ്യതയിലും പ്രയോഗരൂപവൈവിധ്യങ്ങളിലുമാണ്."ദിനംപ്രതി നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന നാടൻ വ്യവഹാര ശബ്ദങ്ങളെ തനിമനഷ്ടപ്പെടാതെ സ്വീകരിക്കുകയും അവയ്ക്കുചിതമാംവിധം അർത്ഥവിവരണം നൽകി സംരക്ഷിക്കുകയും ചെയ്യേണ്ട കടമ നമുക്കുണ്ട് "(വിഷ്ണു നമ്പൂതിരിഎം.വി 8 ).

### ചുരുക്കെഴുത്ത്

1. ഡക്കാൺ പ്രദേശത്ത് നിന്നും മറ്റു ദേശങ്ങളിലേക്ക് കുടിയേറിത്താമസിച്ച ജനവിഭാഗമാണ് ദഖ്നികൾ.
2. one of the migrant south Indian Muslim communities was the Dakhni Muslims,popularly known as pathanis,found in Travancore.the present Dakhni muslim community were the descendants of the earlier migrants.they came mainly as cavalry soldiers from the deccan,to the army of Travancore from time to time(Ibrahim kunju,a,p,pg;285)
3. രണ്ട്ഭാഷകൾ അറിയുകയും അത് ഓരോന്നും വ്യത്യസ്ത സന്ദർഭങ്ങൾക്കു വേണ്ടി നീക്കി വെക്കുകയും ചെയ്യുന്ന അവസ്ഥയാണ് ഇരട്ടമൊഴിത്തം.
4. രണ്ടുഭാഷകൾ ഒരേ പോലെ കൈകാര്യം ചെയ്യാൻ കഴിയുന്ന അവസ്ഥയാണ് ദ്വിഭാഷിത്വം.
5. ഇസ്ലാമിക കർമ്മശാസ്ത്രത്തിന് നാല് കൈവഴികളുണ്ട്.ഷാഫി,ഹനഫി,ഹമ്പലി,മാലികി എന്നിവയാണവ.

### ഗ്രന്ഥസൂചി


അബ്ദുൾലത്തീഫ്, വി., കേരളത്തിലെ ഹിന്ദുമറാത്തികളുടെ ഭാഷയുടെ ഭാഷാ ശാസ്ത്രപരമായ വിവരണം , പി.എച്ച് ഡി പ്രബന്ധം, മലയാള -കേരള -പഠന വിഭാഗം, കോഴിക്കോട് സർവ്വകലാശാല ,2009.

ആന്ദ്ര നോവ് , എം.എസ് ., ദ്രാവിഡഭാഷകൾ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്,തിരുവനന്തപുരം, 1990.

ഉഷാ നമ്പൂതിരിപ്പാട്, സാമൂഹികഭാഷാ വിജ്ഞാനം, കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1994 .

ഒരു സംഘം ലേഖകർ,ഇസ്ലാംവിജ്ഞാനകോശം,കലിമബുക്ക്സ്,കോഴിക്കോട്,1993

പ്രബോധചന്ദ്രൻ നായർ , വി.ആർ. , ഭാഷാശാസ്ത്ര നിഘണ്ടു, കേരളഭാഷാ ഇൻസ്റ്റിറ്റൂട്ട്, തിരുവനന്തപുരം, 2012.

പ്രഭാകരവാരിയർ, കെ.എം., ഭാഷാവലോകനം, വള്ളത്തോൾ വിദ്യാപീഠം, ശുകപുരം,1999.
പ്രഭാകരവാരിയർ , കെ .എം., ഭാഷാശാസ്ത്ര വിവേകം, കറന്റ് ബുക്സ് , കോട്ടയം,2002.
മമ്മദ് കോയ പരപ്പിൽ , പി.പി. കോഴിക്കോട്ടെ മുസ്ലിംകളുടെ ചരിത്രം,ഫോക്കസ് പബ്ലിക്കേഷൻ, കാലിക്കറ്റ്, 1994 .
വിഷ്ണുനമ്പൂതിരി, എം.വി ., നാടൻ ഭാഷാനിഘണ്ടു, കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2016 .
ശ്രീധരൻ ,എം.എം., തുളു- മലയാളം നിഘണ്ടു, സാഹിത്യപ്രവർത്തക സഹകരണസംഘം, കോട്ടയം, 2016.
Bloom field, Leonard, Language, George Allen Unvin, London, 1961.
Ceasar Childers, Robert, A Dictionary of The Pali Language, Cosmo publications, New Delhi,1875.
Emeneau, M.B., India as a Linguistic Area (Linguistics) 32: 3 – 16
Emeneau, M. B, Dravidian Linguistics-Ethnology and folk tales Collected paper, 1967.
Musthafa, S., Khateeb, A Descriptive Grammar of Dakkhini,Munshiram Manoharlal Publishers, New Delhi, 2000.
Sreevalsan, T., Linguistic Convergence: Konkani - Malayalam Contact situation, phd thesis, Dept of Malayalam, Calicut University , 1999.

shahanashirinpp@gmail.com

# എം.ടി. കഥകളിലെ സഞ്ചാരങ്ങൾ: ഓർമ്മയുടെ ആഖ്യാനങ്ങൾ

**ഡോ. മിജോയ് ജോസ്**
അസോ. പ്രൊഫസർ, മലയാള വിഭാഗം,
സെൻറ് തോമസ് കോളജ് (ഓട്ടോണമസ്), തൃശ്ശൂർ

**പ്രബന്ധസംഗ്രഹം**

എംടിയുടെ കഥകളിൽ യാത്രകളുണ്ട്, പുരാവൃത്തങ്ങളുണ്ട്, നാടോടി മിത്തുകളുണ്ട്. കഥകളിലെ യാത്രകൾ ചിലത് ഗ്രാമത്തിൽ നിന്നും പുറത്തേക്കുള്ളതും മറ്റുചിലത് ഗ്രാമത്തിനകത്തേക്കുള്ളതുമാണ്. നിലനില്ക്കുന്ന സാഹചര്യങ്ങളിൽനിന്ന് മനസിനെ സ്വതന്ത്രമാക്കാൻ യാത്രകൾ നടത്തുന്നു. നഷ്ടപ്പെട്ട ബാല്യകാല ഓർമ്മകൾ വേട്ടയാടുമ്പോൾ എം.ടിയുടെ കഥാപാത്രങ്ങൾ യാത്രകളിൽ അഭയംതേടുന്നു. ഓർമ്മകളിലെ മധുരസ്മരണകൾ നിലനിർത്താൻ നടത്തുന്ന യാത്രകളുമുണ്ട്. ഈ യാത്രകളെല്ലാം പുതിയ സ്ഥലങ്ങൾ തേടിയുള്ള യാത്രകൾ എന്നതിനേക്കാളുപരി മനസ്സിന്റെ സഞ്ചാരമാണ് സൂചിപ്പിക്കുന്നത്. സ്മരണകളെ ആധാരമാക്കിയുള്ള രചനാരീതി എം.ടിയുടെ ചെറുകഥകളിലെ അവിഭാജ്യഘടകമാണ്.

**താക്കോൽവാക്കുകൾ**

നാടോടിമിത്തുകൾ, ആഖ്യാനസങ്കേതം, മാതൃപ്രരൂപം

**ആമുഖം**

"സാഹിത്യരചനയിൽ സജീവമായി പ്രവർത്തിച്ചുതുടങ്ങിയിട്ട് ഏഴുപതിറ്റാണ്ടോളമായിട്ടും എം.ടി. വാസുദേവൻ നായരുടെ ഓരോ വാക്കിലും ഇന്നും യൗവനം തുടിക്കുന്നുണ്ട്. അതാണ് ഏറ്റവും പുതിയ തലമുറയുടെപോലും പ്രിയപ്പെട്ട എഴുത്തുകാരനായി അദ്ദേഹത്തെ നിലനിർത്തുന്നത്" (കെ. എസ്. രവികുമാർ, പേജ് 7). ഹൃദയത്തോട് ചേർത്ത് നിറുത്താൻ തോന്നുന്ന കഥകളാണ് എം.ടി. എഴുതിയിട്ടുള്ളത്. അതിൽ ജീവിതമുണ്ട്, സംസ്കാരമുണ്ട്, വിശ്വാസങ്ങളുണ്ട് ആചാരാനുഷ്ഠാനങ്ങളുണ്ട്. മനുഷ്യഹൃദയത്തോടാണ് എം.ടി. എന്നും സംസാരിച്ചത്. അദ്ദേഹം ജനിച്ചു വളർന്ന നാടുമായി ഈ കഥകൾക്കെല്ലാം അഭേദ്യമായ ബന്ധമുണ്ട്. എം.ടിയുടെ കഥാപാത്രങ്ങൾ പലരും ഇപ്പോഴും കൂടല്ലൂരിൽ ജീവിച്ചിരിക്കുന്നു. മറ്റുള്ളവരോട് പറഞ്ഞുകൊടുക്കുന്നതിനേക്കാൾ വായിച്ച് ആസ്വദിച്ച്, അനുഭവിക്കാനുള്ളതാണ് എം.ടി.യുടെ കഥകൾ. ഈ കഥകളിൽ യാത്രകളുണ്ട്, ഗ്രാമത്തിന് പുറത്തേക്കുള്ള യാത്രകളും, ഗ്രാമത്തിലേക്ക് തിരിച്ചുവരുന്ന യാത്രകളും. "ഇവിടെ സ്വയം തിരിച്ചറിയലും തന്നിൽനിന്നു തന്നെ വേറിട്ട് പോ

കലുമുണ്ട്. പുറത്താക്കപ്പെട്ട എം.ടി.യും തിരിച്ചുവരുന്ന എം.ടി.യുമുണ്ട്. തിരിച്ചു വരാൻ വേണ്ടി യാത്ര പോവുകയും വ്യവസ്ഥയെ പുനർനിർമ്മിക്കാൻ വേണ്ടി വ്യവസ്ഥക്ക് പുറത്ത് കടക്കുകയും ചെയ്യുന്ന കലാകാരനുണ്ട്" (ആലങ്കോട് ലീലാകൃഷ്ണൻ, പേജ് 17) മലയാളിയുടെ ഓർമ്മയിൽ ഗൃഹാതുരത്വമുണർത്തുന്ന ചിരപരിചിതമായ സ്ഥലമാക്കി കൂടല്ലൂരിനെ മാറ്റാൻ എം.ടിക്ക് സാധിച്ചു. ലോക ഭൂപടത്തിൽ ഏത് രാജ്യത്ത് താമസിക്കുന്ന മലയാളിക്കും എം.ടി.കഥകൾ അവർകൂടി ഭാഗമായ സംസ്കാരത്തിൻറെ നാടോടി മിത്തുകളുടെ സുഖമുള്ള സ്മരണയായി ചിരപ്രതിഷ്ഠനേടാൻ സാധിക്കുക എന്നുള്ളത് എം.ടിക്ക് മാത്രം അവകാശപ്പെട്ടതാണ്.

**ഓർമ്മകളെ വിസ്മരിക്കാനുള്ള യാത്രകൾ**

ആറു ദിവസമായി നഗരത്തിലെ വീട്ടിൽ നിന്ന് യാത്ര തിരിച്ചിട്ട് നാളെ ഈ യാത്ര അവസാനിക്കും. വീണ്ടും കണ്ടുമുട്ടുന്ന മുഖങ്ങളുടെ മദ്ധ്യത്തിലേക്ക് ഒരു നികൃഷ്ടജീവിയെപ്പോലെ തിരിച്ചെത്തുന്നു. നീലക്കുന്നുകൾ എന്ന കഥയിലെ നായകന് ജീവിതത്തിൽനിന്ന് അൽപ്പദിവസത്തേക്ക് ഓടിയൊളിക്കാനുള്ളതാണ് യാത്ര. അതുകൊണ്ടാണ് അദ്ദേഹം ഇങ്ങനെ ചിന്തിക്കുന്നത്. ആ യാത്രയിൽ കണ്ട ചില വ്യക്തികളെക്കുറിച്ച് സൂചിപ്പിക്കുന്നുണ്ട്. റോസ് നിറത്തിലുള്ള ളോഹയും തലയിൽ എഴുത്തുകളോ ചിത്രപ്പണികളോ ഉള്ള കറുത്ത സിൽക്ക് ഉറുമാലയും ഇട്ട താടിക്കാരൻ പാതിരി, കാക്കിയുടുപ്പിട്ട പട്ടാള ഓഫീസർ, വൃദ്ധനായ ജർമ്മൻ പ്രൊഫസറും അവരുടെ സുന്ദരിയായ മകളും, ചന്തമുള്ള പെക്കനീസ് പട്ടിയും. യാത്ര തീവണ്ടിയിൽ മലമുകളിലേക്കാണ്, പിന്നിൽ എഞ്ചിൻ ഘടിപ്പിച്ച തീവണ്ടി. ചുറ്റും കാണുന്ന കഥാപാത്രങ്ങളിലൂടെയും യാത്രയിലൂടെയും കാഴ്ചകളിലൂടെയും മനസിനെ ഉല്ലാസഭരിതമാക്കാൻ കഥാനായകൻ ശ്രമിക്കുന്നു. ജർമ്മൻ പ്രൊഫസറുടെ സുന്ദരിയായ മകളെ കണ്ടപ്പോൾ അയാൾക്ക് മറ്റൊരു പെൺകിടാവിനെ ഓർമ്മ വരുന്നു. യാത്രക്കൊപ്പം അയാളുടെ മനസ്സും സഞ്ചരിക്കുകയാണ്. തീവണ്ടിയിറങ്ങിയാൽ അടുത്ത് തന്നെയാണ് ബസ് സ്റ്റാന്റ്. അവിടെ താമസിക്കുന്ന ജ്യേഷ്ഠത്തിക്ക് കത്തെഴുതിയിരുന്നെങ്കിൽ ആരെങ്കിലും സ്റ്റേഷനിൽ കാത്തുനില്ക്കുമായിരുന്നു. പക്ഷേ ജ്യേഷ്ഠത്തിക്ക് കത്തെഴുതിയിട്ട് വർഷങ്ങളായിരിക്കുന്നു. പിന്നീട് അദ്ദേഹത്തിന്റെ ബാല്യകാലത്തിലേക്കുള്ള മനസ്സിന്റെ സഞ്ചാരമാണ്. കുട്ടിക്കാലത്തെ ജ്യേഷ്ഠത്തിയുടെ ഉപദേശങ്ങൾ അയാൾ ഓർക്കുന്നു. നന്നായി പഠിക്കണം. മിടുക്കനാവണം. മല്ല ജോലി സമ്പാദിക്കണം. എന്നിട്ടിപ്പോൾ ഞാൻ എവിടെയെത്തി നിൽക്കുന്നു.

ഹൈസ്കൂൾ പരീക്ഷ കഴിഞ്ഞ് വീട്ടിലിരിക്കുന്ന സമയത്ത് ആദ്യമായി ഏതോ ഒരു മാസികയിൽ അയാൾ കുത്തിക്കുറിച്ച എന്തോ ഒന്ന് അച്ചടിച്ചുവന്നു. ജ്യേഷ്ഠത്തിയുടെ അഭിനന്ദനവാക്കുകൾ. ജ്യേഷ്ഠത്തിയുടെ വിവാഹം കഴിഞ്ഞ് ഭർത്താവിൻറെ ജോലിസ്ഥലത്തേക്ക് പോയതിനുശേഷവും കത്തെഴുതാറുണ്ടായിരുന്നു. അമ്മ അതിനുമുമ്പേ മരിച്ചിരുന്നു. പഠിച്ചുകഴിഞ്ഞ് അധ്യാപകനും ഗവൺമെന്റുദ്യോഗസ്ഥനും പത്രപ്രവർത്തകനുമെല്ലാമായി, പല നഗരങ്ങളിലായി ജീവിച്ചു. കഴിഞ്ഞ ആറു ദിവസങ്ങളിലെ ഓരോ രാത്രിയെക്കുറിച്ചും ഓർമ്മിച്ചു. നഷ്ടമായ ബാല്യത്തിന്റെയും ബന്ധുബലത്തിന്റെയും ഓർമ്മകളിലൂടെയുള്ള യാത്ര. രാത്രിയിൽ മെത്തയിൽ ചെന്ന് വീണപ്പോൾ കണ്ടു മറന്ന മുഖങ്ങൾ മനസിൽ തെളിഞ്ഞുവന്നു. മാഞ്ഞുപോയ വേദനകൾ വീണ്ടും അരിച്ചുനടന്നു. "മലയാള ചെറുകഥാസാഹിത്യത്തിൽ മനുഷ്യന്റെ ഹൃദയാനുഭവത്തിൻറെ ആഖ്യാനം നിർവ്വഹിച്ച കഥാകാരന്മാരിൽ പ്രമുഖനാണ് എം.ടി. വാസുദേവൻ നായർ." (കെ. എസ്. രവികുമാർ, പേജ് 9) .

മൂന്ന് ഭാഗങ്ങളായാണ് ഈ കഥ അവതരിപ്പിച്ചിരിക്കുന്നത്. യാത്ര എന്ന് പറയുന്നത് കാഴ്ചകൾ കാണാനും ആസ്വദിക്കാനും വ്യത്യസ്തഭാവഭേദങ്ങളേയും സംസ്കാരങ്ങളേയും ആവാഹിക്കാനും വേണ്ടിയുള്ളതാണ്. എന്നാൽ ഈ കഥയിൽ നായകൻ കാഴ്ചകളോടൊപ്പം ജീവിതത്തിൻറെ വ്യത്യസ്ത സാഹചര്യങ്ങളിലൂടെയും മാനസികവ്യാപാരങ്ങളിലൂടെയും സഞ്ചരിക്കുന്നു. മലമുകളിലേക്കുള്ള ട്രെയിൻയാത്രയിൽ പരിചയപ്പെട്ട തടിച്ച കണ്ണടച്ചില്ലുകൾവെച്ച യാത്രക്കാരൻ, വീണ്ടും ജ്യേഷ്ഠത്തിയെക്കുറിച്ചുള്ള ചിന്തകൾ, വണ്ടി തുരങ്കത്തിലേക്ക് കടക്കുന്നു. മലയോരത്തിൽ കാട്ടുപൊന്തകൾ വെട്ടിത്തെളിച്ച് ജോലിക്കാർക്കുള്ള ക്യാബിനുകൾ പണി

യുന്നു. പാതിരിയെക്കണ്ടപ്പോൾ കൂടെ സംസാരിച്ചുകൊണ്ടിരുന്ന ആൾ സ്വാമിമാരേയും മഠാധിപതികളെയും കുറിച്ച് അഭിപ്രായങ്ങൾ പറഞ്ഞു. സുഖം ലക്ഷങ്ങളിലോ, കോടികളിലോ സ്ഥിതിചെയ്യുന്നുവെന്ന് ധരിച്ച് ആ മനുഷ്യനെ അയാൾ സഹതാപത്തോടെ നോക്കി. ഒരു യാത്രയിൽ മാത്രം കണ്ടുമുട്ടുന്ന ചില വ്യക്തികൾ, അവരുടെ സംസാരരീതി, വീക്ഷണങ്ങൾ, വിശകലനങ്ങൾ. സംസാരിച്ചുകൊണ്ടിരുന്ന ആൾ രാജകുടുംബാംഗമാണ്. മില്യണയർ. അയാളുടെ ചിന്താഗതികൾ, സംസാരരീതികേട്ട് ഇദ്ദേഹത്തിന് അതിശയം തോന്നി. ചിന്തകളാണ് മനുഷ്യനെ ജീവിക്കാനും, ജീവിതത്തിൽ നിന്ന് ഒളിച്ചോടാനും പ്രേരിപ്പിക്കുന്നത്. ചിന്തകൾ നാശത്തിലേക്ക് നയിക്കുന്നുവെന്ന് തോന്നിയാൽ അതിൽനിന്ന് മാറി പുതിയ ചിന്തയിലേക്കും, സാഹചര്യത്തിലേക്കും സംസാരരീതിയിലേക്കും പോവുക. പരിചയപ്പെട്ട സഹയാത്രികൻ ബാംഗ്ലൂരിലെ നൂറേക്കർ സ്ഥലത്തെക്കുറിച്ചും, മൈസൂർ നഗരത്തിലെ ഏഴെട്ട് കെട്ടിടങ്ങളെക്കുറിച്ചും, അറുപതേക്കർ മുന്തിരിത്തോട്ടത്തെക്കുറിച്ചും പറഞ്ഞപ്പോൾ കഥാനായകന്റെ ചിന്തകൾ വേറൊരു ലോകത്തിലേക്ക് പോയി. അടുത്ത സ്റ്റേഷനിൽ യാത്ര പറഞ്ഞിറങ്ങിയപ്പോൾ, പതിനാറ്പറ വിത്ത് വിതക്കാനുള്ള സ്ഥലവും, വൈക്കോൽ മേഞ്ഞ വീടും, ഏഴംഗങ്ങളുമുള്ള ഒരു കുടുംബത്തിലാണ് ഞാൻ പിറന്നത് എന്ന് പറയണമെന്ന് തോന്നി. ചിലരോട് സംസാരിച്ചാൽ നമ്മളാണ് ലോകത്തിലെ ഏറ്റവും വലിയ ഭാഗ്യവാൻ എന്നു തോന്നും. മറ്റു ചിലരോട് സംസാരിച്ചാൽ നമ്മളാണ് ലോകത്തിലെ ഏറ്റവും വലിയ ഹതഭാഗ്യൻ എന്നും തോന്നും. "എം.ടിയുടെ ചെറുകഥകളിൽ സ്മരണകളെ ആധാരമാക്കിയുള്ള ആഖ്യാനസങ്കേതം പലപ്പോഴും പ്രമേയത്തിന്റെ അവിഭാജ്യഘടകങ്ങളിലൊന്നായി മാറുന്നു. ദിവാസ്വപ്നങ്ങളിലും ഓർമ്മകളിലും മുഴുകുക ഏകാകികളും ഭാവനാശീലരുമായ മനുഷ്യരുടെ സ്വഭാവമാണ്. അത വരെ അന്തർമുഖരാക്കുന്നു." (കെ. എസ്. രവികുമാർ, പേജ് 94).

മൂന്നാമത്തെ ഭാഗത്ത് തണുപ്പിൽനിന്ന് രക്ഷനേടാൻ സിഗരറ്റ് വലിക്കുന്ന കഥാനായകൻ ജാലകത്തിനടുത്തുള്ള ആ പെൺകിടാവിനെ നോക്കിയിരുന്നു. അടുത്ത സ്റ്റേഷനിൽ ആണ് ഇറങ്ങേണ്ടത്. സ്റ്റേഷൻ വളപ്പ് കടന്ന് മുന്നിൽകണ്ട പാതയിലൂടെ ലക്ഷ്യമില്ലാതെ നടന്നു. ആ വഴി ബസ് സ്റ്റാൻറിൻറെ മുന്നിലേക്കാണ് എത്തിയത്. അതിൻറെ പിന്നിലെ കുറ്റൻ കുന്നിൻറെ ചെരിവിലൂടെ നെറുകയിലേക്ക് വെട്ടിയിട്ടുള്ള പാതയിലൂടെ അയാൾ മുകളിലേക്ക് നടന്നു. വരിവരിയായി പണിതവീടുകൾ. അവിടെക്കണ്ട ഒരു പെൺകുട്ടിയോട് ജ്യേഷ്ഠത്തിയുടെ ഭർത്താവിൻറെ പേരുപറഞ്ഞു. പെട്ടെന്ന് തന്നെ അവർ കാണിച്ചുകൊടുത്ത വീടിൻറെ മുറ്റത്ത് അയാൾ എത്തി. ജ്യേഷ്ഠത്തി കണ്ടപാടെ കരയാൻ തുടങ്ങി, സന്തോഷക്കണ്ണീർ. എന്തൊക്കെയാണവർ ചോദിച്ചതെന്നറിഞ്ഞുകൂടാ. നാലുകൊല്ലത്തിനുശേഷം ജ്യേഷ്ഠത്തി ഇതാ വീണ്ടും മുന്നിൽ. അപ്പൻറെ പിറന്നാളായ ഇന്നെങ്കിലും അനിയൻ വരുന്നതും കാത്തിരിക്കുകയായിരുന്നു ജ്യേഷ്ഠത്തി എന്നറിഞ്ഞപ്പോൾ അയാൾ ഞെട്ടിപ്പോയി. അവിചാരിതമായ യാത്ര, രക്തബന്ധങ്ങളുടെ ഇഴയടുപ്പം, മനസുകൾ തമ്മിൽ മന്ത്രിക്കുന്നു. കുഞ്ഞിന്റെ പിറന്നാളിന് വരണമെന്ന് നിർബന്ധിച്ചെഴുതിയ കത്ത് വാടകവീടിൻറെ താഴത്തെ നിലയിൽ കത്തുകളുടെയും കടലാസുകളുടെയും കൂടെ കിടക്കുന്നുണ്ടാകും. അതറിയാതെ മടുപ്പേറിയ ദിവസങ്ങളിൽ നിന്ന് രക്ഷപ്പെടാൻ നടത്തിയതാണീ യാത്ര എന്നു പറയാൻ അയാൾക്ക് ധൈര്യമുണ്ടായില്ല. കുടുംബബന്ധങ്ങൾ അകലുമ്പോൾ മനസ് അസ്വസ്ഥമാകുന്നു. ചില യാത്രകൾ മനസിനെ പുതിയ ചിന്തയിലേക്കും സാഹചര്യങ്ങളിലേക്കും പറിച്ചു നട്ടേക്കാം.

**ഇഷ്ടപ്പെട്ടിടത്തേക്ക് വീണ്ടും നടത്തുന്ന യാത്രകൾ**

"മനസ് സഞ്ചരിക്കുന്ന മാർഗ്ഗങ്ങളിലൂടെ നിസ്സഹായതയോടെ അനുധാവനം ചെയ്യാൻ വിധിക്കപ്പെട്ടവനാണ് മനുഷ്യൻ. സ്വന്തം മനസ് സൃഷ്ടിക്കുന്ന ബന്ധനത്തിൽനിന്ന് മോചനം നേടാൻ അവനെ അതിന്റെ വിലോഭനീയതയിൽ കുരുങ്ങിക്കിടക്കുന്നതിൽ അയാൾ സംതൃപ്തി നേടുന്നു." (എ.എസ്. പ്രതീഷ്, പേജ് 189). ദുഃഖത്തിന്റെ താഴ്വരകൾ എന്ന കഥയിൽ അയാൾ പത്തുവർഷങ്ങൾക്ക് മുമ്പ് താമസിച്ച സ്ഥലത്തേക്ക് വീണ്ടും എത്തിച്ചേരുകയാണ്. ഇല്ലിമുള്ളുകളും മുളവടികളും കൊണ്ടുണ്ടാക്കിയ ഒരു പടിവാതിലിനു പകരം പുതിയ ഗെയിറ്റ് നിർമ്മിച്ചിരിക്കുന്നു. ആദ്യം കണ്ടത് ഉണ്ണികൃഷ്ണനെയാണ്. അന്ന് കാണുമ്പോൾ അവൻ ചെറു

ക്കനായിരുന്നു. ഇത്രയും കാലങ്ങൾക്കുശേഷം എന്തെല്ലാം മാറ്റങ്ങളുണ്ടായെന്ന് അദ്ദേഹം നിരീക്ഷിക്കുകയാണ്. അന്ന് പുസ്തകമെഴുതാൻ വന്നതാണ്, പതിനൊന്ന് ദിവസം അവിടെ താമസിച്ചിരുന്നു. ഇത്രയും വർഷങ്ങൾക്കു ശേഷം സ്വയമുണ്ടായ മാറ്റം അദ്ദേഹം ഓർത്തെടുക്കുകയാണ്. അന്ന് വളരെ ചെറുപ്പമായിരുന്നു. ചോര തുടിക്കുന്ന മുഖം, തിളങ്ങുന്ന കണ്ണുകൾ. ഇന്നിപ്പോൾ മുപ്പത്താറാം വയസിൽ വൃദ്ധനായിരിക്കുന്നു. വാർദ്ധക്യം ശരീരത്തിലും ആത്മാവിലും ജരപിടിച്ച് നിൽക്കുന്നു. കാലവും ജീവിതവും ഒഴുകാതെ നില്ക്കുകയാണെന്ന് അദ്ദേഹത്തിന് തോന്നി. പുറത്തേക്ക് നോക്കിയപ്പോൾ വടക്കേ മുറ്റത്തെ നിശാഗന്ധിപ്പടർപ്പ് ഇപ്പോഴുമുണ്ട്. വടക്കുപുറത്തെ കെട്ടിടത്തിന്റെ മുകളിൽ ചൊട്ടിക്കുത്തിയ മുഖമുള്ള ഒരാഭാസപ്രതിമ കണ്ണുതട്ടാതിരിക്കാൻ വെച്ചത് അതേപടി ഇരിക്കുന്നു. പണ്ടിവിടെ താമസിച്ചത് വലിയൊരു നോവലെഴുതാനായിരുന്നു. ഈ യാത്രയ്ക്കും ഒരുദ്ദേശ്യമുണ്ട്. അന്നെഴുതിയത് അവളുടെ പേനകൊണ്ടാണ്. അതെല്ലാം ഓർമ്മിച്ചെടുക്കാൻ ശ്രമിക്കുകയാണ് അദ്ദേഹം. ഉണ്ണികൃഷ്ണനോട് മൂന്നാം നിലയിലെ പഴയ മുറിതന്നെ മതി എന്ന് പറഞ്ഞു. മുകളിലേക്ക് പോകുന്ന കുത്തനെയുള്ള കോണിയും ഇരുണ്ട മുറികളും എല്ലാം സുപരിചിതമായിതോന്നി. പഴയ ഓർമ്മകളിലേക്ക് തിരിച്ചെത്തുകയാണ്. മൂന്നാം നിലയിലെ മുറിക്കകത്ത് കടന്നപ്പോൾ ഇന്നലെ ഇവിടെനിന്ന് ഇറങ്ങിപ്പോയതുപോലെയാണ് തോന്നിയത്. തണുപ്പാണെങ്കിലും പടിഞ്ഞാറൻ കുന്നിൻ ചെരുവിലേക്ക് കയറിപ്പോകുന്ന വഴിയിലൂടെ നടന്നു. ഉയരത്തിൽ കർക്കിടകക്കാറുപോലെ അടുക്കടുക്കായി കരിമ്പാറ കൂട്ടങ്ങളുണ്ട് അവിടെ. പാറയുടെ മിനുസ്സമുള്ള ശിരസ്സിലിരുന്ന് എതിർഭാഗത്തെ മലയുടെ താഴ്വരകളിലേക്ക് നോക്കുക പതിവായിരുന്നു. ചുറ്റും മലകളാണ്, നടുവിൽ ഒരു ഗ്രാമം. തിരിച്ചുപോരുമ്പോൾ ഒരു സ്വപ്നം മനസിൽ രൂപം കൊണ്ടിരുന്നു. ഒഴിഞ്ഞ ഒരു ഭാഗത്തിൻറെ നടുവിൽ മനോഹരമായ ഒരു കൊച്ചുഗൃഹം. ആ പ്രദേശം അദ്ദേഹം അത്രയേറെ ഇഷ്ടപ്പെട്ടിരുന്നു. അതുകൊണ്ടാണ് പത്തുവർഷങ്ങൾക്കുശേഷം വീണ്ടും അവിടേക്ക് തന്നെ തിരിച്ചെത്തിയത്. ഇനിയും രൂപംകൊണ്ടിട്ടില്ലാത്ത ഒരു ഗൃഹത്തെക്കുറിച്ച് അദ്ദേഹം സ്വപ്നം കണ്ടു. അങ്ങകലെ വൃക്ഷക്കൂട്ടങ്ങൾക്കിടയിൽ ഉയർന്ന് നിൽക്കുന്ന കുരിശ് കണ്ടു, പണ്ട് അതുണ്ടായിരുന്നില്ല. ഉണ്ണികൃഷ്ണനാണ് പറഞ്ഞത്. അത് മഠമാണ്, പള്ളി അതിനപ്പുറത്താണ്. അവിടെയിരുന്നു പണ്ട് പ്രണയിച്ചിരുന്ന, ഇപ്പോൾ കന്യാസ്ത്രീമഠത്തിൽ ചേർന്ന, ഗ്ലോറിയയെപ്പറ്റി ആലോചിച്ചു. മഴത്തുള്ളികൾ ശരീരത്തിൽ വീണപ്പോഴാണ് അദ്ദേഹം സമയത്തെപ്പറ്റി ചിന്തിച്ചത്. മുറിയിലെത്തി ഭക്ഷണം കഴിച്ചു. പരിചയപ്പെടുമ്പോൾ ഗ്ലോറിയ അവൾ കാണാത്ത ഒരു വരനേയും കാത്തിരിക്കുകയായിരുന്നു. വളരെ അടുത്തപ്പോൾ അവളോട് സഹതാപം തോന്നി. അവളുടെ വിവാഹമൊന്നും ശരിയാവാതെയായപ്പോൾ 'എന്നെ വിവാഹം കഴിച്ചോളൂ' എന്ന് പറഞ്ഞു. പ്രിയപ്പെട്ടവളെ, ഞാൻ നിസ്സഹായനാണ്, എന്നെ മറ്റൊരു പെൺകുട്ടി കാത്തിരിക്കുന്നു. വ്യസനിക്കാതിരിക്കൂ, നിനക്ക് നല്ലൊരു ഭർത്താവ് വരും. പിന്നെയും അവളെ ഇടക്കിടക്ക് കാണാറുണ്ടായിരുന്നു. ഒരു ദിവസം തിരക്കിട്ട് കുതിരവണ്ടിയിൽ പോകുമ്പോളാണ്, വഴിവക്കിലെ പാതി തുറന്ന പടിവാതിലിനു മുമ്പിൽ, കറുത്ത സാരിത്തുമ്പുകൊണ്ട് തലമറച്ച് കൈകാട്ടിക്കൊണ്ട് ഗ്ലോറിയ നിൽക്കുന്നു. എവിടെയോ കണ്ടുവന്ന ഒരു രൂപത്തിൻറെ ഓർമ്മ വന്നു. ഏതോ കന്യാമഠത്തിന്റെ മുന്നിൽ കണ്ട പുണ്യവാളത്തിയുടെ പ്രതിമയാണോ. ഈ കഥയിലെ നായകൻ പുസ്തകമെഴുതാനാണ് വന്നതെങ്കിലും സുഖമുള്ള ഓർമ്മകളുടെ നടുവിലേക്കാണ് വീണ്ടും വന്നത്. യാത്രയിൽ മധുരദായകമായ ഓർമ്മകൾ ഒരു കാലഘട്ടത്തെ തിരികെക്കൊണ്ടുവരുന്നു.

"ചില കഥകളിൽ ജീവിതത്തിൽനിന്ന് പ്രവാസികളായി ഏകാന്തതയിലും അലക്ഷ്യമായ യാത്രയിലും അഭിരമിക്കുന്നവരാണ് മുഖ്യകഥാപാത്രങ്ങൾ" (കെ. എസ്. രവികുമാർ, പേജ് 95) ശാന്തിപർവ്വം എന്ന കഥയിലെ നായകനും വർഷങ്ങൾക്കുശേഷം വീണ്ടും പ്രസിദ്ധമായ അതേ സ്ഥലത്തേക്ക് വരികയാണ്. ഏഴുവർഷം നീണ്ടുനിന്ന യാത്രയുടെ ആരംഭം അവിടെ നിന്നായിരുന്നു. ഇപ്പോൾ മുപ്പതിലേറെ വർഷമായിക്കാണും. ഇന്ന് ശരീരത്തേക്കാൾ മനസ്സിനു വാർദ്ധക്യം ബാധിച്ചിരിക്കുന്നു. പണ്ടു താമസിച്ച മുസാവരി ബംഗ്ലാവുകൾ, നഗരങ്ങൾ, ഹോട്ടൽ മുറികൾ. യുവത്വത്തിൻറെ ആരംഭത്തിൽ മധുരമായ മരണത്തെപ്പറ്റി എഴുതിയ കവികളെ അയാൾ സ്നേഹിച്ചിരുന്നു. ഇപ്പോൾ അറുപത്തഞ്ചു വർഷങ്ങൾക്കുശേഷം അതൊരു സത്യമായി മുന്നിലെത്തിയിരിക്കുന്നു. താളം തെറ്റുന്ന നെഞ്ചിടിപ്പുകൾ ഓർമ്മിക്കുന്നു. അവസാനം ധീ

രതയോടെ ഏറ്റവാങ്ങണം. അതിനുവേണ്ടിയാണിപ്പോൾ വായിക്കുന്നതും ധ്യാനിക്കുന്നതും. മുപ്പതുവർഷത്തിനുശേഷവും ഗ്രാമങ്ങൾ മാറ്റമൊന്നും വന്നിട്ടില്ലെന്ന് അയാൾ മനസ്സിലാക്കുന്നു. കടലിലെ അലകളുടെ ഇരമ്പം, മൂന്നു സമുദ്രങ്ങൾ കൈകോർത്ത് പിടിച്ചുനിന്ന് ആർത്തുവിളിക്കുന്നു. റസ്റ്റ്ഹൗസ് പുതിയതാണ്. മാനേജർ വന്നു പറഞ്ഞു: മുറി മുകളിലാണ്. വാർദ്ധക്യത്തെ ഓർമ്മപ്പെടുത്തിക്കൊണ്ട് അയാൾ ചോദിക്കുന്നു: കയറാൻ ബുദ്ധിമുട്ടുണ്ടോ ? സന്യാസിമാരുടെ ഭക്ഷണമാണ് അയാൾ ഒരുക്കുന്നത്. അൽമോറയിലെ ഒരാശ്രമത്തിൽ പതിനൊന്നു മാസം താമസിച്ചതാണ്. സന്യാസത്തിന്റെ വാതിൽക്കൽച്ചെന്ന് തിരിച്ച് പോന്നു. പണ്ടിവിടെ റസ്റ്റ്ഹൗസും ഹോട്ടലുമുണ്ടായിരുന്നില്ല. ഓലമേഞ്ഞ കുടിലുകളൊന്നിൽ അഞ്ചു ദിവസം താമസിച്ചു. അന്ന് അസ്തമയം കാണാൻ വരുന്നവർ കണ്ടുകഴിഞ്ഞ് തിരിച്ചുപോകണം. സമുദ്രത്തിൻറെ സംഗീതം കേട്ട് ഭൂമിയുടെ പ്രകാശത്തിൻറെ ജനനവും മരണവും കണ്ട് താമസിക്കാം. ഇരുട്ടായിരിക്കുന്നു, കടൽത്തീരം സജീവമായി, ആളുകൾ അസ്തമയം കാണാൻ വരുന്നു. എതിർവശത്തെ മുറിയിൽ ഒരു എസ്റ്റേറ്റോണറുടെ മകൻ ഇരുപതു ദിവസമായി താമസിക്കുന്നു എന്നു കേട്ടപ്പോൾ വിശ്വസിക്കാൻ സാധിച്ചില്ല. സിറ്റിയിൽ നിന്നാൽ ഇനിയും കുടിക്കും. കുടിച്ചാൽ അവസാനമാണെന്ന് ഡോക്ടർ പറഞ്ഞപ്പോൾ ഒഴിഞ്ഞുവന്ന് താമസിക്കുകയാണ്. തലതിരിഞ്ഞ മകൻ അച്ഛനോടും ജ്യേഷ്ഠനോടും കലഹിച്ച് ഭാഗം വാങ്ങി നശിച്ച കഥ മാനേജർ വിവരിച്ചു. തോർത്തെടുക്കാൻ പെട്ടി തുറന്നപ്പോൾ പട്ടുസാരിയാണ് കിട്ടിയത്. അപ്പോഴാണ് തൻറെ പെട്ടി മാറിയ കാര്യം അയാളോർത്തത്. സ്റ്റേഷനിൽവെച്ച് മാറിയതായിരിക്കും. തൻറെ പെട്ടിയേക്കാൾ അല്പം പുതിയതാണ് അതേ നിറം. യാത്രയുടെ പോറലുകൾ അത്രയേറെ ഏറ്റിട്ടില്ല. അതിൽ കളിപ്പാട്ടങ്ങളും സ്ത്രീകളുടെ വസ്ത്രങ്ങളുമുണ്ട്. ആഭരണമോ പണമോ ഇല്ല. ഒരു സ്ത്രീയുടെ ഉടയാടകളുടെയും മുടിക്കെട്ടിൻറേയും സുഗന്ധം തന്നെ ചൂഴ്ന്നില്ലുന്നു. ഇത്രയും പ്രായമായിട്ടും അവിവാഹിതനായ കഥാനായകൻ മനസുകൊണ്ട് ഒരു വരനായി മാറുന്നു. ഒരു കൊച്ചുകുട്ടിയുടെ പ്രസരിപ്പോടെ എല്ലാം അയാൾ പലേടത്തായി അടക്കിവെച്ചു. ഇതു തൻറെ രഹസ്യമാണ്. നിഗൂഢമായ ഒരാഹ്ലാദം പോലെ നുരഞ്ഞു പൊങ്ങുകയായിരുന്നു. അയാൾ നിരത്തിലേക്കിറങ്ങി കടൽത്തീരത്ത് ഒരൊഴിഞ്ഞ കോണിൽ ചെന്നു നിന്ന് ചൂളംവിളിച്ചു. ചെറുപ്പകാലത്തെ പ്രസിദ്ധമായ ഒരു പാട്ടിൻറെ വരിയാണ്. അറുപത്തഞ്ചുവർഷം പിന്നിട്ട ഒരാൾക്ക് ചൂളം വിളിക്കാനറിയാം. ഇതും രഹസ്യമായിരിക്കട്ടെ. എതിർവശത്തെ മുറിയിൽക്കണ്ട യുവാവ് ഒരു പാറയുടെ മുകളിൽ സ്ത്രീയോടൊപ്പമിരിക്കുന്നു. തിരികെ നടക്കുമ്പോൾ രണ്ടു വിചാരങ്ങൾ മനസ്സിൽ ഉയർന്നു പൊങ്ങി. തൻറെ മുറിക്കകത്ത് അദൃശ്യമായ ഒരു കുടുംബം കാത്തിരിക്കുന്നു. രാവിലെ നേരത്തെ എഴുന്നേറ്റ് ഈ മണൽത്തട്ടിൽനിന്ന് ഉദയം കാണണം. മുറിയിലെത്തി, അന്തരീക്ഷത്തിലാകെ നേർത്ത സുഗന്ധം അപ്പോഴും തങ്ങിനിൽക്കുന്നു. നാളെ ഈ പെട്ടി തിരികെ അയയ്ക്കണം. എഞ്ചിനീയർക്ക് ഒരു കുറിപ്പു സഹിതം. അടച്ചുപൂട്ടാൻ ഒരുങ്ങുമ്പോഴും മനസിലൊരു വാദപ്രതിവാദം നടത്തി. എന്നിട്ട് ഇളം നിറത്തിലുള്ള കുഞ്ഞിയുടുപ്പു മാത്രം അയാൾ മാറ്റിവെച്ചു. അറിയാത്ത ഒരു വൃദ്ധൻറെ ഉപഹാരമായി എന്തെങ്കിലുമൊന്ന് ആ പെട്ടിയിലിടാൻ അയാൾക്കാഗ്രഹമുണ്ടായിരുന്നു. ലൈറ്റണച്ച് കിടന്നു. ശുഷ്കിച്ച കൈപ്പത്തിക്ക് താഴെ തലയണച്ചുവട്ടിൽ ജീവിതത്തിൽ താനാദ്യമായി മോഷ്ടിച്ച വസ്തു കിടക്കുന്നു. തൻറെ പിറക്കാത്ത സന്തതികളേയും സൃഷ്ടിക്കാത്ത കുടുംബത്തേയും ഓർത്തയാൾക്ക് അസ്വാസ്ഥ്യം തോന്നിയില്ല. മനസ്സ് സംതൃപ്തമായിരുന്നു ശാന്തമായിരുന്നു.

**സ്വന്തം ഗ്രാമത്തിലേക്ക് തിരിച്ചു വരുന്ന യാത്രകൾ**

"വ്യത്യസ്തമായ ലോകങ്ങളിലേക്ക് ഇടയ്ക്കൊക്കെ ഇറങ്ങിച്ചെന്നാലും വീണ്ടും തന്റെ പ്രിയപ്പെട്ട ഗ്രാമസംസ്കൃതിയിലേക്ക് മടങ്ങിവരുന്നവയാണ് എം.ടിയുടെ ചെറുകഥകൾ." (കെ. എസ്. രവികുമാർ, പേജ് 10) ഗ്രാമത്തിൻറെ നിശ്ശബ്ദമായ അന്തരീക്ഷത്തിൽ തന്റെ പഴയ വീട്ടിലേക്ക് തിരിച്ചെത്തുന്ന കഥാനായകനെയാണ് അയൽക്കാർ എന്ന കഥയിൽ വായനക്കാർ കണ്ടുമുട്ടുന്നത്. ശബ്ദമുഖരിതമായ വർഷങ്ങൾക്കുശേഷമാണ് നാട്ടിലേക്ക് വരുന്നത്. ജീവിച്ചിരിക്കുന്നവരും മൺമറഞ്ഞവരുമായ കുറേ കഥാപാത്രങ്ങൾ മനസിലേക്ക് വരുന്നു. പൊളിഞ്ഞു വീഴാറായ പഴയ വീട് പൊളിച്ചുമാറ്റി പുതിയൊരു വീട് പണിയണം. രണ്ടു ദിവസം സന്ദർശകരുടെ ബഹളമായിരുന്നു. ഇപ്പോൾ അമ്മയില്ല, ദാസിമാരില്ല, നാലുപുരയുടെ മാളത്തിനകത്ത് ചെറിയമ്മ

യും മകനും ഒച്ചപ്പാടില്ലാതെ കഴിയുന്നു. വാതിൽക്കൽ  വന്ന ഒരുകുട്ടി. ചന്തമില്ലാത്ത രൂപം. ഇന്നെൻറെ പിറന്നാളാ, ഉണ്ണിമാമ അങ്ങട്ട് ഉണ്ണാൻ വരണന്ന് പറഞ്ഞ് ഓടിപ്പോയി. വടക്കേതിലെ പത്മാവതിയുടെ മൂത്തകുട്ടിയായിരിക്കും. കോണിയിറങ്ങി താഴെ വന്നപ്പോൾ ചെറിയമ്മ കോലായിലെ തുണചാരി കാൽനീട്ടിയിരുന്നു മുറുക്കുകയാണ്. വിരുന്നുപോകുന്നത് എത്ര വേണ്ടപ്പെട്ട സ്ഥലത്തായാലും എനിക്കിഷ്ടമുള്ളതല്ല. പക്ഷേ വടക്കേ വീട് വളരെക്കാലമായി ഞങ്ങളുടെ കുടുംബത്തിൻറെ ഒരു ഭാഗംപോലെയാണ്. പിന്നീട് കഥാനായകൻറെ കഴിഞ്ഞ കാല ജീവിതത്തിലേക്കുള്ള യാത്രയാണ് കാണുന്നത്. മനസിന്റെ സഞ്ചാരവും യാത്രയുടെ ഭാഗമായി എം.ടി. കഥകളിൽ നിറഞ്ഞുനിൽക്കുന്നു. യാത്രയിലൂടെ ഭൂതകാലത്തേക്ക് സഞ്ചരിക്കുന്ന കഥാപാത്രങ്ങൾ അതിലൂടെ വർത്തമാനകാല നിഷേധം പ്രകടമാക്കുന്നു. ആൺകുട്ടികളില്ലാത്ത അമ്മായിക്ക് ഞങ്ങളെ ഇഷ്ടമായിരുന്നു. അമ്മക്ക് ആ കുടുംബത്തെപ്പറ്റി മതിപ്പായിരുന്നു. ബന്ധങ്ങളിലുണ്ടായിരുന്ന ഇഴയടുപ്പം ഈ കഥയെ മുന്നോട്ട് നയിക്കുന്നു. കഴിഞ്ഞകാലങ്ങളെക്കുറിച്ചുള്ള അന്വേഷണങ്ങളിലൂടെ കഥാനായകൻ ആ സുവർണ്ണകാല സന്തോഷങ്ങൾ ഹൃദയത്തിൽ ഉൾക്കൊള്ളുന്നു. ശങ്കുണ്ണിമാമന്റെ നേരെ മരുമകൻ പത്മാവതിയുടെ ഭർത്താവായ കുട്ടേട്ടൻ, വടക്കേതിലെ അമ്മായിയുടെ ഇളയമകൾ ചുമ്മുകുട്ടി ഇവരിലൂടെ കഥാനായകൻറെ ബാല്യകാലത്തേക്കുള്ള യാത്രയാണ് ഈ കഥയിൽ നമ്മൾ കാണുന്നത്. അയാൾ മുറ്റത്തേക്കിറങ്ങി അടുത്ത അതിര് കടന്നാൽ വീടായി. എന്നിട്ടും ദൂരയാത്രക്ക് പോകുന്ന ഒരു ബന്ധുവെ യാത്രയാക്കുന്നതുപോലെ എല്ലാവരും കോലായിലിറങ്ങി നിന്നു. അയാൾക്ക് ആകപ്പാടെ വിഷമം തോന്നി. വാഴകൾക്കിടയിലൂടെ പച്ചയും കുളർമ്മയുമുള്ള കവുങ്ങിൻതോട്ടത്തിലേക്ക് കയറി അയാൾ വീട്ടിലേക്ക് നടന്നു. ഇവിടെ ഗ്രാമത്തിലേക്കുള്ള യാത്ര ഭൂതകാലത്തിലേക്കുള്ള തിരിച്ചുപോക്കായി മാറുന്നു.

**വളരെക്കാലമായി ആഗ്രഹിച്ചിരുന്ന യാത്രകൾ**

"ഔദ്യോഗികമായി ശ്രീലങ്കയിലേക്ക് ക്ഷണം വന്നപ്പോൾ വേണുഗോപാലൻ ഉത്സാഹത്തോടെ സ്വീകരിക്കാൻ രണ്ട് കാരണങ്ങളുണ്ട്. ഒന്ന്. അയാൾ കാണാനാഗ്രഹിച്ച സ്ഥലം, രണ്ട് മുപ്പത്തൊന്ന് വർഷം അയാളുടെ അച്ഛൻ അവിടെയായിരുന്നു." (അരുൺ പൊയ്യേരി, പേജ് 33) എൺപത്തിയൊന്നിൽ ഈ യാത്രക്കൊരുങ്ങിയതായിരുന്നു. അവിടെ ആഭ്യന്തര യുദ്ധം തുടങ്ങി അടിയന്തിരാവസ്ഥ പ്രഖ്യാപിച്ചതിനാൽ ആ യാത്ര നടന്നില്ല. ഹാൻഡ് ബാഗ് ഒരിക്കൽകൂടി തുറന്നുനോക്കി. പാസ്പോർട്ടും ടിക്കറ്റും സെമിനാർ നടത്തുന്ന ഇൻഫർമേഷൻ വകുപ്പിൻറെ കത്തുകളും ഫാക്സ് സന്ദേശങ്ങളും എല്ലാം ഭദ്രമാണ്. പേരെഴുതിയ ഒരു ബോർഡ് പിടിച്ച ഒരു ചെറുപ്പക്കാരൻ കാത്തുനില്ക്കുന്നു. അവസാനം ഒരിക്കലും വരാനിടയില്ല എന്നു കരുതിയ നാട്ടിൽ എത്തിയിരിക്കുന്നു. നാലാം നിലയിലെ മുറിയിൽ നിന്നു നോക്കിയാൽ കടലിൻറെ അംശം കാണാം - ദൂരെ കാണുന്ന ഗോപുരം പോലത്തെ മേൽപ്പുര അതിനു താഴെയാണ്. പ്രേമദാസയെ കൊല്ലാൻ ബോംബ് പൊട്ടിയത് എന്ന് വിവരിക്കുന്ന ആഷ്ലി ഗുണതിലക. അദ്ദേഹം ഇൻഫർമേഷൻ വകുപ്പിലെ ഉദ്യോഗസ്ഥനാണ്. നാളത്തെ സെമിനാർ കഴിഞ്ഞാൽ ശനിയും ഞായറും സ്ഥലങ്ങൾ കാണാൻ മാറ്റിവെച്ചിരിക്കുകയാണ്. ചരിത്രസ്മാരകങ്ങൾ, പതിനാലാം നൂറ്റാണ്ടിലെ തലസ്ഥാനമായ കാൻഡി, അതിനടുത്തുള്ള കഡുഗണ്ണാവ. കൂടെ വന്ന ഉദ്യോഗസ്ഥൻ പോയപ്പോൾ അയാൾ ചിന്തയുടെ ലോകത്തിലേക്ക് കടന്നു. സിലോണിലായതിനാൽ അച്ഛൻറെ മരുമകളായ ദേവിയോപ്പവിൻറെ മകളുടെ വിവാഹത്തിന് പങ്കെടുക്കാൻ കഴിയില്ല. വല്യമ്മാവൻറെ ശിങ്കളത്തിയായ മകൾ ലീല ഇപ്പോൾ ജീവിച്ചിരിപ്പുണ്ടാകുമോ? അച്ഛൻ സിലോണിൽ നിന്ന് വന്ന ആഘോഷത്തെപ്പറ്റി ഓർത്തു. അന്നത്തെ ദിവസം രാത്രി സൽക്കാരങ്ങൾക്കെല്ലാം ശേഷം അച്ഛനും അമ്മയും വഴക്ക്കൂടിയതിനെപ്പറ്റി ഓർമ്മവന്നു. പിറ്റേന്ന് പെൺകുട്ടിയേയുംകൊണ്ട് അച്ഛൻ സ്വന്തം നാടായ വന്നേരിയിലേക്ക് പോയി. മൂന്നുമാസം അവിടെ താമസിച്ചശേഷം തിരിച്ചുപോയി. വന്നേരിയിലേക്ക് പോകാൻ വേണുഗോപാലന് ഇഷ്ടമാണ്. എം.ടിയുടെ കഥാപാത്രങ്ങളെല്ലാം യാത്രയിൽ മനസുകൊണ്ട് തിരിച്ചു പോകുന്ന അവരുടെ ബാല്യത്തിലേക്കോ ഗ്രാമത്തിലേക്കോ ആണ്. പിറ്റേന്ന് നാല് മണിക്കാണ് സെമിനാറിൽ പേപ്പർ അവതരിപ്പിക്കുന്നത്. മലയാളികളിൽ ആരെങ്കിലും അച്ഛനെ പരിചയമുള്ളവർ ഉണ്ടായിക്കൂടെന്നില്ല. പക്ഷെ  സെമിനാറിൽ വളരെ കുറച്ചു പോരെ ഉണ്ടായിരുന്നുള്ളൂ.

പിറ്റേദിവസം ടൂറിസം വകുപ്പിന്റെ വാഹനത്തിൽ നാട് ചുറ്റിക്കണ്ടു. ആഷ്ലിയുടെ ബുദ്ധമതത്തെക്കുറിച്ചുള്ള വിവരണങ്ങൾ - പഴയ വിഹാരങ്ങൾ, നവാര മേവ തടാകം - പിറ്റേന്ന് കഡുഗണ്ണാവ. അന്ന രാത്രിയിൽ മുഴുവൻ മനസ്സിൽ അച്ഛന്റെ ഓർമ്മകളായിരുന്നു. പിറ്റേന്ന് കാൻഡി, കഡുഗണ്ണാവ, സിഗിരിയ വഴിനീളെ ആഷ്ലി പറഞ്ഞ ചരിത്രഗാഥകൾ കേട്ടു. പക്ഷേ എത്ര തിരഞ്ഞിട്ടും അച്ഛൻ താമസിച്ചിടം മാത്രം കണ്ടെത്താൻ കഴിഞ്ഞില്ല.

**ഉപസംഹാരം**

"ഗ്രാമജീവിതത്തോടുള്ള മമതയിൽ മാതൃഭാവത്തോടുള്ള ആഭിമുഖ്യം കാണാം. കഥകളിൽ ഗ്രാമം കേവലമൊരു സ്ഥല പശ്ചാത്തലം എന്നതിനപ്പുറം മാതൃപ്രരൂപത്തിന്റെ മറ്റൊരു മൂർത്തീകരണമാണ്. ഭൗതികമാനത്തിൽ നില്ക്കുന്ന അമ്മ ക്രമേണ ആദ്ധ്യാത്മികമായ ഒരു വിതാനം കൈവരിക്കുന്നതാണ് ഈ അംശത്തിനുണ്ടാകുന്ന പരിണാമം." (കെ. എസ്. രവികുമാർ, പേജ് 75) അതുകൊണ്ടാണ് ഡോ. എൻ മുകുന്ദൻ എം.ടിയുടെ കഥകളെ കുറിച്ച് ഇങ്ങനെ പറഞ്ഞത്: "മുന്നിൽ കിട്ടിയ ഏറ്റവും രുചികരവും പ്രിയങ്കരവുമായ സാഹിത്യവിഭവങ്ങൾ എം.ടി. വാസുദേവൻ നായരുടെ രചനകളായിരുന്നു. ആ രചനയുടെ സവിശേഷതകളെക്കുറിച്ച് ഒന്നും അറിയുമായിരുന്നില്ല. അന്നത്തെ യുവതയുടെ മനസ്സിൽ സംവേദനത്വത്തിൻറെ ഏറ്റവും പുതിയ ശീലങ്ങളെ സൃഷ്ടിച്ച അവയ്ക്ക് ചരിത്രത്തിൽ കൈവരിക്കാൻ കഴിയുന്ന സ്ഥാനത്തെക്കുറിച്ച് അറിയുമായിരുന്നില്ല." (എ.എസ്. പ്രതീഷ്, പേജ് 6) എം.ടിയുടെ കഥകളിലെ സഞ്ചാരം വെറും സഞ്ചാരമല്ല അത് മനുഷ്യ ഹൃദയത്തിൻറെ ബന്ധങ്ങളിലൂടെയും നഷ്ടപ്പെട്ട സ്വപ്നങ്ങളിലൂടെയും ഇനിയും നേടാനുള്ള മോഹങ്ങളിലൂടെയുമുള്ള യാത്രയാണ്. അതിൽ കാഴ്ചകളോടും സ്ഥലങ്ങളോടും കണ്ടുമുട്ടുന്ന കഥാപാത്രങ്ങളോടുമൊപ്പം കഥാനായകന്റെ ജീവിതവും മനസ്സും അലിഞ്ഞുചേരുന്നു, അതോടൊപ്പം വായനക്കാരും സഞ്ചരിക്കുന്നു. ഈ ആഖ്യാനരീതി എം.ടി. കഥകളുടെ മാത്രം പ്രത്യേകതയാണ്.

**ഗ്രന്ഥസൂചി**


1. എം.ടി. കഥയും പൊരുളും, എഡി. എം.എ. ബഷീർ, കറൻറ് ബുക്സ്, തൃശ്ശൂർ, 1996.
2. എം.ടി. കഥാപഠനങ്ങൾ, അരുൺ പൊയ്യേരി, ഹരിതം ബുക്സ്, കോഴിക്കോട്, 2014
3. എം.ടിയുടെ പാദമുദ്രകൾ, അശോകൻ ഏങ്ങണ്ടിയൂർ, മംഗളോദയം തൃശ്ശൂർ, 2007
4. എം.ടി. കല ദേശം സ്വത്വം, ഡോ. എ.എസ്. പ്രതീഷ്, ഹരിതം ബുക്സ്, തിരുവനന്തപുരം, 2014
5. എം.ടി. അക്ഷരശില്പി, ഡോ. കെ.എസ്. രവികുമാർ, ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം, 2017
6. എം.ടിയുടെ കഥാലോകം, ഇബ്രാഹിം ബേവിഞ്ച, ആൽഫ വൺ പബ്ലിഷേഴ്സ് കണ്ണൂർ, 2014
7. എം.ടി. ദേശം വിശ്വാസം പുരാവൃത്തങ്ങൾ, ആലങ്കോട് ലീലാകൃഷ്ണൻ ഡി.സി. ബുക്സ് കോട്ടയം, 2011


mejoyjose@gmail.com

# ബയോഗ്രഫിക്കൽ ക്രിട്ടിസിസവും പി. കെ. ബാലകൃഷ്ണനും

**ഡോ. ജെൻസി കെ. എ.**
അസി.പ്രൊഫസർ, മലയാളം, സെന്റ് ജോസഫ്സ് കോളേജ്,
ഇരിങ്ങാലക്കുട

**പ്രബന്ധസംഗ്രഹം:**
മലയാളസാഹിത്യത്തിൽ സാഹിത്യവിമർശകൻ, ചരിത്രകാരൻ, നോവലിസ്റ്റ്, പത്രപ്രവർത്തകൻ എന്നിങ്ങനെ സമസ്ത മേഖലകളിലും വ്യക്തിമുദ്രപതിപ്പിച്ചവർ വളരെ വിരളമാണ്. അക്കാദമിക വിമർശകർ തമസ്കരിച്ച കളഞ്ഞ ഒരു ജീവിതമാണ് പി കെ ബാലകൃഷ്ണന്റേത്. എന്നാൽ ഖണ്ഡനവും മണ്ഡനവും നേരിട്ടുകൊണ്ട് എന്നും സജീവമായി സാഹിത്യരംഗത്ത് നിലനിൽക്കുന്ന പ്രബന്ധങ്ങൾ പി. കെ ബാലകൃഷ്ണന്റേതായിട്ടുണ്ട്. ആധുനികവിമർശനരംഗത്ത് തനതായ വ്യക്തിമുദ്ര പ്രദർശിപ്പിക്കുന്ന പി കെ ബാലകൃഷ്ണന്റെ രചനകളിലെ ആന്തരിക വൈരുദ്ധ്യങ്ങളെയും അദ്ദേഹം അനുവർത്തിച്ച ബയോഗ്രഫിക്കൽ ക്രിട്ടിസിസത്തിന്റെ സാധ്യതകളെയും പഠിച്ചെടുക്കുക എന്നതാണ് ഈ പ്രബന്ധത്തിൽ ലക്ഷ്യം ].

**താക്കോൽവാക്കുകൾ :**
സിദ്ധി, സാധന, ബയോഗ്രഫിക്കൽ ക്രിട്ടിസിസം

**വി**മർശനരംഗത്ത് മൂന്ന രീതിയിലാണ് പി കെ ബാലകൃഷ്ണൻ സംഭാവനകൾ നൽകിയിട്ടുള്ളത്. കവിതാ നിരൂപണം, നോവൽ നിരൂപണം , ഇതര നിരൂപണങ്ങൾ .കവിതാ നിരൂപണത്തിൽ ഏറെ ചർച്ച ചെയ്യപ്പെട്ട കാവ്യകല കുമാരനാശാനിലൂടെ എന്ന കൃതിയും എഴുത്തച്ഛൻറെ കല : ചില വ്യാസഭാരതപഠനങ്ങളും എന്ന കൃതിയും ഏറെ ശ്രദ്ധിക്കപ്പെട്ടതാണ്. നോവൽ നിരൂപണത്തിൽ ചന്തുമേനോൻ ഒരു പഠനം, നോവൽ സിദ്ധിയും സാധനയും എന്നിവയാണ് അദ്ദേഹത്തിൻറെഅദ്ദേഹത്തിൻറെ പ്രധാന സംഭാവനകൾ . നിദ്രാ സഞ്ചാരങ്ങൾ,കേരളീയതയും മറ്റും എന്നീ കൃതികളിലും വ്യത്യസ്തമായ നിരൂപണ രീതികൾ അദ്ദേഹം അവലംബിക്കുന്നുണ്ട്.പി കെ ബാലകൃഷ്ണന്റെ സാഹിത്യ നിരൂപണത്തെക്കുറിച്ച് പഠിക്കാനാണ് പ്രബന്ധത്തിൽ ശ്രമിക്കുന്നത്.

### ബയോഗ്രഫിക്കൽ ക്രിട്ടിസിസവും പി.കെ ബാലകൃഷ്ണന്റെ നിരൂപണ സമ്പ്രദായവും

പാശ്ചാത്യസാഹിത്യലോകത്ത് ഡോ. ജോൺസന്റെ സംഭാവനകളോട് കിടനിൽക്കുന്ന രീതിയിൽ , ഒരു സാഹിത്യകാരനെ പഠിക്കുകയും,ആ സാഹിത്യകാരന്റെ ജീവിതാവസ്ഥക

ളെ മുൻനിർത്തി കൃതിയെ പഠിക്കുകയും ചെയ്യുന്ന ബയോഗ്രഫിക്കൽ ക്രിറ്റിസിസം എന്ന രീതിയാണ് നിരൂപണത്തിനായി പി.കെ ബാലകൃഷണൻ ഉപയോഗിച്ചത്. ജീവചരിത്രഗന്ധിയായ ഒരു നിരൂപണ മേഖലയാണ് അദ്ദേഹത്തിന്റേത്.ചന്തുമേനോൻ ഒരു പഠനം എന്ന കൃതിയിൽ നോവലിസ്റ്റിനെ ആണ് അദ്ദേഹം പഠനവിധേയമാക്കിയിരിക്കുന്നത് .കാവ്യകല കുമാരനാശാനിലൂടെ എന്ന കൃതിയിൽ കവി കുമാരനാശാന്റെ ജീവിതത്തെ യാണ്പഠിക്കാൻ ശ്രമിക്കുന്നത്.അങ്ങനെ നൈസർഗികമായി ഉന്നത സാഹിത്യകാരന്മാരിൽ  പ്രതിഭയുടെ മിന്നലാട്ടമുണ്ടാകുന്നതെങ്ങനെയെന്ന് വിലയിരുത്തുകയാണ് പി കെ ബാലകൃഷ്ണൻ ചെയ്യുന്നത്. എഴുത്തച്ഛൻ പഠനത്തിലും ഡസ്തയോവിസ്കി, ജയിൻ ഓസ്റ്റൻ എന്നിവരെക്കുറിച്ചുള്ള പഠനത്തിലും ഈ രീതിയിലുള്ള അന്വേഷണം കാണാൻ സാധിക്കും.

**കാവ്യകല കുമാരനാശാനിലൂടെ എന്ന കൃതിയിൽ തെളിയുന്ന ജീവിതവീക്ഷണം**

കുമാരനാശാന്റെ ജീവിതത്തെ അടിമുടി പരിശോധിക്കുന്ന പി കെ ബാലകൃഷ്ണൻ  സിദ്ധിയിലേക്കുള്ള കാൽവെപ്പായി ആശാൻജീവിതത്തെ  കണ്ടെത്തുകയാണ്  ചെയ്യുന്നത്.ആശാൻറെ ജീവിതകഥയിൽ ഏറ്റവും പ്രധാനമായ ശ്രീനാരായണഗുരുവുമായുള്ള കണ്ടുമുട്ടലിൽ തുടങ്ങുന്ന പികെ ബാലകൃഷ്ണന്റെ ചരിത്രാന്വേഷണം.. "ഇനി ശൃംഗാര ശ്ലോകങ്ങൾ എഴുതരുത് "എന്ന് ഗുരു പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ആശാൻ സ്തോത്രങ്ങളും മറ്റും രചിക്കുവാൻ തുടങ്ങി എന്ന കഥയെ ആശാന്റെ ജീവിതത്തെ അപഗ്രഥിച്ച് മാറ്റിമറിക്കാനുള്ള ഒരു ശ്രമം ബാലകൃഷ്ണൻ നടത്തുന്നുണ്ട്. "ആരംഭത്തിൽത്തന്നെ കാലത്തിലൂടെ പിന്നോട്ട് നീങ്ങി ചെന്ന് കുമാരനാശാൻറെ ജീവിതത്തിലെ പരമപ്രധാനമായ ഒരു രംഗത്തെത്തി നിലയുറപ്പിക്കുക യാണ് പി കെ ബാലകൃഷ്ണൻ ചെയ്യുന്നത് "എന്നാണ് ഈ സംഭവത്തെ കുറിച്ച് എം. ഗംഗാധരൻ അഭിപ്രായപ്പെടുന്നത്.ആശാൻ ഗുരുവിനെ സന്ധിക്കുമ്പോൾ ഒരു ശൃംഗാരി അല്ലായിരുന്നു. അദ്ദേഹത്തിന്  അല്പമൊക്കെ സ്ഥാനപ്പേരും വ്യക്തിത്വവും ഉണ്ടായിരുന്നു എന്നും സ്ഥാപിക്കാനായിരുന്നു പി.കെ.ബാലകൃഷ്ണന്റെ ശ്രമം.കുടുംബത്തോട് വൈകാരികത നിറഞ്ഞ വ്യക്തിവിശേഷം ആശാനിൽ കണ്ടെത്താത്ത തിനുകാരണം അദ്ദേഹത്തിൽ കുടികൊണ്ടിരുന്ന ജീനിയസ് ആണെന്ന് തെളിയിക്കുകയാണ് പിന്നീട് പി കെ ബാലകൃഷ്ണൻ ചെയ്യുന്നത് .ലോകത്തിന് പരിചിതമായ ജീവിതാവസ്ഥകളിലൂടെ കടന്നു പോകുന്നവർക്ക് പ്രതിഭയുടെ ചക്രവാളം എന്നും അകലെയായിരിക്കും എന്നും അദ്ദേഹം പറയുന്നുണ്ട് .ഇതെല്ലാം ചിന്തയിലേക്കും യോഗാത്മക യിലേക്കും ഉള്ള വാതായനമായി പ്രവർത്തിച്ചു എന്ന് തെളിയിക്കുകയാണ് പി.കെ. ബാലകൃഷ്ണൻചെയ്യുന്നത്.

വ്യത്യസ്തമായ മൂന്ന കാഴ്ചപ്പാടുകളുടെ ആകരമായിട്ടാണ് ആശാനെ കാവ്യകല കുമാരനാശാനിലൂടെ എന്ന ഗ്രന്ഥത്തിൽ നിരീക്ഷിച്ചിരിക്കുന്നത്

1. കേരളത്തിലെ സാമൂഹ്യ നവോത്ഥാനത്തിന്റെ പ്രോദ്ഘാടകരിൽ ഒരാളും മുന്നണി നേതാവും എന്ന നിലയിലുള്ള ആശാൻറെ സ്ഥാനം
2. ഇവയോട് പ്രത്യക്ഷത്തിൽബന്ധപ്പെടാത്ത കാവ്യോപാസന വഴി നേടിയ കവിയശസ്സ്
3. മറ്റേതൊരു മനുഷ്യനും ഉള്ളതുപോലെ തികച്ചും സ്വകാര്യമായ താൽപര്യങ്ങളും സ്വഭാവസവിശേഷതകളും പുലർത്തുന്ന ആശാൻ .

ആശാന്റെ കവിയശസ്സ് വർദ്ധമാനമായതിനുള്ള മുഖ്യകാരണം അദ്ദേഹത്തിന് ആദ്യകാലങ്ങളിൽ നേരിടേണ്ടി വന്നിട്ടുള്ള ഖണ്ഡന വിമർശനങ്ങളാണ് എന്നാണ് പി.കെ ബാലകൃഷ്ണന്റെ അഭിപ്രായം.കുട്ടിക്കാലത്ത് ആശാൻ അനുഭവിച്ച ദാരിദ്ര്യാവസ്ഥയും അദ്ദേഹത്തിൻറെ കാവ്യ ഭാവനയ്ക്ക് വളക്കൂറുള്ള മണ്ണായിരുന്നു എന്ന് പി കെ ബാലകൃഷണൻ പറയുന്നുണ്ട്.  പക്ഷേ മറ്റ് നിരൂപകർ ഇക്കാര്യം അംഗീകരിക്കുന്നില്ല.ആശാൻ കവിതകളെ " അനുഭൂതി വന്ധ്യമായ ജീവിതാനുഭവം " എന്നാണ് പി കെ ബാലകൃഷ്ണൻ വിശേഷിപ്പിക്കുന്നത്.ആശാന്റെ പ്രരോദനം എ.ആർ രാജരാജവർമ്മയുടെ  മരണത്തെയാണ് ചിത്രീകരിക്കുന്നത് എങ്കിലും  വ്യക്തിബന്ധം എന്ന് വിശേഷിപ്പിക്കാവുന്ന ഒന്നും ഏ ആറും ആശാനും തമ്മിൽ ഇല്ലായിരുന്നു എന്ന് എ.ആറിന്റെ മകനും മകളും ചേർന്ന് എഴുതിയിട്ടുള്ള ജീവചരിത്രത്തിൽ നിന്നും വ്യക്തമാകുന്നതാണ്. അതുകൊണ്ട് അതിൻറെ രചന ടെന്നിസന്റെ "ഇൻമെമ്മോറിയവും " ഷെല്ലിയുടെ

അഡോണയും മറ്റും ശ്രദ്ധിച്ച പഠിക്കുന്നതിൽ ആവേശം തോന്നിയ ആശാൻ വിലാപകാവ്യ സൃഷ്ടിക്കു വേണ്ടി രചിച്ച ഒന്ന മാത്രമായി കഴിയും എന്ന നിരീക്ഷണം പി കെ ബാലകൃഷ്ണൻ നടത്തുന്നു. കവിസ്വത്വവും വ്യക്തി സ്വത്വവും പിരിഞ്ഞു നിൽക്കുന്ന കാഴ്ചയാണ് ആശാൻ കവിതകളിൽ ദൃശ്യമാകുന്നത്.

ഈ നിഗമനങ്ങളുടെ അടിസ്ഥാനത്തിൽ ദുരവസ്ഥ എന്ന കൃതിയെ പഠിക്കുമ്പോൾ അത് തികഞ്ഞ ഒരു പരാജയമായി മാറുന്നത് എങ്ങനെയെന്ന് ഇന്ന് കണ്ടെത്തുവാൻ കഴിയും.ഔചിത്യബോധം എന്ന കാവ്യകലയുടെ അടിസ്ഥാന സങ്കൽപത്തിന് കടകവിരുദ്ധമായാണ് ദുരവസ്ഥയുടെ ശ്രുപഘടന നിലനിൽക്കുന്നത്.ഇതിലെ വരികൾക്ക് പ്രത്യേകിച്ച് കാവ്യഭംഗി ഒന്നും കണ്ടെത്താൻ കഴിയുകയില്ല എന്നും ഗദ്യ രൂപത്തിൽ വായിച്ചുപോകാവുന്ന ഒന്നു മാത്രമായി ഇതിലെ വരികൾ മാറുന്നു എന്നാണ് ആദ്യമേ ബാലകൃഷ്ണൻ പറഞ്ഞു വയ്ക്കുന്നത്.പുലയച്ചാളയിൽ വന്നുചേർന്നതിലുള്ള ദുര്യോഗത്തെക്കുറിച്ചുള്ള അന്തർജ്ജനത്തിന്റെ ദുഃഖം കാവ്യത്തിൽ ഉടനീളം വായിച്ചെടുക്കാൻ കഴിയും. പ്രത്യേകിച്ച് വിപ്ലവം ഒന്നും തന്നെയില്ലാത്ത കൃതിയാണിത്.ലഹളയിൽ പെട്ട തൻറെ പ്രാണൻ രക്ഷിക്കാൻ ഓടിയെത്തിയ നമ്പൂതിരി യുവതിക്ക് അഭയം നൽകിയതിനേക്കാൾ ശ്രേഷ്ഠമായ നടപടിയായി ചാത്തൻ കാണുന്നത് നമ്പൂതിരി യുവതിയുടെ ജാതി മേന്മയെ ആദരിക്കാൻ സ്വന്തം അമ്മയെയും പെങ്ങളെയും വീട് മാറ്റി താമസിപ്പിക്കുന്നതാണ്. അതുപോലെ കവിയും കഥാപാത്രമായ അന്തർജ്ജനവും കൂടി ശ്ലാഘനീയമായ നടപടികളായി എണ്ണിയെണ്ണി പറയുന്നവ ഓരോന്നും ജാതി കൃത്യമായ സ്വന്തം അധകൃതാ വസ്ഥയെ സൂചിപ്പിക്കുന്ന നടപടികളാണ്.ഒറ്റവാക്യത്തിൽ സംഗ്രഹം പറയാവുന്ന ഒരു കഥ 1,700 വരികളിൽ കുമാരനാശാൻ പറഞ്ഞു തീർത്തു എന്നത് തന്നെ ആ കൃതിയുടെ ഒരു പോരായ്മയായി നിരൂപകൻ എടുത്തുകാണിക്കുന്നു.മാറ്റവിൻ ചട്ടങ്ങളെ തുടങ്ങി ഉജ്ജ്വലമായ വിപ്ലവവീര്യം പ്രസരിപ്പിക്കുന്ന വരികൾ ദുരവസ്ഥയിൽ നിന്നും ഉദാഹരണമായി എടുത്ത് പല നിരൂപകരും ഈ കൃതിയെ വിപ്ലവ കാവ്യമായി നോക്കി കാണാറുണ്ട്. എന്നാൽ ദുരവസ്ഥയിൽ വിപ്ലവമില്ല എന്ന പി കെ ബാലകൃഷ്ണന്റെ നിരീക്ഷണം വേറിട്ട ഒന്നായി മാറുന്നു.

കേരളത്തിലെ ജാതിവ്യവസ്ഥയെയും അതിനു സഹായിക്കുന്ന സാമൂഹ്യസാഹചര്യങ്ങളെയും പഠനവിധേയമാക്കുക എന്ന ലക്ഷ്യം ബാലകൃഷ്ണന്റെ നിരൂപണങ്ങളുടെ സവിശേഷതമായി ഉൾക്കൊള്ളുന്നതായി കാണാം.സ്നേഹ ഗായകനായ ആശാൻറെ എല്ലാ കാവ്യങ്ങളും സ്നേഹത്തിൻറെ സമസ്ത ഭാവങ്ങളും പകർന്നുനൽകുന്നവയല്ലെന്നും സ്നേഹ കാവ്യം എന്ന പേരിൽ ആശാൻ എഴുതിയിട്ടുള്ളത് എല്ലാം പ്രേമ കാവ്യങ്ങൾ ആണെന്നുമാണ് പി.കെ.ബാലകൃഷ്ണൻ അഭിപ്രായപ്പെടുന്നത്.

അസ്സൽ കവിതയുടെ രംഗത്തിൽ വളരെ വൈകിയാണ് കുമാരനാശാൻ വന്നതെങ്കിലും അകാലത്തിൽ മൃതിപ്പെട്ട കാമുകിയായി വീണപൂവിനെ സങ്കൽപ്പിച്ച് വിലപിച്ചുകൊണ്ട് ആശാൻ തൻറെ അരങ്ങേറ്റം നടത്തുകയാണുണ്ടായത്. തുടർന്ന് നളിനി എന്ന ശുദ്ധമാനസയുടെ പ്രേമത്തിൻറെയും പ്രേമ സായൂജ്യത്തിന്റെയും കഥയാണ് ഉദ്ഗാനം ചെയ്തത്.സമുദായ ജീവിതവുമായി ഒരു തരത്തിലും ബന്ധമില്ലാതിരുന്ന നളിനിയെ തൻറെ നേരെ കടക്കണ്ണെറിഞ്ഞ സുന്ദരിമാരിൽ നിന്നല്ല ബ്രഹ്മജ്ഞാനോപാസനാമഗ്നനായ സ്വഹൃദയത്തിൽ നിന്നാണ് ആശാൻ സൃഷ്ടിച്ചതെന്നാണ് പികെ ബാലകൃഷ്ണന്റെ അഭിപ്രായം. "ചിന്താവിഷ്ടയായ സീത "യിൽ ആദർശവതിയായ സീതാദേവിയെ സൃഷ്ടിക്കാൻ കഴിയാത്ത കവിയുടെ പതനമാണ് കാണുന്നത് . കുമാരനാശാൻറെ ജീനിയസ് ഇതിഹാസങ്ങളെ പഠിക്കുമ്പോൾ വേണ്ടത്ര ഫലിച്ചില്ല എന്ന ചിന്തയും അദ്ദേഹംപങ്കുവെക്കുന്നു .കുമാരനാശാൻറെ കൃതികളിൽ ശ്രീബുദ്ധ ചരിതത്തെ അദ്ദേഹം സവിശേഷമായി പഠിക്കുന്നുണ്ട്.കുമാരനാശാൻറെ കരുണയിൽ ടാബ്ലോ പോലുള്ള നിശ്ചല ചിത്രങ്ങൾ ആണ് കാണാനാവുക. ഭക്തിയെ മോക്ഷത്തിനുള്ള ഉപകരണ മാക്കുന്ന ജീവിതാ ബോധത്തെ ഉൾക്കൊള്ളുന്ന കാവ്യമാണ് കരുണ.പ്രേമ പ്രധാനമായ മരണ കാവ്യങ്ങളോ മരണ പ്രധാനമായ പ്രേമകാവ്യങ്ങളോ ആണ് ആശാന്റേത് എന്ന അഭിപ്രായം പി.കെ.ബി യ്ക്കുണ്ട്. ഉപഗുപ്തൻ ആശ്ലേഷിക്കുന്നതിന് മുൻപാണെങ്കിൽ വാസവദത്തയുടെ മരണം വെറും മരണമായേനെ .ഇങ്ങനെ നോക്കിയാൽ മുൻകൂട്ടി തയ്യാറാക്കിയ പ്ലാൻ പ്രകാരം കുറ്റമറ്റ ഒരു

കവിത കൃത്യമായി എഴുതി മുഴമിപ്പിക്കുന്ന ഒരു രണ്ടാംതരം കവിയാണ് ആശാൻ എന്ന നിഗമനത്തിലേക്ക് പി കെ ബാലകൃഷ്ണൻ എത്തിച്ചേരുന്നു .

**"എഴുത്തച്ഛന്റെ കല : ചില വ്യാസഭാരതപഠനങ്ങളും "**

ഇതിഹാസത്തോടും ചരിത്രത്തോടും ആഭിമുഖ്യം പുലർത്തുന്ന രീതിയിലുള്ള നിരൂപണങ്ങൾ ആണ് പി കെ ബാലകൃഷ്ണൻ നടത്തിയിട്ടുള്ളത്. ഭാഷയുടെ സൗന്ദര്യാത്മക തലത്തിലൂടെ, നവംനവങ്ങളായ മുഹൂർത്തങ്ങളിലൂടെ നടത്തുന്ന അന്വേഷണങ്ങളും കാണാവുന്നതാണ്. ഇനി ഞാൻ ഉറങ്ങട്ടെ എന്ന നോവൽ രചിക്കുന്നതിനു സമാന്തരമായി രചിച്ച കൃതിയാണ് എഴുത്തച്ഛന്റെ കല : ചില വ്യാസ ഭാരത പഠനങ്ങളും എന്ന കൃതി. ഈ ഗ്രന്ഥത്തിലെഓരോ വരിയും എഴുത്തച്ഛൻറെ മാനസിക വ്യാപാരങ്ങളിലൂടെയുള്ള ഏകാന്ത സഞ്ചാരമായാണ് വിഭാവനം ചെയ്യപ്പെട്ടിരിക്കുന്നത്. ബയോഗ്രഫിക്കൽ ക്രിട്ടിസിസം എന്ന രീതിയിൽ എഴുത്തച്ഛൻ എന്ന വ്യക്തിയിലൂടെ ബോധധാര സമ്പ്രദായത്തിൽ ആഴ്ന്നിറങ്ങുന്ന പഠന രീതി തന്നെയാണ് ഇതിലും കാണാൻ കഴിയുക .ഭക്തിയിലൂടെ കേരളജനതയെ ആദ്ധ്യാത്മികതയിൽ ആറാടിച്ച എഴുത്തച്ഛൻ പ്രതിഭയെക്കുറിച്ചുള്ള അന്വേഷണം വ്യതിരിക്തമായ കാവ്യാനുഭവം ആക്കി പി കെ ബാലകൃഷ്ണൻ പ്രതിഷ്ഠിക്കുന്നു.വ്യാസ ഭാരതത്തെയും എഴുത്തച്ഛൻറെ ശ്രീ മഹാഭാരതത്തെയും പരിശോധിക്കുവാൻ പി കെ ബാലകൃഷ്ണൻ ഒരുമ്പെടുന്നു.1635 പുറം വരുന്ന വ്യാസഭാരതം 645 പുറങ്ങളിലായി എഴുത്തച്ഛൻ സംക്ഷേപിച്ച .ശാന്തിപർവ്വം മുതൽ സ്വർഗ്ഗാരോഹണ പർവ്വം വരെ 80 പുറത്തിൽ ഗംഭീര രചന നടത്തുകയാണ് ചെയ്യുന്നത് . കിളിമകളോട് കഥപറയാൻ ഏഴുപ്രാവശ്യം ആവശ്യപ്പെടുകയും നെടുനീളൻ ശ്രീകൃഷ്ണ സ്തുതികൾ ഉരുക്കഴിക്കുകയും ചെയ്യുന്നുണ്ട്. എന്നാൽ എഴുത്തച്ഛൻ കവിതയിലെ കവിതയിലെ വരിക്കണക്കുകൾ സൂചിപ്പിക്കുന്ന ബാലകൃഷ്ണന് അദ്ദേഹം പർവ്വങ്ങളിൽ വരുത്തിയ മാറ്റം, വിട്ടുകളഞ്ഞ പ്രധാന ആഖ്യാനങ്ങൾ എന്നിവ വിശദീകരിക്കുവാൻ ശ്രദ്ധിച്ചിട്ടില്ല എന്ന് കാണാവുന്നതാണ്.ഈ ഭാഷാ ചർച്ചയിൽ ഭാരതം കിളിപ്പാട്ട് പൂർണമായുംഒഴിവാക്കി .എന്നാൽ എഴുത്തച്ഛൻ സൃഷ്ടിച്ച നവ ഭാഷയിലേക്ക് അദ്ധ്യാത്മരാമായണം മൂലത്തിലെ ആശയങ്ങളും സംസ്കൃത മഹാകവികളുടെയും മണിപ്രവാളക്കാരുടെയും കൽപ്പനകളും പുനഃസൃഷ്ടി ചെയ്തിരിക്കുകയാണ്.എന്നാൽ മനോധർമ്മം പ്രയോഗിക്കുന്നതിലാണ് എഴുത്തച്ഛൻ കൃതികളിലെ ശിൽപ്പഭംഗി കുടികൊള്ളുന്നത് എന്ന് പി കെ ബാലകൃഷ്ണൻ കരുതുന്നു.കേരളത്തിലെ ജാതിവ്യവസ്ഥയെ ഭാരതത്തിന്റെ സവിശേഷ പശ്ചാത്തലത്തിൽ വിശദീകരിക്കുവാനാണ് ഈ കൃതിയുടെ അവസാനഭാഗത്ത് പി കെ ബാലകൃഷ്ണൻ ശ്രമിക്കുന്നത്. നോവലിലും നിരൂപണത്തിലും ചരിത്രത്തിലും ഒരുപോലെ കടന്നു വരുന്ന ഒരു പ്രവണതയാണ് ജാതിവ്യവസ്ഥതി പഠനം

**നോവൽനിരൂപണവും ചന്തുമേനോൻ ഒരു പഠനവും**

ബയോഗ്രഫിക്കൽ ക്രിട്ടിസിസം എന്ന രീതി ഉപയോഗിച്ചു കൊണ്ട് തന്നെയാണ് ചന്തുമേനോൻ ഒരു പഠനം എന്ന കൃതിയും പി കെ ബാലകൃഷ്ണൻ രചിച്ചത്. ചടുലമായ രചനാശൈലി ഉപയോഗിച്ചുകൊണ്ട് അത്യന്തം ആകർഷകമായി നോവൽ വിവരിക്കുകയും പഠിക്കുകയും ചെയ്യുന്നുണ്ട് പി കെ ബാലകൃഷ്ണൻ. നോവലിനെ വെറുതെ പഠിക്കുകയല്ല നോവലിസ്റ്റിന്റെ സ്വഭാവസവിശേഷതകളും കാലഘട്ടവും പഠനവിധേയമാക്കി കൊണ്ടാണ് കഥാപാത്രങ്ങളുടെ ഉള്ളറകളിലേക്ക് അദ്ദേഹം കടന്നുചെല്ലുന്നത്.ചന്തുമേനോൻ ഒരു പഠനം അപഗ്രഥിക്കുന്നതിന് ഇന്ദുലേഖ എന്ന നോവലിലെ ചരിത്രപരവും സാമൂഹ്യപരവുമായ കാലഘട്ടത്തെ വിശകലന വിധേയമാക്കുന്നുണ്ട്. ഒരേ കാലഘട്ടത്തിൽ ജീവിച്ച രണ്ടുതരം ആശയങ്ങളുടെ വക്താക്കളായി നോവലിന്റെ ആഖ്യാനതന്ത്രം കൈകാര്യംചെയ്തു തെക്കും വടക്കും ജീവിച്ച സാഹിത്യ മഹാരഥന്മാരായ സിവി രാമൻ പിള്ളയെയും ചന്തുമേനോനെയും ആദ്യഘട്ടത്തിൽ വിശദമായി പഠിക്കുന്നുണ്ട്. ഇവരെ പാരമ്പര്യ അനുസാരികളും പാരമ്പര്യ നിഷേധികളും ആയ രണ്ടു പ്രബല ശക്തികളായി നിലനിർത്തിക്കൊണ്ട് കാലഘട്ടത്തിന്റെയും സമൂഹത്തിന്റെയും ആവശ്യങ്ങളെ ആരാണ് കണ്ടറിഞ്ഞത് എന്നൊരു ചോദ്യവും അനുവാചകരിൽ എത്തിക്കാൻ പി.കെ ബാലകൃഷ്ണൻ ശ്രമിക്കുന്നുണ്ട് .രണ്ട് തരം നിലപാടുകൾ സാഹിത്യരംഗത്ത് പുലർ

ത്തിയ ഈ സാഹിത്യകാരന്മാരെ ഒരേ കോണിലൂടെ പഠിച്ചെടുത്തത് കൊണ്ടുള്ള ദോഷവും ഈ കൃതിക്ക് ഉണ്ട് .യുക്തി ,പഠനം, അപഗ്രഥനം ഇവ മൂന്നിന്റെയും വെളിച്ചത്തിൽ കാര്യകാരണ ബന്ധത്തെ വിശകലനം ചെയ്യുന്ന നിരൂപകൻ ദാർശനികത യിൽ കലാപരതയെ പ്രതിഷ്ഠിക്കുന്നു. നവോത്ഥാനത്തിൻറെ തലം ഈ പഠനത്തിന് അടിസ്ഥാനമായി ഭവിക്കുന്നുണ്ട്. കേരളീയ ജീവിതത്തിൽ ഗംഭീരമായ ഒരു പരിവർത്തന ഘട്ടത്തിന്റെ സൃഷ്ടിയായി താനറിയാതെ മാറിപ്പോയ ചരിത്രമാണ് ചന്തുമേനോന്റെ നോവൽ സാക്ഷാത്കരിക്കുന്നത് എന്ന് സമർത്ഥിക്കുകയാണ് പി കെ ബാലകൃഷ്ണൻ.സ്വഗതാഖ്യാനപരമായി പലഭാഗങ്ങളും മാറുന്നതായി കാണാം.ഒരു ജീനിയസിന്റെ അത്ഭുതകരമായ വിഷൻ ചന്തുമേനോന് ഉണ്ടായിരുന്നുവെന്നും ചന്തുമേനോന്റെ കണ്ണിൽ കേരളമല്ല സമ്പൂർണ്ണ ഭാരത മായിരുന്നു ഒരു ചിത്രമായി ഇതൾവിരിഞ്ഞത് എന്നും ആദ്യമായി അവതരിപ്പിച്ചത് പി കെ ബാലകൃഷ്ണനാണ്. മനുഷ്യത്വം ആയിരുന്നു ഈ നവ ഭാരതത്തിൻറെഉൾക്കരുത്ത് എന്നും ആ മനുഷ്യത്വം പാശ്ചാത്യ സംസ്കാര സന്നിവേശത്താൽ ഉടച്ചുവാർക്കുക പെട്ടതും സമൃദ്ധവും ആയിരുന്നു എന്ന് പി കെ ബാലകൃഷ്ണൻ കരുതുന്നു. ചന്തുമേനോന്റെ ഇംഗ്ലീഷ് ഫിലോസഫി മന്ത്രവാദിയുടെ മാജിക് വാന്റ് പോലെ പ്രവർത്തിക്കുന്നു എന്നും ബാലകൃഷ്ണൻ കരുതുന്നു.ഇംഗ്ലീഷ് ആയിരുന്നു ചന്തുമേനോൻറെ മതവും ഫിലോസഫിയും.ഇതോടൊപ്പം തന്നെ ഈ കൃതിയിൽ നോവൽ എന്ന സാഹിത്യരൂപം ത്തിൻറെ അനന്തസാധ്യതകളെ കൂടി പഠനവിധേയമാക്കാൻ അദ്ദേഹം ശ്രമിക്കുന്നുണ്ട് നിർവചിക്കാനാവാത്ത ഒരു സാഹിത്യരൂപമാണ് നോവൽ എന്നും അതിൻറെ സങ്കീർണതകളും സാധ്യതകളും അത്രയ്ക്ക് അപാരമാണെന്നും പി കെ ബാലകൃഷ്ണൻ കരുതുന്നു. നോവൽഒരു ഒന്നാന്തരം നുണയാണെന്നും സമ്പൂർണവും സജീവവുമായ കഥാപാത്രങ്ങൾ അതിൽ ആവശ്യമാണെന്നും പി കെ ബാലകൃഷ്ണൻ വ്യക്തമാക്കുന്നു.നോവൽ എങ്ങനെ ആയിരിക്കണം എന്നതിന് ഒരു ഉദാഹരണം എന്ന നിലയിൽ ചന്തുമേനോന്റെ നോവലിനെ എടുത്തു കാണിക്കാനും ശ്രമിക്കുന്നുണ്ട് .കഥ അങ്ങനെയേ വരൂ എന്ന് നമുക്ക് അറിവുള്ളത് കൂടിയാണെങ്കിലും ഇന്ദുലേഖയിലെ പ്രതിപാദന ക്രമം, ആഖ്യാനരീതി, കഥാപാത്ര സംവിധാനം എന്നീ മൂന്ന് അംശങ്ങൾ കൊണ്ട് ആ കുറവ് അദ്ദേഹം പരിഹരിക്കുന്നു എന്നും ചന്തുമേനോൻ നിരീക്ഷിക്കുന്നു. വിടാതെ പിൻതുടർന്ന് നിലനിർത്തപ്പെടുന്ന രസികതയാണ് നോവലിനെ നോവലാക്കുന്നത്.. ഏതെങ്കിലും കഥാപാത്രങ്ങളെ എങ്ങിനെയെങ്കിലും മെനഞ്ഞു വയ്ക്കുകയല്ല, കഥാപാത്രങ്ങളുടെ നേതൃത്വത്തിലും കാര്യശേഷിയിലും ബൽസാക്ക് ,ഡിക്കൻസ് എന്നീ നോവലിസ്റ്റുകളുടെ സ്വഭാവം പ്രകടിപ്പിക്കുകയാണ് ചന്തുമേനോൻ ചെയ്യുന്നത് എന്ന് ബാലകൃഷ്ണൻ അഭിപ്രായപ്പെടുന്നു.മഹാ നോവലിസ്റ്റുകളുടെ വർഗ്ഗക്കാരൻ തന്നെയായ ഈ സാഹിത്യകാരന്റെ ഫോട്ടോഗ്രാഫി സ്വഭാവമാണ് കഥാപാത്രങ്ങൾക്കും അപ്രധാന കഥാപാത്രങ്ങൾക്കും അവിസ്മരണീയ ചാരുത നൽകുന്നതിൽ പ്രധാന പങ്കുവഹിച്ചത്.

"ഫോട്ടോ ക്യാമറയിലെ പോലെ ഒറ്റ നൊടിയിടയിൽ എല്ലാ വിശദാംശങ്ങളും കൂടി സമ്പൂർണമായ ഒരു ചിത്രമാണ് മനസ്സിൽ പതിയുന്നത്. മനസ്സിൽ പതിഞ്ഞ ആ ഫോട്ടോയാണ് നോവലിസ്റ്റ് തൻറെ വിവരണ കലയിലൂടെ മികച്ച ആ ലേഖ്യമായി അവതരിപ്പിക്കുന്നത് .ഒരു മാധവനെയുംഇന്ദുലേഖയും വൈത്തിപ്പട്ടരേയും സൂക്ഷ്മവും വിശദവുമായി അതരിപ്പിക്കാൻ കഴിഞ്ഞേക്കും .പക്ഷേ ഒരു ശീനപ്പട്ടരെയും ഒരു കണ്ടരു മേനോനേയും കൂട്ടത്തിൽ അലക്ഷ്യമായി വരയ്ക്കാൻ കഴിയണമെങ്കിൽ മഹാ നോവലിസ്റ്റുകളുടെ വർഗ്ഗക്കാരൻ തന്നെ വേണം. ഈ ഫോട്ടോഗ്രാഫിക് സിദ്ധിയാണ് ചന്തുമേനോൻ സാഹിത്യത്തെ മറ്റൊരു വലിയ ലോകത്തേക്ക് മാറ്റിനിർത്തുന്നത് " . (ചന്തുമേനോൻ ഒരു പഠനം - പി.കെ.ബാലകൃഷ്ണൻ P. 130)

ഭാവി കാലത്തിന്റെ ചിന്തയെയും ബോധത്തെയും നിലവാരത്തെയും വർത്തമാനകാലത്തിൽ താനറിയാതെ ആവിഷ്കരിച്ചു പോകുന്ന അത്ഭുതകരമായ കഴിവാണ് ജീനിയസ് .താൻ തെരഞ്ഞെടുത്ത നോവലിസ്റ്റുകളുടെ കൃതികൾ പഠിക്കുന്നതിലൂടെ ബോധപൂർവ്വമായ ആഗ്രഹത്തെയും ലക്ഷ്യത്തെയും കവിഞ്ഞ തനിക്ക് ഉള്ളതായി താൻ അറിയുന്ന കഴിവുകളുടെ സീമകളും ലംഘിക്കുന്ന എന്തോ ആയി കാണാനുള്ള ശ്രമമാണ് എഴുത്തുകാരൻ നടത്തുന്നത്.

**നോവൽ സിദ്ധിയും സാധനയും**

ജന്മസിദ്ധമായ പ്രതിഭയും അതിൻറെ സാക്ഷാത്കാരത്തിന് സഹായകമായി നിൽക്കുന്ന നിരന്തര സാധനയും - ഈ രണ്ട് അസുലഭ ഘടകങ്ങളുടെ സംയോജന ഫലമാണ് നല്ലതും മഹത്തുമായ നോവൽ എന്ന് സ്ഥാപിക്കുവാൻ എഴുതിയിട്ടുള്ള ഗ്രന്ഥമാണ് നോവൽ സിദ്ധിയും സാധനയും .സിദ്ധിയുടെയും സാധനയുടെയും നില മനസ്സിലാക്കുന്നതിന് സഹായകരമായ താരാശങ്കർ ബാനർജിയുടെ ആരോഗ്യനികേതനം, ജയിൻ ഓസ്റ്റിന്റെ പ്രൈഡ് ആന്റ് പ്രജ്ജുഡിസ് ഉൾപ്പെടെയുള്ള നോവലുകൾ, ഡോസ്റ്റോ യേവ്സ്കിയുടെ കാരമസോവ് സഹോദരന്മാർ എന്നിവയാണ് പി കെ ബാലകൃഷ്ണൻ പഠിക്കുന്ന മൂന്ന് നോവലുകൾ.ഇവിടെയും ബയോഗ്രഫിക്കൽ ക്രിട്ടിസിസത്തിൻറെ സ്വഭാവം തന്നെയാണ് അദ്ദേഹം ഉപയോഗിക്കുന്നത് അത്. കാലത്തിൻറെ അതിഭയങ്കരമായ പ്രവാഹം സ്വാസ്ഥ്യം നശിപ്പിക്കുന്ന നാട്ടിൽ പുറങ്ങളുടെ സമഗ്ര ചിത്രമായിട്ടാണ് ആരോഗ്യനികേതനത്തെ അദ്ദേഹം അവതരിപ്പിക്കുന്നത്.കല കലയ്ക്കുവേണ്ടി എന്ന പാശ്ചാത്യ വാദത്തോട് അദ്ദേഹം ആഭിമുഖ്യം പുലർത്തി.ജെയിൻ ഓസ്റ്റിൻടെ നോവലുകളുടെ വലിയ പ്രത്യേകതയായ ഉപഹാസം എന്ന വിഷയത്തെ അടിസ്ഥാനമാക്കി ഐറണി യെക്കുറിച്ച് പഠിക്കുവാനും പി കെ ബാലകൃഷ്ണൻ സമയം കണ്ടെത്തുന്നുണ്ട്. തൻറെ ആഖ്യായിക കലയുടെ വിശ്വരൂപം കരമസോവ് സഹോദരന്മാരിലൂടെയാണ് ഡോസ്റ്റോവ്സ്കി പുറത്തു കൊണ്ടുവന്നത്.കലാപരമായ പ്രശ്നങ്ങളാണ് അദ്ദേഹം കൈകാര്യം ചെയ്യാൻ ശ്രമിച്ചത്.രൂപത്തിൻറെ പ്രശ്നങ്ങളെ ക്രാഫ്റ്റിൽ ഉള്ള വിശേഷം ജ്ഞാനം കൊണ്ടും ക്രാഫ്ററുലുള്ള വിശേഷ പരീക്ഷണങ്ങൾ കൊണ്ടും പരിഹരിക്കാൻ ശ്രമിക്കുക യായിരുന്ന ഡോസ്റ്റോയേവ്സ്കി എന്ന് കണ്ടെത്തുകയാണ് പി.കെ.ബാലകൃഷ്ണൻ ചെയ്യുന്നത്.

കൂടാതെ കാരൂർ നീലകണ്ഠപിള്ളയെക്കുറിച്ച് പറയുന്നിടത്ത് മുദ്രകളിൽ പ്രസന്നത കലർന്ന ആർദ്രതയുണ്ടെങ്കിലും കാരൂർ കലയിൽ ഒരു ലൈംഗികാസക്തി കൂടി ഉൾപ്പെടുന്നുണ്ട് . കാരൂരിന്റെ സിദ്ധി ലൈംഗിക ആവിഷ്കാരത്തിലൂടെ മേന്മ തെളിയിക്കുന്നതായി അദ്ദേഹം കരുതുന്നു. ചുടലതെങ്ങിലെ അമ്മൂമ്മയുടെ വികാരവിക്ഷോഭങ്ങളിൽ രതിയുടെസ്പർശമുണ്ട്. സ്ത്രീയും പുരുഷനും തമ്മിലുള്ള സ്നേഹബന്ധം നിത്യ സമാനമായ രൂപത്തിൽ കാരൂർ ഒരിടത്തും കൈകാര്യം ചെയ്യുന്നില്ല.സിജെ തോമസിനെ കുറിച്ച് പഠിക്കുന്ന സമയത്ത് പ്രതിഭ ഉത്തേജിതമാകുന്ന നിമിഷത്തിൽ മഹാനായ കലാകാരന്റെ ഉന്നത സൃഷ്ടി ആയിട്ടാണ് ദാവീദിനെ പോലെയുള്ള കഥാപാത്രങ്ങൾ അദ്ദേഹം സൃഷ്ടിച്ചത് എന്ന് കണ്ടെത്തുന്നു. സി.എൻ. ശ്രീകണ്ഠൻ നായരുടെ സിദ്ധിയും സാധനയും പഠിക്കുന്ന സമയത്ത് സിഎൻ സൃഷ്ടിച്ച കഥാപാത്രങ്ങളുടെ സൃഷ്ടിയെ മുൻനിർത്തി പ്രതിഭയെ അളക്കാൻ ഉള്ള ശ്രമമാണ് നടത്തുന്നത്.പാശ്ചാത്യ ക്ലാസിക്കൽ ട്രാജഡികളുടെ സങ്കല്പത്തെ അതേ മഹിമയോടെ ഉൾക്കൊണ്ട് രൂപഭദ്രമായ ശില്പ ത്തിലൂടെ അവതരിപ്പിച്ച ലങ്കാലക്ഷ്മി മലയാള നാടകത്തിലെ കിടയറ്റ ഏകാന്ത വിസ്മയ ആയിട്ടാണ് ബാലകൃഷ്ണൻ നോക്കിക്കാണുന്നത്. സി.വി രാമൻപിള്ളയുടെ പ്രതിഭയും ജീനിയസ്സും പഠിക്കുമ്പോൾ 20 കൊല്ലം കൊണ്ട് ഉണ്ടായ പ്രതിഭയുടെ വികാസം,ആസുരതയിൽ കണ്ടെത്തുന്ന സിദ്ധപ്രതിഭ, നായർ മാഹാത്മ്യം എന്നീ കാര്യങ്ങളെ ബാഹ്യതലത്തിൽ സ്പർശിക്കുവാൻ മാത്രമേ സി.വി യ്ക്ക് കഴിയുന്നുള്ളൂ എന്ന് കണ്ടെത്തുന്നു. തകഴി, ചങ്ങമ്പുഴ , കുഞ്ചൻ നമ്പ്യാർ, കുഞ്ഞുണ്ണിമാഷ്, വൈലോപ്പിള്ളിതുടങ്ങി സാഹിത്യത്തിലെ മികച്ച പ്രതിഭാശാലികളെ എല്ലാം പഠനവിധേയമാക്കുന്നുണ്ട് ബാലകൃഷ്ണനെ പ്രതിഭ .

**ഉപസംഹാരം**

സിദ്ധിയെക്കാൾ സാധനയ്ക്ക് അപൂർവ്വമായ മഹിമ ഉള്ളതായി പി കെ ബാലകൃഷ്ണന്റെ എല്ലാ പഠനങ്ങളും സ്ഥാപിക്കുന്നു. ജന്മസിദ്ധമായ പ്രതിഭയും ആ പ്രതിഭയ്ക്ക് വേണ്ടി അക്ഷീണം പ്രവർത്തിക്കുന്നതിനുള്ള സാധനയുമാണ് പല പ്രമുഖ എഴുത്തുകാരനിലും അദ്ദേഹം കണ്ടെത്തുന്നത്.നോവൽ രചനയിൽ സാധനയ്ക്ക് പ്രാമുഖ്യം കൊടുക്കുന്ന പി കെ ബാലകൃഷ്ണൻ സാഹിത്യ രംഗത്ത് ബുദ്ധികൊണ്ടും അധ്വാനം കൊണ്ടും കൗശലം കൊണ്ടും സിദ്ധി ഇല്ലാത്തവർക്ക് കൂടി കൂടി കയറിക്കൂടാംഎന്നൊരു ധ്വനി കൂടി നൽകുന്നുണ്ട് .നോവലിൻറെ സാഹി

തീയ പദവി മലയാളവായനക്കാരനെ ബോധ്യപ്പെടുത്തുക എന്ന ലക്ഷ്യവും അദ്ദേഹത്തിനുണ്ട്.കലയുടെ സ്വതന്ത്ര പദവിക്കു വേണ്ടി വ്യഷ്ടിയിലൂടെസമഷ്ടിയെ യ കണ്ടെത്തുക എന്ന ചിന്തയിലാണ് പി കെ ബാലകൃഷ്ണൻ ഊന്നുന്നത്. ബയോഗ്രഫിക്കൽ ക്രിറ്റിസിസത്തിന്റെ സാധ്യത നിരൂപണത്തിലുടനീളം പരീക്ഷിച്ചതാണ് അദ്ദേഹത്തിന്റെ നിരൂപണത്തിലെ അനന്യതയായി ചൂണ്ടിക്കാട്ടാനാകുന്നത്.

**സഹായകഗ്രന്ഥങ്ങൾ**


കാവ്യകല കുമാരനാശാനിലൂടെ - പി കെ ബാലകൃഷ്ണൻ
നോവൽ സിദ്ധിയും സാധനയും -പി കെ ബാലകൃഷ്ണൻ
എഴുത്തച്ഛന്റെ കല ചില വ്യാസ ഭാരത പഠനങ്ങളും - പി കെ ബാലകൃഷ്ണൻ
ചന്തുമേനോൻ ഒരു പഠനം - പി കെ ബാലകൃഷ്ണൻ
കേരളീയതയും മറ്റും -പി കെ ബാലകൃഷ്ണൻ
നിദ്രാസഞ്ചാരങ്ങൾ -പി .കെ ബാലകൃഷ്ണൻ


articlesjncka@gmail.com

# വീക്ഷണസ്ഥാനവും പാത്രസൃഷ്ടിയും : എം.ടി.യുടെ ബാലാഖ്യാനങ്ങളിൽ

**സൗമ്യ മേലേപുരക്കൽ**
ഗവേഷക, മലയാള-കേരളപഠനവിഭാഗം,
കാലിക്കറ്റ് സർവ്വകലാശാല

**പ്രബന്ധസംഗ്രഹം**

സംഭവങ്ങൾ, കഥാപാത്രം, ക്രിയ എന്നിവയുടെ പദ്യത്തിലോ ഗദ്യത്തിലോ ഉള്ള വിവരണമാണ് ആഖ്യാനം. ആഖ്യാനത്തിന്റെ പ്രധാനപ്പെട്ട ഘടകങ്ങളാണ് വീക്ഷണസ്ഥാനം, പാത്രസൃഷ്ടി, സ്ഥലം, കാലം, ഭാഷ തുടങ്ങിയവ. ബാല കഥാപാത്രങ്ങളെ കേന്ദ്രമാക്കി ആഖ്യാനം നിർവഹിക്കപ്പെട്ടിട്ടുള്ള എം.ടി.യുടെ ചെറുകഥകളിലെ വീക്ഷണസ്ഥാനത്തേയും പാത്രസൃഷ്ടിയേയും മുൻനിർത്തിയുള്ള ആലോചനകളാണ് ഈ പ്രബന്ധത്തിന്റെ ഉള്ളടക്കം. എം.ടി.യുടെ കഥാപ്രപഞ്ചത്തിൽ ഏറ്റവും പ്രാധാന്യത്തോടെ പ്രത്യക്ഷ പ്പെടുന്ന ജനുസ്സാണ് കുട്ടികൾ. ഏകാകികളും, സമൂഹവുമായി അതിരൂക്ഷമായ പൊരുത്തക്കേടിൽ കഴിയുന്നവരും മാനസികസംഘർഷങ്ങളാൽ പീഡിപ്പിക്കപ്പെടുന്നവരുമായ ബാലകഥാപാത്രങ്ങൾ എം.ടിയുടെ പല കഥകളിലും കേന്ദ്രസ്ഥാനത്ത് പ്രത്യക്ഷപ്പെടുന്നുണ്ട്. കുടുംബം എന്ന സംവിധാന ത്തിനകത്ത് കുട്ടികളനുഭവിക്കുന്ന സഹനങ്ങളേയും, നീതിനിഷേധങ്ങളേയും മോഹഭംഗ ങ്ങളേയും അഭിമാനക്ഷതങ്ങളേയും അതിനെ തുടർന്നുണ്ടാവുന്ന പ്രതികാരമ നോഭവങ്ങളേയുമെല്ലാം ഹൃദയസ്പർശിയായി അദ്ദേഹം ആഖ്യാനം ചെയ്യുന്നു. എം.ടി.യുടെ ബാല്യാവിഷ്കാരങ്ങളുടെ ഏറ്റവും പ്രധാനപ്പെട്ട പ്രത്യേകത കുട്ടികളുടെ വീക്ഷണകോ ണിലൂടെയുള്ള ആഖ്യാനമാണ്. ബാലകഥാപാത്രങ്ങളുടെ സൃഷ്ടിയിലും മൗലികമായ ഒട്ടേറെ സവിശേഷതകളെ കഥാകൃത്ത് ആലേഖനം ചെയ്യുന്നുണ്ട്.

**താക്കോൽവാക്കുകൾ:**
ആഖ്യാനം, പാത്രസൃഷ്ടി, അപഹൃതത്വം, ജനുസ്

## 1. വീക്ഷണസ്ഥാനം

"ഒരാൾ ഒരു വസ്തുവിനേയോ അവസ്ഥയേയോ നോക്കിക്കാണുന്ന സ്ഥലമോ സ്ഥാന മോ അല്ലെങ്കിൽ മനോഭാവമോ ആണ് വീക്ഷണസ്ഥാനം." (എ.എസ്. പ്രതീഷ്. 2014: 39) വായനക്കാരനെ ആഖ്യാനത്തിന്റെ വികാര മണ്ഡലത്തിലേക്കടുപ്പിക്കാൻ ആഖ്യാതാവിന് കഴിയുന്നതിന്റെ കാരണം അയാൾ സ്വീകരിക്കുന്ന വീക്ഷണസ്ഥാനമാണ്. ബാല്യം പ്രമേയ മായി വരുന്ന എം.ടി. യുടെ കഥകളിലെല്ലാം കുട്ടികളുടെ വീക്ഷണകോണിലൂടെയാണ് ആഖ്യാ നം നിർവഹിക്കപ്പെടുന്നത്. ബാല കഥാപാത്രത്തിന്റെ വാക്കുകളിലൂടെയും ചിന്തകളിലൂടെ

യും അനുഭവങ്ങളെ വിവരിക്കുന്ന രീതി എം.ടി. അനുവർത്തിക്കുന്നു. അതുവഴി അനുഭവസം വേദനത്തിന്റെ എല്ലാ സാധ്യതകളേയും പ്രയോജന പ്പെടുത്താൻ കഥാകൃത്തിന് കഴിയുന്നു. 'നിന്റെ ഓർമ്മക്ക് ' എന്ന കഥയിൽ വാസു എന്ന കുട്ടിയുടെ വീക്ഷണത്തിലൂടെയാണ് കഥ സഞ്ചരിക്കുന്നത്. പെട്ടിക്ക് അടിയിൽ പൊടി മൂടിക്കിടന്ന റബ്ബർ മൂങ്ങ, ലീല എന്ന കഥാപാത്രത്തിന്റെ ഓർമ്മയുമായി ബന്ധപ്പെട്ട ബാല്യാനുഭവങ്ങളിലേക്ക് ആഖ്യാതാവിനെ നയിക്കുന്നു. ആഖ്യാതാവ് കുട്ടിയാണ് എന്ന കാരണത്താൽ തന്നെ കുട്ടിയുടെ കൗതുകങ്ങളിലൊന്നിനെ കഥയുടെ പ്രവേശകമായി സ്വീകരിക്കുന്ന ഔചിത്യബോധവും കഥാകൃത്ത് പ്രദർശിപ്പിക്കുന്നുണ്ട്. "ലീലയെക്കുറിച്ച് ഓർക്കാൻ കാരണം പെട്ടിക്കടയിൽനിന്നു കണ്ടുകിട്ടിയ റബ്ബർ മൂങ്ങയാണ്. റദ്ദുചെയ്ത ഷർട്ടും മുട്ടും പഴയ കടലാസുകളും ഇട്ട പെട്ടിക്കകത്ത് ഇന്നൊരു പരിശോധന നടത്തി. നോക്കുമ്പോഴുണ്ട് ആ പഴയ റബ്ബർമൂങ്ങ കിടക്കുന്നു. : അതിന്റെ നിറംമങ്ങി ആകർഷകത്വം ഇല്ലാതായിട്ടുണ്ട്. സ്ഫടികം കൊണ്ടുണ്ടാക്കിയ കണ്ണുകൾ മാത്രം മങ്ങിയിട്ടില്ല. (എം.ടി. 103)

'നീലക്കടലാസ് എന്ന കഥയിലും ഈയൊരു ആഖ്യാനതന്ത്രം കാണാം. നീല നിറത്തിലുള്ള ലെറ്റർ പാഡാണ് പ്രസ്തുത കഥയിൽ വേണു എന്ന ആഖ്യാതാവിനെ ആറാംക്ലാസ് ഓർമകളിലേക്ക് നയിക്കുന്നത്. കുട്ടിയുടെ വീക്ഷണസ്ഥാനത്തു നിന്നു തന്നെയാണ് ആ കഥയുടെയും ആഖ്യാനം നിർവഹിക്കപ്പെട്ടിട്ടുള്ളത്. 'പടക്കം' എന്ന കഥയിൽ മാലപ്പടക്കത്തിന്റെ ശബ്ദത്തിൽനിന്നാണ് കുട്ടിക്കാലത്തെ വേദന നിറഞ്ഞ വിഷു ഓർമ്മകളിലേക്ക് ആഖ്യാതാവ് സഞ്ചരിക്കുന്നത്. ഈവിധം ബാല്യകൌതുകങ്ങളെ സൃഷ്ടിക്കുന്ന വസ്തു ക്കളിലൂടെയും ശബ്ദങ്ങളിലൂടെയും ആഖ്യാതാവിന്റെ ബാല്യകാലത്തിലേക്കുള്ള പ്രവേശനമാണ് എം.ടി.യുടെ ബാലാഖ്യാനങ്ങളിലെ പ്രധാനപ്പെട്ട സവിശേഷത.

കുട്ടിയുടെ വീക്ഷണസ്ഥാനത്തിലൂടെയുള്ള അവതരണം കഥയുടെ ഭാവതീവ്രതയെ കൂടുതൽ സംവേദനക്ഷമമാക്കുന്നതിന് നിരവധി ഉദാഹരണങ്ങൾ കാണാൻ സാധിക്കും. 'കർക്കിടകം' എന്ന കഥയിൽ ദാരിദ്ര്യം എന്ന പ്രമേയം കൂടുതൽ അനുഭവവേദ്യമാകുന്നത്. 'ഉണ്ണി'യിലൂടെ ആഖ്യാനം ചെയ്യപ്പെടുമ്പോഴാണ്. ഉച്ചക്ക് സ്കൂളിനടുത്തെ മാരാരുടെ ഹോട്ടലിൽനിന്ന് വെള്ളം മാത്രം കുടിച്ച് ഒരു വിധം വൈകുന്നേരമാക്കി, നാഴികകൾ നടന്ന് ഉണ്ണി വീട്ടിലെത്തുന്നേരം പട്ടിണിയെ, പൂച്ച കഞ്ഞി തട്ടിമറിച്ചെന്ന കള്ളത്തിലേക്ക് മീനാക്ഷിയേടത്തി പരാവർത്തനം ചെയ്യുന്നു. തുടർന്ന് കടം വാങ്ങിയ അരിയിട്ട് ചോറ് വേവുന്നതും കാത്തിരിക്കുന്ന ഉണ്ണിയുടെ മനസിൽ, വിരുന്നുകാരൻ പാത്രം കാലിയാക്കിയതറിയുമ്പോഴുണ്ടാവുന്ന കോപവും സങ്കടവും നിരാശയും എല്ലാം ചേർന്നുണ്ടാവുന്ന ഭാവത്തെ ഏറ്റവും തീവ്രതയിൽ അനുവാചകനിലേക്കെത്തിക്കുന്നത് അതിലെ വീക്ഷണസ്ഥാനം തന്നെയാണ്.

'നിന്റെ ഓർമ്മയ്ക്ക്' എന്ന കഥയിൽ യുദ്ധത്തിനും അവിഹിതബന്ധത്തിനും, കുടുംബചരിത്രത്തിനുമെല്ലാമപ്പുറം റബ്ബർമൂങ്ങയും അതിന്റെ ഉടമസ്ഥാവകാശവും പ്രാധാന്യം നേടുന്നതും ആഖ്യാനസ്ഥാനത്തിന്റെ സവിശേഷതകൊണ്ടാണ് കുട്ടിയിലൂടെ ആഖ്യാനം ചെയ്യപ്പെടുന്ന കഥകളെ കുട്ടിത്തത്തിന്റേതായ വീക്ഷണസ്ഥാനത്തുതന്നെ ആദിമധ്യാന്തം നിലനിർത്താൻ ഏം.ടി. ശ്രദ്ധിക്കുന്നു.

**2. പാത്രസൃഷ്ടി**

എം.ടിയുടെ ബാലാഖ്യാനങ്ങളിലെ പാത്രസൃഷ്ടി അതുല്യമാണ്. ആഖ്യാതാക്കളായ ബാലകഥാപാത്രങ്ങളെല്ലാം ഒരേ ജീവിതപശ്ചാത്തല ത്തിലുള്ളവരാണ്. സംഘർഷഭരിതവും സ്നേഹശൂന്യവുമായ തറവാട്ടന്തരീക്ഷ ങ്ങളിലാണ് അവർ ജനിച്ചുവളരുന്നത്. ഏകാകികളും നിഷ്കാസിതരും, സ്നേഹിക്കപ്പെടാൻ അദമ്യമായി ആഗ്രഹിക്കുന്നവരുമാണ് അവർ. ദാരിദ്ര്യവും അപമാനഭാരവും, അനുഭവിക്കുമ്പോഴും, ആത്മാഭിമാനത്തെ മുറുകെ പിടിക്കാൻ ആഗ്രഹിക്കുന്നവരാണ്. അപഹൃതത്വം എന്ന അവസ്ഥയിലൂടെ കടന്നു പോകുന്നവരാണ്. അവർ പിതൃസ്നേഹം നിഷേധിക്കപ്പെട്ടവരാണ്. ജീവിതദുരിതകങ്ങൾക്കിടയിൽ വാത്സല്യവും നിസ്സഹായതയും ശാസനയിലൂടെ മാത്രം പ്രകടിപ്പിക്കാൻ ശീലിച്ച അമ്മമാരുടെയും, കർക്കശക്കാരായ അമ്മാവ

ന്മാരുടെയും കീഴിൽ വളരുന്നവരാണ്. ജീവിതത്തോടുള്ള വാശിയും വ്യവസ്ഥിതികളോടുള്ള പകയും അവരെ നിരന്തരം ജ്വലിപ്പിച്ചുനിർത്തുന്നു.

## 2.1 മൂല്യപരിഗണനകളുടെ നിരാസം

കുഞ്ഞുങ്ങളെക്കുറിച്ചുള്ള പതിവുമൂല്യപരിഗണനകളെ തിരുത്തിയെഴുതു ന്നവരാണ് എം.ടി. യുടെ ബാലകഥാപാത്രങ്ങൾ. അനുസരണ, അച്ചടക്കം, നിഷ്കളങ്കത തുടങ്ങിയ കുട്ടിത്തത്തെക്കുറിച്ചുള്ള സമൂഹത്തിന്റെ മൂല്യ പരിഗണനകളെ എം.ടി.യുടെ കുട്ടികൾ നിരാകരിക്കുന്നു. മോഷണവും തല്ലുകൊള്ളിത്തരവും, പകയും, പ്രതികാരബുദ്ധിയുമെല്ലാം അവരിൽ സമന്വയിക്കുന്നുണ്ട്.

'തെറ്റും തിരുത്തും' എന്ന കഥയിൽ അപ്പുണ്ണിയും, ആനപ്പാച്ചനും, ഭാസ്കരനും, വാസുവും ചേർന്ന നാല്ംഗ പോക്കിരിസംഘത്തെ എം.ടി. അവതരിപ്പിക്കുന്നുണ്ട്. അധ്യാപകരെ നിരന്തരം വിറപ്പിച്ചുകൊണ്ടിരുന്ന പോക്കിരി സംഘത്തിന്റെ ഇടയിലേക്ക് കൃഷ്ണൻ മാസ്റ്റർ കടന്നുവരുന്നതാണ് കഥയിലെ വഴിത്തിരിവ്. വികൃതികളെ തെല്ലും കൂസാതെ, നിരന്തരം അവരെ വെല്ലുവിളിച്ചുകൊണ്ട് കൃഷ്ണൻമാസ്റ്റർ പോക്കിരിസംഘത്തിന്റെ നമ്പർവൺ ശത്രുവായി എണ്ണപ്പെട്ടുന്നു. അദ്ദേഹത്തെ അപമാനിക്കുന്നതിനായി സഹപ്രവർത്തകയുടെ പേര് ചേർത്ത് സംഘം അപവാദങ്ങളിറക്കി. അതിലും തളരുന്നില്ലെന്ന് കണ്ട് ആസൂത്രിതമായി ഒരു തോണിയപകടം സൃഷ്ടിച്ച് മാസ്റ്ററെ വെള്ളത്തിലേക്ക് തള്ളിയിടുകയും തുടർന്ന് അദ്ദേഹം സ്കൂളിൽ നിന്ന് സ്ഥലം മാറ്റം വാങ്ങി പോകുകയും ചെയ്യുന്നു. ഒടുവിൽ പോക്കിരി സംഘം പശ്ചാത്തപിക്കുന്നുണ്ടെങ്കിലും അത് മാസ്റ്ററെ അറിയിക്കാൻ അവർക്ക് സാധിക്കുന്നില്ല.

വഞ്ചന, കാപട്യം, അസൂയ തുടങ്ങിയ ദുർവികാരങ്ങൾ വിഷം കലർത്താത്ത നിഷ്കളങ്കമനസ്സിനുടമകളാണ് കുഞ്ഞുങ്ങൾ എന്ന ധാരണ ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ഫ്രോയ്ഡിന്റെ സിദ്ധാന്തങ്ങൾ തിരുത്തിക്കുറിച്ചതിനുശേഷവും സാഹിത്യത്തിൽ കുഞ്ഞുങ്ങളെ നിഷ്കളങ്കതയുടെ ആൾരൂപങ്ങളായി ചിത്രീകരിക്കുന്ന പ്രവണതയുണ്ടായിരുന്നു. എന്നാൽ എം.ടി.യുടെ ബാലകഥാപാത്രങ്ങൾ അത്തരം ധാരണകളെ തിരുത്തി യെഴുതുന്നവരാണ്. നന്മയും തിന്മയും സമ്മേളിക്കുന്ന കഥാപാത്രങ്ങളായാണ് എം.ടി.യുടെ കഥാപരിസരത്ത് കുട്ടികൾ പ്രത്യക്ഷപ്പെടുന്നത്. 'പടക്കം' എന്ന കഥയിൽ വിഷുവിന് അയൽപക്കത്തെ കുട്ടികൾ പടക്കം പൊട്ടിക്കുന്നത് കേൾക്കുമ്പോൾ ആഖ്യാതാവിനുണ്ടാവുന്ന അസൂയ മോഷണമായി പരിണമിക്കുന്നതാണ് കഥാസാരം. മച്ചിലെ ഭഗവതിയുടെ ഭണ്ഡാരത്തിൽ നിന്ന് പണം മോഷ്ടിക്കാം എന്ന പരിഹാരത്തിലേക്ക് ആഖ്യാതാവ് എത്തുന്നതിന് യുക്തിസഹമായ ഒട്ടേറെ കാരണങ്ങൾ കഥാകൃത്ത് അവതരിപ്പിക്കുന്നുണ്ട്. മുൻവർഷത്തെ വിഷുവിന് കാശുചിലവാക്കാതെ പടക്കം പൊട്ടിക്കാനുള്ള സൂത്രം പ്രയോഗിച്ചതിന് അയൽപ്പക്കത്തെ കുട്ടികളിൽ നിന്ന് നേരിട്ട ചിരിയാണ് ഒരു കാരണം. അച്ഛൻ നാട്ടിൽ വരാത്തതും അമ്മാവന്മാരിൽ നിന്ന് വിഷുക്കൈനീട്ടം കിട്ടാത്തതുമാണ് മറ്റൊരു കാരണം. 'ചെറ്യമ്പ്രാൻ' എന്ന്, തന്നെ വിളിക്കുന്ന തുപ്രന്റെ മുന്നിൽ മോശക്കാരനാവരുത് എന്നതും ഒരു കാരണമാണ്. എങ്കിലും മോഷണയുക്തിയുടെ ഏറ്റവും പ്രധാനപ്പെട്ട ന്യായം, മച്ചിൽനിന്ന് കാശെടുക്കുന്നത് എളുപ്പമാണ് എന്നതാണ്.

"അമ്മയുടെ കാശെടുത്ത് പിടിച്ചാലാണ് കുഴപ്പം. കണ്ടുപിടിച്ചാൽ കള്ളനാണെന്നുവരും. ഭഗവതിയുടെ കാശെടുക്കുന്നതാണ് ഭേദം. പുളിവാറൽ കൊണ്ട് ചന്തിയിലെ തോലുരിയാൻ ഭഗവതി മിനക്കെടില്ല. നാലയണയല്ലേ? പൊന്നു കുട്ടികൾ സ്വന്തമായുള്ളപ്പോൾ 'പോട്ടെ' എന്നുവെക്കും" [എം.ടി.: 67]. ബാല്യത്തിന്റേതായ ഇത്തരം സാധൂകരണങ്ങളിലാണ് എം.ടി. യുടെ ആഖ്യാനസൗന്ദര്യം ദൃശ്യമാവുന്നത്.

'ഒരു പിറന്നാളിന്റെ ഓർമ്മ' എന്ന കഥയിൽ തന്റെ പിറന്നാളിന് സദ്യ നിഷേധിച്ച അമ്മാവനെ കൊല്ലാൻ, കുളിച്ചു പ്രാർത്ഥന എന്ന പുതിയൊരു സാങ്കേതികമാർഗം അവലംബിക്കുന്ന ആഖ്യാതാവിനെ കാണാം; "കൊല്ലണമെന്ന ആഗ്രഹം ശക്തിമത്തായുണ്ട്. ഏതുവിധത്തിലും കൊന്നേ തീരൂ. ശാസ്ത്രീയമായ വിധത്തിൽ കൊല്ലാൻ ആറോ ഏഴോ മാത്രം പ്രായംവരു

ന്ന എനിക്കാവില്ല. അവസാനം കൊലപാതകത്തിലെ ഒരു പുതിയ സാങ്കേതിക മാർഗ്ഗമാണ് അവലംബിച്ചത്; കുളിച്ചുപ്രാർത്ഥന!" [എം.ടി.: 95]. ഇത്തരത്തിൽ, മൂല്യപരിഗണനകളുടെ എല്ലാത്തരം സാമ്പ്രദായികതകളേയും നിരാകരിച്ചുകൊണ്ട് ബാല്യത്തിന്റെ തനത് വ്യവഹാരങ്ങളേയും ചിന്തകളേയും അതിശയോക്തി കലർത്താതെ തുറന്നുകാട്ടുന്ന ഇടങ്ങളാണ് എം.ടി.യുടെ കഥാപരിസരം.

### 2.2 ജീവിതപശ്ചാത്തലം

സംഘർഷഭരിതവും, സ്നേഹശൂന്യവുമായ തറവാടുകളാണ് എം.ടി.യുടെ ബാലകഥാപാത്രങ്ങളുടെ ജീവിതപശ്ചാത്തലം. ബാല്യസഹജമായ ആഗ്രഹങ്ങൾക്കോ ആവശ്യങ്ങൾക്കോ പരിഗണന കിട്ടാത്ത ഇടം. തീവ്രമായ ഏകാന്തതയിലേക്കും നിസ്സഹായതയിലേക്കും അവരെ തള്ളിവിടുന്നതിൽ ജീവിതപശ്ചാത്തലത്തിന് വലിയ പങ്കുണ്ട്. മരുമക്കത്തായ കൂട്ടുകുടുംബവ്യവസ്ഥിതി നിലനിൽക്കുന്ന സമുദായത്തിൽ സ്ത്രീകൾക്ക് സ്വത്തവകാശം അനുവദിക്ക പ്പെട്ടിരിക്കെ തന്നെ കാരണവസ്ഥാനം വഹിക്കുന്ന അമ്മാവന്മാരുടെ അധികാരത്തിനും ഏകാധിപത്യത്തിനും കീഴിൽ ശ്വാസംമുട്ടുന്നവരാകുന്നു എം.ടിയുടെ ബാലകഥാപാത്രങ്ങൾ. ദാരിദ്ര്യത്തിലും അഭിമാനം മുറുകെ പിടിക്കേണ്ടത് ജീവിതപശ്ചാത്തലം അവരിലേൽപ്പിക്കുന്ന ബാധ്യതയാവുന്നു.

### 2.3 അപഹൃതത്വം (Deprivation)

"എല്ലാം ചുറ്റിലും സുലഭമായിരിക്കെത്തന്നെ ഒരാൾക്കു മാത്രം നിഷേധിക്കപ്പെടുമ്പോൾ ആ വ്യക്തി അനുഭവിക്കുന്ന മനോദുഃഖങ്ങളെയാണ് അപഹൃതത്വം എന്ന് മനഃശാസ്ത്രം വിശേഷിപ്പിക്കുന്നത്'" [മിനിപ്രസാദ്: 182]. എം.ടിയുടെ ബാലകഥാപാത്രങ്ങൾ മിക്കവരും ഈ മാനസികാവസ്ഥയുടേയും അതിൽ നിന്നുളവാകുന്ന ദുഃഖത്തിന്റേയും ഇരകളാണ്. ഭക്ഷണത്തിന്റെ കാര്യത്തിലും, പിതൃസാമീപ്യത്തിന്റെ കാര്യത്തിലും വാത്സല്യത്തിന്റേയും പരിഗണനകളുടേയും കാര്യത്തിലുമെല്ലാം ഈ അപഹൃതത്വമാണ് അവർ അനുഭവിക്കുന്നത്. പത്തായത്തിൽ നിറയെ നെല്ലുണ്ടായിട്ടും അവർക്ക് കഞ്ഞിമാത്രം കുടിക്കേണ്ടിവരുന്നു.

"കഞ്ഞി കുടിക്കാൻ വയ്യ. അതിലൊരു താഴ്ചയുണ്ട്. ചെറുമൻ ചാത്തന്റെ ചാളയിലും മുറ്റമടിക്കുന്ന മണിയുടെ പുരയിലും കഞ്ഞിയാണ്. അവർക്ക് നെല്ലില്ലാത്തതുകൊണ്ടാണ്. എന്റെ വീട്ടിൽ പത്തായങ്ങളിൽ നിറയെ നെല്ലുണ്ട്. അമ്മാവനും ദാമോദരനും ചോറുകിട്ടുന്നുണ്ട്. ഞങ്ങൾക്കുമാത്രം എന്തിന് കഞ്ഞി തരുന്നു?" [എം.ടി.: 98] എന്ന വേദനനിറഞ്ഞ ചോദ്യം അപഹൃതത്വത്തിൽ നിന്നുണ്ടാവുന്നതാണ്.

പിതാവുണ്ടായിട്ടും പിതൃബിംബത്തിന്റെ അസാന്നിധ്യത്തിൽ ജീവിക്കുന്നവരാണ് എം.ടിയുടെ കഥയിലെ കുട്ടികൾ. അച്ഛനെന്നത് അവർക്ക് വിദൂരമായ സങ്കൽപമാണ്. 'നിന്റെ ഓർമ്മക്ക്'' എന്ന കഥയിൽ, പിതാവ് സിലോണിൽ ഉദ്യോഗം വഹിക്കുന്ന ആളാണ്. 'നുറുങ്ങുന്ന ശൃംഖലകളി'ൽ വിശേഷാവസരങ്ങളിൽ സമ്മാനങ്ങളിലൂടെ മാത്രം അറിഞ്ഞിരുന്ന അച്ഛൻ ഇടക്കുവെച്ച് മറ്റൊരു ബന്ധത്തിലേക്ക് വഴിമാറിപ്പോവുന്നു. 'കർക്കിടക'ത്തിലും ദൂരദേശത്ത് ഉദ്യോഗം വഹിക്കുന്ന പിതാവാണുള്ളത്. 'പടക്കം' എന്ന കഥയിൽ വിഷുവിന് പടക്കവുമായി വരും എന്ന പ്രതീക്ഷയുടെ അകലത്തിൽ നിൽക്കുന്ന കഥാപാത്രമാണ് അച്ഛൻ. ഈ നിലയിൽ പിതൃബിംബത്തിന്റെ അസാന്നിധ്യം കാരണം ഏറെ മാനസിക സംഘർഷങ്ങൾ അനുഭവിക്കേണ്ടിവരുന്നവരാകുന്നു എം.ടിയുടെ ബാലകഥാപാത്രങ്ങൾ.

വസ്ത്രത്തിന്റെ കാര്യത്തിലും ആഘോഷത്തിന്റേയും വിനോദത്തിന്റെയും കാര്യങ്ങളിലുമെല്ലാം അലഭ്യതയനുഭവിക്കുന്ന കുട്ടികളെ എം.ടി.യുടെ കഥകളിൽ കണ്ടെത്താം. വാത്സല്യത്തിന്റെ അഭാവമാണ് അവരനുഭവിക്കുന്ന മറ്റൊരു ദുഃഖം. ജീവിതദുരിതങ്ങൾക്കും, പാരമ്പര്യത്തിൽ നിന്നുളവാകുന്ന അഭിമാന ബോധത്തിനുമിടയിൽ വീർപ്പുമുട്ടുന്ന അമ്മമാരാണ് എം.ടി.യുടെ ബാലകഥാപാത്രങ്ങൾക്ക് ഉള്ളത്. അതിനാൽ തന്നെ മക്കൾക്കുവേണ്ട സ്നേഹവാത്സല്യങ്ങൾ

നൽകാൻ ഇവർക്ക് കഴിയുന്നില്ല. കോപത്തിന്റേയോ ശാസനയുടെയോ മുഖാവരണങ്ങളണിഞ്ഞാണ് ഇവരെപ്പോഴും പ്രത്യക്ഷപ്പെടുന്നത്. മരുമക്കളെ 'കരിമ്പ്രങ്ങളാ'യും, 'പൊട്ടിത്തെറിച്ചവക'യായും കണക്കാക്കുന്ന അമ്മാവന്മാരും അമ്മായിമാരും വാത്സല്യനിഷേധത്തിന്റെ മറ്റു മുഖങ്ങളാണ്.

## 2.4 ദൃക്സാക്ഷിത്വം

എം.ടിയുടെ ബാലാഖ്യാനങ്ങളിൽ മുതിർന്നവരുടെ വഴക്കുകളുടേയും പ്രശ്നങ്ങളുടേയും ദൃക്സാക്ഷികളായാണ് കുട്ടികൾ നിലകൊള്ളുന്നത്. അവർ ആരുടെ പക്ഷവും ചേരുന്നില്ല. ശരി തെറ്റുകളെ വിധിക്കുന്നില്ല. എല്ലാം നോക്കിക്കാണുന്നവർ മാത്രമാണ്. 'നുറുങ്ങുന്ന ശൃംഖലകൾ' എന്ന കഥയിൽ അച്ഛൻ മറ്റൊരു ബന്ധം തേടി പോവാനൊരുങ്ങുന്ന സന്ദർഭത്തിൽ, അച്ഛനുമമ്മയും തമ്മിൽ നടക്കുന്ന വഴക്കിന് ശേഖരൻ എന്ന ആഖ്യാതാവ് ദൃക്സാക്ഷിത്വം വഹിക്കുന്നുണ്ട്. അതിൽ പിന്നെ അമ്മയുടെ തോരാത്ത കണ്ണുനീരിനും സാക്ഷിയാകേണ്ടിവരുമ്പോൾ ശേഖരൻ ചിന്തിക്കുന്നതിങ്ങനെയാണ്, "ആരാണ് തെറ്റ് ചെയ്തത്? അമ്മയോ? അച്ഛനോ? അറിയില്ല" [എം.ടി.: 75].

'നിന്റെ ഓർമ്മയ്ക്ക്' എന്ന കഥയിലും ലീലയുടെ പിതൃത്വത്തെ ചൊല്ലി അമ്മയും അച്ഛനും വഴക്കിടുമ്പോൾ വാസു എന്ന ആഖ്യാതാവ് നിഷ്പക്ഷമായ സാക്ഷിയായി നിലകൊള്ളുന്നു; ഭഗോതീ... ഒന്നുണ്ടാവല്ലേ...." [എം.ടി.: 114] എന്ന പ്രാർത്ഥന മാത്രമാണ് അവന്റെ പക്ഷം. മുതിർന്നവരുടെ പ്രശ്നങ്ങളിൽ വിധികർത്താവാകാൻ എം.ടി. തന്റെ ബാലകഥാപാത്രങ്ങളെ നിയോഗിക്കുന്നില്ല. എന്നാൽ ചില കഥകളിൽ ആന്തരികമായ പ്രതിഷേധസ്വരങ്ങൾ ഉയർത്തുന്നവരായി കുട്ടികൾ പ്രത്യക്ഷപ്പെടുന്നുണ്ട്. 'ഓപ്പോൾ' എന്ന കഥയിൽ വേലിക്കൽ വന്ന് വലിയമ്മയെ കരയിക്കുന്ന അമ്മാവനെ കുറിച്ച് അപ്പു ചിന്തിക്കുന്നു, "വലിയമ്മക്ക് രണ്ടു വലിയ ചീത്തയങ്ങോട്ട് കൊടുത്താലെന്താ? എപ്പോഴും കുരച്ചുചാടാറുള്ള വലിയമ്മ ആ പവറുകാരനോട് പിന്നെയും കെഞ്ചുകയാണ്'" [എം.ടി.: 119].

'ഒരു പിറന്നാളിന്റെ ഓർമ്മ' എന്ന കഥയിൽ നെല്ലളന്നുകൊടുക്കുന്നതിൽ പിശുക്കു കാണിക്കുന്ന വലിയമ്മാവനെക്കുറിച്ച് ആഖ്യാതാവ് ചിന്തിക്കുന്നു, "എന്റെ അമ്മ എന്നെ അടിക്കാറുണ്ട്. അതുപൊലെ മുത്തശ്ശിക്ക് അമ്മാവനെ അടിച്ചാലെന്താ?" [എം.ടി.: 99]. ഈ വിധത്തിൽ ആന്തരികമായ പ്രതിഷേധങ്ങൾ ഉള്ളിലൊതുക്കി ജീവിക്കുന്ന കേവല ദൃക്സാക്ഷികളായാണ് എം.ടി.യുടെ കഥാപ്രപഞ്ചത്തിൽ കുട്ടികൾ പ്രത്യക്ഷപ്പെടുന്നത്.

## 2.5 ദ്വന്ദ്വാത്മകത

ദ്വന്ദ്വാത്മകതയാണ് എം.ടി.യുടെ ബാലകഥാപാത്രസൃഷ്ടിയിലെ മറ്റൊരു കൗതുകം. സ്നേഹിക്കപ്പെടുന്ന കുട്ടി/സ്നേഹം നിഷേധിക്കപ്പെടുന്ന കുട്ടി. കരുത്തനായ കുട്ടി/ദുർബലനായ കുട്ടി. പിറന്നാൾ ആഘോഷിക്കുന്ന കുട്ടി/പിറന്നാൾ ദിനത്തിൽ അപമാനിക്കപ്പെടുന്ന കുട്ടി... ഈ വിധം വിപരീത ദ്വന്ദ്വങ്ങളാൽ സമൃദ്ധമാണ് എം.ടി.യുടെ ബാലാഖ്യാനങ്ങൾ. 'പടക്ക'ത്തിൽ പടക്കം വാങ്ങാൻ ആഗ്രഹിച്ചുനടക്കുന്ന പിതൃവാത്സല്യം നിഷേധിക്കപ്പെട്ട കുട്ടിയുണ്ട്. മറുവശത്തുള്ള 'അപ്പു' അച്ഛന്റെ സ്നേഹലാളനകളിൽ വളർന്നവനാണ്. അവന് പടക്കം വാങ്ങാൻ അച്ഛൻ കാശുകൊടുക്കുന്നു. 'ഒരു പിറന്നാളിന്റെ ഓർമ്മ'യിൽ അമ്മാവന്റെ മകനായ ദാമോദരന്റെ പിറന്നാൾ ഗംഭീരമായി ആഘോഷിക്കുന്നു. അവൻ ശക്തനാണ്. അവന് അമ്മാവനൊപ്പം നിത്യവും ചോറ് കിട്ടുന്നു. മറുവശത്ത് പിറന്നാളാഘോഷങ്ങളില്ലാതെ, നിത്യവും കഞ്ഞി മാത്രം കുടിക്കുന്ന, അമ്മാവനോടെതിർക്കാൻ ശക്തിയില്ലാത്ത കുഞ്ഞികൃഷ്ണൻ. 'നിന്റെ ഓർമ്മക്ക്'' എന്ന കഥയിൽ കുടുക്കുപൊട്ടിയ ട്രൗസറും, കാണാൻ ഭംഗിയില്ലാത്ത മുഖവുമുള്ള വാസുവും, നല്ല ഉടുപ്പുകളും ഭംഗിയുള്ള മുഖവുമുള്ള ലീലയും. 'ഓപ്പോളിൽ' പെങ്ങളുടെ കല്യാണത്തിന്റെ ചെറുനാരങ്ങ ഗമയിൽ പ്രദർശിപ്പിക്കുന്ന കുട്ടിശ്ശങ്കരനും, പെങ്ങളില്ലാത്ത അപ്പുവും... ഇങ്ങനെ നീളുന്നു എം.ടി.യുടെ ആഖ്യാനങ്ങളിലെ ബാല്യദ്വന്ദ്വങ്ങൾ. ഇല്ലായ്മയും ഉണ്മയും തമ്മിലുള്ള അന്തരത്തിന്റെ ആഖ്യാനം എം.ടിയുടെ കഥാതന്ത്രമാണ്. ബാല്യദുഃഖങ്ങളുടെ തീവ്രതയെ

അനുഭവിപ്പിക്കാൻ ഈ ദ്വന്ദ്വാത്മകതകൊണ്ട് സാധിക്കുന്നു.

**ലിംഗപദവി**

എം.ടി.യുടെ കഥയിൽ പ്രാധാന്യം നേടുന്ന ലിംഗപദവി ആൺകുട്ടികളുടേതാണ്. 'പെൺകുട്ടികൾക്ക് പ്രേമലേഖനം കൊടുക്കുന്ന ആൺകുട്ടി', 'പെൺശരീരത്തെ കുറിച്ച് അശ്ലീലം പറയുന്ന ആൺകുട്ടി', 'വികൃതികാണിക്കുന്ന ആൺകുട്ടി', 'സവിശേഷാധികാരമുള്ള ആൺകുട്ടി' . . ഈ വിധത്തിൽ അടക്കം, ഒതുക്കം, വൃത്തി തുടങ്ങിയ എല്ലാം ചിട്ടപ്പെടുത്തലുകൾക്ക് പുറത്ത് ജീവിക്കുന്ന ആൺകുട്ടികളുടെ കർതൃത്വങ്ങൾ എം.ടി.യുടെ ആഖ്യാനങ്ങളിൽ കാണാൻ സാധിക്കും.

നീലക്കടലാസ് എന്ന കഥയിൽ ഭാനു എന്ന പെൺകുട്ടിയെക്കുറിച്ച് ബാലൻ അശ്ലീലം പറയുന്ന സന്ദർഭത്തിൽ ആഖ്യാതാവായ വേണു മനസിലാകായ്മയിൽ പകച്ചുനോക്കുന്നു. അന്നേരം പരിഹാസപൂർവ്വം ബാലൻ പറയുന്നതിങ്ങ നെയാണ്., 'കഷ്ടം ആൺകുട്ടികളായാൽ ഇതൊക്കെ അറിയണം'. തെറ്റും തിരുത്തും എന്ന കഥയിൽ താന്തോന്നിയായ ആൺകുട്ടികളെ അവതരിപ്പിക്കുന്നു. പോക്കിരിത്തരങ്ങളോട് പ്രതികരിച്ച അധ്യാപകനെ പുഴയിൽ തള്ളിയിടുന്നവരാണ് അതിലെ ആൺകുട്ടികൾ. ഗാർഹികാന്തരീക്ഷത്തിൽ സവിശേഷാധികാരങ്ങളുള്ള ആൺകുട്ടിയെ 'നറുങ്ങുന്ന ശൃംഖലക'കൾ എന്ന കഥയിൽ എം.ടി. അവതരിപ്പിക്കുന്നുണ്ട്. "കുഞ്ഞുന്നാളിൽ തിരുവോണത്തേക്കാളും പ്രാധാന്യം തോന്നിയിരുന്നത് ഉത്രാടത്തിനായിരുന്നു. മാതേവരെ വെക്കാനും തെച്ചിപ്പൂക്കൾകൊണ്ട് പൂവടവെച്ചു പൂജിക്കാനുമെല്ലാം ശേഖരനാണ്. ആൺകുട്ടിയായി അവൻ മാത്രമേ ഉള്ളൂ.

പൂവിളിക്കുമ്പോൾ ഉച്ചത്തിൽ ശബ്ദമുയർത്തും. വടക്കേതിവുള്ളവർ കേൾക്കട്ടെ. അവിടെ പൂവിളിയില്ല. കാരണം, ആ വീട്ടിൽ പെൺകുട്ടികളേയുള്ളൂ" (എം.ടി: 74). ഈ വിധത്തിൽ സവിശേഷസ്ഥാനവും ശബ്ദമുയർത്താൻ സ്വാതന്ത്ര്യവുമുള്ളവരായി ആൺപദവികളെ എം.ടി. അടയാളപ്പെടുത്തുന്നു. ആൺകുട്ടികളുടെ നോട്ടങ്ങളിലൂടെയാണ് എം.ടി.യുടെ കഥകളിൽ പെൺകുട്ടികളെ ആഖ്യാനം ചെയ്തിട്ടുള്ളത്. സൌന്ദര്യം, വൃത്തി, കയ്യക്ഷരമികവ് തുടങ്ങിയ സവിശേഷതകളോടെയാണ് പെൺകുട്ടികളുടെ കർതൃത്വത്തെ അവതരിപ്പിക്കുന്നത്. 'നീലക്കടലാസ് ' എന്ന കഥയിൽ 'വേണു' എന്ന കഥാപാത്രത്തിന്റെ നോട്ടത്തിലൂടെയാണ് ഭാനുവിനെ അവതരിപ്പിച്ചിട്ടുള്ളത്. "ആ പെണ്ണിനെ കാണാൻ ചന്തമുണ്ടായിരുന്നു. ഇലം ചുവപ്പുനിറത്തിൽ പറങ്കിമാങ്ങ പോലെ മിനുത്തുടുത്ത ഒരു പെണ്ണ്. അവൾ വരുമ്പോൾ തല പിന്നിയിട്ട് റിബ്ബൺവെച്ച് കെട്ടിയിരിക്കും. ഉടുപ്പിൽ ഒരിക്കലും ചളി പുരണ്ടുകാണില്ല. പുതിയ പുതിയ ഉടുപ്പുകൾ! തലയിൽ ചിലപ്പോൾ രണ്ടു ഭാഗത്തായി ഓരോ പനിനീർപ്പൂ വെച്ചിട്ടുണ്ടാവും. മുഖത്ത് പൌഡറും, നെറ്റിയിൽ വലിയൊരു ചാന്തുപൊട്ടും കണ്ണിൽ മഷികൊണ്ടുള്ള ചിത്രപ്പണിയുമായിട്ടാണ് അവൾ വരുന്നത്" (എം. ടി: 40). സൌന്ദര്യത്തിനൊപ്പം തന്റേടവും പെൺകുട്ടികളുടെ കർതൃത്വത്തിൽ ആലേഖനം ചെയ്യപ്പെട്ടിട്ടുള്ള സവിശേഷതയാണ്. 'നീലക്കടലാസ്', 'തണ്ടുകാരി', 'ഗമയുള്ളവർ' എന്നൊക്കെയാണ് ഭാനു എന്ന കഥാപാത്രത്തിന് വേണു നൽകുന്ന വിശേഷണങ്ങൾ. മറ്റൊരു സന്ദർഭത്തിൽ , "അവളെ സംബന്ധിച്ചിടത്തോളം എനിക്കേറ്റവും അസഹ്യമായ രണ്ടു കാര്യങ്ങളുണ്ടായിരുന്നു. ഒന്ന്, അവൾ ഞങ്ങളുടെ നേതൃത്വം അംഗീകരിക്കാറില്ല, രണ്ട്, എന്റെ 'സിനിമാസഞ്ചിയുടേയും', 'നീലപുസ്തക'ത്തി ന്റെയും നേരെ അവൾക്കൊന്നു കൌതുകത്തോയെ നോക്കിയാലെന്താണ്?' (എം.ടി:40) എന്ന് വേണു ആത്മഗതം ചെയ്യുന്നു".

ചുരുക്കത്തിൽ തന്റെ ബാല്യകാലത്തെ സാമൂഹ്യപശ്ചാത്തലത്തിന് അനുയോജ്യമായ തരത്തിൽ, ആൺ-പെൺ ലിംഗപദവികളെ ബാലകർതൃത്വങ്ങളിൽ സവിശേഷമായി ആഖ്യാനം ചെയ്യുന്നവയാണ് എം.ടി.യുടെ ബാലാഖ്യാനങ്ങൾ.എം.ടി.യുടെ ബാലാഖ്യാനങ്ങൾ വിലയിരുത്തുമ്പോൾ ബാല്യാനുഭവങ്ങളുടെ സംവേദനത്തെ തീവ്രമാക്കുന്നതിൽ കഥാകൃത്ത് സ്വീകരിക്കുന്ന വീക്ഷണസ്ഥാനത്തിനും പാത്രസൃഷ്ടിയിലെ മൌലികമായ മുദ്രകൾക്കും പങ്കുണ്ടെന്ന് കാണാം. കുട്ടിത്തത്തിന്റെ പതിവുമാതൃകകളെ നിരാകരിച്ചുകൊണ്ട്, ബാലകഥാപാത്രസൃഷ്ടിയിൽ തന്റേതായ കയ്യൊപ്പ് പതിപ്പിച്ചിട്ടുള്ളവയാണ് എം.ടി.യുടെ ആഖ്യാനങ്ങൾ.

**ഗ്രന്ഥസൂചി**

1. മിനി പ്രസാദ്, എം.ടി.യുടെ കുട്ടികൾ, മാതൃഭൂമി ആഴ്ചപ്പതിപ്പ്, 2023 ജൂലൈ 16-22, പുസ്തകം 101, ലക്കം 18.
2. പ്രതീഷ്, എ.എസ്., എം.ടി. കല ദേശം സ്വത്വം, ഹരിതം ബുക്സ്, കോഴിക്കോട്, 2014.
3. വാസുദേവൻനായർ എം.ടി., എം.ടിയുടെ തെരഞ്ഞെടുത്ത കഥകൾ, കറന്റ് ബുക്സ്, തൃശ്ശൂർ: 1989.

saumyasanoosh@ gmail.com

# യാത്രാവിവരണങ്ങളിലെ വൈജ്ഞാനികമേഖലകൾ

**അജയ് ലാൽ എം.**
ഗവേഷകൻ, മലബാർ ക്രിസ്ത്യൻ കോളേജ്, കോഴിക്കോട്

**പ്രബന്ധസംഗ്രഹം**

യാത്രാവിവരണങ്ങളിലെ വൈജ്ഞാനികമേഖലകൾ എന്ന ഈ പ്രബന്ധത്തിന്റെ തുടക്കത്തിൽ വൈജ്ഞാനികസാഹിത്യത്തെക്കുറിച്ചും അതിന്റെ വിവിധ മേഖലകളെ കുറിച്ചും പരിചയപ്പെടുത്തുന്നു. തുടർന്ന് സഞ്ചാരസാഹിത്യത്തെക്കുറിച്ചും അതുവഴി വായനക്കാരന് ലഭിക്കുന്ന പുത്തനറിവുകളെ കുറിച്ചും ചർച്ചചെയ്യുന്നു. പ്രബന്ധത്തിന്റെ അവസാനഭാഗത്ത് സഞ്ചാരസാഹിത്യത്തിലൂടെ മാതൃഭാഷയ്ക്ക് വികാസം സംഭവിക്കുന്നുവെന്ന് സമർത്ഥിക്കുന്നതോടൊപ്പം അത്തരത്തിലുള്ള മലയാളത്തിലെ പ്രശസ്തമായ സഞ്ചാരസാഹിത്യകൃതികളെയും പ്രബന്ധത്തിൽ സൂചിപ്പിക്കുന്നു.

**താക്കോൽവാക്കുകൾ**

വൈജ്ഞാനികസാഹിത്യം, വിജ്ഞാനമേഖലകൾ, യാത്രാവിവരണം, കൃതികൾ

**ആമുഖം**

നേടിയെടുത്ത അറിവുകൾ സഹൃദയന് പ്രാപ്തമായ രീതിയിൽ അവതരിപ്പിക്കുന്ന സാഹിത്യശാഖയാണ് വൈജ്ഞാനികസാഹിത്യം. ഒന്നിലധികം ശാസ്ത്ര- സാഹിത്യശാഖകളുടെ സമ്മേളനം കൂടിയാണിത്. സാഹിത്യകാരന് യാത്രയിലൂടെ ലഭിക്കുന്ന അനുഭവങ്ങൾ, അറിവുകൾ എന്നിവ കൃത്യമായി അടയാളപ്പെടുത്തുന്ന ലിഖിതരൂപങ്ങളാണ് യാത്രാവിവരണങ്ങൾ. യാത്രാവിവരണത്തെ വൈജ്ഞാനികസാഹിത്യവുമായി ചേർത്ത് പറയുന്നത് കുറവാണ്. എന്നാൽ പുത്തനറിവുകൾ ലോകത്തിന് സമ്മാനിച്ച സാഹിത്യശാഖകൾ പരിശോധിച്ചാൽ അവയിൽ യാത്രാവിവരണങ്ങൾ ഉണ്ടാവുമെന്ന് നമുക്ക് നിസ്സംശയം പറയാം. കാരണം യാത്രാവിവരണത്തിൽ നിന്ന് നമുക്ക് ലഭിക്കുന്ന അറിവുകൾ അനേകമാണ്. അനുഭവങ്ങൾക്കപ്പുറം ഭൂമിശാസ്ത്രം, ജൈവവൈവിധ്യങ്ങൾ (പരിസ്ഥിതി, പക്ഷിമൃഗാദികൾ), ജനതയുടെ ആചാരാനുഷ്ഠാനങ്ങൾ, ഭാഷ, ഭക്ഷണരീതി, വസ്ത്രധാരണം, കല, സാമൂഹികഘടന, ജീവിതശൈലി തുടങ്ങി ഒട്ടനവധി പുത്തനറിവുകൾ വായനക്കാരനിലെത്തിക്കാൻ യാത്രാവിവരണത്തിന് സാധിക്കുന്നു. അതുകൊണ്ട് തന്നെ വൈജ്ഞാനികസാഹിത്യത്തിൽ യാത്രാവിവരണങ്ങൾക്ക് വലിയ സ്ഥാനമുണ്ട്.

നിരന്തരമായ പരീക്ഷണ നിരീക്ഷണങ്ങളിലൂടെ ശാസ്ത്രീയമായി കണ്ടെത്തിയ കാര്യങ്ങൾ

മാത്രം അവതരിപ്പിക്കുന്ന സാഹിത്യങ്ങളാണ് 'വൈജ്ഞാനികസാഹിത്യ'മെന്ന് ചിലർ തെറ്റിദ്ധരിക്കാറുണ്ട്. ശരിക്കും ലോകത്തിന്റെ വിവിധഭാഗങ്ങളിലുള്ള അറിവുകളെ വായനക്കാരനിൽ എത്തിക്കുന്ന എഴുത്തുകളെയാണ് വൈജ്ഞാനികസാഹിത്യമെന്ന് പറയാറുള്ളത്. പ്രൊഫ. എരുമേലി പരമേശ്വരൻപിള്ളയുടെ 'മലയാളസാഹിത്യം കാലഘട്ടങ്ങളിലൂടെ' എന്ന ഗ്രന്ഥത്തിൽ വൈജ്ഞാനികസാഹിത്യത്തെ അതിന്റെ ഉള്ളടക്കത്തിന്റെ ആധാരത്തിൽ സാഹിത്യചരിത്രം, ഭാഷാശാസ്ത്രം(വ്യാകരണം, വൃത്തം, അലങ്കാരശാസ്ത്രം), കല, നിഘണ്ടു: വിജ്ഞാനകോശം, ചരിത്രം: സംസ്കാരം-പഴഞ്ചൊല്ലുകൾ, ഐതിഹ്യങ്ങൾ, വിദ്യാഭ്യാസം, ശാസ്ത്രസാഹിത്യം, ചലച്ചിത്രസാഹിത്യം, ഇതരവിജ്ഞാന ശാഖകൾ, മനഃശാസ്ത്രം, മതം, തത്ത്വചിന്ത, രാഷ്ട്രവിജ്ഞാനം, സാമൂഹികശാസ്ത്രം, നിയമം, താരതമ്യ സാഹിത്യപഠനം, സംസ്കാരപഠനം, ഭക്തിസാഹിത്യപ്രസ്ഥാനം, ദലിത് സാഹിത്യം, സ്ത്രീവാദസാഹിത്യം, വിവർത്തനം എന്നിങ്ങനെയാണ് തരംതിരിച്ചിരിക്കുന്നത്. സഞ്ചാരസാഹിത്യത്തെ മറ്റൊരു സാഹിത്യരൂപമായി തന്നെ എരുമേലി പരിചയപ്പെടുത്തുന്നുണ്ട്. ഇതുതന്നെയാണ് മറ്റു ഭാഷ പണ്ഡിതരും തുടർന്നു പോരുന്നത്. ശരിക്കും വൈജ്ഞാനിക മേഖലയിലേക്ക് ഏറ്റവും കൂടുതൽ സംഭാവന ചെയ്തിട്ടുള്ള സാഹിത്യരൂപങ്ങളിലൊന്നാണ് യാത്രാവിവരണം. അതുകൊണ്ടാണ് പ്രശസ്ത അമേരിക്കൻ പത്രപ്രവർത്തകൻ മാർക്ക് ഹെർട്ടിഗാർഡ് 'യാത്ര അറിവിന് സമാനമാണെന്നും, യാത്രയിലൂടെ നാം ഇതുവരെ കാണാത്ത കാര്യങ്ങൾ കാണുകയും നമ്മൾ ഇതുവരെ അറിയാത്തത് അറിയുകയും ചെയ്യുന്നു'വെന്ന് (TRAVEL IS LIKE KNOWLEDGE. THE MORE YOU SEE THE MORE YOU KNOW YOU HAVEN'T SEEN.) പറഞ്ഞത്. യാത്രയിലൂടെ നാം ഇതുവരെ പരിചയപ്പെടാത്തതോ അറിയാത്തതോ ആയ കാര്യങ്ങൾ നേരിട്ട് മനസ്സിലാക്കുന്നു. അതുകൊണ്ട് തന്നെയാണ് 'Travelling is the best teacher in the world' എന്ന് പറയാറുള്ളത്.

യാത്രകൾ ആസ്വാദനം മാത്രമല്ല വിജ്ഞാനവും പ്രദാനം ചെയ്യുന്നുണ്ടെന്നതാണ് സത്യം. സഞ്ചാരസാഹിത്യങ്ങളിലൂടെ കടന്നു ചെല്ലുമ്പോൾ ലക്ഷ്യസ്ഥാനത്തെ (സമൂഹത്തിന്റെ) ഭാഷ, ചരിത്രം, സംസ്കാരം, അവിടുത്തെ ജനതയ്ക്കിടയിൽ നിലനിൽക്കുന്ന ആചാരാനുഷ്ഠാനങ്ങൾ, ആ പ്രദേശത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ, വസ്ത്രധാരണ രീതി, വാസ്തുശില്പം, ജൈവവൈവിധ്യം, കല എന്നിവയിലേക്ക് വിജ്ഞാനത്തിന്റെ പുതുവെളിച്ചം വീശാൻ സഞ്ചാരിക്ക് സാധിക്കുന്നു.

**ഭാഷ**

യാത്രകൾ പലപ്പോഴും സഞ്ചാരിയുടെ കേൾവി-ഭാഷണ നൈപുണികളെ വളർത്താൻ സഹായിക്കും. മറ്റുള്ളവരുമായി സംവദിക്കുമ്പോഴാണ് നമുക്ക് ആഴത്തിലുള്ള അനുഭവങ്ങളും അറിവുകളും നേടാൻ സാധിക്കുന്നത്. യാത്ര ചെയ്യുമ്പോൾ അത് തികച്ചും വ്യത്യസ്തമായ ഒരു അനുഭവമാണ്. നാം ഇതുവരെ പരിചയപ്പെടാത്ത പുതുമുഖങ്ങൾ നമുക്കു മുന്നിലൂടെ മിന്നിമറയും. എന്നാൽ നമ്മുടെ ആവശ്യങ്ങൾക്കായി വളരെ പതുക്കെ അവിടുത്തെ നാട്ടുകാരുമായി ഇടപഴകും. ആശയവിനിമയത്തിന് അറിയാത്ത ഭാഷയാണെങ്കിൽ പ്രഥമ ഘട്ടത്തിൽ നാം ആംഗ്യഭാഷ ഉപയോഗിക്കേണ്ടിവരും. അവരോടൊത്തുള്ള സമയങ്ങൾ കൂടുമ്പോൾ അന്യഭാഷയിലെ ചില വാക്കുകൾ പരിചയപ്പെടാനും നമ്മുടെ ഭാഷയിൽ നിന്ന് ചില വാക്കുകൾ അവരെ പഠിപ്പിക്കാനും നമുക്ക് അവസരം ലഭിക്കുന്നു. സഞ്ചാരത്തിനിടയിൽ പരിചയപ്പെട്ട വസ്തുക്കൾ, കേട്ട വാക്കുകൾ എന്നിവ എഴുത്തുകാരനിലൂടെ ലോകം മനസ്സിലാക്കുന്നു.രവീന്ദ്രന്റെ 'പകൽ രാവുകൾ' എന്ന യാത്രാക്കുറിപ്പിൽ (1971 ജനുവരി 28-ലെ മാതൃഭൂമി ആഴ്ചപതിപ്പിൽ) ഒരു ഖണ്ഡികയിൽ നിന്ന് മാത്രം റെഡ്ഡിയ ഡബ്ഡ(തുറന്ന വൃത്താകൃതിയിലുള്ള തോൽ വലിച്ചു കെട്ടിയ ഒരു സംഗീതോപകരണമാണിത്), ദേവനോ സാബി (സാബി എന്ന അധികാര സ്വരൂപത്തിന്റെ തലവൻ), നാംഗ്ര(തബലയുടെ ആകൃതിയിലുള്ള വലിയ സംഗീതോപകരണം), കാര്യഭാരികൾ (സമാധാനപാലന സമിതി അംഗങ്ങൾ) എന്നീ നാല് പുതിയ പദങ്ങളാണ് വായനക്കാർ പരിചയപ്പെടുന്നത്. ആന്ധ്രാപ്രദേശിലെ 'ലമ്പാട' ഗോത്രവിഭാഗം താമസിക്കുന്ന പ്രദേശത്തിലൂടെ രവീന്ദ്രൻ നടത്തിയ യാത്രയ്ക്കിടെ അടുത്തറിഞ്ഞ പദങ്ങളാണിത്. യാത്രാവിവരണങ്ങളിലൂടെ വാക്കുകൾ വിവിധഭാഷകളിലേക്ക് കൈമാറുന്നതുവഴി ഭാഷാവികാസത്തിന് കാരണമാകുന്നു. ദൈനംദിനമായി ഉപയോഗിക്കുന്ന പല പദങ്ങളും ഇത്തരത്തിലുള്ള യാ

ത്തുകളിലൂടെ കൈമാറ്റം ചെയ്ത് കേരളത്തിലേക്ക് എത്തിച്ചേർന്നതാണെന്ന് മനസ്സിലാക്കാൻ കഴിയും.

**ചരിത്രം**

> സാംബൻ കൊണർക്കിലൊരു സൂര്യക്ഷേത്രം നിർമിച്ചതെന്നാണ് കഥ. എന്നാൽ ചരിത്രം പറയുന്നത് ഇതു 13-ാം നൂറ്റാണ്ടിൽ നിർമിക്കപ്പെട്ട ഒരു ക്ഷേത്രമാണന്നാണ്. കിഴക്കൻ ഗംഗാരാജവംശത്തിൽപ്പെട്ട നരസിംഹദേവരാജൻ (1238-1250CE) പണികഴിപ്പിച്ച ക്ഷേത്രം.[1]
>
> - കാക്കേ കാക്കേ കൂടെവിടെ : അനിതാ നായർ

ഗ്രീക്ക് അംബാസഡറായിരുന്ന മെഗസ്തനീസ്, ചൈനീസ് സഞ്ചാരിയായിരുന്ന ഫാക്സിയൻ, ഇറ്റാലിയിലെ വ്യാപാരിയും പര്യവേക്ഷകനുമായിരുന്ന മാർക്കോ പോളോ, ചൈനീസ് സഞ്ചാരി സുവാൻസാങ്, മൊറോക്കൻ സഞ്ചാരി ഇബ്ന ബത്തൂത്ത തുടങ്ങിയവർ തങ്ങളുടെ യാത്രകളിലൂടെ നേടിയ അവിസ്മരണീയ മുഹൂർത്തങ്ങളും അറിവുകളും ലോകത്തിന് സമ്മാനിച്ചവരാണ്. ഇവരുടെ സഞ്ചാരകുറിപ്പുകളിൽ നിന്നാണ് നമ്മുടെ (ഇന്ത്യ, കേരളം) പാരമ്പര്യത്തെ/ ചരിത്രത്തെ നാം കോർത്തിണക്കിയത്. പിന്മുറക്കാർക്ക് ചരിത്രതെളിവുകളായി അവ ഇന്നും നിലനിൽക്കുന്നു. എഴുത്തുകാർ എത്തിച്ചേരുന്ന സ്ഥലങ്ങളിലെ ചരിത്രസ്മാരകങ്ങൾ, വസ്തുക്കൾ, പുസ്തകങ്ങൾ, സ്ഥലപേരുകൾ, മനുഷ്യരുമായുള്ള സംഭാഷണം എന്നിവയിലൂടെ ആ പ്രദേശത്തിന്റെ ചരിത്രം മനസ്സിലാക്കാൻ സാധിക്കുന്നു. സഞ്ചാരസാഹിത്യങ്ങൾക്ക് ലോകത്തെ മികച്ച വൈജ്ഞാനിക സംഭാവനകളുടെ പട്ടികയിൽ സ്ഥാനം നൽകി ആദരിക്കുന്നതും ഇതുകൊണ്ടുതന്നെ.

**സംസ്കാരം**

ഒരു പ്രദേശത്തിലൂടെ കടന്നുപോകുമ്പോൾ ആ സമൂഹത്തിലെ മനുഷ്യരുടെ സ്വഭാവരീതികൾ, ജീവിതരീതികൾ, കലാചാതുര്യം, വസ്ത്രധാരണം, ഭാഷ, ആചാരങ്ങൾ, വിനോദങ്ങൾ തുടങ്ങി ഒട്ടനവധി കാര്യങ്ങൾ യാതാവ് മനസ്സിലാക്കുന്നു. ഇവയുടെയെല്ലാം ആകെ തുകയാണ് ആ സമൂഹത്തിന്റെ സംസ്കാരം. അതുകൊണ്ട് തന്നെ സഞ്ചാരസാഹിത്യം സംസ്കാരത്തിന്റെ അടയാളപ്പെടുത്തൽ കൂടിയാണെന്ന് പറയാം. വിദേശരാജ്യങ്ങളിലേക്കുള്ള യാത്രകൾ മാത്രമല്ല ആഭ്യന്തര യാത്രകളും പുത്തനറിവുകൾക്കുള്ള മികച്ച മാർഗമാണ്. സമൂഹങ്ങൾക്കനുസരിച്ച് സംസ്കാരങ്ങൾ എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നുവെന്നും അവയുടെയെല്ലാം അടിസ്ഥാനം എവിടെയാണെന്നും നമുക്ക് സഞ്ചാരത്തിലൂടെ മനസ്സിലാക്കാൻ കഴിയുന്നു. വിദ്യാഭ്യാസമെന്നത് നമ്മുടെ ജീവിതം നയിക്കാനുള്ള കാര്യങ്ങൾ പഠിക്കുകയെന്ന് മാത്രമല്ല, അതോടൊപ്പം തന്നെ സുന്ദരമായ ഒരു പൊതുമണ്ഡലം സൃഷ്ടിക്കാൻ കൂടി നമ്മെ സഹായിക്കുന്നു. വൈവിധ്യമാർന്ന സംസ്കാരങ്ങളെക്കുറിച്ചുള്ള അവബോധം സഞ്ചാരത്തിലൂടെ നമുക്ക് സാധിക്കുന്നു. എസ്. കെ. പൊറ്റക്കാട്ടിന്റെ 'നേപ്പാൾ യാത്ര'യിൽ ഭക്തിപൂരിലെ മുഖ്യമായ ഉത്സവമായ "ലസംഗയെക്കുറിച്ച് പറയുന്നുണ്ട്. ഇതിനെ ' ബിത്ത് ' എന്നു പറയും. മഹാഭാരതയുദ്ധത്തിൽ പാണ്ഡവന്മാരുടെ വിജയം ആഘോഷിക്കുന്ന ഒരു ഉത്സവമാണിത്. യുദ്ധവിജയ സ്തംഭമാണെന്ന സങ്കല്പത്തോടെ ഒരു കൂറ്റൻ മരത്തൂണ് നാട്ടി ഭൈരവന്റെയും ഭദ്രകാളിയുടേയും രഥങ്ങൾ സ്തംഭത്തിനു മുന്നിലേക്ക് ആർഭാടപൂർവ്വം എഴുന്നള്ളിക്കുന്നതാണ് ഇതിസാംബൻ കൊണർക്കിലൊരു സൂര്യക്ഷേത്രം നിർമിച്ചതെന്നാണ് കഥ. എന്നാൽ ചരിത്രം പറയുന്നത് ഇതു 13-ാം നൂറ്റാണ്ടിൽ നിർമിക്കപ്പെട്ട ഒരു ക്ഷേത്രമാണന്നാണ്. കിഴക്കൻ ഗംഗാരാജവംശത്തിൽപ്പെട്ട നരസിംഹദേവരാജൻ (1238-1250CE) പണികഴിപ്പിച്ച ക്ഷേത്രം. പ്രധാന ചടങ്ങ്.

> വെളുത്ത ഉടുത്ത ശരീരവും കടും നിറമുള്ള വസ്ത്രങ്ങളും ധരിച്ച സ്ത്രീപുരുഷന്മാരും കുട്ടികളും. നനഞ്ഞ അന്തരീക്ഷത്തിൽ കണ്ണിൽ വന്നു കത്തുന്ന നിറങ്ങൾ. [2]
>
> - ഇന്ത്യൻ യാത്രകൾ : ശ്രീകാന്ത് കോട്ടക്കൽ

ഒരു ജനതയുടെ മൂല്യങ്ങളുടെയും വിശ്വാസങ്ങളുടെയും മനോഭാവങ്ങളുടെയും പ്രതിനിധിയാണ് വസ്ത്രം. വസ്ത്രധാരണ രീതി നമ്മുടെ സാമൂഹിക നിലയെയും വ്യക്തിത്വത്തെയും പ്രക

ടിപ്പിക്കുകയാണ് ചെയ്യുന്നത്. അതുകൊണ്ടാണ് വസ്ത്രമെന്നത് നമ്മുടെ സമൂഹത്തിന്റെ പ്രതിഫലനം കൂടിയാണെന്ന് പറയുന്നത്.

**ആചാരാനുഷ്ഠാനങ്ങൾ**

> "ഞങ്ങൾ മൊൺപാ വംശജർ മൃതദേഹങ്ങൾ വെട്ടി കഷണങ്ങളാക്കി നദിയിൽ എറിയുകയാണ് പതിവ്." സെറിങ് വിശദീകരിച്ചു. നിങ്ങൾക്ക് വിചിത്രമായി തോന്നാം. പക്ഷേ, കാമെങ്ങിലെ ബുദ്ധവിശ്വാസികളുടെ രീതി അതാണ്.[3]
>
> - വഴികൾ വ്യക്തികൾ ഓർമ്മകൾ, രവീന്ദ്രൻ

യാത്രകളിലൂടെ നാം പരിചയപ്പെടുന്ന സമൂഹത്തിന്റെ ആചാരാനുഷ്ഠാനങ്ങൾ മനസ്സിലാക്കാൻ സാധിക്കുന്നുവെന്നത് സഞ്ചാരസാഹിത്യത്തിന്റെ മറ്റൊരു മേന്മയാണ്. വിശ്വാസത്തിലധിഷ്ഠിതമായ ആഘോഷങ്ങൾ, ചടങ്ങുകൾ, ഉത്സവങ്ങൾ, സംഭവങ്ങൾ എന്നിവ സ്വയം പരിചയപ്പെടാനും ലോകത്തിന് പരിചയപ്പെടുത്താനും സഞ്ചാരിക്ക് സാധിക്കുന്നു. ഇതുവഴി പുതിയ ആഘോഷരീതികൾ വ്യത്യസ്ത ജനവിഭാഗങ്ങൾക്കിടയിൽ പങ്കുവെക്കപ്പെടുന്നത് നമുക്ക് കാണാം. ഇതിനു ഉത്തമ ഉദാഹരണമാണ് ഉത്തരേന്ത്യയിൽ വിവാഹസമയത്ത് ഉണ്ടായിരുന്ന ഹൽദി എന്ന ചടങ്ങ് ദക്ഷിണേന്ത്യയിലേക്ക് കടന്നുവന്നത്. കഴിഞ്ഞ ഏതാനും വർഷങ്ങൾക്കിടയിൽ ഇവയുടെ സ്വാധീനം കൂടുകയും ജാതി-മത വ്യത്യാസമില്ലാതെ കേരളത്തിൽ എല്ലാവരും ഈ ആചാരം പിന്തുടരാനും തുടങ്ങി. തമിഴനാട്ടിലെ മഞ്ഞൾകല്യാണവും ഇതിനോട് സാമ്യമുള്ള ഒരു ചടങ്ങാണ്. അതുപോലെതന്നെ ഉത്തരേന്ത്യയിലെ നിറങ്ങളുടെ ഉത്സവമായ ഹോളിയും ഇന്ന് മലയാളികളുടെ ആഘോഷമായി മാറിയിരിക്കുന്നു. ചുരുക്കിപ്പറഞ്ഞാൽ യാത്രകളിലൂടെ ആചാരാനുഷ്ഠാനങ്ങൾ കൂടി വിവിധ പ്രദേശങ്ങളിലേക്ക് സഞ്ചരിക്കുന്നുവെന്ന് മനസ്സിലാക്കാം.

**ഭൂമിശാസ്ത്രം**

മനുഷ്യനും ചുറ്റുപാടുകളും തമ്മിലുള്ള ബന്ധങ്ങളെ കുറിച്ചുള്ള പഠനമാണ് ഭൂമിശാസ്ത്രം. ഭൂമി, അന്തരീക്ഷം എന്നിവയുടെ ഭൗതിക സവിശേഷതകളും ഇതിൽ ഉൾപ്പെടുന്നു. മനുഷ്യവിഭവങ്ങളുടെ വിതരണം, രാഷ്ട്രീയ, സാമ്പത്തിക പ്രവർത്തനങ്ങൾ എന്നിവ ചർച്ച ചെയ്യുന്ന ഒരിടം കൂടിയാണിത്. ഓരോ പ്രദേശത്തിന്റെയും ഭൂമിശാസ്ത്രപരമായ സവിശേഷതകളെ കൗതുകപൂർവ്വം വായനക്കാരനിലെത്തിക്കുന്ന സാഹിത്യശാഖയാണ് യാത്രാവിവരണം. "വിക്ടോറിയ വെള്ളച്ചാട്ടമിരിക്കുന്നത് ബോട്സ്വാന, സാംബിയ, സിംബാബ്വേ എന്നീ മൂന്നു രാജ്യങ്ങൾ ചേർന്നുണ്ടാക്കിയ കോണിലാണ്. ഈ ഭാഗത്ത് സാംബസി നദി തന്നെയാണ് മൂന്നു രാജ്യങ്ങളുടെയും അതിർത്തി. നദിയുടെ മധ്യത്തിലൂടെയും വെള്ളച്ചാട്ടത്തിന്റെ നടുവിലൂടെയും അതിർത്തിരേഖ കടന്നുപോകുന്നു." (ഒരു ആഫ്രിക്കൻ യാത്ര - സക്കറിയ) വിക്ടോറിയ വെള്ളച്ചാട്ടത്തിന്റെ ഭൂമിശാസ്ത്രപരമായ സ്ഥാനം അടയാളപ്പെടുത്തുന്ന വരികളാണിത്. പുതിയ സ്ഥലങ്ങൾ പരിചയപ്പെടാനും അവയുടെ ഭൂമിശാസ്ത്രപരമായ സവിശേഷതകളെ മനസിലാക്കുവാനും യാത്രാവിവരണങ്ങൾ സഹായിക്കുന്നുവെന്നതിന് തെളിവാണിത്.

**വാസ്തുവിദ്യ**

> ചുട്ടെടുത്ത ഇഷ്ടികയിലാണ് കോട്ടയുടെ മുകൾ ഭാഗം പണിതിരിക്കുന്നത്. താഴേക്ക് മണ്ണിന്റെചുട്ടെടുത്ത ഇഷ്ടികയിലാണ് കോട്ടയുടെ മുകൾ ഭാഗം പണിതിരിക്കുന്നത്. താഴേക്ക് മണ്ണിൻ്റെ ശക്തമായ തേപ്പും. മച്ച് ഈന്തപ്പനത്തടിയിലാണ്. അറേബ്യയിലെ പല കെട്ടിടങ്ങളും കൊട്ടാരങ്ങളും ഇതേ പോലെത്തന്നെയാണ് നിർമിച്ചിരിക്കുന്നത്. [4] ശക്തമായ തേപ്പും. മച്ച് ഈന്തപ്പനത്തടിയിലാണ്. അറേബ്യയിലെ പല കെട്ടിടങ്ങളും കൊട്ടാരങ്ങളും ഇതേ പോലെത്തന്നെയാണ് നിർമിച്ചിരിക്കുന്നത്. [4]
>
> - മരുഭൂമിയുടെ ആത്മകഥ : മുസഫർ അഹമ്മദ് വി.

ഈജിപ്തിലെ പിരമിഡുകളും, കുറ്റിച്ചിറയിലെ മിഷ്കാൽ പള്ളിയും ഡൽഹിയിലെ താജ്മഹലും ചരിത്രസ്മാരങ്ങൾക്കപ്പുറം അതത് ജനവിഭാഗങ്ങളുടെ വാസ്തുശില്പത്തിന്റെ കൂടി അടയാ

ളങ്ങളാണ്. ഒരു കാലഘട്ടത്തിന്റെ ഒരു സമൂഹത്തിന്റെ അറിവിനെ കൂടി ഇവ പ്രതിനിധാനം ചെയ്യുന്നു. ഏതൊരു യാത്രാവിവരണം എടുത്ത് പരിശോധിക്കുമ്പോഴും സഞ്ചാരി തന്റെ യാത്രയിലൂടെ ആർജിച്ചെടുത്തിട്ടുള്ള അനുഭവങ്ങളുടെ വെളിച്ചത്തിൽ വിവിധ പ്രദേശങ്ങളിലെ കെട്ടിടങ്ങൾ, നഗരങ്ങൾ എന്നിവയുടെ വാസ്തുശില്പപരമായ സാങ്കേതികതയും മനോഹാരിതയും ലോകത്തിന് പരിചയപ്പെടുത്തുന്നതും നമുക്ക് കാണാം.

### ജൈവവൈവിധ്യം

> അഞ്ചരമണിക്ക് ഊർശ്ലേം സ്റ്റേഷനിൽ ഞങ്ങൾ എത്തി. യോപ്പോ മുതൽ കുറെ ഇട തീൻനാരകം, ചെറുനാരകം, മുന്തിരി ഇവകളുടെ തോട്ടങ്ങളും വളരെ വിസ്താരവും ഫലവത്തുമുള്ള ഒരു മൈതാനവും കണ്ടു. ഷാറോൻ സമഭ്രമിയാണെന്നാണ് ഇതിനെക്കുറിച്ച് കിട്ടിയ അറിവ്. ഇവിടെ യവം, ഗോതമ്പ് ഈ കൃഷികൾ ധാരാളം ഉണ്ടായിരുന്നു. [5]

– ഊർശ്ലേം യാത്രാവിവരണം : ഗീവർഗ്ഗീസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലിത്ത

തന്റെ യാത്രയ്ക്കിടെ ഊർശ്ലേം പ്രദേശത്ത് കണ്ട കാര്യങ്ങൾ വിവരിക്കുകയാണ് ഗീവർഗീസ് മാർ ഗ്രീഗോറിയോസ് മെത്രോപ്പോലിത്ത ഇവിടെ ചെയ്യുന്നത്. എത്തിച്ചേർന്ന പ്രദേശത്തിന്റെ ജൈവവൈവിധ്യത്തെ പരിചയപ്പെടുത്തുന്ന രംഗം കൂടിയാണിത്. ഒരു പ്രദേശത്ത് നമുക്ക് കണ്ടെത്തുന്ന എല്ലാ വിധത്തിലുമുള്ള ജീവജാലങ്ങളുടെയും ആകെ തുകയാണ് ആ പ്രദേശത്തിൻ്റെ ജൈവവൈവിധ്യം. വൈവിധ്യമാർന്ന മൃഗങ്ങൾ, സസ്യങ്ങൾ, ഫംഗസുകൾ, സൂക്ഷ്മാണുക്കൾ എന്നിവയെല്ലാം ഇതിൽ ഉൾപ്പെടുന്നു. പരിസ്ഥിതിയിൽ സന്തുലിതാവസ്ഥ നിലനിർത്താൻ ഈ ഓരോ ജീവിവർഗങ്ങളും ചങ്ങലപോലെയുള്ള സങ്കീർണ്ണമായ ആവാസവ്യവസ്ഥയിൽ ഒരുമിച്ച് പ്രവർത്തിക്കുന്നു. കാലാവസ്ഥയ്ക്കും ഭൂമിശാസ്ത്രപരമായ സവിശേഷതകൾക്കും അനുസരിച്ച് ഓരോ പ്രദേശത്തെയും ജൈവവൈവിധ്യത്തിൽ വ്യത്യാസങ്ങൾ ഉണ്ടായിരിക്കും ഈ വ്യത്യാസം തന്നെയാണ് പരിസ്ഥിതിയെ മനുഷ്യന് മുന്നിൽ എപ്പോഴും ഒരു അത്ഭുത വസ്തുവായി നിലനിർത്തുന്നത്. ഈ ജൈവവൈവിധ്യത്തെ അടയാളപ്പെടുത്തിയ ഒട്ടനവധി യാത്രാവിവരണങ്ങൾ സാഹിത്യ ലോകത്ത് നിലനിൽക്കുന്നുണ്ട്.

### കല

സമൂഹത്തിനും സംസ്കാരത്തിനും നേരെ പിടിച്ച കണ്ണാടിയാണ് കലയെന്ന പറയാം. കാരണം മനുഷ്യചിന്തകളുടെയും വികാരങ്ങളുടെയും അനുഭവങ്ങളുടെയും പ്രകടനമാണ് ഓരോ കലയും. കേരളീയർക്ക് സുപരിചിതമായിട്ടുള്ള കലാരൂപങ്ങളായ ഒപ്പനയുടെയും ചവിട്ടു നാടകത്തിന്റെയുമെല്ലാം ഉത്ഭവം കേരളമല്ല എന്ന പറഞ്ഞാൽ മലയാളികൾ ആദ്യമൊന്ന് ഞെട്ടും. കാരണം ഈ കലാരൂപങ്ങളൊക്കെ തന്നെ മലയാളികളുടെ ജീവിതവുമായി അത്രമേൽ അടുത്തു കഴിഞ്ഞിട്ടുണ്ട്. വിദേശസഞ്ചാരികളുടെ കടന്നുവരവോടുകൂടി പുതിയ വസ്തുക്കൾ മാത്രമല്ല പുതിയ കലാരൂപങ്ങൾ കൂടി പരസ്പരം വിനിമയം ചെയ്യാൻ സാധിച്ചു. ക്രിയാത്മകവും സർഗാത്മകവുമായ കലാരൂപങ്ങൾ ഒരു ജനതയുടെ ജീവിതാവിഷ്കാരം കൂടിയാണ്. കലയുടെ പ്രമേയം അതത് ജനതയുടെ സംസ്കാരത്തിന്റെയും സാമൂഹ്യഘടനയുടെയും വിശ്വാസങ്ങളുടെയും ആത്മാവ് കൂടിയാണെന്ന് അവ പരിശോധിച്ചാൽ മനസ്സിലാക്കാൻ സാധിക്കും.

### രാഷ്ട്രീയം

> വിദേശീയരിൽ ഇന്ത്യക്കാരെ ഏറ്റവുമധികം സ്നേഹിക്കുകയും ആദരിക്കുകയും ചെയ്യുന്ന ഒരു ജനതയെയാണ് ഞങ്ങൾ ഇവിടെ കണ്ടത്. [6]

– സോവിയറ്റ് ഡയറി : എസ്. കെ. പൊറ്റെക്കാട്ട്

സോവിയറ്റ് യൂണിയനിലെ രാഷ്ട്രീയ സാഹചര്യത്തെക്കുറിച്ചാണ് എസ്.കെ. പൊറ്റെക്കാട്ട് ഇവിടെ സൂചിപ്പിക്കുന്നത്. ഓരോ പ്രദേശത്തിനും അതിന്റേതായ രാഷ്ട്രീയം നിലനിൽക്കുന്നുണ്ട്. യാത്രാവിവരണത്തിലൂടെ വിനോദാത്മകമായ വിജ്ഞാനം മാത്രമല്ല, മറിച്ച് ആ സമൂ

ഹത്തിന്റെ രാഷ്ട്രീയം കൂടി ചർച്ചചെയ്യാൻ എഴുത്തുകാർ ശ്രമിക്കാറുണ്ട്. അതുകൊണ്ടാണ് എസ്. കെ. പൊറ്റെക്കാട്ട് തന്റെ നേപ്പാൾ യാത്രയെക്കുറിച്ചും അവിടുത്തെ ജനങ്ങളുടെ അവസ്ഥയെക്കുറിച്ചും കൃത്യമായി അദ്ദേഹത്തിന്റെ കൃതിയിൽ അടയാളപ്പെടുത്തിയത്. ഓരോ സമൂഹത്തെയും നയിക്കുന്ന രാഷ്ട്രീയഘടകങ്ങളെ വിമർശനാത്മകമായി സമീപിക്കാനും എഴുത്തുകാർ മറക്കാറില്ല.

> നവാരികൾ, കിരാന്തികൾ, പാർവ്വതികൾ ഇങ്ങനെ നേപ്പാളിലെ ജന വർക്ഷങ്ങളെ മൂന്നായി ഭാഗിക്കാം. നേവാരികൾ ഭൂരിഭാഗവും കാഠ്മണ്ഡു താഴ് വരയിലാണ്. പാർവ്വതികൾ പശ്ചിമപ്രാന്തങ്ങളിൽ പാർക്കുന്നു. താക്കൂർ, റാണാ. ഖത്രി (ക്ഷത്രിയർ), ബ്രാഹ്മണർ, ഗുറുങ്, മഗാർ എന്നീ ജാതികൾ പാർവ്വതീ വിഭാഗത്തിൽപ്പെടുന്നവരാണ്. [7]
>
> - നേപ്പാൾ യാത്ര : എസ്. കെ. പൊറ്റെക്കാട്ട്

നേപ്പാളിലെ സമൂഹത്തിൽ നിലനിന്നിരുന്ന ജനവിഭാഗത്തെയും ജാതി സമ്പ്രദായത്തെയും സൂചിപ്പിക്കുന്ന എസ്. കെ. പൊറ്റെക്കാട്ടിന്റെ വരികളാണിവ. സഞ്ചാരി യാത്രയിലൂടെ നേരിട്ടറിഞ്ഞ ദേശത്തിന്റെ സാമൂഹികഘടനയെ കൃത്യമായി അടയാളപ്പെടുത്താൻ യാത്രാവിവരണത്തിന് സാധിക്കാറുണ്ട്. സമൂഹത്തിൽ നിലനിൽക്കുന്ന മതവിശ്വാസങ്ങൾ, ജാതിവ്യവസ്ഥകൾ, സാമ്പത്തികവ്യവസ്ഥകൾ എന്നിവയെ കൃത്യമായി അടയാളപ്പെടുത്താനും അവയെ സ്വന്തം പ്രദേശമായി താരതമ്യം ചെയ്യാനും എഴുത്തുകാർ ശ്രദ്ധിക്കാറുണ്ട്. സാഹിത്യത്തിലൂടെ കടന്നു പോകുമ്പോൾ ലക്ഷ്യസ്ഥാനത്തിലെ സാമൂഹ്യവ്യവസ്ഥയെയും ഘടനയെയും മനസ്സിലാക്കാൻ വായനക്കാരനെ സഹായിക്കുന്നു.

> ചൈനയുടെ ചുവപ്പുരാശി രാജ്യത്തിന്റെ നിയമാവലികളിൽനിന്നു മാത്രമല്ല, സാമൂഹികജീവിത ത്തിൽനിന്നും മാഞ്ഞുപോകുകയാണ്. ആഗോളീകരണത്തിന്റെ സുഖാസക്തിയിലേക്ക് കൂപ്പുകുത്തിയ രാജ്യങ്ങ ളുടെ നിരയിൽ ചൈന മുൻപന്തിയിലാണ്. [8]
>
> - ചുവപ്പു മങ്ങുന്ന ചൈന : എ. സുജനപാൽ

യാത്രാവിവരണം ഏതൊരു ഭാഷയുടെയും വളർച്ചയ്ക്ക് വലിയ രീതിയിൽ സഹായിക്കുന്ന ഘടകമാണ്. സഞ്ചാരി എത്തിച്ചേരുന്ന പ്രദേശത്തിന്റെ സാമൂഹിക, സാംസ്കാരിക, രാഷ്ട്രീയ സവിശേഷതകൾ അടയാളപ്പെടുത്തുന്നത് വഴി വൈജ്ഞാനികമായ വളർച്ച മാത്രമല്ല, ഭാഷാപരമായ വളർച്ചയുമുണ്ടാകുന്നു. പുതിയ ശൈലികൾ, പദങ്ങൾ എന്നിവ ആർജിച്ചെടുക്കാനും യാത്രകൾ നമ്മെ സഹായിക്കുന്നു. ജനതയുടെ ആചാരാനുഷ്ഠാനങ്ങൾ, ഭാഷ, ഭക്ഷണരീതി, വസ്ത്രധാരണം, കല, സാമൂഹികഘടന, ജീവിതശൈലി എന്നിവയെക്കുറിച്ചുള്ള അറിവുകൾ നൽകുന്നതോടൊപ്പം തന്നെ അവയുമായി ബന്ധപ്പെട്ട പദങ്ങളും ഭാഷകൾക്കതീതമായി സഞ്ചരിക്കുന്നു. ഇത് ഭാഷയുടെ വികസനത്തിന് സഹായിക്കുന്നു.

ലോകത്തന്റെ നാനാഭാഗത്ത് നിലനിന്നിരുന്ന പുത്തനറിവുകളെ പരിചയപ്പെടുത്തിയ ഒരുപാട് യാത്രാവിവരണങ്ങൾ മറ്റു ഭാഷകളിലെന്നപോലെ മലയാളത്തിലും ഉണ്ടായിട്ടുണ്ട്. 1736-99 കാലഘട്ടത്തിൽ രചിക്കപ്പെട്ട പാറേമ്മാക്കൽ തോമാക്കത്തനാറുടെ 'വർത്തമാനപ്പുസ്തകം അഥവാ റോമായാത്ര'യാണ് മലയാളത്തിലെ പ്രഥമയാത്രാവിവരണകൃതി. ഇത് പ്രസിദ്ധീകരിച്ചത് 1936 ലാണ്. പോർച്ചുഗീസ് ഭാഷയിൽ യോഹന്നാൻ എഴുതിയ 'ഓശ്ലേം തിരുയാത്ര' 1880 ൽ മലയാളത്തിലേക്ക് വിവർത്തനം ചെയ്യുകയും പ്രസിദ്ധീകരിക്കുകയും ചെയ്തു. പരുമല തിരുമേനി എന്ന ഗീവർഗ്ഗീസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലിത്ത 1895 ൽ അച്ചടിച്ച 'ഊർശ്ലേം യാത്രാവിവരണ'മാണ് മലയാളത്തിൽ അച്ചടിച്ച ആദ്യത്തെ യാത്രാവിവരണ കൃതി. ഫക്കീർ മോഹൻ സേനാപതിയുടെ 'ഉൽക്കൽ ഭ്രമണ'മാണ് ആദ്യ യാത്രാകാവ്യമായി കണക്കാക്കുന്നത്. ഇതിനുശേഷം വൈക്കത്ത് പാച്ചുമൂത്തത്, കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ, നടുവത്തച്ഛൻ നമ്പൂതിരി, വെൺമണി മഹൻ, കൊട്ടാരത്തിൽ ശങ്കുണ്ണി, കെ.സി. കേശവപിള്ള തുടങ്ങിയവരുടെ ഒട്ടനവധിയായ സഞ്ചാരസാഹിത്യകൃതികൾ മലയാളത്തിൽ രചിക്കപ്പെട്ടു. 1872 ൽ രചിക്കപ്പെട്ട കടയാട്ടു ഗോവിന്ദമേനോന്റെ 'കാശിയാത്രാ റിപ്പോർട്ട്', 1877 ൽ പ്രസിദ്ധീകരിച്ച ജി.പി. പിള്ളയുടെ 'ലണ്ടനും പാരിസും' മികച്ച കൃതികൾ തന്നെ.

യാത്രാനുഭവങ്ങളെ തികഞ്ഞ കലാമൂല്യമുള്ള സാഹിത്യകൃതികളാക്കി മാറ്റിയ എസ്. കെ.

പൊറ്റെക്കാട്ട് മലയാളത്തിലെ സഞ്ചാരസാഹിത്യത്തിന് പുത്തനുണർവ്വും നൽകി. മലയാള സാഹിത്യത്തിൽ അദ്ദേഹത്തിന്റെ യാത്രാവിവരണങ്ങൾക്ക് വലിയ സ്ഥാനമാണുള്ളത്. അദ്ദേഹത്തെ കൂടാതെ എം.വി. കുട്ടികൃഷ്ണമേനോൻ, മന്നത്തു പത്മനാഭൻ, കെ.പി. കേശവമേനോൻ, എൻ. വി. കൃഷ്ണവാരിയർ, കെ.എം. പണിക്കർ, ഡോ. കെ.എം. ജോർജ്ജ്, എം.ടി. വാസുദേവൻ നായർ, ഡോ. ജെ. കട്ടക്കൽ, ഡോ. കെ. ഭാസ്കരൻ നായർ, കെ.സി. ചാക്കോ, ഇ.എം.എസ്., കെ.പി.എസ്. മേനോൻ, വി.ആർ. കൃഷ്ണയ്യർ, പവനൻ, നിത്യചൈതന്യയതി, എൻ. വി. കൃഷ്ണവാര്യർ തുടങ്ങിയ നിരവധി ബഹുമുഖപ്രതിഭകളും സഞ്ചാരസാഹിത്യരംഗത്ത് തിളങ്ങിയിട്ടുണ്ട്. 130-ലധികം രാജ്യങ്ങളിൽ സഞ്ചരിച്ചിട്ടുള്ള സഫാരി ചാനലിന്റെ സ്ഥാപകനും മലയാളത്തിലെ ആദ്യത്തെ ട്രാവൽ ഡോക്യുമെന്ററിയായ സഞ്ചാരത്തിന്റെ ആത്മാവുമായ സന്തോഷ് ജോർജ് കുളങ്ങര ഇന്നത്തെ കുട്ടികൾക്ക് പ്രചോദനമാണ്. നവമാധ്യമങ്ങളുടെയും സാമൂഹ്യമാധ്യമങ്ങളുടെയും വിപ്ലവകരമായ വളർച്ചയ്ക്ക് ശേഷം സഞ്ചാരസാഹിത്യത്തിന്റെ മുന്നേറ്റം വലുതായിരുന്നു. ഇതുവരെ മനുഷ്യന് ചെന്നെത്താൻ കഴിയാത്ത പ്രദേശങ്ങളെക്കുറിച്ചുള്ള അറിവുകൾ പോലും നിമിഷനേരംകൊണ്ട് ലോകത്തിന്റെ നാനാഭാഗത്ത് എത്തിക്കാൻ സാമൂഹ്യമാധ്യമങ്ങൾക്ക് സാധിച്ചു. സമകാലീന സമൂഹത്തിൽ ബ്ലോഗർമാരുടെ കടന്നു വരവോടുകൂടി സഞ്ചാരസാഹിത്യത്തിന് പുത്തനുണർവാണ് ഉണ്ടായിട്ടുള്ളത്.

**ഉപസംഹാരം**

ലോകത്തെ അറിയാൻ മനുഷ്യൻ നിരന്തരമായി നടത്തിയിട്ടുള്ള യാത്രകൾ ആസ്വാദ്യത്തിനോടൊപ്പം പ്രദേശത്തിന്റെ ചരിത്രം, സംസ്കാരം, ഭാഷ, ആചാരാനുഷ്ഠാനങ്ങൾ, ഭൂമിശാസ്ത്രം, വാസ്തുശില്പം, ജൈവവൈവിധ്യം, കല തുടങ്ങിയ ഒരുപാട് വിലമതിക്കാനാവാത്ത അറിവുകൾ ലഭ്യമാക്കുന്നതിന് സഹായിച്ചു. പഠനത്തോടൊപ്പം തന്നെ വിനോദവും വിനോദത്തോടൊപ്പം തന്നെ പഠനവും നടക്കുന്നുവെന്നതാണ് യാത്രാവിവരണത്തിന്റെ ഏറ്റവും വലിയ സവിശേഷത.

**കുറിപ്പുകൾ**

1. അനിതാ നായർ, കാക്കേ കാക്കേ കൂടെവിടെ, മാതൃഭൂമി ബുക്സ്, കോഴിക്കോട്, 2018, P64.
2. ശ്രീകാന്ത് കോട്ടക്കൽ, ഇന്ത്യൻ യാത്രകൾ, മാതൃഭൂമി ബുക്സ്, കോഴിക്കോട്, 2010, P22.
3. രവീന്ദ്രൻ, വഴികൾ വ്യക്തികൾ ഓർമ്മകൾ, ഡി സി ബുക്സ്, കോഴിക്കോട്, 2007, P24.
4. മുസഫർ അഹമ്മദ്, വി., മരുഭൂമിയുടെ ആത്മകഥ, കറന്റ് ബുക്സ്, തൃശ്ശൂർ, 2008, P30.
5. (മാർ)ഗ്രീഗോറിയോസ്, പരുമല), പരുമല തിരുമേനിയുടെ ഊർശ്ലേം യാത്രാവിവരണം. കറന്റ് ബുക്സ്, കോട്ടയം, 1999.
6. പൊറ്റെക്കാട്ട്, എസ്. കെ., സോവിയറ്റ് ഡയറി, പൂർണ പബ്ലിക്കേഷൻസ്, കോഴിക്കോട്, 2015, P7.
7. പൊറ്റെക്കാട്ട്, എസ്. കെ., നേപ്പാൾ യാത്ര, സാഹിത്യപ്രവർത്തക സഹകരണ സംഘം ലിമിറ്റഡ്, കോട്ടയം. 1969.
8. സുജനപാൽ, എ., ചുവപ്പു മങ്ങുന്ന ചൈന, പൂർണ പബ്ലിക്കേഷൻസ്, കോഴിക്കോട്, 2008, P6.

**സഹായഗ്രന്ഥങ്ങൾ**

എരുമേലി പരമേശ്വരൻപിള്ള, മലയാള സാഹിത്യം കാലഘട്ടങ്ങളിലൂടെ, കറന്റ് ബുക്സ്, കോട്ടയം, 2008.

ജോർജ് ഓണക്കൂർ, (ഡോ.), ഒലിവുമരങ്ങളുടെ നാട്ടിൽ, സാഹിത്യപ്രവർത്തക സഹകരണ സംഘം, നാഷനൽ ബുക്ക് സ്റ്റാൾ, കോട്ടയം, 2010.

പോൾ മണലിൽ (എഡി.), പരുമല തിരുമേനിയുടെ ഊർശ്ലേം യാത്രാവിവരണം, കറന്റ് ബുക്സ്, കോട്ടയം. 1996.

രാമചന്ദ്രൻ, പി., സഞ്ചാരസാഹിത്യചരിത്രം, ആത്മ ബുക്സ്, കോഴിക്കോട്, 2023.

സക്കറിയ, ഒരു ആഫ്രിക്കൻ യാത്ര, ഡി സി ബുക്സ്, കോഴിക്കോട്, 2005.

ajaylal.m1995@gmail.com

# വിവർത്തനവും വൈജ്ഞാനികസാഹിത്യവും

**ഗ്രീഷ്മ വി.**
ഗവേഷക, മലബാർ ക്രിസ്ത്യൻ കോളേജ്,കോഴിക്കോട്

**പ്രബന്ധസംഗ്രഹം**

ലേഖനത്തിന്റെ ആദ്യഭാഗത്ത് വിവർത്തനം, വൈജ്ഞാനികസാഹിത്യം എന്നിവ വിശദീകരിക്കുന്നു. തുടർന്ന് വിവർത്തനവും വൈജ്ഞാനികമേഖലയിൽ വിവർത്തനം വഹിച്ച പങ്ക് എന്നിവ വിവരിക്കുന്നു. വിവർത്തനത്തിലൂടെ വൈജ്ഞാനികസാഹിത്യമേഖലയിലേക്ക് കടന്നുവന്ന സാഹിത്യരൂപങ്ങളെകുറിച്ച് സാമാന്യ പരിശോധന നടത്തുകയും തുടർന്ന് സാഹിത്യവിവർത്തനമായ കവിതാവിവർത്തനത്തെകുറിച്ചും അവ വൈജ്ഞാനികമേഖലയ്ക്ക് നൽകിയ സംഭാവനകളെകുറിച്ചും അന്വേഷിക്കുന്നു. ഇതര സാഹിത്യമേഖലയിൽ നിന്നുള്ള പല ആശയങ്ങളെയും മലയാളസാഹിത്യത്തിന്റെ മണ്ഡലങ്ങളിലേക്ക് എത്തിക്കുവാൻ വിവർത്തനം വലിയ പങ്കുവഹിച്ചിട്ടുണ്ട്. അതുകൊണ്ടുതന്നെ വൈജ്ഞാനികമേഖലയിൽ വിവർത്തനത്തിന്റെ സ്വാധീനം അന്വേഷിക്കുന്ന ഈ പഠനം പ്രസക്തമാക്കുന്നു.

**താക്കോൽവാക്കുകൾ**

വിവർത്തനം, വൈജ്ഞാനികസാഹിത്യം, മാതൃഭാഷ, കവിതാവിവർത്തനം

## ആമുഖം

**വി**വിധമേഖലയിൽ നിന്നും നേടിയെടുക്കുന്ന അറിവുകളുടെ സമഗ്രരൂപമാണ് വൈജ്ഞാനികസാഹിത്യം. സാഹിത്യമേഖലയെപോലെ ഇതര വിജ്ഞാനശാഖകളുടെ സാമീപ്യം ഈ മേഖലയിൽ നിലനിൽക്കുന്നു. വൈജ്ഞാനികമേഖലയ്ക്ക് വലിയരീതിയിൽ സംഭാവന നൽകിയ വിഭാഗമാണ് വിവർത്തനം. ഇതര വിജ്ഞാനശാഖകളായ കവിത, നോവൽ, കഥ, അനുഭവം ഇങ്ങനെ നീളുന്ന വിവിധ ഇടങ്ങളിൽ നിന്നുള്ള വിവർത്തനത്തിലൂടെ വൈജ്ഞാനികമേഖല നേടിയെടുത്ത വികാസത്തെ അന്വേഷിക്കലാണ് ഈ ലേഖനം ലക്ഷ്യംവെക്കുന്നത്.

## വിവർത്തനവും വൈജ്ഞാനികസാഹിത്യവും

മറ്റു സാഹിത്യശാഖകളേക്കാൾ ശ്രദ്ധേയമായ വിജ്ഞാനമേഖലയാണ് വൈജ്ഞാനികസാഹിത്യം. ലോകത്തിലെ സകല വിജ്ഞാനമേഖലകളെയും സ്വാംശീകരിക്കാൻ ശ്രമിക്കുന്ന സാഹിത്യശാഖയാണ് വൈജ്ഞാനികസാഹിത്യം. വിവർത്തനം, ഭാഷ, വ്യാകരണം,

അലങ്കാരം, കല, വൃത്തം, നിഘണ്ടുവിജ്ഞാനകോശം, സാഹിത്യചരിത്രം, സംസ്കാരം, പഴഞ്ചൊല്ലുകൾ, കടങ്കഥകൾ, വിദ്യാഭ്യാസം, ഐതിഹ്യം, ദളിത് സാഹിത്യം, സ്ത്രീസാഹിത്യം, പരിസ്ഥിതി, താരതമ്യസാഹിത്യം, തത്വചിന്ത, മന:ശാസ്ത്രം, ചലച്ചിത്രം, സാമൂഹികശാസ്ത്രം, രാഷ്ട്രവിജ്ഞാനം,നിയമം, ഭക്തിസാഹിത്യം, തുടങ്ങിയ വൈവിധ്യമാർന്ന വിഷയങ്ങളുടെ സമന്വയമാണ് വൈജ്ഞാനികസാഹിത്യം എന്ന മേഖല. മറ്റുഭാഷകളിലെന്നപോലെ മലയാളഭാഷയിലും ഈ സാഹിത്യശാഖ സജീവമായി കാണപ്പെടുന്നു.

വൈജ്ഞാനികമേഖലയുടെ വികാസത്തിന് വലിയ പങ്കുവഹിച്ച ഒരു മേഖലയാണ് വിവർത്തനം . പ്രാചീനകാലം മുതൽ തന്നെ ലോകത്തിലെ വിവിധ ഭാഷകളിൽ വിവർത്തനം നടത്തിയിരുന്നു. മാതൃഭാഷ മാത്രം ഉപയോഗിച്ചിരുന്ന മനുഷ്യന് സാംസ്കാരികമായ പല ആവശ്യങ്ങളും കടന്നുവന്നതോടുകൂടെ വിവിധ ഭാഷകളിലെ വിജ്ഞാനങ്ങൾ നേടിയെടുക്കേണ്ടതായി വരുകയും അതിനുള്ള ഉപാധിയായി വിവർത്തനം മാറുകയും ചെയ്തു. ക്രിസ്തുവിന് 3000 വർഷങ്ങൾക്കു മുൻപ് വിവർത്തനശ്രമങ്ങൾ നടന്നിട്ടുണ്ടെങ്കിലും ക്രിസ്തുവിന് രണ്ടു നൂറ്റാണ്ട് മുമ്പ് എഴുതപ്പെട്ട 'റോസറ്റാ' ശിലാശാസനമാണ് നിലവിലുള്ള ഏറ്റവും പഴയ വിവർത്തനമാതൃകയായി കണക്കാക്കപ്പെടുന്നത്. പാശ്ചാത്യമേഖലയിൽ നിന്നും ആരംഭിച്ച ബൈബിൾ വിവർത്തനം വൈജ്ഞാനികമേഖലയിലെ മതബോധതലത്തിൽ വലിയ മാറ്റങ്ങൾ സൃഷ്ടിച്ചു. ഗ്രീക്കുകാരുടെ വിവർത്തനപാരമ്പര്യത്തെ പിന്തുടർന്ന് റോമാക്കാർ ഗ്രീക്കുഭാഷയിലുള്ള പല വിജ്ഞാനഗ്രന്ഥങ്ങളും തർജ്ജമ ചെയ്തു. ഗ്രീക്ക് നാടകങ്ങളും പ്ലേറ്റോയുടെ കൃതികളും ഇതിൽ പ്രധാനപ്പെട്ടതായിരുന്നു. ഗ്രീക്കുകാർക്ക് ശേഷം വിവർത്തനമേഖലയിൽ ക്രി.പി 8,9,10 ശതകങ്ങളിൽ അറബികളായിരുന്നു കൂടുതലായി പ്രവർത്തിച്ചിരുന്നത്. അറബികൾ സംസ്കൃതത്തിൽ നിന്നാണ് കൂടുതൽ തർജ്ജമകൾ നടത്തിയിരുന്നത്. അതുകൊണ്ടുതന്നെ ഭാരതീയരുടെ പ്രാചീനവിജ്ഞാനങ്ങളിൽ ഉൾപ്പെടുന്ന പല വിഷയങ്ങളും പാശ്ചാത്യർക്ക് ലഭിച്ചത് അറബികളിൽ നിന്നാണ്. അത്തരത്തിൽ വിവിധ വിഷയങ്ങളിൽ നിലനിൽക്കുന്ന അറിവുകൾ പിൻകാലത്ത് വിവർത്തനത്തിലൂടെ കേരളീയരുടെ മാതൃഭാഷയായ മലയാളത്തിലേക്കും കടന്നുവന്നു. ഇത്തരത്തിൽ ലോകത്തിന്റെ വിവിധകോണുകളിൽ നിർമ്മിക്കപ്പെടുന്ന അറിവുകളെ മാതൃഭാഷയിലേക്ക് മാറ്റത്തക്കരീതിയിൽ വിവർത്തനത്തിന്റെ ചരിത്രം വളർന്നിരിക്കുന്നു . വിവർത്തനമേഖലയിലുണ്ടായ ഇത്തരം വികാസത്തെ പ്രയോജനപ്പെടുത്തിയ വിജ്ഞാനശാഖയാണ് വൈജ്ഞാനിക സാഹിത്യമേഖല.

തർജ്ജമ, പരിഭാഷ, മൊഴിമാറ്റം എന്നിങ്ങനെയെല്ലാം വ്യവഹരിക്കപ്പെടുന്നത് വിവർത്തനപ്രക്രിയയെയാണ്. വിവർത്തനത്തിന് പണ്ഡിതർ പലതരത്തിലുള്ള നിർവചനങ്ങൾ നൽകിയിട്ടുണ്ടെങ്കിലും ലളിതമായ അർത്ഥത്തിൽ വിവർത്തനത്തെ ഇങ്ങനെ നിർവചിച്ചിരിക്കുന്നു.

- "വിവർത്തനം : സ്രോതഭാഷയിൽ ആവിഷ്കരിക്കപ്പെട്ട ആശയങ്ങളെ, കഴിയുന്നത്ര ഏറ്റക്കുറച്ചിൽ കൂടാതെയും ലക്ഷ്യഭാഷയുടെ ആവിഷ്കരണരീതിക്ക് ഇണങ്ങുന്ന രീതിയിലും ലക്ഷ്യഭാഷയിൽ ആവിഷ്കരിക്കുന്നതിനുള്ള പ്രയത്നമാണ് വിവർത്തനം. ഈ പ്രയത്നത്തിൽ ആവിഷ്കരിക്കപ്പെടുന്ന അർത്ഥത്തിനെന്നപോലെ ആവിഷ്കരിക്കുന്ന ഭാഷകളുടെ ശൈലികൾക്കും കഴിയുന്നത്ര സമാനതയുണ്ടാവുന്നത് ആശാസ്യമാണ്. "[1]
- "ഓക്സ്ഫോർഡ് നിഘണ്ടു : ഒരു ഭാഷയിൽ നിന്ന് മറ്റൊന്നിലേക്ക് മാറ്റുക എന്ന കൃത്യം അഥവാ പ്രക്രിയ, അതിന്റെ ഉൽപന്നം, ഒരു വ്യത്യസ്ത ഭാഷയിലുള്ള പാഠം"[2]

വിവർത്തനത്തിൽ സ്രോതഭാഷ എന്ന് പറയുന്ന മൂലഭാഷയിലെ കൃതികളിലെ വിജ്ഞാനങ്ങൾ ഏതു ഭാഷയിലേക്കാണോ തർജ്ജമ ചെയ്യുന്നത് അതിനെ ലക്ഷ്യഭാഷ കൃതി എന്ന് പറയുന്നു. മൂലഭാഷയിൽ നിന്നും വിവർത്തനം ചെയ്യപ്പെടുന്ന കൃതികൾ ലക്ഷ്യഭാഷയ്ക്ക് വിജ്ഞാനങ്ങൾ പ്രധാനം ചെയ്യുന്നുവെങ്കിലും, വിവർത്തനം നൽകുന്ന ഗുണങ്ങളെ പോലെ തന്നെ അതിനു ചില പരിമിതികളും നിലനിൽക്കുന്നുണ്ട്. വിവർത്തനം മൂന്നുവിധത്തിൽ സാമാന്യമായി പറയാം. പദാനുപദതർജ്ജമ, ഉള്ളടക്കത്തിന്റെ അടിസ്ഥാനത്തിൽ ലക്ഷ്യഭാഷയിലേക്ക് ആക്കുക, സ്വതന്ത്രമായി ലക്ഷ്യഭാഷയിൽ ആവിഷ്കരിക്കുക എന്നീ രീതികളാണ്. ഇതിൽ പദാനുപദവിവർത്തനം പലപ്പോഴും ഒരു കൃതിയുടെ അർത്ഥതലത്തെയും സാംസ്കാരിക സാഹചര്യത്തെയും അപ്പാടെ വിസ്മരിച്ചേക്കാം. ഉള്ളടക്കത്തെ ആസ്പദമാക്കി നടത്തുന്ന വിവർത്ത

നം കൃതിയുടെ പൊതുരീതി വ്യക്തമാക്കുന്നുവെങ്കിലും മൂലഭാഷയിലെ കൃതിയിലെ സാംസ്കാരികമായ അർത്ഥതലങ്ങൾ ഈ രീതിയിലും നഷ്ടപ്പെടുന്നു. സ്വതന്ത്രമായി നടത്തുന്ന വിവർത്തനം ആകട്ടെ മൂലഭാഷാകൃതിയിലെ വിവർത്തനപരിമിതികളെ മറികടന്നുകൊണ്ടേയിരിക്കും.

- "ഹോറസ് : പദാനുപദതർജ്ജമയേക്കാൾ സ്വതന്ത്രതർജ്ജമയാണ് വേണ്ടത്."[3]

വിജ്ഞാനനിർമ്മിതിയുടെ തലത്തിൽ നോക്കുമ്പോൾ പദാനുപദവിവർത്തനത്തെക്കാൾ ഉചിതം സ്വതന്ത്രതർജ്ജമയാണെന്ന് മനസ്സിലാക്കാം. പദവിവർത്തനം കേവലം യാന്ത്രികമായ ഒരു പ്രക്രിയയായി മാറുകയും മൂലഭാഷാകൃതിയിലെ വിജ്ഞാനം കേവലം വിവരങ്ങളുടെ കൂട്ടം മാത്രമായി പരിണമിക്കുകയും ചെയ്യുന്നു. എന്നാൽ വിവർത്തനകൃതി സ്വതന്ത്രതർജ്ജമരീതിയാണ് സ്വീകരിക്കുന്നതെങ്കിൽ അറിവുകളുടെ ചോരണത്തെ കുറയ്ക്കാനും സാംസ്കാരികമായ അർത്ഥതലത്തിൽ കൂടി കൃതിയെ ഗ്രഹിക്കാൻ ലക്ഷ്യഭാഷ കൃതിയിലെ വായനക്കാർക്ക് സാധ്യത സൃഷ്ടിക്കാൻ കഴിയുകയും ചെയ്യുന്നു .

- "വാറൻ : നല്ല വിവർത്തനം സൂക്ഷ്മമാകുന്നതിലേറെ വിശ്വാസമായിരിക്കുകയാണ് വേണ്ടത്. "[4]
- "വില്യം കൂപ്പർ : വിവർത്തനത്തിന്റെ കാതൽ വിശ്വസ്തതയാണ്. "[5]

വാറന്റേയും വില്യംകൂപ്പറുടെയും നിർവചനങ്ങൾ സ്വതന്ത്രവിവർത്തനത്തെ പ്രോത്സാഹിപ്പിക്കുന്നതാണ്. സ്വതന്ത്രവിവർത്തനം വിവർത്തകന് ധാരാളം സ്വാതന്ത്ര്യം അനുവദിക്കുന്നുവെങ്കിലും സ്രോതഭാഷയിലെ വിവരങ്ങളെയും വിജ്ഞാനത്തെയും അനുഭവത്തെയും അതിശയിപ്പിക്കുന്നതാവരുത് വിവർത്തകന്റെ ലക്ഷ്യഭാഷാകൃതിയെന്ന് പണ്ഡിതർ ഉൾപ്പെടെ വിവക്ഷിക്കുന്നു. വിവർത്തകൻ മൂലഭാഷകൃതിയെക്കാൾ വിവർത്തിതകൃതിയെ ഉൽകൃഷ്ടമാക്കാൻ ശ്രമിച്ചാൽ ലക്ഷ്യഭാഷാകൃതിയുടെ പല മൂല്യങ്ങളും നഷ്ടപ്പെട്ടേക്കാം . കൃതിയോട് കൂറുപുലർത്തിക്കൊണ്ട് അർത്ഥത്തിൽ തെറ്റിദ്ധാരണ വരുത്താതെ അടിക്കുറിപ്പുകളോടെ വിഷയത്തെ ഒരു വിവർത്തകൻ കൈകാര്യം ചെയ്യുമ്പോൾ മാതൃഭാഷയിലേക്ക് എത്തുന്ന ഈ അറിവുകൾ വായനക്കാരനിൽ വിജ്ഞാനത്തെ സൃഷ്ടിക്കുന്നു . വിവർത്തകൻ വിവർത്തനകൃതി ഏതു വിജ്ഞാനവിഭാഗത്തെ ഉൾക്കൊള്ളുന്നതാണെന്നും ആ വിജ്ഞാനത്തിന്റെ സ്വീകർത്താക്കൾ ആരാണെന്നുമുള്ള ധാരണയിൽ കൃത്യതയുണ്ടായിരിക്കണം. വിവർത്തനകൃതികളെ മാതൃഭാഷയിൽ വായിക്കുന്ന വായനക്കാർക്ക് ആശയക്ലേശമില്ലാത്ത വിജ്ഞാനാർജനത്തിന് ഈ രീതി സാധ്യത കൂട്ടുന്നു.

- "സാമുവൽ ജോൺസൺ : വിവർത്തകൻ മൂലഗ്രന്ഥകാരനെപ്പോലെയായിത്തീരണം, അയാളെ അതിശയിക്കുകയല്ല വിവർത്തകന്റെ ജോലി."[6]
- "ജോൺ കോനിങ്ടൻ : മൂലഗ്രന്ഥകാരൻ പറഞ്ഞ കാര്യം തന്നെ പറയാൻ മാത്രമല്ല, അയാൾ പറഞ്ഞപോലെ പറയാൻ വിവർത്തകൻ ശ്രമിക്കേണ്ടതാണ്."[7]

വിവർത്തകന്റെ ജോലി മൂലകൃതിയെ അതിശയിപ്പിക്കുന്നവിധം രചനനടത്തുക എന്നുള്ളതല്ലെന്നും ഒരു സമൂഹത്തിന്റെ ഭാഗമായി സൃഷ്ടിക്കപ്പെട്ട കൃതികൾ അതേ വിഭാഗത്തിൽ ഉൾപ്പെടുന്നതായിരുന്നാലും അവയുടെ അർത്ഥത്തിന് ഭംഗം വരുത്താതെ ലക്ഷ്യഭാഷയിലെ വായനക്കാർക്ക് വിജ്ഞാനത്തെ പ്രധാനം ചെയ്യുക എന്ന ദൗത്യപൂർത്തി മാത്രമാണ്.

**വിജ്ഞാനനിർമ്മിതിയും മാതൃഭാഷയും**

വിവർത്തനത്തിലൂടെ ലോകമെമ്പാടുമുള്ള വിവിധ സംസ്കാരം, ഭാഷ, ജീവിതരീതി, ഭക്ഷണരീതി, ആചാരങ്ങൾ, അനുഷ്ഠാനങ്ങൾ, മൂല്യങ്ങൾ, പെരുമാറ്റരീതി എന്നിങ്ങനെ മനുഷ്യനുമായി ബന്ധപ്പെട്ട എല്ലാ അറിവുകളെയും പ്രധാനം ചെയ്യുന്നു. ഒരർത്ഥത്തിൽ വിഭിന്നമായ നിരവധി സംസ്കാരങ്ങളെ ബന്ധിപ്പിക്കുവാൻ മനുഷ്യൻ ഭാഷകൊണ്ട് സൃഷ്ടിച്ച വഴിയാണ് വിവർത്തനം. ആഗോളവൽക്കരണത്തിന്റെ ഈ കാലഘട്ടത്തിൽ ഇന്ത്യയിലെ ഭാഷയെയും സംസ്കാരത്തെയും മാത്രം ഉൾക്കൊണ്ടുകൊണ്ടുള്ള ഒരു ജീവിതം അസാധ്യമാണ്. നമുക്ക് ചുറ്റുമുള്ള മനുഷ്യരെയും അവരുടെ സംസ്കാരത്തെയും മനസ്സിലാക്കാൻ വിവർത്തനകൃതികളിലൂടെ വലിയ രീതിയിൽ സാധ്യമാകുന്നു. വിവർത്തനത്തിലൂടെ മാതൃഭാഷയിൽ വായനക്കാർക്കും എഴുത്തുകാർക്കും നിരൂപകർക്കും ആസ്വാദകർക്കും വ്യത്യസ്ത രാജ്യങ്ങളുമായി ബന്ധപ്പെടുവാൻ സാധിക്കുന്നു . സാഹിത്യമേഖലയിൽ മാത്രമല്ല വിവർത്തനം മൂലം ഉണ്ടാകുന്ന വിജ്ഞാനനിർമ്മി

തി സാധ്യമാകുന്നത്. ശാസ്ത്രം, തത്വചിന്ത, വൈദ്യം, രാഷ്ട്രതന്ത്രം, നിയമം തുടങ്ങിയ മേഖലകളിലെല്ലാം വിവർത്തനത്തിന്റെ സ്വാധീനം നിലനിൽക്കുന്നു . വിജ്ഞാനനിർമ്മിതിയിലൂടെ സമൂഹത്തിൽ വലിയ ചലനങ്ങൾ തന്നെയാണ് സൃഷ്ടിക്കപ്പെടുന്നത്. ഒരുകാലത്ത് ട്രാൻസ്ജെൻ വിഭാഗത്തെ പാർശ്വവൽക്കരിച്ചുകൊണ്ട് മാറ്റിനിർത്തിയിരുന്നെങ്കിൽ ഈ നൂറ്റാണ്ടിൽ നാം അവരെ ചേർത്തുനിർത്താൻ ശ്രമിക്കുന്നു. അതിനുള്ള വഴിതെളിച്ചത് പാശ്ചാത്യ ചിന്തയുടെയും തത്വങ്ങളുടെയും കണ്ടെത്തലുകളുടെയും തിരിച്ചറിവ് മാതൃഭാഷയിലൂടെ കേരളീയ സമൂഹത്തിന് ലഭിച്ചതിൽ പിന്നെയാണ്. ഒരർത്ഥത്തിൽ രാഷ്ട്രത്തിന്റെ സ്വത്വനിർമ്മിതിയിൽ വിവർത്തനത്തിന്റെ സ്വാധീനം നിലനിൽക്കുന്നുണ്ട്.

വിവർത്തനം മാതൃഭാഷയുടെ വിജ്ഞാനനിർമ്മിതിയിൽ നൽകുന്ന പങ്കുപോലെ തന്നെ ഭാരതത്തിലെ പല പുരാണഗ്രന്ഥങ്ങളുടെയും കൃതികളുടെയും താളിയോലകളുടെയും വിവർത്തനങ്ങൾ വിദേശരാജ്യങ്ങളുടെ വിജ്ഞാനനിർമ്മിതിയെ മെച്ചപ്പെടുത്തുകയും വലിയ ശാസ്ത്ര കണ്ടുപിടുത്തത്തിലേക്കും ആരോഗ്യമേഖലയിൽ വലിയ മാറ്റത്തിന് തുടക്കം കുറിക്കാനും സഹായകമായിരിക്കുന്നു . ഭാരതീയരുടെ പല വിജ്ഞാനങ്ങളും സംസ്കൃതത്തിലും തമിഴിലും മറ്റ പല ഗോത്രഭാഷകളിലും രൂഢമൂലമായി സ്ഥിതി ചെയ്യുന്നതുകൊണ്ടുതന്നെ വിവർത്തനം ആദ്യം സാധ്യമാക്കേണ്ടത് ഭാരതീയഭാഷകളിൽ തന്നെയാണ്. സംസ്കൃതത്തെയും അതിന്റെ വൈജ്ഞാനികശാഖകളെയും മലയാളഭാഷയിലേക്ക് പരിഭാഷപ്പെടുത്തുമ്പോൾ വിജ്ഞാനത്തിന്റെ വലിയ ശേഖരം തന്നെ മാതൃഭാഷയിൽ സൃഷ്ടിക്കപ്പെടും . ഇത്തരത്തിലുള്ള ഉദ്യമങ്ങൾ നടന്നിട്ടുണ്ടെങ്കിലും സംസ്കൃതത്തിൽ ലഭ്യമാകുന്ന പല അമൂല്യകൃതികളുടെയും രേഖകളുടെയും പരിഭാഷകൾ ഇനിയും മാതൃഭാഷയിൽ എത്തിയിട്ടില്ല.സംസ്കൃതം മാത്രമല്ല ഗോത്രഭാഷകളിലും തമിഴിലും മറ്റനവധി ഭാരതീയഭാഷകളിലും നിലനിൽക്കുന്ന അറിവുകളെ മാതൃഭാഷയിലേക്ക് വിവർത്തനം ചെയ്യപ്പെടുമ്പോൾ ഒരു രാജ്യത്തിന് കീഴിൽ നിലനിൽക്കുന്ന വ്യത്യസ്തങ്ങളായ ഭാഷയുടെ വികാസം സാധ്യമാക്കുകയും വായനക്കാരുടെയും ആസ്വാദകരുടെയും വിജ്ഞാനത്തെ വർദ്ധിപ്പിക്കുകയും ചെയ്യുന്നു.

വിവർത്തനത്തിന്റെ ചരിത്രം എടുത്തു പരിശോധിക്കുമ്പോൾ 1950 മുതൽ മാത്രമാണ് വിവർത്തനം ഒരു തൊഴിൽ എന്ന രീതിയിൽ അംഗീകരിക്കപ്പെട്ടിട്ടുള്ളത്. വിവർത്തനം ചെയ്യപ്പെടുമ്പോൾ ഭാഷയും സംസ്കാരവും സാമൂഹികപശ്ചാത്തലവും പരിഗണിക്കാതെ ഒരു വിവർത്തനം സാധ്യമല്ല. അതുകൊണ്ടുതന്നെ മാതൃഭാഷയിൽ നടക്കുന്ന വിജ്ഞാനനിർമ്മിതിയിൽ ഭാഷയെയും സംസ്കാരത്തെയും ചേർത്തുവെച്ചുകൊണ്ട് നടത്തുന്ന വിവർത്തനപ്രക്രിയ വളരെ വലിയ പങ്കുവഹിക്കുന്നുണ്ട്.

**വിവിധതരം വിവർത്തനങ്ങൾ**

മൂലഭാഷയിൽ നിന്നും മാതൃഭാഷയിലേക്ക് വിവർത്തനം വിവിധ രീതിയിൽ സാധ്യമാണ്. സാഹിത്യമേഖലയിൽ തന്നെയും വിവിധ രീതിയിലുള്ള വിവർത്തനങ്ങൾ കാണാം. സർഗാത്മകവിവർത്തനം, പദ്യവിവർത്തനം, ഗദ്യവിവർത്തനം, നോവൽവിവർത്തനം, നാടകവിവർത്തനം തുടങ്ങിയവ.

സർഗാത്മകവിവർത്തനം വിവർത്തനങ്ങളിൽ വെച്ച് ഏറ്റവും ബുദ്ധിമുട്ട് നിറഞ്ഞതാണ്. സർഗാത്മക വിവർത്തനത്തിന്റെ പരിധിയിൽ വരുന്നത് സാഹിത്യസൃഷ്ടികൾ തന്നെയാണ്. അതിൽ തന്നെയും ഗദ്യവിവർത്തനങ്ങളായ നോവൽ, കഥ, അനുഭവക്കുറിപ്പുകൾ, യാത്രാവിവരണങ്ങൾ എന്നിവ തികച്ചും വൈജ്ഞാനികത മുൻനിർത്തിയ സാഹിത്യസൃഷ്ടികൾ ആയതുകൊണ്ട് തന്നെ വിവർത്തനം കുറച്ചു കൂടി എളുപ്പത്തിൽ നിർവഹിക്കാൻ സാധിക്കും. എന്നാൽ പദ്യവിവർത്തനം സംസ്കാരത്തിന്റെയും ഭാഷയുടെയും ഏറ്റവും സംശുദ്ധമായ രൂപം ആയതുകൊണ്ടുതന്നെ പദ്യവിവർത്തനം വിവർത്തനങ്ങളിൽ വെച്ച് ഏറ്റവും കഷ്ടത നിറഞ്ഞതാകുന്നു. 1970-80 കാലഘട്ടങ്ങളിൽ കവിതാവിവർത്തനങ്ങൾ വലിയ രീതിയിൽ നടന്നിരുന്നുവെന്നും പലവട്ടം കൈമറിഞ്ഞ ഈ കവിതകൾ മണവും ഗുണവും നഷ്ടപ്പെട്ട് കാവ്യശൈലി പോലും പുതിയൊരു രീതി പ്രത്യക്ഷപ്പെടും വിധം തെറ്റിദ്ധരിക്കപ്പെട്ടിരുന്നുവെന്ന്

ഡോക്ടർ കെ വി തോമസിന്റെ വിവർത്തനവും ആശയവിനിമയവും എന്ന കൃതിയിൽ പരാമർശിച്ചിരിക്കുന്നു.

ഗദ്യവിവർത്തനം വിവർത്തനമേഖലയിൽ വലിയ പഠനങ്ങൾ വരാത്ത മേഖലയാണ്. പദ്യവിവർത്തനം കഠിനമായതുകൊണ്ടുതന്നെ പലപ്പോഴും ഗദ്യവിവർത്തനത്തിന് വേണ്ട പരിഗണന ലഭിച്ചിരുന്നില്ല. എന്നാൽ ഗദ്യവിവർത്തനത്തിനും ചില പരിമിതികൾ നിലനിൽക്കുന്നുണ്ട്. വൈജ്ഞാനികഗ്രന്ഥങ്ങൾ, ശാസ്ത്ര - സാങ്കേതികകൃതികൾ, യാത്രാവിവരണ കൃതികൾ തുടങ്ങി വിജ്ഞാനനിർമ്മിതി മാത്രം ലക്ഷ്യം വെച്ചുകൊണ്ടുള്ള മേഖലയിൽനിന്നുള്ള വിവർത്തനം താരതമ്യപരമായി എളുപ്പത്തിൽ നിർവഹിക്കാൻ കഴിയുന്നത് അതിന്റെ വൈജ്ഞാനികസ്വഭാവം കൊണ്ടാണ്. ഇത്തരം സൃഷ്ടികൾ പദാനുപദവിവർത്തനം ചെയ്താൽ കൂടി വലിയ തെറ്റുകൾ സംഭവിക്കില്ല. എന്നാൽ വൈകാരികതയ്ക്ക് കൂടുതൽ പ്രാധാന്യം നൽകുന്ന ബഷീറിനെ പോലുള്ള എഴുത്തുകാരുടെ കൃതികൾ തർജ്ജമ ചെയ്യുക എന്നുള്ളത് തികച്ചും സംഘർഷഭരിതമാണ്.

നോവൽവിവർത്തനം മാതൃഭാഷയുടെ വളർച്ചയ്ക്കും വികാസത്തിനും പുതിയ പ്രസ്ഥാനങ്ങളുടെ ഉടലെടുപ്പിനും കാരണമായി ഭവിച്ചിട്ടുണ്ട്. മലയാളത്തിലെ ആദ്യകാലനോവലുകളായ കുന്ദലത, ഇന്ദുലേഖ തുടങ്ങി പല നോവലുകളും പാശ്ചാത്യ സ്വാധീനത്തിൽ നിന്ന് പിറവികൊണ്ടതാണ്.നവോത്ഥാനത്തെ തുടർന്ന് വന്ന പുതിയ പല ആശയങ്ങളും മാതൃഭാഷയുടെ വൈജ്ഞാനിക മണ്ഡലത്തെ വികസിപ്പിക്കുന്നതായിരുന്നു. അതിനൊരുദാഹരണമാണ് ഫെമിനിസമെന്ന ചിന്താധാര. ഫെമിനിസമെന്ന ആശയത്തെ സ്വീകരിക്കുന്ന ധാരാളം നോവലുകൾ മാതൃഭാഷയിൽ കണ്ടെത്താൻ സാധിക്കും. സാറാജോസഫിന്റെ പാപത്തറ തൊട്ട് തുടങ്ങുന്ന ധാരാളം സൃഷ്ടികൾ ഈ ആശയത്തെ പ്രതീകവൽക്കരിച്ചിട്ടുണ്ടെന്ന് കണ്ടെത്താൻ സാധിക്കുന്നു. നോവൽ വിവർത്തനം നടത്തുമ്പോൾ ഒരു പ്രദേശത്തെ സംസ്കാരവും ജീവിതരീതിയും മൂല്യങ്ങളും വേഷവിധാനങ്ങളും ആചാരാനുഷ്ഠാനങ്ങളും ഭക്ഷണരീതിയും ഉപചാരപഥങ്ങളും ഭൂമിശാസ്ത്രപരമായ അറിവുകൾ എന്നിവയെകുറിച്ചുള്ള വിജ്ഞാനം കൂടി മാതൃഭാഷയിലേക്ക് എത്തിച്ചേരുന്നത്.

നാടകവിവർത്തനങ്ങൾ 1990 കാലഘട്ടത്തിൽ മാതൃഭാഷയിൽ ധാരാളം മാറ്റങ്ങൾ സൃഷ്ടിച്ചു.നാടകവിവർത്തനങ്ങൾ സാഹിത്യവിവർത്തനം എന്ന രീതിയിൽ തന്നെയാണ് വിവർത്തനം നിർവഹിക്കുന്നതെങ്കിലും നാടകം ഒരു അവതരണകല കൂടിയാണ്. സംഭാഷണങ്ങൾ വിവർത്തനവിധേയമാകുമ്പോൾ കഥാപാത്രങ്ങൾ നേരിടുന്ന സാഹചര്യത്തെയും വൈകാരികതയെയും കൂടി ഉൾപ്പെടുത്തി വിവർത്തനം ചെയ്യുമ്പോൾ മാത്രമേ മാതൃഭാഷയിൽ അതിന് വേണ്ട സ്വീകാര്യത ലഭിക്കുകയുള്ളൂ. തുടർന്ന് ഇതൊരു വിജ്ഞാനമേഖലയായി പരിണമിക്കുന്നു. അല്ലാത്തപക്ഷം അത് വായനക്കാരനിലോ ആസ്വാദകനിലോ പുതിയ ജ്ഞാനത്തെ ഉണർത്താത്ത സമയനഷ്ടം മാത്രമുണ്ടാക്കുന്ന ഒരു സൃഷ്ടി മാത്രമായി പരിണമിക്കും. മലയാളത്തിൽ സ്വീകരിക്കപ്പെട്ട ആദ്യനാടക പരിഭാഷ കല്ലൂർ ഉമ്മൻ ഫീലിപ്പോസിന്റെ ആൾമാറാട്ടം ആണ്. ഇത്തരം വിവർത്തനങ്ങൾ മാതൃഭാഷയിൽ പുതിയ നാടകങ്ങളുടെയും നാടകപ്രസ്ഥാനങ്ങളുടെയും ഉടലെടുപ്പിന് കാരണമായി തീർന്നിട്ടുണ്ട്.

**കവിതാവിവർത്തനം**

മാതൃഭാഷയിൽ കവിത സ്വച്ഛന്ദമായ ആശയങ്ങളുടെ പ്രകാശനോപാധിയാണെങ്കിൽ വിവർത്തനത്തെ സംബന്ധിച്ചിടത്തോളം കവിതാവിവർത്തനം വലിയ ബുദ്ധിമുട്ട് നിറഞ്ഞതാണ്. വിചാരത്തെക്കാൾ വൈകാരികതയ്ക്ക് പ്രാധാന്യമേറുന്നതുകൊണ്ടുതന്നെ കവിതാവിവർത്തനം ഗദ്യവിവർത്തനത്തെക്കാൾ ബുദ്ധിമുട്ട് നിറഞ്ഞതാണ്. വിവർത്തനം കവിതയിലെ രൂഢമൂലമായ അർത്ഥത്തെ പലപ്പോഴും വിസ്മരിക്കപ്പെടുമ്പോൾ പോലും വിവർത്തനങ്ങൾ മാതൃഭാഷയുടെ വിജ്ഞാനനിർമ്മിതിയിൽ വലിയ പങ്കുതന്നെ വഹിക്കുന്നുണ്ട്. ഒമർഖയാമിന്റെ റുബായിയാത്തിന് ചങ്ങമ്പുഴ 'മധുരോത്സവം' എന്ന് വിവർത്തനം ചെയ്യുമ്പോൾ എം പി അപ്പൻ

'ജീവിതോത്സവം' എന്നും സർദാർ കെ എം പണിക്കർ 'രസികരസായനം' എന്നും ജി ശങ്കര ക്കുറുപ്പ് 'വിലാസലഹരി' എന്നും തർജ്ജമ ചെയ്യുമ്പോൾ അമ്പാടി രാഘവപൊതുവാൾ ഒമർഖ യാമെന്ന ഗ്രന്ഥകാരന്റെ നാമം തന്നെയാണ് കൃതിക്ക് നൽകുന്നത്. ഒരു സർഗ്ഗാത്മക വിവർ ത്തനമായതുകൊണ്ടാണ് ഓരോ കാലഘട്ടത്തിൽ ഓരോ വ്യക്തികൾ വിവിധ രീതിയിൽ ഒരേ കവിത വിവർത്തനം ചെയ്തിരിക്കുന്നത്. ഇത് കവിതയ്ക്ക് പുതിയ മണ്ഡലങ്ങൾ നൽകുമ്പോൾ തന്നെയും വിജ്ഞാനത്തിന്റെ ഒരു കേന്ദ്രീകൃത സ്വഭാവം കവിതാവിവർത്തനത്തിൽ നില നിൽക്കുന്നില്ല എന്ന് വ്യക്തമാകുന്നു. വിദേശ ഭാഷകളിൽ നിന്ന് മാത്രമല്ല ഭാരതീയ ഭാഷക ളിൽ രചിക്കപ്പെട്ട കവിതകളും തർജ്ജമയിലൂടെ മാതൃഭാഷയുടെ വിജ്ഞാനത്തെ വികസിപ്പി ക്കുന്നതിൽ വലിയ പങ്കുവഹിച്ചിട്ടുണ്ട്. അതിന് ഒരു ഉദാഹരണമാണ് ടാഗോറിന്റെ ഗീതാഞ്ജ ലി വിവർത്തനം. ഇത്തരത്തിൽ കവിതാവിവർത്തനം മാതൃഭാഷയുടെ വൈജ്ഞാനിക വളർ ച്ചയ്ക്ക് വളരെ വലിയൊരു പങ്ക് നിലനിൽക്കുന്ന പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ടുതന്നെ നൽകിയിരിക്കുന്നു. വിവർത്തനം എന്ന ശാഖ ധാരാളം പരിമിതികൾ നിലനിൽക്കുന്ന ഒരു മേഖലയാണെങ്കിലും അന്യഭാഷയിലും അന്യസംസ്കാരത്തിലും ഉള്ള വിവരങ്ങളെ മാതൃഭാഷ യുടെ വൈജ്ഞാനിക മണ്ഡലത്തിലേക്ക് കൊണ്ടുവരാൻ വേണ്ടി മറ്റു മേഖലകളെപോലെ ഈ മേഖലയും വലിയ പങ്കുവഹിക്കുന്നുവെന്ന ആശയമാണ് ഈ ലേഖനം മുന്നോട്ട് വയ്ക്കുന്നത്.

**ഉപസംഹാരം**

വിജ്ഞാനനിർമ്മിതി മാതൃഭാഷയിൽ നടത്തുവാൻ വിവർത്തനം എന്ന മേഖല വലിയ പങ്കുവഹിച്ചിട്ടുണ്ടെന്ന് ഈ ലേഖനത്തിൽ നിന്നും ഉരുത്തിരിഞ്ഞു വരുന്ന ആശയമാണ്. സർ ഗാത്മക സാഹിത്യ വിവർത്തനങ്ങളിൽ മാത്രമല്ല ശാസ്ത്ര - സാങ്കേതിക മേഖലയിൽ നിർ വഹിക്കുന്ന വിവർത്തനങ്ങളും മാതൃഭാഷയുടെ വികാസത്തിന് കാരണമായിതീരുന്നു . അന്യ ഭാഷയിൽ നിന്ന് നടത്തുന്ന പരിഭാഷകൾ ധാരാളം പ്രശ്നങ്ങളും പ്രതിസന്ധികളും സൃഷ്ടിക്കു ന്നുവെങ്കിലും, വിജ്ഞാനമേഖലയിൽ പുതിയ അറിവിന്റെ ശേഖരം ഒരുക്കാൻ വിവർത്തന ത്തിന് സാധിക്കുന്നുവെന്ന നിഗമനം ഈ ലേഖനം മുന്നോട്ട് വെക്കുന്നു.

**കുറിപ്പുകൾ**

1. ഒരു സംഘം ലേഖകർ, വിവർത്തനം, 1999,പുറം 8
2. എൻ. ഇ . വിശ്വനാഥയ്യർ, വിവർത്തന വിചാരം, 2012,പുറം 11
3. എൻ. ഇ . വിശ്വനാഥയ്യർ, വിവർത്തന വിചാരം, 2012,പുറം 11
4. എൻ. ഇ . വിശ്വനാഥയ്യർ, വിവർത്തന വിചാരം, 2012,പുറം 11
5. എൻ. ഇ . വിശ്വനാഥയ്യർ, വിവർത്തന വിചാരം, 2012,പുറം 11
6. എൻ. ഇ . വിശ്വനാഥയ്യർ, വിവർത്തന വിചാരം, 2012,പുറം 12
7. എൻ. ഇ . വിശ്വനാഥയ്യർ, വിവർത്തന വിചാരം, 2012,പുറം 12

**സഹായകഗ്രന്ഥങ്ങൾ**

1. അച്യുതനുണ്ണി ചാത്തനാത്ത്, താരതമ്യ സാഹിത്യ പരിചയം, കറന്റ് ബുക്സ്, തൃശ്ശൂർ, 2000.
2. ഒരു സംഘം ലേഖകർ, വിവർത്തനം, കേരള ഭാഷാ ഇൻസ്റ്റിട്യൂട്ട്, തിരുവനന്തപുരം, 1999.
3. കാരശ്ശേരി എം. എൻ., താരതമ്യസാഹിത്യവിചാരം, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2014.
4. ജയാ സുകുമാരൻ, സ്കറിയ സക്കറിയ(എഡി),തർജ്ജമ സിദ്ധാന്തവും പ്രയോഗവും, കറന്റ് ബുക്സ്, കോട്ടയം, 1997.
5. ജോർജ് കെ. എം., താരതമ്യസാഹിത്യം പുതിയ കാഴ്ചപ്പാടുകൾ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് , തിരുവനന്തപുരം, 2005.
6. തോമസ് കെ. വി. , വിവർത്തനവും ആശയവിനിമയവും, ലിപി പബ്ലിക്കേഷൻസ് , കോഴിക്കോട് , 2010.
7. ബാലകൃഷ്ണൻ കാവുമ്പായി, വിജ്ഞാന മലയാളം, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ, 2021.
8. വിശ്വനാഥയ്യർ എൻ. ഇ. , വിവർത്തനവിചാരം , കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് , തിരുവനന്തപുരം , 2012.

greeshma.v2015@gmail.com

# KKTM Cognizance













## Journal Committee 2024

Dr. Bindu Sharmila T. K. (Principal)
Smt. Sanitha C S (Co-ordinator)
Sri. Prasad N K
Dr. Muhammad Basheer K K
Dr. Deepthi M N
Dr. Sabna K S
Dr. Harikrishnan G
Smt. Soumya K C
Dr. Vinayasree S
Dr. Yacob Thomas

KKTM COGNIZANCE VOL II ISSUE II FEBRUARY 2024

ISSN 2456-4168



KKTM GOVT. COLLEGE, PULLUT, KODUNGALLUR